# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും. രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിന്റെയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിന്റെയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിന്റെയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിന്റെ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിന്റെ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിന്റെയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിന്റെ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിന്റെ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


### വാല്യം 1

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

### വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

### വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

### വാല്യം 4

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

### വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

### വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

### വാല്യം 7

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

### വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

### വാല്യം 9

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

### വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

### വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

### വാല്യം 12

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## വാല്യം 28

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

6

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

**വാല്യം 57**

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

**വാല്യം 58**

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

**വാല്യം 59**

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

**വാല്യം 60**

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

**വാല്യം 61**

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

**വാല്യം 62**

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

**വാല്യം 63**

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

**വാല്യം 64**

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

**വാല്യം 65**

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

**വാല്യം 66**

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

**വാല്യം 67**

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

**വാല്യം 68**

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

**വാല്യം 69**

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

**വാല്യം 70**

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

**വാല്യം 71**

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

### വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

### വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

### വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

### വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

### വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

### വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

### വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

### വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

### വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

### വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

### വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

### വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

### വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

**ഒല്ലൂക്കര ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

**പുഴക്കൽ ബ്ലോക്ക്**

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

**മുല്ലശ്ശേരി ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

**തളിക്കുളം ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

**അന്തിക്കാട് ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

**ചേർപ്പ് ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

**കൊടകര ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

**ഇരിങ്ങാലക്കുട ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

**വെള്ളാങ്ങല്ലൂർ ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

**മതിലകം ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

**കൊടുങ്ങല്ലൂർ ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

**മാള ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

**ചാലക്കുടി ബ്ലോക്ക്**

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

**തൃത്താല ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

**പട്ടാമ്പി ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്.

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

## വാല്യം 114

### അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

## വാല്യം 115

### മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

## വാല്യം 116

### പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

## വാല്യം 117

### മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

## വാല്യം 118

### കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

## വാല്യം 119

### വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

## വാല്യം 120

### തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

## വാല്യം 121

### താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

## വാല്യം 122

### തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

## വാല്യം 123

### പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

## വാല്യം 124

### പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

## വാല്യം 125

### വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

## വാല്യം 126

### തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

## വാല്യം 127

### കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

## വാല്യം 128

### തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

## വാല്യം 129

### മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

## വാല്യം 130

### പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

## വാല്യം 131

### ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

## വാല്യം 132

### പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

## വാല്യം 133

### ചേളന്നൂർ ബ്ലോക്ക് .

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

## വാല്യം 134

### കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

## വാല്യം 135

### കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

## വാല്യം 136

### കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

## വാല്യം 137

### മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

## വാല്യം 138

### സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

## വാല്യം 139

### കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

## വാല്യം 140

### പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

## വാല്യം 141

### തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

## വാല്യം 142

### ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

## വാല്യം 143

### കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

## വാല്യം 144

### എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

## വാല്യം 145

### തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

## വാല്യം 146

### കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

## വാല്യം 147

### ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

## വാല്യം 148

### പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

## വാല്യം 149

### മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

## വാല്യം 150

### കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

## വാല്യം 151

### കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

## വാല്യം 152

### നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

## വാല്യം 153

### തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

## വാല്യം 154

### കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

## വാല്യം 155

### പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

## വാല്യം 156

### ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

## വാല്യം 157

### കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

## വാല്യം 158

### ഇടുക്കി ജില്ല

1. തൊടുപുഴ

## വാല്യം 159

### എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

## വാല്യം 160

### തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

## വാല്യം 161

### പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

## വാല്യം 162

### മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

## വാല്യം 163

### കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

## വാല്യം 164

### വയനാട് ജില്ല

1. കൽപ്പറ്റ

## വാല്യം 165

### കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

## വാല്യം 166


### കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ഈഴുവത്തിരുത്തി ഗ്രാമപഞ്ചായത്ത്



## ജനകീയാസൂത്രണം
## സമഗ്രവികസനരേഖ





എങ്ങനെ വേണ്ടു പുരോഗതിയെന്നുഴലായ്ക
മംഗളാത്മാവേ, സവിശ്വാസമായ് പ്രയോഗിക്കൂ
നിന്നിച്ഛാബലമെന്ന ഭാസുരവജ്രായുധം;
തന്മുന്നിലുണ്ടോ നിൽപൂ വിളരാപ്രത്യൂഹങ്ങൾ?

– ഇടശ്ശേരി

# ഈഴുവത്തിരുത്തി ഗ്രാമപഞ്ചായത്ത്




## ജനകീയാസൂത്രണം
## സമഗ്രവികസനരേഖ


NH 17
45, 46, 47, 48
49, 50, 51

# ഈഴുവത്തിരുത്തി പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് മാപ്പിൽ നമ്പർ പ്രകാരമുള്ള സ്ഥാപനങ്ങൾ

1. പൂക്കൈതക്കടവ്
2. കടവനാട് കയർ വ്യവസായ സഹകരണസംഘം
3. ജി.എഫ്.യു.പി.സ്കൂൾ, കടവനാട്
4. പി.എച്ച്.സി. സബ്സെന്റർ, കടവനാട്
5. ജി.എൽ.പി.സ്കൂൾ, കടവനാട്
6. ജുമാ മസ്ജിദ്, കറുകത്തിരുത്തി
7. എ.എം. എൽ.പി. സ്കൂൾ, കറുകത്തിരുത്തി
8. ഈഴുവത്തിരുത്തി കയർ വ്യവസായ സഹകരണസംഘം
9. പി.എച്ച്.സി. സബ്സെന്റർ, ഈഴുവത്തിരുത്തി.
10. ജി.എൽ.പി.സ്കൂൾ, തെയ്യങ്ങാട്
11. ഇടശ്ശേരിയുടെ ഭവനം
12. നിർദ്ദിഷ്ട ടൂറിസ്റ്റ് വികസനകേന്ദ്രം, പുളിക്കക്കടവ്
13. ജുമാമസ്ജിദ്, പുഴമ്പ്രം
14. അണ്ടിത്തോട്ക്ഷേത്രം, പുഴമ്പ്രം.
15. ഈശ്വരമംഗലം കയർ വ്യവസായ സഹകരണസംഘം
16. എ.എം.എൽ.പി.സ്കൂൾ, ബിയ്യം
17. കൃഷിഭവൻ, ഈഴുവത്തിരുത്തി.
18. ജി.യു.പി.സ്കൂൾ, ചെറുവായ്ക്കര
19. കൃഷ്ണപ്പിള്ള സ്മാരക വായനശാല, പുഴമ്പ്രം
20. പി.എച്ച്.സി.സബ്സെന്റർ, നെയ്തല്ലൂർ
21. പി.എച്ച്.സി.സബ്സെന്റർ, ഈശ്വരമംഗലം
22. ചമ്രവട്ടം കടവ്
23. ന്യൂ യു.പി. സ്കൂൾ, ഈശ്വരമംഗലം
24. ജ്ഞാനോദയം ഗ്രന്ഥാലയം & കലാസമിതി, ഈശ്വരമംഗലം
25. പി.സി.സി. സൊസൈറ്റി മില്ല്, ഈശ്വരമംഗലം
26. വെറ്ററിനറി പോളി-ക്ലിനിക്ക്, ഈശ്വരമംഗലം
27. ചമ്രവട്ടം പ്രൊജക്ട് ആഫീസ്
28. കെ.ഇ.എ.എൽ.പി.സ്കൂൾ, ഈശ്വരമംഗലം.
29. മാണിക്കുളം
30. ഗവർമ്മേണ്ട് ആയുർവ്വേദ ഡിസ്പെൻസറി
31. ചെറുവായ്ക്കര ശിവക്ഷേത്രം
32. സഹൃദയ ഗ്രന്ഥാലയം, കോട്ടത്തറ
33. കണ്ടകുറുമ്പക്കാവ് ക്ഷേത്രം
34. മിനി സ്റ്റേഡിയം, ഈഴുവത്തിരുത്തി
35. പൊതു ശ്മശാനം
36. ഗവർമ്മേണ്ട് ഐ.ടി.സി (SC/ST), ഈഴുവത്തിരുത്തി.
37. കുറ്റിക്കാട്ട് കടവ്
38. തേവർ ക്ഷേത്രം
39. പഞ്ചായത്ത് ഓഫീസ്
40. നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സ്
41. പൊന്നാനി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്
42. ധനലക്ഷ്മി ബാങ്ക്, പൊന്നാനി
43. ജോയന്റ് ആർ.ടി.ഒ. ഓഫീസ്
44. കേരള വാട്ടർ അതോറിറ്റി ഓഫീസുകൾ
45. എ.എൽ.പി.സ്കൂൾ, ഈഴുവത്തിരുത്തി.
46. ഗേൾസ് ഹൈസ്കൂൾ, പൊന്നാനി
47. ബി.ഇ.എം. യു.പി.സ്കൂൾ, പൊന്നാനി
48. സെന്റ്.ആന്റണീസ് ചർച്ച്, പൊന്നാനി
49. സബ്-ഡിവിഷൻ ഓഫീസ്, ടെലകോം, പൊന്നാനി.
50. വില്ലേജ് ആഫീസ്, ഈഴുവത്തിരുത്തി
51. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്
52. ഇടശ്ശേരി സ്മാരക മന്ദിരം & കൃഷ്ണപ്പണിക്കർ വായനശാല.
53. ന്യൂ എൽ.പി. സ്കൂൾ, പൊന്നാനി
54. എ.വി. ഹൈസ്കൂൾ, പൊന്നാനി
55. ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസ്
56. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, ഈഴുവത്തിരുത്തി.

എഡിററർ :

പി. കൃഷ്ണവാരിയർ

എഡിറേറാറിയൽ സ്റ്റാഫ് :

എം. എം. നാരായണൻ

ആലങ്കോട് ലീലാ കൃഷ്ണൻ

ടി. കെ. മുഹമ്മദ്

പി. ബാലകൃഷ്ണമേനോൻ

എം. കെ. വേലായുധൻ

കവർ :

കെ. യു. കൃഷ്ണകുമാർ

അച്ചടി :

കൈരളി (ഓഫ്സെററ്) പ്രസ്–തൃശൂർ

# ഈഴുവത്തിരുത്തി ഗ്രാമപഞ്ചായത്ത്

## ഭരണസമിതി

പ്രസിഡണ്ട്




പി. ബാലകൃഷ്ണമേനോൻ

വൈസ് പ്രസിഡണ്ട്



എം. സരോജിനി

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



സി. അബ്ദുള്ളക്കുട്ടി

ആദ്യത്തെ പ്രസിഡണ്ട്



സി.ജി. ദാമോദരൻ

## ഭരണസമിതി അംഗങ്ങൾ



സി. സരളാദേവി



മുത്തുകൃഷ്ണൻ



എ. സൈനുദ്ദീൻ



കെ. കുമാരൻ



ടി.വി. ശങ്കരൻ



സി.സൗദാമിനി



കമലാമേനോൻ



എം. കുഞ്ഞിപ്പ



കരുവടി ചന്ദ്രൻ

## ഉള്ളടക്കം

1 ആമുഖം

2 പഞ്ചായത്ത് : പൊതുവിവരണം

3 സാമൂഹിക-സാംസ്കാരിക ചരിത്രം

4 ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

5 സാമൂഹിക-സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5-3 വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

5-6 ഗതാഗതം, ഊർജ്ജം

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5-8 സംസ്കാരം

5-9 വനിത

5-10 സഹകരണം

5-11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

5-12 വിഭവസമാഹരണം

5-13 ടൂറിസം

6 ഉപസംഹാരം

''ഓരോരുത്തരും അവരവരുടെ
നെററി വിയർക്കെ പണിയെ
ടുത്തു ജീവിച്ചെങ്കിൽ ഭൂമി
സ്വർഗമായി മാറുമായിരുന്നു.''

–ഗാന്ധിജി

''പ്രകൃതിനിയമങ്ങളെ ബോധ
പൂർവ്വമോ അജ്ഞത
കൊണ്ടോ ലംഘിക്കുന്നതിൽ
നിന്നാണ് സുഖക്കേടുകൾ
ഉണ്ടാകുന്നത്.''

–ഗാന്ധിജി

# ആമുഖം

അധികാരം, ആസൂത്രണം, വികസനം ഇവ സംബന്ധിച്ച്, പ്രതിഭിന്നമായ രണ്ട് കാഴ്ചപ്പാടുകൾ നമ്മുടെ മുമ്പിലുണ്ട്. അധികാരത്തിന്റെ കേന്ദ്രീകരണവും, നിലവിലുള്ള സ്വത്തുബന്ധങ്ങളെ അലോസരപ്പെടുത്താത്ത, ജനതാൽപര്യം പരിഗണിയ്ക്കാത്ത, ആസൂത്രണ-വികസനതന്ത്രവുമാണ് ഒന്നാമത്തേതെങ്കിൽ, അധികാരവികേന്ദ്രീകരണവും ജനകീയമായ ആസൂത്രണ- വികസനപരിപാടിയുമാണ് രണ്ടാമത്തേത്. കേന്ദ്രീകൃത ഭരണമെന്നാൽ, യാതൊരു സാമൂഹ്യപ്രതിബദ്ധതയുമില്ലാത്ത ഉദ്യോഗസ്ഥരുടെ കയ്യിൽ അധികാരയന്ത്രം ഒതുങ്ങിപ്പോകലാകുന്നു. അത് ഒട്ടുംതന്നെ സുതാര്യമല്ല. അമിതാധികാരത്തിന്റെ കൂടപ്പിറപ്പാണ്, അഴിമതി. അവ 'സയാമീസ് ഇരട്ട'കളെപ്പോലെ ഇണപിരിയാതെ ഇവിടെ പുലർന്നുവരുന്നു. ജനപങ്കാളിത്തമില്ലാത്ത, ജനകീയ ഇച്ഛ പ്രതിഫലിപ്പിയ്ക്കാത്ത, വിശാലമായ രാജ്യതാൽപര്യങ്ങൾ പരിഗണിയ്ക്കാത്ത, ദീർഘവീക്ഷണമില്ലാത്ത, കേന്ദ്രീകൃതാസൂത്രണം, നാടിന്റെ വികസനത്തിലും സമ്പത്തിന്റെ വിതരണത്തിലും അസമത്വത്തിന് കാരണമാകുന്നു. ഇത് ഛിദ്രശക്തികൾക്ക്, വിഭജനവിഘടനവാദങ്ങളുടെ വിത്തിറക്കാൻ പാകത്തിൽ മണ്ണൊരുക്കിക്കൊടുക്കുന്നു.

എന്നാൽ ഭരണവും പദ്ധതി നടത്തിപ്പും സംബന്ധിച്ച രണ്ടാമത്തെ കാഴ്ചപ്പാട് സ്വീകരിച്ചാൽ, തലകുത്തിനിൽക്കുന്ന നമ്മുടെ ആസൂത്രണ- വികസനനയം നേരെയാക്കാൻ കഴിയും. അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുകയും വികസനപ്രവർത്തനം ജനങ്ങളുടെ മുൻകയ്യോടെ ചിട്ടപ്പെടുത്തുകയും വേണം. അതോടെ ആസൂത്രണപ്രക്രിയക്ക് പറ്റിയ മൗലികമായ പിഴവ് തിരുത്തപ്പെടുകയും ജനങ്ങൾ വികസനത്തിന്റെ ഗുണഭോക്താക്കളാവുകയും, അവരുടെ ജീവിതനിലവാരം മെച്ചപ്പെട്ടുവരികയും ചെയ്യും.

മേൽപ്പറഞ്ഞവിധം, കഴിഞ്ഞ എട്ട് പഞ്ചവർഷപദ്ധതികൾ പകർന്നുതന്ന അനുഭവപാഠങ്ങളുടെ അടിത്തറയിൽനിന്നുകൊണ്ടാണ് ഒമ്പതാം പദ്ധതിയിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ വഴി, ജനകീയാസൂത്രണ പരിപാടിക്ക്, രാജ്യത്തിനാകെ മാതൃകയാകുംവിധം കേരളം നേതൃത്വം കൊടുക്കാൻ പോകുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ഈഴുവത്തിരുത്തി പഞ്ചായത്തിന്റെ പന്ത്രണ്ട് വാർഡുകളിലും ഫലപ്രദമായി സംഘടിപ്പിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമസഭകൾ ജനനിബിഡവും സജീവവും ആയിരുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൂട്ടായ്മയുടെ സംസ്കാരം തിരിച്ചുവരികയാണെന്ന് ഈ ഗ്രാമസഭകൾ വിളിച്ചുപറയുംപോലെ...

ഏതായാലും ജനങ്ങളുടെ സഹകരണവും പ്രതികരണവും നൽകിയ ആവേശത്തോടെയാണ്, ആത്മവിശ്വാസത്തോടെയാണ് ഈഴുവത്തിരുത്തി പഞ്ചായത്തിന്റെ ഈ വികസനരേഖ സജീവമായ ശ്രദ്ധയും പരിഗണനയും പ്രതീക്ഷിച്ച് ഇവിടെ സമർപ്പിക്കുന്നത്.

****

# പഞ്ചായത്ത്:
# പൊതുവിവരണം

പഞ്ചായത്തിന്റെ പേര്........ഈഴവത്തിരുത്തി ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ്............................ഈഴവത്തിരുത്തി

ബ്ലോക്ക് പഞ്ചായത്ത്....................................പൊന്നാനി

താലൂക്ക്..................................................പൊന്നാനി

അസംബ്ലി മണ്ഡലം.......................................പൊന്നാനി

പാർലിമെന്റ് മണ്ഡലം...................................പൊന്നാനി

വിസ്തീർണ്ണം............................................14 ച. കി. മീ.

അതിരുകൾ...................കിഴക്ക് : എടപ്പാൾ പഞ്ചായത്ത്,
തവനൂർ പഞ്ചായത്ത്, ബിയ്യം കായൽ
പടിഞ്ഞാറ് : പൊന്നാനി മുനിസിപ്പാലിററി
തെക്ക് : കാഞ്ഞിരമുക്ക് പുഴ
വടക്ക് : ഭാരതപ്പുഴ

ജനസംഖ്യ...................................30752 (91 സെൻസസ്)

പുരുഷന്മാർ............................................ 14629

സ്ത്രീകൾ................................................16123

ജനസാന്ദ്രത.............................................2196

അക്ഷരാഭ്യാസമുള്ളവർ ..................................22808

വാർഡുകൾ ..................................................12

പ്രസിഡണ്ടിന്റെ പേര്...................പി. ബാലകൃഷ്ണമേനോൻ

വൈസ് പ്രസിഡണ്ടിന്റെ പേര്................എം. സരോജിനി

സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ..............സി. അബ്ദുള്ളക്കുട്ടി

പഞ്ചായത്ത് സെക്രട്ടറി...............................ടി. രതകുമാർ

# 3

# സാമൂഹിക സാംസ്കാരിക ചരിത്രം

പൊന്നാനിയുടെ പടിപ്പുരയാണ് എഴുവത്തുരുത്തി (ഈഴുവത്തുരുത്തി) പഞ്ചായത്ത്.

തിരുമനശ്ശേരി രാജാവ് തന്റെ കൃഷിയും മറ്റുകാര്യങ്ങളും നോക്കിനടത്തുന്നതിനായി ഏഴു കുടുംബങ്ങളെ കൊണ്ടുവന്നു കുടിപാർപ്പിച്ച തുരുത്ത് 'എഴുവത്തും' കാലക്രമത്തിൽ 'എഴുവത്തുരുത്തി'യുമായിതീർന്നു എന്നാണ് സ്ഥലനാമ ചരിത്രം.

പൊന്നാനി പാതാറിൽ നിന്ന് നോക്കുമ്പോൾ സൂര്യൻ 'എഴുന്നു' വരുന്ന ദിക്കായി തോന്നിച്ച തുരുത്ത് 'എഴുവത്തുരുത്തി'യായി എന്നുമുണ്ട് കവികല്പന നിറംപിടിപ്പിച്ച മറ്റൊരു കഥ.

രണ്ടായിരുന്നാലും പൊന്നാനിയോടു ചേർന്നു കിടക്കുന്ന സവിശേഷമായൊരു ഭൂതകാല സംസ്കൃതിയുടെ സ്മൃതിയും ചരിത്രവും ഈഴുവത്തുരുത്തിയ്ക്കുണ്ട്.

ഈശ്വരമംഗലം കേന്ദ്രീകരിച്ച് നാടുവാണ തിരുമനശ്ശേരി രാജവംശവുമായി ബന്ധപ്പെട്ടതാണ് ഈഴുവത്തുരുത്തിയുടെ രാജചരിത്രം. ആദ്യകാലത്ത് വള്ളുവക്കോനാതിരിയുടെ സാമന്തനായിരുന്നു തിരുമനശ്ശേരി രാജാവ്. തിരുന്നാവായ മാമാങ്കത്തിൽ നിലപാടുനില്ക്കാനുള്ള അവകാശം വള്ളുവക്കോനാതിരിയിൽ നിന്ന് സാമൂതിരി പിടിച്ചെടുത്തപ്പോൾ, വള്ളുവക്കോനാതിരിയുടെ മറ്റുപല സാമന്തന്മാരേയുംപോലെ തിരുമനശ്ശേരി രാജാവും സാമൂതിരി പക്ഷത്തേയ്ക്കു മാറി എന്നുവേണം വിചാരിക്കുവാൻ.

എ.ഡി. 1558ലെ (കൊല്ലവർഷം 733) സാമൂതിരിക്കോവിലകത്തെ ഗ്രന്ഥവരികളിൽ തിരുമനശ്ശേരി രാജസ്വരൂപത്തെ പരാമർശിച്ചുകൊണ്ട് ഇപ്രകാരം കാണുന്നു:

"വിശേഷിച്ച ഏറെ കുറ്റിപ്പുറത്തുകൊണ്ട കലശമാടിച്ചശേഷം പഴവരിചാർത്തുവാൻ വിളക്കും കിണപതിയും പറനിറയും വച്ചു മുമ്പിൽ ഭഗവതിയെയും എഴുന്നെള്ളിച്ച പള്ളിക്കരിംപടവുമിട്ട തിരുമനച്ചെരി കൊട്ടയിൽ പടിഞ്ഞാറെ തളത്തിൽ നിന്റെ പഴവരി ചാർത്തിയത വരിക്കമാച്ചെരി നംപൂതിരി....."

മൈസൂർ ആക്രമണകാലത്ത് ഈശ്വരമംഗലം-ഈഴുവത്തുരുത്തി പ്രദേശങ്ങളുടെ മേൽ പരമാധികാരം സാമൂതിരിക്കായിരുന്നു എന്ന് തന്റെ മലബാർ ചരിത്രത്തിൽ വില്യം ലോഗനും പ്രസ്താവിക്കുന്നുണ്ട്.

പുരാതനകാലം മുതലേ കർഷകരും പാരമ്പര്യത്തൊഴിലാളികളുമായ മഹാഭൂരിപക്ഷം ജനത അധിവസിച്ച പ്രദേശമാണ് ഈഴുവത്തുരുത്തി. കൃഷിതന്നെയായിരുന്നു പ്രധാന ജീവനോപാധി. പുഴയോര പ്രദേശങ്ങളിൽ ആഴത്തിൽ കുഴിച്ചാൽ കിട്ടുന്ന കക്ക വാരിയെടുത്തു നീറ്റിയും, തൊണ്ടു തല്ലിയും, ചകിരിപിരിച്ചുമൊക്കെ ഉപജീവിക്കുന്ന വലിയൊരു തൊഴിലാളിസമൂഹവും കർഷകർക്കൊപ്പം ഇവിടെ പുലർന്നു. (ഈഴുവത്തുരുത്തിയിലെ മേൽമണ്ണടരുകൾക്കിടയിൽ കാണപ്പെടുന്ന വൻ കക്ക നിക്ഷേപങ്ങൾ സൂചിപ്പിയ്ക്കുന്നത് ഈ പ്രദേശം ഒരു കാലത്ത് കടലിന്നടിയിൽക്കിടന്ന ഭൂമിയാണെന്നു തന്നെയാണ്.)

കർഷകരും തൊഴിലാളികളുമായി, സ്വന്തം അദ്ധ്വാനശേഷിയിൽ പുലർന്നുപോന്ന ഒരു കീഴാളജന സമൂഹത്തിന്റെ ജീവിതസംസ്കൃതി തന്നെയാണ് ഈഴുവത്തുരുത്തി പ്രദേശത്തിന്റെ സാംസ്ക്കാരികമായ അടിത്തറ. തിരുമനശ്ശേരി രാജവംശത്തിനുപുറമെ, ഈ പ്രദേശത്ത് ജന്മിത്വത്തിന്റെ അധികാരമുണ്ടായിരുന്ന കണ്ടാണത്ത് ഇല്ലത്തെ നമ്പൂതിരിയുടെ ജന്മാവകാശം കൂടി മാത്രമേ പഴയ റവന്യൂ രേഖകളിൽക്കാണുന്നുള്ളു.

പ്രശസ്തമായ കണ്ട 'കുറുമ്പക്കാവ്' എന്ന ജനകീയ ക്ഷേത്രം ഈഴുവത്തുരുത്തിയിലെ കീഴാളജനസംസ്കൃതിയുടെ സുപ്രധാനമായ സാംസ്കാരിക കേന്ദ്രമാണ്. ജാതി-മതഭേദമേതുമില്ലാതെ കൊണ്ടാടപ്പെടുന്ന കണ്ട കുറുമ്പക്കാവ് ക്ഷേത്രോത്സവം ഈഴുവത്തുരുത്തിയുടെ ദേശീയോത്സവവുമാണ്. കുറുമ്പ കണ്ട കാവാണ് 'കണ്ട കുറുമ്പക്കാവാ'യത് എന്നാണ് ക്ഷേത്രോല്പത്തിയെക്കുറിച്ചുള്ള ഐതിഹ്യം. തിറ, പൂതം, മൂക്കൻ ചാത്തൻ, കാളവേല തുടങ്ങിയ നാടോടിക്കലാരൂപങ്ങളും വേലവരവുകളും കൊണ്ട് അടിയാള ജീവിതത്തിന്റെ സമ്പന്നമായൊരു കലാപൈതൃകം ഇവിടെ ഇന്നും നിറഞ്ഞ അഴ

കിൽ കെട്ടിയാടപ്പെടുന്നു. ഈഴുവത്തുരുത്തിയിലെ ഇസ്ലാം-ക്രിസ്ത്യൻ മതവിശ്വാസികളും ഈ നാടോടി ഉത്സവത്തിൽ സർവ്വാത്മനാ പങ്കുചേരുന്നു. വെട്ടം വീട്ടിൽ ബാവയുടെ 'കാള' ഇപ്പോഴും കണ്ടകുറുമ്പക്കാവുത്സവ ത്തിന്റെ പ്രധാന സവിശേഷതയാണ്.

കണ്ടകുറുമ്പക്കാവ് ക്ഷേത്രത്തിൽനിന്നു വളരെ ദൂരെ യല്ലാതെ പറയസമുദായക്കാരുടെ ഒരു മണ്ടകവും ചെറു വായ്ക്കരയിൽ പ്രസിദ്ധമായ ഒരു ശിവക്ഷേത്രവുമുണ്ട്. ഈ ശിവക്ഷേത്രത്തിന്റെ പേരിലാവണം ഈ പ്രദേശം ഈശ്വരമംഗലമായത്തീർന്നത്.

ഈഴുവത്തുരുത്തിയിലെ ഇസ്ലാം സംസ്കാരത്തിന്റെ ഏറ്റവും പഴയ സ്മാരകങ്ങൾ പുഴമ്പ്രം ജുമാമസ്ജിദ്ദും കറുകത്തുരുത്തിയിലെ ജുമാപള്ളിയുമാണ്. പൊന്നാനി യുമായി ബന്ധപ്പെട്ടു മാലിക്ഇബ്നുദിനാറിന്റെ കാല ത്തോളം പഴക്കമുള്ള പുരാതനമായൊരു ഇസ്ലാം ജീവി തസംസ്കൃതിയും ഈഴുവത്തുരുത്തിയുടെ ജീവരക്ത ത്തിലലിഞ്ഞു കിടക്കുന്നു.

പിൽക്കാലത്ത് കുടിയേറിയ ക്രിസ്തീയ കുടുംബ ങ്ങളും അവർ സ്ഥാപിച്ച പള്ളിയും ചേർന്ന് ഈഴുവത്തു രുത്തിയുടെ മതേതര ജീവിത സംസ്ക്കാരത്തെ വളരെ യേറെ വിശാലവും അർത്ഥപൂർണ്ണവുമാക്കി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ ത്തന്നെ സാമൂഹിക- സാസ്ക്കാരിക നവോത്ഥാന ത്തിന്റെ അലയൊലികൾ ഈഴുവത്തുരുത്തി പ്രദേശങ്ങ ളിലും ചലനമുണ്ടാക്കി. 1880കളുടെ ഒടുവിൽ സ്ഥാപിക്ക പ്പെട്ട മിഷൻ സ്കൂളാണ് അതിന് പ്രാരംഭം കുറിച്ചത്. 1895ൽ ഹരിഹരമംഗലത്ത് അച്യുതവാരിയരുടെ അദ്ധ്യ ക്ഷതയിൽ എട്ടുപേർ ചേർന്ന ഒരു സമിതി എ.വി. ഹൈസ്കൂളിനും തുടക്കം കുറിച്ചു. അതോടെ ആധുനിക വിദ്യാഭ്യാസത്തിന്റെ പരിഷ്ക്കൃതിയും വെളിച്ചവും ഈഴു വത്തുരുത്തിയെ പുതിയ കാലത്തിലേയ്ക്കുണർത്തി. ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ അലയൊലികളും അതൊടൊപ്പം ഈ പ്രദേശങ്ങളിൽ ചലനമുണ്ടാക്കി.

1918-ൽ അദ്ധ്യാപകനായി എ.വി. ഹൈസ്കൂളിൽ വന്ന തിനുശേഷം കുറേക്കാലം കേളപ്പജിയുടെ കർമ്മമ ണ്ഡലം ഈഴുവത്തുരുത്തിയായിരുന്നു. കേളപ്പജിയെ ക്കൂടാതെ ടി. ഗോപാലക്കുറുപ്പ്, കൃഷ്ണപ്പണിക്കർ, സി. ചോയുണ്ണി തുടങ്ങിയ ആദ്യകാല കോൺഗ്രസ്സ് പ്രവർത്ത കരും ഈഴുവത്തുരുത്തിയിലെ ദേശീയ പ്രസ്ഥാനത്തെ സജീവമാക്കി.

1921ലെ ഖിലാഫത്ത് പലേടങ്ങളിലും ഹിന്ദു-മുസ്ലീം കലാപമായി മാറിയ സമയത്ത് ഏറനാട്ടിൽനിന്ന് ഇവി ടെയെത്തിയ ലഹളക്കാരെ, കേളപ്പജിയുടെ നേതൃത്വ ത്തിൽ ഈഴുവത്തുരുത്തിയിലേയും പൊന്നാനിയി ലേയും പ്രബലരായ ഹിന്ദുക്കളും മുസ്ലീങ്ങളും ഒന്നിച്ചു ചെന്ന് ചമ്രവട്ടം കടവത്തുനിന്നു മടക്കി അയച്ച ചരിത്ര സംഭവം ഈ പ്രദേശത്തിന്റെ മതേതര സംസ്കൃതിയുടെ ഉത്തമ ദൃഷ്ടാന്തമാണ്.

സാമുദായിക നവോത്ഥാന പ്രവർത്തനങ്ങളുമായി നാടുനീളെ സഞ്ചരിച്ചിരുന്ന കാലത്ത് കുറച്ചുകാലം വി.ടി. ഭട്ടതിരിപ്പാടും ഈഴുവത്തുരുത്തിയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിട്ടുണ്ട്. ഈഴുവത്തുരുത്തിയിലെ പ്രബല ജന വിഭാഗമായ ഈഴവ സമുദായക്കാർക്കിടയിലെ സാമുദാ യികമായ അനാചാരങ്ങൾ തുടച്ചുനീക്കുന്നതിൽ വി.ടി. വലിയ പങ്കുവഹിച്ചു. പുൽപ്രയിൽ നാരായണൻ വൈദ്യരും മറ്റും പങ്കുചേർന്ന ആ പ്രവർത്തനങ്ങളുടെ ഫലമായി ഇവിടുത്തെ കീഴാള ജനവിഭാഗങ്ങൾക്കിടയിൽ ഒരു നവോത്ഥാന പ്രക്രിയയ്ക്ക് വഴിതുറക്കപ്പെട്ടു.

ഇടശ്ശേരി ഗോവിന്ദൻനായർ, ഉറൂബ് (പി.സി. കുട്ടി കൃഷ്ണൻ) ഇ. നാരായണൻ തുടങ്ങി കേരള സാംസ്ക്കാ രിക ചരിത്രത്തിലെത്തന്നെ നാഴിക്കല്ലുകളായ എഴുത്തു കാരുടെ സാംസ്കാരിക പ്രവർത്തനങ്ങൾ ഈഴുവത്തു രുത്തിയിൽ സജീവമാകുന്നതും അക്കാലത്താണ്. കൃഷ്ണപ്പണിക്കർ വായനശാല, കൃപാ പ്രൊജക്ഷൻസ് തുടങ്ങിയ ജനകീയ കലാസമിതികളുടെ പ്രവർത്തന ങ്ങളും അതൊടൊപ്പം ഈ സാംസ്കാരിക നവോത്ഥാ നത്തിന്റെ മുന്നണിയിൽ നിന്നു. അതൊടെ, കർഷകപ്ര സ്ഥാനങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങളുമൊക്കെ ഈഴു വത്തുരുത്തിയിലെ സാമൂഹികരംഗത്തെ പുതിയൊരു തിരിച്ചറിവിലേയ്ക്കും ആവേശത്തിലേയ്ക്കും നയിക്കാൻ തുടങ്ങി.

1939-ലെ പൊന്നാനിയിലെ ഐതിഹാസികമായ ബീഡിതെറുപ്പു തൊഴിലാളികളുടെ സമരവും ഈഴുവ ത്തുരുത്തിയിലെ സാമൂഹിക ജീവിതത്തിൽ ചലനമു ണ്ടാക്കി. ചെറുകാട്, കെ. ദാമോദരൻ, പ്രേംജി, തുടങ്ങിയ പുരോഗമനാശയക്കാരായ സാമൂഹിക-സാംസ്ക്കാരിക പ്രവർത്തകർ ഇവിടെയെത്തുന്നത് ഈ സമരവുമായി ബന്ധപ്പട്ടാണ്.

കുറ്റിക്കാട് കടവത്തെ മോട്ടിലാൽകെട്ടിൽ ഇടശ്ശേരി യുടെയും ഉറൂബിന്റേയും സുമിത്രൻ മാഷുടേയും മറ്റും നേതൃത്വത്തിൽ നടന്നിരുന്ന അനൗപചാരികമായ സാംസ്കാരിക സംവാദങ്ങളിൽ അക്കാലത്ത് ഇ.കെ. ഇമ്പിച്ചി ബാവയെപ്പോലുള്ള കമ്മ്യൂണിസ്റ്റ് പ്രവർത്തകരും സജീവമായി പങ്കുചേർന്നിരിരുന്നു.

ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' എന്ന നാടകവും 'പുത്തൻകലവും അരിവാളും' 'പണിമുടക്കം' എന്നീ കവിതകളുമെല്ലാം ഈഴുവത്തുരുത്തിയിലെ ജനകീയ നവോത്ഥാന പ്രക്രിയയ്ക്ക് ആക്കം കൂട്ടി.

ഈഴുവത്തുരുത്തിയിലെ ആദ്യകാല സോഷ്യലിസ്റ്റ് പ്രവർത്തകനായിരുന്ന കെ.ശങ്കുണ്ണിനായർ, ആദ്യകാല കമ്മ്യൂണിസ്റ്റുകാരായ കിണറ്റുകര പരമേശ്വരൻനായർ, സി.പി. ഏനുദ്ദീൻകുട്ടി തുടങ്ങിയവരേയും ഈ നവോ ത്ഥാനത്തോടൊപ്പം ഓർക്കേണ്ടതുണ്ട്.

അങ്ങനെ കീഴാളജനതയുടെ സാംസ്കാരികമായ തിരിച്ചറിവുകളിൽനിന്നും മതേതരവും പുരോഗമനാത്മ കവുമായ സമഗ്രവികസനത്തിലേയ്ക്കു വളരുന്ന ഗ്രാമ മാണ് ഈഴുവത്തുരുത്തി. ഇന്ന്, ഈഴുവത്തുരുത്തിയുടെ വികസന സ്വപ്നങ്ങൾ സമചിത്തതയാർന്നതും സമഗ്ര വുമായ പദ്ധതികളിലൂടെ പുതിയ പ്രതീക്ഷകളിലേയ്ക്ക് പിടഞ്ഞുണരുന്നു.

# 4
# ഭൂപ്രകൃതി ജനപ്രകൃതി ജല പ്രകൃതി

നിളാനദി അറബിക്കടലിൽ സംഗമിക്കുന്ന പൊന്നാനിയോട്ചേർന്നുകിടക്കുന്ന പ്രദേശമാണ് ഈഴുവത്തിരുത്തി. വടക്ക്ഭാരതപ്പുഴയാലും തെക്ക് കാഞ്ഞിരമുക്ക് പുഴയാലും പുൽകപ്പെട്ടു കിടക്കുന്ന ഈ പ്രദേശം14ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തീർണ്ണമുള്ളതും ഈശ്വര മംഗലം, ഈഴുവത്തുരുത്തി, കടവനാട് അംശങ്ങൾ ചേർന്നതുമാണ്. പഞ്ചായത്തിന്റെ തെക്കു ഭാഗത്തുകിടക്കുന്ന 25ഹെക്ടറിലധികം വരുന്ന കടവനാട് പ്രദേശത്ത് അമ്ലാംശം കൂടുതലുള്ള മണ്ണാണുള്ളത്. 10 ഹെക്ടറോളം വരുന്ന നെയ്തല്ലൂർ പാടശേഖരം 6 ഹെക്ടറോളം വരുന്ന ചട്ടുകപ്പുഴ പ്രദേശം എന്നിവ മഴക്കാലത്ത് വെള്ളം കെട്ടിനില്ക്കുന്നതുമൂലംകൃഷിക്കുപയുക്തമല്ലാത്ത പ്രദേശമാണ്. 1274 ഹെക്ടർ കൃഷി സ്ഥലമുള്ള ഈപഞ്ചായത്തിൽ ഭാരതപ്പുഴയുടെ തീര പ്രദേശമായ ഏകദേശം 200 ഹെക്ടർ വരുന്ന എക്കൽ മണ്ണുള്ള സ്ഥലം കഴിച്ചാൽ ബാക്കിസ്ഥലം മുഴുവനും മങ്ങൽമണ്ണുള്ള ഉപരിതലത്തോടു കൂടിയതാണ്. നിമ്നോന്നതി നോക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ മുഴുവൻ ഭാഗവും വലിയ ഏറ്റ കുറച്ചിലുകളില്ലാത്ത നിരപ്പായ സ്ഥലമാണ്.

## ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്കെടുപ്പുപ്രകാരം ഈഴുവത്തിരുത്തി പഞ്ചായത്തിലെ ജനസംഖ്യ 30752 ആയി രുന്നു. ഇവരിൽ 16123 പേർ സ്തീകളും 14629 പേർ പുരുഷന്മാരുമാണ്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷൻമാർ 1494 പേർ കുറവാണ്. ആകെ ജനങ്ങളിൽ 2116 പുരുഷന്മാരും 2228 സ്ത്രീകളുംപട്ടികജാതിയിൽപ്പെട്ടവരാണ്. ആറുവയസ്സിനു താഴെയുള്ള 2424 ആൺകുട്ടികളും 2228 പെൺകുട്ടികളും ഇവിടെയു ണ്ട്, പ്രധാന തൊഴിലെടുക്കുന്ന 5819 പുരുഷന്മാ രും 1861 സ്ത്രീകളുമാണ് ഇവിടെയുള്ളത്. 388 പേർകൃഷിക്കാരായും 1999 പേർ കർഷകത്തൊഴിലാളികളായും കാർഷികരംഗത്തു പ്രവർത്തിക്കുന്നു. പുരുഷന്മാരിൽ 8575 പേരും സ്ത്രീകളിൽ 13943 പേരും തൊഴിലില്ലാത്തവരാണ്. 319 സ്ത്രീകളും235പുരുഷന്മാരും. ഭാഗികമായി മാത്രം ജോലിയുള്ളവരാണ്. 91ലെ സെൻസസ് പ്രകാരം 2362 സ്ത്രീകളും930 പുരുഷന്മാരും അക്ഷരാഭ്യാസമില്ലാത്തവരാണ്. ഇവരിൽ നല്ലൊരുഭാഗം പേർക്ക് പേരെഴുതി ഒപ്പിടുവാനുള്ള പ്രാപ്തി കൈവരിക്കാൻ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിലൂടെ കഴി ഞ്ഞിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക സർവ്വേയിലൂടെ പഞ്ചായത്തിലെ വിവിധ മേഖലകളിലെ ഇപ്പോഴത്തെ സ്ഥിതി വിലയിരുത്തുവാൻ ശ്രമിച്ചുവെങ്കിലും സമയ ക്കുറവു മൂലം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

ഉന്നത വിദ്യാഭ്യാസരംഗത്തു 1968 വരെ ഈഴുവത്തിരുത്തി കുറച്ചുപിറകിലായിരുന്നുവെങ്കിലും എം.ഇ.എസ് പൊന്നാനി കോളേജ് ആരംഭി


ച്ചതോടെ ആ സ്ഥിതിക്ക് മാററം വന്നിട്ടുണ്ട്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധനവുണ്ടെങ്കിലും പഠന നിലവാരം പിറകിലാണ്. ഇതിനു പരിഹാരം കാണേണ്ടതുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയും ഏതു തൊഴിലിനും മഹത്വം കല്പിക്കുന്ന തൊഴിൽ സംസ്ക്കാരം വളർത്തിയെടുത്തും മാത്രമെ ഇതിനൊരു മാററം ഉണ്ടാവുകയുള്ളൂ.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായിരുന്ന കാർഷിരംഗം ആദായകരമല്ലാതായതോടെ മററു തൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയററം വർദ്ധിച്ചിരിക്കുകയാണ്. കെട്ടിട നിർമ്മാണരംഗത്തേക്കാണ് ഈ കടന്നുകയററം നടന്നുകൊണ്ടിരിക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖലയായ കയർരംഗത്ത് തൊഴിൽ കുറഞ്ഞുവരികയാണ്.

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 3000ത്തോളം മി.മീററർ മഴ ലഭിക്കുന്ന പ്രദേശമാണ് ഈഴുവത്തിരുത്തി. ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മഴ വളരെ കുറവാണ്.

പഞ്ചായത്തിൻെറ വടക്കുഭാഗത്തുള്ള ഭരതപ്പുഴയാണ് പ്രധാന ജലസ്രോതസ്സ്. പൊതുകുളങ്ങൾ പഞ്ചായത്തിൽ നാമമാത്രമാണ്. തവനൂർ-പൊന്നാനി, റോഡിൻെറയും കുണ്ടുകടവ് റോഡിൻെറയും കിഴക്കുഭാഗത്തുള്ള എരിക്കമണ്ണപ്രദേശവും കടവനാട് പ്രദേശവും ശുദ്ധജലത്തിന് പൈപ്പ് വെള്ളത്തെ മാത്രം ആശ്രയിക്കുന്നു. അറബിക്കടലിനോടടുത്തു കിടക്കുന്നതിനാൽ ഭരതപ്പുഴയുടെ തീരത്തുള്ള പ്രദേശങ്ങളിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ഉപ്പു കലർന്ന ജലമാണ് ലഭിക്കുന്നത്.



# 5

# സാമൂഹിക സാമ്പത്തിക മേഖലകൾ

'' എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേററാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.

എന്നാൽ
ആരുടേയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും ''

— മഹാത്മാ ഗാന്ധി

## 5 - 1

# കൃഷിയും ജലസേചനവും

ഈഴുവത്തിരുത്തി കാർഷികവൃത്തിക്ക് മുൻതൂക്കമുള്ള ഒരു പ്രദേശമാണ്. പഞ്ചായത്തിൻെറ വടക്കുഭാഗ ത്തുള്ള 1, 5, 6 വാർഡുകൾ ഭാരതപ്പുഴയോടു ചേർന്നു കിടക്കുന്നു. 3, 4, 8, 10, 11, 12 വാർഡുകളുടെ തെക്കുകിഴക്കുഭാഗം കാഞ്ഞിരമുക്ക് പുഴയോടും ബിയ്യം കായലിനോടും ചേർന്നു കിടക്കുന്നു. തീരസമതലമായ ഈ പഞ്ചായത്തിലെ മുഖ്യകൃഷി തെങ്ങ്, നെല്ല് എന്നിവയും ഇടവിളകളായി വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുമാണ്. പരമ്പരയായി കാർഷികവൃത്തി മുഖ്യഉപജീവനമായി സ്വീകരിച്ചിട്ടുള്ളവരാണ് ജനങ്ങൾ.

തിരുമനശ്ശേരികോട്ട, കണ്ടാണത്തില്ലം, സാമൂതിരി കോവിലകം എന്നീ വൻകിടഭൂവുടമകളുടെ കൈവശത്തിലായിരുന്നു പഞ്ചായത്തിലെ ഭൂമിയിൽ ഏറെക്കുറെ മുഴുവനും. എന്നാൽ ഇന്ന് ബഹുഭൂരിപക്ഷം ഭൂവുടമകളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. 1960 വരെ മഴയെ മാത്രമേ ആശ്രയിച്ച് നടത്തിയിരുന്ന പുരാതനകൃഷിസമ്പ്രദായമാണ് ഇവിടെ നിലനിന്നിരുന്നത്.

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണത്തിൽ 50 ശതമാനത്തോളം (745 ഹെക്ടർ) നെൽകൃഷിവയലുകളായിരുന്നു. എന്നാൽ ഇന്ന് 19.40 ശതമാനത്തോളം (280) ഹെക്ടർ സ്ഥല ത്തുമാത്രമേ ഈ പഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്നുള്ളൂ. നാടൻ വിത്തിനങ്ങളിൽ മുൻപന്തിയിൽ നിന്നിരുന്ന വെള്ളാര്യൻ, കൊക്കൻ, കറുത്ത ചിറ്റാനി, ചുവന്ന ചിറ്റാനി, ചീര, നവര മുതലായവ പുരാതനരീതിയിൽ കൃഷിചെയ്തു വന്നിരുന്നു. 1967- 68 കാലങ്ങളിൽ നെല്ലുഗവേഷണകേന്ദ്രമായ പട്ടാമ്പിയിൽ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്യാൻ തുടങ്ങി. പുതിയ തരം വിത്തിനങ്ങളോടൊപ്പം പുതിയതരം രാസവളങ്ങളും ജലസേചന സമ്പ്രദായങ്ങളും നിലവിൽ വന്നു.

നെൽപാടങ്ങളിൽ വേനൽകാലവിളകളായി മരച്ചീനി, മധുരക്കിഴങ്ങ്, മേനശ്ശേരി പയർ, മറ്റു പലവിധ പച്ചക്കറികൾ എന്നിവ കൃഷിചെയ്തിരുന്നു.

നെല്ലുമുതലായ ഹ്രസ്വകാലവിളയിലായിരുന്നു കൃഷിക്കാർ അക്കാലത്ത് ശ്രദ്ധിച്ചിരുന്നത്. എന്നാൽ സുമാർ 2 പതിറ്റാണ്ടായി കൃഷിക്കാർ ഹ്രസ്വകാലവിളയിൽനിന്നു ദീർഘകാലവിളയായ തെങ്ങുകൃഷിയിലേക്ക്പടിപടിയായി മാറുവാൻ തുടങ്ങി. നെൽകൃഷിരംഗത്തെ ഉൽപ്പാദനച്ചെലവുവർദ്ധനവും കാർഷികത്തൊഴിലാളികളുടെ ദൗർല്ലഭ്യവും ഉൽപാദനച്ചെലവിന് ആനുപാതികമായി ഉൽപ്പന്നത്തിന് വില കിട്ടാത്തതുമാണ് ഇതിന് മുഖ്യകാരണം. കാർഷികവിളകൾ വിറ്റഴിക്കുന്നതിന് വിപണനകേന്ദ്രങ്ങൾ ഉണ്ടായിരുന്നില്ല. ഇന്നും ഇടനിലക്കാർ മുഖേന മാത്രമേ ഉൽപ്പന്നങ്ങളുടെ വിപണനം നടക്കുന്നുള്ളൂ.

ആദ്യകാലത്ത് പഞ്ചായത്തിലുള്ള മൊത്തം ഭൂമിയുടെ മൂന്നിൽ ഒരുഭാഗം മാത്രമേ താമസയോഗ്യമായ കരഭൂമിയായി ഉണ്ടായിരുന്നുള്ളൂ. ജനസംഖ്യാവർദ്ധന, ഭൂപരിഷ്ക്കരണനിയമം കാരണം ഉണ്ടായ മാറ്റം എന്നിവ മൂലം കൃഷിഭൂമി പുരയിടമാക്കി മാറ്റുന്ന പ്രവണത വളർന്നുവ

ന്നു. നെൽകൃഷി ആദായകരമല്ലാതായതോടൊപ്പംതന്നെ കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവരോട് സമൂഹത്തിൽ വളർന്നുവന്ന മോശമായ മനോഭാവം പരമ്പരാഗത കർഷകത്തൊഴിലാളികൾക്ക് ഈ തൊഴിലിനോട് കൈവന്ന വൈമുഖ്യം എന്നിവ നെൽകൃഷിയിൽനിന്നു കർഷകരെ അകറ്റുകയും നെൽവയലുകൾ തൂർത്ത് നാണ്യവിളകൾ കൃഷിചെയ്യുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. മാത്രമല്ല ഗൾഫുനാടുകളിൽ ഉണ്ടായ തൊഴിൽസാദ്ധ്യത കർഷകത്തൊഴിലാളികുടുംബങ്ങളിലെ പിൻതലമുറക്കാരിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞതും വിദ്യാഭ്യാസമേഖലയിൽ കേരളം കൈവരിച്ച പുരോഗതിയും കൃഷിപ്പണിയിൽനിന്ന് അത്തരം ആളുകളെ മറ്റുതൊഴിൽ മേഖലകളിലേക്ക് തിരിഞ്ഞുപോകുന്നതിന് വഴിയൊരുക്കി.

വിശാലമായി കിടന്നിരുന്ന നെൽപാടങ്ങൾ അവിടവിടെയായി തൂർത്ത് പുരയിടങ്ങളാക്കി മാ റ്റി വീടുവെയ്ക്കുകയും തൽഫലമായി ഗതാഗത സൗകര്യാർത്ഥം കൃഷിനിലങ്ങളിലൂടെ പഞ്ചായ ത്ത് റോഡുകൾ നിർമ്മിക്കുകയും ചെയ്തു. കൃഷിസ്ഥലം തൂർത്ത് വീടുവെച്ചപ്പോഴും പഞ്ചായത്ത് റോഡുകൾ നിർമ്മിച്ചപ്പോഴും വർഷക്കാലത്ത് വെള്ളം ഒഴിഞ്ഞുപോകുവാനുണ്ടായിരുന്ന മാർഗ്ഗങ്ങൾ അടയുകയും ചെയ്തു. ഇത് പല സ്ഥലങ്ങളിലും നീർകെട്ടിനു കാരണമായി. ചട്ടുകപ്പുഴ, നെയ്തല്ലൂർ, എരുക്കാംപാടം, വടക്കേ കുട്ടാട്, തെക്കെകുട്ടാട്, കെ.ഇ.എ.എൽ.പി. സ്ക്കൂളിൻെറ പരിസരം എന്നീ പ്രദേശങ്ങൾ ഇതിനുദാഹരണമാണ്.

### ഭൂവിനിയോഗം

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 1443 ഹെക്ടറാണ്. ഇത് തീരസമതലം, പുഴ എന്നിവ അടങ്ങിയതാണ്.

പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഭൂപ്രകൃതി | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1 | സമതലം | 1186.08 | 82.20 |
| 2 | പുഴ | 256.92 | 17.80 |
| ആകെ | | 1443.00 | 100 |

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | തെങ്ങ് | 710 | 49.2 |
| 2 | നെല്ല് | 250 | 17.3 |
| 3 | കവുങ്ങ് | 10 | 7 |

പഞ്ചായത്തിൻെറ ഭൂരിഭാഗവും മണൽ കലർന്ന എക്കൽ മണ്ണാണ്. 11, 12 വാർഡുകൾ ഉൾപ്പെടുന്ന കടവനാട് പ്രദേശവും നാലാംവാർഡിലെ കല്ലിക്കട ഭാഗവും പുളിക്കകടവും കറുകത്തിരുത്തിവളവും പുളിവെള്ളം കയറുന്ന കായലോരപ്രദേശങ്ങളാണ്.

### നെൽകൃഷിപട്ടിക

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | നെല്ല്(ഒന്നാംവിള) | 250 |
| 2 | നെല്ല് (രണ്ടാംവിള) | 260 |
| 3 | നെല്ല് (മൂന്നാം വിള) | 10 |

### ഇടവിള

| | | |
|---|---|---|
| 1 | വാഴ | 10 |
| 2 | പച്ചക്കറി | 5 |
| 3 | കപ്പ | 2 |
| 4 | പയർ | 5 |

ഇപ്പോൾ പഞ്ചായത്തിലുള്ള മുഖ്യവിള തെങ്ങാണ്. നാളികേരത്തിൻെറ ഉൽപ്പാദനക്ഷമത നെൽവയലുകൾ തരം മാറ്റി തെങ്ങുകൃഷി ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ പുരാതന കരഭൂമിയിൽ കൃഷിചെയ്തിട്ടുള്ള തെങ്ങുകളെ അപേക്ഷിച്ച് വളരെ കുറവാണ്. ഇതിനു പ്രധാനകാരണം നീർകെട്ടും തെങ്ങിന് ആവശ്യമായ തോതിൽ മണ്ണിട്ടു തൂർക്കാത്തതുമാണ്.

### വളം

നെൽകൃഷിക്ക് 90% രാസവളം തന്നെയാണ് ഉപയോഗിക്കുന്നത്. 3 സ്വകാര്യവളം ഡെപ്പോകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. സഹകരണ മേഖലയിൽ നിലവിലുള്ള ഡെപ്പോ പ്രവർത്തനരഹിതമാണ്. വളപ്രയോഗം ശാസ്ത്രീയമായ രീതിയിലല്ല. ആയതിനാൽ കൃഷിചെലവ് അനാവ

ശ്യമായി കൂടുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവളം പ്രയോഗിക്കുന്ന രീതി ഇവിടെ നിലവിലില്ല. ലഭ്യമല്ലാത്തതിനാൽ ജൈവ വളപ്രയോഗം വളരെ വിരളമാണ്. 1995-ൽ പഞ്ചായത്തിലെ വളത്തിൻെറ ഉപയോഗം യഥാക്രമം N.21 മെട്രിക് ടൺ P.10 മെട്രിക് ടൺ K. 8 മെട്രിക് ടൺആണ്. വളം ഡെപ്പോമുഖേന കീടനാശിനിയും ലഭ്യമാണ്. കീടനാശിനിയുടെ ഉപയോഗം ശാസ്ത്രീയരീതിയിലല്ല.

### കാർഷികോപകരണങ്ങൾ

കാർഷികോപകരണമായി സർക്കാർ മേഖലയിൽ 2 കുറ്റിപമ്പും ഒരു റോക്കർ സ്പ്രേയറും ഉണ്ട്. കൂടാതെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഹരിജൻ സഹകരണസംഘത്തിന് ഒരുട്രാക്ടർ സർക്കാർ അനുവദിച്ചിരുന്നു. സ്വകാര്യവ്യക്തികൾക്ക് പത്തോളം ട്രാക്ടറുകളുണ്ട്. ഇതിൽ 3 ട്രാക്ടറുകൾക്ക് കൃഷിഭവൻ മുഖേനയുള്ള സബ്ബ്സിഡി ലഭിച്ചിട്ടുണ്ട്. നാടൻ കാർഷികോപകരണങ്ങൾ ഇപ്പോൾ തീരെ ഇല്ലെന്നു തന്നെ പറയാം.

### പാടശേഖരസമിതികൾ

ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 5 പാടശേഖരസമിതികൾ നിലവിലുണ്ടെങ്കിലും സാമ്പത്തിക പരാധീനതകളും മറ്റും മൂലം ഇവയുടെ പ്രവർത്തനം തീരെയില്ലാത്ത സ്ഥിതിയിലാണ്.

### പാടശേഖരസമിതിയും വിളക്രമങ്ങളും

| ക്രമ ന. | പാടശേഖരത്തിൻെറപേർ | കൃഷിക്കാരുടെ എണ്ണം | വിസ്തീർണ്ണം (ഹെ) | ഒന്നാം വിള | രണ്ടാം വിള | മൂന്നം വിള |
|---|---|---|---|---|---|---|
| 1 | ഈശ്വരമംഗലം | 81 | 60 | നെല്ല് | നെല്ല് | നെല്ല് ഭാഗികം പച്ചക്കറി |
| 2 | തെയ്യങ്ങാട് | 65 | 40 | നെല്ല് | നെല്ല് | |
| 3 | കുട്ടാട് | 72 | 50 | നെല്ല് | നെല്ല് | നെല്ല് ഭാഗികം പച്ചക്കറി |
| 4 | ചെറുവായ്ക്കര | 83 | 55 | നെല്ല് | | നെല്ല് പച്ചക്കറി |
| 5 | റെയ്തല്ലൂർ | 70 | 45 | നെല്ല് | നെല്ല് | നെല്ല് ഭാഗികം പച്ചക്കറി |
| | | 371 | 250 | | | |

### കൂലിനിരക്ക്

പഞ്ചായത്തിൽ ആകെയുള്ള 4199 കർഷക കുടുംബങ്ങളിൽ 3600 കുടുംബങ്ങളിൽ മാത്രമെ കൃഷി മുഖ്യഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളൂ. 1991- ലെ സെൻസസ് പ്രകാരം കർഷക തൊഴിലാളി പുരുഷന്മാർ 1365 ഉം സ്ത്രീകൾ 634 ഉം ആണ്.. ശരാശരി കൂലി നിരക്ക് പുരുഷന് 110 രൂപയും സ്ത്രീക്ക് 70 രൂപയുമാണ്. ഏകീകൃതകൂലിനിരക്ക് നിലവിലില്ല.

ഇപ്പോൾ പഞ്ചായത്തിന് മാത്രമായി ഒരു സഹകരണബാങ്കില്ല. തൊട്ടടുത്ത മുൻസിപ്പാലിറ്റിക്കും പഞ്ചായത്തിനും കൂടി പ്രവർത്തിച്ചുവരുന്ന സഹകരണബാങ്കിൽ നിന്ന് പഞ്ചായത്തിലെ കൃഷിക്കാർക്ക് ആവശ്യമായ കാർഷിക വായ്പകൾ ലഭ്യമാണ്. കൂടാതെ തൊട്ടടുത്ത മുൻസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന പൊന്നാനി കാർഷികവികസനബാങ്കിൽ നിന്നും വായ്പകൾ ഈ പഞ്ചായത്തിലുള്ളവർക്ക് ലഭിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ 4 ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

### ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 1 പൊന്നാനിസർവ്വീസ് സഹകരണബാങ്ക്, പൊന്നാനി | 4,13,600 | 4,26,850 | 3,07,900 | 2,65,500 |
| 2 സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് പൊന്നാനി | 15,78,156 | 14,40,406 | 31,52,013 | 40,34,789 |
| 3 കാർഷിക ഗ്രാമ വികസനബാങ്ക് | 7,89,111 | 10,65,500 | 11,66,876 | 12,40,513 |
| 4 അർബ്ബൻ ബാങ്ക് | 2,68,765 | 3,25,000 | 3,34,005 | 3,72,230 |
| 5 കനറാബാങ്ക് | 2,84,878 | 3,80,114 | 4,16,228 | 4,39,230 |
| ആകെ | 33,34,510 | 36,37,870 | 53,77,022 | 63,52,262 |

### ജലസേചനം

ആർ.എസ്.നമ്പർ II പോത്തന്നൂർ എന്ന പേരിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൻെറ പരിധിയിൽ വരുന്ന 310 ഏക്കർ കൃഷിസ്ഥലം ഈ പഞ്ചായത്തിലുണ്ട്. സ്കീമിൻെറ ആരംഭത്തിൽ ആയക്കെട്ട് ഏരിയയിൽ മേൽ പറഞ്ഞ വിസ്തീർ

ണ്ണം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തുടക്കത്തിൽ മാത്രമെ കൃഷിക്ക് ആവശ്യമായിട്ടുള്ള വെള്ളം ലഭിച്ചിട്ടുള്ളൂ. അധികൃതരുടെ അനാസ്ഥ മൂലം ജലസേചനത്തിൻെറ ഗുണം പൂർണ്ണമായി കൃഷിക്കാർക്ക് ലഭിക്കുന്നില്ല. യഥാസമയം വെള്ളം കിട്ടാത്തതിനാൽ കൃഷിവിനാശം സംഭവിക്കുന്നു. ഈ സ്കീമിൻെറ പരിധിയിൽപെടാത്ത പഞ്ചായത്തിലുള്ള ഭൂരിഭാഗം സ്ഥലത്തും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്.

### തോടുകൾ

ബിയ്യം കായലും നെയ്തല്ലൂർ ഭാഗവും തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന മാരായംതോട് 5, 6, 7, 8 വാർഡുകളിലൂടെ ഒഴുകി മുക്കൂട്ടക്കൽ വഴി പുളിക്കക്കടവ് പുഴയിൽ എത്തിച്ചേരുന്നു. നീലം തോടും 4,3 വാർഡുകൾ ഉൾപ്പെടുന്ന പുഴമ്പ്രം ഭാഗത്തുകൂടെ ഒഴുകി ബിയ്യം കായലിൽ ചേരുന്ന ചീർപ്പുങ്ങൽ തോടും നിലവിലുണ്ട് കൂടാതെ കടവനാട് ഭാഗത്ത് 10-ാം വാർഡിൽ ഒലിൽ മാതോടും.

### മണ്ണ് സംരക്ഷണം

പഞ്ചായത്തിൻെറ 1, 5, 6 വാർഡിൻെറ ഭാരതപ്പുഴയോരത്തുള്ള പുരയിടങ്ങൾ പുഴയിലേക്ക് ഇടിഞ്ഞു വർഷം തോറും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതു തടയുന്നതിന് പുഴയോരം കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. 3, 4, 8, 11, 12 വാർഡുകളുടെ കാഞ്ഞിരമുക്ക് പുഴയോരവും വർഷാവർഷം ഉണ്ടാവുന്ന മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതാണ്.

### ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| | |
|---|---|
| 1 ഭാരതപ്പുഴ | 3 കി.മീറ്റർ |
| 2 കാഞ്ഞിരമുക്ക് പുഴ (ബിയ്യം കായൽ) | 5 കി.മീറ്റർ |
| കുളം | 2 എണ്ണം |
| കിണർ | 28 എണ്ണം |

### കൃഷിഭവൻ

പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. 1987 സപ്തംബർ 1-നു മുതൽ കൃഷിഭവനുകൾ നിലവിൽ വന്നുവെങ്കിലും കാർഷികമേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കത്തക്ക സേവനം കൃഷിഭവൻ മുഖേന ലഭ്യമാവുന്നില്ല.

### കൃഷിഭവൻ മുഖേന നിലവിലുള്ള സ്കീമുകളുടെ വിവരപ്പട്ടിക (1995-96)

| ക്രമ നമ്പർ | സ്കീമിൻെറ പേർ | ഉപഭോക്താക്കളുടെ എണ്ണം | കിട്ടിയ തുക | ചിലവാക്കിയ തുക |
|---|---|---|---|---|
| 1 | ഉല്പാദന ബോണസ്സ് (നെല്ല്) | 210 | 35000 | 35000 |
| 2 | സമഗ്രനാളികേര വികസന പദ്ധതി | 63 | 215190 | 128527 |
| 3 | മാഹാളി സ്പ്രേയിങ്ങ് (കവുങ്ങ്) | | 4000 | 4000 |
| 4 | ഓർഗാനിക് വളം (ജൈവവളം) | 100 | 2500 | 2500 |
| 5 | കണികജലസേചനം | അപേക്ഷകരില്ല | | |
| 6 | ഒരു ലക്ഷം തൊഴിൽ ദാനപദ്ധതി - | ചേർന്നവർ 85- അലോട്ട്മെൻറ് ഇല്ല | | |
| 7 | വിള ഇൻഷൂറൻസ് പദ്ധതി- | ചേർന്നവർ 116- ആനുകൂല്യം ആർക്കും ലഭിച്ചിട്ടില്ല | | |
| 8 | പച്ചക്കറി കൃഷി- വിദ്യാർത്ഥികളെകൊണ്ട് ചെയ്യിച്ചത് | 720 പാക്കറ്റ് കുട്ടികൾക്ക് കൊടുത്തു | | |
| 9 | പ്രകൃതിക്ഷോഭസഹായം-കിട്ടിയ സംഖ്യ രൂ.26779 ചെലവായത് രൂ. 26779 | | | |
| 10 | ഹരിജൻ സ്കീം 1.എച്ച്. ഡി.പി. കോളനി- 89 പേർക്ക് കാർഷികോപകരണങ്ങൾ നല്കിയിട്ടുണ്ട്.(മമ്മട്ടി,അരിവാൾ,പിക്കാസ്, വെട്ടുകത്തി)ഒട്ടുമാവ്, (89)കുരുമുളക്‌വള്ളി(890) വിതരണം ചെയ്തു. 2 കിണർ-ഒന്നിന് രൂപ 7500 വീതം കൊടുത്തു. | | | |
| 11 | 1.പി.ഡി.എസ്.(ഇഞ്ചിക്കൃഷി)- കിട്ടിയ രൂ.1500 -ചെലവായത് രൂ. 1500 | | | |
| 12 | നെൽകൃഷിക്ക് സൗജന്യ വൈദ്യുതി ലഭിക്കുവാൻ 108 അപേക്ഷകൾ ലഭിച്ചു. അത് അയച്ചിട്ടുണ്ട്. | | | |
| 13 | Small Farm Mechanisation Scheme നിലവിലുണ്ട്. അത് പ്രാവർത്തികമായിട്ടില്ല. | | | |
| 14 | National Pulses Development Programe Scheme പയർവിത്ത് സബ്സിഡിറേറ്റിൽ കൊടുത്തിട്ടുണ്ട്. | | | |
| 15 | തെങ്ങിൻ തൈ, കുരുമുളക് വള്ളി, കവുങ്ങിൻ തൈ, നെൽ വിത്ത്, ഡയിഞ്ച ഇവയെല്ലാം ഇവിടെ നിന്ന് വിതരണം ചെയ്യുന്നുണ്ട്. | | | |

## പ്രശ്നങ്ങൾ

1. 1983-ൽ ഉദ്ഘാടനം കഴിച്ച് കല്ലിട്ടിരുന്നുവെങ്കിലും ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഇതുവരേയും തുടങ്ങിയിട്ടില്ല. ഇതിന്റെ ആവശ്യാർത്ഥം എക്സിക്യൂട്ടീവ് എഞ്ചിനീയറും എഞ്ചിനീയറുടെ കാര്യാലയവും രണ്ടിൽ കൂടുതൽ സബ്ഡിവിഷനുകളും അടങ്ങുന്ന ഓഫീസ് വ്യൂഹവും ഉദ്യോഗസ്ഥന്മാർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സ് സൗകര്യങ്ങളും 13 വർഷമായി പ്രവർത്തിച്ചുവരുന്നുവെങ്കിലും നാളിതുവരെ ചമ്രവട്ടം പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുകയുണ്ടായില്ല. ഈ പദ്ധതി നടപ്പിലായാൽ ഈഴുവത്തിരുത്തി പഞ്ചാ യത്തടങ്ങുന്ന പൊന്നാനി താലൂക്കിലും തിരൂർ താലൂക്കിലും തൃശൂർ ജില്ലയിലെ പല ഭാഗങ്ങളി ലും കോഴിക്കോട് ജില്ലയിലും ജലസേചനസൗകര്യവും കുടിവെള്ളപ്രശ്നവും പൂർണ്ണമായും പ രിഹരിക്കാവുന്നതാണ്. ഈ പദ്ധതി പ്രാവർത്തികമായാൽ കോഴിക്കോട്-എറണാകുളം റൂട്ടിൽ 30 കി.മീറ്റർ ദൂരക്കുറവ് ഉണ്ടാവുന്നതാണ്. ഈ ഗൗരവം കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കാൻ അധികൃതർ ശ്രദ്ധിക്കുന്നില്ല.

2. പോത്തന്നൂർ ആർ.എസ്.നമ്പർ 2-ൽ ഭാരതപ്പുഴയോരത്തുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീം 1960-ൽ കമ്മീഷൻ ചെയ്ത് പ്രവർത്തനം തുടങ്ങിയതാണ്. തുടക്കത്തിൽ നാലഞ്ചുവർഷം 3 വിള നെൽകൃഷിക്കും മറ്റുകൃഷികൾക്കും ആവശ്യമായ വെള്ളം യഥേഷ്ടം ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ കുറെ വർഷങ്ങളായി ജനങ്ങളിൽ നിന്ന് ജലനികുതി പിരിക്കുകയല്ലാതെ കൃഷിക്കാർക്ക് ആവശ്യാർത്ഥം വെള്ളം പമ്പ് ചെയ്തു കൊടുക്കുന്നില്ല. ഇതിന് കാരണം പറയുന്നത് പമ്പ് ഹൗസിന്നടുത്ത് വെള്ളം ലഭ്യമല്ലെന്നുള്ളതാണ്. പുഴയുടെ ഒഴുക്ക് പമ്പ് ഹൗസിന്നടുത്തേക്ക് ആക്കുവാൻ ആവശ്യമായ സംവിധാനം ചെയ്യേണ്ടതാണ്. ഈ പ്രശ്നം ഒരു 'ചെക്ക്ഡാം' നിർമ്മിച്ച് പരിഹരിക്കാവുന്നതേയുള്ളൂ.

3. ബിയ്യം കായലിലെ ജലവിഭവം കാർഷികരംഗത്ത് ഉപയോഗപ്പെടുത്തുന്നതിനായി മാരംതോട് ചെറുകിട ജലസേചനപദ്ധതി എത്രയും വേഗം നടപ്പിലാക്കുക.

4. ബിയ്യംകെട്ടിനോട് ചേർന്ന് ഇപ്പോൾ വർഷാവർഷം ലക്ഷങ്ങൾ മുടക്കി മൺകെട്ട് നിർമ്മിച്ച് ഉപ്പുവെള്ളം കായലിലേക്ക് വരുന്നത് തടയുന്നുവെങ്കിലും അത് തീരെ ഫലപ്രദമാവുന്നില്ല. ഇതുകാരണം ഈ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി കായൽകൃഷി നശിക്കുകയും കുടിവെള്ളം ഉപ്പ് കലർന്നതാവുകയും ചെയ്യുന്നു. ഇതിനുള്ള ഒരു ശാശ്വതപരിഹാരമാർഗ്ഗം ഇപ്പോൾ കുണ്ടുകടവിലുള്ള പാലത്തിനോട് ചേർന്ന് റഗുലേറ്റർ നിർമ്മിക്കുക എന്നതാണ്. ഉപ്പുവെള്ളം കായലിലേക്ക് പ്രവേശിക്കുന്നത് നിയന്ത്രിക്കുവാനും ശുദ്ധജലം കടലിലേക്ക് പ്രവേശിക്കുന്നത് തടയുവാനും അപ്പോൾ കഴിയും. ഇപ്പോഴുള്ള ബിയ്യം കെട്ടിൽ നിന്നും സുമാർ 3 കിലോമീറ്റർ തെക്കുപടിഞ്ഞാറു മാറിയാണ് ഈ പാലം സ്ഥിതി ചെയ്യുന്നത്. ഇതൊരു ചെറിയ പദ്ധതിയാണെങ്കിലും ഇത് നടപ്പിലായാൽ ഈ പഞ്ചായത്തിലെ 3, 7, 8, 9 10 എന്നീ വാർഡുകളിലും മാറഞ്ചേരി പഞ്ചായത്തിലെ പലഭാഗങ്ങളിലും പുളിവെള്ളം കയറി കൃഷി നശിക്കുന്നത് തടയുവാനും ഉപ്പുരസമുള്ള കുടിവെള്ളം ശുദ്ധജലമായിത്തീരുവാനും സഹായിക്കും. കൂടാതെ ഈഴുവത്തിരുത്തി മാറഞ്ചേരി പഞ്ചായത്തുകളിലെ എല്ലാതരം കൃഷികൾക്കും ശുദ്ധജലം പമ്പു ചെയ്തു കൊടുക്കുവാനും കഴിയുന്നതാണ്. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഈ തടാകത്തിൽ വൻതോതിൽ ശുദ്ധജലമൽസ്യം വളർത്താവുന്നതുമാണ്.

## നിർദ്ദേശങ്ങൾ- നീർക്കെട്ടുപ്രശ്നങ്ങൾ

1. ഒന്നാം വാർഡിൽ ചട്ടുകപ്പുഴ ഭാഗത്തുള്ള നീർകെട്ട് ഒഴിവാക്കുവാൻ - പ്രസ്തുത ഭാഗത്തുള്ള വെള്ളം തോടു നിർമ്മിച്ച് മാരൻതോട്ടിലേക്ക് ഒഴുക്കി വിടുവാനുള്ള സംവിധാനമേർപ്പെടുത്തുക.
2. നെയ്തല്ലൂർ ഭാഗത്തുള്ള നീർക്കെട്ട് ഒഴിവാക്കുന്നതിന് ചെറുതോട് ഉപയോഗപ്രദമാക്കുക.
3. 4-ാം വാർഡിലെ നീർക്കെട്ട് ഒഴിവാക്കുന്നതിന് ചെറുവായ്ക്കര കോളനി മുതൽ എ ബി എ റഹ്മാന്റെ പീടികവഴി ബിയ്യം കായലിൽ അവസാനിക്കുന്ന തോട് സൈഡ് കെട്ടി വൃത്തി യാക്കുക.

മാമ്പറ്റപാടം മുതൽ ബിയ്യം കായൽ വരെയുള്ള തോട് വൃത്തിയാക്കുക. ചുങ്കത്ത്

പാടം മുതൽ എരിക്കാംപാടം വഴി ബിയ്യം കായലിൽ അവസാനിക്കുന്ന തോട് തെളിയിക്കുക യും തടയണകൾ നിർമ്മിച്ച് ശുദ്ധജലം സംര ക്ഷിക്കുകയും ചെയ്യുക.

4. 5-ാം വാർഡിൽ നീർക്കെട്ട് ഒഴിവാക്കുന്നതിന് ഒരു തോട് ഹൗസിങ്ങ്കോളനി വരെ നിർമ്മിച്ച് വെള്ളപ്പൊക്കം മൂലം കൃഷി നശിക്കുന്നത് തടയുക.

5. 6-ാം വാർഡിൽ നീർവാർച്ചക്ക് വേണ്ടി വള്ളിക്കാട്ട് നാരായണന്റെ കിഴക്കുഭാഗത്തുള്ള തോടിനോട് ചേർന്ന് പടിഞ്ഞാറുഭാഗത്തുകൂടി തെക്കോട്ടു വെട്ടി ഈഴുവത്തിരുത്തി ഹൗസിങ്ങ് കോളനിയുടെ അടുത്തുള്ള തോടിനോട് ചേർക്കുക. തോടിന് 6 അടി വീതി ഉണ്ടായിരിക്കണം.

6. 6-ാം വാർഡിൽ നിർദ്ദേശിച്ച തോട് 7-ാം വാർഡിൽ കൂടി നീലം തോടിനോട് ചേർക്കുക.

7. ചമ്രവട്ടം ജംഗ്ഷന്റെ വടക്കുഭാഗത്തുനിന്ന് പുറപ്പെട്ട് പുത്തിലത്ത് പാടംവഴി ഓവുപാലം കടന്ന് തെക്കോട്ടൊഴുകി നീലംതോടിൽ ചേരുന്ന തോട് ശരിയാക്കുക.

8. 7-ാം വാർഡിൽ അകമ്പള്ളിപ്പടി നിലത്ത് കുണ്ടുകടവ് ജംഗ്ഷന് വടക്കുഭാഗത്തുനിന്നും തുടങ്ങി കിഴക്കോട്ടൊഴുകി ഐഎസ്എസ് സ്കൂളിന്റെ വടക്കുഭാഗത്തുകൂടി ഓവുപാലം വഴി എരുക്കാംപാടം വഴി കല്ലിക്കടതോടിൽ ചേരുന്ന തോട് ശരിയാക്കുക.

9. ചോറ്റുകുളം നിലത്തുനിന്നു തുടങ്ങി വടക്കോട്ടൊഴുകി കരിമ്പനക്കുളം വഴി കുട്ടാടിലേക്കൊഴുകുന്ന തോട് ശരിയാക്കുക.

10. 8-ാം വാർഡിൽ കുണ്ടുകടവ് റോഡിന്റെ കിഴക്കും പടിഞ്ഞാറും ഭാഗത്തുള്ള പുറമ്പോക്കുതോടുകളിലും വയലിലും വീട്ടുമുറ്റത്തും കെട്ടിനില്ക്കുന്ന വെള്ളം മുക്കട്ടക്കൽ പാലത്തിന്നടുത്തുള്ള പുഴയിലേക്ക് ഒഴുകുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്യുക.

11. 10-ാം വാർഡിൽ വളവ്- കൊല്ലൻപടി റോഡിന്റെ പടിഞ്ഞാറു വശത്തു കെട്ടിനില്ക്കുന്ന വെള്ളം തോടു നിർമ്മിച്ചു കാഞ്ഞിരമുക്ക് പുഴയിലേക്ക് ഒഴിച്ചു വിടുക മുക്കട്ടക്കൽ പുതിയ പഞ്ചായത്ത് റോഡ് ഭാഗത്തുള്ള വെള്ളം ഒഴിവാക്കുവാൻ റോഡിനു കുറുകെ കൾവർട്ട് പണിയുക.

12. 2-ാം വാർഡിൽ കരിങ്കിടാവിൽ തോടു മുതൽ പുക്കയിൽ പാടം വഴി ചെറുതോടിലേക്ക് തോടു നിർമ്മിക്കുക.

### ഉപ്പുവെള്ളനിരോധിതഷട്ടറുകൾ

1. 4-ാം വാർഡിൽ പുഴശ്ശേരി ഗോപാലൻ പൂശാലിയുടെ വീട്ടിന്റെ അടുത്ത് സ്ഥിരം ചീർപ്പ് നിർമ്മിക്കുക.

2. 9-ാം വാർഡിൽ അടാട്ട് തോട്, മുല്ലപ്പള്ളി തോട്, വലിയ പാടം തോട് എന്നിവയിൽ ചീർപ്പുകൾ കെട്ടുക.

3. ഉണിക്കാട്ട് കറപ്പായിയുടെ വീട്ടിനടുത്തുള്ള തോട്ടിൽ കേടുവന്ന പാലം ശരിയാക്കി സ്ഥി രം ചീർപ്പ് നിർമ്മിക്കുക.

4. പാലാട്ടു പറമ്പിന്റെ അടുത്തുള്ള തോടിലെ ചീർപ്പ് ശരിയാക്കുക.

5. 8-ാം വാർഡിൽ നീലം തോട്ടിൽ മുക്കൂട്ടക്കൽ പാലത്തിനടുത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ സ്റ്റിയറിങ്ങ് ടൈപ്പ് ഷട്ടർ സ്ഥാപിക്കുക. തോടിന്നിരുവശവും കരിങ്കല്ലുകൊണ്ട് കെട്ടി ഭദ്രമാക്കുക.

6. 12-ാം വാർഡിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാനും അമിതജലം ആവശ്യാ നുസ രണം തുറന്നു വിടാനും 4 ചീർപ്പുഷട്ടറു കൾ സ്ഥാപിക്കുക.

7. 10-ാം വാർഡിൽ ഒലിൽമ തോടിന് ഷട്ടർ സ്ഥാപിക്കുക

### മറ്റു പൊതുനിർദ്ദേശങ്ങൾ

1. പോത്തന്നൂർ ആർ.എസ്.നമ്പർ.2-ലുള്ള ഇറിഗേഷൻ സ്കീമിലെ മെയിൻ കനാലിന്റെ 9-ാം സ്പൗട്ടിൽ നിന്ന് കിഴക്കോട്ട് പോത്തന്നൂർ തോടു വരേയും കനാലിന്റെ തെക്കേ അറ്റത്തു നിന്ന് നെയ്തല്ലൂർ വരെയും മറ്റൊന്നു ചട്ടുക പ്പുഴവരെയും സബ് കനാൽ നിർമ്മിക്കുക.

2. 2-ാം വാർഡിൽ പുരാതനമായി 'തടം' നിലത്ത് ഉണ്ടായിരുന്ന തോടുകളും മറ്റും പുനർനിർമ്മിക്കുക.

3. 3-ാം വാർഡിൽ വരൾച്ച സമയത്ത് കൃഷി ഉണങ്ങാതിരിക്കാൻ ചെറുതോട്ടിൽ ചീർപ്പു

കൾ നിർമ്മിക്കുക. ചെറുവായ്ക്കര പൂക്കയിൽപാടം ഭാഗത്ത്മാരായംതോട്ഇറിഗേഷൻ കനാൽ ആക്കി മാറ്റുക.

4. 12-ാം വാർഡിൽ പടിപ്പുരയ്ക്കൽ വീടിന്നു തെക്കുവശത്തായി ഏകദേശം 750 മീറ്റർ ദൂരം ഡ്രൈനേജ് നിർമ്മിക്കുക.

5. 1-ാം വാർഡിൽ മെയിൻ കനാലിൻെറ കിഴക്കുഭാഗം കനാലിനോട് ചേർന്നു റോഡ് നിർമ്മിക്കുക.

6. വേനൽ കാലത്തു (ഡിസംബർ മുതൽ മെയ് വരെ) മൂന്നാം വിളയായി നെല്ലു കൃഷി ചെയ്യാത്ത പാടങ്ങളിൽ പച്ചക്കറി, എള്ള്, പയറ്, കപ്പ എന്നീ കൃഷികൾ നടത്തുവാൻ ആവശ്യമായ വിത്തും വളവും ഈ കൃഷി നടത്തുവാൻ സൗകര്യമുള്ള കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുക.

7. ഇടവിളയായി തെങ്ങിൻതോട്ടങ്ങളിൽ കവുങ്ങുകൃഷി ചെയ്യുവാൻ താല്പര്യമുള്ള കൃഷിക്കാർക്ക് സൗജന്യമായി കവുങ്ങിൻ തൈകൾ വിതരണം ചെയ്യുക.

8. ഇപ്പോഴുള്ള ഗ്രൂപ്പ്ഫാമിങ്ങ്സഹകരണസംഘങ്ങൾ കാര്യക്ഷമമാക്കി ആവശ്യമായ സാമ്പത്തിക സഹായം നല്കി ട്രാക്ടർ മുതലായ കൃഷി ഉപകരണങ്ങൾ സജന്യമായോ സബ്സിഡി നിരക്കിലോ നല്കുക.

9. കാർഷികോല്പന്നങ്ങൾക്ക് ന്യായവില കിട്ടുവാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

10. നാളികേരത്തിന് ന്യായവില ലഭിക്കുവാൻ ഭക്ഷ്യഎണ്ണ ഇറക്കുമതി നയം, പാടേ ഉപേക്ഷിക്കുക, അതിനായി കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുക.

11. വിളവ് വർദ്ധിപ്പിക്കുവാൻ കൃഷി ഭൂമികളിലെ മണ്ണ് പരിശോധിച്ച് അതത് സ്ഥലങ്ങളിലെ മണ്ണിൻെറ ഘടന മനസ്സിലാക്കി അനുയോജ്യമായ രീതിയിൽ ജൈവരാസവളങ്ങൾ ഉപയോഗിക്കുവാൻ കർഷകർക്ക് നിർദ്ദേശം നല്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

12. 1, 5, 6 വാർഡുകളുടെ ഭാരതപ്പുഴയോരത്തെ പുരയിടങ്ങൾ പുഴയിലേക്ക് ഇടിഞ്ഞു പോകുന്നത്തടയുവാനും മണ്ണൊലിപ്പ്തടയുവാനും ആവശ്യമായ നിലയിൽ പുഴയോരം കരിങ്കല്ലു കൊണ്ടു കെട്ടി പുരയിടങ്ങളെ രക്ഷിക്കുക.

13. കടവനാട്ഭാഗത്ത്മണ്ണൊലിപ്പ്തടയുന്നതിൻെറ ഭാഗമായി ഗതാഗതയോഗ്യമായ മുഴുവൻ തോടുകളുടേയും ഇരുകരകളും കരിങ്കല്ലു കൊണ്ടു കെട്ടി ഭദ്രമാക്കുക.

14. 6-ാം വാർഡിൽ പുഞ്ചകൃഷിയുടെ ആവശ്യാർത്ഥം ഹൗസിങ്ങ് കോളനിക്ക് പുറത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

15. തെങ്ങുകൃഷിക്കും നെൽകൃഷിക്കും വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. വൈദ്യുതി ചാർജ് സൗജന്യമാക്കുക.

16. അങ്ങാടിപ്പശുക്കൾ പകലും രാത്രികാലങ്ങളിൽ പ്രത്യേകിച്ചും കൃഷിനിലങ്ങളിൽ കൂട്ടമായി ഇറങ്ങി വിള നശിപ്പിക്കുന്നു. ഇത് ഇല്ലായ്മ ചെയ്യാൻ ആവശ്യമായത് ചെയ്യണം. ഈ ഉപദ്രവം കാരണം പല കൃഷിക്കാരും നിലം തരിശിടാൻ കാരണമായിട്ടുണ്ട്.

17. നബാഡിൻെറ നിലവിലുള്ള 30 സെൻറ് എന്ന നിബന്ധന എടുത്തുകളഞ്ഞ് എല്ലാ തെങ്ങുകൃഷിക്കാർക്കും സഹായം ലഭ്യമാക്കുമാറ് ഉദാരമാക്കുക.

18. നെല്ല്, തെങ്ങ്, നേന്ത്രവാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സബ്സിഡി യോടുകൂടിയ വായ്പാ സൗകര്യം ഉദാരമാക്കുക.

19. നടീൽ വസ്തുക്കൾ, പൂച്ചെടികൾ, പച്ചക്കറിവിത്തുകൾ മുതലായവ ലഭിക്കുവാൻ പഞ്ചായത്തുതലത്തിൽ ഒരു നഴ്സറി തുടങ്ങുക.

20. വൈദ്യുതികണക്ഷൻ കിട്ടാത്തവർക്ക് പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുവാൻ മണ്ണെണ്ണ, ഡീസൽ എന്നിവ റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

21. കൃഷിഭവൻ വഴി കൃഷിക്കാർക്ക് നല്ലയിനം നെൽവിത്ത്കുറഞ്ഞ വിലക്ക് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

22. കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക. കൃഷിഭവൻെറ ആസ്ഥാനം കഴിയുന്നതും പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തായി സ്ഥാപിക്കുക.

23. കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, ഓലചീയൽ എന്നിവ തടയുന്നതിന് കൃഷിഭവനുകളിലൂടെ തുരിശ്, കുമ്മായം എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

# 5 - 2
# മൃഗസംരക്ഷണവും മൽസ്യബന്ധനവും

## മൃഗസംരക്ഷണം

ഈഴുവത്തിരുത്തി പഞ്ചായത്തിൽ രണ്ടുമൂന്ന് ദശാബ്ദങ്ങൾക്ക്മുമ്പ് കൃഷിയോടൊപ്പം കന്നുകാലി വളർത്തൽ ഒരുപ്രധാനഘടകമായിരുന്നു. .പാൽഉൽപാദനത്തിന്നും, നിലം ഉഴുതുന്നതിന്നും വണ്ടിവലിക്കുന്നും കാലിവളർത്തൽ ഒരു പ്രധാന ആവശ്യവും തൊഴിലുമാക്കി ഉപജീവിതം കഴിച്ചിരുന്നവരായിരുന്നു. ഇന്നത്തെപ്പോലെ വേലികളോ , മതിലുകളോ ഇല്ലാത്ത വിശാലവും വിജനവുമായ പാടങ്ങളിലും പുഴയോരങ്ങളിലുമായിരുന്നുകാലികളെമേച്ചിരുന്നത്. തീറ്റക്കാവശ്യവായ പുല്ല് യഥേഷ്ടം അവിടങ്ങളിൽ ലഭ്യ മായിരുന്നു. സാമ്പത്തിക ശേഷിയുള്ളവരും ജന്മികളുമായിരുന്നു അന്നത്തെ സമ്പന്നർ തങ്ങളുടെ കുടിയാന്മാർക്കും, മറ്റു പാവപ്പെട്ടവർക്കും തങ്ങളുടെ പശുക്കളെ തുച്ഛമായ ഒരു വില നിശ്ചയിച്ചു സംരക്ഷിച്ചു വളർത്താൻ ''മക്കപാതിക്ക്'' നല്കുകയും പശുക്കൾ പ്രസവി ച്ചാൽ വിണ്ടുമൊരുവില നിശ്ചയിച്ചു 3ൽ 2ഭാഗം പാവപ്പെട്ടവർക്കും 1ഭാഗം സമ്പന്നർക്കും നിശ്ചയിച്ചു ആദ്യ വില കിഴിച്ച്ബാക്കി സംഖ്യ നല്കി പശുവിനേയും കുട്ടിയേയും തിരിച്ചുമേടിച്ച് പററുന്നതുവരെ കറന്നെടുക്കുകയും കറവ് വററിയാൽ മുമ്പ് പറഞ്ഞത് പോലെ തിരിച്ചു വളർത്താൻ കൊടുക്കുകയും ചെയ്തിരുന്ന ഒരു പഴയ സമ്പ്രദായം നിലനിന്നിരുന്നു.

വൻതോതിലുള്ള മണലെടുപ്പും കൃഷി ഭൂമികൾ തുണ്ടംതുണ്ടമായതും, കൃഷി ഭൂമികൾ നികത്തിപറമ്പും പുരയിടങ്ങളുമാക്കിയതു കാരണം മേച്ചിൽസ്ഥലങ്ങൾ ഇല്ലാതായി. ജന്മിത്വം അവസാനിക്കുകയും കുടികിടപവകാശനിയമം വന്നതോടെ വലിയ കൃഷിപ്ലോട്ടുകൾ ഇല്ലാതാവുകയും കൃഷി മേഖലയ്ക്ക് തകർച്ച സംഭവിക്കുകയും ചെയതു. കൃഷിപ്രവർത്തനങ്ങൾക്ക് ട്രാക്ക്ടറുകളും മററു ആധുനിക സംവിധാനങ്ങളുമായതോടെ ഉഴവ് കാള ,പോത്ത് എന്നീ മൃഗങ്ങളുടെയും നാടൻകലപ്പകളുടെയും ഉപയോഗം ഗണ്യമായികുറഞ്ഞു. പല സ്ഥലങ്ങളിലേക്കും വേണ്ടത്ര റോഡുകളും പാടങ്ങളും വന്നതോടെ കാളവണ്ടികളുടെ ഉപയോഗം കുറഞ്ഞു. പഞ്ചായത്തിൽ ധാരാളം മലബാറി ആടിനങ്ങളും മേത്തരം കോഴിയിന ങ്ങളുമുണ്ടാ യിരുന്നു. മലബാറിയിനം ആടുകളുടെ വംശനാശം വന്നിരിക്കയാണ് ഇന്നു പഞ്ചായത്തിൽ പഴയ ആ കാലഘട്ടത്തിലുണ്ടായി രുന്ന കാള, പോത്ത്, എരുമ, ആട് എന്നീ മൃഗങ്ങളുടെ എണ്ണം ഇന്ന് ഗണ്യമായി കുറ ഞ്ഞിരിക്കുകയാണ്.

1987ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 630 നാടൻ പശുക്കളും 271 സങ്കരയിനം പശുക്കളും 20എരുമകളും 4778 മററു മൃഗങ്ങളുമുണ്ടായിരുന്നുഎന്നുകണക്കുകൾ സൂ ചി പ്പിക്കു ന്നു .

പഞ്ചായത്തിലെ 12വാർഡുകളിലും മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഒന്നുരണ്ടു ദശാബ്ദങ്ങൾക്കിടയിൽ പ്രശംസനീയമായ വികസനങ്ങളും മാററങ്ങളുമുണ്ടായിട്ടുണ്ട്. ഏററവും പ്രധാനപ്പെട്ടമാററം അത്യുൽപാദനശേഷിയുള്ള ഇനങ്ങളായ സുനന്ദിനി, ഹോൾസ്ററിൻ, ഫ്രിഷ്യൻ, ബ്രൌൺസ്വീസ് ജനുസ്സുകളുടെ വർദ്ധനവും നാടൻ ഇനങ്ങളുടെ ഗണ്യമായ കുറവുകളുമാണ്. ഇത്സഹിതംനല്കുന്ന പട്ടികയിൽനിന്ന്ഈ മാററം കാണാവുന്നതാണ്. നാടൻ പാലുൽപാദനം 30% വർദ്ധിച്ചപ്പോൾ അത്യുൽ

പാദനശേഷിയുള്ള പശുക്കളുടേത് 80%മായി ഉയർന്നു. മൃഗസംരക്ഷണവകുപ്പും, കൃഷിവികസനവകുപ്പും മിൽമ യും, കെ.എൽ.ഡി ബോർഡും വെററിനറികോളേജിൻെറയും കൂട്ടായ പ്രവർത്തനഫലമായിട്ടുള്ള നേട്ടങ്ങളാണിവ.

1961 മുതൽ സിന്ധിവിത്തുകാളകള്ളുടെ ബീജവും പത്തുവർഷങ്ങൾക്കു ശേഷം 1995 വരെ ബൗൺസ്വീസ്സ് ജനുസ്സിൻെറ ബീജമുപയോഗിച്ചുകൊണ്ടുള്ള പ്രജനനവുമായിരുന്നു പഞ്ചായത്തിൽ നടന്നു വന്നിരുന്നത്. ഒരു കറവുകാലത്ത് 25000 കിലോഗ്രം പാൽ എന്ന ലക്ഷ്യത്തോടെയുള്ള വ്യക്തവും തീവ്രവുമായ പ്രജനന പരിപാടിയോടുകൂടിയുള്ള പ്രവർത്തങ്ങളാണ് നടന്നി രുന്ന ത്.

ഇന്ന് 35000 കിലോഗ്രം പാലുൽപാദനശേഷിയുള്ള പശുക്കൾക്കണ്ടായ ഹോൾസ്ററിൻ സങ്കരവർഗ്ഗവിത്തു കാളകള്ളുടെ ഉപയോഗമാണ് നമുക്കാവശ്യം.

കഴിഞ്ഞ 2 ദശാബ്ദക്കാലങ്ങളിൽ മൃഗസംരക്ഷണരംഗത്ത് പാലുൽപാദനത്തിലും ഉപഭോഗത്തിലും ഗണ്യമായ വളർച്ച കൈവന്നിട്ടുണ്ടെങ്കിലും സമഗ്രമായ ആസൂത്രണത്തിലൂടെ മുട്ട, മാംസ ഉൽപാദനമേഖലയിലും വിപ്ലവകരമായ വികസനപരിവർത്തനം ഉണ്ടാകേണ്ടതുണ്ട്.

കാലിത്തീററ ഉൽപാദനരംഗത്ത് നിലവിലുള്ള സ്ഥാപിതതാൽപര്യക്കാരിൽനിന്നും കർഷകരെ രക്ഷിക്കാൻ ഉൽപാദനത്തിലും വിതരണത്തിലും സർക്കാരിൻെറ പങ്കില്ലായ്മയാണ് പഞ്ചായത്തിൽ മൃഗസംരക്ഷണമേഖലയിലെ പ്രധാന ന്യൂനത. നമ്മുടെ സമ്പത്ഘടനയുടെ വളർ ച്ചയിൽ പ്രധാന പങ്കുവഹിക്കുന്നമേഖലയാണ് മൃഗസംരക്ഷണം. അത്കൊണ്ടു ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ പദ്ധതികൾ ആവി ഷ്കരിക്കുമ്പോൾ ഈ മേഖലക്ക് അർഹിക്കുന്ന പ്രധാന്യം നല്കണം.

പുല്ലിൻെറയും വൈയ്ക്കോലിൻെറയും അപര്യാപ്തത യാതൊരു സംവിധാനവുമില്ലാത്ത പാൽസംഭരണം, വിപണനം, സംസ്കരണം, പാൽസഹകരണസംഘത്തിൻെറ അഭാവം, അത്യുല്പാദനശേഷിയുള്ള പശുക്കളെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് ബാങ്കുകളും മററു ധനകാര്യ സ്ഥാപനങ്ങളും കാണിക്കുന്ന അലംഭാവം, വർദ്ധിച്ചുവരുന്ന സംരക്ഷണച്ചിലവ്, തീററ പുൽകൃഷി ചെയ്യുന്നതിലുള്ള വിരസത മുതലായ പ്രശ്നങ്ങൾ കാരണം പഞ്ചായത്തിൽ കാലി സമ്പത്ത് കുറഞ്ഞു വരികയാണ്.

ഈ പ്രശ്നങ്ങൾക്ക് പഞ്ചായത്തിൽ പരിഹാരമുണ്ടാക്കുന്നതിന് മൃഗസംരക്ഷണമേഖലയിൽ വിവിധതലത്തിൽക്ഷേമങ്ങളും പരിഷ്കാരങ്ങളും ഉണ്ടാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

1)നിലവിലുള്ള പലസ്കീമുകളിലൂടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനി കുടുംബങ്ങൾ ക്ക് സൗജന്യമായിനല്കിവരുന്നഅത്യുത്പാദനശേഷിയുള്ള പശു, ആട്. കോഴി മുതലായവഅവർക്ക് നല്കുന്നതോടൊപ്പം പഞ്ചായത്തിലെ ഓരോ വാർഡിലും ദാരിദ്രരേഖക്ക്താഴെയുള്ള കുടുംബങ്ങളെ തിരഞ്ഞെടുത്ത് ഓരോ വാർഡിലും 5പേർക്ക് ഓരോ പശുക്കളേയും 10 പേർക്ക് രണ്ടു ആടുകളേയും 20 പേർക്ക് 5 കോഴികളേയും സൗജന്യമായി നല്ക്കുക.

2)പഞ്ചായത്തിലെഓരോവാർഡിലുമുള്ള സാമ്പത്തിക ശേഷികുറഞ്ഞവരെ തിരഞ്ഞെ ടുത്ത് 10പേർക്ക് ഒന്നോ രണ്ടോ പശുക്കളേയും 2ആടുകളേയും 20 പേർക്ക് 5 കോഴികളേയും15 പേർക്ക് 50% സബ്സിഡിനിരക്കിൽ നല്കുക.

3) പഞ്ചായത്തിലെ സാമ്പത്തിക ശേഷിയുള്ളവരും താല്പര്യമുള്ളവരുമായവരെ തിരഞ്ഞെടുത്ത് ഓരോവാർഡിലും ഒരാൾക്ക്5പശുക്കളേയും, മറെറാരാൾക്ക്10ആടുകളേയും, വേറെയൊരാൾക്ക് 100 മുട്ടകോഴികളെ യും ഇനിയുമൊരാൾക്ക് 100 ഇറച്ചികോഴികളെയും 25% സബ്സിഡി നിരക്കിൽ നല്കി പഞ്ചായത്തിലെ കാലിസമ്പത്തിൻെറ സംബുഷ്ടി വർദ്ധിപ്പിക്കുകയും, പാലുൽപാദനവും മുട്ട ഉൽപാദനവും, വിപണനവും, ലഭ്യതയും, ഉയർ ത്തു ക.

4)പാൽസംഭരണം, വിപണനം,സംസ്കരണ സംവിധാനത്തിന് പാൽ സഹകരണ സംഘങ്ങൾ രൂപികരിക്കുന്നതിനായി 1.2.3.5 എന്നീ വാർഡുകളും 4.6.7.8 എന്നിവാർഡുകളും, 9.10. 11.12.എന്നിവാർഡുകളും പരസ്പരം കൂട്ടിച്ചേർന്ന് പ്രവർത്തിക്കത്തക്കവിധം3പാൽസഹകരണസംഘങ്ങൾ രൂപീകരിച്ചു രജിസ്ററർ ചെയ്തു ഉടൻ പ്രവർത്തനമാരംഭിക്കുക ഈസംഘങ്ങൾ ഒന്ന് ഈശ്വരമംഗലത്തും,ഒന്ന് പഞ്ചായത്ത് ഓഫിസ് പരിസരത്തും മറെറാന്ന് കൊല്ലൻെറ പടിയിലും ആവേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഈസഹകരണസംഘങ്ങളിലൂടെമിൽമയുടെകാലിതീററ മേടിച്ച് മിതമായ വിലക്ക് കർഷകർക്ക് നൽകുകയും പുൽകൃഷിക്ക് സംവിധാനം ഉണ്ടാക്കികൊടുക്കുകയുംവൈക്കോൽസംഭരണം നടത്തി വൈക്കോൽ ക്ഷാമം പരിഹരി ക്കുകയും, പാൽ സംഭരിച്ചു വിപണനം നടത്തു കയും പാൽ സംസ്കരണ യൂണിററിൻെറ പ്രവർ ത്തനം നടത്തുകയും വേണം.

മൃഗസംരക്ഷണവകുപ്പിലൂടേയും ഡയറി ഡെവലപ്പ്വകുപ്പിലൂടെയും നടപ്പിലാക്കുന്ന താഴെയുള്ള പദ്ധതികളുടെ പ്രയോജനം ഈ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും. ലഭ്യമാക്കേണ്ടതാണ്.

1. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി : സങ്കരയിനത്തിൽ ജനിക്കുന്ന പശുക്കൾക്ക് പരിചരണം നല്കി പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകൾ കുറക്കുകയും ആദ്യപ്രസവം 30... മാസത്തിൽ സാദ്ധ്യമാക്കുകയും ഇൻഷുറൻസ് പരിരക്ഷ നല്കുകയും ചെയ്യുന്നത്.

2.കന്നുകാലി വികസനത്തിനുള്ള മൃസംരക്ഷണസേവനങ്ങൾ:- പഞ്ചായത്തിലെ ഏററവും വടക്കെ അററത്ത് പ്രവർത്തിക്കുന്ന വെറ്റിനറി പോളിക്ളിനിക്കിലൂടെ ലഭിക്കുന്ന സേവനങ്ങൾ പഞ്ചായത്തിലെ മിക്ക വാർഡു കളിലേയും കാലിവളർത്തുകാരുടെ ആവശ്യങ്ങൾ നിറവേററുന്നില്ല.പഞ്ചായത്ത്ഓഫീസിൽ പ്രവർത്തിച്ചിരുന്ന സി ഐ എ യൂണിററിൻെറ പ്രവർത്തനം ഇല്ലാതാക്കിയതുമൂലം ആ പ്രദേശങ്ങളിലുള്ള കന്നുകാലിസംരക്ഷണത്തിനും ബീജസങ്കലനത്തിനും ഒരു വെററിനറി സബ് സെൻറർ ഉടൻ പ്രവർത്തനക്ഷമമാക്കുക, പോളിക്ലിനിക്കിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന വണ്ടി, റിപ്പയർ ചെയ്തു പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ക്ലീനിക്കിൻെറ പ്രവർത്തനം ലഭ്യമാക്കാൻ അതൊരു മൊബൈൽ യൂണിററാക്കി വിപുലപ്പെടുത്തുക. പഞ്ചായത്തിലെ വിവിധസ്ഥലങ്ങളിലുള്ളവർക്ക് പെട്ടെന്ന് ക്ലിനിക്കിൻെറ സേവനം ലഭ്യമാക്കാൻ ക്ലിനിക്കിൽ ടെലഫോൺ സംവിധാനം ഏർപ്പെടുത്തുക.പോളിക്ലിനിക്കിലൂടെ നടത്തിവരുന്ന ബീജസങ്കലനപരിപാടികളും, പ്രതിരോധകുത്തിവെപ്പുപരിപാടികളുംവന്ധ്യതാ നിവാരണം പേവിഷബാധനിയന്ത്രണവും നിർമ്മാജനവും മററു വിവിധ പ്രവർത്തനങ്ങൾ നാട്ടുകാരുടെ ബോധവൽക്കരണത്തിനായി റേഡിയോ ടെലിവിഷൻ, മററു പ്രചരണങ്ങൾ വഴി പ്രചരിപ്പിക്കുക. മാസത്തിലൊരിക്കൽ ഓരോ വാർഡിലും കന്നുകാലി കർഷകരുടെ സെമിനാറുകളും, വന്ധ്യതാ നിവാരണ ക്യാമ്പുകളും കൊല്ലത്തിലൊരിക്കൽ ഓരോ വാർഡിലും കന്നുകാലി പ്രദർശനവും സംഘടിപ്പിക്കുക. പോളിക്ലിനിക്കിൽ പശു, എരുമ, ആട് മുതലായമൃഗങ്ങൾക്കുണ്ടാകുന്ന അകിടുവീക്കരോഗത്തിന്നുള്ള എല്ലാ മരുന്നുകളും ലഭ്യമാക്കുക. ആവശ്യമായ മരുന്നുകൾ പഞ്ചായത്ത് ജനകീയ കമ്മിററികൾ മുഖേന ബന്ധപ്പെട്ട വെറ്ററിനറി സർജ്ജൻെറനിർദ്ദേശപ്രകാരംവാങ്ങി സൂക്ഷിക്കുക. സൗജന്യമായും അല്ലാതെയും നല്കുന്ന ആട്, പശു, കോഴി എന്നിവകളെ ജനകീയ കമ്മിററികളിലൂടെ മേടിച്ചു വിതരണം ചെയ്യുക. ആഡംബരത്തിനു വളർത്തുന്ന പക്ഷി മൃഗങ്ങളുടെ ചികിൽസാഫീസ് 1 രൂപയിൽ നിന്ന് 5രൂപയാക്കുക.

3)കാലിവസന്ത നിർമ്മാർജനത്തിനും കാലി രോഗനിയന്ത്രണത്തിനും പേവിഷബാധാനിയന്ത്രണ ത്തിന്നുമുള്ള പദ്ധതികൾ പഞ്ചായത്തിൽ നടപ്പിൽ വരുത്തുക.

4) ആട്വളർത്തൽ പദ്ധതി:- വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ജമുനാചാരി, മലബാരി മുതലായ അത്യുത്പാദനശേഷിയുള്ള ആടുകളുടെ ലഭ്യത ഉയർത്തുന്നതിന് വേണ്ടത്ര പ്ലാവിലകളും പുല്ലും ലഭ്യമാകുന്ന സ്ഥലങ്ങളിൽ വേണ്ടത്ര പെണ്ണാടുകളേയും പ്രജനനത്തിന് വേണ്ടി മുട്ടനാടുകളേയും വളർത്തുന്ന യൂണിററുകൾ സ്ഥാപിച്ചു വംശ വർദ്ധന ഉയർത്തി പഞ്ചായത്തിൽ ആട് മാംസത്തിൻെറ വില കുറക്കുന്നതിനും, ആട്ടിൻ പാൽ ലഭ്യത ഉയർത്തുകയും ചെയ്യണം.

5) കോഴി, താറാവ് കൃഷിവികസനത്തിന് നല്ലയിനം കോഴികുഞ്ഞുങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഒരു ദിവസം പ്രായമായ 500 കോഴി കുഞ്ഞുങ്ങളെ 2 മാസം വരെ വളർത്തി പൊതു ജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുന്ന വിധം പഞ്ചായത്തിൽ ഒരു ''എഗ്ഗർ നേഴ്സറി'' പദ്ധതിക്ക് ഒരു ഹാച്ചറി യൂണിററ് സ്ഥാപിക്കുക.

പഞ്ചായത്തിൽ ജലലഭ്യതയുള്ള സ്ഥലങ്ങളിൽ കുളം, തോട്, കായൽ, കൃഷിക്ക് യോഗ്യമല്ലാത്ത സ്ഥലങ്ങൾ എന്നിവകളിൽ താറാവ് വളർത്തുന്നതിന്3 താറാവുകളെ നൽകി താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.

6) ഇറച്ചി കോഴി വളർത്തുന്നതിന് പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ചു സാമൂഹികക്ഷേമവകുപ്പിൻെറ ഗ്രാമീണ വനിതാ ശിശു വികസന പദ്ധതിയൽനിന്ന് ലഭിക്കുന്ന ധനസഹായമുപയോഗിച്ചുകൊണ്ട് ഗ്രാമീണ വനിതകൾക്കുള്ള ഇറച്ചിക്കോഴി യൂണിററുകൾ ആരംഭിച്ചു2 ആഴ്ച്ചയിലൊരിക്കൽ 250 ഇറച്ചി കോഴികളെ വിൽക്കുന്ന ലാഭകരമായ പദ്ധതി നട പ്പിൽ വരുത്തണം. സർക്കാർ ഫാമുകളിൽ നിന്നും സ്വാകാര്യഹാച്ചറികളിൽനിന്നും കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം. ഇതു മൂലം വൻതോതിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഇറച്ചി കോഴികളുടെ എണ്ണം ഗണ്യമായി കുറക്കാവുന്നതാണ്.

7) കാലിതീററ, കോഴിതീററ, മരുന്ന്, വാക്സിനുകൾ മുതലായവകൾ കർഷകർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കാൻ ന്യായവില സ്റ്റോറുകൾ

പഞ്ചായത്തിൽ തുറന്നു പ്രവർത്തിക്കണം.

പാലുൽപാദനവും മുട്ട ഉൽപാദനവും ഉപഭോഗവുംവർദ്ധിപ്പിക്കുന്നതിന്ന് വീട്ടമ്മ മാരുടെയുംവിദ്യാർത്ഥികളുടെയുംഒഴിവുകാലസമയം ഫലപ്രദമായി വിനി യോഗി ക്കുന്നതിനും കർഷകരെയും കർഷകതൊഴിലാളികളെയും ഉപ,മുഖ്യതൊഴിലെന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നതിനും ചില നിർദ്ദേശങ്ങൾ :-

1) പകുതി ബാങ്കുവായ്പയും, നാലിലൊന്ന് സബ്സിഡിയും ബാക്കി ഗുണഭോക്താവിൻെറ വിഹിതവും ഉപയോഗിച്ചുകൊണ്ടു 3 പശുക്കളടങ്ങുന്ന ഒരു മിനി ഡയറി യൂണിററ് പഞ്ചായത്തിൽ എല്ലാവാർഡുകളിലും രൂപീക്കരിക്കണം.

2)ഗ്രാമവികസനവകുപ്പുമായിബന്ധപ്പെട്ട് ഡി.ഡബ്ളിയൂ. ആർ. സി .എ ധനസഹായം ലഭ്യമാക്കികൊണ്ട് 15 വനിതകളടങ്ങുന്ന ഒരു സംഘം ചാരിററബിൾ ആക്ട് പ്രകാരം റജിസ്ററർ ചെയതുധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെടുന്ന സ്ഥലങ്ങളിൽ വേണ്ടത്ര വനിതാ ഗുണഭോക്താകൾക്കുള്ള പശുവളർത്തൽ യൂണിററ് പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് രൂപവൽക്കരിക്കുക.

3) 900 രൂപ യിൽ കവിയാത്ത കാർഷികേതര വരുമാനമുള്ള ഗുണഭോക്താകളെ തെരഞ്ഞെടുത്ത് സങ്കരയിനം കിടാരികളുടെ ഗർഭകാല സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് 50% സബ്സിഡിയോടുകൂടിയുള്ള കാലിതീററ വിതരണം ചെയ്യുന്ന കീടാരി വളർത്തൽ യൂണിററ് പഞ്ചായത്തിലെ എല്ലാ വാർഡുക ളി ലും നിലനിർത്തുക.

4) രണ്ടുമൂന്നു മാസം പ്രായമായ 5 കാളക്കുട്ടികളെ 12മാസം ശാസ്ത്രീയമായി പരീക്ഷിച്ചു മാംസത്തിന് വേണ്ടി ഉപയോഗിക്കുന്ന പദ്ധതി പഞ്ചായത്തി ൽ നടപ്പിൽ വരുത്തിയാൽ ആസ്തിയാർന്ന ഇൻഷൂ റൻസ് പരിരക്ഷണം ലഭിക്കുന്നു. ഈ പ്രയോജനം പഞ്ചായത്തിൽ ലഭ്യമാക്കണം.

5)മൃഗ പരിപാലനത്തോടൊപ്പം, കൃഷി, മത്സ്യം വളർത്തൽ, കാലിവളർത്തൽ, കോഴി, താറാവു വളർത്തൽ ഇവ സമിശ്രമായി നടത്തി കൃഷിസ്ഥലം പൂർണ്ണമായി ഉപയോഗിക്കുന്ന സമ്മിശ്ര മൃഗപരിപാലനം ബോധവൽക്കരണത്തിലൂടെ നടപ്പിൽവരുത്തി കാർഷികവിളകൾക്കൊപ്പം 3 പശുക്കൾ 3 ആട്ടിൻക്കുട്ടികൾ, 6 1പന്നിക്കുട്ടി കൾ, 25 കോഴികൾ 10 താറാവുകൾ എന്നിവകളെ വളർത്തുകയും പുല്ല് കൃഷി ചെയ്യുകയും കോഴി കാഷ്ഠം പന്നിക്ക് തീററയായും പന്നികാഷ്ഠം കുളങ്ങളിലെ മത്സ്യങ്ങൾക്ക്ആഹാരമായും3ക്യുബിക്ക്മീററർ വലിപ്പമുള്ള ഗോബർ ഗ്യാസിൻെറ പ്രവർത്തനത്തിന്കാലിവളം ഉപയോഗപ്പെടുത്തുകയും അതിൻെറമട്ട്കാർഷിക വിളവുകൾക്കും പുൽകൃഷികൾക്കും ജൈവവളമായി ഉപയോഗിക്കുകയും ചെയ്യുന്ന പദ്ധതികൾ പഞ്ചാ യത്തിൽ എല്ലാ വാർഡുകളിലും നടപ്പി ൽവരുത്തുക

6)സഹകരണാടിസ്ഥാനത്തിൽ ചെറുകിട കാലിതീററ നിർമ്മാണ യൂണിററുകൾ സ്ഥാപിച്ചു പാൽസഹകരണസംഘങ്ങൾമുഖേന വിപണനം നടത്താനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തുക.

7)വീട്ടുവളപ്പുകളിലും 10 സെൻറിൽ കൂടുതൽ സ്ഥലങ്ങളുള്ള പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള5പേർക്കെങ്കിലും തീററപുല്ല് കൃഷി ചെയ്യാനുള്ള വളം, പുൽ വിത്ത്, സാമ്പത്തിക സഹായം എന്നിവകൾ നല്കി പുൽകൃഷി സംപു ഷ്ടമാക്കുക.

8)മാതൃകാ ഡയറിഫാം ഫാം യുണിററിന് ഡയറി ഡവ ലപ്പമെൻറ് നല്കുന്ന 50% സബ്സിഡി നല്കുന്ന സ്കീമിൻെറ പ്രയോജനം പഞ്ചായ ത്തിലുള്ള എല്ലാ ഡയറി ഫാം യൂ ണിററുകൾക്കും നൽകുകയുംഡയറിഫാംയൂണിററുകൾ രൂപി കരിക്കുകയും ചെയ്യുക.

9)ഡയറി ഡവലപ്പ്ഡിപ്പാർട്ടുമെൻറിൻെറ കീഴിൽകാലിഗോബർഗ്യാസ്പ്ലാൻെറുകൾക്കുള്ള ധന സഹായവും സാങ്കേതിക വിജ്ഞാനവും പഞ്ചായത്തിലെ എല്ലാ വാർഡുകളിലുള്ള കന്നുകാലി കൃഷിക്കർക്കും ലഭ്യമാക്കുക.

10)വിധവകൾക്ക് 2 പശുക്കളെയും സംരക്ഷണത്തിന്തൊഴുത്ത്നിർമ്മാണത്തിന്നും കൂടി 50% സബ്സിഡി നല്കുന്ന പദ്ധതി പഞ്ചായത്തിലെ വിധവകളുള്ളവാർഡുകളിൽനടപ്പിൽവരുത്തുക.

11) 25 സെൻറ് പുൽകൃഷി ചെയ്യാൻ 750 രൂപ സബ്സിഡി നല്കുന്ന ഡയറി വകുപ്പിലെ മാതൃകാ പുൽകൃഷി തോട്ടനിർമ്മാണത്തിന് പഞ്ചായത്തിൽ ആവശ്യമുള്ളവർക്ക് പദ്ധതി ഉപയോഗം ലഭ്യമാക്കുക.

12) എസ്.സി,എസ്.ടി ഫാമിലികൾക്ക് നല്കുന്നകാലിതീററസബസിഡിസ്കീംപഞ്ചായത്തിലെ സാധാരണക്കാരായ മററുള്ള വർക്കും പ്രയോജനംലഭ്യമാക്കുന്നതിന്ന്അതൊരു ജനറൽ പദ്ധതിയാക്കുക.

13)2000മാണ്ടോടെ പേവിഷനിയന്ത്രിതമായ ഒരു ജനത എന്ന ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്ത് അധികൃതർ സമയബന്ധിതമായ തീവ്രയത്നപരിപാടിയിലൂടെയുള്ള പേവിഷ നിയന്ത്രിത പദ്ധതിനടപ്പിൽ വരുത്തുക.

**സാദ്ധ്യതകൾ:-** 1)പഞ്ചായത്തിൽ ഈശ്വര

മംഗലത്തും പഞ്ചായത്ത് ഓഫീസ് പരിസരത്തും കൊല്ലംപടിയിലും ഓരോ പാൽ സഹകരണസംഘങ്ങൾ രൂപീകരിച്ചു റജിസ്ററർ ചെയ്തു പ്രവർത്തനം ഉടൻ സജ്ജമാക്കൽ.

2)പഞ്ചായത്തിലെ കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്നും മുട്ട ഉൽപാദനം വർദ്ധി പ്പിക്കുന്നതിന്നും എസ്.സി, എസ്.ടി കോളനി കുടുംബങ്ങൾക്ക് നല്കിവരുന്ന സൌജ ന്യ ആട്, കോഴി, പശു വിതരണം പഞ്ചായത്തിലെ ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് നല്കുകയും, സാമ്പത്തിക ശേഷിയില്ലാത്തവർക്ക് 50% സബ്സിഡിയോടെ പശു, ആട്, കോഴികളെ നല്കു കയും സാമ്പത്തിക ശേഷിയുള്ളവർക്ക് 25% സബ് സിഡി നിരക്കിൽ പശുക്കളേയും,ആടുകളേയും, കോഴി കളെയും നൽകി പാൽ ഉൽപ്പാദനവും മുട്ട ഉൽപ്പാദനവും വർദ്ധിപ്പിക്കൽ.

3)മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സാദ്ധ്യത വളർത്തുന്നതിന് പഞ്ചായത്ത് ഓഫീസ് പരിസരത്തിൽ ഒരു മൃഗാസ്പത്രി സ്ഥാപിക്കൽ .

4)പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സാമ്പത്തികശേഷിയില്ലാത്തവർക്കും കാലിത്തൊഴുത്തും ആട്ടിൻകൂടും കോഴികൂടും നല്കുന്നതിന്ന് സാമ്പത്തിക സഹായം നൽകൽ

5)പാൽ ഉൽപ്പന്നങ്ങളുടെ പാൽ സംസ്കരണ യൂണിററുകൾ സഹകരണ സംഘത്തിൻെറ ആഭിമുഖ്യത്തിൽ രൂപീകരി ക്കൽ.

6)മൃഗചികിത്സാകേന്ദ്രമായ പഞ്ചായത്തിലെ വെററിനറി പോളിക്ലിനിക്കിലൂടെ ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് അവിടുത്തെ ഉപയോഗശൂന്യമായി കിടക്കുന്ന വണ്ടി റിപ്പയർ ചെയ്തു മൊബൈൽ യൂണിററാക്കി പ്രയോജനപ്പെടുത്തുകയും പഞ്ചായത്തടി സ്ഥാനത്തിൽ വികസന സമിതി രൂപികരിച്ചു പഞ്ചായത്ത് പ്രസിഡണ്ടിൻെറ നേതൃത്വത്തിൽ മൃഗ സംരക്ഷണഉദ്യോഗസ്ഥരും, കർഷകർ, ജന പ്രതിനിധികൾ വിവിധ ബാങ്കുകളിലേയും ധനകാര്യ സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥന്മാർ ഉൾകൊള്ളുന്ന ഒരു മൃഗസംരക്ഷണസമിതി രൂപീകരിച്ചു മൃഗസംരക്ഷണപ്രവർത്തനങ്ങൾ മാസത്തിൽ ഒരിക്കൽ അവലോകനം ചെയ്യണം .

7)ആധുനിക രീതിയിലുള്ള മൃഗസംര ക്ഷണവും കോഴി വളർത്തലിനും വേണ്ടി മൃഗ സംരക്ഷണ വകുപ്പിൻെറ കീഴിൽ കന്നുകാലി കൃഷിക്കാർക്ക് വിജ്ഞാന വ്യാപനവും പരിശീ ലനവും നൽകൽ.

8) പന്നിഇറച്ചിയുടെ ഉൽപാദനവും ലഭ്യതയും വർദ്ധിപ്പിക്കാൻ പഞ്ചായത്തിലെ താല്പര്യമുള്ളവർക്ക് പന്നിക്കുഞ്ഞുങ്ങളെ വളർത്താനുള്ള സാമ്പത്തിക സഹായവും പന്നിക്കുഞ്ഞുങ്ങളെയും നൽകൽ.

9)പാൽ,മുട്ട ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശിച്ച, മിനി ഡയറി യൂണിറ്റ്, വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ കിടാരി വളർത്തൽ യൂണിറ്റുകൾ; വീട്ടുമുറ്റത്തെ കോഴി വളർത്തൽ എഗ്ഗർ നേഴ്സറി. സ്കൂൾ പൌൾ ട്രി ക്ലബുകൾ വ്യാവസായികാടിസ്ഥാനത്തിൽ മുട്ട കോഴികളെയും ഇറച്ചി കോഴികളേയും വളർത്തൽ, താറാവ് , പന്നി വളർത്തൽ യൂണിറ്റുകൾ; സമ്മിശ്രമൃഗ പരി പാലനം ചെറുകിട കാലിതീറ്റ യൂണിറ്റുകളുടെ നിർമ്മാണം തീറ്റ പുല്ല് വളർത്തൽ; മുതലായ പദ്ധതികളിലൂടെ ലഭിച്ചു കൊണ്ടിരിക്കുന്ന പ്രയോജനം പഞ്ചായത്തിലെ എല്ലാ വാർഡു കളിലും ലഭ്യമാക്കൽ.

10. ഡയറി ഡിപ്പാർട്ട് മെൻറിൽ നിന്നും ലഭിക്കുന്ന പാൽ കറക്കുന്നതിനും സംഭരിക്കുന്നതിന്നും വിപണനം ചെയ്യുന്നതിന്നും ഉള്ള ഉപകരണങ്ങൾ പാൽ സഹകരണസംഘങ്ങൾ മുഖേന കന്നുകാലികൃഷിക്കാർക്ക് നൽകൽ.

11. പഞ്ചായത്തിൽ ഉടമസ്ഥരില്ലാതെ അലഞ്ഞുനടന്നു പൊതുജനങ്ങളുടെ കൃഷിയും മററും നശിപ്പിക്കുന്ന കന്നുകാലികളെ പിടിച്ചു സൂക്ഷിക്കുന്നതിന്ന് പഞ്ചായത്തിൽ ഒരു മൃഗസൂക്ഷിപ്പു ആല സ്ഥാപിക്കൽ

12)പഞ്ചായത്തിൽ അലഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് താല്പര്യമുള്ള പഞ്ചായത്തിലെ തൊഴിൽരഹിതരായ ആളുകൾക്ക് നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിനുള്ള പരിശീലനം നല്കുകയും അവരുടെ സേവനം പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യൽ.

13)അറവുമാടുകളെ പഞ്ചായത്തിലെ ബന്ധപ്പെട്ട വെററിനറി സർജൻ പരിശോധിച്ച് രോഗവിമുക്തമെന്ന സർട്ടിഫിക്കററ് നല്കി സീൽവെച്ച മൃഗങ്ങളെ മാത്രം ലൈസൻസുള്ള അറവു ശാലകളിലൂടെ മാത്രം അറത്തു വില്പന നടത്തുന്നതിന്നും അനധികൃത വഴിയോര മാംസ വില്പന തടയുന്നതിനുമുള്ള കർശനനിയമ നിർമ്മാണം നടപ്പി ൽ വരുത്തൽ.

14)പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ മാത്രം മാംസവിൽപനനടത്തുന്നതിന് ലൈസൻസുള്ളവർക്ക് മാത്രം അറവു ശാലകൾ നിർമ്മിച്ചു നല്കി അറവുകൾ നടത്തപ്പെടുന്ന ആട്മാടുകളുടെ വിശദമായ കണക്കുകൾ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കൽ.

## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ | മൊത്തം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 450 | 18 | 180 | - | 20 | 120 | - | - | - | 10 | 798 |
| 2 | ശ്വാസകോശസംബന്ധം | 170 | 16 | 80 | - | - | 220 | - | - | - | | 486 |
| 3 | ഉപാപചയസംബന്ധം | 40 | 4 | 18 | - | - | - | - | - | - | - | 62 |
| 4 | ത്വക്ക് രോഗങ്ങൾ | 58 | - | 20 | - | 15 | - | - | 2 | - | 15 | 110 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 125 | 5 | 15 | - | 3 | 60 | - | - | - | - | 2 08 |
| 6 | പരാദരോഗങ്ങൾ | 570 | 17 | 88 | - | 30 | 250 | - | 10 | - | - | 965 |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 270 | 13 | 35 | - | 2 | - | - | - | - | - | 320 |
| 8 | വന്ധ്യത | 60 | 2 | 7 | - | - | - | - | - | - | - | 69 |
| 9 | അകിട് വീക്കം | 30 | 1 | 24 | - | - | - | - | - | - | - | 55 |
| 10 | മുടന്തൻ പനി | 40 | - | - | - | - | - | - | - | - | - | 40 |
| 11 | പകർച്ചവ്യാധികൾ | - | - | - | - | - | - | - | - | - | - | - |
| | ആകെ | 1813 | 76 | 467 | - | 70 | 650 | - | 12 | - | 25 | 3113 |

## കൃത്രിമബീജസങ്കലനവിവരങ്ങൾ

| വളർത്തുമൃഗഇനം | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിനു രണ്ടിലധികം പ്രാവശ്യം ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 454 | 366 | 88 |
| കിടാരി | 277 | 183 | 94 |
| എരുമ | - | - | - |
| ആകെ | 731 | 549 | 182 |

## പേ വിഷബാധ : പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധകുത്തിവെപ്പ് നൽകിയവയുടെ എണ്ണം | - | - | - | 160 | - | - |
| കടിയേറ്റതിനുശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം | 2 | - | 4 | 4 | | |

# മൽസ്യബന്ധനം

നൂറ്റാണ്ടുകൾക്കുമുമ്പ് പ്രചാരത്തിലുണ്ടായിരുന്ന അതെ മൽസ്യബന്ധനസമ്പ്രദായമാണ് ഇന്നും പഞ്ചായത്തിൽ നടന്നുവരുന്നത്. പഞ്ചായത്തിൻെറ പരിധിയിൽ കടലോരമേഖലകളില്ല. പുഴ, കായൽ, കുളം, എന്നിവയിൽ നിന്നുള്ള ഉൾനാടൻ മൽസ്യബന്ധനമാണ് നടന്നുവരുന്നത്. പഞ്ചായത്തിൻെറ വടക്കും തെക്കും ഭാഗങ്ങൾ വിശാലമായ ഭാരതപ്പുഴയും തെക്കും കിഴക്കും ഭാഗങ്ങൾ ശാന്തമായി കിടക്കുന്ന ബിയ്യം കായലും മാനൂർ കായലും കൊണ്ട് കൃഷി മേഖലകളിലുള്ള വലുതും ചെറുതുമായ പുഞ്ചക്കുളങ്ങളും സ്വകാര്യകുളങ്ങളും കൊണ്ട് ഉൾനാടൻ മൽസ്യബന്ധനത്തിന് അനുഗൃഹീതമായ നിലയുള്ള പശ്ചാത്തലമാണ് പഞ്ചായത്തിലുള്ളത്.

പ്രാചീനസമ്പ്രദായത്തിലുള്ള മൽസ്യബന്ധനം കൊണ്ട് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. ഉൾനാടൻ മൽസ്യകൃഷിക്കും, മൽസ്യതൊഴിലാളിക്ഷേമത്തിനും വേണ്ടി ഫിഷറീസ് വകുപ്പും മറ്റു ഏജൻസികളും കാര്യമായ പ്രോൽസാഹനങ്ങളും പ്രവർത്തനങ്ങളും നടത്തുന്നില്ല. ഈ ഉൾനാടൻ മൽസ്യബന്ധനമേഖല സംപുഷ്ടമാക്കുന്നതിനും ഈ രംഗത്തു പ്രവർത്തിക്കുന്ന വിവിധ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഫിഷറീസ് വകുപ്പും അതിൻെറ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളും, മൽസ്യഫെഡും കടലോരമൽസ്യബന്ധനത്തിനും മൽസ്യതൊഴിലാളിക്കും എല്ലാ ആനുകൂല്യങ്ങളും നല്കി ഈ മേഖലയെ സംപുഷ്ടമാക്കണം.

ഉൾനാടൻ മൽസ്യകൃഷി വികസനത്തിനും മൽസ്യലബ്ധി ഉയർത്തുന്നതിനും സമഗ്രമായ വികസനപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.

1. വിശാലമായി കിടക്കുന്ന ബിയ്യം കായലിൽ പത്തോ, ഇരുപതോ ഏക്കർ സ്ഥലങ്ങളിൽ ആറ്റുകൊഞ്ച് കൃഷിചെയ്യുന്നതിന് അഡാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് ഒരു പൈലറ്റ് പ്രോജക്റ്റ് തയ്യാറാക്കി വ്യാവസായികാടിസ്ഥാനത്തിൽ ഒരു വലിയ ചെമ്മീൻ ഉല്പാദന സംസ്ക്കരണ പദ്ധതിക്ക് രൂപം നല്കി പ്രവർത്തനസജ്ജമാക്കാൻ മുന്തിയ പരിഗണന നല്കേണ്ടിയിരിക്കുന്നു. ഈ പൈലറ്റ് പ്രോജക്റ്റ് അഡാക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ മുമ്പ് നിർദ്ദേശിക്കപ്പെട്ടതാണ്.

2. പഞ്ചായത്തിലെ പുഴകളിലും കായലുകളിലും കുളങ്ങളിലും മൽസ്യലബ്ധി ഉയർത്തുന്നതിനും മൽസ്യകൃഷി വികസനത്തിനും F.F.D.B. യുടെ സഹായത്തോടെ ജനകീയ കമ്പനികളുടെ നേതൃത്വത്തിൽ നല്ലയിനം മൽസ്യക്കുഞ്ഞുങ്ങളെ (കട്ടല, രോഹു, മൃഗാല, റെസ്പീനസ്) പ്രസ്തുത ജലാശയങ്ങളിലിട്ടു 8 മാസത്തോളം വളർത്തി ഏകദേശം 2 1/2 കിലോ തൂക്കമാവുമ്പോൾ പിടിച്ചു വില്പന നടത്തുന്ന പദ്ധതിക്കു രൂപം നല്കുക. ഗ്രാസ് കാർ ഇനം മൽസ്യകുഞ്ഞുങ്ങളെ പുല്ല് തീറ്റ കൊടുത്തു വളർത്താനും പ്രോൽസാഹനം നല്കണം.

3. F.F.D.B. യുടെ കീഴിൽ കോഴിക്കോട്ടു പ്രവർത്തിക്കുന്ന ഒരു ജലമൽസ്യവികസന ഏജൻസിയുടെ സഹായത്തോടെ ഉപ്പുവെള്ളം കെട്ടിനില്ക്കുന്നതും കൃഷിക്ക് യോഗ്യമല്ലാത്തതുമായ വള്ളംകളി സ്റ്റേജിനു സമീപത്തുള്ളതും കുറ്റിക്കാട് പുഴയോരപ്രദേശത്തുള്ള 36 സെൻറു സ്ഥലത്തും മറ്റുവിവിധ വാർഡുകളിലുള്ള ഒരു ജലാശയങ്ങളിലും ചെമ്മീൻ കൃഷി നടപ്പിൽ

വരുത്തുന്നതിന് സാമ്പത്തിക സഹായവും സാങ്കേതികപരിജ്ഞാനവുംനല്കിഒരുജലചെമ്മീൻ കൃഷി പ്രോൽസാഹിപ്പിക്കുക.

ശുദ്ധജലചെമ്മീൻ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള കുളങ്ങളും കായലുകളും തെരഞ്ഞെടുക്കുകയും ശുദ്ധജലം ലഭിക്കുന്നേടത്ത് അകചകൾച്ചറൽ ടാങ്കുകൾ നിർമ്മിച്ച് ശുദ്ധജലചെമ്മീനും മറ്റു മൽസ്യങ്ങളും വളർത്തുന്നതിന് നല്ലയിനം ചെമ്മീൻ കുഞ്ഞുങ്ങളേയും മറ്റു മൽസ്യകുഞ്ഞുങ്ങളേയും നല്കി സാമ്പത്തിക സഹായവും സാങ്കേതിക അറിവും വേണ്ടത്ര നല്കി പഞ്ചായത്തിൽ ശുദ്ധജല മൽസ്യകൃഷി വികസനത്തിനും ഫിഷറീസ് വകുപ്പിൻെറ സേവനം നിർല്ലോഭം ലഭിക്കുന്നതിനു സൗകര്യം നല്കുക.

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൻെറ കീഴിലുള്ള കക്കാ വാരലും കല്ലുമ്മക്കായ കൃഷിയും ഫിഷറീസ് വകുപ്പിൻെറ കീഴിലാക്കി ഓരു ജല കക്കാവാരലും കല്ലുമ്മക്കായ കൃഷിയും പരിപോഷിപ്പിച്ചു കക്കായിറച്ചിയും കല്ലുമ്മക്കായയിറച്ചിയും സംസ്ക്കരിച്ചു വില്പന നടത്തുന്നതിനും കക്കതോട് സംസ്ക്കരിച്ച് കുമ്മായമാക്കി വിൽക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുക.

പുഴമ്പ്രാത്തും, കടവനാടും പ്രവർത്തനരഹിതമായി കിടക്കുന്ന 2 ഹരിജൻ മൽസ്യതൊഴിലാളിസഹകരണ സംഘം പുനർജ്ജീവിപ്പിച്ചു പ്രവർത്തനസജ്ജമാക്കുകയും പുതുതായി 3 മൽസ്യത്തൊഴിലാളി സഹകരണസംഘം രൂപീകരിച്ച് കുണ്ടുകടവത്തും കുറ്റിക്കാടു കടവത്തും ചമ്രവട്ടം കടവത്തും സ്ഥാപിച്ചും എല്ലാ മൽസ്യതൊഴിലാളികളേയും അംഗങ്ങളായി ചേർത്തു ഫിഷറീസിൽ രജിസ്റ്റർ ചെയ്ത് ഓരോഅംഗവും 30 രൂപ ഫീസടച്ച് കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ മെമ്പർഷിപ്പ് എടുത്ത് മുടക്കം കൂടാതെ വരിസംഖ്യ അടച്ച് ക്ഷേമനിധി ബോഡിൽനിന്നും കടലോര മൽസ്യതൊഴിലാളികൾക്ക് നല്കുന്ന ക്ഷേമപദ്ധതികളായ 25000 രൂപയുടെ അപകട ഇൻഷ്വറൻസ് സഹായം, മൽസ്യബന്ധനസമയത്തും തൊട്ടുപിന്നാലയോ, സംഭവിക്കുന്ന യാദൃശ്ചിക മരണത്തിന് ലഭിക്കുന്ന 1500 രൂപ, മൽസ്യതൊഴിലാളികളുടെ മക്കളുടെ വിവാഹത്തിനു ലഭിക്കുന്ന സഹായധനം 1500 രൂപ, മൽസ്യതൊഴിലാളികളുടെ ആശ്രിതരുടെ മരണത്തിന് ലഭിക്കുന്ന 300 രൂപ, വാർദ്ധക്യപെൻഷൻ പ്രതിമാസം 85 രൂപ, താൽക്കാലിക അവശതക്ക് നല്കുന്ന സഹായം 500 രൂപ, വീട്, വള്ളം ഇൻഷ്വറൻസ് 50% സബ്സിഡി, മരണസംബന്ധമായ ചിലവിലേക്ക് 1000 രൂപ എസ്.എസ്.എൽ.സി ജേതാക്കൾക്ക് സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഒന്നാം സമ്മാനം 3000 രൂപ, രണ്ടാം സമ്മാനം 2000 രൂപ ജില്ലാതലത്തിൽ 1000 രൂപ തുടർവിദ്യാഭ്യാസത്തിന് 2 വർഷം പ്രതിമാസം 100 രൂപ പ്രകാരം കുടുംബക്ഷേമപരിപാടിക്ക് 500 രൂപ രോഗചികിത്സാ പദ്ധതിക്ക് 2500 രൂപ ഈ ക്ഷേമപദ്ധതികൾ ലഭ്യമാക്കാൻ അർഹതനേടുക. ഫിഷറീസിൽ നിന്ന് കടലോര മൽസ്യതൊഴിലാളിക്ക് മാത്രം നല്കി വരുന്ന സാമ്പത്തിക സഹായപദ്ധതി അതായത് പ്രതിമാസം 45 രൂപ ക്ഷേമനിധി ബോർഡിൽ അടച്ച് ജൂലൈ മുതൽ ഫെബ്രുവരി കൂടി 8 മാസം 45 രൂപ പ്രകാരം 360 രൂപ അടച്ചാൽ സ്റ്റേറ്റ് ഫണ്ടിൽ നിന്നും 360 രൂപയും സെൻട്രൽ ഫണ്ടിൽ നിന്ന് 360 രൂപയും കൂടി ആകെ 1080 രൂപ ഓരോ വർഷവും മാർച്ചുമതുൽ ജൂൺ കൂടി 4 മാസം തുല്യഗഡുക്കളായി നല്കുന്ന സാമ്പത്തികസഹായപദ്ധതി ഉൾനാടൻ മൽസ്യതൊഴിലാളിക്കും നല്കുന്നതിനുള്ള സർക്കാർ ഉത്തരവ് നല്കുക.

മൽസ്യഫെഡിൽ നിന്ന് കടലോരമൽസ്യതൊഴിലാളിക്ക് ഭവനനിർമ്മാണവായ്പയും വിദ്യാഭ്യാസഗ്രാൻറും കക്കൂസിനുള്ള ധനസഹായവും വള്ളം, വല, എഞ്ചിൻ മുതലായവക്കുള്ള ധനസഹായവും ഉൾനാടൻ മൽസ്യബന്ധനത്തിനുള്ള മോപ്പട്, സൈക്കിൾ, തുലാസ്, പെട്ടി മുതലായ മൽസ്യവില്പന ഉപകരണങ്ങൾ മൽസ്യതൊഴിലാളികൾക്കും നല്കുക.

പഞ്ചായത്തിൽ വിവിധ വാർഡുകളിലെ ജലാശയങ്ങളിൽ നിന്ന് ചെമ്മീൻ അരിച്ചുപിടിച്ചു ജീവിക്കുന്ന സ്ത്രീ തൊഴിലാളികളുടെ ഒരു വനിതാസഹകരണ സംഘം രൂപീകരിച്ച് ചെമ്മീൻ കുഞ്ഞുങ്ങളെ ഉണക്കി പൊടിച്ചു പാക്കറ്റുകളിലാക്കി വിൽക്കുന്ന ചെമ്മീൻ കുഞ്ഞു സംസ്ക്കരണ യൂണിറ്റിൻെറ പ്രവർത്തനം സംഘം വഴിനിയന്ത്രിക്കുക. ഒരു മൽസ്യതൊഴിലാളി വനിതാ ബാങ്ക് രൂപവൽക്കരിക്കാൻ ശ്രമം നടത്തുക.

പഞ്ചായത്തിലെ ഉൾനാടൻ മൽസ്യതൊഴിലാളികൾ മരംകൊണ്ടു നിർമ്മിച്ച ചെറിയ മരതോണികളിൽ 2 പേർ വീതം പുഴകളിൽ നിന്നും ഒറ്റക്കോരിവല, വീശുവല, ചവിട്ടുവല, നീട്ടുവല മുതലായ ചെറിയ കണ്ണികളോടുകൂടിയ വലകളും വലിയ കണ്ണികളോടുകൂടിയ വലകളുപയോഗിച്ച് പുഴകളിൽ നിന്നും ചെമ്മീൻ, കരിമീൻ, മാലാൻ പൂളാൻ, ചെമ്പല്ലി, ഏട്ട, പ്രാച്ചി, ഞെണ്ട്, മുതലായ മൽസ്യങ്ങളും കായലുകളിൽ നിന്നും, കുളങ്ങളിൽ നിന്നും ബ്രാൽ,

മൊയ്യ്, പരല്, കട്ടള, രൂഹ്, ഫിലോപ്പിൻ, മുണ്ടോ ചെല്ലി മുതലായ മൽസ്യങ്ങളും പിടിക്കുന്നു. മൽസ്യബന്ധനം അധികസമയവും രാത്രികാലങ്ങ ളിലായതിനാൽ പുഴ കായൽ മൽസ്യങ്ങൾ അധികവും പഞ്ചായത്തിന് പുറത്ത് വിദൂരസ്ഥല ങ്ങളായ കുന്ദംകുളം, തൃശൂർ മുതലായ മാർക്കറ്റു കളിൽ വിൽക്കപ്പെടുന്നു. പുഴ മൽസ്യങ്ങൾക്ക് കടൽമൽസ്യങ്ങളേക്കാൾ വില കൂടുതൽ ആയതി നാൽ മൽസ്യതൊഴിലാളികൾ പഞ്ചായത്തിൻെറ പുറത്തുള്ള കടലോരപ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കടൽ മൽസ്യങ്ങളാണ് അ ധികവും ഉപയോഗിക്കുന്നത്. ഇതിന് വില കുറവുമാണ്. ഉൾനാടൻ മൽസ്യതൊഴിലാളികൾ ഫിഷറീസിൽ അധികവും അംഗങ്ങളല്ല, അ തിനാൽ പഞ്ചായത്തിൽ അവരുടെ സ്ഥിതി വിവരകണക്കുകൾ ഫിഷറീസിൽ കൃത്യമായും ലഭ്യമല്ല. പുഴ ബ്രം ഹരിജൻ മൽസ്യതൊഴി ലാളി സഹകരണ സംഘത്തിൽ 117 അംഗങ്ങളും കടവനാട്പട്ടികജാതിപടന്നമൽസ്യതൊഴിലാളി സഹകരണ സംഘത്തിൽ 251 അംഗങ്ങളും ഈഴുവത്തിരുത്തിയിൽ 94 ലും പുഴ ബ്രാത്ത് 54 ഉം എരിക്കമണ്ണയിൽ 9ഉം കടവനാട് 24 ഉം കുറ്റിക്കാട് ഈശ്വരമംഗലം 9 പേരും മൽസ്യ തൊഴിലാളികളായി പഴയ കണക്കിൽ കാണുന്നു.

എഫ്.എഫ്.ഡി.ബി.യുടെ കീഴിൽ 45 രൂപ സ്റ്റൈഫൻറ് നല്കി 15 ദിവസം പരിശീലനം നല്കി വരുന്ന പരിശീലന ക്ലാസിൽ ഉൾനാടൻ മൽസ്യതൊഴിലാളികൾക്കും പ്രവേശനം നല്കുക.

പഞ്ചായത്തിലെ വിവിധ ജലാശയങ്ങളിൽ നിന്ന് ചെറിയ കണ്ണികളുള്ള വലകളുപയോഗി ച്ചു കൊണ്ടു മൽസ്യകുഞ്ഞുങ്ങളെ പിടിച്ചു നശിപ്പിക്കുന്നതും മൽസ്യങ്ങളുടെ സഞ്ചാരം കുറഞ്ഞുകൊണ്ടും തടകെട്ടിയുള്ള മൽസ്യബന്ധ നവും തോട്ട പൊട്ടിച്ചും നഞ്ചകലക്കി ക്കൊണ്ട് മൽസ്യ സംഹാരം കൊണ്ടുണ്ടാക്കുന്ന മൽസ്യബ ന്ധനവും തടയുന്നതിന് പഞ്ചായത്തിലെ എല്ലാ വരേയും ബോധവൽക്കരണം നടത്തുക. പഞ്ചാ യത്തിലെ വഴിയോരമൽസ്യ വില്പന തടയുക യുംആവശ്യമുള്ള സ്ഥലങ്ങളിൽ മൽസ്യമാർക്കറ്റു കൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് മൽസ്യ വിൽപന മൂലമുണ്ടാകുന്ന പരിസരമലിനീ കരണം തടയുക.

പഞ്ചായത്തിലെ പുഴയോരവും കടലോര വും ഭിത്തി നിർമ്മിച്ചു സംരക്ഷണം നല്കുക.

### പ്രധാന പ്രശ്നങ്ങൾ

1. ഉൾനാടൻ മൽസ്യകൃഷിവികസനത്തി നും മൽസ്യലഭ്യത ഉയർത്തുന്നതിനും ഫിഷറീ സിൻേറയും അതിൻെറ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടേയും പ്രവർത്തനത്തി ലുള്ള അപര്യാപ്തത മൽസ്യതൊഴിലാളി ക്ഷേമ നിധി ബോർഡിൻെറ പ്രവർത്തനപരിധിയിൽ ഉൾനാടൻ മൽസ്യതൊഴിലാളികൾക്കും പ്രയോജ നം ലഭിക്കത്തക്കവിധമുള്ള ഉദാരവൽക്കരണവും ബോധവൽക്കരണവും.

2. ആറ്റുകൊഞ്ചുല്പാദനത്തിന് ബിയ്യം കായലിൽ വൻസാദ്ധ്യതയുള്ള ഒരു പൈലറ്റ് പ്രോജക്റ്റിനുള്ള പദ്ധതി പ്രാവർത്തികമാക്കൽ.

3. എഫ്.എഫ്.ഡി.ബി.യുടെ കീഴിൽ ഓരുജല, ശുദ്ധജലചെമ്മീൻ കൃഷിയും സമ്മി ശ്രമൽസ്യകൃഷിയും നടത്തുന്നതിനും ചെമ്മീൻ കുഞ്ഞുങ്ങളും മറ്റു മൽസ്യകുഞ്ഞുങ്ങളും ധനസഹായവും സാങ്കേതിക പരിശീലനവും നല്കി മൽസ്യസംപുഷ്ടി വർദ്ധിപ്പിക്കൽ. .

4. പുഴകളിലും മറ്റു ജലാശയങ്ങളിലും നല്ല മൽസ്യകുഞ്ഞുങ്ങളെ ജനകീയ കമ്മിറ്റി കളുടെ നേതൃത്വത്തിൽ ഇട്ടു തീറ്റ കൊടുത്ത് വളർത്തി രണ്ടുമൂന്നു കിലോഗ്രാം തൂക്കമാവു മ്പോൾ പിടിച്ചു വില്ക്കുന്ന പദ്ധതിക്ക് രൂപം ന ല്കി മൽസ്യസംപുഷ്ടത കൈവരിക്കൽ.

5. പ്രവർത്തനരഹിതമായ അഡ്മിനിസ് ട്രേഷൻ ഭരണത്തിലുള്ള പുഴമ്പ്രം, കടവനാട് എന്നീ 2 ഹരിജൻ മൽസ്യതൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം സജ്ജമാക്കുകയും പുതിയ മൽസ്യതൊഴിലാളി സഹകരണ സംഘ ങ്ങൾ, കുണ്ടുകടവ്, കുറ്റിക്കാട് കടവ്, ചമ്രവട്ടം കടവ് എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ച് ഫിഷറീ സിൽ രജിസ്റ്റർ ചെയ്തു മൽസ്യക്ഷേമനിധി ബോർഡിൽ അഫിലിയേറ്റുചെയ്തു എല്ലാ മൽസ്യതൊഴിലാളികളേയും ബോർഡിൽ അംഗ ങ്ങളാക്കുകയും ബോർഡിൽ നിന്നുള്ള എല്ലാ ക്ഷേമപദ്ധതികളും പഞ്ചായത്തിലെ ഉൾനാടൻ മൽസ്യമേഖലകളാക്കി ലഭ്യമാക്കൽ.

6. ഓരു ജലകക്ക, കല്ലുമക്കായ കൃഷിക്ക് പ്രാധാന്യം നല്കി കക്കാ ഇറച്ചിയുടേയും കക്ക തോടു സംസ്കരിച്ചു കുമ്മായ വ്യവസായത്തി ൻേറയും വൻസാദ്ധ്യത ഉപയോഗപ്പെടുത്തൽ.

7. മൽസ്യഫെഡിൽ നിന്നുള്ള ഭവനനിർ മ്മാണ വായ്പ വിദ്യാഭ്യാസ ഗ്രാൻറ് മറ്റു ആനുകൂ ല്യങ്ങൾ, വള്ളം, വല, എഞ്ചിൻ മുതലായവയുടെ

സബ്സിഡിയും മൽസ്യവില്പന തൊഴിലാളികൾക്ക് ഇരുചക്ര വാഹനങ്ങളും തുലാസ് മുതലായ ഉപകരണങ്ങളും ഉൾനാടൻ മൽസ്യബന്ധന മേഖലകളിലേക്കും വ്യാപിപ്പിക്കൽ.

8. മൽസ്യവിപണനത്തിന് ശക്തമായ മത്സരസ്വഭാവമുള്ള ഒരു വിപണനകേന്ദ്രവും ശീതീകരണത്തിനാവശ്യ മായ ഒരു ഐസ് പ്ലാൻറ് യൂണിറ്റ് നിർമ്മിച്ചു പിടിക്കുന്ന മൽസ്യം അമിതമായ ചൂഷണത്തിന് വിധേയമാക്കാതെ സൂക്ഷിക്കാനുള്ള സംവിധാനത്തിൻെറ അപര്യാപ്തത പരിഹരിക്കൽ.

9. എല്ലാ മൽസ്യതൊഴിലാളികളുടെയും ഭവനം, വള്ളം മുതലായവയെ ഇൻഷൂറൻസ് പദ്ധതിയിലൂടെ സംരക്ഷണം നല്കൽ.

10. വർഷകാലങ്ങളിലുണ്ടാകാറുള്ള മൽസ്യരോഗങ്ങൾക്കെതിരെ ജാഗരൂകമാകാൻ ബന്ധപ്പെട്ട മൽസ്യരോഗവിദഗ്ധൻമാരുടെ സേവനം മുൻകൂട്ടി ഉപയോഗപ്പെടുത്തൽ.

11. ചെറിയ കണ്ണി വലകളുപയോഗിച്ചുകൊണ്ടുള്ള ചെറിയ മൽസ്യ കുഞ്ഞുങ്ങളെപിടിച്ചുനശിപ്പിക്കുന്നതും, മൽസ്യം തടഞ്ഞുവച്ചുള്ള മൽസ്യബന്ധനവും തോട്ടപൊട്ടിച്ചും നഞ്ച് കലക്കിയും മൽസ്യസംഹാരം നടത്തുന്ന മൽസരവും അനധികൃതമായി പ്രഖ്യാപിച്ച് ഇതു ലംഘിക്കുന്ന വർക്കെതിരെ നിയമനടപടി ഉണ്ടാക്കുമെന്നുള്ള ബോധവൽക്കരണം പഞ്ചായത്തിൽ നടപ്പിൽ വരുത്തൽ.

വാണിജ്യപ്രാധാന്യമുള്ള ജലജീവികളുടെ അമിതചൂഷണം മൂലം ചിലയിനം മൽസ്യങ്ങളുടെ വംശം തന്നെ നശിപ്പിക്കുന്നതിന് ശാസ്ത്രീയ ജലകൃഷിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുകയും നശിച്ചുകൊണ്ടിരിക്കുന്ന ജൈവജലസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:

1. ഉപ്പുവെള്ളം കയറി ഇറങ്ങുന്ന പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സാദ്ധ്യതയുള്ള ഓരുജലചെമ്മീൻ കൃഷി (ചെമ്മീൻവാറ്റ്) നടപ്പിൽ വരുത്തണം.

2. ലവണാംശങ്ങളില്ലാത്ത പുഴകൾ, തോടുകൾ, ചാലുകൾ, കിണറുകൾ, കുളങ്ങൾ, തടാകങ്ങൾ ജലസേചനടാങ്കുകൾ, നെൽപാടങ്ങൾ തുടങ്ങിയ ശുദ്ധജലാശയങ്ങളിൽ ശുദ്ധജലമൽസ്യകൃഷി വിജയിപ്പിക്കാം.

നമ്മുടെ പഞ്ചായത്ത് കായലോര ഉൾനാടൻ പഞ്ചായത്താണ്. ഇവിടെ ഓരു ജലമൽസ്യകൃഷിക്കും ചെമ്മീൻ കൃഷിക്കും ശുദ്ധജലമൽസ്യകൃഷി, കൊഞ്ച് കൃഷി, ആമ വളർത്തൽ, തവള വളർത്തൽ, അലങ്കാര മൽസ്യകൃഷി എന്നിവക്ക് സാദ്ധ്യതയുണ്ട്. ശാസ്ത്രീയമായി ഇവയെ സംരക്ഷിക്കാനുള്ള സാങ്കേതികവിദ്യകൾ സ്വായത്തമാക്കാൻ നടപടി വേണം.

തമ്മിൽപൊരുത്തപ്പെട്ടുഒന്നിച്ചുജീവിക്കുന്ന ജലജീവികളെഒരുമിച്ചുസംഭരിച്ചുകൃഷിചെയ്യുന്ന സമ്മിശ്രകൃഷിയും ഒരു നിശ്ചിത കാലയളവിനുശേഷം അവയെ ഒരുമിച്ചു പിടിച്ചെടുക്കുന്ന സംഘകൃഷിയും വളർച്ച എത്തിയശേഷം പിടിച്ചെടുത്ത മറ്റുള്ള വകളോടൊപ്പം പിഞ്ചുകുഞ്ഞുങ്ങളെ സംഭരിച്ചു വളർത്തുന്ന തുടർകൃഷിയും പരീക്ഷിക്കേണ്ടതുണ്ട്.

ശുദ്ധജലകൃഷി പദ്ധതികൾക്ക് എഫ്.എഫ്.ഡി.ബി. (മൽസ്യകർഷകവികസന ഏജൻസി) ഓരുജലകൃഷി പദ്ധതിക്ക് ബി.എഫ്.എഫ്.ഡി.എ. (ഓരു ജലമൽസ്യകർഷകവികസന ഏജൻസി) മറ്റുജലകൃഷിപദ്ധതികൾക്ക്എ.ഡി.എ.കെ. (ജലകൃഷി വികസനഏജൻസി, അഥവാ, അഡാക്ക്) ഈ ഏജൻസികൾ പഞ്ചായത്തിലെ ഉൾനാടൻ ജലമൽസ്യകൃഷിക്കാർക്ക് ആവശ്യമായ ധനസഹായവും സാങ്കേതികപരിശീലനവും നല്കേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ എം.പി.ഇ.ഡി.എ. (സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി) സി.എം.എഫ്.ആർ.ഐ. (കേന്ദ്രസമുദ്രമൽസ്യഗവേഷണ) സ്ഥാപനവും നല്കുന്ന സഹായങ്ങൾ വാങ്ങി ഉപയോഗപ്പെടുത്തണം. സംസ്ഥാന ഫിഷറീസ് വകുപ്പും മൽസ്യഫെഡും മൽസ്യകർഷകർക്ക് നല്കുന്ന എല്ലാ ക്ഷേമസംവിധാനങ്ങളും പഞ്ചായത്തിലെ ഉൾനാടൻ മൽസ്യകൃഷികാർക്ക് നല്കണം.

1. മൽസ്യോല്പാദന വർദ്ധനവിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുതകുന്ന ഒരു കുളമോ പഞ്ചായത്തിലെ കുറെ കുളങ്ങളോ മൽസ്യകൃഷിക്കായി ഒരു ഗ്രൂപ്പിനോ സംഘത്തിനോ, ക്ലബുകൾക്കോ നല്കി മൽസ്യകൃഷി ഒരു തൊഴിൽ സംരംഭമാക്കുന്ന "നാട്ടിൻ കുള പദ്ധതി".

2. പഞ്ചായത്തിലെ ജലാശയങ്ങളെല്ലാം മൽസ്യകൃഷിക്കായി ഉപയോഗിക്കുകയും, മൽസ്യകൃഷി അനുബന്ധതൊഴിലായി ഒഴിവുസമയം മൽസ്യകൃഷിക്കായ് വിനിയോഗിക്കുന്ന "മൽസ്യഗ്രാമപദ്ധതി"

3. ഉപയോഗശൂന്യമായി കിടക്കുന്ന ഓരുജലാശയങ്ങളിൽ ഓരു ജലമൽസ്യകൃഷിയും ചതുപ്പുപ്രദേശങ്ങളിൽ ചെമ്മീൻ പാടങ്ങളാക്കി മാറ്റി ശാസ്ത്രീയരീതിയിൽ ചെമ്മീൻ കൃഷി ചെയ്യു

ന്നതിന് ''ചെമ്മീൻ ഗ്രാമപദ്ധതി''. ഇത് ബിയ്യം കായൽ പ്രയോജനപ്പെടുത്താവുന്നതാണ്.

4. നദികളിലും കായലുകളിലും മൽസ്യ കൂടുകൾ സ്ഥാപിച്ച് വിവിധതരം മൽസ്യങ്ങൾ, ചെമ്മീൻ, ഞണ്ട്, ചിപ്പികൾ മുതലായവ കൃഷി ചെയ്യുന്ന ''മൽസ്യകൂട് പദ്ധതി'' സ്വന്തമായ സ്ഥാപനമില്ലാത്ത മൽസ്യതൊഴിലാളികൾക്ക് പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്താവുന്നതാണ്.

5. മുളചീളുകളും നൈലോൺ വലകൾ ഉപയോഗിച്ച് ആഴം കുറഞ്ഞ ജലാശയത്തിൽ വേലി കെട്ടി വളപ്പുണ്ടാക്കി മൽസ്യകൃഷി ചെയ്യുന്ന ''മൽസ്യവളപ്പുകൾ'' വഴി മൽസ്യബന്ധനം നടത്താവുന്നതാണ്.

6. അടുക്കള വെയ്സ്റ്റ് സ്വന്തം വളപ്പിലുള്ള കുളത്തിൽ ഇട്ട് മൽസ്യകുഞ്ഞുങ്ങളെ വളർത്തി വിസർജ്ജനവസ്തുക്കളും അഴുക്കുകളും ജൈവ സംസ്ക്കരണപ്രക്രിയക്ക് വിധേയമാക്കി വീടുകുളമൽസ്യബന്ധനം നടപ്പിൽ വരുത്തുക.

7. നദികളിലേയും, കായലുകളിലേയും, പാടശേഖരങ്ങളിലേയും മൽസ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് മൽസ്യചെമ്മീൻ വിത്തുൽപാദന കേന്ദ്രങ്ങൾ സ്ഥാപിച്ചു വിത്തു സംഭരിച്ചു നിയന്ത്രണ രീതിയിൽ മൽസ്യബന്ധനം നടത്തുന്ന സാമൂഹ്യകൃഷി രീതി നടപ്പാക്കണം.

8. ഒരുപ്പു നിലങ്ങളിൽ ചെമ്മീൻ വാറ്റുനിലങ്ങൾ പുഞ്ചപാടങ്ങളിൽ നെൽകൃഷിക്കു ശേഷം കൊഞ്ചു കൃഷിയോ, ചെമ്മീൻ കൃഷിയോ ചെയ്യുന്നതിന് പ്രോൽസാഹിപ്പിക്കുന്നതിന് നെൽ-ചെമ്മീൻ പാടമൽസ്യബന്ധനപദ്ധതികൾ കർഷകസംഘങ്ങൾക്കും ഗ്രാമീണസമിതികൾക്കും കൂട്ടുകൃഷി വ്യവസ്ഥിതിയിൽ നടപ്പാക്കാൻ സാദ്ധ്യതയുള്ള പദ്ധതി.

9. ബിയ്യം കായലോരത്ത്, മൽസ്യബന്ധനം, മൽസ്യകൃഷി, മൽസ്യസംസ്ക്കരണം, മൽസ്യവിപണനം, മറ്റ് അനുബന്ധസംരംഭങ്ങൾ എന്നിവക്കുള്ള മൽസ്യമേപ്പടക്കമുള്ള ഒരു ഫിഷറീസ് എസ്റ്റേറ്റിന് രൂപം നല്കണം.

**പ്രധാനാവശ്യങ്ങൾ**

1. വളർത്തുമൽസ്യങ്ങളെ ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്ന മൽസ്യവിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

2. കൃഷിക്കുപയോഗിക്കുന്ന ചെമ്മീനുകളുടേയും കൊഞ്ചിൻെറയും കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്ന ഒരു ചെമ്മീൻ കൊഞ്ച് വിത്തുല്പാദന കേന്ദ്രം.

3. വീട്ടുവളപ്പിലെ കുളങ്ങളിലും ടാങ്കുകളിലും ചെമ്മീൻ മറ്റു മൽസ്യങ്ങൾ കൊഞ്ച് എന്നിവകളുടെ വിത്തുല്പാദനത്തിന് പിന്നാംപുറ ഹാച്ചറി.

4. മൽസ്യകർഷകർക്കായുള്ള വളം, തീറ്റ, വിവിധ തരം മൽസ്യകൃഷി ഉപകരണങ്ങൾ, കീടനാശിനികൾ, വലകൾ, തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് ഒരു അക്വാ സ്റ്റോർ.

5. പഞ്ചായത്തിലെ ജലാശയങ്ങൾ ജലകൃഷിയിലൂടെ വികസിപ്പിക്കുകയും, ജലകൃഷി മൽസരങ്ങൾ സംഘടിപ്പിക്കുകയും, ജലകൃഷി പരിശീലനം നല്കുകയും, മൽസ്യ വിഭവങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന ഫിഷ് (PC) ക്ലബ് രൂപീകരിക്കുക.

6. പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ചെറുകിടവ്യവസായമായും കുടിൽവ്യവസായമായും മൽസ്യതീറ്റ നിർമ്മാണത്തിന് ഒരു ഫിഷ് ഫീഡിംഗ് യൂണിറ്റ് നിർമ്മിക്കുക.


7. മൽസ്യാവശിഷ്ടങ്ങൾ, ചെമ്മീൻ തോട്, കക്ക ഇറച്ചി തോട് മുതലായവ ചേർത്തുണ്ടാക്കുന്ന മൽസ്യവളം, നെല്ല്, തെങ്ങ്, പച്ചക്കറി എന്നിവകൾക്ക് വളമായി ഉപയോഗിക്കുന്ന ഒരു ഫിഷ്മിൽ യൂണിറ്റ് സ്ഥാപിക്കുക.

8. അക്വാറിയങ്ങളും, അക്വാറിയമൽസ്യങ്ങളും ഉപകരണങ്ങളും തീറ്റകളും വിതരണം ചെയ്യുന്ന അക്വാ-പെറ്റ് ഷോപ്പിംഗ് സെൻറർ നിർമ്മാണം.


9. ബിയ്യം കായലിൽ ഒരു ടൂറിസം ഫിഷറീസ് സംരംഭങ്ങൾ വിജയിപ്പിക്കുന്നതിനു മറൈൻ പാർക്കുകൾ, അക്വാറിയം, സ്പോർട്സ്ഫിഷിങ്ങ് മുതലായ ടൂറിസം വികസനത്തിനുള്ള മൽസ്യകൃഷിയും ടൂറിസവും നടപ്പിൽ വരുത്തുക.

10. ജലമൽസ്യകൃഷി വികസനത്തിന് എഫ്.എഫ്.ഡി.എ.; ബി.എഫ്.എഫ്.ഡി.എ.; അഡാക്ക് എന്നീ സർക്കാർ സ്ഥാപനങ്ങളുടേയും എല്ലാവാണിജ്യബാങ്കുകളുടേയും ദേശീയ കാർഷികഗ്രാമവികസനബാങ്ക് (എൻ.എ.ബി.എ.ആർ.ഡി)ൻെറയും ജലകൃഷിയും അനുബന്ധസംരംഭങ്ങളും ഇൻഷ്വർ ചെയ്യുന്നതിന് വിവിധ ഇൻഷ്വറൻസ് ഏജൻസികളുടേയും എല്ലാവിധ സഹായസഹകരണങ്ങളും ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

# വ്യവസായം - വികസന റിപ്പോർട്ട്




## വ്യവസായ തൊഴിലാളികളുടെ വിതരണം



# 5-3

# വ്യവസായം

ഈഴുവത്തിരുത്തി പഞ്ചായത്തിന്റെ വ്യവസായ ചരിത്രം ആരംഭിക്കുന്നത് ഈശ്വരമംഗലം, ബിയ്യം എന്നീ പ്രദേശങ്ങളിൽ 1930 കളിൽ പ്രവർത്തിച്ചിരുന്ന നെല്ലുകുത്ത് മില്ലുകളോടു കൂടിയാണ്. നമ്മുടെ പഞ്ചായത്തിലെ കയർ മേഖല വികാസംപ്രാപിക്കുന്നത് രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിലാണ്. സ്വകാര്യമേഖലയിൽ പ്രവർത്തിച്ചിരുന്ന ഈ വ്യവസായസംരംഭങ്ങൾ മുതലാളിമാരേയും ഇടത്തട്ടുകാരേയും കൂടുതൽ സമ്പന്നരാക്കുകയും തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിലെ വ്യവസായ ചരിത്രം സംഘടിത രൂപംപ്രാപിക്കുന്നത് 1957–58 കാലഘട്ടത്തോടുകൂടിയാണ്. ഇതിനു നിദാനമായത് ബീഡി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായമേഖലയിൽ പ്രവർത്തിച്ചിരുന്ന അസംഘടിത തൊഴിലാളികളെ സഹകരണസംഘങ്ങൾ മുഖേന സംഘടിത വിഭാഗമാക്കിയതാണ്. ഈ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടത് 1935–ലെ മദ്രാസ് സഹകരണ സംഘനിയമപ്രകാരമാണ്. അക്കാലത്തെ ബീഡിത്തൊഴിലാളികളുടെ രാഷ്ട്രീയപ്രബുദ്ധത ശ്രദ്ധേയമായിരുന്നു. ബീഡിത്തൊഴിലാളികളുടെ പ്രാഥമിക ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ഇ.കെ. ഇമ്പിച്ചി ബാവ, കെ. ദാമോദരൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തിയ ഉജ്ജ്വല പോരാട്ടങ്ങൾ ഇവിടെ പ്രത്യേകം സ്മരണീയമാണ്. പൊന്നാനി പി.സി.സി. സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ശങ്കുണ്ണി നായരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ഈശ്വരമംഗലം ഓയിൽ മിൽ നല്ല നിലയിൽ നടന്നിരുന്നുവെങ്കിലും ഇന്ന് അതിന്റെ പ്രവർത്തനം നാമമാത്രമാണ്.

നമ്മുടെ പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ചെറുകിട വ്യവസായമേഖലയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന 77 ചെറുകിട വ്യവസായ യൂണിറ്റുകളും മൂന്ന് കയർ വ്യവസായസഹകരണ സംഘങ്ങളുമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ തൊഴിലെടുത്ത് ജീവിക്കുന്ന 8234 അംഗങ്ങളിൽ 563 ആളുകൾ വിവിധ വ്യവസായമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ഇവരിൽ 280 പുരുഷൻമാരും 283 സ്ത്രീകളും ഉൾപ്പെടുന്നു. ഇത് മറ്റു മേഖലകളെ അപേക്ഷിച്ച് വളരെ കുറവാണ് (6.83%).

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക 1 –ൽ. ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക 2–ൽ. വ്യവസായ സഹകരണസംഘങ്ങൾ പട്ടിക 3–ൽ. ആരംഭിക്കാവുന്ന വ്യവസായങ്ങൾ പട്ടിക 4–ൽ.

ചെറുകിട വ്യവസായമേഖല നാളികേരം, കയർ, മരം, കളിമണ്ണ്, മുള എന്നീ അസംസ്കൃത സാധനങ്ങളെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഭൂരിപക്ഷം യൂണിറ്റുകളും കാർഷികമേഖലയേയും എഞ്ചിനീയറിംഗ് വ്യവസായത്തേയും ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽ പന്ത്രണ്ടു ലക്ഷത്തോളം നാളികേരം ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ നാല് ഓയിൽ മില്ലുകളിലായി മൊത്തം ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 18% മാത്രമേ വെളിച്ചെണ്ണയാക്കി മാറ്റപ്പെടുന്നുള്ളു.

നാഫെഡിനുവേണ്ടി കേരാഫെഡ് സംഭരിക്കുന്ന കൊപ്ര വൻകിട വ്യവസായികൾക്കുമാത്രം അനുവദിക്കുന്നതിനാൽ ഈ പഞ്ചായത്തിലെ ചെറുകിട മില്ലുകാർക്ക് ആവശ്യമായ കൊപ്ര ലഭ്യമാകാതെവരികയും തൻമൂലം പ്രവർത്തനമാന്ദ്യം നേരിടുകയും ചെയ്യുന്നു. ഉൽപ്പാദിപ്പി

ക്കപ്പെടുന്ന നാളികേരത്തിന്റെ തൊണ്ട് 75%വും ഇന്ധനാവശ്യത്തിനുമാത്രമായാണ് ഉപയോഗിക്കപ്പെടുന്നത്. ബാക്കി വരുന്ന തൊണ്ട് നാടൻ രീതിയിൽ പൂഴ്ത്തി ഫൈബർ ആക്കി മാറ്റി കയറ്റി അയക്കപ്പെടുന്ന ഒരു അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. അതുകൊണ്ട് കേവലം 10% തൊണ്ട് മാത്രമാണ് ഇവിടെ വെച്ച് കയറാക്കി മാറ്റപ്പെടുന്നത്. ഈഴുവത്തിരുത്തി പഞ്ചായത്തിലെ കയർ വ്യവസായമേഖല പരിപൂർണ്ണമായും പരമ്പരാഗതരീതിയിലാണ് പ്രവർത്തിക്കുന്നത്. വൈവിധ്യവൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും അഭാവം ഈ രംഗത്തെ തളർത്തുന്നു.

## പ്രശ്നങ്ങൾ

പടിഞ്ഞാറ് പൊന്നാനി മുനിസിപ്പാലിറ്റിയും വടക്കുപടിഞ്ഞാറായി ഭാരതപ്പുഴ, തെക്ക് ബിയ്യം കായൽ എന്നിവയാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തുകൂടിയാണ് തീരദേശ ഹൈവേ ആയ N.H. 17 കടന്നുപോകുന്നത്. കൊളോണിയൽ നുഴഞ്ഞു കയറ്റത്തിന്റെ ഭാഗമായി വിഭവങ്ങൾ കടത്തിക്കൊണ്ടു പോകുക എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടി നിർമ്മിക്കപ്പെട്ട പാലക്കാട് - പൊന്നാനി റോഡ്, പൊന്നാനി-ഗുരുവായൂർ റോഡ് എന്നിവയും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. വ്യവസായ പശ്ചാത്തല സൗകര്യമായ ഗതാഗതം വേണ്ടത്രയുണ്ടെങ്കിലും വൈദ്യുതിയുടെ അപര്യാപ്തത ഒരു തീരാശാപമായി നിലനിൽക്കുന്നു.

14 ച.കി.മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 4753 വീടുകളിലായി 30752 ജനങ്ങൾ അധിവസിക്കുന്നു. ഇവരിൽ 1231 ആളുകൾ വിദേശത്ത് ജോലി ചെയ്യുന്നതിനാലും, ഉയർന്ന സാക്ഷരത, ഉയർന്ന വിദ്യാഭ്യാസനിലവാരം, ഉയർന്ന ജീവിതനിലവാരം എന്നിവയുടെ ഫലമായി ഉപഭോഗ സംസ്കാരത്തിന്റെ ഒരു വിപണനകേന്ദ്രമായി ഈ പഞ്ചായത്ത് മാറിയിരിക്കുന്നു. കൂടാതെ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയും കൂടിയാണ് ഈ പ്രദേശം. എന്നിരുന്നാലും ഉപഭോഗവസ്തുക്കളോ നിത്യോപയോഗ വ്യവസായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കി വിൽപന നടത്തുന്ന ഒരു യൂണിറ്റ്പോലും നമ്മുടെ പഞ്ചായത്തിലില്ല എന്നുള്ളത് വളരെ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. ആധുനിക സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടിയവർ ഈ പഞ്ചായത്തിലുണ്ടെങ്കിലും അവരുടെ കഴിവുകൾ ഇവിടെതന്നെ പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യവസായവളർച്ചയ്ക്കാവശ്യമായ ഗതാഗതം, മാനുഷിക വിഭവസമ്പത്ത്, സാങ്കേതിക വൈദഗ്ധ്യം നേടിയവർ, അസംസ്കൃത വസ്തുക്കൾ, ഉയർന്ന വിദ്യാഭ്യാസനിലവാരം എന്നീ അനുകൂലഘടകങ്ങൾ ഉണ്ടായിട്ടും അവ വേണ്ട രീതിയിൽ വിനിയോഗിച്ച് വ്യവസായവികസനം ത്വരിതപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. താഴെ പറയുന്ന കാര്യങ്ങളാണ് ഇതിന് കാരണമായിട്ടുള്ളത്.

(1) വൈദ്യുതിയുടെ അപര്യാപ്തത.
(2) വ്യവസായ സംരംഭകത്വത്തിന്റെ അഭാവം.
(3) വ്യവസായ ഉൽപ്പാദനസാദ്ധ്യതകളെക്കുറിച്ചുള്ള അജ്ഞത.
(4) മുഖ്യവിളയായ നാളികേരവും, ഉപോൽപ്പന്നങ്ങളായ ചിരട്ട, തൊണ്ട് എന്നിവയും വ്യവസായ രംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല.
(5) കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പരാജയം.
(6) മറ്റു വ്യവസായ സഹകരണ സംഘങ്ങളുടെ അപര്യാപ്തത.
(7) മൂലധനത്തിന്റെ അപര്യാപ്തത.
(8) പശ്ചാത്തലസൗകര്യങ്ങളിൽ ഊർജ്ജത്തിന്റെ കുറവ്.
(9) ഭൂമിയുടെ അമിതമായ വില
(10) വിപണനപ്രശ്നങ്ങൾ
(11) മാർഗ്ഗനിർദ്ദേശങ്ങളുടെക്കുറവ്
(12) വനിതകളുടെ തൊഴിലവസര കുറവ്.
(13) കയർ, ബീഡി, കളിമൺപാത്ര നിർമ്മാണം, കൊട്ട നെയ്ത്ത് എന്നീ മേഖലകളിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി.
(14) പരമ്പരാഗത വ്യവസായങ്ങളിലെ ആധുനികവൽക്കരണത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റെയും അഭാവം.
(15) ഇൻഡസ്ട്രിയൽ ഇൻഫർമേഷൻ സെന്ററിന്റെ കുറവ്.
(16) വ്യവസായ മേഖലയിൽ മുതൽമുടക്ക് നടത്തിക്കുന്ന പ്രേരകശക്തിയുടെ അഭാവം.

## സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ 2321 ആളുകൾ വിദേശത്ത് ജോലി ചെയ്യുന്നു. ഗൾഫ് പണത്തെ ആശ്രയിച്ചാണ് ഭൂരിഭാഗം ജനങ്ങളും ഇവിടെ ജീവിക്കുന്നത്. എങ്കിലും N.R.I. നിക്ഷേപം ഉപയോഗപ്പെടുത്തി വ്യവസായം ആരംഭിക്കുവാൻ ധാരാളം വ്യവസായസാധ്യതകളുള്ള ഇവിടെ നമുക്ക് കഴിഞ്ഞിട്ടില്ല. ഗൾഫ്കാർക്കിടയിൽ ബോധവൽക്കരണം നടത്തി അവർക്കാവശ്യമുള്ള മാർഗ്ഗനിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നൽകി വ്യവസായസംരംഭകരാക്കി മാറ്റുകയാണെങ്കിൽ വ്യവസായരംഗത്ത് വൻ കുതിച്ചുചാട്ടം നടത്താൻ കഴിയും.

## കയർവ്യവസായം

പരമ്പരാഗത വ്യവസായമേഖലയിൽ ജോലി ചെയ്യുന്നവരിൽ അധികവും കയർ മേഖലയിലാണ്. 1988-ലെ സർവ്വെ പ്രകാരം പഞ്ചായത്തിൽ 1007 കയർ തൊഴിലാളികളുണ്ടെ

ങ്കിലും ഇവരിൽ 221 പേർക്കു മാത്രമേ കയർ മേഖലയിൽ നിലവിൽ തൊഴിൽ നൽകാൻ കഴിയുന്നുള്ളു. ഇതിൽ മൂന്ന് കയർ വ്യവസായ സഹകരണ സംഘങ്ങളിലായി 40 പേരും സ്വകാര്യമേഖലയിൽ 181 പേരുമാണ് ജോലി ചെയ്യുന്നത്. പ്രധാനമായും സ്ത്രീത്തൊഴിലാളികളാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്നത്. കെടുകാര്യസ്ഥതമൂലം പ്രവർത്തന രഹിതമായിക്കിടക്കുന്ന ഈശ്വരമംഗലം കയർ വ്യവസായ സഹകരണ സംഘം, ഈഴുവത്തിരുത്തി കയർ വ്യവസായ സഹകരണസംഘം എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വകരിക്കേണ്ടതാണ്. കടവനാട്ട് കയർ വ്യവസായ സഹകരണസംഘം, ഈശ്വരമംഗലം കയർ വ്യവസായ സഹകരണസംഘം, ഈഴുവത്തിരുത്തി കയർ വ്യവസായ സഹകരണസംഘം എന്നിവയിൽ യന്ത്രവൽകൃത കയർ പിരി യൂണിറ്റ് (100 റാട്ടുകൾ വീതം) ആരംഭിച്ച് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്. കൂടാതെ കയർമേഖലയിൽ സഹകരണ രംഗത്തിനു പുറത്തുള്ളവരിൽ 100 പേർക്ക് യന്ത്രവൽകൃത കയർ പരി റാട്ട് നൽകുന്നതിനും അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനും സാമ്പത്തികസഹായം നൽകി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും.

## കൊപ്ര ഡ്രയർ യൂണിറ്റ്

പഞ്ചായത്തിലെ മുഖ്യവിള തേങ്ങയാണെങ്കിലും, തേങ്ങയിൽനിന്നും വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന 4 ഓയിൽ മില്ലുകളൊഴികെ മറ്റു അനുബന്ധ വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ല. ഓയിൽ മിൽ വ്യവസായരംഗത്തും സാധ്യതകൾ മുഴുവൻതന്നെ ഉപയോഗപ്പെടുത്തുന്നുമില്ല. ചിരട്ട, ചകിരി മുതലായവ വ്യവസായരംഗത്ത് ഉപയോഗപ്പെടുത്താൻ പഞ്ചായത്തിൽ കഴിഞ്ഞിട്ടില്ല. നാളികേര കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുമായി പഞ്ചായത്തിൽ റി.സ. 1-ൽ സ്ഥിതി ചെയ്യുന്ന 15 ഏക്കർ പുറമ്പോക്ക് ഭൂമിയിൽ ഒരു ഭാഗത്ത് ഒരു കൊപ്ര ഡ്രയർ യൂണിറ്റെങ്കിലും സ്ഥാപിക്കാവുന്നതാണ്.

## ഖാദിമേഖല

ഖാദി മേഖലയിൽ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു എണ്ണയാട്ട് മില്ല് മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. മനുഷ്യവിഭവശേഷി ധാരാളമുണ്ടായിട്ടും വികസനത്തിന്റെ വിത്തുപോലും പാകാത്ത മേഖലയാണിത്. ഈ മേഖലയിൽ ഈശ്വരമംഗലം, കോട്ടത്തറ, ചെറുവായ്ക്കര പോലുള്ള പ്രദേശങ്ങളിൽ നൂൽ നൂൽപ്പ് കേന്ദ്രങ്ങൾ സ്ഥാപിച്ച് സാമൂഹ്യശ്രേണിയിൽ മുന്നിലാണെങ്കിലും സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന ഒരു പാട് കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഖാദി ബോർഡിന്റെ കീഴിൽ തേനീച്ച വളർത്തൽ, കരകൗശലവസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

## കളിമൺപാത്ര വ്യവസായം

കളിമൺപാത്ര വ്യവസായരംഗത്ത് വൈദഗ്ധ്യമുള്ള 22 കുടുംബങ്ങളിലായി 57 പുരുഷൻമാരും 45 സ്ത്രീകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ രംഗത്ത് കളിമൺപാത്ര വ്യവസായ സഹകരണസംഘം നിലവിലുണ്ടെങ്കിലും ഇപ്പോൾ തീർത്തും പ്രവർത്തന രഹിതമാണ്. മറ്റു മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ജീവിതം തികച്ചും ദുരിതപൂർണ്ണമാണ്. സാമൂഹ്യ വിദ്യാഭ്യാസ സാമ്പത്തിക മേഖലകളിൽ ഏറെ പിന്നണിയിൽ നിൽക്കുന്ന ഇവരെ മുന്നോട്ടു കൊണ്ടുവരേണ്ടത് സാമൂഹ്യ ബാധ്യതയായിത്തന്നെ കരുതേണ്ടതാണ്. ഇതിനായി പുതുതായി ഒരു സഹകരണ സംഘം രൂപീകരിക്കുകയും യന്ത്രസാങ്കേതികസഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക. ഉൽപ്പന്നങ്ങളിൽ പൂച്ചെട്ടി, കരകൗശലവസ്തുക്കൾ, കെട്ടിടനിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്ന അലങ്കാര വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകി വൈവിധ്യവൽക്കരിക്കുകയും ചെയ്യേണ്ടതാണ്.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ഈഴവത്തിരുത്തി പഞ്ചായത്തിൽ ഭൂമിയുടെ വില അമിതമായതിനാലും സ്ഥലലഭ്യത കുറവായതിനാലും ഈശ്വരമംഗലത്ത് C.I.T.U. റോഡു മുതൽ ചമ്രവട്ടം പ്രൊജക്ട് ഡിവിഷൻ വരെയുള്ള സ്ഥലം R.S.No. 1-ൽ (പ്ലാൻ – പട്ടിക5-ൽ) പെട്ട ഏകദേശം 15 ഏക്കറോളം പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാവുന്നതാണ്. ടി.ഭൂമിയിൽ ഇപ്പോൾ കുടിയേറ്റക്കാരായവരെ ഒരു വശത്തേക്ക് നീക്കി 2 ഏക്കർ സ്ഥലത്ത് താമസിപ്പിക്കാവുന്നതും ബാക്കി സ്ഥലം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഉപയോഗിക്കാവുന്നതുമാണ്. ടി.സ്ഥലത്തെ വ്യവസായ പശ്ചാത്തല സൗകര്യങ്ങളായ ഊർജ്ജം, റോഡ്, വെള്ളം എന്നിവ ലഭ്യമാക്കിയാൽ ധാരാളം വ്യവസായസംരംഭകരെ ആകർഷിക്കാവുന്നതും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്.

## ടൂറിസം വികസനം

ടൂറിസം വികസനരംഗത്ത് വൻ സാധ്യതകളുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്റെ വടക്കുപടി

ഞ്ഞാറുള്ള ഭാരതപ്പുഴയും തെക്കുഭാഗത്തു ബിയ്യം കായലും ടൂറിസ വികസനം നടത്താവുന്ന പ്രദേശങ്ങളാണ്. ബിയ്യം കായൽ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രവർത്തനപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പുതുപൊന്നാനി മുതൽ ബിയ്യം വരെ ബോട്ട് സർവ്വീസ് ആരംഭിച്ച് ഉൾനാടൻ വിനോദസഞ്ചാരം വികസിപ്പിക്കാൻ കഴിയും. ബിയ്യത്ത് ഒരു K.T.D.C.യുടെ റിസോർട്ട് സ്ഥാപിച്ച് അതിന്റെ കീഴിൽ റോയിംഗ് ബോട്ടുകൾ, യന്ത്രവൽകൃതവെള്ളങ്ങൾ, ഫ്ളോട്ടിംഗ് ഹോട്ടൽ എന്നിവ ഏർപ്പെടുത്തിയാൽ ടൂറിസം വികസനരംഗത്ത് വൻകുതിച്ചുചാട്ടംതന്നെ നടത്താൻ കഴിയും. എല്ലാ വർഷവും ഓണം അവിട്ടം നാളിൽ പുളിക്ക കടവു മുതൽ ബിയ്യം വരെ നടത്താറുള്ള വള്ളംകളിമത്സരം ടൂറിസം പ്രമോഷൻ കൗൺസിൽ ഏറ്റെടുത്ത് വിപുലമായ രീതിയിൽ സംഘടിപ്പിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാവുന്നതാണ്. ടൂറിസം വികസനത്തിലൂടെ ധാരാളം ജോലിസാധ്യതകൾ പ്രദാനംചെയ്യാൻ കഴിയും. കടവനാട് പ്രദേശം വികസിപ്പിച്ചെടുത്ത് ടൂറിസം കേന്ദ്രമാക്കി മാറ്റാവുന്നതാണ്.

## വൈദ്യുതി ഉൽപാദനവും വിതരണവും

വൈദ്യുതക്ഷാമമാണ് നമ്മുടെ പഞ്ചായത്തിലെ വ്യവസായവികസനത്തിന് ഏറ്റവും തടസ്സമായി നിൽക്കുന്നത്. ആവശ്യാനുസരണമുള്ള വൈദ്യുതി ലഭ്യതയിലൂടെ മാത്രമേ വ്യവസായവികസനം സാധ്യമാകൂ. ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി എത്തിനോട്ടം നടത്തിയിട്ടുണ്ടെങ്കിലും ഇടക്കിടക്ക് വൈദ്യുതി വിതരണം സ്തംഭിക്കുന്നതും കടുത്ത വോൾട്ടേജ് ക്ഷാമവും നമ്മുടെ പഞ്ചായത്തിന്റെ തീരാശാപമാണ്. നമ്മുടെ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് 110 K.V.യുള്ള എടപ്പാൾ സബ്സ്റ്റേഷനിൽ നിന്നാണ്. അതിന്റെ വിതരണ പരിധി വളരെ കൂടുതലായതിനാൽ പഞ്ചായത്തിൽ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും വളരെ രൂക്ഷമാണ്. ഇതിനു പരിഹാരമായി ഈഴുവത്തിരുത്തി പഞ്ചായത്തിൽ സ്ഥലം അക്വയർ ചെയ്ത് പ്രവർത്തനം ആരംഭിച്ച 110 K.V. സബ്സ്റ്റേഷന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതാണ്.

സൗര ഊർജ്ജം, ജൈവ ഊർജ്ജം എന്നിവയുടെ സാധ്യതകൾ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

## നാളികേര - വ്യവസായ സാധ്യതകൾ

വെളിച്ചെണ്ണ സംസ്കരണത്തിനു പുറമേ നാളികേരത്തിൽനിന്നും നിരവധി ഭക്ഷ്യ - ഭക്ഷ്യേതര വ്യാവസായികോൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും. നാളികേരത്തിൽനിന്നും തേങ്ങാപ്പാൽ, തേങ്ങാ പൗഡറും ക്രീമും, തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ, ബിസ്ക്കറ്റ്, മിഠായി, ചമ്മന്തി പ്പൊടി തുടങ്ങിയ ഭക്ഷ്യവസ്തുക്കളും ചിരട്ട കൊണ്ട് പ്ലൈവുഡ്, ഐസ്ക്രീം കപ്പ്, കയിൽ സ്പൂൺ, ഫേസ് പൗഡർ, മോതിരം, വള, മറ്റു കരകൗശല വസ്തുക്കൾ എന്നിവയും ചകരി ഉപയോഗിച്ച് കയർ, റബ്ബറൈസ്ഡ് മാറ്റ്, സോഫ, ചവുട്ടി, പരവതാനി എന്നിവയും ഉണ്ടാക്കാവുന്നതാണ്. കൂടാതെ തെങ്ങിൻ തടി ഉപയോഗിച്ച് ഫർണീച്ചർ, കരകൗശലവസ്തുക്കൾ എന്നിവയും നിർമ്മിക്കാവുന്നതാണ്. ചകിരിച്ചോറിൽനിന്നും ജൈവവളം നിർമ്മിക്കാം. ഈ രംഗത്ത് വ്യവസായസംരംഭങ്ങൾ ആരംഭിക്കുകയാണെങ്കിൽ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനും വ്യവസായപുരോഗതിക്കും ഉതകുന്നതാണ്.

## ബീഡി വ്യവസായം

1970കൾ വരെ ഈഴുവത്തിരുത്തി പഞ്ചായത്തിലെ ബീഡി വ്യവസായം സജീവമായിരുന്നു. വൻ കിട ബീഡി നിർമ്മാണ കമ്പനികളുടെ വരവോടുകൂടിയാണ് ബീഡി വ്യവസാരംഗത്ത് മാന്ദ്യം അനുഭവപ്പെട്ടത്. ഈ രംഗത്ത് വിദഗ്ദ്ധരായ തൊഴിലാളികൾ ധാരാളമുണ്ടെങ്കിലും കൂലിക്കുറവിന്റെ ഫലമായി അവർ മറ്റു മേഖലകളിലേക്ക് ചേക്കേറുകയാണുണ്ടായത്. എങ്കിലും 100 ഓളം വിദഗ്ദ്ധരായ തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. രണ്ട് ചെറുകിട ബീഡി കമ്പനികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എടപ്പാൾ-പീസ് ബീഡി സഹകരണ സംഘത്തിന്റെ കീഴിൽ പഞ്ചായത്തിൽ മൂന്ന് ബീഡി തെറുപ്പ് യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

## എഞ്ചിനീയറിംഗ് വ്യവസായം

ഈഴുവത്തിരുത്തി പഞ്ചായത്തിൽ 18 എഞ്ചിനീയറിംഗ് വ്യവസായ യൂണിറ്റുകളിലായി 56 പേർ തൊഴിലെടുക്കുന്നു. ഈ യൂണിറ്റുകൾ കേന്ദ്രീകൃതമായ രൂപത്തിൽ മാറ്റി സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഓട്ടോമോബൈൽ, എഞ്ചിനീയറിംഗ് വ്യവസായങ്ങൾ കൂടുതൽ സാധ്യതയുള്ളതും തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായിരിക്കും.

## മരവ്യവസായം

ഇന്ന് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് മരമില്ലുകളിലും 8 ചെറുകിട ഫർണീച്ചർ നിർമ്മാണ യൂണിറ്റുകളിലുമായി 28 പേർ മരവ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. മരം ലഭിക്കുന്നതിനുള്ള പ്രയാസമാണ് ഈ വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രതിബന്ധം. ഈ വ്യവസായത്തിനാവശ്യമായ മരം ലഭ്യമാക്കിക്കൊണ്ടും

ഫർണീച്ചർ നിർമ്മാണ യൂണിറ്റുകളിൽ തെങ്ങ് ഉപയോഗിച്ചുള്ള ഫർണീച്ചർ നിർമ്മിച്ചുകൊണ്ടും യന്ത്രങ്ങൾ ഉപയോഗിച്ചും ഈ മേഖലയെ പരിപോഷിപ്പിച്ച് കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് ആകർഷിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും.

## ആധുനിക വ്യവസായങ്ങൾ

21-ാം നൂറ്റാണ്ടിലേക്കുള്ള കാൽവെപ്പിൽ ആധുനിക ഇലക്ട്രോണിക് വ്യവസായത്തിന് ഗണ്യമായ സ്ഥാനമാണുള്ളത്. ഈ രംഗത്ത് സാങ്കേതികവൈദഗ്ദ്ധ്യം നേടിയവർ ധാരാളമുള്ള പഞ്ചായത്താണിത്. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം, സ്റ്റെബിലൈസർ നിർമ്മാണം, ട്യൂബ് നിർമ്മാണം, കണ്ടൻസർ നിർമ്മാണം, കമ്പ്യൂട്ടർ ഡിസ്ക്, പ്രോഗ്രാമുകൾ, റീ ചാർജ്ജബിൾ ബാറ്ററി നിർമ്മാണം, ഫ്രിഡ്ജ് അസംബ്ലിംഗ് പോലുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിച്ച് സാങ്കേതികവിദഗ്ദ്ധരുടെ കഴിവുകൾ പ്രയോജനപ്പെടുത്തി വനിതകളടക്കമുള്ളവർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും.

## മറ്റു പരമ്പരാഗത വ്യവസായങ്ങൾ

കൊട്ട നെയ്ത്ത്, പായ നെയ്ത്ത് എന്നിവയാണ് നിലവിലുള്ള മറ്റു പരമ്പരാഗത വ്യവസായങ്ങൾ. ഈ മേഖലയിൽ 62 കുടുംബങ്ങളിലായി 150 പേർ തൊഴിലെടുക്കുന്നു. മുള, ഓല തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളുടെ വില വർദ്ധനവും ഇടത്തട്ടുകാരുടെ ചൂഷണവും ഇവരുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നു. ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സഹകരണസംഘം രൂപീകരിച്ച് അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കി. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്ന രീതി ഉണ്ടാക്കിയെടുക്കാവുന്നതാണ്.

## മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ആധുനിക പുഴുങ്ങല്ലരി യൂണിറ്റ്
2. ഗാർമെന്റ് യൂണിറ്റ്
3. ഹോളോ ബ്രിക്സ് നിർമ്മാണം
4. പ്ലാസ്റ്റിക് മോൾഡിംഗ്
5. പപ്പടനിർമ്മാണം
6. മനുഷ്യവിഭവമുപയോഗിച്ചുള്ള മെറ്റൽ നിർമ്മാണ യൂണിറ്റ്.
7. പേൾ കൊണ്ടുള്ള മാലകൾ, കരകൗശല വസ്തുക്കൾ
8. പേപ്പർ കവർ നിർമ്മാണം, ബുക്ക് ബൈന്റിംഗ്
9. ടർപന്റയിൻ നിർമ്മാണം
10. ക്ലീനിംഗ് പൗഡർ, അലക്ക് സോപ്പ് നിർമ്മാണം
11. ഇലക്ട്രോണിക്ക് ഉൽപ്പന്നങ്ങൾ
12. ചകിരിച്ചോറിൽനിന്നും ജൈവവളനിർമ്മാണം
13. പഴസംസ്കരണം.
14. അച്ചാർ നിർമ്മാണം
15. തേങ്ങാവെള്ളത്തിൽനിന്നും ശീതളപാനീയം
16. അടയ്ക്കസംസ്കരണം
17. കാർഡ് ബോർഡ് നിർമ്മാണം
18. തവിടിൽനിന്ന് ഓയിൽ നിർമ്മാണം
19. നീറ്റുകക്ക ഉപയോഗിച്ച് പൗഡർ നിർമ്മാണം
20. ചിപ്സ് നിർമ്മാണം, മിഠായി, ബിസ്ക്കറ്റ് നിർമ്മാണം
21. ചെമ്മീൻ പൊടി, ചെമ്മീൻ അച്ചാർ.
22. ഹോസിയറി ഫാക്ടറി.
23. പെയ്ന്റ് നിർമ്മാണം
24. ഇരുമ്പാണി നിർമ്മാണം
25. ഫർണീച്ചർ നിർമ്മാണം
26. കോൺക്രീറ്റ് കട്ട നിർമ്മാണം.
27. ഇഷ്ടിക നിർമ്മാണം

## നിർദ്ദേശങ്ങൾ

(1) ഈഴവത്തിരുത്തി, ഈശ്വരമംഗലം, കടവനാട് എന്നീ കയർ സഹ. സംഘങ്ങളിൽ യന്ത്രവൽകൃത ചൂടി നിർമ്മാണം ആരംഭിക്കണം.

(ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ - കയർ ബോർഡ്-കൊച്ചി, കയർ ബോർഡ്-ആലപ്പുഴ, കയർ പ്രൊജക്ട് ആഫീസ്-പൊന്നാനി)

(2) നവീന രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം ഏർപ്പെടുത്തി കയർ സംഘങ്ങൾക്കാവശ്യമായ തൊണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തുകയും ചകിരിച്ചോറിൽനിന്ന് ജൈവവളം നിർമ്മിക്കുന്നതോടൊപ്പം പരിസരം മലിനീകരണം തടയുകയും ചെയ്യുക.

(1 - ലെ സൂചന)

(3) കയർ വ്യവസായ സഹകരണ സംഘങ്ങളുടെ ആസ്തികൾക്ക് ബുക്ക് വാല്യു (ഭൂമി, കെട്ടിടം മുതലായവക്ക്) ആണ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരവും സമാപന കണക്ക് പ്രകാരവും കാണിക്കുന്നത്. ഇത് മൂലം സംഘങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം അനുഭവപ്പെടുന്നു. ഗവർമ്മെണ്ട് ഉത്തരവ് മുഖേന ആസ്തകൾക്ക് മാർക്കറ്റ് വില കാണിച്ചാലുണ്ടാകുന്ന മൂലധന ലാഭം മുഖേന നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങളുടെ നഷ്ടം ലഘൂകരിക്കുന്നതിനും അതുവഴി ധനകാര്യസ്ഥാപനങ്ങളിൽ നിന്നു സാമ്പത്തികസഹായം നേടിയെടുത്ത് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും കഴിയും.

(4) പഞ്ചായത്തിൽ വ്യവസായ സംരംഭകരായി വരാൻ സാദ്ധ്യതയുള്ളവരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കുകയും അതിൽ

നിന്ന് വ്യവസായ സംരംഭകത്വ വികസന പരിപാടി മുഖേന വിദഗ്ദ്ധപരിശീലനം നൽകുകയും ചെയ്യുക.

(ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ)

(1) ജില്ലാ വ്യവസായ കേന്ദ്രം - മലപ്പുറം

(2) Central Food Technology Research - Institute, Mysore

(3) Kerala Industries Development Corporation

(4) Coir Board - Cochin

(5) Coir Fed - Alappuzha

(6) Project Office (Coir) Ponnani

(7) Sted Project Office - Kozhikode

(8) Regional Engineering College - E.D.P. Cell, Kozhikode.

(9) Small Industries service Institute, Trichur.

(10) Enterprener - ship Development Institute of India, Ahammadabad.

(5) ഗൾഫുകാരെ വ്യവസായരംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

(6) പാരമ്പര്യ വ്യവസായങ്ങളെ ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാകണം.

(7) പഞ്ചായത്ത് തലത്തിൽ ഒരു സർവ്വേ നടത്തി പഞ്ചായത്തിൽ സ്ഥാപിക്കാൻ കഴിയുന്ന വ്യവസായങ്ങളെ സംബന്ധിച്ച് ഒരു ലിസ്റ്റ് ഉണ്ടാക്കുക.

(8) ആധുനിക ശാസ്ത്ര - സാങ്കേതിക വിദ്യകൾ ലഭ്യമാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുകയും സ്വയം തൊഴിൽ പദ്ധതികളിലൂടെ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്യുക.

(9) പഞ്ചായത്ത് തലത്തിൽ ഒരു ബാങ്കിംഗ് അവലോകന കമ്മറ്റിയുണ്ടാക്കുകയും പഞ്ചായത്ത് ഏരിയയിൽ പ്രവർത്തിക്കുന്ന ബാങ്കുകളുമായി വ്യവസായ സംരംഭകരെ ബന്ധിപ്പിക്കുകയും ചെയ്യുക.

(10) പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, വ്യവസായ പ്രദർശനം എന്നിവ നടത്തുക.

(11) പഞ്ചായത്ത് തലത്തിൽ ഒരു വ്യവസായ ഇൻഫർമേഷൻ സെന്റർ ആരംഭിക്കുകയും സർക്കാരിൽ നിന്നും ഇതര ഏജൻസികളിൽനിന്നും ലഭിക്കുന്ന സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങളെക്കുറിച്ച് വ്യവസായ സംരംഭകർക്ക് അറിവുണ്ടാക്കുകയും ചെയ്യുക. വ്യവസായ സംരംഭകർക്ക് ആധുനിക മാനേജ്മെന്റിൽ ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമപ്രകാരം നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ വ്യവസായ വികസനരംഗത്ത് ഒരു വൻ കുതിച്ചുചാട്ടംതന്നെ നടത്താൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളും ചെറുകിട വ്യവസായികോൽപ്പന്നങ്ങളും ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിനും അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും തൊഴിലില്ലായ്മ ഒരു പരിധി വരെ തടഞ്ഞു നിർത്തുന്നതിനും, അനുബന്ധ മേഖലകളുടെ വികാസത്തിനും ഉതകും എന്നത് നിസ്തർക്കമായ ഒരു വസ്തുതയാണ്. തദ്വാരാ ജനങ്ങളുടെ സാമൂഹ്യ സംഘർഷാവസ്ഥക്ക് ഒരളവോളം തടയിടുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും. ഇങ്ങനെ ജനകീയാസൂത്രണം പരിപാടിയിലൂടെ ഉരുത്തിരിഞ്ഞുവന്ന വികസനകാഴ്ചപ്പാട് സാക്ഷാൽകരിക്കുന്നതിനും കഴിയും. ഇത് ജനങ്ങളുടെ വികസനകാഴ്ചപ്പാടിന് മാറ്റം വരുത്തുന്നതിനും രാജ്യപുരോഗതിക്കും കാരണമായിത്തീരും.

58

## പട്ടിക -1

## നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു. | സ്ത്രീ. | ആകെ | |
| 1 | കയർ (സഹകരണ മേഖല) | 5 | 35 | 40 | 7.10 |
| 2 | കയർ (സ്വകാര്യ മേഖല) | 32 | 149 | 181 | 32.14 |
| 3 | പരമ്പരാഗത കുടിൽവ്യവസായം | | | | |
| | (a) മൺപാത്ര നിർമ്മാണം | 57 | 45 | 102 | 18.11 |
| | (b) കൊട്ട നെയ്ത്ത് | 16 | 13 | 29 | 5.15 |
| | (c) ബീഡി | 6 | 29 | 35 | 6.21 |
| 4 | ചെറുകിട വ്യവസായങ്ങൾ | 128 | 10 | 138 | 24.51 |
| 5 | മരവ്യവസായം | 28 | – | 28 | 4.97 |
| 6 | മറ്റു വ്യവസായങ്ങൾ | 8 | 2 | 10 | 1.77 |
| | ആകെ | 280 | 283 | 563 | 100.00 |

അവലംബം – സെക്കണ്ടറി ഡാറ്റാ – ഗ്രാമ പഞ്ചായത്ത് രേഖ

# പട്ടിക –2

## ചെറുകിട വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ. | ആകെ |
| 1 | കയർ | 30 | 32 | 69 | 101 |
| 2 | നാളികേരം (വെളിച്ചെണ്ണ) | 4 | 8 | – | 8 |
| 3 | തടി | 10 | 28 | – | 28 |
| 4 | എഞ്ചിനീയറിംഗ് | 18 | 56 | – | 56 |
| 5 | ഖാദി മേഖല | 1 | 1 | – | 1 |
| 6 | ഭക്ഷ്യ സംസ്കരണം | 8 | 8 | – | 8 |
| 7 | മറ്റുള്ളവ | 6 | 8 | 12 | 20 |
| | ആകെ | 77 | 141 | 81 | 222 |

അവലംബം - സെക്കണ്ടറി ഡാറ്റാ - ഗ്രാമ സഭാ ചർച്ച

# പട്ടിക – 3

## വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | ഇനം | മെമ്പർമാർ | പ്രവർത്തനം ആരംഭിച്ച വർഷം | തൊഴിലാളികളുടെ എണ്ണം | | | ലാഭം/ നഷ്ടം | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | ആകെ | | |
| 1 | ഈഴുവത്തിരുത്തി കയർ വ്യ.സ. സംഘം | 420 | 1958 | – | – | ഇല്ല | നഷ്ടം | മുതൽ പ്രവർത്തനം ഇല്ല |
| 2 | ഈശ്വരമംഗലം കയർ വ്യ.സ. സംഘം | 682 | 1958 | – | – | ഇല്ല | നഷ്ടം | മുതൽ പ്രവർത്തനം ഇല്ല |
| 3 | കടവനാട് കയർ വ്യ.സ. സംഘം | 598 | 1958 | 5 | 35 | 40 | നഷ്ടം | |
| 4 | വനിതാ ഗാർമെന്റ് സൊസൈറ്റി | – | 1993 | – | 12 | 12 | നഷ്ടം | |
| | ആകെ | | | 5 | 47 | 52 | | |

അവലംബം - സെക്കണ്ടറി ഡാറ്റാ

# പട്ടിക - 4
## ആരംഭിക്കാവുന്ന വ്യവസായങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ S.S.I. | 1. | നവീന രീതിയിലുള്ള തൊണ്ടഴുക്കൽ |
| | 2. | പച്ച തൊണ്ടിൽ നിന്നും ചകിരി നാര് |
| | 3. | ചകിരിച്ചോറിൽനിന്നും ജൈവവളം |
| | 4. | ഇലക്ട്രോണിക് ചോക്ക് |
| | 5. | ജനറൽ എഞ്ചിനീയറിംഗ് |
| | 6. | തേങ്ങാ വെള്ളത്തിൽനിന്നും ശീതള പാനീയങ്ങൾ |
| | 7. | വെളിച്ചെണ്ണ |
| | 8. | കാലിത്തീറ്റ |
| | 9. | പുഴുങ്ങല്ലരി മില്ല് |
| | 10. | തെങ്ങുകൊണ്ടുള്ള ഫർണീച്ചർ |
| | 11. | അച്ചാർ, മിഠായി, പഴ സംസ്ക്കരണം, ബിസ്ക്കറ്റ് |
| | 12. | മസാല പൊടികൾ, ധാന്യപൊടികൾ |
| | 13. | എഞ്ചിനീയറിംഗ് |
| | 14. | ഫ്രിഡ്ജ് അസംബ്ലിംഗ് |
| | 15. | തേങ്ങാ പാൽ, തേങ്ങാ പൗഡർ, ക്രീം |
| | 16. | ചിരട്ടകൊണ്ട് പ്ലൈവുഡ്, ചിരട്ട പൊടി |
| | 17. | ടർപന്റയിൻ ഓയിൽ, പെയ്ന്റ് |
| | 18. | ക്ലീനിംഗ് പൗഡർ, ഡിറ്റർജന്റ് |
| | 19. | അടയ്ക്ക സംസ്ക്കരണം |
| | 20. | റെഡിമെയ്ഡ് ഉടുപ്പുകൾ |
| | 21 | കക്ക ഉപയോഗിച്ചുള്ള വിവിധ വ്യവസായം |
| സഹകരണം | 1. | കൊപ്ര ഡ്രയർ യൂണിറ്റ് |
| | 2. | ബീഡി നിർമ്മാണം (വനിത) |
| | 3. | കുട, നോട്ടുബുക്ക് |
| | 4. | കറി പൗഡർ, ധാന്യ പൊടികൾ |
| | 5. | കരിങ്കല്ല് ഉടച്ച് മെറ്റലാക്കൽ |
| | 6. | സോപ്പുപൊടി നിർമ്മാണം |
| | 7. | കാലിത്തീറ്റ നിർമ്മാണം |

# 5-4
# വിദ്യാഭ്യാസം

ഏകദേശം ഒന്നര നൂറ്റാണ്ടുമുമ്പ് പടിഞ്ഞാറ് പൊന്നാനിയിൽ സൈനുദ്ദീൻ മഖ്ദൂമ്മാരുടെ നേതൃത്വത്തിൽ നടന്നിരുന്ന മതപഠനശാലയിലെ ഖുർ–ആൻ പാരായണത്തിന്റേയും വടക്ക് തവന്നൂർ ഓത്തന്മാർമഠത്തിൽനിന്ന് ഉയർന്നിരുന്ന മന്ത്രോച്ചാരണത്തിന്റേയും സമ്മിളിത മതസൗഹൃദ ശബ്ദസൗന്ദര്യമുള്ള ഒരു വിദ്യാഭ്യാസ സംസ്ക്കാരമാണ് നിളയോട് ചേർന്നുകിടക്കുന്ന ഈഴുവത്തിരുത്തിക്കുണ്ടായിരുന്നത്. ഭൗതിക വിദ്യാഭ്യാസത്തിന്റെ പ്രകാശം ഇവിടെ പരത്തവാനുള്ള ആദ്യശ്രമം തേടിപ്പോകുമ്പോൾ നാമെത്തിച്ചേരുക ഈശ്വരമംഗലത്ത് നടത്തിയിരുന്ന കുടിപ്പള്ളിക്കൂടത്തിലാണ്. 1880 നോടടുത്ത് ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം) സ്ഥാപിച്ച എലിമെന്ററി സ്കൂളാണ് ഈഴുവത്തിരുത്തിയിലെ ആദ്യത്തെ വിദ്യാലയം. ഇത് പഴയ പൊന്നാനി താലൂക്കിലെത്തന്നെ ആദ്യത്തെ വിദ്യാലയമാണ്. പിന്നീടത് യു.പി. സ്ക്കൂളാക്കി ഉയർത്തി. 1895ൽ നേറ്റീവ് മിഡിൽ സ്കൂൾ എന്ന പേരിൽ ആരംഭിച്ച വിദ്യാലയമാണ് അനേകം പ്രശസ്തർക്ക് രൂപം നൽകിയ ഇന്നത്തെ എ.വി.ഹൈസ്ക്കൂൾ. ഈ വിദ്യാലയം 1911–ൽ ഹിന്ദു സെക്കന്ററി സ്കൂൾ എന്ന പേരിലും 1918–ൽ ദി ഹൈസ്ക്കൂൾ പൊന്നാനി എന്ന പേരിലും 1935–ൽ എ.വി. ഹൈസ്ക്കൂൾ എന്ന പേരിലും അറിയപ്പെട്ടു. ആദ്യകാലത്ത് ഹരിഹരമംഗലത്ത് അച്ചുതവാരിയർ പ്രസിഡണ്ടായ 9 അംഗങ്ങളുള്ള ഒരു കമ്മിറ്റിയായിരുന്നു ഈ വിദ്യാലയത്തിലെ നടത്തിപ്പുകാർ. പിന്നീട് 1909–ൽ സ്ക്കൂളിന്റെ ചുമതല പൂർണ്ണമായും അച്ചുതവാരിയർ ഏറ്റെടുത്തു.

ഈ വിദ്യാലയത്തിൽ പഠിച്ച് പ്രശസ്തരായിത്തീർന്ന വ്യക്തികളെ ഈ അവസരത്തിൽ ഓർമ്മിക്കാതിരുന്നുകൂടാ. ബഹുമാന്യരായ മുൻ റിസർവ് ബാങ്ക് ഗവർണ്ണർ എസ്. ജഗന്നാഥൻ, മലബാർ കലക്ടറും പിന്നീട് കേരള ഗവർണ്ണരുടെ ഉപദേശകനുമായിരുന്ന N.E.S. രാഘവാചാരി, മദ്രാസ് ഹൈക്കോടതി ജഡ്ജിയായിരുന്ന കുഞ്ഞഹമ്മദുകുട്ടി ഹാജി, ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡന്റായിരുന്ന നുറുദ്ദീൻ സാഹിബ് എന്നിവരും പ്രസിദ്ധ സാഹിത്യകാരന്മാരായിരുന്നു. M. ഗോവിന്ദൻ, ഉറൂബ്, കടനവാട് കുട്ടികൃഷ്ണൻ, പ്രസിദ്ധ ചിത്രകാരനായിരുന്ന K.C.S. പണിക്കർ, ചിത്രകാരി ടി.കെ. പത്മിനി തുടങ്ങിയവരും ഇന്ന് ജീവിച്ചിരിക്കുന്ന പ്രശസ്തരായ C. രാധാകൃഷ്ണൻ, K.P. രാമനുണ്ണി, ഹരികുമാർ, ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ, ശ്രീ സേതുമാധവൻ ടി (ഓഡിറ്റർ, വേൾഡ് ബാങ്ക്, ഇന്ത്യൻ വിഭാഗം, ന്യൂയോർക്ക്), വ്യവസായ പ്രമുഖരായ ജ. കുട്ടിഹസ്സൻകുട്ടി, ശ്രീ. കൃഷ്ണദാസ് സേട്ടു തുടങ്ങിയവർ അവരിൽ ചിലരാണ്. കേരള ഗാന്ധി എന്നറിയപ്പെടുന്ന ശ്രീ. കെ.കേളപ്പൻ 1919–20 കാലത്ത് ഈ വിദ്യാലയത്തിലെ ഊർജതന്ത്രം അധ്യാപകനായിരുന്നു.

ആ കാലത്ത് ഈ ഹൈസ്കൂളിനു തൊട്ടടുത്ത മറ്റൊരു ഹൈസ്ക്കൂൾ കോഴിക്കോട്ടോ, ഒറ്റപ്പാലത്തോ തൃശൂരോ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഉന്നതവിദ്യാഭ്യാസം നേടണമെങ്കിൽ പാലക്കാട് വിക്ടോറിയ, തൃശൂർ സെന്റ് തോമാസ്, കോഴിക്കോട് സാമോറിൻസ് എന്നീ കോളേജുകളെ ആശ്രയിക്കണമായിരുന്നു. അതിനാൽ അപൂർവ്വം ഭാഗ്യവാന്മാർക്കേ ഉന്നതവിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ. ഈ അവസ്ഥക്ക് മാറ്റം വന്നത് 1968–ൽ പൊന്നാനിയിൽ M.E.S കോളേജ് ആരംഭിച്ചതോടെയാണ്. തൃശൂർ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലുണ്ടായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭൂതപൂർവ്വമായ വളർച്ച ഈഴുവത്തിരുത്തിയിൽ ഉണ്ടായില്ല എന്നത് ഈ അവസരത്തിൽ പറയാതിരുന്നുകൂടാ. I.T.I പോലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായില്ല എന്നതും ലജ്ജാകരംതന്നെ.

ഇനി നമുക്ക് മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ നോക്കാം. നേറ്റീവ് മിഡിൽ സ്കൂൾ ആരംഭിച്ച അതേ കാലഘട്ടത്തിൽതന്നെയാണ് ഈശ്വരമംഗലത്തുള്ള K.E.A.L.S ആരംഭിച്ചത്. 1892–ൽ പുഴമ്പ്രം എലിമെന്ററി സ്കൂൾ എന്ന പേരിൽ മേലേപ്പാട്ട് പുകരവളപ്പിൽ കൃഷ്ണനെഴുത്തച്ഛൻ പുഴമ്പ്രത്ത് സ്ഥാപിച്ചതാണ് ഇത്. 1909–ൽ ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി. 1945–ൽ കൃഷ്ണനെഴുത്തച്ഛൻ എലിമെന്ററി സ്കൂൾ എന്നാക്കി മാറ്റി.

ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് നിലവിൽ വന്ന സ്കൂളുകളാണ് G.L.P.S. കടവനാട്, G.U.P.S ചെറുവായ്ക്കര എന്നിവ. 1958–ൽ മോഡൽ വെൽഫയർ ട്രെയിനിങ്ങ് സെന്റർ (MWTC എന്ന പേരിൽ) തുടങ്ങി. പ്രൊഡക്ഷൻ കം ട്രെയിനിങ്ങ് സെന്ററായും (PCTC) 1990–ൽ പ്രൊഡക്

ഷൻ കം ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടായും 1992–ൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് സിലബസ് അനുസരിച്ച് I.T.C ആയും പ്രവർത്തിച്ചുവരുന്നു. ഇവിടെ പ്രവേശനം ലഭിക്കുന്നത് SC/ST വിഭാഗങ്ങൾക്ക് മാത്രമാണ്. 16 കുട്ടികൾ വീതമുള്ള രണ്ടു ബാച്ചുകളിലായി ഇലക്ട്രിഷ്യൻ ട്രേഡിൽ 32 കുട്ടികൾ പരിശീലനം നേടുന്ന ഈ സ്ഥാപനത്തിന്റെ ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പുരോഗതിമാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഈ സ്ഥാപനം മറ്റു വിഭാഗം വിദ്യാർത്ഥികൾക്കുകൂടി പ്രവേശനം കൊടുത്തുകൊണ്ട് വിപുലമാക്കുകയും കൂടുതൽ ട്രേഡുകളിൽ പരിശീലനം നൽകുംവിധത്തിൽ മാറ്റം വരുത്തേണ്ടതാണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ സ്ഥിരം സ്റ്റാഫോ ആവശ്യമായ ഉപകരണങ്ങളോ ഇല്ല. വാർഷിക അറ്റകുറ്റപ്പണി നടത്താത്തതുകൊണ്ട് കെട്ടിടം ജീർണ്ണാവസ്ഥയിലുമാണ്. ഈ I.T.C. യുടെ വിശദവിവരങ്ങൾ പട്ടിക IA,IBയിൽ കൊടുത്തിരിക്കുന്നു.

## പട്ടിക IA

| കോഴ്സ് | വർഷം | കുട്ടികളുടെ എണ്ണം SC | OBC |
|---|---|---|---|
| ഗാർഹികോപകരണങ്ങളുടെ റിപ്പയർ | 1990–92 | 27 | 2 |
| പ്ലംബിങ്ങ് | 1991–93 | 14 | 2 |
| ഇലക്ട്രിഷ്യൻ ട്രേഡ് | 1993–95 | 14 | 2 |
| " | 1994–96 | 14 | 2 |
| " | 1995–97 | 14 | 2 |
| " | 1996–98 | 14 | 2 |

## പട്ടിക IB

| ജീവനക്കാർ | | |
|---|---|---|
| തസ്തിക | യോഗ്യത | അധ്യാപകരുടെ എണ്ണം |
| 1. ട്രെയിനിങ്ങ് സൂപ്രണ്ട് | ഡിപ്ലോമ ഇൻ ട്രേഡ് | 1 |
| 2. ഗസ്റ്റ് ഇൻസ്ട്രക്റ്റേഴ്സ് | " | 3 |
| 3. പ്യൂൺ | 8–ാം ക്ലാസ് | 1 |
| 4. വാച്ച് മേൻ | " | 1 |

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 30752 ആണ്. 4547 ആൺകുട്ടികളും 4977 പെൺകുട്ടികളുമടക്കം 9524 കുട്ടികൾ സ്കൂളിൽ പോകുന്നുണ്ട്. ഇടയ്ക്കുവെച്ച് പഠനം നിർത്തുന്നവർ താരതമ്യേന കുറവാണ്. സ്വകാര്യമേഖലയിലുള്ള അൺഎയിഡഡ് വിദ്യാലയങ്ങൾ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിൽ നാലു ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും (90 കുട്ടികൾ) നാലു സ്വകാര്യ ട്യൂഷ്യൻ സെന്ററുകളും രണ്ട് കമ്പ്യൂട്ടർ സെന്ററുകളും ഒരു ഹിന്ദി ട്രെയിനിങ്ങ് സ്കൂളും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

ഒന്നാം ഘട്ട സാക്ഷരതാപ്രവർത്തനങ്ങളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച ഒരു പഞ്ചായത്താണിത്. എന്നാൽ രണ്ടാം ഘട്ടമായപ്പോൾ വളരെ ശോചനീയമായ രീതിയിലായിത്തീർന്നതിനാൽ അമ്മമാരും മറ്റും വീണ്ടും നിരക്ഷരരായി. ആയതിനാൽ അവരെ സാക്ഷരരാക്കുന്നതിന് 'ജനവിജ്ഞാൻ' കേന്ദ്രങ്ങൾ പോലുള്ള ഏർപ്പാടുകൾ ഉണ്ടാക്കേണ്ടതാണ്.

***പ്രൈമറി മുതൽ ഹൈസ്കൂൾ തലം വരെയുള്ള സ്ഥിതിവിവരങ്ങൾ:*** (പട്ടിക 2A, 2B നോക്കുക.)

പഞ്ചായത്തിലെ 7 അംഗീകൃത L.P. സ്കൂളുകളിൽ ആകെ 3275 കുട്ടികൾ പഠിക്കുന്നുണ്ട്. 1707 ആൺകുട്ടികളും 1568 പെൺകുട്ടികളും. 4 യു.പി സ്കൂളുകളിലും A.V. ഹൈസ്കൂളിലെ യു.പി. വിഭാഗത്തിലുമായി 1585 ആൺകുട്ടികളും 1295 പെൺകുട്ടികളും കൂടി ആകെ 2880 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. പഞ്ചായത്തിലെ 2 ഹൈസ്കൂളുകളിലായി മൊത്തം 3369 കുട്ടികൾ പഠിക്കുന്നുണ്ട്. (1255 ആൺകുട്ടികളും 2114 പെൺകുട്ടികളുമാണ്). LP;UP,HS കളിൽ ആകെ 9524 കുട്ടികളാണ് പഠിക്കുന്നത്.

63

## *വിദ്യാർത്ഥികളുടെ പഠനനിലവാരം*

എൽ.പി. സ്കൂളുകളിലെ മൂന്നിലൊരുഭാഗം കുട്ടികളും U.P. സ്കൂളുളിലെ 40.7% കുട്ടികളും ഹൈസ്കൂളുകളിൽ മൂന്നിൽ രണ്ടുഭാഗം കുട്ടികളും പഠിപ്പിൽ താഴ്ന്ന നിലവാരം പുലർത്തുന്നതായി കാണാം. (പട്ടിക 2-B നോക്കുക)

പട്ടിക 2A

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു. | സ്ത്രീ | ആകെ |
| 1 | KEALPS, ഈശ്വരമംഗലം | Aided | 155 | 143 | 300 | 1 | 8 | 9 |
| 2 | AMLPS, ബിയ്യം | ,, | 88 | 79 | 167 | 1 | 5 | 6 |
| 3 | New LPS, പൊന്നാനി | ,, | 356 | 302 | 658 | 1 | 16 | 17 |
| 4 | GLPS, തെയ്യങ്ങാട് | Rented Govt | 73 | 78 | 151 | 2 | 3 | 5 |
| 5 | GLPS, കടവനാട് | Rented " | 152 | 135 | 287 | 4 | 5 | 9 |
| 6 | ALPS,ഈഴുവത്തിരുത്തി | Aided | 125 | 116 | 241 | 2 | 7 | 9 |
| 7 | AMLPS,കറുകത്തിരുത്തി | ,, | 134 | 123 | 257 | 3 | 6 | 9 |
| 8 | GFUPS,കടവനാട് | Govt LP | 150 | 134 | 282 | 5 | 11 | 16 |
| | | Govt UP | 167 | 126 | 293 | | | |
| 9. | New UPS, ഈശ്വരമംഗലം | Aided LP | 121 | 109 | 230 | 4 | 13 | 17 |
| | | Aided UP | 182 | 220 | 402 | 4 | 13 | 17 |
| 10 | BEMUPS, പൊന്നാനി | Aided LP | 280 | 284 | 564 | 8 | 19 | 27 |
| | | Aided UP | 501 | 540 | 1041 | | | |
| 11 | GUPS,ചെറുവായ്ക്കര | Govt. LP | 73 | 65 | 138 | 1 | 11 | 12 |
| | | Rented UP | 130 | 124 | 254 | | | |
| 12 | AVHS, പൊന്നാനി | Aided UP | 605 | 285 | 890 | 29 | 38 | 67 |
| | | HS | 1255 | 264 | 1519 | | | |
| 13 | Girls HS, പൊന്നാനി | Aided HS | ---- | 1850 | 1850 | 8 | 48 | 56 |
| | ആകെ വിദ്യാർത്ഥികൾ | | 4547 | 4977 | 9524 | 69 | 190 | 259 |

## പട്ടിക 2B

## വിദ്യാഭ്യാസ നിലവാരം: 1996 പാദവാർഷികം

| LP ക്ലാസിലെ ആകെ വിദ്യാർത്ഥികൾ | 40% താഴെ മാർക്ക് വാങ്ങിച്ചവർ | 41നും 60നും ഇടക്ക് % മാർക്ക് വാങ്ങിച്ചവർ | 60% ൽ കൂടുതൽ മാർക്ക് വാങ്ങിച്ചവർ |
|---|---|---|---|
| 3259 | 926 (28.4%) | 1378 (42.9%) | 955 (28.7%) |

| UP ക്ലാസിലെ ആകെ വിദ്യാർത്ഥികൾ | 40% താഴെ മാർക്ക് വാങ്ങിച്ചവർ | 41നും 60നും ഇടക്ക് % മാർക്ക് വാങ്ങിച്ചവർ | 60% ൽ കൂടുതൽ മാർക്ക് വാങ്ങിച്ചവർ |
|---|---|---|---|
| 2880 | 1171 (40.7%) | 1283 (48%) | 426 (11.3%) |

| HS ക്ലാസിലെ ആകെ വിദ്യാർത്ഥികൾ | 40% താഴെ മാർക്ക് വാങ്ങിച്ചവർ | 41നും 60നും ഇടക്ക് % മാർക്ക് വാങ്ങിച്ചവർ | 60% ൽ കൂടുതൽ മാർക്ക് വാങ്ങിച്ചവർ |
|---|---|---|---|
| 3363 | 2068 (61.6%) | 980 (29.1%) | 315 (9.3%) |

## പട്ടിക 3A

AVHS പൊന്നാനി: SSLC വിജയശതമാനം

| SSLC ക്ക് 60%ൽ കൂടുതൽ മാർക്ക് വാങ്ങിയവർ | | | | |
|---|---|---|---|---|
| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
| 14 | 15 | 14 | 20 | 16 |

## PONNANI GIRLS HIGH SCHOOL

| SSLC ക്ക് 60%ൽ കൂടുതൽ മാർക്ക് വാങ്ങിയവരുടെ എണ്ണം | | |
|---|---|---|
| 1993-94 | 1994-95 | 1995-96 |
| 62<br>12% | 67<br>13% | 73<br>14% |

## ഏതു വിഷയങ്ങളിലാണ് SSLC ക്ക് തോറ്റിരുന്നത് (എണ്ണം)

| Subject | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| മലയാളം | 20 | 18 | 15 |
| ഇംഗ്ലീഷ് | 267 | 299 | 261 |
| ഹിന്ദി | 40 | 38 | 35 |
| സംസ്കൃതം | 3 | 3 | 2 |
| സാമൂഹ്യപാഠങ്ങൾ | 52 | 50 | 45 |
| സയൻസ് | 55 | 52 | 48 |
| കണക്ക് | 265 | 295 | 258 |
| ജയിച്ചവർ | 225 | 217 | 247 |
| Total Appeared | 492 | 516 | 508 |

66

പട്ടിക 3 B

AVHS പൊന്നാനി

## ഏതു വിഷയങ്ങളിലാണ് SSLC ക്ക് തോറ്റിരുന്നത് (കുട്ടികളുടെ എണ്ണം)

| Subject | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| മലയാളം | 115 | 98 | 89 |
| സയൻസ് | 98 | 80 | 86 |
| കണക്ക് | 168 | 137 | 140 |
| സാമൂഹ്യപാഠങ്ങൾ | 60 | 65 | 50 |
| ഇംഗ്ലീഷ് | 170 | 149 | 154 |
| ഹിന്ദി | 150 | 125 | 103 |
| ജയിച്ചവർ | 95 | 81 | 97 |
| Total Appeared | 372 | 324 | 340 |

നമ്മുടെ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളാണ് AV ഹൈസ്കൂളും, ഗേൾസ് ഹൈസ്കൂളും. രണ്ട് സ്കൂളുകളിലേയും കഴിഞ്ഞ മൂന്നു വർഷത്തെ SSLC വിജയശതമാനം പരിശോധിച്ചാൽ പല പോരായ്മകളും നമുക്ക് മനസ്സിലാക്കാൻ കഴിയും. പട്ടിക 3 നോക്കുക.

പട്ടിക 3

SSLC വിജയശതമാനം

| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1. ഗേൾസ് H.S പൊന്നാനി | 47 | 45 | 46 | 42 | 49 |
| 2. AVHS പൊന്നാനി | 29 | 26 | 25 | 27 | 28 |

AV ഹൈസ്കൂളിനേക്കാൾ താരതമ്യേന മെച്ചപ്പെട്ട വിജയശതമാനം ഗേൾസ് ഹൈസ്കൂളിൽ കാണാൻ കഴിയും. എന്നാൽ AV ഹൈസ്കൂളിൽ 100ന് 30ൽ താഴെ കുട്ടികൾ മാത്രമാണ് വിജയിക്കുന്നത്. AV ഹൈസ്കൂളിൽ ഇംഗ്ലീഷിലും ഹിന്ദിയിലും കണക്കിലുമാണ് ഏറ്റവും അധികം കുട്ടികൾ പരാജയപ്പെടുന്നത്. ഇത് എങ്ങനെ മാറ്റിയെടുക്കാം എന്നത് എല്ലാവരുടേയും ചിന്തക്ക് വിധേയമാകേണ്ടതാണ്. (പട്ടിക 3A, പട്ടിക 3B, പട്ടിക 3C, പട്ടിക 3D എന്നിവ നോക്കുക). നൂറു കുട്ടികളിൽ നാലുകുട്ടികൾ മാത്രമാണ് 60% ലേറെ മാർക്ക് വാങ്ങുന്നത്. ഇതും എങ്ങിനെ വർധിപ്പിക്കാം എന്നതിനും കൂട്ടായ ശ്രമം ആവശ്യമാണ്. ഗേൾസ് ഹൈസ്കൂളിലാകട്ടെ കഴിഞ്ഞ 3 വർഷങ്ങളിൽ 12% മുതൽ 14% വരെ കുട്ടികൾ 60%ൽ ഏറെ മാർക്ക് വാങ്ങുന്നവരാണ്. എന്നാൽ പരീക്ഷക്കിരുന്നവരിൽ പകുതിയിലധികം പേരും തോൽക്കുന്നത് ഇംഗ്ലീഷിലും കണക്കിലുമാണെന്ന് ഗേൾസ് ഹൈസ്കൂളിലെ റിപ്പോർട്ട് പരിശോധിച്ചാൽ മനസ്സിലാകും. (പട്ടിക 3A)

LP,UP സ്കൂളുകളേക്കാൾ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉണ്ടെങ്കിലും SSLC വിജയശതമാനത്തിലെ കുറവും ഒരേ വിഷയങ്ങളിലെ തുടർച്ചയായ പരാജയവും എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് കണ്ടെത്തി പരിഹാരം തേടേണ്ടതാണ്.

## *വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ*

(പട്ടിക 4A, 4B എന്നിവ നോക്കുക)

ഈ പഞ്ചായത്തിലെ 13 അംഗീകൃത വിദ്യാലയങ്ങളിൽ ആറെണ്ണത്തിന് ആവശ്യമായ കെട്ടിടങ്ങളോ ഫർണീച്ചറോ ഇല്ല. 8 എണ്ണത്തിന് ചുറ്റുമതിലുകളില്ല. ഒരു ഗവ. യുപി. സ്കൂളും രണ്ട് ഗവ. എൽ.പി. സ്കൂളുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2 ഹൈസ്കൂളുകൾക്കും 2 യു.പി. സ്കൂളുകൾക്കും മാത്രമാണ് ആവശ്യത്തിന് കളിസ്ഥലം ഉള്ളത്. രണ്ട് ഹൈസ്കൂളുകൾ ഒഴികെ മറ്റൊന്നിനും തന്നെ ഇടഭിത്തികളോ തട്ടികകളോ ഇല്ല. 4 വിദ്യാലയങ്ങളിൽ മാത്രമേ വൈദ്യുതി കണക്ഷൻ ഉള്ളു. ഹൈസ്കൂളുകളിലൊഴികെ മറ്റൊന്നിലും തന്നെ ആവശ്യമായ പഠനോപകരണങ്ങളോ ലാബററ്ററികളോ ഇല്ല. പകൽ പോലും ആവശ്യത്തിന് കാറ്റും വെളിച്ചവും കിട്ടാത്ത ഒരു സ്കൂളും ഉണ്ട്.

പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികളുടെ ഏകദേശം പത്തിലൊരുഭാഗം പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. താഴെ കൊടുക്കുന്ന പട്ടിക 5. നോക്കുക.

ഈ സ്കൂളുകൾക്കെല്ലാം പുറമേ നമ്മുടെ പഞ്ചായത്തിൽ രണ്ട് അൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇതും ഗവ. അംഗീകാരം ഉള്ളവയാണ്. വിജയമാത ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ ഒന്നു മുതൽ 7 വരെ ക്ലാസ്സുകളിലായി 331 ആൺകുട്ടികളും 388 പെൺകുട്ടികളും അടക്കം 719 കുട്ടികൾ ഉണ്ട്. ഇവരിൽ 38പേർ SC വിഭാഗത്തിലുള്ളവരാണ്. ഈ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ 8,9 ക്ലാസുകളിലായി ആകെ 55 പെൺകുട്ടികളുണ്ട്. SC വിഭാഗത്തിൽ ഒരു കുട്ടിയാണുള്ളത്. മറ്റൊരു അൺ എയ്ഡഡ് സ്കൂളായ I.S.S. UP സ്കൂളിൽ 149 ആൺകുട്ടികളും 224 പെൺകുട്ടികളും പഠിക്കുന്നുണ്ട്. ഇതും ഗവ. അംഗീകാരം ഉള്ള സ്ഥാപനമാണ്.

ഇനി നമുക്ക് ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന ചില പരാതികൾ എന്തൊക്കെയാണെന്ന് നോക്കാം. അവയിൽ പ്രസക്തമായവ ചുവടെ ചേർക്കുന്നു.

1. സ്കൂൾ തുറന്ന് 4 മാസം കഴിഞ്ഞിട്ടും പകുതി കുട്ടികൾക്കുപോലും പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ല. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഇതാണ് സ്ഥിതി.

2. ഒരു കിലോമീറ്റർ അകലത്തിലുള്ള മൂന്നു L.P സ്കൂളുകളിൽ മൂന്നു തരം പാഠപുസ്തകങ്ങളാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് പാഠപുസ്തകങ്ങൾ എളുപ്പത്തിൽ ലഭിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ ചേർക്കാൻ രക്ഷിതാക്കൾ പ്രേരിപ്പിക്കപ്പെടുന്നു.

3. പല കാരണങ്ങളാൽ ആവശ്യത്തിന് അധ്യാപകരില്ലാത്ത ദിവസങ്ങൾ ധാരാളം ഉണ്ടാകാറുണ്ട്. അതിനാൽ ക്ലാസുകൾ ഒരുമിച്ച് കൂട്ടിയിട്ട് പഠിപ്പിക്കുന്നത് ദിവസങ്ങളോളം കാണാറുണ്ട്. സമയവ്യയവും ധനവ്യയവും.

4. മിക്ക L.P. സ്കൂളുകളിലും ആവശ്യത്തിന് തട്ടികയോ മറയോ ഇല്ലാത്ത ഹാളുകളിലാണ് പഠനം നടത്തുന്നത്. ഇത് കുട്ടികളുടെ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പഠനത്തെ ബാധിക്കുന്നു.

5. നാലാം ക്ലാസിൽപോലും കുട്ടികൾക്ക് വെച്ചെഴുതാൻ ഡെസ്ക് ഒരൊറ്റ L.P. വിദ്യാലയത്തിലും ഇല്ല.

6. വായിക്കാനും എഴുതാനും അറിയാത്തവർക്കു പോലും തുടർച്ചയായ ക്ലാസു കയറ്റം ലഭിക്കുന്നു.

ഇത് പരിഹരിക്കുന്നതിനായി ജനങ്ങൾതന്നെ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ സമഗ്രമായ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കണം. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, സമഗ്രമായ മൂല്യനിർണ്ണയം, സ്കൂൾ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം, ആവശ്യമായ പഠനോപകരണങ്ങളും, ഹാൻഡ്ബുക്കുകളും നൽകൽ, LP, UP, H.S എന്നിവയുടെ അക്കാദമിക് ഇടപെടലിന് പഞ്ചായത്തിന് അധികാരം നൽകുക എന്നിവയാണത്.

ഗ്രാമസഭകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചു വർഷത്തേക്ക് ആവശ്യമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

### *വാർഡ്–1*

1. ഒന്നാം വാർഡിൽ ഒരു ഗവ. ഹൈസ്കൂൾ ആരംഭിക്കുകയോ NUPS അപ്ഗ്രേഡ് ചെയ്യുകയോ വേണം.

2. NUPS ന്റെ അടുത്ത് ഒരു പ്രീ പ്രൈമറി സ്കൂൾ സ്ഥാപിക്കണം.

3. നിലവിലുള്ള ബാലവാടിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക.

### *വാർഡ്–2*

രണ്ടാം വാർഡിൽ നെയ്തല്ലൂരിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുക.

2. രണ്ടാം വാർഡിൽ ഒരു യു.പി. സ്കൂൾ അനുവദിക്കുക.

### *വാർഡ്–3*

1. മൂന്നാം വാർഡിലെ ചെറുവായ്ക്കര GUPS. ഗവ. ഏറ്റെടുത്ത് ഹൈസ്കൂളാക്കി ഉയർത്തുക. (ഇത് വാടകക്കെട്ടിടമാണ്). ഈ വാർഡിലെ രണ്ട് സ്കൂളുകളിലേയും സ്ഥിതി പരിതാപകരമാണ്.

2. ഈ സ്കൂളുകൾക്കാവശ്യമായ ഫർണീച്ചർ, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക.

3. വാർഡിൽ നിലവിലുള്ള ഏക അങ്കണവാടിക്ക് സ്വന്തം കെട്ടിടം പണിയുക.

### *വാർഡ്-4*

ഈ വാർഡിൽ LP സ്കൂളുകൾ ഒന്നും തന്നെ ഇല്ല. അതിനാൽ ഒരു LP സ്കൂൾ സ്ഥാപിക്കുക.

2. തൊഴിലവസരം, മത്സരപ്പരീക്ഷക്കുള്ള പരിശീലനം എന്നിവക്ക് ഈ പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.

### *വാർഡ്-5*

1. അഞ്ചാംവാർഡിൽ പുഴ പുറമ്പോക്ക് സ്ഥലത്ത് ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കുക.

2. ഒരു വിദ്യാലയം പോലും ഇല്ലാത്ത ഈ വാർഡിൽ ഒരു മോഡൽ L.P. സ്കൂൾ സ്ഥാപിക്കുക.

3. പട്ടികജാതി/പട്ടികവർഗ്ഗ വികസന അതോറിറ്റിയുടെ കീഴിലുള്ള I.T.C.യുടെ ശോചനീയാവസ്ഥ പരിഹരിക്കുക. അവിടെ നിർത്തിവെച്ച കോഴ്സുകൾ പുനരാരംഭിക്കുക.

4. നിലവിലുള്ള രണ്ട് അങ്കൺവാടികൾക്ക് കെട്ടിടം നിർമ്മിക്കുക.

### *വാർഡ്-6*

1. 6-ാം വാർഡിന്റെ പ്രധാന ഭാഗങ്ങളിൽ മൂന്ന് അങ്കൺവാടികൾ സ്ഥാപിക്കുക.

2. ഒരു ഏകാധ്യാപക വിദ്യാലയം സ്ഥാപിക്കുക. തുടർ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക.

### *വാർഡ്-7*

1. 7-ാം വാർഡിൽ അംഗീകൃത സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

2. പഠനനിലവാരം ഉയർത്താൻ വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കുക.

3. ഒരു നോട്ടുപുസ്തക നിർമ്മാണ കേന്ദ്രം ആരംഭിക്കുക.

### *വാർഡ് - 8*

1. നിലവിലുള്ള അങ്കൺവാടിക്ക് സ്ഥലവും കെട്ടിടവും അനുവദിക്കുക. തെയ്യങ്ങാട് സ്കൂളിനു സമീപം ഒന്നു കൂടി അനുവദിക്കുക.

2. കാറ്റും വെളിച്ചവും ലഭിക്കാത്ത തെയ്യങ്ങാട് GLP സ്കൂൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അത് ഗവ. ഏറ്റെടുത്ത് U.P. സ്കൂളായി അപ്ഗ്രേഡ് ചെയ്യുക.

3. ഈ സ്കൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂൾ സ്ഥാപിക്കുക.

### *വാർഡ്-9*

1. ഒമ്പതാം വാർഡിൽ ഒരു യു.പി. സ്കൂൾ അനുവദിക്കുക.

2. അങ്കൺവാടിക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുക.

3. സ്കൂളിനോടനുബന്ധിച്ച് പ്രീ. പ്രൈമറി സ്ഥാപിക്കുക.

### *വാർഡ് 10*

1. അഞ്ചു മുതൽ പത്തു വരെയുള്ള ഒരു വിദ്യാലയം ഈ വാർഡിൽ സ്ഥാപിക്കുക.

2. പണി പൂർത്തിയാകാത്ത അങ്കൺവാടിയുടെ പണി പൂർത്തിയാക്കുക. രണ്ട് അങ്കൺവാടികൾ കൂടി അനുവദിക്കുക.

### *വാർഡ് 11*

1. പതിനൊന്നാം വാർഡിലെ കടവനാട് GLP സ്കൂൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് ഗവ. ഏറ്റെടുത്ത് UP. സ്കൂളാക്കി ഉയർത്തുക.

2. ഈ വാർഡിലെ അങ്കൺവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കുക

3. കലാകായികരംഗത്ത് പരിശീലനം നൽകാൻ കായികാധ്യാപകരേയും ചിത്രകലാ അധ്യാപകരേയും UP സ്കൂളിൽ നിയമിക്കുക.

### *വാർഡ് 12*

1. പന്ത്രണ്ടാം വാർഡിലെ GFUP സ്കൂളിലെ ഒരു കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. അത് പുതുക്കിപ്പണിയുകയും ഈ സ്ഥാപനം ടെക്ക്നിക്കൽ ഹൈസ്കൂളാക്കി ഉയർത്തുകയും വേണം.

2. സ്കൂളിന് ചുറ്റുമതിൽ കെട്ടുകയും കളിസ്ഥലം നിരപ്പാക്കി ഉപയോഗയോഗ്യമാക്കുയും ചെയ്യുക

3. പിന്നോക്കാവസ്ഥയിലുള്ള ഈ വാർഡിൽ ഒരു JTS സ്ഥാപിക്കണം.

4. പന്ത്രണ്ടാം വാർഡിൽ ഒരു അങ്കൺവാടി കൂടി സ്ഥാപിക്കുക. എന്നിവയാണ് പ്രധാന ആവശ്യങ്ങൾ.

ഈഴുവത്തിരുത്തി പഞ്ചായത്ത് വിദ്യാഭ്യാസപരമായി മുന്നോക്കമാണെങ്കിലും വിദ്യാഭ്യാസ നിലവാരത്തിൽ വളരെ മോശമാണ്. S.S.L.C വിജയശതമാനം 30 ൽ താഴെ മാത്രമാണ്. ഇതിനു പരിഹാരമായി ഹൈസ്കൂൾ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. അവധിക്കാലത്തോ ശനിയാഴ്ചകളിലോ പ്രത്യേക പഠനദിവസങ്ങൾ ഏർപ്പെടുത്തി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാൻ സാധിക്കും. എല്ലാ L.P. സ്കൂളുകളോടും അനുബന്ധിച്ച് പ്രീ. പ്രൈമറികൾ സ്ഥാപിക്കുക, പ്രവൃത്യുന്മുഖ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി അത്തരം സ്ഥാപനങ്ങൾ അനുവദിക്കുക എന്നിങ്ങനെ ധാരാളം നിർദ്ദേശങ്ങൾ ഗ്രാമസഭകളിലൂടെ വന്നിട്ടുണ്ട്. പാഠപുസ്തകങ്ങളെപ്പറ്റി വ്യാപകമായ പ്രതിഷേധവും ഉണ്ടായിട്ടുണ്ട്. പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതോടുകൂടി തന്നെ ലഭ്യമാക്കുക ഉപജില്ലകൾതോറും പാഠപുസ്തക ഡെപ്പോ തുറക്കുക എന്നീ നിർദ്ദേശങ്ങളും ഉണ്ട്. അധ്യാപക വിദ്യാർത്ഥി അനുപാതം ഒന്നാം ക്ലാസിലെങ്കിലും കുറയ്ക്കുക, സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുക, മുറികൾ തട്ടികകളോ ചുമരുകളോ വെച്ച് വേർതിരിക്കുക, എല്ലാ സ്കൂളുകളും വൈദ്യുതീകരിക്കുക, ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമായി നടപ്പാക്കുക, കലാകായിക പ്രോത്സാഹനം നൽകുക എന്നിവയും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.


പൊന്നാനി താലൂക്കിൽ പൊതുവായ ഒരു സാങ്കേതിക വിദ്യാലയം ഇന്ന് നിലവിലില്ല. അതിനാൽ ഈഴുവത്തിരുത്തി പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കണമെന്നത് തികച്ചും ന്യായയുക്തമാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ മിടുക്കന്മാരായ നിർധനവിദ്യാർത്ഥികൾക്ക് പഞ്ചായത്ത് വക സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം. S.S.L.C ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ 5 ആൺകുട്ടികൾക്കും 5 പെൺകുട്ടികൾക്കും ക്യാഷ് അവാർഡുകൾ ഏർപ്പെടുത്തുകയും അവരെ പൊതുവേദിയിൽ അഭിനന്ദിക്കുകയും വേണം.

കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾക്കുള്ള പങ്കിനെപ്പറ്റി രക്ഷിതാക്കൾക്ക് ബോധവൽകരണം നല്കാൻ പഞ്ചായത്ത് മുൻ കയ്യെടുക്കേണ്ടതാണ്.

തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുകയും ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും വേണം. പഞ്ചായത്തിൽ നീന്തൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും അതിന് പ്രത്യേക പരിശീലന കേന്ദ്രങ്ങൾ അനുവദിക്കുകയും ആവശ്യമാണ്.

നിലവിലുള്ള വായനശാലകൾക്ക് സാമ്പത്തിക സഹായം നൽകി കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. റഫറൻസ് ഗ്രന്ഥങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കണം. പഞ്ചായത്തിന് പൊതുവെ വിശാലമായ കമ്മ്യൂണിറ്റിഹാളും വായനശാലയും ഉണ്ടാക്കണം. ഈ പഞ്ചായത്തിൽ ആറ് കേന്ദ്രങ്ങളിലെങ്കിലും പ്രവൃത്യുന്മുഖ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇത് പ്രവർത്തിക്കേണ്ടത് അതാതു പ്രദേശത്തെ അസംസ്കൃത വസ്തു ഉപയോഗിച്ചായിരിക്കണം.

വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും അധ്യാപകരേയും പങ്കെടുപ്പിച്ചുകൊണ്ട് പാഠ്യേതര പ്രവർത്തനങ്ങളും പഠനയാത്രകളും സംഘടിപ്പിച്ച് വിദ്യാഭ്യാസം രസകരവും പ്രയോജനകരവുമാണെന്ന് ബോധ്യപ്പെടുത്താൻ പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി വഴി ശ്രമിക്കേണ്ടതാണ്.



# സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ

പട്ടിക 4 A

| സ്കൂളുകളുടെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടം | | മുറികളുടെ എണ്ണം | | സ്കൂൾ പറമ്പിന്റെ വിസ്തീർണ്ണം | | മൂത്രപ്പുര | | കക്കൂസ് | | കുടിവെള്ള സംവിധാനം | | വൈദ്യുതി | സ്റ്റാഫ് റൂം | ഓഫീസ് റൂം | ബഞ്ച് ഡസ്ക് ആവശ്യത്തിന് ഉണ്ട്/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർധസ്ഥിരം | സ്ഥിരം | | ഏക്കർ | സെന്റ് | എണ്ണം | എത്ര പേർക്കുപയോഗിക്കാം | നല്ലത് | കേട് | കിണർ | പൈപ്പ് | | | | |
| 1 KEALPS, ഈശ്വരമംഗലം | 8 | 5 | | 0 | 5 ഹാൾ | 0 | 60 | 2 | 8 | 1 | – | ഉണ്ട് | – | ഇല്ല | ഇല്ല | ഇല്ല | ആവശ്യത്തിന് ഇല്ല |
| 2 AMLPS, ബിയ്യം | 5 | 2 | | 0 | 2 ഹാൾ | 0 | 11 | 1 | 2 | ഇല്ല | – | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | " |
| 3 NEW LPS, പൊന്നാനി | 16 | 4 | | 8 | 2 ഹാൾ | 1 | 00 | 1 | 10 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | " |
| 4 GLPS, തെയ്യങ്ങാട് | 4 | 1 | വാടക | 0 | 1 ഹാൾ | 0 | 43 | 1 | 2 | ഇല്ല | – | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | , |
| 5 GLPS, കടവനാട് | 8 | 2 | വാടക | 0 | 2 ഹാൾ | 0 | 47 | 1 | കുട്ടികൾക്കില്ല | ഇല്ല | – | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | " |
| 6 ALPS, ഈഴുവത്തിരുത്തി | 8 | 1 | 1 | 0 | 2 ഹാൾ | 0 | 13 | 1 | 4 ഇല്ല | 1 | – | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | " |
| 7 AMLPS, കറുകത്തിരുത്തി | 8 | 2 | – | 0 | 2 ഹാൾ | 0 | 30 | 1 | 6 | ഇല്ല | – | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | " |
| 8 GFUPS, കടവനാട് | 16 | 2 | 1 | 5 | 1 ഹാൾ | 2 | 41 | 2 | 6 | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | " |
| 9 NEW UPS, ഈശ്വരമംഗലം | 17 | 2 | 3 | 0 | 2 ഹാൾ | 2 | 00 | 1 | 5 | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | " |
| 10 BEMUPS, പൊന്നാനി | 20 | 4 | 2 | 0 | 5 ഹാൾ | 1 | 74 | 2 | 10 | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | " |
| 11 GUPS, ചെറുവായ്ക്കര | 10 | 3 | വാടക | 0 | 3 ഹാൾ | 1 | 00 | 2 | 4 | ഇല്ല | – | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | " |
| 12 AVHS, പൊന്നാനി | 46 | 11 | – | 51 | – | 5 | 00 | 5 | 30 | 4 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13 ഗേൾസ് ഹൈസ്കൂൾ പൊന്നാനി | 36 | 10 | – | 42 | – | 1 | 35 | 1 | 16 | 2 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

പട്ടിക 4 B

# പഠനവിഷയവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് | ലൈബ്രറി | ലാബറട്ടറി | | ദൃശ്യശ്രാവ്യ ഉപകരണങ്ങൾ | | | | | | | ബ്ലാക്ക് ബോർഡ് | പാഠോപകരണങ്ങൾ സൂക്ഷിക്കാൻ ഷെൽഫ് | കളിസ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ലാബറട്ടറി | സയൻസ് കോർണർ | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി | വിസിആർ/ വിസിപി | സ്ലൈഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | മേപ്, ചാർട്ട | | | |
| 1 | KEALPS, ഈശ്വരമംഗലം | പരിമിതം | | കിറ്റുകൾ ഉണ്ട് | | | | | | | | | | |
| 2 | AMLPS, ബിയ്യം | " | – | " | | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ആവശ്യത്തിന് ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 3 | New LPS, പൊന്നാനി | " | – | " | | | " | " | " | " | " | " | " | " |
| 4 | GLPS, തെയ്യങ്ങാട് | " | – | " | | | " | " | " | " | " | " | " | ഉണ്ട് |
| 5 | GLPS,, കടവനാട് | " | – | " | | | " | " | " | " | " | " | " | ഇല്ല |
| 6 | ALPS, ഈഴുത്തിരുത്തി | " | – | " | | | " | " | " | " | " | " | " | " |
| 7 | AMLPS, കറുകത്തിരുത്തി | " | – | " | | | " | " | " | " | " | " | " | " |
| 8 | GFUPS, കടവനാട് | " | – | " | | | " | " | " | " | " | " | " | ഉണ്ട് |
| 9 | New UPS, ഈശ്വരമംഗലം | " | – | " | | | " | " | " | " | " | " | " | " |
| 10 | BEM UPS, പൊന്നാനി | " | – | " | | | " | " | " | " | " | " | " | " |
| 11 | GUPS, ചെറുവായ്ക്കര | " | – | " | | | " | " | " | " | " | " | " | ഇല്ല |
| 12 | AVHS, പൊന്നാനി | ആവശ്യത്തിനുണ്ട് | ഉണ്ട് | – | | | " | " | " | " | പരിമിതം | " | ഉണ്ട് | ഉണ്ട് |
| 13 | Girls HS, പൊന്നാനി | " | " | – | | | " | " | " | " | " | " | ഉണ്ട് | " |

പട്ടിക 5

# വിദ്യാലയത്തിലെ SC/ST കുട്ടികൾ

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് | SC കുട്ടികൾ | | | തോറ്റുപഠിക്കുന്ന കുട്ടികൾ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | KEALPS, ഈശ്വരമംഗലം | 49 | 36 | 85 | 4 | 2 | 6 |
| 2 | AMLPS, ബിയ്യം | 6 | 5 | 11 | – | – | – |
| 3 | New LPS, പൊന്നാനി | 27 | 34 | 61 | 1 | 1 | 2 |
| 4 | GLPS, തെയ്യങ്ങാട് | 28 | 32 | 60 | 2 | 2 | 4 |
| 5 | ALPS, ഈഴുവത്തിരുത്തി | 5 | 2 | 7 | – | – | – |
| 6 | AMLPS, കറുകത്തിരുത്തി | 6 | 2 | 8 | – | – | – |
| 7 | GLPS, കടവനാട് | 11 | 12 | 23 | – | – | – |
| 8 | GFUPS, കടവനാട് | 65 | 68 | 133 | 5 | 5 | 10 |
| 9 | New UPS, ഈശ്വരമംഗലം | 56 | 53 | 109 | 2 | 1 | 3 |
| 10 | BEMUPS, പൊന്നാനി | 72 | 109 | 181 | 20 | 26 | 46 |
| 11 | GUPS, ചെറുവായ്ക്കര | 37 | 30 | 67 | 3 | 0 | 3 |
| 12 | AVHS, പൊന്നാനി | 208 | 104 | 312 | 70 | 33 | 103 |
| 13 | Girls HS, പൊന്നാനി | – | 209 | 209 | – | 41 | 41 |
| | ആകെ | 570 | 896 | 1266 | 107 | 111 | 118 |

72

5-5

# പൊതുജനാരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

കേരളത്തിലെ പിന്നോക്ക ജില്ലയായ മലപ്പുറം ജില്ലയിലെ ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വ പ്രശ്നങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ഈഴുവത്തിരുത്തി.

ഒരു ജനതയുടെ ആരോഗ്യകാര്യങ്ങളിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ ശുദ്ധവായു, ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള പാർപ്പിടം, പൊതുജനാരോഗ്യത്തെ കുറിച്ചു ജനങ്ങൾക്കുള്ള ബോധം എന്നിവയാണ്. മേൽപറഞ്ഞ കാര്യങ്ങൾ പരിപൂർണ്ണമായും പാലിക്കപ്പെടുകയാണെങ്കിൽ ഒരു പരിധിവരെ പൊതുജനാരോഗ്യം സംരക്ഷിക്കാൻ സാധിക്കും.

### *പൊതുജനാരോഗ്യം*

രോഗപ്രതിരോധം രോഗചികിത്സയേക്കാൾ ഉത്തമം എന്നാണ് ആരോഗ്യ വകുപ്പിന്റെ മുദ്രാവാക്യം. ഇത് ഫലവത്തായി നടപ്പിലാക്കാൻ സാധിച്ചാൽ ഒരു പരിധി വരെ ഇന്ന് ചികിത്സാരംഗത്ത് കാണുന്ന തിരക്ക് ഒഴിവാക്കാൻ സാധിക്കും. ഈ പഞ്ചായത്തിലെ ജനങ്ങൾ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും വേണ്ടി ആശ്രയിക്കുന്നത് പ്രധാനമായും തവനൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിലുള്ള അഞ്ച് കുടുംബ ക്ഷേമ കേന്ദ്രങ്ങളേയും പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന ഒരു ആയുർവേദ ഡിസ്പെൻസറിയെയും പൊന്നാനി മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രികളേയും ആണ്.

1991–ലെ കാനേഷുമാരി കണക്കനുസരിച്ച് 30752 ജനസംഖ്യയുള്ള പഞ്ചായത്തിലെ ആരോഗ്യകാര്യങ്ങൾക്കു വേണ്ടി ഈ പരിമിതമായ സൗകര്യം ഒട്ടും തന്നെ പോരാത്തതാണ്.

### *നിർദ്ദേശങ്ങൾ*

(1) പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ സൗകര്യമുള്ള സ്ഥലത്ത് ഈ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള CHC എത്രയും വേഗം തുടങ്ങണം.

(2) പൊന്നാനി മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന Filaria Control Unitന്റെ പ്രവർത്തനം പഞ്ചായത്തിലേക്ക് കൂടി വ്യാപിപ്പിക്കണം.

(3) ഇന്ന് പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറി ഉയർത്തി രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള വിധത്തിൽ ആയുർവേദ ആസ്പത്രിയാക്കുക. ആശുപത്രിക്കു സാമിപമുള്ള സർക്കാർ സ്ഥലത്ത് ഔഷധച്ചെടികൾ വെച്ചുപിടിപ്പിക്കുക.

(4) തെരഞ്ഞെടുത്ത രണ്ട് കേന്ദ്രങ്ങളിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങണം

(5) സഹകരണ മേഖലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോർ തുടങ്ങണം.

(6) പഞ്ചായത്ത് താൽപര്യമെടുത്ത് ഒരു ആംബുലൻസ് സർവ്വീസ് ആരംഭിക്കുക

(7) ജില്ലാ അന്ധതാ നിവാരണ സമിതിയുടെ ക്യാമ്പ്, 3 മാസത്തിൽ ഒരിക്കൽ പഞ്ചായത്തിൽ സൗകര്യപ്പെടുത്തുക.

(8) പഞ്ചായത്തിലെ വളർത്തുനായകൾക്ക് ലൈസൻസ് നിർബന്ധമാക്കുക. അലഞ്ഞു തിരിയുന്ന നായകളെ കൊല്ലാനുള്ള ഏർപ്പാട് ചെയ്യുക.

(9) ആരോഗ്യ രംഗത്ത് കാലാകാലങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ ബോധവൽക്കരിക്കാനുള്ള പ്രവർത്തനം, പരസ്യം, സെമിനാറുകൾ, സിനിമ എന്നിവ സംഘടിപ്പിക്കണം.

(10) പുകവലി, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുക.

(11) ഹെൽത്ത് ക്ലബ്ബുകൾ തുടങ്ങി യുവതീയുവാക്കളുടെ സേവനം ഉപയോഗപ്പെടുക.

(12) ജില്ലയിൽ തുടങ്ങുന്ന സമഗ്ര കുടുംബ ആരോഗ്യ പരിപാടി (Reproductive Health Package Programme) നിലവിൽ വരുമ്പോൾ പഞ്ചായത്തിന് അർഹമായ വിഹിതവും മറ്റു കാര്യങ്ങൾ ലഭിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ജില്ലാ അധികൃതരുമായി ബന്ധപ്പെട്ടു നേടിയെടുക്കണം.

(13) അന്ധ, ബധിര, മൂക, മാനസിക രോഗമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നതിന് ഒരു സ്ഥാപനം തുടങ്ങണം.

# പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതിവിവരകണക്കുകളും

| വാർഡ് | സ്ഥാപനങ്ങൾ: പൊതു സ്ഥാപനങ്ങൾ | സ്ഥാപനങ്ങൾ: സ്വകാര്യ സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | F.W.Centre | -- | ത്വക്ക് രോഗം, പോഷകാഹാര കുറവുകൊണ്ടുള്ള രോഗങ്ങൾ, വയറിളക്ക രോഗങ്ങൾ | F.W.Centre ൽ പ്രാഥമികആവശ്യ ങ്ങൾക്കു പോലുമുള്ള മരുന്നില്ല. Jr.HI ഇല്ല | 1. Jr.HI യെഉടനെ നിയമിക്കണം.2. മാസത്തിൽ 2 തവണയെങ്കിലും ഡോക്ടറുടെ സേവനം centre-ൽ ഉറപ്പു വരുത്തുക. |
| 2 | I.P.P. sub-centre ആയുർവേദ ഡിസ്പെൻസറി | -- | ക്ഷയരോഗം, വയറിളക്ക രോഗം | I.P.P Subcentre ൽ നിന്ന് മരുന്നുകളൊന്നും ലഭിക്കുന്നില്ല | മാസത്തിൽ2ദിവസമെങ്കിലും ഡോക്ടറുടെ സേവനംcentre-ൽ ഉറപ്പു വരുത്തണം. 3. centre-ൽ ശുദ്ധജലവിതരണത്തിനുള്ള സൗകര്യം വേണം |
| 3 | I.P.P. sub-centre | -- | ദന്തരോഗം, വയറിളക്ക രോഗം | -do- | ഡോക്ടറുടെ സേവനം മാസത്തിൽ രണ്ടു തവണ ഉറപ്പു വരുത്തണം. |
| 4 | Nil | ആയുർവേദ വൈദ്യശാല | ദന്തരോഗം, വയറിളക്ക രോഗം, പോഷകാഹാര കുറവ് | Nil | കുടുംബക്ഷേമകേന്ദ്രം തുടങ്ങി സേവനം ആരംഭിക്കണം |
| 5 | Nil | ആയുർവേദ വൈദ്യശാല | ടൈഫോയിഡ്, വയറിളക്കം, മഞ്ഞപ്പിത്തം, പോഷകാഹാര കുറവ് | Nil | F.W. Centre തുടങ്ങണം സേവനം പെട്ടെന്ന് ആരംഭിക്കണം. |
| 6 | Nil | ആയുർവേദ വൈദ്യശാല | ദന്തരോഗം, വയറിളക്ക രോഗം, പോഷകാഹാര കുറവ് കൊണ്ടുള്ള രോഗം | Nil | F.W. Centre എത്രയും പെട്ടെന്ന് തുടങ്ങണം |
| 7 | Nil | 2 ഡെന്റൽ ക്ലിനിക്കുകൾ 2 ഹോമിയോ ക്ലിനിക്കുകൾ 3 ആയുർവേദ വൈദ്യശാല | വയറിളക്ക രോഗം, മഞ്ഞപ്പിത്തം, ദന്തരോഗം | Nil | F.W. Centre തുടങ്ങണം |
| 8 | F.W Centre | Nil | ദന്തരോഗം,പോഷകാഹാര കുറവ് കൊണ്ടുള്ള രോഗങ്ങൾ,ത്വക്ക് രോഗങ്ങൾ | F.W.centre JPHN ഇല്ല | JPHN നെ നിയമിക്കുക. മാസത്തിൽ രണ്ട് തവണഡോക്ടറുടെ സേവനം ഉറപ്പു വരുത്തുക |
| 9 | Nil | Nil | വയറിളക്ക രോഗം, ബാലടിബി രോഗം, ദന്തരോഗം | Nil | F.W.centre തുടങ്ങണം |
| 10 | Nil | ആയുർവേദ വൈദ്യശാല | മഞ്ഞപ്പിത്തം, ദന്തരോഗം, പോഷകാഹാര കുറവ് കൊണ്ടുള്ള രോഗങ്ങൾ. | Nil | കുടുംബക്ഷേമകേന്ദ്രം തുടങ്ങണം |
| 11 | I.P.P subcentre | Nil | മലമ്പനി, മഞ്ഞപ്പിത്തം, ത്വക്ക് രോഗം വയറിളക്ക രോഗം | യാതൊരു മരുന്നും ലഭിക്കുന്നില്ല | 1 ഡോക്ടറുടെ സേവനം 2തവണയും കുത്തിവെയ്പ്പു പ്രവർത്തനം മാസത്തിലൊരിക്കലും വേണം. |
| 12 | Nil | Nil | ത്വക്ക് രോഗം, വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയിഡ് | Nil | കുടുംബ ക്ഷേമ കേന്ദ്രം തുടങ്ങണം |

# അംഗൻ വാടികളിൽനിന്ന് ശേഖരിച്ച വിവരങ്ങൾ

1. a.പഞ്ചായത്തിലെ ആകെ ജനസംഖ്യ 30752 (1991–ലെ സെൻസസ് അനുസരിച്ച്)

   b. പുരുഷൻമാർ 14629

   c. സ്ത്രീകൾ 16123

2. a. പട്ടികജാതി ജനസംഖ്യ പു: 2116 } ആകെ. 4344

   b. സത്രീ: 2228

3. അംഗൻ വാടികളുടെ എണ്ണം –16

4. a. ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ 114+117 =231

   b. 1–2 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ } 335+ 348=683

   c. 2–3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ

   d. 3– 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ 949+935=1884

5. ഗർഭിണികളിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം – 143

6. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം –241

## കുട്ടികളുടെ ആരോഗ്യപോഷണനിലവാരത്തെ കുറിച്ചുള്ള പട്ടിക

| പ്രായം | നോർമൽ | | 1–ാം ഗ്രേഡ് | | 2–ാം ഗ്രേഡ് | | 3–ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിന് താഴെ | 110 | 111 | 4 | 6 | - | - | - | - |
| 1–3 വയസ്സ് | 332 | 344 | 3 | 4 | - | - | - | - |
| 3–6 വയസ്സ് | 873 | 870 | - | - | 72 | 63 | 4 | 2 |

കുറിപ്പ്:– 1–ാം ഗ്രേഡ് . ലഘുവായ പോഷണക്കുറവുകൾ
2–ാം ഗ്രേഡ് . മിതമായ പോഷണക്കുറവുകൾ
3–ാം ഗ്രേഡ് . ഗുരുതരമായ പോഷണക്കുറവുകൾ

## കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെപ്പിനെ സംബന്ധിച്ച വിവരങ്ങൾ

| കുട്ടികൾ | BCG | DPT | | | | Polio.. Vaccine | | | | DT | | Mearks |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 1st | II | III | Boosts | I | II | III | Boosts | I | II | |
| 1 വയസ്സിന് താഴെ | 231 | 228 | 219 | 201 | | 228 | 219 | 201 | | | | 84 |
| 1–3 വയസ്സ് | | | | | 515 | | | 1338 | 515 | | | |
| 3–6 വയസ്സ് | - | പ്രത്യേക പോളിയോ പരിപാടി | | | | | | | | 1842 | | |

## ടെറ്റനസ് ടോക്സോയ്ഡ് (TT)

| ഗർഭിണികൾ | I D | II D | III D |
|---|---|---|---|
| | 143 | 84 | 26 |

ഇരുമ്പ് , ഫോളിക്ക് ആസിഡ് ഗുളികകൾ

കഴിച്ച ഗർഭിണികളുടെ എണ്ണം - 143

കുട്ടികളുടെ എണ്ണം - 2357

വിറ്റാമിൻ A തുള്ളിമരുന്ന് ലഭിച്ച

കുട്ടികളുടെഎണ്ണം - 2491

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം - 239

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം - 2

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജല ജന്യ രോഗങ്ങൾ | വായു ജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 278 | 161 | 5 | 491 |
| 1994-95 | 256 | 173 | 4 | 394 |
| 1995-96 | 248 | 154 | 4 | 352 |

# കുടിവെള്ളം

പഞ്ചായത്തിൽ 4753 വീടുണ്ട്. പൊതു ടാപ്പുകൾ 275 ഉം പ്രൈവറ്റ് ടാപ്പുകൾ 890 ഉം പൊതു കിണറുകൾ 28ഉം വ്യക്തികൾ സ്വന്തമായി നിർമ്മിച്ച 2500 കിണറും ആണ് പഞ്ചായത്തിൽ കുടിവെള്ള സ്രോതസ്സുകൾ. പഞ്ചായത്തിലെ മുക്കട്ടക്കൽ പാലം പരിസരം കറുകത്തരുത്തി, കടവനാട്, പുഴമ്പ്രം, ബിയ്യം, നെയ്തല്ലൂർ, ചെറുവായ്ക്കര കോട്ടത്തറ എന്നീ ഭാഗങ്ങൾ ഏത് സമയത്തും പുളിശല്യമുള്ള പ്രദേശങ്ങളാണ്. അതുകൊണ്ട് ഈ പറഞ്ഞ സ്ഥലങ്ങളിൽ കിണർ കുത്തി ശുദ്ധജലം ലഭ്യമാക്കാൻ സാദ്ധ്യമല്ല. ഈ പ്രദേശത്തുള്ള ജനങ്ങൾ വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളെ മാത്രം ആശ്രയിച്ചാണ് ശുദ്ധജലം ഉപയോഗിക്കുന്നത്.

**പഞ്ചായത്തിലെ വാർഡ് തിരിച്ചുള്ള കുടിവെള്ള പ്രശ്ന മേഖലകളും നിർദ്ദേശങ്ങളും**

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും |
|---|---|---|
| 2 | നെയ്തല്ലൂർ പ്രദേശത്ത് കിണർ കുഴിച്ചാൽ ശുദ്ധ ജലം ലഭിക്കുന്നില്ല. | K.W.A. യുടെ ടാപ്പുകൾ വ്യാപിപ്പിക്കുക. സ്വകാര്യ കണക്ഷൻ കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുക. |
| 3 | ബിയ്യം കായലിലെ വേലിയേറ്റ സമയത്ത് പുളി വെള്ളം കയറുന്നു | -do- |
| 4 | പുഴമ്പ്രം, പറയ കോളനിയിൽ വേനൽ കാലത്ത് ശുദ്ധജല ക്ഷാമം അനുഭവപ്പെടും. | നിലവിലുള്ള പഞ്ചായത്ത് കിണർ വൃത്തിയാക്കി ആഴം കൂട്ടുക. -K.W.A. യുടെ ടാപ്പുകൾ കൂടുതൽ അനുവദിക്കുക. |
| 5 | വേനൽ കാലത്ത്- കുമ്പാര കോളനി,ഹരിജൻ കോളനി എന്നിവിടങ്ങളിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു. | കുമ്പാര കോളനി, ഹരിജൻ കോളനി, ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ കൂടുതൽ K.W.A. യുടെ ടാപ്പുകൾ അനുവദിക്കുക. നിലവിലുള്ളപഞ്ചായത്ത് കിണറുകൾ എല്ലാ കാലങ്ങളിലും വെള്ളം ലഭിക്കുന്ന രീതിയിൽ അറ്റ കുറ്റ പണികൾ നടത്തുക. |
| 8 | വാർഡിന്റെ എരിയ്ക്കമണ്ണ പ്രദേശത്ത് ഉപ്പ് വെള്ളം കയറുന്നത് കൊണ്ട് കുടിവെള്ളത്തിന് കിണർ ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണ്. | K.W.A. പൈപ്പ് ലൈൻ നീട്ടി കൂടുതൽ പൊതു ടാപ്പും വീട്ടുകണക്ഷനും നൽകുക. വാർഡിൽ സ്ഥിതി ചെയ്യുന്ന കുടുംബക്ഷേമ കേന്ദ്രത്തിലേക്ക് നിർബന്ധമായും ടാപ്പ് അനുവദിക്കുക. |
| 9 | മുക്കുട്ടകക്കൽ പാലം ബസ് സ്റ്റോപ്പിന് തൊട്ട് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന KSEB യുടെ 110 KV സബ്സ്റ്റേഷന് തൊട്ട് പടിഞ്ഞാറ് ഭാഗം പുളി വെള്ളം കേറുന്ന സ്ഥലമാണ്. ഈ ഭാഗത്ത് കിണറു കുഴിച്ചാൽ ശുദ്ധജലം കിട്ടുന്നതല്ല. ഈ ഭാഗത്ത് 10–15 വീട്ടുകാർക്ക് ശുദ്ധജലത്തിന് 400 –500 മീറ്റർ ദൂരം പോകേണ്ടി വരുന്ന സ്ഥലമാണ്. | K.W.A. യുടെ പൈപ്പ് ലൈൻ ഈ 10–15 വിട്ടിന് പരിസരത്ത് വീട്ടു കണക്ഷൻ എടുക്കത്തക്ക വിധം ലൈൻ നീട്ടിത്തരുകയും പുളിവെള്ളം കയറുന്നത് തടയാൻ ചീർപ്പ്/ബണ്ട് യഥാസമയം കെട്ടാനുള്ള സംവിധാനം അടിയന്തിരമായും പെട്ടെന്നും ചെയ്യേണ്ടതാണ്. |
| 10 | ആറ്റുപുറം, കറുകതുരുത്തി എന്നീ പ്രദേശങ്ങളിൽ പുളിവെള്ളം കയറുന്ന സ്ഥലമാണ്. | നിലവിലുള്ള ചീർപ്പുകൾ/ബണ്ടുകളുടെ അറ്റ കുറ്റപണികൾ നടത്തി യഥാസമയം പുളിവെള്ളം കയറുന്നത് തടയുക. |
| 11 | കനോലി കനാലും കുണ്ടു കടവു പുഴയും കുടി വലയം ചെയ്ത പ്രദേശങ്ങൾ ആയതുകൊണ്ട് പുളിവെള്ളം മാത്രം കിട്ടുന്ന സ്ഥലമാണ് | നിലവിലുള്ള K.W.A. യുടെ ടാപ്പുകൾ പരിമിതമാണ്. എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുന്ന രീതിയിൽ പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ കൂടുതൽ അനുവദിയ്ക്കണം.<br>NB:. IPP സബ്സെൻററിലേക്ക് വെള്ള കണക്ഷൻ കൊടുക്കണം. |
| 12 | -do- | -do- |

## നിർദ്ദേശങ്ങൾ

1.K.W.A. യുടെ വിതരണം ചെയ്യുന്ന വെള്ളം ഫിൽറ്റർ ചെയ്യാനും ക്ലോറിനേഷൻ നടത്തുവാനും വേണ്ടുന്ന കാര്യങ്ങൾ കാര്യക്ഷമമാക്കണം.

2. കിണറുകൾക്ക് ആൾമറ കെട്ടുവാനും മുകൾഭാഗം വല കെട്ടി മാലിന്യങ്ങൾ വീഴുവാൻ ഇടവരുത്താത്ത പ്രവർത്തനം ഉണ്ടാവണം.

3. കിണറുകൾ 3 മാസത്തിലൊരിക്കലെങ്കിലും ക്ലോറിനേഷൻ നടത്തണം.

4.വെള്ളം ദുരുപയോഗപ്പെടുത്താതിരിക്കുവാൻ വേണ്ടുന്നതായ കർശന നടപടികൾ സ്വീകരിക്കണം.

5. പഞ്ചായത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാവണം.

6. കുടിവെള്ളം ഉപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണം ജനങ്ങളെ ധരിപ്പിക്കണം.

7. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പൊതു ടാപ്പുകളിൽ ഏതെങ്കിലും ആവശ്യമില്ലാത്തത് (തികച്ചും ബോദ്ധ്യമായാൽ) ഉണ്ടെങ്കിൽ അത് എടുത്ത് ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കണം.

8. സ്കൂൾ കോമ്പൗണ്ടിൽ വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധജലമാണെന്ന് ഉറപ്പുവരുത്തണം.

9. തൃക്കാവിലുള്ള 'Mother tank' പണി ഉടൻ പൂർത്തിയാക്കുക.

## പരിസര ശുചീകരണം

ഈഴുവത്തിരുത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും പരിസര ശുചീകരണത്തെ കുറിച്ചുള്ള പരാതികളും ശക്തമായ നിർദ്ദേശങ്ങളും വന്നിട്ടുള്ളതാണ്. തൊട്ടടുത്ത നഗരസഭയേക്കാൾ വ്യാപാരകേന്ദ്രങ്ങളും കച്ചവട സ്ഥാപനങ്ങളും മത്സ്യ മാംസ കച്ചവടങ്ങളും പഞ്ചായത്തിലാണ് നടക്കുന്നത്. അതുകൊണ്ട് തന്നെ A V High School മുതൽ കുണ്ടുകടവ് Jn വരെ പരിസര ശുചിത്വത്തിന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്.

പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടത്തണമെങ്കിൽ സ്ഥിരം ജോലിക്കാരെ നിയമിച്ച് പ്രവർത്തിപ്പിക്കണം. പ്രധാന കേന്ദ്രങ്ങളിൽ മൂടി സഹിതമുള്ള BIN വെച്ച് മാലിന്യങ്ങൾ സ്വരൂപിക്കുകയും നീക്കം ചെയ്യുകയും Dumping ground ഉപയോഗപ്പെടുത്തുകയും വേണം. അഴുക്കുചാലുകളുടെ ഒഴുക്കു സാദ്ധ്യമാക്കുകയും മൂടുകയും വേണം.

പഞ്ചായത്തിൽ സ്ലോട്ടർ ഹൗസ് ഉണ്ടാക്കി വെറ്റിനറി ഡോക്ടർ പരിശോധന നടത്തിയ മൃഗങ്ങളേയെ അറുത്ത് വിൽപന നടത്താവൂ. മത്സ്യ വിൽപനക്ക് ഒരു പൊതു മാർക്കറ്റ് ഉണ്ടാക്കികൊടുക്കണം.

ഹോട്ടൽ, ചായക്കടകളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കണം. ഭാരത പുഴയിലും, കുണ്ടുകടവ് പുഴയിലും കോഴി കച്ചവടക്കാർ മാലിന്യങ്ങൾ തള്ളുന്നത് തടയണം.

ഹോട്ടൽ, ചായക്കട എന്നിവക്ക് ലൈസൻസ് കൊടുക്കുമ്പോൾ ആരോഗ്യവകുപ്പുമായി ബന്ധപ്പെടണം.

പഞ്ചായത്തിൽ പുകയില്ലാത്ത അടുപ്പ് നിർമ്മിക്കാൻ പ്രോത്സാഹനം നൽകണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മോട്ടോർ വർക്ക് ഷാപ്പുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും റോഡിലിട്ടു പണിയെടുക്കുന്നത് നിരുത്സാഹപ്പെടുത്തുകയും വേണം. ശബ്ദ മലിനീകരണം നിയന്ത്രിക്കുന്നതിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണം.

## ശ്മശാനം

പഞ്ചായത്തിലുള്ള പൊതു ശ്മശാനത്തിൽ വെള്ളവും വെളിച്ചവും ലഭ്യമാക്കണം. ഇന്നത്തെ "ദഹന രീതി" പരിസരവാസികൾക്ക് ആരോഗ്യ പ്രശ്നം ഉണ്ടാക്കുന്നതുകൊണ്ട് "ഇലക്ട്രിക്ക് ദഹനത്തിന്" വേണ്ട പ്രവർത്തനം നടത്തണം. ഈ സംവിധാനം നിലവിൽ വരുന്നതുവരെ ദഹിപ്പിക്കുന്നതിനും മറവ് ചെയ്യുന്നതിനും ആവശ്യമായ സാധനങ്ങളും ഉപകരണങ്ങളും മിതമായ വിലയ്ക്കും വാടകയ്ക്കും പഞ്ചായത്തിൽ കൂടി ലഭിക്കുന്നതിന് ഏർപ്പാട് ഉണ്ടാകണം. ഒരു Watchman നിയമിക്കാവുന്നതാണ്.

## കക്കൂസ്

വിസർജ്ജ വസ്തുക്കൾ നീക്കുന്നതിന് പഞ്ചായത്തിൽ 2820 കക്കൂസുകളാണ് ഉള്ളത്. 40% ആളുകൾ ഇന്നും പുഴയോരങ്ങളും പൊതുസ്ഥലങ്ങളും മലമൂത്ര വിസർജ്ജനത്തിന് ഉപയോഗിക്കുന്നു. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നത്തിന് ഇടയാക്കുന്നു. അതുകൊണ്ട് പഞ്ചായത്ത് സബ്സിഡി നൽകി പാവപ്പെട്ടവർക്ക് കക്കൂസുണ്ടാക്കി കൊടുക്കണം.

നിർദ്ദേശങ്ങൾ

I. താഴെ പറയുന്ന സ്ഥലങ്ങളിൽ “BIN” സ്ഥാപിക്കുക.
(1) എ.വി. ഹൈസ്കൂളിന് സമീപം
(2) കേരളാ ഷെഡിന്നടുത്ത്
(3) വിജയ മാതാ കോൺവെന്റിന് സമീപം
(4) ചമ്രവട്ടം Jn
(5) കുണ്ടുകടവ് Jn
(6) ബിയ്യം അങ്ങാടി
(7) കുണ്ടുകടവ് റോഡിൽ വളവിനടുത്ത്
(8) കോട്ടത്തറ റേഷൻകടയ്ക്കടുത്ത്
(10) ചമ്രവട്ടം കടവിനടുത്ത്

2. റോഡിന് ഇരുവശവും തോടുകളിൽ കെട്ടി നിൽക്കുന്ന ജലം കൊതുക് വളരുന്നതിന് ഇടയാകുന്നതുകൊണ്ട് നികത്തിയെടുത്ത് പഞ്ചായത്തിന് മുതൽ കൂട്ടാക്കാവുന്നതാണ്.

3.അഴുക്ക് ചാലുകൾ വൃത്തിയാക്കുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തുക.

4. പൊതു അറവു ശാല നിർമ്മിക്കുക.

5. മത്സ്യമാർക്കറ്റ് ഉണ്ടാക്കുക.

6. പഞ്ചായത്ത് Dumping land ഉണ്ടാക്കുക.

7. കക്കൂസ് ഉണ്ടാക്കാൻ സബ്സിഡി അനുവദിക്കുക.

8. കക്കൂസുകളുടെ Slabന്റെ വിടവ് അടയ്ക്കുക. വിന്റ് പൈപ്പിന് മേൽ വല കെട്ടുക.

9. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ഉണ്ടാക്കുകയും വൃത്തിയായി വെയ്ക്കുകയും ചെയ്യുക.


10. കക്കൂസ്, കിണർ, ശ്മശാനം എന്നിവയ്ക്കു തമ്മിലുണ്ടായിരിക്കേണ്ട അകലം നിർബന്ധമായും പാലിക്കുക.

11. ഹോട്ടൽ, ചായക്കട ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുക.

12. സ്കൂൾ പരിസരങ്ങളിൽ വിൽപന നടത്തുന്ന ഐസ്, വിലകുറഞ്ഞ കളർ മിഠായികൾ നിരോധിക്കുക. ഇക്കാര്യങ്ങളിൽ അദ്ധ്യാപകരും രക്ഷിതാക്കളും സഹകരിക്കുക.

13. ആരോഗ്യ ബോധവൽക്കരണം ചിട്ടയായി സംഘടിപ്പിക്കുക.

ഈ പഞ്ചായത്തിലെ 12 ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ ഒരു റിപ്പോർട്ടാണിത്. ഒമ്പതാം പഞ്ചവത്സര പദ്ധതി പ്രവർത്തനരൂപത്തിൽ വരുമ്പോൾ മുൻഗണനാടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ ആരോഗ്യം – കുടിവെള്ളം – പരിസരശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.



# 5-6

# ഗതാഗതം

കൊളോണിയൽ കാലഘട്ടത്തിലെ ഭരണകൂടം തങ്ങൾ കോളനിയാക്കി വെച്ചുപോരുന്ന രാജ്യത്ത് റോഡുകൾ നിർമ്മിക്കുന്നത് പ്രധാനമായും രണ്ടാവശ്യത്തിനുവേണ്ടിയാണ്. ഒന്ന് പ്രകൃതിവിഭങ്ങൾ റോഡ് മാർഗ്ഗം കടത്തിക്കൊണ്ടു പോകുന്നതിനുവേണ്ടി. രണ്ട് ഭരണകാര്യങ്ങളുടെ നടത്തിപ്പിന് പ്രധാന പാതകളോ എളുപ്പവഴികളോ ഉണ്ടാക്കുന്നതിനുവേണ്ടി. അല്ലാതെ അതാത് പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാസൗകര്യത്തിനുവേണ്ടി കോളനി ഭരണകൂടങ്ങൾ റോഡുകൾ നിർമ്മിക്കാറില്ല. അപ്പോൾ ബ്രിട്ടീഷ് ഭരണകാലത്തെ പ്രധാന പാതകളെല്ലാംതന്നെ അധിനിവേശത്തിന്റെ കൈവഴികളായാണ് കണക്കാക്കപ്പെടുന്നത്.

പൊന്നാനിയുടെ ഉപകേന്ദ്രമെന്ന നിലയിലാണ്ഇന്നത്തെ ഈഴുവത്തിരുത്തി പഞ്ചായത്ത് ചരിത്രത്തിൽ വളർന്നുപോരുന്നത്. ബ്രിട്ടീഷ് ഭരണകൂടത്തിന് പൊന്നാനി പ്രധാന പാതയോ എളുപ്പവഴിയോ ആയിരുന്നില്ല. ഇവിടെനിന്നും കടത്തിക്കൊണ്ടുപോകാൻ സായിപ്പൻമാർക്ക് ഇഷ്ടപ്പെട്ട പ്രകൃതിവിഭങ്ങളൊന്നുംതന്നെ പൊന്നാനിയിലുണ്ടായിരുന്നില്ലല്ലോ. പണ്ടേ പേരും പെരുമയുമുള്ള പൊന്നാനിയിലേക്ക് ബ്രിട്ടീഷ് ഭരണത്തിന്റെ അന്ത്യകാലം വരെ കൽറോഡുകളല്ലാതെ മറ്റു യാതൊരു യാത്രാസൗകര്യവും ഉണ്ടായിരുന്നില്ല. ഇതേ ബ്രിട്ടീഷ് ഭരണകൂടമാണ് ഷൊർണ്ണൂരിൽനിന്നു നിലമ്പൂരിലേക്ക് റയിൽ പാത കൊണ്ടുപോയത് എന്ന് ഓർക്കണം. നിലമ്പൂർ കാട്ടിലെ വനവിഭങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിമാത്രമാണ് ബ്രിട്ടീഷുകാർ നിലമ്പൂർ റയിൽ പാത നിർമ്മിച്ചത്. അപ്പോൾ പൊന്നാനിയിലേക്ക് ഗതാഗതസൗകര്യമുള്ള റോഡുകൾ നിർമ്മിക്കേണ്ടത് ബ്രിട്ടീഷ് ഭരണകൂടത്തിന് ഒരിക്കലും ഒരാവശ്യമേയല്ലായിരുന്നു.

ഈ കാലഘട്ടത്തിലാണ് ഇന്നത്തെ ഈഴുവത്തിരുത്തി ഭൂമേഖലയിൽ പാർത്തു വന്നിരുന്ന ഗ്രാമീണജനത വളർന്നുവരുന്ന ജീവിതക്രമങ്ങളുടെ അനിവാര്യതയെന്നോണം ഗ്രാമീണ മൺറോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടി മുന്നോട്ട് വരുന്നത്. ആ കാലത്തെ സാമൂഹ്യവ്യവസ്ഥയുടെ സഹജസ്വഭാവങ്ങളും വർഗ്ഗതാൽപര്യങ്ങളും സാമൂഹ്യസാഹചര്യങ്ങളും ഈ ഘട്ടത്തിലെ റോഡ് നിർമ്മാണത്തെ സ്വാധീനിച്ചിരുന്നു. അധികാരകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, ചന്തപ്പറമ്പുകൾ, ജലഗതാഗതകേന്ദ്രങ്ങൾ എന്നിവയിലേക്കുള്ള പെരുവഴികളായാണ് ഇവിടെ ഗ്രാമീണ മൺറോഡുകൾ ജനിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ രാജാധികാര കേന്ദ്രമായിരുന്ന തിരുമനശ്ശേരി കോട്ടയിലേക്കുള്ള റോഡ് (ഇന്നത്തെ കോട്ടറോഡ്) ചന്തപ്പറമ്പിലേക്കുള്ള റോഡ് (ഇന്നത്തെ ചന്തപ്പടി) ഹരിഹരമംഗലം വാര്യത്തേക്കുള്ള റോഡ് (ഇന്നത്തെ വാര്യത്തുപടിറോഡ്) ചമ്രവട്ടം കടവത്തേക്കുള്ള റോഡ്. ശിവക്ഷേത്രത്തിലേക്കുള്ള യാത്രസൗകര്യത്തിനു വേണ്ടി ഒരൊറ്റ രാത്രികൊണ്ട് നിർമ്മിച്ച ഇന്നത്തെ വില്ലേജ് ഓഫീസ് റോഡ്. ചമ്രവട്ടം കടവത്ത്നിന്നും തിരുന്നാവായയിലേക്കുള്ള റോഡ് എന്നിവയൊക്കെയാണ് ഈ ഘട്ടത്തിൽ നിർമ്മിച്ച ആദ്യത്തെ റോഡുകൾ. രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയതിനുശേഷമാണ് പൊന്നാനിയിലേക്കുള്ള പ്രധാന പാതയായ പൊന്നാനി -പാലക്കാട് റോഡ് ടാർ ചെയ്യുന്നത്. പിൽകാലത്ത് സാമൂഹ്യ സാമ്പത്തികരംഗങ്ങളിൽ കേരളത്തിനുണ്ടായ മുന്നേറ്റവും പഞ്ചായത്ത് രൂപീകരണത്തെയും തുടർന്ന് അന്നത്തെ പലനാട്ടുവഴികളും ഇന്ന് റോഡുകളായിതീർന്നു. ഇന്ന് പഞ്ചായത്തിൽ ആകെ 70 കി.മീ. റോഡുണ്ട്. അതിൽ തന്നെ 23 കിലോമീറ്റർ ടാർറോഡുകളാണ്. 45 കി.മീ. മൺറോഡും 2 കി.മീ മെറ്റൽ റോഡുകളുമുണ്ട്. 45 കി.മീ. മൺറോഡിൽ പകുതിയിലേറെ

റോഡുകൾ വലിയ വാഹനങ്ങൾ പോകാൻ വീതിയില്ലാത്തവയാണ്. പൊതുവേ 10 അടി വീതിയില്ലാത്ത റോഡുകളെ റോഡുകളായി കണക്കാക്കാറില്ല. എങ്കിലും പഞ്ചായത്തിൽ ഇതിന് ഒരു സവിശേഷ സ്വഭാവമാണുള്ളത്. 23കി.മീ. ടാർ റോഡിൽ 23 കി.മീ. 10 കി.മീ.ഉം പഞ്ചായത്തിന്റേതാണ്. N.H. 5.300., PWD. 6.500, ഇറിഗേഷൻ 1.200 എന്നീ ക്രമത്തിലാണ് ബാക്കി ടാർ റോഡുകളുടെ ഉടമസ്ഥത. 70 കി.മീ. റോഡുണ്ടായിട്ടും പഞ്ചായത്തിൽ പല മേഖലകളിലും ഇന്നും തീരെ ഗതാഗത സൗകര്യമില്ലാത്ത അവസ്ഥയുണ്ട്. പഞ്ചായത്തിനുള്ളിൽ വരുന്ന ഭൂമി മുഴുവൻ വാസയോഗ്യമായതിനാലാണ് റോഡുകളുടെ ആവശ്യകത അധികമായി വരുന്നത്. പഞ്ചായത്തിലെ ഭൂതലം മുഴുൻ സമതലങ്ങളാണ്. കുന്നിൻപുറങ്ങളോ ചതുപ്പ് നിലങ്ങളോ തീരെയില്ല. ഭാരതപ്പുഴയും ബിയ്യം കായലും പഞ്ചായത്തിന്റെ അതിർത്തി നിർണ്ണയിക്കുക മാത്രമേ ചെയ്യുന്നുള്ളു. താമസസൗകര്യമുള്ള ഭൂപ്രദേശമായതിനാൽ ഇവിടങ്ങളിൽ മുഴുവൻ മനുഷ്യൻ വീടുകൾ നിർമ്മിച്ച് പാർത്തു വരുന്നു. ഇവർക്ക് ഗതാഗതസൗകര്യത്തിനുവേണ്ടി റോഡുകൾ നിർമ്മിക്കേണ്ടത് പഞ്ചായത്തിന്റെ ഒഴിച്ചുകൂടാനാവാത്ത കടമയായി മാറുകയായിരുന്നു. ചരൽ പ്രദേശമുള്ള ഭൂമിയാണെങ്കിൽ വെള്ളം കെട്ടിനിൽക്കാതിരിക്കുകയും റോഡുകളില്ലാതെതന്നെ ആളുകൾക്ക് ഗതാഗതം നടത്താൻ സാധിക്കുകയും ചെയ്യുമായിരുന്നു. പക്ഷെ നമ്മുടെ പഞ്ചായത്തിലെ മൺതരം മണൽ രാശി കലർന്നതും ചെളിയോട് കലർപ്പുള്ളതുമാണ്. സമതലമായതിനാൽ മഴവെള്ളം ഒഴിഞ്ഞു പോകാതിരിക്കുകയും ചെളിയോട് പശകെട്ടി തളം കെട്ടി നിൽക്കുകയും ചെയ്യുമ്പോൾ ഈ ഭൂപ്രദേശത്തിലൂടെ

## പട്ടിക–1
## നിലവിലുള്ള ടാർ റോഡുകൾ

| | തുടക്കം | അവസാനം | ഉടമസ്ഥത | നീളം | ഓവുചാൽ | കടന്ന്പോകുന്ന വാർഡുകൾ |
|---|---|---|---|---|---|---|
| 1 | വടക്ക് തവനൂർ പഞ്ചായത്ത് അതിർത്തി | A.V. ഹൈസ്കൂൾ | N.H | 5.300 | 600 | 1, 5, 6, 7, 8 |
| 2 | ചമ്രവട്ടം ജംഗ്ഷൻ | ബിയ്യം ചെറുപാലം | PWD | 3.500 | 500 | 4, 3, 7 |
| 3 | ചമ്രവട്ടം ജംഗ്ഷൻ | കുണ്ടുകടവ് പാലം | PWD | 3 | | 7, 8, 10 |
| 4 | കൊല്ലൻ പടി | വളവ് | പഞ്ചായത്ത് | 1.300 | | 10,11 |
| 5 | കൊല്ലൻ പടി | പൂക്കൈത കടവ് | പഞ്ചായത്ത് | 2 | | 11,12 |
| 6 | വാരിയത്ത് പടി | കൊല്ലൻ പടി | പഞ്ചായത്ത് | 1.500 | | 11,12 |
| 7 | A.V.H.S | ഓം തൃക്കാവ് | പഞ്ചായത്ത് | 1 | | 8,9 |
| 8 | കൃസ്ത്യൻ പള്ളി | ഹൗസിംഗ കോളനി | പഞ്ചായത്ത് | 300 | | 7 |
| 9 | കോട്ടത്തറ | ഐ.ടി.സി | പഞ്ചായത്ത് | 1 | | 5 |
| 10 | തേവർക്ഷേത്രം | പകരാവൂർ കുളം | പഞ്ചായത്ത് | 800 | | 6 |
| 11 | N.H.17 | വില്ലേജ് ഓഫീസ് | പഞ്ചായത്ത് | 800 | | 5 |
| 12 | ഐശ്വര്യ | പോത്തനൂർ | പഞ്ചായത്ത് | 800 | | 3,4 |
| 13 | പുള്ളിശ്ശേരിതാഴം | പുഴ | പഞ്ചായത്ത് | 140 | | 1 |
| 14 | കരിമ്പന | ചമ്രവട്ടം പ്രൊജക്ട് ഓഫീസ് | ഇറിഗേഷൻ | 500 | | 5 |
| 15 | ബിയ്യം സെന്റർ | റഗുലേറ്റർ | ഇറിഗേഷൻ | 700 | | 3 |

## പട്ടിക-2
## ടാർറോഡുകൾ ഒഴിച്ച് ബാക്കി നിലവിലുള്ള റോഡുകൾ

| തുടക്കം | അവസാനം | വലിയ വാഹനങ്ങൾ പോകുമോ | നീളം | വാർഡ് | മൺ റോഡ് | മെറ്റൽ റോഡ് |
|---|---|---|---|---|---|---|
| 1. N.H. 17 കിഴക്ക് | V.V.ഹംസവീട് | | 1.200 | 1 | ✓ | |
| 2. ചട്ടകപ്പുഴ | ചെറുവായ്ക്കര | ✓ | 1.600 | 1 | ✓ | |
| 3. തെക്കേപാട്ട് പടി | ഊരത്തറ കോളനി | ✓ | 600 | 1 | ✓ | |
| 4. സാഗരിക പടി | K.E.L.P സ്കൂൾ | ഇല്ല | 300 | 1 | ✓ | |
| 5. KELP സ്കൂൾ | ഹരിജൻ കോളനി | ഇല്ല | 1-40 | 1 | ✓ | |
| 6 ഐശ്വര്യ | പോത്തന്നൂർ | ✓ | 1.700 | 2 | ✓ | |
| 7 ഐശ്വര്യ റോഡ് | മുച്ചിക്കൽ | ✓ | 1.500 | 2 | ✓ | |
| 8. ഊരത്തറ കോളനി | പുതിയാപ്പാടം | ✓ | 750 | 2 | ✓ | |
| 9. ഡിസ്പെൻസറി | ശിവക്ഷേത്രം | X | 500 | 2-1 | ✓ | |
| 10 പരമേശ്വരൻനായർവീട് | ഐശ്വര്യ പോത്തന്നൂർ | X | 1500 | 2 | ✓ | |
| 11 ബിയ്യം സെന്റർ | എകരത്തറ ഹരിജൻ കോളനി | ✓ | 500 | 3 | ✓ | |
| 12 ബിയ്യം സെന്റർ | എ.എം.,എൽ.പി.സ്കൂൾ | X | 150 | 3 | ✓ | |
| 13 പുഴമ്പ്രംസെന്റർ | ചീർപ്പ്തോട് | X | 300 | 3 | ✓ | |
| 14 PWD പുഴമ്പ്രം | കല്ലിക്കട | X | 1 | 4 | ✓ | |
| 15 പുഴമ്പ്രം | വില്ലേജ് ഓഫീസ് | X | 750 | 4 | ✓ | |
| 16 പുഴമ്പ്രം സെന്റർ | പള്ളി (കല്ലിക്കട) | X | 1500 | 4 | ✓ | |
| 17 പുഴമ്പ്രം ഗ്രാമം | വില്ലേജ് ഓഫീസ് | X | 2 | 4 | ✓ | |
| 18 പുഴമ്പ്രം കല്ലിക്കട് റോഡ് | പള്ളിറോഡ് | X | 125 | 4 | ✓ | |
| 19 കോട്ടത്തറ പള്ളി | ശ്മശാനം റോഡ് | X | 1 | 5 | ✓ | |
| 20 കോട്ടത്തറ | തിരുമനശ്ശേരികോട്ട | ✓ | 500 | 5 | ✓ | |
| 21 ഐസിടിസി | മുനിസിപ്പാലിറ്റി റോഡ് | ✓ | 500 | 5 | ✓ | |
| 22 ഐസിടിസി | സ്വാമിനാഥന്റെ വീട് | ✓ | 250 | 5 | | ✓ |
| 23 ചേന്നംകുളത്ത് പടി | ശ്മശാനം | ✓ | 750 | 5 | ✓ | |
| 24 ONHകോളനി | ഗേൾസ് ഹൈസ്കൂൾ റോഡ് | X | 1200 | 6 | ✓ | |
| 25 കറപ്പന്റെ വീട് | കുമ്പളത്ത് പടി | ✓ | 600 | 6 | ✓ | |
| 26 കുമ്പളത്ത് പടി | MP അയ്യപ്പൻവീട് | ✓ | 650 | 6 | ✓ | |
| 27 കുമ്പളത്ത് പടി | കുറ്റിക്കാട പള്ളി | ✓ | 1.100 | 6 | ✓ | |
| 28 NH 17 | കറപ്പന്റെ പടി | ✓ | 850 | 6 | ✓ | |
| 29 തേവർക്ഷേത്രം | ഗേൾസ്ഹൈസ്കൂൾ | ടാർ റോഡ് | 1 | 7 | ✓ | |

| തുടക്കം | അവസാനം | വലിയ വാഹനങ്ങൾ പോകുമോ | നീളം | വാർഡ് | മൺ റോഡ് | മെറ്റൽ റോഡ് |
|---|---|---|---|---|---|---|
| 30 തേവർക്ഷേത്രം | മില്ല് PT ബാവു | ✓ | 500 | 7 | ✓ | |
| 31 കള്ള് ഷാപ്പ്NH 17 | ഗ്രാമം സ്റ്റോപ്പ് | ടാർ X | 750 | 7 | ✓ | |
| 32 വാട്ടർ അതോറിറ്റി | ശ്രീധരൻ വീട് | ✓ | 250 | 7 | ✓ | |
| 33 പുളിക്കടവ് | നായരങ്ങാടി | പോകും | 1.170 | 8 | ✓ | |
| 34 പുളിക്കടവ് | വള്ളംകളിസ്റ്റേജ് | | 600 | 8 | ✓ | |
| 35 മഹിളാസമാജം | കല്ലിക്കട ഹരിജൻ കോളനി | | 600 | 8 | ✓ | |
| 36 ഓവുപാലം | കല്ലിക്കട ഹരിജൻ കോളനി | | 500 | 8 | ✓ | |
| 37 പഞ്ചായത്ത്ഓഫീസ് | കല്ലിക്കട | | 700 | 8 | ✓ | |
| 38 ഓവുപാലം | പാക്കത്ത പറമ്പ് | | 1 | 8 | ✓ | |
| 39 പഞ്ചായത്ത് ഓഫീസ് | C.V.ജംഗ്ഷൻ | | 700 | 8 | ✓ | |
| 40 ന്യൂ.എൽ.പി.സ്കൂൾ | കേരളാറോഡ്മേയ്സ് | | 160 | 8 | ✓ | |
| 41 കേരളാറോഡ്വേയ്സ് | പാക്കത്ത് പറമ്പ് | | 400 | 8 | ✓ | |
| 42 തെയ്യങ്ങാട് | പാക്കത്ത് പറമ്പ് | | 200 | 8 | ✓ | |
| 43 ശക്തിടാക്കീസ് | ഹരിജൻ ഹോസ്റ്റൽ | | 180 | 8 | ✓ | |
| 44 ലക്ഷ്മി ടാകക്കീസ് | പാക്കത്തുപറമ്പ് | | 200 | 8 | ✓ | |
| 45 നായരങ്ങാടി | കൊല്ലൻപടി | ✓ | 2 | 9 | ✓ | |
| 46 നായരങ്ങാടി | ഓം തൃക്കാവ് | ✓ | 1 | 9 | ✓ | |
| 47 തെയ്യങ്ങാട് | പള്ളിലക്ഷംവീട് | X | 1.500 | 9 | ✓ | |
| 48 മുക്കിലെ പീടീക | മുണ്ടിയം പറമ്പ് | ✓ | 1 | 9 | ✓ | |
| 49 അയിനിച്ചോട് | റൈസ്മിൽ | ✓ | 1.800 | 10 | ✓ | |
| 50 ഹരിഹരമംഗലം | കനോലിക്കനാൽ | ഭാഗികം | 600 | 11 | ✓ | |
| 51 പറങ്കിവളപ്പ് | കനോലികക്കനാൽ | ഭാഗികം | 600 | 11 | ✓ | |
| 52 വാരിയത്ത് പടി | കനോലിക്കനാൽ | | 0 | 11 | ✓ | |
| 53 ചെമ്പൻ പാടം | കടവനാട് ഹരിജൻ കോളനി | | 112 | | | |
| 54 കൊളക്കാടൻ പടി | പുതുപൊന്നാനിപാലം | | 1.500 | 12 | | |
| 55 മുണ്ടോൻ പറമ്പ് | വാരിയത്തപടി | | 7560 | 12 | ✓ | |
| 56 N.H. 17 | A.L.P. സ്കൂൾ | | 250 | 7 | ✓ | |
| 57 കൊഴൂർപടിവളവ് റോഡ് | അവസാനം | ✓ | 3.00 | 10 | ✓ | |

യുള്ള യാത്ര ജനങ്ങൾക്ക് ഒരു നരകയാതനയായി മാറി. ഈ അവസ്ഥയിലാണ് നമ്മുടെ പഞ്ചായത്തിൽ റോഡ് നിർമ്മാണം അനിവാര്യമായി മാറുന്നത്. ഒമ്പതാം പദ്ധതിയിലേക്ക് പുതുതായി 33 കി.മീ. റോഡിന്റെ ആവശ്യകത ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിൽ ആകെ വരുന്ന റോഡുകളുടെ അളവ് പന്ത്രണ്ട് വാർഡുകൾക്കായി ശരാശരി വിഹിതം കണക്കാക്കുമ്പോൾ വാർഡുകൾക്ക് റോഡുകൾ അനുവദിച്ചതിൽ ജനസാന്ദ്രത അടിസ്ഥാനമാക്കി നോക്കുകയാണെങ്കിൽപോലും തുല്യത ലഭിച്ചിട്ടില്ല എന്നത് ഒരു വസ്തുതയാണ്.

പഞ്ചായത്തുതലത്തിൽ യാതൊരു വിധ പ്ലാനിംഗിന്റെയും അടിസ്ഥാനത്തിലല്ല റോഡുകൾ നിർമ്മിച്ചിട്ടുള്ളത്. വാർഡുകളിൽനിന്ന് അതാതുകാലത്ത് ആവശ്യങ്ങൾ ഉയർന്നുവരുമ്പോൾ ഒരു പൊതുധാരണയുടെ അടിസ്ഥാനത്തിലല്ലാതെ റോഡുകൾ അനുവദിച്ചുകൊടുക്കുക എന്ന സമീപനത്തിന്റെ ഭാഗമായി ഇന്ന് ഒരു പൊതുപാതാ സമ്പ്രദായമില്ലാത്ത രീതിയിൽ തലങ്ങും വിലങ്ങും അനോന്യം വന്നുനിൽക്കുന്ന റോഡുകൾ ഒട്ടനവധിയാണ്. നൂറും നൂറ്റമ്പതും മീറ്റർ ദൂരത്തിനുള്ളിൽ ഈ റോഡുകൾ തമ്മിൽ ലിങ്ക് ചെയ്താൽ പഞ്ചായത്തിൽ ആകെ തന്നെ വൻതോതിൽ യാത്രസൗകര്യം തുറന്നു കിട്ടും.

## *റോഡുകളുടെ അവസ്ഥ*

റോഡുകളുടെ അവസ്ഥ വളരെ ഗുരുതരമാണ്. ഇതിന് പ്രധാന കാരണം സമതല പ്രദേശമായതിനാൽ മഴക്കാലത്ത് റോഡിൽ വെള്ളം കെട്ടിനിൽക്കുന്നതാണ്. വെള്ളം നിൽക്കുന്ന റോഡുകൾ മേൽപാളി തകർന്ന് കുണ്ടും കുഴിയുമായി തീരെ ഗതാഗതയോഗ്യമല്ലാതായിട്ടുണ്ട്. പരമ്പരാഗതമായി മഴവെള്ളം ഒഴിഞ്ഞുപോയിക്കൊണ്ടിരുന്ന തോടുകൾ നികത്തപ്പെട്ടതും റോഡുകൾക്കിരുവശവുമുള്ള സ്വകാര്യ ഭൂമികൾ ഉയർത്തിയതും കൊണ്ടാണ് ഇങ്ങനെ റോഡുകളിൽ മഴവെള്ളം നിറഞ്ഞുനിൽക്കുന്നത്. കെട്ടിനിൽക്കുന്ന വെള്ളം ഒഴിഞ്ഞുപോകുന്നതിനുവേണ്ടിയുള്ള ഓവുചാലുകൾ പ്രധാന റോഡുകളിൽ പോലും നാമമാത്രമാണ്. NH റോഡിൽ 5.300 മീറ്ററിൽ 600 മീറ്റർ റോഡിൽ മാത്രമാണ് ഓവുചാലുള്ളത്. PWD റോഡ് 6.500 മീറ്ററിൽ 500 മീറ്റർ റോഡിൽ മാത്രമാണ് ഓവുചാലുള്ളത്. പഞ്ചായത്ത് വക ടാർ റോഡുകളിൽ പോലും ഒന്നിനും ഓവുചാലുകളേയില്ല. ഈ അവസ്ഥയിലാണ് മഴവെള്ളം കെട്ടിനിന്ന് റോഡുകൾ നശിച്ചുപോകാൻ ഇടവരുന്നത്. ഇപ്പോൾ നിലവിലുള്ള ഓവുചാലുകൾ തന്നെ തൂർന്ന് പോകുന്ന അവസ്ഥയുണ്ട്. മാലിന്യങ്ങൾ കൊണ്ട് തൂർന്ന് പോകുന്നത് മാത്രമല്ല കച്ചവടക്കാരും വീട്ടുടമകളും ബോധപൂർവ്വം ഓവുചാലുകൾ നികത്തുന്ന സംഭവങ്ങളുമുണ്ട്.

റോഡ് നിർമ്മാണത്തിലെ പാകപ്പിഴവുകളും റോഡുകളുടെ തകർച്ചക്ക് കാരണമായിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങളിലൂടെ റോഡുകൾ കൊണ്ടു പോവുമ്പോൾ റോഡിനിരുവശവും കെട്ടി ഉയർത്തി നികത്തി റോഡ് നിർമ്മിക്കുന്നതിനുപകരം താഴ്ന്ന നിലത്ത് കല്ലും മണ്ണുമിട്ട് റോഡുകൾ നിർമ്മിക്കുന്നത് റോഡുകൾ വെള്ളത്തിനടിയിലായിപോവുന്നതിനും അങ്ങനെ ഗതാഗതയോഗ്യമല്ലാതായിതീരുന്നതിനും ഇടവരുത്തിയിട്ടുണ്ട്. റോഡരികിൽ

### പട്ടിക–3
### അഭിവൃദ്ധിപ്പെടുത്തേണ്ട നിലവിലുള്ള റോഡുകൾ

| നമ്പർ | | | നീളം | വാർഡ് | കോഡ് |
|---|---|---|---|---|---|
| 1. | ചട്ടകപ്പുഴ | ചെറുവായ്ക്കര | 1600 | 1 | 4 |
| 2 | ഡിസ്പെൻസറി | ശിവക്ഷേത്രം | 500 | 2 | 2 |
| 3 | കിഴ്ക്കേക്കളം അത്താണി | നെയ്തല്ലൂർ പള്ളി | 500 | 2 | 7 |
| 4 | കരിമ്പന | പോത്തന്നൂർ | 600 | 2 | 3 |
| 5 | പുഴമ്പ്രം | ചീർപ്പ്തോട് | 800 | 3 | 5 |
| 6 | പുഴമ്പ്രം | പള്ളി | 1.500 | 4 | 2 |
| 7 | പുഴമ്പ്രം ഗ്രാമം | വില്ലേജ്ആഫീസ്റോഡ് | 750 | 4 | 9 |
| 8 | NH17 | തിരുമനശ്ശേരിക്കോട്ട | 200 | 5 | 6 |
| 9 | ITC | പുഴ | 250 | 5 | 7 |
| 10 | അമ്പാടിപടി | ലക്ഷംവീട്കോളനി | 2കി.മി | 6 | 3 |
| 11 | കെ.കെ.ജംഗ്ഷൻ | എരിക്കാംപാടം | 750 | 7 | 1 |
| 12 | N.H17 | ഗേൾസ്ഹൈസ്കൂൾറോഡ് | — | 7 | 9 |
| 13 | കുണ്ടുകടവ് | കല്ലിക്കടെ | 2കി.മി. | 8 | 8 |
| 14 | ഹെൽത്ത് സെന്റർ | പാക്കാത്തപറമ്പ് | 1കി.മി. | 8 | 3 |
| 15 | ബാർലികുളം | തൃക്കാവ് മുനി.അതിർത്തി | 200 | 9 | 4 |
| 16 | മുക്കിലെപീടിക | മുണ്ടിയംപറമ്പ് | 1250 | 9 | 6 |
| 17 | അയിനിചോട് | റൈസ്മിൽ | 1800 | 10 | 2 |
| 18 | കൊല്ലംപടി | വളവ് | 1300 | 10 | 1 |
| 19 | വാരിയത്ത് പടി | കനോലികനാൽ | 600 | 11 | 1 |
| 20 | ഹരിഹരമംഗലം | കനോലികനാൽ | 600 | 11 | 3 |
| 21 | വാരിയത്ത് പടി | കനോലികനാൽ | 750 | 12 | 6 |

ടെലിഫോൺ, ഇലക്ട്രിസിറ്റി പോസ്റ്റുകൾ ഗതാഗതകുരുക്കിനിടവരുത്തുന്നുണ്ട്. പഞ്ചായത്തിൽ പല വാർഡുകളിലായി റോഡുകൾ അനധികൃതമായി കയ്യേറ്റം നടന്നിട്ടുണ്ട്. കുടിലുകൾ കെട്ടിപ്പാർക്കുന്നവർ മാത്രമല്ല റോഡരുകിൽ കച്ചവടകേന്ദ്രങ്ങളും മറ്റും PWD NH റോഡുകളുടെ നിലവിലുള്ള വീതിസ്ഥലത്തേക്കിറക്കി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. റോഡുകൾക്ക് 3 മീറ്റർ അകലം വിട്ടുകൊണ്ട് മാത്രമേ സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്ന് നിയമമുണ്ടെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പ്രസ്തുതനിയമം മറികടന്ന് കൊണ്ട് കെട്ടിടങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിൽ അധികൃതരുടെ അടുത്ത് ഗുരുതരമായ വീഴ്ചകൾ വന്നുപോയിട്ടുണ്ട്. NH റോഡിന്റെ കിഴക്കുഭാഗത്ത് ഇപ്പോൾ ഒരു കെട്ടിടം ഇങ്ങനെ നിയമങ്ങൾ മറികടന്നുകൊണ്ട് ഉയർന്നു നിൽക്കുന്നുണ്ട്.

ആകെ 45 കി.മീ. മൺറോഡിൽ ഇപ്പോൾ 70 ശതമാനം റോഡുകളും ഗതാഗതയോഗ്യമല്ലാത്തതാണ് ഗുരുതരമായ ഗതാഗത പ്രശ്നങ്ങളുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള റോഡുകളുടെ ആകെ അളവ് 18 കി.മീറ്ററോളം വരും. 45 കി.മീ. മൺറോഡിൽ 18 കി.മീ. ഗുരുതരമായ യാത്രപ്രശ്നങ്ങളുള്ളതാണ് എന്നതുകൊണ്ട് നമ്മുടെ റോഡുകളുടെ നിലവാരം എത്രയെന്ന് മനസ്സിലാക്കാവുന്നതാണല്ലോ.

ഇതിൽ കാണിച്ചിട്ടുള്ള കോഡ് നമ്പർ വാർഡിൽ റോഡിനുള്ള മുൻഗണനയാണ് സൂചിപ്പിക്കുന്നത്.

## *പരിഹാര സാധ്യതകൾ*

1.ഒമ്പതാംപദ്ധതിയിലേക്ക് പന്ത്രണ്ട് ഗ്രാമസഭകളിൽനിന്നായി 33കി.മീ. റോഡുകൾ ശുപാർശ ചെയ്തിട്ടുണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ നിലവിലുള്ള റോഡുകൾ അനുവദിച്ചത് പഞ്ചായത്തുതല പ്ലാനിംഗിന്റെ അടിസ്ഥാനത്തിലല്ലാതിരുന്നതുകൊണ്ടും വാർഡുകൾക്ക് തുല്യത ലഭിക്കാതിരുന്നതുകൊണ്ടും വാസയോഗ്യമായ ഭൂമിയുടെ ഗുണഫലമായി പുതിയ ഭൂപ്രദേശങ്ങളിൽ പാർപ്പിടങ്ങൾ ഉയർന്നുവന്നതുകൊണ്ടും മനുഷ്യവർഗ്ഗത്തിന്റെ വംശവർദ്ധനവിനനുസരിച്ച് പുതിയ സഞ്ചാരമേഖലകൾ രൂപപ്പെട്ട് വന്നതുകൊണ്ടുമാണ് ഇങ്ങനെ പുതിയതായി 33കി.മീ. റോഡുകൾ ആവശ്യമായിവന്നിട്ടുള്ളത്.

2. പഞ്ചായത്തിലെ വലിയ വാഹനങ്ങൾ പോകാൻ സൗകര്യമില്ലാത്ത റോഡുകളാണധികവും എന്ന് സൂചിപ്പിച്ചുവല്ലോ. പഴയകാലത്തെ നാട്ടുവഴികൾ റോഡുകളാക്കിമാറ്റിയപ്പോൾ സംഭവിച്ച ഒരു പാകപ്പിഴവാണിത്. ഈ ചെറുറോഡുകൾ പത്തടിവീതിയുള്ള റോഡുകളാക്കി മാറ്റുന്നതിനുവേണ്ടി ഗ്രാമസഭാതലത്തിൽ ഒരു പദ്ധതിക്ക് ഉടൻ രൂപം കൊടുക്കേണ്ടതാണ്.

3. പുതിയ റോഡുകൾ നിർമ്മിക്കുമ്പോഴും നിലവിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തുമ്പോഴും താഴ്ന്ന പ്രദേശങ്ങളുണ്ടെങ്കിൽ അവിടെ ഇരുവശവും ഉയർത്തി കെട്ടി നികത്തിക്കൊണ്ട് മാത്രമേ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ.

4. റോഡിന്റെ ഇരുവശത്തുനിന്നും ഇലക്ട്രിസിറ്റി ടെലിഫോൺ പോസ്റ്റുകൾ അകലങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചുകൊണ്ട് റോഡുകളുടെ വിശാലത വീണ്ടെടുക്കണം.

5. വാട്ടർ അതോറിറ്റി, ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് എന്നിവ പൈപ്പും കേബിളും കൊണ്ടു പോകുന്നതിനുവേണ്ടി റോഡിന്റെ രണ്ട് വശവും കീറിപ്പൊളിക്കുന്നത് റോഡ് ഗതാഗത്തെയും റോഡിന്റെ ആയുസ്സിനേയും ദോഷകരമായി ബാധിക്കുന്നുണ്ട്. ചാലുകൾ കീറേണ്ടത് അത്യാവശ്യമാണെങ്കിൽ കീറിപ്പൊളിച്ചതിനുശേഷം റോഡിന്റെ വശങ്ങളിൽ കരിങ്കൽ പൊടിയിട്ട് ട്രോളർ ഓടിച്ച് ഉറപ്പിച്ച് തരണമെന്ന വ്യവസ്ഥയിൻമേൽ മാത്രമേ ഇനിമേൽ റോഡുകൾ കീറാൻ അനുവദിക്കാവൂ.

6. റോഡുകളിൽ കെട്ടിനിൽക്കുന്ന വെള്ളം ഒഴിഞ്ഞു പോകുന്നതിനുവേണ്ടി വ്യാപകമായ തോതിൽ ഓവുചാലുകൾ നിർമ്മിക്കേണ്ടതാണ്.

ആദ്യഘട്ടമെന്ന നിലയിൽ അടിയന്തിരമായി ഓവുചാലുകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ താഴെ കൊടുക്കുന്നു.

**NH റോഡ്**

ഈശ്വരമംഗലം പോസ്റ്റാഫീസ് മുതൽ തെക്കേപൊട്ടപടി വരെ 750 മീ.

വില്ലേജ് ഓഫീസ് റോഡ് മുതൽകണ്ടകുറുമ്പകാവ് .വരെ 200 മീ.

**PWD റോഡ്**

കൊച്ചാറുവക്കീലിന്റെ വീട് മുതൽകയർ സൊസൈറ്റി . വരെ 200മീ.

**ഇറിഗേഷൻ റോഡ്**

NH.17 കരിമ്പന മുതൽ ചമ്രവട്ടം പ്രൊജക്ട് ഓഫീസ് . വരെ 600മീ.

പഞ്ചായത്ത് റോഡ്

NH.17 മുതൽ ശ്മശാനം വരെ 600മീ.
ഐശ്വര്യ മുതൽ പള്ളക്കളം വരെ 1 കി.മീ.
NH.17 മുതൽ ലക്ഷ്മി മൂവീസ് വരെ 300.മീ.

ഓവുചാലുകൾ തൂർന്ന് പോകാതിരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് ഒരു മിനി ട്രെയ്‌ലർ ട്രാക്ടർ വാങ്ങിക്കുകയും വേണ്ട ജീവനക്കാരെ നിയമിച്ച് മാലിന്യങ്ങൾ വാരിക്കൊണ്ട് പോവുകയും ഓവുചാലുകൾ വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്.

7. കുണ്ടുകടവ് ജംഗ്ഷൻ മുതൽ കുണ്ടുകടവ് പാലം വരെ റോഡരുകിൽ അനധികൃതമായി കുടിലുകൾ കെട്ടി പാർക്കുന്നവരെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

8. NH, PWD പഞ്ചായത്ത് റോഡുകളുടെ രേഖപ്രകാരമുള്ള വീതി കണക്കാക്കി പഞ്ചായത്തിലെ റോഡുകളുടെ ഒരു സർവ്വേ നടത്തുകയും റോഡുകൾ അനധികൃതമായി കയ്യേറിയതായി ബോധ്യപ്പെട്ടാൽ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി റോഡുകളുടെ നഷ്ടപ്പെട്ട വീതി വീണ്ടെടുക്കുകയും വേണം.

9. കുണ്ടുകടവ് ജംഗ്ഷൻ മുതൽ A.V. ഹൈസ്കൂൾവരെ ഫുട്പാത്ത് നിർമ്മിച്ചുകൊണ്ട് പ്രധാനനിരത്തിലെ കാൽനടയാത്രക്കാരുടെ ദുരിതങ്ങൾക്ക് അറുതിവരുത്തണം.

10. പ്രധാനറോഡുകളിൽ NH, PWD റോഡിൽ റോഡിന്റെ രണ്ട് വശവും റോഡതിർത്തിക്കുള്ളിൽ പെട്ട സ്ഥലങ്ങൾ തന്നെ റോഡിനേക്കാൾ ഉയർന്നുനിൽക്കുന്നതുകൊണ്ട് വെള്ളം റോഡിൽ നിറഞ്ഞുനിൽക്കുന്ന അവസ്ഥയുണ്ട്. ഇത് മാറ്റുന്നതിനുവേണ്ടി വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും റോഡിന് ഇരുവശവും വെട്ടി താഴ്ത്തി റോഡിനേക്കാൾ താഴ്ത്തിയിടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

11. റോഡുകൾക്കിരുവശവുമുള്ള സ്വകാര്യ ഭൂമി ഉയർത്തുന്നത് തടയുന്നതിന് നിയമനിർമ്മാണം നടത്തണം.

12. പഞ്ചായത്ത് നിയമം മറികടന്നുകൊണ്ട് റോഡരുകിൽ മൂന്ന് മീറ്ററിനുള്ളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത് കർശനമായി തടയുകയും പൂർണ്ണമായും നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ പുതിയ കെട്ടിടങ്ങൾ അനധികൃതമായി പ്രഖ്യാപിച്ച് നമ്പരിട്ട് കൊടുക്കാതിരിക്കുകയും ചെയ്യണം.

13. ഐശ്വര്യ പോത്തന്നൂർ റോഡ് ബാക്കിവരുന്ന 1.700മീറ്റർ ടാർ ചെയ്ത് തവനൂർ പഞ്ചായത്തിലേക്ക് ബസ് സർവ്വീസ് തുടങ്ങണം. മുമ്പ് ബസ് സർവ്വീസ് നടന്നിരുന്ന കടവനാട് ഭാഗത്തേക്കുള്ള ബസ് സർവ്വീസ് പുനരാരംഭിക്കണം.

14. ഏറെ ജനത്തിരക്കുള്ള ചമ്രവട്ടം ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.

15. 1,5,6 വാർഡുകളെ ബന്ധപ്പെടുത്തി ഭാരതപ്പുഴയുടെ വടക്കെ അതിർത്തിമുതൽ മുനിസിപ്പൽ അതിർത്തിവരെ ഒരു തീരദേശ റോഡ് നിർമ്മിക്കേണ്ടത് അടിയന്തിരാവശ്യമാണ്. കാർഷിക വ്യവസായ പുരോഗതിക്കും ടൂറിസം വികസനത്തിനും ഈ റോഡ് ഏറെ ഉപകരിക്കും.

16. കുറ്റിപ്പുറം, പൊന്നാനി NH റോഡിന് സ്ഥലമെടുപ്പ് കഴിഞ്ഞുവെങ്കിലും തുടർന്നുള്ള പ്രവർത്തനം നിലച്ചു കിടക്കുകയാണ്. ഈ റോഡ് നിർമ്മാണം ഉടൻ തുടങ്ങണം. തീരദേശ പാതയിൽ ഗതാഗതത്തിന്റെ കുതിപ്പിനും അതുവഴി പഞ്ചായത്തിലാകെതന്നെ വികസനസാധ്യതകൾക്കും ഈ റോഡ് ഉപകരിക്കും.

17. പന്ത്രണ്ട് വർഷങ്ങൾക്കുമുമ്പ് തറക്കല്ലിട്ടതും പിൽകാലത്ത് പ്രവർത്തനം നിലച്ചുപോയതുമായ ചമ്രവട്ടം, ബിയ്യം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതികളുടെ പ്രവർത്തനം ഉടൻ തുടങ്ങണം. വലുതായ സംഖ്യ ആവശ്യമായിവരുന്ന ചമ്രവട്ടം പദ്ധതി പൂർത്തിയാക്കുന്നത് സംബന്ധിച്ച് ഒരു സമയബന്ധിത പരിപാടി പ്രഖ്യാപിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ട് വരണം. എറണാകുളം–കോഴിക്കോട് റൂട്ടിൽ ഇരുപത് കി.മീറ്റർ ലാഭിച്ചുകൊണ്ട് കേരളത്തിലാകെതന്നെ ഗതാഗതരംഗത്ത് വൻനേട്ടം ഉണ്ടാക്കാവുന്ന ഈ പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടി സഹായസന്നദ്ധരായ വിദേശരാഷ്ട്രങ്ങളുടെ സഹായം സ്വീകരിക്കാവുന്നതും കൊങ്കൺ റെയിൽവേ പദ്ധതിയുടെ മാതൃകയിൽ പൊതുട്രസ്റ്റ് രൂപീകരിക്കാവുന്നതും പിന്നീട് ടോൾ പിരിച്ച് ഈ സംഖ്യ തിരിച്ച് കൊടുക്കാവുന്നതുമാണ്. പദ്ധതിയുടെ ഇപ്പോഴത്തെ നില അവലോകനം ചെയ്യുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും വേണ്ടി ഭരണാധികാരികൾ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ സാങ്കേതിക സാമ്പത്തിക വിദഗ്ദ്ധർ എന്നിവരടങ്ങുന്ന ഒരു സമിതി അടിയന്തിരമായി രൂപീകരിക്കേണ്ടതാണ്.

87

## പട്ടിക-4

## പുതുതായി മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | | | നീളം | വാർഡ് | കോഡ് | അവസ്ഥ |
|---|---|---|---|---|---|---|
| 1. | ഈശ്വരമംഗലം NH17 | വി.വി.ഹംസ വീട് | 1.200 | 1 | 11 | മൺ |
| 2 | തെക്കേപ്പാട്ട് പടി | കക്കൊളം കോളനി | 1കി.മി | 1 | 14 | ബോൾഡർ |
| 3. | ഐശ്വര്യ | പോത്തന്നൂർ | 1.700 | 2 | 1 | മൺ |
| 4. | ബിയ്യം പാലം | എകരത്തറ | 500 | 3 | 6 | മൺ |
| 5 | പുഴമ്പ്രം | വില്ലേജ്ആഫിസ്റോഡ് | 750 | 4 | 1 | മൺ |
| 6 | പുഴമ്പ്രം | കല്ലിക്കട | 1കി.മി. | 4 | 4 | മൺ |
| 7 | ചേന്നംകുളംപടി | ശ്മശാനം | 750 | 5 | 5 | മൺ |
| 8 | NH | ഹരിജൻകോളനി | 750 | 5 | 4 | മൺ |
| 9 | കറപ്പന്റെ വീട് | പടുതന്റെ പടി | 500 | 6 | 1 | മൺ |
| 10 | പുഴമ്പ്രം ഗ്രാമം | NH17 കള്ള്ഷാപ്പ് | 750 | 7 | 3 | മണ് |
| 11 | തേവർക്ഷേത്രം | ഗേൾസ് ഹൈസ്കൂൾ | 1.500 | 7 | 11 | മൺ |
| 12 | കുണ്ടുകടവ് | ഹരിജൻകളിക്കട | | 8 | 4 | മൺ |
| 13 | പുളിക്കടവ് | നായരങ്ങാടി | 2കി.മി. | 8 | 2 | സോളിംഗ് |
| 14 | ബാർലികുളം | മുനി. അതിർത്തി | 1കി.മി | 9 | 3 | മൺ |
| 15 | ബാർലികുളം | ഓംതൃക്കാവ് | 750 | 9 | 5 | മൺ |
| 16 | അയിനിചോട് | റൈസ്മിൽ | 1800 | 10 | 7 | മൺ |
| 17 | വാരിയതത്ത്പടി | കനോലികനാൽ | 600 | 11 | 1 | മൺ |

18. പഞ്ചായത്തിൽ 150 മീറ്റർ ദൂരത്തിനുള്ളിൽ പരസ്പരം ബന്ധിപ്പിക്കാവുന്ന റോഡുകളെ സംബന്ധിച്ച് ഒരു സർവ്വേ നടത്തുകയും ഇങ്ങനെ നിർമ്മിക്കേണ്ട ലിങ്ക് റോഡുകൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാകുകയും ചെയ്യേണ്ടതാണ്.

19. ചമ്രവട്ടം കടവത്ത് തോണിയാത്ര സ്ഥിരമായും ഉത്തരവാദിത്വത്തോടും അംഗീകൃത കടത്തുകൂലിക്ക് വിധേയമായും നടത്തുന്നതിന് വേണ്ടി കടവിന്റെ ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്. ഇവിടെ നിന്ന് പൊന്നാനി അഴിമുഖത്തേക്ക് സ്പീഡ് ബോട്ട് സർവ്വീസുകൾ നടത്താവുന്നതാണ്. ടൂറിസം രംഗത്തെ വികസനത്തിന് ഇത് ഉപകരിക്കും. പൂക്കൈതക്കടവിൽനിന്നു വെളിയങ്കോട് ഭാഗത്തേക്ക് ഒരു ചങ്ങാടം തുടങ്ങണം. ഇവിടെ ബോട്ട് സർവ്വീസിന് സാധ്യതയുള്ളതാണ്.

20. ഗ്രാമസഭകളിൽനിന്ന് പുതിയ ചെറുപാലങ്ങൾക്കു വേണ്ടിയും നിലവിലുള്ള ചെറുപാലങ്ങൾ മാറ്റുന്നതിനെക്കുറിച്ചും ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. രണ്ടും മൂന്നും വർഷം കൂടുമ്പോൾ നിലവിലുള്ള റോഡുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഒന്നും രണ്ടും ലക്ഷം രൂപ ചെലവഴിക്കേണ്ടിവരുന്നുണ്ട് ഇത് ഒഴിവാക്കുന്നതിന് വേണ്ടിയും ജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും അതാത് വാർഡുകളിലെ പ്രധാനപ്പെട്ട ചില റോഡുകൾ ടാർ ചെയ്യേണ്ടതാണ്.

# പുതിയ മൺറോഡുകൾ

## പട്ടിക–5

| നമ്പർ | തുടക്കം | ചെന്നുചേരേണ്ട സ്ഥലം | നീളം | വാർഡ് | കോഡ് |
|---|---|---|---|---|---|
| 1 | N. H. 17 പുള്ളിശ്ശേരിത്താഴം റോഡ് കിഴക്ക് | ചെറുനിലം ഹരിജൻ കോളനി | 1 കി. മീ | 1 | 1 |
| 2 | മൃഗാസ്പത്രിയ്ക്ക് വടക്ക് | ചുള്ളിക്കൽ വാവുണ്ണി നിലം | 800 മീ | 1 | 2 |
| 3 | N. H. 17 വി. വി. ഹംസ റോഡ് ചെറുനിലം കോളനി | തെക്കെപ്പാട്ടുപടി റോഡ് | 1300 | 1 | 3 |
| 4 | സാഗരിഗറോഡ് കമാരന്റെ പടി | ഐശര്യമുച്ചിക്കൽ റോഡ് | 650 | 1 | 5 |
| 5 | കീലത്ത് കുട്ടന്റെ വീട് | ഐശ്വര്യമുച്ചിക്കൽ റോഡ് | 500 | 1 | 10 |
| 6 | N. H. 17 ന്യൂ യു. പി. സ്കൂളിന് മുൻവശം | കാക്കമ്പെല്ലി വീട് | 100 | 1 | 6 |
| 7 | കനാൽ റോഡ് പെട്ടത്തേൽ ശങ്കുണ്ണി | കനാൽ അതിർത്തി | 600 | 1 | 8 |
| 8 | പ്രശാന്തി ആസ്പത്രിയ്ക്ക് മുൻവശം കിഴക്ക് N. H. 17 | കനാൽ | 200 | 1 | 7 |
| 9 | ഈശ്വരമംഗലം റോഡ് വി. വി. ഹംസ റോഡ് | പോത്തനൂർ(തവനൂർ പഞ്ചായത്ത്) | 300 മീ | 1 | 12 |
| 10 | കുട്ടൻമാഷ് വീട് | K E L P സ്കൂൾ | 250 | 1 | 9 |
| 11 | സാഗരിഗ റോഡ് കമാരന്റെ പടി | K E L P സ്കൂൾ | 100 | 1 | 13 |
| 12 | ഗോവിന്ദൻ മാസ്റ്ററുടെ വീട് പടിഞ്ഞാറ് | പരമേശ്വരൻ നായർ വീട് | 100 | 1 | 15 |
| 13 | കല്ല്വെട്ട് വേലായുധന്റെ പീടിക | ഐശ്വര്യ പോത്തനൂർ റോഡ് | 700 | 2 | 5 |
| 14 | അത്താണി | ഐശ്വര്യ പോത്തനൂർ റോഡ് | 600 | 2 | 2 |
| 15 | നെയ്തല്ലൂർ പള്ളി | പാലം (അതിർത്തി V- 3) | 700 | 2 | 6 |
| 16 | M. S. S മദ്രസ്സ | ഐശ്വര്യ റോഡ് | 800 | 3 | 3 |
| 17 | A. M. L. P. സ്കൂൾ | പാലം | 600 | 3 | 1 |
| 18 | ഐശ്വര്യ മുൻവശം | ചീർപ്പ് തോട് | 600 | 3 | 2 |
| 19 | പുഴമ്പ്രം ചീർപ്പ് തോട് | ഒന്നാം നമ്പർ ചീർപ്പ് | 700 | 3 | 4 |
| 20 | പുഴമ്പ്രം സെന്റർ | ആയുർവേദ ഡിസ്പെൻസറി | 500 | 4 | 3 |
| 21 | ചെറുവായ്ക്കര ഹരിജൻ റോഡ് | വില്ലേജ് ആഫീസ് റോഡ് | 200 | 4 | 5 |
| 22 | പാലട്ട് പീടിക | പുളിക്കക്കടവ് സ്റ്റേഡിയം റോഡ് | 500 | 4 | 6 |
| 23 | അണ്ടിത്തോട് റോഡ് ആലുംപടി | എരിക്കാംപാടം | 300 | 4 | 7 |
| 24 | പി. ടി. കുട്ടപ്പയുടെ വീട് | കാട്ട്ലൈൻ നാണുവിന്റെ വീട് | 200 | 4 | 8 |
| 25 | വള്ളിക്കാട്ട് നാരായണൻ വീട് | പള്ളിറോഡ് | 750 | 5 | 1 |
| 26 | വി. പി. ഉണ്ണികൃഷ്ണന്റെ വീട് | ശ്മശാനം റോഡ് | 500 | 5 | 2 |
| 27 | പി. സി. ഡി. സി. റോഡ് (ഐ ടി.സി.) | കററിക്കാട് റോഡ് | 100 | 5 | 9 |
| 28 | കററിക്കാട് റോഡ് | കററിക്കാട് കടവ് | 150 | 5 | 10 |
| 29 | ശ്മശാനം വടക്ക് | N. H. റോഡ് | 500 | 5 | 3 |
| 30 | കോട്ടറോഡ് | വില്ലേജ് ആഫീസ് റോഡ് | 100 | 5 | 8 |
| 31 | കുഞ്ഞികോയ വീട് | ലക്ഷംവീട് കോളനി റോഡ് | 750 | 6 | 2 |
| 32 | ചുള്ളിത്തറ ഹരിദാസൻ വീട് | മാമ്പ്ര വാസു വീട് | 250 | 6 | 4 |
| 33 | എണ്ണശ്ശേരി പടി | മുനിസിപ്പാലിററി റോഡ് | 1 കി. മീ | 6 | 5 |
| 34 | ജോർജിന്റെ വീട് | കളത്ത് പറമ്പിൽ | 1 കി. മീ | 6 | 6 |
| 35 | പങ്കജാക്ഷന്റെ വീട് | പാടാലി വീട് | 500 | 6 | 7 |

| നമ്പർ | തുടക്കം | ചെന്നുചേരേണ്ട സ്ഥലം | നീളം | വാർഡ് | കോഡ് |
|---|---|---|---|---|---|
| 36 | ആയിഷറൈസ് ഫ്ളവർമിൽ | കെ. കെ. ജംഗ്ഷൻ എരിക്കാം പാടം റോഡ് | 500 | 7 | 2 |
| 37 | ടി. പി. കുഞ്ഞാപ്പയുടെ വീട്ട് റോഡ് നമ്പർ–3 | കണ്ടകുറുമ്പക്കാവ് ആൽമരം | 750 | 7 | 4 |
| 38 | തേവർക്ഷേത്രം പി. ടി. ബാവ | എടപ്പാറം പൊന്നാനി റോഡ് | 1 കി. മീ. | 7 | 5 |
| 39 | ഇമ്പിച്ചിയുടെ പഴയ വീട് | തേവർക്ഷേത്രം റോഡ് നമ്പർ 5 | | 7 | 6 |
| 40 | പോളിമാക്ക് | തേവർക്ഷേത്രം റോഡ് | | 7 | 7 |
| 41 | സി. ജി. ബേക്കറി | ലീല ടീച്ചർ | | 7 | 8 |
| 42 | പാലം | പാക്കത്തെപറമ്പ് | 100 | 8 | 1 |
| 43 | ലക്ഷ്മി ടാക്കീസ് | പാക്കത്തെപറമ്പ് | 1 കി. മീ. | 8 | 5 |
| 44 | ബാലവാടി | കല്ലിക്കട | 1 കി. മീ. | 8 | 6 |
| 45 | വടക്കേത്തല പത്മനാഭൻ വീട്. | ബാലവാടി | 600 മീ. | 8 | 7 |
| 46 | മുണ്ടിയംപറമ്പ് | അയിനിച്ചോട് | 300 മീ. | 9 | 1 |
| 47 | ലക്ഷം വീട്ട് കോളനി റോഡ് പറമ്പ് | ഓംതൃക്കാവ് റോഡ് | 200 | 9 | 2 |
| 48 | പാസ്സഞ്ചർ വീട് | വേങ്ങാട്ട് ഗംഗാധരൻവീട് | 1 കി. മീ. | 10 | 3 |
| 49 | ആററിലക്കാവ് | കറുകത്തിരുത്തിപ്പള്ളി | 1.500 | 10 | 4 |
| 50 | കണ്ടകടവ് പാലം | പുഴ | 600 | 10 | 5 |
| 51 | കണ്ടകടവ് പാലം | മദ്രസ്സ | 700 | 10 | 6 |
| 52 | അയ്യപ്പൻകാവ് ക്ഷേത്രം | വാരിയത്തെപ്പടി | 350 | 11 | 2 |
| 53 | പൂക്കയ്തക്കടവ് | ലക്ഷംവീട്ട് കോളനി | 300 | 11 | 4 |
| 54 | പൂക്കയ്തക്കടവ് | പുതുപൊന്നാനി (മുനിസിപ്പാലിററി) | 1.500 | 12 | 1 |
| 55 | ചെമ്പംപാടം റോഡ് തെക്ക് | പുതുപൊന്നാനി കിണർ (മുനിസിപ്പാലിററി) | 1.500 | 12 | 2 |
| 56 | ഫിഷറീസ് സ്കൂൾ തെക്ക് | വാരിയത്ത്പടി | 750 | 12 | 3 |
| 57 | പൂക്കയ്തക്കടവ് | ഫിഷറീസ് സ്കൂൾ ഹരിജൻ കോളനി | 200 | 12 | 4 |
| 58 | പൂക്കയ്തക്കടവ് | മുത്തപ്പൻകാവ് ഹരിജൻ കോളനി | 300 | 12 | 5 |
| 59 | തെക്കെപ്പാട്ട്പടി–ഹരിജൻ കോളനി റോഡ് | മുച്ചിക്കൽ ഹെൽത്ത് സെൻറർ (കിഴക്ക്) | 800 | 2 | |
| 60 | പുള്ളി ഗേഗരി താഴം റോഡ് | പ്രൊജക്ട് ഓഫീസ് | 400 | 1 | |

# ചെറുപാലങ്ങൾ

## പട്ടിക 6

| വാർഡ് | സ്ഥലം |
|---|---|
| 4 | അയിനക്കൽ സുന്ദരൻ, തേരട്ടി മാധവൻ, പവ്വറ സുകമാരൻ, ഉണിക്കാട്ട് സുന്ദരൻ |
| 6 | പകരാവൂർ റോഡ് |
| 8 | കൊല്ലത്തുംപടി കട്ടന്റെ വീട് |
| 9 | മുക്കിലപ്പീടിക മുണ്ടിയംപറമ്പ് |
| 10 | 1 എണ്ണം |
| 11 | 5 എണ്ണം |
| 12 | 5 എണ്ണം |
| 2 | വില്ലേജ് ഓഫീസ് — 'ഐശ്വര്യ' റോഡ് |

## ഓരോ വാർഡിലും വരുന്ന റോഡുകളുടെ അളവ്
## 9–ാം പദ്ധതിയിലേക്ക് ആവശ്യപ്പെടുന്ന റോഡുകളുടെ അളവ്

### പട്ടിക 7

| നമ്പർ | വാർഡ് | മൺറോഡ് | NHPWD റോഡുകളൊഴിച്ച ടാർ റോഡ് | ആകെ റോഡ് | വാർഡ് | അളവ് |
|---|---|---|---|---|---|---|
| 1 | 1 | 3.740 | 1-40 | 3.880 | 1 | 5.900 |
| 2 | 2 | 5.700 | — | 5.700 | 2 | 1.600 |
| 3 | 3 | 1 കി. മീ. | 1 കി. മീ. | 2 കി. മീ. | 3 | 2.700 |
| 4 | 4 | 5.375 | 400 | 5.775 | 4 | 1.700 |
| 5 | 5 | 3 കി മീ. | 2 കി. മീ. | 5 കി. മീ. | 5 | 2.100 |
| 6 | 6 | 4.400 | 700 | 5.100 | 6 | 3. കി. മീ. |
| 7 | 7 | 3.750 | 300 | 4 കി. മീ. | 7 | 4.250 |
| 8 | 8 | 6.410 | 500 | 6.910 | 8 | 2.700 |
| 9 | 9 | 5 കി. മീ. | 800 | 5.800 | 9 | 500 |
| 10 | 10 | 1.800 | 1.200 | 3 കി. മീ. | 10 | 3.800 |
| 11 | 11 | 1.800 | 2.150 | 3.950 | 11 | 650 |
| 12 | 12 | 3.250 | 1.750 | 5 കി. മീ. | 12 | 4.250 |

# ഊർജ്ജം

എടപ്പാൾ 110KV സബ്സ്റ്റേഷനിൽനിന്നാണ് പഞ്ചായത്തിലേക്ക് വൈദ്യുതിയെത്തുന്നത്. പൊന്നാനി മേജർ സെക്ഷനിൽനിന്നാണ് വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്തിൽ ആകെ വരുന്ന 4700 വീടുകളിൽ 3700 വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. വ്യാപാരം 800. വ്യവസായം 47 എന്നീ പ്രകാരമാണ് ബാക്കി കണക്ഷനുകൾ. പഞ്ചായത്തിന്റെ 10 ശതമാനം ഭാഗങ്ങളിലേക്ക് ഇനി വൈദ്യുതിലൈൻ എത്തേണ്ടതുണ്ട്. 30 കി.മീ. KV ലൈനുകളും 60 കി.മീ. ത്രീഫെയ്സ് ലൈനുകളും 50 കി.മീ. സിംഗിൾ ലൈനുകളുമുണ്ട്. പഞ്ചായത്തിലെ ആകെ ട്രാൻസ്ഫോർമറുകളും കപ്പാസിറ്റിയും താഴെ കൊടുക്കുന്നു.

## *വൈദ്യുതിരംഗത്തെ അവസ്ഥ*

വൈദ്യുതിവിതരണരംഗത്ത് ഒട്ടനവധി തകരാറുകളും നിരുത്തരവാദപരമായ പ്രവൃത്തികളും നിലനിൽക്കുന്നുണ്ട്. അപ്രഖ്യാപിതമായ കട്ടുകൾ ഇവിടെ നിത്യസംഭവങ്ങളാണ്. ഒരു ചെറുകാറ്റടിക്കുകയോ മഴക്കാറുവെക്കുകയോ ചെയ്താൽ വൈദ്യുതിവിതരണം നിലക്കുന്ന അവസ്ഥയാണുള്ളത്. വോൾട്ടേജ് കമ്മി വളരെ ഗുരുതരാവസ്ഥയിലെത്തിനിൽക്കുന്നു. നിലവിലുള്ള 90 ശതമാനം ട്രൻസ്ഫോർമറുകളും അധികഭാരം ചുമക്കുന്നവയാണ്. വൈദ്യുതിരംഗത്തെ ജീവനക്കാരുടെ പ്രവർത്തന നിലവാരം വളരെ മോശമാണ്. 90 ശതമാനം പേരും അഴിമതിക്കാരും കൈക്കൂലി വാങ്ങുന്നവരും പൊതുജനങ്ങളോട് വളരെ മോശമായി പെരുമാറുന്നവരുമാണ്. ലൈൻ തകരാറുകളുണ്ടാവുമ്പോൾ രണ്ടും മൂന്നും ദിവസം കഴിഞ്ഞാലും ആരും തിരിഞ്ഞുനോക്കാത്ത അവസ്ഥയാണുള്ളത്. ത്രീഫേയ്സ് ലൈനുകൾ ഉപയോഗിക്കേണ്ട പല സ്ഥലങ്ങളിലും സിംഗിൾ ലൈനുകൾ ഉപയോഗിക്കുന്നതുകൊണ്ട് നിത്യവും വൈദ്യുതി തകരാറുകളുണ്ടാകുന്ന അവസ്ഥയുണ്ട്. പഞ്ചായത്തിന്റെ പല മേഖലകളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. എട്ട് ഹരിജൻ കോളനികൾ ഇനിയും വൈദ്യുതീകരിക്കേണ്ടതുണ്ട്.

## *പരിഹാര സാധ്യതകൾ*

1. എടപ്പാൾ സബ്സ്റ്റേഷനിലെയും പൊന്നാനി തൃക്കണാപുരം ഫീഡറുകളിലെയും തകരാറുകളുള്ള വൈദ്യുതിനിയന്ത്രണങ്ങൾ ഉടൻ മാറ്റുകയും വൈദ്യുതിനിയന്ത്രണങ്ങൾ ആധുനികീകരിക്കുകയും ചെയ്യുക.

2. വൈദ്യുതികമ്പികൾ പൊട്ടിവീണ് അപകടങ്ങൾ ഉണ്ടാക്കുന്ന അവസ്ഥയുണ്ട്. കാലപ്പഴക്കം ചെന്ന കമ്പികളും പോസ്റ്റുകളും മാറ്റി പുതിയവ സ്ഥാപിക്കുക.

3. പഞ്ചായത്തിൽ നിലവിലുള്ള സിംഗിൾ ത്രീഫേസ് ലൈനുകളാക്കി മാറ്റുക.

4. ലൈനുകൾ എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ ഉടൻ ലൈൻ വലിക്കുകയും ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുകയും ചെയ്യുക.

5. നിലവിലുള്ള മീറ്ററുകൾ ശരിയായ വിധത്തിൽ പ്രവർത്തിക്കാത്തതും വലിയതോതിൽ ക്രമക്കേടുകൾ നടത്താൻ സാധ്യതയുള്ളതുമാണ്. ഈ മീറ്ററുകൾ മാറ്റി ആധുനികരീതിയിലുള്ള മീറ്ററുകൾ സ്ഥാപിക്കുക.

6. സമ്പന്ന വീടുകളിൽ സ്റ്റെപ്പ് അപ്പുകൾ ഉപയോഗിക്കുന്നത് പാവപ്പെട്ടവരുടെ വെളിച്ചം ചോർത്തിയെടുത്തുകൊണ്ടാണ്. ആയതിനാൽ സ്റ്റെപ്പപ്പുപയോഗം തടയുന്നതിന് നിയമനിർമ്മാണം നടത്തുക.

7. പഞ്ചായത്തിലെ ആകെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന പുളിക്കക്കടവ് 110 KV സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനം ചില സാങ്കേതികകാരണങ്ങളാൽ നിലച്ചു കിടക്കുകയാണ്. പദ്ധതി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനും വേണ്ടി ഭരണാധികാരികൾ, ഇലക്ട്രിസിറ്റി ബോർഡ് പ്രതിനിധികൾ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു കമ്മീഷൻ രൂപീകരിക്കുകയും കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തരനടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

8. ഇലക്ട്രിസിറ്റി ജീവക്കാർക്കുമേൽ പഞ്ചായത്തു പോലുള്ള ജനപ്രതിനിധിസഭകൾക്കും ജനകീയകമ്മിറ്റി കൾക്കും പ്രവർത്തനനിലവാരം പരിശോധിക്കുന്നതിനും നടപടികൾ എടുക്കുന്നതിനും അധികാരം നൽകുക. ഈ സഭക്ക് മുമ്പാകെ പൊതുജനങ്ങൾക്ക് പരാതിനൽകുന്ന തിനും മാസത്തിലൊരിക്കൽ ഇത് സംബന്ധിച്ച് യോഗ ങ്ങൾ ചേരുന്നതിനും അവസരമുണ്ടാക്കുക.

9. പുതിയ ട്രാൻസ്ഫോർമറുകൾക്കുവേണ്ടി വിവിധ ഗ്രാമസഭകളിൽനിന്നും ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്.

10. നിലവിലുള്ള പൊന്നാനി മേജർ സെക്ഷൻ വിഭ ജിച്ച് ഈഴുവത്തിരുത്തി സെക്ഷനോഫീസ് തുടങ്ങണം.

11. ഭാരതപ്പുഴയോരത്തു സൂര്യപ്രകാശം ധാരാളം ലഭി ക്കുന്ന സ്ഥലമായതിനാൽ ഇവിടെ സൂര്യപ്രകാശ ത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന വൈദ്യുതിപദ്ധതി തുടങ്ങേണ്ടതാണ്.

# മാർക്കറ്റ്

മലബാറിലെ പ്രധാന തുറമുഖങ്ങളിലൊന്നും കച്ചവട കേന്ദ്രവുമായിരുന്ന പൊന്നാനിയോട് തൊട്ട് കിടക്കുന്ന താണ് നമ്മുടെ പഞ്ചായത്ത്. പൊന്നാനി കടപ്പുറത്ത് വന്നുപോയിരുന്ന കപ്പലുകളുടെ ചൂളംവിളി പഞ്ചായ ത്തിന്റെ തീരപ്രദേശങ്ങളെ കോൾമയിർക്കൊള്ളിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പൊന്നാനിയുടെ കച്ചവട സംസ്ക്കാരവുമായി ബന്ധപ്പെട്ടുകൊണ്ടാണ് നമ്മുടെ വാണിജ്യമേഖലകൾ വികസിക്കുന്നത്. ഇന്ന് കുണ്ടുക ടവ് ജംഗ്ഷൻ മുതൽ AV ഹൈസ്കൂൾ വരെ നീണ്ടു കിടക്കുന്ന വാണിജ്യകേന്ദ്രങ്ങൾ ഈ സംസ്കാരത്തിന്റെ തുടർച്ചയാണ്. കാർഷികസംസ്കാരവുമായി ബന്ധപ്പെട്ട ചന്തകളുടെ സമൃദ്ധമായ സാംസ്കാരിക പൈതൃകവും നമുക്കുണ്ട്. നമ്മുടെ പഞ്ചായത്തിനോട് തൊട്ടുകിടക്കുന്ന ചന്തപ്പടി ഒരു പ്രധാന ചന്തപ്പറമ്പായിരുന്നു.

## മാർക്കറ്റിന്റെ അവസ്ഥ

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് നിലവിലില്ല. റോഡരുകിൽ വെച്ച് മൽസ്യവിൽപന നട ത്തുന്നതും വലിയമീനുകൾ വെട്ടിമുറിക്കുമ്പോൾ മീൻചീ ളുകൾ യാത്രക്കാരുടെ ദേഹത്ത് തെറിച്ചുവീഴുന്നതും പ്രധാനനിരത്തുകളിൽ അറവുമൃഗങ്ങളുടെ ചോരയൊ ലിക്കുന്ന തല റോഡരുകിൽ യാത്രക്കാരെ നോക്കി പല്ലി ളിക്കുന്നതും സാമൂഹ്യ-സാംസ്ക്കാരിക അഭിവൃദ്ധിയും സാമ്പത്തികമായി മെച്ചപ്പെട്ട നിലവാരമുള്ള നമ്മുടെ പഞ്ചായത്തിന് തീർത്തും അപമാനകരമാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1.പഞ്ചായത്തിൽ ഒരു മൽസ്യമാംസമാർക്കറ്റ് ഉടൻ സ്ഥാപിക്കണം. ചമ്രവട്ടം ജംഗ്ഷനിൽനിന്ന് തവനൂർ റോഡിൽ 100 മീറ്റർ അകലെ ഒരു പഞ്ചായത്ത് കുളം ഉപയാഗശൂന്യമായി കിടക്കുന്നുണ്ട്. കാർഷികാഭിവൃദ്ധി ക്കുവേണ്ടി പണ്ട് അക്വയർ ചെയ്തെടുത്ത് സ്ഥലത്താണ് കുളം നിൽക്കുന്നത്. ഇപ്പോൾ ഈ കുളത്തിന്റെ പരിസ രത്ത് കാര്യമായി കൃഷിയൊന്നുമില്ല. ഇതു നികത്തിയെ ടുത്താൽ ലഭിക്കുന്ന 6 സെന്റ് സ്ഥലം മൽസ്യമാംസ മാർക്കറ്റ് നിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കാവുന്ന താണ്.

2. നെല്ല്, തെങ്ങ്, കാർഷികവിളകൾ മറ്റു പ്രകൃതിവി ഭവങ്ങൾ എന്നിവയുടെ വിപണനം ലാക്കാക്കി പഞ്ചായ ത്തിൽ ഒരു ആഴ്ചച്ചന്ത തുടങ്ങേണ്ടതാണ്.

3. കൊപ്ര വിതരണത്തിനും മറ്റും ഒരു സഹകരണ മാർക്കറ്റ് തുടങ്ങേണ്ടത് അത്യാവശ്യമാണ്.

# നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

## പട്ടിക—1

| നമ്പ്ര് | സ്ഥലപ്പേര് | കപ്പാസിററി | നമ്പ്ര് | സ്ഥലപ്പേര് | കപ്പാസിററി |
|---|---|---|---|---|---|
| 1 | പുഴമ്പ്രം നമ്പർ 2 | 100 | 12 | ചമ്രവട്ടം കടവ് | 100 |
| 2 | പോളിംഗ് മാക്ക് | 160 | 13 | നെയ്തല്ലൂർ | 100 |
| 3 | സി.വി. ജംഗ്ഷൻ നമ്പർ 1 | 100 | 14 | ചെറുവായ്ക്കര | 100 |
| 4 | സി.വി. ജംഗ്ഷൻ നമ്പർ 2 | 100 | 15 | തെയ്യങ്ങാട്ട് | 100 |
| 5 | പുഴമ്പ്രം നമ്പർ 1 | 100 | 16 | പുളിക്കക്കടവ് | 160 |
| 6 | കോൺവെൻറ് | 100 | 17 | കറുകത്തിരുത്തി | 100 |
| 7 | ഹൗസിംഗ് കോളനി | 100 | 18 | വളവ് | 100 |
| 8 | എ. വി. എച്ച്. എസ്. | 160 | 19 | കൊല്ലൻപടി | 100 |
| 9 | ഫാത്തിമ ഓയിൽ മിൽ | 100 | 20 | വാരിയത്തുപടി | 100 |
| 10 | ഈശ്വരമംഗലം നമ്പർ 1 | 100 | 21 | കടവനാട്ട് | 100 |
| 11 | ഈശ്വരമംഗലം നമ്പർ 2 | 100 | 22 | കണ്ണൻ തൃക്കാവ് | 100 |

# പുതിയ ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ

## പട്ടിക–2

| നമ്പർ | തുടക്കം | അവസാനം | നീളം | വാർഡ് |
|---|---|---|---|---|
| 1 | കെ. ടി. അറുമുഖൻ വീട് | ചെറുനിലം കോളനി | 200 | 1 |
| 2 | പുള്ളിശ്ശേരിത്താഴം റോഡ് | പുഴ പുറമ്പോക്ക് | 200 | 1 |
| 3 | നെയ്തല്ലൂർ പള്ളി | മുച്ചിക്കൽ | 400 | 2 |
| 4 | നെയ്തല്ലൂർ പള്ളി | ഹെൽത്ത് സെൻറർ | 300 | 2 |
| 5 | ശ്മശാനം | പുഴ പുറമ്പോക്ക് | 300 | 5 |
| 6 | ഹരിജൻ വെൽഫയർ സെൻറർ | പുഴ | 200 | 5 |
| 7 | ലക്ഷംവീട് കോളനി | | 600 | 9 |
| 8 | ചുവന്ന റോഡ് വടക്ക് | | 500 | 9 |
| 9 | ആററുപുറം | അമ്പലം | 300 | 10 |
| 10 | മുക്കട്ടക്കൽ | കണ്ടകടവ് പാലം ഉറഭാഗം | 1800 | 10 |
| 11 | നമ്പിയത്ത് വീട് | രാമൻ വൈദ്യരുടെ വീട് | 100 | 11 |
| 12 | ബീരാവുവിൻെറ വീട്ട് തെക്ക് | | 150 | 11 |
| 13 | പുല്ലാണത്തപറമ്പ് | കാനോലികനാൽ | 150 | 11 |
| 14 | ലക്ഷംവീട് കോളനി | | 100 | 11 |
| 15 | കഞ്ഞോളം ഹരിജൻ കോളനി | C. K. വേലായുധൻെറ പീടിക | 300 | 2 |

## വൈദ്യുതീകരിക്കേണ്ട ഹരിജൻ കോളനികൾ

### പട്ടിക — 3

| ക്രമനമ്പർ | സ്ഥലപ്പേര് | വാർഡ് |
|---|---|---|
| 1 | ചെറുനിലം കോളനി | 1 |
| 2 | ഊരത്തറ കോളനി | 1 |
| 3 | എകരത്തം കോളനി | 3 |
| 4 | ചെറുവായ്ക്കര കോളനി | 4 |
| 5 | കല്ലിക്കട കോളനി | 4 |
| 6 | കക്കൊള ഹരിജൻ കോളനി | 2 |
| 7 | മമ്മിക്കൽ ,, | 2 |
| 8 | പോത്തേക്കാട്ട് ,, | 2 |

## പുതുതായി ട്രാൻസ്ഫോർമർ ആവശ്യമുള്ളസ്ഥലം

### പട്ടിക — 4

| സ്ഥലപ്പേര് | വാർഡ് |
|---|---|
| ചെറുവായ്ക്കര | 1 |
| നെയ്യല്ലൂർപള്ളി | 2 |
| ഗോപാലക്കുറുപ്പിന്റെ പടി | 4 |
| ശ്മശാനം | 5 |
| I. T. C. | 5 |
| തേവർക്ഷേത്രം | 6 |
| പോളിമാക് | 7 |
| പഞ്ചായത്ത് ഓഫീസ് | 8 |
| കുറുകത്തിരുത്തി സ്റ്റോറം | 10 |
| മുക്കട്ടക്കൽ | 10 |
| ലക്ഷംവീട് കോളനി | 11 |
| I. T. C. | 6 |
| ബീരാവുവിന്റെ കട | 12 |

5-7

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

## *പാർപ്പിടം*

വിദ്യാഭ്യാസ, സാംസ്കാരിക രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന ഒരു പഞ്ചായത്താണ് ഈഴുവത്തിരുത്തി. പഴയ ഈശ്വരമംഗലം, കടവനാട്, ഈഴുവത്തിരുത്തി തുടങ്ങിയ മൂന്ന് വില്ലേജുകൾ ഏകോപിച്ചാണ് ഇന്നത്തെ ഈഴുവത്തിരുത്തി വില്ലേജ് രൂപം കൊണ്ടത്. ഈ വില്ലേജിന് ഏകദേശം മുപ്പതോളം വർഷത്തെ പഴക്കമുണ്ട്. ഈ ഒരൊറ്റ വില്ലേജ് മാത്രമേ ഈഴുവത്തിരുത്തി പഞ്ചായത്തിലുള്ളൂ.

30752 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ആകെ 4753 വീടുകൾ ഉണ്ട്. ഇതിൽ 25% ത്തോളം കോൺക്രീറ്റ് വീടുകളും, 95% ഓടിട്ട വീടും, 25% ഓലമേഞ്ഞ വീടും, 15% ചെറ്റപ്പുരകളും 5% ആധുനിക രീതിയിൽ പണിത രമ്യഹർമ്മ്യങ്ങളും ആണ്. ഇവയിൽ തീരെ താമസയോഗ്യമല്ലാത്ത രീതിയിലുള്ള കുടിലുകൾ കെട്ടി പുഴയോരത്ത് എഴുപതോളവും റോഡ് പുറമ്പോക്കിൽ മുപ്പതോളവും വീടുകളും ഉൾപ്പെടും.

പഴയ വാസ്തുശിൽപ്പ മാതൃകയിലുള്ള പല തറവാടുകളും ഇന്ന് നാമാവശേഷമായി കഴിഞ്ഞിരിക്കുന്നു. ഇത്തരം വീടുകൾ പൊളിച്ച് മാറ്റി അവിടെ കോൺക്രീറ്റ് സൗധങ്ങൾ കെട്ടിപ്പടുത്ത് കൊണ്ടിരിക്കുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ പാർപ്പിടനിർമ്മാണമേഖലയിൽ ഈ പഞ്ചായത്തിൽ വൻ മുന്നേറ്റത്തിനിടയാക്കിയിട്ടുണ്ട്. കൃഷിപ്പാടങ്ങൾ മണ്ണിട്ട് നികത്തി കൃഷിയുടെ വേരറുത്ത് വയലുകളിൽ കോൺക്രീറ്റ് സൗധങ്ങൾ നാൾക്കുനാൾ തഴച്ച് വളരുന്നു. കെട്ടിടനിർമ്മാണത്തിനാവശ്യമായ പുഴമണൽ ഈ പഞ്ചായത്തിൽനിന്ന് യഥേഷ്ടം ലഭിക്കുന്നുണ്ട്.

കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളുടെ ക്രമാതീതമായ വിലക്കയറ്റം, കൂലി വർധന എന്നിവ സാധാരണക്കാരന്റെ നടുവൊടിക്കുന്ന തരത്തിലാണ്.

പൊന്നാനി റൂറൽ ഹൗസിംങ്ങ് സൊസൈറ്റി, ഭവന നിർമ്മാണ ബോർഡ്, പൊന്നാനി കാർഷിക വികസന ബാങ്ക് തുടങ്ങിയ ഏജൻസികളിൽ നിന്നാണ് ഈ പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നത്. കൂടാതെ സർക്കാരിൽനിന്ന് താഴ്ന്ന വരുമാനക്കാർക്ക് IRDP, JRY എന്നീ സ്കീമുകളിലൂടെ വീട് വെക്കാൻ ധനസഹായം കിട്ടുന്നുണ്ട്. ഇതിലൂടെ കിട്ടുന്ന തുക വീടുവെക്കാൻ അപര്യാപ്തമാണ്. സാധന സാമഗ്രികളുടെ വിലകയറ്റം മൂലം സാധാരണക്കാരന് വളരെ അധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആയതിനാൽ ഈ സംഖ്യ വർദ്ധിപ്പിക്കണം. ഈ പഞ്ചായത്തിൽ നാല് ലക്ഷംവീട് കോളനികളുണ്ട്. ഹൗസിങ്ങ് സൊസൈറ്റി മുഖാന്തരം ഈ പഞ്ചായത്തിൽ ഒരു ഹൗസിങ്ങ് കോളനി വന്നിട്ടുണ്ട്. ഇവിടെ കുറെ ഉദ്യോഗസ്ഥന്മാർക്കും സമ്പന്നന്മാർക്കും മാത്രമേ വീടുകൾ കിട്ടിയിട്ടുള്ളൂ. IRDP, JRY തുടങ്ങിയ പദ്ധതികളിലൂടെ ഉള്ള സാമ്പത്തിക സഹായം ആകെ ദുർബല വിഭാഗത്തിൽ 5%ത്തിന് മാത്രമേ കിട്ടിയിട്ടുള്ളൂ.

ധനകാര്യ സ്ഥാപനങ്ങൾ വായ്പ കൊടുക്കുന്നതിന് ഭൂസ്വത്തും ഉദ്യോഗസ്ഥ ജാമ്യവും ആവശ്യപ്പെടുന്നതു കൊണ്ട് സാധാരണക്കാരിൽ ഭൂരിഭാഗം പേർക്ക് ധനസഹായം ലഭിക്കുന്ന അവസ്ഥ ഇല്ല. 10 സെന്റിൽ കൂടുതൽ ഭൂമി ഉള്ളവർക്ക് മാത്രമേ വായ്പ കൊടുക്കുന്നുള്ളൂ. ബാങ്കുകളുടെ സമീപനം കൊണ്ടാണ് ഇത്. ഇങ്ങനെ വായ്പ ലഭിക്കുന്ന ഇടത്തരക്കാരും ഉദ്യോഗസ്ഥന്മാരും ആയ ജനങ്ങളാകട്ടെ ബാങ്കുകാരുടെ അമിതപലിശ കൊണ്ട് ബുദ്ധിമുട്ടുകയാണ്.

ഭവന നിർമ്മാണ ബോർഡിൽ നിന്ന് ഈ പഞ്ചായത്തിൽ വായ്പ ലഭിച്ചവർ വളരെ വിരളമാണ്. കാരണം സ്കീമുകളെ കുറിച്ചുള്ള സാധാരണക്കാരന്റെ അജ്ഞതയും, ബോർഡിന്റെ ആസ്ഥാനം ജില്ലാ കേന്ദ്രമായ മലപ്പുറത്ത് ഒതുങ്ങി നിൽക്കുന്നത് കൊണ്ടും മാത്രമാണ്. നിർമ്മിതി കേന്ദ്രങ്ങളോ ചുരുങ്ങിയ ചെലവിൽ വീടുനിർമ്മാണത്തിനുള്ള ഏജൻസികളോ ഈ പഞ്ചായത്തിലില്ല.

ഈ പഞ്ചായത്തിൽ 1,5 വാർഡുകളിലായി പുഴ പുറംപോക്കിൽ താമസിക്കുന്ന എഴുപതു കുടുംബങ്ങളുമുണ്ട്.

ഇവരുടെ ജീവിതാവസ്ഥ അത്യന്തം ദയനീയമാണ്. ഇവർക്ക് കൈവശഭൂമിക്ക് പട്ടയം കൊടുത്ത് ദരിദ്ര വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തി പാർപ്പിടം വെച്ച് കൊടുത്ത് പുനരധിവസിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ തൊഴിലാളികളിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണ തൊഴിലാളികളാണ്. 100നും 130നും ഇടയിൽ കൂലി നിലവിൽ ഉണ്ട്. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സർക്കാർ നൽകുന്ന സഹായം അവർക്ക് നേരിട്ട് കൊടുക്കുന്നത്കൊണ്ട് വക മാറി ചെലവാക്കുകയും, ദുർവിനിയോഗം ചെയ്യുന്നതായും കണ്ടു വരുന്നുണ്ട്. ധാരാളം കെട്ടിടനിർമ്മാണ തൊഴിലാളികളുള്ള ഈ പഞ്ചായത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് ഇത്തരം വീടുകൾ നേരിട്ട് നിർമ്മിച്ച് കൊടുക്കുകയും അവർക്കാവശ്യമായ കെട്ടിട നിർമ്മാണ സാമഗ്രികൾ വില കുറച്ചു നൽകുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

പാർപ്പിട രംഗത്ത് പുതിയ തീരദേശ സംരക്ഷണ നിയമം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. പ്രസിദ്ധമായ ഭാരതപുഴയുടെയും ബിയ്യം കായലിന്റേയും സമീപത്ത് താമസിക്കുന്നവരാണ് ഈ നിയമം മൂലം കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ആയതിനാൽ ഈ നിയമം പുനഃ പരിശോധിക്കാൻ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

ഈ പഞ്ചായത്തിലെ 1,5,6 വാർഡുകളിൽ പുഴയോരത്തുള്ള വീടുകൾക്ക് എല്ലാ വർഷവും പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ ഉണ്ടാകാറുണ്ട്. ഇത് ഒഴിവാക്കുന്നതിനായി പുഴയോര ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതാണ്.

സർക്കാരിന്റെ ആത്മാർത്ഥമായ സഹകരണവും പഞ്ചായത്തിന്റെ ദ്രുതഗതിയിലുള്ള പ്രവർത്തനവും സാമൂഹ്യസ്നേഹികളുടെ കൂട്ടായ്മയും ഉണ്ടെങ്കിൽ 9-ാം പദ്ധതിയുടെ അവസാനത്തോടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾ മുഴുവനായും പരിഹരിക്കാം എന്ന് നമുക്ക് ആശിക്കാം.

### പട്ടിക 1

### ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം 1992 നു ശേഷം നടപ്പാക്കിയത്

| വാർഡ് | വീട് ആവശ്യമുള്ള കുടുംബത്തിന്റെ എണ്ണം | അനുവദിച്ചവ | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാത്തവ | അനുവദിക്കേണ്ടവ |
|---|---|---|---|---|---|
| 1 | | 17 | 13 | 4 | |
| 2 | | 8 | 3 | 5 | |
| 5 | | 6 | 4 | 2 | |
| 6 | | 4 | 2 | 2 | |
| 7 | | 6 | 2 | 4 | |
| 8 | | 14 | 7 | 7 | |
| 10,11, 12 | 175 | 46 | 40 | 6 | 175 |
| മൊത്തം | 175 | 101 | 71 | 30 | 175 |

## *നിർദ്ദേശങ്ങൾ*

1. ഗൾഫിന്റെ അതിപ്രസരം മൂലം PWD, NH റോഡുകളുടെ ഇരുവശങ്ങളിലും കൃഷിയിടം തൂർത്ത് വീടുകൾ പണിയുന്ന പ്രവണത നിർത്തലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുക. കെട്ടിട നിർമ്മാണ സാമഗ്രികൾ ഈ സംഘത്തിലൂടെ ലഭ്യമാക്കുക.

3. അവശ്യവിഭാഗങ്ങൾക്ക് വീടുവെക്കാൻ വിവിധ ഏജൻസികൾ മുഖേന നൽകുന്ന ലോണുകൾ ഒരൊറ്റ ഏജൻസി മുഖാന്തരം നൽകാൻ സംവിധാനം ഉണ്ടാക്കുക. ഈ വായപകൾക്ക് മിതമായ പലിശയെ ഈടാക്കാൻ പാടുള്ളൂ.

4. ഭവനനിർമ്മാണവായ്പ ലഭിക്കുന്നതിന് നൽകേണ്ട ജാമ്യ വ്യവസ്ഥക്ക് മാറ്റം വരുത്തി പ്രസ്തു വായ്പ കൊണ്ട് നിർമ്മിക്കുന്ന വീടുതന്നെ ജാമ്യമാക്കി സ്വീകരിച്ച് വായ്പ വ്യവസ്ഥ ലഘൂകരിക്കണം.

5. ഭവനനിർമ്മാണവായ്പക്കുള്ള അപേക്ഷ ഫോം പഞ്ചായത്ത് മുഖാന്തരം നൽകുകയും വായ്പകൾ പഞ്ചായത്തിൽ നിന്നു തന്നെ വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്.

6. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രോത്സാഹനം നൽകാൻ ഒരു നിർമ്മിതി കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം.

7. വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസവും കാലതാമസവും ഒഴിവാക്കണം. വായ്പാസംഖ്യ വർദ്ധിപ്പിക്കണം.

8. 1, 5 വാർഡുകളിൽ പുഴ പുറംപോക്കിൽ താമസിക്കുന്നവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകി വീട് നിർമ്മിച്ച് കൊടുത്ത് പുനരധിവസിക്കാൻ നടപടി സ്വീകരിക്കുക.

9. പഞ്ചായത്തിലെ ചേരി പ്രദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കാൻ വീട് വെച്ച് നൽകണം.

10. പഞ്ചായത്തിലെ നിലവിലുള്ള ലക്ഷം വീടുകളും ഹരിജൻ കോളനികളും അറ്റകുറ്റ പണി നടത്തി വാസയോഗ്യമാക്കുക.

## സാമൂഹ്യക്ഷേമം

സമൂഹത്തിൽ ഉള്ള താഴെ തട്ടിലെ ദരിദ്രജനവിഭാഗങ്ങൾക്ക് സഹായഹസ്തം നൽകുന്നതിനാണ് ഈ വകുപ്പ്. ഈഴുവത്തിരുത്തി പഞ്ചായത്തിൽ IRDP സർവ്വേ പ്രകാരം 2969 ഓളം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ ഉണ്ട്. ഈ പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 40% ത്തോളം ദാര്യദ്ര്യരേഖക്ക് താഴെയാണ്.

കാർഷിക രംഗത്തെ തകർച്ചയും കെട്ടിടനിർമ്മാണ രംഗത്തെ മാന്ദ്യവും പരമ്പരാഗത വ്യവസായങ്ങൾ വേരറ്റുപോയതും സാമ്പത്തിക രംഗത്ത് ഗൾഫ് പണത്തിന്റെ സ്വാധീനവും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. അവശതയും ദാരിദ്ര്യവും അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾ രണ്ടുവിധത്തിൽ ആണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. അതിലൊന്ന് - താമസിക്കാനുള്ള വീടുണ്ടായിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കുടുംബങ്ങൾ ആണ്. രണ്ടാമതായി ഭൂമിയോ വീടോ ഇല്ലാതെ അനാഥത്വം പേറി നടക്കുന്നവരും.

ഈ അവശ വിഭാഗങ്ങൾക്ക് സഹായഹസ്തം എത്തിക്കുവാൻ സാമൂഹ്യക്ഷേമരംഗത്ത് ഗവൺമെന്റ് തലത്തിൽ തന്നെ ഒട്ടേറെ പദ്ധതികൾ ഉണ്ട്. അതിലേറ്റവും പ്രധാനമായത്, കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കികൊണ്ടിരിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി തൊഴിലുടമ സഹകരണത്തിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമനിധി ബോർഡുകളും ആണ്.

പട്ടിക ജാതി വർഗ്ഗക്കാരുടെ വികസനത്തിനായി പട്ടിക ജാതി വികസന കോർപ്പറേഷനും വനിതകളുടെ വികസനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ടെങ്കിലും, നാമമാത്രമായ കുടുംബങ്ങൾക്ക് മാത്രമേ ഇതുകൊണ്ട് ഗുണം ലഭിച്ചിട്ടുള്ളൂ. 92-93 കാലത്തെ IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ 2969 ആണ്. ഇതിൽ 299 കുടുംബങ്ങൾ SC വിഭാഗക്കാർ ആണ്.

ഇതിൽ 299 പേർക്കു മാത്രമേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളൂ. SC വിഭാഗത്തിൽ 148 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഇങ്ങനെ സാമ്പത്തിക സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിൽ വന്ന കുടുംബങ്ങൾ 40 ആണ്.

| വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | SC | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയ കുടുംബം | |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 137 | 32 | 12 | |
| II | 187 | 37 | 11 | |
| III | - | - | - | |
| IV | - | - | - | |
| V | 249 | 45 | 12 | |
| VI | 187 | 14 | 10 | |
| VII | 235 | 13 | 9 | |
| VIII | 283 | 43 | 15 | |
| IX | 211 | 15 | 10 | |
| X, XI, XII | 443 | 49 | 12 | |

ദാരിദ്ര്യരേഖക്ക് താഴെയുള്ള ആളുകളെ ഇനിയും ഉയർത്തികൊണ്ടുവരേണ്ടതാണ്. IRDP സർവ്വേ പ്രകാരം ഇനിയും ഒരു വലിയ വിഭാഗത്തിനെ കണക്കിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുന്ന ഏറ്റവും ബൃഹത്തായ പദ്ധതിയാണ് IRDP. എന്നാൽ ദേശസാത്കൃത ബാങ്കുകളിലൂടെയും ഗ്രാമീണ ബാങ്കിലൂടെയും മാത്രമാണ് സഹായങ്ങൾ ഇപ്പോൾ അനുവദിക്കുന്നത്. ഈ ബാങ്കുകൾക്കാകട്ടെ ഈ പദ്ധതി അനുസരിച്ച് വായ്പ കൊടുക്കുവാൻ യാതൊരു താല്പര്യവും ഇല്ല എന്നു മാത്രമല്ല ഗുണഭോക്താക്കളെ അനാവശ്യമായ നിയമനടപടിയുടെ പേരിൽ ബുദ്ധിമുട്ടിക്കുന്നതായും കണ്ടുവരുന്നുണ്ട്.

ഇതിനു പരിഹാരമായി സഹകരണ മേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ച് – പഞ്ചായത്തു തലത്തിൽ ഈ ആനുകൂല്യങ്ങൾ സഹകരണ ബാങ്കുകളിലൂടെ നൽകണം. അതൊടൊപ്പം ദേശസാത്കൃത ബാങ്കുകൾക്ക് നമ്മുടെ സമൂഹത്തിൽ വഹിക്കുവാനുള്ള പങ്കിനെപ്പറ്റി സർക്കാർ തലത്തിൽ കർശനമായ നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്.

ദാരിദ്ര്യരേഖക്ക് താഴെയുള്ള യഥാർത്ഥ കുടുംബങ്ങളെ പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്തി കണ്ടെത്തി ഒരു റജിസ്റ്റർ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. നിലവിലുള്ള പദ്ധതികൾ പ്രകാരം അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങൾ അപര്യാപ്തമായതിനാൽ തുക വർദ്ധിക്കേണ്ടതാണ്.

## *DWCRA – സഹായലഭ്യത*

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി, പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. ഈ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗത്തായി 90–91 കാലത്ത് 10 കയർ യൂണിറ്റുകളും 91–92ൽ 20 ആടുവളർത്തൽ യൂണിറ്റുകളും 5 റെഡിമെയ്ഡ് ഗാർമെൻ യൂണിറ്റുകളും 10 മുളപണി പായനെയ്ത്ത് യൂണിറ്റ്, 10 പശുവളർത്തൽ യൂണിറ്റുമുണ്ട്. ഇതിൽ 7–ാം വാർഡിലെ ആടുവളർത്തൽ യൂണിറ്റും 9–ാം വാർഡിലെ പശു വളർത്തൽ യൂണിറ്റും പൂർണ്ണമായും പ്രവർത്തിക്കുന്നില്ല. റെഡിമെയ്ഡ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും മാർക്കറ്റ് കണ്ടെത്താൻ വിഷമിക്കുന്നുണ്ട്.

ക്ഷീര സഹകരണ സംഘങ്ങൾ നിലവിൽ ഇല്ലാത്തതും, കാലിതീറ്റയുടെ വിലകയറ്റവും മൃഗസംരക്ഷണ വകുപ്പിൽ നിന്ന് വേണ്ട സമയത്ത് ചികിത്സ ലഭിക്കാത്തതിനാലുമാണ് പശു, ആടു വളർത്തൽ യൂണിറ്റ് വിജയിക്കാത്തത്.

മുളയുടെ ലഭ്യതക്കുള്ള ബുദ്ധിമുട്ടും വ്യക്തമായ മാർക്കറ്റ് ഇല്ലാത്തതും, മുളപണി പായനെയ്ത്ത് യൂണിറ്റുകൾ നല്ല രീതിയിൽ പ്രവൃത്തിക്കാൻ ബുദ്ധിമുട്ടുണ്ട്. സർക്കാരിന്റെ കീഴിലുള്ള ICDS ന് കീഴിൽ പഠിക്കുന്ന കുട്ടികൾക്ക് ഉടുപ്പുകളും മറ്റു വസ്ത്രങ്ങളും ഇത്തരം റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകളിലൂടെ തയ്പിച്ച് വിതരണം ചെയ്താൽ ഈ യൂണിറ്റ് ലാഭകരമാക്കാം.

## *ട്രൈസം*

പഞ്ചായത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ബ്ലോക്ക് മുഖാന്തിരം പരിശീലനം നൽകുന്ന സംരംഭമാണ്. വളരെ ചുരുക്കം പേർക്കു മാത്രമേ ഈ സ്കീമിലൂടെ പരിശീലനം നൽകിയിട്ടുള്ളു. നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതി അനുസരിച്ച് പരിശീലനം ലഭിച്ചവർ ആകെ 28 പേരാണുള്ളത്. ഇങ്ങനെ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ഇതുവരെ ലഭിച്ചിട്ടില്ല. ഇതിനുള്ള പ്രധാന കാരണം, പരിശീലന കേന്ദ്രത്തിൽനിന്ന് വേണ്ട രീതിയിലുള്ള പരിശീലനം ലഭിക്കാത്തതിനാലും പരിശീലനം ലഭിച്ചവർക്ക് സാമ്പത്തിക സഹായം അനുവദിച്ച് തൊഴിൽ സംരംഭം ആരംഭിക്കാൻ കഴിയാത്തതുമാണ്. ഈ പദ്ധതി മൂലം ഗുണഭോക്താക്കൾക്കോ സർക്കാരിനോ പ്രത്യേകിച്ച് ഗുണമൊന്നുമില്ല. ഈ പരിപാടി പുനഃപരിശോധിക്കേണ്ടതാണ്.

## ട്രൈസം- തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ച വരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | ആട്ടോമോബൈൽസ്<br>പ്ലംബിങ്ങ്<br>എംബ്രോയിഡറി | 3<br>1<br>1<br>} 5 | – | 5 | – |
| II | എംബ്രോയിഡറി | 1 | | | |
| VIII | കംബോസിങ്ങ് & പ്രിന്റിങ്ങ് | 3 | – | 3 | – |
| IX | അപ്പോൾസ്റ്ററി വർക്ക് | 1 | – | 1 | – |
| X<br>XI<br>XII | പ്രിന്റിങ്ങ് കമ്പോസിങ്ങ്<br>ടി.വി റേഡിയോ<br>വയറിങ്ങ് പ്ലംബിങ്ങ്<br>വെൽഡിങ്ങ് | 8 | 1 | 6 | 1 |

### *ടൂൾ കിറ്റ്*

IRDP സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലാളികളുടെ എണ്ണം 152 ആണ്. ഗ്രാമീണ കൈത്തൊഴിലുകാർക്ക് 92–93 മുതൽ 94–95 വർഷത്തിൽ ഈ പഞ്ചായത്തിലെ രണ്ട് VEO സർക്കിളുകളിലൂടെയായി 57 പേർക്ക് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. നിർദ്ധനരായ കൈത്തൊഴിലാളികൾക്ക് മുഴുവൻ തൊഴിലുപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കണം

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകിയ വിവരം

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം കൈത്തൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 മുതൽ 12 വരെ | 121 | 47 | 74 |

### *കക്കൂസ്*

1992 ലെ IRDP സർവ്വേപ്രകാരം ഈ പഞ്ചായത്തിൽ 4753 കുടുംബങ്ങൾ ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ സാനിറ്ററി കക്കൂസ് ഇല്ലാത്തവരുടെ എണ്ണം 1262 ആണ്. ഇതിൽ ഈ പദ്ധതി അനുസരിച്ച് വെറും 62 കുടുംബങ്ങൾക്ക് മാത്രമേ കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളു. ഈ കണക്കുകൾ സൂചിപ്പിക്കുന്നത്, നമ്മുടെ പഞ്ചായത്തിൽ വിരലിൽ എണ്ണാവുന്ന കുടുംബങ്ങൾക്കുമാത്രമേ ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളു എന്നാണ്. ഈ പ്രശ്നം വളരെ ഗുരുതരമായി കാണേണ്ടതും പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കുകയും ഇതിനായി ഇതിന്റെ തുക വർദ്ധിപ്പിക്കുകയും വേണം.

### *റവന്യൂ വകുപ്പ് വഴിയുള്ള ക്ഷേമപദ്ധതികൾ*

ഈ പദ്ധതി പ്രകാരം സമൂഹത്തിൽ അവശതയും അനാഥത്വവും അനുഭവപ്പെടുന്നവർക്ക് വിവിധതരം പെൻഷനുകൾ അനുവദിക്കുന്നുണ്ട്. ഇതിൽ പ്രധാനമായത് വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായവും, വിധവാപെൻഷനും, വികലാംഗവാർദ്ധക്യ പെൻഷൻ മുതലായവയുമാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 425 വിധവാ പെൻഷനും 125 വികലാംഗപെൻഷനും 80 വാർദ്ധക്യകാല പെൻഷനും അനുവദിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ അർഹതപ്പെട്ടവരെ അപേക്ഷിച്ച് കുറച്ചുപേർക്കേ ഈ ധനസഹായങ്ങൾ ലഭിച്ചിട്ടുള്ളു. അവശകർക്ക് നൽകുന്ന പെൻഷനുകൾ കൃത്യമായോ അർഹതപ്പെട്ടവർക്കോ ലഭിക്കുന്നില്ല. ഇതിനായി ഉത്തരവാദിത്വപ്പെട്ട ഓഫീസുകളിൽ നിന്ന് അനുഭവപ്പെടുന്ന തടസവും ഫണ്ടിന്റെ ദൗർലഭ്യതയും ആണ് പ്രധാന കാരണം. ഇത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കണം. ഇത്തരം പദ്ധതികൾ മേലാൽ ഗ്രാമപഞ്ചായത്തു വഴി നൽകേണ്ടതാണ്.

## വിധവാ പെൻഷൻ

നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവക്ക് സഹായം ലഭിക്കില്ല. ഈ രീതി മാറി ആൺമക്കൾ സംരക്ഷിക്കുന്നില്ല എന്ന് ബോധ്യമായ വിധവകൾക്ക് പെൻഷൻ നൽകേണ്ടതാണ്.

## വികലാംഗ പെൻഷൻ

ഈ പെൻഷന് അപേക്ഷിക്കുന്നതിനായി വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. ഇപ്പോൾ ഇത് ജില്ലാ ആസ്പത്രിയിൽനിന്നുമാണ് ലഭിക്കുന്നത്. ഇതിനായി അപേക്ഷകർ നിരവധി തവണ പ്രസ്തുത ആസ്പത്രിയിൽ കയറി ഇറങ്ങണം. ആയതിനാൽ താലൂക്ക് ആസ്പത്രി മുഖാന്തിരം ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

## കർഷകത്തൊഴിലാളി പെൻഷൻ

നമ്മുടെ പഞ്ചായത്തിൽ ധാരാളം അനർഹർ ഈ സഹായം വാങ്ങിക്കുന്നതായി കണ്ടുവരുന്നു. ശരിയായ രീതിയിൽ പുതിയ സർവ്വേ നടത്തി അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും തുക വർദ്ധിപ്പിച്ച് അതാതു മാസം തന്നെ ലഭിക്കാൻ നടപടി സ്വീകരിക്കണം.

## തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിൽ നിരവധി ചെറുപ്പക്കാർ തൊഴിലില്ലായ്മ വേതനം വാങ്ങുന്നുണ്ട്. യഥാർത്ഥ സർവ്വേ നടത്തി അർഹരായവർക്കു മാത്രം വേതനം നൽകാനുള്ള നടപടിയും മാസാമാസം കൃത്യമായി ഈ സംഖ്യ തൊഴിൽ രഹിതന്റെ കൈകളിൽ എത്താനുള്ള നടപടിയും സ്വീകരിക്കണം.

## അങ്കണവാടി

നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങളുടെ നില ശോചനീയമാണ്. കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിക്കാറുണ്ടെങ്കിലും ഭൂമി സൗജന്യമായി കിട്ടാത്തതിനാൽ ഈ ഫണ്ട് ലാപ്സായി പോകുകയാണ് പതിവ്. അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണഫണ്ട് അനുവദിക്കുന്നതിനോടൊപ്പം ഭൂമി വാങ്ങുന്നതിനുള്ള ഫണ്ടും അനുവദിക്കേണ്ടതാണ്. പഞ്ചായത്തിൽ വേണ്ടത്ര അങ്കണവാടികൾ ഇപ്പോൾ നിലവിലില്ല. അങ്കണവാടി ജീവനക്കാരുടെ വേതനം വളരെ കുറവായതിനാൽ തുക വർദ്ധിപ്പിച്ച് കൊടുക്കണം.

ചെറിയ കുട്ടികൾക്ക് മാനസിക ഉല്ലാസത്തിനായി മിനി ചിൽഡ്രൺസ് പാർക്കും കളിക്കോപ്പുകളും പോഷകമൂല്യമുള്ള ഭക്ഷണവും അനുവദിക്കേണ്ടതാണ്. അങ്കണവാടി നിർമ്മാണത്തിനായി മിച്ച ഭൂമിയോ പട്ടയ വ്യവസ്ഥയിൽ ഉള്ള ഭൂമിയോ ലഭിക്കാനുള്ള സാധ്യത കുറവാണ്.

## ക്ഷേമനിധി

ഈ പഞ്ചായത്തിൽ 221 കയർ തൊഴിലാളികൾ ഉണ്ട്. ക്ഷേമനിധി നിലവിൽ ഉണ്ടെങ്കിലും ഇവരിൽ 90% ആൾക്കാരും അംഗങ്ങൾ അല്ല. 10 വർഷം മുമ്പ് ഈ പഞ്ചായത്തിലെ തൊഴിൽ മേഖലയിൽ 60% പേരും കയർ തൊഴിലാളികൾ ആയിരുന്നു. മറ്റു പരമ്പരാഗത വ്യവസായങ്ങൾക്ക് സംഭവിച്ച തകർച്ച ഈ പഞ്ചായത്തിൽ കയറു വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ആകെ വരുന്ന ഈ പഞ്ചായത്തിലെ കൂലിത്തൊഴിലാളികളിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണ രംഗത്ത് ജോലി ചെയ്യുന്നവരാണ്. ഇവർക്ക് പലവിധ ആനുകൂല്യവും പെൻഷൻ പദ്ധതിയും നിലവിൽ ഉണ്ടെങ്കിലും ഭൂരിഭാഗവും ഇതിൽ അംഗങ്ങൾ അല്ല. കൈത്തൊഴിലാളികൾ മറ്റു വിദഗ്ധത്തൊഴിലാളികൾ എന്നിവർ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇവർ സംഘടിതരോ ക്ഷേമനിധിയെ കുറിച്ചോ മറ്റു ആനുകൂല്യങ്ങളെ കുറിച്ചോ ബോധവാന്മാരല്ല. പട്ടിക ജാതി വികസനകോർപ്പറേഷൻ, വനിതാവികസന കോർപ്പറേഷൻ പിന്നോക്കവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവ സംസ്ഥാനത്ത് പ്രവൃത്തിക്കുന്നെണ്ടെങ്കിലും ഇതിന്റെ യാതൊരു ഗുണഫലവും പഞ്ചായത്തിൽ ആർക്കും ലഭിച്ചിട്ടില്ല. ഈ പഞ്ചായത്തിൽ മൊത്തം 7 റേഷൻ ഷോപ്പുകളും ഒരു മാവേലി സ്റ്റോറും മാത്രമാണ് പൊതുവിതരണകേന്ദ്രമായി നിലവിലുള്ളത്. ചില വാർഡിൽ റേഷൻ ഷോപ്പുകൾ പോലുമില്ല. കൂടുതൽ റേഷൻ ഷോപ്പുകൾ പഞ്ചായത്തിൽ അനുവദിക്കണം. പൊതുവിതരണരംഗത്തെ ഈ അഭാവം കമ്പോള ചൂഷണത്തിന് ജനങ്ങളെ വിധേയരാക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1. IRDPയിൽ മുഴുവൻ വിഭാഗക്കാരെ ഉൾപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ട് മുഴുവൻ പേരെയും ഉൾപ്പെടുത്തുവാൻ സർവ്വേ നടത്തി രജിസ്റ്റർ ഉത്തരവാദപ്പെട്ട ഓഫീസിൽ സൂക്ഷിക്കണം.

2. ഈശ്വരമംഗലത്ത് ഗ്രാമസേവകന്റെ ഓഫീസ് വീണ്ടും തുറന്ന് പ്രവർത്തിക്കണം.

3. സർക്കാരിൽനിന്ന് ദരിദ്രജന വിഭാഗങ്ങൾക്ക് നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ ദേശസാൽകൃത ബാങ്കുകളും ഗ്രാമീണ ബാങ്കുകളുമാണ് ഇപ്പോൾ കൊടുക്കുന്നത്. ഈ ബാങ്കുകൾ വായ്പ നൽകുന്നതിന് മടി കാണിക്കുന്നുണ്ട്. ഇതിനുപകരം സഹകരണ ബാങ്കുക

ളിലൂടെ ഈ വായ്പ വിതരണം ചെയ്യേണ്ടതാണ്.

4. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ അനുവദിക്കുന്ന തുക അടുത്ത കാലത്ത് ഉണ്ടായിട്ടുള്ള പണപ്പെരുപ്പം മൂലം താരതമ്യപ്പെടുത്തുമ്പോൾ വളരെ തുച്ഛമാണ്. ആയതിനാൽ പെൻഷൻ തുകയിൽ കാര്യമായ വർദ്ധനവ് വരുത്തേണ്ടതാണ്.

5. ട്രൈസം പദ്ധതിപ്രകാരം പരിശീലനം കിട്ടിയവർക്ക് തൊഴിൽ മാർക്കറ്റിൽ തൊഴിൽ ലഭിക്കുവാനുള്ള സാധ്യതയോ, സ്വയം തൊഴിൽ തുടങ്ങാൻ അവസരങ്ങളോ ഇല്ല. ഈ പദ്ധതി നിലനിർത്തുന്നത് കൊണ്ട് ഗവൺമെന്റിനോ ജനങ്ങൾക്കോ യാതൊരു ഉപകാരവും ഇല്ലാത്തതിനാൽ ഈ പദ്ധതി പുനഃപരിശോധിക്കണം.

6. ഈ പഞ്ചായത്തിൽ കക്കൂസുകൾ ഇല്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസുകൾ അനുവദിക്കണം. ഇപ്പോൾ കക്കൂസുകൾ നിർമ്മിക്കാൻ നൽകുന്ന തുക നിർമ്മാണ പ്രവർത്തനത്തിന്റെ മൂന്നിൽ ഒന്നു മാത്രമേയുള്ളു. ലേബർ കൺസ്ട്രക്ഷൻ സൊസൈറ്റി രൂപീകരിച്ച് കക്കൂസുകൾ നേരിട്ട് നിർമ്മിച്ച് നൽകേണ്ടതാണ്.

7. സാമൂഹ്യക്ഷേമ പദ്ധതി അനുസരിച്ച് അനുവദിച്ച പശുവളർത്തൽ, ആടുവളർത്തൽ യൂണിറ്റുകൾ തകർച്ച നേരിടുകയാണ്. ഈ യൂണിറ്റുകളെ രക്ഷിക്കുന്നതിനുവേണ്ടി ക്ഷീര സഹകരണസംഘങ്ങൾ ആരംഭിക്കുകയും, ജനകീയ ജനപ്രതിനിധി സഭയുടെ മേൽനോട്ടം ഉണ്ടാവുകയും വേണ്ടതാണ്.

8. അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനോടൊപ്പം ഭൂമി വാങ്ങുന്നതിനുള്ള ഫണ്ടും അനുവദിക്കേണ്ടതാണ്. അങ്കണവാടികൾ ആധുനികവത്കരിക്കുകയും അങ്കണവാടി ജീവനക്കാരുടെ വേതനത്തിൽ കാര്യമായ വർദ്ധന വരുത്തുകയും വേണ്ടതാണ്.


9. വിധവാപെൻഷനുകൾ ആൺമക്കളുള്ള വിധവകൾക്ക് നൽകാൻ നിലവിൽ നിയമമില്ല. ആൺമക്കളുടെ സംരക്ഷണമില്ലാത്ത വിധവകൾക്കും വിധവാ പെൻഷൻ നൽകേണ്ടതാണ്.

10. വികലാംഗ പെൻഷനുവേണ്ടിയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ജില്ലാ ആസ്പത്രികളിൽ നിന്നാണ് നൽകേണ്ടത് എന്ന അവസ്ഥ മാറ്റി മെഡിക്കൽ സർട്ടിഫിക്കറ്റ് താലൂക്ക് ആസ്പത്രിയിൽ നിന്ന് നൽകാൻ അവസരം ഉണ്ടാക്കേണ്ടതാണ്.

11. സാമൂഹ്യക്ഷേമ രംഗത്ത് ഗവണ്മെന്റ് തലത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെയും ധനസഹായത്തെകുറിച്ചും ഈ പഞ്ചായത്തിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനങ്ങൾ ബോധവാന്മാരല്ല. ഇവർക്ക് പഞ്ചായത്ത് തലത്തിൽ ബോധവത്കരണ ക്ലാസുകൾ നൽകേണ്ടതാണ്.

12. ദാരിദ്ര്യരേഖക്ക് താഴെ വരുന്ന കുട്ടികൾക്ക് വിവിധ കോഴ്സുകൾക്ക് ചേർന്നുപഠിക്കുന്നതിന് സാമ്പത്തിക സഹായം നൽകേണ്ടതാണ്.

13. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് 5 വർഷത്തേക്ക് നിലനിൽക്കുന്ന വരുമാന കാർഡ് നൽകേണ്ടതാണ്.



5-8

# സംസ്കാരം

സാംസ്കാരിക ചരിത്രത്തിന്റെ പിന്നാംപുറങ്ങൾ തേടി ഈ തുരുത്തിന്റെ ഇന്നലെകളിൽനിന്ന് ഇന്നിലേക്കുള്ള യാത്രയിൽ ഈ പ്രദേശത്തിന്റെ സാംസ്കാരിക പശ്ചാത്തലം മലയാള സംസ്കാരത്തനിമയുടെ പ്രതീകമായ നിളാനദിയുമായി ഇടപഴകിയതാണ് എന്ന് നാം തിരിച്ചറിയുന്നു. നിള അറബിക്കടലുമായി സംഗമിക്കുന്നതിനു രണ്ട് കിലോമീറ്ററുകൾക്ക് ഇപ്പുറം ചമ്രവട്ടം കടവിന് അടുത്ത് പഞ്ചായത്ത് അതിർത്തി മുതൽ കുറ്റിക്കാട് കടവ് വരെ ഈ പ്രദേശത്തിന്റെ ഭാഗധേയത്തിന്നുടമയാകുമ്പോൾ സംസ്കാരസുകൃതിയുടെ മൂല്യങ്ങൾ ഈ മണ്ണിലേക്ക് ഏറ്റുവാങ്ങുന്നു. കിഴക്കിന്റെ പൊൻകിരണങ്ങൾ വഹിച്ചുകൊണ്ട് ബിയ്യം കായലിലെ പൊന്നോളങ്ങൾ ഈ തുരുത്തിനോട് കിന്നാരം പറയുമ്പോൾ പ്രകൃതിയുടെ വരദാനം പോലെ ഒരു സാംസ്കാരികത്തനിമ ഈ പഞ്ചായത്തിന്നു് പ്രകൃതി കനിഞ്ഞരുളുന്നു. ചരിത്രം പിന്നിട്ടുപോന്ന വഴിത്താരയിലൂടെ തിരിഞ്ഞു നടക്കുമ്പോൾ നാം തിരുമനശ്ശേരി കോട്ടയിലെത്തുന്നു. ഈ പഞ്ചായത്തിലെ ഭൂവിഭാഗത്തിന്റെ ഏറിയ പങ്കും ഇവരുടെ അധീനതയിലായിരുന്നു. സാമൂതിരിയിൽനിന്ന് സാമന്തഭരണം കൈവന്ന ഇവർ രാജഭരണത്തിന്റെ അവസാന കണ്ണികളായിരുന്നു. ആദ്യകാലം മുതൽക്കേ ഒരു സമ്പന്ന വർഗ്ഗ സംസ്കാരം ഇവിടെ വേരോടിയിട്ടില്ല എന്നുള്ളതും, ബീഡി തെറുക്കുന്ന തൊഴിലാളികൾ, കയർ പിരിക്കുന്ന തൊഴിലാളികൾ, കൃഷിപ്പണിക്കാർ എന്നിവരുമായി ഇഴുകിച്ചേർന്ന ഒരു മദ്ധ്യവർഗ്ഗ സംസ്കാരം - കുറച്ചുകൂടി വ്യക്തമായിപ്പറയുകയാണെങ്കിൽ അടിയാളസംസ്കാരം ഇന്നോളം നിലനിർത്തി എന്നത് ഈ തീരഭൂമിയുടെ പ്രത്യേകതയാണ്.

കേരള സാംസ്കാരിക മണ്ഡലത്തിലെ അതികായകന്മാർ എന്നു വിശേഷിപ്പിക്കാവുന്ന ഇടശ്ശേരി, ഉറൂബ് എന്ന പി.സി. കുട്ടികൃഷ്ണൻ, ഈ. നാരായണൻ എന്നിവർ വളർന്നുവന്ന ഈ മണ്ണിന്റെ സാംസ്കാരിക പൈതൃകം അവരിലൂടെ പിൻമുറക്കാർക്ക് ഏറ്റുവാങ്ങാൻ സാധിച്ചു. സ്വാതന്ത്ര്യ സമരസേനാനിയും സാമൂഹിക പരിഷ്കർത്താവുമായ പറേരിക്കൽ കൃഷ്ണപ്പണിക്കരുടെ പ്രവർത്തനമേഖലയും ഈ പ്രദേശമായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം ഇടശ്ശേരി നേതൃത്വം നൽകിക്കൊണ്ട് 1935-ൽ ഏ.വി. ഹൈസ്കൂളിനു സമീപം ഉള്ള വാടകക്കെട്ടിടത്തിൽ ആരംഭിച്ച കൃഷ്ണപ്പണിക്കർ വായനശാല സാംസ്കാരിക ചരിത്രത്തിൽ ഈ പ്രദേശത്തിന്ന് ഉത്തേജനം നല്കി. അക്കാലങ്ങളിൽ ഇടശ്ശേരി, ഉറൂബ്, കുട്ടികൃഷ്ണമാരാർ, വി.ടി. ഭട്ടതിരിപ്പാട്, അക്കിത്തം എന്നിവർ സാഹിത്യ സംവാദങ്ങൾ നടത്തിയിരുന്നത് "മോട്ടിലാൽഘട്ട്" എന്ന് അവർ വിശേഷിപ്പിച്ചിരുന്ന ഇന്നത്തെ കുറ്റിക്കാട് കടവിനു സമീപം ഉള്ള പ്രദേശമായിരുന്നു. ഈ കാലങ്ങളിൽ കേരള സാംസ്കാരിക രംഗങ്ങളിലൊട്ടാകെ ഇവരുടെ സജീവ സാന്നിദ്ധ്യം നില നിന്നിരുന്നതും സ്മരിക്കപ്പെടാവുന്നതാണ്. കൃഷ്ണപ്പണിക്കർ വായനശാലയോടനുബന്ധിച്ച് കൃപാ പ്രൊഡക്ഷൻസ് എന്ന പേരിൽ നിലനിന്നിരുന്ന നാടകക്കളരിയായിരുന്നു ആ കാലഘട്ടങ്ങളിലെ കേരളത്തിലെത്തന്നെ ആദ്യത്തെ നാടകക്കളരി. ഇടശ്ശേരിയുടെ പ്രസിദ്ധ നാടകമായ "കൂട്ടുകൃഷി"

കേരളത്തിൽ അങ്ങോളമിങ്ങോളം അസാമാന്യമായ രംഗവിജയം നേടി. അത് ഈ നാടകക്കളരിയുടെ പ്രവർത്തനംകൊണ്ടു മാത്രമാണ്. ടി. ഗോപാല കുറുപ്പിന്റെ നേതൃത്വത്തിൽ ഈശ്വരമംഗലത്ത് ആരംഭിച്ചിരുന്ന കസ്തൂർബാ വായനശാലയും കലാസാഹിത്യ സാംസ്കാരിക കായിക രംഗങ്ങളിൽ വളരെ കാലം ശോഭിച്ചിരുന്ന കോട്ടത്തറയിൽ പ്രവർത്തിച്ചിരുന്ന ആശാൻ സ്മാരക വായനശാലയും പഞ്ചായത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിനു മാറ്റുകൂട്ടി.

ഇടശ്ശേരിയുടെ കാലശേഷം 1985-ൽ നിലവിൽ വന്ന ഇടശ്ശേരി സാഹിത്യമന്ദിരം ഈ പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്ത് തല എടുപ്പോടുകൂടി നിൽക്കുന്നു. ഇടശ്ശേരിയുടെ ജന്മ നാളിൽ മലയാള സാഹിത്യ രംഗത്തുള്ള യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കവിത, കഥ, നാടകം, ഉപന്യാസം എന്നീ മേഖലകളിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത കൃതികൾക്ക് വർഷംതോറും നൽകിവരുന്ന ഇടശ്ശേരി അവാർഡ് കേരളത്തിൽ ഏറെ പ്രസിദ്ധി ആർജ്ജിച്ചതാണ്. ഈ പ്രവർത്തനത്തിന്റെ ആസ്ഥാനവും ഈഴുവത്തിരുത്തിയാണ്.

ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. മുസ്ലീം സമുദായത്തിൽ പെട്ടവരും ക്രിസ്ത്യൻ സമുദായത്തിൽ പെട്ടവരും ഇടകലർന്നു താമസിച്ചുവരുന്നു. യുഗാന്തരങ്ങളുടെ പഴക്കമുള്ള കണ്ടകുറച്ചക്കാവ് ഭഗവതി ക്ഷേത്രമാണ് പ്രധാന ആരാധനാലയം. പുഴമ്പ്രം പള്ളിയും കറുകതിരുത്തി ജുമാമസ്ജിദും സെൻറ് ആൻറണീസ് ദേവാലയവും കാലപ്പഴക്കംചെന്ന ആരാധനാലയങ്ങളാണ്. ഇവിടത്തെ പ്രധാന ഉത്സവം മീനമാസത്തിൽ കണ്ടകുറച്ചക്കാവ് ഭഗവതി ക്ഷേത്രത്തിൽ അരങ്ങേറുന്ന ദേശക്കൂത്തും അതിനോട് അനുബന്ധിച്ചുള്ള ഉത്സവവുമാണ്. മത സൗഹാർദ്ദത്തിന്റെ ഏറ്റവും വലിയ പ്രതീകമായി ഈ ഉത്സവത്തെ നമുക്ക് വിശേഷിപ്പിക്കാം. ഇവിടെ മകരച്ചൊവ്വനാളിൽ വട്ടപറമ്പിൽ ബാവയുടെ വകയായുള്ള കാളകളിയും മതമൈത്രിക്ക് ഉത്തമ ദൃഷ്ടാന്തമാണ്. നടനകലാരൂപങ്ങളായ പാണർപൂതവും ഭദ്രകാളിയും, പറയൻ പൂതവും പാവക്കൂത്തും ഉത്സവനാളുകളിൽ അരങ്ങേറുന്നത് ഇവിടെ നിലനിൽക്കുന്ന നാടൻ കലകളുടെ മഹിമയെ എടുത്തുകാണിക്കുന്നു. മുസ്ലീം മസ്ജിദുകളിൽ ആദ്യകാലത്ത് നേർച്ച നടന്നിരുന്ന ഒരേ ഒരു മസ്ജിദാണ് ഈശ്വരമംഗലം കടവിന്നു സമീപം നിലകൊള്ളുന്നത്. സെൻറ് ആൻറണീസ് ദേവാലയത്തിൽ നടക്കുന്ന പെരുന്നാൾ ആഘോഷവും ഇവിടത്തെ ഉത്സവങ്ങൾക്കു മാറ്റു കൂട്ടുന്നു.

വ്യത്യസ്ത ജാതി തിരിവുകളും അമിതമായ ജാതി താല്പര്യവും ഇവിടെ ഇല്ലാ എന്നുള്ളതും വർഗ്ഗീയ-രാഷ്ട്രീയ-സാമുദായിക സംഘട്ടനങ്ങൾ ഒന്നുംതന്നെ നിലനിൽക്കുന്നില്ല എന്നുള്ളതും ഇവിടത്തെ സാംസ്കാരികോന്നമനത്തെ എടുത്തു കാണിക്കുന്നു. ഈ പ്രദേശങ്ങളിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് വേരോടാൻ കഴിഞ്ഞത് ഇവിടെ നിലനിൽക്കുന്ന മധ്യവർഗ്ഗ-ജനകീയ സംസ്കാരത്തിന്റെ ഫലമാവാം. അക്കാരണം കൊണ്ടുതന്നെയാവണം ഈ പഞ്ചായത്തു നിലവിൽ വന്നതു മുതൽ ഭരണം കൈയാളാൻ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്കു കഴിഞ്ഞതു് എന്നു തോന്നുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ നവ്യപ്രകാശം ഉൾക്കൊള്ളാൻ ഈ പഞ്ചായത്തിനു കഴിഞ്ഞെങ്കിൽ അത് 1918-ൽ ഏ.വി. ഹൈസ്കൂളിൽ അധ്യാപകനായി വന്ന കേളപ്പജിയുടെ പ്രവർത്തനം കൊണ്ടാണ്. ഈ പ്രവർത്തനങ്ങളുടെ സംയുക്ത ഫലമായി ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ കടന്നുകയറ്റം മതസൗഹാർദ്ദത്തോടെ നേരിടാൻ കഴിഞ്ഞു എന്നുള്ളതും സ്മരണീയമാണ്. കേരളത്തിൽ ജന്മി-കുടിയാൻ വ്യവസ്ഥിതിക്കെതിരെ ആരംഭിച്ച പ്രക്ഷോഭങ്ങളുടെ മാറ്റൊലി ഇവിടേയും അലയടിച്ചു. സാമൂഹ്യ അനാചാരങ്ങൾ കാലങ്ങളുടെ പഴമയിൽ ചിലയിടങ്ങളിൽ നിലനിന്നിരുന്നു എങ്കിലും ഇവിടെ വളർന്നു വന്ന പുരോഗമന സാംസ്കാരിക പ്രവർത്തനങ്ങളുടെ ഫലമായി അത്തരത്തിലുള്ള പ്രവണതകളെ ഈ മണ്ണിൽനിന്നും നീക്കം ചെയ്യാൻ കഴിഞ്ഞു എന്നുള്ളതും ഇവിടത്തെ സാമൂഹ്യസാംസ്കാരിക സാഹിത്യ കലാമണ്ഡലങ്ങളുടെ വളർച്ചക്ക് കാരണമായി. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ടി. ഗോപാലക്കുറുപ്പിനെപ്പോലുള്ളവർ കോൺഗ്രസ്സ് പ്രസ്ഥാനത്തിലേക്ക് ഇറങ്ങിത്തിരിച്ചത് സ്മരണീയമാണ്. ഈ പ്രദേശത്തെ സാമൂഹികാനാചാരങ്ങളെ ഉന്മൂലനം ചെയ്യാൻ വി.ടി. ഭട്ടതിരിപ്പാട് നടത്തിയ ശ്രമവും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

ഇന്നലേകളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഏതു പ്രദേശത്തിൻേറയും സാംസ്ക്കാരിക മുന്നേറ്റത്തിനു് ഭഗധേയം നിർണ്ണയിക്കുന്നത് ആ പ്രദേശത്തു് നിലനിന്നിരുന്ന വിദ്യാലയങ്ങളും അവയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമാണ് എന്ന വസ്തുതയിൽ തർക്കമില്ല. ഔപചാരിക- അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പ്രദേശത്തിൻെറ സാംസ്കാരിക മണ്ഡലത്തിൽ വർഷിച്ച ഉഷശ്ശോഭ ഈ പഞ്ചായത്തിന് ഒരു വലിയ മുതൽക്കൂട്ടാണ്.

ഒരു നൂറ്റാണ്ടിനപ്പുറം പഴക്കംചെന്ന ബാസൽ ഇവാഞ്ചലിക്ക് മിഷൻ സ്ഥാപിച്ച സ്കൂൾ പൊന്നാനി താലൂക്കിലെ തന്നെ ആദ്യത്തെ യു.പി. സ്കൂളാണ്. ഈ സ്കൂളിൻെറ പേരിനോടൊപ്പം തന്നെ സുമിത്രൻ മാസ്റ്റർ, ഈ. നാരായണൻ എന്നിവരെപ്പോലെ പ്രശസ്തരായവരുടെ സ്മരണ നിലനിൽക്കുന്നു.

കേരളത്തിൻെറയും പൊന്നാനി താലൂക്കിൻെറയും സാംസ്കാരിക ചരിത്രത്തിൽ തലയെടുപ്പോടുകൂടി നിലകൊള്ളുന്ന എ.വി. ഹൈസ്കൂൾ ഈ പ്രദേശത്തിൻെറ സാംസ്കാരിക മണ്ഡലത്തിൻെറ മുൻനിരയിലാണ്. ശതാബ്ദിയിൽ പ്രവേശിച്ച ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ് മലയാളസാഹിത്യതറവാട്ടിലെ പ്രശസ്തരായ ഉറൂബ്, എം. ഗോവിന്ദൻ, കടവനാട് കുട്ടികൃഷ്ണൻ എന്നിവരും കെ.സി.എസ്. പണിക്കർ, ടി.കെ. പത്മിനി എന്നീ ചിത്രകലാവിദുഷികളും. ഇവരോടൊപ്പം ഇന്നു പ്രശസ്തിയിലെത്തി നിൽക്കുന്ന സി. രാധാകൃഷ്ണൻ, കെ.പി. രാമനുണ്ണി, ഹരികുമാർ എന്നിവരിലേക്കെത്തുമ്പോൾ സ്കൂൾ മുറ്റത്തു നിൽക്കുന്ന പഴക്കംചെന്ന ആ മാവിനുപോലും ഒരു സാംസ്കാരിക മഹത്വം ഉണ്ട് എന്നു തൊന്നും. ഈ പ്രദേശത്തിൻെറ സാംസ്കാരിക ഉത്സവമായി ഈ സ്കൂളിൻെറ ശതാബ്ദി ആഘോഷം കവിഞ്ഞവർഷം കൊണ്ടാടി എന്നുള്ളതും ഈ നാടിൻെറ മനസ്സംസ്കാരത്തിനു നിദാനമാണ്.

പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്നു വേണ്ടി പ്രവർത്തിക്കുന്ന ഗേൾസ് ഹൈസ്ക്കൂൾ വിജയമാതാ അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം കോൺവെൻറ് എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു ഹൈസ്ക്കൂളുകളാണ്.

യു.പി. തലത്തിൽ ന്യൂ യു.പി. ഈശ്വരമംഗലം, ജി.എഫ്.യു.പി. കടവനാട്, ജി.യു.പി. ചെറുവായ്ക്കര എന്നിവയും അൺ-എയ്ഡഡ് തലത്തിൽ ഐ.എസ്.എസ്. യു.പി.യും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എൽ.പി. തലത്തിൽ കെ.ഇ.എൽ.പി. ഈശ്വരമംഗലം, ഏ.എം.എൽ.പി. ഈഴുവത്തിരുത്തി, എ.എം. എൽ.പി. ബിയ്യം, ന്യൂ എൽ.പി. പൊന്നാനി, ജി.എൽ.പി. തെയ്യങ്ങാട്, ഏ.എം.എൽ.പി. കറുകത്തിരുത്തി, ജി.എൽ.പി. കടവനാട് എന്നിവയാണ്. ഇവിടത്തെ സാസ്കാരിക മണ്ഡലത്തിൻെറ വളർച്ചക്ക് ഇത്തരം സ്ഥാപനങ്ങളുടെ പങ്കാളിത്തം ശ്ലാഘനീയമാണ്.

1935-ൽ ഇടശ്ശേരിയുടെ നേതൃത്വത്തിൽ ആരംഭിച്ച കൃഷ്ണപ്പണിക്കർ വായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വായനശാല. അന്നു് അതുമായി ബന്ധപ്പെട്ട് ഖാദി പ്രസ്ഥാനം, ഹിന്ദി പ്രചാരസഭ, സാക്ഷരതാ പ്രവർത്തനം, കൃപാ പ്രൊഡക്ഷൻസ് എന്ന കലാവിഭാഗം എന്നിവ പ്രവർത്തിച്ചിരുന്നു. തുടർന്നു് ടി. ഗോപാല കുറുപ്പിൻെറ നേതൃത്വത്തിൽ ഉള്ള കസ്തൂർബാ വായനശാലയും നിലവിൽ വന്നു. ഇവ രണ്ടും അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ അക്കാലങ്ങളിൽ നിർണ്ണായക പങ്കു വഹിച്ചിരുന്നു. എന്നാൽ കസ്തൂർബാ വായനശാല ഇന്നു നിലനിൽക്കുന്നില്ല. ആശാൻ സ്മാരക വായനശാല, കൈരളി ഗ്രന്ഥാലയം, കലാസമിതി എ.കെ.ജി. സെൻറർ, ഈഴുവത്തിരുത്തി ഗ്രാമീണ വായനശാല, കൃഷ്ണപ്പിള്ള വായനശാല, കസ്തൂർബാ വായനശാല, ജ്ഞാനോദയം ഗ്രന്ഥാലയം കലാസമിതി, ഈഴുവത്തിരുത്തി പഞ്ചായത്ത് സാംസ്കാരിക നിലയം, സഹൃദയ ഗ്രന്ഥാലയം എന്നിവ സാംസ്കാരിക രംഗത്ത് കാലാനുസൃതമായ പങ്കു വഹിച്ചു എന്നുള്ളതും അഭിനന്ദനാർഹമാണ്. ഇതിൽ പലതും ഇന്നു പ്രവർത്തിക്കുന്നില്ല എന്നുള്ളത് ഖേദകരമാണ്. കലാ സംഗീത രംഗങ്ങളിൽ പ്രവർത്തിക്കുന്ന കലാസമിതികൾ ഇവിടെ വിരളമാണ്. 1976 മുതൽ നൈതല്ലൂരിൽ പ്രവർത്തിച്ചുവരുന്ന കലാഗംഗയാണ് ഈ രംഗങ്ങളിൽ പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുന്നത്. 1988-ൽ രൂപീകരിച്ച ഈഴുവത്തിരുത്തി കലാസമിതിയും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ നിലവിലുള്ളതും

പ്രവർത്തിക്കുന്നതുമായ ഗ്രന്ഥശാലകളുടേയും, കലാസമിതികളുടേയും വിവരങ്ങൾ അടങ്ങിയ പട്ടിക അന്യത്ര ചേർക്കുന്നു.

ഈ പഞ്ചായത്തിൽ നിലനിൽക്കുന്ന ഗ്രന്ഥാലയങ്ങളുടെയും വായനശാലകളുടേയും പ്രവർത്തനം ഇന്നു വളരെ ശോഷിച്ച നിലയിലാണ്. അതിനു പ്രധാന കാരണം പ്രദേശത്തെ തെരഞ്ഞെടുത്ത ലൈബ്രറി കൗൺസിലിൻെറ അനാസ്ഥ ഒന്നുകൊണ്ടു മാത്രമാണ്. അധിക വായനശാലകളിലും ഗ്രന്ഥാലയങ്ങളിലും ഗുണനിലവാരമുള്ള പുസ്തകങ്ങളുണ്ട് എന്നുള്ളത് വളരെ സവിശേഷമായ കാര്യമാണ്. പുതിയ അച്ചടി മാധ്യമങ്ങളുടെ കടന്നു കയറ്റത്തോടുകൂടി പുസ്തകങ്ങൾക്കു വന്ന വിലവർദ്ധനവ്, കിട്ടുന്ന ഗ്രാൻറും, സംഭാവന സ്വരൂപിച്ചും വേണ്ടത്ര ശേഖരിക്കാൻ കഴിയുന്നില്ല എന്നുള്ളതും ഖേദകരമാണ്.

ടെലിവിഷൻെറ അതിപ്രസരം വായനാ ശീലം കുറച്ചുകൊണ്ടുവരുന്ന അവസ്ഥ ഇവിടെ കണ്ടെത്താൻ കഴിയുമെങ്കിലും, വായനാ ശീലമുള്ള ഒരു യുവസമൂഹം നിലനിൽക്കുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. വനിതകൾ ഭൂരിപക്ഷവും വാരികകളിലും വനിതാ മാസികകളിലും ഒതുങ്ങിക്കൂടാൻ ശ്രമിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്.

ഈ പഞ്ചായത്തിലെ 40% ത്തോളം വീടുകളിലും പത്രം വരുത്തുന്നുണ്ട്. മാതൃഭൂമി, ദേശാഭിമാനി, മലയാള മനോരമ, കേരളകൗമുദി എന്നീ പത്രങ്ങളാണ് ഇവിടെ കൂടുതൽ പ്രചാരത്തിലുള്ളത്. ഈഴുവത്തിരുത്തി പഞ്ചായത്തിൻെറ ആദ്യകാല ബോർഡ് പ്രസിദ്ധീകരിച്ച ആദ്യകാല സുവനീറും, എ.വി. ഹൈസ്ക്കൂൾ ശതാബ്ദിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കാനിരിക്കുന്ന സുവനീറും സാമൂഹ്യ സാഹിത്യ കലാ സാംസ്കാരിക മഹിമകളെ ഉദ്ധരിച്ചുള്ളവയാണ്.

ടെലിവിഷൻ മാധ്യമങ്ങൾ വിദ്യാർത്ഥി കളിൽ സ്വാധീനം ചെലുത്തി അവരിലെ വായനാശീലം കുറച്ചുകൊണ്ടുവരുന്ന വസ്തുത കാണാതിരുന്നുകൂട. ഇവിടത്തെ മൊത്തം വീടുകളിൽ 20 ശതമാനത്തിലും ടെലിവിഷൻ സെറ്റ് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം മൂന്നു സ്ഥലങ്ങളിലായി കേബിൾ ടി.വി. നെറ്റ് വർക്കുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന നാല് സിനിമാശാലകളും ഇവിടെയുണ്ട്.

## കായികരംഗം

കായിക സംസ്കാരത്തിന് പഴമയുടെ ഒരു ചരിത്രം തന്നെ ഈ പഞ്ചായത്തിനുണ്ട്. ഇവിടെ എ.വി. ഹൈസ്കൂൾ കോമ്പൗണ്ടിനുള്ളിൽ സ്ഥിതിചെയ്യുന്ന യൂണിയൻ ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ അരങ്ങേറിയിരുന്ന ലക്ഷ്മിദാസ് മെമ്മോറിയൽ ബോൾ ബേഡ്മിൻറൺ ടൂർണ്ണമെൻറ് ആ കാലങ്ങളിൽ ദക്ഷിണേന്ത്യയിൽ തന്നെ പ്രസിദ്ധി ആർജ്ജിച്ച ഒരു കായിക മത്സരമായിരുന്നു. ഫുട്ബോളിൻെറ രംഗത്ത് വ്യക്തമായ പ്രോത്സാഹനം നൽകിക്കൊണ്ട് പ്രവർത്തിച്ചുവരുന്ന ഒരു കായിക സ്ഥാപനമാണ് ബ്രദേഴ്സ് ക്ലബ്. 1985 മുതൽ ഇവർ എ.വി. ഹൈസ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ച ഫുട്ബോൾ ടൂർണ്ണമെൻറും കുരുന്നുപ്രായത്തിൽ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി അവർക്കുവേണ്ട കോച്ചിങ്ങ് കേമ്പുകളും ഈ സ്ഥാപനം നടത്തുന്നുണ്ട്. പുഴമ്പ്രം യൂത്ത്സ്, നിസ്സരി തെയ്യങ്ങാട്, രാജീവ്ജി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ഗ്രാമവേദി ഈശ്വരമംഗലം എന്നിവ കൂടാതെ ഫുട്ബോൾ ക്രിക്കറ്റ് കളികൾക്ക് വേണ്ടിയുള്ള അനവധി അംഗീകാരമില്ലാത്ത ചെറുകിട ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ നിലനിൽക്കുന്ന ഏക കളിസ്ഥലം ഭാരതപ്പുഴയുടെ തീരത്ത് 5-ാം വാർഡിൽ സ്ഥാപിച്ച മിനി സ്റ്റേഡിയമാണ്. എ.വി. ഹൈസ്കൂളുമായി ബന്ധപ്പെട്ടു മുനിസിപ്പൽ അതിർത്തിയിൽ കിടക്കുന്ന കളിസ്ഥലവും ഇവിടത്തെ കായിക മത്സരങ്ങൾക്ക് വേദി യാകാറുണ്ട്. ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, ഷട്ടിൽ, ബോൾ ബാഡ്മിൻറൺ എന്നിവ ഇവിടെ നിലനിൽക്കുന്ന പ്രധാന കായികവിനോദങ്ങളാണ്.

പഴയ കളരിത്തറവാടുകൾ ഇവിടെ നിലനിൽക്കുന്നുണ്ടെങ്കിലും കളരി സംഘങ്ങൾ ഇന്ന് കാര്യമായ നിലയിൽ എവിടേയും പ്രവർത്തിക്കുന്നില്ല. കായികശേഷി വർദ്ധിപ്പിക്കുന്ന കരാട്ടെ, കുങ്ഫൂ എന്നിവ പഠിപ്പിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. കേരളോത്സവത്തോടനുബന്ധിച്ച് പഞ്ചായത്ത്

നടത്തുന്ന കായികവിനോദമാണ് ഇവിടെ നടക്കാറുള്ളത്. എന്നാൽ ഈ അടുത്ത കാലങ്ങളിൽ അവ വെറും പ്രഹസനമായ അവസ്ഥയിലാണ്.

## നടപ്പു പദ്ധതികൾ

**പ്രശ്നങ്ങൾ**

1. വായനശാലകളും ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളുള്ള മേഖലയാണ് ഈ പഞ്ചായത്ത്. ഇവിടെ സ്ഥാപിച്ച പഞ്ചായത്ത് സാംസ്കാരിക കേന്ദ്രംതന്നെ അതിനു ഉത്തമ ദൃഷ്ടാന്തമാണ്. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനുള്ളിൽ സ്ഥാപിച്ച സാംസ്കാരിക നിലയം കൈകുഞ്ഞാകുമ്പോഴേ മരണദശയിലേക്ക് പ്രവേശിച്ച നിലയിലാണ് സ്ഥിതി ചെയ്യുന്നത്. അതുപോലെതന്നെ ഇവിടെ സ്വന്തമായി കെട്ടിടമുള്ളവയും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും ഈ പ്രദേശത്തെ തെരഞ്ഞെടുത്ത ലൈബ്രറി കൗൺസിലിൻെറ ഗ്രാൻറ് വിതരണത്തിലെ അപാകത, വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക് റജിസ്ട്രേഷൻ നൽകാതിരിക്കൽ എന്നീ കാരണങ്ങൾ കൊണ്ട് പല വായനശാലകളും ഗ്രന്ഥാലയങ്ങളും ഇന്നു നാശത്തിൻെറ വക്കിലാണ്.

2. പുസ്തകങ്ങളുടേയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും വിലക്കയറ്റം വായനാശീലം കുറച്ചു കൊണ്ടു വരുന്നതിൻെറ ഒരു ഘടകമായി ത്തീർന്നിരിക്കുന്നു.

3. ദൂരദർശനിൽ വന്നുകൊണ്ടിരിക്കുന്ന പരിപാടികളുടെ നിലവാരം പാശ്ചാത്യ സംസ്കാരത്തിൻെറ കടന്നുകയറ്റത്തിനു പ്രേരണ നൽകുന്ന വിധത്തിൽ എത്തി നിൽക്കുന്നു എന്നുള്ളതും ഖേദകരമാണ്.

4. അശ്ലീല ചിത്രങ്ങളുടെ പ്രദർശനത്തിനു ചില സിനിമാശാലകൾ വേദി ഒരുക്കുന്നത് യുവാക്കളിൽ അനാശാസ്യ പ്രവണത വളർത്തുന്നു എന്നു ചില കോണുകളിൽ നിന്ന് ആക്ഷേപമുയർന്നിട്ടുണ്ട്.

5. കായിക വിനോദത്തിന് ഏക ആശ്രയമായ ഭാരതപ്പുഴയുടെ തീരത്തുള്ള പഞ്ചായത്ത് മിനി സ്റ്റേഡിയം വേനൽക്കാലത്തു തന്നെ യാതൊരു കായിക വിനോദത്തിനും നല്ല നിലയിൽ ഉപയോഗിക്കാൻ കഴിയുകയില്ല. വർഷക്കാലത്താണെങ്കിൽ പുഴയിൽനിന്നു വെള്ളം കയറി ഉപയോഗശൂന്യമായ അവസ്ഥയിലുമാണ്.

6. കലാസമിതികൾ പഞ്ചായത്തിൽ വേണ്ടത്ര ഇല്ല. ഉള്ളവതന്നെ നല്ല നിലയിൽ നടത്തിക്കൊണ്ടുപോവുന്നതിനുള്ള സംവിധാനങ്ങളും നിലനിൽക്കുന്നില്ല.

7. ഉന്മൂലനാശത്തിലേക്കു വഴുതിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ് ഇന്നു നിലനിൽക്കുന്ന തനതു കലാരൂപം. പാണയാർ പൂതവും, പറയരുകളിയും, ഭദ്രകാളിയും എല്ലാം ക്ഷേത്രോത്സവങ്ങൾക്കുതന്നെ വിരളമായിക്കൊണ്ടിരിക്കുന്നു. ഇവ നില നിൽക്കുന്നു എന്നുള്ളത് ഇത്തരം ഉത്സവങ്ങളിലൂടെ മാത്രമാണ് അറിയപ്പെടുന്നത്.

8. സ്ത്രീകളോടുള്ള സമീപനത്തിൽ ഒറ്റപ്പെട്ട ചില അസാംസ്കാരിക സംഭവങ്ങൾ നില കൊള്ളുന്നു എന്നുള്ളത് ഖേദകരമാണ്.

9. മുമ്പ് പ്രശസ്തമായ നിലയിൽ കടവനാട്ട് നടന്നിരുന്ന ഹരിജൻ വാദ്യകലാകേന്ദ്രം പുനരുദ്ധരിക്കുക.

## സാധ്യതകൾ

**നിർദ്ദേശങ്ങൾ**

1. ലൈബ്രറികളുടെ പ്രവർത്തനം നല്ല നിലയിൽ നടത്തുന്നതിനുതകുംവിധം ലൈബ്രറി കൗൺസിലിൻെറ പ്രവർത്തനരീതി മെച്ചപ്പെടുത്തുക.

2. ഈഴുവത്തിരുത്തി പഞ്ചായത്തിൻെറ

സാംസ്കാരിക ചരിത്ര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി ഇന്നു നിലവിലുള്ള സാംസ്കാരിക നിലയം അവിടെനിന്നും മാറ്റി മലയാള സംസ്കാര ത്തനിമ നിലനിർത്തുന്ന വിധത്തിൽ നിളയുടെ തീരത്തു പുറംപോക്കു ഭൂമിയിൽ പുനർനിർമ്മിക്കുക. അതു് പൗരാണിക വസ്തുശില്പ മാതൃകയിൽ ആക്കുക. ആ മന്ദിരത്തിൽ വിപുലമായ ലൈബ്രറി, നിളാനദി സംസ്കാര ചരിത്രം, പൊന്നനാനിയുടെ സാംസ്കാരിക ചരിത്രം, തിരുന്നാവായുടെ സാംസ്കാരിക ചരിത്രം എന്നിവയെ ക്കുറിച്ചുള്ള ചരിത്രരേഖകൾ ശേഖരിച്ചു വെക്കുക. ഇവയെക്കുറിച്ചുള്ള ഡോക്യു മെൻററികൾ നിർമ്മിച്ച് ഒരു വീഡിയോ ഗ്രാഫിക് മ്യൂസിയം സ്ഥാപിക്കുക. ഈ പ്രദേശത്തിലെ ദേശദൈവങ്ങൾ, ഗോത്ര ദൈവങ്ങൾ, ഉന്മൂലനാശം സംഭവിച്ചതും, നിലവിലുള്ളതുമായ തനതുകലാരൂപങ്ങൾ ചരിത്ര പുരഷന്മാർ, സാംസ്കാരിക സാമൂഹിക ഇതിഹാസ നായകന്മാർ എന്നിവയുടെ രൂപരേഖകൾ, ചരിത്ര വസ്തുക്കൾ, ചരിത്ര പശ്ചാത്തലങ്ങൾ എന്നിവയെക്കുറിച്ചറിയുന്നതിനു ചരിത്ര മ്യൂസിയം അതിൽ ഉൾക്കൊള്ളിക്കുക. നിളാനദീതടസംസ്കാരത്തെക്കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി ഒരു ഗവേഷണ ശാലയും അതിനുവേണ്ടി രേഖകൾ ശേഖരിക്കുന്നതിനുവേണ്ടി ഒരതോറിട്ടിയും സ്ഥാപിക്കുക. എഴുത്തുകാർക്കും ചിത്രകാരന്മാർക്കും ചരിത്രഗവേഷകർക്കും വന്നു താമസിച്ച്, ചരിത്ര പഠനങ്ങൾ, ചിത്രകലാ പഠനങ്ങൾ എന്നിവ തയ്യാറാക്കുന്നതിനു വേണ്ടി ഔട്ട് ഹൗസ് സ്ഥാപിക്കുക. നാശത്തിലേക്കു പോയിക്കൊണ്ടിരിക്കുന്ന തനതു നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു നടന കളരി ഇതിൽ തുടങ്ങുക. ഇതിൻെറ പ്രവർത്തനം നല്ല നിലയിൽ കൊണ്ടു പോകുന്നതിനും ഇതിൻെറ രൂപീകരണം, പ്രവർത്തനരീതി എന്നിവ തയ്യാറാക്കുന്നതിനും കേരളത്തിലെ പ്രമുഖ സാഹിത്യ കലാസാംസ്കാരിക നായകന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സ്ഥിരം സമിതി രൂപീകരിക്കുക.

സാമൂഹിക സാംസ്കാരിക സാഹിത്യ കലാ വിവരങ്ങൾ ലഭിക്കുന്നതിനുവേണ്ടി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ ഒരു ഇൻഫർമേഷൻ സെൻററും സ്ഥാപിക്കുക.

3. നിലവിൽ വായനശാലകളില്ലാത്ത വാർഡുകളിൽ അവ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തുക.

4. ചമ്രവട്ടം കടവിനു സമീപം സ്ഥിതിചെയ്യുന്ന പൊളിഞ്ഞു കിടക്കുന്ന വെയിറ്റിംഗ് ഷെഡ് പൊളിച്ചു മാറ്റുവാനുള്ള സംവിധാനം ഏർപ്പെടുത്തി അവിടെ ജ്ഞാനോദയം വായനശാല പ്രവർത്തിപ്പിക്കുന്നതിനും ചിത്രരചന, സംഗീതം, സ്പോർട്ട്സ് എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു കെട്ടിടം നിർമ്മിക്കുക.

5. കുറ്റിക്കാട് ഭാഗത്ത് സംഗീതത്തിനും സ്പോർട്ട്സിനും വേണ്ടിയും ആ പ്രദേശങ്ങളിൽ വളർന്നു വരുന്ന സംഗീത കായിക പ്രതിഭകളെ കണ്ടെത്തുന്നതിനു വേണ്ടിയും കോച്ചിങ്ങ് സെൻറർ സ്ഥാപിക്കുക.

6. പഞ്ചായത്തിൽ സാമൂഹിക സാംസ്കാരിക സമ്മേളനങ്ങൾ നടത്തുന്നതിനുവേണ്ടി സൗകര്യപ്രദമായ സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

7. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിനുവേണ്ടി കുടുംബയോഗങ്ങൾ വിളിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.

8. സാധാരണ ജനങ്ങളിൽ വായനാശീലം വളർത്തിക്കൊണ്ടു വരേണ്ടതിൻെറ ഭാഗമായി വീടുകൾതോറും പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുന്നതിനു വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും ആവശ്യമായ സാമ്പത്തികസഹായങ്ങൾ നൽകുക.

9. ഇവിടെ നിലനിൽക്കുന്ന വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കലാസമിതികൾക്കും ക്ലബ്ബുകൾക്കും,

പത്രങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ, വാർഷികപ്പതിപ്പുകൾ എന്നിവ സൗജന്യമായി എത്തിച്ചു കൊടുക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തുക.

10. പ്രാചീന നാടൻ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു സംരക്ഷണ സമിതി രൂപീകരിച്ച് ആവശ്യമായ ഫണ്ടും ഗ്രാൻറും ഏർപ്പെടുത്തുക.

11. ബിയ്യം കായൽ ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ശ്രമിക്കുക.

12. കടവനാട് പൂക്കൈതക്കടവിൽ അടുത്ത കാലത്ത് ആരംഭിച്ച അത്തം നാളിലുള്ള വള്ളംകളിക്ക് വേണ്ട സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

13. കടവനാട് മേഖലകളിൽ ഉള്ളവർ ഇന്ന് ആശ്രയിക്കുന്ന മുനിസിപ്പൽ അതിർത്തിയിൽ പ്രവർത്തിക്കുന്ന കൈരളി ഗ്രന്ഥാലയം ഈ മേഖലയിൽ ഒരു സ്ഥലം കണ്ടെത്തി അവിടെ നിന്നു് മാറ്റി സ്ഥാപിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക.

14. കേരളത്തിൻെറ സാംസ്കാരിക മണ്ഡലത്തിൽ അറിയപ്പെടുന്ന ഇടശ്ശേരി സാഹിത്യ മന്ദിരത്തിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട സഹായ സഹകരണ ങ്ങൾ ചെയ്യുക.

15. സ്കൂൾതലത്തിൽ കുട്ടികളിൽ വായനാശീലം പരിപോഷിപ്പിക്കുന്നതിൻെറ ഭാഗമായി കൾച്ചറൽ സെൻററുകൾ സ്ഥാപിക്കുക.

16. ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ക്ഷേത്രകലാ പഠനങ്ങൾക്ക് സാമ്പത്തികസഹായം നൽകുക.

17. പഞ്ചായത്തു തലത്തിൽ കലാപ്രതിഭകളെ കണ്ടെത്തുന്നതിനുവേണ്ടി സാഹിത്യം, സംഗീതം, കല എന്നിവയെ ബന്ധപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കുന്ന ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

18. പഞ്ചായത്തിൽ സാമൂഹിക സാംസ്കാരിക കലാപരമായ രംഗങ്ങളിൽ നല്ല പ്രവർത്തനം കാഴ്ച്ചവെക്കുന്ന ഗ്രന്ഥശാലകൾ, വായനശാലകൾ, കലാസമിതികൾ എന്നിവക്ക് വർഷംതോറും അവാർഡുകൾ ഏർപ്പെടുത്തുകയും ഇത്തരം സമിതികൾക്ക് സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കുകയും ചെയ്യുക.

19. ഇന്ന് എ.വി. ഹൈസ്കൂൾ കോമ്പൗണ്ടിൻെറ ഉള്ളിൽ സ്ഥിതിചെയ്യുന്ന യൂണിയൻ ക്ലബ്ബ് പുറത്ത് മാറ്റി എവിടെയെങ്കിലും സ്ഥാപിക്കാൻ ഏർപ്പാടു ചെയ്യുക.

20. കായിക വിനോദത്തിനു പറ്റിയവിധത്തിൽ പഞ്ചായത്തു മിനി സ്റ്റേഡിയം പുനർനിർമ്മാണം നടത്തുകയും അവിടെ ആധുനിക രീതിയിൽ ഒരു സ്പോർട്സ് ക്ലബ്ബ് സ്ഥാപിക്കുകയും ചെയ്യുക. ഇതു വിലയിരുത്തുന്നതിനുവേണ്ടി കായിക വിദഗ്ധ സമിതിയെ നിയമിക്കുക.

21. നിലവിലുള്ള ക്ലബ്ബുകൾക്ക് സ്ഥിരം കെട്ടിടങ്ങൾ നിർമിക്കുന്നതിനുവേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുകയും വളർത്തികൊണ്ടു വരികയും ചെയ്യുക.

22. ഓണാഘോഷത്തോടനുബന്ധിച്ച് പഞ്ചായത്തുതലത്തിൽ തനതു നാടൻ കലാരൂപങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സാംസ്കാരിക ഘോഷയാത്രയും ഓണോൽസവങ്ങളും നടത്തുക.

23. വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, കലാസമിതികൾ, ക്ലബ്ബുകൾ എന്നിവക്ക് വിജ്ഞാനപ്രദമായ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുവേണ്ടി ടി.വി., വി.സി.പി., റേഡിയോ എന്നിവ നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.

24. മതസൗഹാർദ്ദം വളർത്തിക്കൊണ്ടു

വരേണ്ടതിൻെറ ഭാഗമായി ജാതി-മത ഭേദമെന്യേ നിലനിൽക്കുന്ന ഉത്സവങ്ങൾക്കും പ്രവർത്തനങ്ങൾക്കും മാതൃകാപരമായ സമീപനം കൈക്കൊണ്ട് ജനങ്ങളിൽ ഒരു മതസൗഹാർദ്ദബോധം വളർത്തിക്കൊണ്ടു വരുന്നതിനു പ്രവർത്തിക്കുക.

25. നിലവിലുള്ള കലാസമിതികൾക്ക് സംഗീതോപകരണങ്ങൾ സൗജന്യമായി കൊടുത്തുകൊണ്ട് ഇത്തരം കലാ സമിതികളെ പ്രോത്സാഹിപ്പിക്കുക.

ഈ പഞ്ചായത്തിലെ മുൻകാല സാംസ്കാരിക മണ്ഡലത്തിലൂടെ യാത്രചെയ്ത് വർത്തമാനകാലത്ത് നിൽക്കുമ്പോൾ ആദ്യകാല സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളെ അപേക്ഷിച്ച് തുടർന്നുള്ള കാലഘട്ടങ്ങളിൽ സാംസ്കാരിക രംഗങ്ങളിൽ ഉണർവ്വ് നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന ദുഃഖം നമ്മുടെ മനസ്സിനെ അലട്ടുന്നു. അതിനെക്കുറിച്ച് വ്യക്തമായ പഠനം നടത്തുകയും അവക്കുള്ള പോരായ്മകൾ കണ്ടുപിടിച്ചു പരിഹരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

സാംസ്കാരിക കായിക മുന്നേറ്റത്തിന് ഇനിയുള്ള കാലങ്ങളിൽ സാഹചര്യം സൃഷ്ടിക്കുന്നതിനു വേണ്ടിയും ഈ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ സഹായസഹകരണങ്ങൾ തേടിക്കൊണ്ടും ഉള്ള ഒരു വികസന റിപ്പോർട്ട് ആണ് ഇവിടെ സമർപ്പിക്കുന്നത്.

## നിലവിലുള്ള ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും പട്ടിക

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റു അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കൃഷ്ണപ്പണിക്കർ ഗ്രന്ഥാലയം | 1935 | B | 7000 | 800 | -- | സാംസ്കാരിക രംഗങ്ങളി പ്രവർത്തിക്കുന്നു. |
| 2 | കൈരളി ഗ്രന്ഥാലയം മുനിസിപ്പൽ അതിർത്തിയിൽ പ്രവർത്തിക്കുന്നു. | 1964 | F | 2800 | 195 | 8 | സഞ്ചാര ലൈബ്രറി<br>കൃഷിവിജ്ഞാന കോർണർ<br>കലാസമിതി |
| 3 | കൃഷ്ണപ്പിള്ള ഗ്രന്ഥാലയം | -- ലഭ്യമല്ല | | | | | |
| 4 | ജ്ഞാനോദയം ഗ്രന്ഥാലയം ആൽഡ് കലാസമിതി | 1978 | F | 1381 | 175 | 2 | രക്തനിർണ്ണയ കേമ്പ്<br>വൃക്ഷതൈ വിതരണം<br>സാക്ഷരത |
| 5 | പഞ്ചായത്ത് ലൈബ്രറി | 1991 | - | 922 | 40 | 8 | --- |
| 6 | സഹൃദയ ഗ്രന്ഥാലയം | 1992 | - | 1650 | 275 | 3 | സാക്ഷരതാപ്രവർത്തനം<br>ആരോഗ്യബോധവൽക്കര പ്രവർത്തനം<br>വൃക്ഷതൈവിതരണം |

## കലാ-കായിക സമിതികളെക്കുറിച്ചുള്ള പട്ടിക

| ക്രമ നമ്പർ | പേര് | സ്ഥാപന വർഷം | സംഗീത നാടക അക്കാദമി, സ്പോർട്ട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായ കെട്ടിടം ഉണ്ടോ? | റേഡിയോ ടി.വി. തുടങ്ങിയവ ഉണ്ടോ? | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 1 | കലാഗംഗാ കലാസമിതി | 1976 | ഇല്ല | ഇല്ല | ഇല്ല | നാടകം, സംഗീത ഉപകരണങ്ങളുടെ പഠന |
| 2 | ഏ.കെ.ജി. സെൻറർ | 1970 | ഇല്ല | ഇല്ല | ഇല്ല | സാമൂഹിക സാംസ്കാരിക കായി രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. |
| 3 | പുഴമ്പ്രം യൂത്ത്സ് | ല ഭ്യ മ ല്ല | | | | |
| 4 | രാജീവ്ജി ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബ് | 1991 | ഇല്ല | ഇല്ല | ഇല്ല | കായികരംഗങ്ങളിൽ |
| 5 | ഗ്രാമവേദി ഈശ്വരമംഗലം | 1996 | ഇല്ല | ഇല്ല | ഇല്ല | കായിക-സാമൂഹിക പ്രവർത്തനങ്ങൾ |

# 5 - 9

# വനിത

മദ്ധ്യവർത്തിസംസ്കാരത്തിന്റെ ഉടമകളാണ് ഈഴവത്തിരുത്തിപഞ്ചായത്തിലെ വനിതകൾ. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ വേണ്ടത്ര ഉണർവ്വ് അവർക്ക് ഉണ്ടെന്ന് പറയുവാൻ കഴിയില്ല.

പൊതുപ്രവർത്തന രംഗത്ത് ഒരു ചരിത്രം തന്നെ ഈ പഞ്ചായത്തിനുണ്ട്. 1940 കളിൽ പഞ്ചായത്തിൽ മഹിളാ സമാജവും അതിന്റെ പ്രവർത്തനവും നല്ല രീതിയിൽ നടന്നിരുന്നു. എന്നാൽ സമ്പന്ന വിഭാഗത്തിൽപ്പെട്ടവരുടെ മാത്രമായ ഒരു പ്രവർത്തന മേഖലയായിരുന്നു അത്. പാവപ്പെട്ടവർ ജാതി വ്യവസ്ഥയുടെ മതിൽക്കെട്ടുകൾ തകർക്കുവാനുള്ള കഴിവു കുറവും ദരിദ്രാവസ്ഥയും മൂലം ഇത്തരം രംഗങ്ങളിൽ വരുവാൻ മടിച്ചു നിന്നു. ആശാൻകളരികളിലായിരുന്നു അന്നത്തെ വിദ്യാഭ്യാസം. എന്നാൽ മുസ്ലീം കുട്ടികൾ മതപഠനത്തിന്നായി മദ്രസ്സകളെ മാത്രമാണ് ആശ്രയിച്ചിരുന്നത്. പന്ത്രണ്ടു വയസ്സിനു ശേഷം മിക്ക പെൺകുട്ടികളും സ്കൂളുകളിൽ പോകാറില്ലായിരുന്നു. ആഘോഷപരിപാടികളിൽ പോലും സ്ത്രീകൾ വിരളമായേ പങ്കെടുക്കാറുള്ളൂ. 1991–ലെ സെൻസസ് പ്രകാരം ഇവിടെ 16, 123 സ്ത്രീകൾ ഉണ്ടായിരുന്നു. പുരുഷജനസംഖ്യയെക്കാൾ 1494 എണ്ണം കൂടുതലാണ്. ഈ പഞ്ചായത്തിന്റെ ഭരണസാരഥിയെ തെരഞ്ഞെടുക്കുന്നതിലുള്ള സ്ത്രീയുടെ പങ്ക് ഇതിൽ നിന്ന് വ്യക്തമാകുന്നു.

സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തിരുന്ന വനിതകൾ ഈ പഞ്ചായത്തിൽ ഉണ്ടെന്ന് പറയുവാനാവില്ല. 1960 കളിൽ സാമൂഹ്യരംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ചവെച്ച വനിതകളാണ് കെ. വി. അമ്മുക്കുട്ടിയമ്മ, കെ. കമലാക്ഷി, എലിസബത്ത് ജോർജ്ജ് എന്നിവർ. അദ്ധ്യാപന മേഖലകളിൽ ആണ് സ്ത്രീപങ്കാളിത്തം കൂടുതലായി കാണുന്നത്. പണ്ടുകാലങ്ങളിൽ സ്ത്രീകൾ ജോലി ചെയ്യുന്നതു് തറവാടിന്റെ ആഭിജാത്യത്തിനു് നിരക്കുന്നതായിരുന്നില്ല. എന്നാൽ ഇന്ന് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് തൊഴിലിന്റെ മഹത്വത്തെപ്പററി ബോധവതികളാണ് സ്ത്രീകൾ എന്നിരുന്നാലും വേണ്ടത്ര തൊഴിലവസരങ്ങൾ ഇന്ന് ലഭ്യമല്ല. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ഭൂരിപക്ഷം പെൺകുട്ടികളാണെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗങ്ങളിൽ പെൺകുട്ടികൾ കുറവാണ്. ഉയർന്ന ജോലികളിലും സ്ത്രീപങ്കാളിത്തം വളരെ കുറവാണ്.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കൃഷികൻ | 55 | 333 |
| കൃഷിതൊഴിലാളി | 634 | 1365 |
| മൃഗസംരക്ഷണം | 41 | 302 |
| ചെറുകിട വ്യവസായം | 233 | 266 |
| കെട്ടിട നിർമ്മാണം | 14 | 618 |
| ഗതാഗതം വാർത്താവിനിമയം | 43 | 517 |
| വ്യാപാരം | 47 | 1034 |
| മററുള്ളവ | 489 | 749 |

അവലംബം സെൻസസ് 91

സമ്പത്ത് ഉൽപാദനവുമായി സ്ത്രീയെ ബന്ധപ്പെടുത്തിയാലെ അവരുടെ സ്വാതന്ത്ര്യവും കുടുംബത്തിൻെറ ക്ഷേമവും നിലനിർത്താനാവൂ. എല്ലാവർക്കും നീതി തുല്യമാണ്. എന്നാൽ ദുർബല വിഭാഗത്തിന് പ്രത്യേകമായിത്തന്നെ നീതി ലഭിക്കേണ്ടതാണ്. ശക്തമായ സംഘടിത പ്രവർത്തനത്തിലൂടെ മാത്രമേ സ്ത്രീയുടെ ശക്തി വളർത്താനാവൂ. തെയ്യങ്ങാട് മഹിളാ സമാജവും അതിനോടനുബന്ധിച്ചൊരു തുന്നൽ പരിശീലന കേന്ദ്രവും തുടങ്ങി. അന്നത്തെ യൂണിസഫ് പ്രവർത്തനത്തിലെ കേന്ദ്രബിന്ദുവായിരുന്നു ഈ സ്ഥാപനം. ഇതിനെ തുടർന്ന് പല മഹിളാസമാജങ്ങളും രാഷ്ട്രീയ പാർട്ടികളുടെ പിൻതുണയുള്ള മഹിളാ സംഘടനകളും നിലവിൽവന്നു. പറയത്തക്ക ജനസമ്മതി നേടി പിടിച്ചുനിൽക്കാൻ ഈ സംഘടനകൾക്ക് ഒന്നും കഴിഞ്ഞില്ല. ഇന്ന് പ്രവർത്തനരഹിതമായി നാമമാത്രമായ ചില മഹിളാ സമാജങ്ങൾ നിലകൊള്ളുന്നുണ്ട്. എന്നാൽ എടുത്തു പറയത്തക്ക രീതിയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന വനിതാ സംഘടന അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷനാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വിജയിച്ചുവന്ന പല വനിതകളും പുരുഷ പ്രതിനിധികളെപോലെ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ മികച്ച മിഴിവ് കാണിക്കുന്ന ഉദാഹരണങ്ങൾ ഉണ്ട്. ജനകീയാസൂത്രണത്തിൻെറ എല്ലാ മേഖലകളിലും സ്ത്രീപങ്കാളിത്തം സജീവമായിട്ടുണ്ട്.

സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള വീടുകൾ 15%ത്തോളം വരും. വിദ്യാലയങ്ങളിൽ പെൺകുട്ടികളാണ് കൂടുതൽ. പെൺകുട്ടികൾക്ക് മാത്രമായി ഒരു ഹൈസ്കൂൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാക്ഷരതാ പ്രവർത്തനത്തിൽ സ്ത്രീപങ്കാളിത്തം സൂരിക്കത്തക്കതായിരുന്നു. പഠിതാക്കളും പരിശീലകരും അധികം വനിതകളായിരുന്നു. 11275 പുരുഷന്മാരും 11535 സ്ത്രീകളും പങ്കാളികളായിരുന്നു. സ്ത്രീ പീഡനകേസുകൾ അങ്ങിങ്ങായി റിപ്പോർട്ട് ചെയ്യപ്പെടുന്നെങ്കിലും സ്ത്രീകൾക്ക നേരെയുള്ള അക്രമങ്ങൾ ഈ പഞ്ചായത്തിൽ തുലോം കുറവാണ്. മലപ്പുറം ജില്ലയിൽ പുതുതായി രൂപീകരിച്ച സ്ത്രീപീഡനകേസുകൾ അന്വേഷിക്കുന്ന വനിതാ സെല്ലിലെ ഒരു മെമ്പർ ഈഴവത്തിരുത്തിയിൽ ഉണ്ട്.

## പ്രശ്നങ്ങൾ

സ്ത്രീകൾ ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. സ്ത്രീകൾക്ക് ജോലി ചെയ്യാവുന്ന സ്ഥാപനങ്ങളുടെ കുറവും, ഉള്ള തൊഴിലിൽതന്നെ കൂലിനിരക്കിലുള്ള വിവേചനവും ഇവിടെ നിലനിൽക്കുന്നു:

പട്ടിക ശ്രദ്ധിക്കുക.

| തൊഴിൽ മേഖല | കൂലി | |
|---|---|---|
| | സ്ത്രീകൾ | പുരുഷന്മാർ |
| കർഷക തൊഴിലാളി | 60 | 100 |
| നിർമ്മാണ തൊഴിലാളി | 100 | 150 |
| കയർ തൊഴിലാളി | 30 | 75 |

കയർ, കർഷക തൊഴിലാളി, നിർമ്മാണ തൊഴിലാളി മേഖലകളിൽ കൂലിനിരക്കിലുള്ള വ്യത്യാസം വ്യക്തമായി കാണാം. തികഞ്ഞ അർപ്പണബോധത്തോടുകൂടിയുള്ള പ്രവർത്തനം കൊണ്ടുമാത്രമേ സ്ത്രീകളെ സാമൂഹ്യരംഗത്ത് കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. ഉത്തരവാദിത്വം ഏല്പവാനുള്ള സ്ത്രീയുടെ ധൈര്യക്കുറവും സ്ത്രീയുടെ ഉത്തരവാദിത്വബോധത്തെക്കുറിച്ചുള്ള പുരുഷൻെറ ആശങ്കയും പ്രധാന പ്രശ്നമാണ്. സ്ത്രീകളിൽ ആത്മവിശ്വാസമില്ലായ്മയും, കൂട്ടായ്മയുടെ അഭാവവും പരിഹരിക്കപ്പെടേണ്ടതാണ്. ജനസംഖ്യാ അനുപാതത്തിൽ ബഹുഭൂരിപക്ഷം വരുന്ന സ്ത്രീകൾ സ്വന്തം ശക്തി മനസ്സിലാക്കി ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി പോരാടാൻ തയ്യാറാകേണ്ടിയിരിക്കുന്നു. ജീവിതത്തിൻെറ സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നില്ക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കുവാനുള്ള തൻേറടം സ്ത്രീകൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

വനിതാ സംഘടനകളിലൂടെ ശക്തിപ്രാപിച്ച് അവകാശങ്ങൾ നേടിയെടുക്കാൻ സ്ത്രീകൾക്ക് വേണ്ട ബോധവല്ക്കരണം നല്കേണ്ടതായിട്ടുണ്ട്.

## സാദ്ധ്യതകൾ

സാമൂഹ്യ രാഷ്ട്രീയ കാര്യങ്ങളെ കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ സ്ത്രീകൾക്ക് നൽകേണ്ടതായിട്ടുണ്ട്. വ്യക്തമായ നേതൃത്വബോധമുള്ള വ്യക്തികൾ കർത്തവ്യബോധത്തോടെ സ്ത്രീകളെ സംഘടിപ്പിക്കുവാനും അവരെ നേതൃത്വനിരയിലേയ്ക്ക് കൊണ്ടുവരുവാനും ശ്രദ്ധിക്കേണ്ടതുണ്ട്. നേതൃത്വനിരയിലുള്ള സ്ത്രീകൾ ക്രമേണ നയായികളെ വാർത്തെടുക്കുവാൻ ശക്തമായ സംഘടനയ്ക്ക് രൂപം നൽകി പ്രവർത്തിക്കുവാൻ തയ്യാറാവേണ്ടതാണ്. സമൂഹത്തിലെ അക്രമങ്ങൾക്കും അനീതികൾക്കുമെതിരെ സംഘടിക്കുവാനും പോരാടാനുമുള്ള കഴിവും ആത്മവിശ്വാസവും വനിതാസംഘടനകളിലൂടെ ആർജ്ജിക്കുകയും നടപ്പിലാക്കുവാൻ ശ്രമിക്കുകയും വേണം. അയൽക്കൂട്ടങ്ങളും മാതൃസംഗമങ്ങളും വനിതാപങ്കാളിത്തത്തോടെ നടക്കുന്നുണ്ടെങ്കിലും വനിതാ പ്രതിനിധികൾ ഈ മേഖലയിലേയ്ക്ക് കൂടുതൽ ശ്രദ്ധ ഊന്നേണ്ടതാണ്. സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് സ്ത്രീകളുടേതായ തൊഴിൽയൂണിററുകളും സഹകരണ സംഘങ്ങളും, സാധ്യതയുള്ള തൊഴിൽമേഖലകളിൽ കൂടുതൽ ഉണ്ടാവേണ്ടതാണ്.

തൊഴിലാളികളായ സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനു് 'ക്രഷ്'കളുടെ സാധ്യത പഞ്ചായത്തിൽ ഏറെയാണ്. യന്ത്രവൽകൃത കയർ യൂണിററുകൾ, കയർ സഹകരണ സംഘങ്ങൾ, തയ്യൽ പരിശീലനകേന്ദ്രങ്ങൾ, ഗാർമെൻറ് യൂണിററുകൾ, അച്ചാർ നിർമ്മാണം, പച്ചക്കറികൃഷി, കുററിമുല്ല കൃഷി, നാളികേരപാനീയനിർമ്മാണ യൂണിററ്, മൃഗസംരക്ഷണ യൂണിററ്, ഹാൻറി ക്രാഫ്ററ് യൂണിററ്, ഫാൻസി ഐറെംസ് ഉത്പാദിപ്പിക്കുന്ന ചെറുകിട സ്ഥാപനങ്ങൾ, ബുക്ക് ബൈൻറിങ്ങ്, ബാഗ് നിർമ്മാണം, കളിപ്പാട്ടനിർമ്മാണം, ചിരട്ട, പേരം, ഇത്തിരം എന്നിവകൊണ്ടുള്ള കരകൗശലവസ്തുക്കൾ, പ്ലാസ്റ്റിക് വയർ ഉപയോഗിച്ചുള്ള കസേര നെയ്ത്ത്, ധാന്യപ്പൊടി, ബേക്കറി, അച്ചാർ എന്നിവയുടെ നിർമ്മാണം, പാൽ വിതരണ സൊസൈററി, വനിതാ ചെമ്മീൻ സംസ്ക്കരണ യൂണിററ്, കക്ക സംസ്കരിച്ച് മററ് പ്രദേശങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള യൂണിററ് തുടങ്ങിയവ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

പഞ്ചായത്തിലെ D. W. C. R. A. യൂണിററുകൾ വേണ്ടത്ര ഗുണനിലവാരം പുലർത്തുന്നില്ല. വിപണന സാധ്യത ഉറപ്പ് വരുത്തുവാൻ കഴിയാത്തതും, സാങ്കേതിക വിദ്യയുടെ പരിചയക്കുറവും പ്രധാന കാരണമാണ്.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1 തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്ക് വളരെ കുറവാണ്.

2 സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ ദുർലഭമായേ വരുന്നുള്ളൂ. വരുന്നവർതന്നെ വിജയിക്കുന്നുമില്ല.

3 വൈദഗ്ധ്യം നേടിയ സ്ത്രീ തൊഴിലാളികൾ വളരെ കുറവാണ്.

4 തുല്യജോലിക്ക് തുല്യവേതനം എന്ന മുദ്രാവാക്യം അർത്ഥശൂന്യമായിരിക്കുകയാണ്.

5 സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങളുടെ അപര്യാപ്തത.

6 തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് പ്രോത്സാഹനമില്ലായ്മ.

7 സർക്കാർ ധനസഹായത്തോടെയുള്ള വനിതാ വ്യവസായങ്ങളുടെ കുറവ്.

8 സ്ത്രീകൾക്ക് ചെയ്യാവുന്ന ജോലികളെ കുറിച്ചും, അത് പോഷിപ്പിച്ചുകൊണ്ടുപോകുന്നതിനെകുറിച്ചും നിരന്തരമായ നിരീക്ഷകൻെറ അഭാവം.

9 അംഗൻവാടികൾക്ക് സ്ഥലവും, കെട്ടിടവും ഇല്ലായ്മ.

10 അങ്കണവാടി ടീച്ചർമാരുടെ അവശത.

11 ആയിരം ജനസംഖ്യക്ക് ഒരു അങ്കണവാടി എന്ന തോതിൻെറ കുറവ്.

12 സാമൂഹ്യ–രാഷ്ട്രീയരംഗത്ത് സ്ത്രീകളെ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനകുറവ്.

13 പെൺകുട്ടികൾ പഠിത്തത്തിൽമാത്രം ശ്രദ്ധിക്കുകയും പാഠ്യേതര വിഷയങ്ങളിൽ ശ്രദ്ധിക്കാതിരിക്കുന്നതും.

14 സ്ത്രീകളുടെ ആത്മവിശ്വാസക്കുറവ്.

15 സ്ത്രീധന–മരണക്കേസ്സുകളിൽ സ്ത്രീകൾക്ക് വേണ്ടത്ര തെളിവ് നൽകുവാൻ സാധിക്കാതെ വരുന്നതു്.

16 അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും.

17 പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യമില്ലായ്മ.

## പ്രശ്നപരിഹാരങ്ങൾ

1 ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് മുൻഗണന നൽകുക.

2 സ്ത്രീകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് നികുതി ഇളവ് നൽകുന്നത് വനിതാ യൂണിററുകൾക്ക് പ്രോത്സാഹനമായിരിക്കും.

3 ആരോഗ്യ ബോധവൽക്കരണം, കുടുംബാസൂത്രണബോധവൽക്കരണം, മൃഗസംരക്ഷണം, പരിസരശുചീകരണം എന്നിവയിൽ സ്ത്രീകളെ ബോധവതികളാക്കേണ്ടതുണ്ട്.

4 വൃദ്ധകൾക്കുവേണ്ടി ഒരു വൃദ്ധമന്ദിരം നിർമ്മിക്കുക.

5 മന്ദബുദ്ധികളായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക. അവർക്കായി തൊഴിൽ യൂണിററുകൾ ഉണ്ടാക്കുകയും ചെയ്യുക.

6 അശ്ലീലപോസ്റ്ററുകൾ, അശ്ലീലപ്രസിദ്ധീകരണങ്ങൾ എന്നിവ നിരോധിക്കുക.

7 സെൻസർ ബോഡ് നിരോധിച്ച സിനിമകൾ തിയേററുകളിൽ നിയമവിരുദ്ധമായി പ്രദർശിപ്പിക്കുന്നത് നിരോധിക്കുക.

8 സമ്പൂർണ്ണമദ്യനിരോധനം.

9 സ്ത്രീകൾ കൂടുതൽ താമസിക്കുന്ന സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് കക്കൂസുകളും പബ്ലിക്ടേപ്പുകളും ഏർപ്പെടുത്തുക.

10 സ്ത്രീപീഡനപ്രശ്നപരിഹാരത്തിന് കുടുംബകോടതി ഏർപ്പെടുത്തുക.

11 ഹോംനേഴ്സ് സമ്പ്രദായം ഈ പഞ്ചായത്തിൽ തുടങ്ങുന്നതിന് സാധ്യത ഏറെയാണ്.

12 ചെറിയ കുട്ടികളുള്ള അമ്മമാർക്ക് വീടുകളിലിരുന്ന് ചെയ്യാവുന്ന തൊഴിലുകൾക്ക് മുൻതൂക്കം നൽകുക.

13 വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും വേണ്ട സമയത്തുതന്നെ ലഭ്യമാക്കുക.

14 വീട്ടുതൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളെ ഒരു സഹകരണ സ്ഥാപനത്തിൽ രജിസ്റ്റർചെയ്യാൽ, അവർക്കും വീട്ടുടമകൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു കഴിയും.

15 വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ജോലി നോക്കുന്ന സ്ത്രീകൾക്ക് കഴിയുന്നതും വീടിനടുത്ത് സേവനം അനുഷ്ഠിക്കാനുള്ള സന്ദർഭം നല്കുന്നത് നല്ലതായിരിക്കും.

16 വനിതാക്ലബ്ബ് രൂപീകരിച്ച് ഒരു ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കുന്നത് സ്ത്രീകളുടെ ആരോഗ്യത്തിനും, ഡാൻസ്, പാട്ട് എന്നിവയിൽ വിദഗ്ദ്ധരെവെച്ച് പഞ്ചായത്തിലെ വനിതകളുടെ സാംസ്കാരിക അന്തരീക്ഷം വളർത്താനും ഇതോടൊപ്പം ഒരു വായനശാല നിർമ്മിച്ച് സ്ത്രീകളുടെ വായനാശീലം വളർത്താനും ശ്രമിക്കേണ്ടതാണ്.

❋

# 5 - 10

# സഹകരണം

'ഓരോരുത്തരും എല്ലാവർക്കും വേണ്ടി
എല്ലാവരും ഓരോരുത്തർക്കും വേണ്ടി'

1827-ൽ-മാഞ്ചസ്റ്ററിലെ തുണിമിൽ തൊഴിലാളികളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന സഹകരണപ്രസ്ഥാനം ഇന്ത്യയിൽ തുടക്കമിടുന്നത് 1901—ൽ നിയമിതമായ ലോ കമ്മീഷൻെറ ശുപാർശയോടുകൂടിയാണ്. കമ്മീഷൻെറ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമീണ കർഷകർക്ക് ആശ്വാസമേകാൻ രൂപംകൊണ്ട 1904—ലെ സഹകരണനിയമത്തിൻെറ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ സഹകരണസംഘങ്ങൾ പ്രവർത്തനം ആരംഭിച്ചത്. കേരളത്തിലെ സഹകരണമേഖല വളർന്ന് പന്തലിച്ചു നില്ക്കുന്ന ഒരു മഹാപ്രസ്ഥാനമാണ്. ഇക്കഴിഞ്ഞ അര നൂററാണ്ടിനുള്ളിൽ പല കമ്മിററികളും കമ്മീഷനുകളും സഹകരണപ്രസ്ഥാനത്തെക്കുറിച്ചും കാർഷികവായ്പാവിതരണ ഏജൻസികളെക്കുറിച്ചും, ഋണവിതരണരീതി, മാതിരി, സമ്പ്രദായം, പരിമിതി, പോരായ്മകൾ എന്നിവയെക്കുറിച്ചും പഠിക്കുകയുണ്ടായിട്ടുണ്ട്. 1950-ൽ പ്രസിദ്ധപ്പെടുത്തിയ റൂറൽ ക്രഡിററ് സർവ്വേ കമ്മിററി റിപ്പോർട്ട് ഇന്ത്യയിൽ സഹകരണ മേഖലയുടെ മാഗ്ന കാർട്ട എന്നു വിശേഷിപ്പിക്കാവുന്നതാണ്. ഈ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കൈക്കൊണ്ട പല നടപടികളും സഹകരണമേഖലയുടെ വികാസത്തിനും അഭിവൃദ്ധിക്കും കാരണമായിട്ടുണ്ട്. കാർഷിക വായ്പാവിതരണത്തിനും സമഗ്രഗ്രാമീണവികസനത്തിനും സഹായമേകാൻ പററിയ ഏററവും നല്ല ഗ്രാമീണ മേഖലാ ഏജൻസി പ്രാഥമിക കാർഷികസഹകരണസംഘങ്ങളാണ്. അതായത് പ്രദേശത്തിൻെറ പ്രത്യേകതകൾ മനസ്സിലാക്കി കാലിക—കാർഷിക വായ്പകൾ വിതരണം ചെയ്യാൻ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്കു മാത്രമേ കഴിയൂ.

ഈഴവത്തിരുത്തി പഞ്ചായത്തിലെ സഹകരണചരിത്രം പൊന്നാനി മുനിസിപ്പാലിററിയോടു ബന്ധപ്പെടുത്തി മാത്രമേ രേഖപ്പെടുത്താൻ കഴിയൂ. 1912-ലെ ആക്ട് 2 ആയ മദ്രാസ് പ്രവിശ്യാ സഹകരണ നിയമത്തിൻെറ വകുപ്പ് 9 പ്രകാരം 1920-ൽ രജിസ്റ്റർ ചെയ്യപ്പെട്ട പൊന്നാനി നഗരം ഐക്യനാണയസംഘം ക്ലിപ്തം നമ്പർ F. 436-ൻെറ രൂപീകരണത്തോടുകൂടിയാണ് നമ്മുടെ പ്രദേശത്ത് സഹകരണ മേഖലക്ക് നാന്ദികുറിക്കുന്നത്. ഇതിനു നേതൃത്വം നല്കുകയും ആദ്യ ബോർഡ് പ്രസിഡണ്ട് ആയി പ്രവർത്തിക്കുകയും ചെയ്തത് ശ്രീ. എ. എൻ. രാമയ്യരായിരുന്നു. പിന്നീട് ഈ സംഘം 1932-ലെ മദ്രാസ് പ്രവിശ്യാ സഹകരണ നിയമപ്രകാരം 1937-ൽ പൊന്നാനി കോ-ഓപ്പറേററീവ് അർബൻ ബാങ്കായി മാറി. തുടർന്ന് അത് 1-1-62 മുതൽ ഇന്നത്തെ പൊന്നാനി സർവ്വീസ് സഹകരണ ബാങ്ക് ആയി മാറുകയുണ്ടായി. ഇതിൻെറ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. കെ. വി. രാമൻമേനോനായിരുന്നു.

രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിലുണ്ടായ ഭക്ഷ്യക്ഷാമത്തിന് പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ മദ്രാസ് പ്രവിശ്യാ ഗവൺമെണ്ട് പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായാണ് 1946-ൽ പൊന്നാനി

ഫർക്കാ പ്രൊഡ്യൂസേഴ്സ് കം കൺസ്യൂമേഴ്സ് സൊസൈററി രൂപീകരിച്ചത്. 77–78 ൽ ഇതിൻെറ പേരു് പൊന്നാനി പ്രൊഡ്യൂസേഴ്സ് കം കൺസ്യൂമേഴ്സ് സൊസൈററി എന്നു് മാററി. 1946–ൽ ഇതിൻെറ പ്രസിഡണ്ടു് ശ്രീ. കെ. വി. രാമൻമേനോനും 1947 മുതൽ 77 വരെ ശ്രീ. കെ. ശങ്കുണ്ണിനായരുമായിരുന്നു.

വ്യാവസായികമേഖലയിൽ ദുരിതമനുഭവിച്ചിരുന്ന കയർതൊഴിലാളികൾക്കു് ആശ്വാസം പകരാനും ചൂഷണവിമുക്തരാക്കാനുംവേണ്ടി 1957-58 വർഷങ്ങളിലാണു് ഈഴവത്തിരുത്തി കയർവ്യവസായ സഹകരണസംഘം, കടവനാടു് കയർ വ്യവസായ സഹകരണസംഘം, ഈശ്വരമംഗലം കയർവ്യവസായ സഹകരണസംഘം എന്നിവ രൂപീകരിച്ചു് പ്രവർത്തനം ആരംഭിച്ചതു്. തുടർന്നു് 1974–ൽ പൊന്നാനി താലൂക്കു് റൂറൽ ഹൗസിംഗ് സൊസൈററിയും 1989–ൽ പൊന്നാനി താലൂക്കു് അഗ്രികൾച്ചറൽ ബാങ്കും രൂപീകൃതമായി. കാർഷികവികസനബാങ്കിൻെറ ആദ്യപ്രസിഡണ്ടായി പ്രവർത്തിച്ചിരുന്നതു് ഇ. കെ. ഇമ്പിച്ചിബാവയാണു്. 1986-ൽ പൊന്നാനി അർബൻബാങ്കും രൂപീകരിക്കപ്പെട്ടു. ഇതിനു നേതൃത്വം നൽകുകയും ആദ്യപ്രസിഡണ്ടായി പ്രവർത്തിക്കുകയും ചെയ്തതു് ശ്രീ സി. എം. മൊയ്തുണ്ണിയായിരുന്നു.

വിവിധമേഖലകളിലായി 18 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ചു് പ്രവർത്തനം ആരംഭിച്ചിരുന്നു. ഇവയിൽ ഭൂരിപക്ഷവും പ്രവർത്തനരഹിതവും ലിക്വിഡേഷനെ നേരിട്ടുകൊണ്ടിരിക്കുകയുമാണു്. സഹകരണമേഖലയിൽ പഞ്ചായത്തിൽ 150ൽ പരം ആളുകൾ തൊഴിലെടുക്കുന്നുണ്ടു്. താലൂക്കു് തലത്തിൽ പ്രവർത്തിക്കുന്ന പൊന്നാനി താലൂക്കു് അർബൻ ബാങ്കു്, പൊന്നാനി താലൂക്കു് റൂറൽ ഹൗസിംഗ് സഹകരണസംഘം, പൊന്നാനി അഗ്രികൾച്ചറൽ & റൂറൽ ഡവലപ്പ്മെൻറ് ബാങ്കു് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനപരിധി ഈ പഞ്ചായത്തുകൂടി ഉൾപ്പെട്ട പ്രദേശമാണു്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവരം പട്ടിക 1–ൽ ചേർക്കുന്നു.

## സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക വായ്പാ മേഖലയിൽ സാമാന്യം ഭേദപ്പെട്ടു് പ്രവർത്തിക്കുന്ന പൊന്നാനി സർവ്വീസ് സഹകരണബാങ്കു്, പൊന്നാനി താലൂക്കു് അഗ്രികൾച്ചറൽ & റൂറൽ ഡവലപ്പ്മെൻറ് ബാങ്കു് എന്നിവയുടെ നഷ്ടം ശ്രദ്ധേയമാണു്. കാർഷികേതര വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന പൊന്നാനി അർബൻ ബാങ്കു്, പൊന്നാനി താലൂക്കു് ഗവ. എംപ്ലോയീസ് സൊസൈററി എന്നിവ മാത്രമാണു് പൊന്നാനി താലൂക്കിൽ ലാഭകരമായി പ്രവർത്തിക്കുന്ന താലൂക്കിലെ രണ്ടു് സഹകരണ സ്ഥാപനങ്ങൾ. കെടുകാര്യസ്ഥതമൂലം പ്രവർത്തനപരാജയം സംഭവിച്ച ഹരിജൻ സഹകരണസംഘം, ഈഴവത്തിരുത്തി കയർ വ്യവസായ സഹകരണ സംഘം, ഈശ്വരമംഗലം കയർവ്യവസായസഹകരണസംഘം, മൺപാത്രനിർമ്മാണ തൊഴിലാളി സഹകരണസംഘം എന്നിവയുടെ പ്രവർത്തനം സമാപ്തീകരണത്തോളം എത്തിയിരിക്കുന്നു. റൂറൽ ഹൗസിംഗ് സൊസൈററി സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ടു്. മത്സ്യത്തൊഴിലാളി മേഖലയിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളായ ഈഴവത്തിരുത്തി മത്സ്യത്തൊഴിലാളി സഹകരണസംഘം, കടവനാടു് മത്സ്യത്തൊഴിലാളി സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം നിരാശാജനകവും അംഗങ്ങൾക്കു് ബാദ്ധ്യതയുമായി മാറിക്കഴിഞ്ഞിരിക്കുന്നു. കയർമേഖലയിലെ കടവനാടു് കയർ വ്യവസായ സഹകരണസംഘത്തിൻെറ പ്രവർത്തനം സാമാന്യം ഭേദപ്പെട്ട നിലയിൽ നടക്കുന്നു. വനിതാ ഗാർമെൻറ് സൊസൈററി ഉല്പന്നങ്ങൾ വിററഴിക്കാൻ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെങ്കിലും വനിതാ അംഗങ്ങളുടെ കൂട്ടായ, ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണു്. ഈശ്വരമംഗലത്തു് രൂപീകരിച്ച ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘത്തിൻെറ പ്രവർത്തനം നിരാശാജനകവും അംഗങ്ങളുടെ എതിർപ്പുകൾ ക്ഷണിച്ചുവരുത്തുന്ന രീതിയിലുമാണു്.

സ്കൂൾ സഹകരണ സംഘങ്ങളിൽ എ. വി. ഹൈസ്കൂൾ സഹകരണസംഘം, ഗേൾസ് ഹൈസ്കൂൾ സഹകരണസംഘം എന്നിവ സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും B E M U P School കേന്ദ്രമായുള്ള ഈഴവത്തിരുത്തി ഗ്രൂപ്പ് സ്കൂൾ സഹകരണസംഘം ഇപ്പോൾ പ്രവർത്തനരഹിതമാണു്. പൊന്നാനി സർവ്വീസ് സഹകരണബാങ്കിൻെറ ശാഖ പഞ്ചായത്തിൻെറ മദ്ധ്യകേന്ദ്രമായ കുണ്ടുകടവു്

ജങ്ഷൻ, ചമ്രവട്ടം ജങ്ഷൻ എന്നീ ഭാഗങ്ങളിൽ സ്ഥാപിക്കാൻ നിർദ്ദേശമുണ്ടെങ്കിലും ആയത് ഇതേവരെ സാധിതപ്രായമായിട്ടില്ല. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ സായാഹ്നശാഖയുടെ പ്രവർത്തനം ജനങ്ങൾക്ക് വളരെയധികം സഹായകരമാണ്.

## കാർഷികമേഖല

### ഹ്രസ്വകാലവായ്പ

ഏകദേശം 4000 കർഷകകുടുംബങ്ങളുള്ള ഒരു പഞ്ചായത്താണ് ഈഴുവത്തിരുത്തിയെങ്കിലും പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അവരുടെ കാലിക – കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ വായ്പ വിതരണം ചെയ്യാൻ പഞ്ചായത്തിൽ കാർഷികവായ്പാ വിതരണം നടത്തുന്ന പൊന്നാനി സർവ്വീസ് സഹകരണബാങ്കിന് കഴിഞ്ഞിട്ടില്ല.

### പൊന്നാനി സർവ്വീസ് സഹകരണബാങ്ക്

4000 ത്തോളം കർഷകകുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ ഭൂരിഭാഗവും പൊന്നാന്നി സർവ്വീസ് സഹകരണബാങ്കിൽ അംഗങ്ങളാണെങ്കിലും അവരുടെ വായ്പാ ആവശ്യങ്ങൾ മുഴുവൻ നിറവേററാൻ ബാങ്കിനു കഴിയുന്നില്ല. ബാങ്ക് 95-96 വർഷത്തിൽ കാർഷിക– കാർഷികേതര വായ്പയിനത്തിൽ 2,57,83,000 രൂപയാണ് വിതരണം ചെയ്തത്. ഇത് കാർഷിക - കാർഷികേതര ആവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പരിമിതമാണ്. ബാങ്കിൽനിന്നു വിതരണം ചെയ്യുന്ന കാർഷികവായ്പ വേണ്ട രീതിയിൽ കാർഷികമേഖലയിൽ ഉപയോഗപ്പെടുത്തുന്നുമില്ല. തന്മൂലം വായ്പാ തിരിച്ചടവ് ഫലപ്രദമല്ല. ഇതിനാവശ്യമായ ബോധവൽക്കരണം അനിവാര്യമാണ്. നബാർഡ് നിലവിലുള്ള കാർഷികവായ്പാ വിതരണ സംവിധാനത്തിൽ മാററം വരുത്തിയാൽ മാത്രമേ ഈ രംഗത്ത് ഗുണപരമായ മാററങ്ങൾ ഉണ്ടാക്കാൻ കഴിയൂ. പൊന്നാനി സർവ്വീസ് സഹ. ബാങ്കിന്റെ കീഴിൽ ഈശ്വരമംഗലത്ത് പ്രവർത്തിച്ചിരുന്ന വളംവിതരണ ഏജൻസിയുടെ പ്രവർത്തനം ഇന്ന് തികച്ചും നിശ്ചലമാണ്. ബാങ്കിന്റെ കീഴിൽ നാഫെഡിനുവേണ്ടി കൊപ്രസംഭരണം നടത്തിയിരുന്നത് നാളികേരകർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസകരവും മെച്ചപ്പെട്ട വില ലഭിക്കാൻ കാരണവുമായിട്ടുണ്ട്. ഇത് പുനരാരംഭിക്കേണ്ടതും കേരഫെഡ് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുമാണ്.

പൊന്നാനി സർവ്വീസ് സഹ. ബാങ്കിനെ സംബന്ധിച്ചിടത്തോളം കർഷകർക്കാവശ്യമായ വായ്പ ആവശ്യത്തിനു നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. 4000ത്തോളം കർഷകകുടുംബങ്ങൾ അവരുടെ വായ്പാവശ്യങ്ങൾക്ക് മുഖ്യമായും ആശ്രയിക്കുന്നത് ഈ സഹകരണബാങ്കിനെയാണ്. നിലവിലുള്ള കാർഷികവായ്പാ സമ്പ്രദായമനുസരിച്ച് ജില്ലാ ബാങ്കിൽനിന്നും അനുവദിക്കുന്ന ക്രെഡിററ് ലിമിററ് വളരെ പരിമിതവും ആവശ്യങ്ങളുടെ 10% പോലും നിർവ്വഹിക്കാൻ കഴിയാത്തതുമാണ്. ഇതിനു പരിഹാരമായി മൊത്തം കാർഷികാവശ്യങ്ങൾക്ക വേണ്ട Credit limit മുൻകൂട്ടി അനുവദിക്കുകയും അതിൽനിന്നു കർഷകരുടെ വായ്പാ ഹരജി ലഭിക്കുന്ന മുറയ്ക്ക് ലോൺ അനുവദിക്കാനുള്ള സംവിധാനം സർവ്വീസ് ബാങ്കിലും അതാത് സമയങ്ങളിൽ റീ–ഇംപേഴ്സ് ചെയ്യാനുള്ള സംവിധാനം ജില്ലാ ബാങ്കിലും ഉണ്ടാകേണ്ടതാണ്. എങ്കിൽ മാത്രമേ കർഷകർക്ക് അവരുടെ കാർഷിക-കാലിക പ്രവർത്തനങ്ങൾക്ക് വായ്പ ലഭ്യമാക്കാൻ കഴിയൂ.

### ദീർഘകാലവായ്പ

19–1-89 ൽ പ്രവർത്തനം ആരംഭിച്ച പൊന്നാനി താലൂക്ക് കാർഷികഗ്രാമവികസനബാങ്ക് മുഖേനയാണ് നമ്മുടെ പഞ്ചായത്തിൽ കാർഷികാവശ്യങ്ങൾക്കുള്ള ദീർഘകാലവായ്പകൾ വിതരണം ചെയ്യുന്നത്. സംസ്ഥാനത്തുതന്നെ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമാണിത്. ഈ ബാങ്ക് ഈഴുവത്തിരുത്തി പഞ്ചായത്തിൽ കർഷകർക്കായി നാളിതുവരെ 13ട്രാക്ടറുകൾക്കായി 27,12,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. സാധാരണ വായ്പാ ഇനത്തിൽ 30 പേർക്കായി 6,07,000രൂപയും പദ്ധതി വായ്പയായി 59 പേർക്ക് 36,55,000 രൂപയും കാർഷികേതര വായ്പയായി 84 പേർക്ക് 33,56,000 രൂപയും ഭവനനിർമ്മാണവായ്പയായി 85 പേർക്ക് 49,10,000 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

ഈ പഞ്ചായത്തിൽനിന്നു് ഭവനനിർമ്മാണ വായ്പയ്ക്കായി ധാരാളം വായ്പാ അപേക്ഷകൾ ബാങ്കിൽ കെട്ടിക്കിടപ്പുണ്ടു്. ഫണ്ടിൻെറ അഭാവമാണു് ഈ സ്ഥിതിവിശേഷത്തിനു കാരണം. ആയതുകൊണ്ടു് ആവശ്യാനുസരണമുള്ള ഫണ്ടു് ലഭിക്കാൻ നടപടികൾ സ്വീകരിക്കണം. കൂടാതെ ഇന്നു് നിലവിലുള്ള പലിശനിരക്കു് ലഘൂകരിക്കണം.

## കാർഷികേതരവായ്പ

### a) പൊന്നാനി സഹകരണ അർബൺ ബാങ്കു്

നമ്മുടെ പഞ്ചായത്തുകൂടി പ്രവർത്തനപരിധിയിലുള്ള പൊന്നാനി കോ-ഓപ്പറേററീവ് അർബൺ ബാങ്കു് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടു്. ഈ ബാങ്കിൽ നമ്മുടെ പഞ്ചായത്തിൽനിന്നു 412 മെമ്പർമാരാണുള്ളതു്. പഞ്ചായത്തിൽ മാത്രം 58 ലക്ഷത്തോളം കാർഷികേതരവായ്പ വിതരണം ചെയ്തിട്ടുണ്ടു്.

### b) റൂറൽ ഹൗസിംഗ് സഹ. സംഘം

പഞ്ചായത്തുകൂടി പ്രവർത്തന പരിധിയുള്ള പൊന്നാനി താലൂക്ക് റൂറൽ സഹ. സംഘം ഭവനനിർമ്മാണത്തിനായി 250 പേർക്കു് 92,04,000 രൂപയും ഭവനറിപ്പയറിന്നായി 24 പേർക്കു് 8,92,000 രൂപയും പഞ്ചായത്ത് പ്രദേശത്തു് അനുവദിച്ചിട്ടുണ്ടു്. 1974-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽനിന്നു വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും അമിതമായ പലിശയും മൂലം അംഗങ്ങൾക്കു് കടുത്ത പ്രയാസം അനുഭവപ്പെടുന്നു.

### ഇതരസംഘങ്ങൾ

വ്യവസായ മേഖലയിൽ 3 വ്യ. സഹ. സംഘങ്ങളും ഒരു വനിതാ വ്യവസായ സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ടു്. വിശദവിവരങ്ങൾ വ്യവസായ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ടു്. പ്രവർത്തനരഹിതമായിക്കിടക്കുന്ന രണ്ടു് മത്സ്യസഹകരണ സംഘങ്ങളും ഈഴവത്തിരുത്തി ഗ്രൂപ്പ് സ്മാൾ സഹകരണ സംഘവും, ഈശ്വരമംഗലം ക്ഷീരവ്യവസായ സഹകരണ സംഘവും പുനരുദ്ധരിക്കേണ്ടതാണു്.

## വിവിധ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ

### കാർഷികമേഖല

1 പൊന്നാനി സർവ്വീസ് സഹകരണ ബാങ്കു് 29 ലക്ഷം രൂപ നഷ്ടത്തിലാണു് പ്രവർത്തിക്കുന്നതു്. ഈ നഷ്ടം അടിയന്തരമായി നികത്തിയാൽ മാത്രമേ ബാങ്കിംഗ് വികസന പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്താൻ കഴിയൂ. അതിനാൽ ബാങ്കുകളുടെ നഷ്ടം നികത്തുന്നതിനായി നഷ്ടത്തിനു തുല്യമായ തുക ഓഹരി മൂലധനമായി അനുവദിക്കുക.

2 ബാങ്കിൻെറ നിലവിലുള്ള ആസ്തികൾ മാർക്കററ് വിലയനുസരിച്ച് പുനർവില നിശ്ചയിച്ച് മൂലധന ലാഭംമൂലം ഓഡിററ് റിപ്പോർട്ടിൽ ഒരു പരിധിവരെ നഷ്ടം കുറയ്ക്കാൻ കഴിയുകയും മററു വികസന പ്രവർത്തനങ്ങളിൽ ബാങ്കിനു ശ്രദ്ധിക്കാൻ കഴിയുകയും ചെയ്യും.

3 പഞ്ചായത്തിലെ എല്ലാ കർഷകരേയും അംഗങ്ങളായി ചേർക്കാനാവശ്യമായ നടപടികൾ ശ്രദ്ധിക്കുക.

4 ബാങ്കിൻെറ മാനേജ്മെൻറ് എല്ലാ കാലങ്ങളിലും നിക്ഷേപസമാഹരണം നടത്തി ആ തുക കൺസ്യൂമർ വായ്പ, വാഹനവായ്പ എന്നിവയായി വിതരണം ചെയ്യുക.

5 പൊന്നാനി സർവ്വീസ് സഹകരണ ബാങ്കു് വളരെ നല്ല നിലയിൽ ചിട്ടി നടത്തിയിരുന്നതാണു്. ചിട്ടി ആക്ട് നടപ്പിലാക്കിയതോടുകൂടി ചിട്ടി പ്രവർത്തനം നിർത്തിവെയ്ക്കുകയാണുണ്ടായതു്. സഹകരണ സംഘങ്ങളെ ചിട്ടി ആക്ടിൻെറ പരിധിയിൽനിന്നു് ഒഴിവാക്കുക.

6 പഞ്ചായത്തിലെ കർഷകരുടെ എല്ലാ വിവരങ്ങളുമടങ്ങിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കി അതനുസരിച്ച് ഓരോ വർഷവും ഓരോ കർഷകനും ആവശ്യമായ വായ്പാതുക തിട്ടപ്പെടുത്തുക.

7 സർക്കാരിൽനിന്നു് അനുവദിക്കുന്ന പലിശ സബ്സിഡിയുടെ നിലവിലുള്ള നിരക്കു് വർദ്ധിപ്പിക്കുകയും കാലതാമസം കൂടാതെ കർഷകർക്കു് ലഭിക്കുകയും ചെയ്യേണ്ടതാണു്.

8 ഈഴവത്തിരുത്തിയിൽ പൊന്നാനി സർവ്വീസ് സഹകരണ ബാങ്ക് ശാഖ പ്രവർത്തനം ആരംഭിക്കുക.

9 നെൽകൃഷി ലാഭകരമല്ലാതെ നടത്തേണ്ട സാഹചര്യത്തിൽപാടശേഖരങ്ങൾ തോട്ടങ്ങളായി മാററപ്പെടുന്ന അവസ്ഥയാണിന്നുള്ളത്. ഇതിനു പരിഹാരമായി പാടശേഖരകമ്മിററികൾ രൂപീകരിക്കുകയും നെൽകൃഷി ലാഭകരമായി പ്രവർത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

## ക്ഷീരവ്യവസായ സഹ. സംഘങ്ങൾ

നിലവിൽ ഈശ്വരമംഗലത്തുള്ള ക്ഷീര വ്യവസായ സഹകരണസംഘം പ്രവർത്തന രഹിതമാണ്. പുതിയ പദ്ധതിപ്രകാരം, നിരവധി കുടുംബങ്ങൾക്ക് കറവുമാടുകൾ ലഭിക്കാനിടയുണ്ട്. ആയതുകൊണ്ട് പഞ്ചായത്തിൽ ഈഴവത്തിരുത്തി, പുഴമ്പ്രം, കറുകത്തിരുത്തി, കടവനാട് എന്നിവിടങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അതിനു പുറമേ ഈശ്വരമംഗലം ക്ഷീരവ്യവസായ സഹകരണ സംഘം പുനരുദ്ധരിക്കുകയും ചെയ്യേണ്ടതാണ്. ഇവയിൽ ഒരു സംഘത്തിൽ പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. നല്ലയിനം കന്നുകാലികൾ, കാലിത്തീററ, പുൽവിത്ത്, മിനറലുകൾ, മുതലായവ ഇത്തരം സംഘങ്ങളിലൂടെ അംഗങ്ങൾക്ക് ലഭിക്കുന്നതിനു സംവിധാനം ഏർപ്പെടുത്തണം. നിലവിൽ പ്രവർത്തിക്കുന്ന ഈശ്വരമംഗലം വെററിനറി പോളിക്ലിനിക്ക് അടുത്ത കാലത്താണ് പോളിക്ലിനിക്കായതെങ്കിലും വേണ്ടത്ര സംവിധാനങ്ങളോ ജീവനക്കാരോ ഇല്ല. ഇതു് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കൂടാതെ കടവനാട് ഭാഗത്ത് ഒരു സബ്സെൻറർ തുറന്നു പ്രവർത്തിക്കേണ്ടതാണ്. കാലിത്തീററ നിർമ്മാണത്തിനാവശ്യമായ ഒരു സഹകരണസംഘം രൂപീകരിക്കാവുന്നതാണ്.

## മത്സ്യസഹകരണസംഘം

നിലവിലുള്ള രണ്ട് മത്സ്യ സഹകരണ സംഘങ്ങളും നിശ്ചലമാണ്. പഞ്ചായത്തിലെ എല്ലാ മത്സ്യത്തൊഴിലാളികളേയും അംഗങ്ങളാക്കി അവ പുനരുദ്ധരിക്കേണ്ടതും ഉൾനാടൻ മത്സ്യവികസനത്തിൻെറ ഭാഗമായി ബിയ്യം കായലിൽ ചെമ്മീൻ വളർത്തുകേന്ദ്രം സ്ഥാപിക്കേണ്ടതുമാണ്.

## കൺസ്യൂമർ മേഖല

പഞ്ചായത്തിൽ പൊതുവിതരണ മേഖലയിൽ ഒരൊററ മാവേലിസ്റ്റോർ മാത്രമേ പ്രവർത്തിക്കുന്നുള്ളു. അതിൻെറ പ്രവർത്തനം വേണ്ടത്ര തൃപ്തികരവുമല്ല. നമുക്കാവശ്യമുള്ള കൺസ്യൂമർ സാധനങ്ങൾക്ക് അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നതു്. നമുക്കാവശ്യമായ വസ്തുക്കൾ ഉല്പാദനകേന്ദ്രത്തിൽനിന്നു ശേഖരിച്ച് ജനങ്ങൾക്കിടയിൽ വിതരണംനടത്തിക്കൊണ്ട് മാത്രമേ വിലനിലവാരത്തിൽ ഒരു പരിധി വരെ പരിഹാരം ഉണ്ടാക്കാൻ കഴിയൂ. അതിനായി പഞ്ചായത്തിൽ മൂന്നു കൺസ്യൂമർ സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

## സ്ക്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എ. വി. ഹൈസ്കൂൾ സഹകരണസംഘം, ഗേൾസ് ഹൈസ്കൂൾ സഹകരണസംഘം എന്നിവ സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈഴവത്തിരുത്തി ഗ്രൂപ്പ് സ്കൂൾ സഹകരണസംഘത്തിൻെറ പ്രവർത്തനം നിശ്ചലമാണ്. സ്കൂൾ കുട്ടികൾക്കാവശ്യമായ എല്ലാ പഠനോപകരണങ്ങളും കൃത്യസമയത്തു ലഭിക്കുന്നതിനും യൂണിഫോം, സ്റ്റേഷനറിപോലുള്ള വസ്തുക്കൾ ലഭിക്കുന്നതിനുള്ള സംവിധാനം ഇത്തരം സംഘങ്ങളിലൂടെ ഉണ്ടാവണം. ഇതിൻെറ സെക്രട്ടറിയായി പ്രവർത്തിക്കുന്ന അദ്ധ്യാപകൻെറ ഹോണറേറിയം വർദ്ധിപ്പിക്കേണ്ടതാണ്. ഇത്തരം സംഘങ്ങളിൽ എല്ലാ രക്ഷിതാക്കളെയും എ ക്ലാസ്സ് മെമ്പർമാരാക്കി ചേർത്ത് രക്ഷിതാക്കളുടെ ഇടപെടൽ ഉണ്ടാക്കേണ്ടതാണ്.

## ഹരിജൻ സഹകരണസംഘം

കെടുംകാര്യസ്ഥതമൂലം നാമമാത്രമായി പ്രവർത്തിക്കുന്ന ഹരിജൻ സഹകരണസംഘത്തിന് ഹരിജനങ്ങൾക്കിടയിൽ വിശ്വാസ്യത ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. മുഴുവൻ ഹരിജനങ്ങളേയും അംഗങ്ങളായി ചേർത്തുകൊണ്ട് ഇതിൻെറ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതാണ്. തദ്വാരാ സാമൂഹ്യസാമ്പത്തികശ്രേണിയിൽ ഏറെ പുറകോട്ടു പോയിട്ടുള്ള ഹരിജനങ്ങളെ മുന്നോട്ടു കൊണ്ടുവരാൻ കഴിയും. ഇതിൻെറ

പ്രവർത്തനപരിധി പൊന്നാനി താലൂക്കാണ്. ഈഴവത്തിരുത്തി പഞ്ചായത്തിൽ ഒരു ഹരിജൻ സഹകരണസംഘം രൂപീകരിച്ച് എല്ലാ മേഖലകളിലും ആവശ്യമായ സഹായങ്ങൾ നൽകാൻ കഴിയും.

## ലേബർ കോൺട്രാക്ററ് സൊസൈററി

ധാരാളം കെട്ടിടനിർമ്മാണത്തൊഴിലാളികളുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു ലേബർകോൺട്രാക്ട് സൊസൈററി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത്, ബ്ലോക്ക് തുടങ്ങിയവ മുഖേന നടത്തുന്ന എല്ലാ വികസന പ്രവർത്തനങ്ങളും ഇങ്ങനെ നിലവിൽ വരുന്ന ലേബർ കോൺട്രാക്ററ് സംഘം മുഖേന നടത്താവുന്നതുമാണ്.

## മാർക്കററിംഗ് സൊസൈററി

കാർഷികോല്പന്നങ്ങളായ നെല്ല്, തേങ്ങ, അടക്ക മുതലായവയുടെ വിപണനത്തിലുള്ള ചൂഷണം അവസാനിപ്പിക്കാൻ പഞ്ചായത്തിൽ ഒരു മാർക്കററിംഗ് സൊസൈററി രൂപീകരിക്കാവുന്നതാണ്. ഈ സംഘത്തിൻെറ കീഴിൽ ഒരു കൊപ്ര ഡ്രയർ യൂണിററ് സ്ഥാപിക്കാവുന്നതാണ്.

## ഫാമിംഗ് സൊസൈററി

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഈശ്വരമംഗലം പാടശേഖരകമ്മിററിയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്. അതിന്നാവശ്യമായ സാമ്പത്തികസാങ്കേതികസഹായങ്ങൾ ലഭ്യമാക്കേണ്ടതും കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതുമാണ്.

## മററു നിർദ്ദേശങ്ങൾ

1 ദേശസാൽകൃത–കൊമേഴ്സ്യൽ ബാങ്കുകളുമായി മത്സരിച്ച് നിക്ഷേപസമാഹരണം നടത്താൻ സഹകരണബാങ്കുകൾക്ക് വളരെയധികം പ്രയാസം അനുഭവപ്പെടുന്നുണ്ട്. സർക്കാർ നിക്ഷേപത്തിനു ഗ്യാരണ്ടി നില്ക്കേണ്ടതാണ്.

(2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മററു സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളും അവയുടെ നിക്ഷേപം ഇന്ന് ദേശസാൽകൃത–കൊമേഴ്സ്യൽ ബാങ്കുകളിലാണ് നടത്തുന്നത്. ഇത്തരം സ്ഥാപനങ്ങൾ ഈ നിക്ഷേപത്തിൻെറ 60% വരുന്ന തുക സംസ്ഥാനത്തിനു പുറത്ത് വാണിജ്യനഗരങ്ങളിൽ വായ്പ നൽകുന്നതിനാണ് ഉപയോഗിക്കുന്നത്. തന്മൂലം നമ്മുടെ നാട്ടിൽനിന്നു സ്വീകരിക്കുന്ന നിക്ഷേപം ഉപയോഗപ്പെടുത്തി നമ്മുടെ നാട്ടിലെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ കഴിയുന്നില്ല. ആയതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിക്ഷേപങ്ങൾ സഹ. സ്ഥാപനങ്ങളിലൂടെ മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിക്കേണ്ടതാണ്.

3) സഹകരണ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സഹ. യൂണിയൻെറ പ്രവർത്തനം ആശാവഹമല്ല സഹകാരികൾക്കും ജീവനക്കാർക്കും സഹകരണമേഖലയെക്കുറിച്ചും ആധുനിക മാനേജ്മെൻറ് ടെക്നിക്കുകളെക്കുറിച്ചും വിദഗ്ദ്ധ പരിശീലനം നൽകേണ്ടതും ജനങ്ങൾക്കിടയിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതുമാണ്.

## സഹകരണ ആശുപത്രി

കേരളത്തിൻെറ സഹകരണ മേഖലയിൽ ഏററവും വലിയ സംഭാവനയാണ് കേരളത്തിൻെറ സമാന്തര ആരോഗ്യ സംവിധാനം എന്നു തന്നെ വിശേഷിപ്പിക്കാവുന്ന സഹകരണ ആശുപത്രികൾ. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ വിദഗ്ദ്ധ ചികിത്സയ്ക്ക് ആശ്രയിക്കുന്നത് അടുത്ത ജില്ലകളായ കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലുള്ള സ്വകാര്യ ആശുപത്രികളെയാണ്. ഇവയിലെ ചികിത്സാ ചെലവ് ബ്ലേഡ് കമ്പനികളെ അതിശയിപ്പിക്കുന്ന രീതിയിലാണ്. ഇതിനു പരിഹാരമായി പഞ്ചായത്തിൽ ഒരു സഹകരണ ആശുപത്രി സ്ഥാപിക്കേണ്ടതാണ്.

## 1969-ലെ സഹകരണ നിയമം

കേരളത്തിൽ നിലവിലുള്ള 1969 ലെ 21-ാം ആക്ടായ കേരളസഹകരണ നിയമം കാലോചിതമായും ജനാധിപത്യപരമായും പരിഷ്ക്കരിക്കേണ്ടതാണ്. കേരളത്തിലെ സഹകരണ മേഖല എന്നത് ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിക്കു മാത്രം അവകാശപ്പെട്ടതല്ല. കേരളത്തിലെ എല്ലാ രാഷ്ട്രീയക്കാരുടേയും ഒരു രാഷ്ട്രീയമില്ലാത്തവരുടേയും പൊതുവിൽ ജനങ്ങളുടേതാണ് ഈ മേഖല അപ്പോൾ മാത്രമേ ഈ മേഖലയിൽ സഹകരണ ജനാധിപത്യം പൂർണ്ണമായും

നടപ്പിലാക്കാൻ കഴിയൂ. ഇന്നു് നിലനില്ക്കുന്ന നിയമത്തിനും ചട്ടത്തിനും അനുസൃതമായി കാര്യങ്ങൾ നടക്കണം. അതോടൊപ്പംതന്നെ നമ്മുടെ മുന്നിലുള്ള മാതൃകാനിയമമനുസരിച്ച് ഈ നിയമം പരിഷ്കരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഇന്നു് പ്രവർത്തിക്കുന്നതും പ്രവർത്തനക്ഷമമല്ലാത്തതുമായ സഹകരണസംഘങ്ങളെ സംബന്ധിച്ച് വിശദമായ ഒരവലോകനം റിപ്പോർട്ടിൽ നടത്തിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ജനജീവിതത്തിന്റെ സമസ്തമേഖലകളിലും സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. വായ്പാ സഹകരണസംഘങ്ങൾ, വ്യാവസായികസഹകരണസംഘങ്ങൾ, ഭവനനിർമ്മാണ സഹകരണ സംഘം, സ്കൂൾ സഹകരണസംഘങ്ങൾ, വനിതാ വ്യവസായ സഹകരണസംഘങ്ങൾ തുടങ്ങി 18 സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എന്നിരുന്നാലും സാധാരണജനങ്ങളെ മുഴുവൻ ഇതിന്റെ ഗുണഭോക്താക്കളാക്കി മാററാൻ നമുക്കു് കഴിഞ്ഞിട്ടില്ല. അതിനു് ഇനിയും ഏറെ ദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

കാർഷികവായ്പാ വിതരണത്തിനും സമഗ്ര ഗ്രാമീണവികസനത്തിനും പററിയ ഏററവും നല്ല വായ്പാവിതരണ ഏജൻസി സഹകരണ സ്ഥാപനങ്ങളാണ് എന്ന കാര്യത്തിൽ എല്ലാവരും ഐകകണ്ഠ്യേന യോജിക്കുന്നു. ഈ വസ്തുത അംഗീകരിച്ചുകൊണ്ടാണ് നിലവിലിരുന്ന സർക്കാരുകൾ കാലാകാലങ്ങളിലുണ്ടായ പഞ്ചവത്സരപദ്ധതികളിൽ സഹകരണമേഖലക്കു് മാന്യമായ സ്ഥാനം നല്കിയത്. പക്ഷേ 8-ാം പദ്ധതി സഹകരണമേഖലയെ അവഗണിക്കുകയാണുണ്ടായത്. ഈ അവസ്ഥ ഒൻപതാം പദ്ധതിയിലുണ്ടായിക്കൂടാ.

സഹകരണരംഗത്തെ വിവിധ മേഖലകളിലെ വളർച്ച് ആവശ്യമായി ഈ പഞ്ചായത്തിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ പ്രത്യക്ഷവും പരോക്ഷവുമായി 800 ഓളം പേർക്ക് തൊഴിൽ നല്കുന്നതിനും ജനങ്ങളുടെ സാമ്പത്തികആവശ്യങ്ങൾ നിറവേററാനും കഴിയും. അതുവഴി ഗ്രാമങ്ങളിലൂടെയുള്ള ഇന്ത്യയുടെ വികസനം എന്ന മഹത്തായ ലക്ഷ്യം സാക്ഷാൽകൃതമാക്കാനും കഴിയും.

## പട്ടിക—1

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | നൽകിയ വായ്പ രൂപ |
|---|---|---|---|---|
| 1 | പൊന്നാനി സർവ്വീസ് സഹകരണ ബാങ്ക് | 1962 | പൊന്നാനി മുനിസിപ്പാലിററി + ഈഴവത്തിരുത്തി പഞ്ചായത്ത് | 2,57,83,000 |
| 2 | പൊന്നാനി താലൂക്ക് കാർഷിക വികസന ബാങ്ക് | 1989 | പൊന്നാനി താലൂക്ക് | 27,12,000(ട്രാക്ററർ) 6,07,000 (സാധാ. വായ്പ) 36,55,000 (പദ്ധതി ,,) |
| 3 | പൊന്നാനി അർബൻ ബാങ്ക് | | പൊന്നാനി താലൂക്ക് | 58,00,000 |
| 4 | റൂറൽ ഹൗസിംഗ് സൊസൈററി | | -do- | 92,04,000 (ഭവന നിർമ്മാണം) 8,92,000 (ഭവന റിപ്പോർട്ട്) |
| 5 | ഹരിജൻ സഹ. സംഘം | | പൊന്നാനി താലൂക്ക് | |
| 6 | ഈശ്വരമംഗലം കയർവ്യവസായ സഹ. സംഘം | 1958 | വിവരങ്ങൾ അന്യത്ര വ്യവസായറിപ്പോർട്ടിൽ ചേർത്തിട്ടുണ്ട് | |
| 7 | ഈഴവത്തിരുത്തി ,, | ,, | | |
| 8 | കടവനാട് ,, | ,, | | |
| 9 | ഈഴവത്തിരുത്തി മത്സ്യ സഹകരണ സംഘം | | | |
| 10 | കടവനാട് ,, | | | |
| 11 | A. V. H. S. സ്കൂൾ സഹ. സംഘം | | A. V. H. S. | |
| 12 | ഗേൾസ് ഹൈസ്കൂൾ ,, | | P. G. H. S. | |
| 13 | ഈഴവത്തിരുത്തി ഗ്രൂപ്പ് ,, | | ഈഴവത്തിരുത്തി പഞ്ചായത്ത് | |
| 14 | പി. സി. സി. മാർക്കററിംഗ് സൊസൈററി | | പൊന്നാനി താലൂക്ക് | |
| 15 | മൺപാത്രനിർമ്മാണ സഹ. സംഘം | | വാർഡ് 5 | |
| 16 | വനിതാ ഗാർമെൻറ് സൊസൈററി | | | |
| 17 | ഈശ്വരമംഗലം ഗ്രൂപ്പ് ഫാമിംഗ് സൊസൈററി | | | |

# 5-11

# പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയിൽ 4344 പേർ പട്ടിക ജാതി വിഭാഗമാണ്. 595കുടുംബങ്ങളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. 4 അംഗീകരിച്ച കോളനികളും 5 അംഗീകാരം ആവശ്യമായ കോളനികളും പഞ്ചായത്തിലുണ്ട്. 300 ഓളം കുടുംബങ്ങൾ മറ്റ് വിഭാഗക്കാർക്കിടയിൽ (ഇടകലർന്ന്) ജീവിച്ചു വരുന്നവരാണ്. വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ നേട്ടങ്ങൾ ചെറിയ തോതിലെങ്കിലും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വേണ്ടത്ര ഉയർന്ന നില കൈവന്നിട്ടില്ല. നിരവധികാലം ചൂഷണവിധേയമായ ഈ വിഭാഗത്തിന് മിച്ചഭൂമിലഭ്യതയും, കൂടികിടപ്പവകാശവും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായമായിട്ടുണ്ട്. ഉച്ചനീചത്വങ്ങളിൽ നിന്നും പരിപൂർണ്ണമായ മോചനം സാധ്യമായില്ലെങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് ശ്രദ്ധേയമായ പുരോഗതിയുണ്ടായിട്ടുണ്ട്. നാനാജാതി മതസ്ഥരേയും വിവാഹം തുടങ്ങിയ ചടങ്ങുകളിൽ പങ്കെടുപ്പിക്കുണ്ടെങ്കിലും ചിലയിടങ്ങളിൽ വിവേചനം കാണാൻ കഴിയും. പൊതുരംഗത്തും പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ഈ വിഭാഗത്തിന് ലഭിക്കുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. ഭരണഘടന നിർമ്മാണസമയത്ത് നിർദ്ദേശിക്കപ്പെട്ടിരുന്നതിലും കൂടുതലായി പട്ടികജാതി-പട്ടിക വർഗ്ഗ പട്ടികയിൽ കൂടുതൽ സമുദായങ്ങളെ ഉൾപ്പെടുത്തിയതിന്റെ ഫലമായി സംവരാണാനുകൂല്യം കുറഞ്ഞുവരികയാണ്.

ഈ വിഭാഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായി കഴിഞ്ഞ 8 പദ്ധതികളിലും നിരവധി കാര്യങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇവയുടെ ഗുണം പൂർണ്ണമായും യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിയിട്ടില്ല എന്നതാണ് സത്യം. ഇതിന്റെ പ്രധാന കാരണം ഇടത്തട്ടുകാരുടെ ചൂഷണവും ഗുണഭോക്താക്കളുടെ അജ്ഞതയുമാണ്. കഴിഞ്ഞകാലപദ്ധതിളിലെല്ലാംതന്നെ അടങ്കൽ തുകയുടെ വളരെ കുറഞ്ഞ ശതമാനം മാത്രമേ ഹരിജന ഗിരിജനോദ്ധാരണത്തിനുവേണ്ടി നീക്കിവച്ചിരുന്നുള്ളു. ഈ കുറവ് പരിഹരിക്കുന്നതിന് പദ്ധതി അടങ്കൽ തുക കാലാനുസരണം വർദ്ധിപ്പിക്കണം. പദ്ധതികളുടെ ആസൂത്രണതലത്തിലെന്നപോലെ അവ നടപ്പിലാക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിയേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ടവർ വ്യക്തമായ ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കേണ്ടതാണ്. അനർഹരായവരെ പദ്ധതികളുടെ ഗുണഭോക്താക്കളാക്കി മാറ്റുന്ന പ്രവണതകളും വിരളമല്ല. വ്യാജ സർട്ടിഫിക്കറ്റുകൾ സമ്പാദിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി നിരന്തര വിലയിരുത്തലുകൾ ആവശ്യമാണ്.

## *വിദ്യാഭ്യാസം*

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിക്കേണ്ടിയിരിക്കുന്നു. ഈ വിഭാഗത്തിൽനിന്ന് ഇപ്പോൾ പഠനം തുടർന്നുകൊണ്ടിരിക്കുന്നവരുടെ എണ്ണം ——— എസ്.എസ്.എൽ.സി പാസാകുന്ന കുട്ടികളുടെ എണ്ണം ———വളരെ കുറവാണ്. എസ്.എസ്.എൽ.സി തോറ്റതിനുശേഷം തുടർന്ന് പഠിക്കുന്നവരുടെ എണ്ണവും കുറഞ്ഞുവരുന്നു. പ്രീഡിഗ്രി, ഡിഗ്രി തലങ്ങളിൽ ഈ അവസ്ഥ തന്നെയാണ് നിലനിൽക്കുന്നത്. പഞ്ചായത്തിലുള്ള ഏക സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ITC യാണ്. ഇതിൽതന്നെ ഇല്ക്ട്രീഷ്യൻ, കാർപ്പെന്റർ, വീവിംഗ്, ചൂരൽ കെയ്ൻ വർക്ക് എന്നിങ്ങനെയുള്ള തൊഴിൽ പരിശീലനങ്ങൾ മുമ്പ് ഉണ്ടായിരുന്നെങ്കിലും ഇന്ന് ഇലക്ട്രീഷ്യൻ കോഴ്സ് മാത്രമാണ്

ഉള്ളത്. 16 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെങ്കിലും വിദഗ്ധരായപരിശീലകരില്ലാത്തത് പ്രശ്നമാണ്.

പട്ടികജാതിയിൽപ്പെടുന്ന ശിശുക്കളുടെ ശാരീരികവും മാനസികവുമായ വളർച്ചക്കുവേണ്ടി പഞ്ചായത്തിലെ കോളനികളിലും മറ്റും നഴ്സറികളും, അംഗൻവാടി-കം ഫീഡിംഗ് സെന്ററുകളും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ കായിക പരമായ വളർച്ചയ്ക്ക് വേണ്ടി ഒരു സ്പോർട്ട്സ് യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.

പഠന ഉപകരണങ്ങളും, വൈദ്യുതിസൗകര്യവും റഫറൻസ് ഗ്രന്ഥങ്ങളും വർത്തമാനപത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും സജ്ജീകരിച്ചിട്ടുള്ള പഠനകേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പഠനകാര്യങ്ങളിൽ സഹായിക്കാൻ പ്രാപ്തരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പ്രവർത്തിപ്പിച്ചാൽ ഈ വിഭാഗക്കാരുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ആക്കം കൂട്ടാം.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളിലും പ്രത്യേക ട്യൂഷൻ നൽകുന്നതിനുള്ള ഒരു ട്യൂട്ടോറിയൽ സമ്പ്രദായം പഞ്ചായത്തിൽ പ്രായോഗികമാക്കേണ്ടത് ആവശ്യമാണ്. S.S.L.C തൊട്ട് ഉന്നത വിദ്യാഭ്യാസം തുടരുന്നതിനുവേണ്ടി (പരാജയപ്പെട്ടവർക്കായി) നൽകിവരുന്ന സഹായധനം മുഴുവൻ അപേക്ഷകർക്ക് ലഭിക്കാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കേണ്ടതാണ്. സാമ്പത്തികമായ പ്രശ്നങ്ങൾ കാരണം മിക്ക കുട്ടികളും തൊഴിൽ രംഗത്തേക്ക് ചേക്കേറുന്നത് വിദ്യാഭ്യാസരംഗത്ത് കൊഴിഞ്ഞുപോക്കിന് കാരണമാവുന്നു.

## *സാംസ്ക്കാരികം*

പട്ടികജാതി കുടുംബങ്ങൾക്ക് അവരുടേതായ തനതു കലാരൂപങ്ങളുള്ളതായി കാണാം. ഇത്തരം കലാരൂപങ്ങളും മറ്റു ശാസ്ത്രീയ കലാരൂപങ്ങളും പരിശീലിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകി ഉയർത്തികൊണ്ടുവരേണ്ടതുണ്ട്. കൂടാതെ കരകൗശലവസ്തുക്കളുടെ നിർമ്മാണ-വിതരണ രംഗങ്ങളിൽ വേണ്ട നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതായിട്ടുണ്ട്. ഇത്തരം രംഗങ്ങളിൽ ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനും അതുവഴി അവരെ ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ബോധപൂർവ്വമായ സമീപനം അത്യന്താപേക്ഷിതമാണ്. പട്ടികജാതിക്കാരായ സാഹിത്യകാരന്മാർക്ക് അവരുടെ കൃതികൾ പ്രസാധനം ചെയ്യുന്നതിനുള്ള സഹായം, സാഹിത്യശിൽപശാലകൾ എന്നിവ സംഘടിപ്പിക്കുന്നതിനും തുടങ്ങി പല പദ്ധതികളും ആവിഷ്കരിച്ച് സമൂഹത്തിന്റെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ സംയോജിപ്പിക്കുന്നതിനുവേണ്ടി ഈ രംഗത്ത് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്.

## *തൊഴിൽ*

നമ്മുടെ പഞ്ചായത്തിൽ ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും ഈ വിഭാഗത്തിൽ തൊഴിലില്ലാത്തവരായിട്ടുണ്ട്. പൊന്നാനി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ റജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരായവരും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയവരുമായ ഉദ്യോഗാർത്ഥികളുടെ എണ്ണം 75ൽ കൂടതലാണ്. മറ്റുള്ളവരുടെ തരം തിരിച്ചുള്ള പട്ടിക ചേർത്തിരിക്കുന്നു.

ഏറ്റവും കൂടുതൽ തൊഴിൽ ലഭിച്ചിരുന്ന കാർഷിക മേഖല ഈ പഞ്ചായത്തിൽ വളരെയധികം കുറഞ്ഞിരിക്കുകയാണ്. കൃഷിഭൂമി നികത്തി കെട്ടിടം നിർമ്മിച്ചു വരുന്നതിനാലും, തരിശിടുന്നതിനാലും പ്രത്യേകിച്ച് ഈ മേഖലയിൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കയാണ്. കൃഷിസ്ഥലങ്ങൾ തരിശിടുന്നത് അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ച് തൊഴിലാളികളെ ആകർഷിക്കുവാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. കാർഷികമേഖലയിലെ തൊഴിലില്ലായ്മ, മറ്റ് തൊഴിൽ മേഖലയിലേക്ക് പോകാൻ ഇവരെ പ്രേരിതരാക്കി. ഇത് കൂടുതലും നിർമ്മാണമേഖലയിലേക്കാണ്.

ഏറെ തൊഴിൽ സാധ്യതയുള്ള ചകിരി, കയർമേഖലയും പ്രവർത്തനക്ഷമമല്ലാതായിരിക്കുന്നു. കടവനാട്, പുളിക്കക്കടവ്, കോട്ടാമൽ, കല്ലിക്കടഭാഗങ്ങളിൽ ഈ വ്യവസായത്തിന് കൂടുതൽ സാധ്യത കാണുന്നുണ്ട്. ഇവിടങ്ങളിൽ ചകിരി - കയർ സഹകരണസംഘങ്ങൾ നിലവിലുണ്ടെങ്കിലും ഏതാണ്ട് എല്ലാംതന്നെ പ്രവർത്തനരഹിതമായ സ്ഥിതിയാണ്. ഈ രംഗത്തെല്ലാം ഭൂരിഭാഗവും പട്ടികജാതിക്കാരായ തൊഴിലാളികളായതിനാൽ ഈ മേഖല കാര്യക്ഷമമാക്കിയാൽ കുറെയേറെ തൊഴിലവസരങ്ങൾ ലഭ്യമാകും. മറ്റ് പ്രദേശങ്ങളിൽ പരമ്പരാഗതമായ കൊട്ടനെയ്ത്ത്, പായനെയ്ത്ത്, വട്ടി നിർമ്മാണം, മൺപാത്രനിർമ്മാണം എന്നീ തൊഴിൽ മേഖലകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യത, വിപണന സൗകര്യങ്ങളുടെ അഭാവം എന്നിവയാണ് പ്രധാന കാരണങ്ങൾ.

പട്ടികജാതി വിഭാഗത്തിലെ തൊഴിൽ രഹിതരായ യുവതീയുവാക്കളെ സംഘടിപ്പിച്ച് കുടിൽ വ്യവസായങ്ങളായ തീപ്പെട്ടി, അച്ചാർനിർമ്മാണം, നോട്ട്ബുക്ക്, കവർ, ബുക്ക് ബൈൻഡിങ്ങ് മുതലായവ നടത്തുന്നതിന് വേണ്ട പരിശീലനവും ധനസഹായവും വിപണനസൗകര്യവും

ചെയ്തു കൊടുത്താൽ ഒരു പരിധിവരെ സാമ്പത്തിക പിന്നോക്കാവസ്ഥക്കും തൊഴിലില്ലായ്മക്കും പരിഹാരമാകും. കൂടാതെ നിലവിലുള്ള ഉൾനാടൻ മത്സ്യബന്ധനവും, കായലോരമത്സ്യബന്ധനവുമായി കഴിയുന്നവരും ഈ വിഭാഗത്തിനിടയിൽ കണ്ടുവരുന്നു. ഇവർക്കുവേണ്ട വഞ്ചി, വല എന്നീ തൊഴിലുപകരണങ്ങൾ സഹകരണ സംഘത്തിൽകൂടിയും അല്ലാതെയും വിതരണം ചെയ്യേണ്ടതുണ്ട്. തെങ്ങുകയറ്റ തൊഴിലാളികളായ പട്ടികജാതിക്കാർക്ക് അപകട ഇൻഷുറൻസ് തുക വർദ്ധിപ്പിക്കുന്നത് പരിഗണനയർഹിക്കുന്നു.

## കൃഷി

നാമമാത്രമെങ്കിലും 1,2 വാർഡുകളിലെ ഈശ്വരമംഗലം നൈതല്ലൂർ പ്രദേശത്ത് പട്ടികജാതിക്കാരായ കർഷകരെയും കാണാവുന്നതാണ്. ഈ രംഗത്ത് മറ്റ് കർഷകരുമായി സംയോജിച്ചുകൊണ്ട്, ഒരു 'ഗ്രൂപ്പ് ഫാമിംഗ്' പദ്ധതി ആവിഷ്കരിച്ചാൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാമെന്നത് പരിശോധിക്കപ്പെടണം ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം ഈ ജനവിഭാഗക്കാർക്ക് വേണ്ടത്ര ആനുകൂല്യങ്ങളും സൗജന്യമായി ലഭിക്കുന്ന വളം, കീടനാശിനി എന്നിവയും നടീൽ വസ്തുക്കൾ, വിത്ത് സൂക്ഷിക്കുന്ന ലോഹസംഭരണികൾ (ബിൻസ്) മരുന്നു തെളിക്കുന്നതിനുള്ള പമ്പുസെറ്റുകൾ മുതലായവ അതാതു പ്രദേശത്തെ ആവശ്യങ്ങൾ മനസ്സിലാക്കി വിതരണം ചെയ്യുകയാണെങ്കിൽ വളരെ വിജയകരമായ രീതിയിൽ കൃഷിചെയ്ത് ഉത്പാദനശേഷി വർദ്ധിപ്പിക്കാവുന്നതാണ്.

## പാർപ്പിടം

പാർപ്പിടപ്രശ്നം പരിഹരിക്കാൻ ഒരു പരിധിവരെ സർക്കാർ ഏജൻസികളുടെ പ്രവർത്തനം സഹായകമായിക്കാണുന്നുണ്ട്. എങ്കിലും സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ ഇപ്പോഴും മിക്ക പ്രദേശങ്ങളിലും കൂട്ടുകുടുംബമായി താമസിച്ചുവരുന്നുണ്ട്. ഇതിന്റെ വ്യക്തമായ സ്ഥിതിവിവരം പട്ടികയിൽ കാണാവന്നതാണ്. ഈ വിഭാഗങ്ങളുടെ മിക്ക വീടുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിലനിൽക്കുന്നു. കാലാകാലങ്ങളിൽ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തിക സഹായം എല്ലാവർക്കും ലഭ്യമാകത്തക്ക രീതിയിൽ സംവിധാനങ്ങളേർപ്പെടുത്തണം.

വീട് നിർമ്മാണത്തിനനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം മിക്ക വീടുകളും പൂർത്തീകരിക്കാനാവാതെ കിടക്കുന്നു. വീട് വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ആവശ്യമായ പഞ്ചായത്തിലെ ഭാരതപ്പുഴ പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടും. വീടിനോടനുബന്ധിച്ച് പ്രാഥമിക സൗകര്യങ്ങൾക്ക് വേണ്ട കക്കൂസ്, കുളിമുറി, അഴുക്കുചാൽ തുടങ്ങിയവ ഏർപ്പെടുത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ, ിരക്ഷരത നിലനിൽക്കുന്നു, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്.

2. കാർഷികമേഖലയിൽ തൊഴിൽ കുറയുന്നു. വ്യാവസായിക പരമ്പരാഗത തൊഴിൽ പരിശീലനത്തിന്റെ അഭാവം, വർദ്ധിതമായ തൊഴിലില്ലായ്മ, ജീവിതം ദുസ്സഹമാകുന്നു.

3. സ്വന്തമായി വീടില്ലാത്തവർ പെരുകുന്നു. വീടുവയ്ക്കാൻ സ്ഥലമില്ല. വീട് നിർമ്മാണധനസഹായത്തിന്റെ അപര്യാപ്തത. പ്രാഥമിക സൗകര്യങ്ങളില്ല.

4. വൈദ്യുതി, കുടിവെള്ളം എന്നിവയുടെ ദൗർലഭ്യത

5. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

6. ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.

7. നിർദ്ധന കുടുംബാംഗങ്ങളുടെ ചികിത്സ, പെൺമക്കളുടെ വിവാഹം എന്നിവയ്ക്കുള്ള ധനസഹായം ലഭിക്കുന്നില്ല.

8. IRDP ഉൾപ്പെടെയുള്ള പദ്ധതികൾ ഉപയോഗപ്പെടുത്തുന്നില്ല.

9. പട്ടികജാതി കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക്നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.

10. പട്ടികജാതി ക്ഷേമത്തിനായി നടപ്പാക്കുന്ന ഒട്ടേറെ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

11. കടക്കെണിയിൽ പെട്ടുപോകുക.

12. പഞ്ചായത്ത് തല ഇൻഫർമേഷൻ സെന്ററിന്റെ അപര്യാപ്തത.

## സാധ്യതകൾ

1. കോളനികളുടെ സ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ.

2. നടപ്പുപദ്ധതികൾ വിലയിരുത്തലുകൾ നടത്തി പരിഹരിക്കുക.

3. പൊതുപ്രവർത്തനത്തിൽ കൂടുതൽ അവസരങ്ങൾ

നൽകുകയും സാമൂഹ്യമാന്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള പരിപാടികൾ.

4. വിദ്യാഭ്യാസകാര്യങ്ങളിൽ ആവശ്യമുള്ള അപേക്ഷകർക്ക് മുഴുവൻ പ്രത്യേകസഹായം.

5. തൊഴിൽ സംരംഭകർക്ക് പ്രത്യേക സഹായം

6. കാർഷിക മേഖലയെ മെച്ചപ്പെടുത്തി തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുക.

7. പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിച്ച് അവരുടെ സഹകരണസംഘങ്ങൾ സ്ഥാപിച്ച് എല്ലാവിധ സഹായവും നൽകുക.

8. അഭ്യസ്തവിദ്യർക്ക് സർക്കാർ നൽകുന്ന വായപയും ധനസഹായവും ഏകോപിപ്പിച്ച്, മാനദണ്ഡങ്ങൾ ലഘൂകരിച്ച് പഞ്ചായത്തു മുഖേനയാക്കുക. മേൽനോട്ടം പഞ്ചായത്തിനെ ഏൽപിക്കുക.

9. കുടിവെള്ള പ്രശ്നം പരിഹരിക്കുക.

10. വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

11. വ്യവസായ പരിശീലനം നൽകി, പരിശീലനം ലഭ്യമായവർക്ക് യൂണിറ്റുകൾ തുടങ്ങാൻ ആവശ്യമായ വായ്പകൾ പൂർണ്ണമായും അനുവദിക്കുക. ഉദ്ദേശിച്ച കാര്യത്തിനുതന്നെ വായ്പകൾ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധനക്കും ദുരുപയോഗം തടയുന്നതിനും അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

12. നവീന-ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകുക. ട്യൂട്ടോറിയൽ സമ്പ്രദായം നടപ്പാക്കുക, ട്രൈസം ട്രെയിനിംഗ് ലഭിച്ച യുവതീ-യുവാക്കൾക്ക് പഞ്ചായത്ത് തലത്തിൽ തൊഴിൽ മേഖലകൾ തുറക്കുക.

13. പട്ടികജാതി സർവ്വീസ് സഹകരണസംഘം പഞ്ചായത്തു തലത്തിൽ സ്ഥാപിക്കുക.

14. ഇൻർവ്യൂവിന് ഹാജരാകാനുള്ള ധനസഹായവും പഞ്ചായത്ത് തലത്തിൽ അനുവദിക്കേണ്ടതാണ്.

15. പച്ചക്കറി കൃഷിക്കാവശ്യമായ പദ്ധതികൾക്ക് തുടക്കമിട്ട് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

16. പലിശരഹിതവായ്പകൾ നടപ്പാക്കി വീടുകളുടെ പുതുക്കിപണിയലും അറ്റകുറ്റ പണികൾ നടപ്പാക്കലും ചെയ്യുക.

17. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്തുതലത്തിൽ സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

18. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത, ഭവന രഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക.

19. നാല് സെന്റ് കോളനികളിലും ലക്ഷംവീട് കോളനികളിലും വീട് പുതുക്കിപ്പണിയുന്നതിനും ഓടുമേയുന്നതിനും ധനസഹായം അനുവദിക്കുക.

20. കോളനികളിൽ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുക.

21. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

22. വായനശാലകൾ സ്ഥാപിക്കുക.

23. കുടുംബബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

24. അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിൽ പ്രയോജനപ്പെടുത്തുക.

25. ലംപ്സം ഗ്രാൻഡ്, സ്കോളർഷിപ്പ്, സ്റ്റൈപൻഡ് വർദ്ധിപ്പിക്കുക.

26. ബോധവൽക്കരണത്തിന് ആവശ്യമായ നടപടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക

27. ആവശ്യമായ എല്ലാ കുടുംബങ്ങൾക്കും യന്ത്രവൽകൃത സ്വയം തൊഴിൽ യൂണിറ്റുകൾ അനുവദിക്കുക.

28. വർഷകാലത്ത് അധികമാസം വെള്ളം കെട്ടി നിൽക്കുന്ന ചട്ടുകപ്പുഴ കോളനിയിലെ പ്രസ്തുത പ്രശ്നം ഒഴിവാക്കേണ്ടതിലേക്ക് NHന് പടിഞ്ഞാറ് ഭാഗത്ത് കൂടി കൈത്തോട് വെട്ടി ഭാരതപ്പുഴയിലേക്ക് ഒഴിവാക്കേണ്ടതാണ്.

29. അവശരും അഗതികളുമായ മുഴുവൻ പട്ടികജാതിക്കാർക്കും പെൻഷൻ ഏർപ്പെടുത്തുക.

30. പട്ടികജാതികൾക്കായി നാളികേര കൊപ്ര സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുക.

31. ഹരിജനങ്ങൾ തിങ്ങിത്താമസിക്കുന്ന നൈതല്ലൂർ പ്രദേശത്തെ പുഴമ്പ്രം- പോത്തന്നൂർ റോഡ് ഗതാഗതയോഗ്യമാക്കുകയും ബസ്റൂട്ട് അനുവദിക്കുകയും ചെയ്യുക.

32. അടിയന്തരമായും കോളനികൾ വൈദ്യുതീകരണം നടത്തുക, അതിനായി പ്രോപ്പർട്ടി ക്രോസിംഗ് നിയമത്തിൽ ഭേദഗതി വരുത്തുക.

33. പട്ടികജാതിക്കാർ ധാരാളമുള്ള 2-ാം വാർഡിൽ IPP സെന്റർ പ്രൈമറി ഹെൽത്ത് സെന്ററാക്കി ഉയർത്തുക.

34. കൊതുകുനിവാരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.

35. പട്ടികജാതിയിൽ പെട്ട നാടൻ കലാകാരന്മാർക്ക് അവശകലാകാരന്മാർക്കുള്ള പെൻഷൻ നടപ്പിലാക്കുക.

36. പട്ടികജാതികൾക്കുള്ള വായ്പാപദ്ധതികൾ ഉദാരവൽക്കരിക്കുക.

37. കോളനികൾ കേന്ദ്രീകരിച്ച് വയോജനവിദ്യാഭ്യാസകേന്ദ്രം ആരംഭിക്കുക.

38. 8-ാം വാർഡിൽ പുളിക്കക്കടവിലുള്ള ഹെൽത്ത് സെന്ററിൽ സ്ഥിരമായി ഒരു ഡോക്ടറേയും നേഴ്സിനെയും നിയമിക്കേണ്ടതാണ്.

39. സ്വയം തൊഴിൽ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികളായവരെ സംഘടിപ്പിച്ച് മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്.

## പട്ടിക - 1

| ക്രമമ്പർ വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1/5 | ഈഴുവത്തിരുത്തി | 58 |
| 2/7 | എരിക്കമണ്ണ IHDP | 55 |
| 3/1 | പറയൻ കോളനി | 14 |
| 4/1 | ചെറുനിലത്ത് IHDP | 24 |
| 5/1 | ചട്ടുകപ്പുഴ IHDP | 16 |
| 6/ | കൊല്ലത്തുപടി | 15 |
| 7/11 | കടവനാട് | 15 |
| 8/2 | പുഴമ്പ്രം കോളനി | 46 |
| 9/ | തെയ്യങ്ങാട്ട് കോളനി | 18 |
| 10/2 | കക്കൊളം | 11 |
| 11/3 | എകരത്ത് കോളനി | 13 |
| 12/ | ചെറുവായ്ക്കര | 11 |
| 13/5 | കുശവകോളനി | 17 |

## പട്ടിക - 2

| യോഗ്യത | പുരുഷൻ | സ്ത്രീ |
|---|---|---|
| SSLCക്ക് താഴെ | 214 | 261 |
| SSLC | 114 | 179 |
| PDC | 2 | 21 |
| ടൈപ്പിസ്റ്റ് ഗ്രാജ്വേറ്റ് | X | 2 |
| ഡിഗ്രി | 35 | X |
| പോസ്റ്റ് ഗ്രാജ്വേറ്റ് | X | 1 |
| എൻജിനിയറിംഗ് ഡിപ്ലോമ | 1 | X |
| കോ-ഓപ്പറേറ്റീവ് ഇൻസ്ട്രക്റ്റർ | 3 | X |
| ഡ്രഫ്റ്റ്സ്മാൻ | 1 | X |
| കെ.ജി.ടി.ഇ | X | 10 |
| ഐ.ടി.സി (NCVT) | 15 | X |
| മറ്റ് ടെക്നീഷ്യന്മാർ | 27 | 4 |
| വീവിംഗ് | 14 | X |

# 5-12

# വിഭവസമാഹരണം

പൊന്നാനി മുനിസിപ്പാലിറ്റി, എടപ്പാൾ, തവനൂർ ഗ്രാമ ഞ്ചായത്തുകൾ, ബിയ്യം കായൽ, ഭാരതപ്പുഴ ഇവയാൽ വലയം ചെയ്യപ്പെട്ടുകിടക്കുന്ന നമ്മുടെ പഞ്ചായത്ത് ജന സാന്ദ്രതയിൽ വളരെ മുന്നിൽ നിൽക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, ഗതാഗതം എന്നീ സൗകര്യങ്ങൾ വളരെ കൂടുതലായ കാരണം സമീപ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റിയിൽനിന്നും ആളുകൾ ഇവിടെ ഭൂമി വാങ്ങി വീടുണ്ടാക്കി താമസിക്കാൻ തുടങ്ങിയിരി ക്കുന്നു. അതിനാൽ ഭൂമിക്ക് മോഹവിലയാണ്. ഇത് കാരണം നമ്മുടെ പഞ്ചായത്തിലെ 95% ആളുകൾക്കും 50 സെന്റിൽ താഴെയാണ് ഭൂസ്വത്തുള്ളത്. പകുതിയില ധികം വീട്ടുകാർക്കും 10 സെന്റിൽ താഴെയാണ് ഭൂമിയു ള്ളത്. കാർഷിക മേഖല മുരടിപ്പിലാണ്. നെൽവയലുകൾ പാർപ്പിടങ്ങളായി മാറുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന കുടുംബങ്ങൾ വളരെ കുറവാണ്. കർഷകത്തൊഴിലാളികളും കുറഞ്ഞുവരുന്നു. കാർഷിക രംഗത്തെ വിഭവസമാഹരണത്തിന് ഈ പരിതസ്ഥിതി മന സ്സിലാക്കിയ ആസൂത്രണമാണ് ആവശ്യം.

വ്യവസായികരംഗം പരിശോധിച്ചാൽ വളരെ ദയനീ യമാണ് സ്ഥിതി. പേരെടുത്ത് പറയാവുന്ന ഒരൊറ്റ വ്യവ സായംപോലും നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഈ രംഗത്തെ വിഭവസമാഹരണത്തിന് പുതിയ മേഖലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലുള്ള പുറമ്പോക്കുഭൂമികൾ അളന്ന് തിട്ടപ്പെടുത്തി അവിടെ വ്യവസായ കോംപ്ലക്സുകൾ ആരംഭിക്കേണ്ട കാര്യം ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. പുറമ്പോക്കുഭൂമി കൈയേറുന്നത് കർശനമായി നിരോധിക്കണം. നിലവി ലുള്ള പുറമ്പോക്ക് നിവാസികളെ ഹൗസിംഗ് കോംപ്ലക്സ് ഉണ്ടാക്കി പുനരധിവസിപ്പിക്കേണ്ട കാര്യം ആലോചിക്കാവുന്നതാണ്. ഏത് തരത്തിലുള്ള വികസന പ്രവർത്തനത്തിനും ആവശ്യമായ ഭൂമി കിട്ടാൻ പ്രയാസ പ്പെടുന്ന നമ്മുടെ പഞ്ചായത്തിന് പുറമ്പോക്ക് എന്ന വിഭവം ഒരു വലിയ മുതൽക്കൂട്ടാക്കാൻ കഴിയണം.

സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, ഫെഡറൽ ബാങ്ക്, പൊന്നാനി സർവ്വീസ് സഹകരണ ബാങ്ക്, കാർഷിക വികസന ബാങ്ക്, പൊന്നാനി കോ–ഓപ്പ റേറ്റീവ് അർബൻ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സായാഹ്നശാഖ, പൊന്നാനി താലൂക്ക് കോ–ഓപ്പ റേറ്റീവ് ഹൗസിംഗ് സൊസൈറ്റി എന്നീ ബാങ്കിംഗ് സ്ഥാപ നങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

ഇവയിൽ അർബൺ കോ–ഓപ്പറേറ്റീവ് ബാങ്കും ഗ്രാമീ ണബാങ്കും, സർവ്വീസ് സഹകരണ ബാങ്കുകളുമാണ് കൂടു തലായി വായ്പ നൽകുന്നത്. ധാരാളം സ്വകാര്യ പണമി ടപാട് സ്ഥാപനങ്ങളും ചിട്ടി കമ്പനികളും നമ്മുടെ പഞ്ചാ യത്തിൽ ഉണ്ട്. വായ്പ വാങ്ങി തിരിച്ചടയ്ക്കുന്നതിന് പ്രയാസപ്പെടുന്ന നിരവധി ആളുകൾ നമ്മുടെ പഞ്ചായ ത്തിൽ ഉണ്ട്. ഗുണഭോക്താവിന് അനുകൂലമായ Scheme കൾ ആവിഷ്കരിക്കുന്നതിനാലും നിലവിലുള്ള സ്കീമു കൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ അപര്യാപ്തതയും വായ്പകളുടെ തിരിച്ചടവിനെ ബാധി ക്കുന്നു. നമ്മുടെ പഞ്ചായത്തിൽ വിജയിക്കാൻ സാധ്യ തയുള്ള സ്കീമുകൾ തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും ഈ സമിതിയുടെ ശുപാർശ യുടെ അടിസ്ഥാനത്തിൽ ബാങ്ക് വായ്പകൾ ലഭ്യമാക്കു കയും ചെയ്താൽ ഈ ബുദ്ധിമുട്ട് ഒരു പരിധിവരെ ഒഴി വാക്കാൻ കഴിയും. സ്വയം തൊഴിൽ സംരംഭകർക്ക് ഇത് വളരെ ഉപകാരം ചെയ്യും.

കെട്ടിടനികുതി, വിനോദനികുതി, തൊഴിൽ നികുതി, വസ്തുകൈമാറ്റ നികുതി, ഗ്രാന്റുകൾ ഇവയാണ് പഞ്ചാ യത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ. ഭരണം, പൊതു മരാമത്ത്, ശുദ്ധജലവിതരണം, തെരുവുവിളക്കുകൾ ഇവ യാണ് പ്രധാനപ്പെട്ട ചെലവ് ഇനങ്ങൾ. വരവ്ചെലവ് ഇന ങ്ങളുടെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കുന്നതിന് കഴിഞ്ഞ 5 വർഷത്തെ വരവ്ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

## പട്ടിക–1

## കഴിഞ്ഞ 5 വർഷത്തെ പ്രധാനപ്പെട്ട വരവ് ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|
| കെട്ടിടനികുതി | 295682.60 | 448031.15 | 448091.40 | 475149.80 | 515564.20 |
| തൊഴിൽനികുതി | 86291.00 | 111375.00 | 128786.00 | 153336.00 | 110781.00 |
| വിനോദനികുതി | 294080.00 | 346365.00 | 399699.04 | 397107.50 | 399677.50 |
| അഡീ:വിനോദ നികുതി | 176448.00 | 207795.00 | 239800.31 | 238288.10 | 239979.50 |
| ലൈസൻസ് ഫീസ് | 7101.00 | 7514.00 | 7715 | 7596 | 7689.00 |
| വസ്തുകൈമാറ്റ നികതി 75% | 138503.00 | 169435.00 | 297587 | 251789 | 172048.00 |
| വസ്തുകൈമാറ്റ നികുതി 25% | — | — | 27264.00 | 30000 | 50000 |
| ഗ്രാന്റുകൾ<br>അടിസ്ഥാന നികുതി | 16637.00 | 17080.00 | 16927.00 | 244500 | 22510 |
| അൺ ടൈഡ് ഫണ്ട് | 160637.00 | 170300.00 | 179800 | 22733 | 261000 |
| ഐ.വി.പി | | 81300.00 | | 177100 | |
| വി.ആർ.എം. | 12705.00 | 12748.00 | 14294 | 14698 | 14664 |
| എം.ഐ | 5750.00 | 5750.00 | 5750 | 5750 | 5750 |
| വി.ടി.സി. | 402.00 | 795.00 | 150000 | | 111042 |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെ മറ്റു വരവുകൾ | 70296.00 | 39296.25 | 72181.15 | 17762.00 | 59956.90 |
| നിക്ഷേപം | 576335.95 | 710934.10 | 727975.50 | 699034.15 | 642566.85 |
| മറ്റുള്ളവ | 1094643.95 | 49738.35 | 25094.10 | 50825.50 | 73785.95 |
| ആകെ വരവ് | 2935512.50 | 2378456.85 | 2740964.50 | 2765669.05 | 2687014.90 |

## പട്ടിക–2

പഞ്ചായത്ത് രാജ് നിയമപ്രകാരം പല വകുപ്പുകളും ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. അത്തരം വകുപ്പുകളിൽനിന്ന് നമുക്ക് ലഭിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു:

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതിവിഹിതം | പദ്ധതിയേതരവിഹിതം | |
| 1 | 2 | 3 | 4 |
| കൃഷി | 163475 | | 163475 |
| ഹരിജനക്ഷേമം | 10000 | 2832 | 12832 |
| ആരോഗ്യം | | 24000 | 24000 |
| മൃഗസംരക്ഷണം | 4950 | | 4950 |
| P. W. D. | | 11000 | 11000 |
| ആകെ | 178425 | 37832 | 216257 |

## പട്ടിക–3

## കഴിഞ്ഞ 5 വർഷത്തെ പ്രധാനപ്പെട്ട ചെലവ് ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1991–92 | | 1992–93 | | 1993–94 | | 1994–95 | | 1995–96 | |
|---|---|---|---|---|---|---|---|---|---|---|
| ഭരണം | 423947 | 70 | 462841 | 90 | 555038 | 20 | 549048 | 10 | 551528 | 00 |
| പൊതുമരാമത്ത് | 734940 | 15 | 946917 | 10 | 1525202 | 00 | 258837 | 60 | 919671 | 00 |
| വിദ്യാഭ്യാസം | 10610 | 90 | 1999 | 15 | 5710 | 25 | 6868 | 70 | 8740 | 00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 79478 | 55 | 120581 | 10 | 122691 | 00 | 89379 | 20 | 94291 | 00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 22620 | 00 | 78490 | 00 | 45204 | 00 | 45204 | 00 | 45204 | 00 |
| സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ | 12285 | 40 | 8294 | 35 | 4615 | 00 | 1336 | 00 | 154656 | 00 |
| പഞ്ചായത്ത് വക സ്വത്തുക്കൾ | 14950 | 00 | 14600 | 00 | 14600 | 00 | 346975 | 00 | 21218 | 00 |
| നിക്ഷേപങ്ങൾ | 558973 | 45 | 669275 | 95 | 664697 | 35 | 667236 | 00 | 602294 | 10 |
| മറ്റുള്ളവ | 35333 | 00 | 24168 | 00 | 120800 | 70 | 287 | 25 | 92633 | 00 |
| ആകെ | 1893139 | 15 | 2327167 | 55 | 3058558 | 50 | 1993609 | 60 | 2490235 | 10 |

വരുമാനം സംബന്ധിച്ച കണക്കുകൾ പരിശോധി ച്ചാൽ കെട്ടിട നികുതിയിൽ ആനുപാതിക വർദ്ധനവ് കാണുന്നുണ്ട്. തൊഴിൽ നികുതി 95-96 വർഷത്തിൽ വളരെ കുറഞ്ഞിരിക്കുന്നു. പുതിയ പഞ്ചായത്ത് രാജ് നിയമ പ്രകാരം ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമേ 95-96ൽ പിരിച്ചിട്ടുള്ളു. അതാണ് ഈ കുറവിന് കാരണം. വിനോദ നികുതിയിൽ കഴിഞ്ഞ 3 വർഷമായി വർദ്ധനവ് രേഖപ്പെടുത്തിക്കാണുന്നില്ല. ഈ കാലയള വിൽ സിനിമ ടിക്കറ്റുകളുടെ നിരക്ക് പല തവണ വർദ്ധി പ്പിച്ചിട്ടുണ്ട്. ഇത് വളരെ ഗൗരവപൂർവ്വം കാണേണ്ടതാണ്. ചെലവ് ഇനങ്ങളിൽ ഭരണചെലവിൽ വർദ്ധനവ് കാണു ന്നില്ല എന്നത് ആശ്വാസകരമാണ്.

നികുതികൾ കാര്യക്ഷമമായി നിശ്ചയിക്കുന്നതിനും വസൂലാക്കുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

### *കെട്ടിടനികുതി*

ശാസ്ത്രീയമായ രീതിയിലല്ല കെട്ടിനികുതി ഇപ്പോൾ കണക്കാക്കുന്നത്. കെട്ടിട നികുതി കണക്കാക്കുമ്പോൾ മെയിൻ റോഡുകൾ, പഞ്ചായത്ത് റോഡുകൾ എന്നിവ യുടെ സാമീപ്യം ആ പ്രദേശത്തെ ഭൂമിയുടെ മാർക്കറ്റ് വില, കെട്ടിടങ്ങളുടെ വിസ്തീർണ്ണം, കെട്ടിടങ്ങളിലുള്ള ആഡംബരങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എന്നി വയെല്ലാം മാനദണ്ഡമാക്കണം. നികുതി ചുമത്തിയത് എങ്ങനെയെന്ന് ഉടമയെ ബോധ്യപ്പെടുത്തണം. അഴിമതി ഒഴിവാക്കുന്നതിന് ഒരു അസ്സസ്മെന്റ് കമ്മിറ്റി രൂപീകരി ക്കുന്നത് നന്നായിരിക്കും. പരാതികൾക്ക് തീർപ്പ് കല്പി ക്കേണ്ടത് ഈ കമ്മിറ്റിയുടെ ചുമതലയിലാക്കണം. വാട കക്കെട്ടിടങ്ങൾക്കും , ബിസിനസ്സ് സ്ഥാപനങ്ങൾക്കും മേൽ നിർദ്ദേശത്തിന്റെ 50% കൂടുതലായി നികുതി ചുമ ത്തണം. പത്ത് ലക്ഷത്തിൽ കൂടുതൽ ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് ഭാവിയിൽ 1% സർചാർജ്ജ് ഒരിക്കൽ മാത്രമായി ഈടാക്കണം.

### *തൊഴിൽനികുതി*

സർക്കാർ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽനിന്ന് മാത്രമേ തൊഴിൽ നികുതി കർശനമായി പിരിക്കുന്നുള്ളു. തൊഴിൽ ഉടമകളുടെ കീഴിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽനിന്നും തൊഴിൽ നികുതി കർശനമായി പിരിക്കേണ്ടതാണ്. അസംഘടിത മേഖലയിലെ തൊഴിലാ ളികളെ പഞ്ചായത്ത് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിക്ക് കീഴിൽ കൊണ്ടുവരികയും അതിൽ അംഗത്വമെടുക്കുന്ന മുഴുവൻ തൊഴിലാളികളിൽനിന്നും തൊഴിൽനികുതി ഈടാക്കുകയും ചെയ്യാം.

### *വിനോദനികുതി*

നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരു മാന മാർഗ്ഗമാണ് വിനോദനികുതി. ഇത് കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചവന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന 4 B ക്ലാസ്സ് തിയ്യേറ്ററുകൾ നമുക്കുണ്ട്. മിക്കവാറും എല്ലാ ദിവ സങ്ങളിലും മുഴുവൻ ഷോയും ഹൗസ്ഫുൾ ആയി പ്രദർശനം നടക്കുന്നതായാണ് അനുഭവം. ലക്ഷക്കണ ക്കിന് രൂപയുടെ നികുതിവെട്ടിപ്പാണ് ഈ മേഖലയിൽ കാണുന്നത്. ഒരു സിനിമാ ടിക്കറ്റിന്റെ നാലിൽ ഒരു ഭാഗ ത്തോളം വിനോദനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭി ക്കേണ്ടതാണ്. 1995-96ൽ വർഷത്തിൽ ഈ ഇനത്തിലെ മൊത്തം വരുമാനം 6,39,647 രൂപയാണ്. അതായത് ഒരു തിയ്യേറ്ററിൽനിന്നും 1 ,59,912 രൂപ. ദിവസശരാശരി കണ ക്കാക്കിയാൽ ഒരു ദിവസത്തിന് 438 രൂപ. ഒരു ദിവസം മൂന്ന് ഷോ വച്ച് കണക്ക് കൂട്ടുമ്പോൾ ഒരു ഷോക്ക് 146 രൂപയാണ് നികുതിയായി കിട്ടുന്നത്. ചുരുക്കത്തിൽ ഒരു ഷോക്ക് 687 രൂപയുടെ ടിക്കറ്റ് വില്പന നടന്നാൽ കിട്ടുന്ന നികുതി. പല ദിവസങ്ങളിലും 4 ഷോ വീതം ഉണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ നഷ്ടത്തിന്റെ ഭീക രത എത്രയാണെന്ന് ഊഹിക്കാവുന്നതെ ഉള്ളൂ. വിനോദ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കു ന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവു ന്നതാണ്.

1. ഓരോ ഷോയുടെയും ടിക്കറ്റ് വില്പന ക്ലോസ് ചെയ്ത് കഴിഞ്ഞാൽ ഓരോ ക്ലാസിലും വിറ്റ ടിക്കറ്റിന്റെ ക്രമമ്പറും എണ്ണവും എത്രയാണെന്ന് ഇന്റർവെല്ലിന് മുമ്പായി നോട്ടീസ് ബോർഡിൽ വലുതാക്കി എഴുതി പതി ക്കേണ്ടതാണ്. അടുത്ത ഷോയുടെ വിവരം പതിക്കുന്നതു വരെ ഇതു നീക്കം ചെയ്യപ്പെടാനും പാടില്ല.

2. സിനിമാ പ്രേക്ഷകർക്ക് ആഴ്ചയിൽ ഒരിക്കൽ ടിക്ക റ്റിന്റെ ക്രമനമ്പരിൽ നറുക്കെടുപ്പ് നടത്തി സമ്മാനപദ്ധതി ആവിഷ്കരിക്കുക. കണക്കിൽ പെടാത്ത ടിക്കറ്റുകളുടെ വില്പന തടയാൻ ഇതുകൊണ്ട് കഴിയുന്നതാണ്.

3. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സൗജന്യപാസ് ഉപയോഗിച്ച് സിനിമ കാണുന്നത് ഒഴിവാക്കുക.

4. ടിക്കറ്റ് പരിശോധന കാര്യക്ഷമമാക്കുക, യഥാർത്ഥ ഡി.സി.ആർ ഉം ഡ്യൂപ്ലിക്കേറ്റ് ഡി.സി.ആർ ഉം മിന്നൽ പരിശോധനയിലൂടെ പ്രാപ്തമാക്കാനുള്ള സജ്ജീകരണ ങ്ങളും മാർഗ്ഗങ്ങളും ആവിഷ്കരിക്കുക. ആയതിന് ജന കീയ സമിതികളുടെ സഹായം തേടാവുന്നതാണ്.

### *ലൈസൻസ് ഫീ*

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീസ് വസൂലാക്കേണ്ടതാണ്. അതി ന്നായി വാർഡുകൾ തോറുമുള്ള കച്ചവടക്കാരുടെ ലിസ്റ്റ് ശേഖരിക്കാവുന്നതാണ്. മൊത്ത വില്പനയുടെയും വരു മാനത്തിന്റെയും അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കേണ്ടത്. പരാതി പരിഹരിക്കുന്നതിന് ജനകീയ സമിതി രൂപീകരിക്കേണ്ടതാണ്.

### *വസ്തുകൈമാറ്റനികുതി*

സ്റ്റാമ്പ് ഡ്യൂട്ടിയിൽ വൻ വെട്ടിപ്പ് ഉണ്ടാകുക പതിവാണ്. ഭൂമിയുടെ യഥാർത്ഥ ക്രയവില കാണിക്കാതെയാണ് രജിസ്റ്റർ ചെയ്യാറുള്ളത്. ഇത് സർക്കാരിന് വലിയ ധനനഷ്ടം ഉണ്ടാക്കുന്നു. അതിനാൽ ഓരോ പ്രദേശത്തേയും മാർക്കറ്റ് വില കണക്കാക്കിയുള്ള വസ്തുകൈമാറ്റ നികുതി ലഭിക്കാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്. റജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം ഇതിന് ആവശ്യമാണ്.

സംഭാവനകളിലൂടെ ഫണ്ട് ശേഖരിച്ച് പ്രവർത്തനം നടത്തേണ്ടിവരുമ്പോൾ അത്തരം പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന സംഭാവനകൾ മുഴുവനും ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കേണ്ടതും ചെലവുകൾ മുഴുവനും ചെക്ക് വഴി പിൻവലിക്കുകയും ചെയ്താൽ കണക്കുകൾ സുതാര്യമാക്കാൻ കഴിയും. അച്ചടിച്ച രശീതിപുസ്തകൾ വഴിയല്ലാത്ത സംഭാവനകൾ ശേഖരിക്കാൻ പാടില്ല എന്ന കർശനനിർദ്ദേശം നൽകേണ്ടതാണ്. ഇത്തരം പ്രവൃത്തികളുടെ കണക്കുകൾ പഞ്ചായത്ത് ഭരണസമിതിയിലും ഗ്രാമസഭകളിലും അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.

ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ട് വിഹിതം വാർഡുകളിലേയ്ക്ക് വീതംവെക്കുന്ന ഇന്നത്തെ രീതി മാറ്റേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി ജനകീയ സമിതിയുടെ ഇന്റർവ്യൂ വഴി ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതാണ്.

സാക്ഷരതാപ്രവർത്തനം, ജനകീയ ആസൂത്രണ പ്രസ്ഥാനം തുടങ്ങിയ സാമൂഹ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നവർക്ക് ഉദ്യോഗം, മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ഇവ ലഭിക്കുന്നതിന് അർഹത കണക്കാക്കുമ്പോൾ ചെറിയ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് കോൺട്രാക്റ്റ്, നോമിനി വ്യവസ്ഥകൾ ഒഴിവാക്കി പകരം ജനകീയ സമിതി വഴി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

വിദ്യാഭ്യാസം, ആരോഗ്യക്ഷേമപ്രവർത്തനങ്ങൾ ഇവക്ക് പണ്ട് ശേഖരിക്കാൻ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുക. പുതിയ നിർദ്ദേശങ്ങൾ വഴി ലഭിക്കുന്ന വരുമാന വർദ്ധനവിന്റെ ഒരു നിശ്ചിത ശതമാനം പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുക.

പഞ്ചായത്തിന്റെ വാർഷിക വരവ്ചെലവ് കണക്ക് ഗ്രാമസഭകളിൽ അച്ചടിച്ച് വിതരണം ചെയ്യുക.

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പണം ചെലവാക്കുന്നത് പൊതുമരാമത്ത് പ്രവർത്തനത്തിനാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം മിക്ക റോഡുകളും വർഷംതോറും റിപ്പയർ ചെയ്യേണ്ടി വരുന്നു. പഞ്ചായത്ത് സെക്രട്ടറിയുടെ പരിധിയിൽ വരുന്ന 5000 രൂപയിൽ താഴെയുള്ള ജോലികളാണ് കൂടുതലും ചെയ്യുന്നത്. ഇതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകാറും ഇല്ല. പഞ്ചായത്ത് സെക്രട്ടറിക്ക് നേരിട്ട് ചെയ്യിക്കാവുന്ന ജോലിയുടെ എസ്റ്റിമേറ്റ് സംഖ്യ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്. 1991-92ൽ 34 പ്രവൃത്തികളും 1992-93ൽ 69 പ്രവൃത്തികളും 93-94ൽ 28 പ്രവൃത്തികളും 94-95ൽ 30 പ്രവൃത്തികളും 95-96ൽ 31 പ്രവൃത്തികളും പൊതുമരാമത്ത് ഇനത്തിൽ ചെയ്തിട്ടുണ്ട്. 1995-96 വർഷത്തിലെ പ്രധാനപ്പെട്ട രണ്ട് മരാമത്ത് പ്രവൃത്തിയുടെ കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. ഗേൾസ് ഹൈസ്കൂൾ റോഡ് റിപ്പയർ | 53,639 രൂപ |
| 2. കുമ്പളത്ത്പടി പുതിയ റോഡ് | 5,42,575 രൂപ |

പുതിയ നിയമപ്രകാരം പഞ്ചായത്തിനു കൂടുതൽ അധികാരങ്ങളും, ജോലിഭാരങ്ങളും ഉണ്ടാകുന്നു. അതനുസരിച്ചുള്ള സൗകര്യങ്ങളും, ജീവനക്കാരും ഉണ്ടാവണം. നമ്മുടെ പഞ്ചായത്തിൽ വർഷങ്ങളായി ഒരു സൂപ്രണ്ടിന്റേയും രണ്ട് പാർട്ട് ടൈം സ്വീപ്പർമാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഓഫീസ് കെട്ടിടത്തിന് ആവശ്യമായ സൗകര്യം ഇല്ല. സൗകര്യപ്രദമായ കെട്ടിടം മാത്രമല്ല, പഞ്ചായത്തിൽ പ്രവർത്തിക്കേണ്ട ഓഫീസുകളും ഉണ്ടാക്കാനുള്ള സ്ഥലസൗകര്യം ഉണ്ട്. ഇക്കാര്യം പരിഗണിക്കേണ്ടിയിരിക്കുന്നു. ഇത് ജനങ്ങൾക്ക് കൂടുതൽ സൗകര്യം നൽകുകയും ചെയ്യും.

## *മറ്റ് ധനാഗമമാർഗ്ഗങ്ങൾ*

1. ഭാരതപ്പുഴയുടെ തീരത്തുള്ള പൊതുശ്മശാനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ സംരക്ഷണത്തിന് ഒരു വാച്ച്മാനെ നിയമിക്കുകയും സംസ്കരണത്തിന് ഒരു ചെറിയ ഫീസ് ഈടാക്കുകയും ചെയ്യുക.

2. സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവയിൽനിന്നും ഒരു നിശ്ചിതസംഖ്യ ടേൺ ഓവർ ടാക്സ് ആയി ഈടാക്കാം.

3. പഞ്ചായത്തിൽ ടാക്സി, ഓട്ടോറിക്ഷ, ട്രക്കർ, ജീപ്പ് മുതലായവക്ക് പാർക്ക് ചെയ്യാൻ സ്റ്റാന്റ് നിർമ്മിച്ച് സ്റ്റാന്റ് ഫീസ് ഈടാക്കുക. ഇത് നമുക്ക് ഒരു സ്ഥിരം വരുമാന മാർഗ്ഗമാണ്.

4. നമ്മുടെ പഞ്ചായത്തിൽ മത്സ്യ, മാംസ, പച്ചക്കറി വില്പനക്ക് പൊതു മാർക്കറ്റ് നിലവിലില്ല. ഇവയുടെ ഇന്നത്തെ വില്പനരീതി പരിസരമലിനീകരണത്തിന് കാരണമാക്കുന്നുണ്ട്. അതിനാൽ ഇവയുടെ വില്പനക്ക് ഒരു പൊതുമാർക്കറ്റ് ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഇതിൽ കൂടുതൽ താല്പര്യം എടുക്കണം.

5. മണൽ, കടവുകൾ, കെട്ടിടങ്ങൾ, മരങ്ങൾ, കൃഷി മുതലായവ ലേലം ചെയ്ത് കിട്ടുന്ന മുഴുവൻ സംഖ്യയും പഞ്ചായത്തിനു തന്നെ ലഭ്യമാക്കേണ്ടതാണ്.

134

6. ഭൂനികുതി, കാലാനുസൃതമായി പരിഷ്കരിക്കുക, നെൽകൃഷി ചെയ്യുന്ന വയലുകൾക്ക് കുറഞ്ഞ നിരക്ക് ഈടാക്കാൻ ശ്രമിക്കണം. ഭൂനികുതി പിരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നത് നന്നായിരിക്കും.

7. വാണിജ്യ പരസ്യങ്ങൾക്ക് നികുതി ഈടാക്കാവുന്നതാണ്.

8. നമ്മുടെ പഞ്ചായത്തിലെ നിർദ്ദിഷ്ട ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പണി ഉടനെ പൂർത്തിയാക്കി വരുമാനം വർദ്ധിപ്പിക്കുക.

9. ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

10. മണൽ വാരുന്ന മുഴുവൻ സ്ഥലങ്ങളും ലേലത്തിൻ കീഴിൽ കൊണ്ടുവരിക.

11. പ്രത്യുൽപാദനപരമായ ആവശ്യങ്ങൾക്ക് പുതിയ നിയമപ്രകാരം പഞ്ചായത്തുകൾക്ക് ബാങ്ക് വായ്പ സൗകര്യം ലഭിക്കും. ഇത് പരമാവധി ഉപയോഗപ്പെടുത്തുക

12. നാഷണൽ സേവിംഗ്സ് സ്കീം പ്രകാരം പിരിവെടുക്കുന്ന ഫണ്ടിന്റെ ഒരു വിഹിതം പഞ്ചായത്തുകൾക്ക് ലഭിക്കാൻ അർഹതയുണ്ട്. അതിനാൽ പരമാവധി നിക്ഷേപം സ്വരൂപിക്കാൻ ഗ്രാമസഭകൾവഴി താത്പര്യമെടുപ്പിക്കണം.

13. മലബാറിലെ ഏറ്റവും പ്രശസ്തമായ വള്ളംകളി മത്സരം നടക്കുന്ന ബിയ്യം കായൽ പ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റി പഞ്ചായത്തിന്റെ സമഗ്രപുരോഗതിക്ക് വഴി തെളിക്കാം.

14. ഭാരതപ്പുഴയിൽ കുറ്റിക്കാട് ഭാഗത്തുള്ള വിശാലമായ മണൽത്തിട്ട കെട്ടി സംരക്ഷിച്ച് ചിൽഡ്രൻസ് പാർക്ക്, ബോട്ടിങ്ങ് ഉൾപ്പെടെയുള്ള അമ്യൂസ്മെന്റ് ഇനങ്ങൾ ഇവയ്ക്കുള്ള വലിയ സാദ്ധ്യതയുണ്ട്. പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തിന്റെ വികസനത്തിനും പഞ്ചായത്തിന് ധാരാളം വരുമാനമുണ്ടാക്കാനും ഇതുകൊണ്ട് കഴിയും.

15. മരാമത്ത് പണികളിൽ കോൺട്രാക്ടർമാരും, ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന ലാഭം എത്രയെന്ന് അറിയാൻ 95-96ൽ ചെയ്ത രണ്ടു പ്രധാന ജോലികളുടെ തുക ഈ റിപ്പോർട്ടിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതത് സമയത്ത് ആവശ്യമായ ചില്ലറ അറ്റകുറ്റപ്പണികൾ ചെയ്താൽ നമ്മുടെ പല റോഡുകളും നാശമാകുന്നത് അപ്പപ്പോൾ തടയാൻ കഴിയും. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഓരോ റോഡിന്റേയും സംരക്ഷണത്തിന് ജനകീയ സമിതികൾ രൂപീകരിക്കുകയും അവയുടെ അറ്റകുറ്റപ്പണികൾക്ക് ഇവരെ ഏല്പിക്കുകയും ചെയ്യുക.

ആവശ്യമായ വസ്തുക്കൾ മാത്രം നൽകിയാൽ ദുർവ്യയം ഒഴിവാക്കാൻ കഴിയും.

16. പല മേഖലകളിലും ആവശ്യമായ തൊഴിലാളികളെ ലഭിക്കാൻ നമുക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. തൊഴിലില്ലാത്ത യുവതീയുവാക്കൾ ധാരാളം നമുക്ക് ഉണ്ടുതാനും. തൊഴിൽ മാന്യതയുമായി ഈ പ്രശ്നം ബന്ധപ്പെട്ടു കിടക്കുന്നു. കാർഷികരംഗം, മരം കയറൽ, വീട്ടുജോലി തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ഇത്തരം തൊഴിൽ ചെയ്യുന്നവരും അതിന് തയ്യാറുള്ളവരുടെയും പേര് രജിസ്റ്റർ ചെയ്യാൻ ഒരു ഓഫീസ് തുറക്കുകയും ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും ചെയ്യുക. ഈ തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് മുൻകൂട്ടി ഈ ഓഫീസിൽ വിവരം അറിയിച്ച് അവരുടെ സേവനം ലഭ്യമാക്കാം. അവർക്ക് നൽകേണ്ട വേതനവും മുൻകൂട്ടി നിശ്ചയിക്കുന്നത് നന്നായിരിക്കും.

17. ഗൾഫ് മേഖലയിൽ ജോലി സാദ്ധ്യത കുറഞ്ഞുവരുന്നു. ഉള്ളവർതന്നെ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നു. അത്തരക്കാരുടെ ജീവിതം ഭാവിയിൽ നരകതുല്യമായിരിക്കും. ഇത്തരത്തിലുള്ള 100 കുടുംബങ്ങളെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. നിലവിൽ ഗൾഫിൽ ജോലി തേടിപ്പോയ1231 ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്വന്തമായി ഭൂമിയും വീടും ആഡംബരത്തോടുകൂടിയ ജീവിതവും എന്ന കാഴ്ചപ്പാട് അവരിൽ മാറിവരുന്നുണ്ട്. ഭൂരിഭാഗം പേരും ഭാവിജീവിതം ഭദ്രമാക്കാൻ സമ്പാദ്യം തുടങ്ങിയിട്ടുണ്ട്. അവരിൽനിന്നും നിക്ഷേപം പഞ്ചായത്തിനുതന്നെ ബോണ്ട് അടിസ്ഥാനത്തിൽ സ്വരൂപിച്ച് പ്രത്യുല്പാദനപരമായ വികസന പ്രവർത്തനത്തിൽ ഉപയോഗിക്കുവാൻ കഴിയും. ഈ സാദ്ധ്യത ഉപയോഗപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

18. നമ്മുടെ പഞ്ചായത്ത് വരുമാനത്തിന്റെ കാര്യത്തിൽ വളരെ മുന്നിലാണ്. നിലവിലുള്ള പൊന്നാനി മുനിസിപ്പാലിറ്റിയുമായി നമ്മുടെ പഞ്ചായത്തിനെ സംയോജിപ്പിച്ചാൽ വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കാൻ കഴിയും. അധികൃതരുടെ ഭഗത്തുനിന്ന് ഈ വഴിക്കുള്ള നീക്കം ഉണ്ടാകണം.

പഞ്ചായത്തിന്റെ ഫണ്ട് ദുർവ്യയം ഇല്ലാതെ കൈകാര്യം ചെയ്യുന്നുണ്ടെന്ന ബോദ്ധ്യം ജനങ്ങളിൽ ഉണ്ടാക്കിയാൽ മാനുഷിക വിഭവശേഷി കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയും. നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യവിഭവം തന്നെയാണ്. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് നവംബർ ഒന്നിന്റെ പുനർപ്പണദിനത്തിലെ നിർമ്മാണപ്രവൃത്തികൾ. ജാതി, മത, കക്ഷി രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി നാടിന്റെ വികസന കാര്യങ്ങളിൽ മാനുഷിക വിഭവശേഷി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയും.

## പട്ടിക–4

# JRY പണി സംബന്ധിച്ച വിവരം

| വഷം | | പണിയുടെ പേര് | ജനറൽ സെക്ടർ രൂ | SC/ST വിഭാഗം രൂ | ആകെ രൂ |
|---|---|---|---|---|---|
| 1 | | 2 | 3 | 4 | 5 |
| 1991—92 | 1 | 34 കക്കൂസുകരം 2500/- വീതം | — | 85000 | 85000 |
| | 2 | ന്യൂ എൽ. പി. സ്കൂൾ എട്പ്പാത്ത് | 97500 | | 97500 |
| | 3 | ഗേറംസ് ഹൈസ്കൂൾ ,, | 48000 | | 48000 |
| | 4 | തേവർ ക്ഷേത്രം Girls H. S ,, | 105000 | | 105000 |
| | 5 | ശ്മശാന റോഡ് | 90000 | | 90000 |
| | 6 | ആയുർവ്വേദ ഡിസ്പൻസറി റോഡ് | 112000 | | 112000 |
| | | ആകെ | 452500 | 85000 | 837500 |
| 1992—93 | 1 | 36 കക്കൂസുകരം | — | 72000 | 72000 |
| | 2 | പോത്തന്നൂർ–പുഴമ്പ്രം റോഡ് 3-ാം റീച്ച് | 75000 | | 75000 |
| | 3 | നായരങ്ങാടി–ഓംതൃക്കാവ് റോഡ് | 171150 | | 171150 |
| | 4 | വാരിയത്ത്പടി-റോഡ് | 75000 | | 75000 |
| | 5 | പൂക്കൈതെ കടവ് റോഡ് | 75000 | | 75000 |
| | | ആകെ | 396150 | 72000 | 468150 |
| 1993—94 | 1 | 18 വീടുകരം 9800ക. വീതം | — | 176400 | 176400 |
| | 2 | പുഴമ്പ്രം–പോത്തന്നൂർ റോഡ് അഞ്ചാം റീച്ച് | 126248 | | 126248 |
| | 3 | ,, നാലാം റീച്ച് | 79500 | | 79500 |
| | 4 | വാരിയത്ത്പടി റോഡ് മൂന്നാം റീച്ച് | 135441 | | 135441 |
| | 5 | നായരങ്ങാടി–ഓംതൃക്കാവ് റോഡ് | 126696 | | 126696 |
| | | ആകെ | 467885 | 176400 | 644285 |
| 1994—95 | | പുഴമ്പ്രം പോത്തന്നൂർ റോഡ്–ആറാം റീച്ച് | 278455 | | 278455 |
| | | ആകെ | 278455 | — | 278455 |
| 1995—96 | 1 | 9 വീടുകരം 15800ക. വീതം | — | 142200 | 142200 |
| | 2 | പുഴമ്പ്രം പോത്തന്നൂർ റോഡ് ഒന്നാം റീച്ച് | 399303 | | 399303 |
| | 3 | ,, ഏഴാം റീച്ച് | 60000 | | 60000 |
| | | ആകെ | 459303 | 142200 | 601503 |

# ജവഹർ തൊഴിൽദാനപദ്ധതി 1996-97

## I പുതിയ പ്രവൃത്തികൾ

| | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക രൂപ |
|---|---|---|
| 1 | പുഴമ്പ്രം പോത്തന്നൂർ റോഡ് 2-ാം റീച്ച് ടാറിങ്ങ് | 3,00,000 |
| 2 | പുഴമ്പ്രം പോത്തന്നൂർ റോഡ് 3-ാം റീച്ച് ടാറിങ്ങ് | 1,52,410 |
| 3 | SC/ST വീട് 15800 × 7 | 1,10,600 |
| | ആകെ | 5,63,010 |

## II മുൻകാലങ്ങളിലെ പണികൾ

| | | |
|---|---|---|
| 1 | പുഴമ്പ്രം പോത്തന്നൂർ റോഡ് 1-ാം റീച്ച് ടാറിങ്ങ് | 3,99,303 |
| 2 | പുഴമ്പ്രം പോത്തന്നൂർ റോഡ് 5-ാം റീച്ച് | 1,26,428 |
| 3 | 6-ാം റീച്ച് | 2,78,455 |
| 4 | 7-ാം റീച്ച് | 60,000 |
| 5 | കക്കൂസ് 58 × 2500 | 1,45,000 |
| | 35 × 2000 | 70,000 |
| 6 | വീട് 18 × 9800 | 1,76,400 |
| | 9 × 15800 | 1,42,200 |
| | ആകെ | 13,97,786 |

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ വായ്പ നിക്ഷേപ അനുപാതം മനസ്സിലാക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന പട്ടിക സഹായകമാണ്. (സംഖ്യ ലക്ഷത്തിൽ)

| ബാങ്ക് | നിക്ഷേപം | വായ്പ |
|---|---|---|
| സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് | 218 | 211 |
| ധനലക്ഷ്മി ബാങ്ക് | 157 | 101 |
| പൊന്നാനി സർവ്വീസ് സഹകരണ ബാങ്ക് | 210 | 189 |
| കാർഷിക വികസന ബാങ്ക് | — | 125 |
| അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | 367 | 325 |
| M. D. C. ബാങ്ക് | 52 | 44 |

5-13

# ടൂറിസം

ഈ പഞ്ചായത്തിലെ രണ്ടു സ്ഥലങ്ങൾ അന്തർദ്ദേശീയ വിനോദസഞ്ചാരകേന്ദ്രങ്ങളായി വികസിപ്പിച്ചെടുക്കാൻ കഴിയും. ബിയ്യം കെട്ടിനടുത്ത കാഞ്ഞിരമുക്ക് പുഴയോരവും ഭാരതപ്പുഴ തീരത്ത് ചമ്രവട്ടം കടവും. കാഞ്ഞിരമുക്ക് പുഴയിൽ വർഷംതോറും ഓണക്കാലത്ത് വള്ളംകളി മത്സരം നടക്കുന്നുണ്ട്. ഇത് ജനപങ്കാളിത്തത്തോടെ വിപുലമായ തോതിൽ നടത്താൻ സാധിക്കും. കുട്ടികൾക്കായി ആധുനിക രീതിയിൽ ഒരു അമ്യൂസ്മെന്റ് പാർക്ക് (Amusement Park) സ്ഥാപിക്കാൻ ഏറ്റവും പറ്റിയ സ്ഥലമാണ് ഈ പുഴയോരം. മലപ്പുറം ജില്ലയിൽ മാത്രമല്ല, തൊട്ടടുത്ത ജില്ലകളിലും ഇതിന്റെ പ്രയോജനപരിധി വ്യാപിക്കും. ഇത് കാലക്രമേണ പഞ്ചായത്തിന് ഒരു നല്ല വരുമാനമാർഗ്ഗവുമാവും.

ചമ്രവട്ടം പുഴയോരത്ത് ഒരു സാധാരണ പാർക്കും ചരിത്ര മ്യൂസിയവും (Historical Museum) നക്ഷത്ര നിരീക്ഷണശാലയും സ്ഥാപിക്കുന്നതും പരിശോധിക്കാവുന്നതാണ്. ഈ പാർക്കിനോടനുബന്ധിച്ച് ഒരു ഔഷധോദ്യാനം നിർമ്മിക്കുകയും ചെയ്യാം. നീണ്ടുകിടക്കുന്ന പുഴയോരം ഈ പഞ്ചായത്തിന് പ്രകൃതി നൽകിയ വരദാനമാണ്. അത് അനാഥമാവാതെ നോക്കേണ്ടത് നമ്മുടെ പ്രാഥമിക ചുമതലകൂടിയാണ്.

# ഉപസംഹാരം

138

കേരളം പിറന്ന നവംബർ 1 ഈ വർഷം നമുക്ക് പുനരർപ്പണത്തിന്റെ ദിവസമായിരുന്നു. ഇച്ഛാശക്തിയുള്ള ഒരു ജനതയുടെ കൂട്ടായ്മക്ക് നാടിന്റെ പ്രതിസന്ധി മുറിച്ചുകടക്കാൻ കഴിയുമെന്ന് നമുക്ക് തെളിയിക്കേണ്ടതുണ്ട്.

വമ്പിച്ച പ്രതീക്ഷകളുടെ നടുവിലാണ് നാലു പതിറ്റാണ്ടു മുമ്പ് കേരളം പിറന്നത്. ആ പ്രതീക്ഷകളെ സഫലീകരിക്കാനുതകുന്ന ഒരു വികസനതന്ത്രം ആവിഷ്ക്കരിക്കാൻ ഒന്നാം കേരള നിയമസഭയിൽ ഭൂരിപക്ഷം നേടി അധികാരമേറ്റ ഗവർമ്മേണ്ട് മുൻകൈയെടുക്കുകയും ചെയ്തു. ഭൂപരിഷ്ക്കരണത്തിനും കേരളീയ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിനുമായിരുന്നു മുൻഗണന. കൃഷിഭൂമിയോടൊപ്പം അറിവും അധികാരവും ജനങ്ങളിലെത്തിക്കാനുള്ള നിയമനിർമ്മാണപരിപാടിക്കാണ് ആ ഗവർമ്മേണ്ട് നേതൃത്വം നൽകിയത്. നിർഭാഗ്യവശാൽ ആ പ്രക്രിയ പൂർത്തിയായില്ല. പിന്നീട് നിന്നും ഇഴഞ്ഞും ചിലപ്പോൾ ഗതിവേഗമാർജ്ജിച്ചും കേരളീയജീവിതം മുന്നോട്ടുപോയി.

നാടിന്റെ മുഖാകൃതി ഇപ്പോൾ കണ്ടാലറിയാത്ത വിധം മാറിപ്പോയിരിക്കുന്നു. വിദ്യാഭ്യാസം സാർവ്വത്രികമായി. ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നു. ഗതാഗതം, വാർത്താവിതരണം, ആരോഗ്യപരിപാലനം തുടങ്ങിയ രംഗങ്ങളിൽ വമ്പിച്ച വളർച്ച നാം നേടി. എന്നാൽ സമഗ്രവികസനം സാദ്ധ്യമാക്കുന്ന ഈ പശ്ചാത്തലസൗകര്യങ്ങളെ ഉൽപാദനപ്രക്രിയയുമായി ഉദ്ഗ്രഥിക്കാൻ എന്തുകൊണ്ടോ നമുക്കു കഴിയാതെപോയി.

സ്വത്തുബന്ധങ്ങളിലും വിദ്യാഭ്യാസകാര്യങ്ങളിലും ജനപക്ഷത്തുണ്ടായ നേട്ടം അധികാരത്തിന്റെയും ആസൂത്രണത്തിന്റെയും മണ്ഡലത്തിൽ അനുഭവിച്ചില്ല. 73–74 ഭരണഘടനാഭേദഗതി അനിവാര്യമാക്കിയ അധികാരവികേന്ദ്രീകരണംപോലും അധികാരം പകർന്നുകൊടുക്കുന്നതിലല്ല കവർന്നെടുക്കുന്നതിലാണ് വിരുതുകാട്ടുന്നത്. വികസനത്തിന്റെ കേളികേട്ട 'കേരളാ മോഡൽ' ഉൽപ്പാദനോൻമുഖമല്ലാത്തതിനാൽ ഉള്ളു പൊള്ളയായിരുന്നു. അത് കാർഷികാഭിവൃദ്ധിക്കും വ്യവസായവളർച്ചക്കും വഴിതുറന്നില്ല. നേരെമറിച്ച് ഇവിടെ കൃഷിഭൂമിയുടെ വൃത്തം ചുരുങ്ങുകയും കമ്പോളപരിധി വട്ടം വീശി വലുതാവുകയും ചെയ്തു. ഇതിനെയാണ് നഗരവൽക്കരണമെന്ന ഓമനപ്പേരിട്ട് നാം വിളിച്ചത്.

നമ്മുടെ കാർഷികോല്പാദനം വർഷംപ്രതി കുറഞ്ഞുവരുന്നു. അല്പമാത്രമായ വ്യവസായങ്ങൾപോലും ചലനമറ്റ് ചൈതന്യം നഷ്ടപ്പെട്ട് ആസന്നമരണം പാർത്തിരിപ്പാണ്. മറുനാട്ടിലും വിദേശത്തുമുള്ള മലയാളികൾ അയയ്ക്കുന്ന പണം കൊണ്ടാണ് ഇവിടെ ജീവിതം മിടിക്കുന്നത്. അതും നിലച്ചാൽ നമുക്ക് ഹാ കഷ്ടം! എന്നല്ലാതെ എന്തു പറയാൻ ?

ഈ നില ഇനി തുടരാനാവില്ല. ഉള്ള മണ്ണിൽ ഉറച്ചുനിന്ന് ഉൽപാദനം വർദ്ധിപ്പിക്കുകയും ആവും വിധം വ്യവസായസംരംഭങ്ങളിൽ ഏർപ്പെടുകയും ചെയ്യാൻ നാം ഒത്തുപിടിക്കേണ്ടിയിരിക്കുന്നു. നാലു പതിറ്റാണ്ടുമുമ്പുള്ള നമ്മുടെ തുടക്കം ശരിയായിരുന്നു. എന്നാൽ പിന്നീടു നമുക്ക് ദിശാബോധം നഷ്ടപ്പെട്ടു. അതുകൊണ്ട് നാം വീണ്ടും തുടങ്ങേണ്ടിയിരിക്കുന്നു. കേരളീയരുടെ രാഷ്ട്രീയപ്രബുദ്ധതയും സംഘബോധവും കാത്തുസൂക്ഷിക്കുകയും വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യസഹായം തുടങ്ങിയ മേഖലകളിൽ നാടിനുണ്ടായ നേട്ടങ്ങൾ നിലനിർത്തുകയും ഒപ്പം ഉൽപാദനോൻമുഖമായ ഒരു വികസനസംസ്കാരം വളർത്തിയെടുക്കുകയും വേണം. മഹത്തായ ഈ ലക്ഷ്യബോധമാണ് ഒമ്പതാം പദ്ധതിയെ ജനകീയപദ്ധതിയാക്കി മാറ്റാനുള്ള കേരള സർക്കാരിന്റെ ദൃഢനിശ്ചയത്തിൽ ജ്വലിച്ചുനിൽക്കുന്നത്. ഇവിടെ വിശദാംശങ്ങളോടെ സമർപ്പിച്ച ഈഴുവത്തിരുത്തി പഞ്ചായത്തിന്റെ ഈ വികസനരേഖ ആ ജ്വാലയിൽനിന്ന് കത്തിച്ചെടുത്ത ഒരു കൈത്തിരിയായെങ്കിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമായി.

*ഭരണസമിതിക്കുവേണ്ടി*

**പി.ബാലകൃഷ്ണമേനോൻ**
**പ്രസിഡണ്ട്**
**ഈഴുവത്തിരുത്തി ഗ്രാമപഞ്ചായത്ത്**

ഇവിടെപ്പൗരരെ പ്രസവിക്കും നോവാ-
ണിവിടെയുണ്ടാവും കുറച്ചു സംഭ്രമം,
കുറച്ചൊരുൽകണ്ഠ, കുറച്ചു രോദനം
മറിച്ചാമോ സാക്ഷാൽ പ്രകൃതിതൻ ശീലം.
– ഇടശ്ശേരി

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്



ടി.വൈ. അരവിന്ദാക്ഷൻ – ചെയർമാൻ
എം.കെ. വേലായുധൻ – കൺവീനർ

**കൃഷി– ജലസേചനം**
പി. നാരായണൻ മാസ്റ്റർ
ഇ.കെ. പപ്പു
കൊരട്ടിയിൽ ശ്രീധരൻ
പാടാലി ഭാസ്ക്കരൻ
എ.സൈനുദ്ദീൻ
കെ. മണി
വി.കെ. പ്രശാന്ത്
കെ. വേലപ്പമാസ്റ്റർ
കമലാ മേനോൻ
പി. നാരായണൻ മാസ്റ്റർ (നെയ്തല്ലൂർ)

**മൃഗസംരക്ഷണവും മത്സ്യബന്ധനവും**
ടി. ഹസ്സൻ
സി.കെ. പങ്കജാക്ഷൻ
എ.വി. മാധവൻ
എം.വി. ബാലസുബ്രഹ്മണ്യൻ
കെ. കുമാരൻ

**വ്യവസായം**
വി.പി. നാരായണൻ
എ. അബ്ദുറഹിമാൻ
വി.മുരളീധരൻ
ടി.പി. സുബ്രഹ്മണ്യൻ
മുത്തുകൃഷ്ണൻ
എൻ.വി. മൊയ്തീൻ
പി. സുരേന്ദ്രൻ
ഇ.എം. ഹരിഷ് കുമാർ

**വിദ്യാഭ്യാസം**
വി.പി. കുമാരൻ
പി. സുന്ദരരാജൻ
എം.പി. രാധാകൃഷ്ണൻ
സി. സരളാദേവി
വി.പി. അബ്ദുൾ മജീദ്
ഇ. രാമൻ മാസ്റ്റർ
മുഹമ്മദ് അഷറഫ്
വി. പ്രഭാകരൻമാസ്റ്റർ

**കുടിവെള്ളവും പൊതുജനാരോഗ്യവും**
സി.ജോസഫ്
എ.വി.രാമൻ
ഇ. സരോജിനി
ടി.ടി. മുഹമ്മദ് യുസഫ്
കെ. ഗോപിദാസ്
എം.കുഞ്ഞിപ്പ

**ഗതാഗതവും ഊർജ്ജവും**
സി.അഷറഫ്
സി.സൗദാമിനി
എൻ.എൻ. റംലത്ത്
പി.വേലായുധൻ
എൻ.വി. രാധാകൃഷ്ണൻ

**പാർപ്പിടവും സാമൂഹ്യക്ഷേമവും**
ടി. സുന്ദരൻ
പി.രഞ്ജിത്ത്
പി. രാമകൃഷ്ണൻ
കരുവാടി ചന്ദ്രൻ

**സംസ്കാരം**
കെ.ധർമ്മപാൽ

**വനിത**
വി.വി. സുഹറ
നളിനി സരോജ
മോളി മാത്യു
പി.കെ.മാലതി
ത്രേസ്യാമ്മ ടീച്ചർ
സി.പി. സരസ്വതി
ടി.ബി. ഓമന
എം. സരോജിനി
എലിസബത്ത് ജോർജ്ജ്

**സഹകരണം**
കെ.കെ. രാഘവൻ
സി.അബ്ദുള്ളക്കുട്ടി
എം.പി. അബ്ദുൾസലാം
വി.പി. ബാലകൃഷ്ണൻ
വി.വി. ഹംസ
യു.സുധർമ്മ

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം**
പി.പി. രാധാകൃഷ്ണൻ
കെ.ടി. മനോജ്
ജെ.പി.വാസു
ടി.വി. ശങ്കരൻ
കെ.സി. താമി
കെ.കെ. വേലായുധൻ

**വിഭവസമാഹരണം**
കെ.മോഹനൻ
സി. ശിവശങ്കരൻ നായർ
എ. ജയപ്രകാശ്
വി.ശ്രീധരൻ
എം. മുസ്തഫ
പാറപ്പുറത്തു രാഘവൻ
കെ. രാജേന്ദ്രൻ
കെ.വി. അബൂബക്കർ

**നാട്ടറിവ് – ചരിത്രം**
പി.കൃഷ്ണവാരിയർ
ആലങ്കോട് ലീലാകൃഷ്ണൻ
കെ.പി. കൃഷ്ണൻകുട്ടിനായർ
കെ. പരമേശ്വരൻ നായർ
ടി.കെ. പരമേശ്വര രാജ
ടി.കെ. മുഹമ്മദ്

**ഭൂപട നിർമ്മാണം**
കെ. ധർമ്മപാൽ
കെ. മോഹനൻ
കെ. മണി
എ. അബ്ദുറഹിമാൻ
വി.കെ. പ്രശാന്ത്.



''അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും ഇതു് തങ്ങളുടെ നാടാണെന്നും ഇതു് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്നും വിശ്വസിക്കുന്ന ഒരു ഭാരതത്തിനു വേണ്ടി, ഉയർന്നവർഗ്ഗവും താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി പ്രയത്നിക്കുക''

— മഹാത്മാഗാന്ധി

അധികാരം ജനങ്ങളിലേക്ക്

# അധികാരം ജനങ്ങൾക്ക്

- അധികാരവികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9–ാം പദ്ധതി ജനകീയപദ്ധതി
- 40% പദ്ധതിവിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതിരഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം

# തവനൂർ ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ




ജനകീയ ആസൂത്രണ പ്രസ്ഥാനം

*'ഏതു ധൂസര സങ്കൽപത്തിൽ പുലർന്നാലും*
*ഏതു യന്ത്രവൽകൃതയുഗത്തിന് വളർന്നാലും*
*മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും*
*മണവും മമതയും ഇത്തിരികൊന്നപ്പൂവും'*

**വൈലോപ്പിള്ളി**

മനുഷ്യ സമൂഹത്തിന്റെ നന്മക്കായി മനുഷ്യൻ പണിയെടുക്കുന്ന സ്ഥലമാണ് ഏറ്റവും വലിയ ക്ഷേത്രം, പള്ളി, ഗുരുദ്വാര എന്ന് ഈ പദ്ധതി പ്രദേശത്തിലൂടെ നടന്നപ്പോൾ ഞാൻ മനസ്സിലാക്കി. ലക്ഷക്കണക്കിന് ജനങ്ങൾ പണിയെടുത്ത അവരുടെ ചോര ചിന്തിയ ചിലരെങ്കിലും ജീവൻ ബലിയർപ്പിച്ച ഈ ഭക്രാനംഗലിനേക്കാൾ പവിത്രവും വിശുദ്ധവുമായൊരു പ്രദേശം എവിടെയാണ്?

**ജവഹർലാൽ നെഹ്റു**


(1954 ൽ ഭക്രാനംഗൽ ഡാം രാഷ്ട്രത്തിന് സമർപ്പിച്ച് കൊണ്ട് ചെയ്ത പ്രസംഗം)

| ഡിസൈൻ & ലേഔട്ട് | ഡി.ടി.പി. |
|---|---|
| കൊറോണ എടപ്പാൾ | പേസ് എടപ്പാൾ |

മുദ്രണം

യു.കെ.സി. ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുന്നംകുളം

### തവനൂർ ഗ്രാമ പഞ്ചായത്ത് വാർഡ് ഭൂപടം




1. തവനൂർ
2. അതളൂർ
3. കടകശ്ശേരി
4. അയങ്കലം
5. വെള്ളാഞ്ചേരി
6. കൂരട
7. തൃക്കണാപുരം
8. മറവഞ്ചേരി
9. കീഴ്മുറി
10. വെറൂർ
11. കാലടി
12. കാടഞ്ചേരി
13. മാങ്ങാട്ടൂർ
14. പോത്തനൂർ
15. നരിപ്പറമ്പ്

## 1995 വരെയുള്ള പഞ്ചായത്ത് ഭരണ സമിതിയും കാലഘട്ടവും

### 1963 - 1979

ചോലക്കൽ മാധവൻ (പ്രസിഡണ്ട്), തൂപ്പു എന്ന തൂപ്രൻ (വൈസ് പ്രസിഡണ്ട്), ടി.എം.വാസുദേവൻ നമ്പൂതിരി. കെ.ടി.ഗോവിന്ദമേനോൻ, പി.കെ.പത്മനാഭമേനോൻ, സി.വി. കണക്രായി, ഇ. കേശവൻനായർ, എം.കുമാരൻ, ടി.വി.ദാമോദരൻനായർ, ചെറിയാമുഹാജി, പാർവ്വതിഅന്തർജനം (നോമിനേറ്റഡ്)

### 1979-1984

ചോലക്കൽ മാധവൻ (പ്രസിഡണ്ട്), പ്ലാക്കാട്ടിൽ കുട്ടൻ (വൈ. പ്രസിഡണ്ട്), കെ.വാസുമാസ്റ്റർ, സി.വി.മമ്മാലി, എൻ.വി.ജാനകിഅമ്മ, കെ.പി.വേലായുധൻ, എൻ.പി.ശങ്കരൻ, പി.വി. മൊയ്തുട്ടിഹാജി, പി.ചേക്കുട്ടി, സി.ഭാസ്കരൻ ,ടി.വി.ദാമോദരൻ നായർ, വി.വി. അബ്ദുറഹിമാൻ ഹാജി

### 1984-1988

തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിഇല്ല


### 1988-1995

എം.ടി.വിജയൻ (പ്രസിഡണ്ട്), ബാവഹാജി (വൈപ്രസിഡണ്ട്), സി.സഹദേവൻ, കെ.പി.വേലായുധൻമാസ്റ്റർ, കെ.എം. സഹദേവൻ, ഇ.വി.ശങ്കരനാരായണൻ, കെ.വാസുമാസ്ററർ, കെ.സി.സുബ്രഹ്മണ്യമേനോൻ, സി.എം. അബു, എം.എം. സുബൈദ, നളിനിസുകുമാരൻ, എൻ.വാസു,എൻ.വി.മുഹമ്മദുണ്ണി, എൻ.കുമാരൻ

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

# തവനൂർ
# ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ
# സമഗ്ര വികസന രേഖ




## മലപ്പുറം ജില്ല

## നമ്മെ വിളിക്കുന്നു

മുല്ലനേഴി


ആത്മാഭിമാന കൊടിക്കൂറ പൊക്കുവാൻ
കൂട്ടുകാരേ നമുക്കൊത്തുചേരാം
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരാ
ക്കാലമിതാ നമ്മളുടെ മുന്നിലെത്തി
ഇവിടെ നമ്മൾ തലവെട്ടിച്ചകലരുതേ!
ഇവിടെനമ്മൾ തലയാട്ടിത്തുലയരുതേ!
ഇവിടെ നമ്മളുണരുക
ഇവിടെ നമ്മളുയരുക
ഇവിടെയെന്തു വേണമെന്ന്
നമ്മൾ നിശ്ചയിക്കുക
മണ്ണിൽ നിന്നു മഴയിൽ നിന്നു
വെയിലിൽ നിന്നു മോചനം
നല്ല വഴി, നല്ല തൊഴിൽ, നല്ല ജീവിതത്തിനായ്
നല്ലപോലെ മെയ്യനങ്ങി നല്ലനാളു തീർക്കുക
നമ്മളാണ് ഭരണവും
നമ്മളാണ് പ്രജകളും
നമ്മളാണ് നമ്മളുടെ
നന്മ തിന്മ തീർപ്പതും
മുകളിൽ നിന്നു നമ്മളെ
ഭരിക്കുവാൻ കൊതിപ്പവർ
മുഞ്ഞിവീർത്തു മാറി നിന്നു
വഴിമുടക്കുവാൻ വരാം.
അവരെ മാറ്റിതീർക്കുവാൻ
നമ്മളൊന്നു ചേരുക
നമ്മളാണു നമ്മളുടെ
നന്മതിന്മ തീർക്കുക
ഭാരതാംബ നമ്മളെ , ഗ്രാമജീവിതങ്ങളെ
ഭാവി ഭദ്രമാക്കുവാൻ വിളിക്കയാണു കൂട്ടരേ



തവനൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



പി.പി. ജാനകി
പ്രസിഡണ്ട്



കെ. അച്ചുതൻ മാസ്റ്റർ
വൈ. പ്രസിഡണ്ട്



എം.പി. സുമതി
സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ



സി. അബൂബക്കർ
ഗ്രാമപഞ്ചായത്ത് സെക്രട്ടറി

### അംഗങ്ങൾ

1. വി.വി. സൗമിനി 2. കെ. അച്ചുതൻ മാസ്റ്റർ 3. വി. എം. സി. നമ്പൂതിരി 4. ഐ. സുബ്രഹ്മണ്യൻ 5. പി. രാമനാഥപണിക്കർ 6. എം. പി. സുമതി 7. സി. അബൂബക്കർ 8. കെ. ചന്ദ്രിക 9. പി. വാസുദേവൻ 10. ഉഷാവിജയൻ 11. പി. മുഹമ്മദുണ്ണി 12. പി. കുമാരൻ 13. പി.പി. ജാനകി 14. കെ.പി. കുഞ്ഞുട്ടി 15. കെ. ഉണ്ണികൃഷ്ണൻ

**എഡിറ്റോറിയൽ ബോർഡ്**

കെ.കെ. മാധവൻ
എൻ.അമൽകുമാർ
മുരളി പിക്കാട്
കെ. ഉണ്ണികൃഷ്ണൻ
ടി.പി. കുട്ടപ്പൻ



**റിപ്പോർട്ട് തയ്യാറാക്കിയവർ**

പി.ടി. എസ്. നായർ
ഇ.ടി. രാധാകൃഷ്ണൻ
കെ.യു. ഗംഗാധരൻ
കെ.രവി
ഉഷാവിജയൻ
പി. ഐ . സിസിലി
ഇ. വി. മോഹനൻ
ഇ. രാജഗോപാലൻ
ടി.പി. വാസു
ടി.എം. ഋഷികേശൻ
പി. അഹമ്മദുകുട്ടി
എൻ. പി. സോമകുമാർ
ടി. ശശിധരൻ
ടി.വി. വിജയൻ
കെ. ചന്ദ്രിക
എം. വിജയകുമാർ
എം. വേലായുധൻ നായർ
എം.കൃഷ്ണപിള്ള
ടി.പി. ഹബീബ് റഹ്മാൻ

148

## ദ്രുത ഗ്രാമ പര്യടനം

**ഗ്രൂപ്പ് 1 അണ്ണക്കമ്പാടു മുതൽ നരിപ്പറമ്പ് വരെ**

എൻ. അമൽകുമാർ
കെ.ഉണ്ണികൃഷ്ണൻ
ടി.ശശിധരൻ
ടി.എം. ഋഷികേശൻ
ഇ.പി. വേലായുധൻ
മുരളി പിക്കാട്

**ഗ്രൂപ്പ് 2 കുറ്റിപ്പുറം പാലം മുതൽ മറവഞ്ചേരി വരെ**

ടി.പി. കുട്ടപ്പൻ
രഘു
രാജേഷ്
കെ.പി. വേലായുധൻ

**ഗ്രൂപ്പ് 3 മറവഞ്ചേരി മുതൽ പോത്തനൂർ വരെ**

കെ. രവി
പി.പി. ജാനകി
പി.പി. സുരേന്ദ്രൻ
പി.കുമാരൻ
എൻ. വസന്തകുമാരി
സി.കൃഷ്ണൻ



മാറ്റുവിൻ ചട്ടങ്ങളെ
സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെ താൻ
– കുമാരനാശാൻ

ഇങ്ങിനെ അനവധി സ്മരണകളാണ് തവനൂരിലുള്ളത്. ഇപ്പോൾ നമ്മൾ എത്തിനിൽക്കുന്ന ദിശയിൽ നിന്നു തിരിഞ്ഞു നോക്കുമ്പോൾ വൈവിധ്യങ്ങളായ പാതകൾ ഈ സംസ്കൃതിയുടെ പരിപോഷകങ്ങളായി വർത്തിച്ചിരുന്നത് കാണാം. അവയിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നത് വിദ്യാവിതരണം തന്നെ. ജനജാഗരണത്തിന് ഔപചാരികമായും അനൗപചാരികമായും നിരവധി വിദ്യാസ്ഥാപനങ്ങൾ ഇവിടെ ഉയർന്നു വന്നിട്ടുണ്ട്. ഇത്തരത്തിലെ മറ്റു വിദ്യാകേന്ദ്രങ്ങളായിരുന്നു ചോയി മാസ്റ്റർ നേതൃത്വം കൊടുത്ത 'ഹരിജൻ വെൽഫയർ സ്കൂളും, .കെ. കേളപ്പജി സ്ഥാപിച്ച ഹോസ്റ്റ് ബേസിക് സംഘവും. ഇന്ന് ഈ പഞ്ചായത്തിൽ ഔപചാരികമായി പത്തോമ്പതോളം വിദ്യാലയങ്ങളുണ്ട്. കൂടാതെ അനൗപചാരിക മറ്റു ബോധനാലയങ്ങളുമുണ്ട്. പ്രാധാന്യത്തോടെ കാണേണ്ട മറ്റൊരു മേഖലയാണ് വായനശാലകളും ഗ്രന്ഥാലയങ്ങളും. 1947ൽ സ്ഥാപിതമായ കാലടി ഗ്രാമീണ വായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വായനശാല. തവനൂരിലെ ദേശസ്നേഹിയും, മാങ്ങാട്ടൂരിലെ ജ്ഞാനപ്രകാശിനിയും ഈ രംഗത്തെ മറ്റു ഉദാഹരണങ്ങളാണ്. കേരളത്തിലെ എണ്ണപ്പെട്ട വായനശാലകളിലൊന്നായ കാലടി ഗ്രാമീണ വായനശാലയും തവനൂരിലെ ദേശസ്നേഹിയും ഇന്നും ഉജ്ജ്വലമായ പ്രൗഢിയോടെ നിലനിൽക്കുന്നു. മറ്റൊരു പ്രശസ്തമായ വായനശാലയാണ് നരിപ്പറമ്പിലെ 'അർച്ചന' .ഇതിൽ അർച്ചന ഒഴികെ മറ്റു വായനശാലകളെല്ലാം പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടങ്ങളിൽ തന്നെയാണ്.

മങ്ങാട്ടൂരിൽ നടന്ന 'ചർക്കാ' ക്ലാസുപോലുള്ള സാമൂഹ്യ പ്രവർത്തനങ്ങളിൽ ഈ സംഘടനകൾ കാണിച്ച വൈഭവങ്ങൾ എടുത്തുപറയേണ്ടതാണ്. 'ദേശസേവിനി' എന്ന പേരിൽ ദേശസേവിനി നടത്തിയ കൈയ്യെഴുത്ത് മാസികയും ജ്ഞാനപ്രകാശിനിയുടെ കൈയ്യെഴുത്തുമാസികയും ആദ്യകാലങ്ങളിൽ വിദ്യാപ്രചരണത്തിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ഇന്ന് ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ അന്യത്ര സാംസ്കാരിക സംഘടനകൾ ഉയർന്ന് വന്നിട്ടുണ്ട്. സാംസ്കാരികോന്നമനത്തിനുതകുന്ന തരത്തിൽ വൈവിധ്യമാർന്ന സാംസ്കാരികാഘോഷങ്ങളും നാടകോൽസവങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും ഊർജ്ജിതമായി നടന്നുവരുന്നതിൽ നമുക്ക് അഭിമാനിക്കാം. മലയാള നാടകപ്രസ്ഥാനത്തിനു വേണ്ടി ജന്മം കൊണ്ട അനേകം കലാസമിതികൾ ഇവിടെ രൂപംകൊണ്ടതുപോലെ തന്നെ ക്ഷയിച്ചിട്ടുമുണ്ട്.

ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളാണ്. തൊട്ടുപുറകെ മുസ്ലീങ്ങളും ചെറിയതോതിൽ കൃസ്ത്യാനികളും ഉണ്ട്. വിവിധ ജാതി മതവിഭാഗങ്ങൾ തമ്മിൽ സൗഹാർദപരമായ ജീവിതമാണ് ഇവിടെയുള്ളത്.

ഔപചാരികമായി സ്ഥാപിച്ച ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയങ്ങളായിരുന്നു, പുള്ളുവൻപടിയിലെ ജി.എൽ.പി.സ്കൂളും (ഇപ്പോൾ കാലടി ജി.എൽ. പി.സ്കൂൾ), തൃക്കണാപുരത്തെ ജി.എൽ.പി .സ്കൂളും. നിറഞ്ഞു നിൽക്കുന്ന ക്ഷേത്രോൽസവങ്ങൾ ഈ ഗ്രാമത്തിന്റെ പ്രത്യേകതയാണ്. ഹിന്ദുവിഭാഗത്തിൽ തന്നെ ജാതി അടിസ്ഥാനത്തിൽ വൈവിദ്ധ്യമാർന്ന ആഘോഷങ്ങൾ തന്നെ ഈ ഗ്രാമത്തിൽ നടക്കുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഉൽസവങ്ങളാണ് പറയർക്കിടയിലെ 'മലഭായ്' ആട്ടവും ഹരിജൻ പൂജാരിയായിട്ടുള്ള വല്ലോലപ്പാടക്ഷേത്ര ഉൽസവവും. പ്രാചീനഗോത്ര സംസ്കൃതിയെ തൊട്ടുണർത്തുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് ഈ ഉത്സവങ്ങളിൽ നടന്നു വരുന്നത്. മറ്റു പ്രാക്തന അനുഷ്ഠാന കലാരൂപങ്ങളാണ് പുള്ളുവൻപാട്ടും നാഗപൂജയും. കൂടാതെ ദഫ്മുട്ടും കോൽക്കളിയും മുസ്ലീങ്ങൾക്കിടയിലെ കലാരൂപങ്ങളാണ്.

സ്വാതന്ത്ര്യത്തിനു മുമ്പ് ഈ ഗ്രാമത്തിലെ പ്രബല രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ഇന്നു സി.പി.ഐ(എം.) കോൺഗ്രസ്സ് (ഐ), മുസ്ലീം ലീഗ്, ബി.ജെ.പി. സി.പി.ഐ. ജനതാദൾ, കോൺഗ്രസ് (എസ്) നാഷണൽ ലീഗ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും ഇവയുടെ യുവജനവിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

*കായികരംഗം*

കായികരംഗങ്ങളിൽ തങ്ങളുടേതായി സംഭാവനകൾ നല്കിയ ഗ്രാമപഞ്ചായത്താണ് തവനൂർ. ജില്ലാ അത്‌ലറ്റിക്സിലും, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ തുടങ്ങിയ കായിക പരിപാടിയിൽ സംസ്ഥാനാടിസ്ഥാനത്തിൽ തന്നെ പങ്കാളിത്തങ്ങൾ ഉണ്ടായിട്ടുണ്ട്.

കായിക രംഗത്തുണ്ടായിരുന്ന പ്രാചീന കായികവിനോദങ്ങൾ ഇന്ന് പലതും കാലാഹരണപ്പെട്ടു കൊണ്ടിരിക്കയാണ്. ദേശീയ രംഗത്തെ ഇപ്പോഴത്തെ നമ്മുടെ അവസ്ഥ എടുത്തു പറയേണ്ടതില്ലല്ലോ. പ്രാചീന കാലത്ത് ആയോധന കലയിൽ പ്രാവീണ്യം നേടയവരായിരുന്നു ഇവിടത്തുകാർ. ഇന്ന് ആയോധന കലയിൽ അവശേഷിക്കുന്നത് കേരളത്തിൽ തന്നെ പേരുകേട്ട കാലടിയിലെ വല്ല ഭട്ട കളരിസംഘമാണ്. ഇതിനു നേതൃത്വം കൊടുക്കുന്നത് വിശ്വനാഥ ഗുരുക്കളാണ്. പ്രാചീന കായിക വിനോദങ്ങളായിരുന്ന കബഡികളി, നാടൻ പന്തുകളി തുടങ്ങിയവ ഗ്രാമത്തിൽ നിന്നും അന്യമായിരിക്കുന്നു.

ഇപ്പോൾ മുൻപന്തിയിൽ നില്ക്കുന്ന പ്രധാന കായിക വിനോദം ഫുട്ബോൾ ആണ്. ക്രമേണ ക്രിക്കറ്റിന്റെ കടന്നുയറ്റം ഈ ഗ്രാമത്തിനുണ്ടാകുന്നുണ്ട്. കൂടാതെ അത്‌ലറ്റ്സിൽ ഈ ജില്ലാ, സംസ്ഥാനത്തിനും കായിക പ്രതിഭകളെ ഈ ഗ്രാമം സംഭാവന ചെയ്തിട്ടുണ്ട്. സ്പോർട്സിനു പ്രാധാന്യം കൊടുത്ത് കൊണ്ട് പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ പ്രധാന ക്ലബ്ബുകളാണ് കണ്ടനകത്തെ ഫിനിക്സും തവനൂരിലെ വന്ദനയും. ഇതൊക്കെയാണെങ്കിലും കായിക വികസനത്തിനായി ഒരു പഞ്ചായത്തുതല സ്പോർട്സ് കേന്ദ്രം ഇവിടെയില്ലാത്തത് ഈ മേഖലയിലെ പോരായ്മയായി നിലനില്ക്കുന്നു.

*കായികരംഗത്തെ പ്രശ്നങ്ങൾ*

കായിക രംഗത്തേക്ക് പുതിയ തലമുറയെ ആകർഷിക്കത്തക്ക വിധം പ്രോത്സാഹനങ്ങളൊന്നുമില്ല. കായികാഭിരുചി വളർത്തിയെടുക്കുന്നതിന്നാവശ്യമായ സൗകര്യ

ങ്ങൾ ഒന്നും തന്നെയില്ല. സ്കൂൾ തലത്തിൽ ഇതിന് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. ഔദ്യോഗികതലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ പലതും വേണ്ടത്ര വിധത്തിൽ വിനിയോഗിക്കാൻ പഞ്ചായത്തിനു കഴിയാതെ പോകുന്നു.

*നിർദേശങ്ങൾ*

❖ അർപ്പണ ബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള കാര്യമായ ശ്രമം നടത്തുക.

❖ പഞ്ചായത്തിൽ കേന്ദ്രീകൃത രീതിയിൽ ഒരു കായിക വികസനസമിതി രൂപീകരിക്കുക.

❖ ഈ വികസന സമിതിയുടെ കീഴിൽ ഹ്രസ്വവും ദീർഘവുമായ സ്പോർട്സ് കോച്ചിംഗ് ക്യാമ്പ് സ്ഥാപിക്കുക.

❖ ചുരുങ്ങിയത് 200 മീറ്റർ ട്രാക്ക് എങ്കിലും ഇടാവുന്ന വിധത്തിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.

(കെ. എസ്. ആർ.ടി. സി യുടെ ഇപ്പോഴത്തെ ' ഫിനിക്സ്' ഉപയോഗിക്കുന്ന കളിക്കളം അധികൃതരുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഏറ്റെടുക്കുകയും സ്റ്റേഡിയത്തിന് ഉപയോഗിക്കുകയും ചെയ്യുക.)

❖ കായിക സംഘടനകൾക്ക് വേണ്ട വിധത്തിൽ സാമ്പത്തിക സഹായം നല്കുക.

*സാംസ്കാരിക രംഗത്തെ പ്രശ്നങ്ങൾ*

✱ പഞ്ചായത്തിലെ ഭൂരിപക്ഷം വാർഡുകളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല.

✱ നിലവിലുള്ള വായനശാലകളിൽ വൈദ്യുതിയും മറ്റു സൗകര്യങ്ങളും ഇല്ല.

✱ നിലവിലുള്ള വായനശാലകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ചിലത് വാടക കെട്ടിടങ്ങളിലാണ്.

വായന ശാലകളിൽ പുതിയ പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നില്ല.

നശിച്ചു കൊണ്ടിരിക്കുന്ന പുസ്തകങ്ങളെ സംരക്ഷിക്കാനുള്ള സൗകര്യങ്ങളില്ല.

നാടക സമിതികൾക്കും പരീക്ഷണ നാടക വേദികൾക്കും വേണ്ടത്ര സഹായവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

ആർട്സ് ക്ലബ്ബുകളുടെ പ്രവർത്തനം നിർജീവാവസ്ഥയിലാണ്.

മാധ്യമരംഗത്ത് ടി.വി, കേബിൾ നെറ്റ് വർക്ക് കടന്നുകയററവും പൈങ്കിളികഥാ പ്രചരണങ്ങളും ഗൗരവവായനക്ക് തടസ്സം നില്ക്കുന്നു.

നാടൻകലകൾക്ക് വേണ്ട വിധത്തിൽ പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.

മൂന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല. നവസാക്ഷരർക്കുള്ള ജന വിദ്യാകേന്ദ്രം പ്രവർത്തന രഹിതമാണ്.

കലാരംഗത്തെ പ്രാചീന രൂപങ്ങൾ അന്യം നിന്നു പോയിരിക്കുന്നു.

കാർഷിക സംസ്കാരത്തിന്റെ ഭാഗമായ ' കാളപ്പൂട്ട്' മത്സരം നാശോന്മുഖമായിരിക്കുന്നു. കോല്ക്കളിയും നഷ്ടപ്പെട്ടു.

കലാസാഹിത്യാഭിരുചിയുള്ള ഈ ഗ്രാമത്തിലെ ദരിദ്രവിഭാഗങ്ങളുടെ മുന്നിൽ ഉന്നതങ്ങളിലേക്കുള്ള മാർഗ്ഗം അടഞ്ഞു കിടക്കുന്നു. പ്രായോഗിക രീതിയിലുള്ള പ്രോത്സാഹനം ലഭിക്കുന്നില്ല.

കൊച്ചു കൂട്ടുകാർക്കുപയോഗിക്കാൻ സ്കൂളുകളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങളില്ല.

പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത സാംസ്കാരിക കേന്ദ്രമില്ലാത്തതിന്റെ അസൗകര്യങ്ങളുണ്ട്.

*നിർദ്ദേശങ്ങൾ*

വായനശാലയില്ലാത്ത വാർഡുകളിൽ അവിടത്തെ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ (വിഭവസമാഹരണത്തോടെ) വായനശാലകൾ തുടങ്ങുക.

എല്ലാ ഗ്രന്ഥാലയങ്ങൾക്കും ചുരുങ്ങിയത് മൂന്ന് പത്രങ്ങളും നാലു ആനുകാലികങ്ങളും അനുവദിക്കുക.

പുസ്തകങ്ങൾ നശിക്കാതിരിക്കാനുള്ള ആധുനിക സൗകര്യം നടപ്പിലാക്കുക.

ഒമ്പതാം വാർഡിലെ ഗ്രാമീണ വായനശാലയുടെ (ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വായനശാലയുടെ കെട്ടിടം പൊളിച്ച് വിഭവസമാഹരണത്തോടെ പുനർ നിർമ്മിക്കാൻ തയ്യാറാണ്) പ്രവർത്തനം ആധുനിക രീതിയിൽ വികസിപ്പിച്ചെടുക്കുക, പുനർ നിർമ്മാണത്തിനുള്ള വിഹിതം അനുവദിക്കുക.

വായനശാലകൾക്ക് വൈദ്യുതി ലഭിക്കാനുള്ള നടപടി എടുക്കുക

കെട്ടിടമില്ലാത്ത വായനശാലകൾക്ക് അതിനുള്ള സാമ്പത്തിക സഹായം നൽകുക.

അനുയോജ്യമായ രീതിയിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

പഞ്ചായത്ത് കേന്ദ്രീകരിച്ച് എം. ഗോവിന്ദന്റെ സ്മാരകമായി ഒരു സാംസ്കാരികസമിതി രൂപീകരിക്കുക. ഇതിന് കീഴിൽ പഞ്ചായത്തുതല ഒരു ഇൻഫർമേഷൻ സെന്റർ തുടങ്ങുക.

ഈ സാംസ്കാരിക സമിതി പഞ്ചായത്തിന് കീഴിലായിരിക്കണം. അതിന് വേണ്ട സാമ്പത്തികസഹായം പഞ്ചായത്തിൽ നിന്നും പൊതുജനങ്ങളിൽ നിന്നുമായിരിക്കണം.

ഇതിനോട് ചേർന്ന് ചിത്രകലക്കും, നാടകപരിശീലനത്തിനും പഠനകളരി സംഘടിപ്പിക്കുക.

പ്രശസ്ത ചിത്രകാരി പത്മിനിയുടെ പേരിൽ ഒരു സാംസ്കാരിക നിലയവും സ്ഥാപിക്കുക.

അവധിക്കാലങ്ങളിൽ കലാസാഹിത്യാ ഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് ഒത്തു ചേരലിനുള്ള അവസരമുണ്ടാക്കുക.

സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമാക്കു കയും ജനവിദ്യാകേന്ദ്രങ്ങൾ ഊർജ്ജിത പ്പെടുത്തുകയും ചെയ്യുക.

അവശകലാകാരൻമാർക്ക് ഗ്രാന്റ് നൽകി പ്രോൽസാഹിപ്പിക്കുക.

നാടൻ കലകളുടെ ഓഡിയോവീഡിയോ രൂപ ങ്ങളുണ്ടാക്കാനുള്ള സാമ്പത്തിക സഹായങ്ങൾ സംഘടനകൾക്കു നൽകുക.

മാധ്യമരംഗങ്ങളിലുണ്ടായ വിസ്മയകരങ്ങളായ മാറ്റങ്ങൾ ശ്രദ്ധേയമാണ്. പ്രത്യേകിച്ചും ഇലക്ട്രോണിക് മാധ്യമങ്ങളിൽ. ഇന്നലെകളിൽ നമ്മുടെ ചിന്താ മണ്ഡല ങ്ങളിലുണ്ടായിരുന്ന വിദൂര രാജ്യങ്ങൾ പോലും നമുക്ക് അനുഭവ വേദ്യമാകുന്ന വിധത്തിൽ നമ്മുടെ മുന്നിലെത്തു കയും, തമ്മിലുള്ള അകലം വേണ്ടത്ര കുറഞ്ഞിരിക്കുന്ന അവസ്ഥയും കൂടി സംജാതമായിരിക്കയാണ്. സംസ്കാര ങ്ങൾ തമ്മിലുള്ള പരസ്പര സംവേദങ്ങൾ സാംസ്കാരികാ ധിനിവേശത്തിനു വഴി തുറന്നിരിക്കണം. പരിവർത്തനത്തി ന്റേതെന്നു പ്രശംസിക്കപ്പെടുന്ന വർത്തമാനകാലവും മൂല്യാപചയത്തിന്റെ ഇരുണ്ട ഗർത്തങ്ങളിലേക്ക് നയിക്ക പ്പെട്ടുകൊണ്ടിരിക്കുന്ന കാഴ്ച ഭീതിജനകമാണ്. ഈ വർത്തമാന ദുരന്തത്തിൽ എല്ലാവരും പങ്കാളികളാണ്..

ജീവിതത്തിന്റെ നാനാമേഖലകളിലും കാലങ്ങൾ കൊണ്ട് ഗുണപരമായ മാറ്റങ്ങൾ വരുത്താൻ സാംസ്കാരി ക മണ്ഡലത്തിലെ ഉയർത്തെഴിന്നേൽപ്പുകൊണ്ട് സാധിക്കും.


അമൂല്യമെന്നു അനുമാനിച്ചിരുന്ന നൈതികമൂല്യ ങ്ങൾക്ക് അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്കെതിരെ ശ്രദ്ധ കൊടുക്കുക. പ്രതിരോധനിര പടുത്തുയർത്തി പ്രതിലോമശക്തികളെ ചെറുത്തുതോൽപ്പിക്കുക. ഇതാണ് നമ്മുടെ മുന്നിലുള്ള ചരിത്രപരമായ കർത്തവ്യം.

നിലവിലുള്ള വായനശാലകളുടെയും ഗ്രന്ഥശാലയുടെയും പൊതുവിവരം

| ക്രമ നമ്പർ | പേരും സ്ഥലവും | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തകവിതരണം | ധനസഹായത്തിന്റെ വിവരം |
|---|---|---|---|---|---|---|
| 1. | അക്ഷരം - സാംസ്കാരികവേദി വായനശാല, വെള്ളാഞ്ചേരി | 1996 | 45 | 100 | 10 | ഇല്ല |
| 2. | പ്രിയദർശിനി ഗ്രന്ഥശാല | 1995 | 30 | 200 | 25 | സംഭാവന |
| 3. | ദേശസേവിനി വായനശാല, തവനൂർ | 1949 | 88 | 640 | | സർക്കാർ ഗ്രാന്റുകൾ |
| 4. | ഗ്രാമീണവായനശാല, കാലടി | 1947 | 190 | 5085 | 600 | സർക്കാർഗ്രാന്റ് |
| 5. | അർച്ചന ഗ്രന്ഥാലയം & വായനശാല | 1975 | 182 | 2528 | 350 | സർക്കാർ ഗ്രാന്റ് |
| 6. | നവതരംഗ് വായനശാല | 1977 | 40 | 2000 | 100 | ഇല്ല |

## നിലവിലുള്ള കലാസാംസ്കാരിക സംഘടനകളുടെ പൊതുവിവരം

| നമ്പർ | പേരും സ്ഥലവും | സ്ഥാപിച്ചവർഷം | അംഗങ്ങൾ | ഏത് സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു | മറ്റു വേദികൾ |
|---|---|---|---|---|---|
| 1. | ചമയം ആർട്സ്, കണ്ടനകം | 1986 | 50 | നെഹ്റു യുവകേന്ദ്ര | ഉണ്ട് |
| 2. | ഫിനിക്സ്, കണ്ടനകം | 1989 | 48 | ' ' | ഇല്ല |
| 3. | വന്ദനക്ലബ്, തവനൂർ | 1978 | 56 | നെഹ്റുയുവകേന്ദ്ര | മഹിളാസംഘം |
| 4. | ചൈതന്യ ആർട്സ്, കാടഞ്ചേരി | 1994 | 60 | നെഹ്റുയുവകേന്ദ്ര | ഇല്ല |
| 5. | സംഗീത ആർട്സ് | 1987 | 35 | സംഗീതനാടക അക്കാദമി, | വനിതാവേദി, ബാലസംഘം |
| 6. | ഗ്രാമശ്രീ | 1992 | 25 | ചെയ്തിട്ടില്ല | ഇല്ല |
| 7. | നളന്ദ ക്ലബ്ബ്, അതളൂർ | 1986 | 45 | സംഗീതനാടകഅക്കാദമി, | ഇല്ല |
| 8. | എഗ്സാക് | 1994 | 46 | | വനിതാവേദി, പരിസ്ഥിതി ക്ലബ്ബ് |
| 9. | ഇളആർട്സ്, വെള്ളാഞ്ചേരി | 1996 | 32 | ഇല്ല | ഇല്ല |
| 10. | അർച്ചന ലിറ്ററി ആന്റ് കൾച്ചറൽ ഓർഗനൈസേഷൻ | 1971 | 125 | നെഹ്റുയുവകേന്ദ്ര | ഇല്ല |
| 11. | സുരഭി യൂത്ത്ക്ലബ്ബ് | 1986 | 28 | ഇല്ല | ഇല്ല |
| 12. | റിലയൻസ് ക്ലബ്ബ്, തവനൂർ | 1990 | 17 | കേരള സ്പോർട്സ് കൗൺസിൽ | ഇല്ല |
| 13. | യുണൈറ്റഡ്, തവനൂർ | 1989 | 22 | കേരള സ്പോർട്സ്കൗൺസിൽ | ഇല്ല |
| 14. | പ്രിയദർശിനി ഗ്രന്ഥശാല& ആർട്സ് ക്ലബ്ബ് | 1995 | 40 | ഇല്ല | റീസിംഗ് ക്ലബ്ബ് |
| 15. | ശ്രുതി കലാവേദി, തവനൂർ | 1981 | | സംഗീതനാടക അക്കാദമി, | വനിതാവേദി, തയ്യൽകേന്ദ്രം, നാടകസംഘം |
| 16. | നവതരംഗ് ആർട്സ്&സ്പോർട്സ് ക്ലബ്ബ് | 1977 | 40 | | |



# സാമൂഹിക സാംസ്കാരിക ചരിത്രം

●

സാമൂഹിക ബോധത്തിലും മാനവ പരിണാമത്തിലും ഒരു പ്രദേശത്തിന്റെ ഭൂതകാല ചരിത്രം ആവേശകരങ്ങളായ സ്വാധീനങ്ങൾ ചെലുത്തിയിട്ടുണ്ട്. വർത്തമാന യാഥാർത്ഥ്യങ്ങളെ ഒരു പരിശോധനക്ക് വിധേയമാക്കിയാൽ ഈ വസ്തുത തെളിഞ്ഞ് കാണാം. അനുസ്യൂതം തുടരുന്ന ഈ പ്രക്രിയയിൽ വൈവിധ്യമാർന്ന ചരിത്രഘടകങ്ങൾ ഏറ്റക്കുറച്ചിലുകളോടെ പ്രത്യക്ഷമായും പരോക്ഷമായും നിർണ്ണായക ഘടകങ്ങളായിരുന്നിട്ടുണ്ട്. ഈ വികാസ പ്രക്രിയകളിലെല്ലാം തന്നെ ഇടപെട്ട് പ്രവർത്തിക്കുന്ന മുഖ്യമായ രണ്ട് ഘടകങ്ങളുണ്ട്. അതിലൊന്ന് അലിഖിതവും അനിർവചനീയവുമായ ഐതിഹ്യങ്ങളും മിത്തുകളുമാണ്. യുക്തിയിലധിഷ്ഠിതവും ശാസ്ത്രീയവുമായ ചരിത്ര രചനകളുമാണ് മറ്റൊന്ന്. ഭൂമിശാസ്ത്ര ശാഖയുൾപ്പെടെയുള്ള സ്വീകാര്യമായ മറ്റു നിരവധി ഘടകങ്ങളും അപ്രധാനമല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്, ഈ വികാസപ്രക്രിയയിൽ. തവനൂരിന്റെ സാമൂഹിക സാംസ്കാരിക ചരിത്രം പഠിക്കേണ്ടതും നിരീക്ഷിക്കേണ്ടതും ഈ യാഥാർത്ഥ്യ സമീപനത്തോടെയായിരിക്കണം.

നിളാ നദിയുടെ പ്രശാന്തമായ തീരമാണ് തവനൂർ. സ്ഥലനാമ പുരാണത്തിൽ താപസ്സന്നൂരാണെന്ന് പഴമൊഴി. നൂറ്റാണ്ടുകൾക്ക് മുമ്പ് ദിവ്യരായ മുനിശ്രേഷ്ഠൻമാർ തപസ്സിരുന്ന തീരമായത് കൊണ്ടാണ് താപസ്സന്നൂരെന്ന് പേര് പതിയാൻ കാരണം. ഈ വാമൊഴിയുടെ പ്രചാരം പ്രബലമാണിവിടെ. ഇവിടെ നിന്നും കണ്ടെടുത്തിട്ടുള്ള ഗുഹകളും മൺപാത്രങ്ങളും മറ്റും ഈ വാമൊഴി വിശ്വാസത്തിന്റെ ദൃഷ്ടാന്തങ്ങളാണത്രെ. തവനൂരിന്നടുത്ത് കടകശ്ശേരിക്ക് പറയാനുള്ളത് മറ്റൊന്നാണ്. ഇവിടെ കാണുന്ന കിടങ്ങുകൾ പണ്ട് കോട്ടയുണ്ടായിരുന്നതിന്റെ സൂചനയാണെന്നും ആ കോട്ട ഭീമസേനന്റെ മകൻ ഘടോൽക്കചന്റെ അധിവാസ കേന്ദ്രമായിരുന്ന ഘടോൽക്കശ്ശേരി ആയിരുന്നുവെന്നും അത് കടകശ്ശേരിയായി ലോപിച്ചതാണെന്നും പറയപ്പെടുന്നു. അത് പോലെ തന്നെ മറവഞ്ചേരി മറവൻമാരുടെ (വൈദികൻ) ചേരിയായിരുന്നുവെന്നും പ്രചാരമുണ്ട്. ഇതെല്ലാം തന്നെ ഐതിഹ്യങ്ങളുടെ കാണാപ്പുറങ്ങളാണ്.

സാമൂതിരിയുടെ സാമന്തരാജ്യമായിരുന്ന പ്രാചീന വെട്ടത്ത് നാടിന്റെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്തിരുന്ന പ്രദേശമായിരുന്നു ഈ ഗ്രാമം. തൃക്കണാപുരം പോത്തനൂർ, കാലടി, തവനൂർ എന്നീ നാല് അംശങ്ങളായിരുന്നു ഈ പഞ്ചായത്തിലുണ്ടായിരുന്നത്. ഇതിൽ സമ്പന്നമായ പൈതൃകം അവകാശപ്പെടാനുള്ളത് ദക്ഷിണഗംഗയെന്ന് കീർത്തികേട്ട നിളയുടെ തീരത്തുള്ള തവനൂർ അംശത്തിനാണെന്ന് തോന്നുന്നു. പഞ്ചായത്തിന്റെ കിഴക്കോട്ട് പോകുന്തോറും കുന്നുകളും കാടുകളും ആയിരിക്കും പ്രാചീനകാലത്തുണ്ടായിരുന്നത്. മാണിയൂർ കായലിൽ ഭൂമി താഴ്ത്തുമ്പോൾ ഇപ്പോഴും വൻമരങ്ങളുടെ അവശിഷ്ടങ്ങൾ അവിടെ കാണുന്നത് ഈ വസ്തുതയുടെ ദൃഷ്ടാന്തമായി സ്വീകരിക്കാം. മറ്റൊന്ന് നദീതട സംസ്കാരത്തിന്റെ സ്വാധീനം നിളയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന തവനൂരിലുണ്ടായിരിക്കാം. വടക്കേ തീരമായ തിരുനാവായക്കും തവനൂരിനും ചരിത്രത്തിലുള്ള സ്ഥാനം പരസ്പര പൂരകങ്ങളാണ്. മാമാങ്കത്തിന്റെ സ്മരണകളുണരുന്ന ഈ നിളാതീരത്തായിരുന്നു ചാവേർപടകളുടെ അങ്ക ഭൂമിക. മണിക്കിണറും നിലപാട് തറയും പ്രാചീന ചരിത്ര ബിംബങ്ങളായി ഇന്നും ഇവിടെ നിലനിൽക്കുന്നു. മാമാങ്കത്തിനാവശ്യമായ മരത്തടികളും മുളകളും മറ്റും നൽകിയിരുന്നത് കാലടി ചേരിക്കല്ലിൽ കാലാപറമ്പ് തറവാട്ടുകാരായിരുന്നു. ഈ അവകാശം രാജാവ് തറവാട്ടുകാർക്ക് പതിച്ചു നൽകിയതായി രേഖകളിൽ കാണുന്നു.

തവനൂരംശത്തിലെ പേര് കേട്ട രണ്ട് മനകളായിരുന്നു വെള്ളയിൽ മനയും തവനൂർ മനയും. "വെള്ളയുടെ വാക്കും തവനൂരിന്റെ പണവും" എന്നൊരു പഴഞ്ചൊല്ല് ഈ പ്രദേശത്തുള്ള പഴമക്കാർ പറയാറുണ്ട്. ഈ മനകൾ തമ്മിലുള്ള പരസ്പര ആഭിജാത്യ മാത്സര്യത്തിന്റെയും സവർണ്ണ മേൽക്കോയ്മയുടെയും പരിഛേദമാണ് ഈ പഴഞ്ചൊല്ല്.

കാവുകൾക്ക് പേര് കേട്ടതാണ് തവനൂർ. ഗോത്ര സംസ്കൃതിയിൽ സജീവമായിരുന്ന അമ്മദൈവ സങ്കൽപത്തിന്റെ പ്രതീകങ്ങളാണല്ലോ കാവുകൾ. ദ്രാവിഡ സംസ്കാരവുമായി കാവുകൾക്കുള്ള ബന്ധം ചരിത്രകാരൻമാർ സൂചിപ്പിക്കുന്നുമുണ്ടല്ലോ. പാപ്പിനിക്കാവ്, ചുണ്ടേക്കാവ്, കരിമ്പിയൻ കാവ്. വേളാമ്പുള്ളിക്കാവ്, ഭരണിക്കാവ് തുടങ്ങിയവ ഇവിടത്തെ പേര് കേട്ട കാവുകളാണ്. ഇതിൽ പാപ്പിനിക്കാവിന് ചരിത്രപരമായ സവിശേഷതകളേറെയുണ്ട്. തവനൂരിന്റെ സാംസ്കാരിക ഭൂതകാലത്തിൽ പരാമർശിക്കപ്പെടുന്ന വെള്ളയിൽ മനക്കാരുടേതായിരുന്ന ഈ കാവ് , പ്രശസ്തനും പണ്ഡിതനുമായിരുന്ന വില്വമംഗലം സ്വാമിയാരുടെ ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഈ മനയിലെ കന്യകയായിരുന്ന പാർവതി എന്ന പാപ്പി പൂജാതറയിൽ വെച്ച് മരണപ്പെടുകയും ആ കന്യകയെ പ്രതിഷ്ഠയാക്കിക്കൊണ്ട് സ്ഥാപിച്ചതാണീ

പാപ്പിനിക്കാവെന്ന് പറയപ്പെടുന്നു. വില്വമംഗലത്തിന്റെ ജീവിത കാലഘട്ടം അഞ്ചാം നൂറ്റാണ്ടിലാണെന്നാണ് കരുതപ്പെടുന്നത്.ഇങ്ങനെ പുരാണങ്ങളിലും പ്രധാന കഥാമൊഴികളിലും സ്ഥാനം പിടിച്ചിരുന്ന പ്രദേശമാണ് തവനൂർ. എന്ത് തന്നെയായാലും മുവ്വാങ്കരയിലെ വെള്ളയിൽ മനക്കാരുടെ നിർണ്ണയിക്കാനാവാത്ത സംഭാവനകൾ തവനൂരിന്റെ പിൽക്കാല പുരോഗതിക്ക് വളരെയധികം സഹായകമായിരുന്നിട്ടുണ്ട്.

കേരള ഗാന്ധിയെന്നറിയപ്പെട്ടിരുന്ന കെ. കേളപ്പന്റെ ആഗമനത്തോടെയായിട്ടാണ് തവനൂരിൽ ദേശീയ പ്രസ്ഥാനത്തിന്റെ മാറ്റൊലികൾ പ്രതിഫലിച്ചത്. പൊന്നാനിയിൽ അധ്യാപകനായിരിക്കേയാണ് തവനൂർ അദ്ദേഹത്തിന്റെ കർമ്മപഥമായിത്തീർന്നത്. മലബാർ കലാപത്തിന്റെ പോറലുകൾ ഇവിടെ സംഭവിക്കാതെ പോയതിന്റെ കാരണം കേളപ്പന്റെയും മുസ്ലിം വേദ പണ്ഡിതനും ലീഗ് നേതാവുമായിരുന്ന പൊന്നാനിയിലെ ആറ്റക്കോയതങ്ങളുടെയും അശ്രാന്ത പരിശ്രമം കൊണ്ടായിരുന്നു.

അസംഘടിതമായ അന്നത്തെ ഒറ്റപ്പെട്ട ചർക്ക ക്ലാസ് പോലെയുള്ള സമര രൂപങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് 1942ൽ പാപ്പിനിക്കാവ് മൈതാനിയിൽ നടത്തിയ കോൺഗ്രസ് സമ്മേളനത്തോടെയാണ് ഇവിടെ സ്വാതന്ത്ര്യസമരം ശക്തമായത്. ബ്രിട്ടീഷ് വാഴ്ചക്കെതിരെയുണ്ടായ ആദ്യത്തെ കൂട്ടായ സമരത്തിന്റെ തുടക്കം കൂടിയായിരുന്നു ഇത്. വാസുദേവൻ നമ്പൂതിരി, എൻ.പി. ദാമോദരൻ, വക്കീൽ രാമൻമേനോൻ, ഗോപാലക്കുറുപ്പ്, പി.കെ. മേനോൻ, മാടമ്പത്ത് ഗോവിന്ദൻമേനോൻ തുടങ്ങിയവരായിരുന്നു ഇതിന് നേതൃത്വം കൊടുത്തവരിൽ പ്രമുഖർ. പ്രകോപനപരമായി പ്രസംഗിച്ചതിന് പത്രപ്രവർത്തകനും മാതൃഭൂമി സബ് എഡിറ്ററുമായിരുന്ന എൻ.പി. ദാമോദരനെ രണ്ടു വർഷത്തെ തടവിന് ശിക്ഷിക്കലും ഇതിനോടൊപ്പമുണ്ടായിട്ടുണ്ട്. ഇതിന്റെ പ്രത്യാഘാതസമരങ്ങൾ പലതും പിന്നീടുണ്ടായി.

1948ൽ ഗാന്ധിജിയുടെ ചിതാഭസ്മം നിമജ്ജനം ചെയ്തതു മുതൽ തവനൂരിന് മറ്റൊരു പ്രശസ്തി കൂടി ലഭിച്ചു. സർവ്വോദയ മേളയുടെ തിരുഭൂമിയാണിവിടെ. സ്വാതന്ത്ര്യ ഗീതങ്ങൾ ഉണർത്തുപാട്ടാക്കി, ദേശീയപ്രസ്ഥാനത്തിന്റെ ഉയർന്ന പദവിയിലെത്തിയ കോഴിപ്പുറത്ത് മാധവൻമേനോന്റെയും എ.വി. കുട്ടിമാളു അമ്മയുടെയും പ്രവർത്തന വേദി കൂടിയായിരുന്നു തവനൂർ. മലബാറിന്റെ ഗതാഗത വളർച്ചക്ക് വഴിതെളിയിച്ച കുറ്റിപ്പുറം പാലം കോഴിപ്പുറത്ത് മാധവൻ മേനോൻ മദിരാശി ഗവൺമെന്റിൽ മന്ത്രിയായിരുന്ന കാലത്ത് നിർമ്മിച്ചതാണ്.

അപക്വമായിരുന്ന അന്നത്തെ സമരപ്രസ്ഥാനങ്ങൾക്കൊന്നും തന്നെ സമൂഹത്തിൽ പ്രതിഫലിച്ചിരുന്ന വർഗവൈരുധ്യങ്ങളെ തിരിച്ചറിയാനോ ഉന്മൂലനം ചെയ്യാനോ സാധിക്കാതെ പോയത് നേതൃത്വത്തിന്റെ നിരീക്ഷണത്തിലും സംഘാടനത്തിലും ഉണ്ടായ പാളിച്ചകളായിരുന്നുവെന്ന് മനസ്സിലാക്കാം. കമ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിന് ശേഷമാണ് ഈ പഞ്ചായത്തിന്റെ ദൂരവ്യാപകമായ സാമൂഹ്യമാറ്റത്തിന് നാന്ദി കുറിച്ചത്. മൂരടാവിൽ തുപ്പു എന്ന തുപ്രൻ, കെ.വി. കുഞ്ഞേനു തുടങ്ങിയവരായിരുന്നു ഈ നവോത്ഥാന മാറ്റത്തിനു നേതൃത്വം നൽകിയവർ. ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളിലൂടെ സ്മരിക്കപ്പെടേണ്ട മറ്റൊരാളായിരുന്നു ഇ.യു.ജി. എന്ന ത്രയാക്ഷരത്തിലറിയപ്പെട്ടിരുന്ന എരാത്ത് ഉണിക്കാട്ട് ഗോവിന്ദൻ മേനോൻ. ഏതാനും സവർണ പ്രമാണിമാരുടെ കൈവശമായിരുന്നു ഇവിടുത്തെ ഭൂസ്വത്തുക്കളിൽ ഭൂരിഭാഗവും. 18000ത്തോളം പറ നെല്ല് ഒരു ജന്മിക്ക് കിട്ടുമായിരുന്നുവത്രെ! അതിൽനിന്ന് തന്നെ മനസ്സിലാക്കാം ജന്മിമാരുടെ ഭൂസ്വത്തിന്റെ വ്യാപ്തി. വർഗബോധം തിരിച്ചറിഞ്ഞുകൊണ്ട് ഈ അസമത്വത്തിനെതിരെ തൊഴിലാളി വർഗത്തെ ശരിയായ ദിശയിലേക്ക് ഉയർത്തിക്കൊണ്ട്, ജന്മിമാർക്കെതിരെ നടത്തിയ ജനമുന്നേറ്റങ്ങളും പ്രക്ഷോഭങ്ങളും തവനൂരിനെയാകെ പ്രകമ്പനം കൊള്ളിച്ചിട്ടുണ്ട്. വിവിധ കാലഘട്ടങ്ങളിലായി പൊട്ടിപ്പുറപ്പെട്ട, മിച്ചഭൂമി, കുടികിടപ്പ്, കൊയ്ത്തു സമരങ്ങൾ ഫ്യൂഡൽ ജന്മിത്വത്തിനെതിരെ അധ്വാനിക്കുന്ന തൊഴിലാളി വർഗത്തിന്റെ ഉറച്ച ചുവടുവെയ്പുകളായിരുന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ഇതിന് നേതൃത്വം നൽകിയവരിൽ പ്രധാനികളായിരുന്നു സി.ഐ. ദേവസ്യയും ചെമ്പേക്കര മാധവനും. ചുണ്ടേക്കാവ് ക്ഷേത്ര പ്രവേശനസമരവും ഹരിജനങ്ങൾക്ക് വിദ്യാഭ്യാസം നിക്ഷേധിച്ചതിനെതിരെയുള്ള സമരവും ഇതിനോടൊപ്പം എടുത്തു പറയാനുള്ളതാണ്. ഭൂപരിഷ്കരണം നടപ്പിലാക്കിയതോടെ ബഹുഭൂരിഭാഗം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂസ്വത്തിന്റെ ഉടമകളാക്കി മാറ്റിക്കൊണ്ട് അവരിൽ പുതിയൊരു ദിശാബോധം സൃഷ്ടിച്ചു എന്നുള്ളതാണ് ഇതു മൂലമുണ്ടായ ചരിത്ര പ്രധാനമായ നേട്ടം.

തവനൂരിന്റെ ദ്രുതഗതിയിലുണ്ടായ സാമൂഹിക സാമ്പത്തിക സാംസ്കാരിക വളർച്ചക്ക് നിസ്വാർത്ഥമായ പങ്കു വഹിച്ചവരായിരുന്നു, 'തൊപ്പിയും കുടുമയും' എന്ന പേരിലറിയപ്പെട്ടിരുന്ന ഇ.കെ. ഇമ്പിച്ചിബാവയും വാസുദേവൻ നമ്പൂതിരിയും. കാവിൽപ്പടിയിലെ കാവിൽ ജന്മിയുടെ കൈവശമുണ്ടായിരുന്ന മാണൂർ കാടിന്റെ പകുതിയോളം ഏറ്റെടുത്തുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ റീജിയണൽ വർക്ഷോപ്പ് സ്ഥാപിച്ച് ഈ പ്രദേശത്തിന്റെ പ്രധാന വ്യവസായ കേന്ദ്രമാക്കിയതിന്റെ എല്ലാ ബഹുമതികളും ഇമ്പിച്ചിബാവക്കുള്ളതാണ്. മലബാറിന്റെ തന്നെ ട്രാൻസ്പോർട്ട് മേഖലയിൽ സ്ഫോടനാത്മകമായ വളർച്ചയാണ് ഇതുവഴിയുണ്ടായത്. അതുപോലെ തന്നെ നമുക്ക് അഭിമാനിക്കാവുന്ന മറ്റൊരു സ്ഥാപനമായിരുന്നു തവനൂരിലെ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്. കെ. കേളപ്പന്റെയും മലബാർ ഡിസ്ട്രിക്റ്റ് ബോർഡുമെമ്പറും സ്വാതന്ത്ര്യസമര സേനാനിയും ആയിരുന്ന വാസുദേവൻ നമ്പൂതിരിയുടെയും ശ്രമഫലമായിട്ടാണ് കേരളത്തിലുള്ള ഒരേയൊരു കാർഷിക എൻജിനീയറിംഗ് കോളേജായി മാറിയ ഈ വിദ്യാഭ്യാസ സ്ഥാപനം ഇവിടെ നിലവിൽ വന്നത്. തവനൂരിന്റെ നാനാമുഖ വളർച്ചക്ക് സഹായിച്ച വാസുദേവൻ നമ്പൂതിരി ആയിരം പൂർണചന്ദ്രന്മാരെ കണ്ട നിർവൃതിയുമായി നമ്മോടൊപ്പം ഇന്നും ജീവിച്ചിരിക്കുന്നു.

ഐക്യകേരള പിറവിക്കു ശേഷം 1961ലാണ് തവനൂർ പഞ്ചായത്ത് ഔദ്യോഗികമായി നിലവിൽ വന്നതെങ്കിലും തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരത്തിലെത്തിയത് 1963ലാണ്. ഈ കമ്യൂണിസ്റ്റ് ഭരണസമിതിയുടെ പ്രസിഡന്റ് ചോലക്കൽ മാധവനായിരുന്നു. പാലക്കാട് ജില്ലയിലായിരുന്നു അന്ന് ഈ പഞ്ചായത്ത്

ഉൾപ്പെട്ടിരുന്നത്. നീണ്ട പതിനാറു വർഷക്കാലം ഈ ഭരണസമിതി പഞ്ചായത്തിൽ അധികാരത്തിലുണ്ടായിരുന്നു. ഇതിനിടയിലാണ് മലപ്പുറം ജില്ലാ രൂപീകരണവും പഞ്ചായത്ത് അതിൽ ഉൾപ്പെട്ടതും. തുടക്കത്തിൽ ഒമ്പതു വാർഡുകളുണ്ടായിരുന്ന ഈ പഞ്ചായത്തിൽ ഇപ്പോൾ പതിനഞ്ചു വാർഡുകളാണുള്ളത്. ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 1995 സെപ്തംബർ 30ന് ശ്രീമതി പി.പി. ജാനകിയുടെ നേതൃത്വത്തിൽ അധികാരമേറ്റു.

1969ൽ ഇ.കെ. ഇമ്പിച്ചിബാവയാണ് തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്തത്. അതിനുമുമ്പ് ഈ ഓഫീസ് തവനൂരങ്ങാടിയിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പുതിയ കെട്ടിടത്തിനു വേണ്ടി ഭൂമി നല്കിയത് തച്ചിലത്ത് ഗോവിന്ദമേനോനായിരുന്നു.

*സന്നദ്ധ പ്രവർത്തനമേഖല*

സന്നദ്ധ സംഘങ്ങൾ തവനൂർ പഞ്ചായത്തിന്റെ വികാസപ്രക്രിയയിൽ വഹിച്ച സേവനങ്ങൾ സ്മരിക്കപ്പെടേണ്ടതാണ്. പൊന്നാനിയിൽനിന്ന് തിരുന്നാവായ കടവു വരെയും എടപ്പാളിൽ നിന്ന് കുറ്റിപ്പുറം കടവു വരെയും മാത്രമാണ് ആദ്യകാലത്തുണ്ടായിരുന്ന റോഡ് ഗതാഗതം. ഏകദേശം 80 വർഷക്കാലത്തോളം പഴക്കമുണ്ടായിരുന്നു ഇതിന്. പൊന്നാനിതിരുനാവായ കടവ് റോഡ് നിർമ്മിക്കുന്നതിന് നേതൃത്വം കൊടുത്തവർ അന്നത്തെ തഹസിൽദാരായിരുന്ന കുമരനെല്ലൂർ സ്വദേശി ചാത്തു നമ്പ്യാരും അംശം അധികാരി നാരായണൻ നമ്പൂതിരിയുമായിരുന്നു. അവിടെനിന്ന് ഇല്ലത്തു പടി വരെ വാസുദേവൻ നമ്പൂതിരി നേതൃത്വം നൽകി നിർമിച്ചതാണ്. അവിടെനിന്ന് മഠത്തിൽപ്പടി വരെയുള്ള റോഡിന് നേതൃത്വം നൽകിയവരിൽ പ്രമുഖരായിരുന്നു കേളുകുട്ടിനായർ, കൊച്ചുണ്ണി നായർ, മാടമ്പത്ത് വാസുദേവൻമേനോൻ തുടങ്ങിയവർ. വെള്ളയിൽ ഗോവിന്ദൻ നമ്പൂതിരിയുടെ കഠിന പരിശ്രമങ്ങളും ഇതിനുണ്ടായിരുന്നു. ഈ റോഡിലുള്ള പാലത്തോട് പാലം നിർമ്മിക്കാനുള്ള സഹായം ചെറാട്ട് കൃഷ്ണമേനോനിൽ നിന്നു ലഭിച്ചിട്ടുണ്ട്. അതളൂർതൃപ്പാലൂർ മഠത്തിൽപ്പടി വരെയും അവിടെ നിന്ന് തൃക്കണാപുരം ജംഗ്ഷൻ വരെയുള്ള റോഡ് നിർമാണത്തിൽ തുപ്പു എന്ന തുപ്രൻ, വടക്കേ വീട്ടിൽ ഗോവിന്ദൻ നായർ, നാരായണമേനോൻ, കെ. കുമാരൻ മാസ്റ്റർ, കെ.ടി. ഗോവിന്ദമേനോൻ, ടി.പി. മൊയ്തു, എൻ.പി. വാസുദേവമേനോൻ തുടങ്ങിയവർ നേതൃത്വം നൽകി. ഈ റോഡിനു വേണ്ടി ഈ പ്രദേശത്തെ സാധാരണ ജനവിഭാഗങ്ങളായിരുന്നു ഭൂമി നൽകിയത്. ഇത് തവനൂരിന്റെ ചരിത്രത്തിൽ എടുത്തുപറയത്തക്ക ഒരേടാണ്. സർവോദയ മേളയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന എം.പി. മന്മഥന്റെ സേവനങ്ങളും ഈ ശ്രമത്തിനുണ്ടായിട്ടുണ്ട്. ഹൈസ്കൂൾ വിദ്യാർത്ഥികളെ ഈ ശ്രമദാനത്തിൽ ക്രിയാത്മകമായി അദ്ദേഹം ഉപയോഗപ്പെടുത്തി. ഇതിലെല്ലാം പങ്കെടുത്തിട്ടുള്ള വിസ്മരിക്കാനാകാത്ത ഒരു വിഭാഗമുണ്ടായിരുന്നു. തവനൂരിനെ ബാഹ്യലോകവുമായി ബന്ധിപ്പിക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ച ആയിരക്കണക്കിനു വരുന്ന തൊഴിലാളികൾ. ഈ വിഭാഗങ്ങളുടെ പങ്കിന്റെ രേഖാചിത്രങ്ങളൊന്നുമില്ലാത്തത് അക്കാലത്ത് അവർ അസ്പൃശ്യരായതു കൊണ്ടാകാം.

*വിദ്യാഭ്യാസ രംഗം*

20–ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തൃക്കണാപുരത്ത് മലബാർ ബോർഡ് സ്കൂൾ സ്ഥാപിച്ചു കൊണ്ടാണ് ഇവിടെ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. ഈ സ്കൂളാണ് ഇപ്പോൾ ജി.എൽ.പി. സ്കൂൾ തൃക്കണാപുരമായി പ്രവർത്തിക്കുന്നത്. അതിനു ശേഷം പുള്ളുവൻ പടിയിലെ കാലടി ബോർഡ് എലിമെന്ററി സ്കൂളും (ഇപ്പോൾ കാലടി ജി.എൽ.പി.എസ്) അന്ത്യാളം കുടത്തെ എസ്.എസ്.യു.പി. സ്കൂളും സ്ഥാപിച്ചു. ഹരിജനങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനു വേണ്ടി മറവഞ്ചേരിയിൽ ഒരു ഹരിജൻ വെൽഫയർ സ്കൂളും പ്രവർത്തിച്ചിരുന്നു. ഇപ്പോഴത്തെ കെ.എം.ജി. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ശാന്തികുടീരത്തിനടുത്ത് കേളപ്പജി സ്ഥാപിച്ച സർവോദയം പോസ്റ്റ് ബേസിക് സ്കൂളായിരുന്നു. പ്രാചീകലാത്തെ പേരുകേട്ട ചന്തയായിരുന്നു മാണിയൂർ ചന്ത. ഈ ചന്തക്കടുത്തു പ്രവർത്തിച്ചിരുന്ന സ്കൂളാണ് പിൽക്കാലത്ത് കണ്ടനകത്തെ വിദ്യാപീഠമായി രൂപപ്പെട്ടത്. മഹത്തായ മറ്റൊരു സ്ഥാപനമായിരുന്നു റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്. ഇത് കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളി എന്ന പേരിൽ ബൃഹത്തായ ഒരു വിദ്യാഭ്യാസ സ്ഥാപനമായി മാറി ഇന്ന്.

കാളവണ്ടികളും കുതിരവണ്ടികളും സഞ്ചാരവാഹനമായിരുന്ന ഈ പഞ്ചായത്തിലെ ആദ്യത്തെ ബസ് സർവീസ് 1940ൽ ആരംഭിച്ചു. പൊന്നാനി എടപ്പാൾ കണ്ടനകം കുറ്റിപ്പുറം കടവ് വരെയായിരുന്നു ഈ സർവ്വീസ്. 1950കളിൽ ഈ പ്രദേശത്ത് വൈദ്യുതിയെത്തി. ഈ പഞ്ചായത്തിലെ ആദ്യത്തെ പോസ്റ്റാഫീസ് തവനൂരിൽ 1950ൽ സ്ഥാപിതമായി. എടക്കുളം പോസ്റ്റ് ഓഫീസിൽ നിന്നും തവനൂരിലേക്ക് മെയിൽ കൊണ്ടുവന്നിരുന്ന തവനൂരിന്റെ ആദ്യത്തെ അഞ്ചലോട്ടക്കാരൻ വടക്കേ വീട്ടിൽ നാരായണൻ നായർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

സമൂഹത്തിലെ ആഢ്യമേധാവിത്ത ഇടപെടലുകളും അടിയാളരുടെ അധമബോധവും ഈ പ്രദേശത്തിന്റെ സാമൂഹ്യസാംസ്കാരിക പുരോഗതിയെ ഒരു നിശ്ചിത കാലഘട്ടം വരെയെങ്കിലും പിന്നോട്ടടിപ്പിച്ചിട്ടുള്ളതായി കാണാം. അത് ഈ രാജ്യത്തിന്റെ ആദ്യകാലത്തെ പൊതു സ്വഭാവമായതു കൊണ്ട് അതിൽനിന്നും തവനൂരിന് മുക്തമാകാനാകില്ലല്ലോ. എന്നാൽ വിദ്യാഭ്യാസ വ്യാപനത്തോടെ നൂതനാശയങ്ങൾ ഏറ്റുവാങ്ങിയ ജനത ആ നിശ്ചലാവസ്ഥയെ മറികടക്കുകയും പുത്തനൊരു സാമൂഹ്യബോധം നിർമിക്കുകയും ചെയ്തു.

ശാസ്ത്രീയതെളിവുകളുടെയും മറ്റു പരിമിതികളുടെയും അഭാവത്തിൽ നാട്ടറിവിലൂടെയും വാങ്മയരൂപങ്ങളിലൂടെയും ക്രമപ്പെടുത്തിയ ഈ ചരിത്ര പശ്ചാത്തലം അപൂർണ്ണമാകുന്നുണ്ട്. എങ്കിലും ലഭ്യമായ പശ്ചാത്തല ദിശയിൽ നിരീക്ഷിക്കുമ്പോൾ തവനൂരിന്റെ സാംസ്കാരിക ഭൂമി അവമതിക്കാനാകാത്ത സംഭാവനകൾ നൽകിയിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്. ചരിത്രസൃഷ്ടാക്കളുടെ സംഭാവനകളിൽ ആവേശമുൾക്കൊണ്ട് പുത്തനൊരു ചരിത്രസൃഷ്ടിക്കായ് നമുക്ക് പ്രവർത്തിക്കാം.....

☺ ☺ ☹

# ഭൂപ്രകൃതി - ജലപ്രകൃതി ജനപ്രകൃതി

കേരളത്തിലെ ഏറ്റവും വലിയ നദിയായ ഭാരതപ്പുഴ ഈ പഞ്ചായത്തിനെ വടക്കു കിഴക്കേ അതിരുമുതൽ പടിഞ്ഞാറെ അതിരുവരെ ഒഴുകി അനുഗ്രഹിക്കുന്നു. കേരളത്തിലെ വലിയ പഞ്ചായത്തുകളിൽ ഒന്നാണ് തവനൂർ പഞ്ചായത്ത്. 42.37 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന ഈ പഞ്ചായത്തിൽ തവനൂർ, കാലടി എന്നീ വില്ലേജുകളാണ് ഉള്ളത്. തൃക്കണാപുരം, കാലടി, തവനൂർ, പോത്തനൂർ എന്നീ അംശങ്ങളാണ് മുമ്പ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. തവനൂർ പഞ്ചായത്ത് ഭരണപരമായ സൗകര്യത്തിനു വേണ്ടി വില്ലേജ് അടിസ്ഥാനത്തിൽ വിഭജിക്കണം എന്ന ആവശ്യം ജനങ്ങൾ ഉയർത്താൻ തുടങ്ങിയിട്ട് വർഷങ്ങളായി. അധികാരികളുടെ ഭാഗത്തു നിന്ന് ഇതുവരെ യാതൊരു അനുകൂല ഭാവവും ഉണ്ടായിട്ടില്ല.

തവനൂർ പഞ്ചായത്തിന്റെ കിഴക്കെ അതിരായി ഭാരതപ്പുഴയും ആനക്കര വട്ടംകുളം പഞ്ചായത്തുകളുമാണ്. തെക്കുഭാഗത്ത് എടപ്പാൾ പഞ്ചായത്തും ഇഴുവത്തിരുത്തി പഞ്ചായത്തുമാണ്. വടക്കും പടിഞ്ഞാറും ഭാരതപ്പുഴ അതിരായി ഒഴുകുന്നു. തൃശൂർ കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേയും നാഷണൽ ഹൈവെ 17 യും തവനൂർ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. അതിർത്തിയിൽ നിന്ന് 1km മാത്രം അകലെയാണ് കുറ്റിപ്പുറം റെയിൽവെ സ്റ്റേഷൻ. എന്നാൽ ഈ ഗതാഗത സൗകര്യം ചൂഷണം ചെയ്ത് വ്യവസായവൽക്കരണത്തിന് ആക്കം കൂട്ടാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

കോലത്രക്കുന്ന്, മാണിയൂർ കുന്ന്, പറക്കുന്ന്, കൊറ്റിക്കുന്ന്, കൂരടക്കുന്ന്, പൂച്ചാംകുന്ന്, തേങ്ങാകുന്ന്, ഒതയംചേരികുന്ന്, മൂർച്ചിറക്കുന്ന്, തിരുത്തിക്കുന്ന് എന്നിങ്ങനെ കുറെയേറെ കുന്നുകളുള്ള പഞ്ചായത്താണ് തവനൂർ. പഞ്ചായത്തിന്റെ കിഴക്കേ പകുതി കുന്നുകളും അവയുടെ ചരിവുകളും താഴ്വാരങ്ങളും നിറഞ്ഞതാണ് പടിഞ്ഞാറെ പകുതി സമതലമാണ്. അഗ്രോക്ലൈമാറ്റിക് സോണിൽ ഈ പഞ്ചായത്തിനെ തീരദേശ മണൽ പ്രദേശമായാണ് (Coastal sandly Zone) ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും പഞ്ചായത്തിന്റെ പകുതിയോളം ഭാഗം മണൽ പ്രദേശമല്ല. കുന്നിൻ പ്രദേശങ്ങളിലും ചരിവുകളിലും മുഖ്യമായി ചെമ്മണ്ണും ചെങ്കൽപാറയും താഴ്വാരങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു. സമതലപ്രദേശങ്ങളിലേക്കെത്തുമ്പോൾ മണൽ കലർന്ന് മണ്ണും മണൽ കലർന്ന ചെളിമണ്ണും പുഴയോരത്ത് എക്കൽ മണ്ണും കാണപ്പെടുന്നു.

സസ്യാവരണത്തിന്റെ കാര്യത്തിൽ സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. പറമ്പുകളിൽ പ്രധാനകൃഷി തെങ്ങും കവുങ്ങുമാണ്. കുരുമുളക് കൃഷി നാമമാത്രമാണ്. കശുമാവ് , മാവ് , പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും സാധാരണമാണ്. പാടങ്ങളിൽ മുഖ്യകൃഷി നെല്ല് തന്നെ . ലിഫ്റ്റ് ഇറിഗേഷൻ ആയക്കട്ട് പ്രദേശങ്ങളിൽ പുഞ്ചകൃഷിയോ എള്ളുകൃഷിയോ മാറി മാറി ചെയ്ത് വരുന്നു. പച്ചക്കറി കൃഷിക്ക് സാധ്യതകൾ ഏറെയുണ്ടെങ്കിലും കർഷകർ പ്രയോജനപ്പെടുത്തുന്നില്ല.

പാരിസ്ഥിതിക പ്രശ്നങ്ങളായി പ്രധാനമായും കാണുന്നത് പാടം നികത്തി തെങ്ങ് വെക്കുന്നതും കെട്ടിടം പണിയുന്നതുമാണ്. നെൽകൃഷി കുറയാൻ ഇതു കാരണമാകുന്നുണ്ട് എന്നു മാത്രമല്ല, കൃഷി സ്ഥലത്തേക്കുള്ള വഴിയും കയ്യേറപ്പെടുകയും അടയുകയും ചെയ്യുന്നതിനാൽ മൊത്തത്തിലുള്ള ആവാസ വ്യവസ്ഥ തകരാറിലാക്കുകയും ചെയ്യുന്നു. എന്നാൽ തെങ്ങിൽ നിന്നും ഉദ്ദേശിക്കുന്ന വിളവ് ലഭിക്കുന്നില്ല. ഈ പ്രവണത നിരുൽസാഹപ്പെടുത്തേണ്ടതാണ്. കണ്ടനകം KSRTC വർക്ക് ഷോപ്പിൽ നിന്ന് ഒഴുക്കിവിടുന്ന എണ്ണ കലർന്ന മലിനജലം സമീപ പ്രദേശങ്ങളിലെ പാടങ്ങളുടെ ഫലഭൂയിഷ്ഠതയെ കാര്യമായി ബാധിച്ചിട്ടുണ്ട്. കുറെ പാടങ്ങൾ ഇക്കാരണത്താൽ തരിശുഭൂമിയായി മാറിയിട്ടുണ്ട്.

പഞ്ചായത്തിലെ മൊത്തം 981 വീടുകളിൽ 5725 വീടുകൾ ഓടിട്ടതും 2722 വീടുകൾ ഓല മേഞ്ഞതും 1444 വീടുകൾ കോൺക്രീറ്റുമാണ്. രണ്ടും പതിനഞ്ചും വാർഡുകളിലാണ് ഓലവീടുകൾ കൂടുതലുള്ളത്.

അറബിക്കടലിന്റെയും ഭാരതപ്പുഴയുടെയും സാമീപ്യവും അങ്ങിങ്ങായി കാണപ്പെടുന്ന കുന്നുകളുടെ കിടപ്പും പഞ്ചായത്തിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. എങ്കിലും ചില വർഷങ്ങളിൽ മഴയുടെ ലഭ്യതയിൽ നേരിയ കുറവുള്ളതായി കാണുന്നു. മെയ് അവസാനത്തോടെ തുടങ്ങുന്ന തെക്കുപടിഞ്ഞാറൻ കാലവർഷം ആഗസ്റ്റ് വരെ തുടരുകയും ആകെ മഴയുടെ 75.80 % ഓളം ലഭ്യമാകുകയും ചെയ്യുന്നു. മിക്കവാറും ഈ സമയത്ത് മാത്രമാണ് തവനൂരിന്റെ പുഴ, നിള നിറഞ്ഞൊഴുകുന്നത് . ആകെ ലഭിക്കുന്ന മഴയുടെ 2025 ശതമാനം മാത്രമേ തുലാവർഷത്തിൽ ലഭിക്കുന്നുള്ളൂ. എങ്കിലും മണ്ണിന്റെ ജലസംഭരണ ശേഷി വർധിപ്പിക്കുന്നതിൽ തുലാവർഷം കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. ഏപ്രിൽ മെയ് മാസങ്ങളിൽ അപൂർവ്വമായി ഇടമഴ കിട്ടുന്നത് കൃഷിക്കും കുടിവെള്ളത്തിനും ആശ്വാസമാകാറുണ്ട്. പഞ്ചായത്തിന്റെ അതിരുകളുടെ പകുതിയെ തഴുകി ഒഴുകുന്ന നിള മുഖ്യ ജല സ്രോതസ്സാണ്. ഗ്രാമത്തിന്റെ എല്ലാ ഭാഗത്തുമുള്ള തോടുകളും കുളങ്ങളും മണ്ണിനെ സജലയാക്കാൻ സഹായിക്കുന്നു. എന്നാൽ പലതോടുകളും മണ്ണ് വന്നു നിറഞ്ഞും വശങ്ങളിടിഞ്ഞും ക്രമേണ ഉപയോഗ ശൂന്യമായിത്തീരുന്നു. തോടുകൾ ആഴം കൂട്ടുകയും , വശങ്ങൾ കെട്ടി നന്നാക്കുകയും ചെയ്ത് പ്രയോജനക്ഷമമാക്കേണ്ടത് ഏറ്റവും പ്രധാന്യത്തോടെ കാണേണ്ട ആവശ്യമാണ്.

മദിരശേരി, തൃക്കണാപുരം, തവനൂർ , പോത്തനൂർ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലൂടെ വലിയ ഒരു സാധ്യതയാണ് ഈ ഗ്രാമത്തിന് തുറന്നുകിട്ടിയിരിക്കുന്നത്. എങ്കിലും വേനൽക്കാലത്ത് പുഴയിലെ ജല ദൗർലഭ്യം ഈ

പദ്ധതികളുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. കുടിവെള്ളത്തിനായി ജനങ്ങൾ കിണറിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ വേനൽക്കാലത്ത് കിണറുകൾ വറ്റുന്ന പ്രവണത സ്ഥിരമായി കാണപ്പെടുന്നു.


നടക്കാവിലും അയങ്കലത്തുമുള്ള രണ്ട് കുഴൽ കിണറുകൾ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി പ്രയോജനപ്പെടുത്തുന്നുണ്ട്. ഇവിടത്തെ ഭൂമിയിൽ ഏറിയ പങ്കും കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കാർഷികേതര ഭൂമി വളരെ കുറവാണ്. തരിശുഭൂമി തീരെ ഇല്ലെന്ന് തന്നെ പറയാം. ലിഫ്റ്റ് ഇറിഗേഷനിലൂടെ ജലം ലഭിക്കുന്ന പാടങ്ങളിൽ ഇരുപ്പൂകൃഷിചെയ്യുന്നുണ്ട്. മറ്റുള്ളിടങ്ങളിൽ ഒരുപ്പൂ കൃഷിയാണ്.


ഇവിടത്തെ ഏറ്റവും വലിയ സമ്പത്ത് അധ്വാന ശീലരായ മനുഷ്യരാണ്. എന്നാൽ കായികാധ്വാനമുള്ള കൃഷിപോലെയുള്ള ജോലികളിൽ നിന്ന് ജനങ്ങൾ സാവധാനത്തിൽ പിൻവാങ്ങുന്ന പ്രവണത കണ്ടുവരുന്നു. കമ്പോള സംസ്കാരം വ്യാപകമായതോടെ വ്യാപാര രംഗത്തേക്ക് ജനങ്ങൾ തിരിയുന്നത് കാണുന്നു. എന്നാൽ നിർമ്മാണ രംഗത്തേക്കുള്ള യുവ തൊഴിലാളികളുടെ കടന്നുകയറ്റം വലിയ തോതിലാണ്.


സമ്പൂർണ്ണ സാക്ഷരത പരിപാടിയിലൂടെ സാക്ഷരത നേടിയ ഇവിടത്തെ ജനങ്ങളിൽ ഭൂരിപക്ഷവും വീണ്ടും നിരക്ഷരതയിലേക്ക് വഴുതി വീണിട്ടുള്ളത് തുടർ സാക്ഷരതാ പരിപാടിയുടെ അഭാവം കൊണ്ടാണ്.


നാടിന്റെ നൻമക്ക് വേണ്ടിയുള്ള ഏതൊരു കഠിന വൃത്തിയും ഏറ്റെടുക്കാൻ ഗ്രാമസഭകളിലൂടെ ഇന്നാട്ടുകാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് ശോഭനമായ ഭാവിയിലേക്കുള്ള ദിശാസൂചകമാണ്.

പഠന പര്യടനം 1.2.3











# കൃഷിയും ജലസേചനവും

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കാർഷികരംഗം ഫ്യൂഡൽവ്യവസ്ഥയിൽ പൂർണ്ണമായി അമർന്നിരിക്കുക യായിരുന്നു. ഫ്യൂഡൽ ബന്ധങ്ങളുടെ വേരറുക്കാനും, അടിസ്ഥാനപരമായ കാർഷിക പരിഷ്കാരത്തിനും വേണ്ടി യുള്ള പോരാട്ടം ദേശീയപ്രസ്ഥാനത്തോടൊപ്പം തന്നെ ഈ ഗ്രാമത്തിലും ആരംഭിക്കുകയുണ്ടായി. അന്ന് കൃഷിഭൂമിയാ കെ ഏതാനും സവർണ്ണ ജന്മിമാരുടെ കൈ വശമായിരുന്നു. തങ്ങളുടെ അധീനതയിലുള്ള അടിയാള രായ കർഷകത്തൊഴിലാളികളെ കൊണ്ട് കൃഷിയിറക്കി യും, കുടിയാന്മാർക്ക് ഭൂമി പാട്ടത്തിനു കൊടുത്തുമായി രുന്നു അന്ന് കൃഷിനടത്തിയിരുന്നത്. ജലസേചനത്തിന് അന്ന് മുഖ്യമായും മഴയെത്തന്നെയാണ് ആശ്രയിച്ചി രുന്നത്. പുരാതനമായി ചില കായലുകളും തോടുകളും അന്ന് ജലസേചനത്തിന് ഉപയോഗപ്പെടുത്തിയിരുന്നു. ചക്രംചവിട്ടിയും, ഏത്തം ഉപയോഗിച്ചും, കൈകൊണ്ട് തേകിയും വെള്ളം തിരിച്ചുവിട്ടിരുന്നു. മുഖ്യമായും കൃഷിചെയ്തിരുന്നത് നെല്ലാണ്. ഇടവിളകളായി പാടത്ത് എള്ള്, പയർ, ചാമ, ഉഴുന്ന്, കടല എന്നിവയും കൃഷി ചെയ്തിരുന്നു. പറമ്പുകൃഷിയിൽ തെങ്ങും, കവുങ്ങും, വാഴയും ആയിരുന്നു മുഖ്യം. ഇടവിളകളായി മോടൻ, ചാമ. രാഗി എന്നിവ കൃഷിചെയ്തിരുന്നു. വളമായി ഉപയോഗിച്ചിരുന്നത് അന്ന് സുലഭമായിരുന്ന ചാണകവും ചാരവും ജൈവവളങ്ങളുമായിരുന്നു.

കർഷകനും കർഷകത്തൊഴിലാളിയും വർഷം മുഴുവൻ പകലന്തിയോളം എല്ലുമുറിയെ പണി എടുത്തിരുന്നെങ്കിലും പട്ടിണിമാറ്റാനുള്ള പതമോ കൂലി യോ അന്ന് ലഭ്യമായിരുന്നില്ല. മുഴുപ്പട്ടിണിയും അര പ്പട്ടിണിയുമായി മരണത്തോടും, രോഗങ്ങളോടും മല്ലിട്ട് അജ്ഞതയിലും അടിമത്ത്വത്തിലും ആണ്ടുകിടന്നിരുന്ന അവസ്ഥ മാറിയത് കർഷകകമ്മ്യൂണിസ്റ്റ് പ്രസ്ഥാന ങ്ങളുടെ നിരന്തരവും ത്യാഗപൂർണ്ണവുമായ പ്രവർത്തന ങ്ങളിലൂടെയായിരുന്നു. ഐക്യകേരളപ്പിറവിയോടെ അധികാരത്തിൽ വന്ന പ്രഥമ കമ്മ്യൂണിസ്റ്റ് ഗവർമെണ്ട് പാസാക്കിയ കുടികിടപ്പവകാശ നിയമവും പിന്നീട് പാസ്സാക്കിയ ഭൂപരിഷ്കരണനിയമവുമാണ് കാർഷിക പരിഷ്കാരത്തിന് നാന്ദികുറിച്ചത്. കേരളത്തിന്റെ കാർഷികരംഗത്തും, സാമൂഹ്യ,സാമ്പത്തികരംഗത്തും ദൂരവ്യാപകങ്ങളായ ഫലമുളവാക്കിയ ചരിത്രസംഭവങ്ങ ളായിരുന്നു ഈ നിയമങ്ങൾ. ഭൂമിയുടെ ഉടമസ്ഥാവകാ ശം ലഭിച്ചതോടെയും, കാർഷികരംഗത്തെ ആധുനിക രീതികൾ സ്വായത്തമാക്കിയതിലൂടെയും കാർഷിക രംഗം ഒരു കുതിച്ചുചാട്ടത്തിന് വിധേയമായി. എന്നാൽ പല കാരണങ്ങളാലും ഈ പ്രവണത നിലനിർത്താൻ കഴിഞ്ഞിട്ടില്ല. ഇന്ന് കാർഷികരംഗം വീണ്ടും ഒരു മുരടി പ്പിലമർന്നിരിക്കുന്നു.

ജനപ്പെരുപ്പവും കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള മാറ്റവും, ആധുനികരീതി യിലുള്ള കെട്ടിടനിർമ്മാണവും മറ്റും താമസസൗകര്യ ങ്ങൾ കൂടുതൽ ഉണ്ടാക്കുവാൻ കാരണമാവുകയും, അതിനാൽ കൃഷിക്ക് ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി ദിനം തോറും ചുരുങ്ങിവരുകയും ചെയ്തു. ശാസ്ത്രീയമായ ഭൂവിനിയോഗവും; ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും മാത്രമാണ് ഈ സ്ഥിതിയെ നേരിടാനുള്ള മാർഗ്ഗങ്ങൾ. തവനൂർ പഞ്ചായത്തിലെ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയ റിംഗ് & ടെക്നോളജി എന്ന സ്ഥാപനം ഇതിനുള്ള പോംവഴികൾ ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ട്. പഞ്ചായത്തിലെ കൃഷിഭൂമി വിവരം, കുടുംബങ്ങളുടെ എണ്ണം എന്നിവ താഴെ കൊടുക്കുന്നു.

| ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 1 ഹെക്ടറിൽ താഴെ | 5910 |
| 1 ഹെക്ടറിനും 2ഹെക്ടറിനും ഇടയിൽ | 948 |
| 2 ഹെക്ടറിനു മുകളിൽ | ഇല്ല |

അവലംബം FIB പ്രസിദ്ധീകരണം കൃഷിഭവൻ

നെല്ലാണ് പഞ്ചായത്തിലെ മുഖ്യ കൃഷി. വിരിപ്പുകൃഷിയും, മുണ്ടകൻ കൃഷിയും സാധാരണയായി നടത്തുന്നുണ്ട്. കായൽ നിലങ്ങളിലും; ലിഫ്റ്റ് ഇറിഗേഷൻ ആയക്കെട്ട് ഏരിയയിലും പുഞ്ചകൃഷി നടത്തുന്നു.

പട്ടിക 1-2A, 1-2B കാണുക.

<u>കാലാവസ്ഥ:</u> കാലവർഷവും തുലാവർഷവും ഈ പഞ്ചായത്തിനെ ധന്യമാക്കുന്നു. ഈ രണ്ട് വർഷ പാതങ്ങൾക്കിടയിൽ മഞ്ഞുകാലവും, തുടർന്ന് വേനലും അനുഭവപ്പെടുന്നു. വർഷക്കാലത്ത് ജലാശയങ്ങൾ കവിഞ്ഞൊഴുകുന്നു. മഴനിലച്ച് അധികം കഴിയാതെ തന്നെ തോടുകളും ജലാശയങ്ങളും വറ്റി വരളുന്നു. പട്ടിക 3 കാണുക.

<u>ജലസേചനപദ്ധതികൾ.</u> എൽ.ഐ.സ്കീമിൽ 5 പദ്ധ തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഏതാനും പദ്ധ തികൾ ഏറ്റെടുത്ത് നടത്താനും ഉദ്ദേശ്യമുണ്ട്. ഇതിന് പുറമെ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ തുടങ്ങാനുദ്ദേശിക്കുന്ന 3 പദ്ധതികൾ കൂടിയുണ്ട്. പട്ടിക

4(A), 4(B)

പട്ടിക. 1-2A

| തവനൂർ ഗ്രാമപഞ്ചായത്ത്‌വിളഭൂമിവിസ്തീർണ്ണവും ഉത്പാദനവും | | | |
|---|---|---|---|
| വിള | വിസ്തീർണ്ണം(HR) | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത (HR) |
| നെല്ല് (ഒന്നാംവിള) | 2156 | 3449 mt | 1 mt/HR |
| നെല്ല് (രണ്ടാംവിള) | 2485 | 4100 mt | 1.65 mt/Hr |
| നെല്ല് (മൂന്നാംവിള) | 410 | 880 mt | 2 mt/Hr |
| പയർ | 35 | 3500 kg | 100 kg/Hr |
| എള്ള് | 110 | 5500 kg | 50 kg/Hr |
| പച്ചക്കറികൾ | 18 | 2800 kg | 155.5kg/Hr |
| തെങ്ങ് | 1585 | 95100 nos | 60 Hr |
| വാഴ | 50 | 100 mt | 2 mt/Hr |
| മരച്ചീനി | 4 | 80 mt | 20 mt/Hr |
| കുരുമുളക് | 14 | 1400 kg | 100 kg/Hr |
| പ്ലാവ് | 56 | 26400Nos | 4400 nos/Hr |
| കശുമാവ് | 45 | 3600Kg | 80 kg/Hr |
| മാവ് | 12 | 4680 kg | 390 kg/Hr |
| റബ്ബർ | 4 | - | - |
| കവുങ്ങ് | 628 | 816400 kg | 1300 kg/Hr |
| അവലംബം (കൃഷിഭവൻ രേഖ) | | | |

ജലസേചനപദ്ധതികൾ എന്നു കേൾക്കുമ്പോൾ തവനൂർ പഞ്ചായത്തുകാരുടെ മനസ്സിൽ ഓടിയെത്തു ന്നത് ചമ്രവട്ടം റെഗുലേറ്റർ കംബ്രിഡ്ജ് ആണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് തുടങ്ങിവെച്ച ഈ പദ്ധതിക്ക് ലക്ഷ ങ്ങൾ പാഴാക്കിയിട്ടുണ്ട്. പദ്ധതി എങ്ങും എത്തിയിട്ടും ഇല്ല. പ്രസ്തുത പദ്ധതി പൂർത്തിയായാൽ ഒരുപ്പൂനിലങ്ങ ൾ മുപ്പൂനിലങ്ങളാക്കി മാറ്റാം. കൂടാതെ മറ്റു വിളകളിൽ നിന്നും ആദായം ഇരട്ടിക്കുകയും ചെയ്യും. ജലക്ഷാമ ത്തിന് ശാശ്വതപരിഹാരവും ആകും. പൊന്നാനി, തിരൂർ താലൂക്കിലെ ആയിരക്കണക്കിന് കർഷകർക്ക് ആശ്വാസമേകാൻ ഈ പദ്ധതിയുടെ പൂർത്തീകരണം കൊണ്ട് സാധിക്കും എന്ന് പ്രത്യാശിക്കാം.

പട്ടിക. 1-2B

അത്യുല്പാദശേഷിയുള്ള നെല്ലിന്റെ ഇനങ്ങളും പ്രത്യേകതകളും

| ഇനം | മൂപ്പ്-ദിവസം | അരിയുടെ നിറം | വിളവ് ഹെക്ടറിന് (ടൺ) |
|---|---|---|---|
| IR8 | 125-135 | വെള്ള | 8 |
| ജയ | 120-125 | വെള്ള | 8 |
| അന്നപൂർണ്ണ | 90-100 | ചുവപ്പ് | 5 |
| ത്രിവേണി | 95-105 | വെളുപ്പ് | 5 |
| രോഹിണി | 75-110 | വെളുപ്പ് | 5 |
| അശ്വതി | 120-125 | വെളുപ്പ് | 8 |
| ജോതി | 110-125 | ചുവപ്പ് | 8.5 |
| മസൂരി | 125-146 | വെളുപ്പ് | 9 |
| പവിഴം | 115-118 | ചുവപ്പ് | 5.5 |
| കാർത്തിക | 115-120 | ചുവപ്പ് | 5.6 |
| സ്വർണ്ണപ്രഭ | 100-110 | വെളുപ്പ് | 6 |

അവലംബം FIB പ്രസിദ്ധീകരണം

പട്ടിക 3

മലപ്പുറം ജില്ലയിലെ മഴയുടെ അളവ്

അവലംബം: കേരളത്തിന്റെ ഭൂപ്രകൃതി

| മാസം | പെയ്ത മഴ മി.മീ 1995 |
|---|---|
| ജനുവരി | 5 |
| ഫെബ്രുവരി | 7 |
| മാർച്ച് | 21 |
| ഏപ്രിൽ | 86 |
| മെയ് | 221 |
| ജൂൺ | 688 |
| ജൂലായ് | 797 |
| ആഗസ്റ്റ് | 399 |
| സെപ്റ്റംബർ | 205 |

| | |
|---|---|
| ഒക്ടോബർ | 291 |
| നവംബർ | 157 |
| ഡിസംബർ | 30 |

ആകെ വർഷപാതം: 2707,മി.മീ
അവലംബം: Land Resources of Kerala State
(Table 2,4, page 60)

പട്ടിക 4(A) നോക്കുക

പുത്തൻ സാമ്പത്തികനയത്തിന്റെ ഭാഗമായി ഇറക്കുമതിയിൽ ഉദാരവൽക്കരണം നടപ്പാക്കിയതോടെ നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്ക് വിലകിട്ടാത്ത സ്ഥിതിയുണ്ടുവുകയും, കൃഷിനഷ്ടമാവുകയും തന്മൂലം ഭൂമിതരിശിടുകയും ചെയ്യുന്നു. നമ്മുടെ കാർഷികരംഗത്തെ മുരടിപ്പിലാക്കിയ ഈ കുഴപ്പം ഈ ഗ്രാമത്തെയും ബാധിച്ചു. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷികവിളകളുടെ വിപണനകേന്ദ്രങ്ങൾ നിലവിലില്ല. ചെറുകിടവ്യാപാരികൾ മുഖേനയാണ് വിപണനം ഇപ്പോൾ നടക്കുന്നത്. ഇടത്തട്ടുകാരുടെ ചൂഷണത്തിന് ചെറുകിട കർഷകർ ഇരയാകുന്ന ഈ സ്ഥിതിമാറ്റാൻ പഞ്ചായത്തിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ വിപണ നകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. പഞ്ചായത്ത് സർവ്വീസ് കോഓപ്പ റേറ്റീവ് ബാങ്ക് മുമ്പ് കൊപ്ര സംഭരിച്ചു വിപണനം നടത്തി യിരുന്നുവെങ്കിലും രണ്ടുകൊല്ലങ്ങളായി അതും നിലച്ചിരിക്കുന്നു.

വൻകിട കർഷകർ ഈ ഗ്രാമത്തിലില്ലെന്ന്തന്നെ പറയാം. രണ്ട് ഹെക്ടറിനു മുകളിൽ കൃഷിഭൂമിയുള്ള കർഷകരില്ലെന്നാണ് കാർഷിക വകുപ്പ് രേഖകളിലുള്ളത്. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ 5910 പേരാണെങ്കിൽ 1ഹെക്ടറിനും 2ഹെക്ടറിനും ഇടയിൽ ഭൂമിയുള്ളവർ 948പേരാണ്. തങ്ങളുടെ സ്വന്തം കൃഷിയിടങ്ങളിൽ പണിയെടുക്കുന്ന കർഷകർ കുറവാണ് പത്തുശത മാനത്തിൽ താഴെമാത്രം.കൂലിക്ക് ആളെവെച്ചാണ് മുഖ്യമായും കൃഷി.

മൊത്തം കാർഷിക ജനസംഖ്യയിൽ ഈ ഗ്രാമത്തിൽ 72% കർഷകത്തൊഴിലാളികളാണ്. 1991ലെ സെൻസസ് പ്രകാരം കർഷകത്തൊഴിലാളികൾ 4454 പേരാണ് ഇവിടെ ഉള്ളത്. അവരിൽ അധികം പേർ കെട്ടി ടനിർമ്മാണ രംഗത്തേക്ക് ചേക്കേറിയിരിക്കുന്നതായി കാണാം.

പഞ്ചായത്തിൽ നിലവിലുള്ള ശരാശരി കൂലി വ്യവസ്ഥ
പട്ടിക 5

| ഇനം | കൂലി രൂപ | |
|---|---|---|
| | ആൺ | പെൺ |
| ഉഴവ് | 125 | - |
| കിളയ്ക്കൽ | 125 | - |
| ഞാറുനടീൽ | - | 50 |
| കളപറിക്കൽ | - | 50 |
| മെതി | - | 50 |
| തേങ്ങയിടൽ | 125 | - |
| കീടനാശിനി തെളിക്കൽ | 125 | |

രാസവളത്തിന്റെയും, ജൈവവളത്തിന്റെയും വിലകൂടുതലും, കൂലിച്ചെലവ് കൂടിയതും നെൽകൃഷി ആകർഷണീയമല്ലാതാക്കിയിട്ടുണ്ട്. പരമ്പരാഗതമായ കൃഷിസമ്പ്രദായങ്ങളും, വിത്തിനങ്ങളുമാണ് ഏതാണ്ട് കഴിഞ്ഞ 2 ദശകം വരെ ഇവിടത്തുകാർ ഉപയോഗിച്ചിരു ന്നത്. പ്രധാനമായ വിത്തിനങ്ങൾ വട്ടൻ, പൂന്ത, ചീര, ചീമച്ചീര, പാണ്ടി, കുട്ടാടൻ, തവളക്കണ്ണൻ, നവര എന്നി വയാണ്. മറ്റു പ്രധാന വിളകൾ തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി,കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, കുരുമുളക്, ഇഞ്ചി, എള്ള്, കശുവണ്ടി എന്നിവയാണ്. ആദ്യകാലങ്ങളിൽ കാളകളെയും, പോത്തുകളെയും ഉപയോഗിച്ച് കലപ്പകൊണ്ട് നിലം ഉഴുതായിരുന്നു കൃഷിചെയ്തിരുന്നത്.

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ കണ്ടുപിടുത്തവും, രാസവളങ്ങളുടെയും, കീടനാശിനി കളുടെയും വരവും, ആധുനിക യന്ത്രോപകരണങ്ങ ളുടെ അവതരണവും കാർഷികമേഖലയിൽ വിപ്ലവകര മായ മാറ്റങ്ങൾ വരുത്തി.

### കീടനാശിനികളുടെ ഉപയോഗം

മണ്ണെണ്ണക്കുഴമ്പ്, പുകയിലക്കഷായം, ബോർഡോ മിശ്രിതം, ബോർഡോകുഴമ്പ് എന്നീ ചെലവുകുറഞ്ഞ കീടനാശിനികളും അന്തർവ്യാപന ശേഷി കുറഞ്ഞതും, കൂടിയതുമായ എഡ്രീഫൻ, മെറ്റാസിൻ, കാർബൊഡാ സിൻ, എക്കാലക്സ്, ഹിനോസാൻ, ഫൂരഡോൺ, ഇനോസാൻ, ബി.എച്ച്.സി. എന്നിവയും പ്രയോഗ ത്തിലുണ്ട്.

പട്ടിക 4(B)
തവനൂർ പഞ്ചായത്തിലെ കുളങ്ങളും,കായലുകളും
(ആധാരം ഗ്രാമസഭ)

| വാർഡ് നമ്പർ | കുളങ്ങൾ | കായൽ |
|---|---|---|
| 1. | | |
| 2. | അയ്യങ്കുളം (95സെന്റ്) ഈനാങ്കുളം (16സെന്റ്) ചക്കൻകുളം, മാങ്കുളം(15സെന്റ്) | |
| 3. | | |
| 4. | മൊത്തം 5എണ്ണം | |
| 5. | | മാണൂർ കായൽ |
| 6. | | മുരിക്കായൽ |
| 7. | പുന്നംകുളം | മറവഞ്ചേരി കായൽ |
| 8. | മാങ്കുളം, പുതുക്കുളം | വെള്ളാഞ്ചേരി കായൽ |
| 9. | അയങ്കലം കായൽ | |
| 10. | അണ്ണങ്ങാട്ട് കുളം | തവനൂർ കായൽ |
| 11. | കക്കൊളം, അങ്ങാടിക്കുളം | (നെല്ലിക്കാപുഴ) |
| 12. | | |
| 13. | പൊയ്ലത്ത് സുബ്രഹ്മണ്യക്ഷേത്രക്കുളം | |

പട്ടിക 4A

തവനൂർ പഞ്ചായത്ത് പണി പൂർത്തിയായതോ, നടന്നുകൊണ്ടിരിക്കുന്നതോ, നടത്താൻ ഉദ്ദേശിക്കുന്നതോ ആയ ജലസേചനപദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികളുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | ആയകെട്ട് വിസ്തീർണ്ണം | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|
| 1. | എൽ.ഐ.സ്കീം തവനൂർ | പൂർത്തിയായി | 1966 | 388.05He | ഭാരതപ്പുഴയിലെ ജലദൗർലഭ്യം |
| 2. | എൽ.ഐ.സ്കീം പോത്തനൂർ | പൂർത്തിയായി | 1966 | 336.56He | പമ്പിങ്ങിനെ ബാധിക്കാറുണ്ട് |
| 3. | എൽ.ഐ.സ്കീം തൃക്കണാപുരം | പൂർത്തിയായി | 1966 | 241.46He | " " |
| 4. | എൽ.ഐ. സ്കീം മദിരശ്ശേരി | " " | 1978 | 99.26He | " " |
| 5. | എൽ.ഐ.സ്കീം ഞണ്ടൂർനികുളം | " " | 1990 | 121.56He | " " |
| 1. | തണ്ടിലം ബിയ്യം തോടിൽ ചിറനിർമ്മിക്കൽ | പണിനടക്കുന്നു | | 40He | പുതിയ പദ്ധതി ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നു. |
| 2. | നൃച്ചാലൂർ തോടിൽ ചിറ നിർമ്മിക്കൽ | " | | 20He | " " |
| 3. | മാത്തൂർ റോഡിൽ ആര്യമ്പാടം ചിറ നിർമ്മിക്കൽ | " | | 35He | " " |
| 4. | വെള്ളാഞ്ചേരി കായൽ തോടിൽ നരിക്കുളം നിലത്ത് ചിറ നിർമ്മിക്കൽ | " | | 18He | " " |
| 5. | മറവഞ്ചേരി കായൽ തോടിൽ ചിറ നിർമ്മിക്കൽ | " | | 15He | " " |
| 6. | തണ്ടിലം ബിയ്യം തോടിൽ ആനത്തൊലി | " | | 20He | " " |
| 1. | അയ്യകുളം, മാത്തൂർ,തണ്ടിലം പദ്ധതി | ഉദ്ദേശിക്കുന്നു. | | | " പ്രപോസൽ |
| 2. | ചീരക്കുഴി പ്രൊജക്ട് | " | | | " " |
| 1. | കോലത്രചിറ കണ്ടനകം | " | | 35He | യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ തുടങ്ങുന്ന പദ്ധതികൾ |
| 2. | തോട്ടത്തൂർ പള്ളിയാലിൽ ചിറ | " | | 40He | " " |
| 3. | ചടവൻകുളം ചിറ | " | | 40He | " " |

അവലംബം: ചെറുകിട ജലസേചനവിഭാഗം രേഖയും ഗ്രാമസഭ റിപ്പോർട്ടും.

14. അയ്യങ്കുളം, തണ്ടിലം ദുർഗ്ഗാദേവിക്ഷേത്രക്കുളം, അരയാലക്കൽകുളം

15. നരിപ്പാകുളം, മാനാകുളം, പഴങ്കുളം

അജ്ഞതമൂലം അമിത രാസവളപ്രയോഗവും, കീടനാശിനിപ്രയോഗവും മണ്ണിന്റെ ജൈവഘടനയിൽ സാരമായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കർഷകനെ ഇത് വീണ്ടും പ്രതിസന്ധികളിലേക്ക് തള്ളിയിടുന്നു.

*യന്ത്രവൽക്കരണം*

കൃഷിയായുധങ്ങളും യന്ത്രങ്ങളും: ഉല്പാദനച്ചലവ് കൂടുതലായതിനാൽ കൃഷിക്കാരൻ തന്റെ പരമ്പരാഗത തൊഴിലും ജീവിതമാർഗ്ഗവുമായ കൃഷിയിൽ നിന്നും പിൻവാങ്ങിക്കൊണ്ടിരിക്കയാണ്. കൃഷിപ്പണിക്ക് ആളുകളെ കിട്ടുന്നില്ലെന്നത്, ഭാവിയിൽ കൃഷി അന്യം നിന്നുപോകുമെന്ന അവസ്ഥ വരെ എത്തിച്ചിട്ടുണ്ട്. ഈ ദുസ്ഥിതിക്ക് പരിഹാരം വേണം. അതിന് ട്രാക്റ്റർ, പവർ ടില്ലർ, നടീൽയന്ത്രങ്ങൾ, കൊയ്ത്ത് യന്ത്രങ്ങൾ, സ്പെയറുകൾ തുടങ്ങിയവ കിട്ടുവാനുള്ള ഏർപ്പാടുണ്ടാവ ണം. സഹകരണാടിസ്ഥാനത്തിൽ അവ സാധ്യമാക്കാനു ള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

പട്ടിക-6

തവനൂർ പഞ്ചായത്ത്-കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവു ഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റുയന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്റ്റർ | ടില്ലർ | നാടൻകലപ്പ | റോക്ക്, സ്പ്രേയർ | നാപ്സാക്ക് സ്പ്രേയർ | മറ്റുള്ളവ | | | |
| 1. | 3 | - | 15 | 2 | 15 | - | - | - | 49 |
| 2. | 2 | - | 8 | - | 4 | - | 1 | - | 50 |
| 3. | 4 | - | 14 | 7 | 24 | - | - | - | 60 |
| 4. | - | - | 6 | 1 | 25 | - | - | - | 26 |
| 5. | - | - | 9 | 2 | 12 | - | - | - | 28 |
| 6 | - | - | 10 | 2 | 22 | - | - | 1 | 38 |
| 7. | - | - | 6 | 1 | 12 | - | - | - | 45 |
| 8. | 1 | - | 14 | 9 | 22 | - | - | - | 48 |
| 9. | 2 | - | 6 | 1 | 18 | - | - | - | 32 |
| 10. | 4 | - | 19 | 2 | 26 | - | - | - | 56 |
| 11. | - | - | 7 | 1 | 14 | - | - | - | 44 |
| 12. | - | - | 6 | 2 | 12 | - | - | - | 50 |
| 13. | 1 | - | 4 | 1 | 10 | - | - | - | 48 |
| 14. | 1 | - | 15 | 2 | 14 | - | - | - | 60 |
| 15. | 1 | - | 12 | 2 | 20 | - | - | - | 65 |

അവലംബം: കൃഷിഭവനിലെ രേഖ

പട്ടിക 7

തവനൂർ പഞ്ചായത്ത് നടീൽ വസ്തുവിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 93-94 | 94-95 | 95-96 |
| തെങ്ങ് | 600 WCT<br>200 TxD | 500wct<br>150 TXD | 360wct 50DxT<br>100 TXD |
| കവുങ്ങ് | - | 200 | - |
| കശുമാവ് | - | 800 | 1600 |
| കുരുമുളക് | - | 3000 | 3000 |

അവലംബം: കൃഷിഭവൻ രേഖ

പട്ടിക 8

തവനൂർ പഞ്ചായത്ത് ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക രൂപ |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് ഇടി മിന്നൽ | ഉരുൾ പൊട്ടൽ | | |
| 1993-94 | 85 | - | 100 | - | 185 | 55000 |
| 94-95 | 45 | - | 153 | - | 200 | 13700 |
| 95-96 | - | - | 131 | - | 131 | 22253 |

അവലംബം കൃഷിഭവൻ രേഖ

*വളം ഉപഭോഗം*

വളം ഉപഭോഗത്തിന്റെ കാര്യത്തിൽ ഒരു സന്തുലിതാവസ്ഥ പാലിക്കാൻ ഇവിടുത്തെ കൃഷിക്കാർ ബദ്ധ ശ്രദ്ധരാണെന്നു കാണാം. ജൈവവളത്തിന്റെ കടുത്ത ദൗർലഭ്യത്തിൽ വിദൂരദേശങ്ങളിൽ നിന്നു പോലും ജൈവവളങ്ങളെത്തിച്ച് തങ്ങളുടെ കൃഷിയിടങ്ങളുടെ രാസഘടനയെ പോഷിപ്പിക്കാൻ കൃഷിക്കാർ ശ്രമിക്കുന്നതു കാണാം. വിളകൾ തിരിച്ചുള്ള രാസവളം ഉപഭോഗം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 9

രാസവളം പ്രയോഗം

| | രാസവളം (ഹെക്ടറിനു കിലോഗ്രാം) | | |
|---|---|---|---|
| വിള ഇനം | N | P | K |
| നെല്ല് ഹ്രസ്വകാല ഇനങ്ങൾ | 70 | 35 | 35 |
| " മധ്യകാല ഇനങ്ങൾ | 90 | 45 | 45 |
| " നാടൻ | 40 | 20 | 20 |
| തെങ്ങ് ഒന്നിന്<br>ഒരു വർഷത്തേക്ക് നാടൻ | 0.340 | 0.170 | 0.680 |
| " സങ്കര ഇനം | 1.000 | 0.500 | 2.000 |
| കവുങ്ങ് ഒന്നിന്<br>ഒരു വർഷത്തേക്ക് നാടൻ | 0.100 | 0.040 | 0.140 |
| " മംഗള | 0.150 | 0.060 | 0.210 |

| | | | |
|---|---|---|---|
| വാഴ ഒന്നിന് നേന്ത്രൻ | 0.190 | 0.115 | 0.300 |
| " പാളയംകോടൻ (മൈസൂരി) | 0.100 | 0.200 | 0.400 |

കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

പട്ടിക 10

| വിള | രോഗങ്ങൾ |
|---|---|
| നെല്ല് | മുഞ്ഞ തണ്ടുതുരപ്പൻ ഓലചുരുട്ടി |
| പച്ചക്കറി | വൈറസ് ബാധ |
| തെങ്ങ് | കുമ്പടയൽ, ചെന്നീരൊലിപ്പ് വേര് ചീയൽ |
| കവുങ്ങ് | മഹാളി |
| കുരുമുളക് | ദ്രുതവാട്ടം |
| വാഴ | കുമ്പടപ്പ് |

*വായ്പാ സൗകര്യം*

കാർഷികമേഖലയിൽ ആശ്വാസം പകരാനായി സ്ഥാപിക്കപ്പെട്ടതാണ് പഞ്ചായത്ത് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്. എന്നാൽ രണ്ടു പഞ്ചായത്തുകളുടെ വിസ്തൃതിക്കുള്ള ഇവിടത്തെ ആവശ്യങ്ങൾ നിറവേറ്റാൻ ഈ ബാങ്കിന് കഴിയാറില്ല. ഉദ്യോഗസ്ഥ ന്മാരുടെ കർശന നിലപാടുകളും ഉപഭോക്താക്കൾ കാർഷിക വായ്പ വാങ്ങി കാർഷികേതര ആവശ്യങ്ങൾ ക്കുപയോഗിക്കുന്നതും തിരിച്ചടവ് മുടക്കുന്നതും ബാങ്കിന്റെ പ്രവർത്തനങ്ങളെ തന്നെ ബാധിക്കാറുണ്ട്. ബാങ്കിന്റെ ശാഖകൾ നരിപ്പറമ്പിലും കണ്ടനകത്തും തുറക്കേണ്ടതും പ്രവർത്തനങ്ങൾ സുതാര്യമാക്കേ ണ്ടതും കാർഷികാഭിവൃദ്ധിക്കാവശ്യമാണ്. വിത്തും വളങ്ങളും കീടനാശിനികളും വിതരണം ചെയ്യുന്ന ഒരു ഏജൻസിയായും ഈ ബാങ്കിനെ പ്രവൃത്തിപ്പിക്കേണ്ട തുണ്ട്.

വിത്തും വളവും കീടനാശിനികളും ഇപ്പോൾ വിതരണം ചെയ്യുന്നത് സ്വകാര്യ ഏജൻസികളാണ്. വിതരണത്തിന്റെ പട്ടിക കൊടുക്കുന്നു.

പട്ടിക 11

രാസവളം കീടനാശിനി വിവരങ്ങൾ

| വിപണന സ്ഥാപനം | 95-96 രാസവളം കി.ഗ്രാം | | | 95-96 കീടനാശിനി | |
|---|---|---|---|---|---|
| | N | P | K | ദ്രാവം ലിറ്റർ | ഖരം ലിറ്റർ |
| സഹകരണം | - | - | - | - | - |
| സ്വകാര്യം | 68000 | 34000 | 34000 | 300 | 250 |

(അവലംബം: കൃഷിഭവൻ രേഖ)

*കാർഷിക വികസന പ്രവർത്തനങ്ങൾ*

കാർഷികരംഗത്തുണ്ടാകുന്ന ശാസ്ത്രീയ നേട്ടങ്ങ ളുടെ ഗുണഫലങ്ങൾ അപ്പപ്പോൾ കർഷകരിലെ ത്തിക്കാൻ കൃഷിഭവനുകൾ സഹായിക്കുന്നില്ല. ഇപ്പോഴത്തെ കേന്ദ്രീകൃത ഭരണസംവിധാനം കൃഷിവകുപ്പി നെതന്നെ കർഷകനിൽനിന്നും അകറ്റിനിർത്തുന്നതായി കാണാം. ജനകീയ ആസൂത്രണപ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടാകേണ്ട കാർഷിക മുന്നേറ്റം സാധ്യമാക ണമെങ്കിൽ കൃഷിഭവൻ കർഷകന്റെ ഏറ്റവും വലിയ സഹായിയായി മാറണം. ഏകീകൃത കൃഷി സമ്പ്രദായ ത്തിൽ ഒരു തരം കാർഷിക രീതികൾ അവലംബിക്കുന്ന കർഷകർക്ക് വിത്തും വളങ്ങളും കീടനാശിനികളും എത്തിക്കുന്ന ചുമതല കൃഷിഭവനുകളിൽ നിന്നും ലഭ്യമാക്കണം.

നിർദ്ദേശങ്ങൾ: ജലസേചനം

<u>തടയണകൾ:</u> ഭാരതപ്പുഴയിൽ തവനൂരിനും തിരുന്നാവായക്കുമിടയിൽ തടയണയും അടിയണയും നിർമ്മിക്കുന്നതുകൊണ്ട് ജലക്ഷാമം പരിഹരിക്കാനും കൃഷിഭൂമികളെ എക്കാലവും ഹരിതാഭമാക്കാനും സാധിക്കുന്നതാണ്.

മാണൂർ കായൽ ബണ്ട് നിർമ്മാണം: പ്രവർത്തനം തുടങ്ങി വെച്ചെങ്കിലും സ്തംഭനാവസ്ഥയിലാണ് മാണൂർ കായൽ പദ്ധതി. തവനൂർ, വട്ടംകുളം, എടപ്പാൾ പഞ്ചായത്തുകളിലെ ഏക്കർ കണക്കിൽ കൃഷിക്ക് ഇതു മൂലം പ്രയോജനം ലഭിക്കും.

<u>തോടുകളും, കനാലുകളും</u>

1) തവനൂർ ലിഫ്റ്റ് ഇറിഗേഷൻ പമ്പിന്റെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുക.

2) നിലവിലുള്ള കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

3) പാലത്തോടു പാലം മുതൽ വെള്ളാഞ്ചേരിക്കായൽ വരെ കനാൽ വരച്ച് റോഡാക്കി ഗതാഗതയോഗ്യമാക്കുക. (13 മീ വീതിയിൽ സർക്കാർ ഭൂമിയുണ്ട്)

4) സബ്കനാൽ തോട് നാഷണൽ ഹൈവേയിൽ മുട്ടി നിൽക്കുന്ന അവസ്ഥ മാറ്റി റോഡിന്റെ മറുവശത്തേക്ക് നീട്ടുക.

5) തവനൂർ കായലിൽ നിന്നും തുടങ്ങുന്ന തോട് പാലത്തോടിനോട് ബന്ധിപ്പിക്കുക.

6) അതളൂർ മാത്തൂർ തോട് തവനൂർ കാക്കശ്ശേരിക്കുന്നിന്റെ കിഴക്കു ഭാഗത്തു കൂടി വരുന്ന തോടുമായി ബന്ധിപ്പിക്കുക.

7) തൃപ്പാലൂർ തോട് കുണ്ടോത്തിയിൽ നിന്ന് തേൻകുളം മാളിയക്കൽ താഴം വഴി റോഡരികിലൂടെ തൃപ്പാലൂർ തോടുമായി ബന്ധിപ്പിക്കുക. എല്ലാ തോടുകളിലും ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പിടുക.

8) വെള്ളാഞ്ചേരി കായലിൽ നിന്ന് തൃപ്പാലൂർക്ക് വരുന്ന പാലത്തോട് രണ്ടു വശവും ഭിത്തി കെട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ ചീർപ്പിടുക. ചീരക്കുഴി പദ്ധതി നടപ്പാക്കുകയും, പമ്പ് ഹൗസിൽനിന്ന് പാലത്തോടു വഴി വെള്ളം ലഭ്യമാക്കുകയും ചെയ്യുക.

9) മദിരശ്ശേരി, തൃക്കണാപുരം ലിഫ്റ്റ് ഇറിഗേഷൻ പമ്പ്ഹൗസുകൾ പ്രയോജനപ്രദമാക്കുക. കനാലിന്റെ അനുബന്ധ അറ്റകുറ്റപ്പണികൾ നടത്തുക. വെള്ളാഞ്ചേരി മുണ്ടകപ്പാടത്തു നിന്നും പോകുന്ന തോടിന്റെ ഭിത്തി കെട്ടി ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പിടുക.

10) തൃക്കണാപുരം അവസാനത്തോട് ചേർന്ന നിലവിലുള്ള മേച്ചിപ്പാടം മുതൽ വകയിലെ തോടിന്റെ സൈഡ് കെട്ടി ഇടക്കിടെ ചീർപ്പ് ഇടുക.

11) ആറംകുഴി മേച്ചിപ്പാടം വഴി പോത്തനൂർ വരെയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. മുക്കംതോടിനും മേച്ചിപ്പാടം തോടിനും നടപ്പാലം പുതുക്കി പണിയുക.

12. വരതൂർ കായൽ തോടിലെ ചീർപ്പ് റിപ്പയർ ചെയ്യുക. തോടിന്റെ അറ്റകുറ്റപണികൾ നടത്തുക.

13. ഭാരതപ്പുഴയിൽ സൈഡുകെട്ടി 'പുലിമുട്ടുകൾ' സ്ഥാപിച്ച് കരകൾ ഇടിച്ചിൽ തടയുക. കുറ്റിപ്പുറം മുതൽ ചമ്രവട്ടം കടവു വരെ.

14. മണ്ണാർതോട് സൈഡ് കെട്ടി കായൽ വരെ നീട്ടുക. മണ്ണാർതോട് കല്യാണിക്കാവു വരെ ദീർഘിപ്പിക്കുക. അറ്റകുറ്റപ്പണി ചെയ്ത് ജലസേചനയോഗ്യമാക്കുക.

15. മാണൂർകായൽ ലിഫ്റ്റിറിഗേഷൻ പദ്ധതിയിലൂടെ കാലടിപ്പാടത്തേക്കും തൃക്കോവിൽ ക്ഷേത്രം വഴി ദേവസ്വം നിലത്തിലേക്കും ജലസേചനം സൗകര്യം ഏർപ്പെടുത്തുക.

16. കാലടിപ്പാടത്തു തോടു നിർമിച്ച് കുണ്ടയാർ തോടുമായി ബന്ധിപ്പിക്കുക.

17. മാണൂർ അങ്ങാടിയിൽ നിന്നാരംഭിച്ച് അടാട്ടിൻ ചിറയിൽ അവസാനിക്കുന്ന തോടിന്റെ ആഴം കൂട്ടി സൈഡ് കെട്ടി ഉയർത്തി ഇടക്കിടെ ഷട്ടർ ഇടുക.

18. മാപ്പാടം ഭാഗത്തു നിന്നു വരുന്ന തോട് ഭിത്തി കെട്ടി മൂർച്ചറതോടുമായി ബന്ധിപ്പിക്കുക. മണ്ണാർതോടും മൂർച്ചറതോടും മാണൂർ കായൽ വരെ സൈഡ് കെട്ടി ജലസേചന യോഗ്യമാക്കുക.

19. മാണിയൂർ കായലിൽനിന്ന് ബിയ്യം കായലിലേക്കു പോകുന്ന കുണ്ടയാർ തോടിൽ പാലത്തിനു സമീപം (കിഴക്കു ഭാഗം ) ഒരു ചീർപ്പു നിർമ്മിക്കുക.

20. മൂരിക്കായലിൽ നിന്നും പൂനുള്ളിത്തോടു വഴി മാണൂർ കായലിലേക്ക് ഒഴുകിപ്പോകുന്ന വെള്ളം തടുത്തു നിർത്താൻ ചീർപ്പിടുക

21. തൊടപാടം, മാമ്പാടം, ഉദനിക്കര പാടം മുതൽ ഒഴുകിപ്പോകുന്ന അരുതോട് സൈഡ് കെട്ടി സംരക്ഷിക്കുക. കുണ്ടയാർ പാലത്തിന് കിഴക്കു വശം മുതൽ മാണൂർ കായൽ വരെയുള്ള തോട് സൈഡ് കെട്ടി ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പിടുക.

22. കുണ്ടയാർ പാലത്തിനു പടിഞ്ഞാറുവശമുള്ള ഒരുപ്പൂൽ നിലങ്ങൾ സഹകരണാടിസ്ഥാനത്തിൽ (കൂട്ടുകൃഷി) ഇരുപ്പൂ നിലങ്ങളാക്കുക.

23. കുണ്ടയാർ തോട്ടിൽനിന്ന് ആലാക്കായലിലേക്കുള്ള തോടിന്റെ മുഖത്ത് ഒരു ചീർപ്പ് നിർമ്മിക്കുക. തോടിന്റെ ആഴവും വീതിയും കൂട്ടി ഭിത്തികെട്ടി സൗകര്യപ്പെടുത്തുക. മോട്ടോർ സ്ഥാപിക്കുക.

24. മാണിക്യപ്പാലത്തിനു കുറെ കൂടി താഴെ ഒരു ചീർപ്പു നിർമ്മിക്കുക. വലിയ പറമ്പ് താഴം വരെ ചെറിയ കൈത്തോടിന്റെ സൈഡ് കെട്ടി ആഴം കൂട്ടി ഇടയ്ക്കിടെ തടയണകൾ നിർമ്മിക്കുക.

25. മൂരിക്കായലിൽനിന്ന് മാണൂർ കായൽ വരെ പോകുന്ന തോടിൽ പുന്നതുള്ളി താഴത്ത് നിലവിലുള്ള ചീർപ്പ് ഷട്ടറിട്ട് പ്രവർത്തനക്ഷമമാക്കുക. കാടഞ്ചേരി തയ്യിൽ താഴം മുതൽ മങ്ങാട്ടിൽ താഴം വരെ വരുന്ന എടരിത്തോട് സൈഡ് കെട്ടി സൗകര്യപ്രദമാക്കുക.

26. തവനൂർ ലിഫ്റ്റിറിഗേഷൻ പമ്പ് ഹൗസിൽ ഒരേ സമയം മൂന്നു മോട്ടോറും പ്രവർത്തിക്കാൻ പര്യാപ്തമായ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

27. പോത്തനൂർ ലിഫ്റ്റിറിഗേഷൻ പമ്പ് ഹൗസ്, ഭാരതപ്പുഴയിലെ ജലദൗർലഭ്യത്താൽ പ്രവർത്തനക്ഷമമല്ല. ഇതു പരിഹരിക്കാൻ പമ്പ് ഹൗസ് ഭാഗത്തേക്ക് വെള്ളം കൊണ്ടു വരുവാൻ കോൺക്രീറ്റ് ചാലുകൾ നിർമ്മിക്കുകയും വെള്ളം സംഭരിക്കുവാൻ പമ്പ് ഹൗസിനടി വശത്ത് പുഴയിൽ ആഴവും വീതിയുള്ള കോൺക്രീറ്റ് ടാങ്ക് നിർമ്മിക്കുകയും പൈപ്പ് താഴേക്ക് നീട്ടുകയും ചെയ്യുക.

*നിർദേശങ്ങൾ:- കൃഷി*

1. കാർഷികോപകരണങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ മുഖാന്തിരം കിട്ടുവാനുള്ള പദ്ധതി തയ്യാറാക്കുക.

2. കൃഷി വിജ്ഞാനകേന്ദ്രങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുക. ആനുകാലിക പ്രസിദ്ധീകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുക. സെമിനാറുകളും, ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുക.

3. കൃഷിഭവൻ ഉദ്യോഗസ്ഥരും വി.ഇ.ഒമാരും കർഷക സമ്പർക്കം പരിപാടികൾ നടത്തുക.

4. കക്ഷി രാഷ്ട്രീയത്തിനതീതമായി കർഷകരെ ഉൾപ്പെടുത്തി കർഷകസംഘങ്ങൾ രൂപീകരിക്കുക.

5. എല്ലാ കർഷകർക്കും പെൻഷൻ പദ്ധതി നടപ്പാക്കുക

6. വിള ഇൻഷൂറൻസ് സാർവത്രികമായി നടപ്പിലാക്കുക.

7. സബ്സിഡിയും ആനുകൂല്യങ്ങളും അർഹതപ്പെട്ട വർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

8. പാടശേഖരക്കമ്മിറ്റികൾ രൂപീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും അതിനാവശ്യമായ സഹായ സഹകരണങ്ങൾ നല്കുകയും ചെയ്യുക.

9. ഏകീകൃത കൂലി നിരക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.

10. കൃഷിസ്ഥലങ്ങളിൽ യന്ത്രോപകരണങ്ങൾ ഇറക്കുവാൻ സൗകര്യമുണ്ടാക്കുക.

11. കാർഷിക വിഭവങ്ങളുടെ സംഭരണ, വിപണന സംസ്കര ണ്ടെണ കേന്ദ്രങ്ങൾ വാർഡടിസ്ഥാനത്തിൽ സ്ഥാപിക്കുക.

12. കർഷകർക്ക് വിനോദത്തിലൂടെ വിജ്ഞാനം നല്കുന്നതിന് കൃഷി ഡിപ്പാർട്ടുമെന്റ്, പി.ആർ.ഡി., ജില്ലാ ഇൻഫർമേഷൻ, ഫാം ഇൻഫർമേഷൻ, ഫീൽഡ് പബ്ലിസിറ്റി, രാസവള നിർമ്മാണകമ്പനികൾ, കീടനാശിനി നിർമ്മാണകമ്പനികൾ ഗ്രാമപ്രദേശങ്ങളിൽ ഓഡിയോ വിഷൽ പരിപാടികൾ നടത്തുക.

**ഉടൻ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

- പഞ്ചായത്തിലെ കാർഷിക പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹാരങ്ങൾ പ്രാവർത്തികമാക്കാനുമായി പഞ്ചായത്ത് കാർഷിക സമിതിയുടെ രൂപീകരണവും ഊർജ്ജിത പ്രവർത്തനങ്ങളും
- പുരയിട കൃഷിയിൽ വിള സാധ്യത ഉയർത്താനുള്ള അന്വേഷണം.
- കൃഷിഭവനിലൂടെ വിത്തും വളവും സാങ്കേതിക ഉപദേശങ്ങളും നൽകി പച്ചക്കറി കൃഷി ഊർജിതപ്പെടുത്തൽ.
- ജൈവ വള കൃഷി ആസൂത്രിതമായി നടപ്പാക്കൽ
- നഷ്ടം മൂലം ഭൂമി തരിശിടുന്ന പ്രവണത അവസാനിപ്പിക്കൽ

*ഉല്പാദനക്ഷമത ഉയർത്താനുള്ള സഞ്ചാര നടപടികൾ*

മേൽപറഞ്ഞ പദ്ധതികളും, പരിഹാരങ്ങളും മുൻഗണനാടിസ്ഥാനത്തിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ആത്മാർഥമായി ചെയ്തു തീർക്കാനുള്ള ആർജവം ഉണ്ടാവുകയാണെങ്കിൽ പഞ്ചായത്തിലെ കാർഷിക ജലസേചനരംഗത്തു വിപ്ലവകരമായ മാറ്റം വരുത്തുവാനും പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാനും കഴിയും.

❀ ❀ ❀





# മൃഗസംരക്ഷണം മത്സ്യബന്ധനം

ചുരങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന അപൂർവ്വം തൊഴിൽ മേഖലകളിൽ ഒന്നാണ് മൃഗസംരക്ഷണം. ഈ മേഖലയിലെ ഇപ്പോഴത്തെ സ്ഥിതി തൃപ്തികരമാണ് എന്ന് പറയാൻ വയ്യ. ഒരിക്കലും കേരളത്തിൽ അർഹിക്കുന്ന പ്രാധാന്യം ലഭിച്ചിട്ടില്ലാത്ത ഒരു മേഖലയാണ് ഇത്. ഈ മേഖലയിലെ ഉല്പന്നങ്ങൾ ഏറിയപങ്കും സംസ്ഥാനത്തിനുള്ളിൽ തന്നെ ഉപയോഗിക്കുന്നതിനാൽ അന്താരാഷ്ട്ര വിപണിയിലെ താളത്തെറ്റലുകളും കേന്ദ്രസർക്കാറിന്റെ ഇറക്കുമതി നയവും ഈ ഉല്പന്നങ്ങളുടെ വിപണിയെ ബാധിക്കുന്നില്ല.

ഗ്രാമപ്രദേശങ്ങളിൽ മൃഗസംരക്ഷണ മേഖലക്ക് പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത പരിശോധിക്കാം. കേരളത്തിൽ കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകൾ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും ആണ്. ഇതിൽതന്നെ 60% പ്രയത്നവും സ്ത്രീകളുടേതാണ്. ഈ മേഖലയിൽ 5% തൊഴിൽ വളർച്ചാനിരക്കുണ്ട് എന്നാണ് ആസൂത്രണ കമ്മീഷന്റെ മനുഷ്യവിഭവശേഷി വിഭാഗത്തിന്റെ വിലയിരുത്തൽ. തൻമൂലം മൃഗസംരക്ഷണ മേഖലയിൽ കൈവരിക്കുന്ന ഏതുപുരോഗതിയും ഗ്രാമീണ സമ്പദ്ഘടന സുദൃഢമാക്കും. ഈ മേഖലയിലെ പ്രവർത്തന ങ്ങളെ കാലാവസ്ഥയിലെ മാറ്റങ്ങൾ കാര്യമായി ബാധിക്കില്ല. യുവതീയുവാക്കൾക്ക് ശരിയായ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശം നൽകുകയാണെങ്കിൽ കേരളത്തിന്റെ ഗ്രാമീണ സമ്പദ് ഘടനയിൽ വിപ്ലവകരമായ മാററങ്ങൾ വരുത്താൻ നമുക്ക് സാധിക്കും. ഗൾഫ് മേഖലയിലെ പ്രതിസന്ധിയും കേരളത്തിലെ വൈദ്യുതിക്ഷാമവും ഈ മേഖല വ്യവസായികാടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് നമ്മെ നയിക്കും എന്ന് പ്രത്യാശിക്കാം.

ഭാരതത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ (Gross Domestic Production) 10% സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. കാർഷിക വരുമാനത്തിന്റെ കാര്യത്തിൽ 25% ഈ മേഖലയുടെ സംഭാവനയാണ്. എന്നാൽ കാർഷിക മേഖലക്ക് മൊത്തം വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ വെറും 6.98% മാത്രമേ മൃഗസംരക്ഷണ മേഖലക്ക് ലഭിക്കുന്നുള്ളൂ. ഇത് വളരെ കുറവാണ്.

കേരളത്തിൽ ഉത്പാദിപ്പിക്കുന്ന മൊത്തം സ്വാഭാവിക റബ്ബറിന്റെ മൂല്യത്തേക്കാൾ അധികം രൂപക്കുള്ള പാൽ നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. എന്നാൽ ക്ഷീര കർഷകരുടെ പ്രശ്നങ്ങൾക്ക് വേണ്ടത്ര പരിഗണന നമ്മുടെ സംസ്ഥാനത്ത് ലഭിക്കുന്നുണ്ടോ എന്നത് ചിന്തനീയമാണ്. അതുപോലെ പാലിന്റെ മൊത്തം മൂല്യം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന അരിയുടെ മൂല്യത്തേക്കാൾ അധികമാണ് എന്നത് ഏറെ ശ്രദ്ധേയം തന്നെ. ഇതൊക്കെ നേടിയെടുത്തത്, നമ്മുടെ ക്ഷീരകർഷകർ പലതരം അവഗണനകളോടും പോരാടിക്കൊണ്ടാണ്.

1960 കളുടെ മധ്യത്തിൽ മൊത്തം പാലുല്പാദനം ഏതാണ്ട് രണ്ട് ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 22.46 ലക്ഷം ടൺ ആയി വർദ്ധിച്ചിരിക്കുന്നു. ഏതാണ്ട് പത്തിരട്ടിയോളം. എന്നാലും ഇപ്പോഴും നമ്മുടെ ഒരുദിവസത്തെ ആളോഹരി പാൽ ഉപയോഗം 192 ഗ്രാം മാത്രമാണ്. ഇത് 240ഗ്രാം എങ്കിലും ആകണം. ഈ ലക്ഷ്യം വെച്ചുകൊണ്ട് 2000 AD ആകുമ്പോഴേക്കും കേരളത്തിൽ മൊത്തം പാലുല്പാദനം 38 ലക്ഷം ടൺ ആകേണ്ടതുണ്ട്.

മൃഗസംരക്ഷണമേഖല - പാൽ ഉല്പാദനം- 1991 to 1996.

| വർഷം | പാലുല്പാദനം ടൺ | മൂല്യം (കോടിരൂപ) |
|---|---|---|
| 1991-92 | 18.00 | 900 |
| 1992-93 | 18.89 | 1417 |
| 1993-94 | 20.10 | 1600 |
| 1994-95 | 21.19 | 1809 |
| 1995-96 | 22.46 | 2021.40 |
| 1996-97 ലക്ഷ്യം | 23.79 | 2616.90 |

മേൽക്കൊടുത്ത പട്ടികയിൽ നിന്നു നമുക്ക് ഒരു കാര്യം ബോധ്യമാവും. പ്രതിസന്ധികൾക്കിടയിലും ഈ മേഖല പുരോഗമിച്ചിട്ടുണ്ട്. ഇതിൽ ഏർപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് കുറച്ചെങ്കിലും പ്രോത്സാഹനം നൽകിയാൽ, ക്ഷീരകർഷകർ, നാം 2000 -ാം ആണ്ടിലേക്ക് വച്ചിട്ടുള്ള ലക്ഷ്യം നമുക്ക് നേരത്തെതന്നെ നേടിത്തരും.

*മുട്ട ഉല്പാദനം.*

കേരളത്തിൽ മുട്ടയുടെ ആവശ്യം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഏതാണ്ട് ഒരു ദശാബ്ദം മുമ്പ് വരെ കോഴിമുട്ട കയറ്റുമതി ചെയ്തിരുന്ന നമ്മൾ ഇന്ന് വ്യാപകമായി കോഴിമുട്ട ഇറക്കുമതി ചെയ്യുകയാണ്. കേരളത്തിലേക്ക് ദിവസേന 80ലക്ഷം മുട്ടയാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നത്. കേരളത്തിലെ മുട്ട ഉല്പാദനം താഴെകൊടുക്കുന്നു.

| വർഷം | എണ്ണം (കോടി) | മൂല്യം (കോടിരൂപ) |
|---|---|---|
| 1991-92 | 160 | 112 |
| 1992-93 | 177.4 | 169 |
| 1993-94 | 184.4 | 193.62 |
| 1994-95 | 191.6 | 220.40 |
| 1995-96 | 199.6 | 248.87 |
| 1996-97 (ലക്ഷ്യം) | 206.9 | 258.62 |

മുട്ടയുടെ ഉത്പാദനം പോലെതന്നെ കേരളത്തിൽ മാംസത്തിന്റെ ആവശ്യകത ദിനംപ്രതി വർദ്ധിക്കുന്നു. പക്ഷേ നമ്മുടെ ആവശ്യത്തിനുള്ള മാംസത്തിന്റെ 85-90% വരുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നാണ്. കേരളത്തിൽ മാംസോത്പാദനം, സംസ്കരണം, വിപണനം എന്നിവ തികച്ചും അസംഘടിത മേഖലയിലാണ്. മാംസം-മുട്ട ഉത്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സമ്പത്ത് ഇവിടെതന്നെ പിടിച്ച് നിർത്താൻ വേണ്ട പദ്ധതികൾ നാം ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

*മാംസോത്പാദനം.*

| വർഷം | ഉപയോഗം(മെട്രിക്ടൺ) | മൂല്യം (കോടിരൂപ) |
|---|---|---|
| 1991-92 | 120.6 | 252.70 |
| 1992-93 | 125 | 306.60 |
| 1993-94 | 129.20 | 365..02 |
| 1994-95 | 135.55 | 445.91 |
| 1995-96 | 137.92 | 517.91 |
| 1996-97 (ലക്ഷ്യം) | 142.48 | - |

കഴിഞ്ഞ വർഷത്തെ മൊത്തം പദ്ധതിവിഹിതമായ 2044 കോടി രൂപയിൽ വെറും 1.09% ( 22.48 കോടിരൂപ) മാത്രം നൽകിയിട്ടുള്ള ഈ മേഖല, നമ്മുടെ ആഭ്യന്തര ഉല്പാദനത്തിൽ 10% സംഭാവന ചെയ്യുന്നു. ഗ്രാമീണ ജനതയുടെ ജീവിതനിലവാരം ഉയർത്താൻ ഈ രംഗം കുറേക്കൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. ശാസ്ത്രീയമായ ആസൂത്രണം കൊണ്ടും കൂടുതൽ ജനപങ്കാളിത്തം കൊണ്ടും ഈ മേഖലയെ നമുക്ക് കൂടുതൽ ഉന്നതിയി ലേക്ക് എത്തിക്കാം.

ഈ മേഖലയിലെ വളർച്ചകൊണ്ട് നമുക്കുണ്ടാകുന്ന നേട്ടങ്ങൾ ഇനി പരിശോധിക്കാം.

1. ഗ്രാമീണജനതക്ക് കൂടുതൽ തൊഴിലവസരങ്ങൾ

2. പോഷകപ്രധാനമായ മുട്ട, പാൽ, മാംസം എന്നിവയുടെ ഉത്പാദന വർദ്ധന

3. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ, ജൈവവളങ്ങൾ

4. ജന്തു ജന്യ രോഗങ്ങളുടെ നിയന്ത്രണം

5. വ്യവസായ പ്രാധാന്യമുള്ള ജെലാറ്റിൻ, ഓസിൻ, ഔഷധങ്ങൾ എന്നിവയുടെ നിർമ്മാണം എന്നിവയെല്ലാം മൃഗസംരക്ഷണമേഖലയുടെ വളർച്ചകൊണ്ട് നമുക്ക് നേടിയെടുക്കാവുന്നതാണ്.

ഇനി നമുക്ക് പഞ്ചായത്തിലെ ഇപ്പോഴത്തെ സ്ഥിതി പരശോധിക്കാം.-

തവനൂർ പഞ്ചായത്തിൽ പ്രധാനമായും വളർത്തപ്പെടുന്ന മൃഗങ്ങൾ പശു, ആട്, എരുമ എന്നിവയാണ്. എരുമയെ വളർത്തുന്നവരുടെ എണ്ണം വളരെ കുറവാണ്. മിക്കവാറും വീടുകളിൽ ആടിനെ വളർത്തുന്നു. പോത്ത്, ഉഴവുകാളകൾ എന്നിവയെ വളർത്തുന്നവർ വിരളമാണ്. കാർഷികരംഗത്തെ യന്ത്രവൽക്കരണം ഉഴവു ജോലിക്കുള്ള മൃഗങ്ങളുടെ ആവശ്യകതയെ വളരെ കുറച്ചിട്ടുണ്ട്.

വളർത്തു പക്ഷികളിൽ പ്രധാനി കോഴി തന്നെ. ഭൂരിപക്ഷം വീടുകളിലും ചുരുങ്ങിയ എണ്ണം കോഴികളെ വളർത്തുന്നു. ഇറച്ചിക്കുവേണ്ടി മൃഗങ്ങളെ വളർത്തുന്ന ഏർപ്പാട് നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്ന്തന്നെ പറയാം. എങ്കിലും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് വാങ്ങുന്ന ആടുമാടുകളെയും; പെരുമ്പിലാവ് തുടങ്ങിയ ചന്തകളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മാടുകളെയും ഇറച്ചിയാക്കി ഉപയോഗിക്കുന്നു. മാസത്തിൽ ഏതാണ്ട് 100മുതൽ 200വരെ ആടുമാടുകളെ ഇറച്ചിക്കായി നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിലെ മൃഗസമ്പത്തി നെക്കുറിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| സങ്കരയിനം പശുക്കൾ | 439 |
| നാടൻ പശുക്കൾ | 1810 |
| എരുമ | 107 |
| മറ്റുള്ളവ | 10328 |

(1987 കന്നുകാലി സെൻസസ് റിപ്പോർട്ട്)

ഈയിടെയായി നടത്തിയ സെൻസസ് റിപ്പോർട്ട് ലഭ്യമല്ല.

നെൽകൃഷിക്കുണ്ടായ മന്ദതയും കാലിത്തീറ്റയുടെ ഭീമമായ വിലവർദ്ധനയും വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ടാവാൻ കാരണമായിട്ടുണ്ട്. (ഗ്രാമസഭാ റിപ്പോർട്ടുകളിൽ മൃഗങ്ങളുടെ എണ്ണം കുറഞ്ഞതായി റിപ്പോർട്ടുണ്ട്. പുതിയ സെൻസസ്

റിപ്പോർട്ട് ലഭിച്ചാൽ കുറെക്കൂടി വ്യക്തമാകും.)വളർത്തു മൃഗങ്ങൾക്കും കോഴികൾക്കും ഉണ്ടാകുന്ന രോഗങ്ങൾക്ക് നേരാംവണ്ണം ചികിത്സിക്കാൻ കർഷകർ തയ്യാറാവുന്നില്ല. [ചികിത്സാസൗകര്യങ്ങൾ ഭൂരിപക്ഷം പേരും പ്രയോജന പ്പെടുത്തുന്നില്ല.]

കർഷകർ ഉത്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരി ക്കാനും വിപണനം നടത്താനും പഞ്ചായത്തിൽ സൗക ര്യങ്ങൾ കുറവാണ്. പോത്തനൂരിൽ മാത്രമാണ് ഒരു പാൽ സംഭരണ യൂണിറ്റ് പ്രവർത്തിക്കുന്നത് [ആപ്കോസ്- സഹകരണ സംഘം]. പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൂന്ന് ഓഫീസുകൾ പ്രവർത്തിക്കുന്നു.

1. വെറ്ററിനറി ഡിസ്പെൻസറി കാലടി

2. ICDP സബ്സെന്റർ തവനൂർ (മാങ്ങാട്ടൂർ)

3. വെറ്ററിനറി ഹോസ്പിറ്റൽ - KCAET തവനൂർ

കാലികർഷകരിലെ അറിവില്ലായ്മ കാലികൾക്കു ണ്ടാകുന്ന രോഗങ്ങൾ തടയുന്നതിന് വിഘാതമാവുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റുകൾ ഇപ്പോൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. 2 കാലികളെ യെങ്കിലും വളർത്തുന്നവർക്ക് ഗോബർഗ്യാസ് പ്ലാന്റ് നിർമി ക്കാവുന്നതാണ്. നെൽകൃഷിലാഭകരമല്ല എന്നകാരണ ത്താൽ കാലിവളർത്തലിൽ മാന്ദ്യം സംഭവിച്ചിട്ടുണ്ട്. ഇതു രണ്ടും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ജൈവവളം ഉപയോഗിക്കാതെയാണ് മിക്കവരും ഇപ്പോൾ കൃഷി നടത്തുന്നത്. അതും നെൽകൃഷി ലാഭമല്ലാതാക്കിയിട്ടുണ്ട്.

ചുരുക്കത്തിൽ നമ്മുടെ പഞ്ചായത്ത് ഈമേഖലയിൽ അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെകൊടുക്കുന്നു.

1. നല്ലയിനം പശു, ആട്, എരുമ എന്നിവയെ ലഭിക്കാ നുള്ള സാധ്യതക്കുറവ്

2. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം

3. പാൽസംഭരണത്തിനും വിപണനത്തിനും സൗകര്യ മില്ലായ്മ

4. ആടുമാടുകൾ, കോഴികൾ എന്നിവക്കുണ്ടാകുന്ന രോഗങ്ങൾ

5. ഓമനമൃഗങ്ങൾ ഓമനപക്ഷികൾ എന്നിവ വളർ ത്തുന്നതിനുള്ള വിവരമില്ലായ്മ

6. പാൽ ഉൽപാദക സഹകരണ സംഘങ്ങളുടെ അഭാവം

7. പേ വിഷബാധ etc

## മത്സ്യബന്ധനം.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ ഒട്ടനവധി കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇതിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം വളരെ മോശമാണ്. മത്സ്യം വളർത്തുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തിൽ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായ ത്തിൽ ഇനിയും മത്സ്യകൃഷി ആരംഭിച്ചിട്ടില്ല.നരിപ്പറമ്പ് ഇറിഗേഷൻ റോഡിന് സമീപം, മാത്തൂർ അയ്യൻകുളം (95സെന്റ്) വരുതുകായൽ,മണ്ടാരം-ആര്യങ്കുഴിപാടങ്ങൾ, മാണിയൂർ കായൽചിറകൾ,എന്നിവിടങ്ങൾ മത്സ്യം വളർത്താൻ അനുയോജ്യമാണ്. കൂടാതെ ഉൾനാടൻ കുള ങ്ങൾ വികസിപ്പിച്ച് മത്സ്യകൃഷിനടത്താം.

മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക സഹായം, സാമ്പത്തികസഹായം എന്നിവ ലഭിക്കാതിരിക്കൽ, നല്ലയിനംമത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാതിരിക്കൽ എന്നിവ ഈ മേഖലയിലെ പ്രശ്നങ്ങളിൽ പെടുന്നു. മത്സ്യത്തൊഴിലാളികൾക്ക് ഒരു സഹകരണ സംഘം ഇവിടെയില്ല.

*സാധ്യതകൾ - നിർദേശങ്ങൾ*

മൃഗസംരക്ഷണ മേഖല:-

(1). തീറ്റ മിശ്രിത യൂണിറ്റുകൾ സ്ഥാപിക്കുക. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ 3 കേന്ദ്രങ്ങൾ എങ്കിലും വേണം. ഒരു യൂണിറ്റിന് 50000 രൂപയോളം ചെലവുവരും സഹകരണമേഖലയിലോ സ്വകാര്യ മേഖല യിലോ തുടങ്ങാം.

(2). തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക. ഇതിനായി തരിശുഭൂമികൾ ഉപയോഗപ്പെടുത്താം. സഹകരണ സംഘാംഗങ്ങളുടെ സ്ഥലവും പ്രയോജനപ്പെടുത്താ വുന്നതാണ്.

(3). സഹകരണമേഖലയിൽ പാൽ സൊസൈറ്റി രൂപീകരണം.

പാൽ സൊസൈറ്റി മിൽമയുടെ സഹകരണത്തോ ടെയോ PDDP പോലെയുള്ള പ്രൈവറ്റ് ഏജൻസി മുഖേനയോ തുടങ്ങാം. പാൽ സൊസൈറ്റിയിൽ അംഗമാ കുന്നവർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാ വുന്നതാണ്.

i. അംഗങ്ങളുടെ പശു, എരുമ, എന്നിവക്ക് ഉണ്ടാ കുന്ന ഉത്പാദനവുമായി ബന്ധപ്പെട്ട അസുഖങ്ങൾക്ക് വരുന്ന ചികിത്സാചെലവ് (മരുന്നിന്റെ വില)മുഴുവനായോ തുടക്കത്തിൽ പകുതിയെങ്കിലുമോ നൽകാവുന്നതാണ്. ഇതിനായി അംഗങ്ങളുടെ ഇടയിൽ നിന്നുതന്നെ ഒരു നിശ്ചിത സംഖ്യ ഈടാക്കുകയും ഒരു പ്രത്യേക ഫണ്ടായി ബാങ്കിൽ നിക്ഷേപിക്കുകയും ആവാം. ഇതിനു വേണ്ടി ഒരു രജിസ്റ്റേർഡ് വെറ്ററിനറി പ്രാക്ടീഷ്നറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കണം.

ii. സൈലേജ് ഉണ്ടാക്കാൻ കർഷകരെ പ്രോത്സാഹി പ്പിക്കൽ

iii. പാൽ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ യുവതീയുവാ ക്കൾക്ക് സഹായം നൽകൽ.

iv. പശുക്കുട്ടികൾക്ക് കുറഞ്ഞവിലക്ക് തീററനൽകുക. ഇതിന് കൃത്രിമബീജ സങ്കലനം വഴി ജനിച്ച പശുക്കുട്ടികളെ തെരഞ്ഞെടുക്കണം. [4മുതൽ 20മാസം വരെ സൗജന്യനിരക്കിൽ തീറ്റനൽകാം, 1/3 സബ്സിഡി]

v. സങ്കരയിനത്തിൽപ്പെട്ട മുരിക്കുട്ടികൾക്ക് (കൃത്രിമ ബീജസങ്കലനം വഴി ജനിച്ചത്) 3 മാസം മുതൽ 10മാസം വരെ സൗജന്യനിരക്കിൽ തീറ്റ നൽകാം. വിരമരുന്നുകളും സൗജന്യമായി നൽകാം.

4. ചെറിയ ഡയറി യൂണിറ്റുകൾ:- ഒന്നോ രണ്ടോ പശുക്കളെ ഓരോരുത്തർക്ക് കൊടുക്കുന്നതിന് പകരം 5മുതൽ 10വരെ കറവപ്പശുക്കളെ വളർത്തുന്ന യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കണം. താൽപര്യമുള്ള കർഷകർ ഒറ്റക്കോ രണ്ടോ മൂന്നോ കുടുംബങ്ങൾ ചേർന്നോ ഇത്തരം യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. തെരഞ്ഞെടുക്കുന്ന പശു/എരുമക്ക് കുറഞ്ഞത് 15 ലിറ്റർ പാലുല്പാദന ശേഷി ഉണ്ടായിരിക്കണം.

യുവാക്കൾക്ക് ചെറിയ സംഘങ്ങളായി ഇത്തരത്തിലുള്ള യൂണിററുകൾ തുടങ്ങാവുന്നതാണ്. പഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി ഇത്തരം യൂണിറ്റുകൾക്ക് പാട്ടത്തിനെടുക്കാവുന്നതാണ്. (കണ്ടനകം K.S.R.T.C.ക്ക് സമീപമുള്ള സ്ഥലത്ത് ഇത്തരം സംരംഭത്തിന് യോജി ച്ചതാണ്.) സ്ഥലം അനുവദിച്ചാൽ മിക്സ്ഡ് ഫാമിംഗ് ആരംഭിക്കാവുന്നതാണ്. ഗോബർഗ്യാസ് പ്ലാന്റുകൾക്ക് പ്രോത്സാഹനം നൽകണം.

5. ആടുവളർത്തൽ പദ്ധതി:-

കുറച്ചു സ്ഥലമുള്ള കുടുംബങ്ങളെ ആടുവളർത്തൽ പദ്ധതി തുടങ്ങാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഓരോ യൂണിറ്റിലും 3മുതൽ 5വരെ ആടുകൾ (പ്രായപൂർത്തിയായവ) ഉണ്ടായിരിക്കണം. യൂണിറ്റിലെ ആട്ടിൻകുട്ടി കൾക്ക് കുറഞ്ഞനിരക്കിൽ വിരമരുന്നുകൾ ലഭ്യമാക്കണം. ഒരു വാർഡിൽ ചുരുങ്ങിയത് 25 യൂണിറ്റുകളെങ്കിലും തുടങ്ങണം. ഓരോ വാർഡിലും 5 കുടുംബങ്ങൾക്ക് കൊറ്റനാടുകളെ വളർത്താൻ (കൃത്രിമബീജസങ്കലനം തുടങ്ങുന്നതു വരെ) സഹായം ലഭ്യമാക്കണം.

മേൽപ്പറഞ്ഞ പദ്ധതികൾ (4,5) വിജയിക്കണമെങ്കിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

6. സൊസൈറ്റി മെമ്പർമാരുടെ പശുക്കളെ ഇൻഷൂർ ചെയ്യാവുന്നതാണ്. സങ്കരഇനം പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള; സാധ്യതകൾ പ്രയോജനപ്പെടുത്താൻ ബോധവൽക്കരണം ആവശ്യം.

7. ഒരു വീട്ടിൽ ഒരു പശു:- പശുവളർത്തൽ ഒരു തൊഴിൽ എന്നതിലുപരി ഒരു ജീവിത ശീലമാണെന്ന ബോധം ഉണ്ടാക്കണം. കുടുംബാവശ്യത്തിനുള്ള പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടണം. ഒരു യൂണിറ്റിന് 12500/- ചെലവു വരും. ഇതിൽ 1/3 ഭാഗം സഹായമായി നൽകണം. പഞ്ചായത്തിലെ 50 കുടുംബങ്ങളെ ഓരോ വാർഡിലും ഓരോ വർഷവും ഈ പദ്ധതിയിൽ ചേർക്കാം. പശുവളർത്തൽ(എരുമവളർത്തൽ) സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ തെരഞ്ഞെടുക്കുന്നതാണ് നല്ലത്.

8. മിനി ഡയറി യൂണിറ്റ്:- ഒരു കുടുംബത്തിന് 6 മാസത്തെ ഇടവേളയിൽ 3 പശുക്കളെ നൽകുന്നതാണി പദ്ധതി. രണ്ടോ മൂന്നോ കുടുംബങ്ങൾ ഉൾക്കൊള്ളുന്ന യൂണിറ്റുകളുമാവാം.

9. പാവപ്പെട്ടവന്റെ പശുവാണ് ആട്. ഇത്തരം കർഷകരുടെ സാമ്പത്തിക പരിമിതിക്ക് അനുയോജ്യമായ ഈ പദ്ധതിയിൽ വീട്ടമ്മമാരുടെയും കുട്ടികളുടെയും അധ്വാനശേഷി ഫലപ്രദമായി ഉപയോഗിക്കാം. പാവപ്പെട്ട കർഷക കുടുംബങ്ങൾക്ക് 3 ആടിനെ വീതം സൗജന്യമായി നൽകാം. മറ്റുള്ളവർക്ക് ആടൊന്നിന് 1000 രൂപ പ്രകാരം വിലയിൽ 50% സബ്സിഡി നൽകാം. വിരമരുന്നുകൾ സൗജന്യമായി നൽകണം.

10. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മൂരിക്കുട്ടികൾ, പോത്തുകുട്ടികൾ, ആടുകൾ, ഇറച്ചിക്കോഴികൾ എന്നിവയെ ഇവിടെത്തന്നെ, വൃത്തിയുള്ള അന്തരീക്ഷത്തിൽ അറവുനടത്തി വിൽക്കാം. ഇറച്ചി, മത്സ്യം എന്നിവ ശീതീകരിക്കാൻ ശീതീകരണികൾ കച്ചവടക്കാർക്ക് ലഭ്യമാക്കാൻ വേണ്ട ഏർപ്പാടു ചെയ്യണം.

11. മുയൽ വളർത്തൽ:- ചുരുങ്ങിയ മൂലധന നിക്ഷേപം കൊണ്ട് കർഷകതൊഴിലാളികൾ, ഭൂരഹിതർ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്ക് ലാഭകരമായ ഒരു ഉപതൊഴിലായി ഇത് തുടങ്ങാവുന്നതാണ്. 10 പെൺ മുയലുകളും 2 ആൺമുയലുകളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്.

വിവിധ സ്കൂളുകളിൽ എട്ടാം ക്ളാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വർഷവും ഒരു ആൺ മുയലിനെയും രണ്ട് പെൺമുയലുകളെയും അടങ്ങിയ ഓരോയൂണിറ്റ് വീതം നൽകുന്നു. ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും എത്തുമ്പോൾ അവർ ഓരോ ജോഡി മുയൽ കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിനു തിരിച്ചു നൽകണം. ഇത് പിന്നീട് വിതരണം ചെയ്യാം. 10+2 യൂണിറ്റിന് 5000 വില വരും. സബ്സിഡി 50% നൽകാം. 1വർഷം ഒരു വാർഡിൽ 1 യൂണിറ്റ് വീതം നൽകാം.

12. മുട്ടക്കോഴി ഉൽപാദനം:- മുട്ടക്കോഴി ക്കുഞ്ഞുങ്ങളെ വളർത്തി വിൽക്കുന്ന 3 യൂണിറ്റുകൾ വരെ പഞ്ചായത്തിൽ തുടങ്ങാം. ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴി ക്കുഞ്ഞുങ്ങളെ സർക്കാർ ഫാമുകൾ; കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എന്നിവയുടെ കീഴിലുള്ള കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും വാങ്ങി 45 ദിവസം പ്രായമാകുന്നത് വരെ വളർത്തി വിൽപന നടത്താവു ന്നതാണ്. വീട്ടുമുറ്റത്തെ കോഴിവളർത്തലിനായി ഇവയെ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യാവുന്നതാണ്. ഓരോ യൂണിറ്റിലും ചുരുങ്ങിയത് 250 കോഴിക്കുഞ്ഞു ങ്ങളെ വീതം വളർത്താം.

13. ഇറച്ചിക്കോഴി വളർത്തൽ :- 500 ഇറച്ചിക്കോഴികളെ ആഴ്ചയിൽ വിൽപന നടത്താൻ പാകത്തിലുള്ള രണ്ട് ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. ഓരോ വാർഡിലും ഓരോ വിൽപന കേന്ദ്രങ്ങൾ തുടങ്ങാം. ഇപ്പോൾ ഉള്ള വിൽപന കേന്ദ്രങ്ങൾ ഒന്നുകൂടി ആധുനീകരിച്ച് വൃത്തിയുള്ള സാഹചര്യത്തിൽ കോഴികളെ ഡ്രസ്സു ചെയ്ത് വിൽപന നടത്താനുള്ള സൗകര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്.

14.ആധുനിക അറവുശാല:- പഞ്ചായത്തിൽ ഒരു ആധുനിക അറവുശാല (Mini Slaughter House) തുടങ്ങണം. നല്ല വൃത്തിയുള്ള അന്തരീക്ഷത്തിൽ ആടുമാടുകളെ അറുത്ത് വില്പന നടത്താം.

15. ഓമനപ്പക്ഷികളെയും അക്വേറിയം മത്സ്യങ്ങളേയും വളർത്തൽ

ഓമനപ്പക്ഷികളെയും അക്വേറിയം മത്സ്യങ്ങളേയും

വളർത്തൽ ഒഴിവ് സമയ വിനോദവും അതിന്റെ കൂടെ ഒരു നല്ല വരുമാന മാർഗ്ഗവും ആക്കി മാറ്റാവുന്നതാണ്. ലവ ബേർഡ്, ഗീസ്, ഫ്ളയിംഗ് ഡക്ക്, ബാൻറം ഫൗൾസ്, എന്നിവയുടെ കൂടെ ഗിനിക്കോഴി, ഗിരിരാജക്കോഴി, ടർക്കി ക്കോഴി എന്നിവയെയും വളർത്താം.

പട്ടിവളർത്തൽ ഇപ്പോൾ ഒരു നല്ല വരുമാന മാർഗ്ഗമാണ്. നല്ലയിനം പട്ടി വളർത്തി ബ്രീഡുചെയ്ത് പട്ടിക്കുട്ടികളെ വില്പന നടത്താവുന്നതാണ്. വളർത്താവുന്ന ജനുസ്സുകൾ; ഡാഷ്ഹണ്ട്, ഡോബർമാൻ, അൾസേഷൻ,ഡാൽമേഷൻ,ബോക്സർ എന്നിവയാണ്. ഇതിന് പട്ടിവളർത്തലിൽ താൽപര്യമുള്ള കുടുംബങ്ങളെ മാത്രമേ തെരഞ്ഞെടുക്കാവൂ.

16. ചെറിയതരം ഇൻകുബേറ്റർ വിതരണം:- 500 മുതൽ 1000വരെ മുട്ടകൾ വിരിയിക്കാനുള്ള ചെറിയതരം ഇൻകുബേറ്ററുകൾ വിതരണം ചെയ്യാൻ സാധിച്ചാൽ ഈ ജില്ലയിൽ വളരെ പ്രചാരമുള്ള നാടൻ കോഴികളെയും സങ്കരയിനത്തിൽപ്പെട്ട മുട്ടക്കോഴികളെയും വിരിയിച്ച് വിതരണം ചെയ്യാം.

17. താറാവുവളർത്തൽ:- വീട്ടുവളപ്പിലെ താറാവ് കൃഷി വിപുലീകരിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

18. ഗ്രീൻകാർഡ് സമ്പ്രദായം:-പഞ്ചായത്തിലെ പശു, ആട്, എരുമ,പട്ടി എന്നീ മൃഗങ്ങളെ വളർത്തുന്നവർക്ക് വിശദവിവരങ്ങളടങ്ങിയ കാർഡ് വിതരണം ചെയ്യാവുന്നതാണ്. പ്രാഥമിക അന്വേഷണം നടത്തി കാർഡിൽ രേഖപ്പെടുത്തണം. മൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ, പ്രതിരോധകുത്തിവെയ്പുകൾ, ധനസഹായം നൽകിയതിനെക്കുറിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്താം.

19. ഇൻഷുറൻസ്:- പഞ്ചായത്തിലെ ചെറുകിട-നാമമാത്ര കർഷകരുടെ ഉടമസ്ഥതയിലുള്ള സങ്കരയിനം പശു,എരുമ,ആട്, പോത്ത്, കാള എന്നിവയെ ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടുവരിക. പദ്ധതിയിൽ ഉൾപ്പെട്ട മൃഗം രോഗംമൂലമോ അപകടം മൂലമോ മരണം സംഭവിക്കുകയോ മറ്റുകാരണങ്ങൾ കൊണ്ട് സ്ഥിരമായി ഉല്പാദനം നിലക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം ലഭിക്കും.

20. മത്സ്യം വളർത്തൽ:- പഞ്ചായത്തിലെ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള നരിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് റോഡിനു സമീപമുള്ള ഏകദേശം 60 സെന്റ് സ്ഥലം, മാത്തൂർ അയ്യൻകുളം(95സെന്റ്) വരുതുകായൽ, മങ്ങാരം, ആര്യങ്കുഴി പാടങ്ങൾ, മാണിയൂർ കായൽ ചിറകൾ എന്നിവിടങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മത്സ്യം വളർത്തൽ തുടങ്ങാവുന്നതാണ്. സ്വകാര്യ മേഖലയിലും ഇത്തരം സംരംഭങ്ങൾ ആരംഭിക്കാം. മത്സ്യ ക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാൻ പ്രത്യേക പരിശീലനം യുവതീയുവാക്കൾക്ക് നൽകാവുന്നതാണ്.

21. എല്ലായിനങ്ങളിലുമുള്ള വേയ്സ്റ്റും ശേഖരിച്ച് വളമാക്കാനുള്ള ഒരു പ്രൈവറ്റ് സെക്ടറിൽ സംരംഭം തുടങ്ങാവുന്നതാണ്.

*എക്സ്റ്റൻഷൻ പരിപാടികൾ.*

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ ജനങ്ങളിൽ എത്തിക്കാനും മൃഗസംരക്ഷണ രംഗം ലാഭകരമാക്കാനും ജനസമ്പർക്കപ്പരിപാടികൾ നടത്തേണ്ടതുണ്ട്. മൃഗങ്ങളിൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾ പ്രതിരോധ കുത്തിവെയ്പ് വഴി തടയാനും കർഷകർക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും ബോധവൽക്കരണം അനിവാര്യമാണ്. പ്രതിരോധ കുത്തിവെയ്പുകൾ നടത്താൻ എല്ലാ വാർഡുകളിലും 4 മാസത്തിലൊരിക്കൽ ക്യാമ്പുകൾ, സംഘടിപ്പിക്കാനും ഇതിന്റെ കൂടെ സെമിനാറുകൾ, ചർച്ചാക്ലാസുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

ഒരു വലിയ പഞ്ചായത്താണ് നമ്മുടേത്; അതുകൊണ്ട് തന്നെ മൃഗാശുപത്രിയുടെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കുവാൻ, മാസത്തിൽ രണ്ടുതവണ യെങ്കിലും പഞ്ചായത്തിലെ പാൽ സൊസൈറ്റികളിൽ വെറ്റിറനറി സർജൻ സന്ദർശനം നടത്തേണ്ടതാണ്.

മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ഭീതി ജനകമായ പേ വിഷബാധക്ക് എതിരെ ഒരു പേ വിഷബാധ നിർമ്മാർജന പരിപാടി പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിലെ ക്ലബ്ബുകളും സാമൂഹ്യസന്നദ്ധ സംഘടനകളും ഇക്കാര്യത്തിൽ സഹായിക്കും. അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാനുള്ള സംരംഭവും എല്ലാ വളർത്തു നായക്കൾക്കും ലൈസൻസ് ഏർപ്പെടുത്തുന്നതിനുള്ള പരിപാടിയും നടപ്പിൽ വരുത്തണം.

സ്കൂളുകളിൽ ചർച്ചാക്ലാസുകൾ സംഘടിപ്പിക്കാം. താഴെപറയും വിഷയങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം, മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ, പൊതുജനാരോഗ്യം, SPCA.

വിദ്യാർത്ഥികളിൽ മൃഗസംരക്ഷണത്തിലും, കൃഷിയിലും ആഭിമുഖ്യം വളർത്താൻ സ്കൂളുകളിൽ Animal Husbandry club കൾ രൂപീകരിക്കാം.

*മാംസപരിശോധന നിർബ്ബന്ധമാക്കണം.*

മൃഗങ്ങളെ വെട്ടിനുറുക്കുന്നതിനു മുമ്പും വെട്ടിയതിന് ശേഷവും പരിശോധന വേണം. പൊതുസ്ഥലങ്ങളിലുള്ള മത്സ്യം, മാംസം എന്നിവയുടെ വില്പന കർശനമായി തടയണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാലടി മൃഗാശുപത്രി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു പോളിക്ലീനിക് ആക്കി മാറ്റുവാൻ വേണ്ട നടപടികൾ ഭരണകർത്താക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഭൗതിക സാഹചര്യങ്ങൾ ഉയർത്തണം.

വികസന സെമിനാറിൽ ഈ രംഗത്തെ നൂതന സാധ്യതകളെക്കുറിച്ചും പദ്ധതികളെപ്പറ്റിയും വിശദമായ ചർച്ച ആവശ്യമാണ്.



# വ്യവസായം

തവനൂർ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ പൊതുവെ നാലായി തരംതിരിക്കാം.

i. വൻകിട വ്യവസായങ്ങൾ

ii. ചെറുകിട വ്യവസായങ്ങൾ

iii. കുടിൽ വ്യവസായങ്ങൾ

iv. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

## 1. വൻകിട വ്യവസായങ്ങൾ

ഈ വിഭാഗത്തിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവ നാമമാത്രമാണ്. ഒമ്പതാം വാർഡിലെ പൊതുമേഖലാ സ്ഥാപനമായ K.S.R.T.C യുടെ റിജ്യണൽ വർക്ഷാപ്പ് ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്ന കെൽട്രോൺ യൂണിറ്റും ഒഴിച്ചു നിർത്തിയാൽ മറ്റൊന്നും കാണാൻ കഴിയുകയില്ല. തൃക്കണാപുരത്ത് സ്ഥിതി ചെയ്യുന്ന കൃഷ്ണാ കെമിക്കൽസും, ധാരാളം തൊഴിലാളികൾ തൊഴിൽ ചെയ്തിരുന്ന വഞ്ചിനാട് ലെതേഴ്സും ഇപ്പോൾ അടഞ്ഞുകിടക്കുന്നു. ഇടക്കാലത്തു പ്രവർത്തനം മന്ദീഭവിച്ചിരുന്ന KSRTC ഇപ്പോൾ പുരോഗതി പ്രാപിച്ചുവരുന്നു.

## 2.ചെറുകിട വ്യവസായങ്ങൾ

ഈ വിഭാഗം പഞ്ചായത്തിന്റെ വിസ്തൃതിക്കും ജനസംഖ്യടിസ്ഥാനത്തിലും പരിശോധിച്ചാൽ കുറവാണെന്നുകാണാം. (പട്ടിക കാണുക)

മേൽപ്പറഞ്ഞവയിൽ പത്താം വാർഡിൽ പ്രവർത്തിക്കുന്ന പ്രമുഖ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനം മുൻപന്തിയിൽ നിൽക്കുന്നു. റൈസ് മില്ലുകൾ വളരെയധികം ഉണ്ടെങ്കിലും പലതും പ്രവർത്തനക്ഷമ തയില്ലാത്തതാണ്. മാത്രമല്ല ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാകുന്നതും വിരളമാണ്. മരമില്ലുകൾ, ഓയിൽ മില്ലുകൾ തുടങ്ങിയവ ഉണ്ടെങ്കിലും ജോലിക്കാരുടെ എണ്ണം കുറച്ചു മാത്രം മതിയാകുമെന്നതിനാൽ തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഈ എണ്ണം മതിയാകുന്നില്ല. ഇവയെല്ലാം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. ചെറുകിട വ്യവസായിക മേഖലയിൽ സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തം ചില പ്രത്യേക വ്യവസായങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. അവർക്ക് മെച്ചപ്പെട്ട രീതിയിൽ വേതനവും തൊഴിൽ സ്ഥിരതയും ലഭിക്കുന്നുവെന്ന് പറയാനാകില്ല.

പട്ടിക 1.

| ചെറുകിട വ്യവാസാങ്ങളുടെ എണ്ണം. | | |
|---|---|---|
| ക്രമ നമ്പർ | ഇനം | എണ്ണം |
| 1. | റൈസ്മിൽ | 33 |
| 2. | ഇലക്ട്രോണിക് വ്യവസായം | 1 |
| 3. | ഫർണിച്ചർ (മരം) | 17 |
| 4. | മരമിൽ | 9 |
| 5. | വുഡ്ഇൻഡസ്ട്രി | 3 |
| 6. | ഓയിൽ മിൽ | 5 |
| 7. | സ്റ്റീൽ ഇൻഡസ്ട്രി | 4 |
| 8. | സോപ്പ് സോപ്പ്പൗഡർ | 2 |
| 9. | അടക്കവ്യവസായം | 2 |
| 10. | മോട്ടോർ റിപ്പയർ | 1 |
| 11. | ഹോളോ ബ്രിക്സ് | 1 |

പട്ടിക അവലംബം: പഞ്ചായത്ത് രേഖകൾ,ദ്വിതീയവിവര ശേഖരണം, ദ്രുതഗ്രാമ പഠനം

ഒന്നാം വാർഡിൽ ധാരാളം സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുകയും സാമാന്യം നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ ഖാദിയുടെ നൂൽനൂൽപ്പ് നെയ്ത്തുകേന്ദ്രം കൂലിക്കുറവ് മൂലം ഇപ്പോൾ കേവലം 2പേർ മാത്രം ജോലി ചെയ്യുന്ന അവസ്ഥയിലേക്ക് ശോഷിച്ചിരിക്കുകയാണ്. മുമ്പ് ഈ സ്ഥാപനത്തിൽ 20 സ്ത്രീകൾ ജോലി ചെയ്തിരുന്നു. കോഴിക്കോട് സർവ്വോദയസംഘത്തിന്റെ കീഴിലാണ് ഈ സ്ഥാപനം.

<u>ചെറുകിടവ്യവസായ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ</u>

*1. സാമ്പത്തികം*

സാമ്പത്തിക പ്രശ്നങ്ങൾ തരണം ചെയ്യാൻ കഴിയുന്നവർക്ക് മാത്രമേ ഇന്ന് ഈ മേഖലയിൽ പിടിച്ചു നിൽക്കാൻ സാധിക്കുകയുള്ളൂ. വ്യവസായ സംരംഭകർക്ക് വായ്പ ലഭ്യതയിൽ കാലതാമസവും തടസ്സവും നേരിടുന്നു.

*2. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം.*

ഏതു വ്യവസാം തുടങ്ങണമെന്നുള്ളതടക്കം സാങ്കേതിക അറിവുകളുടെ അഭാവം ധാരാളം കാണപ്പെടുന്നു. നടന്നുവരുന്ന വ്യവസായങ്ങളിൽ തന്നെ സാങ്കേതിക അറിവുകളുടെ അഭാവം മൂലം നിരവധി

പ്രശ്നങ്ങൾ കണ്ടുവരുന്നു. ഈ കാര്യത്തിന് വേണ്ടിയുള്ള സർക്കാർ ഏജൻസികൾ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നുവോ എന്ന കാര്യത്തിൽ സംശയം നിലനിൽക്കുന്നു.

പട്ടിക 2

ചെറുകിട വ്യവസായങ്ങളിലെ തൊഴിലാളികളുടെ എണ്ണം

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1. | ഇലക്ട്രോണിക്സ് | 1 | 5 | 12 | 17 |
| 2. | റൈസ്മിൽ | 33 | 36 | - | 36 |
| 3. | ഫർണിച്ചർ(മരം) | 17 | 71 | - | 71 |
| 4. | മരമിൽ | 9 | 45 | - | 45 |
| 5. | വുഡ് ഇൻഡസ്ട്രി | 3 | 10 | - | 10 |
| 6. | ഓയിൽമിൽ | 5 | 20 | - | 20 |
| 7. | സ്റ്റീൽ ഇൻഡസ്ട്രി | 4 | 24 | - | 24 |
| 8. | സോപ്പ് സോപ്പ്പൊട | 2 | 1 | 9 | 10 |
| 9. | അടക്കവ്യവസായം | 2 | 15 | 40 | 55 |
| 10. | മോട്ടോർ റിപ്പയർ | 1 | 5 | - | 5 |
| 11. | ഹോളോ ബ്രിക്സ് | 1 | 4 | - | 4 |
| 12 | ലോഹപ്പണി | | | | |
| 13. | നൂൽനൂൽപ്പ് (ഖാദി) | 1 | - | 2 | 2 |

അവലംബം: ദ്വിതീയവിവരശേഖരണം-ഗ്രാമസഭാ ചർച്ചകൾ, ദ്രുതഗ്രാമപഠനം

*3. അശാസ്ത്രീയ ആസൂത്രണം.*

ഈ പഞ്ചായത്തിലെ പല വനിതാവ്യവസായങ്ങളും തകർന്നുപോയതിന് ഈ കാരണം പ്രധാനമാണെന്ന് കാണാം. ഓരോ പ്രദേശത്തിനും അനുയോജ്യമായ വിധത്തിൽ വ്യവസായങ്ങൾ ആസൂത്രണം ചെയ്യുന്നതിന് തയ്യാറാവാത്തതിനാൽ ഈ വ്യവസായങ്ങൾ തകർച്ചയുടെ പൂർണ്ണതയിലെത്തി.

*4. വൈദ്യുത പ്രതിസന്ധി.*

ചെറുകിട വ്യവസായ മേഖലയിലെ തലവേദനയായി നിലനിൽക്കുന്ന ഒരു പ്രശ്നമാണിത്. വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് വേണ്ടിവരുന്ന സാങ്കേതിക സാമ്പത്തിക ബുദ്ധിമുട്ടുകളും, വോൾട്ടേജ് ക്ഷാമവും, പവർകട്ടും, പ്രശ്നങ്ങളായി കാണണം. പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രധാന വിലങ്ങുതടിയായി ഈ പ്രശ്നങ്ങൾ നിലനിൽക്കുന്നു.

*5. വിപണനം.*

നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന കാര്യത്തിൽ ചില പ്രശ്നങ്ങൾ ഉള്ളതായി കാണാം. ബഹുരാഷ്ട്രക്കുത്തകകളുടെ ഉല്പന്നങ്ങളുമായി മൽസരിക്കുവാൻ നമ്മുടെ നാടൻ ഉല്പന്നങ്ങൾക്ക് കഴിയുന്നില്ല. ഉദാഹരണത്തിന് നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന സോപ്പുകൾ, സോപ്പുപൊടികൾ എന്നിവ ബഹുരാഷ്ട്രക്കുത്തകകളുടെ പരസ്യത്തിന്റെ കുത്തൊഴുക്കിൽ പെട്ട് ഒലിച്ച് പോകുന്നു.

**കുടിൽ വ്യവസായങ്ങൾ**

ഈ മേഖലയിലും നാമമാത്രമായ വ്യവസായങ്ങളെ ഉള്ളു. പ്രധാനമായി നാളികേരം മൊത്തമായി സംഭരിച്ച് കൊപ്രയാക്കുന്ന വ്യവസായവും, ഏതാനും തുകൽ ചെരിപ്പു നിർമ്മാണ യൂണിറ്റുകളും, രണ്ടു പ്ലാസ്റ്റിക് കസേരകൾ നെയ്യുന്ന കേന്ദ്രങ്ങളും, ഒരു ബുക്ക് ബൈന്റിംഗ് കേന്ദ്രവും നിലവിൽ പ്രവർത്തിക്കുന്നു.(പട്ടിക കാണുക).

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | നാളികേര സംസ്കരണം (കൊപ്രനിർമ്മാണം) | 14 |
| 2. | പ്ലാസ്റ്റിക കെയിൻ യൂണിറ്റ് | 2 |
| 3. | ബുക്ക് ബൈന്റിംഗ് യൂണിറ്റ് | 1 |
| 4. | തുകൽ ചെരിപ്പു നിർമ്മാണം | 2 |

അവലംബം: ദ്വിതീയ വിവരശേഖരണം, ഗ്രാമസഭാചർച്ചകൾ, ദ്രുതഗ്രാമപഠനം.

ഈ മേഖലയിൽ ചെറുകിട വ്യവസായ മേഖലയിൽ സൂചിപ്പിച്ച പ്രകാരം സാമ്പത്തിക പ്രശ്നങ്ങളും ചില മേഖലയിൽ വിപണന പ്രശ്നങ്ങളും ഉണ്ട്.

പൊതുവെ ചെറുകിട മേഖലയിലും, കുടിൽ വ്യവസായങ്ങളിലും മറ്റു മേഖലകളെ അപേക്ഷിച്ച് കൂലി കുറവായി കാണുന്നു. പ്രത്യേകിച്ചും സ്ത്രീതൊഴിലാളികളുടെ കാര്യത്തിൽ പുരുഷൻമാരെക്കാൾ കൂലി അന്തരം നിലനിൽക്കുന്നു. (പട്ടിക കാണുക).

വിവധ മേഖലകളിലെ കൂലിനിരക്ക്

| ക്രമ നമ്പർ | ഇനം | പുരുഷൻ (രൂപ) | സ്ത്രീ (രൂപ) |
|---|---|---|---|
| 1. | നാളികേരസംസ്കരണം (കൊപ്ര) | 80 | - |
| 2. | തടിവ്യവസായം(മരമില്ലുകൾ) | 80 | - |
| 3. | റൈസ്, ഓയിൽ മില്ലുകൾ | 60 | - |
| 4. | സ്റ്റീൽ ഇൻഡസ്ട്രി | 80 | - |
| 5. | ഫർണിച്ചർ(മരം) | 120 | - |
| 6. | കല്ലുവെട്ട് | 100 | - |
| 7. | അടക്കസംസ്കരണം | 70 | 30 |
| 8. | ഖാദി(നൂൽനൂൽപ്പ്) | - | 15 |
| 9. | ഇലക്ട്രോണിക്സ് | 50 | 50 |
| 10. | സോപ്പ്,സോപ്പ്പൊടി നിർമ്മാണം | 90 | 50 |
| 11. | കെട്ടിട നിർമ്മാണം | 125 | 75 |
| 12. | പായനെയ്ത്ത്, പനമ്പുനെയ്ത്ത് Etc | 35 | 35 |
| 13. | കളിമൺപാത്ര വ്യവസായം | 40 | 40 |

| | | | |
|---|---|---|---|
| 14. | സ്വർണ്ണപ്പണി | 100 | - |
| 15. | ഇരുമ്പ് പണി | 85 | - |

അവലംബം: ദ്വിതീയവിവരശേഖരണം, ഗ്രാമസഭാ ചർച്ചകൾ, ദ്രുതഗ്രാമപഠനം.

ചില പരമ്പരാഗത കുടിൽ വ്യവസായങ്ങളും ഇലക്ട്രോണിക്സ് മേഖലകളിലും ഒഴിച്ചു നിർത്തിയാൽ മറ്റു മേഖലയിൽ ഈ അന്തരം വ്യക്തമാണ്.

### പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

പരമ്പരാഗത കുടിൽ വ്യവസായങ്ങളിലെ പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് അസംസ്കൃത വസ്തുക്കളുടെ ലഭ്യതയില്ലായ്മയാണ്. ഈ പഞ്ചായത്തിൽ പ്രധാനമായും കൈതോലപ്പായ നെയ്ത്തും മുള ഉപയോഗിച്ച് കൊട്ട, മുറം നെയ്ത്തും, കളിമൺ പാത്ര വ്യവസായങ്ങളും, പപ്പട നിർമ്മാണവും നടക്കുന്നു. പപ്പട നിർമ്മാണം ഇപ്പോൾ പരമ്പരാഗത തലത്തിൽ നിന്നും മാറി മറ്റുള്ളവരും നടത്തുന്നുണ്ട്.

കൈതോലപ്പായ നിർമ്മാണത്തിന് കൈതോല ലഭിക്കാതിരിക്കുന്ന സാഹചര്യമാണുള്ളത്. അതുപോലെ ത്തന്നെ കുട്ട, മുറം നിർമ്മാണത്തിന് വേണ്ടത്ര മുളയും ലഭിക്കുന്നില്ല. കളിമൺ പാത്ര വ്യവസായത്തിനാവശ്യമായ കളിമണ്ണ് ഇവിടെ വേണ്ടത്രയുണ്ടെങ്കിലും അത് സംഭരിക്കുവാൻ അതിന്റെ ഉൽപാദകർക്ക് കഴിയുന്നില്ല. മണ്ണ് കുഴിച്ചെടുക്കുവാൻ സ്ഥലമുടമകൾ സമ്മതി ക്കാതിരി ക്കുന്ന താണ് കാരണമായി പറയപ്പെടുന്നത്.

*വിപണനം*

ഇന്നത്തെ ആധുനിക യുഗത്തിൽ മൺപാത്രങ്ങൾക്ക് സ്ഥാനമില്ലാത്ത കാലമാണല്ലോ. ഇത്കൊണ്ട് തന്നെ ഇത്തരം പാത്രങ്ങൾ നിർമ്മിക്കുന്ന പരമ്പരാഗത തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ പ്രയാസവും അനുഭവപ്പെടുന്നു. മൺപാത്രങ്ങൾ വാങ്ങുന്നതു തന്നെ അഭിമാനക്കുറവായി കാണുകയാണ് ഇന്നത്തെ തലമുറ. അതു കൊണ്ട് ഒരു പരമ്പരാഗത കരകൗശല വിദ്യ നമ്മുടെ നാടിന് നഷ്ടപ്പെടുവാൻ പോകുന്നുവെന്ന യാഥാർത്ഥ്യം നാം മറന്നുകൂടാ.

മത്സ്യക്കച്ചവടത്തിന് വലിയ മുള കൊട്ടകൾ ഉപയോഗിക്കുന്നത് ഇന്ന് ഗണ്യമായി കുറഞ്ഞിരിക്കുന്നു. തൽസ്ഥാനം ഇന്ന് പ്ലാസ്റ്റിക്ക് പെട്ടികളാണ് കയ്യടക്കിയിരിക്കുന്നത്. മണ്ണ് ചുമക്കാനുപയോഗിക്കുന്ന കുട്ടകൾ ടയർ കൊണ്ട് നിർമ്മിക്കാൻ തുടങ്ങുകയും അതിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തതോടെ നിലവിലുണ്ടായിരുന്ന മുളയുടെ കുട്ടകൾ അപ്രത്യക്ഷമായി. ഇത് മൂലം ഇത്നിർമ്മിച്ച് ഉപജീവനം നടത്തിയിരുന്ന പരമ്പരാഗത തൊഴിലാളി പട്ടിണിയിലുമായി.

മേൽ പറഞ്ഞ രണ്ടുപ്രശ്നങ്ങളും തരണം ചെയ്യേണ്ടത് ഈ ആസൂത്രണ പ്രസ്ഥാനത്തിന്റെ ബാധ്യതയാണ്. ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് വേണ്ടി ഒരു ജനകീയ ബോധവത്ക്കരണം ആവശ്യമായിരിക്കയാണ്. മൺപാത്രവ്യവസായത്തിൽ അത് തീർച്ചയായും ഉപയോഗപ്പെടും. പരമ്പരാഗത മേഖലയിൽ എല്ലാ വിഭാഗത്തിലും കൂടി 163 പേർ ജോലി ചെയ്ത് വരുന്നു.

(പട്ടിക കാണുക)

പരമ്പരാഗത വ്യവസായങ്ങൾ, ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1. | കൈതോലപ്പായ കുട്ട, മുറം, പനമ്പ് Etc. | 36 | 30 | 48 | 78 |
| 2. | കളിമൺ പാത്രങ്ങൾ | 10 | 15 | 22 | 37 |
| 3. | സ്വർണ്ണപ്പണി | 32 | 48 | - | 48 |
| 4. | ഇരുമ്പ്പണി | | | | |

അവലംബം : ദ്വിതീയ വിവരശേഖരണം, ഗ്രാമ സഭാചർച്ച, ദ്രുതഗ്രാമ പഠനം

*പൊതുവിൽ*

മേൽ സൂചിപ്പിച്ച എല്ലാ വ്യവസായങ്ങളെയും ചൂഴ്ന്നു നിൽക്കുന്ന പ്രശ്നങ്ങൾ സാമ്പത്തികവും ഉല്പന്നങ്ങളുടെ വിപണനവുമാണെന്നു കാണാം. കുടിൽ വ്യവസായ മേഖലയിൽ സാമാന്യം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന 10 ാം വാർഡിലെ 'കുടീർ' സോപ്പ് ഇന്ന് പ്രതിസന്ധിയിലാണ്. സോപ്പിന്റെ അസംസ്കൃത വസ്തുക്കൾ കോഴിക്കോട് കേരളാ സോപ്പ്സ് ആന്റ് ഓയിൽ ലിമിറ്റഡ്സിൽ നിന്നും നല്ല ഗുണ നിലവാരത്തിൽ ലഭിച്ചിരുന്നു. പക്ഷെ ഇടക്കാലത്ത് KSO യുടെ പ്രവർത്തനം നിലച്ചുപോയതോടെ ' കുടീർ' സോപ്പിന്റെ നിർമ്മാണത്തിലും പ്രതിസന്ധി നേരിട്ടു. ഇപ്പോൾ പ്രസ്തുത സ്ഥാപനം പുനരുജ്ജീവിപ്പിക്കുവാൻ സാഹചര്യം ഉണ്ടായിരിക്കുകയാണ്. KSO വീണ്ടും തുറന്നു പ്രവർത്തിച്ചു തുടങ്ങിയതോടെ 'കുടീർ' വീണ്ടും ഉൽപാദിപ്പിക്കുവാൻ സാധിക്കും

ചെറുകിട വ്യവസായത്തിൽ ചില റൈസ് മില്ലുകൾ കേന്ദ്രീകരിച്ച് അരി പൊടിച്ച് പാക്കറ്റിലാക്കി വിൽക്കുന്ന വ്യവസായം നടത്തിവരുന്നു. പക്ഷെ അവരുടെ ഉല്പന്നങ്ങൾക്ക് വൻകിട കമ്പനികളുടെ പാക്കറ്റുപൊടിയുമായി മത്സരിക്കുവാൻ സാധിക്കാതെ മുരടിച്ചു നിൽക്കുകയാണ്.

വനിതാ വ്യവസായ തൊഴിൽ യൂണിറ്റുകൾ ധാരാളമായി തുടങ്ങുകയും എന്നാൽ ഇപ്പോൾ ഒന്നും നിലവില്ലാത്തതുമായ അവസ്ഥ ഇവിടെ നിലനിൽക്കുന്നു. 3ാം വാർഡിലെ ഗാർമെന്റ് യൂണിറ്റ് ഇതിന് ഒരപവാദമാണ്. എങ്കിലും മറ്റു യൂണിറ്റുകളുടെ തകർച്ച പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. അതാത് മേഖലകൾക്ക് അനുയോജ്യമായ വ്യവസായമല്ല തുടങ്ങുന്നത്. കരിങ്കല്ലുടക്കൽ യൂണിറ്റുകൾക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞിട്ടില്ല. യന്ത്രവൽകൃത യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന മെറ്റൽ കുറഞ്ഞ വിലക്ക് വിതരണം നടത്താൻ കഴിയുന്നതാണ് ഒരു കാരണം. മററു മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ കരിങ്കല്ലുടക്കുമ്പോൾ അവർക്ക് വേതന ക്കുറവ് അനുഭവപ്പെടുകയും തന്മൂലം തൊഴിൽ ചെയ്യാൻ തൊഴിലാളികൾ വിസമ്മതിക്കുന്നതും ഒരു കാരണമായി കാണാം.

**പരിഹാരനിർദ്ദേശങ്ങൾ**

1. പുതിയ വ്യവസായ സംരംഭകർക്ക് ഏറ്റവും എളുപ്പത്തിൽ വായ്പകൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള നടപടിചട്ടങ്ങൾ ലഘൂകരിക്കുക.

2. വായ്പകളിൽ പ്രവർത്തന മൂലധനമായി കൂടുതൽ തുക ഉൾക്കൊള്ളിക്കുക.

3. ചെറുകിട, കുടിൽ വ്യവസായങ്ങൾക്ക് സബ്സിഡി തുക വർദ്ധിപ്പിക്കുക. അവ ലഭിക്കുന്നതിന് ഇന്ന് കാണപ്പെടുന്ന ബുദ്ധിമുട്ടുകൾ കുറക്കുക.

4. മുരടിച്ചുനിൽക്കുന്ന വ്യവസായങ്ങൾ കണ്ടെത്തി അവക്ക് ലോൺ കാലാവധി വർദ്ധിപ്പിച്ചും സബ്സിഡികൾ നൽകിയും പുനരുജ്ജീവിപ്പിക്കുക.

5. വ്യവസായ സംരംഭകർ എടുക്കുന്ന വായ്പ അതാത് ആവശ്യങ്ങൾക്ക് തന്നെ ഉപയോഗപ്പെടു ത്തുന്നു വെന്ന് ഉറപ്പു വരുത്തുകയും വേണം.

6. വ്യവസായം തുടങ്ങുന്നതിന് വേണ്ട സാങ്കേതിക പരിജ്ഞാനം എളുപ്പത്തിൽ ലഭ്യമാക്കുക. ഇതിന് വേണ്ടി എല്ലാ പഞ്ചായത്തുതലത്തിലും വ്യവസായ ഓഫീസർ മാരെ നിയമിക്കുക.

7. ഓരോ പ്രദേശത്തിനും അനുയോജ്യമയ വ്യവസായം തെരഞ്ഞെടുക്കുന്നതിന് സംരംഭകനെ പ്രേരിപ്പിക്കുക.

8. വൈദ്യുത പ്രതിസന്ധി പരിഹരിക്കണം. കണക്ഷൻ ലഭിക്കാൻ വേണ്ടി വരുന്ന സാമ്പത്തിക, സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാൻ സർക്കാരിനു കഴിയണം. ഇതിന് വേണ്ട ചട്ടങ്ങൾ ലളിത വൽക്കരിക്കണം.

9. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. ഇതിന് വേണ്ടി കണക്ഷനുകൾക്ക് ആനുപാതികമായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. പ്രസരണ നഷ്ടം കുറക്കാൻ വേണ്ടതു ചെയ്യുക.

10. പരമ്പരാഗത വ്യവസായങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിന് ജനകീയ ബോധവൽക്കരണം ആവശ്യമാണ്. പ്രധാനമായും കളിമൺ പാത്രങ്ങളുടെ കാര്യത്തിൽ. കളിമൺ പാത്രങ്ങൾ ഉപയോഗിച്ചാലുണ്ടാകുന്ന ആരോഗ്യപരമായ ഗുണത്തെക്കുറിച്ച് പ്രചാരണപരിപാടികൾ നടത്തുക.

11. കുട്ട, മുറം, പായ തുടങ്ങിയവയുടെ ഉല്പാദകർക്ക് വേണ്ട അസംസ്കൃത വസ്തുക്കൾ ആയ മുള, കൈതോല തുടങ്ങിയവ ലഭ്യമാക്കുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

12. ധാരാളം നാളികേരം ഉല്പാദിപ്പിക്കപ്പെടുന്ന ഈ പഞ്ചായത്തിൽ ഒരു സമ്പൂർണ്ണ നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുവാൻ കഴിയും.

13. നെല്ല് മൊത്തമായി സംഭരിച്ചുകൊണ്ട് അരിയും, പൊടിയുമാക്കി മാറ്റാവുന്ന ഒരു 'ഭക്ഷ്യ സംസ്കരണ കേന്ദ്ര'ത്തിനും ഈ പഞ്ചായത്തിൽ സാധ്യത കാണുന്നു.

14. വെള്ളാഞ്ചേരി കായൽ, മാങ്ങാട്ടൂർ, ഭാരതപ്പുഴയുടെ തീരം എന്നിവിടങ്ങളിൽ സുലഭമായി ലഭിക്കുന്ന കളിമണ്ണ് ഉപയോഗപ്പെടുത്തി ഇഷ്ടിക നിർമ്മാണ യൂണിറ്റും ആരംഭിക്കാവുന്നതാണ്.

15. കൺസ്ട്രക്ഷൻ തൊഴിലാളികൾ ധാരാളമായി ഉള്ള ഈ പഞ്ചായത്തിൽ ചുരുങ്ങിയ ചെലവിൽ വീട് നിർമ്മിക്കുന്ന ഒരു നിർമ്മാണ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കാം. പഞ്ചായത്തിന് തീർച്ചയായും അതൊരു മുതൽക്കൂട്ടാവു.

16. ഭാരതപ്പുഴയുടെ തീരത്തുള്ള ഈ പഞ്ചായത്തിൽ ധാരാളമായി ലഭിക്കുന്ന മണൽ ഉപയോഗിച്ച് ഹോളോ ബ്രിക്സ്, സിമന്റ് കട്ട, കട്ടിള, സിമന്റ് ജനൽ തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായം സുഗമമായി നടത്തിക്കൊണ്ട് പോകാം.

17. നോട്ടുബുക്ക് നിർമ്മാണ യൂണിറ്റും, ഗാർമെന്റ് യൂണിറ്റും വനിതകൾക്കായി ഇവിടെ ആരംഭിക്കാവുന്നതാണ്.

18. മെഴുകുതിരി, ചന്ദനത്തിരി, അച്ചാറുകൾ എന്നിവ കുടിൽ വ്യവസായമായി തുടങ്ങാവുന്നതാണ്.

19. സോപ്പുകൾ, സോപ്പു പൊടി നിർമ്മാണ യൂണിറ്റുകൾ പുതുതായി ആരംഭിക്കാവുന്നതും നിലവിലുള്ള നിർമ്മാണയൂണിറ്റ് പുനരുജ്ജീ വിപ്പി ക്കുകയും ചെയ്യാം. വിപണന സാധ്യതകൾക്കായി ജനകീയസമിതികളുടെ സഹായം ലഭ്യമാക്കണം.

20. സഹകരണമേഖലയിൽ ഒരു ഓട്ടോമൊബൈൽ യൂണിറ്റ് ആരംഭിക്കാം. തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ ഷെയറുകൾ ചേർത്ത്കൊണ്ട് നല്ലരീതിയിൽ നടത്തിക്കൊണ്ടുപോകാവുന്നതാണ്.

21. സഹകരണ മേഖലയിൽ തന്നെ പ്രിന്റിംഗ് യൂണിറ്റും ആരംഭിക്കാം. നോട്ടുബുക്ക് നിർമ്മാണ യൂണിറ്റുമായി ഇതിനെ സംയോജിപ്പിക്കാവുന്നതാണ്.

22. നെല്ലു സംഭരിച്ചുകൊണ്ട് അവിൽ നിർമ്മാണയൂണിറ്റും നേന്ത്രക്കായ , കപ്പ, ഉരുളക്കിഴങ്ങ് ഉപയോഗിച്ചുള്ള ചിപ്സും മറ്റു ബേക്കറി സാധനങ്ങളും ഉല്പാദിപ്പിക്കുന്ന യൂണിറ്റും ആരംഭിക്കാം. സാധ്യത കാണുന്ന വ്യവസായ യൂണിറ്റുകൾ (പട്ടിക കാണുക)

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ചെറുകിടവ്യവസായം (ഇടത്തരം) | 1. | നാളികേര സംസ്കരണയൂണിറ്റ് |
| | 2. | നെല്ല് സംഭരിച്ചുകൊണ്ടുള്ള സംസ്കരണയൂണിറ്റ് |
| | 3. | കളിമൺ ഇഷ്ടിക നിർമ്മാണ യൂണിറ്റ് |
| | 4. | സിമന്റ് ഇഷ്ടിക, സിമന്റ് കട്ടിള, ജനൽ Etc |
| | 5. | ഫർണിച്ചർ നിർമ്മാണയൂണിറ്റ് (മരം) |
| | 6. | സ്റ്റീൽ കസേരകൾ, അലമാരകൾ Etc |
| | 7. | പ്രിന്റിംഗ് യൂണിറ്റ് |
| | 8. | അവിൽ നിർമ്മാണ യൂണിറ്റ് |

| | | |
|---|---|---|
| സംഘകരണം (ജനറൽ) | 1. | നോട്ടുബുക്ക് നിർമ്മാണ യൂണിറ്റ് |
| | 2. | റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് |
| | 3. | സോപ്പുകൾ, സോപ്പുപൊടി നിർമ്മാണയൂണിറ്റ് |
| | 4. | ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ, Etc) |
| | 5. | കുട നിർമ്മാണ യൂണിറ്റ് |
| | 6. | യന്ത്രവൽകൃത ചൂടിക്കയർ നിർമ്മാണം |
| കുടിൽ വ്യവസായം (വനിത) | 1. | മെഴുകുതിരി, ചന്ദനത്തിരി യൂണിറ്റ് |
| | 2. | അച്ചാറുകൾ, പഴജാമുകൾ (കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ Etc) |
| | 3. | പേപ്പർ കവർ യൂണിറ്റ് |
| | 4. | പപ്പടനിർമ്മാണയൂണിറ്റ് (മുളക്പപ്പടം, തുടങ്ങി മറ്റു വ്യത്യസ്ഥത പുലർത്തുന്നവ) |

**അനുബന്ധം**

ഗ്രാമപഞ്ചായത്തിന്റ നേതൃത്വത്തിൽ ഈ പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ കഴിയും. സ്ഥലവും കെട്ടിടവും പഞ്ചായത്ത് സംഘടിപ്പിക്കണമെന്നതാണ് ഒരു നിർദ്ദേശം. ലെയ്ത്ത്, ഓട്ടോമോബൈൽ, അനുബന്ധമായ മറ്റു സ്ഥാപനങ്ങൾ, വുഡ് ഇൻഡസ്ട്രിയൽ, ഫർണിച്ചർ നിർമ്മാണം തുടങ്ങിയവ ഈ കാര്യത്തിലേക്ക് പരിഗണിക്കാവുന്നതാണ്. ഉചിതമായ സ്ഥലം കണ്ടെത്തി ഈ പദ്ധതി നടപ്പിലാക്കിയാൽ ഒരേ ഗണത്തിൽപ്പെട്ട വ്യവസായങ്ങൾ ഒരു മേൽക്കൂരക്ക് കീഴെ എന്നതും, തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരംകാണാൻ കഴിയും എന്നതുകൊണ്ടും ഈ പദ്ധതി എന്തുകൊണ്ടും അഭിനന്ദനീയമായി രിക്കും. മാത്രമല്ല വാടകയിനത്തിൽ പഞ്ചായത്തിന് ഇതൊരു മുതൽക്കൂട്ടുമായിരിക്കും.

ഇപ്രകാരം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കപ്പെടുമ്പോൾ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് വേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ, സംരംഭകന്റെ പ്രാഥമിക സാമ്പത്തിക ബുദ്ധിമുട്ടുകൾ തുടങ്ങിയവ ഒരളവുവരെ പരിഹരിക്കപ്പെടുമെന്നതിനാൽ ഈ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയും ചെയ്യും.





# വിദ്യാഭ്യാസം

വിദ്യാഭ്യാസം സമൂഹത്തിന്റെ മൊത്തം കടമയാണെന്നുള്ള ധാരണ കഴിഞ്ഞ നാലഞ്ച് കൊല്ലങ്ങളായി കുറഞ്ഞുവരുന്നുണ്ട്. വിദ്യാഭ്യാസം വ്യക്തിയുടെ സർവ്വോതോമുഖമായ വളർച്ചക്കുപരി, സമൂഹത്തിന്റെ സർവ്വോതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന തലമുറയെ സൃഷ്ടിക്കുന്നതിനുവേണ്ടിയാവണമെന്ന കാഴ്ചപ്പാട് വളർന്നുവരേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ദീർഘകാലാടിസ്ഥാനത്തിലും സ്ഥായിയായതുമായ നേട്ടങ്ങൾ ഉണ്ടാവാൻ ഇന്നത്തെ വിദ്യാഭ്യാസ പ്രക്രിയ പര്യാപ്തമല്ല. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രധാന ഉല്പന്നമായി ഈ വിദ്യാഭ്യാസ നേട്ടങ്ങളാണ് ഉണ്ടാവേണ്ടത്.

പഞ്ചായത്തിന്റെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനമാരംഭിക്കുന്നതിന് മുമ്പ്തന്നെ, മലബാർ പ്രദേശത്തെ നമ്പൂതിരിമാർക്ക് വേദാധ്യായനം നൽകിയിരുന്ന ' ഓത്തൻമാർ മഠം' തവനൂരിൽ നൂറ്റാണ്ടുകളായി പ്രവർത്തിച്ചിരുന്നു. ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. സമൂഹത്തിന്റെ മൊത്തമായ പരിവർത്തനത്തിന് ഈ സ്ഥാപനം കാര്യമായ പങ്കുവഹിച്ചിട്ടില്ലെങ്കിലും പഞ്ചായത്തിന്റ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു സ്ഥാനം അലങ്കരിക്കുന്നുണ്ട്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം ഈ പഞ്ചായത്തിൽ ആദ്യത്തേത് ഇപ്പോഴത്തെ തൃക്കണാപുരം G.L.P. സ്കൂളാണ്. പരിസര പ്രദേശങ്ങളിൽ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഒരു ഗൗരവ ബോധം സൃഷ്ടിക്കാൻ ഈ തുടക്കം സഹായിക്കുകയും അതിനെ തുടർന്ന് വിവിധ ഭാഗങ്ങളിൽ സ്കൂളുകളാരംഭിക്കുകയുമുണ്ടായി.

ഇപ്പോൾ പഞ്ചായത്തിൽ സർക്കാർ എയ്ഡഡ് രംഗത്ത് 19 സ്കൂളുകളുണ്ട്. അൺ എയ്ഡഡ് രംഗത്ത് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും, ഒരു ഹയർ സെക്കണ്ടറി സ്കൂളും (+2) പ്രവർത്തിക്കുന്നു. 11 സർക്കാർ സ്ക്കൂളുകളും 8 സ്വകാര്യ സ്ക്കൂളുകളും ഉള്ളതിൽ 2എണ്ണം ഗവൺമെന്റ് ഹൈസ്ക്കൂളുകളാണ്. തവനൂർ ഗവൺമെന്റ് ഹൈസ്ക്കൂളിനോട് ചേർന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറിയും പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ ഒരു ദശകത്തിൽ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്തുണ്ടായ വികസനം, തവനൂർ G.U.P. സ്കൂളിനോടനുബന്ധമായി 1996-97 അദ്ധ്യയന വർഷത്തിലാരംഭിച്ച ഒരു L.P. സ്ക്കൂളും, അതളൂരിൽ ആരംഭിച്ച ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സകൂളും, (K.M.N.S.S.Uഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ) , ഒമ്പതാം വാർഡിൽ പെൺകുട്ടികൾക്ക് മാത്രമായി ആരംഭിച്ച ദാറുൽ ഹിദായ ഹയർ സെക്കണ്ടറി സ്കൂളും ( +2) ആണ് സർക്കാർ എയ്ഡ് രംഗത്തെ വിദ്യാലയങ്ങൾ

പട്ടിക -3-1

| | |
|---|---|
| എൽ.പി. സ്കൂൾ | 16 |
| യു.പി. സ്കൂൾ | 8 |
| ഹൈസ്കൂൾ | 2 |
| വൊക്കേഷണൽ | |
| ഹയർ സെക്കണ്ടറി | 1 |

അൺ എയ്ഡഡ് വിദ്യാലയങ്ങൾ
1. KMNSSU ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ, അതളൂർ
2. ദാറുൽ ഹിദായ ഹയർ സെക്കണ്ടറി സ്കൂൾ, കണ്ടനകം.

42.37 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ എല്ലാ ഭാഗത്തും ഒരു കിലോമീറ്ററിനുള്ളിൽ എൽ.പി.സ്കൂൾ സൗകര്യം ലഭ്യമല്ല. ഒന്നിലധികം എൽ. പി. സ്കൂളുകൾ പ്രവർത്തിക്കുന്ന വാർഡുകളുണ്ട്.

സർക്കാർ - എയ്ഡഡ് രംഗത്തെ വിദ്യാലയങ്ങൾ

വാർഡ് തിരിച്ചുള്ള വിവരണം.

പട്ടിക-3-2 നോക്കുക

കഴിഞ്ഞ 5 വർഷക്കാലത്ത് ഈ പഞ്ചായത്തിൽ വിദ്യാർഥികളുടെ എണ്ണത്തിൽ നേരിയ കുറവ് അനുഭവ പ്പെടുന്നുണ്ട്. പൊതു ജനന നിരക്ക് കുറഞ്ഞതും, സമീപപ്രദേശങ്ങളിൽ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളാരംഭിച്ചതും ഈ കുറവിന് കാരണമാണ്.

തവനൂർ ഗവ: ഹൈസ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ഏക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ കൃഷിയും പുഷ്പഫല സസ്യകൃഷിയും ഒപ്ഷണൽ വിഷയങ്ങളായി പഠിപ്പിക്കുന്നു. പക്ഷെ, സ്ഥിരം അധ്യാപകരെ നിയമിച്ചിട്ടില്ല. കരാർ വ്യവസ്ഥയിൽ പഠിപ്പിക്കുന്ന അധ്യാപകർ മറ്റു ജോലികിട്ടി പോകുമ്പോൾ അധ്യാപകരില്ലാതെ വരുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കാറുണ്ട്.

പട്ടിക 3–3 നോക്കുക

ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിലുള്ള ഒരു കാർഷിക എഞ്ചിനീയറിംഗ് കോളേജ് നമ്മുടെ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു എന്നുള്ളത് നമുക്ക് അഭിമാനകരമാണ് - KCAET- കേളപ്പജിയുടെ ശ്രമഫലമായി അന്നത്തെ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്റുവിന്റെ പ്രത്യേക താല്പര്യപ്രകാരം ആരംഭിച്ച റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തുടർച്ചയാണ് ഈ കാർഷിക എഞ്ചിനീയറിംഗ് കോളേജ്.

തുടക്കത്തിൽ ഇവിടെ പ്രീഡിഗ്രിക്ക് തുല്യമായ പ്രിവ്റേറ്ററി കോഴ്സും, ഡിഗ്രിക്ക് തുല്യമായ ഡിപ്ലോമ ഇൻ റൂറൽ സർവ്വീസും (DRS) നടത്തിയിരുന്നു. കൂടാതെ അഗ്രിക്കൾച്ചർ ഡെമോൺസ്ട്രേറ്റർ, അഗ്രിക്കൾച്ചർ കോഴ്സ്, സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് എന്നിവയും, ഡിപ്ലോമ ഇൻ റൂറൽ എഞ്ചിനീയറിംഗ് കോഴ്സും പഠന വിഷയങ്ങളായി പഠിപ്പിച്ചു പോന്നിരുന്നു. ഈ സ്ഥാപനം 1974ലാണ് കേരള കാർഷിക സർവ്വകലാശാല ഏറ്റെടുത്തത്. ആദ്യം കാർഷിക എഞ്ചിനീയറിംഗിൽ ഡിപ്ലോമ കോഴ്സും സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്തിയിരുന്നു. ഇപ്പോൾ ഇവിടെ B-Techഉം M-Techഉം കോഴ്സുകൾ നടത്തപ്പെടുന്നു.

കേരളത്തിന്റെ തന്നെ കാർഷിക രംഗത്തെ ഒരു പ്രധാന മുതൽകൂട്ടാണ് ഈ സ്ഥാപനമെങ്കിലും ഇതിന്റെ പ്രയോജനം വളരെയൊന്നും ഈ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

സ്കൂൾ അധ്യാപകർ ആകെ 287 പേർ വേണ്ട സ്ഥാനത്ത് 276 പേരാണ് ഉള്ളത്. കഴിഞ്ഞ ഒരു ദശകത്തിൽ അധ്യാപകരിൽ സ്ത്രീകളുടെ എണ്ണത്തിൽ നേരിയ വർദ്ധന കാണിക്കുന്നു.

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ തീരെ തൃപ്തികരമല്ല. മിക്ക സ്കൂളുകളിലും ആവശ്യത്തിന് ക്ലാസ് മുറികളില്ല. ബെഞ്ചും ഡെസ്കും ആവശ്യത്തിന് തികയില്ല. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത താഴെ പട്ടിക നോക്കിയാൽ ബോധ്യമാവും.

പട്ടിക 3-4 നോക്കുക

അധ്യാപകരക്ഷാ കർതൃ സമിതിയുടെ പ്രവർത്തനം ഒന്നുരണ്ട് കൊല്ലങ്ങൾക്ക് മുമ്പ്വരെ പേരിന് മാത്രമായിരുന്നു. ഈയിടയായി വിദ്യാഭ്യാസരംഗത്തെ സാമൂഹ്യ ഇടപെടലിന്റെ ആവശ്യം കൂടുതൽ ആളുകൾ മനസ്സിലാക്കി വരുന്നത് ശുഭസൂചകമാണ്. സ്ത്രീകളിലെ മാതൃസമിതി പ്രവർത്തനം ആശാവഹമാണ്. അമ്മമാർ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാ സത്തിൽ ഏറ്റവും പ്രധാന സ്ഥാനമലങ്കരിക്കുന്നെന്ന തിരിച്ചറിവ് ഏറെ നേടിവരുന്നതിന്റെ സദ്ഫലങ്ങൾ വിദ്യാലയങ്ങളിൽ ദൃശ്യമാണ്. മാതൃസമിതി പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. അപകടകരമാം വണ്ണം കുറഞ്ഞ നമ്മുടെ കുട്ടികളുടെ നിലവാരം ഉയർത്തുന്നതിൽ വലിയ പങ്കുവഹിക്കാൻ നമ്മുടെ അമ്മമാർക്ക് കഴിയുമെന്ന് മനസ്സിലാക്കി അവർ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. മാതൃസമിതി പ്രവർത്തനങ്ങളെ സാമൂഹ്യ ജീവിത പ്രശ്നങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ബോധപൂർവ്വം ഏറ്റെടുത്താൽ വിദ്യാഭ്യാസ രംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കാൻ അമ്മമാർക്ക് കഴിയും.

ഡി.പി.ഇ.പി പദ്ധതിയുടെ അവശ്യ പഠനനിലവാര പരിപാടി (MLL) പഞ്ചായത്തിൽ വെറൂർ എ.യു.പി. സ്കൂളിൽ എൽ.പി. വിഭാഗത്തിൽ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. മറ്റു സ്കൂളുകളിൽ ബോധവൽക്കരണ പരിപാടികളും പഠനോപകരണസൗകര്യങ്ങൾക്കുള്ള സാമ്പത്തിക സഹായവും നൽകിയിട്ടുണ്ടെങ്കിലും ഔപചാരികതയുടെ ചുവപ്പുനാട മുറിച്ച് പ്രൈമറി ക്ലാസുകളിലെ നിരക്ഷരത നിർമാർജ്ജനം ചെയ്യാൻ കാര്യമായി കഴിഞ്ഞിട്ടില്ല. അധ്യാപകർക്കു വേണ്ടത്ര പുനപരിശീലനം നൽകുന്നതിലും അധ്യയനരംഗത്ത് ആധുനികത നല്കുന്നതിലും ആധുനിക സങ്കേതങ്ങൾ നിവേശി പ്പിക്കുന്നതിനും, മൂല്യനിർണ്ണയരീതിയിൽ മാറ്റം വരുത്തു ന്നതിലും ഡി.പി.ഇ.പി. പരിപാടികൾ തീരെ വിജയിച്ചിട്ടില്ല. സ്കൂളുകളിലെ പൊതുവിദ്യാഭ്യാസ നിലവാരം വളരെ കുറവാണ്. പ്രൈമറി ക്ലാസുകളിൽ 40 ശതമാനത്തിലധികം കുട്ടികളും അവശ്യ പഠന നിലവാരം ലഭിക്കാത്തവരാണെന്ന് ജില്ലയിലാകെ നടത്തിയ ഒരു സർവേയിൽ വെളിപ്പെടുത്തുകയുണ്ടായി. വർധിച്ച തോതിലുള്ള സ്കൂളുകളിലെ നിരക്ഷരത വിദ്യാഭ്യാസ തല്പരരെ അലട്ടുന്ന മുഖ്യപ്രശ്നമാണ്. രണ്ട് ഹൈസ്കൂളുകളിലെയും SSLC വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്.

പട്ടിക 3.5

SSLC വിജയശതമാനം

| സ്കൂളിന്റെ പേര് | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| KMGVHS തവനൂർ | 21 | 25 | 16 | 17 |
| GHS കാടഞ്ചേരി | 17 | 13.5 | 12.5 | 15 |

ഗവ. ഹൈസ്കൂളുകളായതിനാൽ രണ്ടിടത്തും അധ്യയനവർഷാരംഭത്തിൽ നിരവധി അധ്യാപകരുടെ ഒഴിവുണ്ടാവുന്നതും സമയത്തിന് ടെക്സ്റ്റ് ബുക്കുകൾ ലഭ്യമാവാത്തതും തരംതാണ ഗൈഡ് പുസ്തകങ്ങളെ ആശ്രയിച്ച് അധ്യാപനം ട്യൂട്ടോറിയൽ രീതിയിലേക്ക് അധഃപതിപ്പിക്കുന്നതും വിജയശതമാനം കുറയുന്നതിന്റെ പ്രധാനകാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

അധ്യാപനം വിദ്യാർത്ഥി കേന്ദ്രീകൃതമല്ലാതിരിക്കലും കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ പരിശോധിക്കുന്നതിൽ മൂല്യനിർണ്ണയ സമ്പ്രദായങ്ങൾ പരാജ യപ്പെടുന്നതും വിദ്യാഭ്യാസ രംഗത്തെ പ്രധാന വെല്ലു വിളികളാണ്.

പഞ്ചായത്തിലുള്ള ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമ തവനൂരിലും കാടഞ്ചേരിയിലുമായി 6 ട്യൂട്ടോറിയൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 4 ടൈലറിംഗ് സ്കൂളുകളും 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിച്ചു വരുന്നു.

തൃക്കണാപുരം, കണ്ടനകം, വെറൂർ, പോത്തനൂർ, നരിപ്പറമ്പ് എന്നിവിടങ്ങളിലെ കുട്ടികൾ ഹൈസ്കൂൾ പഠനത്തിന് കുറ്റിപ്പുറം ഗവ. ഹൈസ്കൂൾ, എടപ്പാൾ ഗവ. ഹൈസ്കൂൾ, പൊന്നാനി എ.വി. ഹൈസ്കൂൾ, പൊന്നാനി ഗേൾസ് ഹൈസ്കൂൾ എന്നീ സ്കൂളുകളെയാണ് ആശ്രയിക്കുന്നത്. സാമ്പത്തികമായ കഴിവുള്ള വീടുകളിലെ 150ഓളം കുട്ടികൾ പൊന്നാനി, എടപ്പാൾ

178

പട്ടിക 3-2

| വാർഡ് നമ്പർ | L.P.സ്കൂൾ | U.P.സ്കൂൾ | ഹൈസ്കൂൾ | VHSC |
|---|---|---|---|---|
| 1. | M.A.M.U.P സ്കൂൾ | M.A.M.U.P സ്കൂൾ | ഇല്ല | ഇല്ല |
| 2. | A.M.L.P.S അതളൂർ | ഇല്ല | ഇല്ല | ഇല്ല |
| 3. | G.U.P.S തവനൂർ | G.U.P.S തവനൂർ | K.M.G.V.H.S. | K.M.G.V.H.Sതവനൂർ |
| 4. | G.L.P.S.തൃക്കണാപുരം<br>A.M.L.P.S. കടകശ്ശേരി | S.S.U.P.S തൃക്കണാപുരം | ഇല്ല | ഇല്ല |
| 5. | G.L.P.S വെള്ളാഞ്ചേരി | G.U.P.S വെള്ളാഞ്ചേരി | ഇല്ല | ഇല്ല |
| 6. | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7. | A.M.L.P.S തൃക്കണാപുരം | ഇല്ല | ഇല്ല | ഇല്ല |
| 8. | G.H.W.L.P.S മറവഞ്ചരി | ഇല്ല | ഇല്ല | ഇല്ല |
| 9. | G.L.P.S. കാലടി<br>A.M.L.P.S മാണിയൂർ | V.P.U.P.S.കാലടി | ഇല്ല | ഇല്ല |
| 10. | A.L.P.S വെറൂർ | A.U.P.S. വെറൂർ | ഇല്ല | ഇല്ല |
| 11. | A.M.L.P.S തിരുത്തിക്കുണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 12. | A.M.L.P.S കാലടി<br>G.H.S. കാടഞ്ചേരി | ഇല്ല<br>G.H.S. കാടഞ്ചേരി | ഇല്ല<br>G.H.S. കാടഞ്ചേരി | ഇല്ല<br>ഇല്ല |
| 13. | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 14. | G.L.P.S പോത്തനൂർ | G.U.P.S.പോത്തനൂർ | ഇല്ല | ഇല്ല |
| 15. | G.L.P.S. നരിപ്പറമ്പ് | ഇല്ല | ഇല്ല | ഇല്ല |

പട്ടിക 3-4

| നമ്പർ | സ്കൂളിന്റെ പേര് | ആകെ വിദ്യാർത്ഥികൾ | അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | പാചകമുറി | സ്റ്റാഫ് റൂം |
|---|---|---|---|---|---|---|---|---|---|
| 1. | A.U.P.S. വെരൂർ | 729 | 27 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2. | V.P.U.P.S. കാലടി | 438 | 10 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 3. | G.L.P.S. കാലടി | 233 | 9 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 4. | A.M.L.P.S. മാണിയൂർ | 261 | 9 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | A.M.L.P.S. തൃക്കണാപുരം | 340 | 10 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 6. | G.U.P.S. വെള്ളാഞ്ചേരി | 825 | 19 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 7. | A.M.L.P.S. കടകശ്ശേരി | 275 | 9 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 8. | G.H.W.L.P.S മറവഞ്ചേരി | 334 | 11 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 9. | A.M.L.P.S. കാലടി | 376 | 10 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 10. | G.H.S. കാടഞ്ചേരി | 1773 | 42 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 11. | S.S.U.P.S തൃക്കണാപുരം | 751 | 21 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 12. | G.L.P.S. തൃക്കണാപുരം | 379 | 8 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 13. | K.M.G.V.H.S തവനൂർ | 1310 | 34 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 14. | G.U.P.S. തവനൂർ | 176 | 5 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 15. | M.A.M.U.P.S തവനൂർ | 591 | 16 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 16. | A.L.P.S. അതളൂർ | 314 | 9 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 17. | A.M.L.P.S. തിരുത്തിക്കുണ്ട് | 126 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 18. | G.L.P.S. നരിപ്പറമ്പ് | 264 | 6 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 19. | G.U.P.S. പോത്തനൂർ | 482 | 16 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| | ആകെ | 10077 | 276 | | | | | | |

പട്ടിക 3.3

സർക്കാർ / എയിഡഡ് സ്കൂളുകളിലെ കുട്ടികളും അധ്യാപകരും

| സ്കൂൾ | കുട്ടികളുടെഎണ്ണം | | | പട്ടിക ജാതി കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | അനുവദിച്ചത് | നിലവിലുള്ളത് | ഒഴിവുള്ളത് |
| 1. AUPS വെറൂർ | 403 | 426 | 829 | 24 | 29 | 53 | 27 | 27 | - |
| 2. VPUPS കാലടി | 209 | 229 | 438 | 29 | 28 | 57 | 10 | 10 | - |
| 3. GLPS കാലടി | 125 | 108 | 233 | 24 | 25 | 49 | 9 | 9 | - |
| 4. AMLPS മാണിയൂർ | 138 | 123 | 261 | 11 | 9 | 20 | 9 | 9 | - |
| 5. AMLPS തൃക്കണാപുരം | 194 | 146 | 340 | 21 | 21 | 42 | 10 | 10 | - |
| 6. GUPS വെള്ളാഞ്ചേരി | 426 | 399 | 825 | 75 | 77 | 152 | 21 | 19 | 2 |
| 7. AMLPS കടകശ്ശേരി | 136 | 139 | 275 | 29 | 24 | 53 | 9 | 9 | - |
| 8. GHWLPS മറവഞ്ചേരി | 178 | 156 | 334 | 20 | 18 | 38 | 11 | 11 | - |
| 9. AMLPS കാലടി | 199 | 177 | 376 | 19 | 16 | 35 | 10 | 10 | - |
| 10. GHS കാടഞ്ചേരി | 932 | 841 | 1773 | 136 | 123 | 259 | 45 | 42 | 3 |
| 11. SSUPS തൃക്കണാപുരം | 368 | 383 | 751 | 66 | 61 | 127 | 21 | 21 | - |
| 12. GLPS തൃക്കണാപുരം | 180 | 199 | 379 | 27 | 28 | 55 | 10 | 8 | 2 |
| 13. GHS തവനൂർ | 646 | 664 | 1310 | 120 | 135 | 255 | 37 | 34 | 3 |
| 14. GUPS തവനൂർ | 95 | 81 | 176 | 17 | 24 | 41 | 5 | 5 | - |
| 15. MAMUPS തവനൂർ | 292 | 299 | 591 | 44 | 38 | 82 | 16 | 16 | - |
| 16. AMLPS അതളൂർ | 159 | 155 | 314 | 21 | 21 | 42 | 9 | 9 | - |
| 17. AMLPS തിരുത്തിക്കുണ്ട് | 70 | 56 | 126 | 2 | - | 2 | 5 | 5 | - |
| 18. GLPS നരിപ്പറമ്പ് | 125 | 139 | 264 | 18 | 15 | 33 | 6 | 6 | - |
| 19. GUPS പോത്തന്നൂർ | 244 | 238 | 482 | 65 | 56 | 121 | 17 | 16 | 1 |

അതളൂർ, തിരൂർ എന്നിവിടങ്ങളിലെ ഇംഗ്ലീഷ് മീഡിയം അൺ എയിഡഡ് സ്കൂളുകളിൽ പഠിച്ചു വരുന്നു. സാധാരണ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ മക്കളെപ്പോലും ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ വൻ തുകകൾ ചെലവാക്കി പഠിപ്പിക്കുന്നുണ്ടെന്നുള്ളത് ഒരു വിരോധാഭാസമാണ്.

പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ 28 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. ആയിരം ജനസംഖ്യക്ക് ഒരു അംഗൻ വാടി ആവശ്യമാണെന്ന കണക്കിൽ നമ്മുടെ പഞ്ചായത്തിൽ ആവശ്യമുള്ള അംഗൻവാടികളുടെ പകുതി മാത്രമെ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ. എല്ലാ അംഗൻവാടികളിലും കുട്ടികൾക്ക് പ്രീ പ്രൈമറി വിദ്യാഭ്യാസവും പോഷകാഹാരവും നൽകപ്പെടുന്നു. കാടഞ്ചേരി ഗവ. ഹൈസ്കൂളിനോടനുബന്ധിച്ച് പി.ടി.എയുടെ നേതൃത്വത്തിൽ ഒരു പ്രീ പ്രൈമറി വിഭാഗം ആരംഭിച്ചിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന 28 അംഗൻവാടികളിലും ഫർണീച്ചറും കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങളും തീരെയില്ലാത്ത സ്ഥിതിയാണ്. 8 അംഗൻവാടികൾക്ക് സ്വന്തം കെട്ടിടമില്ല. പഞ്ചായത്തിൽ 4 ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും പ്രവർത്തിച്ചു വരുന്നു.

മൂല്യനിർണ്ണയ സമ്പ്രദായത്തിൽ പുതിയ ഒരു മാതൃകയായി കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ വിജ്ഞാനോത്സവം 5 കൊല്ലത്തോളമായി നടത്തപ്പെടുന്നു. ഇതേ മാതൃക മൂല്യനിർണ്ണയത്തിന് സ്വീകരിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസവകുപ്പ് ഈ രീതി സാർവത്രികമാക്കാൻ മുൻകൈ എടുത്തിട്ടില്ല.

### *സാക്ഷരത യജ്ഞം തവനൂർ പഞ്ചായത്തിൽ*

1990ൽ കേരളത്തിൽ തുടങ്ങിയ സാക്ഷരത യജ്ഞം തവനൂർ പഞ്ചായത്തിൽ ആവേശപൂർവ്വം നടപ്പിലാക്കുകയുണ്ടായി. അക്ഷരജ്ഞാനമില്ലാത്ത ആയിരക്കണക്കിന് ജനങ്ങൾക്ക് വെളിച്ചം നൽകുവാൻ പ്രസ്തുത പരിപാടി ഉതകുകയുണ്ടായി. അന്നത്തെ പഞ്ചായത്ത് ഭരണസമിതിയും സന്നദ്ധ സാമൂഹ്യ സംഘടനകളും മഹത്തായ ഈ യജ്ഞം ഏറ്റെടുത്ത് നടത്തുകയുണ്ടായി. മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ സ്ത്രീകളെ സാക്ഷരകളാ

ക്കിയതിനുള്ള ട്രോഫി തവനൂർ പഞ്ചായത്ത് കരസ്ഥ മാക്കി.

*തുടർവിദ്യാഭ്യാസ പരിപാടി*

തുടർവിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി നിര വധി അക്ഷരസംഘങ്ങളും താഴെ പറയുന്ന 4 ജനവിദ്യാ കേന്ദ്രങ്ങളും രൂപം കൊണ്ടു.

1. തവനൂർ ജനവിദ്യാകേന്ദ്രം (മുവ്വാങ്കര അംഗൺ വാടി)
2. കാലടി ജനവിദ്യാകേന്ദ്രം (മൂർച്ചറ അംഗൻവാടി)
3. മാങ്ങാട്ടൂർ ജനവിദ്യാകേന്ദ്രം (മാങ്ങാട്ടൂർ I.P.P സെന്റർ)
4. തൃപ്പാലൂർ ജനവിദ്യാകേന്ദ്രം (തൃപ്പാലൂർ അംഗൻ വാടി)

നവ സാക്ഷരർ നേടിയ അക്ഷരജ്ഞാനവും അറിവും നിലനിർത്തുന്നതിനും പോഷിപ്പിക്കുന്നതിനുമായി പുസതകങ്ങൾ ജനവിദ്യാകേന്ദ്രങ്ങളിൽ ലഭ്യമാണ്.

സാക്ഷരതാ യജ്ഞത്തിലും തുടർ വിദ്യാഭ്യാസ പരിപാടി യിലും ആത്മാർത്ഥമായി പങ്കുവഹിച്ച എല്ലാവരെ യും ഇവിടെ നന്ദി പൂർവ്വം സ്മരിക്കട്ടെ.

*സ്കൂൾ ലൈബ്രറികൾ*

വായിക്കാത്ത സമൂഹത്തിന് വളർച്ചയില്ല. ഇലക്ട്രോ ണിക് മാധ്യമങ്ങളുടെ അതിപ്രസരം മൂലം പുസ്തക വായന പിൻതള്ളപ്പെട്ടതായി സർവേകൾ സൂചിപ്പിക്കുന്നു. ഈ ദുസ്ഥിതി മാറ്റിയെടുക്കാൻ വിദ്യാർത്ഥികളിൽ വായനാ ശീലം വളർത്തേണ്ടതുണ്ട്. സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് വായനക്ക് ലഭ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ആയതിനാൽ സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കി വികസിപ്പിക്കാനും പുസ്തകങ്ങളുടെ വിതരണം കുറ്റമറ്റതാക്കി വായനശീലം വിദ്യാർത്ഥികളിൽ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവാദ പ്പെട്ട അധ്യാപകർ ശ്രദ്ധ പതിപ്പിക്കണം.

*പ്രശ്നങ്ങൾ*

* ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത

* വെള്ളാഞ്ചേരി GUPS, മറവഞ്ചേരി GHWLPS, നരിപ്പറമ്പ് GLPS എന്നീ സ്കൂളുകൾക്ക് സ്വന്തം കെട്ടിടം പോലുമില്ല. ഉള്ള വാടക കെട്ടിടങ്ങൾ തന്നെ അപകടകര മായ സ്ഥിതിയിലാണ്.

* പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ നിരക്ഷരത യുടെ ഉയർന്ന തോത്.

* SSLC പരീക്ഷയിൽ പഞ്ചായത്തിലെ ഹൈസ്കൂളു കളിലെ കുറഞ്ഞ വിജയശതമാനം.

* ഉച്ചക്കഞ്ഞിയില്ലാത്ത സ്കൂളുകളിലെ കുട്ടികളുടെ ഹാജർ കുറവ്

* വിദ്യാർത്ഥികളുടെ പഠന പ്രക്രിയയിൽ രക്ഷിതാ ക്കളുടെ ഇടപെടൽ കുറവ്.

* പാഠ്യാനുബന്ധവും പാഠ്യേതരവുമായ പ്രവർത്തന ങ്ങളുടെ കുറവ്. * വിദ്യാർത്ഥി കേന്ദ്രീകൃതമല്ലാത്ത പഴഞ്ചൻ അധ്യാ പന രീതി * അവശ്യ പഠനോപകര ണങ്ങളുടെ അപര്യാപ്തത * കുട്ടിയുടെ ഓർമ്മ മാത്രം പരിശോധിക്കപ്പെടുന്ന മൂല്യനിർണ്ണയ സമ്പ്രദായം* വർഷാരംഭത്തിലെ അധ്യാപകരുടെ കുറവ്

***സാധ്യതകൾ, നിർദ്ദേശങ്ങൾ***

തവനൂർ വോക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് ഒരു വർക്ക്ഷോപ്പ് കെട്ടിടം പണി ആരംഭിച്ചിട്ട് വർഷങ്ങളേറെയായി. അതിന്റെ പണി പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കണം.

പുതിയ ഒരു കെട്ടിടം നിർമ്മിക്കാൻ ഗവൺമെന്റ് അനുവാദം നൽകിയതായി അറിയുന്നു. ഇത് പ്രാവർത്തി കമാക്കാൻ അടിയന്തിര നടപടികൾ ആവശ്യമാണ്.

പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി 2.കി.മീ കൂടുതൽ നടക്കേണ്ട പ്രദേശങ്ങളുണ്ട്.

തവനൂരിൽ (1-ാം വാർഡിന്റെ) പടിഞ്ഞാറൻ പ്രദേശം

3-ാം വാർഡിലെ കടകശ്ശേരി

6-ാം വാർഡിലെ മദിരശ്ശേരി (സർക്കാർ വക ഭൂമി ലഭ്യമാണ്)

10-ാം വാർഡിലെ കോലത്തറകുന്ന്

11-ാം വാർഡിലെ അയ്യപ്പൻകാവ്കുന്ന് (പഞ്ചായത്ത് വക 1.10 ഏക്കർ ലഭ്യമാണ്)

13-ാം വാർഡ് (നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണ്)

എന്നീ സ്ഥലങ്ങളിൽ എൽ.പി. സ്കൂൾ ആരംഭി ക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ 7,8,9 വാർഡുകളിൽ യു.പി. സ്കൂൾ സ്ഥാപിക്കുകയും കെ.എസ്.ആർ.ടി.സി. നൽകാമെ ന്നേറ്റിട്ടുള്ള സ്ഥലത്ത് ഒരു ഹൈസ്കൂൾ സ്ഥാപിക്കുകയും വേണം.

15-ാം വാർഡിൽ 100 കുട്ടികൾക്കു മാത്രം സ്ഥല സൗകര്യമുള്ള പഴയൊരു കെട്ടിടത്തിൽ 300ൽ കൂടുതൽ കുട്ടികൾ പഠിക്കുന്നു. (G.L.P.S. നരിപ്പറമ്പ്) സ്വകാര്യ ഉടമയിലുള്ള ഈ കെട്ടിടവും സ്ഥലവും സർക്കാർ ഏറ്റെടുത്ത് പുതിയ കെട്ടിടം പണിയണമെന്ന ആവശ്യത്തിന് 14 വർഷത്തെ പഴക്കമുണ്ട്. ഇതൊരു യു.പി. സ്കൂളായി ഉയർത്തുകയും വേണം.

വെള്ളാഞ്ചേരി G.U.P. സ്കൂളിലെ U.P. വിഭാഗം ഗവ. ഏറ്റെടുത്ത സ്ഥലത്ത് DPEP അനുവദിച്ച കെട്ടിടത്തിൽ പ്രവർത്തിക്കാൻ നടപടി എടുക്കണം. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

* ഗുണപരമായി ഇടപെടാൻ കഴിയുന്ന അധ്യാപകരക്ഷാകർതൃസമിതികൾ, മാതൃസമിതികൾ

* DPEPയുടെയും DIETന്റെയും പ്രവർത്തനങ്ങൾ ഗുണപരമായും അളവുപരമായും വിപുലീകരിക്കൽ

* സന്നദ്ധ പ്രവർത്തകരുടെ പങ്കാളിത്തത്തോടെയുള്ള പരിഹാരബോധനം

* സ്കൂൾ വിദ്യാഭ്യാസ സമിതികൾ

* കലാകായിക മേളകളിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളെയും പങ്കെടുപ്പിക്കൽ

* പാഠ്യേതര പ്രവർത്തനങ്ങൾ ആരോഗ്യകരമായി നടത്തിക്കൽ

* പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സ്.



# കുടിവെള്ളവും പൊതുജനാരോഗ്യവും

ജനങ്ങളുടെ ആരോഗ്യത്തിൽ പ്രത്യേകം ശ്രദ്ധ അർഹിക്കുന്ന ശുദ്ധജലം, പാർപ്പിടം എന്നിവ ഇവിടെ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. കുടിവെള്ളത്തിനായി ഈ പഞ്ചായത്തിലെ 75% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. ആറായിരത്തോളം കിണറുകളുള്ളതിൽ 1500-ഓളം കിണറുകളും ആവശ്യത്തിന് വെള്ളമില്ലാത്തവയാണ്. ഏതാണ്ട് 30% പ്രദേശങ്ങളും രൂക്ഷമായ ജലക്ഷാമം നേരിട്ടു കൊണ്ടിരിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ രണ്ടു ജലവിതരണ പദ്ധതികൾ പ്രവർത്തിക്കുന്നു. ഇതിനു പുറമേ ഡാനിഡ പദ്ധതി പ്രകാരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന 200 ഓളം പൊതുടാപ്പുകളും ഉണ്ട്. പ്രസ്തുത പദ്ധതികളിലൂടെ വീടുകൾക്ക് കണക്ഷൻ കൊടുത്തിട്ടില്ല. എല്ലാ വാർഡിലും കൂടി 27 കുഴൽ കിണറുകൾ ഉണ്ട്. പഞ്ചായത്തിൽ മൊത്തം 54 പൊതുക്കിണറുകൾ കുഴിച്ചിട്ടുണ്ട്. ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ, പഞ്ചായത്തിലെ ജലക്ഷാമം പരിഹൃതമാകും.

*ചെറുകിട ശുദ്ധജല പദ്ധതികൾ:-*

5-ാം വാർഡിൽ, ഭാരതപ്പുഴയിൽ തടയണ നിർമ്മിച്ചാൽ ആ പ്രദേശത്ത് ജലനിരപ്പ് ഉയരുകയും അതുവഴി വേനൽക്കാലത്തും കിണറുകളിൽ ജലലഭ്യത ഉറപ്പാവുകയും ചെയ്യും. വെള്ളാഞ്ചേരിക്കായലിൽ നിന്നും 3ഉം 4ഉം വാർഡുകളിൽ കൂടികടന്നു പോകുന്ന പാലത്തോട്ടിലെ ചീർപ്പുകൾ ശരിയാക്കുകയും, തുലാവർഷം അവസാനിക്കുന്നതോടെ അടയ്ക്കുയും ചെയ്താൽ മൂന്നാം വാർഡിലെ കിണറുകളിൽ വരൾച്ചകാലത്ത് ജലം ലഭ്യമാകും. 4-ാം വാർഡിലെ അന്ത്യാളംകുടം ഭാഗത്ത് നിലവിലുള്ള കുഴൽക്കിണറിൽനിന്ന് ഉപ്പുകലർന്ന വെള്ളമാണ് ലഭിക്കുന്നത്. ഐങ്കലം കായലിൽ ബണ്ടു കെട്ടിയാൽ അന്ത്യാളൻകുടം ഭാഗങ്ങളിലെ കിണറുകളിൽ ജലലഭ്യത ഉയർത്താൻ കഴിയും. കൂടാതെ, വാട്ടർ ടാങ്ക് നിർമ്മിച്ച് കായലിലെ വെള്ളം അതിലേക്ക് പമ്പു ചെയ്ത് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പാക്കാവുന്നതാണ്. 8-ാം വാർഡിൽ മറവഞ്ചേരി അങ്ങാടി പ്രദേശത്ത് ഒരു ടാങ്ക് സ്ഥാപിച്ച് നിലവിലുള്ള വാട്ടർ അതോറിറ്റി ലൈനിൽ നിന്ന് ടാങ്കിൽ ജലം നിറച്ച് വീടുകളിലേക്ക് കണക്ഷൻ നൽകാവുന്നതാണ്. 14-ാം വാർഡിൽ പോത്തനൂർ പറമ്പിലുള്ള ടാങ്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. അത് അറ്റകുറ്റപ്പണികൾ നടത്തി, ശുചീകരിച്ച് കാര്യക്ഷമമാക്കിയാൽ ആ പ്രദേശത്ത് ഒരളവു വരെ പരിഹാരം ലഭിക്കും.

*ഇടത്തരം പദ്ധതികൾ*

കാലവർഷത്തിലും തുലാവർഷത്തിലും കാലടി വില്ലേജിലെ മാണിയൂർക്കായലിൽ ധാരാളം ശുദ്ധജലം ഒഴുകിയെത്തുന്നു. തിരുത്തിക്കുന്നത്ത് ഒരിടത്തരം ടാങ്ക് നിർമ്മിച്ച് മാണിയൂർക്കായലിലെ വെള്ളം പമ്പു ചെയ്ത് നിറച്ച് തിരുത്തി, ഒതയഞ്ചേരിക്കുന്ന്, മൂർച്ചറക്കുന്ന്, കുണ്ടയാർ, മാങ്ങാട്ടൂർ എന്നീ പ്രദേശത്തേക്ക് പൈപ്പുകൾ ഇട്ട് വെള്ളം എത്തിക്കാൻ കഴിയും കാലടി വില്ലേജിലെത്തന്നെ ജലക്ഷാമത്തിന് ഇതൊരു പരിഹാരമാകും. ഇതിനു വേണ്ടി മാണിയൂർ കായലിൽ ച്ചേരുന്ന കുണ്ടയാർ തോട്, മണ്ണാർതോട്, എന്നിവയുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കുവാൻ ആഴം കൂട്ടുകയും വശങ്ങൾ കെട്ടുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ മാണിയൂർ കായലിൽ ആഴം കൂട്ടി, ചുറ്റും ബണ്ടു കെട്ടുകയും വേണം. തവനൂർ MAM സ്കൂളിന്റെ തെക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന കായൽപ്പരപ്പ് മണ്ണെടുത്ത് ആഴം കൂട്ടിയാൽ ഈ പ്രദേശത്ത് വേനൽക്കാലത്തെ ജലക്ഷാമത്തിന് ഒരറുതി വരും.

തവനൂർ വില്ലേജിന്റെ വടക്കുഭാഗത്തു കൂടിപ്പോകുന്ന ഭാരതപ്പുഴയിൽ വെള്ളാഞ്ചേരി, തവനൂർ നരിപ്പറമ്പ് ഭാഗങ്ങളിൽ തടയണ നിർമ്മിച്ചാൽ ഈ പ്രദേശത്തെ കിണറുകളിലും കുളങ്ങളിലും ധാരാളം ശുദ്ധജലം ലഭിക്കും. കുറ്റിപ്പുറം പാലത്തിന് സമീപമുള്ള ഡാനിഡ പദ്ധതിക്ക് ആവശ്യമായ വെള്ളം കിട്ടുമെങ്കിൽ മുൻപറഞ്ഞ തടയണകൾ അനിവാര്യമാണ്.

*ഡാനിഡ പദ്ധതി*

തവനൂർ, വട്ടംകുളം, എടപ്പാൾ, ആലംകോട്, നന്നംമുക്ക് പഞ്ചായത്തുകൾക്ക് വേണ്ടി നടപ്പാക്കിയിട്ടുള്ള ഡാനിഡ ജലവിതരണ പദ്ധതിക്കാവശ്യമായ വെള്ളം ഭാരതപ്പുഴയിൽനിന്നും തൃക്കണാപുരത്തുള്ള മെയിൻ ടാങ്കിലേക്കാണ് പമ്പ് ചെയ്യുന്നത്. മറ്റൊരു ഓവർഹെഡ് ടാങ്ക് ചങ്ങരംകുളത്താണ്. ഈ പദ്ധതിയിൽപ്പെട്ട സിമന്റ് പൈപ്പുകൾ ഉള്ളിലെ ജലമർദ്ദത്തിന്റെ ആധിക്യം കാരണം ഇടക്കിടെ പൊട്ടുകയും അളവറ്റ വെള്ളം നഷ്ട പ്പെടുകയും ചെയ്യാറുണ്ട്. പഞ്ചായത്തിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന വീട്ടുകാർ ഈ പദ്ധതിയിൽ നിന്ന് കണക്ഷൻ കിട്ടുമെന്ന് വേഴാമ്പലിനെപ്പോലെ കാത്തുതുടങ്ങിയിട്ട് കൊല്ലങ്ങൾ ആയെങ്കിലും വാട്ടർ അതോറിറ്റി അധികാരികളുടെ അലംഭാവവും ഗർവ്വും, അവരുടെ മോഹങ്ങൾക്കു വിലങ്ങുതടിയായി നിൽക്കുന്നു. ആവശ്യമുള്ള വീടുകളിലേക്ക് കണക്ഷൻ കൊടുക്കുകയാണെങ്കിൽ മെയിൻ ലൈനുകളിലെ മർദ്ദം കുറയുകയും അതുവഴി, നിരന്തരം സംഭവിച്ചു കൊണ്ടിരിക്കുന്ന പൊട്ടലുകൾ ഒഴിവാക്കാൻ കഴിയുമെന്നുമാണ് ചില വിദഗ്ദരുടെ അഭിപ്രായം. പഞ്ചായത്ത് രാജ് സംവിധാനത്തിൽ

ശുദ്ധജല വിതരണം, പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരേണ്ടതാണ്. എന്നാൽ വാട്ടർ അതോറിറ്റി ചില നിക്ഷിപ്ത താല്പര്യങ്ങളാൽ ജലവിതരണത്തിനുള്ള അധികാരം പഞ്ചായത്തിന് വിട്ടുകൊടുക്കാൻ തയ്യാറാവുന്നില്ല. ജനങ്ങളുടെ പ്രധാന ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാൻ ബഹുജന സമ്മർദ്ദങ്ങളിലൂടെ ഈ അധികാരം നേടിയെടുക്കേണ്ടതാണ്. പട്ടിക - 5 -1 നോക്കുക

ഭൂമിയുടെ ജലസംഭരണശേഷി വർധിപ്പിക്കാനുള്ള മറ്റു മാർഗ്ഗങ്ങൾ:-

1. നിലവിലുള്ള തോടുകൾ അറ്റകുറ്റപ്പണി നടത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ചിർപ്പുകൾ ഇടുക.

2. കുന്നിൻ ചരിവുകളിൽ ആഴമുള്ള വലിയ കുഴികൾ കുഴിയ്ക്കുക

3. നിലവിലുള്ള കുളങ്ങൾ ആഴംകൂട്ടി വലിപ്പം വർധിപ്പിച്ച് വെള്ളം ഒഴുകിപ്പോകുന്നത് തടയുക.

*ജലവിതരണപദ്ധതികൾ*

| പദ്ധതിയുടെ പേര് | കുഴൽ കിണർ | ടാങ്ക് | കുഴൽ വ്യാസം | കുഴൽ നീളം | ടാപ്പുകളുടെ എണ്ണം | പമ്പ് HP |
|---|---|---|---|---|---|---|
| വടക്കാവ് വട്ടപ്പറമ്പ് കോളനി | നടക്കാവ് | - | 90mm | 86.86 mm | 50 | 11HP |
| അയങ്കലം - കല്ലൂർ | അയങ്കലം | - | 90 mm 75mm | 3750mm | 9 | 7.5HP |
| പോത്തനൂർ | - | ടാങ്ക് 9100Ltr | 110mm 90mm 75mm | 5920m | 28 | - |
| കൂന്നംപുള്ളി ഹരിജൻ കോളനി | | 3ാംഘട്ട എക്സ്റ്റൻഷൻ | 90mm | 1432m | 12 | - |

**പൊതുജനാരോഗ്യം**

അവലോകനം:- നാട്ടുമരുന്നുകളും പരമ്പരാഗത നാടൻ ചികിത്സാസമ്പ്രദായങ്ങളും അന്ധവിശ്വാസങ്ങളും കുടിക്കുഴഞ്ഞ മന്ത്രവാദം തുടങ്ങിയ രീതികളും അവലംബിച്ചു പോന്ന ഒരു ജനതയായിരുന്നു തവനൂർ പഞ്ചായത്തിലെ നിവാസികൾ. പകർച്ചവ്യാധികളും മാരകരോഗങ്ങളും ബാലമരണങ്ങളും അകാലചരമങ്ങളും അരങ്ങുതകർക്കുമ്പോൾ വിധിയുടെ കണക്കിൽ ആശ്വസിക്കുകയായിരുന്നു ഏക പോംവഴി. ഏതാണ്ടു 35 വർഷം മുമ്പു വരെ നിലനിന്നിരുന്ന അവസ്ഥയ്ക്ക് മാറ്റം വന്നത് തവനൂരിലെ അയങ്കലത്ത് വാടകക്കെട്ടിടത്തിൽ പരിമിത സൗകര്യങ്ങളോടെ തുടങ്ങിയ ഒരു പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഉദ്ഘാടനത്തോടെയായിരുന്നു. കാലടിയിലും തവനൂരിലും ആരംഭിച്ച ഗവ. ആയുർവ്വേദ ഡിസ്പെൻസറികളും അതിന്റെ തുടർച്ചയാണ്. തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ച സാനിറ്ററി ഇൻസ്പെക്ടേഴ്സ് കോഴ്സിലെ അധ്യാപക - വിദ്യാർത്ഥികൾ ESP രീതിയിലുള്ള കക്കൂസുകളുടെ ഉദ്ബോധകരായി രംഗത്തു വന്നതും ജനങ്ങളുടെ അഭാവത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. PHC അടുത്തകാലത്ത് തവനൂർക്ക് മാറ്റുകയും കേളപ്പൻ മെമ്മോറിയൽ ഗവ. പ്രൈമറി ഹെൽത്ത് സെന്റർ എന്ന് പേരിടുകയുമുണ്ടായി. 12 കിടക്കകൾ ഉള്ള ഒരു ചെറിയ ആശുപത്രിയാണിന്നത്. 50000ൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തിൽ 12 കിടക്ക എന്നത് 4166 പേർക്ക് ഒരു കിടക്ക എന്ന സമവാക്യത്തിലാണെത്തുക. കൂടാതെ 42.37 ച.കി.മീ വിസ്തീർണ്ണമുള്ള ഒരു വലിയ പഞ്ചായത്തിന്റെ വടക്കെ അറ്റത്തു സ്ഥിതി ചെയ്യുന്നതിനാൽ 6ഉം 7ഉം കി.മീ സഞ്ചരിക്കാതെ ആശുപത്രിയിൽ എത്താൻ സാധിക്കാത്ത വലിയ ഒരു വിഭാഗം ജനങ്ങളുമുണ്ട്. കൂടാതെ അവിടെ 4 ഡോക്ടർമാർ വേണ്ടിടത്ത് ഒരാൾ മാത്രമേ ഉള്ളു. മരുന്നും മറ്റു പശ്ചാത്തല സൗകര്യങ്ങളും ഇല്ലാത്തതിനാൽ രോഗികൾ മറ്റു സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കുകയാണ് ചെയ്യുന്നത്.

1-ാം വാർഡിലും 9-ാം വാർഡിലും ഉള്ള ആയുർവ്വേദ ആശുപത്രികളിൽ നിന്നും ആവശ്യമായ മരുന്നുകൾ കിട്ടുന്നുണ്ട്. അവിടേയും രോഗികളുടെ എണ്ണം കൂടുതലാണ്. കൂടാതെ 15-ാം വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. അടുത്ത കാലത്തായി 4-ാം വാർഡിൽ ഒരു സ്വകാര്യ മെറ്റേണിറ്റി സെന്റർ സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പരമ്പരാഗത ചികിത്സയിൽ ഏർപ്പെട്ടിരിക്കുന്ന 12ഓളം കുടുംബങ്ങളും, വിഷ ചികിത്സ നടത്തുന്ന ഒരു കുടുംബവും പഞ്ചായത്തിലുണ്ട്. രണ്ടു സ്വകാര്യ അലോപ്പതി ഡോക്ടർമാരും അത്ര തന്നെ ഹോമിയോ ചികിത്സകരും ഇവിടെയുണ്ട്. 8 IPP സെന്ററുകൾ ഉണ്ട്. ഇവിടെയുള്ള കുഷ്ഠരോഗികൾക്ക് മരുന്നും പണവും PHCയിൽ നിന്നും ലഭ്യമാകുന്നുണ്ട്. ഗുണനിലവാരം മോശമായതിനാലും ഡോക്ടർമാരുടെ അഭാവം കൊണ്ടും മരുന്നുകൾ കിട്ടാത്തതുകൊണ്ടും 70 രോഗികൾ മാത്രമേ 1 ദിവസം ശരാശരി PHCയിൽ വരുന്നുള്ളു.

95-96 വർഷത്തെ PHC യിലെ കണക്ക്

| ഇൻ പേഷ്യന്റ് | ഔട്ട് പേഷ്യന്റ് | രോഗവിവരം | | | | | |
|---|---|---|---|---|---|---|---|
| | | ത്വക്ക് | വാതം | പകർച്ച | വിഷം | മറ്റുള്ളവ | ആകെ |
| 272 | 25456 | 93 | 212 | 1512 | - | 23461 | 25278 |

പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളിലാണ് പ്രസവവും മരണവും നടക്കുന്നത്. അതു കൊണ്ട് ലഭ്യമായ കണക്കുകൾ പൂർണ്ണമല്ല. എങ്കിലും ജനനമരണനിരക്കുകൾ കുറഞ്ഞു വരുന്നതായി സർവ്വേകൾ സൂചിപ്പിക്കുന്നു. കുടുംബക്ഷേമമാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരുടെ എണ്ണം വർധിക്കുന്നതായി കാണുന്നു. ശരാശരി ജനനം 11.6%വും മരണം 4.5%വും ആണ്. ശരാശരി കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം 5.5 പൾസ് പോളിയോ ഇമ്യൂണൈസേഷൻ പദ്ധതി പഞ്ചായത്തിൽ വൻ വിജയമായിരുന്നു. പ്രതിരോധ കുത്തിവെയ്പുകൾ കൂടുതൽ പേർ നടത്തുന്നുണ്ട്. ചില

184

പട്ടിക 5-1 . ജലദൗർലഭ്യം നേരിടുന്ന മേഖലകൾ, പരിഹാരനിർദ്ദേശങ്ങൾ

| വാർഡ് | പ്രശ്നമേഖല | നിർദേശിക്കുന്ന പരിഹാരങ്ങൾ |
|---|---|---|
| 1. | കാക്കശ്ശേരി കുന്ന്<br>തെക്കുമുറി, ഇല്ലത്തുപടി | ഡാനിഡ പദ്ധതിയിൽ ലൈൻ നീട്ടി<br>ഹൗസ് കണക്ഷൻ നൽകുക |
| 2. | അതളൂർ, മാത്തൂർ | Do |
| 3. | മുവ്വാങ്കര, കടകശ്ശേരി | ഡാനിഡ - പൊതുടാപ്പുകൾ വർധിപ്പിക്കുക |
| 4. | അന്ത്യാളംകുടം<br>SSUP സ്കൂൾ പ്രദേശം | ഡാനിഡ ലൈൻ നീട്ടുക പൊതുടാപ്പുകൾ വർധിപ്പിക്കുക |
| 5. | വെള്ളാഞ്ചേരി സെന്റർ<br>പുഴയോര പ്രദേശം | പൈപ്പലൈൻ നീട്ടി ഹൗസ് കണക്ഷൻ നൽകണം<br>പുഴയിൽ മണൽ വാരുന്നതു കാരണം കിണർ വറ്റുന്നതിന്<br>ശാസ്ത്രീയമായ പരിഹാരം വേണം<br>Eg. അടിയണ നിർമ്മാണം. |
| 6. | കുണ്ടുകാട് ജാറം<br>ചന്ദനക്കുളങ്ങരയുടെ മേൽഭാഗം<br>കൂരട മദ്രസ്സയുടെ സമീപം<br>കൂരട 4 സെന്റ് കോളനി | പൊതുടാപ്പുകൾ വർധിപ്പിക്കുക<br>ഡാനിഡ ഹൗസ് കണക്ഷൻ നൽകുക |
| 7. | വാസുപ്പടി, കാഞ്ഞിരക്കുറ്റി | ഡാനിഡയിലെയും KWAയിലെയും<br>ഹൗസ് കണക്ഷൻ നടപ്പിലാക്കുക |
| 8. | മറവഞ്ചേരി സെന്റർ | ഒരു ടാങ്ക് നിർമിച്ച് പൈപ്പലൈൻ ഇടുക<br>മറ്റു പ്രദേശങ്ങളിൽ പൊതുടാപ്പുകൾ വർധിപ്പിക്കുക |
| 9. | മമ്മലിയംകുന്ന്<br>പാലപ്ര റോഡിൽ കാട്ടറമ്പ കോളനി<br>KSRTC കോളനി | ഡാനിഡ ഹൗസ് കണക്ഷൻ നൽകുക<br>10 പൊതുടാപ്പ് ഇടണം |
| 10. | വെറൂർ സ്കൂളിന്റെ കഴിക്കുഭാഗം, കണ്ണറമ്പ്,<br>കൊറ്റിക്കുന്ന് പ്രദേശം, മുള്ളാറകുന്ന പ്രദേശം<br>കോലത്രകുന്ന് | ഡാനിഡാ പദ്ധതിയിൽ ഹൗസ്<br>കണക്ഷൻ നൽകണം. ഇതിനു വേണ്ടി കൊറ്റിക്കുന്നത്തും<br>കോലത്രകുന്നത്തും രണ്ടു ചെറിയ ടാങ്കുകൾ നിർമ്മിക്കണം |
| 11. | പുച്ചാംകുന്ന്, തേങ്ങാകുന്ന്, ഒതയഞ്ചേരികുന്ന്,<br>മൂർച്ചറകുന്ന്, 4 സെന്റ് കോളനി | 10 ടാപ്പുകൾ വീതം ഇടണം<br>5 പൊതുടാപ്പ് അനുവദിക്കണം നിലവിലുള്ള<br>കുഴൽകിറിൽ നിന്ന് പുതിയ ഒരു ടാങ്കിലേക്ക് വെള്ളം<br>പമ്പ് ചെയ്ത് അറുപതോളം വീടുകൾക്ക് വിതരണം<br>ചെയ്യാൻ കഴിയും |
| 12. | പാലപ്രം നാലുസെന്റ് കോളനി | ഡാനിഡ ലൈൻ നീട്ടി 10 പൊതുടാപ്പുകൾ ഇടണം |
| 13. | ചേലത്തൂർ പറമ്പ് കോളനി<br>മാങ്ങാട്ടൂർ തെക്കു ഭാഗം ആമ്പലിൽ കോളനി<br>കാടഞ്ചേരി ലക്ഷം വീട് കോളനി | ടാങ്ക് നിർമിച്ച് ഹൗസ് കണക്ഷൻ നൽകുക<br>പൊതുടാപ്പ് ഇടുക . |
| 14. | പോത്തനൂർ പറമ്പ് തണ്ടിലം | നിലവിലുള്ള ടാങ്ക് നന്നാക്കിയാൽ പ്രശ്നം പരിഹരിക്കാം<br>നിലവിലുള്ള ടാപ്പുകൾ റിപ്പയർ ചെയ്യണം |
| 15. | വയലിപൊറ്റത്തറ, ചേലേപ്പാടം, വെള്ളേപ്പാടം<br>II -ാം സബ് കനാൽ റോഡിന്റെ<br>തെക്കുപടിഞ്ഞാറു ഭാഗം | ഈ മേഖലകളിൽ 10 വീടിന് 1 എന്ന തോതിൽ ടാപ്പുകൾ വേണം |

കുട്ടികളിൽ ക്ഷയരോഗം കണ്ടു വരുന്നത് BCG കുത്തി വെയ്പ്പിന്റെ കാര്യക്ഷമതയെ ചോദ്യം ചെയ്യുന്നു.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ സ്ഥിതി വിവരങ്ങളും പട്ടിക താഴെകൊടുക്കുന്നു:-

| ക്രമനമ്പർ | സ്ഥാപനം | വാർഡ് | ജീവനക്കാർ |
|---|---|---|---|
| 1. | PHC തവനൂർ | 3 | 24 |
| 2. | ആയുർവ്വേദ ആശുപത്രി തവനൂർ | 1 | 3 |
| 3. | IPP അതളൂർ | 2 | 1 |
| 4. | IPP വെള്ളാഞ്ചേരി | 5 | 1 |
| 5. | മെറ്റേണിറ്റി സെന്റർ (സ്വകാര്യം) | 4 | 6 |
| 6. | IPP സെന്റർ കൂരട | 6 | 1 |
| 7. | IPP സെന്റർ മറവഞ്ചേരി | 8 | 1 |
| 8. | ആയുർവ്വേദ ആശുപത്രി (കാലടി) | 9 | 3 |
| 9. | IPP കൊറ്റിക്കുന്ന് | 10 | 1 |
| 10. | IPP കാലടി | 12 | 1 |
| 11. | IPP മാങ്ങാട്ടൂർ | 13 | 1 |
| 12. | IPP പോത്തനൂർ | 14 | 1 |
| 13. | ഹോമിയോ ഡിസ്പെൻസറി (നരിപ്പറമ്പ്) | 15 | 3 |

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 9596 വർഷത്തിൽ രജിസ്റ്റർ ചെയ്ത പകർച്ച വ്യാധികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ജലജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 95-96 | 494 | 8 | 307 | 703 |

കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ കാണിക്കുന്നത് ഏതാണ്ട് മാറ്റമില്ലാതെ ഈ അവസ്ഥ തുടരുന്നു എന്നതാണ്.

*പരിസര ശുചിത്വം:*

നഗരവൽക്കരണത്തിന്റെ ഭീഷണി ഏറെ ഏശിയിട്ടില്ലാത്ത പ്രദേശമാണെങ്കിലും ആധുനിക ജീവിത സൗകര്യങ്ങളുടെ വർദ്ധനമൂലം പരിസരവും തദ്വാര പൊതുജനാരോഗ്യവും ഭീഷണിയെ നേരിടുന്നു. വീടിന്റെ പരിസരങ്ങളിലും ഇടവഴികളിലും പ്ലാസ്റ്റിക് കവറുകൾ ചിന്നിച്ചിതറി കിടക്കുന്നു. ഇവ മഴവെള്ളത്തിൽ കുത്തിയൊലിച്ച വയലുകളിൽ ചെന്ന് കൃഷിക്കാർക്ക് ഭീഷണിയായിത്തീരുന്നു. ഇത് മണ്ണിന്റെ ജൈവഘടനയെ സാരമായി ബാധിക്കും. പാടവും തോടും മണ്ണിട്ടു നികത്തുന്നതിനാൽ വെള്ളം കെട്ടിനിന്ന് വർഷക്കാലത്ത് കൊതുകിന്റെ ശല്യവും രോഗങ്ങളും വർദ്ധിക്കുന്നു. കീടനാശിനികളുടെ അമിത പ്രയോഗം മൂലം ജൈവനിയന്ത്രണവും നടക്കുന്നില്ല. അറവു ശാലകളും മത്സ്യം മാംസ വില്പന കേന്ദ്രങ്ങളും എവിടേയും തുടങ്ങാമെന്നതു കൊണ്ട് റോഡും പൊതുവഴികളും മലിനവും ദുർഗ്ഗന്ധപൂരിതവും ആകുന്നുണ്ട്. കുന്നുകൂടിക്കിടക്കുന്ന മാംസാവശിഷ്ടങ്ങൾ തിരഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യവും വർധിക്കുന്നു. പഴകിയ ആഹാര സാധനങ്ങൾ പ്രാണികളുടെ ആവാസ കേന്ദ്രമായി മാറുന്നതിനാൽ രോഗങ്ങൾക്ക് കാരണമാകുന്നു. ഭാരതപ്പുഴയുടെ തീരത്തുള്ള ശ്മശാനവും പുറംപോക്കും കയ്യേറിയതിനാൽ ജനസാന്ദ്രതയുള്ള പ്രദേശത്തുള്ളവർക്ക് ശവം മറവു ചെയ്യാനും മറ്റും സ്ഥലമില്ലാതാകുന്നു. പഞ്ചായത്തിലെ 39ൽപ്പരം കോളനികളിൽ വേണ്ടത്ര മലവിസർജ്ജന സൗകര്യങ്ങളില്ലാത്തതിനാൽ വായുജല ജന്യരോഗങ്ങൾ വർധിക്കുന്നു.

| പരിസര ശുചീകരണ പ്രശ്നങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|
| 1. പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കളുടെ ആധിക്യം - ജൈവ ഘടന പ്രശ്നങ്ങൾ | പ്രസ്തുത വസ്തുക്കൾ ശേഖരിച്ച പരിസരമലിനീകരണം വരാത്തവിധം നശിപ്പിക്കുക. കഴിയുന്നതും കടലാസ് ഉറകൾ ഉപയോഗിക്കുക ബോധവൽക്കരണം നടത്തുക. |
| 2. തോടുകൾ, പാടങ്ങൾ മണ്ണിട്ടു നികത്തുന്നു. | തടയാനുള്ള നിയമനിർമാണവും ബോധവൽക്കരണവും. |
| 3. കീടനാശിനികൾ മൂലം ജലജീവികളുടെ നാശം - ജൈവനിയന്ത്രണം ഇല്ലാത്ത സ്ഥിതി. | പരമ്പരാഗതരീതിയിലുള്ള പ്രാണി കീടനിയന്ത്രണം, ബോധവൽക്കരണം |
| 4. അറവുശാലകൾ കോഴിവില്പന കേന്ദ്രങ്ങൾ, മത്സ്യമാർക്കറ്റുകൾ തള്ളുന്ന അവശിഷ്ടങ്ങൾ | നിയമം മൂലം നിയന്ത്രിക്കുക, ബോധവൽക്കരണം നടത്തുക, ഉദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിക്കുക. |
| 5. ഹോട്ടലുകളിൽ നിന്നും മറ്റും പുറത്തേയ്ക്ക് കളയുന്ന പഴകിയ ഭക്ഷണപദാർത്ഥങ്ങളും മറ്റും. | കമ്പോസ്റ്റ്കുഴികൾ സ്ഥാപിക്കുക, ആരോഗ്യപ്രവർത്തകരായ ഉദ്യോഗസ്ഥർ ഇടയ്ക്കിടെ സന്ദർശിക്കണം. |
| 6. കോളനിയിലെ തിങ്ങിപ്പാർക്കലും മലിനീകരണ പ്രശ്നങ്ങളും | ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ സന്ദർശനം, ബോധവൽക്കരണം, എല്ലാ വീടുകൾക്കും കക്കൂസ്, പൊതു സേഫ്റ്റി ടാങ്ക് മതി. |

*കക്കൂസ്*

പഞ്ചായത്തിൽ 8060 വീടുകളുള്ളതിൽ 3000ൽ അധികം എണ്ണത്തിനും കക്കൂസുകൾ ഇല്ല. ഡാനിഡ പദ്ധതി പ്രകാരം 9495 വർഷത്തിൽ 600 കക്കൂസുകൾ നല്കി. പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന കക്കൂസുകൾ ആവശ്യവുമായി പൊരുത്തപ്പെടുന്നില്ല. കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കാക്കശ്ശേരിക്കുന്നു പോലുള്ള സ്ഥലങ്ങളിലും യുദ്ധ കാലാടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് നല്കണം

| തടസ്സ കാരണം | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. സാമ്പത്തിക പരാധീനത | സമ്പൂർണ്ണ സാനിറ്റേഷൻ പ്രോഗ്രാം മുഖേന ഉപഭോക്താവിന്റെ സഹായത്തോടെ മടപ്പിലാക്കുക. ഡാനിഡയെപ്പോലെ ഉപഭോക്താവിന്റെ അധ്വാനത്തോടെ നടപ്പിലാക്കുക. |
| 2. സ്ഥലസൗകര്യം ഇല്ലായ്മ | വേണ്ടത്ര കക്കൂസുകൾക്ക് പൊതു സേഫ്റ്റിക് ടാങ്ക് നിർമ്മിക്കുക. |
| 3. ബോധവൽക്കരണം ഇല്ലായ്മ | വൃത്തിയും ശുചിത്വവും ഉണ്ടാക്കാനായി ആരോഗ്യവകുപ്പും വിദ്യാഭ്യാസ വകുപ്പും കൂട്ടായി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക. സന്നദ്ധസംഘടനകളുടെ സഹായം തേടുക |

## പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1. പൊതുശ്മശാനം: 4 സെന്റ്, ലക്ഷം വീട്, ഹരിജൻ കോളനി എന്നിവിടങ്ങളിലുള്ളവർക്ക് ശവം മറവുചെയ്യാൻ പൊതുശ്മശാനങ്ങൾ ഉണ്ടാക്കുക. പഞ്ചായത്തു തലത്തിൽ ഇലക്ട്രിഫൈ ചെയ്തതോ അല്ലാത്തതോ ആയ പൊതുശ്മശാനം ഉണ്ടായിരിക്കുന്നത് നല്ലതാണ്.

2. പ്രൈമറി ഹെൽത്ത് സെന്റർ:- കാലടി വില്ലേജിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കാനാവശ്യമായ പ്രവർത്തനം നടത്തുക.

3. യാതൊരു വിധ ആരോഗ്യകേന്ദ്രങ്ങളുമില്ലാത്ത 7.11 വാർഡുകളിൽ ഓരോ IPP സെന്റർ തുടങ്ങാനാവശ്യമായ പ്രവർത്തനം വേണം.

4. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ ശാസ്ത്രസാഹിത്യ പരിഷത്, അനർട്ട് എന്നിവയുടെ സഹായം തേടി, പാവപ്പെട്ട കുടുംബങ്ങൾക്ക് സബ്സിഡി നൽകി അടുപ്പുകൾ സ്ഥാപിച്ചു കൊടുക്കുക.

5. ഭാരതപ്പുഴയോരത്തുള്ള പുറംപോക്കു സ്ഥലം പരിരക്ഷിച്ച് ശ്മശാനങ്ങൾക്കായി വിട്ടുകൊടുക്കുക

6. പാരമ്പര്യ വൈദ്യ മേഖലയെ പ്രോത്സാഹിപ്പിക്കുക, ഔഷധ ഉദ്യാനങ്ങൾ ഉണ്ടാക്കാൻ വേണ്ട പ്രചരണവും പ്രവർത്തനവും ചെയ്യുക.

7. നിലവിലുള്ള ആശുപത്രികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുക. വേണ്ടത്ര മരുന്ന് എത്തിക്കാൻ പദ്ധതി വേണം.

8. സ്കൂളുകളിലെ വൈദ്യപരിശോധന നിർബന്ധവും കുറ്റമറ്റതും ആക്കുക. കുട്ടികൾക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്യുക.

9. പ്രതിരോധ കുത്തിവെയ്പുകൾ തുടങ്ങിയ പരിപാടികളിൽ സന്നദ്ധ സംഘടനകളെ പങ്കെടുപ്പിച്ച് വിജയം ഉറപ്പു വരുത്തുക.

10. കമ്പോസ്റ്റ് കുഴികളുണ്ടാക്കാൻ ബോധവൽക്കരണം നടത്തുക.

11. അറവുശാലകളേയും ഇറച്ചി വില്പന കേന്ദ്രങ്ങളേയും ശാസ്ത്രീയമായി നിയന്ത്രിക്കുക.

12. ഡാനിഡ സ്കീമിൽ പൈപ്പുകൾ ജലക്ഷാമമുള്ളിടത്തേക്ക് നല്കണം.

13. ഹൗസ് കണക്ഷൻ നൽകുക.

14. അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിക്കുക.

### പഞ്ചായത്തിലെ ആരോഗ്യരംഗം വാർഡു തിരിച്ചുള്ള സ്ഥിതി

| വാർഡ് | പൊതു | സ്വകാര്യം | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1. | ആയുർവ്വേദ ആശുപത്രി | — | പനി, ചെങ്കണ്ണ്, അഞ്ചാംപനി, ചിക്കൻപോക്സ് | ആരോഗ്യപ്രവർത്തകരുടെ ബോധവൽക്കരണ പരിപാടികൾ ഇല്ല. | ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലെ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധിക്കണം. |
| 2. | IPP സെന്റർ | — | വയറിളക്കം, ഛർദ്ദി, ചെങ്കണ്ണ്, പനി | പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ തൃപ്തികരമല്ല | മാട്ടം, 4 സെന്റ് പ്രദേശങ്ങളിൽ ശുദ്ധജലലഭ്യമാക്കുക, പോഷകാഹാരവിതരണം നടത്തുക. |
| 3. | PHC | — | വൈറൽ ഫീവർ, ചുമ, പനി, | ആശുപത്രിയിൽ 1 ഡോക്ടർ മാത്രമാണുള്ളത്. ശരിയായ പരിശോധന ഇല്ല. സ്കൂളുകളിൽ ദന്തരോഗം കൂടുതലായി കാണുന്നു. ആശുപത്രിയിൽ ഒരു ദന്ത ഡോക്ടറെ വെയ്ക്കുക, സ്കൂളുകളിൽ ദന്തപരിശോധന നടത്തി ചികിത്സിക്കുക. ദന്തരോഗങ്ങൾ നടുവേദന | |

4. - മെറ്റേണിറ്റി സെന്റർ ജലജന്യരോഗങ്ങൾ വെള്ളക്ഷാമം, കുടിവെള്ളം, ക്ഷാമം, കൊതുകുശല്യം വ്യാജചാരായം നിരോധിക്കണം. മരുന്നതളിക്കു, ക്ലോറിനേഷൻ നടത്തുക, പോഷകാഹാരപരിപാടി നടപ്പിലാക്കുക, ഇൻഗ്രേറ്റഡ് മെഡിക്കൽ സ്ഥാപനം വേണ്ട.

5. IPP സെന്റർ - ചൊറി ചിരങ്ങ്, മഞ്ഞപ്പിത്തം, പനി, ബാലരോഗങ്ങൾ IPPയിൽ ആരോഗ്യക്ലാസുകൾ ഉണ്ടാകാറുണ്ട്. ആരോഗ്യ പ്രവർത്തകർ വീടുകൾ സ്ഥിരമായി സന്ദർശിക്കുന്നില്ല. സബ്സെന്ററിൽ സ്ഥിരം ഡോക്ടർ വേണം. ആരോഗ്യ പ്രവർത്തകർ സ്ഥിരസന്ദർശകരാവണം. ബോധവൽക്കരണം കൂടുതൽ ശക്തമാക്കണം.

6. IPP സെന്റർ - പനി, മലേറിയ പ്രൈമറി കോംപ്ലക്സ് ആരോഗ്യകേന്ദ്രത്തിൽ ഡോക്ടർ മാസത്തിൽ ഒരിയ്ക്കലേ വരുന്നുള്ള MSS ക്ലാസുകൾ നടത്താറുണ്ട്. ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറെ വേണം. ഒരു ആയുർവ്വേദ ചികിത്സ കേന്ദ്രവും വേണ്. ബോധവൽക്കരണം വേണം.

7. - ആയുർവ്വേദ ചികിത്സാകേന്ദ്രം പനി, ചെങ്കണ്ണ്, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ആരോഗ്യപ്രവർത്തനങ്ങൾ നടക്കുന്നില്ല. കുട്ടികളുടെ കണ്ണ്, പല്ല് എന്നിവയ്ക്ക വേണ്ടത്ര ചികിത്സയില്ല. പകർച്ചവ്യാധി തടയുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ, മരുന്നു വിതരണം എന്നിവ നടത്തുക. ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക.

8. IPP സെന്റർ - വായുജന്യരോഗങ്ങൾ, പ്രൈമറി കോംപ്ലക്സ്, പനി, ജലദോഷം ചെങ്കണ്ണ്. ആരോഗ്യകേന്ദ്രത്തിൽനിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. അയേൺഗുളികകൾ നല്കുന്നു. ഗർഭിണികൾക്ക് പരിശോധനയുണ്ട്. ബോധവൽക്കരണം വേണം. ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

9. ആയുർവ്വേദ ആശുപത്രി - മഞ്ഞപ്പിത്തം, വയറുകടി, അഞ്ചാംപനി, ചൊള്ള വേണ്ടത്ര മരുന്നു കിട്ടുന്നില്ല. ശരാശരി 65 രോഗികളെ ചികിത്സിക്കുന്നു. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാവണം. IPP സെന്റർ ഇല്ലാത്തതിനാൽ അമ്മമാർക്കും മറ്റും ബോധവൽക്കരണമില്ല. IPP വേണം.

10. IPP സെന്റർ ചെങ്കണ്ണ്, പ്രപൈമറി കോംപ്ലക്സ്, മുണ്ടിനീര്, അഞ്ചാം പനി IPPയിൽന്നും രോഗികൾക്കും ഗർഭിണികൾക്കും ആവശ്യമായ മരുന്നുകളും വിറ്റമിൻ ഗുളികകളും നല്കുന്നു. MSS ക്ലാസുകൾ പര്യാപ്തമല്ല. പോഷകാഹാര വിതരണവും ബോധവൽക്കരണവും വേണം. വേണ്ടത്ര മരുന്നും ലഭിക്കണം, ഒരു ഡോക്ടറുടെ സേവനം വേണം.

11 - - ചൊറി ചിരങ്ങ് പനി, ചുമ, അഞ്ചാംപനി, മുണ്ടിനീര് യാതൊരു ാാരോഗ്യസ്ഥാപനവുമില്ല. ചെന്നെത്താൻ ഗതാഗത സൗകര്യങ്ങളില്ല. മരുന്നും മറ്റും കിട്ടുന്നില്ല. ആരോഗ്യപ്രവർത്തകരുടെ സന്ദർശനം ഇല്ല. ആരോഗ്യപ്രവർത്തകർ സന്ദർശിക്കണം. ആരോഗ്യകേന്ദ്രവും ഡോക്ടറും വേണം.

12 IPP സെന്റർ - പനി, ചുമ, കുട്ടികൾക്കുണ്ടാകുന്ന രോഗങ്ങൾ. ചെങ്കണ്ണ് ആരോഗ്യസ്ഥാപനത്തിൽ നിന്നും മരുന്നും വിറ്റമിൻ ഗുളികകളും കിട്ടുന്നുണ്ട്. ആരോഗ്യപ്രവർത്തകർ സന്ദർശിക്കുകയും വേണ്ട ബോധവൽക്കരണം നടത്തുകയും വേണം.

13. IPP സെന്റർ - ഛർദ്ദി, വയറിളക്കം, പനി ജലദോഷം തുടർച്ചയായി ആരോഗ്യപരർത്തകർ ചെല്ലുന്നില്ല. MSS ക്ലാസുകൾ നടത്തുന്നുണ്ട്. ORS നല്കുക, ക്ലോറിനൈസേഷൻ നടത്തുക.

14 IPP സെന്റർ - ചെങ്കണ്ണ്, പനി, പ്രൈമറി കോംപ്ലക്സ്, മുണ്ടിനീര് പോളിയോ വാക്സിൻ, പ്രതിരോധ കുത്തിവെയ്പുകൾ എന്നിവ നടത്തുന്നുണ്ടെങ്കിലും ബോധവൽക്കരണത്തിൽ പിന്നിലാണ്. പ്രതിരോധ കുത്തിവെയ്പ്, ബോധവൽക്കരണം, പോഷകാഹാര വിതരണം എന്നിവ നടത്തണം.

15. ഹോമിയോ ഡിസ്പെൻസറി - അഞ്ചാംപനി, വാതം, പനി, മുണ്ടിനീര് മരുന്നും ചികിത്സയും ലഭിക്കുന്നുണ്ട്. JPHNന്റെ സേവനം കൃത്യമായി ലഭിക്കുന്നില്ല. ഒരു IPP സെന്ററും ഡോക്ടറും വേണം. സ്കൂൾ വിദ്യാർത്ഥികളെ കൃത്യമായി പരിശോധിച്ച് മരുന്ന് നല്കണം.

പൊതുവായ ചില നിർദ്ദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ വാർഡുതോറും സമഗ്ര ശുചീകരണ പരിപാടിയുടെ ഭാഗമായി ഏറ്റവും കൂടുതൽ കൊതുക് ഉണ്ടാകുന്ന സമയത്ത് ഒരു പൊതുക്ലീനിംഗ് നടത്തേണ്ടതാണ്.

2. സമ്പൂർണ്ണ പകർച്ച വ്യാധി നിർമാർജന പരിപാടി നടപ്പിലാക്കണം.

3. P.H.Cകൾ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

4. പഞ്ചായത്തു തലത്തിൽ എല്ലാ ആരോഗ്യകേന്ദ്രങ്ങളഇലും ശുദ്ധ ജല വിതരണം നടത്തണം.

ഇപ്പോൾ നിലവിലുള്ള സാഹചര്യങ്ങളും മനുഷ്യവിഭവശേഷിയും പൂർണമായി പ്രയോജനപ്പെടുത്തി, നമ്മുടെ പഞ്ചായത്തിലെ 'എല്ലാവർക്കും ശുദ്ധജലം, എല്ലാവർക്കും ആരോഗ്യം' എന്നത് നേടിയെടുക്കുന്നതിന് വേണ്ടി നമുക്ക് കൂട്ടായി യത്നിക്കാം.





# ഗതാഗതം, ഊർജ്ജം

മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഗതാഗതസൗകര്യങ്ങൾ വളരെ പരിമിതമാണ് ഈ പഞ്ചായത്തിൽ. വിശാലമായ ഭൂപ്രകൃതി ഗതാഗതത്തിന് തടസ്സം നിൽക്കുന്നു. എല്ലാ വാർഡുകളെയും ബന്ധിപ്പിക്കുന്ന സഞ്ചാര യോഗ്യമായ റോഡുകൾ വിരളമാണ്. കാർഷിക പ്രദേശമായ ഈ പഞ്ചായത്തിൽ നാമമാത്രമായ ദേശീയപാതയും; കുറച്ച് PWD റോഡുകളും ഒഴിച്ചു നിർത്തിയാൽ ഭൂരിഭാഗവും ചെമ്മൺ പാതകളാണ്. ട്രാക്ടർ കൊണ്ടു പോകുന്നതിനു പോലും ബുദ്ധിമുട്ട് അനുഭവപ്പെടുന്ന റോഡുകളാണ് അധികവും. സമീപ പഞ്ചായത്തുകളായ ഈഴുവത്തിരുത്തി, എടപ്പാൾ, വട്ടംകുളം എന്നിവയെ അപേക്ഷിച്ചു നോക്കുമ്പോൾ കഴിഞ്ഞ പത്തു വർഷക്കാലത്തിനിടക്ക് ടാർ ചെയ്ത റോഡുകൾ വിരലിലെണ്ണാവുന്നവ മാത്രമാണ്.

ഏതൊരു ഗ്രാമത്തിന്റെ സമഗ്ര പുരോഗതിക്കും ഗ്രാമീണ റോഡുകൾ നല്ലൊരു പങ്കാണു വഹിക്കുന്നത്. ഈ പഞ്ചായത്തിലെ പല റോഡുകളിലൂടെയും കാൽനടയാത്ര പോലും ദുസ്സഹമാണ്. റോഡുകളുടെ ഈ ദുഃസ്ഥിതി മൂലം തന്നെ ഗതാഗതസൗകര്യം വളരെ പരിമിതമായിത്തന്നെ തുടരുന്നു. പഞ്ചായത്തിന്റെ ഒരറ്റത്തു നിന്നും മറ്റൊരറ്റത്തേക്ക് എത്തിച്ചേരുവാൻ ഇന്ന് ജനങ്ങൾ അനുഭവിക്കുന്ന പ്രയാസം നിസ്സാരമല്ല. കൃഷിഭവൻ, പഞ്ചായത്താഫീസ്, അഗ്രി. കോളേജ്, സബ് പോസ്റ്റ് ഓഫീസ്, വില്ലേജ് ഓഫീസുകൾ, സർവ്വീസ് സഹകരണ ബാങ്ക്, ഫെഡറൽ ബാങ്ക്, ഗ്രാമീണ ബാങ്ക്, ഹരിജൻ സഹകരണസംഘം തുടങ്ങി എല്ലാം തന്നെ പഞ്ചായത്തിന്റെ ഒരറ്റമായ തവനൂർ, അയങ്കലം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സ്ഥിതി ചെയ്യുന്നതിനാൽ മറ്റു ഭാഗങ്ങളിൽ നിന്നും എത്തിച്ചേരുവാൻ വളരെയധികം പ്രയാസമാണ്.

നിലവിൽ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന ദേശീയ പാത (NH 17)യിൽ തന്നെ വീതി കുറവും, കൊടും വളവുകളും മൂലം അപകടങ്ങൾ സാധാരണയാണ്. റോഡിന്റെ ടാറിട്ട സ്ഥലം കഴിഞ്ഞാൽ കാൽനടയാത്രക്കാർക്ക് സഞ്ചരിക്കുവാൻ സ്ഥലസൗകര്യങ്ങളും ഇല്ല. PWD റോഡുകളുടെ അവസ്ഥയും മറിച്ചല്ല.

NH17ൽ നരിപ്പറമ്പു മുതൽ അതളൂർ നാഡൊറ്റു വരെയുള്ള പ്രദേശം വളരെ തിരക്കേറിയതാണ്. മണൽലോറികളുടെ ആധിക്യം ആണ് മുഖ്യകാരണം. സ്റ്റേറ്റ് ഹൈവേയിൽ കുറ്റിപ്പുറം പാലം മുതൽ അണ്ണക്കംപാട് വരെയുള്ള ഭാഗത്തും ധാരാളം തിരക്ക് അനുഭവപ്പെടുന്നുണ്ട്. ധാരാളം വാഹനങ്ങൾ ഈ വഴി കടന്നു പോകുന്നു. ഈ റോഡിന് വീതി കൂടുതൽ ഉള്ളതിനാൽ കാര്യമായ പ്രശ്നങ്ങൾ ഉണ്ടാകാറില്ലെങ്കിലും ഇവിടെയും വളവുകൾ അപകടം സൃഷ്ടിക്കാറുണ്ട്. NH 17 റോഡ് 12 KMഉം സ്റ്റേറ്റ് ഹൈവേ 7 KMഉം ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു.

നരിപ്പറമ്പു മുതൽ നടക്കാവു വരെ 6 KMഉം നരിപ്പറമ്പ് മുതൽ പോത്തനൂർ വരെ 4.5 KMഉം അയങ്കലം മുതൽ കുണ്ടയാർ വരെ 3.5 KMഉം PWD യുടെ ഉടമസ്ഥതയിലുള്ള റോഡ് ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഇതിൽ അയങ്കലം മുതൽ കുണ്ടയാർ വഴി എടപ്പാളിലേക്ക് വാഹന സൗകര്യവും ബസ്ഗതാഗതവും ലഭ്യമാണ്. മറ്റു റോഡുകളിലൂടെ നാമമാത്രമാണ് ബസ് സൗകര്യം.

പട്ടിക കാണുക പട്ടിക I

| No | റോഡ് | ഉടമസ്ഥത | ദൂരം KM | വീതി | ബസ് സൗകര്യം |
|---|---|---|---|---|---|
| 1. | NH 17 | NH | 12 Km | 4Mt | ഉണ്ട് |
| 2. | സ്റ്റേറ്റ് ഹൈവേPWD | 8 Km | 6mt | " | |
| 3. | കൂരട മൂവ്വാങ്കര | പഞ്ചായത്ത് | 4.5 Km | 3mt | ഇല്ല |
| 4. | കൂരട മദിരശ്ശേരി | " | | 3mt | " |
| 5. | നടക്കാവ് നരിപ്പറമ്പ് | PWD | 6Km | 3mt | |
| 6. | നരിപ്പറമ്പ് പോത്തനൂർ | PWD | 4.5 km | 3mt | ഉണ്ട് |
| 7. | അയങ്കലം എടപ്പാൾ | PWD | 6.6Km | 3mt | " |
| 8. | കാടഞ്ചേരി HS പറപ്പൂത്ത് പറമ്പ് | പഞ്ചായത്ത് | 600mt | 3mt | ഇല്ല |
| 9. | മാങ്ങാട്ടൂർ തിരുത്തി | " | 3mt | " | |

പൊതുവെ പരിശോധിക്കുമ്പോൾ ബസ്ഗതാഗതം വളരെ പരിമിതമാണെന്നു കാണാം. പൊന്നാനിയിൽനിന്നും NH 17 വഴി തവനൂർ കുറ്റിപ്പുറം, തിരൂർ ഭാഗത്തേക്കും മലപ്പുറത്തേക്കും ഓരോ KSRTC ബസുകൾ മുൻകാലങ്ങളിൽ സർവ്വീസ് നടത്തിയിരുന്നു. അവ ഇപ്പോൾ ഏകദേശം പത്തു വർഷമായി നിർത്തലാക്കിയിരിക്കുകയാണ്. അതു പുനഃസ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. 3,5,7 വാർഡുകളിലൂടെ മൂവ്വാങ്കര, കടകശ്ശേരി വഴി ഇപ്പോൾ ബസ് റൂട്ട് ഇല്ല. ഈ റോഡ് ടാർ ചെയ്തതാണെങ്കിലും ബസ്സുകൾ ഓടുന്നില്ല എന്നത് കൊണ്ട് ഈ പ്രദേശത്തെ ജനങ്ങൾക്ക് ധാരാളം പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

NH, സംസ്ഥാന ഹൈവേ, PWD റോഡുകൾ ഇവയുടെ പൊതുപ്രശ്നം റോഡിൽ നിന്നും വെള്ളം ഒഴിഞ്ഞുപോകാൻ ഡ്രെയിനേജ് ഇല്ല എന്നതാണ്. റോഡുകൾ താഴ്ന്നും ഇരുഭാഗങ്ങളിലുള്ള പ്രദേശം ഉയർന്നുമിരിക്കുന്നതുകൊണ്ട് റോഡിൽ വെള്ളം കെട്ടിനിൽക്കാൻ ഇടയാകുകയും

തന്മൂലം ടാർ ഇളകി റോഡ് കുഴിയായി മാറുകയും ചെയ്യുന്നത് ഈ പഞ്ചായത്തിൽ വളരെ സാധാരണമാണ്. ആവശ്യമുള്ള സ്ഥലത്ത് ഡ്രെയിനേജ് പണിയുവാൻ ഇനിയും അമാന്തിച്ചു കൂടാ.

പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള റോഡുകളെല്ലാം അടിയന്തിരമായി റിപ്പയർ നടത്തുകയും ടാർ ചെയ്യാൻ യോഗ്യമായവ അടിയന്തിരമായി ടാർ ചെയ്യുകയും വേണമെന്ന് ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട ഒരാവശ്യമാണ്. ഇപ്പോൾ മെറ്റൽ ചെയ്തു കിടക്കുന്ന അടിയന്തിരമായി ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക കാണുക.

പട്ടിക II

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | ടാർ ചെയ്യേണ്ട ദൂരം | ഉടമസ്ഥത |
|---|---|---|---|---|
| 1. | അതളൂർ നാഡറ്റ് റോഡ് | 2 | 600 മീ. | പഞ്ചായത്ത് |
| 2. | തവനൂർ PHC ശാന്തികുടീരം | 1 | 150 മീ | ,, |
| 3. | ഇല്ലത്തുപടി കണ്ണംകുളം | 1 | 350 മീ. | ,, |
| 4. | തവനൂർ അങ്ങാടി നെല്ലിക്കപ്പുഴ | 1 | 250 മീ | ,, |
| 5. | കൂരട മുവ്വാങ്കര റോഡിൽ | 3 | 600 മീ | ,, |
| 6. | തൃക്കണാപുരം വരതൂർ കായൽ റോഡ് | 7 | 460 മീ | ,, |
| 7. | മാങ്ങാട്ടൂർ അകച്ചനിലം റോഡ് | 11 | 470 മീ | ,, |
| 8. | മറവഞ്ചേരി അങ്ങാടി അംബേദ്കർ കോളനി റോഡ് | 8 | 250 മീ | ,, |

അശാസ്ത്രീയമായ രീതിയിൽ ടെലിഫോൺ കേബിളുകളും, വാട്ടർ പൈപ്പുകളും റോഡരുകിൽ ചാലു കീറി കൊണ്ടു പോകുന്നതു മൂലം റോഡുകൾ ഗതാഗതത്തിന് കൊള്ളാതാകുന്നതായി ഗ്രമാസഭകളിൽ നിന്നും പരാതിയുണ്ട്. പലപ്പോഴും ടാറിംഗ് ജോലി ചെയ്തു കഴിഞ്ഞാണ് ഇത്തരത്തിൽ പൈപ്പുകളും കേബിളുകളും കൊണ്ടു പോകുവാൻ ചാലുകൾ നിർമ്മിക്കുന്നത്. അതിനാൽ ടാർ ചെയ്ത ഭാഗം അടർന്നു പോകുവാൻ കാരണമാകുന്നു. വിവിധ വകുപ്പുകൾ തമ്മിൽ ആശയവിനിമയം നടത്തിയാൽ ഈ പ്രശ്നം ഒഴിവാക്കാൻ കഴിയും. മാത്രമല്ല, ചാലുകൾ കീറുന്ന സമയത്ത് ബന്ധപ്പെട്ടവർ ലൈൻ മാർക്കു ചെയ്തു കൊടുക്കേണ്ടതും ആണ്.

ചില അത്യാവശ്യ സ്ഥലങ്ങളിലേക്കു പോലും പുതിയ റോഡുകളുടെ നിർമ്മാണത്തിന് പ്രാദേശികമായി തടസ്സങ്ങൾ നിലനിൽക്കുന്നു. സ്ഥലം വിട്ടുതരുന്നതിന് റോഡിന്റെ ഗുണഭോക്താക്കൾ തന്നെ വിസ്സമ്മതിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. ഒരു ജനകീയ ബോധവൽക്കരണം ഈ കാര്യത്തിൽ ആവശ്യമാണ്.

സംസ്ഥാന നാഷണൽ ഹൈവേകളിലുള്ള കൊടുംവളവുകൾ അപകടകങ്ങളാണ്. PWDയുടെ ചില റോഡുകളിലും ഈ അവസ്ഥയുണ്ട്. ഇതു മാറ്റി കഴിയുന്നത്ര വീതി കൂട്ടി വേണം ഈ അവസ്ഥ തരണം ചെയ്യുവാൻ. മാത്രമല്ല റോഡിലേക്ക് ഇറങ്ങിനിൽക്കുന്ന ഇലക്ട്രിസിറ്റി ടെലിഫോൺ പോസ്റ്റുകളും മാറ്റി സ്ഥാപിച്ചാൽ മാത്രമെ അപകടങ്ങൾ ഒരു പരിധി വരെയെങ്കിലും കുറക്കാൻ കഴിയൂ.

വളരെയധികം റോഡുകൾ നിർമ്മിച്ചു കഴിഞ്ഞാൽ വികസനമായി എന്നൊരു ധാരണ നമ്മൾക്കിടയിലുണ്ട്. ഈ ധാരണ മുഴുവൻ ശരിയല്ലെങ്കിലും റോഡുകൾ വികസനത്തിന് അത്യാവശ്യം തന്നെ. അതു കൊണ്ട് തന്നെ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണ പണികൾക്കും ആവശ്യമായ ഫണ്ട് നീക്കി വെക്കേണ്ടതുണ്ട്. അതോടൊപ്പം ജനകീയ പങ്കാളിത്തം കൂടിചേർന്നാലേ സംരംഭം പൂർണ്ണമായി എന്നു പറയാനാവൂ. മിക്കവാറും ഗ്രാമസഭകളിൽ നിന്നും ജനങ്ങൾ അധ്വാനശക്തി സംഭാവന ചെയ്യാൻ തയ്യാറാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നത് എന്തായാലും ആശാവഹമായ കാര്യമാണ്.

ഗ്രാമസഭാ യോഗങ്ങളുടെ റിപ്പോർട്ട് പ്രകാരം ഈ പഞ്ചായത്തിലെ റിപ്പയർ നടത്തേണ്ട റോഡുകൾ നിരവധിയാണ്. അതിനു പുറമെ പുതിയ റോഡുകൾക്കുള്ള സാധ്യതയും കണ്ടെത്തിയിരിക്കുന്നു.

പഞ്ചായത്തിൽ ടാർ പ്രവൃത്തിയടക്കമുള്ള റിപ്പയറുകൾ നടത്താൻ കഴിയുന്ന റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

1. തൃപ്പാലൂർ അങ്ങാടി കണ്ണംകുളം റോഡ്
2. കുറ്റിപ്പുറം തവനൂർ റോഡിൽനിന്നും കല്ലൂർ വഴി എടപ്പാൾ തവനൂർ ചേരുന്ന റോഡ്
3. തൃപ്പാലൂർ അങ്ങാടി ലക്ഷം വീട് കോളനി റോഡ്
4. പഞ്ചായത്ത് ഓഫീസു മുതൽ കടകശ്ശേരി വരെയുള്ള റോഡ്
5. കാടഞ്ചേരി HS മുതൽ ആമ്പലിൽ കോളനി വരെ
6. പോത്തനൂർ നെല്ലാക്കര ലക്ഷം വീട് കോളനി റോഡ്
7. പോത്തനൂർ സെന്ററിൽനിന്നും ചാമപ്പറമ്പ് ഭാഗത്തേക്കുള്ള റോഡ്
8. നരിപ്പറമ്പ് വയലിപൊറ്റത്തറ ഹരിജൻ സെറ്റിൽമെന്റ് റോഡ്
9. നരിപ്പറമ്പ് സുബ്രഹ്മണ്യക്ഷേത്രം റോഡ്
10. പോത്തനൂർ ലിഫ്റ്റ് ഇറിഗേഷൻ കനാൽ NH റോഡിൽനിന്നു തുടങ്ങി പോത്തനൂർ പാടം വരെ കനാൽ റോഡ്
11. പോത്തനൂർ ലിഫ്റ്റ് ഇറിഗേഷൻ I-ാം സബ് കനാലിന്റെ വശം റോഡാക്കി മാറ്റുക (നിലവിൽ റോഡിന് സ്ഥലം ലഭ്യമാണ്)
12. തവനൂർ PHC മുതൽ ശാന്തി കുടീരം വരെയുള്ള റോഡ്
13. ഇല്ലത്തു പടി തൃപ്പാലൂർ റോഡ്
14. ഇല്ലത്തു പടി പൊറ്റംകുളം റോഡ്
15. തവനൂർ അങ്ങാടി നെല്ലിക്കപ്പുഴ റോഡ്

16. അതളൂർ  നാഡറ്റ് നാഗർ റോഡ്

17. മൂവ്വാങ്കര മുതൽ കുറ്റിപ്പുറം NH വരെയുള്ള റോഡിൽ 281 മീറ്റർ നീളം ടാർ ചെയ്യുക

18. മൂവ്വാങ്കര  നെല്ലിക്കാപ്പുഴ റോഡ്

19. ഇല്ലത്തു പടി മുതൽ തൃപ്പാലൂർ വരെ

20. ഇല്ലത്തു പടി  പാലാത്തോട് വരെ

21. തവനൂർ റോഡ് Jnൽ നിന്നും ഡാനിഡ പമ്പ് ഹൗസ് വരെ

22. അതളൂർ മാത്തൂർ റോഡ് അയ്യംകുളം വഴി പന്താപ്പാലം വരെ

23. നാഡറ്റ് നഗർ റോഡ് അവസാനം മുതൽ IPP സെന്റർ വഴി പുഴയിലേക്ക്

24. കരിമ്പയിൻകാവ്  ചെമ്പിക്കൽ കടവ് റോഡ് (നിലവിൽ ഉള്ള റോഡ് റിപ്പയർ പ്രവൃത്തി)

25. V-ാം വാർഡിലെ ഹരിജൻ കോളനി റോഡ്

26. മേലേക്കാവ് കോട്ടോപ്പാടം റോഡ് (നിലവിൽ ഉള്ളത് റിപ്പയർ നടത്തുക

27. മദിരശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ റോഡ് റിപ്പയർ പ്രവൃത്തി

28. പള്ളിത്താഴം പടുവത്താഴം റോഡ് റിപ്പയർ പ്രവൃത്തി

29. അയങ്കലം പഴയ ആശുപത്രി മുതൽ മദിരശ്ശേരി റോഡ് റിപ്പയർ പ്രവൃത്തി

30. അയങ്കലം പഴയ ആശുപത്രി മുതൽ തൃക്കണാപുരം ജംങ്ഷൻ വരെ റോഡ് റിപ്പയർ പ്രവൃത്തി

31. കൂരട ബസ് സ്റ്റോപ്പ് മുതൽ ഗ്രാമശ്രീ ക്ലബ്ബു വരെ റോഡ് റിപ്പയർ പ്രവൃത്തി

32. കൂരട മെയിൻ റോഡ് മുതൽ വിഷ്ണു ക്ഷേത്രം വരെ റോഡ് റിപ്പയർ പ്രവൃത്തി

33. കാഞ്ഞിരക്കുറ്റി  കച്ചേരിപ്പറമ്പു രോഡ് റിപ്പയർ പ്രവ ത്തി

34. കടയത്ത് വളപ്പ്  കാഞ്ഞിരക്കുറ്റി റോഡ് റിപ്പയർ പ്രവത്തി

35. തൃക്കണാപുരം ALPSന് പിൻവശത്ത് കിഴക്കേപ്പാട്ട് റോഡ് റിപ്പയർ പ്രവൃത്തി

36. കുമ്പിടി റോഡു മുതൽ അയ്യപ്പംകാവ് വരതൂർ കായൽ റോഡ് റിപ്പയർ പ്രവൃത്തി

37. കാടഞ്ചേരി ഹൈസ്കൂൾ പറപ്പൂത്ത് പറമ്പ് റോഡിൽ നിന്നും മൂന്നു തോട് വരെ 400മീറ്റർ നീളം ടാർ ചെയ്യുക

38. മറവഞ്ചേരി  തൃക്കണാപുരം റോഡ് റിപ്പയർ പ്രവൃത്തി

39. മുക്കിലപീടിക മുതൽ കടകശ്ശേരി AMLPS വരെയുള്ള റോഡിന്റെ റിപ്പയർ പ്രവൃത്തി

40. നടക്കാവ്  കച്ചേരിപ്പറമ്പ് റോഡ് റിപ്പയർ പ്രവൃത്തി

41. കാലടി  കണ്ടനകം റോഡ് റിപ്പയർ പ്രവൃത്തി

42. അണ്ണക്കമ്പാട്  കൊറ്റിക്കുന്ന് റോഡ് റിപ്പയർ പ്രവൃത്തി

43. പുള്ളുവൻ പടി  കോലത്രക്കുന്ന് റോഡ് റിപ്പയർ പ്രവൃത്തി

44. മൃഗാശുപത്രി  പാണ്ഡവർകര റോഡ് റിപ്പയർ പ്രവൃത്തി

45. കാലടി മൂർച്ചിറ വഴി തിരുത്തി റോഡ് റിപ്പയർ പ്രവൃത്തി

46. മേക്കാടിക്കുളം  കണ്ടനകം റോഡ് റിപ്പയർ പ്രവൃത്തി

47. കുണ്ടയാർ ഹരിജൻ കോളനി റോഡ് റിപ്പയർ പ്രവൃത്തി

48. മാങ്ങാട്ടൂർ അങ്ങാടിയിൽ നിന്നും വലിയ പറമ്പ് വീടു വരെയുള്ള റോഡിന്റെ റിപ്പയർ പ്രവൃത്തി

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പുതിയ റോഡുകളുടെ നിർദ്ദേശങ്ങൾ നിരവധിയാണ്. ഒരു വലിയ ജനമുന്നേറ്റത്തിലൂടെ ആത്മാർത്ഥതയും ആത്മവിശ്വാസവും കൈമുതലാക്കുകയാണെങ്കിൽ ഈ നിർദ്ദേശങ്ങളെല്ലാം തന്നെ പ്രാവർത്തികമാക്കുവാൻ കഴിയും. പ്രായോഗികമായ ഒരു പ്രധാന തടസ്സം ഈ റോഡുകൾക്കു വേണ്ടിയുള്ള സ്ഥലം വിട്ടു കിട്ടുക എന്നതാണ്. തദ്ദേശീയരായ പൊതുജനങ്ങളുടെ പൂർണമായ സഹകരണത്തിലൂടെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ കഴിയും. ഈ നിർദ്ദേശങ്ങൾ എല്ലാം തന്നെ പ്രായോഗികമാവുകയാണെങ്കിൽ തീർച്ചയായും ഈ പഞ്ചായത്തിന്റെ മുഖഛായ മാറുമെന്ന കാര്യത്തിൽ സംശയമൊന്നും വേണ്ട.

വിശദമായ ചർച്ചകൾക്കും കർമ്മപദ്ധതികൾക്കും വേണ്ടി പുതിയ റോഡു നിർദ്ദേശങ്ങൾ ഇവിടെ ചേർക്കുന്നു.

1. തവനൂർ കാക്കശ്ശേരിക്കുന്നിൽനിന്നും NH 17ലേക്ക്

2. മാത്തു പള്ളി മുതൽ മാട്ടം വരെ കനാൽ ബണ്ട് റോഡാക്കുക

3. ചേലത്തോട് മുതൽ മാങ്കുളം വഴി വാരിയത്ത് താഴം വരെ

4. മാളിയേക്കൽ താഴം മുതൽ അതളൂർ  തൃക്കണാപുരം റോഡ് വരെ

5. അതളൂർ പള്ളി മുതൽ ഹരിജൻ കോളനി വഴി അംഗൻവാടി വരെ

6. നാഡറ്റ് റോഡ് കനാൽ പാലം മുതൽ തെക്കോട്ടും, വടക്കോട്ടും കനാൽ ബണ്ടുകൾ റോഡാക്കി മാറ്റുക

7. അതളൂർ മില്ലു മുതൽ തെക്കോട്ടുള്ള റോഡ് മാളിയക്കൽ താഴം വരെയും അതളൂർ പള്ളി വരെയും നീട്ടുക.

8. അതളൂർ കൈപ്പടാംപറമ്പ് പാലം മുതൽ കനാൽ ബണ്ട് വരെയും തെക്കോട്ടും വടക്കോട്ടും റോഡാക്കി മാറ്റുക

9. നരിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസു മുതൽ 4 സെന്റ് കോളനി വഴി റോഡ് നിർമ്മിക്കുക

10. വാസുപ്പടി മുതൽ പമ്പ് ഹൗസു വരെ

11. വാസുപ്പടി മുതൽ മാത്തൂർ അമ്പലപ്പറമ്പ് വരെ

12. ചക്കംപറമ്പ് മുതൽ വല്ലോലപ്പാടം വഴി കാടഞ്ചേരി വരെ

13. കൈപ്പടാംപറമ്പ് പാലം മുതൽ നേഡറ്റ് റോഡ് ഖി വരെ

14. മാളിയക്കൽ താഴം മുതൽ തവനൂർ ആയുർവ്വേദ ആശുപത്രി വരെ

15. മാത്തൂർ അമ്പലപ്പറമ്പിൽ നിന്നും കിഴക്കോട്ട്പാടത്തേക്ക് ഇറങ്ങുന്ന ഇടവഴി റോഡാക്കി മാറ്റുക

16. മാത്തൂർ അമ്പലപ്പറമ്പ് മുതൽ നരിപ്പറമ്പ് ഗവ. ഹോമിയോ ഡിസ്പെൻസറി വരെയുള്ള റോഡ് നിർമ്മിക്കുക.

17. അതളൂർ ജംഗ്ഷൻ മുതൽ പാലാട്ട് പടി വരെ

18. അതളൂർ ജംഗ്ഷൻ മുതൽ മാട്ടം നമ്പ്രം വരെ

19. മുവ്വാങ്കര മുതൽ നെല്ലിക്കാപുഴ വഴി അന്ത്യാളംകുടം വരെ

20. കോട്ടോപാടം നിലം മുതൽ പുഴവക്ക് വരെ

21 വെള്ളാഞ്ചേരി സബ്സെന്റർ മുതൽ വെള്ളാംതോട് സ്ക്കൂളിനു മുന്നിലുള്ള വഴി

22. ചെമ്പിക്കൽകടവ് റോഡിൽനിന്നും പേരാകുന്ന് കോളനി വഴി കനാലിലേക്ക്

23. ഹരിജൻ കോളനി റോഡിൽനിന്നും പവുട്ടാൽ കോളനി വരെ

24. സബ്സെന്റർ മുതൽ മേലേക്കാവ് റോഡു വരെ

25. മേലേക്കാവ് റോഡിൽനിന്നും ചെമ്പിക്കൽ കടവ് റോഡിലേക്ക് (കുന്നത്ത് രാമൻനായരുടെ വീടിന് മുന്നിലൂടെ) റോഡ്.

26. പടുവത്താഴത്തു നിന്നും പൊറ്റയിലേക്കുള്ള വഴി

27. പമ്പ് ഹൗസ് റോഡിൽ നിന്നും നമ്പ്രത്തേക്ക്.

28. ചീരക്കുഴി ഇറക്കം മുതൽ പമ്പ് ഹൗസ് ട്രാൻസ്ഫോമർ വരെ.

29. മദിരശ്ശേരി മുതൽ വെള്ളാഞ്ചേരി സ്കൂൾ വരെ

30. കൂരട ഗ്രാമശ്രീ ക്ലബ്ബ് മുതൽ വെള്ളാഞ്ചേരി അങ്ങാടി വരെ

31. NH 17ൽ തുടങ്ങി കരുവാൻ പടി മുതൽ ഗോപി ആശാരി പടി വരെ.

32. കൂരട ബസ് സ്റ്റോപ്പ് മുതൽ ചന്ദനം കുളങ്ങരെ വരെ

33. കാഞ്ഞിരക്കുറ്റി കച്ചേരിപ്പറമ്പിൽ റോഡിൽ പറക്കുന്നത്ത് ഭഗവതി ക്ഷേത്രത്തിന് പടിഞ്ഞാറ് ഭാഗം മുതൽ ചാത്തൻ കുളം നിലംവരെ.

34. നടക്കാവ് താഴത്തേതിൽ ഇടവഴി റോഡാക്കണം.

35. പാട്ടുപറമ്പ് മങ്ങരനിലം വരെ റോഡ് നിർമ്മിക്കണം.

36. പറപ്പൂത്ത് പറമ്പ് വല്ലോലപ്പാടം അതളൂർ റോഡ് വേണം.

37. മൂന്നുതോട് എടപ്പാടം മറവഞ്ചേരി റോഡ് വേണം.

38. പറപ്പൂത്ത് പറമ്പ് മറവഞ്ചേരിയുമായി ബന്ധിപ്പിക്കണം.

39. അംബേദ്കർ കോളനി ചാക്കാട്ടമുക്ക് വരെ

40. സ്റ്റേഡിയം ഗ്രൗണ്ട് തൃക്കണാപുരം മറവഞ്ചേരി വരെ

41. അംബേദ്കർ കോളനി കാലടി അംഗൻവാടി വരെ

42. സബ്സ്റ്റേഷൻ മുതൽ പാണ്ഡവർ പാടം വരെ

43. മുള്ളാൻ കുന്ന് മുതൽ മണ്ഡകപ്പറമ്പ് വരെ

44. മൂർച്ചിറ മുതൽ പുതനക്കര പാടം വഴി അങ്ഘജട വരെ.

45. പാറപ്പുറം നരിപ്പറമ്പ് റോഡിൽനിന്നും വീട്ടിൽ വളപ്പിൽ ഹുസൈൻ ഹാജിയുടെ വീട് മുതൽ മറവഞ്ചേരി കായൽ വരെ.

46. കാലടി AMLPSന്റെ കിഴക്കു ഭാഗത്തു നിന്നും ഉദിനിക്കര പാടത്തേക്കും ആ റോഡ് മൂർച്ചിറ റോഡിനെ ബന്ധിപ്പിക്കുകയും ചെയ്യുക.

47. കാലടി വില്ലേജാഫീസിന്റെ കിഴക്കുനിന്ന് മൂരിക്കായലിലേക്ക്.

48. പാറപ്പുറം നടക്കാവ് റോഡിൽനിന്നും വടക്കത്ത് വളപ്പിൽ കുഞ്ഞിപ്പയുടെ വീടു മുതൽ മാമ്പടത്തേക്ക് റോഡ് നിർമ്മിക്കയും ആ റോഡ് മറവഞ്ചേരി അംബേദ് കർ കോളനി റോഡുമായി ബന്ധിപ്പിക്കുക.

49. പാറപ്പുറം നടക്കാവ് റോഡിൽനിന്നും വടക്കത്ത് വളപ്പിൽ അബ്ദുല്ലയുടെ പീടിക മുതൽ കൂടപ്പാടത്തേക്കും ഇതിനെ ചാലപ്പുറം 4 സെന്റ് കോളനിയുമായി ബന്ധിപ്പിക്കുക.

50. പറപ്പൂത്ത് അംഗൻവാടി മുതൽ വല്ലോലപ്പാടം വഴി അതളൂരിലേക്ക്

51. മാങ്ങാട്ടൂർ വലിയ പറമ്പ് വീടു വരെ എത്തിനിൽക്കുന്ന റോഡ് തണ്ടിലം റോഡിനോട് ബന്ധിപ്പിക്കുക.

52. നിലവിലുള്ള മാങ്ങാട്ടൂരിലെ പഞ്ചായത്ത് റോഡിൽ നിന്നും അമ്പലക്കുളം വഴി കാടഞ്ചേരിയിലേക്ക്

53. മാങ്ങാട്ടൂർ കോളനി മുതൽ പുത്തൻ കുളം വഴി മാണിക്കപാലം വരെ

54. മാങ്ങാട്ടൂരിൽ നെല്ലാക്കര ലക്ഷം വീട് കോളനി വരെ.

55. ആമ്പൽ ഹരിജൻ കോളനിയിലേക്ക് റോഡു വേണം.

56. വാർഡിലെ എല്ലാ ഇടവഴികളും 5 അടി വീതിയിൽ പഞ്ചായത്ത് നടപ്പാതകളുണ്ടാക്കുക.

51. കുണ്ടയാറിൽ നിന്നും ചേലത്തുപറമ്പിലേക്ക് നിലവിലുണ്ടായിരുന്ന വഴി തെളിയിച്ച് റോഡാക്കി മാറ്റുക.

52. തണ്ടിലം മുതൽ നെല്ലാക്കര ലക്ഷം വീട് വരെ ഇത് രണ്ടു വാർഡുകളെ ബന്ധിപ്പിക്കും.

53. തണ്ടിലം (ഭരണിക്കാവ് റോഡ്) മാങ്ങാട്ടൂർ റോഡ് നിർത്തി വെച്ച 1കി.മി ദൂരം പൂർത്തീകരിച്ചാൽ രണ്ടു വാർഡുകളെ ബന്ധിപ്പിക്കും.

54. പോത്തനൂർ കുന്നംപുള്ളി കോളനിയിൽ നിന്നും എടപ്പാൾ പൊല്പാക്കര റോഡുമായി ബന്ധിപ്പിക്കുക. ഇത് രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കാം.

55. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ആനേകുന്നത്ത് മുതൽ പോത്തന്നൂർ നൈതല്ലൂർ റോഡിനെ ബന്ധിപ്പിക്കുന്ന തുടങ്ങി വെച്ചത് പൂർത്തീകരിക്കാത്ത റോഡ് പണി പൂർത്തിയാക്കണം (നീളം 1km)

56. മാണിക്കൽ പാലം തൊട്ട് മാങ്ങാട്ടൂർ വരെ റോഡ് വേണം (നീളം 1km)

57. നെല്ലാക്കര കോളനി മുതൽ വയലിപ്പൊറ്റ തറ വരെ (നീളം 1km)

58. പോത്തനൂർ ദുർഗ്ഗാക്ഷേത്രം മുതൽ ഭഗവതിനാട് നിലംവരെ (750 മീ)

59. തണ്ടിലം അരയാലുക്കൽ നിന്ന് ചിറ നിലത്തിലേക്ക് (500 മീ)

60. ആനെകുന്നത്ത് കോളനിയിലേക്ക് റോഡ് വേണം. (400 മീ)

61. പത്തായപ്പറമ്പ് കോളനിയിലേക്ക് റോഡ് വേണം. (450 മീ)

62. നിർദ്ദിഷ്ട NHൽ നിന്നും വയലിപൊറ്റത്തറ വരെ നടവഴി റോഡാക്കി മാറ്റി ഗതാഗത യോഗ്യമാക്കുക.

63. നരിപ്പറമ്പ് ഗവ. ഹോമിയോ ഡിസ്പൻസറിയിലേക്ക് തുടർന്ന് വെള്ളപ്പാടം വഴി മാത്തൂരിലേക്ക്

64. നരിപ്പറമ്പ് അങ്ങാടിയിൽനിന്നും ഭാരതപ്പുഴയിലേക്ക്

65. നരിപ്പറമ്പ് നടക്കാവ് റോഡിൽനിന്നും വെള്ളപ്പാടത്തേക്ക്

66. രണ്ടാം സബ് കനാൽ റോഡിൽനിന്നും സുബ്രഹ്മണ്യ ക്ഷേത്രം റോഡിലേക്ക്

67. നരിപ്പറമ്പ് ഹരിജൻ കോളനിയിലേക്കും തുടർന്ന് അവിടെ നിന്നും പോത്തനൂർ റോഡിലേക്കും.

68. നിലവിലുള്ള മെയിൻ കനാൽ പമ്പ് ഹൗസു മുതൽ നരിപ്പറമ്പ് അങ്ങാടി വരെ റോഡാക്കി മാറ്റുക (സ്ഥലം ഇപ്പോൾ നിലവിലുണ്ട്)

69. നരിപ്പറമ്പ് രണ്ടാം സബ് കനാൽ റോഡിൽനിന്നും പുന്നയൂർ പടി മുതൽ ഈഴുവത്തിരുത്തി പഞ്ചായത്തിലേക്ക് ഇവിടെ നിലവിലുള്ള റോഡിലേക്ക്.

70. ഇറിഗേഷൻ കനാൽ മുതൽ കൊങ്ങംകുഴി വഴി ഈഴുവതിരുത്തി പഞ്ചായത്ത് അതിർത്തി വരെ

*പാലങ്ങൾ*

ഗതാഗതത്തിനു വേണ്ടിയുള്ള പാലങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. നിലവിലുള്ള റോഡുകളിൽ ഓവുപാലങ്ങൾ പലഭാഗങ്ങളിലും ഉണ്ട്. എങ്കിലും പല ഭാഗങ്ങളിലും ഓവുപാലങ്ങളുടെ അഭാവം മൂലം കൃഷി സ്ഥലങ്ങളിൽ നീർക്കെട്ട് അനുഭവപ്പെടുന്നു. പുതിയ ചില ഓവുപാലങ്ങൾ ഇത്തരം സ്ഥലങ്ങളിൽ ആവശ്യമാണ്. നടപ്പാലങ്ങളും നാമമാത്രമാണ്. ചില നടപ്പാലങ്ങളും നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

1. മൂന്നും നാലും വാർഡുകളെ ബന്ധിപ്പിക്കുന്നതിന് പാലത്തോടിന് നടപ്പാലം നിർമ്മിക്കുക.

2. മാങ്ങാട്ടൂർ സെന്ററിൽനിന്നും കിഴക്കോട്ട് പോകുന്ന വഴിക്ക് കുറുകെ കടന്നു പോകുന്ന തോടിന് നടപ്പാലം നിർമ്മിക്കണം.

3. മാങ്ങാട്ടൂർ പഞ്ചായത്ത് റോഡിൽ നിന്നും വടക്കോട്ട് മനക്കലെത്താഴം വരെ അമ്പലക്കുളം ഭാഗത്തേക്കുള്ള റോഡിന്റെ അവസാന ഭാഗത്ത് നടപ്പാലം നിർമ്മിക്കുക.

5. വർഷാവർഷവും തിരുനാവായ സർവ്വോദയ മേളക്കാലത്ത് ഭാരതപ്പുഴക്ക് കുറുകെ താൽക്കാലിക നടപ്പാത നിർമ്മിക്കാറുണ്ട് ഇവിടെ. തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തെയും തവനൂർ ശിവക്ഷേത്രത്തെയും ബന്ധിപ്പിക്കുന്ന സ്ഥിരമായ ഒരു നടപ്പാലം ആവശ്യമാണ്.

*അനുബന്ധം*

നാഷണൽ ഹൈവേ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നതിന് സ്ഥലമെടുപ്പ് കഴിഞ്ഞിരിക്കയാണ്. പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്തിലൂടെ കടന്നുപോകുന്ന ഈ നിർദ്ദിഷ്ട ഹൈവേയുടെ നിർമ്മാണത്തിന് തുടക്കത്തിൽ കാണിച്ചു വന്നിരുന്ന ഉത്സാഹം ഇപ്പോൾ അധികൃതരുടെ ഭാഗത്തു നിന്നും കാണാനില്ലാത്തത് സാധാരണ ജനങ്ങളിൽ ആശങ്കയുണ്ടാക്കിയിരിക്കുന്നു. ഈ ഹൈവേ എത്രയും വേഗം പൂർത്തിയാക്കുകയും നിലവിൽ ഉള്ള NH 17ന്റെ വളവുകൾ പരമാവധി നിവർത്തി വീതികൂട്ടുകയും ചെയ്യേണ്ടതാണ്. ഇത് സർക്കാർ തലത്തിൽ തന്നെ ചെയ്യേണ്ടത് ഒരു പ്രവൃത്തിയാണ്. അതിനോടു കൂടി തന്നെ ബഹുജന പങ്കാളിത്തം കൂടി ഉറപ്പാക്കുകയും വേണം. ഇന്ന് പഞ്ചായത്തു തലത്തിൽ വരവായി ലഭിക്കുന്ന തുകയുടെ നല്ലൊരു ശതമാനം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നീക്കി വെക്കപ്പെടുന്നു. ഇതിൽ ചെറിയൊരു ഭാഗം മാത്രമാണ് യഥാർത്ഥത്തിൽ പണികൾക്കായി ചിലവഴിക്കപ്പെടുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് വലിയൊരു പങ്ക് നിർവ്വഹിക്കാനുണ്ട്. അനുവദിക്കുന്ന തുക പൂർണമായും പണികൾക്കുതന്നെ ചെലവഴിക്കപ്പെടേണമെങ്കിൽ ജനകീയമായ ഇടപെടൽ അത്യന്താപേക്ഷിതമാണ്. മാത്രമല്ല അനുവദിക്കപ്പെടുന്ന തുകക്ക് പുറമെ ജനകീയ പക്ഷകാളിത്തം മൂലം മനുഷ്യാദ്ധ്വാനം കൂടി സംഭാവന ചെയ്യപ്പെടേണ്ടതുണ്ട്. ഈ അവസരത്തിൽ നമുക്കതുണ്ടാവുമെന്ന് പ്രത്യാശിക്കാം.

വിവിധ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തു വഴി വിവിധ ഇനങ്ങളിൽ റോഡുകൾക്ക് ചിലവഴിക്കപ്പെട്ട തുകയുടെ കണക്ക്

അവലംബം പഞ്ചായത്തു രേഖകൾ

| ഇനം | 93-94 രൂപ പൈസ | 94-95 രൂപ പൈസ | 95-96 രൂപ പൈസ |
|---|---|---|---|
| ജെ.ആർ.വൈ | 1500174.00 | NIL | 131189.00 |
| ഉപാധിരഹിത ഫണ്ട് | NIL | 351122.00 | NIL |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | 30000.00 | NIL | NIL |
| സ്റ്റാമ്പ് ഡ്യൂട്ടി | NIL | 40000.00 | NIL |
| പഞ്ചായത്ത് ഫണ്ട് | 94382.00 | 519429.00 | 200000.00 |
| VRM ഗ്രാന്റ് | 24382.00 | NIL | NIL |

***ഊർജ്ജം***

പഞ്ചായത്തു തലത്തിൽ മാത്രമല്ല സംസ്ഥാന തലത്തിൽ തന്നെ ഇന്ന് ഊർജ്ജപ്രതിസന്ധി നേരിടുന്നു. ദീർഘവീക്ഷണത്തോടെയല്ലാത്ത ആസൂത്രണവും KSEBയുടെ കെടു കാര്യസ്ഥതയും വൈദ്യുതി മേഖല യാകെത്തന്നെ തകർച്ചയുടെ വക്കിലെത്തിച്ചിരിക്കുന്നു. പ്രധാന ഊർജ്ജ ഉറവിടമായ വൈദ്യുതി ഇന്ന് നേരിടുന്ന പ്രതിസന്ധി നമ്മുടെ നാടിന്റെ വികസനത്തിന്റെ കൂടി പ്രതിസന്ധിയാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

ഈ പഞ്ചായത്തിലും പ്രധാന ഊർജ്ജവിനിയോഗം വൈദ്യുതി തന്നെയാണ്. വിറക്, എണ്ണ, പാചകഗ്യാസ് എന്നിവയും വ്യാപകമായി ഉപയോഗിച്ചുവരുന്നു. പഞ്ചായ ത്തിലെ കാവിൽപടിയിൽ സ്ഥിതി ചെയ്യുന്ന 66 KV സബ് സ്റ്റേഷനിൽനിന്നുമാണ് ആവശ്യമായ വൈദ്യുതി ലഭിച്ചു കൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തിൽ നിന്നും വിതരണം ചെയ്യാവുന്നതിന്റെ എത്രയോ ഇരട്ടിയാണ് ഇന്നത്തെ ആവശ്യം.

വളരെ വിസ്തൃതമായ ഈ പഞ്ചായത്തിൽ തവനൂർ, എടപ്പാൾ എന്നീ സെക്ഷൻ ഓഫീസുകൾക്കു കീഴിലാണ് വൈദ്യുതി വിതരണം നടക്കുന്നത്

പട്ടിക I

ഈ പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ എണ്ണം.

| നമ്പർ | സെക്ഷൻ | എണ്ണം |
|---|---|---|
| 1. | KSEB എടപ്പാൾ | 15 |
| 2. | KSEB തവനൂർ | 37 |

ആകെ 52

പട്ടിക II

പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുത ഉപഭോക്താക്കൾ

| സെക്ഷൻ | ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം | കുടിവെള്ളം |
|---|---|---|---|---|---|
| തവനൂർ | 4184 | 487 | 66 | 1243 | 2 |
| എടപ്പാൾ | 1200 | 200 | 20 | 327 | -1 |

വൈദ്യുതി ഉപഭോഗത്തിന്റെ സിംഹഭാഗവും ഗാർഹിക മേഖലയിൽ ആണ്. കാർഷിക മേഖല തൊട്ടു താഴെ നിൽക്കുന്നു. വ്യവസായ മേഖലയിൽ KSRTCയും കെൽട്രോണുമാണ് ഹൈടെൻഷൻ ഉപഭോക്താക്കൾ. തവനൂരിലെ വൈദ്യുത ഉപഭോക്താക്കൾ അഭിമുഖീ കരിക്കുന്ന പ്രധാന പ്രശ്നം കുറഞ്ഞ തോതിലുള്ള വോൾട്ടേജ് ലഭ്യതയാണ്. വിതരണ സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ ഇതു പരിഹരിക്കുവാൻ കഴിയുന്നില്ല. അതു കൊണ്ടു തന്നെ ഉയർന്ന തോതിലുള്ള പ്രസരണ ശേഷിയേക്കാൾ കൂടുതതൽ ഭാരം താങ്ങേണ്ടി വരുന്നതും വളരെ ദൈർഘ്യമേറിയ വിതരണ ലൈനുകളും നഷ്ടത്തിന് ആക്കം കൂട്ടുന്നു. വൃക്ഷത്തലപ്പുകൾ ലൈനുകളിൽ മുട്ടിക്കിടക്കുന്നതു മൂലവും മേൽപറഞ്ഞ പ്രശ്നം ഉണ്ടാകുന്നു.

ഇന്നത്തെ ശേഷിയെക്കാൾ എത്രയോ മടങ്ങു കൂടുതൽ വിതരണം നടക്കുന്നതായി പറഞ്ഞുവല്ലോ. ഇനിയും ആവശ്യക്കാർ വളരെ കൂടുതലാണ്. അതിനനുസരിച്ചുള്ള ഉത്പാദനം നടക്കുന്നുമില്ല. സംസ്ഥാന തലത്തിൽ പുതിയ വൈദ്യുത പദ്ധതികൾ ആരംഭിച്ചാൽ മാത്രമെ ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ കഴിയൂ.

ഈ പഞ്ചായത്തിൽ 2 സെക്ഷൻ ഓഫീസുകൾക്ക് കീഴിലാണ് വിതരണം നടക്കുന്നതെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഈ വർഷത്തിൽ കൊടുത്ത പുതിയ കണക്ഷനുകൾ എത്രയെന്ന് നമുക്ക് പരിശോധിക്കാം.

പട്ടിക III

| സെക്ഷൻ | ORDINARY | OTP | OYEC | ആകെ |
|---|---|---|---|---|
| തവനൂർ | 32 | 33 | 69 | 134 |
| എടപ്പാൾ | 8 | 10 | 18 | 36 |

ഇനി കണക്ഷൻ ലഭിക്കാൻ കാത്തിരിക്കുന്നവരുടെ എണ്ണം കൂടി ഈ അവസരത്തിൽ പരിശോധിക്കുന്നത് നന്നായിരിക്കും.

പട്ടിക കാണുക

194

പട്ടിക IV

| സെക്ഷൻ | Ordinary | OTP | OYEC | ആകെ |
|---|---|---|---|---|
| തവനൂർ | 400 | 6 | 41 | 447 |
| എടപ്പാൾ | 125 | 4 | 28 | 157 |

CD അടച്ചു കാത്തിരിക്കുന്ന അനേകം പേർ ഈ പഞ്ചായത്തിലുണ്ട്. അവർക്ക് കണക്ഷൻ നൽകാൻ ദ്രുതഗതിയിലുള്ള യാതൊരു നീക്കവും അധികൃതർ നടത്തുന്നില്ല. മാത്രമല്ല ആവശ്യങ്ങൾ നിറവേററുന്നതിന് കോഴ നൽകേണ്ട ഗതികേടിലാണ് പൊതുജനം.

ഈ പഞ്ചായത്തിന്റെ വിതരണ ശൃംഖല രണ്ടു ഓഫീസുകൾക്കു കീഴിലായതു കൊണ്ട് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. പ്രശ്നപരിഹാരത്തിന് ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവർത്തകർക്കും ഇതു മൂലം ബുദ്ധിമുട്ട് ഉണ്ട്.

ഇനിയും വൈദ്യുതി കടന്നു ചെല്ലാത്ത മേഖലകൾ ഈ പഞ്ചായത്തിലുണ്ട്. ഹരിജൻ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുവാൻ ഇപ്പോൾ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പോസ്റ്റ് അടുത്ത് നിൽക്കുന്ന (30 മീ. നുള്ളിൽ) വീടുകൾക്ക് മാത്രമെ കണക്ഷൻ നൽകുകയുള്ളൂ എന്നതാണ് KSEBയുടെ നിലപാട്. ഈ നിലപാട് മാറ്റി പോസ്റ്റ് ആവശ്യമുള്ളവർക്ക് പോസ്റ്റുകൾ നല്കിയാൽ ഈ പദ്ധതി ഒരു വൻവിജയമാക്കുവാൻ കഴിയും.

*തെരുവുവിളക്കുകൾ*

തവനൂർ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നതിനു മുമ്പു തന്നെ മണ്ണെണ്ണ ഉപയോഗിച്ച് തെരുവു വിളക്കുകൾ സ്ഥാപിച്ചിരുന്നതായി രേഖകളിൽ കാണുന്നു. 1995 വരെയുള്ള കാലങ്ങളിൽ 40 വാട്ട് ബൾബുകളും ഏതാനും ട്യൂബ് ലൈറ്റുകളും തെരുവു വിളക്കായി സ്ഥാപിച്ചിരുന്നു. 1996ൽ സോഡിയം വേപ്പർ വിളക്കുകൾ 41 എണ്ണം ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

പട്ടിക V

തെരുവുവിളക്കുകളുടെ എണ്ണം

| സെക്ഷൻ | ബൾബുകൾ | | | | ട്യൂബ് | മെർക്കുറി | സോഡിയം വെപ്പർ |
|---|---|---|---|---|---|---|---|
| | 25w | 40w | 60w | 100w | | | |
| തവനൂർ | - | 03 | - | - | 2 | - | 33 |
| എടപ്പാൾ | - | 17 | - | - | - | - | 8 |

ഇത്രയൊക്കെയാണെങ്കിലും ഇനിയും ഈ പഞ്ചായത്തിൽ തെരുവുവിളക്കുകൾ ആവശ്യമാണ്. വിസ്തൃതിയുടെയും ഭൂപ്രകൃതിയുടേയും പ്രത്യേകത മൂലം വ്യാപകമായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചാൽ മാത്രമേ പ്രായോഗികമായി ഈ ആവശ്യം നടപ്പിലാക്കുവാൻ കഴിയൂ. 1995 വരെയുള്ള കണക്കു പ്രകാരം പ്രതിമാസം സ്ട്രീറ്റ് ലൈറ്റിനു വേണ്ടി 3392/ രൂപ പഞ്ചായത്തിനു KSEBയിൽ അടക്കേണ്ടതായി വരുന്നു.

*മറ്റു ഊർജ്ജസ്രോതസ്സുകൾ*

പാചകത്തിനു കൂടുതലും വിറക് ഉപയോഗിക്കുന്നു. കുറച്ചു പേർ മണ്ണെണ്ണയും പാചകഗ്യാസും വൈദ്യുത ഹീറ്ററുകളും ഉപയോഗിക്കുന്നു. വിറകിനത്തിൽ തെങ്ങിൽനിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങൾ, ചെറിയ മരങ്ങൾ, കവുങ്ങിൻ പട്ടകൾ, മറ്റു ചപ്പു ചവറുകൾ തുടങ്ങിയവ ഉപയോഗിക്കപ്പെടുന്നു. ഈ വസ്തുക്കളുടെ ലഭ്യത കുറഞ്ഞു വരുന്നു. മണ്ണെണ്ണയുടെ മാർക്കറ്റു വില കൂടുതലായതും പാചകഗ്യാസ് എല്ലാവർക്കും ലഭിക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക ബുദ്ധി മുട്ടുകളും വിറകിനെത്തന്നെ ആശ്രയിക്കുവാൻ സാധാരണ ക്കാരെ പ്രേരിപ്പിക്കുന്നു.

പാചകത്തിന് ബയോഗ്യാസുകൾ ഉപയോഗ പ്പെടുത്തുവാനുള്ള സാധ്യതയുണ്ട്. ആദ്യകാലങ്ങളിൽ ഏതാനും ബയോഗ്യാസ് പ്ലാന്റുകൾ ചിലർ തുടങ്ങി യെങ്കിലും ഇപ്പോൾ ഒന്നും പ്രവർത്തന ക്ഷമമല്ല.

വൈദ്യുതി പ്രധാനമായും വെളിച്ചത്തിന് വേണ്ടി ഉപയോഗപ്പെടുത്തുന്നു. ചില സമ്പന്ന കുടുംബങ്ങൾ വൈദ്യുതി പാചകത്തിന് ഉപയോഗപ്പെടുത്തുന്നു. ഇത് തീർച്ചയായും നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഈ പഞ്ചായത്തിൽ പാചക വാതകം ലഭിക്കുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വളരെക്കാലമായി രജിസ്ട്രേഷൻ പോലും നടത്തുന്നില്ല.

സൗരോർജ്ജം ഇവിടെ ഫലപ്രദമായി ആരും ഉപയോഗപ്പെടുത്തുന്നില്ല. പാചകത്തിനും വിളക്കുകൾ കത്തിക്കുന്നതിനും ഇത് വളരെ പ്രയോജനപ്രദമാണ്. സർക്കാർ ആശുപത്രികൾ, മറ്റു സർക്കാർ സ്ഥാപനങ്ങൾ എന്നിവക്കു വേണ്ട വൈദ്യുതി, സൗരോർജ്ജം ഉപയോഗ പ്പെടുത്തി നിർമ്മിക്കാവുന്നതാണ്. ഇതിന് സർക്കാർ മുൻകയ്യെടുക്കണം.

*പ്രധാന പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ.*

1. പഞ്ചായത്തിന്റെ മുഴുവൻ മേഖലകളിലേക്കും വൈദ്യുതി ഇനിയും എത്തിയിട്ടില്ല.

2. പ്രേക്ഷണ വിതരണ രംഗങ്ങളിലെ പ്രസരണ നഷ്ടം മൂലം വോൾട്ടേജ് ക്ഷാമവും കൂടാതെ ധാരാളം വൈദ്യുതി പാഴായി പോവുകയും ചെയ്യുന്നു. ഇതിന് മാറ്റം വരുവാൻ KSEB ജീവനക്കാരുടെ അനാസ്ഥ അവസാനി പ്പിക്കുകയും ലൈനുകളിൽ മുട്ടികിടക്കുന്ന മരച്ചില്ലകൾ യഥാസമയം വെട്ടിനീക്കുകയും വേണം. ഇതിന് ജനകീയ ഇടപെടൽ അത്യന്താപേക്ഷിതമാണ്.

3. എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും ഇനിയും അത്യാവശ്യ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതുണ്ട്. ജനങ്ങളുടെ സഹകരണത്തോടു കൂടി പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യാം.

4. പഞ്ചായത്തിന് മാത്രം ബാധകമായ രീതിയിൽ ഈ പഞ്ചായത്തിൽ ഒരു ഇല. സെക്ഷൻ ഓഫീസ് തുടങ്ങണം.

ഇപ്പോൾ രണ്ടു ഓഫീസുകളിലായി പ്രവർത്തിക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ ഇതു സഹായിക്കും.

5. സൗരോർജ്ജ വിളക്കുകളും സൗരോർജ്ജ പമ്പുകളും ഉപയോഗപ്പെടുത്തുന്നത് ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരമാണ്.

6. ആവശ്യമായിടത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു കൊണ്ട് വോൾട്ടേജ് ക്ഷാമവും പ്രസരണ നഷ്ടവും കുറക്കണം.

7. പുകയില്ലാത്ത അടുപ്പുകൾ (ഉദാ: പരിഷത്ത് അടുപ്പുകൾ) സ്ഥാപിക്കുന്നതു വഴി ഊർജ്ജനഷ്ടം ഒഴിവാക്കുവാനും പുക ജന്യമായ അസുഖങ്ങളിൽ നിന്ന് മോചനം നേടാനും സാധിക്കും.

8. ഊർജ്ജനഷ്ടം പരമാവധിക്കുറക്കുയും വൈദ്യുതി ഒഴികെ മറ്റു മേഖലകളിൽ നിന്നും പരമാവധി ഊർജ്ജം സംഭരിക്കുന്നതിനും ANERT (ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി) പോലുള്ള സർക്കാർ ഏജൻസികളുമായി സഹകരിച്ച് പഞ്ചായത്തു തലത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

9. ഇന്നു സമ്പന്ന കുടുംബങ്ങളിൽ വൈദ്യുതിയുടെ ദുരുപയോഗം ധാരാളം നടന്നു വരുന്നു. സ്റ്റെപ്പ് അപ്പ് ഉപയോഗിച്ചുള്ള വൈദ്യുതി ഉപയോഗം മൂലം മറ്റുള്ളവർക്ക് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. അത് നിരുത്സാഹപ്പെടുത്തുകയും ജനകീയ ബോധവൽക്കരണം നടത്തുകയും വേണം. ഇതിന് പ്രാദേശികാടിസ്ഥാനത്തിൽ ഉപഭോക്തൃസമിതിയുണ്ടാക്കി പ്രവർത്തനം നടത്തേണ്ടതാണ്.

10. സ്വന്തമായി പണം മുടക്കി വൈദ്യുതി കണക്ഷൻ എടുക്കാൻ കഴിയാത്ത മുഴുവൻ പാവപ്പെട്ടവർക്കും സൗജന്യമായി കണക്ഷൻ നൽകണം. ഈ ആവശ്യത്തിന് കൂടിയ മുൻഗണന തന്നെ നൽകണം.


11. പഞ്ചായത്തിന്റെ വക ഭൂമിയിലും തരിശായി കിടക്കുന്ന സ്വകാര്യ ഭൂമി പാട്ടത്തിനെടുത്തും വിറകാവശ്യം മുൻനിർത്തി മരം വച്ചു പിടിപ്പിക്കാവുന്നതാണ്.



| | | | | |
|---|---|---|---|---|
| 11 | 132 | 292 | 76 | 500 |
| 12 | 199 | 357 | 55 | 611 |
| 13 | 331 | 226 | 83 | 4640 |
| 14 | 186 | 267 | 92 | 545 |
| ആകെ | 2722 | 5725 | 1444 | 9891 |

Note: പഞ്ചായത്ത് നികുതി രജിസ്റ്റർ പ്രകാരം 14 വാർഡുകളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്, വാർഡ് പുനർനിർണ്ണയം രജിസ്റ്ററിൽ ചേർക്കുന്നത്. 1997 ലെ റിവിഷൻ സമയത്താണ്.

അവലംബം : പഞ്ചായത്തു രേഖകൾ



# പാർപ്പിടവും സാമൂഹ്യക്ഷേമവും

വിസ്തൃതി കൊണ്ട് കേരളത്തിലെ വലിയ പഞ്ചായത്തുകളിലൊന്നായ തവനൂർ പഞ്ചായത്ത് തവനൂർ, കാലടി എന്നീ രണ്ടു വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നു. ഏതാണ്ട് 42.37 ചതുരശ്ര കി.മീ വിസ്തീർണ്ണമുള്ള ഇവിടെ 1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ 46993 ആണ്. ഇപ്പോൾ പഞ്ചായത്തിലെ ജനസംഖ്യ 50985 ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ 25010 പേർ പുരുഷൻമാരു 25975 പേർ സ്ത്രീകളുമാണ്. സ്ത്രീകൾക്ക് മുൻതൂക്കമുള്ള ഈ പഞ്ചായത്തിന്റെ സാരഥിയും ഒരു വനിതയാണെന്നുള്ളത് ഈ അവസരത്തിൽ ശ്രദ്ധേയമാണ്.

പഞ്ചായത്തിലെ ആകെ കെട്ടിടങ്ങളുടെ എണ്ണം 11099 ആണ്. ഇതിൽ 9891 വീടുകൾ ആണ്. ഏറ്റവും പഴക്കം അവകാശപ്പെടാവുന്ന കെട്ടിടങ്ങളാണ് മറവഞ്ചേരി മനയും തവനൂർ മനയും വെള്ളയിൽ മനയും.

ഈ കെട്ടിടങ്ങളുടെ കാലപ്പഴക്കത്തിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

തവനൂർ ഗ്രാമ പഞ്ചായത്തിലെ വീടുകളുടെ വാർഡു തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു. (1996 വരെയുള്ളത്)

പട്ടിക 1

| വാർഡ് | ഓലമേഞ്ഞത് | ഓട് | ടെറസ്സ് | ആകെ |
|---|---|---|---|---|
| 1 | 141 | 482 | 111 | 734 |
| 2 | 226 | 357 | 79 | 662 |
| 3 | 181 | 526 | 117 | 884 |
| 4 | 147 | 503 | 127 | 777 |
| 5 | 284 | 357 | 70 | 711 |
| 6 | 164 | 456 | 139 | 759 |
| 7 | 244 | 688 | 140 | 1072 |
| 8 | 163 | 464 | 97 | 724 |
| 9 | 114 | 319 | 155 | 588 |
| 10 | 210 | 431 | 43 | 684 |

പാർപ്പിടമെന്നാൽ അടിസ്ഥാന സൗകര്യങ്ങളുള്ളതും പ്രകൃതിയുടെ വിവിധ കാലാവസ്ഥകളെ തരണം ചെയ്യാൻ കഴിവുള്ളതും വാസയോഗ്യവുമായ ഇടം ' എന്നാണല്ലോ പറയപ്പെടുന്നത്. ഇങ്ങനെ പരിശോധിച്ചാൽ ഈ പഞ്ചായത്തിൽ ഇനിയും ഒട്ടേറെ കുടുംബങ്ങൾക്ക് പാർപ്പിടമുണ്ടാകേണ്ടതുണ്ട്. ഇതിൽ ഭൂരിപക്ഷം പേർക്കും സ്വന്തമായി വീടുനിർമ്മിക്കാൻ സാമ്പത്തിക പ്രയാസങ്ങളുള്ളവരാണ്. കൂലിപ്പണിക്കാരായ ഈ വിഭാഗത്തിന് വീട് നിർമ്മിക്കുവാൻ സാമ്പത്തിക സഹായം പുറമേ നിന്നും ലഭിക്കേണ്ടതുണ്ട്. കോളനികളുടെ സ്ഥിതിവിവര കണക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കോളനിയുടെ പേര് | മൊത്തം വീടുകളുടെ എണ്ണം | താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം | കോളനിയുടെ ഇനം | | പ്രാഥമിക സൗകര്യം | വൈദ്യുതീകരണം |
|---|---|---|---|---|---|---|---|
| 1 | ലക്ഷം വീട് കോളനി | 14 | 14 | 4 [illegible] | | പരിമിതം | ഇല്ല |
| 2 | തൃക്കണാപുരം കുന്ന് | 40 | 40 | 4 | | " | |
| 3 | [illegible] ചേന്നര | 1 | 1 | " | | " | " |
| 4 | കാലടി | 87 | 87 | " | | പരിമിതം | ഇല്ല |
| 5 | [illegible] | 26 | 26 | " | | " | |
| 6 | മറവഞ്ചേരി കുന്ന് | 8 | – | " | | " | |
| 7 | മറവഞ്ചേരി | 13 | 13 | " | | " | |
| 8 | [illegible] | 9 | 9 | " | | " | |
| 9 | തൃക്കണാപുരം | 10 | 20 | – | OLH | * | |
| 10 | [illegible] | 10 | 20 | – | OLH | * | |
| 11 | മറവഞ്ചേരി | 10 | 20 | – | OLH | * | |
| 12 | ചേന്നര | 10 | 20 | – | OLH | * | |
| 13 | [illegible] | 10 | 20 | – | OLH | * | |

OLH = One Lakh House Colony

NB: പട്ടികജാതി കോളനികൾ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിന് പട്ടിക വർഗ്ഗ ക്ഷേമം എന്ന

അദ്ധ്യായം കാണുക.

അവലംബം : പഞ്ചായത്ത് രേഖകൾ

പട്ടികയിൽ കാണിച്ചിരിക്കുന്ന കോളനികൾ എല്ലാം തന്നെ പ്രാഥമിക സൗകര്യങ്ങളുടെ കാര്യത്തിലും, വൈദ്യുതിയുടെ കാര്യത്തിലും വളരെ പിന്നോക്കം നിൽക്കുന്നു. മിക്ക കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല എന്ന് തന്നെ പറയാം.

തികച്ചും കാർഷിക പ്രധാന്യമുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും കർഷക തൊഴിലാളികളും കൃഷിക്കാരുമാണ്. വീടില്ലാത്തവരിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽപ്പെട്ടവരാണ്. ചിലവു കുറഞ്ഞ വീടുകൾ ഇവർക്ക് നിർമ്മിച്ചു നൽകുന്നതിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. ഭവന നിർമ്മാണ വായ്പാരംഗത്ത് ഇന്ന് ഈ പഞ്ചായത്തിലുള്ളവർക്ക് ആശ്രയിക്കാവുന്നത് പൊന്നാനി സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിനെയാണ്. അപേക്ഷകരുടെ ആധിക്യവും നടപടികളുടെ സങ്കീർണ്ണതയും മൂലം എല്ലാവരെയും തൃപ്തിപ്പെടുത്തുക ഈ സ്ഥാപനത്തിന് സാദ്ധ്യമല്ലാതായിരിക്കുന്നു.

ധാരാളം കെട്ടിട നിർമ്മാണ തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. മറ്റുള്ളവർക്ക് വീടു നിർമ്മിച്ചു കൊടുക്കുന്ന ഇവരിൽ പലർക്കും വാസയോഗ്യമായ വീടില്ല എന്നത് വിരോധാഭാസം തന്നെയാണ്. തൊഴിലാളികളിൽ സമ്പാദ്യശീലവും ബോധവൽക്കരണവും നടത്തി ഈ പ്രവണത മാറ്റി എടുക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമ നിധി ഉണ്ടെങ്കിലും മുഴുവൻ തൊഴിലാളികളും ഈ ആനുകൂല്യത്തെക്കുറിച്ച് ബോധവാന്മാരല്ല.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം , ലഭ്യതകുറവ്, ആവശ്യ കൂടുതൽ തുടങ്ങിയവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. ഭൂമി വിനിമയ ചരക്കായി മാറിയതും റിയൽ എസ്റ്റേറ്റ് വ്യാപകമായതും ഭൂമിക്ക് വിലകൂടുവാൻ കാരണമായിട്ടുണ്ട്. അതുകൊണ്ടുതന്നെ വീടുവെക്കാൻ ഭൂമി ലഭിക്കുക എന്നത് ഒരു ഭാരിച്ച ചിലവായി തീർന്നിരിക്കുകയാണ്.

ഗവ: കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന വിവിധ തരം ഭവന നിർമ്മാണ വായ്പകളും ധനസഹായങ്ങളും ഇന്ന് അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡു മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികൾ ഇന്ന് ചില ഇടത്തട്ടുകാർ തട്ടിയെടുത്ത അവസ്ഥയുണ്ട്. വായ്പ ശരിയാക്കി കൊടുക്കുന്നു എന്ന പേരിൽ പ്രവർത്തിക്കുന്ന ചില കമ്മീഷൻ ഏജന്റുമാർ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ഈ വായ്പകളും സബ്സിഡികളും തട്ടിയെടുക്കുന്ന പ്രവണതയും നിലനിൽക്കുന്നു. ഇതിന് അറുതി വരുത്തേണ്ടത് അത്യാവശ്യമാണ്.

ജെ.ആർ.വൈ, ഐ. എ. വൈ, തുടങ്ങിയ പദ്ധതികൾ മുഖേന ഈ പഞ്ചായത്തിലെ ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുവാൻ ധനസഹായം നൽകി വരുന്നുണ്ട്. വിസ്തൃതിയും ജനസംഖ്യയും കൂടുതലുള്ളതിനാൽ അവ വേണ്ടത്ര ഗുണപ്രദമാകുന്നു എന്ന് പറയാനാകില്ല. ഈ പദ്ധതികൾക്ക് പഞ്ചായത്തിനു നൽകുന്ന വിഹിതം വർദ്ധിപ്പിച്ചാൽ മാത്രമെ ഈ പ്രശ്നത്തിനു പരിഹാരമാകു.

വിവിധ വർഷങ്ങളിൽ ഭവനനിർമ്മാണത്തിനു നൽകിയ തുകയുടെ കണക്ക് താഴെ കൊടുക്കുന്നു.

| വർഷം | ജെ.ആർ.വൈ | I.A.Y | MWS | MREP | ഉപാധി രഹിത ഫണ്ട് | മറ്റുള്ളവ |
|---|---|---|---|---|---|---|
| 93-94 | 77700 | 45800 | NIL | NIL | NIL | ഇല്ല |
| 94-95 | 25750 | 119550 | 57500 | NIL | NIL | ഇല്ല |
| 95-96 | NIL | 317050 | 78350 | NIL | NIL | ഇല്ല |

*സാധ്യതകൾ; നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിൽ കുറഞ്ഞ വരുമാനക്കാർക്കും വീട് എന്നത് യാഥാർത്ഥ്യമാക്കാൻ കഴിയുന്ന വിവിധ പദ്ധതികൾ വേണം.

2. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് രൂപം നൽകുക.

3. ഹൗസിംഗ് കോളനികൾ ചുരുങ്ങിയ നിരക്കിൽ നിർമ്മിച്ചുനൽകാനുള്ള പദ്ധതികൾ

4. ഇതിനാവശ്യമായ വിദഗ്ദൻമാരെയും തൊഴിലാളികളെയും സപ്ലൈ ചെയ്യുന്നതിന് നിർമ്മിതി പോലുള്ള ഏജൻസിക്ക് പഞ്ചായത്ത്തലത്തിൽ രൂപം നൽകുക.

5. ഭവനനിർമ്മാണവായ്പകൾ ലഭിക്കുന്നതിനു വേണ്ടിയുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കംചെയ്ത് നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുക.

6. നിർമ്മിക്കുന്ന വീട്തന്നെ ഈടായി സ്വീകരിച്ചുകൊണ്ട് വായ്പനൽകുവാൻ വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുക

7. ഭവനനിർമ്മാണ വായ്പകൾക്കുള്ള പലിശനിരക്കിൽ ഇളവ് അനുവദിക്കുക

8. സംസ്ഥാന ഭവനനിർമ്മാണ ബോർഡുമുഖേന നടപ്പാക്കുന്ന വിവിധ വായ്പകളുടെ ഗുണഭോക്താക്കളെ തദ്ദേശഭരണസ്ഥാപനങ്ങൾ വഴി മാത്രം തെരഞ്ഞെടുക്കുക. ഈ മേഖലയിൽ ഇപ്പോൾ നടന്നുവരുന്ന അഴിമതി അവസാനിപ്പിക്കുവാൻ ഇതുസഹായിക്കും.

9. കെട്ടിടനിർമ്മാണ വായ്പകളുടെ ദുരുപയോഗം തടയുന്നതിന് പഞ്ചായത്ത് തലത്തിൽ മേൽനോട്ടം വഹിക്കുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തി സമിതികൾ രൂപീകരിക്കുക.

10. വലിയ കോൺഗ്രീറ്റു സൗധങ്ങൾ നിർമ്മിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുക. ആർഭാഢമായ വീടുപണികൾ നിരുൽസാഹപ്പെടുത്തുക.

*സാമൂഹ്യക്ഷേമം*

സാമൂഹ്യക്ഷേമത്തിനായി നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും പലതിന്റേയും ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്താത്തതിന്റെ ലക്ഷണങ്ങൾ നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്. ദാരിദ്ര്യരേഖക്കു താഴെയുള്ള സമൂഹത്തിന്റെ അടിത്തട്ടിലുള്ള ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് നിരവധി ക്ഷേമപദ്ധതികൾ ഇന്ന് നിലവിലുണ്ട്. കേന്ദ്രസർക്കാരും

സംസ്ഥാനസർക്കാരും മുഖേനയും വിവിധ ക്ഷേമ നിധി ബോർഡുകൾ വഴിയും നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ ഇന്ന് ചെറിയൊരു വിഭാഗത്തിനു മാത്രമേ ലഭ്യമാകുന്നുള്ളൂ. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ , ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ് , ആവശ്യത്തിനു സമയത്തിനും ലഭ്യമാകായ്ക, സാങ്കേതിക പ്രശ്നങ്ങൾ, അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുക തുടങ്ങിയവ എടുത്തു പറയാതിരിക്കാൻ നിർവ്വാഹമില്ല.

തൊഴിലാളി തൊഴിലുടമാ സഹകരണത്തോടെയുള്ള ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാകേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, പരമ്പരാഗത കൈത്തൊഴിലുകാർ, ഉൾനാടൻ മത്സ്യതൊഴിലാളികൾ തുടങ്ങിയവർ അനേകമുണ്ടെങ്കിലും ഇനിയും ഒട്ടേറെ പേർ അംഗത്വം നേടാത്തതായിട്ടുണ്ട്. പട്ടികജാതി വികസന കോർപ്പറേഷൻ മുഖേനയുള്ള ആനുകൂല്യങ്ങൾ നാമമാത്രമായി മാത്രമേ ലഭിക്കുന്നുള്ളൂ. ഈ ഓഫീസ് പാലക്കാട്ട് ആയതിനാലാണ് കാരണമെന്ന് കരുതുന്നു. വനിതാ വികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ ഈ നാട്ടിലെ സാധാരണക്കാരായ വനിതകൾക്ക് ഈ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നില്ല. പൊതുരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്ക് പോലും ഈ കോർപ്പറേഷന്റെ പ്രവർത്തിക്കുന്ന വനിതകൾക്ക് പോലും ഈ കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് അറിവ് പരിമിതമാണെന്ന് കാണുന്നു. ഇത് ഖേദകരമായ ഒരു വസ്തുതയാണ്.

പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലായി നാലു വി.ഇ.ഒ. സർക്കിളുകൾ വഴിയാണ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം നടക്കുന്നത്. ഇപ്പോൾ നിലവിൽ 2 വി. ഇ. ഒ. മാരും ഒരു ലേഡി വി.ഇ.ഒ.യുമാണുള്ളത്. ഒരു സർക്കിൾ ഒഴിഞ്ഞു കിടക്കുന്നു. അതിന്റെ ചുമതല കൂടി മറ്റുള്ളവർ കൂടി വഹിക്കേണ്ട അവസ്ഥയാണ്. ഇതു വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ചും ആനുകൂല്യം ലഭിച്ചവരുടെ എണ്ണവും വിലയിരുത്തികൊണ്ടുള്ള പട്ടികകൾ താഴെ ചേർക്കുന്നു.

പട്ടിക1

| വാർഡ് നമ്പർ | ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിസഹായത്തിന് അർഹതപ്പെട്ടവരുടെ എണ്ണം |
|---|---|---|---|
| 1 | 4 | 2 | 2 |
| 2 | 7 | 2 | 5 |
| 3 | 5 | 1 | 4 |
| 4 | 8 | 5 | 3 |
| 5 | 9 | 9 | |
| 6 | 6 | 3 | 3 |
| 7 | 25 | 10 | 15 |
| 8 | വിവരം ലഭ്യമല്ല | | |
| 9 | 5 | 5 | |
| 10 | 19 | 8 | 11 |
| 11 | 10 | 8 | 2 |
| 12 | 14 | 3 | 11 |
| 13 | 10 | 3 | 7 |
| 14 | 6 | 5 | 1 |
| 15 | 5 | 5 | |

അവലംബം: IRDP സർവ്വെ ലിസ്റ്റ്

കൈത്തൊഴിലുകാരുടെ സഹായ ലഭ്യതാ പട്ടിക പരിശോധിച്ചാൽ ഇനിയും ഒട്ടനവധി പേർ സഹായം ലഭിക്കാത്തവരായി ഉണ്ട് എന്നത് ഏറെ ഖേദകരം തന്നെയാണ്. ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹതപ്പെട്ടവരും ഉള്ളതായി അന്വേഷണങ്ങളിൽ നിന്നും നമുക്കറിയാൻ സാധിക്കും.

ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്കുതാഴെയുള്ളവരുടെ വാർഡു തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക II

| വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | പട്ടികജാതി | സാമ്പത്തികസഹായം ലഭിച്ചവർ | പട്ടികജാതി കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു മുകളിലായവർ | ദാരിദ്ര്യരേഖക്കു താഴെയുള്ളവർ (സഹായം ലഭിച്ചവരുൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 160 | 8 | 149 | 69 | 29 | 131 |
| 2 | 197 | 41 | 89 | 46 | 11 | 186 |
| 3 | 254 | 32 | 96 | 25 | 13 | 241 |
| 4 | 279 | 76 | 60 | 35 | 10 | 269 |
| 5 | 450 | 85 | 50 | 30 | 15 | 435 |
| 6 | 680 | 66 | 64 | 40 | 20 | 660 |
| 7 | 913 | 110 | 93 | 70 | 41 | 872 |
| 8 | 23 | 5 | 20 | 12 | 3 | 20 |
| 9 | 238 | 38 | 20 | 18 | 11 | 227 |
| 10 | 311 | 45 | 34 | 27 | 15 | 296 |
| 11 | 339 | 38 | 14 | 10 | 6 | 333 |
| 12 | 234 | 44 | 17 | 14 | 3 | 231 |
| 13 | 201 | 82 | 73 | 46 | 73 | 188 |
| 14 | 185 | 83 | 112 | 84 | 19 | 166 |
| 15 | 242 | 51 | 57 | 24 | 12 | 230 |
| ആകെ | 4706 | 804 | 948 | 550 | 221 | 4485 |

അവലംബം: IRDP സർവ്വെ, ദ്വിതീയ വിവരശേഖരണം

മുകളിൽ കൊടുത്ത പട്ടിക പരിശോധിച്ചാൽ നാം എത്തിച്ചേരുക നമ്മുടെ പഞ്ചായത്തിലെ IRDP കുടുംബങ്ങളായ 4706 കുടുംബങ്ങളിൽ എല്ലാ തരത്തിലുള്ള സാമ്പത്തിക സഹായവും ലഭിച്ച 948 കുടുംബങ്ങളുണ്ടെങ്കിലും ദാരിദ്ര്യരേഖക്കുമുകളിൽ ഉയരാൻ കഴിഞ്ഞത് വെറും 221 പേർക്കുമാത്രമാണെന്നുള്ള നിഗമനത്തിലാണ്. ഇത് ഗൗരവകരമായിത്തന്നെ കാണേണ്ടതാണ്. ദാരിദ്ര്യരേഖ കണക്കാക്കുന്ന ഇപ്പോഴത്തെ കുടുംബവരുമാനം 11000 രൂപയിൽ നിന്നും ചുരുങ്ങിയത് 25000 രൂപയെങ്കിലുമാക്കി ഉയർത്തണമെന്ന് ഒരു നിർദ്ദേശമുണ്ട്. ദാരിദ്ര്യരേഖക്കു താഴെയുള്ള മുഴുവൻ പേരെയും ഉയർത്തി കൊണ്ടുവരുവാനുള്ള ഒരു സമഗ്രപദ്ധതി നാം അടുത്ത അഞ്ചുവർഷക്കാലത്തേക്ക് ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

*DWCRA സഹായ ലഭ്യത*

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടമായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA എന്നതു കൊണ്ട് വിവക്ഷിക്കുന്നത്. ഈ പഞ്ചായത്തിലെ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക III

| വാർഡ് നമ്പർ | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| 3 | വസ്ത്ര നിർമ്മാണ യൂണിറ്റ് | 1995-96 | 10 | നന്നായി പ്രവർത്തിക്കുന്നു. |
| 7 a) | പശുവളർത്തൽ | 92-93 | 10 | പ്രവർത്തന ക്ഷമമല്ല |
| b) | മെറ്റൽ യൂണിറ്റ് | 90-91 | 15 | പ്രവർത്തന ക്ഷമമല്ല |
| 10 | കൊപ്ര യൂണിറ്റ് | 90-91 | 15 | |
| 11 a) | മെറ്റൽ യൂണിറ്റ് | 89-90 | 15 | ഇപ്പോൾ വേർതിരിഞ്ഞ് പ്രവർത്തിക്കുന്നു. |
| b) | പശുവളർത്തൽ | 92-93 | 7 | |
| 12 | മെറ്റൽയൂണിറ്റ് | 91-92 | 17 | പ്രവർത്തിക്കുന്നു. |
| 14 | കയറുൽപാദനം | 89-90 | 14 | പ്രവർത്തിക്കുന്നില്ല |
| 15 a) | മെറ്റൽ യൂണിറ്റ് | 93-94 | 12 | ശരാശരി പ്രവർത്തനം നടക്കുന്നു. |
| b) | പശുവളർത്തൽ | 94-95 | 5 | |

ഈ യൂണിറ്റുകളുടെ പ്രവർത്തനക്ഷമത പരിശോധിച്ചാൽ മിക്ക യൂണിറ്റുകളുടെയും പ്രവർത്തനം തൃപ്തികരമാണെന്ന് പറയുവാൻ വയ്യ. കടകശ്ശേരിയിൽ ഈ അടുത്ത കാലത്തായി പ്രവർത്തനം തുടങ്ങിയ വസ്ത്രനിർമ്മാണ യൂണിറ്റ് നന്നായി പ്രവർത്തിച്ചുവരുന്നു. താൽപര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ സംരംഭങ്ങൾ ആരംഭിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതിനും താൽപര്യമുള്ള സന്നദ്ധസംഘടനകളുടെ പ്രവർത്തകരെയും സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നവരെയും ഉൾപ്പെടുത്തി ജനകീയ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്.

DWCRA യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുവാനും വിപണനം നടത്തുവാനും ആവശ്യമായ സഹായങ്ങൾ നൽകുവാൻ കഴിയുകയാണെങ്കിൽ നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും, പ്രവർത്തനം നിലച്ചുപോയവ പുനരുദ്ധരിക്കുവാനും സാധിക്കും.

*ട്രൈസം*

18മുതൽ 35വയസ്സുവരെ പ്രായമുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുവാനുള്ള പദ്ധതിയാണിത്. നിരവധി യുവാക്കൾ ഈ പദ്ധതിവഴി പരിശീലനം നേടിയിട്ടുണ്ടെങ്കിലും തുടർന്ന വ്യവസായസംരംഭം തുടങ്ങുന്നതിനാവശ്യമായ വായ്പ സമയത്ത് ലഭിക്കാത്തതുമൂലം പലരും ഈ രംഗത്ത്നിന്നും വിട്ടുനിൽക്കുന്ന അവസ്ഥയാണിന്ന്. ഇപ്പോൾ ഈ പദ്ധതി ചട്ടപ്പടി സർക്കാർ നടത്തുന്ന ഒരു പ്രഹസനമായിരിക്കയാണ്.

ഓരോ പ്രദേശത്തിന്റെയും സാധ്യതകൾ മനസ്സിലാക്കി അനുയോജ്യമായ വ്യവസായങ്ങൾ തുടങ്ങുന്നതിന് താൽപര്യമുള്ളവരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുവാനും വായ്പ ലഭ്യമാക്കുവാനും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിന് യുവജന സന്നദ്ധസംഘടനകളുടെ സഹായവും ലഭ്യമാക്കാവുന്നതാണ്.

*പെൻഷനുകൾ*

സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന നിരാലംബരായ വിവിധ വിഭാഗങ്ങളെ സഹായിക്കുവാനുള്ള വിവിധ പെൻഷൻ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടെങ്കിലും അർഹരായ ഒട്ടേറെ പേർക്ക് ഇപ്പോഴും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല. നിലവിലുള്ള വിവിധ പെൻഷൻ പദ്ധതികളെ സംബന്ധിച്ചും അതിന്റെ ഗുണഭോക്താക്കളെ സംബന്ധിച്ചും ഒരവലോകനം. പട്ടിക കാണുക

പട്ടിക IV

സാമൂഹ്യ സഹായ പദ്ധതികൾ

| വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | വാർദ്ധക്യ പെൻഷൻ |
|---|---|---|---|---|---|---|---|
| കാലടി | 18 | 20 | 25 | 7 | 5 | 10 | 42 |
| തവനൂർ | 18 | 24 | 32 | 12 | 9 | 15 | 32 |
| ആകെ | 31 | 44 | 57 | 19 | 14 | 25 | 74 |

അവലംബം: ദ്വിതീയ വിവര ശേഖരണം.

പട്ടികയിൽ ചേർത്ത എണ്ണം നോക്കുമ്പോൾ ഇനിയും ഒട്ടനവധി പേർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുവാനുണ്ടെന്നുകാണും. മുഴുവൻ അർഹതപ്പെട്ടവർക്കും ഈ ആനുകൂല്യം ലഭിക്കുന്നവിധത്തിൽ ഈ പദ്ധതി വിപുലീകരിച്ച് നടപ്പാക്കണം.

വികലാംഗ പെൻഷനുകൾ ലഭിക്കുവാൻ ഇന്ന് ഏറെ പ്രയാസമനുഭവപ്പെടുന്നു. വികലാംഗത്വം തെളിയിക്കുവാൻ ഇന്ന് മഞ്ചേരി ജില്ലാ ആശുപത്രിയിൽ വരെ പോകണം. വികലാംഗരെ സംബന്ധിച്ചിടത്തോളം ഇത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ ഈ സർട്ടിഫിക്കറ്റ് താലൂക്കാശുപത്രികളിൽ നിന്നും നൽകുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യണം.

ശാരീരികമായി ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്ഷയരോഗികൾക്ക് ഇന്ന് ലഭിക്കുന്ന തുച്ഛമായ പെൻഷൻ മരുന്ന്മേടിക്കുവാൻ കൂടിതികയാത്ത അവസ്ഥയാണ്. പെൻഷൻ തുക കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. അതിനുപുറമേ ക്ഷയരോഗ ബാധിതർക്ക് പോഷകാഹാരവും സൗജന്യമായി നൽകുവാൻ പദ്ധതി കാണേണ്ടതുണ്ട്. സമയത്ത് ചികിത്സയും, പോഷകാഹാരക്കമ്മിയും പരിഹരിക്കുകയുമാണെങ്കിൽ ഈ രോഗത്തെ നിയന്ത്രിക്കുവാനും കഴിയും.

തുടക്കത്തിൽ ഫലപ്രദമായ ചികിത്സയും പരിചരണവും ലഭിക്കുകയാണെങ്കിൽ നിശ്ശേഷം മാറ്റാവുന്ന ഒരു അസുഖമാണ് കുഷ്ഠം. എങ്കിലും ഈ ആധുനിക യുഗത്തിലും, ആളുകൾ കുഷ്ഠരോഗികളെ അറപ്പോടും വെറുപ്പോടും കൂടി കാണുന്നു. ബോധവൽക്കരണത്തിന്റെ അനിവാര്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇവർക്കുള്ള പെൻഷൻതുകയും വർദ്ധിപ്പിക്കേണ്ടത് ഒരാവശ്യമാണ്. സമൂഹത്തിൽ മാന്യമായ സ്ഥാനവും ഫലപ്രദമായ ചികിത്സയും ലഭ്യമാക്കി ഇവരെ യാചകരായി അലഞ്ഞുതിരിയുന്ന പ്രവണതയിൽ നിന്നും രക്ഷിക്കേണ്ടതുണ്ട്. ഇതുപോലെത്തന്നെയാണ് കർഷകത്തൊഴിലാളി , വാർദ്ധക്യപെൻഷനുകളും. ഏതുപെൻഷനായാലും സമയാ സമയത്ത് വിതരണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അഞ്ചും ആറും മാസം കുടിശ്ശിക വരുന്നത് തീർച്ചയായും നല്ല പ്രവണതയല്ല. ഇവയുടെ വിതരണത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ടും ജീവനക്കാരേയും അനുവദിക്കേണ്ടതു മാണ്. മാത്രമല്ല അപേക്ഷിച്ചാൽ മാത്രമേ പെൻഷൻ ലഭിക്കൂ എന്ന സ്ഥിതി മാറ്റി IRDP സർവ്വെപോലെ സർവ്വെ നടത്തി മുഴുവൻ അർഹതപ്പെട്ടവർക്കും പെൻഷൻ നൽകുകയും വേണം.

*7. അംഗൻവാടികൾ*

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനവും സേവനവും കാഴ്ചവെക്കുന്ന 28 അംഗൻവാടികൾ ഈ പഞ്ചായത്തിലുണ്ട്. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ഐ.സി.ഡി.എസ്സിന്റെ ലക്ഷ്യമെങ്കിലും പഞ്ചായത്തിലെ അരലക്ഷത്തോളം വരുന്ന ജനസംഖ്യയുമായി താരതമ്യംചെയ്യുമ്പോൾ നിലവിലുള്ളവ അപര്യാപ്തമാണെന്നുപറയേണ്ടതില്ലല്ലോ. കുട്ടികളുടെ ബാഹുല്യം മൂലം നിരവധി അംഗൻവാടികൾ പ്രയാസമനുഭവിക്കുന്നു. നമ്മുടെ നാടിന്റെ ഭാവിഭാഗധേയങ്ങളെ വാർത്തെടുക്കുന്നതിൽ പ്രഥമസ്ഥാനം വഹിക്കുന്നവയാണ് അംഗൻവാടികൾ. ഇവയിൽ പലതുമിന്ന് വേണ്ടത്ര സൗകര്യങ്ങളില്ലാത്ത കെട്ടിടങ്ങളിൽ ആണ് പ്രവർത്തിക്കുന്നത്. ശുദ്ധജലക്ഷാമവും പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാനുള്ള കക്കൂസിന്റെ അഭാവം, എന്നിവ പരിഹരിക്കപ്പെടേണ്ടവയാണ്. സ്വന്തമായി കെട്ടിടം പോലുമില്ലാത്ത അവസ്ഥയിലാണ് ഇന്ന് പല അംഗൻവാടികളും. ആവശ്യത്തിന് കളിപ്പാട്ടങ്ങൾ ഇല്ലാത്തതും മറ്റും മൂലം അംഗൻവാടികളുടെ ലക്ഷ്യം തന്നെ തകർക്കുന്നു.

ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെയുള്ള പ്രവർത്തനം നടത്തേണ്ട ചുമതല അംഗൻ വാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഉത്തരവാദിത്വത്തിൽ വരുന്നു. കാലത്ത് 9മണിമുതൽ 12 മണിവരെ ജോലിചെയ്യുന്ന ഇവരുടെ പ്രയാസങ്ങൾ നിരവധിയാണ്. നാട്ടിലെ പുത്തൻ തലമുറയെ വാർത്തെടുക്കുന്ന ഇവർക്ക് മെച്ചപ്പെട്ട വേതനവും മറ്റു സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളും നൽകി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ അംഗൻവാടികളുടെ വിവരം പട്ടിക Vൽ അന്യത്ര ചേർത്തിരിക്കുന്നു.

പട്ടിക അടുത്ത പേജിൽ

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ ജെ.ആർ.വൈ, ഉപാധിരഹിത ഫണ്ടുകൾ ഉപയോഗിച്ചോ കെട്ടിടമില്ലാത്ത എല്ലാ അംഗൻവാടികൾക്കും കെട്ടിടം നിർമ്മിച്ചുനൽകണം.

2. പഞ്ചായത്ത് ലീസ് ഭൂമിയോ, പുറമ്പോക്ക് ഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ വിട്ടുകൊടുക്കുക.

3. അംഗൻവാടികൾക്ക് കളിപ്പാട്ടം വാങ്ങാൻ പഞ്ചായത്തുവഴി ധനസഹായം നൽകുക.

4. അംഗൻവാടികളിൽ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

5. പുകയില്ലാത്ത അടുപ്പുകൾ അംഗൻവാടികൾക്ക് നിർമ്മിച്ചുനൽകുക.

6. അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

7. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

*പൊതുവിതരണം*

ഈ പഞ്ചായത്തിൽ ആകെ 22 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ആകെ 7949 കാർഡുടമകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. മാവേലിസ്റ്റോർ തീരെ ഇല്ലാത്ത പഞ്ചായത്താണിത്. വിലക്കയറ്റം തടഞ്ഞുനിർത്താൻ ഏറെ സഹായിക്കുന്ന മാവേലിസ്റ്റോറുകൾ ചുരുങ്ങിയത് 3 എണ്ണമെങ്കിലും ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. തവനൂർ സർവ്വീസ് സഹകരണബാങ്ക് ഓണക്കാലങ്ങളിൽ നടത്തുന്ന ഓണച്ചന്ത ഇക്കാലത്ത് വിലക്കയറ്റം തടഞ്ഞുനിർത്താൻ ഏറെ സഹായിക്കാറുണ്ട്.

| ക്രമനമ്പർ | വാർഡ് നമ്പർ | എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം | കെട്ടിടത്തിന് സ്ഥലം | കളിപ്പാട്ടം | പ്രവർത്തന ക്ഷമത |
|---|---|---|---|---|---|---|---|---|
| 1 | 1 | 1 | 33 | 264 | ഇല്ല | ഇല്ല | ഇല്ല | പ്രാഥമിക സൗകര്യങ്ങൾ വളരെ പരിമിതമാണ്. ചിലയിടങ്ങളിൽ തീരെ ഇല്ല. കെട്ടിടമില്ലാത്തവ ഓലക്കൂടിലുകളിലാണ് പ്രവർത്തിക്കുന്നത്. ബെഞ്ച് തുടങ്ങിയ സാധനസാമഗ്രികൾ ഇല്ല. |
| 2 | 2 | 2 | 31 | 210 | ഉണ്ട് | – | ഇല്ല | |
| 3 | 2 | – | 32 | 212 | ഉണ്ട് | – | ഇല്ല | |
| 4 | 3 | 2 | 35 | 190 | ഉണ്ട് | – | ഇല്ല | |
| 5 | 3 | – | 37 | 222 | ഉണ്ട് | – | ഇല്ല | |
| 6 | 4 | 2 | 30 | 175 | ഉണ്ട് | – | ഇല്ല | |
| 7 | 4 | – | 39 | 180 | ഉണ്ട് | – | ഇല്ല | |
| 8 | 5 | 2 | 40 | 165 | ഉണ്ട് | – | ഇല്ല | |
| 9 | 5 | – | 95 | 162 | ഉണ്ട് | – | ഇല്ല | |
| 10 | 6 | 3 | 38 | 164 | ഉണ്ട് | – | ഇല്ല | |
| 11 | 6 | – | 56 | 107 | ഇല്ല | ഇല്ല | ഇല്ല | |
| 12 | 6 | – | 62 | 151 | ഉണ്ട് | – | ഇല്ല | |
| 13 | 7 | 2 | 41 | 150 | ഉണ്ട് | – | ഇല്ല | |
| 14 | 7 | – | 96 | 183 | ഇല്ല | ഉണ്ട് | ഇല്ല | |
| 15 | 8 | 1 | 47 | 152 | ഉണ്ട് | – | ഇല്ല | |
| 16 | 9 | 2 | 42 | 200 | ഉണ്ട് | – | ഇല്ല | |
| 17 | 9 | – | 58 | 201 | ഉണ്ട് | – | ഇല്ല | |
| 18 | 10 | 1 | 59 | 139 | ഇല്ല | ഉണ്ട് | ഇല്ല | |
| 19 | 11 | 3 | 60 | 210 | ഉണ്ട് | – | ഇല്ല | |
| 20 | 11 | – | 61 | 220 | ഉണ്ട് | – | ഇല്ല | |
| 21 | 11 | – | 65 | 215 | ഇല്ല | ഇല്ല | ഇല്ല | |
| 22 | 12 | 1 | 66 | 116 | ഇല്ല | ഇല്ല | ഇല്ല | |
| 23 | 13 | 2 | 64 | 110 | ഉണ്ട് | – | ഇല്ല | |
| 24 | 13 | – | 68 | 115 | ഉണ്ട് | – | ഇല്ല | |
| 25 | 14 | 3 | 36 | 149 | ഇല്ല | ഇല്ല | ഇല്ല | |
| 26 | 14 | – | 63 | 140 | ഇല്ല | ഇല്ല | ഇല്ല | |
| 27 | 14 | – | 105 | 158 | ഉണ്ട് | – | ഇല്ല | |
| 28 | 15 | 1 | 29 | 149 | ഇല്ല | ഇല്ല | ഇല്ല | |

റേഷൻ ഷാപ്പുകൾ പൊതുവിതരണകേന്ദ്രമായി മാറിയതോടുകൂടി ആകെ തകരാറിലായിരിക്കുകയാണ്. സാധാരണക്കാരന് എന്നും പരാതിയുയർത്തുന്ന സ്ഥാപനമാണ് ഇത്. പഞ്ചായത്ത് അതിർത്തിയിലുള്ള റേഷൻഷാപ്പുകളുടെ നിയന്ത്രണം അതാത് പഞ്ചായത്തുകൾക്ക് നൽകണം. റേഷൻകടകളുമായി ബന്ധപ്പെട്ട പരാതികൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും വേണം. പുറമ്പോക്ക് ഭൂമികളിലും മറ്റു കൈവശരേഖയില്ലാത്ത ഭൂമികളിലും താമസിക്കുന്ന കുടുംബങ്ങൾക്ക് വീടിന് നമ്പർ നൽകുകയും റേഷൻകാർഡ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃ സമിതികൾ രൂപീകരിച്ച് ഇന്ന് നടക്കുന്ന അഴിമതി അവസാനിപ്പിക്കണം. ഇതിന് ജനകീയമായ ഇടപെടൽ അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

റെസ്ക്യൂ ഹോം

1973ൽ തവനൂർ പഞ്ചായത്തിൽ ആറാം വാർഡിൽ കൂരടക്കുന്നത്ത്സ്ഥാപിതമായ റെസ്ക്യൂ ഹോം ഇന്ന് പരധീനതകളുടെ പര്യായമായി മാറിയിരിക്കുകയാണ്. ഇപ്പോൾ 34 അന്തേവാസികളാണ് ഇവിടെ ഉള്ളത്. 5 വയസ്സിനുതാഴെയുള്ള രണ്ട് ആൺകുട്ടികളും 5പെൺകുട്ടികളും ഇതിൽ ഉൾപ്പെടുന്നു. ഏഴു ജീവനക്കാരും ഒരു സർവ്വോദയസംഘം പ്രവർത്തകയും അന്തേവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നു. പ്രധാനമായും ഇവിടുത്തെ അന്തേവാസികളുടെ പ്രശ്നം ഭക്ഷണവും വസ്ത്രവുമാണ്. 150രൂപയോളമാണ് ഇന്ന് ഒരു അന്തേവാസിക്ക് പ്രതിമാസം സർക്കാർ അനുവദിക്കുന്നത് എന്നറിയുമ്പോൾ തന്നെ ദൈന്യത ഊഹിക്കാമല്ലോ. ചിലസന്നദ്ധസംഘടനകളും, വ്യക്തികളും നടത്തുന്ന സദ്യ ദിവസമാണ് ഇവരുടെ വയർ യഥാർത്ഥത്തിൽ നിറയുന്നത്. ഈ സ്ഥാപനത്തിൽ 16 ഏക്രയോളം വിശാലമായ പറമ്പ് ഉണ്ട്. ഇവിടെ കൃഷിചെയ്താൽ നല്ല ആദായം ലഭിക്കാൻ സാധ്യതയുണ്ട്. ഈ ലാഭം അന്തേവാസികളുടെ പേരിൽ നിക്ഷേപിക്കുകയാണെങ്കിൽ അവരുടെ ചിലവിനും, പുറത്തുപോകുമ്പോൾ ചെറിയൊരുസമ്പാദ്യം അവർക്കുണ്ടാക്കാനും കഴിയുമെന്നകാര്യത്തിൽ സംശയമില്ല. ചുറ്റുമതിൽ നിർമ്മിക്കുകയും സംരക്ഷണത്തിനായി ഒരു പുരുഷ വാച്ച്മേനെ നിയമിക്കുകയും വേണമെന്ന് ഇവരുടെ ഒരാവശ്യമാണ്. ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ ഒരു പമ്പുസെറ്റും അനുബന്ധഉപകരണങ്ങളും ഈ സ്ഥാപനത്തിന് അത്യാവശ്യമാണ്.

പട്ടിക VI
1995-96
തവനൂർ ഗ്രാമപഞ്ചായത്ത് പൊതുവിതരണ
സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ
അടുത്ത പേജിൽ

| ARD NO: | സ്ഥലം | N.E | E | ആകെ കാർഡുകൾ | മേജർ | മൈനർ | ആകെ ആളുകൾ | അരി എല്ലാ ഇനവും ക്വിന്റൽ | ഗോതമ്പ് ക്വിന്റൽ | റവ കി | മൈദ കി | പാമോയിൽ കി. | പഞ്ചസാര കി | ആകെ(ക്വിന്റൽ) | പെർമിറ്റ് എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്ത മണ്ണെണ്ണ | കാർഡുകൾ വഴി വിതരണം ചെയ്ത മണ്ണെണ്ണ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 61 | കാലടി(കണ്ടനകം) | 170 | 222 | 392 | 1905 | 251 | 2156 | 1680 | 1560 | 12 | 24 | – | 103 | 3379 | 65 | 8460 | 15528 |
| 16 | കാലടി(കണ്ടനകം) | 148 | 263 | 411 | 1725 | 317 | 2042 | 1460 | 1360 | 12 | 47 | – | 97 | 2976 | 112 | 16116 | 15192 |
| 109 | കാലടി | 263 | 198 | 461 | 2154 | 427 | 2581 | 2090 | 1040 | 55 | 110 | – | 122 | 3407 | 41 | 9130 | 20532 |
| 96 | പോത്തനൂർ | 138 | 89 | 227 | 1045 | 129 | 1174 | 1060 | 960 | 24 | 38 | – | 56 | 2138 | 18 | 2592 | 10416 |
| 108 | പോത്തനൂർ | 120 | 66 | 186 | 917 | 171 | 1088 | 960 | 720 | 12 | 18 | – | 52 | 1762 | 19 | 2328 | 8784 |
| 18 | മറവഞ്ചേരി | 153 | 340 | 493 | 2490 | 427 | 2917 | 1704 | 1700 | 24 | 48 | – | 140 | 3616 | 80 | 11280 | 17340 |
| 60 | അയങ്കലം | 207 | 252 | 459 | 2258 | 402 | 2660 | 1620 | 1200 | 14 | 19 | – | 129 | 2982 | 113 | 15408 | 18768 |
| 4 | തണ്ടലം | 174 | 161 | 335 | 1626 | 220 | 1846 | 1071 | 520 | 100 | 200 | – | 86 | 1977 | 27 | 3000 | 19920 |
| 101 | വെള്ളാഞ്ചേരി | 228 | 284 | 512 | 2278 | 608 | 2886 | 1600 | 900 | 13 | 48 | – | 132 | 2693 | 89 | 12084 | 20496 |
| 114/10 | കൂരട | 95 | 250 | 345 | 1415 | 522 | 1937 | 1504 | 1484 | 40 | 48 | – | 92 | 3168 | 36 | 5580 | 11700 |
| 17 | മാങ്ങാട്ടൂർ | 276 | 224 | 500 | 2511 | 452 | 2963 | 1776 | 1776 | 21 | 54 | – | 142 | 3769 | 74 | 9948 | 21936 |
| 113. | പാറപ്പുറം | 93 | 190 | 283 | 1372 | 187 | 1559 | 1080 | 810 | 33 | 67 | – | 74 | 2064 | 78 | 7968 | 10140 |
| 59 | തവനൂർ | 186 | 343 | 529 | 2482 | 386 | 2868 | 1920 | 1020 | 12 | 48 | – | 135 | 3135 | 91 | 14352 | 19152 |
| 105 | കടകശ്ശേരി | 171 | 208 | 379 | 2011 | 335 | 2346 | 1560 | 1500 | 12 | 48 | – | 112 | 3232 | 51 | 7080 | 15252 |
| 112 | മൂവ്വാങ്കര | 119 | 247 | 366 | 1770 | 219 | 1989 | 1104 | 1100 | 10 | 40 | – | 110 | 2364 | 87 | 14148 | 13068 |
| 19 | നരിപ്പറമ്പ് | 102 | 116 | 218 | 1199 | 262 | 1461 | 1188 | 1100 | 12 | 30 | – | 69 | 2399 | 16 | 2424 | 8904 |
| 128 | തൃക്കണാപുരം | 123 | 182 | 305 | 1507 | 292 | 1799 | 1050 | 840 | 12 | 24 | – | 86 | 2012 | 74 | 8820 | 12132 |
| 15 | തൃക്കണാപുരം | 186 | 187 | 373 | 1747 | 173 | 1920 | 1440 | 4400 | 12 | 45 | – | 92 | 2989 | 65 | 9240 | 15648 |
| 58 | നരിപ്പറമ്പ് | 191 | 106 | 297 | 1428 | 294 | 1722 | 1056 | 600 | 10 | 24 | – | 84 | 1774 | 35 | 5196 | 13692 |
| 14 | അതളൂർ | 227 | 214 | 441 | 1211 | 407 | 1618 | 1056 | 960 | 12 | 36 | – | 124 | 2188 | 54 | 8304 | 18636 |
| 122 | അതളൂർ | 123 | 111 | 234 | 1175 | 249 | 1424 | 864 | 800 | 12 | 36 | – | 66 | 1778 | 33 | 4632 | 10044 |
| 93/15 | അണ്ണക്കമ്പാട് | 52 | 151 | 203 | 1029 | 169 | 1198 | 1070 | 1000 | 12 | 24 | – | 57 | 2153 | 28 | 3000 | 6744 |
| | Total | 3545 | 4404 | 7949 | 37255 | 6899 | 44154 | 29903 | 24350 | 476 | 1076 | – | 2160 | 57965 | 1286 | 181090 | 324024 |



# സംസ്കാരം

പഴയ വള്ളുവനാടൻ താലൂക്കിന്റെ പടിഞ്ഞാറെ അറ്റത്തു നിളയോട് ചേർന്ന് കിടക്കുന്ന ഗ്രാമമാണ് തവനൂർ ഗ്രാമപഞ്ചായത്ത്. സർവ്വോദയമേളയുടെ പിതൃഭൂമി എന്നറിയപ്പെടുന്ന തവനൂർ, സാമൂതിരി വാഴ്ചയുടെയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും സവർണ്ണ മേൽക്കോയ്മയുടെയും പീഢനങ്ങൾ തൊട്ടനുഭവിച്ചറിഞ്ഞതാണ് ഇവിടുത്തെ ജനങ്ങൾ. നാടുവാഴി പ്രഭുക്കളുടെ മേൽക്കോയ്മയെ ചെറുത്തു തോൽപ്പിച്ച നിരവധി കഥകൾ ഇന്നും ജീവിക്കുന്നവരുടെ ഹൃദയങ്ങളിലെ ജ്വാലകളാണ്.

ബ്രഹ്മവിഷ്ണുമഹേശ്വര സംഗമത്തിലൂടെ തെക്കൻ കാശിയെന്നു പ്രകീർത്തിക്കപ്പെട്ട ഈ ഗ്രാമപഞ്ചായത്തിൽ മിത്തുകളുടെയും ഐതീഹ്യങ്ങളുടെയും പ്രചാരമൊഴികൾ നിരവധിയാണ്.

ബ്രിട്ടീഷ് വാഴ്ച്ചക്കെതിരെ ഭാരതത്തിൽ പൊട്ടിപ്പുറപ്പെട്ട സമരാഹ്വാനങ്ങൾ ഈ പഞ്ചായത്തിലും അതിന്റേതായ ചരിത്ര നിയോഗം കുറിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലും, വർഗ്ഗസമരങ്ങളിലും പങ്കെടുത്ത ഒട്ടനവധി സമരസഖാക്കൾ ഇന്നും ഒരു ഗൃഹാതുരതയുടെ മുഖപടവു മായി കാലങ്ങൾ തള്ളിനീക്കുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ പതാകവാഹകരിൽ മുന്നിൽ നിന്നിരുന്നത് കേളപ്പജിയായിരുന്നു. നാടുവാഴിത്വത്തിനും, സാമ്രാജ്യ ആധിപത്യത്തിനും എതിരെ ഒരു ജനതയെ ഉൽബുദ്ധരാക്കി സമരവേദിയിലിറക്കിയ കേളപ്പജിയുടെ സമരപഥമായിരുന്നു തവനൂർ. ഇന്നും സർവ്വോദയ മേളകളുടെ മാറ്റൊലികൾ വിനോബായുടെ പാദസ്പർശനമേറ്റ തവനൂരിൽ ഉയർന്നു കേൾക്കാം.

മതസൗഹാർദത്തിന്റെ പെരുമയാണ് തവനൂർ. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രൂപം കൊണ്ട ഖിലാഫത്ത് പ്രസ്ഥാനം വർഗ്ഗീയകലാപമായി ഭീകരരൂപം കൊണ്ടപ്പോൾ, ഏറനാടും വള്ളുവനാടിന്റെ മിക്ക ഭാഗങ്ങളും ചോരപ്പുഴയായി മാറിയപ്പോൾ മതസൗഹാർദത്തിന്റെ ഈ മണ്ണിൽ ഒരു വർഗ്ഗീയ സംഘട്ടനം പോലും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, കാടഞ്ചരി പ്രദേശത്തുകൂടെ സഞ്ചരിച്ച കലാപകാരികളെ കേളപ്പജിയും, പൊന്നാനിയിലെ ആറ്റക്കോയത്തങ്ങളും കാര്യങ്ങൾ വിശദീകരിച്ച് അവരെ ചമ്രവട്ടം കടവുകടത്തിയ കഥ ഇന്നും പഴമയുടെ രേഖകളാണ്. ഈ ഗ്രാമത്തിന്റെ സാമൂഹിക മാറ്റങ്ങൾക്ക് വഴി തെളിയിച്ച സമരരൂപങ്ങളായിരുന്നു, കൊയ്ത്ത്മിച്ചഭൂമി സമരങ്ങളും ഭൂദാന പ്രസ്ഥാനവും.

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന്റെ ശില്പികളായിരുന്ന കേളപ്പജിയും കോഴിപ്പുറത്തു മാധവമേനോനും, ആദ്യകാല പ്രവർത്തകരായ തേറമ്പത്ത് ഗോപാലക്കുറുപ്പ് (സാഹിത്യകാരൻ സി. രാധാകൃഷ്ണന്റെ ഭാര്യാപിതാവ്), തേൻതേത്ത് ഗോപാലൻ നായർ, സി.കെ മേനോൻ തുടങ്ങിയ പ്രോജ്ജ്വലരായവർ ഇന്നു നമ്മോടൊപ്പം ഇല്ല. ഹരിജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുത്തതിന്റെ പേരിൽ നിരവധി പീഢനങ്ങളേറ്റ ചോയിമാസ്റ്ററും അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ സമരനായകൻ ഇ.യു.ജി. മേനോനും നമ്മുടെ കൂടെയില്ല.

കേരളത്തിന്റെയും, അതുവഴി ഭാരതത്തിന്റെയും സാംസ്കാരിക നവോത്ഥാനത്തിന് ആവേശമായിരുന്ന 'കൂരടയുടെ പ്രതിദ്ധ്വനി', യശശ്ശരീരനായ എം. ഗോവിന്ദന്റെ ജൻമഗേഹമാണ് തവനൂർ. സാംസ്കാരികാധിനിവേശത്തിനെതിരെ മലയാണ്മയുടെ ഉണർത്തുപാട്ടുകാരനായിരുന്നു എം.ഗോവിന്ദൻ. മലയാള സാഹിത്യപ്രസ്ഥാനത്തിനു അദ്ദേഹം നൽകിയ സംഭാവനകൾ അവിതർക്കിതമായ രേഖാചിത്രങ്ങളാണ്.

ഗുരുവായൂർ മാഹാത്മ്യത്തിലൂടെ പ്രശസ്തനായ വില്വമംഗലം സ്വാമിയുടെ ജൻമദേശമായിരുന്ന മുവ്വാങ്കരയിൽ നിന്നും സമീപകാലത്തു കണ്ടെടുത്ത താളിയോല ഗ്രന്ഥങ്ങൾ ഈ ഗ്രാമത്തിന്റ പ്രാക്തന സംസ്കൃതിയെ സൂചിപ്പിക്കുന്നു. മലയാള ഗദ്യസാഹിത്യചരിത്രത്തിലെ ആദ്യത്തെ ഗ്രന്ഥം എന്നറിയപ്പെടുന്ന 'വെള്ളയുടെ ഗ്രന്ഥം, വെള്ളയിൽ നമ്പൂതിരിയുടേതാണ്. ഈ താളിയോല ഗ്രന്ഥം ഇപ്പോൾ ഒറ്റപ്പാലം സബ്കോടതിയിലാണ്. ദക്ഷിണാമൂർത്തീസ്തവം, ശ്രീകൃഷ്ണാമൃതം തുടങ്ങീ ഇരുപതോളം കൃതികൾ വില്വമംഗലത്തിന്റേതായി കണ്ടെത്തിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ കാലഘട്ടം അഞ്ചാം നൂറ്റാണ്ടിലാണെന്നു പറയപ്പെടുന്നു. വില്വമംഗലം സ്വാമിയുടെ പിൻമുറക്കാരനായ വി.എം.സി. നീലകണ്ഠൻ നമ്പൂതിരി ഇപ്പോഴത്തെ ഭരണസമിതി അംഗ മായത് ഒരു ചരിത്ര നിയോഗമാണെന്നുപറയാം.

ഇന്ത്യൻ ചിത്രകലയിലെ നവവസന്തമായിരുന്ന പത്മിനിയുടെ കാടഞ്ചരി തറവാടിന്റെ ചുമരുകളിൽ നിറയുന്ന ചിത്രങ്ങൾ നെഞ്ചിലെ നെരിപ്പോടായി ഇന്നും സഹൃദയരിൽ അവശേഷിക്കുന്നു. അകാലത്തിൽ മരണപ്പെട്ടു പോകുകയായിരുന്നു പത്മിനി. ഇക്കൂട്ടത്തിൽ സ്മരിക്കപ്പെടേണ്ട മറ്റൊരു പേരാണ് എൻ.പി. ദാമോദരന്റേത്. മാതൃഭൂമിയിലൂടെ പത്രപ്രവർത്തകനായി പ്രശസ്തിയിലേക്കുയർന്ന സാഹിത്യകാരനാണ് ഇദ്ദേഹം.

വേണ്ടത്ര പരിഗണനയും പ്രോൽസാഹനവും ലഭിക്കാതെ പോയ നിരവധി പ്രതിഭകൾ ഈ ഗ്രാമത്തിലുണ്ടായിരുന്നു. ഇന്നു ജീവിച്ചിരിക്കുന്ന സാഹിത്യകാരൻമാരിൽ താമറ്റാട്ട് ഗോവിന്ദൻകുട്ടിയുടെയും ഹൈമവതി തായാട്ടിന്റെയും സംഭാവനകൾ പ്രസ്താവ്യമാണ്.

ഇങ്ങിനെ അനവധി സ്മരണകളാണ് തവനൂരിലുള്ളത്. ഇപ്പോൾ നമ്മൾ എത്തിനിൽക്കുന്ന ദിശയിൽ നിന്നു തിരിഞ്ഞു നോക്കുമ്പോൾ വൈവിധ്യങ്ങളായ പാതകൾ ഈ സംസ്കൃതിയുടെ പരിപോഷകങ്ങളായി വർത്തിച്ചിരുന്നത് കാണാം. അവയിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നത് വിദ്യാവിതരണം തന്നെ. ജനജാഗരണത്തിന് ഔപചാരികമായും അനൗപചാരികമായും നിരവധി വിദ്യാസ്ഥാപനങ്ങൾ ഇവിടെ ഉയർന്നു വന്നിട്ടുണ്ട്. ഇത്തരത്തിലെ മറ്റു വിദ്യാകേന്ദ്രങ്ങളായിരുന്നു ചോയി മാസ്റ്റർ നേതൃത്വം കൊടുത്ത 'ഹരിജൻ വെൽഫയർ സ്കൂളും, .കെ. കേളപ്പജി സ്ഥാപിച്ച ഹോസ്റ്റ് ബേസിക് സംഘവും. ഇന്ന് ഈ പഞ്ചായത്തിൽ ഔപചാരികമായി പത്തൊമ്പതോളം വിദ്യാലയങ്ങളുണ്ട്. കൂടാതെ അനൗപചാരിക മറ്റു ബോധനാലയങ്ങളുമുണ്ട്. പ്രാധാന്യത്തോടെ കാണേണ്ട മറ്റൊരു മേഖലയാണ് വായനശാലകളും ഗ്രന്ഥാലയങ്ങളും. 1947ൽ സ്ഥാപിതമായ കാലടി ഗ്രാമീണ വായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വായനശാല. തവനൂരിലെ ദേശസ്നേഹിയും, മാങ്ങാട്ടൂരിലെ ജ്ഞാനപ്രകാശിനിയും ഈ രംഗത്തെ മറ്റു ഉദാഹരണങ്ങളാണ്. കേരളത്തിലെ എണ്ണപ്പെട്ട വായനശാലകളിലൊന്നായ കാലടി ഗ്രാമീണ വായനശാലയും തവനൂരിലെ ദേശസ്നേഹിയും ഇന്നും ഉജ്ജ്വലമായ പ്രൗഢിയോടെ നിലനിൽക്കുന്നു. മറ്റൊരു പ്രശസ്തമായ വായനശാലയാണ് നരിപ്പറമ്പിലെ 'അർച്ചന' .ഇതിൽ അർച്ചന ഒഴികെ മറ്റു വായനശാലകളെല്ലാം പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടങ്ങളിൽ തന്നെയാണ്.

മങ്ങാട്ടൂരിൽ നടന്ന 'ചർക്കാ' ക്ലാസുപോലുള്ള സാമൂഹ്യ പ്രവർത്തനങ്ങളിൽ ഈ സംഘടനകൾ കാണിച്ച വൈഭവങ്ങൾ എടുത്തുപറയേണ്ടതാണ്. 'ദേശസേവിനി' എന്ന പേരിൽ ദേശസേവിനി നടത്തിയ കൈയ്യെഴുത്ത് മാസികയും ജ്ഞാനപ്രകാശിനിയുടെ കൈയ്യെഴുത്തുമാസികയും ആദ്യകാലങ്ങളിൽ വിദ്യാപ്രചരണത്തിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ഇന്ന് ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ അന്യത്ര സാംസ്കാരിക സംഘടനകൾ ഉയർന്ന് വന്നിട്ടുണ്ട്. സാംസ്കാരികോന്നമനത്തിനുതകുന്ന തരത്തിൽ വൈവിധ്യമാർന്ന സാംസ്കാരികാഘോഷങ്ങളും നാടകോൽസവങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും ഊർജ്ജിതമായി നടന്നുവരുന്നതിൽ നമുക്ക് അഭിമാനിക്കാം. മലയാള നാടകപ്രസ്ഥാനത്തിനു വേണ്ടി ജന്മം കൊണ്ട അനേകം കലാസമിതികൾ ഇവിടെ രൂപംകൊണ്ടതുപോലെ തന്നെ ക്ഷയിച്ചിട്ടുമുണ്ട്.

ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളാണ്. തൊട്ടുപുറകെ മുസ്ലീങ്ങളും ചെറിയതോതിൽ കൃസ്ത്യാനികളും ഉണ്ട്. വിവിധ ജാതി മതവിഭാഗങ്ങൾ തമ്മിൽ സൗഹാർദപരമായ ജീവിതമാണ് ഇവിടെയുള്ളത്.

ഔപചാരികമായി സ്ഥാപിച്ച ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയങ്ങളായിരുന്നു, പുള്ളുവൻപടിയിലെ ജി.എൽ.പി.സ്കൂളും (ഇപ്പോൾ കാലടി ജി.എൽ. പി.സ്കൂൾ), തൃക്കണാപുരത്തെ ജി.എൽ.പി .സ്കൂളും. നിറഞ്ഞു നിൽക്കുന്ന ക്ഷേത്രോൽസവങ്ങൾ ഈ ഗ്രാമത്തിന്റെ പ്രത്യേകതയാണ്. ഹിന്ദുവിഭാഗത്തിൽ തന്നെ ജാതി അടിസ്ഥാനത്തിൽ വൈവിദ്ധ്യമാർന്ന ആഘോഷങ്ങൾ തന്നെ ഈ ഗ്രാമത്തിൽ നടക്കുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഉൽസവങ്ങളാണ് പറയർക്കിടയിലെ 'മലഭായ്' ആട്ടവും ഹരിജൻ പൂജാരിയായിട്ടുള്ള വല്ലോലപ്പാടക്ഷേത്ര ഉൽസവവും. പ്രാചീനഗോത്ര സംസ്കൃതിയെ തൊട്ടുണർത്തുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് ഈ ഉത്സവങ്ങളിൽ നടന്നു വരുന്നത്. മറ്റു പ്രാക്തന അനുഷ്ഠാന കലാരൂപങ്ങളാണ് പുള്ളുവൻപാട്ടും നാഗപൂജയും. കൂടാതെ ദഫ്മുട്ടും കോൽക്കളിയും മുസ്ലീങ്ങൾക്കിടയിലെ കലാരൂപങ്ങളാണ്.

സ്വാതന്ത്ര്യത്തിനു മുമ്പ് ഈ ഗ്രാമത്തിലെ പ്രബല രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ഇന്നു സി.പി.ഐ(എം.) കോൺഗ്രസ്സ് (ഐ), മുസ്ലീം ലീഗ്, ബി.ജെ.പി. സി.പി.ഐ. ജനതാദൾ, കോൺഗ്രസ് (എസ്) നാഷണൽ ലീഗ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും ഇവയുടെ യുവജനവിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

*കായികരംഗം*

കായികരംഗങ്ങളിൽ തങ്ങളുടേതായി സംഭാവനകൾ നല്കിയ ഗ്രാമപഞ്ചായത്താണ് തവനൂർ. ജില്ലാ അത്ലറ്റിക്സിലും, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ തുടങ്ങിയ കായിക പരിപാടിയിൽ സംസ്ഥാനാടിസ്ഥാനത്തിൽ തന്നെ പങ്കാളിത്തങ്ങൾ ഉണ്ടായിട്ടുണ്ട്.

കായിക രംഗത്തുണ്ടായിരുന്ന പ്രാചീന കായികവിനോദങ്ങൾ ഇന്ന് പലതും കാലാഹരണപ്പെട്ടു കൊണ്ടിരിക്കയാണ്. ദേശീയ രംഗത്തെ ഇപ്പോഴത്തെ നമ്മുടെ അവസ്ഥ എടുത്തു പറയേണ്ടതില്ലല്ലോ. പ്രാചീന കാലത്ത് ആയോധന കലയിൽ പ്രാവീണ്യം നേടയവരായിരുന്നു ഇവിടത്തുകാർ. ഇന്ന് ആയോധന കലയിൽ അവശേഷിക്കുന്നത് കേരളത്തിൽ തന്നെ പേരുകേട്ട കാലടിയിലെ വല്ല ഭട്ട കളരിസംഘമാണ്. ഇതിനു നേതൃത്വം കൊടുക്കുന്നത് വിശ്വനാഥ ഗുരുക്കളാണ്. പ്രാചീന കായിക വിനോദങ്ങളായിരുന്ന കബഡികളി, നാടൻ പന്തുകളി തുടങ്ങിയവ ഗ്രാമത്തിൽ നിന്നും അന്യമായിരിക്കുന്നു.

ഇപ്പോൾ മുൻപന്തിയിൽ നില്ക്കുന്ന പ്രധാന കായിക വിനോദം ഫുട്ബോൾ ആണ്. ക്രമേണ ക്രിക്കറ്റിന്റെ കടന്നുയറ്റം ഈ ഗ്രാമത്തിനുണ്ടാകുന്നുണ്ട്. കൂടാതെ അത്ലറ്റിസിൽ ഈ ജില്ലാ, സംസ്ഥാനത്തിനും കായിക പ്രതിഭകളെ ഈ ഗ്രാമം സംഭാവന ചെയ്തിട്ടുണ്ട്. സ്പോർട്സിനു പ്രാധാന്യം കൊടുത്ത് കൊണ്ട് പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ പ്രധാന ക്ലബ്ബുകളാണ് കണ്ടനകത്തെ ഫിനിക്സും തവനൂരിലെ വന്ദനയും. ഇതൊക്കെയാണെങ്കിലും കായിക വികസനത്തിനായി ഒരു പഞ്ചായത്തുതല സ്പോർട്സ് കേന്ദ്രം ഇവിടെയില്ലാത്തത് ഈ മേഖലയിലെ പോരായ്മയായി നിലനില്ക്കുന്നു.

*കായികരംഗത്തെ പ്രശ്നങ്ങൾ*

കായിക രംഗത്തേക്ക് പുതിയ തലമുറയെ ആകർഷിക്കത്തക്ക വിധം പ്രോത്സാഹനങ്ങളൊന്നുമില്ല. കായികാഭിരുചി വളർത്തിയെടുക്കുന്നതിന്നാവശ്യമായ സൗകര്യ

ങ്ങൾ ഒന്നും തന്നെയില്ല. സ്കൂൾ തലത്തിൽ ഇതിന് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. ഔദ്യോഗികതലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ പലതും വേണ്ടത്ര വിധത്തിൽ വിനിയോഗിക്കാൻ പഞ്ചായത്തിനു കഴിയാതെ പോകുന്നു.

*നിർദേശങ്ങൾ*

❖ അർപ്പണ ബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള കാര്യമായ ശ്രമം നടത്തുക.

❖ പഞ്ചായത്തിൽ കേന്ദ്രീകൃത രീതിയിൽ ഒരു കായിക വികസനസമിതി രൂപീകരിക്കുക.

❖ ഈ വികസന സമിതിയുടെ കീഴിൽ ഹ്രസ്വവും ദീർഘവുമായ സ്പോർട്സ് കോച്ചിംഗ് ക്യാമ്പ് സ്ഥാപിക്കുക.

❖ ചുരുങ്ങിയത് 200 മീറ്റർ ട്രാക്ക് എങ്കിലും ഇടാവുന്ന വിധത്തിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.

(കെ. എസ്. ആർ.ടി. സി യുടെ ഇപ്പോഴത്തെ ' ഫിനിക്സ്' ഉപയോഗിക്കുന്ന കളിക്കളം അധികൃതരുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഏറ്റെടുക്കുകയും സ്റ്റേഡിയത്തിന് ഉപയോഗിക്കുകയും ചെയ്യുക.)

❖ കായിക സംഘടനകൾക്ക് വേണ്ട വിധത്തിൽ സാമ്പത്തിക സഹായം നല്കുക.

*സാംസ്കാരിക രംഗത്തെ പ്രശ്നങ്ങൾ*

✱ പഞ്ചായത്തിലെ ഭൂരിപക്ഷം വാർഡുകളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല.

✱ നിലവിലുള്ള വായനശാലകളിൽ വൈദ്യുതിയും മറ്റു സൗകര്യങ്ങളും ഇല്ല.

✱ നിലവിലുള്ള വായനശാലകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ചിലത് വാടക കെട്ടിടങ്ങളിലാണ്.

വായന ശാലകളിൽ പുതിയ പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നില്ല.

നശിച്ചു കൊണ്ടിരിക്കുന്ന പുസ്തകങ്ങളെ സംരക്ഷിക്കാനുള്ള സൗകര്യങ്ങളില്ല.

നാടക സമിതികൾക്കും പരീക്ഷണ നാടക വേദികൾക്കും വേണ്ടത്ര സഹായവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

ആർട്സ് ക്ലബ്ബുകളുടെ പ്രവർത്തനം നിർജീവാവസ്ഥയിലാണ്.

മാധ്യമരംഗത്ത് ടി.വി, കേബിൾ നെറ്റ് വർക്ക് കടന്നുകയററവും പൈങ്കിളികഥാ പ്രചരണങ്ങളും ഗൗരവവായനക്ക് തടസ്സം നില്ക്കുന്നു.

നാടൻകലകൾക്ക് വേണ്ട വിധത്തിൽ പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.

മൂന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല. നവസാക്ഷരർക്കുള്ള ജന വിദ്യാകേന്ദ്രം പ്രവർത്തന രഹിതമാണ്.

കലാരംഗത്തെ പ്രാചീന രൂപങ്ങൾ അന്യം നിന്നു പോയിരിക്കുന്നു.

കാർഷിക സംസ്കാരത്തിന്റെ ഭാഗമായ ' കാളപൂട്ട്' മത്സരം നാശോന്മുഖമായിരിക്കുന്നു. കോല്ക്കളിയും നഷ്ടപ്പെട്ടു.

കലാസാഹിത്യാഭിരുചിയുള്ള ഈ ഗ്രാമത്തിലെ ദരിദ്രവിഭാഗങ്ങളുടെ മുന്നിൽ ഉന്നതങ്ങളിലേക്കുള്ള മാർഗ്ഗം അടഞ്ഞു കിടക്കുന്നു. പ്രായോഗിക രീതിയിലുള്ള പ്രോത്സാഹനം ലഭിക്കുന്നില്ല.

കൊച്ചു കൂട്ടുകാർക്കുപയോഗിക്കാൻ സ്കൂളുകളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങളില്ല.

പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത സാംസ്കാരിക കേന്ദ്രമില്ലാത്തതിന്റെ അസൗകര്യങ്ങളുണ്ട്.

*നിർദ്ദേശങ്ങൾ*

വായനശാലയില്ലാത്ത വാർഡുകളിൽ അവിടത്തെ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ (വിഭവസമാഹരണത്തോടെ) വായനശാലകൾ തുടങ്ങുക.

എല്ലാ ഗ്രന്ഥാലയങ്ങൾക്കും ചുരുങ്ങിയത് മൂന്ന് പത്രങ്ങളും നാലു ആനുകാലികങ്ങളും അനുവദിക്കുക.

പുസ്തകങ്ങൾ നശിക്കാതിരിക്കാനുള്ള ആധുനിക സൗകര്യം നടപ്പിലാക്കുക.

ഒമ്പതാം വാർഡിലെ ഗ്രാമീണ വായനശാലയുടെ (ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വായനശാലയുടെ കെട്ടിടം പൊളിച്ച് വിഭവസമാഹരണത്തോടെ പുനർ നിർമ്മിക്കാൻ തയ്യാറാണ്) പ്രവർത്തനം ആധുനിക രീതിയിൽ വികസിപ്പിച്ചെടുക്കുക, പുനർ നിർമ്മാണത്തിനുള്ള വിഹിതം അനുവദിക്കുക.

വായനശാലകൾക്ക് വൈദ്യുതി ലഭിക്കാനുള്ള നടപടി എടുക്കുക

കെട്ടിടമില്ലാത്ത വായനശാലകൾക്ക് അതിനുള്ള സാമ്പത്തിക സഹായം നൽകുക.

അനുയോജ്യമായ രീതിയിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

പഞ്ചായത്ത് കേന്ദ്രീകരിച്ച് എം. ഗോവിന്ദന്റെ സ്മാരകമായി ഒരു സാംസ്കാരികസമിതി രൂപീകരിക്കുക. ഇതിന് കീഴിൽ പഞ്ചായത്തുതല ഒരു ഇൻഫർമേഷൻ സെന്റർ തുടങ്ങുക.

ഈ സാംസ്കാരിക സമിതി പഞ്ചായത്തിന് കീഴിലായിരിക്കണം. അതിന് വേണ്ട സാമ്പത്തികസഹായം പഞ്ചായത്തിൽ നിന്നും പൊതുജനങ്ങളിൽ നിന്നുമായിരിക്കണം.

ഇതിനോട് ചേർന്ന് ചിത്രകലക്കും, നാടകപരിശീലനത്തിനും പഠനകളരി സംഘടിപ്പിക്കുക.

പ്രശസ്ത ചിത്രകാരി പത്മിനിയുടെ പേരിൽ ഒരു സാംസ്കാരിക നിലയവും സ്ഥാപിക്കുക.

അവധിക്കാലങ്ങളിൽ കലാസാഹിത്യാ ഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് ഒത്തു ചേരലിനുള്ള അവസരമുണ്ടാക്കുക.

സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമാക്കു കയും ജനവിദ്യാകേന്ദ്രങ്ങൾ ഊർജ്ജിത പ്പെടുത്തുകയും ചെയ്യുക.

അവശകലാകാരൻമാർക്ക് ഗ്രാന്റ് നൽകി പ്രോൽസാഹിപ്പിക്കുക.

നാടൻ കലകളുടെ ഓഡിയോവീഡിയോ രൂപ ങ്ങളുണ്ടാക്കാനുള്ള സാമ്പത്തിക സഹായങ്ങൾ സംഘടനകൾക്കു നൽകുക.

മാധ്യമരംഗങ്ങളിലുണ്ടായ വിസ്മയകരങ്ങളായ മാറ്റങ്ങൾ ശ്രദ്ധേയമാണ്. പ്രത്യേകിച്ചും ഇലക്ട്രോണിക് മാധ്യമങ്ങളിൽ. ഇന്നലെകളിൽ നമ്മുടെ ചിന്താ മണ്ഡല ങ്ങളിലുണ്ടായിരുന്ന വിദൂര രാജ്യങ്ങൾ പോലും നമുക്ക് അനുഭവ വേദ്യമാകുന്ന വിധത്തിൽ നമ്മുടെ മുന്നിലെത്തു കയും, തമ്മിലുള്ള അകലം വേണ്ടത്ര കുറഞ്ഞിരിക്കുന്ന അവസ്ഥയും കൂടി സംജാതമായിരിക്കയാണ്. സംസ്കാര ങ്ങൾ തമ്മിലുള്ള പരസ്പര സംവേദങ്ങൾ സാംസ്കാരികാ ധിനിവേശത്തിനു വഴി തുറന്നിരിക്കണം. പരിവർത്തനത്തി ന്റേതെന്നു പ്രശംസിക്കപ്പെടുന്ന വർത്തമാനകാലവും മൂല്യാപചയത്തിന്റെ ഇരുണ്ട ഗർത്തങ്ങളിലേക്ക് നയിക്ക പ്പെട്ടുകൊണ്ടിരിക്കുന്ന കാഴ്ച ഭീതിജനകമാണ്. ഈ വർത്തമാന ദുരന്തത്തിൽ എല്ലാവരും പങ്കാളികളാണ്..

ജീവിതത്തിന്റെ നാനാമേഖലകളിലും കാലങ്ങൾ കൊണ്ട് ഗുണപരമായ മാറ്റങ്ങൾ വരുത്താൻ സാംസ്കാരി ക മണ്ഡലത്തിലെ ഉയർത്തെഴിന്നേൽപ്പുകൊണ്ട് സാധിക്കും.

അമൂല്യമെന്നു അനുമാനിച്ചിരുന്ന നൈതികമൂല്യ ങ്ങൾക്ക് അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്കെതിരെ ശ്രദ്ധ കൊടുക്കുക. പ്രതിരോധനിര പടുത്തുയർത്തി പ്രതിലോമശക്തികളെ ചെറുത്തുതോൽപ്പിക്കുക. ഇതാണ് നമ്മുടെ മുന്നിലുള്ള ചരിത്രപരമായ കർത്തവ്യം.

നിലവിലുള്ള വായനശാലകളുടെയും ഗ്രന്ഥശാലയുടെയും പൊതുവിവരം

| ക്രമ നമ്പർ | പേരും സ്ഥലവും | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തകവിതരണം | ധനസഹായത്തിന്റെ വിവരം |
|---|---|---|---|---|---|---|
| 1. | അക്ഷരം - സാംസ്കാരികവേദി വായനശാല, വെള്ളാഞ്ചേരി | 1996 | 45 | 100 | 10 | ഇല്ല |
| 2. | പ്രിയദർശിനി ഗ്രന്ഥശാല | 1995 | 30 | 200 | 25 | സംഭാവന |
| 3. | ദേശസേവിനി വായനശാല, തവനൂർ | 1949 | 88 | 640 | | സർക്കാർ ഗ്രാന്റുകൾ |
| 4. | ഗ്രാമീണവായനശാല, കാലടി | 1947 | 190 | 5085 | 600 | സർക്കാർഗ്രാന്റ് |
| 5. | അർച്ചന ഗ്രന്ഥാലയം & വായനശാല | 1975 | 182 | 2528 | 350 | സർക്കാർ ഗ്രാന്റ് |
| 6. | നവതരംഗ് വായനശാല | 1977 | 40 | 2000 | 100 | ഇല്ല |

## നിലവിലുള്ള കലാസാംസ്കാരിക സംഘടനകളുടെ പൊതുവിവരം

| നമ്പർ | പേരും സ്ഥലവും | സ്ഥാപിച്ചവർഷം | അംഗങ്ങൾ | ഏത് സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു | മറ്റു വേദികൾ |
|---|---|---|---|---|---|
| 1. | ചമയം ആർട്സ്, കണ്ടനകം | 1986 | 50 | നെഹ്റു യുവകേന്ദ്ര | ഉണ്ട് |
| 2. | ഫിനിക്സ്, കണ്ടനകം | 1989 | 48 | " | ഇല്ല |
| 3. | വന്ദനക്ലബ്, തവനൂർ | 1978 | 56 | നെഹ്റുയുവകേന്ദ്ര | മഹിളാസംഘം |
| 4. | ചൈതന്യ ആർട്സ്, കാടഞ്ചേരി | 1994 | 60 | നെഹ്റുയുവകേന്ദ്ര | ഇല്ല |
| 5. | സംഗീത ആർട്സ് | 1987 | 35 | സംഗീതനാടക അക്കാദമി, | വനിതാവേദി, ബാലസംഘം |
| 6. | ഗ്രാമശ്രീ | 1992 | 25 | ചെയ്തിട്ടില്ല | ഇല്ല |
| 7. | നളന്ദ ക്ലബ്ബ്, അതളൂർ | 1986 | 45 | സംഗീതനാടകഅക്കാദമി, | ഇല്ല |
| 8. | എഗ്സാക് | 1994 | 46 | | വനിതാവേദി, പരിസ്ഥിതി ക്ലബ്ബ് |
| 9. | ഇളആർട്സ്, വെള്ളാഞ്ചേരി | 1996 | 32 | ഇല്ല | ഇല്ല |
| 10. | അർച്ചന ലിറ്ററി ആന്റ് കൾച്ചറൽ ഓർഗനൈസേഷൻ | 1971 | 125 | നെഹ്റുയുവകേന്ദ്ര | ഇല്ല |
| 11. | സുരഭി യൂത്ത്ക്ലബ്ബ് | 1986 | 28 | ഇല്ല | ഇല്ല |
| 12. | റിലയൻസ് ക്ലബ്ബ്, തവനൂർ | 1990 | 17 | കേരള സ്പോർട്സ് കൗൺസിൽ | ഇല്ല |
| 13. | യൂനൈറ്റഡ്, തവനൂർ | 1989 | 22 | കേരള സ്പോർട്സ്കൗൺസിൽ | ഇല്ല |
| 14. | പ്രിയദർശിനി ഗ്രന്ഥശാല& ആർട്സ് ക്ലബ്ബ് | 1995 | 40 | ഇല്ല | റീസിംഗ് ക്ലബ്ബ് |
| 15. | ശ്രുതി കലാവേദി, തവനൂർ | 1981 | | സംഗീതനാടക അക്കാദമി, | വനിതാവേദി, തയ്യൽകേന്ദ്രം, നാടകസംഘം |
| 16. | നവതരംഗ് ആർട്സ്&സ്പോർട്സ് ക്ലബ്ബ് | 1977 | 40 | | |



# വനിതാക്ഷേമം

സമൂഹത്തിന് മൊത്തം ബാധകമായ ചില വിലക്കുകളും പ്രതിബന്ധങ്ങളുമാണ് സ്തീകളെ പൊതുരംഗത്തു നിന്ന് അകറ്റി നിർത്തുന്നത്. ഇതിനൊരു മാറ്റം വരണമെങ്കിൽ സംയോജിത പ്രവർത്തനങ്ങൾ ആവശ്യമാണ്. സാമൂഹ്യ സാമ്പത്തിക സാംസ്കാരിക കുടുംബമേഖലകളിൽ, സ്ത്രീകൾ വിവേചനവും പീഡനവും ഏറ്റുവാങ്ങുന്നത് സർവ്വസാധാരണ മായിരിക്കുന്നു. അവർക്ക് നേരേയുള്ള ചൂഷണവും, അതിക്രമവും വർധിച്ചുകൊണ്ടിരിക്കുമ്പോൾ അല്പം ആശ്വാസം നൽകുന്നത്, നീതിക്കു വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചു വരുന്നു എന്നതാണ്. സാമൂഹ്യവും സാമ്പത്തികവും സാംസ്ക്കാരികവുമായ വർഗ്ഗമേധാവിത്വമാണ് സ്ത്രീകളുടെ പിന്നോക്കാ വസ്ഥയുടെ പ്രധാന കാരണം. സ്വകാര്യസ്വത്തിനെ ആധാരമാക്കി ഉയർന്നുവന്നിട്ടുള്ള സാമൂഹ്യ വ്യവസ്ഥകളെല്ലാം പുരുഷ കേന്ദ്രീകൃതമായതിനാൽ, പുരുഷമേധാവിത്വം എങ്ങും നടമാടി. വികസിതവും സമ്പന്നവുമായ രാഷ്ട്രങ്ങളിൽ പോലും സ്ത്രീ പുരുഷ സമത്വം ദിവാസ്വപ്നമായി തുടരുന്നു. തൊഴിൽ പങ്കാളിത്തം ഉയർന്നിട്ടുണ്ടെങ്കിലും കുടുംബചുമതല സ്ത്രീകൾക്കാണ്. ലിംഗാടിസ്ഥാനത്തിലുള്ള ഈ വേർതിരിവ് ഇവർ ചില പ്രത്യേക തൊഴിലുകളിൽ മാത്രം കേന്ദ്രീകരിക്കുവാൻ കാരണമായി. അവരുടെ വരുമാനം കുടുംബവരുമാനത്തിന് അനുപൂരകം മാത്രമാണെന്ന തെറ്റിദ്ധാരണ കൂലി കുറയ്ക്കാൻ തൊഴിലുടമകളെ സഹായിച്ചു. ഈ വ്യത്യാസം കാലക്രമത്തിൽ സ്ത്രീകളെ സ്വന്തം സുഖഭോഗങ്ങൾക്കുള്ള ഒരു വില്പനച്ചരക്കായി കാണാനും വഴിതെളിയിച്ചു. ഇതിന്റെ സമീപ കാല ദൃഷ്ടാന്തമാണ് സൗന്ദര്യമത്സരവും, സൂര്യനെല്ലി പോലുള്ള സംഭവങ്ങളും. രാജ്യത്തുടനീളം ഇത്തരം ചൂഷണങ്ങൾ തുടർക്കഥകളാവുമ്പോൾ അത്തരം യാതൊരു സംഭവവും നമ്മുടെ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നുള്ളതും ആശ്വാസകരമാണ്. അതു കൊണ്ടു തന്നെ തവനൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ സാമൂഹ്യ പദവി മെച്ചമാണ്. ഈ പഞ്ചായത്തിന്റെ ഭരണ നേതൃത്വം വഹിക്കുന്നത് ഒരു വനിതയാണെന്നു മാത്രമല്ല, സമിതിയിലെ 1/3 അംഗങ്ങളും വനിതകളാണ്.

ജനസംഖ്യാ കണക്കു പ്രകാരം പുരുഷനെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ. പട്ടികജാതിയിയിലും സ്ത്രീകൾ തന്നെ എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്നു.

സ്വാതന്ത്ര്യസമരകാലഘട്ടങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം പഞ്ചായത്തിൽ കുറവായിരുന്നെങ്കിലും 72–73 കാലഘട്ടങ്ങളിലുണ്ടായ മിച്ചഭൂമി സമരം, കൊയ്ത്തു സമരം എന്നിവയിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ഈ സമരത്തിൽ പങ്കെടുത്ത ചില വനിതകൾ ഇന്നും പൊതുരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ജനാധിപത്യാ മഹിളാ അസോസിയേഷനും CBNPയും ഇവിടെ സജീവമായി പ്രവർത്തിക്കുന്ന സ്ത്രീകളുടെ സംഘടനകളാണ്. എങ്കിലും പൊതുരംഗത്ത് സ്ത്രീകളുടെ പ്രവർത്തനം വളരെ കുറവാണ്. ഗ്രാമസഭകളിൽ സത്രീപങ്കാളിത്തം കുറവായിരുന്നു. സാമൂഹ്യവികസന രംഗത്ത് പുരുഷനേക്കാളേറെ സ്ത്രീക്ക് പ്രവർത്തിക്കാനുണ്ട് എന്നുള്ളതു കൊണ്ടു തന്നെ സ്ത്രീകൾ ജനകീയാസൂത്രണ പ്രക്രിയയിൽ പങ്കാളികളാവേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ വിദ്യാഭ്യാസം, കൃഷി, വ്യവസായ ആരോഗ്യ സാമൂഹ്യ ക്ഷേമ മേഖലകളിലെല്ലാം തന്നെ സ്ത്രീ തമസ്കരിക്കപ്പെടുന്നുണ്ട്. സ്ത്രീയെ ഒരു രണ്ടാം കിട പൗരനായി കാണുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്. ഇവയെ തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള മൂർത്തമായ പരിപാടികൾ ഉണ്ടാക്കി എല്ലാ രംഗത്തും മതിയായ ലിംഗപരിഗണനയും സ്ത്രീ വീക്ഷണവും ഉറപ്പു വരുത്തണം.

സ്ത്രീകൾക്കായുള്ള പ്രത്യേക പദ്ധതികൾ നിർദ്ദേശിക്കുമ്പോൾ അവ രൂപീകരിക്കുന്നതിൽ മുൻഗണന സ്ത്രീക്കായിരിക്കണം. നിരക്ഷരായ സ്ത്രീകൾ ഇവിടെയുണ്ട്. ബിരുദവും ബിരുദാനന്തരബിരുദവും നേടിയവരും ഇല്ലാതില്ല. സാങ്കേതിക വിദ്യാഭ്യാസം നേടിയവരുണ്ടെങ്കിലും അവരിൽ പലരും തൊഴിൽ രഹിതരുമാണ്. സ്ത്രീകൾ കൂടുതലായി പ്രവർത്തിച്ചു വരുന്ന സേവനമേഖലകളിലും സർക്കാർ സർവ്വീസിലും ഇന്ന് തൊഴിൽ സംരംഭങ്ങൾ കുറവാണ്. അധ്യാപന മേഖലയാണ് സ്ത്രീകളെ കൂടുതലായി ആകർഷിക്കുന്നത്.

പരമ്പരാഗതമായ തൊഴിലുകളിൽ മുഖ്യമായ കാർഷികരംഗത്തെ മുരടിപ്പ് സ്ത്രീതൊഴിലാളികളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. അവർ അധ്വാനഭാരം കൂടുതലുള്ള നിർമ്മാണ പ്രവർത്തനങ്ങ ളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഇവരെ കാർഷിക മേഖലയിലേക്ക് തിരിച്ചു കൊണ്ടുവരാൻ, അവർക്ക് സുരക്ഷിതത്വവും സാമ്പത്തിക നേട്ടവും ഉള്ള തൊഴിൽ

സാഹചര്യം സൃഷ്ടിച്ച് കാർഷിക മേഖല സ്വയം പര്യാപ്ത മാക്കണം.

കന്നുകാലി സംരക്ഷണവും, ക്ഷീരവ്യവസായവും ഈ പഞ്ചായത്തിലെ നല്ലൊരു വിഭാഗം വീട്ടമ്മമാരും ഫലപ്രദമ ായി ചെയ്തിരുന്നു. ഈ മേഖല ഇന്ന് തകർച്ചയിലാണ്. നല്ലതരം പശുക്കളേയും ആടുകളേയും കിട്ടാത്തതും, തീറ്റപ്പുല്ലു ദൗർലഭ്യവും കാലിത്തീററ വിലവർദ്ധനയും പാൽ വിറ്റഴിക്കാൻ പറ്റാത്ത അവസ്ഥയും ഈ രംഗത്തെ പ്രതിബന്ധങ്ങളാണ്. ഇതിനൊരു പരിഹാര മുണ്ടായാൽ കൂടുതൽ സ്ത്രീകളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിയും.

പരമ്പരാഗത തൊഴിലുകളായ പരമ്പു നെയ്ത്ത്, കുട്ട, മുറം, നെയ്ത്ത്, മൺപാത്ര നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന അനവധി സ്ത്രീകളുണ്ട്. തൊഴിൽ ദിനങ്ങളുടെ കുറവ്, മോശമായ ജീവിത സൗകര്യങ്ങൾ, വർധിച്ചു വരുന്ന ജീവിതച്ചെലവ് എന്നിവയെല്ലാം ചേർന്ന് ഇവരുടെ ജീവിതം ദുരിതപൂർണമാക്കിയിരിക്കുന്നു. സർക്കാർ ആനുകൂല്യങ്ങൾ ഇവരിലേക്ക് എത്തിച്ചേരാത്ത അവസ്ഥയാണ്.

പുരുഷന്മാരുടെ ആധിപത്യമുള്ള ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. ഇതിനു കാരണം വേതനവ്യവസ്ഥയിലുള്ള അപാകതകളും സുരക്ഷിതത്വമില്ലായ്മയുമാണ്. IRDP വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവയിലൂടെ സ്ത്രീകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് സ്ത്രീകൾ ബോധവതികളല്ല. DWCRAയിലൂടെ പഞ്ചായത്തിൽ കൊപ്ര, റെഡിമെയ്ഡ് വസ്ത്രനിർമാണം, കരിങ്കല്ലുടയ്ക്കൽ എന്നിങ്ങനെ ചില യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ റെഡിമെയ്ഡു യൂണിറ്റു മാത്രമാണ് പ്രവർത്തന ക്ഷമമായിട്ടുള്ളത്. വനിതാ സംരംഭങ്ങളിൽ പലതും ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നു.

പട്ടിക (1) കാണുക

സ്ത്രീകളുടെ ആരോഗ്യം ഇവിടെ മോശമാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന PHCയിൽ ചികിത്സാർത്ഥം വരുന്നവരിൽ ഭൂരിഭാഗം സ്ത്രീകളാണ്. എന്നാൽ ഇവർക്കാവശ്യമായ മരുന്നുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. ഈ PHCയിൽ നിന്നും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന IPP സെന്ററുകളിൽനിന്നും ലഭ്യമാകേണ്ട സേവനങ്ങൾ മിക്ക സ്ത്രീകൾക്കും ലഭിക്കുന്നില്ല. പോഷകാഹാരക്കുറവും തൊഴിൽരംഗത്തെ അധ്വാന ഭാരവും ബോധവൽക്കരണത്തിന്റെ അഭാവവും ആണ് സ്ത്രീകളുടെ അനാരോഗ്യത്തിന്റെ പ്രധാന കാരണങ്ങൾ.

പഞ്ചായത്തിലെ കുടുംബങ്ങളെയും പ്രത്യേകിച്ച സ്ത്രീകളെ ബാധിക്കുന്ന ഒരു വലിയ വിപത്താണ് മദ്യം. ചാരായ നിരോധനം കൊണ്ട് ഇവിടെ കാര്യമായ ഗുണമൊന്നും ഉണ്ടായിട്ടില്ല. മദ്യം പൂർണമായി നിരോധിക്കാത്തതും, ബോധവൽക്കരണത്തിന്റെ അഭാവവും ആണ് ഇതിനു കാരണം.

വായനശാലകളുമായി ബന്ധപ്പെടുന്ന സ്ത്രീകൾ പഞ്ചായത്തിൽ വിരളമാണെങ്കിലും പൈങ്കിളി പ്രസിദ്ധീ കരണങ്ങൾ സ്ത്രീകളുടെ ഇടയിൽ വൻപ്രചാരം നേടിയിട്ടുണ്ട്. ടി.വി. റേഡിയോ തുടങ്ങിയ മാധ്യമങ്ങളിലെ വിനോദപരിപാടികളുടെ മാത്രം ആസ്വാദകരായി ഭൂരിഭാഗം സ്ത്രീകളും മാറുന്നത് ഗുരുതരമായ അവസ്ഥയാണ്. ഇത് വായനയിലൂടെ നേടാവുന്ന വിജ്ഞാനത്തിനു പകരം ഇവരെ വിദൂരമായ നാശത്തിലേക്ക് നയിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീക്ക് വിദ്യാലയങ്ങളിലെ മാതൃസമിതിയിൽ ഇടപെട്ട് പ്രവർത്തിക്കാൻ കഴിയും. എന്നാൽ ഇന്നത്തെ പങ്കാളിത്തം വളരെ കുറവാണ്.

ഇവിടെ, യൂണിസെഫും കേരള ഗവൺമെന്റും സംയുക്തമായി മലപ്പുറം ജില്ലയിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന CBNP (സംയോജിത സാമൂഹ്യാധിഷ്ഠിത ദാരിദ്ര്യനിർമാർജന പരിപാടി) പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ള ഏതാണ് 1400 ഓളം കുടുംബങ്ങൾ ഈ പദ്ധതിയ്ക്ക് കീഴിൽ വരുന്നുണ്ട്. സ്ത്രീകളുടെ മാത്രം പദ്ധതിയാണെന്ന പ്രത്യേകതയും ഇതിനുണ്ട്. ഇവർ സ്വയം സ്വരൂപിച്ച ഫണ്ടിൽനിന്നും വായ്പാ സൗകര്യങ്ങൾ ലഭ്യമാണ്. യൂണിസെഫിൽനിന്നും നബാഡിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ കൊണ്ട് വിവിധ തൊഴിൽ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. ഒരു സന്നദ്ധ സംഘടനയായി പ്രവർത്തിക്കുന്നതിനാൽ എല്ലാ സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിലും മുന്നിൽ പ്രവർത്തിക്കുന്നു. പോളിയോ നിർമാർജ്ജന (Pulse polio prgo ramme)ത്തിലും ആരോഗ്യരംഗത്തെ മറ്റു പ്രവർത്തന ത്തിലും ഇവിടത്തെ CBNP പ്രവർത്തകർ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

ഈ പഞ്ചായത്തിൽ 28 അംഗനവാടികളുണ്ട്. 3 മുതൽ 5 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങളാണ് ഇവിടെ എത്തുന്നത്. പാടത്തും പറമ്പിലും പണിക്കു പോകുന്നവരുടേയും ഉദ്യോഗസ്ഥകളായവരുടേയും കുഞ്ഞുങ്ങളെ അംഗനവാടിയിലെ വർക്കർമാരേയും ഹെൽപ്പർമാരേയും ഏല്പിച്ചാണ് അമ്മമാർ പോകുന്നത്. ഒരു പെറ്റമ്മ തന്നെയായി ഈ കുഞ്ഞുങ്ങളെ പരിചരിച്ചും, പാട്ടും കളികളിലൂടെ പഠിപ്പിച്ചും ജീവിച്ചും ജീവിതം അവരുടെ വിദ്യാഭ്യാസത്തിനായി ഹോമിക്കുന്ന ഇവർക്ക് വേണ്ടത്ര അവധിയോ വേതനമോ അനുവദിച്ചിട്ടില്ല. കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവുമായ വികാസ ത്തിനുതകുന്ന അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാ ത്തവയാണ് മിക്ക അംഗനവാടികളും.

അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധ്വാനഭാരത്തിനനുസൃതമായി വേതനവർധനവ് ഉണ്ടാ കണം. എല്ലാ അംഗനവാടികൾക്കും സുരക്ഷിതമായ കെട്ടിടങ്ങളുണ്ടാകണം. കുട്ടികൾക്ക് കളിക്കോപ്പുകളും പോഷകാഹാര വിതരണവും പഞ്ചായത്തു തലത്തിൽ നടത്താവുന്നതാണ്. വർക്കർമാർക്കും ഹെൽപ്പർമാർക്കും അവധിയുടെ എണ്ണം വർധിപ്പിക്കുന്നതിനായി ഒരു പുതിയ പോസ്റ്റു കൂടി ഉണ്ടാക്കാവുന്നതാണ്. ജോലി സ്ഥിരതയും KSR പ്രകാരമുള്ള ആനുകൂല്യങ്ങളും നല്കേണ്ടതാണ്.

കേരളത്തിൽ ആകെയുള്ള 2 റെസ്ക്യൂ ഹോമുകളിൽ

അശരണരും കുറ്റചെയ്തവരുമായ സ്ത്രീകളെ ഇവിടെ താമസിപ്പിക്കുന്നു. 16 ഏക്കർ സ്ഥലത്ത് സൗകര്യപ്രദമായ കെട്ടിടത്തിലാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. 34 അന്തേവാസികൾ ഇവിടെയുണ്ട്. 10-ാം ക്ലാസിനു താഴെ വിദ്യാഭ്യാസമുള്ളവരാണ് എല്ലാവരും. 5 വയസ്സിനു താഴെയുള്ള 2 ആൺകുട്ടികളും 5 പെൺകുട്ടികളുമുണ്ട്. സർക്കാർ നാമമാത്രമായ സംഖ്യയേ ഇവർക്കു വേണ്ടി അനുവദിക്കുന്നുള്ളു. ഈ ദുഃഖപുത്രികളുടെ സാന്ത്വനത്തിന് പഞ്ചായത്തു തലത്തിൽ ഏറെ കാര്യങ്ങൾ ചെയ്യാൻ കഴിയും.

1. തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയും, ഇവർക്ക് അവയിൽ പരിശീലനവും തൊഴിലും നല്കണം.

2. ജോലിക്കു നൽകുന്ന വേതനം അവരുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കണം.

3. പഠിപ്പിക്കുന്നതിന് ഒരു ജനവിദ്യാകേന്ദ്രവും, സാമാന്യം പുസ്തകങ്ങളുള്ള ഒരു വായനശാലയും അവിടെ തുടങ്ങണം.

4. സൗജന്യമായി പത്രവും വസ്ത്രവും വിതരണം ചെയ്യണം.

5. റസ്ക്യൂഹോമിലെ ഭൂമിയിൽ വിവിധ തരം കൃഷി നടത്തി അതിന്റെ ആദായം അന്തേവാസികൾക്ക് നൽകുക.

6. ചുറ്റുമതിൽ കെട്ടി സുരക്ഷിതത്വവും പമ്പ് സെറ്റ് സ്ഥാപിച്ച് ജലലഭ്യതയും ഉറപ്പു വരുത്തണം. (നിലവിലുള്ള പമ്പ് സെറ്റ് കേടായിട്ട് വർഷങ്ങളായി)

7. വർഷാവർഷങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുക.

8. പഞ്ചായത്തു വകയായി ഓരോ മാസവും ഒരു തുക ഗ്രാന്റായി നൽകണം.

*പൊതുവെ സ്ത്രീകളുടെ പ്രശ്നങ്ങൾ*

1. പൊതുരംഗത്തു പ്രവർത്തിക്കുന്നതിനുള്ള ജാള്യത (ഇൻഹിബിഷൻ)

2. നിരക്ഷരത

3. സർക്കാർ സർവ്വീസുകളിലെ തൊഴിൽ സംരംഭങ്ങളുടെ കുറവ്

4. കാർഷികരംഗത്തെ ഉൽപാദനമാന്ദ്യം

5. നല്ലതരം പശുക്കളേയും, ആടുകളേയും തീറ്റപ്പുല്ലും കിട്ടാത്തതുംഉല്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കാൻ സാധിക്കാത്തതും.

6. പരമ്പരാഗത തൊഴിൽ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം വിപണനസൗകര്യക്കുറവ് അറിവില്ലായ്മ

7. ചെറുകിട വ്യവസായ യൂണിറ്റുകൾ അനുവദിക്കുന്ന പദ്ധതിയെകുറിച്ച് അറിവില്ലായ്മ

8. വേതന വ്യത്യാസം

9. പോഷകാഹാരക്കുറവ്, അദ്ധ്വാനഭാരം

10. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാത്തത്.

11. മാധ്യമങ്ങളിലെ സ്ത്രീയെ ചൂഷണം ചെയ്യുന്ന പരസ്യങ്ങളും അവഹേളനങ്ങളും അർഹിക്കുന്ന പ്രധാന്യം കൊടുക്കാതിരിക്കലും.

12. ഇന്ന് നിലവിലുള്ള സ്ത്രീ ചൂഷണത്തിൽ നിന്ന് രക്ഷപ്പെടാതിരിക്കാനുള്ള പഴുതുകളുള്ള നിയമങ്ങൾ

*സാധ്യതകളും നിർദ്ദേശങ്ങളും*

1. വീടുതോറും പച്ചക്കറി കൃഷി വികസിപ്പിക്കാൻ വനിതാ ഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും, മേൽനോട്ടത്തിനായി പഞ്ചായത്ത് ജനകീയ സമിതി രൂപീകരിക്കുകയും വേണം.

2. ശാസ്ത്രീയമായ രീതിയിൽ കന്നുകാലി സംരക്ഷണത്തിന് വീട്ടമ്മമാർക്ക് പരിശീലനം നൽകുകയും നല്ലയിനം പശുക്കളേയും ആടുകളേയും കോഴിക്കുഞ്ഞുങ്ങളേയും; ലോണും സബ്സിഡിയും മുഖേന വിതരണം നടത്തുകയും വേണം.

3. പരമ്പരാഗതമായ തൊഴിൽ മേഖലയിലേക്ക് അസംസ്കൃത വസ്തുക്കൾ ലാഭകരമായ എത്തിക്കുകയും ഉല്പന്നങ്ങൾക്കുള്ള വിപണി കണ്ടെത്തുകയും വേണം.

4. ഓരോ വാർഡിലും ഒരു വനിത, ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിച്ച് അതിന്റെ മേൽനോട്ടം പഞ്ചായത്തുതലത്തിൽ 1 വനിതയുടെ നേതൃത്വത്തിലുള്ള സമിതിയെ ഏല്പിക്കണം.

5. എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാനുള്ള പ്രചാരണവും സാഹചര്യവും ഉണ്ടാക്കണം.

6. അംഗനവാടികളിലൂടെയുള്ള MSSന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

7. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.

8. ഓരോ വാർഡിലും വായനശാലകൾ ഉണ്ടാക്കി അതിന്റെ ചുമതലകൾ സ്ത്രീകളെത്തന്നെ ഏല്പിച്ച് മാസംതോറും വായനോത്സവങ്ങൾ സംഘടിപ്പിക്കണം.

9. മാധ്യമങ്ങൾ വിനോദോപാധിയായി മാത്രം കാണാതെ വിജ്ഞാനോപാധി കൂടിയായി കാണാൻ ബോധവൽക്കരണം നടത്തണം.

10. സ്ത്രീകളെ പൊതുരംഗത്തേക്ക് കൊണ്ടുവരാൻ പുരുഷന്മാരിൽ അവബോധമുണ്ടാക്കണം.

11. ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് ബോധവൽക്കരണം വേണം.

12. സ്ത്രീകൾ നിർബന്ധമായും മാതൃസമിതികളിൽ പങ്കെടുക്കാനും വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കാനും ബോധവൽക്കരണം വേണം.

13. സ്ത്രീകൾക്കു നേരെയുള്ള ചൂഷണങ്ങൾക്കും, പീഢനങ്ങൾക്കും എതിരെ പ്രതികരിക്കാനും വേണ്ട ഗൈഡൻസ് നല്കാനും വനിതാ മെമ്പർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കാനും വാർഡുതോറും വനിതകളുടെ ഒരു ജാഗ്രതാ സമിതി വേണം.

14. വനിതകളുടെ നേരെയുള്ള ചൂഷണത്തിൽനിന്നും

രക്ഷപ്പെടാൻ ഇന്ന് നിലവിലുള്ള നിയമങ്ങൾക്കുപകരം പഴുതുകളില്ലാത്ത നിയമം വേണം.


15. പഞ്ചായത്തിൽ 1 കുടുംബകോടതിയെങ്കിലും വേണം.

പൊതുവെ സ്ത്രീകൾ ഇന്നനുഭവിക്കുന്ന കഷ്ടതയും ദുരിതവും ഏറെയാണ്. സാമൂഹ്യരംഗത്ത് വളരെ പിന്നിലാണ് സ്ത്രീകൾ. ബോധപൂർവ്വമായ ഇടപെടലിലൂടെ നമുക്ക് സ്ത്രീകളെ പൊതുധാരയിലെത്തിക്കാൻ സാധിക്കും. ഇതിനായി നമുക്ക് പ്രതിജ്ഞയെടുക്കാം.

☺ 😐 ☹

പട്ടിക 1
DWCRA പദ്ധതി
തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| 3 | വസ്ത്ര നിർമ്മാണ യൂണിറ്റ് | 9596 | 10 | നന്നായി പ്രവർത്തിക്കുന്നു |
| 7 | പശുവളർത്തൽ | 9293 | 10 | പ്രവർത്തനക്ഷമത ഇല്ല |
| 7 | കരിങ്കല്ല് യൂണിറ്റ് | 9091 | 9 | " |
| 10 | കൊപ്ര യൂണിറ്റ് | 9091 | 15 | പ്രവർത്തനമില്ല |
| 11 | ഡയറി യൂണിറ്റ് | 9293 | 7 | പ്രവർത്തിച്ചു വരുന്നു. |
| 14 | കയറുൽപാദനം | 8990 | 14 | പ്രവർത്തനം നടക്കുന്നു. |
| 15 | കരിങ്കല്ല് യൂണിറ്റ് | 9394 | 12 | പ്രവർത്തനം നടക്കുന്നു. |
| 15 | പശുവളർത്തൽ | 9495 | 5 | " |
| 11 | മെറ്റൽ യൂണിറ്റ് | 8990 | 114 | ഇപ്പോഴും വേർതിരിഞ്ഞു പ്രവർത്തിക്കുന്നു. |



# സഹകരണം

ഇന്ത്യയുടെ ആത്മാവ് സ്ഥിതി ചെയ്യുന്നത് ഗ്രാമങ്ങളിലാണെന്ന് രാഷ്ട്രപിതാവായ മഹാ ത്മജിയും , സഹകരണം ഒരു ജീവിത രീതി ആക്കിയേ പറ്റൂ എന്ന് രാഷ്ട്ര ശില്പിയായ ജവഹർലാൽ നെഹ്റുവും പറയുകയുണ്ടായി. സഹകരണ പ്രസ്ഥാനത്തിന്റെ പിതാവായി കണക്കാക്കുന്നത് റോബർട്ട് ഓവനെയാണെങ്കിലും , അതിനും എത്രയോ നൂറ്റാണ്ടുകൾ മുമ്പ് തന്നെ കൃഷിയുടെ വികസനത്തിന് വേണ്ടി ഈജിപ്തിൽ കാർഷിക സഹകരണസംഘങ്ങൾ നിലവിൽ വന്നതായി കാണാം. സ്വാതന്ത്ര ലബ്ധിക്കു മുമ്പ് മഴയെ മാത്രം ആശ്രയിച്ച് കാർഷികപ്രവർത്തികൾ നടത്തിവന്നിരുന്ന നമ്മുടെ രാജ്യത്ത് കർഷകൻ ജനിക്കുന്നതും വളരുന്നതും, മരിക്കുന്നതും കടത്തിൽ തന്നെ ആയിരുന്നു. ഗ്രാമീണ ജനതയെ വിശിഷ്യാ നമ്മുടെ സാമ്പത്തിക ഭദ്രതയുടെ നട്ടെല്ലായ കർഷകരെ കടബാധ്യതയിൽ നിന്നും രക്ഷിക്കുന്നതിനും അവർക്ക് വ്യവസ്ഥാപിതമായ രീതിയിൽ ലളിതമായ മാർഗ്ഗത്തിലൂടെ ആശ്വാസകരമായ പലിശനിരക്കിൽ വായ്പകൾ നൽകുന്നതിനുമായാണ് കാർഷികവായ്പാ സഹകരണ സംഘങ്ങൾ ഇന്ത്യയിൽ രൂപം കൊണ്ടത്. 1904ൽ രൂപീകൃത മായ ഇന്ത്യൻ സഹകരണ നിയമപ്രകാരം ഇന്ത്യയിൽ അങ്ങോളമിങ്ങോളം കാർഷികവായ്പാ സഹകരണ സംഘങ്ങളുടെ രൂപീകരണത്തിന് വഴിതെളി യിച്ചു.

42.37 ച.കി.മീ വിസ്തൃതിയുള്ള തവനൂർ പഞ്ചായ ത്തിലെ പ്രധാന കൃഷികൾ നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ എന്നിവയാണ്. കാലാകാലങ്ങളിൽ കൃഷിചെയ്യുന്ന വിളകളായ ഇഞ്ചി, മഞ്ഞൾ, മരച്ചീനി എന്നിവയും ഇവിടെ കൃഷി ചെയ്തുവരുന്നുണ്ട്. ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന്റെ പ്രധാന ഘടകം വെള്ളവും വിദ്യുച്ഛക്തിയും ആണ്. പക്ഷേ വൈദ്യുതിക്ഷാമം, യന്ത്രവൽക്കരണത്തിനുള്ള തടസ്സം മുതലായ കാരണങ്ങളാൽ കൃഷി അഭിവൃദ്ധിപ്പെടുത്തു ന്നതിനും, ലാഭകരമാക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടില്ല. ഗ്രാമത്തിന്റെ സർവ്വതോമുഖമായ വികസനത്തിന് വഴിതെളിയിക്കുന്ന ഒരു സാമ്പത്തിക പ്രസ്ഥാനമാണ് സഹകരണം. ശക്തമായ സഹകരണസ്ഥാപനങ്ങൾ രൂപീകരിച്ച് ആത്മാർത്ഥതയും കർമ്മോത്സുകതയുമുള്ള സഹകാരികളുടെ നേതൃത്വത്തിൽ തവനൂർ പഞ്ചായ ത്തിന്റെ സമഗ്രവികസനം സാധിക്കാവുന്നതാണ്.

*നിലവിലുള്ള സഹകരണ സംഘ സ്ഥാപനങ്ങൾ*

**1. തവനൂർ സർവ്വീസ് സഹകരണ ബാങ്ക്**

ഈ പഞ്ചായത്തിൽ കാർഷികവായ്പാരംഗത്ത് പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനമാണ് തവനൂർ സർവ്വീസ് സഹകരണ ബാങ്ക്. തവനൂർ പഞ്ചായത്ത് പ്രവർത്തന പരിധിയായി 1963 ജനുവരി 29ന് രജിസ്റ്റർ ചെയ്യപ്പെടുകയും 1963 മാർച്ച് മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രഥമ പ്രസിഡണ്ട് ടി.എം. വാസുദേവൻ നമ്പൂതിരിയായിരുന്നു. ബാങ്കിൽ നിന്നും ആദ്യമായി വായ്പ നൽകിയത് ശ്രീ.എം. നാരായണ മേനോന് ആയിരുന്നു. അദ്ദേഹത്തിന് ആദ്യമായി നൽകിയ വായ്പാതുക 430 രൂപമാത്രമായിരുന്നു.

1963ൽ പ്രവർത്തനം തുടങ്ങി 1996 ജൂൺ 30ന് താഴെപറയും പ്രകാരം വളർച്ച കൈവരിച്ചു.

(രൂപ ലക്ഷത്തിൽ)

| | | |
|---|---|---|
| 1963 | പ്രവർത്തനം ആരംഭിച്ച വർഷം | |
| തവനൂർ പഞ്ചായത്ത് | പ്രവർത്തന പരിധി | |
| 2817 | അംഗങ്ങൾ | |
| 2.99 | വ്യക്തികൾ | ഓഹരി മൂലധനം |
| 3.00 | സർക്കാർ | |
| 67.00 | സ്ഥിരം | നിക്ഷേപങ്ങൾ |
| 18.97 | മറ്റുള്ളവ | |
| 41.00 | കടങ്ങൾ | |
| 6.41 | കാർഷികം | വായ്പകൾ |
| 11.74 | കാർഷികേതരം | |
| 60.80 | മറ്റുള്ള (സഹകരണഫണ്ട്) | |
| 5 | ജീവനക്കാർ | |
| 130.42 | പ്രവർത്തനമൂലധനം | |

2. തവനൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം.

തവനൂർ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി 11 11982ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 24111982ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സഹകരണസ്ഥാപനമാണ് ഇത്. ഇതിന്റെ പ്രവർത്തന പരിധി തവനൂർ പഞ്ചായത്താണ്. സംഘത്തിന്റെ സ്ഥാപക പ്രസിഡണ്ട് ശ്രീ.കെ.പി. അയ്യപ്പൻ ആണ്. ഈ സംഘം രൂപീകരിക്കുന്നതിന് വേണ്ടി മുൻകൈ എടുത്ത് പ്രവർത്തിച്ചവരിൽ പ്രധാനിയാണ്. ശ്രീ.സി.എസ്. പണിക്കർ. 82ൽ പ്രവർത്തനം ആരംഭിച്ച സംഘം 1985ൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി വാങ്ങുകയും, സർക്കാരിൽ നിന്നും 1994 95 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനസഹായം ഉപയോഗിച്ച് കെട്ടിടം പണിയുകയും ചെയ്തു. ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. സംഘത്തിന്റെ കീഴിൽ ഒരു കരിങ്കൽ ഉടക്കൽ യൂണിറ്റും ഒരു കല്ല് വെട്ട് യൂണിറ്റും പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റുകൾ മുഖേന സംഘാംഗങ്ങളായ കുറച്ച് പേർക്ക് തൊഴിൽ നൽകുന്നതിന് സംഘത്തിന് സാധിക്കുന്നുണ്ട്.

3. തവനൂർ സഹകരണ കൺസ്യൂമർ സ്റ്റോർ

തവനൂർ പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി ഉപഭോക്തൃ മേഖലയിൽ പ്രവർത്തിച്ചിരുന്ന ഒരു സഹകരണ സ്ഥാപനമാണ് തവനൂർ സഹകരണ കൺസ്യൂമർ സ്റ്റോർ. എന്നാൽ സംഘം പ്രവർത്തിപ്പിക്കുന്നതിലുണ്ടായ പരാജയം നിമിത്തം ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

4. അയങ്കലം ക്ഷീരോല്പാദക സഹകരണസംഘം

ക്ഷീര മേഖലയിൽ തവനൂർ പഞ്ചായത്തിൽ ആദ്യമായി രൂപീകൃതമായ സഹകരണ സംഘമാണ് അയങ്കലം ക്ഷീരോല്പാദക സഹകരണസംഘം. ഈ സംഘവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇപ്പോൾ പഞ്ചായത്തിലെ ഈ മേഖലയിലുള്ള സംഘം പോത്തനൂർ ക്ഷീരോല്പാദന സഹകരണ സംഘം മാത്രമാണ്.

*ഭാവിപ്രവർത്തനങ്ങൾ*

1. തവനൂർ സർവ്വീസ് സഹകരണ ബാങ്ക്

a. അംഗങ്ങളായി ചേരാൻ യോഗ്യതയുള്ളവരെ മുഴുവൻ അംഗങ്ങളാക്കി അടുത്ത 5 വർഷം കൊണ്ട് ഓഹരി മൂലധനത്തിൽ 5 ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടാക്കുക.

b. കർഷകർക്ക് ആവശ്യമായ വായ്പകൾ ഏതെല്ലാമെന്ന് നിജപ്പെടുത്തി ക്രെഡിറ്റ് ലിമിറ്റ് ഉണ്ടാക്കി ആവശ്യമായ വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ വിതരണം നടത്തുക.

c. നിക്ഷേപം വർദ്ധിപ്പിച്ച് കാർഷികേതര വായ്പകൾ സ്വന്തം ഫണ്ട് മുഖേന വിതരണം ചെയ്യുക

d. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ കാർഷികോപകരണങ്ങൾ അടക്കം ലഭിക്കുന്ന വളം ഡിപ്പോകൾ തുടങ്ങുക.

e. കൂടുതൽ വിഭവസമാഹരണം നടത്തി കണ്ടനകം ഭാഗത്ത് ബാങ്കിന്റെ പുതിയ ശാഖ തുടങ്ങുക.

**2. തവനൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം**

a. സംഘാംഗങ്ങളിൽ നിന്നും വായ്പാ കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കുക

b. വായ്പാ കുടിശ്ശിക 20%ത്തിൽ താഴെ കൊണ്ടുവന്ന് സർക്കാരിൽ നിന്നും ഓഹരി മൂലധനം ലഭ്യമാക്കുക.

c. സംഘത്തിൽ Strong Room ഉള്ളതിനാൽ അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സ്വർണ്ണ പണയം ഏർപ്പെടുത്തുക.

d. അംഗങ്ങൾക്ക് പ്രത്യേകിച്ച് വനിതകൾക്ക് ചെറുകിട തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക.

**പുതിയതായി രൂപീകരിക്കാവുന്ന സഹകരണ സംഘങ്ങൾ**

1. കാർഷിക വിപണന സംഘം

തവനൂർ പഞ്ചായത്ത് മാത്രം പ്രവർത്തന പരിധിയാക്കി ഇപ്പോൾ വിപണന സംഘങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ആയതിനാൽ കാർഷിക വിഭവങ്ങൾ എല്ലാം തന്നെ സ്വകാര്യ കച്ചവടക്കാരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമായി ഉല്പന്നങ്ങൾ വിററഴിക്കേണ്ട ഗതികേടിലാണ് പഞ്ചായത്തിലെ കർഷകർ. പ്രത്യേകിച്ച് നെല്ല്, നാളികേരം തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന കർഷകർ. ഇത് പരിഹരിക്കുവാൻ തവനൂർ പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി ഒരു പൊതു ഉദ്ദേശ വിപണനസംഘം രൂപീകരിക്കേണ്ടതുമാണ്. സംഘത്തിന്റെ ഉദ്ദേശം നെല്ല് കുത്തി അരിയാക്കുന്നതിനും കൊപ്ര ആട്ടി വെളിച്ചെണ്ണയാക്കുന്നതിനും ഉള്ള മില്ലുകൾ സ്ഥാപിക്കുക. അതുപോലെ അടക്ക സംഭരണശാല തുടങ്ങുക.

2. വനിതാ സഹകരണ സംഘങ്ങൾ

ഏതൊരു സാമൂഹ്യ പുരോഗതിക്കും വനിതകൾക്ക് നിർണ്ണായകമായ പങ്കുവഹിക്കാനുണ്ട്. അസംഘടിതരായ വനിതകളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനും, അവർക്ക് സ്വയം സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും വേണ്ടി തവനൂർ പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി ഒരു വനിതാ സഹകരണസംഘം രൂപീകരിക്കാവുന്നതാണ്. ഈ സംഘത്തിന്റെ കീഴിൽ വിവിധോദ്ദേശ്യ പദ്ധതികൾ നടപ്പാക്കി തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുക. ഉദാ റെഡിമെയ്ഡ്, സോപ്പ്, ഗൃഹോപകരണങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവ.

3. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

അസംഘടിത തൊഴിൽ മേഖലയിൽ തവനൂർ പഞ്ചായത്തിൽ വളരെ അധികം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും, പഞ്ചായത്ത് പൊതുമേഖലാ

പ്രവർത്തികൾ എന്നിവ ഏറ്റെടുത്ത് നടത്തുന്നതിന് വേണ്ടി ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കാവുന്നതാണ്. തൊഴിലാളികൾക്ക് ന്യായമായ രീതിയിൽ തൊഴിൽ നൽകുന്നതിനും മെച്ചപ്പെട്ട നിരക്കിൽ വേതനം നൽകുന്നതിനും ഇത് സഹായിക്കും.

#### 4. മണൽത്തൊഴിലാളി സഹകരണസംഘങ്ങൾ

വിസ്തൃതമായ പുഴയോരമുള്ള തവനൂർ പഞ്ചായത്തിൽ മണൽ വാരൽ തൊഴിലാളികൾ ധാരാളം ഉണ്ട്. എന്നാൽ വർഷക്കാലങ്ങളിൽ തൊഴിൽ ലഭിക്കുന്നില്ല. ഇവരെ ബോധവൽക്കരിച്ച് ഇപ്പോൾ പമ്പാനദിയിൽ നിന്നും മണൽ വാരുന്നതിന് വേണ്ടി പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്നമാതിരി ഉള്ള ഒരു സഹകരണ സംഘം രൂപീകരിക്കുകയാണെങ്കിൽ ആ സംഘത്തിന്റെ നേതൃത്വത്തിൽ മണൽ സംഭരിച്ച് സ്റ്റോക്ക് ചെയ്ത് കാലാകാലങ്ങളിൽ മണൽ വിൽക്കുന്നതിനും അതുവഴി തൊഴിലാളികൾക്ക് എന്നും തൊഴിൽ നൽകുന്നതിനും സാധിക്കുന്നതാണ്.


#### 5.സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സംഘങ്ങൾ


തവനൂർ പഞ്ചായത്തിലുള്ള അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വേണ്ടി ബിരുദധാരികളെയും ബിരുദാനന്തര ബിരുദധാരികളെയും ചേർത്ത് വിദ്യാഭ്യാസ സഹകരണസംഘം ആരംഭിക്കാവുന്നതും ആ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കോളേജുകളും സ്കൂളുകളും ആരംഭിക്കാവുന്നതുമാണ്. ഈ സംഘത്തിന്റെ അംഗത്വം ബിരുദധാരികൾക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സർക്കാരിൽ നിന്നും സാമ്പത്തിക അനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

മേൽപ്പറഞ്ഞ സഹകരണസംഘങ്ങൾ കൂടാതെ പഞ്ചായത്തിൽ പ്രവർത്തനം നിലച്ച തവനൂർ സഹകരണ കൺസ്യൂമർ സ്റ്റോർ പുനരാരംഭിക്കേണ്ടതാണ്. പ്രവർത്തന സാധ്യത ധാരാളം ഉണ്ട്. ഡയറി സംഘങ്ങൾ പുതിയതായി തുടങ്ങാവുന്നതാണ്. പാൽ സംഭരിക്കുന്നതിനും, വിപണനം നടത്തുന്നതിനും ആയി അയങ്കലം, നരിപ്പറമ്പ്, പാറപ്പുറം എന്നീ ഭാഗങ്ങൾ കേന്ദ്രീകരിച്ച് ഗുജറാത്തിലെ 'ആനന്ദ്' മാതൃകയിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്. മത്സ്യകൃഷി, കോഴിവളർത്തൽ എന്നിവക്കുള്ള സഹകരണ സംഘങ്ങളും പഞ്ചായത്തിൽ രൂപീകരിക്കാവുന്നതാണ്.

ഇപ്പോൾ ഈ പഞ്ചായത്തിൽ ദുർബ്ബലമായി പ്രവർത്തിക്കുന്ന സഹകരണമേഖല മേൽപ്പറഞ്ഞ രീതിയിൽ സമ്പുഷ്ടമാക്കി പഞ്ചായത്തിന്റെ സമഗ്ര വികസനം അടുത്ത 5 വർഷത്തിനകം നേടാൻ കഴിയുന്നതുമാണ്.

☺ 😐 ☹





# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

**ആമുഖം.**

പൊന്നാനി താലൂക്കിലെ വിവിധപഞ്ചായത്തുകളിലെ പട്ടികജാതി കുടുംബങ്ങളുടെ കണക്കുകൾ പരശോധിച്ചാൽ ഈവിഭാഗത്തിൽപ്പെട്ടവർ ഏറ്റവും കൂടുതൽ ഈ പഞ്ചായത്തിൽ ആണെന്നുകാണാം. കഴിഞ്ഞകാലങ്ങളിൽ ഈവിഭാഗം വളരെയധികം ചൂഷണങ്ങൾക്ക് വിധേയരായവരാണ്. അയിത്തത്തിന്റെ കാര്യത്തിലും മറ്റും ഇവരെ സമൂഹത്തിൽനിന്നും ഒഴിച്ചുനിർത്തിയിരുന്ന കാലഘട്ടം ഉണ്ടായിരുന്നു. അദ്ധ്വാനത്തിന് തക്ക പ്രതിഫലംകിട്ടാതെ കൂടുതൽ സമയം പണ എടുക്കാൻ ഇവർ നിർബന്ധിക്കപ്പെട്ടിരുന്നു. ഭൂവുടമകളുടെ കൃഷിയിടങ്ങളിൽ പണിയെടുക്കുന്നതിനുപകരമായി അവർ ദാനമായി കൊടുത്ത സ്ഥലങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളുടെ പിൻമുറക്കാരാണ് ഇന്നത്തെ ഹരിജൻ കോളനികളിൽ താമസിക്കുന്നവരിൽ കൂടുതൽ പേരും. ഇത്തരം കോളനികൾ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. കൂടാതെ നല്ലൊരുവിഭാഗം കുടുംബങ്ങൾ ലക്ഷംവീട് കോളനികളിലും നാല് സെന്റ് കോളനികളിലും താമസിച്ചുവരുന്നു. ഇവരുടെയെല്ലാം സ്ഥിതി വളരെ ശോചനീയാ വസ്ഥയിലാണ്.

ഈ മേഖലയിലെ എണ്ണപ്പെട്ട കർഷകകർഷകത്തൊഴിലാളി സമരങ്ങളിൽ ഇവർ തുല്യ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നിന്നും പൂർണ്ണമായി മോചനംനേടാൻ കഴിഞ്ഞില്ലെങ്കിലും ഇന്ന് എല്ലാ മേഖലയിലും മോശമല്ലാത്ത പരിഗണന ഈ വിഭാഗക്കാർക്ക് ലഭിച്ചുവരുന്നു.

*ജനസംഖ്യ*

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 17 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗം ഇവിടെയില്ല. അംഗീകാരം ലഭിച്ച 37കോളനികളും, അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതും ഇനിയും ഉൾപ്പെടുത്തേണ്ട കോളനികളും ഇനിയും ഉണ്ട്. ആകെ 8518 പേർ ഈ വിഭാഗത്തിൽപ്പെട്ടവരാണ്. പുരുഷൻമാരിൽ 4178 പേരും സ്ത്രീകൾ 4340 പേരുമാണെന്ന് സെൻസസ് കണക്കുകൾ സൂചിപ്പിക്കുന്നു.

*വിദ്യാഭ്യാസം*

സാക്ഷരതായജ്ഞത്തിലൂടെ ധാരാളം പേർ സാക്ഷരരായെങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം ഇപ്പോഴും പലരും നിരക്ഷരരാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ശരാശരി നിലവാരവും പുലർത്തുന്നു.എല്ലാവിധ സംവരണാനുകൂല്യങ്ങളും ഉണ്ടായിട്ടും ഉന്നതവിദ്യാഭ്യാസം ലഭിച്ചവർ ഇപ്പോഴും ഈ വിഭാഗത്തിൽ തൊഴിൽരഹിതരായുണ്ട്.

പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിന് കൂടുതൽ പേരും എത്തുന്നില്ല. പ്രാഥമികവിദ്യാഭ്യാസ മേഖലയിൽതന്നെ 'കൊഴിഞ്ഞുപോക്ക്' നടത്തുന്നവരിൽ ഭൂരിഭാഗവും പട്ടികജാതിയിൽപ്പെട്ടവരാണ്. കുടംബത്തിലെ ദാരിദ്ര്യം മൂലവും കുടുംബബാധ്യതഏറ്റെടുക്കേണ്ടിവരുന്നത് കൊണ്ടും ഈ പ്രവണത തുടരുകയാണ്. 199697 അധ്യയനവർഷത്തിൽ ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ 1516 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. SSLC പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾ തുടർന്ന് പഠിക്കുന്നതിന് വിമുഖത കാണിക്കുന്നു.

*തൊഴിൽ മേഖല*

കാർഷികമേഖലയിൽ പണിയെടുത്തു ഉപജീവനം കഴിക്കുന്നവരാണ് പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും. എന്നാൽ ഇപ്പോൾ കാർഷികമേഖലയിൽ അനുഭവപ്പെടുന്ന മാന്ദ്യം മറ്റുമേഖലകളിലേക്ക് ജോലി സാധ്യത അന്വേഷിക്കാൻ ഇവരെ പ്രേരിപ്പിക്കുന്നു. ഇക്കാരണത്താൽ കാർഷികജോലിക്ക് വേണ്ടത്ര തൊഴിലാളികളെ കിട്ടുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഭൂമി തരിശിടുന്നതും, നെൽകൃഷിസ്ഥലങ്ങൾ നികത്തി തെങ്ങ് വെച്ചുപിടിപ്പിക്കുന്നതും ഈ മേഖലയിൽ തൊഴിൽ സാധ്യതകുറയാൻ ഇടയാക്കിയിട്ടുണ്ട്. ഇതുകൊണ്ട് വർഷത്തിൽ ഏകദേശം 100 ദിവസങ്ങൾ മാത്രമാണ് കാർഷിക വൃത്തിയിൽ ജോലിലഭിക്കുന്നത്. പുരുഷൻമാർക്ക് ഏകദേശം 100രൂപയും സ്ത്രീകൾക്ക് 60രൂപയും ഈ മേഖലയിൽ കൂലി ലഭിക്കുന്നു.

പരമ്പരാഗത തൊഴിലിലേർപ്പെട്ടിട്ടുള്ള വലിയ ഒരുവിഭാഗം ജനങ്ങൾ പട്ടികജാതിയിൽ ഉണ്ട്. കുട്ട,മുറം,പായ തുടങ്ങിയവ നിർമ്മിക്കുന്ന വരാണ് അധികവും. മുൻകാലങ്ങളെ അപേക്ഷിച്ച് ഈ ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ വിപണന സാധ്യത കുറഞ്ഞതും അസംസ്കൃത വസ്തുക്കളായ മുള, കൈതോല എന്നിവയുടെ ദൗർലഭ്യവും ഇത്തരം തൊഴിൽ ചെയ്യുന്നവരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

*പാർപ്പിടം*

സാമാന്യം വാസയോഗ്യമായ വീടുകൾ ഈ വിഭാഗത്തിലുള്ളവർക്ക് അപൂർവ്വമാണ്. ഭൂരിപക്ഷം പേരും പട്ടികജാതി കോളനികളിലും, ലക്ഷംവീട്, നാല് സെന്റ് കോളനികളിലും വസിക്കുന്നു. പലവീടുകളും ഓലപ്പുരകളും കുടിലുകളുമാണ്. വർഷാവർഷം ഇവ കെട്ടിമേയുന്നതിനുതന്നെ നല്ലൊരുതുക വേണ്ടിവരുന്നു. ദിനംപ്രതി കൂലിവേല ചെയ്തു ജീവിക്കുന്ന ഇവരിൽ ഭൂരിപക്ഷത്തിനും സ്വന്തമായി നല്ലൊരു വീട് എന്നത് സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു.

പട്ടിക 1 കാണുക

*ആരോഗ്യം*

ആവാസസ്ഥലത്തെ പ്രത്യേകതകൾ മൂലം ആരോഗ്യം ഒരു പ്രശ്നമേഖലയാണ്. എല്ലാവീടുകൾക്കും കക്കൂസുകൾ ഇല്ല. വിവിധമേഖലകളിൽ നിന്നും കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം നൽകിവരുന്നു. ഇപ്പോഴും എല്ലാ വീടുകൾക്കും കക്കൂസ് എന്നലക്ഷ്യം ഇപ്പോഴും കൈവരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ കോളനികൾക്ക് പരിസരമലിനീകരണം ഒരു പ്രശ്നമാണ്.

ശുദ്ധജലലഭ്യതയും പൂർണ്ണമല്ല. ഇപ്പോഴും ഒട്ടുമിക്ക പട്ടികജാതി കോളനികളിലും കുടിവെള്ളക്ഷാമം നിലനിൽക്കുന്നു. വേനൽക്കാലങ്ങളിൽ കിണറുകളിൽ ലഭിക്കുന്ന വെള്ളം മലിനപ്പെടുന്നത് കൊണ്ട് പലവിധ അസുഖങ്ങളും ഈ കോളനികളിൽ പടർന്നുപിടിക്കുന്നു.

വൈദ്യുതീകരണം നടന്ന കോളനികൾ അപൂർവ്വമാണ്. സ്വന്തമായി വൈദ്യുതകണക്ഷൻ എടുക്കുന്നതിന് സാമ്പത്തിക പരാധീനത ഉള്ളതിനാൽ കഴിയുന്നില്ല.

*കലാസാംസ്കാരികരംഗം*

പുരാതന കലാരൂപങ്ങളായ തിറ, പൂതൻ, തോറ്റംപാട്ട്, കളമെഴുത്ത് തുടങ്ങിയവ അഭ്യസിച്ച ധാരാളം കലാകാരൻമാർ ഈ മേഖലയിലുണ്ട്. ക്ഷേത്ര ഉൽസവങ്ങളിൽ മാത്രമാണ് ഇത്തരം കലാരൂപങ്ങൾ അരങ്ങേറുന്നത്. ഏറ്റവും പുരാതനമായ കലാരൂപങ്ങൾ എന്നനിലക്ക് ഇവ വേരറ്റുപോകാതെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അവശനിലയിൽ കഴിയുന്ന ഇത്തരത്തിലുള്ള കലാകാരൻമാർക്ക് ആനുകൂല്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

*പൊതുപ്രശ്നങ്ങൾ*

1. പട്ടികജാതിയിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം നേടിയെടുക്കുന്നതിൽ ഇവർ വേണ്ടത്ര ബോധവാൻമാരല്ല.

2. ചെറിയകാരണങ്ങൾ ഉയർത്തിക്കാട്ടി വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവർ ഈ വിഭാഗത്തിൽ വളരെ കൂടുതലാണ്. പലരും SSLC വരെ പോലും എത്തുന്നില്ല.

3. പട്ടികജാതി വികസന കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് യഥാസമയം ലഭിക്കുന്നില്ല.

4. ബോധവൽക്കരണത്തിനുള്ള അനൗപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവം.

5. പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത വീടുകളിൽ താമസിക്കുന്നു.

6. കുടിവെള്ളത്തിന്റെ അപര്യാപ്തത, കക്കൂസുകളുടെ അഭാവം എന്നിവ കോളനികളിൽ താമസിക്കുന്നവരുടെ ആരോഗ്യം നശിപ്പിക്കുന്നു.

7. കോളനിനിവാസികൾക്ക് വേണ്ടി പൊതുശ്മശാനം ഇല്ല.

8. വായ്പകൾ കൊണ്ടും ധനസഹായങ്ങൾ കൊണ്ടും കോളനികളുടെ പുരോഗമനം ലക്ഷ്യത്തിലെത്തുന്നില്ല.

9. കോളനികളെ കേന്ദ്രീകരിച്ചു പ്രവർത്തിച്ചുവരുന്ന മദ്യഷാപ്പുകൾമൂലം കുടുംബങ്ങളിലെ ഭദ്രത കുറയുന്നു. സാമ്പത്തിക പ്രശ്നങ്ങളും ഉണ്ടാകുന്നു.

10. പൊതുപ്രവർത്തനരംഗത്ത് പട്ടികജാതിയിൽപ്പെട്ടവരുടെ പ്രാതിനിധ്യം ഇന്ന് കുറവായി കാണപ്പെടുന്നു. (പ്രത്യേകിച്ചും വനിതകൾ)

11. എല്ലാവിധ സംവരണാനുകൂല്യങ്ങളും ഉണ്ടായിട്ടും വിദ്യാഭ്യാസം ലഭിച്ചവർ ഇന്നും ഈ വിഭാഗത്തിൽ തൊഴിൽ രഹിതരായി നിൽക്കുന്നു. ഇവരിൽ പലരും സാങ്കേതികവും, തൊഴിലധിഷ്ഠിതവുമായ വിദ്യാഭ്യാസം ലഭിച്ചവരാണ്.

12. അന്ധവിശ്വാസങ്ങൾ ഈ വിഭാഗത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ പലവിധ ചൂഷണങ്ങളും ഇതിന്റെ മറവിൽ നടക്കുന്നു.

*സാധ്യതകൾ*

1. ഓരോകുടുംബങ്ങളിലും വരുമാനം വർദ്ധിപ്പിക്കേണ്ടതിനും ജീവിതനിലവാരം ഉയർത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം.

2. എല്ലാ കോളനികൾക്കും, കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി വേണം

3. കോളനികളിൽ ഉൾപ്പെട്ട വീടുകളിലും അല്ലാത്ത വീടുകളിലും കക്കൂസിന്റെ അഭാവം പരിഹരിക്കുവാൻ ഒരു സമഗ്രപദ്ധതി വേണം

4. വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ പഠനോപകരണങ്ങൾ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ കണ്ടെത്തണം

5. അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുക

6. മദ്യവർജ്ജനത്തിന് വേണ്ട ബോധവൽക്കരണം നടത്തുക

7. ഈ വിഭാഗത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക

8. ഈ പഞ്ചായത്തിൽ ഒരു പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക

9. കോളനികൾ കേന്ദ്രീകരിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. സാങ്കേതിക വിദ്യാഭ്യാസം

നൽകുവാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുക.

10. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിവാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും പട്ടയം ലഭിക്കാൻ ബാക്കിയുള്ള മുഴുവൻ പേർക്കും പട്ടയും നൽകുകയും ചെയ്യുക

11. പട്ടികജാതിക്കാർക്കുവേണ്ടി ഈ പഞ്ചായത്തിൽ ഇപ്പോൾ ഒരു സർവ്വീസ് സഹകരണസംഘം പ്രവർത്തിക്കുന്നുവെങ്കിലും കാര്യമായി യാതൊന്നുംതന്നെ ചെയ്യാൻ കഴിയുന്നില്ല. സൊസൈറ്റിയുടെ പ്രവർത്തനം ജനക്ഷേമകരമാക്കുവാൻ ജനകീയപദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കൂടുതൽ വ്യവസായ സംരംഭങ്ങൾ കോളനികളിൽ നടപ്പാക്കുന്നതിന് ഈ സംഘത്തെ പരമാവധി പ്രയോജനപ്പെടുത്തണം.

12. നിലവിലുള്ള ഓലക്കുടിലുകൾ മാറ്റി വീട് വെക്കുന്നതിന് സാമ്പത്തികസഹായം ഏർപ്പെടുത്തുക. കൂടാതെ ഓലമേഞ്ഞ വീടുകൾ ഓടുമേയുന്നതിനുള്ള സഹായവും നൽകണം. എന്നാൽ വർഷം തോറും ഇവകെട്ടിമേയാനുള്ള ഭാരിച്ച ഉത്തരവാദിത്വവും സാമ്പത്തിക ഭാരവും ഇവർക്കു കുറഞ്ഞുകിട്ടും.


13. എല്ലാ പട്ടികജാതി കോളനികളും പൂർണ്ണമായും വൈദ്യുതീകരിക്കുക

പഞ്ചായത്തിലെ പട്ടികജാതി കോളനികളും വിശദവിവരങ്ങളും.

പട്ടിക 1

| വാർഡ് നമ്പർ | കോളനിയുടെപേര് | വീടുകളുടെ എണ്ണം | ഓല | ഓട് | കോൺക്രീറ്റ് |
|---|---|---|---|---|---|
| 1 | കാക്കശ്ശേരി കുന്ന് | 32 | 5 | 27 | |
| 2 | ഇമ്പിച്ചിബാവ സ്മാരക ഹരിജൻ കോളനി, അതളൂർ | 36 | 10 | 26 | |
| 2 | A.K.G. സ്മാരക ഹരിജൻ കോളനി, മാത്തൂർ | 43 | 32 | 10 | 1 |
| 3 | കടകശ്ശേരി ഈസ്റ്റ് | 31 | 7 | 24 | |
| 3 | കടകശ്ശേരി എരുകുളങ്ങര പറമ്പ് | 33 | 6 | 27 | |
| 3 | കണ്ണംപറമ്പ് ഹരിജൻ കോളനി | 20 | 6 | 13 | 1 |
| 3 | അന്ത്യാളം പറമ്പ് (മുവ്വാങ്കര) കോളനി | 12 | 3 | 9 | |
| 4 | അയിങ്കലം കാട്പറമ്പ് ഹരിജൻ കോളനി | 28 | 12 | 16 | |
| 5 | വെള്ളാഞ്ചേരി കരിമ്പലപ്പിൽ ഹരിജൻ കോളനി | 42 | 20 | 22 | |
| 6 | ചീരക്കുഴി ഹരിജൻ കോളനി | 17 | 3 | 13 | 1 |
| 6 | കൂരട ഹരിജൻ കോളനി | 28 | 18 | 9 | 1 |
| 6 | ചേന്നിവീട്ടിൽ പടി | 13 | 9 | 4 | |
| 6 | കുണ്ടുകാട് ഹരിജൻ കോളനി | 34 | 21 | 13 | |
| 7 | തൃക്കണാപുരം ഹരിജൻ കോളനി | 47 | 8 | 37 | 2 |
| 7 | പൂതാളശ്ശേരി ഹരിജൻ കോളനി | 22 | 9 | 12 | 1 |
| 7 | സംസ്കാര ഹരിജൻ കോളനി | 30 | 12 | 10 | 8 |
| 8 | അംബേദ്കർ ഹരിജൻ കോളനി | 34 | 4 | 30 | |
| 8 | തടപ്പറമ്പ് ഹരിജൻ കോളനി | 8 | 7 | 1 | |
| 8 | പറപ്പൂത്ത്പറമ്പ് ഹരിജൻ കോളനി | 25 | 15 | 9 | 1 |
| 8 | മറവഞ്ചേരി ഹരിജൻ കോളനി | 19 | 9 | 10 | |
| 9 | കാലടി ഹരിജൻ കോളനി | 12 | 4 | 8 | |

| | | | | | |
|---|---|---|---|---|---|
| 9 | വട്ടപ്പറമ്പ് ഹരിജൻ കോളനി | 16 | 2 | 14 | |
| 9 | ഇന്ദിരാ ഹരിജൻ കോളനി | 12 | 1 | 11 | |
| 10 | കണ്ണറമ്പ ഹരിജൻ കോളനി | | | | |
| 10 | കൊറ്റിക്കുന്ന ഹരിജൻ കോളനി | | | | |
| 11 | മുണ്ടങ്ങപ്പറമ്പ് ഹരിജൻ കോളനി (മൂർച്ച) | 11 | 3 | 8 | |
| 12 | കുണ്ടയാർ ഹരിജൻ കോളനി | 28 | 1 | 27 | |
| 12 | തിരുത്തികുണ്ടയാർ ഹരിജൻ കോളനി | 10 | 3 | 7 | |
| 13 | മാങ്ങാട്ടൂർ ഹരിജൻ കോളനി | 57 | 29 | 26 | 2 |
| 13 | ചേലത്തുപറമ്പ് ഹരിജൻ കോളനി | 42 | 31 | 11 | |
| 13 | ആമ്പൽ ഹരിജൻ കോളനി | 20 | 4 | 16 | |
| 14 | പത്തായപ്പറമ്പ് ഹരിജൻ കോളനി | 60 | 30 | 20 | 10 |
| 14 | കുന്നംപുള്ളി ഹരിജൻ കോളനി | 50 | 25 | 15 | 10 |
| 14 | തെല്ലാക്കയിൽ ഹരിജൻ കോളനി | 30 | 10 | 10 | 10 |
| 14 | ആനെകുന്നത്ത് ഹരിജൻ കോളനി | 35 | 20 | 10 | 5 |
| 14 | തണ്ടിലം ഹരിജൻ കോളനി | 60 | 40 | 15 | 5 |
| 15 | നരിപ്പറമ്പ് ഹരിജൻ കോളനി | 14 | 11 | 3 | |
| 15 | വയലിപ്പൊറ്റത്തറ ഹരിജൻ കോളനി | 17 | 9 | 8 | |



# വിഭവസമാഹരണം

കാർഷിക വ്യാവസായിക മേഖലകൾ വികസിപ്പി ക്കുകയും മറ്റു സ്രോതസ്സുകൾ കൂടുതൽ ഫലവത്താ ക്കുകയും ചെയ്ത് വിഭവസമാഹരണ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

നെൽകൃഷിസ്ഥലം നികത്തി പുരയിടങ്ങളും തെങ്ങിൻ തോപ്പുകളും ആക്കി മാറ്റിയത് കൊണ്ട് ഭൂനികു തിയുടെ നിലവിലുള്ള ഘടനമാറ്റി വരുമാനം വർദ്ധിപ്പി ക്കാനുള്ള നടപടികൾ സ്വീകരിക്കണം. വൈദ്യുതി ക്ഷാമവും, വോൾട്ടേജ് കുറവും വ്യവസായ വളർച്ചക്ക് വിഘാതമാണ്.

സർക്കാർ ഗ്രാന്റുകൾ പഞ്ചായത്തിലെ ജനസംഖ്യാനു പാതികമായും, ദാരിദ്രമേഖലക്ക് താഴെയുള്ളവർ, പട്ടികജാതി, മറ്റു ദുർബ്ബലവിഭാഗം എന്നിവർക്ക് അർഹി ക്കുന്ന പരിഗണന നൽകിക്കൊണ്ടും നീതിപൂർവ്വകമായി വിതരണംചെയ്യണം.

കച്ചവടസ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസിനത്തിൽ 9495വർഷം പിരിഞ്ഞുകിട്ടിയസംഖ്യ 1386രൂപ മാത്രമാണ്. മുഴുവൻ കച്ചവടക്കാരും നികുതിദായ കരായി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടാവില്ല. അവരെ കൂടി ഉൾപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാം. വരുമാനമുള്ള വരെല്ലാം ഒരു നിശ്ചിത സ്ലാബ് വെച്ചെങ്കിലും നികുതിദായക രായിരിക്കണം.

കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്കരിക്കണം. ആധുനികവും വിലയേറിയതുമായ കെട്ടിടനിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള വീടുകൾക്കും, തറവിസ്താരം കൂടുതലുള്ളവർക്കും നികുതിയുടെ തോത് വർദ്ധിപ്പിക്കാം. കെട്ടിടങ്ങളുടെ വലിപ്പം, ഓട്, ടെറസ്സ് എന്നിവ വേർതിരിച്ച് സ്ലാബ് സമ്പ്രദായം ഏർപ്പെടുത്താം. അതുപോലെ വാടകക്കെട്ടിടങ്ങൾക്ക് ഉടമ വാങ്ങുന്ന യഥാർത്ഥ വാടകയുടെ തോതനുസരിച്ച് നികുതി നിശ്ചയിക്കണം. തൊ ഴിൽ നികുതിയായി ഇന്ന് പിരിക്കുന്നത് സർക്കാർ, അർധസർക്കാർ ജീവനക്കാരിൽ നിന്നും അധ്യാപകരിൽനിന്നും മാത്രമാണ്. മറ്റുള്ള എല്ലാ വിഭാഗം തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൽ ഉൾപ്പെടുത്തുകയും അവരിൽനിന്നും ചെറിയ തോതിൽ നികുതി വസൂലാക്കുകയും ചെയ്യേണ്ടതാണ്. നികുതി നിശ്ചയിക്കുന്നതിന് വാർഡുതല ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നത് നന്നായിരിക്കും. സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, ഫെഡറൽ ബാങ്ക്, നെടുങ്ങാടി ബാങ്ക്, എന്നീ മൂന്നു ബാങ്കുകളും തവനൂർ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കുമാണ്. ഈ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ ഇവയിൽ ആദ്യം പറഞ്ഞ മൂന്നു ഷെഡ്യൂൾഡ് ബാങ്കിൽനിന്നും അർഹതപ്പെട്ടവർക്ക് വായ്പ ലഭിക്കാനുള്ള സംവിധാനം കുറവാണ്.

നടപടിക്രമങ്ങൾ കുറെക്കൂടി ലഘൂകരിച്ച് നിക്ഷേപത്തിന്നാനുപതികമായി വായ്പ ലഭ്യമാക്കണം. വിദേശത്ത് ജോലിയുള്ളവരുടെ നിക്ഷേപം പൂർണമായും ഈ പഞ്ചായത്തിലെ ബാങ്കുകളിൽ വരികയാണെങ്കിൽ ഇവിടെയുള്ള ബാങ്കുകളിലെ വായ്പാനുപാതം വർധിപ്പിക്കാനും സാമ്പത്തി സഹായം വർധിപ്പിക്കാനും പ്രത്യുൽപാദനപരമായ വിധത്തിൽ വിദേശപണം ഉപയോഗിക്കാനും കഴിയും. പഞ്ചായത്തിന്റെ മുക്കിനും മൂലയിലും നടത്തിക്കൊണ്ടിരിക്കുന്ന 'ബ്ലേഡ് കമ്പനികൾ' അവസാനിപ്പിക്കുകയും ജനങ്ങളെ സഹകരണ ബാങ്കു മായി ഇടപാട് നടത്തുവാൻ പ്രോത്സാഹിപ്പി ക്കുകയും വേണം. ഗൾഫിൽ ജോലി ചെയ്യുന്നവരുടെ ഡെപ്പോസിറ്റു (Deposit) നമ്മുടെ പഞ്ചായത്തിലെ ബാങ്കിൽ (സഹകരണ) നിക്ഷേപിക്കാനുള്ള തീവ്രശ്രമം നടത്തേണ്ടിയിരിക്കുന്നു.

*മറ്റു വരുമാന മാർഗ്ഗങ്ങൾ*

വിനോദനികുതിയിനത്തിൽ ഈ പഞ്ചായത്തിന് 1994 95 വർഷത്തിൽ ആകെ ലഭിച്ച സംഖ്യ വളരെ പരിമിത മാണ്. ഒരു സിനിമാ ടാക്കീസ് മാത്രമേയുള്ളൂ. കലാ കായിക പ്രവർത്തനങ്ങൾക്ക് യാതൊരു സൗകര്യവും നിലവിലില്ല. പഞ്ചായത്തിൽ ഗ്യാലറികളോടു കൂടി ഒരു സ്റ്റേഡിയം, കമ്മ്യൂണിറ്റി ഹാളുകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവ നിർമിച്ച് അവയിൽനിന്നുള്ള വാടകയിനങ്ങ ളിലൂടെ വരുമാനം വർധിപ്പിക്കാം. മല്ലൂർ ശിവക്ഷേത്രത്തിന് സമീപമുള്ള പുറമ്പോക്കു സ്ഥലത്ത് 'കംഫർട്ട് സ്റ്റേഷൻ' നിർമിക്കാനുള്ള സാധ്യത ആരായണം. സഞ്ചാരികളെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസമാണ്. പഞ്ചായ ത്തിന്റെ വരുമാനം വർധിപ്പിക്കാനും സാധിക്കും. കൂടാതെ ഗ.ഠ.ഉ.ഇ. മോഡൽ ചെറിയ തട്ടുകടകൾ നിർമ്മിക്കുന്നത് നന്നായിരിക്കും. കെട്ടിട നിർമാണത്തിനു വേണ്ട ചെങ്കല്ല്, കരിങ്കല്ല് എന്നീ ധാതു സമ്പത്തുക്കളുടെ ഖനനം വഴി പഞ്ചായത്തിന് ഒരു വരുമാനവും ഇന്ന് ലഭിക്കുന്നില്ല. അതു പോലെ ഭാരതപ്പുഴയിൽനിന്നും മണൽ വാരുന്ന ഇനത്തിൽ ഇന്ന് ലഭിക്കുന്ന വരുമാനവും വളരെ പരിമിതമാണ്. പരിസ്ഥിതി പ്രശ്നങ്ങളുണ്ടാവാത്ത വിധത്തിൽ ഈ ധാതു സമ്പത്തിന്റെ ചൂഷണം വഴി പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാം. എടുക്കുന്ന മണലിന് അളവില്ല, നിയന്ത്രണമില്ല. മണൽ തൊഴിലാളി സഹകരണ സംഘം രൂപീകരിച്ച് വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ സാധിക്കും.

1472 ഏക്ര പുറമ്പോക്കു ഭൂമി ഈ പഞ്ചായത്തിലുണ്ടെന്നു കാണുന്നു. അതിൽ കുറെ ഭാഗം

അന്യാധീനപ്പെടുകയും അവ തെങ്ങിൻതോപ്പുകളും പുരയിടങ്ങളുമായി മാറുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളുടെ കൈവശക്കാരിൽനിന്ന് മാർക്കറ്റ് വിലയുടെ ഒരു നിശ്ചിത ശതമാനം വില ഈടാക്കേണ്ടതാണ്. അന്യാധീനപ്പെട്ട മറ്റു പുറമ്പോക്കു ഭൂമി ഒഴിപ്പിച്ചെടുക്കണം. അങ്ങിനെ മൊത്തം ലഭിക്കുന്ന പുറമ്പോക്കു ഭൂമി പഞ്ചായത്തിനുള്ള ഒരു വരുമാന സ്രോതസ്സായിരിക്കണം. ഉദാഹരണം ഇന്ധനത്തിനായി ഇവിടെ കൂടുതലായും ഉപയോഗിക്കുന്നത് വിറകാണ്. വിറകിന് ദൗർലഭ്യവും വില കൂടുതലും ഉള്ളതുകൊണ്ട് പുറമ്പോക്കു ഭൂമിയിൽ സാമൂഹിക വനവൽക്കരണ പദ്ധതിയിലൂടെ നാട്ടുമരങ്ങളും ഫലവൃക്ഷങ്ങളും വെച്ചു പിടിപ്പിച്ച് വിറകിന്റെ ദൗർലഭ്യം പരിഹരിക്കാവുന്നതാണ്. പുഴയോര പ്രദേശം വളച്ചു കെട്ടി സ്വകാര്യ സ്വത്താക്കി മാറ്റുന്ന പ്രവണത അവസാനിപ്പിക്കണം. ലീസിനു കൊടുക്കാവുന്ന പുറമ്പോക്കു ഭൂമി നമ്മുടെ പഞ്ചായത്തിലുണ്ട്. അവ സർവ്വേ ചെയ്ത് തരംതിരിച്ച് വരുമാനസ്രോതസ്സാക്കാവുന്ന വിധത്തിൽ ലീസിനു കൊടുക്കാൻ നടപടികളെടുക്കണം. 1.86 ഏക്ര ഭൂമി തരിശായി കിടക്കുന്നുണ്ടെന്ന് കാണുന്നു. ഈ ഭൂമി ഏതെങ്കിലും വിധത്തിൽ പ്രയോജനപ്പെടുത്തണം. വളരെ കാലമായി പൂട്ടിക്കിടക്കുന്ന വഞ്ചിനാട് ലെതേഴ്സ്, കൃഷ്ണാ കെമിക്കൽസ് തുടങ്ങിയ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുവാൻ പഞ്ചായത്ത് തലത്തിൽ ചെയ്യാൻ കഴിയുന്ന നടപടികളെടുക്കണം. കുറെ തൊഴിലാളികൾക്ക് ഇതു വഴി ജോലി ലഭിക്കും. തൊഴിൽ നികുതി ഇനത്തിലും മറ്റു വിധത്തിലും പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാൻ കഴിയും.

'വ്യവസായം'എന്ന വിഷയത്തിൽ നിർദേശിക്കപ്പെട്ടിട്ടുള്ള ജോലിസാധ്യതകൾ നടപ്പിൽ വരുത്തിയാൽ അതു വഴി പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാം.

എം.പി. ഫണ്ടിൽനിന്നുള്ള പരമാവധി വിഹിതം പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിനും ജനസംഖ്യക്കും ആനുപാതികമായി നേടിയെടുക്കാൻ ശ്രമിക്കണം.

പഞ്ചായത്ത് നടത്തുന്ന വികസനപ്രവർത്തനങ്ങൾ നിലവിലുള്ള രീതിയിൽ സ്വകാര്യ കോൺട്രാക്ടർമാരെ ഏൽപ്പിക്കുന്നതിനു പകരം ജനകീയ സമിതികളെ ഏല്പിച്ചാൽ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാവുകയും ദുർവ്യയം ഒഴിവാക്കാൻ കഴിയുകയും ചെയ്യും.

വ്യാപകമായ ബോധവൽക്കരണത്തിലൂടെ പരമാവധി സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിച്ചുകൊണ്ട് വികസന പ്രവർത്തനത്തിനു വേണ്ട സാധന സാമഗ്രികളുടെ വില പഞ്ചായത്തു വഹിക്കുകയും മറ്റു പ്രവർത്തനങ്ങൾ മനുഷ്യാധ്വാനം വഴി സംഘടിപ്പിക്കുകയും ചെയ്യാം. ഗ്രാമീണർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും ഉപഭോക്താക്കൾക്ക് അവ വാങ്ങാനും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനു വേണ്ടി രണ്ടോ മൂന്നോ ആഴ്ച ചന്തകൾ ആരംഭിക്കാവുന്നതാണ്.

ദേശീയ സമ്പാദ്യപദ്ധതിയിലേക്ക് പഞ്ചായത്തിൽ നിന്ന് പരമാവധി നിക്ഷേപസമാഹരണം നടത്തിയാൽ ആകെ നിക്ഷേപത്തിന്റെ നിശ്ചിത വരുമാനം (15 % 25%) പഞ്ചായത്തിനു ലഭിക്കും. ഭരണസമിതി ഇതിനു വേണ്ട സംവിധാനമുണ്ടാക്കുന്നത് നന്നായിരിക്കും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരെ (പട്ടിക നോക്കുക) പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരെ ചേർത്തുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി വികസന പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

പഞ്ചായത്തിൽ ഗൾഫിൽ ജോലി ചെയ്യുന്നവരുടെ കണക്ക് ഇപ്പോൾ ലഭ്യമില്ല. അവരുടെ പണം മുഴുവൻ കമ്പിയും, സിമന്റും, കോൺക്രീറ്റുമാക്കി മാറ്റുകയാണ്. സഹകരണടിസ്ഥാനത്തിൽ ഇവർക്ക് ചെറുകിട വ്യവസായ സംരഭങ്ങൾ തുടങ്ങാവുന്നതാണ്. കുറച്ചു പേർക്കെങ്കിലും ഇതു വഴി ജോലി ലഭിക്കും.

(സാധ്യതകൾ: കെട്ടിട നിർമ്മാണ സാമഗ്രികൾ, സോപ്പ് നിർമ്മാണ യൂണിറ്റ്, മുയൽ വളർത്തൽ കേന്ദ്രം, കോഴി വളർത്തൽ കേന്ദ്രം, കന്നുകാലി വളർത്തുകേന്ദ്രം തുടങ്ങിയവ)

തവനൂർ K.M.G.V.H.S ഹൈസ്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയായ അഗ്രികൾച്ചർ V.H.S.C ഉണ്ട്. കോഴ്സ് കഴിഞ്ഞ് പുറത്ത് വരുന്ന ബഹുഭൂരിഭാഗം വിദ്യാർത്ഥികളും സ്വാഭാവികമായും തവനൂർ പഞ്ചായത്തിൽപ്പെട്ടവരായിരിക്കും. ഇവർക്ക് തൊഴിൽ സാധ്യത വളരെ കുറവാണ്. കൃഷിവകുപ്പിൽ അഗ്രിക്കൾച്ചർ അസിസ്റ്റന്റ് തസ്തികയാണ് ഇവർക്ക് ലഭിക്കാൻ സാധ്യതയുള്ള ഏകജോലി. ഈ തസ്തികയിൽ ഒഴിവുകൾ പരിമിതമാണ്. ഇവർക്ക് പ്രോൽസാഹനം നൽകി തിരിച്ചുപിടിക്കാൻ കഴിയുന്നരീതിയിൽ സാമ്പത്തികസഹായം നൽകി തരിശുഭൂമികളിൽ പച്ചക്കറി കൃഷിനടത്താനുള്ള സാധ്യതകൾ ആരായാം. കൃഷിവകുപ്പിന്റെ സഹായം ഇതിന് ലഭിക്കും. ഇങ്ങിനെ ലഭിക്കുന്ന പച്ചക്കറികൾ സഹകരണ സംഘം വഴി വിൽപന നടത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

സാങ്കേതിക പഠനം കഴിഞ്ഞവരുടെ വൈദഗ്ദ്യം പഞ്ചായത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താനും, തൊഴിൽ രഹിതരുടെ വെള്ളക്കോളർ ജോലിയോട് മാത്രമുള്ള ഭ്രമത്തിന് പരിധിയിടാനും ഇത് സഹായിക്കും. ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ ധാരാളം ഉണ്ട്. (കൊട്ടനെയ്ത്ത്, പായനെയ്ത്ത്, മൺപാത്ര നിർമ്മാണം തുടങ്ങിയവ) ഇവർ നിർമ്മിക്കുന്ന കൊട്ട, പായ, മൺപാത്രങ്ങൾ പോലുള്ള ഉല്പന്നങ്ങൾക്ക് വേണ്ട മാർക്കറ്റിംഗ് അവർ നേരിടുന്ന ഒരു മുഖ്യ പ്രശ്നമാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ അപര്യാപ്തത ഇവർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നമാണ്. ഇവരെ പ്രോൽസാഹിപ്പിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. ഇവരുടെ ഉല്പന്നങ്ങൾ വിൽക്കാൻ സഹകരണ സംഘങ്ങൾ വഴി വേദി ഒരുക്കാനും, അതുവഴി ഒരു നിശ്ചിത സംഖ്യ പഞ്ചായത്തിലേക്ക് വരുമാനമായി ലഭിക്കാനും ഉള്ള സാധ്യതകൾ ആരായണം. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ അംഗീകൃത കച്ചവടക്കാരിൽ നിന്നും നികുതി ഈടാക്കുന്നതുപോലെ സീസൺ

കച്ചവടക്കാരിൽ നിന്നും (ഉദാ: നെല്ല്കച്ചവടം, അടക്ക കച്ചവടം, പോലുള്ള) നിശ്ചിത സംഖ്യ നികുതി ഈടാക്കേണ്ടതാണ്.

ഇവർക്ക് ഒരു ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ലൈസൻസിംഗ് ഫീസിനത്തിലും പഞ്ചായത്തിലും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പി ക്കാം. കേബിൾ ടി.വി. വിതരണ ശൃംഖല നമ്മുടെ പഞ്ചായത്തിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 100 ക നിരക്കിലാണ് ഇവർ പിരിക്കുന്നത്. ഈ സ്വകാര്യ കേബിൾ ടി. വി. ശൃംഖലക്ക് ഒരു സെസ്സ് (പ്രതിമാസമോ, പ്രതിവർഷമോ ) ചുമത്താനുള്ള സാധ്യത പഞ്ചായത്ത് പരിശോധിക്കണം. ഇവരുടെ കേബിൾ പഞ്ചായത്ത് റോഡുകളിലൂടെ ഉടനീളം പോകുന്നത് കാണാവുന്നതാണ്.

പഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾ പണിയാൻ പഞ്ചായത്തിന്റെ അനുമതി വാങ്ങണം ഇതിന് ഫീസ് ചുമത്താം.

ഒരു പ്രത്യേക സ്ഥലത്ത് അടിയന്തിരമായി നടത്തുന്ന പ്രത്യേകതരം വികസന പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളിൽ നിന്നും ഒരു നിശ്ചിത കാലത്തേക്ക് സർചാർജ്ജ് പിരിക്കാം.

ഗൾഫ് ജോലിക്കാരുടെ കയ്യിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള വരുമാനം സമാഹരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്.

ബഹുജനസംഘടനകളുടെ ആരോഗ്യകരമായ ഇടപെടൽ പഞ്ചായത്തിന്റെ വിഭവസമാഹരണ പ്രക്രിയയിൽ അനിഷേധ്യമായ സ്വാധീനം ചെലുത്തേണ്ടതാണ്.

പട്ടിക 1

പൊന്നാനി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ വിവരം 95 96

| തവനൂർ പഞ്ചായത്തിൽ നിന്ന് ആകെ രജിസ്ററർ ചെയ്തവരുടെ എണ്ണം | പുരുഷൻ | സ്ത്രീ | Below Metric | | SSLC | | PDC | | Degree | | Technical Qualification | | തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവർ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | |
| 3547 | 1518 | 2029 | 499 | 624 | 525 | 674 | 99 | 125 | 50 | 35 | 401 | 515 | 225 | 300 | 525 |

ആകെ രജിസ്റ്റർ ചെയ്ത SC വിഭാഗത്തിൽപ്പെട്ടവർ 1211

പുരുഷൻ 507

സ്ത്രീ 704

പഞ്ചായത്തിന്റെ വരുമാനം - പട്ടിക കാണുക

| ഇനം | 1994-95 | 1995-96 |
|---|---|---|
| കെട്ടിടനികുതി | 294313.00 | 168062.00 |
| വിനോദനികുതി | 12801.00 | 37056.00 |
| തൊഴിൽ നികുതി | 115366.00 | 16135.00 |
| ഉപാധിരഹിത നികുതി | 373040.00 | 315000.00 |
| (1) ജനറൽ | 186757.00 | 146500.00 |
| (2) എസ്.സി. പി | 186283.00 | 168500.00 |
| ജെ.ആർ.വൈ | 512136.00 | 701936.00 |
| ഗ്രാന്റുകൾ . സംഭാവനകൾ | 403989.00 | 444388.00 |
| ആകെ വരവ് | 1711645.00 | 1682577.00 |
| എസ്റ്റാബ്ലിഷ്മെന്റ് ചിലവ് | 43501.00 | 270908.00 |

അവലംബം: പഞ്ചായത്തു രേഖകൾ

# ഉപസംഹാരം

*നാളിതു വരെയുള്ള വികസന സമീപനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു തലത്തിലേക്ക് നാം ഉയരുകയാണ്. നിലവിൽ വികസനമെന്നത് റോഡും, തോടും പാലവുമെന്നതാണ്. ഇതിൽ നിന്നും മാറി കാർഷിക വ്യാവസായിക മേഖലകളിൽ ഊന്നൽ നല്കി, പ്രത്യുല്പാദന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് കേരളീയ ഗ്രാമങ്ങളോടൊപ്പം തവനൂരും ഇവിടെ തുടക്കം കുറിക്കുകയാണ്.*

*സർക്കാർ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത പദ്ധതികളിൽ കുടുങ്ങി വികസനം മുരടിക്കുന്ന ഇന്നത്തെ അവസ്ഥ മാറിയേ തീരു. നാടിന്റെ പ്രശ്നങ്ങൾ ലഭ്യമായ വിഭവങ്ങളും വിശദാംശങ്ങളും വച്ച് പ്രായോഗിക സമീപനത്തോടെ ജനകീയ കൂട്ടായ്മയിലൂടെ പരിഹരിക്കുവാൻ നമുക്കു കഴിയണം.*

*ജനകീയാസൂത്രണം സാർത്ഥകമാകുന്നത്. വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്. പദ്ധതി പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ ജനകീയ പരിപാടികൾക്കായിരിക്കണം മുൻതൂക്കം. മുൻഗണനാക്രമം കണ്ടെത്തുന്നതിൽ തദ്ദേശ സമിതിക്ക് ശാസ്ത്രീയ സമീപനമുണ്ടാവണം. 9-ാം പദ്ധതി വിഹിതത്തിന്റെ 40% പഞ്ചായത്തുകൾക്ക് നല്കുമ്പോൾ ഭാരിച്ച ഉത്തരവാദിത്വമാണ് നാം ഏറ്റെടുക്കാൻ പോകുന്നത്. അഞ്ച് വർഷം കൊണ്ട് 4 കോടിയിലേറെ രൂപയാണ് പഞ്ചായത്തിലേക്കെത്തുന്നത്. ജനങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങളും സംഭാവനകളും കൂടി ചേരുമ്പോൾ ഇത് അതിലെത്രയോ അധികം വരും. വികസന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് ഹേതുവാകുമിതെന്നതിൽ തർക്കമില്ല തന്നെ.*

*ഈ റിപ്പോർട്ടിലുൾക്കൊള്ളിച്ചിട്ടുള്ള വികസന പരിപാടികൾ യാഥാർത്ഥ്യമാവണമെങ്കിൽ പഞ്ചായത്ത് രാജ് നിയമത്തിലൂടെ കൈമാറാൻ ഉദ്ദേശിച്ചുള്ള വകുപ്പുകൾ പൂർണമായും പഞ്ചായത്തുകൾക്കു നല്കേണ്ടതുണ്ട്. തന്നെയുമല്ല ഫലപ്രദമായി പരിപാടികൾ നടപ്പിലാകണമെങ്കിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിലും മാറ്റം വരുത്തേണ്ടിയിരിക്കുന്നു.*

*അതിമഹത്തായ ജനകീയാസൂത്രണപ്രസ്ഥാനം ജനങ്ങൾക്കു നൽകുന്ന പ്രത്യാശയ്ക്കൊത്തുയരുവാനും തവനൂർ ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റിത്തീർക്കുവാനും വരുംനാളുകളിൽ നമുക്ക് കഴിയുമാറാകട്ടെ എന്ന് പ്രതീക്ഷിച്ചു കൊണ്ട് ഈ 'വികസന റിപ്പോർട്ട്' സെമിനാറിന്റെ വിശദമായ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി ഇവിടെ സമർപ്പിക്കുന്നു.*

# അധികാര വികേന്ദ്രീകരണം

## സംഗ്രഹം

ദാനമായി ലഭിക്കുന്ന അധികാരം യഥാർത്ഥ
അധികാരമല്ല. അധികാരം തന്നവർക്കു തന്നെ അത്
തിരിച്ചെടുക്കുകയും ചെയ്യാം.
സമൂഹത്തിന്റെ ഒരു തലത്തിൽ ചെയ്യാവുന്ന
ഏതൊരു പ്രവർത്തനവും ആ തലത്തിലേ ചെയ്യാവൂ.
മേൽതലത്തിലേക്ക് മാറ്റരുത്.
ഓരോ തലത്തിലും അതിന്റേതായ സ്വയം
നിർണ്ണയാവകാശമുണ്ട്. ബഹുതല വികസന
മാതൃകയിൽ സ്വതന്ത്രമായ പ്രവർത്തനം , സഹകരിച്ച
ഏകോപിത പ്രവർത്തനം, ഏൽപിക്കപ്പെട്ട ഏജൻസി
പ്രവർത്തനം ഇങ്ങനെ മൂന്ന് തരത്തിൽ ഉണ്ടായിരിക്കും.
സമൂഹത്തിന്റെ ഒരു തലം അടുത്ത തലത്തിന്റെ
ഓരോന്നിനും അതിന്റേതായ സ്വാതന്ത്ര്യമുണ്ട്.

<u>ജനപങ്കാളിത്തം</u>

ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എല്ലാത്തിലും
കൂടുതൽ ആളുകൾ പങ്കാളികളാകണം.

<u>വിഭവ സമാഹരണം</u>

എല്ലാ വിഭവങ്ങളും ജനങ്ങളാണ് സൃഷ്ടിക്കുന്നത്. ഓരോ
തലത്തിലുള്ള പ്രവർത്തനത്തിന് ആ തലത്തിൽ തന്നെ
കഴിയുന്നത്ര വിഭവം സമാഹരിക്കണം.

<u>ധനപരമായ വികേന്ദ്രീകരണം</u>

മേൽതലങ്ങളിൽ നിന്ന് ഓരോ തലത്തിലേക്കും
കൈമാറുന്ന വിഭവങ്ങൾ സ്വതന്ത്രമായി
ഉപയോഗിക്കാനുള്ള അധികാരം ഉണ്ടായിരിക്കണം.

ഉത്തരവാദിത്തം

അഞ്ച് കൊല്ലം കൂടുമ്പോൾ നടക്കുന്ന
തെരഞ്ഞെടുപ്പിലൂടെ മാത്രമേ പഞ്ചായത്ത് രാജ്
സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കാൻ ജനങ്ങൾക്ക്
സാധ്യമാകൂ എന്ന അവസ്ഥ മാറണം. തുടർച്ചയായി
മേൽനോട്ടം നടത്താൻ ജനങ്ങൾക്ക് കഴിയുന്ന
സംവിധാനം ഉണ്ടാക്കണം.

സുതാര്യത

എല്ലാ കണക്കുകളും എല്ലാ രേഖകളും
പരിശോധിക്കാനുള്ള പൗരൻമാരുടെ അവകാശം
ഉറപ്പാക്കണം. പഞ്ചായത്ത് തലത്തിൽ രഹസ്യമായി
സൂക്ഷിക്കേണ്ട വളരെ കുറച്ച് കാര്യങ്ങൾ മാത്രമേ
ഉണ്ടാകൂ.



Cover Printed at: UKC Offset Printers KKM. ✆ 523566

225

# ജനകീയാസൂത്രണം



# സമഗ്ര വികസനരേഖ

## വട്ടംകുളം ഗ്രാമപഞ്ചായത്ത്

1996 നവംബർ 30

"നമ്മൾക്ക് മുമ്പോട്ടു മുമ്പോട്ടു പോയ്
നന്മയോ തിന്മയോ നേടാമൊപ്പം
കേരളത്തിന്റെ വിളർപ്പുമാറ്റി-
ച്ചേരട്ടെ വർണ്ണശബളതകൾ
കുറും പൊരുത്തവുമൊത്ത നമ്മൾ
തോളിൽ കയ്യിട്ടേ നടന്നുകൂടൂ."


-ഇടശ്ശേരി
(ഇസ്ലാമിലെ വന്മല)

227

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വട്ടംകുളം ഗ്രാമപഞ്ചായത്ത് വികസനസെമിനാർ അവതരിപ്പിക്കുന്ന

# സമഗ്ര വികസനരേഖ



# വട്ടംകുളം പഞ്ചായത്ത് മുൻ ഭരണസമിതികൾ

## 1963 ഡിസംബർ 19

1. എസ്. എം. ബാലകൃഷ്ണപിഷാരടി (പ്രസിഡണ്ട്)
2. കെ. എം ശങ്കരനാരായണൻ നമ്പൂതിരി
3. നെടുങ്ങാടൻ
4. രാമൻനായർ
5. കെ. വി. ബാലകൃഷ്ണമേനോൻ
(എസ്. എം. ബാലകൃഷ്ണപിഷാരടിയുടെ മരണത്തെ തുടർന്ന് പ്രസിഡണ്ടായി)
6. പി. ജനാർദ്ദനൻ
7. കെ. വി. അബ്ദുൾകാദർ
8. എം. കെ. മുഹമ്മദുണ്ണി

## 1997 സപ്തംബർ 28

1. സി. രാഘവൻ (പ്രസിഡണ്ട്)
2. പദ്മനാഭൻനായർ
3. ഗോപിനാഥമേനോൻ (വൈസ് പ്രസിഡണ്ട്)
4. എം. സച്ചിദാനന്ദമേനോൻ
5. കെ. കെ. സലിംഹാജി
6. എം. പി. പരമേശ്വരൻ
7. ടി. പി. ശങ്കരൻ
8. വി. എൻ. ദേവകി
9. കെ. അബൂബക്കർ എന്ന ബാപ്പു

## 1988 ഫെബ്രുവരി 5

1. സി. രാഘവൻ (പ്രസിഡണ്ട്)
2. വി. എൻ. ദേവകി
3. കെ. അബൂബക്കർ എന്ന ബാപ്പു
4. കെ. കെ. ഹൈദ്രോസ്
5. വി. വി. ഹരിദാസൻ (വൈസ് പ്രസിഡണ്ട്)
6. പഞ്ഞാവൂർ നാരായണൻ
7. പി. ജ്യോതിഭാസ്
8. പി. കൃഷ്ണൻ
9. ഇ. എ. വിശ്വംഭരൻ
10. പി. ചന്ദ്രമതി

229

# ഉള്ളടക്കം

ഭരണസമിതി
പൊതുവിവരങ്ങൾ
ആമുഖം
സാമൂഹിക സാംസ്കാരിക ചരിത്രം
മണ്ണ്, മനുഷ്യൻ, ജലം
സാമൂഹിക – സാമ്പത്തിക മേഖലകൾ
കൃഷിയും ജലസേചനവും
മൃഗസംരക്ഷണം, മീൻപിടുത്തം
വ്യവസായം
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
സഹകരണം
വിദ്യാഭ്യാസം
സംസ്കാരം
കുടിവെള്ളം, പൊതുജനാരോഗ്യം
പാർപ്പിടം, സാമൂഹ്യക്ഷേമം
വനിത
പട്ടികജാതി
വിഭവസമാഹരണം
ഉപസംഹാരം


230

# വട്ടംകുളം പഞ്ചായത്തിലെ നിലവിലുള്ള ഭരണസമിതി

**1996 ഒക്ടോബർ 4**




സി. രാഘവൻ
(പ്രസിഡണ്ട്)



ടി. പി. മുഹമ്മദ്
(വൈസ് പ്രസിഡണ്ട്)



സി. കെ. സുകുമാരൻ
(സെക്രട്ടറി)



വി. വി. ഹരിദാസൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

| | വാർഡ് | | മെമ്പർമാർ |
|---|---|---|---|
| 1. | മേൽമുറി | - | കെ. പി. മുഹമ്മദ് |
| 2. | ചേകനൂർ | - | കെ. സക്കീന |
| 3. | മുതൂർ | - | കെ. കുഞ്ഞൻ |
| 4. | എരുവപ്ര | - | വി. വി. ഹരിദാസൻ |
| 5. | നെല്ലേക്കാട് | - | വി. പി. മാളുക്കുട്ടി |
| 6. | തൈക്കാട് | - | സി. രാഘവൻ |
| 7. | വട്ടംകുളം | - | ടി. പി. മുഹമ്മദ് |
| 8. | ഉദിനിക്കര | - | ഇ. ടി. ഭാസ്കരൻ |
| 9. | നടുവട്ടം | - | എ. വി. ഇബ്രാഹിംകുട്ടി |
| 10. | കാലടിത്തറ | - | കെ. പി. ബേബി |
| 11. | നെല്ലിശ്ശേരി | - | എം. കെ. മൊയ്തു |
| 12. | കുറ്റിപ്പാല | - | കെ. ശ്രീദേവി |

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | -- | വട്ടംകുളം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | -- | വട്ടംകുളം |
| ബ്ലോക്ക് പഞ്ചായത്ത് | -- | പൊന്നാനി |
| താലൂക്ക് | -- | പൊന്നാനി |
| ജില്ല | -- | മലപ്പുറം |
| ബ്ലോക്ക് പഞ്ചായത് ഡിവിഷനുകൾ | -- | നല്ലിശ്ശേരി, ശുകപുരം, മാണൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | -- | എടപ്പാൾ |
| അസംബ്ലി മണ്ഡലം | -- | തിരൂർ |
| ലോകസഭാ മണ്ഡലം | -- | പൊന്നാനി |
| ജനസംഖ്യ | -- | 28,469 |
| വിസ്തീർണ്ണം | -- | 20.84 ച. കി. മീ. |
| ജനസാന്ദ്രത | -- | 1366 |
| അതിരുകൾ | -- | കിഴക്ക്: കപ്പൂർ, ആനക്കര പഞ്ചായത്തുകൾ<br>പടിഞ്ഞാറ്: എടപ്പാൾ പഞ്ചായത്ത്<br>വടക്ക്: തവനൂർ, ആനക്കര പഞ്ചായത്തുകൾ<br>തെക്ക്: ആലങ്കോട് പഞ്ചായത്ത് |

## പഞ്ചായത്ത് പരിധിയിലുള്ള ഓഫീസുകൾ

1. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
2. കൃഷിഭവൻ
3. മൃഗാശുപത്രി
4. ഹോമിയോ ഡിസ്പൻസറി
5. പോസ്റ്റോഫീസുകൾ-3
6. വില്ലേജ് ഓഫീസ്
7. പ്രാഥമികാരോഗ്യകേന്ദ്രം
8. റഗുലേറ്റഡ് മാർക്കറ്റ്
9. വാട്ടർ അതോറിറ്റി ഓഫീസുകൾ
10. മാവേലിസ്റ്റോർ
11. വാട്ടർ അതോറിറ്റിയുടെ എക്സി. എഞ്ചിനീയർ ഓഫീസ്

## ധനകാര്യസ്ഥാപനങ്ങൾ

1. കെ. എസ്. എഫ്. ഇ. ബ്രാഞ്ച് ഓഫീസ്, എടപ്പാൾ
2. ധനലക്ഷ്മി ബാങ്ക്, എടപ്പാൾ
3. എം. ഡി. സി. ബാങ്ക്, എടപ്പാൾ
4. എസ്. എം. ജി. എം. ബി. വട്ടംകുളം
5. നെടുങ്ങാടി ബാങ്ക്, വട്ടംകുളം
6. വട്ടംകുളം സർവ്വീസ് സഹകരണ ബാങ്ക്

# ആമുഖം

തകർന്നുകൊണ്ടിരിക്കുന്ന "കേരളമാതൃക"യെ രക്ഷപ്പെടുത്താൻ - വമ്പിച്ച ജനപങ്കാളിത്തത്തോടെ ഒരു പഞ്ചവത്സരപദ്ധതിക്ക് രൂപം കൊടുക്കുകയാണ് നമ്മൾ കേരളീയർ. ഇന്ത്യയിൽ ആദ്യമായി നടക്കുന്ന ഈ സംരംഭത്തിലൂടെ കേരള സംസ്ഥാന ആസൂത്രണബോർഡ് ഒരു ചരിത്ര ദൗത്യത്തിന് നേതൃത്വം നൽകുകയാണ്. ജനങ്ങളുടെ മേലുള്ള അധികാരമായിമാറിയ ജനാധിപത്യത്തിൽ നിന്ന് അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്ന ജനകീയാസൂത്രണപ്രവർത്തനത്തിൻെറ ഭാഗമാണ് ഈ പുസ്തകം നമ്മുടെ പഞ്ചായത്തിൻെറ ഇല്ലായ്മകളുടെ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളുമാണ് ഇതിൻെറ ഉള്ളടക്കം ഇക്കഴിഞ്ഞ സംപ്തംബർ ഒക്ടോബർ മാസങ്ങളിൽ നടന്ന ഗ്രാമസഭകളിൽ നിന്നും ദ്വിതീയ വിവരശേഖരണ പ്രവർത്തനങ്ങളിലുടെയും പഠന-പര്യടനങ്ങളിലൂടെയും സമാഹരിച്ച അറിവുകളാണ് ഇതിന്നാധാരം.

ഈ പദ്ധതിയുടെ ഏറ്റവും പ്രധാനഘട്ടം-നിർവഹണഘട്ടം തുടങ്ങാനിരിക്കുനതേയുള്ളു. ഇതുവരെ നാം കാണിച്ച ജാഗ്രത തുടർന്നു നിലനിർത്തിയാലെ ഇത് വിജയിക്കുകയുള്ളു. അതിന്നുവേണ്ടിയുള്ള ഒരു മാർഗരേഖയായി ഈ വികസനരേഖ മാറുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ ഇത് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് സമർപ്പിക്കുന്നു.

# സാമൂഹിക സാംസ്കാരിക ചരിത്രം

വട്ടത്തിലുള്ള ഒരു കുളവും അതിൻെറ കരയിൽ ഒരു കാവും- ശാന്തിയും ശാലീനതയും നിറഞ്ഞ ഇങ്ങനെയൊരു ഗ്രാമീണ ദൃശ്യത്തിൽ നിന്നാണ് 'വട്ടംകുളം' എന്ന സ്ഥലനാമം രൂപം കൊണ്ടത്. കാലപ്പഴക്കത്താൽ പഴയ സമൃദ്ധികൾ ഏറെക്കുറെ വറ്റിക്കഴിഞ്ഞുവെങ്കിലും വട്ടംകുളത്തിൻെറ ഹൃദയഭാഗത്ത് ആ കുളം ഇപ്പോഴുമുണ്ട്. കുളത്തിൻെറ കരയിലുള്ള കാവാണ് കുളങ്കരകാവ്.

പ്രശസ്തമായ ഒരു വൈദിക പാരമ്പര്യവും സമ്പന്നമായ ഒരു നാടോടി സംസ്കൃതിയും വട്ടംകുളം പഞ്ചായത്തിന് അവകാശപ്പെടാനുണ്ട്. ദേശീയ നവോത്ഥാന പ്രസ്താനങ്ങൾക്ക് വേരൂന്നിവളരുവാൻ ഈ സാംസ്കാരിക പശ്ചാത്തലം സഹായകമായിത്തീർന്നു.

ഹിന്ദുക്കളും മുസ്ലീങ്ങളും ഇടകലർന്നു ജീവിച്ചുപോരുന്ന ഈ പ്രദേശത്തിൻെറ ഏറ്റവും ശ്രദ്ധേയമായ സവിശേഷത, ഇവിടെ നിലനില്ക്കുന്ന മതസൗഹാർദ്ദമാണ്. വർഗ്ഗീയകലാപങ്ങളോ സംഘർഷങ്ങളോ നമ്മുടെ നാട്ടിലുണ്ടായിട്ടില്ല. സാംസ്കാരിക പ്രബുദ്ധതയുടെ ഫലമായുണ്ടായ സഹിഷ്ണുതയാണ് ഈ നേട്ടത്തിനടിസ്ഥാനം.

സ്വാതന്ത്രലബ്ധിയോടെ, സാമൂഹ്യരാഷ്ട്രീയ സംഘടനകളും ഗ്രന്ഥശാല- കലാസമിതി പ്രസ്ഥാനവും ഇവിടെ പ്രവർത്തനമാരംഭിച്ചു. നവോത്ഥാന മുന്നേറ്റങ്ങളുടെ ഫലമായിവന്ന സാമൂഹ്യമാറ്റങ്ങളെ സ്വാഗതം ചെയ്യാനുള്ള സന്നദ്ധത ഇവിടത്തെ ജനങ്ങളിലുണ്ടാക്കിത്തീർത്തത് ഈ പ്രസ്ഥാനങ്ങളാണ്.

വൈദിക സംസ്കാരത്തിന് ചരിത്ര പ്രസിദ്ധമായ ശുക്പുരം ഗ്രാമം ഈ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. വേദവിദ്യാഭ്യാസത്തിൻെറയും യാഗവിധികളുടെയും ആസ്ഥാനമായി ഈ പ്രദേശത്തെ കരുതിപ്പോരുന്നു. എന്നാൽ വൈദികപാരമ്പര്യത്തിലെ യാഥാസ്ഥിതികതക്കെതിരായി ഉല്പതിഷ്ണുക്കളായ നമ്പൂതിരിമാരുടെ മുന്നേറ്റവും ഇവിടെ ഉണ്ടായിട്ടുണ്ട്. 1945-ൽ കുറ്റിപ്പാലയിൽ വെച്ചു നടന്ന യോഗക്ഷേമസഭയുടെ മഹാസമ്മേളനം ഈ മുന്നേറ്റത്തിൻെറ ചരിത്രസാക്ഷ്യമാണ്. ഒ എം സി യുടെ അധ്യക്ഷതയിൽ 'വി എസ് നഗറിൽ നടന്ന 35-ാം യോഗക്ഷേമ സഭാവാർഷികം ജാതിമത ഭേദമില്ലാതെ പന്തിഭോജനം നടത്തി., സാമൂഹ്യസമത്വമെന്ന ആശയം ഉയർത്തിപ്പിടിച്ചു.

അയിത്തോച്ചാടന പ്രക്ഷോഭവുമായി ബന്ധപ്പെട്ട ക്ഷേത്രപ്രവേശനവും ഇവിടെ നടന്നിട്ടുണ്ട്. ചാതുർവർണ്യനിയമങ്ങൾ കർശനമയി പാലിച്ചുപോന്ന ശുകപുരം ക്ഷേത്രംതന്നെയാണ് ഈ വിപ്ലവത്തിനും വേദിയായത്. ക്ഷേത്ര പ്രവേശന വിളംബരത്തിൻെറ വാർഷികാഘോഷത്തോടനുബന്ധിച്ചു നടത്താറുള്ള അവാർഡുദാന ചടങ്ങിൽ പങ്കെടുത്ത് പട്ടികജാതിക്കാരനായ എലിയപ്രക്കുന്നിലെ വേലായുധൻ സമ്മാനം ഏറ്റുവാങ്ങുകയുണ്ടായി.

ഈ പഞ്ചായത്തിൻെറ അഭിമാനമായ മതസൗഹാർദ്ദം നിലനിർത്തുന്നതിൽ ഇവിടുത്തെ മുസ്ലിം സമുദായം വഹിച്ച പങ്ക് എടുത്തുപറയത്തക്കതാണ്. മതാനുഷ്ഠാനങ്ങൾ ശ്രദ്ധാപൂർവം പിന്തുടരുന്നതോടൊപ്പം തങ്ങളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള വികസന പ്രവർത്തനങ്ങൾക്ക് അവർ എക്കാലവും പ്രാധാന്യം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതികൾ നിലവിൽവരും മുമ്പ് ഭരണനൈപുണ്യംകൊണ്ട് ശ്രദ്ധേയനായ അംശം അധികാരി കാവിൽ അപ്പുനായർ, വട്ടംകുളം പഞ്ചായത്തിൻെറ ആദ്യ പ്രസിഡണ്ടും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന എസ് എം ബാലകൃഷ്ണ പിഷാരോടി, പഞ്ചായത്തു പ്രസിഡണ്ടെന്ന നിലയിലും പൊതുപ്രവർത്തകനെന്ന നിലയിലും സേവനമനുഷ്ഠിച്ച കെ വി ബാലമേനോൻ, മുസ്ലിം ലീഗ് നേതാവും സാമൂഹ്യപ്രവർതകനുമായിരുന്ന മുക്കടേക്കാട്ടിൽ മുഹമ്മദുണ്ണി സാഹിബ്, ഇടതുപക്ഷ പ്രസ്താനത്തിൻെറ പ്രാരംഭപ്രവർത്തകനുമായിരുന്ന കെ പി മാധവമേനാൻ , തോട്ടുപുറത്തു പരമേശ്വരൻ നമ്പൂതിരി തുടങ്ങിയവർ മുൻകാലത്ത് ഈ പ്രദേശത്തിൻെറ സാമൂഹ്യപുരോഗതിക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വിശിഷ്ട വ്യക്തികളാണ്.

# മണ്ണ്, മനുഷ്യൻ, ജലം

11ഡിഗ്രി ഉത്തര അക്ഷാംശ രേഖക്ക് സമീപത്തും 76 ഡിഗ്രി പൂർവരേഖംശക്ക് സമീപത്തുമാണ് വട്ടംകുളം സ്ഥിതിചെയ്യുന്നത്. സമുദ്ര നിരപ്പിൽ നിന്നും 15 മീറ്റർ മുതൽ 50 മീറ്റർ വരെ ഉയർന്നു കിടക്കുന്ന പ്രദേശങ്ങളാണ് വട്ടംകുളം പഞ്ചായത്തിലുള്ളത് ഭാരതപ്പുഴയിൽ നിന്ന് 4 കി.മീ. തെക്കുമാറി സ്ഥിതി ചെയ്യുന്ന വട്ടംകുളത്തുനിന്ന് അറബിക്കടലിലേക്ക് 10 കി.മീ. ദൂരമുണ്ട്. കുന്നുകളും ഉയർന്ന ചെറുസമതലങ്ങളും കുന്നിൻചെരുവുകളും പാടശേഖരങ്ങളും നിറഞ്ഞ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിനുള്ളത്.

**മൺതരങ്ങൾ**

ചെങ്കല്ല്, കരിങ്കല്ല്, ചിങ്കണ്ണിപ്പാറ, മണൽ കലർന്ന കളിമണ്ണ്, കടുപ്പമുള്ള കളിമണ്ണ് എന്നവയാണ് പ്രധാന മണ്ണിനങ്ങൾ. കുന്നിൻമുകളിലും ഉയർന്ന ചെറുസമതലങ്ങളിലും ചെരുവുകളിലുമാണ് ചെങ്കല്ല് കാണപ്പെടുന്നത്. കുന്നുകളിൽ കരിങ്കല്ലും വിരളമായി ചിങ്കണ്ണിപ്പാറയും കാണുന്നു. കുന്നുകളുടെ തുടർച്ചയായുള്ള പാടശേഖരങ്ങളിൽ മണൽ കലർന്ന കളിമണ്ണും പാടശേഖരങ്ങളുടെ ഉൾഭാഗങ്ങളിൽ കടുപ്പമുള്ള കളിമണ്ണുമാണ് കാണുന്നത്.

**മനുഷ്യൻ**

1991ലെ സെൻസസ് റിപ്പോർട്ടുകൾ താഴെകൊടുക്കുന്നു

| | |
|---|---|
| ജനസംഖ്യ | : 28469 |
| | ആൺ 13698 |
| | പെൺ 14771 |
| 0-6 വയസ്സിനിടയിൽ | : 4458 |
| | ആൺ 2257 |
| | പെൺ 2201 |
| പട്ടകജാതിക്കാർ | :4286 |
| | ആൺ 2148 |
| | പെൺ 2138 |
| സാക്ഷരർ | :21098 |
| | ആൺ 10518 |
| | പെൺ 10580 |
| മുഖ്യതൊഴിലുള്ളവർ | : 7352 |
| കൃഷിക്കാർ | :1138 |
| കർഷകത്തൊഴിലാളികൾ | :2606 |
| മൃഗപരിപാലകർ, മത്സ്യബന്ധനം | :112 |
| ക്വാറി തൊഴിലാളികൾ | :171 |
| കുടിൽ വ്യവസായം | :126 |
| നിർമ്മാണം | :270 |
| കച്ചവടം | 973 |
| ഗതാഗതം | : 388 |
| മറ്റ് സേവനങ്ങൾ | :927 |
| പരിമിതമായ തൊഴിലുള്ളവർ | :604 |

ഈ പഞ്ചായത്തിൽ നിന്നും 1200 പേർ ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നു.

പതിനാല് വയസ്സിന് താഴെയുള്ളവരിൽ സ്കൂളിൽ പോകാത്തവർ ആരും തന്നെയില്ല.വിദ്യാഭ്യാസം നേടുനവരുടെ എണ്ണത്തിൽ ക്രമാനുമതമായ ഉയർച്ച കാണുന്നുണ്ട്. അളവിൽ ഉള്ള വർദ്ധനവ് ഗുണത്തിൽ ദൃശ്യമാകുന്നില്ല. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മാ വർദ്ധനവ് ഗുരുതരമായ ഒരു പ്രശ്നമായി നിലനിൽക്കുന്നു. അതുപോലെ സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ രൂക്ഷമാണ്.

**ജലം**

പ്രധാനമായി മഴയെ ആസ്പദമാക്കിയാണ് കൃഷി നടക്കുന്നത്. രണ്ട് ഘട്ടങ്ങളിലായി മഴലഭിക്കുന്നു. കുടിവെള്ളത്തിന് പ്രധാനമായും സ്വകാര്യകിണറുകളെയും , പൊതുകിണറുകളെയും, കുഴൽകിണറുകളെയും, പൊതുടാപ്പുകളെയുമാണ് ആശ്രയിക്കുന്നത്. മാർച്ച് മാസംമുതൽ കാലവർഷാരംഭംവരെ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. പറമ്പുകളിലെ ജലസേചനത്തിന് സ്വകാര്യകിണറുകളെയും പാടശേഖരങ്ങളിൽ കുളങ്ങളെയും ആശ്രയിക്കുന്നു.

# സാമൂഹിക
# സാമ്പത്തിക
# മേഖലകൾ

# കൃഷിയും ജലസേചനവും

വട്ടംകുളം പഞ്ചായത്ത് നിരവധി കുന്നുകളും, കുന്നുകൾക്കിടക്ക് നെൽവയലുകളും ചേർന്നുള്ള ഭൂപ്രദേശമാണ്. സമുദ്രനിരപ്പിൽ നിന്ന് 15 മീറ്ററിനും 50 മീറ്ററിനുമിടയിലായി ഈ ഭൂപ്രദേശം കിടക്കുന്നു. പഞ്ചായത്തിലെ ആകെ ഭൂവിസ്തൃതി 2084 ഹെക്ടർ ആണ്. ഇതിൽ കരഭൂമി 1419.03 ഹെക്ടറും. നെൽവയൽ 640 ഹെക്ടറും പുറംപോക്ക് 24.97 ഹെക്ടറുമാണ്.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചുരുക്കം ചില ആളുകൾ ഒഴിച്ച് മറ്റുള്ളവരുടെ ജീവിതമാർഗ്ഗം കാർഷിക വൃത്തിയായിരുന്നു. ജന്മിമാർ, കാണക്കുടിയാന്മാർ, പാട്ടകുടിയാന്മാർ, കർഷകത്തൊഴിലാളികൾ എന്നിങ്ങനെയായിരുന്നു ഭൂവുടമാ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ജന വിഭാഗങ്ങൾ. ജനമിത്തത്വത്തിന്റെ കാലഘട്ടത്തിൽ നെൽവയലുകളിൽ മുഴുവൻ നെല്ലു തന്നെ കൃഷി ചെയ്തിരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള മാണൂർ കായലിനോട് സമീപമുള്ള 40 ഏക്കറോളം വരുന്ന നിലമൊഴിച്ച് മറ്റു പാടശേഖരങ്ങളിൽ രണ്ടു വിള കൃഷിചെയ്തിരുന്നു. മാണൂർ കായൽ പ്രദേശത്ത് പുഞ്ചകൃഷി ചെയ്തിരുന്നു. രണ്ടാം വിളക്ക്ശേഷം പച്ചക്കറി, എള്ള്, പയർ, മരിച്ചീനി എന്നിവയും ഒന്നാം വിള കഴിഞ്ഞാൽ ഉയർന്ന മണൽപ്പറ്റുള്ളപാടശേഖരങ്ങളിൽ നേന്ത്രവാഴയും കൃഷിചെയ്തിരുന്നു. (വട്ടംകുളത്തെ കാഴ്ചകുലയും കണിവെള്ളരിക്കയും കേൾവികേട്ടതായിരുന്നു.) 15-ഓളം ജന്മികുടുംബങ്ങളുടെയും അഞ്ച് ദേവസ്വങ്ങളുടെയും വകയായിരുന്നു ഭൂമി മുഴുവനും. ഭൂമി അന്ന് തരിശിടുകയോ, ഹ്രസ്വകാല വിളകളിൽ നിന്ന് ദീർഘകാല വിളകളിലേക്ക് മാറ്റുന്ന പ്രവണതയും ഉണ്ടായിരുന്നില്ല. ജന്മിത്തത്തിന്റെ നിയന്ത്രണമായിരുന്നു ഇതിന്റെ പ്രധാന ഘടകം. ജല സ്രോതസ്സുകൾ മുഴുവനും ജന്മിമാരുടെ വരുതിയിലായിരുന്നു.

പാട്ടകുടിയാന്മാരുടെയും, കർഷകത്തൊഴിലാളികളുടെയും ജീവിതം വളരെ ദുരിതപൂർണ്ണമായിരുന്നു. പലപ്പോഴും ജന്മിക്ക് പാട്ടമളന്നുകഴിഞ്ഞാൽ വൈക്കോൽ നെല്ലായിരുന്നു കൂലിയായി നൽകിയിരുന്നത്. കൂലി നിരക്കും വളരെ തുച്ഛമായിരുന്നു.

കുന്നിൻ ചെരുവിലായി പുരയിടങ്ങൾ, പുരയിടങ്ങളിൽ തെങ്ങ്, കവുങ്ങ് എന്നിവയും ഇടവിളയായി വാഴ, ചേമ്പ്, ചേന, കാച്ചിൽ, നനകിഴങ്ങ്, ചെറുകിഴങ്ങ്, പച്ചക്കറികൾ എന്നിവയും കൃഷിചെയ്തിരുന്നു. ഇതിനുപുറമേ മാവ്, പ്ലാവ്, പുളി, ജൈവ വളത്തിനുപയോഗിക്കുന്ന ഞാവൽ, പൊടിയണ്ണി എന്നിവയും ധാരാളമായി വളർന്നിരുന്നു. കുന്നിൻമുകളിൽ കപ്പ, കൂർക്ക, മധുരക്കിഴങ്ങ് എന്നിവയും ആയിരുന്നു കൃഷി. വിസ്തൃതമായ ഭൂമി കൈവശമുള്ളവർ കരപ്രദേശങ്ങളിൽ പൂർണ്ണമായി കൃഷിചെയ്തിരുന്നില്ല. ഈ പ്രദേശങ്ങളിൽ ചെറിയ കാടുകളും ഉണ്ടായിരുന്നു. തറവാടുകളുടെ വിശ്വാസവുമായി ബന്ധപ്പെട്ടു പാമ്പിൻ കാവുകളും നില നിന്നിരുന്നു.

പരമ്പരാഗതങ്ങളായ വിത്തിനങ്ങളാണ് അന്നു

പയോഗിച്ചിരുന്നത്. ഒന്നാം വിളക്ക് ചുവന്നവട്ടൻ, വെളുത്തവട്ടൻ, ചീര, പള്ള്യാൽ, തവളക്കണ്ണൻ എന്നിവയും രണ്ടാം വിളക്ക് ഞാറ് പാകുന്ന സ്ഥലങ്ങളിൽ ചാമ, നവര എന്നിവ കൃഷിചെയ്തിരുന്നു. തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിക്കെല്ലാം നാടൻ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. മോടൻ എന്ന നെൽവിത്ത് ചരിവ് പ്രദേശങ്ങളിൽ കൃഷിചെയ്തിരുന്നു.

കൃഷി സമ്പ്രദായം പരമ്പരാഗതമായിരുന്നു. നിലമുഴുന്നതിന് കാളകളെയും , പോത്തുകളെയും ഉപയോഗിച്ചിരുന്നു. മിക്കവൊറും എല്ലാ കൃഷിക്കാർക്കും സ്വന്തമായി പൂട്ടു കന്നുകളുണ്ടായിരുന്നു. നാടൻ കലപ്പ, കോലുമരം, ചങ്ങലമരം, കട്ടതല്ലി എന്നിവയായിരുന്നു പ്രധാനകാർഷിക ഉപകരണങ്ങൾ. മഴയെ ആസ്പദമാക്കിയായിരുന്നു കൃഷിപണികൾ. ജലസേചനം ആവശ്യമായി വരുമ്പോൾ കയറ്റുകൊട്ട, തുടുപ്പ്, ഏത്തം എന്നിവ പാടത്ത് ഉപയോഗിച്ചിരുന്നു. കവുങ്ങിൻ തോട്ടം നനക്കുന്നതിന് കാളത്തേക്കുമായിരുന്നു പതിവ്. തെങ്ങു നനക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. എല്ലാ പാടശേഖരങ്ങളിലും ചുരുങ്ങിയത് ഒന്നോ രണ്ടോ വലിയകുളങ്ങളും ഏതാനും ചെറിയ കുളങ്ങളും ഉണ്ടായിരുന്നു. ഇവയിൽ നിന്നുള്ള നീരൊഴുക്ക് തിരിച്ചുവിട്ടാണ് പ്രധാനമായും ജലസേചനം നിർവഹിച്ചിരുന്നത്. നെൽവയലുകളുടെ ജന്മിമാരായിരുന്നു കുളങ്ങളുടെയും ഉടമസ്ഥർ. മിക്കവൊറും എല്ലാ പാടങ്ങളിലും ഒന്നര മീറ്റർ വരെ ആഴമുള്ളതും 2 മീറ്റർ വരെ വീതിയുള്ളതുമായ തോടുകളും ഉണ്ടായിരുന്നു.ജലനിരപ്പ് ഉയരുമ്പോൾ വെള്ളം ഒഴിച്ചുവിടുന്നതിനും താഴുമ്പോൾ പാടങ്ങളിലേക്ക് ജലം എത്തിക്കുന്നതിനും ഈ തോടുകൾ അനൽപമായി സഹായിച്ചിട്ടുണ്ട്. വലിതോടുകളിൽ ചിറകൾ കെട്ടികൈത്തോടുകൾ വഴിയായി വയലുകളിലേക്ക് വെള്ളമെത്തിച്ചിരുന്നു. നാടൻ വളങ്ങളായ ചാണകം, വെണ്ണീർ, തോൽ എന്നിവ യഥേഷ്ടം ലഭിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്നു. രാസവളത്തിൻെറ ഉപയോഗം അജ്ഞാതമായിരുന്നു. പൊതുവെ വിത്തിനങ്ങൾ കീടബാധയെ ചെറുത്തിരുന്നു. മാത്രമല്ല ഒരേസമയത്ത് ഒരേതരം വിത്ത് കൃഷിക്കാർ ഉപയോഗിച്ചിരുന്നതായും കീടബാധയെ ചെറുക്കാൻ സഹായിച്ചിരുന്നു.

നെല്ല് ഒന്നാം വിളക്ക് അഞ്ചുമുതൽ എട്ട്മേനി വരെയും രണ്ടാം വിളക്ക് എട്ട്മുതൽ പത്ത് മേനിവരെയും ആയിരുന്നു വിളവ്. കൃഷിക്കാർ തെങ്ങിനേക്കാൾ കവുങ്ങിനെയായിരുന്നു കൂടുതൽ ശ്രദ്ധിച്ചിരുന്നത്. കവുങ്ങിൻെറ ഉൽപാദനക്ഷമത താരതമ്യേന മികച്ചതായിരുന്നു. എന്നതാണ് ഇതിന് കാരണം. വട്ടംകുളത്തെ അടക്ക ഏറെ പ്രസിദ്ധമാണ്.

ജന്മിത്തത്തിൻെറ സഹജസ്വഭാവമനുസരിച്ചും കുടിയാന്മാരുടെ കയ്യിൽ മിച്ചോത്പാദനംഇല്ലാത്തുകൊണ്ടും അന്ന് നെല്ല്വിൽപ്പന നടത്തിയിരുന്നില്ല.

പ്രധാന നാണ്യവിളകൾ അടക്ക, നാളികേരം, കുരുമുളക് എന്നിവയായിരുന്നു. അടക്ക് പച്ചക്ക് പറിക്കലായിരുന്നു മുഖ്യം. ഇതിൻെറ പ്രധാന വിപണി വട്ടംകുളം അങ്ങാടിയായിരുന്നു. ഒരു ഡസനോളം അടക്കാ വ്യാപാരികൾ അന്ന് വട്ടകുളത്ത് ഉണ്ടായിരുന്നു. സമീപപ്രദേശങ്ങളായ ചങ്ങരംകുളം, എടപ്പാൾ, കുറ്റിപ്പുറം, തിരുനാവായ, കൽപ്പകഞ്ചേരി, വളാഞ്ചേരി, കൂടല്ലൂർ തുടങ്ങിയ പ്രദേശങ്ങിൽ നിന്നുപോലും പച്ചയടക്ക നിറച്ച കാളവണ്ടികൾ ഇവിടേക്ക് പ്രവഹിച്ചിരുന്നു. വട്ടംകുളത്തെ കിളിയടക്ക നിർമ്മാണം സുപ്രസിദ്ധമാണ്. നാളികേര ഉൽപാദനത്തിൻെറ ഒരുഭാഗം ഇവിടുത്തെ മാർക്കറ്റുകളിലും ശേഷിച്ചത് എടപ്പാൾ, പൊന്നാനി മാർക്കറ്റുകളിലും വിറ്റിരുന്നു.

ഭൂപരിഷ്കരണം കാർഷികമേഖലയിൽ സൃഷ്ടിച്ച മാറ്റം അത്ഭുതകരമാണ്. കുടിയാൻമാർക്ക് ഭൂമി സ്വന്തമായി കിട്ടുകയും ഭൂമിധാരാളമായി മുറിച്ചു വിൽക്കപ്പെടുകയും ചെയ്തു. ഭൂവുടമസ്ഥരുടെ എണ്ണം വൻതോതിൽ വർദ്ധിക്കുകയും ഭൂമിയുടെ തുണ്ടുവൽക്കരണം ത്വരിതഗതിയിലായി. ഇപ്പോൾ ആളോഹരി കൃഷി ഭൂമി 0.072 ഹെക്ടർ ആണ്.

കാർഷികമേഖലയിൽ മാറ്റമുണ്ടാക്കിയ മറ്റൊരു ഘടകം 1960കളുടെ അവസാനത്തിലുണ്ടായ ഹരിതവിപ്ലവം ആണ്. ഇക്കാലത്ത് നൂതന കൃഷിസമ്പ്രദായം നിലവിൽ വന്നു. അത്യൽപാദനശേഷിയുള്ള വിത്തിനങ്ങൾ പ്രചാരത്തിൽവന്ന ഐ ആർ 8, ജ്യോതി, കൾച്ചർ 28, ത്രിവേണി തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇതോടൊപ്പം രാസവള പ്രയോഗം തുടങ്ങുകയും കീശനാശിനികൾ പ്രചാരത്തിലാവുകയും ചെയ്തു. കാർഷികോപകരണങ്ങളിലും ജലസേചന ഉപാധികളിലും മാറ്റം വന്നു. ട്രില്ലർ, സ്പ്രെയർ, പമ്പുസെറ്റുകൾ എന്നിവ പ്രയോഗത്തിൽ വന്നു. ഈ സമയത്ത് ഗണ്യമായ രീതിയിൽ കാർഷികോത്പാദനം പ്രത്യേകിച്ചും നെല്ലുല്പാദനം വർദ്ധിച്ചു. ഒന്നാം വിളക്ക് 6-8 മേനിയിൽ നിന്നും 13-15 മേനിയായും ഉയർന്നു. എന്നാൽ ഉൽപാദനക്ഷമത തുടർന്ന് നിലനിർത്താൻ കഴിഞ്ഞില്ല. ഇത് വളരെയധികം പഠനാർഹമാണ്.

എന്നാൽ ഈ കാലയളവിൽതന്നെയാണ് ഗൾഫ് വരുമാനം നമ്മുടെ നാട്ടിലേക്ക് വന്നുതുടങ്ങിയത്. ഇതിൻെറ ഭാഗമായി പുതിയപുതിയ പുരയിടങ്ങളും അവിടെ സൗധങ്ങളും ഉയരാൻ തുടങ്ങുകയും നിർമ്മാണ മേഖല ശക്തിപ്പെടുകയും ചെയ്തു. താരതമ്യേന മെച്ചപ്പെട്ട വേതനവും തൊഴിൽപരമായ അന്തസ്സിലുള്ള വ്യത്യാസവും കാരണം കാർഷികമേഖലയിലുള്ള തൊഴിലാളികൾ നിർമ്മാണ മേഖലയിലേക്ക് ചുവടുമാറി. റോഡുകളും വാഹനസൗകര്യവും വർദ്ധിച്ചതോടുകൂടി ഡ്രൈവർമാരായും ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിലും ജോലിക്കാരാവുന്നവരുടെ എണ്ണവും വർദ്ധിച്ചു. ഇക്കാലത്താണ് കാർഷിക മേഖലയിലെ വേതനം ഉൽപാദനക്ഷമതക്കും ഉൽപ്പന്നങ്ങളുടെ വില

ക്കും അതിതമായി വൻതോതിൽ വർദ്ധിപ്പിച്ചത്. ഗതാഗത സൗകര്യത്തിലുണ്ടായ വർദ്ധനവിന്റെ ഫലമായി കൃഷിസ്ഥലങ്ങൾ പലതും പുരയിടങ്ങളാക്കപ്പെട്ടു. ഇത് പുതിയപരിസ്ഥിതി പ്രശ്നങ്ങൾക്കും ജലസേചനപ്രശ്നങ്ങൾക്കും വഴിതെളിച്ചു. സ്വാഭാവിക നീരുറവകളുടെ ഗതി തടസ്സപ്പെട്ടു. ജൈവ വളം നൽകിയിരുന്ന കാടുകളും ചെറുകാടുകളും വെട്ടിത്തെളിയിക്കപ്പെട്ടു. കാലിമേച്ചിൽപുറങ്ങൾ ആവാസ സ്ഥലമായതോടെ അവയുടെ എണ്ണത്തിലും ഗണ്യമായ കുറവുണ്ടായി.

ഹരിതവിപ്ലവത്തോടെ ഉയർന്ന ഉൽപാദനക്ഷമത നിലനിർത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ താഴെപറയുന്ന രീതിയിൽ സംഗ്രഹിക്കുന്നതാണ്.

1. ജൈവ വളങ്ങളുടെ അപര്യാപ്തത.
2. കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ്.
3. ആനുപാതികമല്ലാത്ത കൂലിവർദ്ധനവ്.
4. രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധനവ്.
5. സ്വാഭാവിക ജലസേചന മാർഗ്ഗങ്ങളിലുണ്ടായ തടസ്സങ്ങൾ.
6. ഭൂമി തുണ്ടുവൽക്കരിക്കപ്പെടുകയും കൃഷി പ്രധാന ജീവിതോപാധിയല്ലാതാവുകയും ചെയ്തു.
7. ഉൽപാദനചിലവിന് ആനുപാതികമായി ഉൽപ്പന്നങ്ങൾക്ക് വിലകിട്ടാതാവുകയും വിലയിലുള്ള അസ്ഥിരതയും.

## ഭൂവിനിയോഗം

2084 ഹെക്ടർ വരുന്ന ഭൂമി, കുന്നുകൾ ഉയർന്ന സമതലങ്ങൾ, ചരിവുതലങ്ങൾ ചരിവുകൾ, പാടശേഖരങ്ങൾ എന്നിങ്ങനെ വിഭജിക്കപ്പെട്ടുകിടക്കുന്നു. കുന്നുകളിലും ചരിവു പ്രദേശങ്ങളിലും ചെങ്കൽമണ്ണ്. (ലാറ്ററേറ്റ്) കാണുന്നു. ചുരുക്കം സ്ഥലങ്ങളിൽ കരിങ്കല്ലും ചീങ്കണ്ണിപ്പാറയും കാണപ്പെടുന്നുണ്ട്. കുന്നുകളുടെ അടിവാരത്തിലുള്ള പാടശേഖരങ്ങളുടെ തുടക്കത്തിൽ മണൽ കലർന്ന കളിമണ്ണും ഉൾഭാഗങ്ങളിൽ കടുപ്പം കൂടിയ കളിമണ്ണുമാണ് ഉള്ളത്.പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ 40 ഏക്കറോളം വരുന്ന കായലിനോട് ചേർന്നു കിടക്കുന്ന നിലമുണ്ട്. മണ്ണുപരിശോധിച്ച ചില റാൻറം റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് മണ്ണിന്റെ അമ്ലത്വം വർദ്ധിച്ചു വരുന്നതായിട്ടാണ്. പഞ്ചായത്തിൽ നിന്ന് ഏകദേശം 10 കിലോമീറ്റർ പടിഞ്ഞാറുമാറി അറബിക്കടലും 3 കിലോമീറ്റർ വടക്കുഭാഗത്തായി ഭാരതപ്പുഴയും സ്ഥിതിചെയ്യുന്നു. ഭൂവിനിയോഗം സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

പട്ടിക-1

| നമ്പർ | വിള | വിസ്തൃതി ഹെക്ടറിൽ |
|---|---|---|
| 1 | നെല്ല് 1-ാം വിള | 395 |
| | നെല്ല് 2-ാംവിള | 490 |
| 2 | തെങ്ങ് | 518 |
| 3 | കവുങ്ങ് | 362 |
| 4 | വാഴ | 75 |
| 5 | കശുമാവ് | 74 |
| 6 | മരച്ചീനി | 32 |
| 7 | റബ്ബർ | 13 |
| 8 | പച്ചക്കറി | 16 |
| 9 | കുരുമുളക് | 10 |
| 10 | പയർ | 3 |
| 11 | എള്ള് | 2 |
| 12 | ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ | 2 |

അവലംബം കൃഷിഭവൻ രേഖ

## നെല്ല്

നാടൻ വിത്തിനങ്ങളാണ് ഇപ്പോൾ കൂടുതലും കൃഷിചെയ്യുന്നത്. നാടൻ നെല്ലിനങ്ങളിൽ ഒന്നാം വിളക്ക് ഹെക്ടറിന് 1200-1300 കി.ഗ്രാമും രണ്ടാം വിളക്ക് 1900-2100 കി.ഗ്രാമും ഉൽപാദനം ലഭിക്കുന്നു. സങ്കരയിനം വിത്തുകൾ ഉപയോഗിക്കുന്ന പ്രദേശങ്ങളിൽ ഇത് യഥാക്രമം 1800-2000 കിഗ്രാമും ആണ്. 2500-2700 കി.ഗ്രാമും ആണ്. എന്നാൽ ഉയർന്ന ഉൽപാദന ചിലവും കീടബാധക്കുള്ള സാധ്യതയും ഉള്ളതുകൊണ്ട് 10%ത്തിൽ താഴെ പ്രദേശത്തുമാത്രമേ സങ്കരയിനം വിത്ത് കൃഷിചെയ്യുന്നുള്ളു. ഇരുപ്പൂ കൃഷിസ്ഥലങ്ങളിൽ വിരിപ്പിന് തരിശിടുന്നത് സാർവത്രികമാവുകയാണ്. മുണ്ടകൻ വിളക്കും ചുരുങ്ങിയ തോതിലെങ്കിലും തരിശിടുന്നുണ്ട്.

പഴയനാളുകളിൽ ഔപചാരികമായി പാടശേഖരണ സമിതികൾ രൂപീകരിക്കപ്പെട്ടിരുന്നില്ലെങ്കിലും കൃഷിക്കാർ തമ്മിൽ നിലമൊരുക്കൽ വിത്തിറക്കൽ ജലസേചനം തുടങ്ങിയ കാർഷിക നടത്തിപ്പുകളിൽ ശ്ലാഘനീയമായ കൂട്ടായ്മ നിലനിന്നിരുന്നു. എന്നാൽ ഇന്ന് രൂപീകരിക്കപ്പെട്ട പാടശേഖര സമിതികൾക്ക് കൃഷി നടത്തിപ്പിൽ ഉചിതമായി ഇടപെടാൻ കഴിയുന്നില്ല. മാത്രമല്ല 15% പ്രദേശത്തുള്ള കൃഷിക്കാർ പാടശേഖര സമിതികളിൽ ഉൾപ്പെട്ടിട്ടുമില്ല. അവരെകൂടി ഉൾപ്പെടുത്തുന്ന രീതിയിൽ പാടശേഖരസമിതികൾ രൂപീകരിക്കുകയും നിലവിലുള്ള സമിതികളുടെ പ്രവർത്തനം പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് ഊർജ്ജിതമാക്കുകയും വേണം. പാടശേ

ഖര സമിതികളെ സംബന്ധിച്ച പട്ടിക ചേർക്കുന്നു.

പട്ടിക–2

| ക്രമ നമ്പർ | പാടശേഖര സമിതിയുടെ പേര് | വിസ്തീർണ്ണം ഏക്കറിൽ |
|---|---|---|
| 1 | പോട്ടൂർ | 72.10 |
| 2 | കവുപ്ര | 76.10 |
| 3 | പറവപ്പാടം | 79.23 |
| 4 | തൈക്കാട് | 79.15 |
| 5 | ഉദിനിക്കര ഈസ്റ്റ് | 50.75 |
| 6 | തോട്ടുപാടം | 40 69 |
| 7 | മുക്കടൈക്കാട് | 65.04 |
| 8 | നെല്ലിക്കാട് | 45.55 |
| 9 | കുറ്റിപ്പാല | 36.50 |
| 10 | ചേകനൂർ | 112.80 |
| 11 | ഉദിനിക്കര വെസ്റ്റ് | 39.33 |
| 12 | മുതൂർ I | 41.95 |
| 13 | മുതൂർ II | 42.80 |
| 14 | കല്യാണിക്കാവ് | 30.00 |

അവലംബം: കൃഷിഭവൻ രേഖ

## തെങ്ങ്

കൃഷിഭവൻ രേഖപ്രകാരം 518 ഹെക്ടറിൽ തെങ്ങുകൃഷി ചെയ്യുന്നു. ശരാശരി തേങ്ങയുത്പാദനം ഹെക്ടറിൽ 5800 തേങ്ങമാത്രമാണ്. മിക്കവാറും പ്രദേശങ്ങളിൽ തെങ്ങും കവുങ്ങും ഇട കലർത്തിയാണ് കൃഷിചെയ്യുന്നത്. തെങ്ങുകൾക്ക് പ്രത്യേക ജലസേചനസൗകര്യം പരിമിതമായ പ്രദേശത്തുമാത്രമേ ഉള്ളു. പാടശേഖരങ്ങൾ നികത്തി ഏതാണ്ട് 145 ഹെക്ടർ പ്രദേശത്ത് തെങ്ങ് കൃഷി ചെയ്തിട്ടുണ്ടെങ്കിലും ഇവിടെ ശരാശരി ഉൽപാദനത്തിൻെറ നാലിലൊന്ന്പോലും ഉൽപാദനമില്ല. നികത്തിയ പ്രദേശങ്ങളിൽ നീർവാർച്ച സൗകര്യങ്ങളില്ലാത്തത് ഇതിനുള്ള ഒരു കാരണമാണ്. വില്പനക്കുള്ള ഭൂമി എന്ന നിലയിലാണ് പലരും ഭൂമി നികത്തിയിട്ടുള്ളത്. കേരവികസന സമിതികൾ നിലവിലുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. സമഗ്രനാളികേര വികസന പദ്ധതി പ്രകാരം കൃഷി ഭവൻ ശുപാർശ ചെയ്ത് ഈ പഞ്ചായത്തിൽ 4.05 ലക്ഷം രൂപ തെങ്ങ് കൃഷിക്കാർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. തെങ്ങുകൾക്ക് കണ്ടുവരുന്ന പ്രധാനപ്പെട്ട രോഗങ്ങൾ ലീഫ്റോട്ട്, സ്റ്റെം ബ്ലീഡിംഗ് എന്നിവയാണ്. കൃഷിഭവൻ രേഖകൾ സൂചിപ്പിക്കുന്നത്. ഏകദേശം 1000 തെങ്ങുകൾ വീതം ഈ രോഗങ്ങൾക്ക് ഇരയായവയാണ്.

## കവുങ്ങ്

362 ഏക്കർ സ്ഥലത്ത് കവുങ്ങ് കൃഷിയുണ്ട് കൃഷിക്കാർക്ക് കവുങ്ങുകൃഷിയിലുള്ള താൽപര്യത്തിന് ഏറ്റക്കുറിച്ചിലുണ്ടാകുന്നു. അടക്കവിലയിൽ സമീപകാലത്തൊഴിച്ച് അടിക്കടിയുണ്ടാകുന്ന അസ്ഥിരിതയാണ് ഇതിനു കാരണം. ഹെക്ടറിൽ ശരാശരി ഒരു ലക്ഷത്തി അറുപതിനായിരം അടക്കയാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. ഇടക്കാലത്ത് കവുങ്ങിൻ തോട്ടത്തിനുള്ളിൽ ഇടവിളയായി കൊക്കോ കൃഷി നടത്തിയിരുന്നെങ്കിലും വിപണിയില്ലാത്തതിനാൽ കർഷകർ അതിൽ നിന്നും പിൻമാറി. നനക്ക് ചിലപ്പോൾ ദൗർലഭ്യം അനുഭവപ്പെടാറുണ്ട്. പ്രധാനമായ രോഗം മഹാളിയാണ്.

## വാഴ

നേന്ത്രവാഴ, പ്രധാനമായും പറമ്പുകളോടു ചേർന്നുള്ള പാടശേഖരങ്ങളിലാണ് കൃഷിചെയ്യുന്നത്. വാഴകൃഷിക്ക് ജലസേചനം സുപ്രധാനമാണ്. എന്നാൽ ജല ദൗലഭ്യം പ്രശ്നമാകുന്നു. കാലവർഷക്കാറ്റ്, പെട്ടെന്നുള്ള ജലനിരപ്പിൻെറ ഉയർച്ച, വാഴരോഗങ്ങൾ ഇവ പലപ്പോഴും വിനയാകുന്നു. പറമ്പുകളിൽ ഇടവിളയായി മൈസൂർ പൂവൻ, കുന്നൻ, പടൽ, ചെട്ടി എന്നിവ കൃഷി ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ ഇവയ്ക്ക് ഗണ്യമായ കുറവു വന്നിരിക്കുന്നു. മുമ്പില്ലാത്ത രീതിയിലുള്ള ചില വാഴരോഗങ്ങൾ വർദ്ധിച്ച കാരണമാണ് ഇതു സംഭവിച്ചത്.

## കശുമാവ്

കശുമാവ് കൃഷിക്ക് വളരെ സാധ്യതയുള്ള ഒരു പ്രദേശമാണ് ഇത്. എന്നാൽ കൃഷിയെന്ന രീതിയിൽ കർഷകർ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു കാണുന്നില്ല. രോഗബാധക്ക് കീടനാശിനികൾ ഉപയോഗിക്കുന്നില്ല. പൂകരിച്ചിലും കറയൊലിക്കലുമാണ് പ്രധാന രോഗങ്ങൾ.

## മരിച്ചീനി

മരിച്ചീനികൃഷിക്കും വിപുലമായ സാധ്യതയുണ്ട്. എങ്കിലും മുൻകാലങ്ങളിലുള്ളതുപോലെ തൽപ്പരരല്ല. എലിശല്യം പ്രധാന പ്രശ്നമാണ്.

## പച്ചക്കറി

രണ്ടാം വിളകഴിഞ്ഞ പാടങ്ങളിൽ വേനൽകാലത്തും പറമ്പുകളിൽ വർഷകാലത്തും പച്ചക്കറി കൃഷിചെയ്തിരുന്നു. പച്ചക്കറിക്കുള്ള രോഗകീടബാധ വർദ്ധിച്ചിരിക്കയാലും ഉൽപാദന ചെലവ് കൂടിയതിനാലും കൃഷിക്കാർ ഈ രംഗത്തേക്ക് മുന്നോട്ടു വരുന്നില്ല.

## റബ്ബർ

സമീപകാലത്തു മാത്രം തുടങ്ങിയ കൃഷിയാണ് റബ്ബർ. റബ്ബർകൃഷിക്ക് അനുയോജ്യമായ മണ്ണല്ല ഈ പ്രദേശത്ത് എന്നഭിപ്രായമുണ്ട്.

## ഇടവിളകൾ

കുരുമുളക് പ്രധാനകൃഷിയല്ലെങ്കിലും മറ്റുവിളകളുടെ ഇടയിലാണ് കൃഷിചെയ്തുവരുന്നത്. അത്യല്പാദന ശേഷിയുള്ള പന്നിയൂർ 1, കരിമുണ്ട എന്നീ ഇനങ്ങൾ പരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങൾ ഉൽപാദനക്ഷമതയെ ബാധിക്കുന്നു. പയർ, കിഴങ്ങുവർഗങ്ങൾ ഇഞ്ചി,, മഞ്ഞൾ, തുടങ്ങിയവ പലപ്രദേശത്തും കൃഷിചെയ്യുന്നു. വെറ്റിലകൃഷിയുടെ സാദ്ധ്യതയെക്കുറിച്ച് പരിശോധിക്കണം.

## വളം, കീടനാശിനികൾ

സഹകരണമേഖലയിൽ ഒരു രാസവളഡിപ്പോ ഉണ്ടായിരുന്നു. സഹകരണ സംഘത്തിന്റെ പ്രവർത്തനം നിലച്ചതോടെ ഡിപ്പോയും പൂട്ടി.

പട്ടിക-3

| 93-94 | | 94-95 | | 95-96 | |
|---|---|---|---|---|---|
| രാസ വളം | കീട നാശിനി | രാസ വളം | കീട നാശിനി | രാസ വളം | കീട നാശിനി |
| 1794 kg | 2200 gm | 2940 Kg. | 3025 gm. | 4760 kg | 5000 gm |

(അവലംബം: കൃഷിഭവൻ രേഖ)

ഇപ്പോൾ മൂന്നു സ്വകാര്യ വളം വിൽപ്പന കേന്ദ്രങ്ങൾ ഉണ്ട്. മണ്ണു പരിശോധിച്ച് ശാസ്ത്രീയമായ രീതിയിലുള്ള വളപ്രയോഗം നടക്കുന്നില്ല. ഇത് കൃഷിച്ചിലവ് വർദ്ധിപ്പിക്കുകയും ഉൽപാദന ക്ഷമതയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ജൈവവളങ്ങളുടെ ഉപയോഗം വളരെ കുറഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്ന കൊടിഞ്ഞിൽ, ഡെയിഞ്ച, ശീമക്കൊന്ന എന്നിവ വളർത്താൻ ആരും ശ്രദ്ധിക്കുന്നില്ല. കീടനാശിനികളുടെ ശാസ്ത്രീയമായ പ്രയോഗത്തെപ്പറ്റിയുള്ള ധാരണക്കുറവ് രോഗബാധവർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു.

കൃഷിഭവൻ മുഖേന രാസവളവും കീടനാശിനിയും വിതരണം ചെയ്തതിന്റെ കണക്കുകൾ പട്ടിക - 3ൽ ചേർത്തിരിക്കുന്നു. സ്വകാര്യ ഏജൻസികൾ മുഖേന കൃഷിക്കാർ വാങ്ങി ഉപയോഗിച്ചതിന്റെ കണക്കുകൾ ലഭിച്ചിട്ടില്ല.

## കാർഷിക ഉപകരണങ്ങൾ

നിലമുഴുന്നതിന് ഭൂരിഭാഗം ഉപയോഗിക്കുന്നത് ട്രാക്ടറാണ്. അത്യാവശ്യമായി ഉഴവുകന്നുകളേയും ഉപയോഗിക്കുന്നു. നടീൽകൊയ്ത്ത് മെതി എന്നിവക്ക് പരമ്പരാഗത സമ്പ്രദായങ്ങൾ തുടർന്നു വരുന്നു. മരുന്നു തളിക്കുന്നതിന് കൃഷിഭവൻ മുഖേന വാടകക്കു നൽകിയിരുന്ന നാപ്സ്റ്റാക് സ്പ്രേയർ, റോട്ട് സ്പ്രെയർ എന്നിവ ഉപയോഗക്ഷമമല്ലാത്തതുകൊണ്ട് ഇപ്പോൾ കർഷകർക്കു ലഭ്യമല്ല. ചുരുക്കം കൃഷിക്കാർ വാങ്ങിയിട്ടുള്ള സ്പ്രെയറുകളാണ് മറ്റുള്ളവർ ഉപയോഗിക്കുന്നത്.

## കൂലിനിരക്ക്

1991ലെ സെൻസസ് പ്രകാരം 1138 കർഷകർ ഉണ്ടെങ്കിലും കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്നവർ വളരെ പരിമിതമാണ്. സെൻസസ് പ്രകാരം 2606 കർഷകത്തൊഴിലാളികൾ പഞ്ചായത്തിലുള്ളതായി കാണുന്നു. എന്നാൽ യഥാർഥത്തിൽ ഇതിലും വളരെ താഴെയാണ് അവരുടെ എണ്ണം. ശരാശരി കൂലിനിരക്ക് പുരുഷന് 110 രൂപ. സ്ത്രീക്ക് 60 രൂപയുമാണ്.

## കാർഷികവായ്പ

പഞ്ചായത്തിലുള്ള ഒരു സഹകരണ സ്ഥാപനവും മൂന്നു ഷെഡ്യൂൾഡ് ബാങ്കുകളുമാണ് ഈ പഞ്ചായത്തിൽ കാർഷിക വായ്പ നൽകുന്നത്. കൂടാതെ പൊന്നാനി കാർഷിക ഗ്രാമവികസന സഹകരണ ബാങ്കിൽ നിന്നും കാർഷിക വായ്പകൾ ലഭിക്കുന്നു. കാർഷിക വായ്പകളുടെ അപര്യാപ്തത താഴെ ചേർത്ത പട്ടിക സൂചിപ്പിക്കുന്നു. (പട്ടിക - 4).

പട്ടിക - 4

| നമ്പർ | സ്ഥാപനത്തിന്റെ പേര് | നൽകിയ വായ്പ ലക്ഷത്തിൽ | കാർഷികവായ്പ ലക്ഷത്തിൽ | ശതമാനം |
|---|---|---|---|---|
| 1 | വട്ടംകുളം സർവ്വീസ് സഹകരണ ബാങ്ക് | 25.44 | 1.24 | 4.89 |
| 2. | SMGB | 121 | 43.72 | 36.13 |

| | | | | |
|---|---|---|---|---|
| 3. | നെടുങ്ങാടി ബേങ്ക് | 50.91 | 1.31 | 2.57 |
| 4. | പൊന്നാനി കാർഷിക ഗ്രാമ വികസന സഹകരണ ബാങ്ക് | 112 | 32 | 28.57 |

(അവലംബം: ബാങ്ക് സ്റ്റേറ്റ്മെൻറുകൾ)

## ജലസേചനം:

ഈ പ്രദേശത്തെ കൃഷി പ്രധാനമായും മഴയെ ആസ്പദമാക്കിയാണ്. രണ്ടു ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. കാലവർഷവും തുലാവർഷവും. പോയ കാലങ്ങളിൽ മഴയുടെ അളവിൽ ഗണ്യമായ വ്യത്യാസമില്ലെന്നാണ് മനസ്സിലാക്കുന്നത്.

## തോടുകൾ

പഞ്ചായത്ത് രേഖകൾ അനുസരിച്ച് 4 തോടുകൾ മാത്രമേ കാണുന്നുള്ളു.

1) പാട്ടശ്ശേരികുണ്ട് തോട്

2) കണ്ണൻചിറ തോട്

3) വരതൂർ

4) എക്കിക്കാവ് തോട്

ഇതിന്ന് പുറമേ മിക്ക പാടശേഖരങ്ങളിലും പ്രധാനപ്പെട്ട ഒരു തോടും ചില കൈത്തോടുകളും ഉണ്ട്. ചില തോടുകൾക്ക് ചീർപ്പുകൾ ഉണ്ടായിരുന്നെങ്കിലും അവ നശിച്ചുപോയിരിക്കുന്നു. ഭൂപരിഷ്കരണം വന്നതോടെ പല തോടുകളും അപ്രത്യക്ഷമായി. നിലവിലുള്ള തോടുകൾ തന്നെ ആഴവും വീതിയും കുറഞ്ഞ് തോടുകളുടെ ധർമ്മം നിർവ്വഹിക്കാൻ പറ്റാത്ത അവസ്ഥയാണ്.

## കുളങ്ങൾ- കിണറുകൾ

പഞ്ചായത്ത് രേഖകൾ പ്രകാരം 5 കുളങ്ങൾ മാത്രമാണ് പഞ്ചായത്തിൻെറ കൈവശം ഉള്ളത്.

1) കാന്തള്ളൂർ കുളം
2) പുതൃക്കാവ് കുളം
3) താമരാട്ട് കുളം
4) ഉദിനിക്കര പുത്തൻകോട്ടുകുളം
5) പാലപ്രക്കുളം

ഇതിനു പുറമെ എല്ലാ പാടശേഖരങ്ങളിലും ഒന്നോ രണ്ടോ തലക്കുളങ്ങളും ഏതാനും ചെറുകുളങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ പൊതുവായതും സ്വകാര്യവ്യക്തികളുടെ കൈവശമുള്ളതുമായ ഏതാണ്ട് 70 കുളങ്ങൾ ഉണ്ട്. ഏതാനുംകുളങ്ങൾ പൂർണമായും നികത്തപ്പെട്ടതായും കാണുന്നു. നിലവിലുള്ള കുളങ്ങൾതന്നെ വിസ്തീർണം കുറയുകയും ആഴം കുറയുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല കുളങ്ങളിൽനിന്ന് നീരൊഴുക്ക് ഉണ്ടാവുന്ന ഭാഗങ്ങളിൽ മണ്ണിട്ട് നികത്തി പുരയിടങ്ങളാക്കിയതിനാൽ സ്വാഭാവികമായും നീരൊഴുക്ക് തടസ്സപ്പെട്ടിരുക്കുന്നു. വേനൽക്കാലത്ത് വറ്റാത്ത കുളങ്ങൾ ഒരു ഡസനിൽ താഴെയാണ് ജലസേചനം ഉണ്ടെങ്കിൽ ഈ കുളവും വറ്റുന്നതാണ്. കരഭൂമിയിൽ ജലസേചനത്തിന് സ്വകാര്യകിണറുകളെ ആശ്രയിക്കുന്നു. കവുങ്ങ്, വാഴ, തെങ്ങ്, എന്നിവ നനക്കുന്നതിനാണ് ഈ കിണറുകൾ പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്.

## മണ്ണ് ജലസംരക്ഷണം

ചരിവ് പ്രദേശങ്ങളിലുള്ള മരങ്ങൾ വൻതോതിൽ മുറിച്ച് മാറ്റപ്പെടുന്നതിനാൽ മണ്ണ്സംരക്ഷണത്തിനുള്ള സ്വാഭാവിക മാർഗ്ഗങ്ങൾ അപ്രത്യക്ഷമായി തുടങ്ങി. വൃഷ്ടിപ്രദേശത്ത് പെയ്യുന്ന മഴവെള്ളം കുത്തി ഒലിച്ചുപോവാതെ കരപ്രദേശത്ത് തടഞ്ഞുനിർത്തി മണ്ണിലെ ഈർപ്പം നിലനിർത്തിയിരുന്നതും ഈ മരങ്ങളായിരുന്നു. മണ്ണിൽ വീഴുന്ന ഇലകളും മണ്ണിലെ ജലസംഭരണശേഷിയെ നിലനിർത്തുകയും ബാഷ്പീകരണത്തെ മന്ദീഭവിപ്പിക്കുകയുംചെയ്യുന്നു.

## നഴ്സറി

പഞ്ചായത്തിൽ കൃഷിക്കാർക്ക് ആവശ്യമുള്ള നടീൽവസ്തുക്കൾ വിതരണംചെയ്യുന്നതിനുള്ള നഴ്സറികൾ ഒന്നുമില്ല. കൃഷിഭവൻ മുഖേനനയാണ് ഇവ വിതരണംചെയ്തിരുന്നത്.

പട്ടിക – 5
(കൃഷിഭവൻ രേഖ)

| ഇനം | എണ്ണം | | |
|---|---|---|---|
| | 93-94 | 94-95 | 95-96 |
| തെങ്ങിൻതൈ | 300 | 505 | 120 |
| കവുങ്ങിൻ തൈ | 253 | 100 | 250 |
| കശുമാവ് | 2050 | 1120 | 1600 |
| കുരുമുളക് | 406 | 5,000 | 4,000 |
| പ്ലാവ് | 20 | - | - |
| മാവ് | 46 | 46 | - |
| സപ്പോട്ട | 12 | 12 | - |
| ഗ്രാംമ്പൂ | 10 | 10 | - |

## കൃഷിഭവൻ

1987ലാണ് കൃഷിഭവൻ നിലവിൽവന്നത്. കൃഷി ആപ്പീസർ– 1, കൃഷി അസിസ്റ്റൻറ് – 1, പാർട് ടൈം സ്വീപ്പർ– 1, വാട്ടർഷെഡ് അപ്രൻറീസ്– 1 എന്നിങ്ങനെയാണ് സ്റ്റാഫ് അംഗങ്ങൾ.

മുൻകാലങ്ങളിൽ കൃഷി ഉദ്യോഗസ്ഥൻമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി, വേണ്ട മാർഗ്ഗനിർദ്ദേശ ങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ ഇത്തരത്തിലുള്ള കർഷകസമ്പർക്ക പരിപാടി അപ്രത്യക്ഷമാവുകയും ആനുകൂല്യം വിതരണംചെയ്യുന്നതിനുള്ള ഒരു സ്ഥാപനമായി കൃഷിഭവൻ മാറുകയും ചെയ്തിരിക്കുന്നു. കൃഷിക്കാർക്കാവശ്യമായ വിത്തുകളും തൈകളും വിതരണംചെയ്യാറുണ്ടെങ്കിലും യഥാവസരത്തിലല്ല അവ കൃഷിക്കാർക്ക് കിട്ടുന്നത്.

## വിപണന സൗകര്യങ്ങൾ:

പ്രധാന നാണ്യവിളകളായ അടക്ക, കുരുമുളക്, കശുവണ്ടി, എന്നിവ വിപണനം നടത്തുന്നതിന് മതിയായ സൗകര്യങ്ങളില്ല. വളരെ മുമ്പ് കാലത്തു തന്നെ സ്ഥാപിക്കപ്പെട്ട മലബാർ റഗുലേറ്റഡ് മാർക്കറ്റ്, കച്ചവടക്കാർ എത്താത്തതുമൂലം പ്രവർത്തനക്ഷമമല്ല. ചന്തകൾ ഇവിടെ ഇല്ല. അടക്ക വില്ക്കുന്നത്. ചങ്ങരംകുളം പഴഞ്ഞി, ചാലിശ്ശേരി, എന്നീ മാർക്കറ്റുകളിലും പഞ്ചായത്തിൽ തന്നെയുള്ള മൂന്ന് സ്വകാര്യകച്ചവടക്കാർക്കുമാണ്.

## വാട്ടർഷെഡ് (N.W.D.P.R.A)

656 ഹെക്ടർ പ്രദേശത്തെ മണ്ണ് സംരക്ഷണത്തിന് വേണ്ടി 91– 92ൽ തുടക്കം കുറിച്ചുവെങ്കിലും 94-95ൽ മാത്രമാണ് ശരിയായ രീതിയിൽ പ്രവർത്തനമാരംഭിച്ചത്. ഉദ്ദേശങ്ങൾ മുഴുവൻ സഫലമാക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞില്ല. (പട്ടിക -6 കാണുക).

243

പട്ടിക– 6

പെരിന്തൽമണ്ണ മണ്ണ് സംരക്ഷണ ഓഫീസ് രേഖ പ്രകാരം

| പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണം | പദ്ധതി പ്രദേശത്തെ നീർച്ചാലു കളുടെ എണ്ണം | അടങ്കൽ തുക | മൊത്തം ഗുണ ഭോക്താക്കൾ | അനുവദിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്ക പ്പെട്ട ഭൂമി യുടെ വിസ്തീർണം | പ്രയോജനം ലഭിച്ച ഗുണ ഭോക്താക്ക ളുടെഎണ്ണം | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|
| ദേശീയ വാട്ടർഷെഡ് സ്കീം | 656 ഹെക്ടർ | അഞ്ചര കി.മീ. | 7.011 ലക്ഷം | 2052 കുടുംബങ്ങൾ | 1991-92 | പൂർത്തി യായിട്ടില്ല | 216 ഹെക്ടർ | 1000 കുടുംബം | 4.64 ലക്ഷം |

## പ്രശ്നങ്ങൾ

മണ്ണൊലിപ്പ്, അശാസ്ത്രീയമായ വളപ്രയോഗം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയുടെ ഫലമായി മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞിരിക്കുന്നു.

ശാസ്ത്രീയമായ മണ്ണ് പണിശോധന നടക്കുന്നില്ല. ഭൂമിയുടെ തുണ്ടുവൽക്കരണം, പാടശേഖരങ്ങൾ നികത്തൽ, അനിയന്ത്രിതമായ റോഡ് നിർമ്മാണം, വൃക്ഷനശീകരണം, ജലസ്രോതസ്സുകളുടെ പരിരക്ഷണമില്ലായ്മ, സ്വാഭാവികമായ നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുന്നു. മാത്രമല്ല മരുഭൂമികളിലെ ജലസംഭരണശേഷി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ജലം ഒഴിഞ്ഞു പോകാത്ത പ്രശ്നവും (ഉദാ: പറുവുപാടം മരുതൂർ കായൽ പ്രദേശം) ഉണ്ട്.

അത്യല്പാദനശേഷിയുള്ള വിത്തനങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നില്ല. രോഗബാധയെ ചെറുക്കുന്ന തരത്തിലുള്ള വിത്തുകളും നടീൽ വസ്തുക്കളും യഥാവസരം ലഭിക്കുന്നില്ല.

കർഷകത്തൊഴിലാളികളെ യഥാസമയം ലഭിക്കുന്നില്ല. ഉത്പാദനക്ഷമതയുമായും– ഉത്പന്നങ്ങളുടെ വിലയുമായും താരതമ്യപ്പെടുത്തിയുള്ള കൂലിനിരക്കല്ല ഉള്ളത്.

ആധുനിക കാർഷികോപകരണങ്ങളുടെ ലഭ്യതക്കുറിവ് ജലസേചനത്തിന് വൈദ്യുതി എല്ലാ സ്ഥലങ്ങളിലും എത്തിയിട്ടില്ല. ആവശ്യത്തിന് വോൾട്ടേജ് പല സമയത്തും ഇല്ല. മണ്ണെണ്ണ നിയന്ത്രിത വിലക്കല്ല യഥാസമയങ്ങളിലും ലഭിക്കുന്നത്. ജൈവവളം വേണ്ടത്ര ലഭ്യമല്ല. രാസവളം കീടനാശിനി എന്നിവക്ക് അമിതമായ വിലവർദ്ധനവ് ശാസ്ത്രീയമായ വളപ്രയോഗത്തെക്കുറിച്ച് കർഷകരുടെ അറിവില്ലായ്മ നിലനിൽക്കുന്നു. വാഴ, കുരുമുളക്, മരച്ചീനി, തെങ്ങ് എന്നിവക്ക് എലിശല്യം വ്യാപകമായി ഉണ്ട്. കാർഷികവായ്പ ആവശ്യസമയത്ത് ലഭ്യമല്ല. വിള ഇൻഷ്വറൻസിന്റെ പരിധിയിൽ എല്ലാ കർഷകരും എത്തിയിട്ടില്ല. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ, ട്രില്ലർ മുതലായവ ഇറക്കുന്നതിനും കൊയ്ത കറ്റ കൊണ്ടുപോകുന്നതിനും സൗകര്യമായ റോഡുകളുടെ അപര്യാപ്തത.

പ്രധാന നാണ്യവിളയായ അടക്ക വിൽക്കുന്നതിന് പഞ്ചായത്തിൽ മാർക്കറ്റ് ഇല്ല. കൃഷിഭവന്റെ സേവനം തൃപ്തികരമല്ല.

ആധുനിക കൃഷിസമ്പ്രദായത്തെക്കുറിച്ച് കൃഷിക്കാരന്റെ കൂടി പങ്കാളിത്തമുള്ള ബോധവൽകരണപരിപാടികൾ നടക്കാറില്ല.

കാർഷിക മേഖലയിലെ കൂട്ടായ്മക്ക് മങ്ങലേറ്റിരിക്കുന്നു.

കാർഷികവൃത്തിക്ക് മുമ്പുണ്ടായിരുന്ന അന്തസ്സ് തുലോ കുറഞ്ഞിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് കാർഷികരംഗത്തിന് പ്രാധാന്യമില്ല.

യുവതലമുറ കാർഷികരംഗത്തോട് ആഭിമുഖ്യം കാണിക്കുന്നില്ല.

## സാധ്യതകളും നിർദ്ദേശങ്ങളും

1) മണ്ണ് പരിശോധിച്ച് കൃഷിക്കാർക്ക് വളപ്രയോഗത്തിന് വേണ്ട നിർദേശം കൊടുക്കണം. ജലസംഭരണശേഷി കുറഞ്ഞ ചരിവ് തലങ്ങളിൽ ചെക്ക് ഡാമുകൾ (തടയണ) കെട്ടുക, അതിരുകളിൽ ശീമക്കൊന്ന വെച്ച് പിടിപ്പിക്കുക.

2) ജനകീയസമിതികൾ വിളിച്ചുചേർത്ത് നശിച്ചുപോയ ജലസ്രോതസ്സുകൾ കണ്ടെത്തി അവ പുനഃസ്ഥാപിക്കുകയും നിലവിലുള്ളവ പ്രയോജനക്ഷമമാക്കുകയുംചെയ്യുക. നികത്തിയ ഭൂമികളിൽ വാട്ടർ ലീച്ചിംങ്ങ്-ന് സൗകര്യപ്പെടുന്ന രീതിയിലും ജലനിർഗമനത്തിന് കിടങ്ങുകൾ നിർമ്മിക്കുകയും പ്രധാനപ്പെട്ട തോടുകൾ ആഴവും വീതിയും കൂട്ടി ഷട്ടറുകൾ ഇടുക. ചരിവ് പ്രദേശങ്ങളിൽ ജലസംഭരണത്തിനുവേണ്ടി ഒരു മീറ്റർ ആഴത്തിലും വിസ്മൃതിയിലും കുഴികൾ കുഴിക്കുക. സ്വാഭാവികമായ രീതിയിലുള്ള നീരൊഴുക്കിനുള്ള തടസ്സം നീക്കംചെയ്യുന്നതിന് പാടശേഖരങ്ങളിലൂടെ കടന്നുപോകുന്ന റോഡുകൾക്കും, വലിയ വരമ്പുകൾക്കും ഓവുകൾ സ്ഥാപിക്കുക.

3) ഗ്രാമപഞ്ചായത്തിൻെറയും കൃഷിഭവൻെറയും സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിൽ തെങ്ങ്, കവുങ്ങ്, ഫലവൃക്ഷങ്ങൾ തുടങ്ങിയവക്ക് നേഴ്സറി സ്ഥാപിക്കുക. നെല്ല്, പച്ചക്കറി എന്നിവയുടെ വിത്തുകൾ പാടശേഖരസമിതികളിലൂടെ ഉൽപാദിപ്പിക്കുകയും കൃഷിഭവനുകളിലൂടെ വിതരണംചെയ്യുകയും വേണം.

4) പാടശേഖരങ്ങളിൽ പൊതുകുളങ്ങൾ ഉണ്ടാക്കുക. കാർഷികമേഖലയിലെ തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കുവാൻ ആധുനിക കാർഷികയന്ത്രങ്ങൾ പാടശേഖരസമിതികൾക്ക് നൽകുക. തരിശ്ശായി കിടക്കുന്ന നെൽപ്പാടശേഖരങ്ങളിൽ സമിതി മുഖേന കൃഷി നടത്തുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക.

5) പച്ചക്കറി ഉൽപാദന വിപണന സഹകരണസംഘം രൂപികരിക്കുകയും അത് മുഖേന പുരയിടങ്ങളിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കി ഉടമസ്ഥർക്ക് കൈമാറുകയും മിച്ചോൽപാദനം സംഭരിച്ച് വിപണനം നടത്തുകയുംചെയ്യുക.

6) ജൈവവള സമ്പത്ത് നിലനിർത്താൻ ശീമക്കൊന്ന വെച്ചുപിടിപ്പിക്കുക, ഡെയ്ഞ്ച, കൊഴിഞ്ഞിൽ, പയർ എന്നിവ വളർത്തുക, ഇവയുടെ വിത്ത് ആവശ്യാനുസരണം യഥാസമയത്ത് ലഭ്യമാക്കണം. കന്നുകാലി വളർത്തൽ പ്രോൽസാഹിപ്പിക്കണം. ഒരു വീട്ടിൽ ഒരു കമ്പോസ്റ്റ് എന്ന ആശയം നടപ്പിലാക്കുക. എടപ്പാൾ ചുങ്കം, വട്ടംകുളം, നടുവട്ടം എന്നീ പ്രധാന വ്യാപാരകേന്ദ്രങ്ങൾക്ക് സമീപം പഞ്ചായത്തിൻെറ അധീനതയിൽ കമ്പോസ്റ്റ് ഉണ്ടാക്കി വിതരണം നടത്തുക. രാസവളത്തിൻെറയും കീടനാശിനിയുടെയും സബ്സിഡി ഉയർത്തുക.

7) എല്ലാ പാടശേഖരങ്ങളിലേക്കും വൈദ്യുതി എത്തിക്കുക. വൈദ്യുതിയുടെ വോൾട്ടേജിൻെറ അപാകതകൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. ഇപ്പോൾ കാർഷികാവശ്യങ്ങൾക്ക് വൈദ്യുതകണക്ഷന് അപേക്ഷ നൽകിയവർക്ക് ഉടൻ വൈദ്യുതി ലഭ്യമാക്കുകയും കാലതാമസം ഒഴിവാക്കുകയും വേണം. കൃഷിക്കാവശ്യമായ മണ്ണെണ്ണ യഥാവസരത്തിൽ വേണ്ട അളവിൽ ലഭ്യമാക്കുക.

8) പഞ്ചായത്തിൽ വിതരണം ചെയ്ത കാർഷികവായ്പ വളരെ പരിമിതമാണ്. കൃഷിക്കാരെ അമിതപലിശക്കാരിൽനിന്ന് രക്ഷിക്കാൻ ബാങ്കുകളുടെ കാർഷികവായ്പകൾ ഉയർത്തുകയും വായ്പ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക. അനർഹരായവർക്ക് കാർഷിക വായ്പ നൽകാതിരിക്കുന്നത് കടം തിരിച്ചടിവിനെയും സഹായിക്കും.

9) വിള ഇൻഷുറൻസ് സൗജന്യമാക്കുക.

10) പാടശേഖരങ്ങളിലേക്ക് ഗതാഗത സൗകര്യം കുറവുള്ള സ്ഥലങ്ങളിൽ റോഡ് നിർമ്മിക്കുകയും ഉള്ളവയുടെ അറ്റകുറ്റപണി യഥാസമയം നടത്തുകയും ചെയ്യുക.

11) നിലവിലുള്ള റഗുലേറ്റഡ് മാർക്കറ്റിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.

12) കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ നേരിട്ട് കൃഷിയിടങ്ങൾ സന്ദർശിക്കുകയും കാർഷിക പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര നിർദ്ദേശങ്ങൾ നൽകുകയും വേണം.

13) വിലകൂടിയ കാർഷിക ഉപകരണങ്ങൾ വാടകക്ക് നൽകുന്നതിനും കൃഷിക്കാരുടെ കൈവശമുള്ള കാർഷിക ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും കൃഷിഭവനിൽ സംവിധാനം ഉണ്ടാകുകയും വേണം.

14) ഉൽപാദനക്ഷമത വർധിപ്പിക്കാൻ സഹായകമായ കാർഷിക സമ്പ്രദായങ്ങളെക്കുറിച്ച് കൃഷിക്കാരുടെ പങ്കാളിത്തത്തോടെ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക. കാർഷികമേളകൾ നടത്തുകയും ഓരോ പ്രധാന വിളവുകളുടെയും അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് പഞ്ചായത്ത് തലത്തിൽ അവാർഡ് ഏർപ്പെടുത്തുകയും ചെയ്യുക.

15) കൃഷിക്കാർക്ക് പെൻഷൻ നൽകാനുള്ള പദ്ധതി കാര്യക്ഷമമാക്കുക.

16) സെക്കൻഡറിതലങ്ങളിലെങ്കിലും കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) മരുതൂർ കായൽ ചേകന്നൂർ കായൽ പദ്ധതി നടപ്പിലാക്കുക.

2) കോട്ടിരി പ്രദേശത്തുള്ള ക്വാറിയിലെ വെള്ളം തെങ്ങ്- കവുങ്ങ് കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക.

3) കർഷകതൊഴിലാളികൾക്ക് ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കുക.

4) പത്തുവർഷംമുമ്പ് കാന്തളൂരിൽ നിർമ്മിച്ച കുഴൽകിണറും നശിച്ചുകൊണ്ടിരിക്കുന്ന 15 H.P. മോട്ടോറും പ്രവർത്തനക്ഷമമാക്കുക.

5) റഗുലേറ്റഡ് മാർക്കറ്റിലുള്ള വിസ്തൃതമായ സ്ഥലത്ത് മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം സ്ഥാപിക്കുക.

6) പന്താവൂർ ലിഫ്റ്റ് ഇറിഗേഷൻ വഴിയുള്ള വെള്ളം 9, 10 വാർഡുകളിൽ എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.

7) തെക്കാട് ഭാഗത്തെ ആശുപത്രി പരിസരത്തുനിന്നുള്ള വെള്ളം മഴക്കാലത്ത് കുത്തി ഒലിച്ചു പോകുന്നത് തടഞ്ഞുനിർത്തുക.

8) സെറിഫെഡിൻെറ സഹായത്തോടെ പട്ടുനൂൽ പുഴുവളർത്തൽ യൂനിറ്റുകൾ സ്ഥാപിക്കുക.

9) വേനൽക്കാലത്ത് നെൽപാടങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക.

10) കൃഷിസ്ഥലത്ത് കന്നുകാലികളെ മേയാൻ വിടുന്നത് നിരോധിക്കുക.

11) കുറ്റിമുല്ല കൃഷി പ്രോൽസാഹിപ്പിക്കുക.

13) മാണൂർ കായലിൽ ബണ്ടു കെട്ടി ഉദിനിക്കര വെസ്റ്റ് ഉദിനിക്കര ഈസ്റ്റ് പാടങ്ങളിലേക്ക് ജലം എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

# മൃഗസംരക്ഷണവും മത്സ്യം പിടുത്തവും

നമ്മുടെ നാട്ടിൽ പാലിന്റെ ഉൽപാദനത്തിലും ഉപഭോഗത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പാലുല്പാദനത്തിന് ഇന്ന് മുഖ്യമായും സങ്കരഇനം പശുക്കളെയാണ് ഉപയോഗിക്കുന്നത്. ജനങ്ങൾക്ക് ഇന്ന് ലഭ്യമായിട്ടുള്ള സാഹചര്യങ്ങളിൽ പലപ്പോഴും ഉൽപാദന നിലവാരം പരിക്ഷണശാലാ നിലവാരത്തിലേക്കൊന്നും ഉയരുന്നില്ല. ശാസ്ത്രീയമായ പരിശീലനവും പോഷകസമൃദ്ധമായ തീറ്റയും നൽകാൻ കഴിയുന്നില്ല.

പഞ്ചായത്തിലെ മിക്ക വീടുകളിലും നാടൻ, സങ്കരഇനത്തിൽപ്പെട്ട കോഴികളെ വളർത്തുന്നുണ്ട്. എങ്കിലും പഞ്ചായത്തിലെ ഇറച്ചി, മുട്ട എന്നിവയുടെ ആവശ്യം നിറവേറ്റാൻ ഇവ തീരെ മതിയാകുന്നില്ല.

ആട്, എരുമ എന്നിവയും നമ്മുടെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളിൽപ്പെടും. താറാവുകളെയും മുയലുകളെയും ഇറച്ചി ആവശ്യങ്ങൾക്കായി അപൂർവ്വം ചില വീടുകളിൽ വളർത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

1). രോഗങ്ങൾ:- കന്നുകാലികളിൽ സാധാരണയായി പനി, അകിടുവീക്കം, ഉദരരോഗം, കുളമ്പുരോഗം എന്നിവ കണ്ടുവരുന്നു.

ചികിത്സാ സൗകര്യങ്ങൾക്കായി വട്ടംകുളം പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉണ്ടെങ്കിലും അതിന്റെ പ്രവർത്തന മേഖല സമീപപഞ്ചായത്തുകളിലും വ്യാപിച്ചുകിടക്കുന്നു. ആയതിനാൽ അത്യാവശ്യ മരുന്നുകൾപോലും ലഭ്യമല്ല.

പട്ടിക -1 രോഗവിവരങ്ങൾ

| ക്ര.നം. | രോഗങ്ങൾ | പശു | ആട് | കോഴി | പട്ടി |
|---|---|---|---|---|---|
| 1 | ദഹനസംബന്ധം | 208 | 143 | 46 | |
| 2 | ശ്വാസകോശസംബന്ധം | 49 | 48 | | |

| | | | | | |
|---|---|---|---|---|---|
| 3 | ഉപാപചയസംബന്ധം | 56 | 13 | | |
| 4 | ത്വക്രോഗങ്ങൾ | 34 | 10 | | |
| | ധാതുലവണങ്ങളുടെഅഭാവം | 30 | 12 | 1 | |
| 5 | പ്രത്യുൽപാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 184 | 28 | | |
| 6 | കുളമ്പ് രോഗം പരാദരോഗങ്ങൾ | 277 | 70 | 14 | |
| 7 | അകിട് വീക്കം | 53 | 23 | | |
| 8 | മുടുന്തൻ പനി | 43 | | | |

[അവലംബം - മൃഗാശുപത്രി റിപ്പോർട്ട്]

മുൻകാലങ്ങളിൽ മിക്ക വീടുകളിലും കോഴിവളർത്തൽ ഒരു ഉപജീവനമാർഗ്ഗം ആയിരുന്നു. എന്നാൽ വർദ്ധിച്ച സാധ്യതക്കനുസരിച്ച് ഈ മേഖലയെ വളർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല.

വ്യാപാരം ലക്ഷ്യമാക്കി താറാവിനേയും മുയലിനേയും വളർത്തുന്നവർ നമ്മുടെ പഞ്ചായത്തിലില്ല. പ്രതിദിനം ഒന്നെന്ന തോതിലെങ്കിലും ആടുമാടുകളെ നമ്മുടെ പഞ്ചായത്ത് പരിധിയിൽ കശാപ്പു ചെയ്യുന്നുണ്ട്. ഇതിനാവശ്യമായ ആടുമാടുകളെ സമീപചന്തകളിൽ നിന്നാണ് കൊണ്ടുവരുന്നത്. നിയമാനുസൃതമായ അറവുശാലകൾ പഞ്ചായത്തിലില്ല. പലപ്പോഴും വേണ്ടത്ര ആരോഗ്യ സുരക്ഷാ സംവിധാനങ്ങളില്ലാതെയാണ് കശാപ്പു ചെയ്യുന്നത്. കശാപ്പു ചെയുന്ന മൃഗങ്ങൾക്ക് മൃഗഡോക്ടറുടെ അനുമതി വാങ്ങുന്ന പതിവും ഇല്ല.

മൃഗസംരക്ഷണത്തിൻെറ അനുബന്ധ ഘടകമായ കാലിത്തീറ്റയുടെ ലഭ്യത ഒരു പ്രശ്നമാണ്. തീറ്റപ്പുൽകൃഷി വേണ്ടത്ര വ്യാപിപ്പിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകൾ സർവ്വസാധാരണമാണ്. പേവിഷ ബാധമൂലമുള്ള മരണം സമീപകാലങ്ങളിൽ ഉണ്ടായിട്ടില്ലെങ്കിലും തെരുവുനായ്ക്കളുടെ ശല്യം ഗൗരവമായി എടുക്കേണ്ടതാണ്. പേവിഷത്തിനെതിരായ കുത്തിവെപ്പുകൾ നടത്തുന്നുണ്ടെന്നാണ് മൃഗാശുപത്രി റിപ്പോർട്ടുകളിൽ കാണുന്നത്.

പേവിഷബാധ - പ്രതിരോധവും ചികിൽസയും

| വിവരം | പശു | ആട് | പട്ടി | മറ്റുള്ളവ |
|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പു നൽകിയവയുടെ എണ്ണം | -- | 2 | 27 | 780 |
| കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം | -- | | | |

[ അവലംബം മൃഗാശുപത്രി റിപ്പോർട്ട് ]

## സാധ്യതകൾ

1). ലഭ്യമായ തദ്ദേശീയ വിഭവങ്ങൾ സമർത്ഥമായി ഉപയോഗിച്ച് കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നതിനുള്ള സ്ഥാപനം തുടങ്ങണം.

2). പുൽവിത്തുകൾ വിതരണം ചെയ്യാനും പുൽക്കൃഷി വ്യാപകമാക്കാനും വേണ്ടി വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

3). നിലവിലുള്ള മൃഗാശുപത്രിയുടെ സൗകര്യം വർദ്ധിപ്പിച്ച് ചികിത്സ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

4). ശാസ്ത്രീയമായ രീതിയിൽ കോഴിവളർത്തൽ, മൃഗപരിപാലനം എന്നിവയിൽ പരിശീലനം നൽകുകയും നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.

5). സഹകരണരംഗത്ത് കാലി, കോഴി വിസർജ്യങ്ങൾ ഉപയോഗപ്പെടുത്തി ജൈവവള യൂണിറ്റ് സ്ഥാപിക്കുക.

6). തൊഴുത്ത്, ആട്ടിൻകൂട് മുതലായവ നിർമ്മിക്കുന്നതിന് സാമ്പത്തികസഹായവും ശാസ്ത്രീയ നിർദ്ദേശങ്ങളും നൽകുക.

7). പേപ്പട്ടിശല്യം ഒഴിവാക്കുന്നതിന് വളർത്തുനായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം കർശനമാക്കുക. അയൽ പഞ്ചായത്തുകൾ ചേർന്ന് സംയുക്തമായി തെരുവുനായ്ക്കളെ പിടിച്ച് നശിപ്പിക്കുക.

8). പാൽ സഹകരണസംഘങ്ങൾ വഴി സംഭരണവും വിതരണവും മെച്ചപ്പെടുത്തുകയും പാൽഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിക്കുകയും ചെയ്യുക.

9). വട്ടംകുളം പഞ്ചായത്തിൽ രണ്ടു കോഴിവളർത്തൽ കേന്ദ്രം നിർമ്മിക്കുക.
10). ആവശ്യമായ സ്ഥലങ്ങളിൽ അറവുശാലകൾ നിർമ്മിക്കുക.
11). അറവുമൃഗങ്ങളെ പരിശോധന നിർബ്ബന്ധമാക്കുക.

## മത്സ്യബന്ധനം

വിപണിയിൽ വളരെയേറെ ആവശ്യക്കാരുണ്ടെങ്കിലും മത്സ്യബന്ധനം പ്രധാന ജീവിതോപാധിയായി സ്വീകരിച്ച കുടുംബങ്ങൾ വളരെക്കുറച്ചു മാത്രമേയുള്ളൂ. ഉൾനാടൻ മത്സ്യബന്ധനത്തിന് പറ്റിയ രീതിയിൽ പുഴയോ കായലോ ഈ പഞ്ചായത്തിലില്ല. മത്സ്യബന്ധനം തൊഴിലാക്കിയിട്ടുള്ള പലരും മററു പ്രദേശങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. മാണൂർ കായൽ പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തിയിലാണ്.

ചെറുതും വലുതുമായ എഴുപതോളം കുളങ്ങൾ ഉണ്ട്. കുളങ്ങൾ അധികവും അമ്പലക്കുളങ്ങളോ സ്വകാര്യകുളങ്ങളോ ആണ്. കാന്തള്ളൂർ കുളത്തിൽ ഫിഷറീസ് വകുപ്പ് മാതൃകയായി മത്സ്യം വളർത്തിയിരുന്നു.

കുളങ്ങളിൽ നാടൻ മത്സ്യങ്ങൾ വളരുന്നു. വിപണിയെ അടിസ്ഥാനപ്പെടുത്തി മത്സ്യം വളർത്തലിന് ഈ പഞ്ചായത്തിൽ അധികമാരും തുനിഞ്ഞിട്ടില്ല. ശാസ്ത്രീയമായ മത്സ്യം വളർത്തലിനെക്കുറിച്ചുള്ള അറിവില്ലായ്മയും മത്സ്യസമ്പത്ത് മോഷ്ടാക്കളിൽ നിന്നും സംരക്ഷിക്കാനുള്ള പ്രയാസവും ഒരു ഘടകമാണ്.

കൈവശം കുളങ്ങളുള്ള സ്വകാര്യവ്യക്തികൾക്ക് മത്സ്യം വളർത്തുന്നതിന് പരിശീലനവും സൗകര്യങ്ങളും ഏർപ്പെടുത്തി കൊടുക്കണം. പാടശേഖരസമിതികൾ മുഖാന്തിരം പൊതുകുളങ്ങളിൽ മത്സ്യം വളർത്തുന്നതും പരീക്ഷിക്കാവുന്നതാണ്.

മത്സ്യരോഗം തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

# വ്യവസായം

മലപ്പുറം ജില്ലയുടെ തെക്കുഭാഗത്ത് 20.84 ച. കി. മീ. വിസ്തീർണ്ണവും 5453 വിടുകളും 28,469-ഓളം വരുന്ന ജനങ്ങളും അധിവസിക്കുന്ന ഈ പഞ്ചായത്തിൻെറ കിഴക്കുഭാഗം പാലക്കാട് ജില്ലയും വടക്ക് തവനൂർ പഞ്ചായത്തും തെക്ക് ആലങ്കോട് പഞ്ചായത്തും പടിഞ്ഞാറ് എടപ്പാൾ പഞ്ചായത്തും സ്ഥിതിചെയ്യുന്നു.

വട്ടംകുളം പഞ്ചായത്തിൽ എടുത്തുപറയത്തക്ക വൻ വ്യവസായങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഭക്ഷ്യവിഭവത്തിൽ ഊന്നിക്കൊണ്ടുള്ള കുടിൽവ്യവസാങ്ങളായിരുന്നു ഇവിടെ വ്യാപകമായി ഉണ്ടായിരുന്നത്. സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലേക്ക് മുറുക്ക്, ആറാംനമ്പർ (Dimond Cutts) എന്നീ പലഹാരങ്ങൾ ഉണ്ടാക്കി വിതരണം ചെയ്താണ് വലിയ വിഭാഗം ജനങ്ങൾ ഉപജീവനം നടത്തിപ്പോന്നിരുന്നത്. ഏതാണ്ട് ഇതേ കാലയളവിൽ (1940-കളിൽ) വട്ടംകുളം കേന്ദ്രമായി പ്രധാന നാണ്യവിളയായ അടക്ക കളി അടക്കയൊക്കി മാറ്റി മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റിഅയച്ചിരുന്നു. ഈ മേഖലയിലെ കേരളത്തിലെതന്നെ പ്രധാന വ്യവസായകേന്ദ്രമായിരുന്നു വട്ടംകുളം.

ഈ വ്യവസായത്തെ ആശ്രയിച്ച് ധാരാളം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും ഉപജീവനം കഴിച്ചിരുന്നു. എന്നാൽ ഇന്ന് ഈ വ്യവസായത്തിൻെറ ബാക്കിപത്രമായി ആളൊഴിഞ്ഞ അടക്കാക്കളവും ചേവുകളും ഇന്ന് നിലവിലുള്ള അടക്കാക്കച്ചവടക്കാരോട് ലൈസൻസ് ഫീസ് പിരിക്കാൻ മാത്രമായി മലബാർ മാർക്കറ്റിംഗ് കമ്പനിയുടെ ഒരു ഓഫീസും (Regulated Market) ധാരാളം പുറംപറമ്പ് തരിശായും കിടക്കുന്നുണ്ട്.

ഏതാണ്ട് ഇതേ കാലയളവിലായി ശുകപുരത്ത് ഈശ്വർ ഓയിൽ ആൻറ് റൈസ് മിൽ എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നു. ഇവിടെ പ്രധാനമായും നെല്ല് പുഴുങ്ങി കുത്തി അരിയാക്കി റേഷൻ വിതരണത്തിന് ഉപയോഗിച്ചിരുന്നു. കൂടാതെ യന്ത്രവൽകൃത ചക്ക് ഉപയോഗിച്ച് കൊപ്രയാട്ടുന്ന വെളിച്ചെണ്ണമില്ലും ഉണ്ടായിരുന്നു. ഈ സ്ഥാപനമാണ് 1977-ൽ വളരെ ഘോഷിക്കപ്പെട്ട തെക്ക് കിഴക്കൻ ഏഷ്യയിൽ തന്നെ ആദ്യത്തേതാതെന്ന അവകാശവാദവുമായി പച്ചത്തേങ്ങയിൽനിന്നും വെളിച്ചെണ്ണയും തേങ്ങയുടെ മറ്റു ഭാഗങ്ങൾ ഉപയോഗിച്ച് ഉപോൽപന്നങ്ങളും നിർമ്മിക്കാൻ കഴിയും എന്ന Eswar Oil Mill Pvt Ltd. എന്ന സ്ഥാപനം സുമാർ ഒരു കോടിയോളം മുതൽ മുടക്കിൽ ഉൽപാദനം ആരംഭിച്ച് ഏതാനും ദിവസത്തെ പ്രവർത്തനത്തിന് ശേഷം സാങ്കേതികവിദ്യയുടെ പരാജയം കാരണം അടച്ചുപൂട്ടി.

പട്ടിക – 1

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ |
| 1. | നാളികേരം (ഓയിൽമിൽ) | 6 | 28 | – | 28 |
| 2. | തടി വ്യവസായം | 6 | 52 | – | 52 |
| 3. | ഓട്ടോമോബൈൽ എഞ്ചിനീയറിംഗ് | 1 | 7 | – | 7 |
| 4. | ഓട്ടോമോബൈൽ സർവ്വീസ് സെൻറർ | 24 | 142 | – | 142 |
| 5. | അച്ചടി (പ്രിൻറിംഗ് പ്രസ്സ്) | 6 | 14 | 10 | 24 |
| 6. | പപ്പടം | – | 26 | 5 | 31 |
| 7. | ഭക്ഷ്യധാന്യം പൊടിക്കൽ | 29 | 36 | – | 36 |
| 8. | സോഡ നിർമ്മാണം | 2 | 6 | – | 6 |
| 9. | ഐസ് കമ്പനി | 1 | 3 | – | 3 |
| 10. | ഭക്ഷ്യവിഭവം (ബേക്കറി) | 10 | 55 | 5 | 60 |
| 11. | ആയുർവ്വേദം | 23 | 36 | 17 | 53 |
| 12. | പ്ലാസ്റ്റിക് (ഫ്രണ്ട്ലൈൻ പോളിമേർസ്) | 1 | 25 | – | 25 |
| 13. | ഭക്ഷ്യഎണ്ണ സംസ്കരണം | 1 | 13 | 2 | 15 |
| 14. | തീപ്പെട്ടി (Stick Production) | 1 | 5 | 10 | 15 |
| 15. | ഇഷ്ടികനിർമ്മാണ യൂനിറ്റ് (കളിമൺ) | 1 | 7 | 3 | 10 |
| 16. | ചെരുപ്പ്, റെക്സിൻ ബാഗ് നിർമ്മാണം | 5 | 15 | 2 | 17 |
| 17. | ഖാദി നൂൽനൂൽപ്പ്, സോപ്പ് | 2 | 5 | 45 | 50 |
| 18. | ലെയ്ത്ത് ആൻറ് ഫാബ്രിക്കേഷൻ എഞ്ചിനീയറിംഗ് | 13 | 35 | – | 35 |
| 19. | ക്രഷർ with Holo Bricks | 1 | 18 | 9 | 27 |
| 20. | സ്റ്റീൽ ഫർണിച്ചർ | 1 | 12 | – | 12 |
| 21. | കരിങ്കൽ ക്വാറി (മൈനിംഗ് | 5 | 138 | 72 | 210 |
| 22. | ചെങ്കൽവെട്ട് (മൈനിംഗ്) | 23 | 177 | 25 | 202 |
| 23. | ബീഡി | – | 15 | 16 | 31 |
| | ആകെ | 141 | 870 | 223 | 1091 |

(അവലംബം സർവ്വേ റിപ്പോർട്ട്)

നിലവിൽ ഈ പഞ്ചായത്തിൽ വിവിധ വ്യാവസായിക മേഖലകളിലായി 1249 ആളുകൾ ജോലിചെയ്യുന്നു. ഇതിൽ 306 സ്ത്രീ തൊഴിലാളികളും 943 പുരുഷതൊഴിലാളികളുമാണ്.

**നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക 1-ൽ സൂചിപ്പിക്കുന്നു**

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | ശതമാനം |
| 1. | പരമ്പരാഗത കുടിൽവ്യവസായങ്ങൾ | | | | |
| 2. | എ) തഴപ്പായ നിർമ്മാണം | – | 25 | 25 | |
| 3. | ബി) മൺപാത്ര നിർമ്മാണം (കളിമൺ) | 20 | 27 | 47 | |
| 4. | കൊട്ട, പനമ്പ് നിർമ്മാണം (മുളംപണി) | 8 | 33 | 41 | 12.65% |
| 5. | കരുവാൻ (Black Smith) | 13 | – | 13 | |
| 6. | സ്വർണ്ണപ്പണി (Gold Smith) | 32 | – | 32 | |
| 2. | ചെറുകിട വ്യവസായങ്ങൾ | 184 | 41 | 225 | 18.01% |
| 3. | ഖാദിമേഖല | | | | |
| | (എ) നൂൽനൂൽപ്പ് | – | 35 | 35 | 04% |
| | (ബി) സോപ്പ് നിർമ്മാണം | 5 | 10 | 15 | |
| 4. | ബേക്കറി | 55 | 5 | 60 | 4.8% |
| 5. | മറ്റു വ്യവസായങ്ങൾ | 626 | 130 | 7412 | 5932% |
| | ആകെ | 943 | 306 | 1249 | 100% |

(അവലംബം: സർവ്വേ റിപ്പോർട്ട്)

ചെറുകിട വ്യവസായ യൂനിറ്റുകളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണവും പട്ടിക 2-ൽ സൂചിപ്പിക്കുന്നു.

പരമ്പരാഗത കുടിൽവ്യവസായ മേഖലയിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. ഈ മേഖലയാകെ ഇന്ന് ജീർണിച്ചുകൊണ്ടിരിക്കുന്നു. മൺപാത്രവും മുളയും ഉപയോഗിച്ചുകൊണ്ടുള്ള കുട്ട, പനമ്പ് തുടങ്ങിയവും തഴപ്പായ നിർമ്മാണവും സ്വർണ്ണപ്പണി, ഇരുമ്പ്പണി എന്നിവയാണ് ഈ പ്രദേശങ്ങത് നിലവിലുള്ള പരമ്പരാഗത കുടിൽവ്യവസായ കൈത്തൊഴിൽ മേഖല.

കുടിൽവ്യവസായങ്ങളെക്കുറിച്ചുള്ള വിവരം പട്ടിക 3-ൽ സൂചിപ്പിക്കുന്നു.

| ക്ര.ന. ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| | പു | സ്ത്രീ | ആകെ |
| 1. കൈതോപ്പായ (തഴപ്പായ) | – | 25 | 25 |
| 2. മൺപാത്ര നിർമ്മാണം | 20 | 27 | 47 |
| 3. മുളപ്പണി (കുട്ട, പനമ്പ്) | 8 | 33 | 41 |
| 4. ഇരുമ്പ് (കരുവാൻ) | 13 | – | 13 |
| 5. സ്വർണ്ണപ്പണി | 32 | – | 32 |
| ആകെ | 73 | 85 | 158 |

(അവലംബം: സർവ്വേ റിപ്പോർട്ട്)

## വ്യവസായികമേഖലയിലെ സ്ത്രീ പങ്കാളിത്തം

പരമ്പരാഗത മേഖലയിൽ സ്ത്രീകളാണ് മുൻപന്തിയിലെങ്കിലും മറ്റു ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീകൾ തുലോം പിറകിലാണ്. 24.50%.

ഡി. ഡബ്ലിയു. സി. ആർ. എ. സ്കീമിൽ പഞ്ചായത്തിലെ വിവിധ മേഖലകളിലായി പ്രവർത്തിച്ചിരുന്ന 7 വനിതാ തൊഴിൽ യൂനിറ്റുകളിൽ 6 കരിങ്കൽ ഉടച്ച് ജല്ലിയാക്കുന്ന യൂനിറ്റ് പ്രവർത്തിക്കാൻ ആവശ്യമായ സ്ഥലപരിമിതിമൂലവും കരിങ്കല്ലിൻെറ വില വർദ്ധനവ്, കുറഞ്ഞ വേതനിരക്ക് എന്നീ കാരണങ്ങളാൽ അടച്ചുപൂട്ടി.

മറ്റൊരു യൂനിറ്റായ ധാന്യം പൊടിക്കുന്ന സ്ഥാപനം നടത്തിപ്പിൻെറ വീഴ്ചമൂലം പൂട്ടിക്കിടക്കുന്നു.

## പൂട്ടിക്കിടക്കുന്ന വട്ടംകുളം പഞ്ചായത്തിലെ വ്യവസായസ്ഥാപനങ്ങൾ

### Malabar Palyols Pvt. Ltd.

പഞ്ചായത്തിൽ മാണൂരിൽ പോളി യൂറിത്തിൻ ലികിഡും പേസ്റ്റും മറ്റനുബന്ധ ഉൽപന്നങ്ങളും നിർമിച്ചിരുന്ന ഇന്ത്യയിലെത്തന്നെ പ്രധാന വ്യവസായസ്ഥാപനമായിരുന്നു ഇത്. 1988-ൽ സ്ഥാപിതമായ കമ്പിനിയിൽ 30-ഓളം പേർ തൊഴിലെടുത്തിരുന്നു. ഈ സ്ഥാപനം മാനേജ്മെൻറിൻെറ പിടിപ്പുകേടുമൂലം പ്രതിസന്ധിയിലാവുകയും തുടർന്ന് ഈ വ്യവസായസ്ഥാപനത്തിന് സാമ്പത്തികസഹായം നൽകിയിരുന്ന കെ. എഫ്. സി.യും ഇൻഡസ്ട്രിയൽ കോർപ്പറേഷനും ചേർന്ന് വീണ്ടും പ്രവർത്തനം കുറച്ചൊക്കെ തുടർന്ന് നടത്തിയെങ്കിലും ഇടക്കുവെച്ച് വീണ്ടും അടച്ചുപൂട്ടുകയുണ്ടായി.

### കെ. ആർ. പ്ലാസിറ്റിക്സ്, കുറ്റിപ്പാ

Hair ties (മുടിപ്പൂവ്) നിർമ്മിക്കുന്ന ഈ സ്ഥാപനത്തിൽ 3 പുരുഷന്മാരും 8 സ്ത്രീകളും തൊഴിലെടുത്തിരുന്നു. മൂലധനത്തിൻെറ അഭാവമാണ് ഈ സ്ഥാപനം അടച്ചുപൂട്ടാൻ കാരണം.

## പ്രശ്നങ്ങൾ

എടപ്പാൾ, വട്ടംകുളം പഞ്ചായത്തുകളുടെ സംഗമസ്ഥാനവും വട്ടംകുളം പഞ്ചായത്തിൻെറ പ്രധാന വാണിജ്യകേന്ദ്രവുമായ എടപ്പാൾ ചുങ്കത്ത് വാണിജ്യപുരോഗതി കൈവന്നെങ്കിലും വ്യവസായിക പുരോഗതിയുണ്ടായില്ല. ഈ പ്രദേശത്തിൻെറ പ്രധാന സാമ്പത്തിക സ്രോതസ്സായ - ഗൾഫ് മേഖലയിലെ സമ്പാദ്യങ്ങൾ തികച്ചും ഉൽപാദനപരമല്ലാത്ത വാണിജ്യമേലഖയിലും കെട്ടിടനിർമ്മാണ പ്രവർത്തനത്തിലും മാത്രമാണ് വിനിയോഗിച്ചത്.

ബഹുരാഷ്ട്രകുത്തകകളുടെ വിപണനതന്ത്രങ്ങൾക്കെതിരെ പിടിച്ചുനിൽക്കാൻ കഴിയാതെ പോയതാണ് ചെറുകിട - പരമ്പരാഗത വ്യവസായങ്ങളുടെ ഉൽപാദനങ്ങൾക്ക് വിപണി ഇല്ലാതായത്. തത്ഫലമായി നാം ആധുനിക ഉപഭോക്തൃ സംസ്കാരത്തിൻെറ അടിമകളായി.

അസന്തുലിതമായ സാമ്പത്തിക വളർച്ചയും വിനിയോഗവും സാധാരണ ജനജീവിതത്തെ ദുരിതപൂർണ്ണമാക്കി.

## സംരംഭകത്വമില്ലായ്മയുടെ പ്രശ്നങ്ങൾ

സംരംഭകർക്ക് പ്രോത്സാഹനജനകമായ നിലപാട് സർക്കാർ ഏജൻസീസിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ ലഭിക്കുന്നില്ല.

ഉദാ: വട്ടംകുളത്തെ പ്രമുഖ ബാങ്കുകളിൽ ഒരു സ്വകാര്യ ബാങ്കിൻെറ വട്ടംകുളം ശാഖയിൽനിന്ന് 166.95 ലക്ഷം രൂപ ഡിപ്പോസിറ്റ് ആയി സ്വീകരിച്ചപ്പോൾ കേവലം 50.91 ലക്ഷം രൂപ (30.49%) മാത്രമാണ് വായ്പയായി നൽകിയത്. ഇതിൽ 2.69 ലക്ഷം (5.28%) മാത്രമാണ് വ്യവസായത്തിന് വായ്പയായി നൽകിയത്.

മറ്റൊരു പൊതുമേഖലാ ബാങ്കിംഗ് സ്ഥാപനം വായ്പാനയത്തിൽ താരതമ്യേന ഉദാരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 117 ലക്ഷം രൂപ ഡിപ്പോസിറ്റ് ഇനത്തിൽ സ്വീകരിച്ചപ്പോൾ 121 ലക്ഷം രൂപ വായ്പ നൽകിയെങ്കിലും വ്യവസായിക മേഖലയിൽ 6.62 ലക്ഷം (6.47%) രൂപയാണ് നൽകിയത്.

(അവലംബം: 30-6-96ലെ വിവരം)

അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വേണ്ടസമയത്ത് (Timly Finance) സാമ്പത്തിക സഹായം ലഭിക്കാതെ വരുമ്പോൾ സംരംഭകർ കൊള്ളപ്പലിശക്ക് ബ്ലേഡ് കമ്പനിയെ ആശ്രയിക്കുന്നു. തന്മൂലം ഒരിക്കലും രക്ഷപ്പെടാനാവാത്ത കടക്കെണിയിലേക്ക് സംരംഭകൻ മൂതലക്കൂപ്പ് കുത്തുന്നു.

1970-80 കാലഘട്ടങ്ങളിലായി വ്യാവസായിക മേഖലയിലുണ്ടായ തൊഴിൽപ്രശ്നങ്ങളുടെ അലയൊലികൾ സംരംഭകരുടെ മനസ്സിൽ ബാക്കി നിൽക്കുന്നു.

സംരംഭകർക്ക് സർക്കാർ ഏജൻസിസയിൽനിന്നും ലഭിക്കാവുന്ന സൗകര്യങ്ങളെക്കുറിച്ചുള്ള അജ്ഞതയും സംരംഭകൻെറ പരിജ്ഞാനക്കുറവും ഈ മേഖലയിൽനിന്നും സംരംഭകരെ അകറ്റിനിർത്തുന്നു.

വ്യവസായങ്ങൾക്ക് ആവശ്യമായ സ്ഥലത്തിൻെറ ഗണ്യമായ വിലവർദ്ധനവ് മറ്റൊരു കാരണമാണ്.

## ഊർജ്ജം

ഈ രംഗത്ത് സംസ്ഥാന തലത്തിലുള്ള പ്രതിസന്ധിക്ക് പുറമെ നിലവിലുള്ള വിതരണ സംവിധാനത്തിൻെറ പാളിച്ചകളിൽ പ്രധാനമായും പ്രസരണനഷ്ടവും ഒരു ട്രാൻസ്ഫോർമറിൻെറ കപ്പാസിറ്റിയിൽ കവിഞ്ഞ ഏതാണ്ട് ഇരട്ടിയോളം വരുന്ന ഉപയോഗവും അതുമൂലമുണ്ടാകുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമവും സാങ്കേതിക തകരാറുകൾ തീർക്കുന്നതിലെ കുറ്റകരമായ അനാസ്ഥയും ഈ രംഗത്തെ കൂടുതൽ പ്രശ്നസങ്കീർണ്ണമാക്കുന്നു.

### വിപണി

ഉൾനാടൻ കമ്പോളങ്ങളിൽപ്പോലും ബഹുരാഷ്ട്ര കുത്തകകളുടെ വിപണനശൃംഖലയുടെ കടന്നുകയറ്റം ചെറുകിട വ്യാവസായിക ഉൽപ്പന്നങ്ങളെ പിൻതള്ളുന്നതിന് പ്രധാന കാരണമായി.

### അസംസ്കൃതവസ്തുക്കൾ

പരമ്പരാഗത വ്യവസായങ്ങൾക്കാവശ്യമായ മുള, കളിമൺ തുടങ്ങിയവയുടെ ദൗർലഭ്യവും വിലവർദ്ധനവുംമൂലം ഉൽപാദനച്ചിലവും ഇവ ഉപയോഗിച്ചുകൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ വർദ്ധിച്ച ഉൽപാദനചിലവും ഈ രംഗത്തെ കൂടുതൽ പ്രശ്നസങ്കീർണ്ണമാക്കി.

### കൈതൊഴിൽ

കാർഷിക ഉപയോഗങ്ങൾക്കാവശ്യമായ നാടൻ പണിയായുധങ്ങളുടെ നിർമ്മാണം നഗരങ്ങളിലെ യന്ത്രവൽക്കൃത പണിശാലയിൽനിന്നും കുറഞ്ഞ വിലക്ക് നിർമ്മിച്ച് വിതരണം ചെയ്യുന്നതുകൊണ്ട് ഈ മേഖലയിലെ കൈതൊഴിലുകാർ മറ്റു പല മേഖലകളെയും ആശ്രയിക്കാൻ തുടങ്ങി.

## സാദ്ധ്യതകൾ

(വിവിധ മേഖലകളിലെ തൊഴിലാളികളുടെ കൂലിനിരക്ക് പട്ടിക 4 കാണുക).

വിവിധ മേഖലകളിലായി 1249 തൊഴിലാളികൾ ഈ പ്രദേശത്ത് ജോലിചെയ്യുന്നു.

പരമ്പരാഗത മേഖലയിൽ വളരെ കുറച്ച് പേരേ ജോലിചെയ്യുന്നുള്ളൂ. സ്വകാര്യമേഖലയിലെ 141 യൂനിറുകളിലായി 1123 തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

### ഗ്രാൻറ് ഓയിൽ ലിമിറ്റഡ്

ഭക്ഷ്യഎണ്ണ സംസ്കരിക്കുന്ന ഈ യൂനിറ്റ് ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്നു. പ്രതിദിനം 10,000 കി.ഗ്രാം എണ്ണ ശുദ്ധീകരിക്കുന്ന ഈ സ്ഥാപനത്തിൻെറ പ്രവർത്തനക്ഷമതയുടെ 60% മാത്രമാണിത്. പ്രവർത്തനമൂലധനത്തിൻെറ അഭാവംമൂലം പ്രവർത്തനശേഷി മുഴുവനായും ഉപയോഗിക്കുന്നില്ല. 15 തൊഴിലാളികൾ ഇവിടെ ജോലിചെയ്യുന്നു. നവീകരണത്തിൻെറ ഭാഗമായി ഷെയർ മൂലധനം വർദ്ധിപ്പിച്ച് ഉൽപാദനം കൂടുതൽ കാര്യക്ഷമമാക്കി ആകർഷകമായ ചെറിയ പാക്കുകളിൽ (ഇപ്പോൾ 15 കി.ഗ്രാം പേക്ക്) ഭക്ഷ്യഎണ്ണ വിതരണംചെയ്യാനുള്ള ശ്രമത്തിലാണ്. ഇതുമൂലം കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതായി പ്രതീക്ഷിക്കുന്നു.

### ഫ്രൻറ്ലൈൻ പോളിമേർസ് (പ്രൈ.) ലി.

കേരളത്തിലെ ആദ്യത്തെ റോട്ടോ മോൾഡിംഗ് (വാട്ടർടാങ്ക് നിർമ്മാണം) പ്ലാൻറ് ആണിത്. പ്രതിദിനം 25,000 ലിറ്ററോളം സംഭരണശേഷിയുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുന്നു് 25 പുരുഷജീവനക്കാർ ഇവിടെ ജോലിചെയ്യുന്നു. സമീപഭാവിയിൽ ഉൽപാദനം ഇരട്ടിയാക്കാനുള്ള പദ്ധതി മാനേജ്മെൻറ് നടപ്പിലാക്കിവരുന്നു. തത്ഫലമായി കൂടുതൽ തൊഴിൽസാദ്ധ്യതയുണ്ടാവും.

### കിടക്ക നിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ വട്ടംകുളത്ത് 2 യൂനിറ്റുകളിലായി എട്ടോളം പേർ ജോലിചെയ്യുന്നു. ഇതിൽ മൂന്ന് പേർ സ്ത്രീകളാണ്. ഈ പ്രദേശത്ത് താമസക്കാരല്ലാത്ത ഇവർ മറ്റു ജില്ലക്കാരാണ്. തമിഴ്നാട്ടിൽനിന്ന് പഞ്ഞി കൊണ്ടുവന്ന് തുണി കിടക്കയിൽ നിറച്ച് സമീപപ്രദേശത്ത് കടകളിലും വീടുകളിലുമായാണ് വിൽപന നടത്തുന്നത്. ഇവിടെയുണ്ടായിരുന്ന നൂറോളം പേർ കടബാദ്ധ്യതമൂലം തൊഴിൽ ഉപേക്ഷിച്ചുപോയി. ഡൺലപ്, ഡ്യൂറോഫ്ളക്സ് തുടങ്ങിയ മേത്തരം കിടക്കകളുടെ മാർക്കറ്റിൽ മത്സരിക്കാൻ ഈ നാടൻ കിടക്കൾക്കാവുന്നില്ല എന്നതാണ് ഇതിൻെറ പരാജയമായി ഇവർ പറയുന്നത്.

### വാരിയർ ഹെർബൽ പ്രൊഡക്ട്സ്, മൂതൂർ

ഔഷധഗുണമുള്ള സസ്യഫലമൂലങ്ങൾ യന്ത്രങ്ങൾ ഉപയോഗിച്ച് സംസ്കരിച്ച് ആയുർവ്വേദ മരുന്നുകൾ ഉൽപാദിപ്പിക്കുന്ന ഈ സ്ഥാപനത്തിൽ ആയുർവ്വേദ ഡോക്ടർമാർ അടക്കം 56 പേർ ജോലചെയ്യുന്നു. ഇതിൽ 16-ഓളം സ്ത്രീകളാണ്. കെ. എഫ്. സി. യുടെ വായ്പാസഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ശൈശവദിശയിലാണ്. സർക്കാർ ധനകാര്യസ്ഥാപനങ്ങളുടെ പ്രോത്സാഹനജനകമായ സമീപനത്താൻ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനും പുരോഗതി കൈവരിക്കാനുമാവുമെന്ന പ്രത്യാശയിലാണ് ഈ വ്യവസായം.

## വിവിധ മേഖലകളിലെ കൂലിനിരക്ക് - പട്ടിക-4

| ക്രമ നമ്പർ | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | പു | സ്ത്രീ |
| 1. | നാളികേരം (ഓയിൽമിൽ) | 75 | - |
| 2. | തടിവ്യവസായം | 80 | - |
| 3. | ഓട്ടോമോബൈൽ എഞ്ചി. | 100 | - |
| 4. | ആയുർവ്വേദം | 75 | 30 |
| 5. | ഐസ്ഫാക്ടറി | 50 | - |
| 6. | അച്ചടി | 70 | 30 |
| 7. | ഭക്ഷ്യധാന്യം പൊടിക്കൽ | 50 | - |
| 8. | ഭക്ഷ്യവിഭവം (ബേക്കറി) | 70 | 35 |
| 9. | പ്ലാസ്റ്റിക്ക് | 40 | - |
| 10. | എണ്ണ സംസ്കരണം (ഭക്ഷ്യം) | 40 | 30 |
| 11. | സോഡ നിർമ്മാണം | 50 | - |
| 12. | ചെരുപ്പ് നിർമ്മാണം) | 50 | 25 |
| 13. | സോപ്പ് നിർമാണം (ഖാദി) | 50 | 25 |
| 14. | ക്രഷർ | 80 | 50 |
| 15. | എഞ്ചിനീയറിംഗ് ആൻറ് ഫാബ്രിക്കേഷൻ (ലെയ്ത്ത്) | 125 | - |
| 16. | ചെങ്കൽവെട്ട് (മൈനിംഗ്) | 110 | 40 |
| 17. | കരിങ്കൽ ക്വാറി (മൈനിംഗ്) | 90 | 40 |
| 18. | ഓട്ടോമോബൈൽ സർവ്വീസിംഗ് | 100 | - |
| 19. | ഖാദി ഫർണിച്ചർ | - | 10 |
| 20. | സ്റ്റീൽ ഫർണിച്ചർ | 105 | - |
| 21. | ഇഷ്ടികനിർമ്മാണം | 75 | 35 |

(അവലംബം: സർവ്വേ റിപ്പോർട്ട്)

855

## ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ആരംഭിക്കാവുന്ന വ്യവസായ യൂനിറ്റുകൾ
### പട്ടിക – 5

| വിഭാഗം | ക്രമ നമ്പർ | ഇനംങ്ങൾ |
|---|---|---|
| ജനറൽ എസ്. എസ്. ഐ. | 1. | യന്ത്രവൽകൃത തുമ്പ് നിർമ്മാണം (പച്ച ചകിരി) |
| ,, | 2. | ചകിരിച്ചോറ് ഉപയോഗിച്ചുള്ള ജൈവവള യൂനിറ്റ് |
| ,, | 3. | തേങ്ങാപൗഡർ, ക്രീം, വെളിച്ചെണ്ണ തുടങ്ങിയവ നിർമ്മാണം |
| ,, | 4. | കന്നുകാലിത്തീറ്റ നിർമ്മാണം |
| ,, | 5. | കോഴിത്തീറ്റ നിർമ്മാണം |
| ,, | 6. | ചാർക്കോൾ നിർമ്മാണം |
| ,, | 7. | പാക്ക് (അടക്ക) നിർമ്മാണം |
| ,, | 8. | ജാക്ക്പുട്ട് ഹൽവ & Arow Root (കുവ്വപ്പെടി) പൗഡർ നിർമ്മാണം |
| ,, | 9. | അവിൽ യൂനിറ്റ് |
| വനിത | 1. | ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം |
| ,, | 2. | അച്ചാർ യൂനിറ്റ് |
| ,, | 3. | ലേഡീസ്, ഗാർമെൻറ്സ് നിർമ്മാണം. |
| ,, | 4. | സർബത്ത് നിർമ്മാണം (Squash) |

### ഖാദിമേഖല

പഞ്ചായത്തിലെ 7-ാം വാർഡിൽ വട്ടംകുളത്ത് ഒരു നൂൽനൂൽപ്പ് പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. 35 സ്ത്രീകൾ ഇവിടെ ജോലിചെയ്യുന്നു. വളരെ കുറഞ്ഞ വേതനനിരക്കാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം. പരിശീലനം പൂർത്തിയാക്കിയവർക്ക് ഈ നൂലകുൾ ഉപയോഗിച്ച് ആറ് തറികളുള്ള ഒരു നെയ്ത്ത്ശാലക്ക് സാദ്ധ്യത വളരെയാണ്.

### തീപ്പെട്ടിക്കമ്പ് നിർമ്മാണം

12-ാം വാർഡിൽ തീപ്പെട്ടിക്കാവശ്യമായ കമ്പ് (Stick) നിർമ്മിക്കുന്ന ഒരു യൂനിറ്റ് ഉണ്ട്. ആഴ്ചയിൽ ഒരു ലോഡ് എന്ന അനുപാതത്തിൽ ഇവിടെനിന്നും തീപ്പെട്ടിക്കമ്പുകൾ തമിഴ്നാട്ടിലേക്ക് കയറ്റിപ്പോവുന്നു. സ്ത്രീ തൊഴിലാളികളടക്കം 15 പേർ ജോലിചെയ്യുന്നുണ്ട്. അനുബന്ധമായി ഒരു തീപ്പെട്ടി നിർമ്മാണയൂനിറ്റ് ആരംഭിക്കുകയാണെങ്കിൽ 25-ഓളം പേർക്ക് പ്രത്യക്ഷമായും 100-ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ സാധിക്കും.

## പരമ്പരാഗത കുടിൽവ്യവസായത്തിൻെറ വികസന സാദ്ധ്യതകൾ

**മൺപാത്രങ്ങൾ:**

മൺപാത്രനിർമാണരംഗത്ത് 47-ഓളം വരുന്ന തൊഴിലാളികളുണ്ട്. ഇവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. സാധാരണ മൺപാത്രനിർമ്മാണത്തിലൂടെയാണ് ഇവർ ഉപജീവനം തേടുന്നത്. ഇവർക്ക് വിദഗ്ദ്ധപരിശീലനം നൽകി ആവശ്യമായ സാങ്കേതിക സൗക

ര്യങ്ങൾ ഏർപ്പെടുത്തി സഹകരണ അടിസ്ഥാനത്തിലോ മറ്റു ഏജൻസികൾ മുഖേനയോ ഈ മേഖല കൂടുതൽ പരിപോഷിപ്പിക്കാനാകും.

ഉദാ: കരകൗശലവസ്തുക്കളുടെ നിർമ്മാണം, ഫ്ളവർവെയ്സ്, ആഷ്ട്രേകൾ, ഇൻറീരിയൽ ഡക്കറേഷൻ സാമഗ്രികൾ തുടങ്ങിയ.

**മുളപ്പണി:**

മുള ഉപയോഗിച്ചുകൊണ്ടുള്ള കുട്ട, പനമ്പ്, കൈതോല ഉപയോഗിച്ചുള്ള തഴപ്പായ എന്നിവ നിർമ്മിച്ച് 66-ഓളം വരുന്ന കൈത്തൊഴിലുകാർ ഉപജീവനനം നേടുന്നുണ്ട്. ഇതിൽ 58-ഓളം വരുന്നവർ സ്ത്രീകളാണ്. ഉൽപാദനച്ചെലവിലുള്ള വർദ്ധനയും പ്ലാസ്റ്റിക്, ടയർ എന്നിവ ഉപയോഗിച്ചുള്ള കുട്ടയും മറ്റും ഇന്ന് മാർക്കറ്റിൽ സുലഭമാണ്. ഇതുമൂലം ഈ രംഗത്തെ കൈത്തൊഴിലുകാർ കൂടുതൽ മുരടിപ്പിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

ഇവരെ വിദഗ്ദ്ധ പരിശീലനത്തിലൂടെ പുനരുജ്ജീവിപ്പിക്കാനാവും. ഗാർഹികാവശ്യങ്ങൾക്കാവശ്യമായ ആകർഷകമായ വസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്താൻ സാധിക്കും.

ഉദാ: മുളകൊണ്ടുള്ള ലൈറ്റ് ഷേഡ്, ഫ്രൂട്ട് ട്രെ, Daining Table, Mat, Carring Bags etc,.

## ചെറുകിട വ്യവസായ സാദ്ധ്യതകൾ

**ബുക്ക് ബൈൻറിംഗ് യൂനിറ്റ് (വനിത):**

സഹകരണ മേഖലയിൽ ഒരു ബുക്ക് ബൈൻൻറിംഗ് യൂനിറ്റ് തുടങ്ങാവുന്നതാണ്. റൂളിംഗ്, കട്ടിംഗ് തുടങ്ങി ഒമ്പതോളം പുരുഷന്മാർക്ക് പ്രത്യക്ഷമായും ബൈൻറിംഗ് മേഖലയിൽ ഒട്ടാകെ 50-ഓളം സ്ത്രീകൾക്കും തൊഴിൽ നൽകാനാവും.

**വിപണി:** 4,000-ത്തോളം കുട്ടികൾ പഠിക്കുന്ന ജി. എച്ച്. എസ്., എടപ്പാൾ തുടങ്ങി സമീപപ്രദേശ എൽ. പി., യു. പി. തുടങ്ങിയ പത്തോളം സ്കൂളുകളും മറ്റു സ്ഥാപനങ്ങളും സാദ്ധ്യമായ മേഖലകളാണ്.

**മെഴുകുതിരി വ്യവസായം (വനിത):**

ഉൽപാദനവും വിപണനവുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കാൻ സാധിക്കും. കമ്പോളം പഞ്ചായത്തും സമീപ പ്രദേശ പഞ്ചായത്തുകളും സാദ്ധ്യമായ മേഖലക്ളാണ്.

**കോൺക്രീറ്റ് കട്ടിള, ജനൽ തുടങ്ങിയവ നിർമ്മാണ യൂനിറ്റ്:**

മരത്തിൻെറ വിലവർദ്ധനവും ദൗർലഭ്യവും കണക്കിലെടുത്ത് കോൺക്രീറ്റ് കട്ടില, ജനൽ, ഷോവാൾ, പൂച്ചട്ടികൾ തുടങ്ങിയ കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുകയാണെങ്കിൽ 15-ഓളം വരുന്നവർക്ക് തൊഴിൽ നൽകുവാനും കെട്ടിടം പണിയുന്നവർക്ക് വലിയ സഹായവും ആയിരിക്കും ഈ സംരംഭം.

## ഭക്ഷ്യസംസ്കരണം

**അച്ചാർ യൂനിറ്റ്:**

നമ്മുടെ പഞ്ചായത്തിൽ ധാരാളമായി ലഭിക്കുന്ന മാങ്ങയും മറ്റു പച്ചക്കറികളും ഉപയോഗിച്ച് ഒരു അച്ചാർ യൂനിറ്റ് തുടങ്ങുകയാണെങ്കിൽ പത്തോളം വരുന്ന സ്ത്രീകൾക്ക് തൊഴിൽ നൽകാൻ സാധിക്കും.

**Jack Fruit Halwa Unit**

ധാരാളമായി ലഭ്യമാവുന്ന ചക്ക ഉപയോഗിച്ച് ചക്ക വറുത്തതും ചക്കഹൽവയും മറ്റു ഉപോൽപ്പന്നങ്ങളും നിർമ്മിക്കാൻ കഴിഞ്ഞാൽ പത്തോളം വരുന്ന സ്ത്രീ-പുരുഷ വിഭാഗത്തിന് തൊഴിൽ നൽകാൻ സാധിക്കും.

ധാരാളമായി ഉപയോഗത്തിലുള്ള പാക്ക് (അടക്ക) നിർമ്മാണത്തിന് സാദ്ധ്യതയുണ്ട്. പഞ്ചായത്തിൽ ലഭ്യമാകുന്ന പച്ച അടക്ക ഉപയോഗിച്ച് കളിയടക്കയും പാക്കും നിർമ്മിക്കുന്ന ഒരു യൂനിറ്റ് സഹകരണ മേഖലയിൽ തുടങ്ങുകയാണെങ്കിൽ നിരവധി പേർക്ക് തൊഴിൽ നൽകാൻ സാധിക്കും.

**യന്ത്രവൽകൃത ചകിരിവ്യവസായ സഹകരണ സംഘം**

പഞ്ചായത്തിൽ മൂന്നാം വാർഡിൽ മൂളൂരിൽ യന്ത്രം ഉപയോഗിച്ച് പച്ച ചകിരി തുമ്പുകളാക്കി കൊയർ ഫെഡിന് നൽകുന്ന ഒരു സഹകരണ യൂനിറ്റാണ് ഇത്. ഇതിൻെറ നിർമ്മാണം പ്രാരംഭദിശയിലാണ്. 25-ഓളം പേർക്ക് പ്രത്യക്ഷമായും 50-ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയും.

ചകിരിയുടെ ചോറ് ഉപയോഗിച്ച് ജൈവവള യൂനിറ്റിൻെറയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കളും ചിരട്ട പൊടി ചാർക്കോൾ (Activected Carbon) നിർമ്മാണം.

**ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്സ് ആൻറ് ഡി. ടി. പി.**

സഹകരണ മേഖലയിൽ ഒരു ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്സിന് എടപ്പാൾ ആസ്ഥാനമാക്കി സ്ഥാപിക്കുകയാണെങ്കിൽ കുറെ പ്രസ് ജോലികൾ ലഭിക്കും. നമ്മുടെ താലൂക്കിൽതന്നെ ഇങ്ങനെ ഒരു സ്ഥാപനമില്ല. ബിസിനസ് സാദ്ധ്യയുള്ള ധാരാളം പ്രദേശങ്ങൾ നമുക്ക് ചുറ്റുമുണ്ട്.

**സ്ക്വാഷ് യൂനിറ്റ്**
**(നന്നാരി സർബത്ത് നിർമ്മാണം)**

സിന്തറ്റിക്ക് സിറപ്പ് ഉപയോഗിക്കാതെ നന്നാരി, രക്തചന്ദനം തുടങ്ങിയ ഔഷധഗുണമുള്ളവ ഉപയോഗിച്ചുകൊണ്ടുള്ള ശീതളപാനീയങ്ങൾ നിർമ്മിക്കുന്ന യൂനിറ്റ്. (ഖാദി മേഖലയിൽ).

**ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായ യൂനിറ്റ്**
**പട്ടിക – 8**

| ക്ര.ന. | ഇനം |
|---|---|
| | **ജനറൽ എസ്. എസ്. ഐ.** |
| 1. | ബുക്ക് ബൈൻറിംഗ് നിർമ്മാണം |
| 2. | മെഴുകുതിരി നിർമ്മാണം |
| 3. | ശാസ്ത്രീയമായ കോഴിവളർത്തൽ |
| 4. | ഹവായ് ഷീറ്റും അനുബന്ധമായി ചെരുപ്പ് നിർമ്മിക്കൽ |
| 5. | ഫാൻസി ആൻറ് ലതർ സാധനങ്ങളുടെ നിർമ്മാണം |
| 6. | നെയ്ത്ത്ശാല (ഖാദി) |
| 7. | മിനി ക്രഷർ യൂനിറ്റ് ആൻറ് മൊബൈൽ യൂനിറ്റ് |
| 8. | ഫാൻസി പ്ലാസ്റ്റിക് (മുടിപ്പൂവ് മുതലായവ) |
| 9. | ജൈവവള യൂനിറ്റ് |
| 10. | തിപ്പെട്ടി നിർമ്മാണയൂനിറ്റ് |
| 11. | ഡിസ്പോസിബിൾ സിറിഞ്ച് നിർമ്മാണം |
| | **സഹകരണ മേഖലയിൽ** |
| 1. | കോൺക്രീറ്റ് ജനൽ, കട്ടിള മുതലായവ |
| 2. | കുട നിർമ്മാണം |
| 3. | ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്സ് |
| | **വനിത** |
| 1. | കൂൺ വിത്ത് |
| 2. | പറങ്കിമാങ്ങയിൽനിന്ന് വിന്നാഗിരി ഉൽപാദനം |

## വൻകിട വ്യവസായം

1) നാളികേരം, സംഭരിച്ച് കൊപ്രയാക്കി വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന ഒരു കോക്കനട്ട് കോംപ്ലക്സ് ഈ പ്രദേശത്ത് സ്ഥാപിക്കണം.

2) മലബാർ പോളിയോൾസ്: ഈ സ്ഥാപനം സർക്കാർ ഏറ്റെടുത്ത് പ്രവർത്തനമാരംഭിക്കുക.

3) കെ. ഇ. എൽ.ൻെറ യൂനിറ്റ് സ്ഥാപിക്കുക. (ഡീസൽ ജനറേറ്റർ നിർമ്മാണം).

4) അടക്കാ സംസ്കരണ യൂനിറ്റ് സ്ഥാപിക്കുക.

# വൈദ്യുതി ഉൽപാദനവും വിതരണവും

1) നിലവിലുള്ള വ്യവസായത്തിനും പുതിയ വ്യവസായസംരംഭങ്ങൾക്കും വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ എടപ്പാൾ സബ്സ്റ്റേഷൻെറ കപ്പാസിറ്റി 66 കെ. വി. എ. യിൽനിന്ന് 110 കെ. വി. എ. ആക്കുക.

2) വട്ടംകുളം ആസ്ഥാനമായി കെ. എസ്. ഇ. ബി.യുടെ സെക്ഷൻ ഓഫീസ് തുറക്കുക.

## മറ്റ് ഗ്രാമസഭാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ

1) സ്റ്റെപ്പപ്പ് സ്റ്റെബിലൈസർ നിർമ്മാണം.

2) സോപ്പ് നിർമ്മാണം.

3) ബേക്കറി.

4) ഗ്രാമചന്തകൾ.

5) വാഴനാര്, അടക്കതോട്, ചിരട്ട എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുനിർമ്മിക്കുന്ന വ്യവസായം.

6) കറി പൗഡർ സഹകരണ മേഖലയിൽ.

7) കളിപ്പാട്ടവ്യവസായം.

8) വെളിച്ചെന്ന സംസ്കരിക്കുന്ന യൂനിറ്റും ബോട്ടിലിംഗും.

9) ബ്ലീച്ചിംഗ് പൗഡർ യൂനിറ്റ്.

10) ക്ഷീരവ്യവസായം.

## നിർദ്ദേശങ്ങൾ

1) റോഡ്, വെള്ളം, കറൻറ്, ടെലഫോൺ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തി രണ്ടോ മൂന്നോ ഏക്കർ സ്ഥലം പഞ്ചായത്ത് സംരംഭകർക്കായി നീക്കിവെച്ച് ഇൻഡസ്ട്രിയൽ പ്ലോട്ട് സജ്ജമാക്കുക. സ്ഥലം 2, 3 വാർഡുകളിൽ ഉണ്ട്.

2) ഗൾഫിൽ ജോലി ചെയ്യുന്നവരായി ഈ പ്രദേശത്ത് 1,200-ഓളം ആളുകൾ ഈ പ്രദേശത്തുണ്ട്. പ്രതിവർഷം അഞ്ച് കോടിയോളം രൂപ ഇവരുടെ നിക്ഷേപമായി ഈ പ്രദേശത്തിന് ലഭിക്കുന്നുണ്ട്.

ഈ നിക്ഷേപങ്ങൾ ഉപയോഗിച്ചുകൊണ്ട് ഗൾഫ് മേഖലയിൽനിന്ന് വരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഇവരുടെ നിക്ഷേപങ്ങൾ ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് കൂടി ഇടപെട്ട് ഇവരുടെ (സംരംഭകരുടെ) ലിസ്റ്റ് തയ്യാറാക്കി സംരംഭകത്വ പരിശീലനം നൽകു. (ഇ. പി. പി.) വ്യവസായ ഏജൻസികളുടെ സഹായവും ഉറപ്പും വരുത്തു. (ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെൻറർ - ഡി.ഐ.സി.)

1) ഇവരുടെ (സംരംഭകരുടെ) ലിസ്റ്റ് തയ്യാറാക്കി സംരംഭകത്വ പരിശീലനം നൽകുക (ഇ. പി. പി.)

2) വ്യാവസായിക ഏജൻസികളുടെ സഹായം ഉറപ്പുവരുത്തുക. (ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെൻറർ, മലപ്പുറം - ഡി. ഐ. സി.)

3) ഇൻഡസ്ട്രിയൽ പ്രമോഷൻ കൗൺസിൽ (ഐ. പി. സി.) കൂടുതൽ കാര്യക്ഷമമാക്കുക.

4) നിവലവിലുള്ള കട-നിക്ഷേപ അനുപാതം 85% കൃത്യമായി നടപ്പിൽവരുത്തുക. വ്യവസായത്തിന് അർഹരായ വിഹിതവും മുൻഗണനയും നൽകുക.

5) ഖാദിമേഖലയിൽ ആറ് തറിയുള്ള നെയ്ത്ത് ശാല ആരംഭിക്കുക.

6) കുറ്റിപ്പാലയിൽ തീപ്പെട്ടികമ്പനി സ്ഥാപിക്കുക.

7) യന്ത്രവൽക്കരണ മൺപാത്ര സഹകരണ സംഘം രൂപീകരിക്കുക.

8) മുള ഉപയോഗിച്ചുള്ള കരകൗശലവസ്തു നിർമ്മാണശാല ആരംഭിക്കുക.

9) സഹകരണ മേഖലയിൽ ഒരു ഡി. ടി. പി. സൗകര്യമുള്ള ഓഫ്സെറ്റ് പ്രസ്സ് എടപ്പാൾ ആസ്ഥാനമായി തുടങ്ങുക.

10) ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുക.

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം പേരും കാർഷിക-കാർഷികേതര മേഖലയിലും മറ്റുമായി ഉപജീവനം തേടുന്നവരാണ്. നമുക്ക് ലഭ്യമാകുന്ന കാർഷികവിഭവങ്ങൾ ഉപയോഗപ്പെടുത്തി പുരോഗതി കൈവരിക്കാനാവശ്യമായ വ്യവസായനിർദ്ദേശമാണ് ഇവിടെ വെക്കുന്നത്. തൊഴിൽ രഹിതരായ ഒട്ടേറെ പേർക്ക് തൊഴിൽസാധ്യത ഉറപ്പുവരുന്നതോടൊപ്പം കുറഞ്ഞ വിലക്ക് സാധനങ്ങൾ ലഭ്യമാക്കുകയും തന്മൂലം ഒരു പുതിയ ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കുക വഴി ഈ പ്രദേശത്തിന് പുരോഗതി കൈവരിക്കാനാവുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# ഗതാഗതം

**ബ്രി**ട്ടീഷ് ഭരണകാലത്ത് പല കേന്ദ്രങ്ങളിലെന്ന പോലെ നികുതിപിരിവിന് ഏർപ്പെടുത്തിയ കേന്ദ്രമാണ് എടപ്പാൾ ചുങ്കം. ഗതാഗതത്തിന് ആദ്യമായി വഴിയുണ്ടായിരുന്നതും ചുങ്കം കേന്ദ്രീകരിച്ചുതന്നെ കുറ്റിപ്പുറം-പൊന്നാനി റോഡുകൾ ഉൾപ്പെട്ട പ്രദേശത്തെ പ്രധാന നികുതി പിരിവ് കേന്ദ്രമായിരുന്നു ചുങ്കം. വില്ലേജ് സർവ്വെ പ്രകാരം വട്ടംകുളം കോലളമ്പ് അംശങ്ങളിൽ ഒരു അതിർത്തിയാക്കി എടപ്പാൾ ചുങ്കത്തെ വിഭജിച്ചു. പൊന്നാനി പാലക്കാട് റോഡിന്റെ മുഴുവൻ ഭാഗവും വട്ടംകുളം പഞ്ചായത്തിലാണ് ഉൾപ്പടുന്നത്. പെട്രോൾ വിൽക്കുന്നതിൽ ചുങ്കത്തിന് പിന്നീട് വളരെ പ്രാധാന്യമുണ്ടായി. പുരാതനമായ ചുങ്കത്തിന് എടപ്പാൾ ചുങ്കം എന്ന പേർ ലഭിച്ചു. എടപ്പാൾ ചുങ്കം ജംഗ്ഷനായി പൊന്നാനി-പാലക്കാട് റോഡും, അടുത്ത കാലത്തായി കുറ്റിപ്പുറം-തൃശൂർ റോഡും വന്നതോടുകൂടി കാസർകോഡ്-കന്യാകുമാരി ദേശീയ പാതയുടെ ഭാഗമായി എടപ്പാൾ ചുങ്കം മാറി.

ബസുകളുടെയും മറ്റും ഗതാഗത സൗകര്യം വർദ്ധിച്ചപ്പോൾ എടപ്പാൾ ചുങ്കവും വാണിജ്യപരമായി വികസിച്ചു.

നമ്മുടെ പഞ്ചായത്തിൽ വാഹനഗതാഗത യോഗ്യമായ റോഡുകൾ @ 123 കി.മീ. (122.864) ആണുള്ളത്. ഒരു ച.കി.മീ വിസ്തീർണത്തിന് ശരാശരി @ 6 കി.മീ. (5.895) റോഡ് സംസ്ഥാന ശരാശരിയായ 3.2 കി.മീറ്ററിൽ നിന്നും ഏറെ ഉയരുന്നതാണ് ഈ കണക്ക്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് 44.144 കി.മീ. (പി ഡബ്ല്യൂ ഡി റോഡ് അടക്കം) ആണുള്ളത്. ഇതിൽനിന്നും ഒരു ചതുരശ്ര കി.മീ. മീറ്ററിലധികം ടാർ ചെയ്ത റോഡുകൾ ഉണ്ട്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ആളോഹരി 4.31 M/s

| ക്ര.ന. | പഞ്ചായത്തിലെ ടാർ റോഡുകൾ | ഉടമസ്ഥത | ദൂരം(കി.മീ) | വീതി മീ. |
| --- | --- | --- | --- | --- |
| 1. | എടപ്പാൾ നീലിയാട് | പി ഡബ്ല്യു ഡി | 4 | 16 |
| 2. | കണ്ടനകം ആനക്കര | പി ഡബ്ല്യു ഡി | 3 | 8 |
| 3. | നടുവട്ടം തണ്ണീർക്കോട് | പി ഡബ്ല്യു ഡി | 3 | 8 |
| 4. | നടുവട്ടം കരിങ്കല്ലത്താണി | പി ഡബ്ല്യു ഡി | 3 | 12 |
| 5. | കുറ്റിപ്പുറം തൃശൂർ | പി ഡബ്ല്യു ഡി | 5 | 16 |
| 6. | നീലിയാട് ആനക്കര | പി ഡബ്ല്യു ഡി | 2 | 12 |
| 7. | മാണൂർ ചേകന്നൂർ | പഞ്ചായത്ത് | 1.4 | 8 |
| 8. | ചേകന്നൂർ മേലഴിയം | പഞ്ചായത്ത് | 1.2 | 6 |
| 9. | മുതൂർ പാലപ്ര | " | 1.7 | 6 |
| 10. | വട്ടംകുളം എരുവപ്ര | " | 1.6 | 8 |
| 11. | പോട്ടൂർ ചേകന്നൂർ | ' | 1.5 | 6 |
| 12. | ചെർളശ്ശേരി എസ് സി കോളനി | " | 1.214 | 6 |
| 13. | തൈക്കാട് നെല്ലേക്കാട് | " | 1.5 | 6 |
| 14. | എടപ്പാൾ ഹോസ്പ്പിറ്റൽ | " | 0.11 | 3 |
| 15. | വട്ടംകുളം ചേകന്നൂർ | " | 3 | 6 |
| 16. | വട്ടംകുളം പരിയപ്പുറം | " | 0.8 | 4 |
| 17. | വെള്ളറമ്പ് എസ് സി കോളനി | " | 2 | 6 |
| 18. | ഉദിയനൂർ മന റോഡ് | " | 0.81 | 6 |
| 19. | നടുവട്ടം താന്നിക്കുന്ന് | " | 1.11 | 6 |
| 20. | നടുവട്ടം പള്ളിറോഡ് | " | 0.9 | 6 |
| 21. | വട്ടംകുളം നെല്ലിശ്ശേരി ജംഗ്ഷൻ | " | 1.3 | 6 |
| 22. | നെല്ലിശ്ശേരി പന്താവൂർ | " | 0.7 | 6 |
| 23. | ഉണ്ണിനമ്പൂതിരി റോഡ് | " | 1.7 | 6 |
| 24. | കുറ്റിപ്പാല കക്കിടിപ്പുറം | " | 1.5 | 6 |
| 25. | ചോലക്കുന്ന് എസ് സി കോളനി | " | 1.5 | 6 |
| 26. | പൂത്രക്കുന്ന് എസ് സി കോളനി | " | 0.6 | 6 |

റോഡ് ശൃംഗല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. ടാർ റോഡിൻെറ അറ്റകുറ്റപ്പണി യഥാസമയം നടക്കുന്നില്ല.

റോഡുകളിൽ വാഹനഗതാഗതം വിപുലമായിരിക്കുന്നു. ടാർ റോഡ് വക്കിൽ ഓരോ കാലത്തും മണ്ണ് പേരിന് മാത്രമാണ് ഇടുന്നത്. അഴുക്ക് ചാലുകളും ഓടകളും യഥാസമയം വൃത്തിയാക്കുന്നില്ല. എടപ്പാൾ ചുങ്കത്തെ അഴുക്ക് ചാലുകളിൽ വെള്ളം കെട്ടിനിന്ന് ദുർഗന്ധപൂരിതമായിരിക്കുന്നു.

## ടാർ റോഡ് നിർമ്മാണം

പഞ്ചായത്തിലെ പ്രധാന റോഡുകൾ ടാർ ചെയ്യുന്നതിന് പകരം ഗ്രാമവാസികളുടെ സമ്മർദഫലമായി അപ്രധാന റോഡുകളാണ് ടാർ ചെയ്യുന്നത്. അവ തന്നെ പൂർത്തീകരിക്കാതെ കിടക്കുകയാണ്. കല്ല്യാണിക്കാവ്- കവിൽപ്പടി, മാണൂർ-ചേകനൂർ, എരുവപ്രകുന്ന് -മുതൂർ എന്നീ റോഡുകൾ ടാർ ചെയ്യൽ അത്യാവശ്യമായിരിക്കുകയാണ്.പകുതിഭാഗം ടാർ ചെയ്ത വട്ടംകുളം-പരിയപ്പുറം, നടുവട്ടം-കാലടിത്തറ, ഉദിനിക്കര എസ് സി കോളനി റോഡ്, ചോലക്കുന്ന് എസ് സി കോളനി റോഡ്, ചിറ്റഴിക്കുന്ന് എസ് സി കോളനി (മെറ്റലിംഗ് മാത്രം) റോഡ് എന്നിവ പൂർത്തീകരിക്കാനുണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങളിൽ നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് പരാമർശമുണ്ട്. പൊട്ടിപ്പൊളിഞ്ഞുപോയ റോഡുകൾ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുക എന്നത് പ്രധാന ആവശയമായി ഉയർന്നുവന്നിട്ടുണ്ട്. നെൽപ്പാടങ്ങൾ തൂർത്ത് റോഡ് നിർമ്മിക്കുന്നതിനെ സംബന്ധിച്ച ആവശ്യങ്ങളും ഉയർന്നുവന്നിട്ടുണ്ട്. നെൽകൃഷി നഷ്ടമായതിനാൽ നെൽപ്പാടങ്ങൾ വിറ്റഴിക്കുവാനുള്ള ഒരു മാർഗം കൂടിയാണ് ഈ ആവശ്യത്തിന് പിന്നിൽ.

പുതിയ റോഡ് ടാർ ചെയ്യാനുള്ളത് പട്ടികയായി താഴെ കൊടുക്കുന്നു.

1. കോട്ടിരി എസ് കോളനി
2. മാണൂർ ചേകന്നൂർ റോഡ്
3. കല്ല്യാണിക്കാവ് - കാവിൽപ്പടി
4. എരുവപ്രകുന്ന് -മുതൂർ
5. ഐ എച്ച് ആർ ഡി ഇ റോഡ്
6. ചിറ്റഴിക്കുന്ന് എസ് സി കോളനി
7. ശുകപുരം ക്ഷേത്രം
8. ജി. എച്ച്. എസ്. എടപ്പാൾ
9. മൂതൂർ-അണ്ണക്കമ്പാട്
10. കുളങ്കര ക്ഷേത്രം
11. ഷാരിക്കൽ
12. കക്കുഴിക്കുന്ന് എസ് സി കോളനി
13. നെല്ലേക്കാട്
14. പുരമുണ്ടേക്കാട് ക്ഷേത്രം
15. ചമ്പ്രമാണം
16. കാലൻചാടി -പാലപ്ര
17. പോട്ടൂർ -പാറപ്പുറം
18. മൂതൂർ -അണ്ണക്കമ്പാട്

റോഡ് നിർമ്മാണത്തിന് ഇതുവരെയും പഞ്ചായത്ത് ഫണ്ടിൻെറ ഭൂരിഭാഗവും ചെലവഴിച്ചതായി റോഡിൻെറ പട്ടിക കണ്ടാൽ മനസ്സിലാകും. ഇത്രയും അധികം റോഡുകൾ റിപ്പയർ ചെയ്യാനുള്ള യാതൊരു സാമ്പത്തിക ശേഷിയും പഞ്ചായത്തിനില്ല. മാത്രമല്ല പുതിയ റോഡുകൾ നിർമ്മിക്കാനുള്ള ധനശേഷിയും പഞ്ചായത്തിനില്ല. പരിമിതമായ ധനശേഷിയും റോഡുകളുടെ ആവശ്യകതയും മനസ്സിലാക്കുകയും ചെയ്യുന്നു. റോഡ് നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും നമ്മുടെ പഞ്ചായത്തിൽ സുലഭമായ ആൾബലം ഉപയോഗിച്ചുള്ള ശ്രമദാനവും റോഡ് സംരക്ഷണത്തിൻെറ ഉത്തരവാദിത്വവും ജനങ്ങൾ ഏറ്റെടുക്കണം. ഇപ്പോൾതന്നെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന്നും പൈപ്പ് ലൈൻ നീട്ടുന്നതിനും ശ്രമദാനത്തിലൂടെ ലഭ്യമായ മാനവശേഷി പരമാവധി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

## പഞ്ചായത്തിലെ ആകെ റോഡുകളുടെ വിവരം

| വാർഡ് | കോഡ് | റോഡിൻെറ പേര് | ദൂരം കി.മി. | വീതി.മി. | ടാർ ചെയ്തത് | മെറ്റൽ റോഡ് | ചെമ്മൺ റോഡ് | ടാർ ചെയ്യാനുള്ളത് |
|---|---|---|---|---|---|---|---|---|
| 1. | 0101 | മാണൂർ- ചേകന്നൂർ | 1.00 | 8 | √ | √ | | √ |
| | 0102 | നടക്കാവ് പറക്കുന്ന് | 1.200 | 3.5 | | | | |
| | 0103 | പറക്കുന്ന് എസ് സി കോളനി | 0.8 | | | | | |
| | 0104 | പറക്കുന്ന് മാണൂർപള്ളി | 0.5 | 4 | | | | |
| | 0105 | ഓട്ടുകാട്ടിൽ | 0.6 | 3.1 | | | | |
| | 0106 | കടുങ്ങാംകുന്ന് മാണൂർ | 0.75 | 3.1 | | | | |
| | 0107 | ചേകന്നൂർ എസ് സി കോളനി | 1 | 6 | | | | |
| | 0108 | കോട്ടിരി എടപ്പാൾ റോഡ് | 0.75 | 4 | | | | |
| | 0109 | കോട്ടിരി മാണൂർ ചേകന്നൂർ | 1 | 4 | | | | |
| | 0110 | കോട്ടിരി ഇല്ലം | 0.5 | 3.5 | | | | |
| | 0111 | കോട്ടിരി നീർക്കാട്ടിൽ | 1 | 4 | | | | |
| | 0102 | കടുങ്ങാംകുന്ന് കരിയാംപാടം | 0.5 | 4 | | | | |
| 2 | 0201 | ചേകന്നൂർ മേലഴിയം | 1.2 | 6 | √ | | | |
| | 0202 | മേലഴിയം ആനക്കര | 0.4 | 3 | | | | |
| | 0203 | ചേകന്നൂർ ആറേക്കാവ് | 1 | 4 | | | | |
| | 0204 | ചേകന്നൂർ തട്ടാൻപടി | 0.4 | 4 | | | | |
| | 0205 | പോട്ടൂർ പാറപ്പുറം | 1.5 | 4 | | | | |
| | 0206 | കരിങ്കൽ ക്വാറി-തട്ടാൻപടി | 0.3 | 4 | | | | |
| | 0207 | പോട്ടൂർ കാവിലവളപ്പ് | 0.5 | 3 | | | | |
| | 0208 | പോട്ടൂർ നമ്പ്യാർപടി | 0.3 | 4 | | | | |
| | 0209 | പാറപ്പുറം പെരുങ്കാട്ടിൽ | 0.3 | 3 | | | | |
| 3 | 0301 | പാലപ്ര മുതൂർ | 1.7 | 6 | √ | | | |
| | 0302 | പാലപ്ര വെള്ളറമ്പ് | 0.4 | 3 | | | | |
| | 0303 | മുതൂർ വെള്ളറമ്പ് അംഗൻവാടി | 0.35 | 3 | | | | |

| | | | | | | |
|---|---|---|---|---|---|---|
| | 0304 | പലപ്ര കണയൂർ വളപ്പ് | 1.00 | 4 | | |
| | 0305 | പൂത്രക്കുന്ന് പാണേക്കാട് | 0.35 | 3.5 | | |
| | 0306 | പൂത്രക്കുന്ന് എസ് സി കോളനി | 0.6 | 6 | √ | |
| | 0307 | വെള്ളറമ്പ് തൈക്കാട് പാടം | 0.3 | 4 | | |
| | 0308 | വെള്ളറമ്പ് കപ്പൂർപടി | 0.6 | 3.2 | | |
| | 0309 | വെള്ളിലംകോട്ട-തൈക്കാട് | 0.3 | 4 | | |
| | 0310 | പൂത്രക്കുന്ന് തൈക്കാട്പാടം | 0.3 | 3 | | |
| | 0312 | കാവിൽവളപ്പ് | 0.4 | 3 | | |
| | 0313 | കോട്ടിരി എസ് സി കോളനി | 2 | 6 | | |
| | 0314 | വടക്കത്ത് തൈക്കാട് പാടം | 0.4 | 4 | | |
| | 0315 | തൈക്കാട് ക്ഷേത്രം | 0.3 | 3 | | |
| | 0316 | അംഗൻവാടി-പടിഞ്ഞാക്കര | 0.2 | 3 | | |
| 4 | 0401 | വട്ടംകുളം-എരുവപ്രക്കുന്ന് | 3 | 8 | √ | √ |
| | 0402 | എരുവപ്രക്കുന്ന് തൈക്കാട് | 0.4 | 4 | | |
| | 0403 | തിരുമാണിയൂർ കെ എസ് ആർ ടി സി | 1 | 5 | | |
| | 0404 | ചന്തപ്പറമ്പ് മാണൂർപാടം | 0.4 | 3 | | |
| | 0405 | മാത്തൂർ തിരുമാണിയൂർ | 0.4 | 4 | | |
| | 0406 | പാലപ്ര കണയൂർ വളപ്പ് | 1 | 4 | | |
| | 0407 | കണയൂർ വളപ്പ് കല്യാണിക്കാവ് പാടം | 0.3 | 3 | | |
| | 0408 | കല്യാണിക്കാവ് കവിൽപ്പടി | 0.75 | 6 | | |
| | 0409 | നിരപ്പറമ്പ് കഴുത്ത് വീട് | 0.4 | 4 | | |
| | 0410 | കണ്ടനകം മൂതൂർപ്പള്ളി | 1 | 4 | | |
| | 0411 | മൂതൂർ എസ് സി കോളനി | 0.32 | 3 | | |

264

| | | | | | |
|---|---|---|---|---|---|
| | 0412 | മൂതൂർ നിരപ്പറമ്പ് | 0.6 | 4 | |
| | 0413 | കല്യാണിക്കാവ് വെസ്റ്റ് | 0.75 | 4 | |
| | 0414 | എരുവപ്രക്കുന്ന് ചെമ്പേപ്പാടം | 0.31 | 4 | |
| | 0415 | എരുവപ്രക്കുന്ന് കുണ്ടുകുളങ്ങര | 0.5 | 4 | |
| | 0416 | എരുവപ്രകുന്ന്- ഉദിയന്നൂർ പാടം. | 0.4 | 3 | |
| | 0417 | എരുവപ്രക്കുന്ന് മന്ദാരത്ത് | 0.45 | 3 | |
| 5 | 0501 | കാലൻചാടി എസ് സി കോളനി | 1 | 4 | |
| | 0502 | പാലപ്ര തൈക്കാട് | 0.5 | 4 | |
| | 0503 | ചേകന്നൂർ ആദാവിൽ | 0.4 | 4 | |
| | 0504 | പോട്ടൂർ സബ് സെൻറർ | 0.5 | 4 | |
| | 0505 | പോട്ടൂർ കളരിപ്പറമ്പ് | 0.4 | 3 | |
| | 0506 | ചേകന്നൂർ പോട്ടൂർ | 1.5 | 6 | √ |
| | 0507 | ചെർളശ്ശേരി എസ് സി കോളനി | 1.214 | 6 | √ |
| | 0508 | ചെർളശ്ശേരി സൗത്ത് | 0.75 | 3 | |
| | 0509 | ചെർളശ്ശേരി വെസ്റ്റ് | 1.2 | 4 | |
| | 0510 | പോട്ടൂർ നെല്ലേക്കാട് | 1.2 | 4 | |
| | 0511 | നെല്ലോട് ക്ഷേത്രം റോഡ് | 0.6 | 4 | |
| | 0512 | നെല്ലക്കാട് പഞ്ഞാവൂർ മന | 0.65 | 4 | |
| | 0513 | നെല്ലേക്കാട് കാന്തള്ളൂർപാടം | 0.4 | 4 | |
| | 0514 | കാന്തള്ളൂർ വെസ്റ്റ് | 0.41 | 4 | |
| | 0515 | പറക്കോട്ടിൽ റോഡ് | 0.18 | 3 | |
| | 0516 | കക്കുഴിക്കുന്ന് എസ് സി കോളനി | 1 | 4 | |
| 6 | 0601 | വട്ടംകുളം ചേകന്നൂർ റോഡ് | 3 | 6 | √ |
| | 0602 | തൈക്കാട് നെല്ലേക്കാട് | 1.5 | 6 | √ |
| | 0603 | പരിയപ്പുറം റോഡ് | 1 | 4 | √ |
| | 0604 | എടപ്പാൾ ഹോസ്പിറ്റൽ റോഡ് | 0.11 | 3 | √ |

| | | | | |
|---|---|---|---|---|
| | 0605 | ജയന്തി കോളനി | 0.7 | 4 |
| | 0606 | പുന്നക്കൽ | 0.4 | 3.5 |
| | 0607 | പുന്നക്കൽ-പുവ്വത്തുംകണ്ടി | 0.2 | 3 |
| | 0608 | ചന്തക്കുന്ന് എസ് സി കോളനി | 0.6 | 4 |
| | 0609 | ചന്തക്കുന്ന് തേവലശ്ശേരി | 0.4 | 3.5 |
| | 0610 | എരുവപ്രക്കുന്ന് പൂത്രക്കുന്ന് പാടം | 0.3 | 3 |
| | 0611 | തൈക്കാട് കുത്തുള്ളി | 0.2 | 2.5 |
| | 0612 | പരിയപ്പുറം തൈക്കാട് | 0.41 | 4 |
| | 0613 | പരിയപ്പുറം തൈക്കാട് പാടം | 0.18 | 4 |
| | 0614 | പി എച്ച് സെൻറർ | 0.4 | 4 |
| | 0615 | തൈക്കാട് 4 സെൻറ് കോളനി | 0.2 | 3 |
| | 0616 | തൈക്കാട് മണ്ണാരപ്പുരക്കൽ | 0.4 | 4 |
| | 0617 | കോട്ടിരി തൈക്കാട് | 0.3 | 3 |
| | 0618 | മഹിളസമാജം-ചളിയംകുണ്ട് | 0.2 | 3 |
| | 0619 | വർഷ-തൈക്കാട്പാടം | 0.2 | 3 |
| | 0620 | മിനിസ്റ്റേഡിയം | 0.11 | 3 |
| | 0621 | പുലിയാറക്കുന്ന് സ്റ്റേഡിയം | 0.75 | 4 |
| | 0622 | പുലിയാറക്കുന്ന് കാന്തള്ളൂർ പാടം | 0.3 | 4 |
| | 0623 | നാലുസെൻറ് കോളനി പുലിയാറകുന്ന് | 0.16 | 3 |
| 6 | 0624 | തൈക്കാട്-പുളിയക്കോട് | 0.36 | 3 |

| | | | | | |
|---|---|---|---|---|---|
| | 0625 | കുറത്തിക്കുന്ന് എസ് സി കോളനി | 0.4 | 3 | |
| | 0626 | വർഷ- കാന്തള്ളൂർ | 0.5 | 3 | |
| | 0627 | കാന്നള്ളൂർ ക്ഷേത്രം | 0.6 | 4 | |
| | 0628 | കാന്തള്ളൂർ ചുള്ളിയിൽ | 0.64 | 3 | |
| | 0629 | തൈക്കാട് തെക്കിൻകര | 0.6 | 3 | |
| | 0630 | വെള്ളറമ്പ് കണ്ണമ്പത്ത് | 0.31 | 3 | |
| | 0631 | വെള്ളറമ്പ് കുന്താണിക്കുളം | 0.7 | 4 | |
| | 0632 | വെള്ളറമ്പ് എസ് സി കോളനി | 0.11 | 4 | |
| | 0633 | വെള്ളറമ്പ് കവുപ്രപാടം | 0.4 | 4 | |
| | 0634 | വെള്ളറമ്പ് പടിഞ്ഞാക്കാര | 0.2 | 4 | |
| | 0635 | പാലപ്ര വെള്ളറമ്പ് | 0.4 | 4 | |
| | 0636 | വെള്ളറമ്പ് എസ് സി കോളനി1.5 | 6 | √ | |
| 7 | 0701 | കൊടക്കാട്ട് | 0.3 | 3 | |
| | 0702 | വട്ടംകുളം ആറേക്കാവ് | 0.23 | 3 | |
| | 0703 | ആറേക്കാവ് മലയത്ത് | 0.3 | 3 | |
| | 0704 | കുളങ്കര ക്ഷേത്രം | 0.6 | 3 | |
| | 0705 | വട്ടംകുളംകപ്പൂര് | 0.2 | 2.5 | |
| | 0706 | കുറ്റിപ്പാല കക്കുഴിക്കുന്ന് കോളനി | 0.4 | 3 | |
| 8 | 0801 | ഉദിന്നൂർ മന | 0.81 | 5 | √ |
| | 0802 | ഉദിനിക്കര-കുട്ടത്ത് | 0.5 | 4 | |
| | 0803 | ജി എച്ച് എസ് എടപ്പാൾ | 0.2 | 2.5 | |
| | 0804 | തയ്യിൽ വളപ്പ്- എടപ്പാൾ | 0.2 | 3 | |
| | 0805 | കോലക്കാട്ട്-കയ്പട | 0.25 | 3 | |

| | | | | | | |
|---|---|---|---|---|---|---|
| | 0806 | എടപ്പാൾ ചുങ്കം-കോട്ടപ്പറമ്പ് | 0.4 | 3 | | |
| | 0807 | എടപ്പാൾ ചുങ്കം അത്താണിപ്പറമ്പ് | 0.1 | 3 | | |
| | | | | | | |
| | 0808 | ജി എച്ച് എസ് എടപ്പാൾ-കുറ്റിപ്പുറംറോഡ് | 0.6 | 4 | | |
| | 0809 | ഗോവിന്ദ-പുത്തൻകോട്ട | 0.2 | 2.5 | | |
| | 0810 | അണ്ണക്കമ്പാട് മുതൂർ | 0.1 | 5 | √ | √ |
| | 0811 | ഉദിനൂർമന റോഡ് | 0.2 | 4 | | |
| | 0812 | ഉദിനിക്കര ലക്ഷംവീട് | 0.2 | 3 | | |
| | 0813 | ഉദിയന്നൂർ ചക്കായിൽ | 0.7 | 4 | | |
| | 0814 | ചക്കായിൽ മല്ലിനേരി | 0.47 | 3 | | |
| | 0815 | പുത്തൻകോട്ട ഉദിനൂർപാടം | 0.2 | 3 | | |
| | 0816 | പന്തപ്പറമ്പ് എടപ്പാൾ | 0.2 | 3 | | |
| | 0817 | എടപ്പാൾചുങ്കം കാരങ്ങാട്ട് | 0.4 | 4 | | |
| 9 | 0901 | താന്നിക്കുന്ന് പാറയിൽ | 0.35 | 3 | | |
| | 0902 | സൂര്യ സോപ്പ് കമ്പനി | 0.4 | 3 | | |
| | 0903 | പൂക്കരത്തറ കുട്ടത്തേൽ | 0.5 | 3 | | |
| | 0904 | നടുവട്ടം കണ്ണൻചിറ | 0.3 | 3 | | |
| | 0905 | നടുവട്ടം ഉള്ളാട്ട് വളപ്പ് | 0.5 | 3 | | |
| | 0906 | നടുവട്ടം കരിമ്പനക്കൽ | 0.2 | 3 | | |
| | 0907 | നടുവട്ടം കുരുവളവ് | 0.2 | 3 | | |
| | 0908 | ഒടുംകുന്ന് ശുകപുരം | 0.25 | 3 | | |
| | 0909 | കാലടിത്തറ സൗത്ത് | 0.3 | 3 | | |
| | 0910 | കാലടിത്തറ മണലിയാർകാവ് | 0.51 | 3 | | |
| | 0911 | കുളങ്കരപ്പാടം ടിപ്പുസുൽത്താൻ | 0.35 | 4 | | |

| | | | | | |
|---|---|---|---|---|---|
| 10 | 1001 | കരിമ്പനക്കുന്ന് എസ് സി കോളനി | 0.8 | 4 | |
| | 1002 | കരിമ്പനക്കുന്ന് കണ്ണൻചിറ | 0.75 | 3.5 | |
| | 1003 | വാട്ടർ അതോറിറ്റി കണ്ണൻചിറ | 0.35 | 4 | |
| | 1004 | ശുകപുരം നടുവട്ടം | 1.5 | 4 | |
| | 1005 | ശുകപുരം ഓയിൽമിൽ | 0.45 | 3 | |
| | 1006 | ചമ്രവട്ടം കണ്ണൻചിറ | 0.21 | 3 | |
| | 1007 | ചമ്രവട്ടം ക്ഷേത്രം റോഡ് | 0.4 | 3 | |
| | 1008 | ചമ്രവട്ടം കുളങ്കര | 0.24 | 3 | |
| | 1009 | കാലടിത്തറ കൊടക്കാട്ട് | 0.7 | 4 | |
| | 1010 | കാലടിത്തറ നാമ്പാടം | 0.4 | 4 | |
| | 1011 | നടുവട്ടം പള്ളി കക്കിടിപ്പുറം | 1.2 | 4 | √ |
| | 1012 | നടുവട്ടം ചിയ്യാല | 0.4 | 3 | |
| | 1013 | താന്നിക്കുന്ന് മണലിയാർകാവ് | 0.7 | 4 | |
| | 1014 | താന്നിക്കുന്ന് കമ്പനിപ്പടി | 0.1 | 3 | |
| | 1015 | താന്നിക്കുന്ന് സൗത്ത് | 1.1 | 6 | √ |
| | 1016 | നടുവട്ടം താന്നിക്കുന്ന് | 1.1 | 6 | √ |
| | 1017 | നടുവട്ടം പാണേക്കാട് | 0.4 | 3 | |
| | 1018 | താന്നിക്കുന്ന് എറാട്ട് വളപ്പ് | 0.4 | 3 | |
| | 1019 | താന്നിക്കുന്ന് പറവപ്പാടം | 0.31 | 3 | |
| | 1020 | കുളങ്കര ക്ഷേത്രം റോഡ് | 0.3 | 3 | |
| 11 | 1101 | വട്ടംകുളം മലയത്ത് | 0.7 | 3 | |
| | 1102 | വട്ടംകുളം മിച്ചഭൂമി കോളനി | 0.7 | 3 | |
| | 1103 | പുരമുണ്ടേക്കാട് കുളങ്കരപ്പാടം | 0.41 | 3 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 1104 | നെല്ലിശ്ശേരി പന്താവൂർ | 1.25 | 6 | | √ | √ |
| | 1105 | നെല്ലിശ്ശേരി എ ജെ ബി എസ് കുളങ്കരപ്പാടം | 0.41 | 3 | | | |
| | 1106 | നെല്ലിശ്ശേരി കുണ്ടുരുമ്മൽപള്ളി | 0.31 | 3 | | | |
| | 1107 | ഐ എച്ച് ആർ ഡി ഇ | 1.2 | 6 | √ | | |
| | 1108 | നെല്ലിശ്ശേരി സബ് സെൻറർ | 0.12 | 3 | | | |
| | 1109 | നെല്ലിശ്ശേരി കുണ്ടുരുമ്മൽ | 0.21 | 3 | | | |
| | 1110 | ചിറ്റഴിക്കുന്ന് കക്കിടിപ്പുറം | 0.7 | 4 | | | |
| | 1111 | ചോലക്കുന്ന് പുരമുണ്ടേക്കാട് | 0.6 | 4 | | | |
| | 1112 | ചോലാക്കുന്ന് 4 സെൻറ് | 0.4 | 4 | | | |
| | 1113 | ചോലക്കുന്ന് ആപ്പത്തറ | 0.42 | 4 | | | |
| | 1114 | ചോലക്കുന്ന് നെല്ലിശ്ശേരി | 0.3 | 4 | | | |
| | 1115 | ചിറ്റഴിക്കുന്ന് എസ് സി കോളനി | 1.5 | 4 | | √ | √ |
| 12 | 1201 | ഉണ്ണിനമ്പൂതിരി റോഡ് | 1.5 | 6 | | | |
| | 1202 | കുറ്റിപ്പാല കക്കിടിപ്പുറം | 1.5 | 6 | | √ | √ |
| | 1203 | കുത്തുള്ളി എക്കിക്കാവ് | 0.3 | 3 | | | |
| | 1204 | കിഴക്കേ കുത്തുള്ളക്ഷേത്രം | 0.38 | 4 | | | |
| | 1205 | ചിറ്റഴിക്കുന്ന് എക്കിക്കാവ് | 0.6 | 4 | | | |
| | 1206 | കുറ്റിപ്പാല ഷഷ്ടി | 0.7 | 4 | | | |
| | 1207 | ചോലക്കുന്ന് എസ് കോളനി | 1.5 | 6 | | | |
| | 1208 | കുറ്റിപ്പാല മാത്തൂർ | 0.45 | 4 | | | |
| | 1209 | കുറ്റിപ്പാല ചെമ്പകശ്ശേരി | 0.64 | 4 | | | |
| | 1210 | ചെമ്പകശ്ശേരി എണ്ണാഴിമന | 0.3 | 3 | | | |
| | 1211 | കുറ്റിപ്പാല തറയിൽ | 0.24 | 3 | | | |

| | | | | |
|---|---|---|---|---|
| 1212 | ഉണ്ണിനമ്പൂതിരി-വില്ലേജ് | 0.54 | 4 | |
| 1213 | പഞ്ചായത്ത്-കൊടക്കാട് | 0.6 | 4 | |
| 1214 | പന്തലംകുന്ന് എസ് എസി കോളനി | 0.7 | 4 | |
| 1215 | പന്തലംകുന്ന് പുരമുണ്ടേക്കാട് | 0.3 | 3 | |
| 1216 | ഉണ്ണിനമ്പൂതിരി കുമരനല്ലൂർപാടം | 0.3 | 3 | |
| 1217 | പുരമുണ്ടേക്കാട് നെല്ലിശ്ശേരി നോർത്ത് | 0.4 | 4 | |
| 1212 | നെല്ലിശ്ശേരി പുരമുണ്ടേക്കാട് | 0.34 | 4 | |
| 1213 | ടിപ്പുസുൽത്താൻ പുരമുണ്ടേക്കാട് | 0.6 | 4 | √ |
| 1214 | ഷഷ്ടി ചോലക്കുന്ന് | 0.2 | 4 | √ |

## പി ഡബ്ല്യു ഡി റോഡുകൾ

| | | | |
|---|---|---|---|
| 1. | എടപ്പാൾ നീലിയാട് | 4 | 16 |
| 2. | കണ്ടനകം ആനക്കര | 3 | 8 |
| 3. | നടുവട്ടം തണ്ണീർ ക്കോട് | 3 | 12 |
| 4. | നടുവട്ടം കരിങ്കല്ലത്താണി | 1 | 8 |
| 5. | കുറ്റിപ്പുറം തൃശൂർ | 5 | 16 |
| 6. | നീലിയാട് ആനക്കര | 2 | 12 |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

| വാർഡ് | ക്രമനമ്പർ | പുതിയ മൺറോഡുകൾ |
|---|---|---|
| 1. | 1. | പാലക്കുളങ്ങര |
| " | 2. | കോട്ടീരി ചേകന്നൂർ കായൽ |
| " | 3. | കോട്ടുകാട്ടിൽ വരുതൂർ |
| " | 4. | ഈസ്റ്റ് മാണൂർ കമ്പനിപ്പടി |

231

| | | |
|---|---|---|
| " | 5. | ചേകന്നൂർ എസ് സി വരുതൂർ |
| " | 6 | പോട്ടൂർ ആനക്കര |
| " | 7. | ചേകന്നൂർ-ആനക്കര |
| " | 8. | ചേകന്നൂർ-മാടേക്കാട്ട് |
| 3 | 9 | കോട്ടിരി എസ് സി ചേകന്നൂർ |
| | 10. | പന്തലായിൽ |
| | 11. | പൂത്രക്കുന്ന്-എരുവപ്രക്കുന്ന് (പി ഡബ്ല്യൂ ഡി സമ്മതപത്രം കിട്ടിയിട്ടില്ല) |
| 4 | 12 | പറവത്ത് ഇടവഴി നന്നാക്കൽ |
| | 13 | മാത്തൂർ-കോട്ടിരി |
| | 14 | എരുവപ്രക്കുന്ന്-പുന്നക്കൽ |
| | 15 | എരുവപ്ര-ഉദിനൂർ മന |
| | 16 | എരുവപ്രക്കുന്ന്-മൂതൂർ-അണ്ണക്കമ്പാട് |
| | 18 | കുളങ്കരപ്പറമ്പ് ഇടവഴി |
| 5 | 19 | മേനോം പറമ്പിൽ ഇടവഴി |
| | 20 | കവുപ്ര ക്ഷേത്രം |
| | 21 | നെല്ലേക്കാട് ക്ഷേത്രം |
| | 22 | പോട്ടൂർ തോട് ഫുട്ട്പാത്ത് |
| | 23 | പുല്ലൂണി ചെർളശ്ശേരി |
| | 24 | നീലിയാട് തോട് ഫുട്പാത്ത് |
| | 25 | കാലൻചാടി |
| 6 | 26 | ചടയൻകുളങ്ങര- വെള്ളറമ്പ്- പാലപ്ര |
| | 27 | തൈക്കാട് വെള്ളറമ്പ് |
| | | |

| | | |
|---|---|---|
| | 28 | പുന്നക്കൽ കാരങ്ങാട് പാടം |
| 8 | 29 | അണ്ണക്കമ്പാട് കുട്ടത്ത് |
| 9 | 30 | തിരുത്തി |
| | 31 | ശുകപുരം കുളങ്കര |
| | 32 | ചമ്രവട്ടം-കണ്ണൻചിറ |
| | 33 | ടിപ്പുസുൽത്താൻ കുളങ്കര |
| 10 | 34 | തണ്ടലം |
| | 35 | ഉളിയത്ത് |
| | 36 | മണലിയാർകാവ്-കാട്ടിപ്പാടം |
| | 37 | ശുകപുരം-കുളങ്കരപ്പാടം |
| | 38 | ഒലിയിൽ |
| | 39 | തൊട്ടോടി-നടുവട്ടം |
| | 40 | കാരാട് |
| | 41 | കൂടത്തിങ്കൽ |
| | 42 | വട്ടപ്പറമ്പ് |
| | 43 | പൂന്തോട്ടത്ത് |
| | 44 | ചിറ്റഴിക്കുന്ന് എ ആർ ഡി |
| | 45 | ചിറ്റഴിക്കുന്ന് നെല്ലിശ്ശേരി |
| | 46 | ചിറ്റഴിക്കുന്ന് (സൗത്ത്) |
| | 47 | കാലടിത്തറ നെല്ലിശ്ശേരി |
| | 48 | നെല്ലിശ്ശേരി എസ് സി കോളനി |

| | | |
|---|---|---|
| | 49 | കുണ്ടുരുമ്മൽ ചിറ്റഴിക്കുന്ന് |
| | 50 | ചിറ്റഴിക്കുന്ന്- മാമിണിക്കുളം |
| 12 | 51 | പുരുമുണ്ടേക്കാട് ചോലക്കുന്ന് |
| | 52 | കൊല്ലത്ത് |
| | 53 | ചോലക്കുന്ന്-കപ്പൂർപാടം |
| | 54 | ഷാരിക്കൽ ചോലക്കുന്ന് |
| | 55 | ആമ്പ്ര-ഉണ്ണിനമ്പൂതിരി റോഡ് |
| | 56 | ചേമ്പിൽ |
| | 57 | ചിറ്റഴിക്കുന്ന് എക്കിക്കാവ് ഉണ്ണി നമ്പൂതിരി |
| | 58 | കോച്ചാരന്ത്ര |
| | 59 | ചിറ്റഴിക്കുന്ന്-മക്കാട് |
| | 60 | തണ്ടാൻകുന്ന് തോട്ടുപുറം |
| | 61 | അത്താണിക്കൽ ഇടവഴി |
| | 62 | നെല്ലശ്രാവിൽ |
| | 63 | കുറ്റിപ്പുറത്ത് |
| 7 | 64 | മുക്കടേക്കാട്ട് |

# ഊർജ്ജം

കാർഷിക- വ്യാവസായിക ഉല്പാദന വർദ്ധനവില്ലാത്തതിനാൽ അനുദിനം തളർന്നുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതിനുള്ള ഒരു കാരണം വികസനത്തിൻെറ പ്രധാന പശ്ചാത്തല സൗകര്യമായ വൈദ്യുതിയുടെ ദൗർലഭ്യമാണ്. വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യം നിറവേറ്റുന്നതിന് നിലവിലുള്ള സംവിധാനത്തിന് കഴിയുന്നില്ല. സംസ്ഥാനത്തിൻെറ വൈദ്യുതി ദൗർലഭ്യം നമ്മുടെ പഞ്ചായത്തിലും പ്രതിഫലിക്കുന്നുണ്ട്.

1957 നവംബറിലാണ് ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത്. എ ആർ രാമസ്വാമി അയ്യരുടെ മില്ലിൽ. നാല്പതുവർഷത്തോളമായിട്ടും പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. വട്ടംകുളം ഉൾപ്പെടെ നാലഞ്ചു പഞ്ചായത്തുകളുടെ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി വിതരണം നടത്തുന്നത് എടപ്പാൾ ഇലക്ട്രിക്കൽ മേജർ സെക്ഷനാണ്. ഉപഭോക്താക്കൾക്ക് തൃപ്തികരമായ രീതിയിലുള്ള വൈദ്യുതി വിതരണവും ഓഫീസ് നടത്തിപ്പും ഇവിടെയില്ല.

ഈ പഞ്ചായത്തിൽ 21 ട്രാൻസ്ഫോർമറുകളും 3261 കണക്ഷനുകളുമുണ്ട്. ഇതിൽ 412 എണ്ണം കച്ചവട വ്യവസായ കണക്ഷനുകളും 530 എണ്ണം കാർഷിക കണക്ഷനും ബാക്കി ഗാർഹിക കണക്ഷനുകളുമാണ്.

പഞ്ചായത്ത് രേഖകൾ അനുസരിച്ച് ഈ പഞ്ചായത്ത് പരിധിയിൽ 169 തെരുവ് വിളക്കുകളും രണ്ട് ട്യൂബ് ലൈറ്റുകളും 36 സോഡിയം വേപ്പർ ലാംബുകളും ഒരു മെർക്കുറി ബൾബും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 25 ഓളം തെരുവ് വിളക്കുകളും ഒരു ട്യൂബ് ലൈറ്റും 35 സോഡിയം വേപ്പർ ലാംബുകളും മാത്രമേ കത്തുന്നുള്ളു. പ്രതിവർഷം 75000 രൂപ വൈദ്യുതി ചാർജ് അടക്കുന്നുണ്ട്. പഞ്ചായത്തിലുള്ള 34 ഹരിജൻ കോളനികളിൽ 16 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളതിൽ 18 എണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്.

275

| No. | Name of Transformer | Capacity | Number of House connections |
|---|---|---|---|
| 1. | ആർ. വി. സി. | 160 | 97 |
| 2. | മാണൂർ പള്ളി | 160 | 285 |
| 3. | ഗോവിന്ദ | 180 | 95 |
| 4. | ചിറ്റഴിക്കുന്ന് | 63 | 141 |
| 5. | എടപ്പാൾ ഹോസ്പിറ്റൽസ് | 100 | 115 |
| 6. | ശുകപുരം | 100 | 121 |
| 7. | വട്ടംകുളം | 160 | 460 |
| 8. | വാരിയർ ഹെർബൽസ് | 63 | |
| 9. | പാലപ്ര | 160 | 181 |
| 10. | ചേകന്നൂർ | 100 | 192 |
| 11. | കണാരക്കുന്ന് | 63 | 142 |
| 12. | വർഷ | 63 | 1 |
| 13. | മഹിളാ സമാജം | 63 | 252 |
| 14. | മൂതൂർ പള്ളി | 160 | 177 |
| 15. | ചുങ്കം | 250 | 252 |
| 16. | നടുവട്ടം | 160 | 310 |
| 17. | ഗോകുലം മാച്ച് വർക്സ് | 63 | 30 |
| 18. | വള്ളത്തോൾ | 63 | 157 |
| 19. | നെല്ലിശ്ശേരി എം. ജി. | 160 | 167 |
| 20. | ഷാലിമാർ | 100 | 2 |
| 21. | ചുങ്കം-വെസ്റ്റ് | 100 | 75 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

2. പഞ്ചായത്തിലെ 18 എണ്ണം കോളനികൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.

3 കടുത്ത വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

4. അപ്രഖ്യാപിത പവർകട്ട് പതിവാകുന്നു.

5. ഉൾപ്രദേശങ്ങളിലെ മരച്ചില്ലകളും മറ്റും യഥാസമയം മുറിക്കാത്തതുകൊണ്ട് പ്രേഷണ വിതരണ നഷ്ടം ഉണ്ടാകുന്നു.

6. സമ്പന്ന ഇടത്തരം കുടുംബങ്ങളിൽ വ്യാപകമായി വരുന്ന സ്റ്റപ്പപ്പ് ഉപയോഗം.

7. വൈദ്യുതിയുടെ ദുരുപയോഗവും ധൂർത്തും.

8. യഥാസമയം ഊർജഉപഭോഗം അളന്ന് അറിയിക്കാത്തതിനാൽ ഭാരിച്ച തുക ഒന്നിച്ച് അടക്കേണ്ടിവരുന്നു. 40 ശതമാനത്തോളം മീറ്ററുകൾ പ്രവർത്തനരഹിതമാണ്.

9. പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് പണം അടക്കേണ്ടിവരുന്നു.

10. ബോഡ് ജീവനക്കാരുടെ അനാസ്ഥ, അഴിമതി, പ്രതിബദ്ധതയില്ലായ്മ.

11. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളിലും ദക്ഷത കുറഞ്ഞ പരിസ്ഥിതി-ആരോഗ്യ പ്രശ്നങ്ങൾ ഉളവാക്കുന്ന സാമ്പ്രദായിക വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്.

12. പാരമ്പര്യേതര ഊർജ സ്റോതസ്സുകളുടെ സാധ്യത ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നില്ല.

## സാധ്യതകൾ

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുന്നതിൻെറ ഭാഗമായി വട്ടംകുളം, കാലടിത്തറ, തൈക്കാട്, പൂത്രക്കുന്ന്, ചിറ്റഴിക്കുന്ന്, ശുകപുരം ജങ്ഷൻ, താന്നിക്കുന്നത്, കടുങ്ങാകുന്ന്, പറക്കോട്, ചെറളശ്ശേരി (പോട്ടൂർ-നെല്ലേക്കാട്) എന്നിവിടങ്ങളിൽ പുതിയ ട്രാസ്ഫോർമർ സ്ഥാപിക്കണം.

2. പുളിയാറക്കുന്ന്, കോട്ടീരി, ചെറളശ്ശേരി, കക്കുഴിക്കുന്ന്, പന്തലംകുന്ന്, ചോലക്കുന്ന് കോളനികൾ പഞ്ചായത്ത് നേതൃത്വത്തിൽ വൈദ്യുതീകരിക്കണം.

3. വട്ടംകുളത്തിൻെറ കിഴക്കുഭാഗത്തുള്ള പാടത്തുകൂടി കടന്നുപോകുന്ന എച്ച് ടി ലൈനിനോട് അനുബന്ധമായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് നിലവിലുള്ള ട്രാൻസ്ഫോർമറിൽ നിന്ന് പകുതിയോളം കണക്ഷൻ പുതിയ ട്രാൻസ്ഫോർമറിലേക്ക് മാറ്റണം. ഇതുവഴി വോൾട്ടേജ് ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

4. എടപ്പാളിലുള്ള സബ്സ്റ്റേഷൻെറ ശേഷി കൂട്ടുകയും നവീകരിക്കുകയും ചെയ്യുക.

5. ജനകീയ പങ്കാളിത്തത്തോടെ കമ്പികളിൽ തൊട്ടുനിൽക്കുന്ന മരക്കൊമ്പുകൾ യഥാസമയം വെട്ടിമാറ്റണം. ഇതിനുള്ള അധികാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുണ്ടാകണം.

6. വിവിധതലങ്ങളിലുള്ള (വിദ്യാർഥികൾ, മാതൃസമിതികൾ, സന്നദ്ധസംഘടനകൾ) ബോധവല്ക്കരണത്തിലൂടെ വൈദ്യുതിയുടെ ദുരുപയോഗവും ധൂർത്തും കുറക്കുക.

7. യഥാർഥ ഊർജ ഉപഭോഗം അളന്ന് താഴ്ന്ന ഉപഭോഗത്തിന് പ്രത്യേക കിഴിവും ഉപഭോഗം കുറക്കാത്തവർക്കും പിഴയും നൽകുന്നതിനുള്ള സംവിധാനവും വേണം.

8. ഗ്രാമപഞ്ചായത്തിൻെറ സഹകരണത്തോകെ സ്ട്രീറ്റ് ലൈറ്റുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കണം.

9. ഗ്രാമസഭകളിൽ നിന്ന് നിർദേശിക്കപ്പെട്ടിട്ടുള്ള തെരുവ് വിളക്കുകൾ മുൻഗണനാ ക്രമത്തിൽ സ്ഥാപിക്കുക.

10. ഓരോ ഗ്രാമപഞ്ചായത്തിനും കീഴ്പ്പെട്ട് പ്രവർത്തിക്കുന്ന ഒരു പ്രാദേശിക ഊർജകേന്ദ്രത്തിന് രൂപം നൽകുക. താഴ്ന്ന വോൾട്ടേജിലുള്ള വൈദ്യുതി വിതരണത്തിൻെറ ഉത്തരവാദിത്തം പൂർണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണം.

11. വൈദ്യുതിബോഡിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം. ആവശ്യമെങ്കിൽ വൈദ്യുതി ബോഡിൻെറ പ്രവർത്തനം വികേന്ദ്രീകരിക്കണം. ബോഡിൻെറ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കാനുള്ള സംവിധാനമുണ്ടാക്കണം.

12. പാരമ്പര്യേതര ഊർജസാധ്യതകളെക്കുറിച്ച് പഠിക്കണം.

13. സാധ്യതയുള്ള എല്ലാ വീടുകളിലും പുകയില്ലാത്ത-ദക്ഷതകൂടിയ അടുപ്പുകൾ പഞ്ചായത്തിൻെറ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കണം.

14. ബയോഗ്യാസ് അടുപ്പുകളുടെ സാധ്യത ഉപയോഗപ്പെടുത്തണം.

15. ഒറ്റപ്പെട്ടു കിടക്കുന്ന നിർദ്ധനരുടെ വീടുകളിൽ വൈദ്യുതി എത്തിക്കാനുള്ള ശ്രമം പഞ്ചായത്തിൻെറ ഭാഗത്തുനിന്നുണ്ടാകണം.

16. സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ഹ്രസ്വകാലികവും ദീർഘകാലികവുമായ ഒരു വൈദ്യുതിനയം ശാസ്ത്രീയമായി രൂപപ്പെടുത്തി എടുക്കണം.

17. എടപ്പാൾ മേജർ സെക്ഷനുകീഴിൽ വട്ടംകുളത്ത് ഒരു സെക്ഷൻ ഓഫീസ് തുടങ്ങണം.

18. എടപ്പാൾ സബ്സ്റ്റേഷൻെറ ലോഡ് കുറ

ക്കുന്നതിൻെറ ഭാഗമായി പൊന്നാനിയിലും ചങ്ങരംകുളത്തും ഓരോ സബ്സ്റ്റേഷൻ അടിയന്തരമായി സ്ഥാപിക്കണം.

19. എടപ്പാൾ സബ്സ്റ്റേഷനിൽ ഫീഡറുകൾക്ക് വാകം ബ്രേക്കർ സ്ഥാപിക്കുക, സ്പെയർ ഫീഡറുകൾ സ്ഥാപിക്കുക.

### മാർക്കററ്

വട്ടംകുളം, അടക്കയുടെ ഒരു മുഖ്യ വിപണന കേന്ദ്രമായിരുന്നു. വട്ടംകുളത്തെ കളിയടക്ക കച്ചവടത്തിന് ഒരു നൂറ്റിലേറെ പഴക്കമുണ്ട്. പൊന്നാനി താലൂക്കിലെ കല്പകഞ്ചേരി, തിരുനാവായ, തവനൂർ, ചങ്ങരംകുളം, പാലക്കാട് ജില്ലയിലെ കൂടല്ലൂർ, ആനക്കര മുതലായ പ്രദേശങ്ങളിൽ നിന്ന് കാളവണ്ടികളിൽ അടക്ക കൊണ്ടുവന്ന് വിപണനം നടത്തുക പതിവായിരുന്നു. പഴുത്ത അടക്ക മാർക്കറ്റ് പിടിച്ചടക്കിയതോടെ കളിയടക്ക കച്ചവടം അവസാനിച്ചു. 1950 കളോടെ ഈ മേഖലയിലുണ്ടായിരുന്ന നിരവധി തൊഴിലാളികളുടെ ജോലി നഷ്ടപ്പെട്ടു. പച്ചടക്ക വിപണനത്തിനുണ്ടായിരുന്ന ആധിപത്യം നിലനിർത്താൻ പഴുക്കടക്ക കച്ചവടം നടക്കുന്ന ഇക്കാലത്ത് വട്ടംകുളത്തിന് കഴിയുന്നില്ല. ഗതാഗത സൗകര്യക്കുറവായിരുന്നു ഇതിനുള്ള മുഖ്യകാരണം.

ചന്തക്കുന്ന് ഭാഗത്ത് ആഴ്ചച്ചന്ത നടന്നിരുന്നതായും പറഞ്ഞുകേട്ടിരുന്നു. റാവുത്തർമാരായിരുന്നു ചന്ത നടത്തിയിരുന്നത്. കൃഷിഉല്പന്നങ്ങൾ, മൃഗങ്ങൾ എന്നിവ കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ബ്രിട്ടീഷ് ആധിപത്യം വന്നതോടെ ചന്ത അവസാനിച്ചു. നാളികേരമാണ് നമ്മുടെ മറ്റൊരു ഉല്പന്നം. മരത്തിൻെറ ചക്കിൽ മൃഗങ്ങളെ ഉപയോഗിച്ച് ആദ്യകാലത്ത് എണ്ണ ഉല്പാദിപ്പിച്ചിരുന്നു.

### പൊതുവിതരണം

പന്ത്രണ്ട് റേഷൻ ഷാപ്പുകളും വട്ടംകുളത്തുള്ള മാവേലി സ്റ്റോറുമാണ് പഞ്ചായത്തിലെ പൊതുവിതരണ സ്ഥാപനങ്ങൾ.

അരിക്കുവേണ്ടി 75 ശതമാനം ആളുകളും പഞ്ചസാരക്കുവേണ്ടി ഏതാണ്ട് മുഴുവൻ ആളുകളും ഈ പൊതുവിതരണ കേന്ദ്രത്തെ ആശ്രയിക്കുന്നു. എന്നാൽ വിതരണത്തെ സംബന്ധിച്ച് അനവധി പരാതിക്ക് ഇടനൽകുന്നതാണ് ഈ സ്ഥാപനം. ഇതിനുള്ള മുഖ്യകാരണം ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമമായ പരിശോധനയില്ലായ്മയാണ്. പഞ്ചായത്ത്രാജ് നിയമമനുസരിച്ച് ലഭിച്ച അധികാരമുപയോഗിച്ച് പഞ്ചായത്തുകൾ പൊതുവിതരണ രംഗത്ത് ഇടപെടേണ്ടത് അത്യാവശ്യമാണ്.

വട്ടംകുളത്ത് മുമ്പ് ഒരു മത്സ്യ മാർക്കറ്റുണ്ടായിരുന്നു. എന്നാൽ മത്സ്യ കച്ചവടക്കാർ മത്സരിച്ചു മാർക്കറ്റിൽ നിന്ന് റോഡിലിറങ്ങി കച്ചവടം നടത്താൻ തുടങ്ങിയതോടെ ക്രമേണ ഈ മാർക്കറ്റ് ഇല്ലാതായി തീർന്നു. വട്ടംകുളം, എടപ്പാൾചുങ്കം എന്നിവിടങ്ങളിൽ മത്സ മാർക്കറ്റുകൾ തുറക്കുന്നത് വിപണത്തിനും പരിസരശുചീകരണത്തിനും അത്യന്താപേക്ഷിതമാണ്.

# സഹകരണം

ആയിരത്തിത്തൊള്ളായിരത്തി നാലിലെ സഹകരണ നിയമപ്രകാരം രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ രൂപീകരണത്തോടെയാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം തുടങ്ങുന്നത്. വട്ടംകുളം പഞ്ചായത്തിൽ എടപ്പാൾ ആസ്ഥാനമായി മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് രൂപീകൃതമായ എടപ്പാൾ സഹകരണ ബാങ്കാണ് സഹകരണ പ്രസ്ഥാനത്തിന് തുടക്കംകുറിച്ചത്. അന്തരിച്ച ശ്രീ. കെ വി ബാലമേനോൻ മാത്രമേ ഈ പഞ്ചായത്തിൽ നിന്നും പ്രസ്തുത ബാങ്കിൻെറ പ്രസിഡണ്ട് സ്ഥാനം വഹിച്ചിട്ടുള്ളു. 1990 കളുടെ ആരംഭത്തോടെ ഈ ബാങ്ക് പ്രവത്തനരഹിതമായി. ഈ സാഹചര്യത്തിൽ വട്ടംകുളം പഞ്ചായത്തിലെ കർഷക-കർഷകത്തൊഴിലാളികൾക്ക് സഹകരണ ബാങ്കിൻെറ അഭാവം സാമ്പത്തിക വിഷമതകൾ സൃഷ്ടിക്കുകയുണ്ടായി. 1994 ൽ വട്ടംകുളം പഞ്ചായത്ത് പ്രവർത്തന പരിധി നിജപ്പെടുത്തി. ഒരു സർവീസ് സഹകരണ ബാങ്ക് പ്രവർത്തനമാരംഭിച്ചതോടെ മേൽപറഞ്ഞ പ്രശ്നത്തിന് ഒരളവുവരെ പരിഹാരമുണ്ടായി. വിവിധ മേഖലകളിലായി ഏഴ് സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിരുന്നു. (പട്ടിക ഒന്നിൽ) താലൂക്ക്തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തനപരിധി ഈ പഞ്ചായത്തുകൂടി ഉൾപ്പെട്ടതാണ്

### സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

വട്ടംകുളം പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് പ്രവർത്തനമാരംഭിച്ചിട്ട് രണ്ട് വർഷം മാത്രമേ പിന്നിട്ടിട്ടുള്ളു. നിലവിലുള്ള വായ്പാ ചട്ടങ്ങൾക്കകത്ത് നിന്നുകൊണ്ട് പ്രവർത്തിക്കേണ്ടിവരുന്നതുകൊണ്ട് അപേക്ഷകരുടെ ആവശ്യത്തിനനുസരിച്ച് വായ്പാ കൊടുക്കാൻ കഴിയുന്നില്ല. കാർഷിക ഉല്പന്നങ്ങളുടെ വിതരണവും സംഭരണവും വളം വിതരണം എന്നിവക്ക് സംവിധാനമുണ്ടാക്കി. ഈ ബാങ്കിൻെറ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ രണ്ട് ക്ഷീരോല്പാദന സഹകരണ സംഘങ്ങളാണുള്ളത്. പത്ത് വർഷങ്ങൾക്ക് മുമ്പ് രജിസ്റ്റർ ചെയ്ത മൂതൂർ ക്ഷീരോല്പാദക സഹകരണസംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 1996 ൽ പ്രവർത്തനമാരംഭിച്ച വട്ടംകുളം ക്ഷീരോല്പാദക സഹകരണസംഘം മിൽമയുടെ

അനുബന്ധ സൊസൈറ്റിയായി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

കയർ വികസന വകുപ്പിൻെറ കീഴിൽ പൊന്നാനി ബ്ലോക്ക് പ്രവർത്തന പരിധിയായി മൂതൂരിൽ രൂപീകരിച്ച മുതൂർ യന്ത്രവൽക്കൃത ചകിരി വ്യവസായ സഹകരണസംഘം പ്രവർത്തന സജ്ജമായി വരുന്നു.

1983 ലാണ് വട്ടംകുളം പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം പ്രവർത്തിച്ചു തുടങ്ങിയത്. കുറ്റിപ്പാല ആസ്ഥാനമായി ആരംഭിച്ച മഷ്റൂം വ്യവസായ സഹകരണസംഘം ആരംഭിച്ച് 6 മാസത്തോളം പ്രവർത്തിച്ചുവെങ്കിലും ഭൗതിക സാഹചര്യങ്ങളുടെയും വിപണന സംവിധാനത്തിൻെറയും കുറവുകൊണ്ട് പ്രവർത്തിനരഹിതമായി.

എടപ്പാൾ ഹൈസ്കൂളിലും വട്ടംകുളം സി പി എൻ യു പി സ്കൂളിലും സ്കൂൾ സഹകരണസംഘം പ്രവർത്തിക്കുണ്ട്. വട്ടംകുളം മൾബറി സഹകരണസംഘം റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## കാർഷികവായ്പകൾ

ഹ്രസ്വകാല വായ്പകൾ: 1138 കർഷക കുടുംബങ്ങളുള്ള ഒരു പഞ്ചായത്താണ് വട്ടംകുളം. കർഷക അംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ പരിമിതമായ തോതിൽ നിർവഹിക്കുവാൻ പോലും പ്രാരംഭഘട്ടത്തിലുള്ള സർവീസ് സഹകരണ ബാങ്കിന് കഴിയുന്നില്ല.

(95-96 വർഷത്തിൽ 5 ലക്ഷം രൂപക്ക് അപേക്ഷ ലഭിച്ചപ്പോൾ ഒന്നരലക്ഷം രൂപമാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചത്)

## ദീർഘകാല വായ്പകൾ

പൊന്നാനി താലൂക്ക് പ്രവർത്തന പരിധിയുള്ള പൊന്നാനി കാർഷിക വികസന ബാങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പകൾ നൽകിവരുന്നത്. വിവിധ ഇനങ്ങളിലായി നൂറ്റിപന്ത്രണ്ട് ലക്ഷത്തി അറുപത് രൂപ ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

## ഭവനവായ്പകൾ

മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പൊന്നാനി താലൂക്ക് കാർഷികഗ്രാമവികസന ബാങ്ക്, പൊന്നാനി താലൂക്ക് ഹൗസിങ്ങ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളാണ് വട്ടംകുളം പഞ്ചായത്തിൽ ഭവനവായ്പകൾ നൽകുന്നത്. എന്നാൽ വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളുടെ അപര്യാപ്തതമൂലം വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ ഈ സംഘങ്ങൾക്ക് സാധിക്കുന്നില്ല.

കാർഷിക വ്യവസായിക വായ്പകൾ അനുദിനം കുറഞ്ഞുവരുന്നതാണ് കാണുന്നത്. ബാങ്കുകൾ,,വ്യാപാര സംബന്ധമായ വായ്പകൾക്കാണ് മുൻഗണന നൽകുന്നത്. കാഷിക വായ്പകൾ നൽകാൻവേണ്ടി സ്ഥാപിക്കപ്പെട്ട ബാങ്കുകൾപോലും ഇതിൽ നിന്ന് വ്യത്യസ്ഥമല്ല. പല കാർഷിക വായ്പകളും കാർഷികാവശ്യങ്ങൾക്കല്ല ഉപയോഗപ്പെടുത്തിയിട്ടുള്ളത്. അതിനാൽ പലപ്പോഴും കടം യഥാവസരത്തിൽ തിരിച്ചടക്കപ്പെടുന്നില്ല.

## പ്രശ്നങ്ങൾ

വട്ടംകുളം പഞ്ചായത്ത് സർവീസ് സഹകരണ ബാങ്കിന് സർക്കാർ ഓഹരി മൂലധനവും ക്ലാസിഫിക്കേഷനും ഇതുവരെ ലഭ്യമായിട്ടില്ല. ഈ ബാങ്ക് നിക്ഷേപസമാഹരണലക്ഷ്യം കൈവരിച്ചെങ്കിലും കൺസ്യൂമർ വായ്പ, ഭവനനിർമ്മാണ വായ്പ, വെഹിക്കിൾ വായ്പ, സ്വർണപണ്ട പണയ വായ്പ പരിധി ഉയർത്തൽ എന്നിവ നൽകാൻ ഡിപ്പാർട്ടുമെൻറ് അനുമതി കിട്ടിയിട്ടില്ല. വ്യക്തികൾക്കനുവദിക്കുന്ന കാർഷിക വായ്പാ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതുണ്ട്.

മുതൂർ കയർ സഹകരണസംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും മെഷിനുകളും ആയിട്ടുണ്ടെങ്കിലും കറൻറ് ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നില്ല. മു!തൂർ ക്ഷീരോല്പാദക സഹകരണസംഘത്തിന് മിൽമയുടെ അനുബന്ധ യൂനിറ്റായി അനുമതി ലഭിക്കാത്തതിനാൽ പാൽവിതരണത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

വട്ടംകുളം പട്ടികജാതി സർവീസ് സഹകരണ സംഘം നടത്തിവന്നിരുന്ന മെറ്റൽ യൂനിറ്റ് സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല. പരമ്പരാഗത തൊഴിൽ വികസനത്തിനായി നൽകിയ വായ്പകൾ തിരിച്ചടക്കാത്തതിനാൽ ആ മേഖലയിൽ കൂടുതൽ വായ്പകൾ നൽകുന്നില്ല.

സ്വകാര്യ ചിട്ടി ഇടപാടുകാർ സമൂഹത്തെ സാമ്പത്തികചൂഷണത്തിന് വിധേയമാക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങൾ സാധ്യമായ രീതിയിൽ ചിട്ടികൾ നടത്താത്തതും വായ്പാ ലഭ്യതക്കുള്ള സങ്കീർണമായ സാങ്കേതികത്വവും ഈ സാഹചര്യത്തിലെത്തിക്കാൻ ഒരു മുഖ്യകാരണമായിട്ടുണ്ട്.

280

## സാധ്യതകൾ

1. അർഹതപ്പെട്ട എല്ലാ കർഷകർക്കും വട്ടംകുളം സർവീസ് സഹകരണ ബാങ്കിൽ അംഗത്വം നൽകി ഓഹരി മൂലധനം വർദ്ധിപ്പിക്കാം. ഈ ബാങ്കിന് നടുവട്ടത്തും മാണൂരിലും ഓരോ ബ്രാഞ്ചുകളും എടപ്പാൾ ചുങ്കത്ത് ഒരു ഈവനിങ്ങ് ബ്രാഞ്ചും ഒരു വനിതാ ബ്രാഞ്ചും ആരംഭിക്കാവുന്നതാണ്. കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ഭൂമി വിവരപട്ടിക തയ്യാറാക്കി സൂക്ഷിച്ച് ഓരോ കർഷകനും ഒരു വർഷത്തേക്കാവശ്യമായ കാർഷിക വായ്പകൾ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി ഓവർഡ്രാഫ്റ്റ് വായ്പാ മോഡലിൽ നൽകുന്ന സമ്പ്രദായം നടപ്പിലാക്കണം. വളങ്ങളും കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യാനാനും കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുവാനും ഈ ബാങ്കിൻെറ കീഴിൽ ഒരു ഫാർമേഴ്സ് സർവീസ് സെൻറർ ഉണ്ടാക്കാം.

2. ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലെ ക്ഷീര കർഷകർക്ക് നല്ലയിനം പശുക്കളെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. പഞ്ചായത്ത് തലത്തിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീര വികസനത്തിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യണം. നടുവട്ടത്ത് (9, 10 വാർഡുകൾക്ക്) കരിമ്പനക്കുന്ന് (8, 9 വാർഡുകൾക്ക്) ഉദിനിക്കര (6-ം വാർഡ്) തിരുമാണിയൂർ (1, 4 -ാം വാർഡുകൾക്ക്) കരിമ്പനക്കുന്ന് (8, 9 വാർഡുകൾക്ക്) എന്നിവിടങ്ങളിൽ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. കറവമാട് സംരക്ഷണത്തിനായി ഓരോ സംഘത്തിനും സംവിധാനം ഉണ്ടാക്കണം.

3. നിലവിലുള്ള പട്ടികജാതി സർവീസ് സഹകരണസംഘം ബാങ്കായി ഉയർത്തണം. ഇതിനുള്ള ഭൗതിക സാഹചര്യങ്ങൾ (കെട്ടിടം, സ്ട്രോങ്ങ് റൂം എന്നിവ) ഇപ്പോഴുണ്ട്. പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന സഹായങ്ങൾ ഈ സഹകരണസംഘം മുഖേന കൊടുക്കേണ്ടതാണ്. ഈ സംഘത്തിൻെറ പ്രവർത്തനമൂലധനം വർദ്ധിപ്പിക്കണം.

4. പൊന്നാനി കാർഷിക ഗ്രാമവികസന ബാങ്കിൻെറ ഒരു ശാഖ എടപ്പാൾ ചുങ്കത്ത് ആരംഭിക്കേണ്ടതാണ്.

5. **സഹകരണ കൺസ്യൂമർ സ്റ്റോർ-** പഞ്ചായത്തിൽ പ്രവർത്തനം തുടങ്ങണം. ഇതിൻെറ കീഴിൽ ഉപഭോക്താക്കളിൽ നിന്ന് ട്രേഡ് ഡെപ്പോസിറ്റ് സ്വീകരിച്ച് ഓരോ വീട്ടിലും ഡോർ ഡെലിവറി സിസ്റ്റം മുഖേന നിത്യോപയോഗ സാധനങ്ങൾ എത്തിക്കാനുള്ള സംവിധാനം നടപ്പിലാക്കണം. ബിൽഡിങ്ങ് മെറ്റീരിയലുകളുടെ വിൽപ്പനക്കായി ഒരു സഹകരണ ഹാർഡ്വേയർ സ്റ്റോറും ആരംഭിക്കാവുന്നതാണ്. പഴയ കെ എസ് ആർ ടി സി ബസ്സുകൾ വാങ്ങി സഞ്ചരിക്കുന്ന പലചരക്ക് വിൽപ്പനശാലയും പച്ചക്കറി സ്റ്റാളും ഇതിൻെറ കീഴിൽ ആരംഭിക്കാവുന്നതാണ്.

6. **സഹകരണ ഹോസ്പിറ്റൽ-** 28649 ആളുകളുള്ള ഈ പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം മാത്രമേയുള്ളു. ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും വിദഗ്ദ്ധ ചികിത്സക്കായി സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. വട്ടംകുളം പഞ്ചായത്ത് പ്രവർത്തന പരിധിയായി നിശ്ചയിച്ച് ഒരു സഹകരണ ആശുപത്രി തുടങ്ങണം.

7. **ലേബർ കോൺട്രാക്ട് സഹകരണസംഘം** - നിർമ്മാണ തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങണം. ഈ സംഘത്തിൻെറ കീഴിൽ കല്ലുവെട്ടൽ, ഫർണിച്ചർ നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം എന്നിവ നടപ്പിാലക്കാവുന്നതാണ്.

8. **ഖാദി വവസായ സഹകരണസംഘം-** പരമ്പരാഗത ചെറുകിട തൊഴിലാളികളെ സഹായിക്കുന്നതിനായി ഖാദി ബോർഡിൻെറ കീഴിൽ ഒരു സഹകരണസംഘം തുടങ്ങാവുന്നതാണ്. യന്ത്രവൽക്കരണം, വിപണനം, ആധുനികവലക്കരണം എന്നിവക്കുള്ള സാധ്യതകൾ പഠിക്കണം.

9. **ജാക് ഫ്രൂട്ട് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-** ചക്കകൾ ശേഖരിച്ച് കയറ്റി അയക്കുക, വ്യാവസയികാടിസ്ഥാനത്തിൽ സംസ്കരിച്ച് ഭക്ഷൽ ഉല്പന്നങ്ങളാക്കി വിൽപ്പന നടത്തുക എന്നിവയാണ് ലക്ഷ്യം.

10. **ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണസംഘം-** പഞ്ചായത്തിലെ മത്സ്യതൊഴിലാളികളെ സംഘടിപ്പിച്ച് അംഗങ്ങളാക്കുക. സാധ്യതയുള്ള കുളങ്ങൾ കണ്ടുപിടിച്ച് മത്സ്യകൃഷി നടപ്പിലാ

ക്കാവുന്നതാണ്. യുവതലമുറയെ മത്സ്യബന്ധന മേഖലയിലേക്കും ആകർഷിക്കുക എന്നിവയാക ണം ഇതിന്റെ പ്രവർത്തന ലക്ഷ്യം.

11. സഹകരണ സ്പിന്നിങ്ങ്മിൽ- ആതവനാട് പഞ്ചായത്തിലെ മലബാർ ടെക്സ്റ്റൈൽസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മാതൃകയിൽ ഈ പഞ്ചായത്തിലും ഒരു സഹകരണ സ്പിന്നിങ്ങ് മിൽ തുടങ്ങാവുന്നതാണ്.

ഗൾഫിൽ നിന്ന് മടങ്ങി എത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഇത് നടപ്പിലാക്കാവുന്നതാണ്. 100 തൊഴിലാളി മെമ്പർമാരെയും 25 അനുഭാവി മെമ്പർമാരെയും ഉൾപ്പെടുത്തി പൊന്നാനി താലൂക്ക് പ്രവർത്തന പരിധിയായി സംസ്ഥാന സർക്കാരിന്റെയും എൻ സി ഡി സിയുടെയും സഹായത്തോടെ തുടങ്ങാവുന്നതാണ്.

12. വനിതാ വ്യവസായ സഹകരണസംഘം- ഫുഡ് പ്രോസസ്സിങ്ങ്, റെഡിമെയ്ഡ് വ്യവസായം തുടങ്ങിയ രംഗത്ത് ഒട്ടേറെ പേർക്ക് തൊഴിൽ നൽകാൻ കഴിയും.

13. ഹൗസിങ്ങ് സഹകരണസംഘം: ഭവനനിർമ്മാണ വായ്പ ലഭ്യമാക്കാൻ വളരെയധികം ബുദ്ധിമുട്ടുന്ന ഇന്നത്തെ അവസ്ഥക്ക് പരിഹാരമായി വട്ടമകുളം പഞ്ചായത്തിലെ ചുങ്കം ആസ്ഥാനമായി പൊന്നാണി ബ്ലോക്ക് പ്രവർത്തന പരിധി നിശ്ചയിച്ച് ഹൗസിങ്ങ് സഹകരണസംഘം ആരംഭിക്കാവുന്നതാണ്.

14. കാലിത്തീറ്റ ഉല്പാദന സഹകരണസംഘം- കറവ പശുക്കളെ വളർത്തലും മുട്ട, ഇറച്ചിക്കോഴി വളർത്തലിനുള്ള ഏറ്റവും പ്രയാസമായിട്ടുള്ളത് തീറ്റയുടെ വിലയാണ്. ഇത് പരിഹരിക്കാൻ പഞ്ചായത്തിൽ തീറ്റ നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

15. സഹകരണ വർക്ക്ഷോപ്പ്- കാർഷിക ഉപകരണങ്ങളും മറ്റ് വാഹനഭാഗങ്ങളും റിപ്പയർ ചെയ്യുന്ന ഒരു വർക്ക്ഷോപ്പ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം.

### തൊഴിൽസാദ്ധ്യതകൾ

നിലവിലുള്ള സംഘത്തിന്റെ വളർച്ചക്കായി പഞ്ചായത്തിലെ റിട്ടയർചെയ്ത ഈ മേഖലയിലെ ഉദ്യോഗസ്ഥരെയും നിലവിലുള്ള വിവിധ സൊസൈറ്റിയിലെ ഡയറക്ടർമാരെയും പഞ്ചായത്ത് ഭരണസമിതിയിലെ മൂന്നിൽ കുറയാത്ത അംഗങ്ങളെയും ബന്ധപ്പെട്ട എം എൽ എ ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ എന്നിവരെ ഉൾക്കൊള്ളിച്ച് ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക, വളർച്ചക്കാവശ്യമായ നിർദേശങ്ങൾ നൽകുക എന്നിവയാണ് ഇവയുടെ ലക്ഷ്യമാകേണ്ടത്.

## കാർഷിക വായ്പാസംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ചവർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ: കാർഷികം | വായ്പകൾ: കാർഷികേതരം | പ്രവർത്തന മൂലധനം | ജീവനക്കാർ: സ്ഥിരം മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|---|
| വട്ടംകുളം പഞ്ചായത്ത് സർവീസ് സഹകരണ ബേങ്ക് No. M.481 | 1994 | വട്ടംകുളം പഞ്ചായത്ത് | 685 | 1,45,870 | 6,24,300 | 2,270,163 | 1,24,300 | 28,34,418 | 10 ലക്ഷം | 3 |

## കയർ വ്യവസായ സഹകരണസംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ജീവനക്കാർ: സ്ഥിരം | ജീവനക്കാർ: മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|
| മൂതൂർ യന്ത്രവൽകൃത ചകിരിവ്യവസായ സഹകരണസംഘം M. 905 | 1993 | പൊന്നാനി ബ്രാഞ്ച് പരിധി | 55 | 25 ലക്ഷം | 10 ലക്ഷം | 21 ലക്ഷം | ആരംഭിച്ചിട്ടില്ല | ഇല്ല | ഓണററി സെക്രട്ടറി |

## ക്ഷീര സഹകരണസംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | ഓഹരി മൂലധനം | കടം | വ്യക്തി അംഗങ്ങൾ | ജീവനക്കാർ: സ്ഥിരം | ജീവനക്കാർ: മറ്റുള്ളവർ |
|---|---|---|---|---|---|---|---|
| മൂതൂർ ക്ഷീരോല്പാദക സഹകരണസംഘം No. M. 410 | 1983 | പഞ്ചായത്തിന്റെ 1, 2, 3 വാർഡുകൾ | 2560 | | 256 | ഓണററി സെക്രട്ടറി | |
| വട്ടംകുളം ക്ഷീരോല്പാദക സഹകരണ സംഘം No. M. 410 | 1996 | 6, 7, 11, 12 | 310 | പ്രാരംഭഘട്ടം | 31 | | സെക്രട്ടറി പാൽ പരിശോധകൻ |

| ക്രമനമ്പർ | സ്ഥാപനം | തൊഴിൽ സാധ്യതകൾ | |
|---|---|---|---|
| | | പ്രത്യക്ഷം | പരോക്ഷം |
| 1 | വട്ടംകുളം പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് | 12 | – |
| 2 | മൂതൂർ ക്ഷീരോൽപാദക സഹകരണസംഘം | 2 | – |
| 3 | വട്ടംകുളം ക്ഷീരോൽപാദക സഹകരണസംഘം | 2 | – |
| 4 | സഹകരണ കൺസ്യൂമർ സ്റ്റോർ | 11 | 5 |
| 5 | ലേബർ കോൺട്രാക്ട് സഹകരണസംഘം | 60 | 75 |
| 6 | ഖാദി വ്യവസായ സഹകരണസംഘം | 120 | 80 |
| 7 | ജാക്ഫ്രൂട്ട്-ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 60 | 60 |
| 8 | ഉൾനാടൻ തൊഴിലാളി സഹകരണസംഘം | 40 | 60 |
| 9 | സഹകരണ സ്പിന്നിങ്ങ്മിൽ | 100 | 60 |
| 10 | വനിത വ്യവസായ സഹകണസംഘം | 60 | 10 |
| 11 | വട്ടംകുളം പട്ടികജാതി സഹകരണസംഘം | 4 | 55 |
| 12 | മൂതൂർ യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണസംഘം | 40 | 55 |
| 13 | സഹകരണ ഹോസ്പിറ്റൽ | 15 | |
| 14 | ഹൗസിംഗ് സഹകരണസംഘം | 4 | 40 |
| 15 | കാലിത്തീറ്റ ഉൽപാദക സഹകരണസംഘം | 15 | 10 |

| വട്ടംകുളം പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം | | | | | | | | |
|---|---|---|---|---|---|---|---|---|
| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | ജീവനക്കാർ |
| വട്ടംകുളം പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം L.No. M. 313 | 1983 | വട്ടംകുളം പഞ്ചായത്ത് | 861 | 5610 | 1,86,272 | 8,799 | 1,55,000 | സെക്രട്ടറി |

| സ്ഥാപനം | അനുവദിച്ച വായ്പകൾ | | |
|---|---|---|---|
| | കാർഷികം | വ്യാവസായികം | കച്ചവടം |
| വട്ടംകുളം സർവ്വീസ് സഹകരണബാങ്ക് | 1,24,300 ലക്ഷം | | |
| എസ്. എം. ജി. ബി. | 43.72 ലക്ഷം | 6.62 ലക്ഷം | 66.6 ലക്ഷം |
| നെടുങ്ങാടി ബാങ്ക് | 1.3 ലക്ഷം | 2.69 ലക്ഷം | 46.91 ലക്ഷം |

# വിദ്യാഭ്യാസം

സമ്പന്നമായ ഒരു വേദവിദ്യാഭ്യാസ പാരമ്പര്യമുള്ള പ്രദേശമാണ് വട്ടംകുളം. അഖിലകേരള പ്രശസ്തിയാർജിച്ച ഒരു വൈദിക ഗുരുകുലമായിരുന്നു തൈക്കാട് മന: വേദോച്ചാരണ മത്സരങ്ങൾക്കായി ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് പരിശീലനവുംപ്രയോഗങ്ങളും സംഘടിപ്പിച്ചിരുന്നു. പള്ളികളെ കേന്ദ്രീകരിച്ച് മതബോധനത്തിൻെറ ഭാഗമായുള്ള ദറസ്സുകളും ഓത്തുപള്ളിക്കൂടങ്ങളും കുലവൃത്തിയുമായി ബന്ധപ്പെട്ട പരമ്പരാഗത വിദ്യാഭ്യാസരീതിയുമാണ് 1920ൽ ഒരു ഔപചാരിക വിദ്യാലയം സ്ഥാപിക്കപ്പെടുന്നതുവരെ ഈ പഞ്ചായത്തിൽ നിലനിന്നിരുന്നത്.

1920കളിൽ ഈ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസസ്ഥാപനമായി നിലവിൽ വന്നതാണ് ഇന്നത്തെ CPNUPS കാട്ടനാട്ടിൽ കൃഷ്ണൻനായർ സ്ഥാപിച്ച ഈ വിദ്യാലയം 1925ൽ ഹയർ എലിമൻററി സ്കൂളായി ഉയർത്തപ്പെട്ടു. അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന വെങ്കിടേശ്വരയ്യർ പ്രശസ്തനായ ഒരധ്യാപകനായിരുന്നു. കുറ്റിപ്പാലയിലും ചേകന്നൂരിലുമുള്ള പ്രൈമറി വിദ്യാലയങ്ങൾ ഏതാണ്ട് ഈക്കാലത്ത് തന്നെ സ്ഥാപിക്കപ്പെട്ടവയാണ്. ശുകപുരം, മുതൂർ, വട്ടംകുളം എന്നീ ലോവർ പ്രൈമറി സ്കൂളുകൾ മലബാർ ഡിസ്ട്രിക്ട് ബോർഡ് സ്ഥാപിച്ചവയാണ്. കോട്ടിരിയിൽ ഒരു ഏകാദ്ധ്യാപക വിദ്യാലയം സ്ഥാപിക്കപ്പെടുകയും പിന്നീട് പ്രവർത്തനരഹിതമാവുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന മുസ്ലിം ജനവിഭാഗത്തെ ഔപചാരിക വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കുന്തനിനായി ആരംഭിച്ച മാപ്പിളസ്കൂളുകൾ ഇന്നും ആ രീതിയിൽ പ്രവർത്തിച്ചുവരുന്നു. അനന്തര ട്രെയിനിങ്ങ് സ്കൂളിൻെറ 'ബെൽട്ട് സ്കൂളുകൾ' ആയിരുന്നു ഈ പഞ്ചായത്തിലെ പ്രൈമറി സ്കൂളുകൾ എലാം. ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കിയുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസമായിരുന്നു അന്ന്ഈ സ്കൂളുകളിൽ ഉണ്ടായിരുന്നത്. 1957ലാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ - എടപ്പാൾ ഗവ. ഹൈസ്കൂൾ സ്ഥാപിക്കുന്നത്. ഇത് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ എം എസ് നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു. മികച്ച അദ്ധ്യാപകനുള്ള അവാർഡ് നേടിയ M.T. ഗോവിന്ദൻ നായർ ആയിരുന്നു പ്രധാന അധ്യാപകൻ. 1978ൽ നെല്ലിശ്ശേരിയിൽ ഒരു എയിഡഡ് യു പി സ്കൂൾ സ്ഥാപിക്കപ്പെട്ടു. മാനവവിഭവശേഷി മന്ത്രാലയത്തിൻെറ കീഴിൽ 1992ൽ സ്ഥാപിക്കപ്പെട്ട നെല്ലിശ്ശേരിയിലെ ഹയർ സെക്കൻററി സ്കൂളാണ് ഈ പഞ്ചായത്തിൽ ഏറ്റവും ഒടുവിൽ നിലവിൽവന്ന അംഗീകൃത വിദ്യാഭ്യാസ സ്ഥാപനം. 1995ൽ ന്യൂനപക്ഷ വിദ്യാഭ്യാസ വികസന പദ്ധതിയുടെ കീഴിൽ നെല്ലിശ്ശേരിയിൽ എം എം എൽ പി സ്കുൾ എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം നിലവിൽ വന്നിട്ടു

ണ്ട്. ഇന്ന് 11 വിദ്യാലയങ്ങളിലായി 6655 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 210.

കോളേജ് നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. പൊന്നാനി, പട്ടാമ്പി, വളാഞ്ചേരി എന്നിവിടങ്ങളിലെ കോളേജുകളെയാണ് ഉന്നത വിദ്യാഭ്യാസത്തിന് പ്രധാനമായും ആശ്രയിക്കുന്നത്. തവനൂരിലെ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് കാർഷിക സർവ്വകലാശാല ഏറ്റെടുത്ത് കാർഷിക എഞ്ചിനീയറിംഗ് കോളേജ് ആക്കുന്നതുവരെ വട്ടംകുളം ഉൾപ്പെടെയുള്ള സമീപപ്രദേശത്തുകാർക്ക് ഉന്നതവിദ്യാഭ്യാസത്തിന് പ്രയോജനപ്പെട്ടിരുന്നു.

ഗവർമെണ്ട് അംഗീകാരമുള്ള പ്രീ. പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. സ്വകാര്യമേഖലയിൽ 3 ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളും 2 മലയാളം മീഡിയം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന 16 അംഗനവാടികളുണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ 4 ട്യൂഷൻ സെൻററുകളും രണ്ട് ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും 5 കമ്പ്യൂട്ടർ പരിശീലനകേന്ദ്രവും ഈ പഞ്ചായത്തിലുണ്ട്. എടപ്പാൾ ഹൈസ്കൂളിനോടനുബന്ധിച്ച് ഗാന്ധി സേവാസദനത്തിൻെറ കീഴിലും പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൻെറ കീഴിലും ഓരോ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്.

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന DPEP പദ്ധതിയിൽ ഉൾപ്പെടുന്നവയാണ് ഈ പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങൾ. വട്ടംകുളം ജി.ജെ.ബി.എസ്. ൽ പുതുതായി – ക്ലാസ്മുറികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. നൂതന ബോധനരീതികൾ നടപ്പിലാക്കുകവഴി പ്രൈമറിതലത്തിൽ പഠനനിലവാരം അല്പമുയർത്താൻ ഈ പദ്ധതിമൂലം കഴിഞ്ഞിട്ടുണ്ട്.

ദേശീയ നവോത്ഥാന പ്രസ്ഥാനത്തിൻെറ ഭാഗമായി സന്നദ്ധ – രാഷ്ട്രീയ സംഘടനകളുടെ നേതൃത്വത്തിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിരുന്നു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കപ്പെടുന്നത്. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. സർവ്വേയിലൂടെ കണ്ടെത്തിയ 3484 നിരക്ഷരർ 340 പഠനകേന്ദ്രങ്ങളിലായി സാക്ഷരതായജ്ഞത്തിൽ പങ്കാളികളായി. 368 ഇൻസ്ട്രക്ടർമാരുമാണ് വട്ടംകുളം പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തത്.

പട്ടിക – 1

| | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം M | F | T | അദ്ധ്യാപകരുടെ എണ്ണം M | F | T |
|---|---|---|---|---|---|---|---|---|
| 1 | GHS എടപ്പാൾ | govt. | 1753 | 1448 | 3201 | | | 99 |
| 2 | IHRDE നെല്ലിശ്ശേരി | govt | 148 | 34 | 182 | | | 14 |
| 3 | CPNUPS വട്ടംകുളം | aided | 625 | 564 | 1189 | 16 | 20 | 36 |
| 4 | AUPS നെല്ലിശ്ശേരി | aided | 326 | 306 | 632 | 9 | 12 | 21 |
| 5 | SVJBS കുറ്റിപ്പാല | aided | 182 | 148 | 330 | 3 | 8 | 11 |
| 6 | AJBS നെല്ലിശ്ശേരി | aided | 71 | 71 | 142 | 2 | 3 | 5 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | GLPS ശുകപുരം | govt | 141 | 112 | 253 | 1 | 8 | 9 |
| 8 | AJBS ഉദിനിക്കര | aided | 20 | 126 | 246 | 4 | 5 | 9 |
| 9 | GBLPS മുതൂർ | govt | 101 | 109 | 210 | 3 | 4 | 7 |
| 10 | AJBS ചേകന്നൂർ | aided | 76 | 82 | 158 | 2 | 3 | 5 |
| 11 | GJBS വട്ടംകുളം | govt | 62 | 50 | 112 | 2 | 4 | 5 |

(അവലംബം - സ്കൂൾ രേഖകൾ)

പട്ടിക - II
വിദ്യാർത്ഥികൾ - ക്ലാസ് തിരിച്ച്

| I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|
| 439 | 480 | 496 | 499 | 634 | 670 | 766 | 771 | 978 | 884 |

പട്ടിക- III
വിദ്യാർത്ഥികൾ - ആൺ - പെൺ അനുപാതം

| LP | | | UP | | | HS | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 1005 | 909 | 47 | 1083 | 987 | 47 | 1483 | 1150 | 44 | 3571 | 3046 | 46 |

## പട്ടിക - IV
## പട്ടികജാതി വിദ്യാർത്ഥികളുടെ അനുപാതം

| LP | | | UP | | | HS | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ കുട്ടികൾ | SC കുട്ടികൾ | % | ആകെ | SC | % | ആകെ | SC | % | ആകെ | SC | % |
| 1914 | 355 | 19 | 2070 | 354 | 17 | 2633 | 456 | 17 | 6617 | 1165 | 18 |

പട്ടിക - V
SSLC വിജയശതമാനം

| സ്കൂൾ | 91-92 | | | 92-93 | | | 93-94 | | | 94-95 | | | 95-96 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഇരുന്നവർ | ജയിച്ചവർ | % | | | | | | | | | | | | |
| GHS എടപ്പാൾ | | | | 688 | 138 | 20 | 742 | 134 | 18 | 760 | 123 | 162 | 839 | 117 | 14 |
| IHRDE നെല്ലിശ്ശേരി | | | | | | | | | | | | | 33 | 30 | 90.9 |

അവലംബം - സ്കൂൾ രേഖകൾ

## പട്ടിക - VI
## ഒന്നാം ക്ലാസ് പ്രവേശനം

| സ്കൂൾ | ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികൾ | | | | |
|---|---|---|---|---|---|
| | 1992-93 | 93-94 | 94-95 | 95-96 | 96-97 |
| CPNUPS വട്ടംകുളം | 120 | 123 | 118 | 131 | 120 |
| SVJBS കുറ്റിപ്പാല | 76 | 60 | 58 | 75 | 58 |
| AJBS നെല്ലിശ്ശേരി | 41 | 45 | 32 | 41 | 42 |
| GBLPS മുതൂർ | 63 | 79 | 59 | 61 | 54 |
| GJBS വട്ടംകുളം | 48 | 36 | 40 | 22 | 27 |
| | 348 | 342 | 307 | 330 | 301 |

## പട്ടിക - VIII
## വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ

| | | വിസ്തീർണ്ണം | ഡിവിഷനുകളുടഎണ്ണം | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | GHS എടപ്പാൾ | ജി.29 ഏക്കർ | | നാമമാത്രം | ഇല്ല | ഇല്ല | ഉണ്ട് |
| 2 | IHRDE നെല്ലിശ്ശേരി | 1 ഏക്കർ | 4 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | CPNUPS വട്ടംകുളം | 1.5 ഏക്കർ | 29 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 4 | AUPS നെല്ലിശ്ശേരി | 5ഏക്കർ | 15 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 | SVJBS കുറ്റിപ്പാല | 53 സെൻറ് | 10 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 6 | JBS നെല്ലിശ്ശേരി | 1.75ഏക്കർ | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | GLPS ശുകപുരം | 1/2ഏക്കർ | 8 | ഉണ്ട് | ഉപയോഗശൂന്യം | ഉണ്ട് | ഇല്ല |
| 8 | AJBS ഉദിനിക്കര | 60സെൻറ് | 8 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9 | GBLPS മുതൂർ | 30സെൻറ് | 5 | താൽക്കാലികം | ഇല്ല | ഇല്ല | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | AJBS ചേകന്നൂർ | 3ഏക്കർ | 4 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 11 | GJBS വട്ടംകുളം | 36സെൻറ് | 4 | ഉപയോഗ ശൂന്യം | ഇല്ല | ഉണ്ട് | ഇല്ല |

അവലംബം - സ്കൂൾ രേഖകൾ

## വിശകലനം

ഔപചാരിക വിദ്യാഭ്യാസത്തിൻെറ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെടുന്ന പരിമിതികളും പ്രശ്നങ്ങളും ഏറെക്കുറെ സംസ്ഥാനത്ത് നിലവിലുള്ള പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൻെറ പ്രതിഫലനമായി കണക്കാക്കപ്പെടേണ്ടതാണ്. അതിനാൽ പല പ്രശ്നങ്ങൾക്കും പ്രാദേശികമായ പരിഹാര നിർദ്ദേശങ്ങൾ അസാധ്യമാണ്.

വിദ്യാഭ്യാസരംഗത്ത് എടുത്തുപറയത്തക്ക ഒരു പുരോഗതിയും കഴിഞ്ഞ ഒരു ദശകത്തിൽ നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാലയങ്ങളിലെ നിരക്ഷരത, പ്രതിവർഷം കുറഞ്ഞുപോകുന്ന എസ് എസ് എൽ സി വിജയശതമാനം (പട്ടിക V) അനാകർഷകമായ പൊതുവിദ്യാലയങ്ങൾ കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ് (പട്ടിക II, VI, ) ആവശ്യമായ സമയത്ത് അദ്ധ്യാപകനിയമനങ്ങൾ നടത്തായ്ക, പി.ടി.എ. ഇടപെടൽ ഇല്ലായ്മ, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ഉള്ളവ വേണ്ടവിധം പ്രയോജനപ്പെടുത്താതിരിക്കുക എന്നിവയാണ് ഈ മേഖലയിലെ മുഖ്യപ്രശ്നങ്ങൾ.

സമീപത്ത് പ്രൈമറി വിദ്യാലയങ്ങൾ ഇല്ലാത്ത ഏതാനും പ്രദേശങ്ങൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ഹൈസ്കൂൾ എടപ്പാൾ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് ഈ പഞ്ചായത്തിലെ മിക്ക കുട്ടികൾക്കും ദൂരകൂടുതൽ കാരണം പ്രയോജനപ്പെടുത്താനാവുന്നില്ല. കുട്ടികളുടെ എണ്ണത്തിലുള്ള നിയന്ത്രണാതീതമായ വർദ്ധനവ് എടപ്പാൾ ഹൈസ്കൂളിലെ പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

നിലവിലുള്ള സർക്കാർ എയിഡഡ് സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. ബെഞ്ച്, ബ്ലാക്ക് ബോർഡ്, സൗകര്യപ്രദമായ കെട്ടിടങ്ങൾ, കുടിവെള്ളം, മൂത്രപ്പുര എന്നീ അടിസ്ഥാന സൗകര്യങ്ങൾ മിക്ക വിദ്യാലയങ്ങളിലും ആവശ്യത്തിനില്ല.

കാലഹരണപ്പെട്ട ബോധനരീതികൾ തന്നെയാണ് വിദ്യാലയങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കുട്ടികളുടെ പഠനകാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ നല്കാൻ അദ്ധ്യാപകർക്ക് കഴിയുന്നില്ല. സാമൂഹ്യമായ പിന്നോക്കാവസ്ഥയും പ്രാദേശിക ഭേദങ്ങളും കണക്കിലെടുക്കാതെയുള്ള ഭാരിച്ച പാഠ്യക്രമം അദ്ധ്യാപനം ദുഷ്കരമാക്കുകയും അദ്ധ്യയനം ദുർഗ്രഹമാക്കുകയും ചെയ്യുന്നുണ്ട്. വിദ്യാലയങ്ങളിലെ നിരക്ഷരത നാം നേരിടുന്ന വലിയൊരു സാമൂഹ്യ വിപത്താണ്.

ഗൾഫ് കുടിയേറ്റം മറ്റ് മേഖലകളിലെന്നപോലെ വിദ്യാഭ്യാസരംഗത്തും സ്വാധീനം ചെലുത്തിയിട്ടുണ്ട്. വീടുകളിൽ നിന്ന് വേണ്ടത്ര ശ്രദ്ധയും നിയന്ത്രണവും കിട്ടാത്തതിനാൽ വിദ്യാർത്ഥികളിൽ പലരും വിദ്യാഭ്യാസത്തെ ഗൗരവമായി കണക്കാക്കുന്നില്ല. ഇവർ പഠനപ്രവർത്തനങ്ങളിൽ നിന്ന് അകന്നുപോകുന്നു. നിലവിലുള്ള പ്രീ.പ്രൈമറി വിദ്യാലയങ്ങൾ കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരം നല്കുന്നവയല്ല. എഴുത്തും വായനയും പഠിപ്പിക്കുന്ന കേവലം "അക്കാദമിക്ക്" ആണ്.

മേൽപ്പറഞ്ഞ കാരണങ്ങളാലാണ് പൊതുവിദ്യാലയങ്ങൾ അനാകർഷകങ്ങളായി തീരുന്നത്. തൽഫലമായി മെച്ചപ്പെട്ട വിദ്യാഭ്യാസസൗകര്യങ്ങൾ ഉണ്ടെന്ന് തെറ്റിദ്ധരിച്ച് അകലേയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് വലിയ തുക ചെലവഴിച്ച് കുട്ടികളെ പറഞ്ഞയക്കാൻ രക്ഷിതാക്കൾ താല്പര്യം കണിക്കുന്നു.

വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ പണ്ട് ഇടപെട്ടിരുന്നപോലെ നാട്ടുകാർ ഇപ്പോൾ ഇടപെടുന്നില്ല. വർഷാരംഭത്തിൽ ഒരു പ്രസിഡണ്ടിനേയും ഒരു കമ്മറ്റിയേയും തെരഞ്ഞെടുക്കുന്നതിൽ ഒതുങ്ങുന്നു മിക്ക സ്കൂളുകളിലെയും പി.ടി.എ. പ്രവർത്തനം. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംഘടനാ പ്രവർത്തനങ്ങൾ ശക്തമായി നടക്കുന്ന പ്രദേശമാണെങ്കിലും മുൻപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ വേണ്ടത്ര ഉണ്ടായിട്ടില്ല.

കുട്ടികൾക്കായുള്ള കലാകായിക മേളകൾ ഔദ്യോഗിക ചടങ്ങെന്ന നിലയിൽ യാന്ത്രികമായാണ് സംഘടിപ്പിക്കപ്പെടുന്നത്. ഇത്തരം പാഠ്യേതരപ്രവർത്തനങ്ങൾ അദ്ധ്യയനദിവസങ്ങൾ നഷ്ടപ്പെടുത്തുന്നതിനും വമ്പിച്ച സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കുന്നതിനും മാത്രമേ ഇടയാക്കുന്നുള്ളൂ. പല ഇനങ്ങളും കലാപരമായ അഭിരുചി പരിപോഷിപ്പിക്കുന്നതിനുപകരം സമ്പന്നരുടെ പൊങ്ങച്ച പ്രകടനവേദിയായി മാറുന്നു.

## നിർദ്ദേശങ്ങൾ

മാതൃഭാഷയിൽ ഊന്നുന്നതും പ്രാദേശിക സാംസ്കാരിക പൈതൃകത്തെ ഉയർത്തിപ്പിടിക്കുന്നതുമായ ഒരു വിദ്യാഭ്യാസരീതി പരിപോഷിപ്പിക്കേണ്ടതുണ്ട്. സേവനമേഖലയിലുള്ള കലശലായ അഭിനിവേശം കുറക്കുകയും

കൃഷിയും അനുബന്ധ തൊഴിലുകളും അടക്കമുള്ള ഉല്പാദനമേഖലയിലെ വിവിധതരം തുറകളിൽ പ്രവർത്തിക്കാൻ താല്പര്യം ജനിപ്പിക്കുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസപദ്ധതിയാണ് ആവശ്യം. സംസ്ഥാനത്തിൻെറസ പൊതുവിദ്യാഭ്യാസ നയത്തിൻെറ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് മാത്രം പരിഹരിക്കാവുന്നവയാണെങ്കിലും പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്കായി ഗ്രാമസഭകളുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് താഴെപറയുന്ന പ്രവർത്തനങ്ങൾ' നിർദ്ദേശിക്കുന്നു.

1). മാണൂർ – കോട്ടിരി പ്രദേശത്തും, നെല്ലേക്കാട് – തൈക്കാട് പ്രദേശത്തും ഓരോ എൽ.പി. സ്കൂളുകൾ സ്ഥാപിക്കണം.

2). മുതൂർ GBLPS, ശുകപുരം GLPS എന്നിവ U.P. സ്കൂളുകളായി ഉയർത്തണം.

3). പഞ്ചായത്തിൻെറ കേന്ദ്രഭാഗത്തായി പഞ്ചായത്തിൻെറ കീഴിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കണം.

4). തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി പഞ്ചായത്തിൽ ഒരു I T I സ്ഥാപിക്കണം.

5). എടപ്പാൾ ഹൈസ്കൂളിൽ "പ്ലസ് ടു" ക്ലാസുകൾ തുടങ്ങണം.

6). അംഗനവാടികൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ പ്രൈമറി സ്കൂളുകളോട് ചേർന്ന് പ്രീ.പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തണം.

7). അക്ഷരങ്ങൾ പഠിക്കുന്ന 1, 2 ക്ലാസുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കണം.

8). സിലബസ്സിൻെറ കാഠിന്യം കുറക്കണം.

9). പൊതുകലണ്ടർ അഭിപ്രായ സമന്വയത്തിലൂടെ നടപ്പിലാക്കണം.

10). അയൽപ്പക്ക സ്കൂൾ (നൈബറിങ്സ്കൂൾ) സമ്പ്രദായം നിർബന്ധമാക്കണം.

11). പി.ടി.എ. പ്രവർത്തനം സജീവമാക്കാൻ സ്കൂൾ നടത്തിപ്പിൽ പി.ടി.എ. സഹകരണം വർദ്ധിപ്പിക്കണം.

12). ഓരോ ടേമിലും ക്ലാസുതിരിച്ച് രക്ഷാകർത്താക്കളുടെ യോഗം ചേർന്ന് പഠനപ്രയത്നങ്ങളെ പററ ചർച്ച ചെയ്യണം.

13) സ്കൂൾ വാർഷികങ്ങൾ നിർബന്ധമാക്കണം. പൂർവ്വവിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും പങ്കാളിത്തത്തോടെയാവണം പരിപാടികൾ സംഘടിപ്പിക്കേണ്ടത്.

14). താൽക്കാലികാടിസ്ഥാനത്തിലുള്ള അദ്ധ്യാപക നിയമനം പഞ്ചായത്ത് പ്രസിഡണ്ട്, എ.ഇ.ഒ, ഹെഡ്മാസ്റ്റർമാർ എന്നിവർ അടങ്ങുന്ന സമിതി നടത്തണം.

15). DPEP പദ്ധതിയിൽ നടപ്പിലാക്കിവരുന്ന വിദ്യാർത്ഥി കേന്ദ്രീകൃത അദ്ധ്യാപനം നിർബന്ധമാക്കണം.

16). ഉച്ചക്കഞ്ഞിക്കാവശ്യമായ സാധനങ്ങൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ വിദ്യാലയങ്ങളിലെത്തിക്കുകയും പി.ടി.എ.ക്ക് സാമ്പത്തിക സഹായങ്ങൾ നല്കുകയും ചെയ്യണം.

17). തുടർസാക്ഷരതാ പരിപാടികൾ നടപ്പിലാക്കണം.

18). പഞ്ചായത്ത് വിദ്യാഭ്യാസസമിതി രൂപീകരിക്കണം – പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർമാരിൽ നിന്ന് ഒരു പ്രതിനിധി, ഹെഡ്മാസ്റ്റർമാർ, പി.ടി.എ. പ്രതിനിധി, അദ്ധ്യാപകസംഘടനാ പ്രതിനിധികൾ, സന്നദ്ധസംഘടനാ പ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകൻ എന്നിവർ ഉൾപ്പെടണം.

19) ഈ സമിതിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസസർവേ നടത്തി ഓരോ സ്കൂളിൻെറയും ആവശ്യങ്ങൾ തിട്ടപ്പെടുത്തണം.

20) അദ്ധ്യാപക പരിശീലനം, മൂല്യനിർണ്ണയം, മോണിറ്ററിങ്ങ്, പഠനസഹായികളും പഠനോപകരണങ്ങളും ലഭ്യമാക്കൽ, എന്നിവ ഈ സമിതിയുടെ ചുമതലയിലാകണം.

21). ജനാധിപത്യ പൗരത്വ പരിശീലനത്തിൻെറ ഭാഗമായി സ്കൂളുകളിൽ തെരഞ്ഞെടുപ്പ് നടത്തുകയും പാർലമെണ്ടുകൾ വർഷാവസാനം വരെ നടത്തുകയും വേണം.

# സംസ്കാരം

### ചരിത്ര പശ്ചാത്തലം:

സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം ഈ പഞ്ചായത്തിനുണ്ട്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ, ഗ്രന്ഥശാലകളുടെയും കലാസമിതികളുടെയും പ്രവർത്തനങ്ങൾ, കളരിപോലുള്ള കായിക പ്രവർത്തനങ്ങൾ എന്നിവയുടെ സമന്വയമാണ് ഈ പൈതൃകത്തിന് ആധാരം.

ക്ഷേത്രോത്സവങ്ങൾ വിളവെടുപ്പ് ഉത്സവങ്ങൾ മാത്രമായിരുന്നില്ല. സാമുദായിക സൗഹാർദ്ദം നിലനിർത്തുന്നതിൽ പ്രധാനപങ്കുവഹിച്ച ഇവ ഗ്രാമീണ കലകളുടെ അരങ്ങുകൾ കൂടിയായിരുന്നു. ഗ്രന്ഥശാലകളുടെയും കലാസമിതികളുടെയും പ്രവർത്തനം സാംസ്കാരിക രംഗത്ത് പുതിയൊരുണർവിന് കാരണമായി.

സാഹിത്യ സാംസ്കാരിക മേഖലകളിൽ പ്രശസ്തരായ ഒട്ടേറെപ്പേർക്ക് ഈ പഞ്ചായത്ത് ജന്മം നൽകിയിട്ടുണ്ട്. കവിയും പണ്ഡിതനുമായ കൊട്ടയ്ക്കാട്ട് ശങ്കുണ്ണിനമ്പീശൻ, പി ജയന്തൻനമ്പൂതിരി, വേദപണ്ഡിതനും കവിയുമായ കുത്തുള്ളി കൃഷ്ണൻ നമ്പൂതിരി, വി ടിയോടൊപ്പം നാടകരംഗത്ത് പ്രവർത്തിച്ച നടൻ കുത്തുള്ളി നാരായണൻനമ്പൂതിരി, പ്രശസ്ത മതപണ്ഡിത പ്രഭാഷകൻ ശുകപുരം കെ എം കെ മുസലിയാർ, വാദ്യകലാവിദഗ്ദ്ധനായ പോരൂർ ശങ്കുണ്ണിമാരാർ, സാമൂഹ്യ പരിഷ്കർത്താവായ കെ വി ബാലകൃഷ്ണമേനോൻ എന്നിവരും ഭാഷാ ഗവേഷകനായ കെ എം പ്രഭാകര വാരിയരും മതപണ്ഡിതൻ ചേകനൂർ മൗലവിയും ഈ പ്രദേശത്തുകാരാണ്.

1921 ൽ മലബാർ കലാപകാരികളിൽ പത്തോളം പേർ ചുങ്കത്ത് വരികയും ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ ചുങ്കം പിരിവിൻെറ ചെക്ക്പോസ്റ്റ് (മുളവടികൾ) തകർക്കുകയും ചുങ്കംപിരിവ് പാടില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ച് തിരിച്ചുപോവുകയും ചെയ്ത സംഭവവും ഉണ്ടായിട്ടുണ്ട്. 1921 ലെ എം എസ് എം എൽ വി 117-ാം നമ്പർ ഗുഡ്സ്ബോഗി വാഗൺ ട്രാജഡിയിൽ ജീവനോടെ അവശേഷിച്ച 8 പേരിൽ മൺമറഞ്ഞുപോയ ചേനോംപറമ്പിൽ യൂസഫ് (നടുവട്ടം) ഈ പ്രദേശത്തുകാരനാണ്. 76 ൽ പ്രധാനമന്ത്രിയിൽ നിന്നും താമ്രപത്രം ലഭിച്ച ഇദ്ദേഹം തികഞ്ഞ ഗാന്ധിയനായിരുന്നു.

### ഉത്സവാഘോഷങ്ങൾ

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി നിരവധി പള്ളികളും ക്ഷേത്രങ്ങളും സ്ഥിതി ചെയ്യുന്നു.

കുളങ്കരവേല, മകരപ്പത്ത്., മകരചൊവ്വ (പോട്ടൂർകാവ്) ശിവരാത്രി (പുമുണ്ടക്കാട്, തിരുമാണിയൂർ) തൈപ്പൂയം (കോവിലിങ്ങൽ) മണലിയാർകാവ്, കല്യാണിക്കാവ്, എക്കിക്കാവ്, ആക്കോവ്, അണ്ണക്കമ്പാട് എന്നിവിടങ്ങളിലെ താലപ്പൊലി ഉത്വങ്ങൾ, കൊടക്കാട്ടുവേല, പറക്കോട്ടുവേല, തടത്തിൽവേല, ചോറ്റാനിക്കര മകം മഹോത്സ

വം (നെല്ലേക്കാട്) എന്നിവയാണ് പ്രധാനപ്പെട്ട ഉത്സാഘോഷങ്ങൾ.

ഇതിന് പുറമെ, ഓണം, വിഷു, പെരുന്നാൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ ക്ലബുകളുടെ നേതൃത്വത്തിൽ കലാപരിബപാടികൾ സംഘടിപ്പിക്കാറുണ്ട്.

## അനുഷ്ഠാനകലകളും നാട്ടൻ കലകളും

കളമെഴുത്ത് പാട്ടും (കല്ലാറ്റ കുറുപ്പന്മാർ) പാന (കുളങ്കര പണിക്കന്മാർ) യുമാണ് ഇവിടത്തെ അനുഷ്ഠാന കലകൾ. അയ്യപ്പൻവിളക്കും പാട്ടും നടത്തുന്ന ഏതാനും സംഘങ്ങളുമുണ്ട്.

വാദ്യകലയും വിശേഷിച്ച് ചെണ്ടവാദ്യത്തിൽ ശുകപുരത്തിന് തനതായ ഒരു പാരമ്പര്യമുണ്ട്. ഈ പാരമ്പര്യം നിലനിർത്താൻ ശുകപുരത്ത് പുതിയൊരു തലമുറ മുന്നോട്ട് വന്നിട്ടുണ്ട്.

തിറ, പൂതൻ, കരിങ്കാളി, ഭദ്രകാളി, മൂക്കൻചാത്തൻ തുടങ്ങിയവയാണ് പ്രധാനപ്പെട്ട നാടൻ കലകൾ. മണ്ണാൻ, പാണൻ, പറയൻ എന്നീ സമുദായക്കാരാണ് ഇവ പരമ്പരാഗതമായി കെട്ടി അവതരിപ്പിക്കാറുള്ളത്. ചവിടുകളി, കൈക്കൊട്ടിക്കളി, കോൽക്കളി, ദഫ്മുട്ട്, ഒപ്പന, പുള്ളുവൻപാട്ട്, കുംഭക്കളി എന്നിവയും അപൂർവമായി പ്രചാരത്തിലുണ്ട്.

## സാംസ്കാരിക സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെയും കലാസമിതികളുടെയും പട്ടിക താഴെ കൊടുക്കുന്നു:

**ഗ്രന്ഥശാലകൾ:**

1. ഗ്രാമീണ വായനശാല, വട്ടംകുളം
2. പഞ്ചായത്ത് പൊതുഗ്രന്ഥശാല ആൻറ് വായനശാല.
3. അക്ഷര ലൈബ്രറി, നടുവട്ടം.
4. ഉദയം ലൈബ്രറി കുറ്റിപ്പാല.
5. എസ് എ ആർ സി ലൈബ്രറി, ശുകപുരം.

## കലാസമിതികൾ

1. അംബിളി കലാസമിതി, വട്ടംകുളം.
2. യൂത്ത് ആട്സ് ആൻറ് സ്പോർട്സ് , വട്ടംകുളം.
3. വിന്നേഴ്സ് ആർട്സ് ആൻറ് സ്പോർട്സ്, വട്ടംകുളം.
4. വട്ടംകുളം സ്പോർട്സ് സെൻറർ (വി എസ് സി)
5. ബാപ്പുജി കലാവേദി, എരുവപ്ര.
6. എസ് എ ആർ സി ശുകപുരം.
7. ഐശ്വര്യ ക്ലബ് ശുകപുരം.
8. ചിലങ്ക, കുറ്റിപ്പാല.
9. കൈരളി ക്ലബ് കോട്ടൂർ.
10. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ചെമ്പകശ്ശേരി.
11. വിദ്യാ കലാസമിതി ചിറ്റഴിക്കുന്ന്.
12. ഉദയം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, കുറ്റിപ്പാല.
13. അക്ഷര ക്ലബ് കാലടിത്തറ.
14. നയന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് പാലപ്ര.

## ഇന്നത്തെ അവസ്ഥ-ഒരു വിശകലനം

സാംസ്കാരിക മേഖല പൊതുവെ അവഗണിക്കപ്പെട്ട അവസ്ഥയിലാണ്. ശ്രദ്ധേയമായ സംഭവങ്ങളൊന്നും സമീപകാലത്തുണ്ടായിട്ടില്ല.

ഉല്പാദന പ്രവർത്തനങ്ങളുമായി ഉണ്ടായിരുന്ന ബന്ധം അറ്റുപോയതാണ് നമ്മുടെ സാംസ്കാരി അപജയത്തിന് മുഖ്യഹേതുമായി ഭവിച്ചത്. ഉപഭോഗസംസ്കാരം വ്യാപകമായിക്കഴിഞ്ഞു. കളിക്കാരാവുന്നതിനേക്കാൾ കാണികളായിരിക്കുന്നതാണ് ഏവരും താൽപര്യം കാണിക്കുന്നത്. ഈ നിഷ്ക്രിയത്വവും ഉദാസീനതയും യുവാക്കളുടെ പ്രതികരണശേഷി നഷ്ടപ്പെടുത്താനിടയാക്കുന്നു. പൊതുലക്ഷ്യങ്ങൾക്കായുള്ള സഹകരണത്തിനു പകരം വ്യക്തി താൽപര്യങ്ങൾക്കുള്ള മത്സരത്തിന് പ്രാധാന്യം നൽകുന്നു. അതോടെ സംഘടിത പ്രവർത്തനങ്ങൾക്ക് ഉത്സാഹവും കുറഞ്ഞു.

കാർഷിക വിളവെടുപ്പിനോടനുബന്ധിച്ചാണ് ക്ഷേത്രങ്ങളിൽ ഉത്സവം ആഘോഷിച്ചിരുന്നത്. കാർഷിക ബന്ധങ്ങളിൽ വന്ന മാറ്റവും ഉല്പാദനക്കുറവും ഉത്സവങ്ങളുടെ സ്വഭാവത്തെ മാറ്റിമറിച്ചു. ഇന്ന് മിക്ക ഉത്സവകമ്മറ്റികളുടേയും പ്രധാന വരുമാനമാർഗം കുറിപ്പണവും പലിശപ്പണവുമാണ്. ജനകീയ പങ്കാളിത്തത്തെക്കാൾ വ്യാപാര സ്ഥാപനങ്ങളിലെ സ്പോൺസർഷിപ്പുവഴിയാണ് ആഘോഷ ചെലവിൽ പകുതിയും സ്വരൂപിക്കുന്നത്.

ക്ഷേത്ര കലകൾക്കോ നാടൻ കലകൾക്കോ ആഘോഷങ്ങളിൽ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. തദ്ദേശീയരായ കലാകാരന്മാർക്ക് അവസരം നൽകാതെ മറുനാട്ടിൽ നിന്ന് നാടകസംഘങ്ങളെയും ബാലെ ട്രൂപ്പുകളെയും ഭീമമായ തുക ചെലവഴിച്ച് വരുത്തിക്കുന്നതിനാണ് കമ്മിറ്റിക്കാർ താൽപര്യം കാണിക്കുന്നത്.

അഞ്ച് ഗ്രന്ഥശാലകൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഏറ്റവും പഴക്കം ചെന്ന വട്ടംകുളം ഗ്രാമീണ വായനശാലമാത്രമാണ്, ഗ്രന്ഥശാലാ സംഘത്തോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറി. പുക്തകങ്ങളുടെ എണ്ണത്തിലും വിതരണത്തിലും രണ്ടാം സ്ഥാനത്തുള്ളത് പഞ്ചായത്ത് പൊതുഗ്രന്ഥശാലയാണ്. പഞ്ചായത്തിൻെറ സ്ഥലവിസ്തൃതിയും വായനക്കാരുടെ ആവശ്യകതയും കണക്കിലെടുക്കുമ്പോൾ ഈ സ്ഥാപനങ്ങൾ അപര്യാപ്തമാണെന്ന് പറയേണ്ടിവരും. ഇലക്ട്രോണക് മാധ്യമങ്ങളുടെ സ്വാധീനം വായനക്കാരുടെ അഭിരുചിയെയും ഗ്രന്ഥശാലയുടെ നിലനിൽപ്പിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഗൗരവമേറിയ

വായനയോ സംവാദങ്ങളോ നടക്കുന്നില്ല.

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടാണ് വായനശാലകളും കലാസമിതികളും നമ്മുടെ നാട്ടിൽ നിലവിൽ വന്നത്. നാടകം തുടങ്ങിയ മാധ്യമങ്ങളിലൂടെ ആദ്യകാലത്ത് കലാസമിതികൾ സാമൂഹ്യ മാറ്റത്തിന് ക്രിയാത്മക പങ്കു വഹിച്ചിരുന്നു. പിൽക്കാലത്ത് കലാസംഘങ്ങൾക്ക് സാമൂഹ്യലക്ഷ്യം നഷ്ടപ്പെടുകയും മത്സരവേദിയിലെ സമ്മാനം ലക്ഷ്യമാക്കിയുള്ള കെട്ടുകാഴ്ചകളിലേക്ക് ചുരുങ്ങുകയും ചെയ്തു.

ഈ പഞ്ചായത്തിൽ നിലവിലുള്ള 14 കലാസമിതികളിൽ മിക്കവയും ഇന്ന് പ്രവർത്തനരഹിതമായ അവസ്ഥയിലാണ്. ചുരുക്കം ക്ലബുകൾ സംഗീതം നൃത്തം എന്നിവയിൽ പരിശീലനം നൽകിവരുന്നു. പല കലാസമിതികളും ബോർഡ് മത്രമായി അവശേഷിച്ചിരിക്കുന്നു. ഉള്ളവ തന്നെ കൃത്യമായി തെരഞ്ഞെടുപ്പ് നടത്തുകയോ വാർഷികമാഘോഷിക്കുകയോ ചെയ്യാറില്ല. വാർഷികം ആഘോഷിക്കുകയാണെങ്കിൽ തന്നെ ക്ലബ് അംഗങ്ങളുടെ പരിപാടികളെക്കാൾ പ്രൊഫഷണൽ ക്ലബുകളുടെ പരിപാടികൾക്ക് മുൻതൂക്കം കൊടുക്കുന്നു.

ടെലിവിഷൻെറ സ്വാധീനം മറ്റെങ്ങുമെന്നപോലെ ഇവിടെയും പ്രകടമാണ്. എല്ലാ പ്രദേശത്തും ടി വി ഉള്ള വീടുകളുണ്ട്. ഉപഗ്രഹചാനലുകൾ ലഭ്യമാക്കുന്ന ഒരു കേബിൾ ടി വി നെറ്റ്വർക്ക് എടപ്പാൾ ചുങ്കത്ത് പ്രവർത്തിക്കുന്നു. അപൂർവം വീടുകളിൽ ഡിഷ് ആൻറിന സ്ഥാപിച്ചിട്ടുണ്ട്. വി സി ആർ ഉള്ള വീടുകളും കുറവല്ല. എടപ്പാൾ ചുങ്കം, നടുവട്ടം, വട്ടംകുളം എന്നിവിടങ്ങളിലായി ഏതാണ്ട് പത്തോളം വീഡിയോ കാസറ്റ് ലൈബ്രറികൾ പ്രവർത്തിക്കുന്നു. രണ്ട് സിനിമാ തിയേറ്ററുകളും ഈ പഞ്ചായത്തിൻെറ അധികാരപരിധിയിലുണ്ട്.

ഉപഭോഗസംസ്കാരം വ്യാപിപ്പിക്കുന്നതിൽ ടിവിക്കുള്ള പങ്ക് വലുതാണ്. ഉപഗ്രഹചാനലുകളിലൂടെ പ്രവഹിക്കുന്ന വൈദേശിക സംസ്കാരത്തെ അനുകരിക്കാനുള്ള യുവാക്കളുടെ വാസനയെ മാനസികമായ അടിമത്തമായി തിരിച്ചറിയേണ്ടതുണ്ടത്. സ്ത്രീകളോടുള്ള സമീപനത്തിൽ വന്ന മാറ്റവും ശ്രദ്ധേയമാണ്. സ്ത്രീകളെ കേവലം ഭോഗവസ്തുക്കളായി കാണുന്ന മാനസിക വൈകല്യമാണ് അവർക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കാനിടയാക്കുന്നത്. സാംസ്കാരികരംഗത്ത് സ്ത്രീകളുടെ അസാന്നിധ്യം പണ്ടത്തെക്കാൾ പ്രകടമാണിന്ന്.

മിക്കവാറും എല്ലാ പത്രമാസികകൾക്കും നമ്മുടെ പഞ്ചായത്തിൽ വായനക്കാരുണ്ടെങ്കിലും സ്ത്രീകൾ പൊതുവെ പത്രപാരായണത്തിൽ പൊതുവെ താൽപര്യം പ്രകടിപ്പിച്ചു കാണുന്നില്ല.

പരമ്പരാഗതമായി നമ്മുടെ നാട്ടിൽ നിലവിലുണ്ടായിന്ന പല കായികവിനോദങ്ങളും നഷ്ടപ്പെട്ടു കഴിഞ്ഞു. കൂട്ടായ്മയുടെ കളിയായ ഫുട്ബോളിനെക്കാൾ വ്യക്തിപരമായ മികവിന് പ്രാമുഖ്യം കൊടുക്കുന്ന ക്രിക്കറ്റ് ഇന്ന് ആധിപത്യംനേടിയിരിക്കുന്നു. സ്പോർട്സ് ക്ലബുകൾ ടൂർണമെൻറുകളു മറ്റ് മത്സരങ്ങളും സംഘടിപ്പിക്കുന്നതിൽ വിമുഖരാണ്. പഞ്ചായത്ത് മിനി സ്റ്റേഡിയത്തിൻെറ സ്ഥലപരിമിതി ഇത്തരം മത്സരങ്ങൾ സംഘടപ്പിക്കുന്നതിന് വിഘാതമാവുന്നുണ്ട്.

**നിർദേശങ്ങൾ**

മേൽകാണിച്ച വിശകലനത്തിൻെറയും ഗ്രാമസഭകളിൽ നിന്നുവന്ന അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ സമർപ്പിക്കുന്നു.

1. അനുഷ്ഠാന-നാടൻ കലകളുടെ പരിപാലനത്തിനും പരിശീലനത്തിനും പ്രചാരണത്തിനുമായി ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കുക.
2. പഞ്ചായത്ത് ഏരിയയെ മൂന്നോ നാലോ പ്രധാന മേഖലകളായി തിരിച്ച് ഓരോ ഗ്രന്ഥശാലകൾ സ്ഥാപിക്കുക. സംഘത്തിൻെറ പദ്ധതിയനുസരിച്ച് വീടുതോറുമുള്ള കുത്തക വിതരണത്തിനായി 'മൊബൈൽ ലൈബ്രറി യൂനിറ്റ്' ആരംഭിക്കുക.
3. സമ്മേളനങ്ങൾ, കലാപരിപാടികൾ മുതലായവ സംഘടിപ്പിക്കാനുതകുംവിധം ആധുനിക സജ്ജീകരണങ്ങളുള്ള ഒരു കമ്യൂണിറ്റിഹാൾ നിർമ്മിക്കുക.
4. സമാന്തര മാധ്യമ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനായി 16 എം എം ഫിലിം പ്രൊജക്ടർ, ഓഡിയോ വീഡിയോ ഉപകരണങ്ങൾ എന്നിവ വാങ്ങി സാംസ്കാരിക നിലയംവഴി സന്നദ്ധസംഘടനകൾക്ക് ലഭ്യമാക്കുക.
5. പഞ്ചായത്തിൻെറ സമഗ്രചരിത്രം, വിഭവഭൂപടം തുടങ്ങിയവ ആധികാരികമായി രേഖപ്പെടുത്തുന്നതിനും പ്രതിഭാശാലികളായ എഴുത്തുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു പ്രസിദ്ധീകരണ വിഭാഗം ആരംഭിക്കു.
6. മിനി സ്റ്റേഡിയത്തോടനുബന്ധിച്ച് ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുക.
7. കുട്ടികളുടെ കായികവും മാനസികവുമായ ഉല്ലാസത്തിന് പ്രധാനകേന്ദ്രങ്ങളിൽ ചിൽഡ്രൻസ് പാർക്കുകൾ നിർമ്മിക്കുക.
8. ഉത്സവങ്ങളിൽ ക്ഷേത്രകലകൾക്കും നാടൻ കലകൾക്കും തദ്ദേശീയരായ കലാകാരന്മാരുടെ പ്രകടനങ്ങൾക്കും പ്രാധാന്യം കൊടുക്കുക. ഇതിനായി സമീപത്തുള്ള കലാസമിതി പ്രവർത്തകരെ ആഘോഷ കമ്മിറ്റിയിൽ ഉൾപ്പെടുത്തുക.
9. പഞ്ചായത്ത് തലത്തിൽ ക്ലബുകളെ പങ്കെടുപ്പിച്ചുകൊണ്ട് കലാ-കായിക മത്സരങ്ങൾ നടത്തുക.
10. നാട്ടുകാരുടെ പങ്കാളിത്തത്തോടെ സ്കൂൾ ആനിവേഴ്സറികൾ നടത്തുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു രാജ്യത്തെ ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന മുഖ്യഘടകങ്ങളാണ് ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള വീട് എന്നിവ. വട്ടംകുളം പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. പൊന്നാനി താലൂക്കിലെ ഏറ്റവും ഉയരംകൂടിയ പ്രദേശങ്ങളിലൊന്നാണ് വട്ടംകുളം പഞ്ചായത്ത്. അതുകൊണ്ട് ഇവിടെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഏതാണ്ട് 4000-ത്തോളം സ്വകാര്യകിണറുകൾ ഉണ്ടെങ്കിലും ഇവയിൽ ഭൂരിഭാഗം കിണറുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്നു. പൊന്നാനി താലൂക്കിലെ ഏറ്റവും അധികം കവുങ്ങിൻ തോട്ടങ്ങളുള്ള ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. വേനൽക്കാലത്ത് കവുങ്ങിൻ തോട്ടങ്ങൾ നനക്കുവാൻ ഈ കിണറുകളാണ് ഏകാശ്രയം. അതും കുടിവെള്ളക്ഷാമം രൂക്ഷമാകാനുള്ള മറ്റൊരു കാരണമാണ്. ഏകദേശം 70-ൽപരം പൊതുകിണറുകളും 25-ൽപരം കുഴൽകിണറുകളും ഇവിടെയുണ്ട്. ധാരാളം ഹരിജൻ കോളനികൾ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ 110 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കോളനിനിവാസികൾ പൊതുകിണറുകളേയും പൊതുടാപ്പുകളേയും ആശ്രയിച്ചാണ് ജീവിക്കുന്നത്. സ്വന്തമായി കിണറില്ലാത്ത മറ്റു ജനങ്ങൾ അയൽപക്കത്തെ സ്വകാര്യ കിണറുകളെ ആശ്രയിക്കുന്നു. ചില വാർഡുകളിൽ വളരെ ദൂരം പോയി കുടിവെള്ളം കൊണ്ടുവരേണ്ട ദുസ്ഥിതിയും ഇവിടെ ഉണ്ട്. പലപ്പോഴും പൊതുടാപ്പുകളിൽ വെള്ളം എത്താറില്ല. പഞ്ചായത്തിൽകൂടി കടന്നുപോകുന്ന ഡാനിഡാ ജലസേചന പദ്ധതി, ഈ പഞ്ചായത്തിലെ ജലക്ഷാമത്തെ കാര്യമായി സഹായിക്കുന്നില്ല. പൈപ്പുകൾ പല സ്ഥലത്തും കേടുവന്ന്, വെള്ളം അനാവശ്യമായി ഒഴുകിപ്പോകുന്ന അവസ്ഥ ഇവിടെയുണ്ട്. പഞ്ചായത്തിലെ കുഴൽകിണറുകൾ ഭൂരിപക്ഷവും ഉപയോഗശൂന്യമാണ്.

ശുദ്ധജല സ്രോതസ്സുകൾ പട്ടിക - 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്ത് | | |
| 40 | 10 | 3500 | 500 | 25 | 4095 |

വയറുകടി, വിരശല്യം, പിള്ളവാതം, മഞ്ഞപ്പിത്തം, കോളറ, ടൈഫോയ്ഡ് മുതലായ രോഗങ്ങൾ ശുദ്ധജലത്തിൻെറയും പരിസരശുചീകരണത്തിൻെറയും അഭാവത്തിലാണ് പടരുന്നത്. അതുകൊണ്ട് സാനിറ്ററി കക്കൂസും ശുദ്ധജലവും എല്ലാവർക്കും എത്തിക്കാൻ കഴിഞ്ഞാൽ വെള്ളം വഴി പകരുന്ന രോഗങ്ങൾ 80% വരെ നിയന്ത്രിക്കാൻ കഴിയുന്നതാണ്. 1995-96 വർഷത്തിൽ 279 ജലജന്യരോഗങ്ങളും 4 വായുജന്യരോഗങ്ങളും 4 പ്രാണിജന്യ രോഗങ്ങളും ഈ പഞ്ചായത്തിൽ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. (അവലോകനം പി.എച്ച്.സി.)

**കക്കൂസ്:** പൊതുജനാരോഗ്യരംഗത്ത് മറ്റൊരു പ്രധാന ഘടകമാണ് ശുചിത്വം. പരിസരശുചീകരണത്തിന് അത്യാവശ്യമായ ഒന്നാണ് കക്കൂസ്. പഞ്ചായത്തിൽ മൊത്തം 4642 വീടുകളുള്ളതിൽ 1200-ൽപരം വീടുകൾക്ക് കക്കൂസുകൾ ഇല്ല. സാധാരണക്കാരന് ഏറ്റവും ചിലവ് കുറഞ്ഞ ഇ.എസ്.പി. കക്കൂസുകൾക്ക് പഞ്ചായത്തിൽ പ്രചാരം കുറവാണ്. സാനിറ്ററി കക്കൂസുകൾക്കാണ് പ്രചാരം കൂടുതലുള്ളത്. സാമ്പത്തിക പരാധീനതയും സ്ഥലപരിമിതിയും കാരണം സാധാരണ ജനങ്ങൾക്ക് സ്വന്തമായി കക്കൂസ് നിർമിക്കാൻ കഴിയുന്നില്ല. ഗ്രാമസഭകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരങ്ങളും താഴെപറയുന്ന പ്രകാരം സംഗ്രഹിക്കാം.

പട്ടിക-2

| തടസ്സകാരണം | പരിഹാരം |
|---|---|
| 1 സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധഘടനകൾ മുതലായവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2 സ്ഥലപരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും) | പൊതുവായി സെഫ്റ്റിക്ക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്. |
| 3 ആവശ്യകത വേണ്ടത്ര ബോദ്ധ്യപ്പെടുത്താത്തതിനാൽ | ആരോഗ്യബോധവൽക്കരണം വിപുലമാക്കുക, ആരോഗ്യപ്രവർത്തകരേയും ഉദ്യോഗസ്ഥരേയും ബന്ധപ്പെടുത്തി അയൽക്കൂട്ടങ്ങളിൽ ചർച്ചാക്ലാസുകൾ പബ്ലിസിറ്റി വിഭാഗത്തിൻെറ സ്ലൈഡ് – വീഡിയോ പ്രദർശനം. |

പട്ടിക – 3 കുടിവെള്ളപ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാഡ് | പ്രശ്നമേഖല | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| 1 | മാണൂർ, കോലാർകുന്ന്, കടുങ്ങാംകുന്ന്, ഈസ്റ്റ് മാണൂർ, കോട്ടിരിക്കുന്ന്, പറക്കുന്ന്, നടക്കാവ് | പൈപ്പ്ലൈൻ നിർമ്മിക്കുക, നീട്ടുക, പുതിയ കിണറുകൾ കുഴിക്കുക |
| 2 | പൊതുവെ വാർഡ് മുഴുവൻ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു | ഡാനിഡ പദ്ധതി ഉൾപ്പെടുത്തി എല്ലാ ഭാഗത്തേക്കും പൊതുടാപ്പുകൾ നിർമ്മിക്കുക - അത്യാവശ്യം സ്ഥലത്ത് കുഴൽകിണറുകളും പുതിയ കിണറുകളും കുഴിക്കുക. |
| 3 | പൊതുവെ വെള്ളക്ഷാമമുള്ള പ്രദേശമാണ് വാർഡ് മുഴുവൻ. കോട്ടേരിയിൽ അതിരൂക്ഷമാണ് | വെള്ളറമ്പ് കോളനിക്ക് മുകളിൽ ഡാനിഡാ വാട്ടർ ടാങ്ക് നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുക, കിണറുകൾ കുഴിക്കുക- പൈപ്പ് നീട്ടുക |
| 4 | എരുവപ്രകുന്ന്, കോട്ടേരി, മൂതുർ, പ്രദേശങ്ങൾ ഉയരംകൂടിയതാണ്. | ടാങ്ക് കെട്ടി വെള്ളം എത്തിക്കുക. നിലവിലുള്ള പൈപ്പ്ലൈൻ പ്രവർത്തനക്ഷമമാക്കുക |
| 5 | ചെർള്ളശ്ശേരി, നെല്ലിക്കാട്, കണാരകുന്ന് | നിലവിലുള്ള പൈപ്പ്ലൈൻ പ്രവർത്തനക്ഷമമാക്കുക, ഡാനിഡ പദ്ധതി വിപുലമാക്കുക |

| വാഡ് | പ്രശ്നമേഖല | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| 6 | പുലിയാറകുന്ന് കോളനി, നാല് സെൻറ് കോളനി, കുറത്തികുന്ന് കോളനി, വെള്ളറമ്പ്, ചന്തകുന്ന്, ജയന്തി കോളനി, മഹിളാസമാജം, കാന്തള്ളൂർ ഭാഗം | തെക്ക് ഭാഗത്ത് കണ്ണരകുന്ന് ഭാഗത്ത് ഉയർന്ന മേഖലയിൽ ഡെന്മാർക്ക് ലൈനോട് ചേർത്ത് ഒരു ടാങ്ക് നിർമ്മിച്ച് പമ്പിങ്ങ് നടത്തുക, പൊതു ടാപ്പുകൾ നൽകുക, കിണറുകൾ കുഴിക്കുക. |
| 7 | കക്കഴികുന്ന്, ആന്തൂർ ഇടവഴിഭാഗം, പുലിയാറ കുന്നിന് താഴെ, സി. കെയുടെ വീടുൾപ്പെടുന്ന പ്രദേശം, ചന്തകുന്ന്, പുതുപറമ്പ്, താഴത്തേ അങ്ങാടി, കുളങ്കര ഭാഗം, ഉദിനക്കര ലക്ഷംവീട് കോളനി, ഹൈസ്കൂൾ മേഖല | പുലിയാറകുന്ന്, ചന്തകുന്ന്, പന്തലുംകുന്ന് ഈ പ്രദേശത്ത് ടാങ്കുകൾ കെട്ടി താഴെ ഭാഗത്തേക്ക് പമ്പ്ചെയ്ത് പരിഹരിക്കുക |
| 8 | ഉദിനിക്കര ലക്ഷംവീട് കോളനി ഹൈസ്കൂൾ മേഖല, കരിമ്പനകുന്ന്, ചന്തകുന്ന് •• | വാട്ടർ അതോറിറ്റിയുടെ മുൻകാലത്തെ പൈപ്പുകൾ ഡാനിഡാ പൈപ്പുമായി ബന്ധിപ്പിച്ച് പൊന്നാനി ബ്ലോക്കാപ്പീസിന് സമീപം ഒരു ടാങ്ക് നിർമ്മിക്കുക, ചുങ്കം, മഹിളാ സമാജം ഇവയുടെ അടുത്ത് പ്രവർത്തിക്കുന്ന കുഴൽകിണറുകളെ ബന്ധിപ്പിക്കുക, മാണൂർ കായലിനെ ഓരത്തുള്ള മോട്ടോർ നേരെയാക്കി വെള്ളക്ഷാമം പരിഹരിക്കുക |
| 9 | കാലടിത്തറ, ശുകപുരം സ്കൂൾ മേൽവശം, നായാടികുന്ന്, നടുവട്ടം, മണ്ണെണ്ണ പറമ്പിനടുത്ത്, ഒടുംകുന്ന്, ചെമ്പ്രമാന്ന ക്ഷേത്രപരിസരം, ഉള്ളാട്ടുപറമ്പിൽ റോഡ്, എൻ കെ യുടെ വീടിന് പരിസരം, പിലാക്കൽ പള്ളിയുടെ മേൽഭാഗം, 9-ാം വാർഡിൻെറ തെക്കെ അറ്റം | വാർഡിൻെറ തെക്കേ അറ്റത്ത് കുഴൽകിണർ സ്ഥാപിക്കുക, പൈപ്പ് ലൈൻ നീട്ടുകയും പുതിയ ടാങ്കുകൾ കെട്ടുകയും ചെയ്യുക, ശുകപുരം സ്കൂളിന്ന് മേൽ ഭാഗം ഒരു ടാങ്ക് കെട്ടുക. |
| 10 | കമ്പനിപ്പടി, കാലടിത്തറ കിഴക്കുഭാഗം, കാലടിത്തറ തെക്കുഭാഗം- കരിമ്പനക്കുന്ന് താഴത്ത്, ഭാഗം (പാടം), മണലിയാർക്കാവ് തെക്കെ ഭാഗം, വെങ്ങിനിനാടിന് സമീപം, ഗ്രാമത്തിൽ കേശവൻെറ വീടിന്ന് സമീപം, അഴകില്ലത്ത് മന സമീപം, പാറമ്മൽ വളപ്പ്. | പൈപ്പ്ലൈൻ നീട്ടുക- പുതിയ ടാങ്കുകൾ നിർമ്മിക്കുക |
| 11 | ചോലക്കുന്ന് 4 സെൻറ്, ചോലക്കുന്ന് തെയ്യത്തിൽകാവ്, ചോലക്കുന്ന് തടം, നടുവട്ടം തണ്ണീർക്കോട് റോഡ്, ചിറ്റഴികുന്ന്, നെല്ലാശ്ശേരി കോളനി റോഡ്- പുരയുന്നേക്കാട് ക്ഷേത്രംവഴി, പുരമുന്നേക്കാട് മദ്രസ്സ പരിസരം | ചോലക്കുന്ന് ഒരു ടാങ്ക് സ്ഥാപിക്കുക, പൈപ്പ് ലൈൻ നിർമ്മിക്കുകയും നീട്ടുകയും ചെയ്യുക. കുഴൽകിണറും പുതിയ കിണറുകളും സ്ഥാപിക്കുക |
| 12 | ചോലകുന്ന്, ചിറ്റഴികുന്ന്, കുറ്റിപ്പാല പന്തലികുന്ന് | ചോലക്കുന്നിൽ വെള്ളടാങ്ക് കെട്ടുക, പുതിയ കുഴൽകിണർ കുഴിക്കുക, പുതിയ കിണർ സ്ഥാപിക്കുക- പൈപ്പ്ലൈൻ നീട്ടുക. |

**ആരോഗ്യം:** അലോപ്പതി ചികിത്സാരംഗത്ത് ഒരു സർക്കാർ സ്ഥാപനവും പഞ്ചായത്തിലില്ലായിരുന്നു. 1990 ആദ്യത്തെ Primary Health Centre ഒരു വാടകകെട്ടിടത്തിൽ സ്ഥാപിതമായി. അതിന്ന് മുമ്പ് കുമരനെല്ലൂരിലും എടപ്പാളിയും ഉള്ള സർക്കാർ ആശുപത്രികളെയാണ് ആശ്രയിച്ചിരുന്നത്. അലോപതിക്കുമുമ്പ് പാരമ്പര്യ വൈദ്യകുടുംബങ്ങളെ ആശ്രയിച്ചാണ് ഇവിടുത്തെ ജനങ്ങൾ കഴിഞ്ഞിരുന്നത്. ആയുർവ്വേദരംഗത്ത് ശ്രീ കുത്തുള്ളി രാമൻനമ്പൂതിരിയും കപ്പൂർ വളപ്പിൽ ഉണ്ണി വൈദ്യരും അതിപ്രശസ്തരായിരുന്നു. ആദ്യകാലത്തെ അലോപതി ചികിത്സാരംഗത്തെ പ്രശസ്തരായ ഡോ. നമ്പീശനും ഡോ. എസ്. കെ. പിഷാരോടിയും ഈ പഞ്ചായത്തിൻെറ സംഭാവനകളായിരുന്നു.

5 സബ്സെൻററുകളും ഒരു പി. എച്ച്. സി.യും ഒരു ഹോമിയോ ഡിസ്പൻസറിയും അടങ്ങിതാണ്

പഞ്ചായത്തിലെ പൊതുജനാരോഗ്യസംവിധാനം. പ്രൈമറി ഹെൽത്ത് സെൻറർ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഏകാശ്രയമാണ്. സ്വന്തം കെട്ടിത്തിലാണെങ്കിലും സ്ഥലസൗകര്യം പരിമിതമാണ്. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല. പ്രസവ വാർഡിൻെറ അഭാവം കാരണം ദൂരത്തുള്ള സ്വകാര്യാശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. അതിന്നുള്ള സാമ്പത്തികശേഷിയുള്ളവരല്ല ഭൂരിപക്ഷം ജനങ്ങളും കുട്ടികൾക്കും ഗർഭിണികൾക്കും ഉള്ള പ്രതിരോധകുത്തിവെപ്പുകൾ എല്ലാ ബുധനാഴ്ചയും നടത്തുന്നുണ്ട്. ഇരുമ്പ്സത്ത് ഗുളിക, വിറ്റാമിൻ എ തുള്ളിമരുന്ന് എന്നിവയും കൊടുകൊണ്ടിരിക്കുന്നു. രാത്രികാലങ്ങളിൽ ഡോക്ടരുടെ സേവനം കിട്ടാറില്ല. രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം അത്യാവശ്യമാണ്. ഈ സ്ഥാപനത്തിൻെറ കീഴിൽ 18 ജീവനക്കാരും ഒരു ഡോക്ടറും ജോലിചെയ്യുന്നുണ്ട്.

വട്ടംകുളം പഞ്ചായത്തിലെ ഹോമിയോ ഡിസ്പൻസറിയിൽ ദിവസേന 100-ൽപരം രോഗികൾ എത്തുന്നുണ്ട്. കെട്ടിടം സുരക്ഷിതമല്ലാത്തുകൊണ്ടും ഫർണ്ണിച്ചറുകളുടെ കുറവുകൊണ്ടും ശരിയായവിധത്തിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല. സർക്കാർ മരുന്നുകൾ വേണ്ടത്ര ലഭിച്ചിട്ടും സ്ഥലപരിമിതി കാരണം സൂക്ഷിക്കാൻ പ്രയാസപ്പെടുന്നുവെന്ന് അഭിപ്രായമുണ്ട്. ഡോക്ടർമാർ അടക്കം മൂന്ന് ജീവനക്കാരുമുണ്ട്.

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ | 6 | 7 |
| 2 | സബ്സെൻറർ | 3 | 1 |
| 3 | സബ്സെൻറർ | 5 | 1 |
| 4 | സബ്സെൻറർ | 6 | 1 |
| 5 | സബ്സെൻറർ | 11 | 1 |
| 6 | ഹോമിയോ ഡിസ്പൻസറി | 12 | 3 |

വട്ടംകുളം പഞ്ചായത്തിൽ സർക്കാർ ചികിത്സാ സംവിധാനം കുറവാണെങ്കിലും സ്വകാര്യ ചികിത്സാ സംവിധാനങ്ങൾ ധാരാളം ഉണ്ട്. 'എടപ്പാൾ ഹോസ്പിറ്റൽസ്, പ്രൈവറ്റ് ലി.മി., ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്വകാര്യാശുപത്രിയാണ്. ഏറെക്കുറെ എല്ലാ വിഭാഗം സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം അവിടെ ലഭിക്കുന്നു. പ്രസവത്തിന് നമ്മുടെ ജില്ലയിലെ ഏറ്റവും പ്രശസ്തമായ ഒരു സ്ഥാപനം കൂടിയാണിത്. ടെസ്റ്റ് ട്യൂബ് ശിശുപരീക്ഷണം നടത്തുന്ന ഈ സ്ഥാപനത്തിലേക്ക് നാട്ടിൻെറ നാനാഭാഗത്തുനിന്നും ജനങ്ങൾ എത്തിചേരുന്നുണ്ട്. കൂടാതെ 'എടപ്പാൾ നഴ്സിങ്ങ്ഹോം', എടപ്പാൾ ചുങ്കം, 'ആശ്വാസ് ക്ലിനിക്ക്', നടുവട്ടം മുതലായ അലോപതി ആശുപത്രികളും ചില ദന്താശുപത്രികളും പഞ്ചായത്തിൽ ഉണ്ട്. പക്ഷെ സാധാരണ ജനങ്ങൾക്ക് ഇവിടുത്തെ ചികിത്സ താങ്ങാനാവാത്തതാണ്. കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി, എടപ്പാൾ, കോട്ടക്കൽ ആര്യവൈദ്യശാല, കോട്ടക്കൽ ആര്യവൈദ്യശാല എടപ്പാൾ മുതലായ കേന്ദ്രങ്ങളിൽ ആയുർവേദ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ട്. വാരിയർ ഹെർബ്ബൽസ് എന്ന സ്ഥാപനത്തിൽ ആയുർവേദമരുന്നുകൾ നിർമ്മിച്ച് മറ്റു കേന്ദ്രങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട്. അലോപ്പതിയെപ്പോലെ ആയുർവ്വേദ ചികിത്സകളും ചിലവ് കൂടിയതാണ്. കൂടാതെ പാരമ്പര്യമുള്ള നാടൻ വൈദ്യന്മാർ പഞ്ചായത്തിൻെറ പല ഭാഗത്തും സേവനം നടത്തുന്നുണ്ട്. വട്ടംകുളം ടൗണിൽ ഒരു നല്ല മെഡിക്കൽ സ്റ്റോർ ഇല്ലയെന്നുള്ളത് ജനങ്ങൾക്ക് വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നു.

നമ്മുടെ രാജ്യത്ത് പണവും പദവിയും ഉള്ളവർക്ക് മാത്രമേ ആധുനിക ചികിത്സാസൗകര്യം ലഭിക്കുന്നുള്ളു. ഈ ദുരവസ്ഥ നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്നു. പൊതുജനാരോഗ്യ സംവിധാനം കുറവായതിനാൽ സാധാരണക്കാരായ ജനങ്ങൾ സ്വകാര്യാശുപത്രികളെ ആശ്രയിക്കുന്നു. അതുകൊണ്ട് അവർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. വട്ടംകുളത്തെ പ്രൈമറി ഹെൽത്ത് സെൻറർ 10 കിടക്കകളോടുകൂടിയ ഒരു സർക്കാർ ആശുപത്രിയായി ഉയർത്തേണ്ടത് സാധാരണക്കാരൻെറ ആവശ്യമാണ്. പ്രസവ വാർഡും മറ്റ് അത്യാവശ്യ സൗകര്യങ്ങളും അവിടെ ലഭിക്കുവാനുള്ള പരിശ്രമം എല്ലാഭാഗത്തുനിന്നും ഉണ്ടായിരിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**പ്രശ്നങ്ങളും പരിഹാരനിർദേശങ്ങളും**

1) പ്രാഥമികാരോഗ്യകേന്ദ്രം പ്രസവവാർഡോടുകൂടിയ ആശുപത്രിയായി ഉയർത്തുക. അവിടെ രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുവാനുള്ള പരിശ്രമം ചെയ്യുക.

2) നടുവട്ടത്തോ, കുറ്റിപ്പാലയിലോ ഒരു ആയുർവേദാശുപത്രി സ്ഥാപിക്കുക.

3) സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമായി നടക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പി ടി എയും സംയുക്തമായി ചർച്ചചെയ്ത് പരിഹാരം ഉണ്ടാക്കുക.

4) ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആരോഗ്യപ്രവർത്തകരും സന്നദ്ധ പ്രവർത്തകരും ഒരുമിച്ച് ഇത് നടപ്പാക്കാൻ

ശ്രമിക്കണം. രക്തഗ്രൂപ്പ്, മുൻകാലാരോഗ്യനില മുതലായവ കാർഡിൽ ഉൾപ്പെടുത്തുക.

5) വിഷചികിത്സാസൗകര്യം ലഭിക്കുന്നില്ല. പഞ്ചായത്തിലോ തൊട്ടടുത്ത പ്രദേശത്തോ അതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

6) കുടിവെള്ളം ഏറ്റവും വലിയ പ്രശ്നമാണ്. ഗ്രാമസഭകളിൽ ഉയർന്നിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പാക്കുക, ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ള സംഭരണം വർധിപ്പിക്കുക. മഴവെള്ളസംഭരണത്തിനും കുഴികളും പൊട്ട കിണറുകളും ഉപയോഗിക്കുക, ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

7) നിലവിലുള്ള പൈപ്പ് ലൈനും വാട്ടർ ടാങ്കുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പലപ്പോഴും മോശമായ പൈപ്പുപൊട്ടി വെള്ളം അനാവശ്യമായി ഒഴുകിപ്പോകുന്നു. വാർഡ് മെമ്പർമാരും സന്നദ്ധ പ്രവർത്തകരും വിവരങ്ങൾ അതാത്സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുവാൻ മുൻകൈ എടുക്കുകയും ഉദ്യോഗസ്ഥന്മാർ പ്രശ്നം പരിഹരിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കുകയും ചെയ്യുക.

8) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ ഒരു വെല്ലുവിളിയാണ്. അവയെ ഉന്മൂലനം ചെയ്യുവാനും പേപ്പട്ടി കുത്തിവെപ്പ് നടത്തുവാനും എല്ലാവരും കൂട്ടമായി ശ്രമിക്കേണ്ടതാണ്.

9) കൊതുക്ശല്യം, മറ്റു സാംക്രമിക രോഗങ്ങൾ പരിഹരിക്കാൻ ബന്ധപ്പെട്ട അധികാരികളെ പങ്കെടുപ്പിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

10) ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം ഉടൻ പൂർത്തീകരിക്കുക. ഫർണീച്ചറുകൾ വിഭവസമാഹരണം വഴി കണ്ടെത്തുക.

11) അലോപ്പതി, ഹോമിയോ, ആയുർവേദം ഇവയെക്കുറിച്ച് അടിസ്ഥാന വിവരം ലഭിക്കുവാൻ ഡോക്ടർമാരെ പങ്കെടുപ്പിച്ച് പഠന ക്ലാസുകൾ നടത്തുക.

12) ഭൂരിപക്ഷം കിണറുകൾക്കും ആൾമറയില്ല. ബോധവൽക്കണം വഴി ആൾമാറ കെട്ടാനുള്ള സംവിധാനം ഉണ്ടാക്കുക.

13) ചില പ്രത്യേക കാലാവസ്ഥയിൽ പകർച്ച വ്യാധികൾ ഉണ്ടാവുന്നു. കിണറുകളിലെ ക്ലോറിനേഷൻ വഴി ജലം ശുദ്ധീകരിക്കുക ഈച്ച, കൊതുക്, എലി ഇവയെ നശിപ്പിക്കാനുള്ള പരിപാടി നടപ്പാക്കുക.

14) മത്സ്യം വിൽക്കാൻ പൊതുമാർക്കറ്റില്ല. പൊതുസ്ഥലങ്ങളിലെ മത്സ്യ - മാംസ വില്പന തടയുക. മത്സ്യത്തിനും മാംസത്തിനും പൊതുമാർക്കറ്റ് ഏർപ്പെടുത്തു. അറവുശാലകൾ പറ്റിയ സ്ഥലത്ത് സ്ഥാപിക്കുക.

15) പൊതുകക്കൂസുകൾ, യൂറിൻഷെഡുകൾ സ്ഥാപിക്കുക, അത് സംരക്ഷിക്കുവാൻ ചെറിയ നിരക്കിൽ പൈസ പിരിക്കുന്നത്, എല്ലാവർക്കും ആശ്വാസമായിരിക്കും.

16) പൊതുശ്മശാനം ഉണ്ടാക്കാൻ ശ്രമിക്കുക.

17) മാർക്കറ്റുകളിൽ വെയിസ്റ്റുബിൻ സ്ഥാപിക്കുക.

18) ഹോട്ടലുകളിൽ ശുചിത്വം കുറവാണ്. ഹെൽത്ത് ഡിപ്പാർട്ട്മെൻറിന്റെ സഹായത്താൽ ഹോട്ടലുകളിൽ സന്ദർശനം നടത്തി പ്രശ്നം പരിഹരിക്കുക.

19) എല്ലാ വീടുകളിലും കമ്പോസ്റ്റുകൾ കുഴിക്കാൻ ബോധവൽക്കരണം നടത്തുക.

20) പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും നിന്ന് ലഭിക്കേണ്ട സ്ഥിതിവിവര കണക്കുകൾ യഥാസമയം കിട്ടാറില്ല. ജനന മരണ കണക്കുകളും കൃത്യമായി ലഭിക്കുന്നില്ല- അതുകൊണ്ട് ജനനനിരക്കും മരണനിരക്കും നിർണ്ണയിക്കാൻ കഴിയുന്നില്ല. ജനകീയാസൂത്രണത്തെ സാരമായി ബാധിക്കുന്ന ഇത്തരം സ്ഥിതിവിവരകണക്കുകൾ കൃത്യമായി സൂക്ഷിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദേശം നൽകണം.

21) വിദ്യാലയപരിസരങ്ങളിൽ മദ്യവും മയക്കുമരുന്നുകളും വിൽക്കുന്നു. പുകവലി വിദ്യാർഥികളിൽ വ്യാപകമാവുന്നു. പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ പുകാലി, മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം, പുകയില കൂട്ടിമുറുക്കൽ മുതലായവ ബോധവൽക്കരണം വഴി നിയന്ത്രിക്കുവാൻ എല്ലാ സംഘടനകളും വ്യക്തികളും വിദ്യാലയാധികൃതരും പരിശ്രമിക്കേണ്ടതാണ്. കുടുംബക്ഷേമ പരിപാടികൾ ബോധവൽക്കരണത്തിലൂടെ കാര്യക്ഷമമായി നടപ്പിലാക്കാൻ ആരോഗ്യവകുപ്പ് പരിശ്രമിക്കേണ്ടതാണ്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് കാര്യമായി പുരോഗതി നേടാൻ കഴിയാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. വട്ടംകുളം വില്ലേജ് പൂർണ്ണമായും ഉൾക്കൊള്ളുന്ന വട്ടംകുളം പഞ്ചായത്തിലെ 12 വാർഡുകളിൽ ഹരിജനങ്ങളും മറ്റു ദുർബല വിഭാഗക്കാരും താമസിക്കുന്ന 36 കോളനികളുണ്ട്. ഭൂരിഭാഗം പേരും കൂലിപ്പണി ചെയ്താണ് ഉപജീവനം നടത്തുന്നത്. കെട്ടിടനിർമ്മാണരംഗത്താണ് ഇവരിൽ ഭൂരിഭാഗവും ജോലി ചെയ്യുന്നത്.

കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. ദുർബല ഇടത്തരം വിഭാഗക്കാർ വീട് നിർമ്മാണത്തിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു.

ഗൾഫ് പണത്തിന്റെ സ്വാധീനം കൊണ്ട് കുറഞ്ഞ കാലയളവിൽത്തന്നെ വീടുനിർമ്മാണ രംഗത്ത് വൻമാറ്റത്തിന് ഇടയായിട്ടുണ്ട്. എന്നാൽ കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കാനല്ലാതെ ക്രിയാത്മകകമായ രീതിയിൽ ഗൾഫ് സമ്പാദ്യം ചിലവഴിക്കാൻ അവർ തയ്യാറായിട്ടില്ല. അടിസ്ഥാനസൗകര്യങ്ങളെക്കാൾ ആർഭാടങ്ങൾക്കാണ് മുൻതൂക്കം കൊടുക്കുന്നത്.

ഗൾഫ് വരുമാനക്കാർ ആർഭാടത്തിന് കൊടുക്കുന്ന മുൻതൂക്കം സാധാരണക്കാർക്ക് ഗൃഹനിർമ്മാണം കൂടുതൽ ഭാരമേറിയതാക്കുന്നു. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് വീട് നിർമ്മിക്കാൻ സാധിക്കുന്നില്ല.

ഒരു പരിധിവരെ പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ ഗൾഫ് പണം നിർണായക സ്വാധീനം ചെലുത്തിയിരുന്നു. എന്നാൽ സമീപകാലത്ത് ഗൾഫ്രാജ്യങ്ങളിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഫലമായി ഗൾഫ് വരുമാനത്തിൽ ഗണ്യമായ കുറവ് വരുകയും അത് കെട്ടിട നിർമ്മാണമേഖലയിൽ മാന്ദ്യം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കാർഷികമേഖലയിൽ നിന്നും തൊഴിലാളികൾ വൻതോതിൽ കെട്ടിടനിർമ്മാണ

രംഗത്തേക്ക് കടന്നുവന്നിട്ടുണ്ട്. കെട്ടിടനിർമ്മാണ രംഗത്ത് ഇന്നുകാണുന്ന മാന്ദ്യം തുടരുകയാണെങ്കിൽ സമീപഭാവിയിൽ തന്നെ ഈ രംഗത്ത് രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടും.

വീടുനിർമ്മാണത്തിനുവേണ്ട ചെങ്കല്ല് നമ്മുടെ പഞ്ചായത്തിൽ സുലഭമാണ് കുറഞ്ഞ തോതിൽ കരിങ്കല്ലും ലഭ്യമാണ്.

ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനവും വർദ്ധിച്ച തോതിലുള്ള കൂലി നിരക്കും കെട്ടിടനിർമ്മാണരംഗത്ത് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

1990ൽ വിദഗ്ദ തൊഴിലാളിക്ക് 60-65 രൂപയാണ് ലഭിച്ചിരുന്നത്. അവിദഗ്ദ തൊഴിലാളിക്ക് 50-55 രൂപയും സ്ത്രീ തൊഴിലാളിക്കം 30 രൂപയും എന്നാൽ 1995 ആയപ്പോഴേക്കും വിദഗ്ദതൊഴിലാഴികൾക്ക് . 100 രൂപയായി. അവിദഗ്ദ തൊഴിലാളികളുടെ കൂലിനിരക്ക് 85-90 രൂപയായി വർദ്ധിച്ചു. സ്ത്രീ തൊഴിലാളികൾക്ക് 50-55 രൂപയായി വർദ്ധിച്ചു.

1996ൽ എത്തിയപ്പോൾ വിദഗ്ദ തൊഴിലാളികൾക്ക് 120 രൂപയായും അവിദഗ്ദ തൊഴിലാളികൾക്ക് 100 രൂപയായും സ്ത്രീതൊഴിലാളികൾക്ക് 60-65 രൂപയായും വർദ്ധിച്ചു. സ്ത്രീകളിൽ വിദഗ്ദ തൊഴിലാളികളായി അറിയപ്പെടുന്നവരില്ല. തൊഴിൽ വൈദഗ്ദ്യം ലഭിച്ച സ്ത്രീകൾ ഇല്ലെന്നു തന്നെ പറയാം.

സിമൻറിന് 1990ൽ 105 രൂപയായിരുന്നത് 1993 ആയപ്പോഴേക്കും 125 രൂപയായും 1995ൽ 160 രൂപയായും 1996ൽ 185 രൂപയായും വർദ്ധിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ നിലനിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥയും കുടുംബം എന്ന സങ്കൽപവും മാറിയതിൻെറ ഫലമായി പാർപ്പിടമെന്ന് ഒരു സാമൂഹ്യപ്രശ്നമായി മാറിയിരിക്കുന്നു.

പാർപ്പിടങ്ങൾക്കുവേണ്ടി കൃഷിഭൂമി വൻതോതിൽ നികത്തപ്പെടുന്നത് കാർഷികമേഖലയിൽ ഭീഷണി സൃഷ്ടിക്കുന്നു, വീടുകളുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവ് അടിസ്ഥാനസൗകര്യങ്ങൾ പോലും പരിമിതിപ്പെടുത്തുവാൻ നിർബന്ധം ചെലുത്തുന്നു. കൂടാതെ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു.

അനിയന്ത്രിതമായ കോൺക്രീറ്റ് സംസ്ക്കാരം ഭൂമിയുടെ പച്ചപ്പിനെപ്പോലും ഇല്ലാതാക്കിക്കൊണ്ട് ജീവജാലങ്ങളുടെ നിലനിൽപിനുപോലും ഭീഷണിയാവുന്നു.

വർദ്ധിച്ചതോതിലുള്ള കോൺക്രീറ്റ് വീടുകൾ ഭാവിയിൽ പരിസ്ഥിതിയ്ക്ക് വൻ ഭീഷണിയായി മാറും.

സർക്കാർ വിവിധ ഏജൻസികൾ വഴി ദുർബല-ഇടത്തരക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പകൾ വളരെചുരുക്കം പേർക്കേ ലഭിക്കുന്നുള്ളൂ. വിവിധ പദ്ധതികൾ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭിച്ച വീടുകളുടെ എണ്ണം വളരെ കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു.

ഇത്തരം ധനസഹായങ്ങൾകൊണ്ട് ഭവനനിർമ്മാണരംഗത്തെ പ്രശ്നങ്ങൾ കാര്യമായി പരിഹരിക്കാൻ കഴിയുന്നില്ല എന്നതാണ് ഇതുവരെയുള്ള അനുഭവം. ഭവനവായ്പകൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് സാധാരണക്കാർക്കും പ്രാപ്യമാകുന്ന തരത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഇതിനുപുറമെ നിലവിൽ അനുവദിച്ചുകൊണ്ടിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുകയും വേണം.

ഗുണഭോക്താക്കളുമായി ചർച്ചചെയ്ത് അവർക്ക് സ്വരൂപിക്കാൻ കഴിയുന്ന വിഭവങ്ങൾ എന്തൊക്കെയാണെന്നറിഞ്ഞ് ബാക്കി ആവശ്യമായി വരുന്ന തുക അനുവദിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാവണം.

കിട്ടിയ ആനുകൂല്യംകൊണ്ട് വീടു നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്.

കോളനികളിൽ താമസിക്കുന്ന വിഭാഗങ്ങൾക്ക് കാലാകാലമായി അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രയാസവും അംഗങ്ങളുടെ ബാഹുല്യവും കാരണം കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മൗലിക പ്രശ്നങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല.

പാർപ്പിടനിർമ്മാണരംഗത്ത് ചെലവു ചുരുക്കാനായി ലാറി ബേക്കറെപ്പോലുള്ള പല വ്യക്തികളും പരീക്ഷണം നടത്തി വിവിധ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നിർമ്മിതി കേന്ദ്രമടക്കം പല ഏജൻസികളും ഇന്ന് കേരളത്തിൽ പ്രവർ

ത്തിക്കുന്നുണ്ട്. സാധാരണക്കാരെ ഉദ്ദേശിച്ചാണ് ഇവയെല്ലാം നിലവിൽ വന്നതെങ്കിലും പാവപ്പെട്ടവർക്ക് വേണ്ടത്ര പ്രയോജനം കിട്ടിയിട്ടില്ല. ഇത്തരം എജൻസികൾ പാവപ്പെട്ടവർക്കുകൂടി വീട് നിർമ്മിക്കാൻ കഴിയുന്നതരത്തിലുള്ള മാതൃകകൾ ഉണ്ടാക്കേണ്ടതാണ്.

നമ്മുടെ നാട്ടിൽ കിട്ടുന്ന വിഭവങ്ങൾ വേണ്ടുവോളം ഉപയോഗിച്ചുകൊണ്ട് ചെലവ് കുറഞ്ഞ രീതിയിൽ വീടുനിർമ്മിക്കാനാവശ്യമായ സാങ്കേതിക വിദ്യ നമ്മുടെ പ്രദേശത്തുള്ളവരെ പരിശീലിപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രം തുടങ്ങണം. സർക്കാരും മറ്റ് ഏജൻസികളും അനുവദിക്കുന്ന വീടുകൾ നിർബന്ധമായും ഇത്തരം കേന്ദ്രങ്ങൾ മുഖേന നിർമ്മിക്കേണ്ടതാണ്. സാധാരണക്കാർ നിർമ്മിക്കുന്ന ഏതു വീടുകൾക്കുംഇത് ഏറെ പ്രയോജനപ്പെടുത്താം. വീട് നിർമ്മാണത്തിനാവശ്യമായ സാങ്കേതിക വിദഗ്ദർ മുതൽ തൊഴിലാളികളെ വരെ ഈ കേന്ദ്രങ്ങൾ വഴി കൊടുക്കുവാൻ കഴിയണം.

പഞ്ചായത്തിൽ വൻതുക മുടക്കി ആർഭാടമായ രീതിയിൽ വീടുകൾ ഉണ്ടാക്കുന്ന പ്രവണത നിരുൽസാഹപ്പെടുത്തുകയും ചെലവുകുറഞ്ഞ വീടുകൾ ഉണ്ടാക്കുന്നതിന് പ്രോത്സാഹനംകൊടുക്കുകയും വേണം. സർക്കാർ വിവിധ ഏജൻസികളിലൂടെ വീടു നിർമ്മിക്കാൻ ലഭ്യമാകുന്ന ധനസഹായം ഓരോ വർഷവും ഓരോ പ്രദേശം എന്ന നിലയ്ക്ക് നടപ്പാക്കിയാൽ വീടു നിർമ്മിക്കാനുള്ള ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. കുടുംബങ്ങൾ തമ്മിലുള്ള സഹകരണമനോഭാവം വളർത്തിയാൽ മനുഷ്യാധ്വാനം പരസ്പരം സംഭാവന ചെയ്തുകൊണ്ട് കൂട്ടായ്മയിലൂടെ നിർമ്മാണച്ചെലവ് കുറയ്ക്കാൻ കഴിയും.

പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന സ്ഥാപനം വഴി വീട് നിർമ്മിക്കാനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും വേണ്ട രീതിയിൽ നൽകിയാൽ മാത്രമെ പാവപ്പെട്ടവർക്ക് വീടുണ്ടാക്കുക എന്ന ആഗ്രഹം സഫലീകരിക്കാൻ കഴിയൂ.

പാർപ്പിട രംഗത്തെ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ വീടില്ലാത്ത മുഴുവൻ പേരേയും ഉൾപ്പെടുത്തി ഒരു സഹകരണസംഘം സ്ഥാപിക്കുക.
2. നിർമ്മാണത്തൊഴിലാളികൾക്ക് ചെലവു കുറഞ്ഞ വീടു നിർമ്മിക്കാനാവശ്യമായ ഒരു പരിശീലന കേന്ദ്രം തുടങ്ങുക. ഈ കേന്ദ്രം വഴി വീടുനിർമ്മിക്കാനാവശ്യമായ എല്ലാ വിദഗ്ദരേയും ഉൾപ്പെടുത്തി ദുർബലവിഭാഗക്കാർക്ക് വീടു നിർമ്മിച്ചുകൊടുക്കുവാനുള്ള ചുമതല ഈ കേന്ദ്രത്തെ ഏൽപിക്കുക.
3. ഭവന നിർമ്മാണ വായ്പ ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.
4. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ചുകൊണ്ട് വായ്പകൾ ലഭ്യമാക്കുക.
5. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക. വായ്പക്കുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.
6. വീടു നിർമ്മിക്കാനാവശ്യമായ അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ നേതൃത്വത്തിൽ താലൂക്ക്തലത്തിൽ ഒരു കേന്ദ്രം തുടങ്ങുക.
7. വൻതോതിൽ പണം ചിലവഴിച്ചുകൊണ്ട് കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുന്നതിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.
8. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം കൊടുക്കുക.
9. ദീർഘകാലം നിലനിൽക്കുന്ന തരത്തിൽ ഓല സംസ്കരിച്ചെടുക്കുന്നതിന് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുക.
10. ഇന്ധനം ലാഭിക്കുന്നതിനും പുകശല്യം ഒഴിവാക്കുന്നതിനും ക്ഷമത കൂടിയ അടുപ്പുകൾക്ക് പ്രചാരം നൽകുക.
11. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുക.

12. കോളനികളിലെ പാർപ്പിടപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.
13. പാടം നികത്തി വീടുണ്ടാക്കുന്നത് നിരോധിക്കുക.
14. പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാർഡ് തലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.
15. കൂലിനിരക്ക് ഏകീകരിച്ച് നടപ്പാക്കുക.

പാർപ്പിടരംഗത്ത് ഇന്നുള്ള പ്രശ്നങ്ങൾക്ക് വേണ്ട രീതിയിൽ പരിഹരിക്കണമെങ്കിൽ ദരിദ്രരും ദുർബല വിഭാഗക്കാരുമായ ജനവിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

പദ്ധതി പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ സംഘടിത ശക്തിയെ ഉപയോഗിക്കാൻ കഴിയണം. ഈ ശക്തിയാവട്ടെ സംഘടിതരീതിയിൽ സഹകരിച്ച് പ്രവർത്തനം നടത്തുന്നത് വരുംനാളുകളിൽ പാർപ്പിടരംഗത്ത് വൻ മാറ്റങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ സാമൂഹ്യ പ്രവർത്തനത്തിന്റെയും സാമ്പത്തികനേട്ടത്തിന്റെയും ഉയർന്ന നിലവാരത്തിലേക്ക് കേരളത്തെ നയിക്കാൻ കഴിയൂ.

ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാനമായ പാർപ്പിടരംഗത്ത് പ്രശ്നങ്ങൾക്ക് കഴിയുന്നത്ര പരിഹാരം കാണുക എന്നതാവട്ടെ നമ്മുടെ ലക്ഷ്യം.

വട്ടംകുളം പഞ്ചായത്തിലെ വീടുകളെക്കുറിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

| വാർഡ് | ഓട് | ഓല | ടെറസ്സ് | ആകെ |
|---|---|---|---|---|
| 1 | 270 | 116 | 60 | 446 |
| 2 | 106 | 65 | 47 | 218 |
| 3 | 230 | 96 | 29 | 355 |
| 4 | 311 | 187 | 53 | 551 |
| 5 | 289 | 161 | 17 | 467 |
| 6 | 306 | 215 | 95 | 616 |
| 7 | 193 | 67 | 101 | 361 |
| 8 | 202 | 86 | 145 | 433 |
| 9 | 219 | 80 | 102 | 401 |
| 10 | 270 | 146 | 66 | 482 |
| 11 | 236 | 169 | 75 | 480 |
| 12 | 203 | 269 | 71 | 643 |
| ആകെ | 2935 | 1657 | 861 | 5454 |
| അവലംബം : സർവ്വേ റിപ്പോർട്ട് | | | | |

പട്ടിക 2

| വർഷം | RLEGP | NREP | ആകെ |
|---|---|---|---|
| 1985-86 | 10 | 10 | 20 |
| 1986-87 | 30 | 10 | 40 |
| 1987-88 | 25 | - | 25 |
| 1988-89 | 20 | - | - |
| 1990-96 | - | - | 148 |
| ആകെ | - | 253 | |
| അവലംബം : സർവ്വേ റിപ്പോർട്ട് | | | |

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദുർബലജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പല ഏജൻസികളും നിലവിലുണ്ട്.

പഞ്ചായത്തിൽ പൊന്നാനി ബ്ലോക്ക് മുഖേന രണ്ട് V.E.O. സർക്കിളിലായി ഗ്രാമവികസന വകുപ്പുകൾ മുഖേന ക്ഷേമപദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

പട്ടികജാതി വികസനകോർപ്പറേഷൻ, താലൂക്ക് പട്ടികജാതി വികസന ഓഫീസ്, ക്ഷേമനിധി ബോർഡ്, ICDS, വിദേശ ഏജൻസിയായ ഡാനിഡ തുടങ്ങിയവയുടെ പ്രവർത്തനങ്ങളും പഞ്ചായത്തിൽ ലഭ്യമാണ്.

എന്നാൽ നിലവിലുള്ള പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ തുടങ്ങിയവ ദരിദ്രജനങ്ങളുടെ ഉന്നമനത്തിന് തടസ്സമായി നിൽക്കുന്നു.

പഞ്ചായത്തിൽ രണ്ട് V.E.O സർക്കിളുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമായി താഴെ പ്രതിപാദിക്കുന്നു.

### IRDP

1990-91ലെ ഔദ്യോഗിക സർവ്വേ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 2694 കുടുംബങ്ങൾ ഉള്ളതായി കണക്കാക്കപ്പെടുന്നു.

ഇതിൽ 476 കുടുംബങ്ങൾക്കുമാത്രമേ സബ്സിഡിയോടുകൂടിയ വായ്പ ലഭിച്ചിട്ടുള്ളതായി വ്യക്തമാകുന്നുള്ളു. ഈ ഇനത്തിൽ അഞ്ചുവർഷത്തിനുള്ളിൽ 15 ലക്ഷത്തോളം രൂപ വിതരണം ചെയ്തതായി കാണുന്നു.

നെടുങ്ങാടി ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് എന്നിവ മുഖേനയാണ് പഞ്ചായത്തിൽ IRDP വായ്പകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. 3,8,9 എന്നീ വാർഡുകൾക്ക് നെടുങ്ങാടി ബാങ്ക് മുഖേനയും മറ്റു വാർഡുകൾക്ക് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് മുഖേനയും വായ്പകൾ നൽകിവരുന്നു.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിൻെറ നിർവ്വചനം കാലോചിതമായി പരിഷ്ക്കരിക്കപ്പെടണം.

സമീപപ്രദേശ ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നതിൽ ഉദാസീനമായ സമീപനമാണ് സ്വീകരിച്ചു വരുന്നത്.

ലഭ്യമായ വായ്പകൾ ശരിയായി വിനിയോഗിക്കുന്നതിലും, വായ്പ തിരിച്ചടയ്ക്കുന്ന കാര്യത്തിലും ഗുണഭോക്താവ് വീഴ്ച വരുത്തുന്നത്, വായ്പകൾ നൽകുന്നതിൽ ബാങ്കുകളെ വിമുഖരാക്കുന്നു. പഞ്ചായത്തിലെ വാർഡുകൾ വായ്പാ സൗകര്യങ്ങൾക്കായി ബാങ്കുകൾക്ക് വീതിച്ചു നൽകിയതോടെ മറ്റു ബാങ്കുകളെ ആശ്രയിക്കാനുള്ള സൗകര്യം നിഷേധിക്കപ്പെട്ടു.

ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് നിലവിലുള്ള ബാങ്കുകൾക്ക് നിർദ്ദേശം നൽകിയാൽപ്പോലും വായ്പ ലഭ്യമാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയും കാലതാമസവും മൂലം ഗുണഭോക്താക്കൾ കൂടുതൽ പ്രയാസപ്പെടുന്നു.

ഈ മേഖലയിൽ നൽകുന്ന വായ്പകളും മറ്റും ഉൽപാദന മേഖലയിൽ ഗുണപരമായി വിനിയോഗിച്ചില്ലെന്ന് കഴിഞ്ഞകാല കണക്കുകൾ വ്യക്തമാക്കുന്നു.

1992 മുതൽ '96 വരെ വായ്പയും സബ്സിഡിയും കൂടി 26,43,230 രൂപ നൽകിയിട്ടുണ്ട്. (പട്ടിക 1 നോക്കുക.)

കാർഷികതൊഴിലാളി മേഖലയിലും പരമ്പരാഗത കൈത്തൊഴിൽ മേഖലയിലുമാണ് ഭൂരിഭാഗം പേരും ഉപജീവനം തേടുന്നത്, സമഗ്രമായി കാർഷിക പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള, ജനപങ്കാളിത്തത്തോടെയുള്ള സാമൂഹ്യക്ഷേമപ്രവർത്തനത്തിലൂടെ മാത്രമേ ഈ വിഭാഗത്തിൻെറ മോചനം സാധ്യമാവുകയുള്ളൂ.

ഈ പദ്ധതികൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് അനുയോജ്യമാണെങ്കിലും കേരളത്തിന് ഈ രീതി വേണ്ടത്ര പ്രായോഗികമാകുന്നില്ല.

ഈ അവസ്ഥ പരിഹരിക്കണമെങ്കിൽ ഗുണഭോക്താക്കളുടെ ആവശ്യവും സാദ്ധ്യതയും മനസ്സിലാക്കി വായ്പകൾ വിതരണം നടത്തുക. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമപഞ്ചായത്തുകൾ മുഖേനയാക്കുക.

**നിർദ്ദേശങ്ങൾ**

1. ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ രീതിയിൽ വായ്പകൾ ലഭ്യമാക്കുക.

2. IRDP വായ്പകൾ അനുവദിക്കുമ്പോൾ വിപണനസാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് വായ്പ നൽകുക.
3. IRDP ഉല്പന്നങ്ങൾക്ക് പഞ്ചായത്തിൽ ഒരു വിപണനകേന്ദ്രം ആരംഭിക്കുക.
4. IRDP വായ്പകൾ ഗുണഭോക്താക്കൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഒരു ജനകീയ സമിതി രൂപീകരിക്കുക.

## DWCRA

ഗ്രാമീണമേഖലയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി, സ്ത്രീകളുടെ കൂട്ടായ്മയിലൂടെ പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

പഞ്ചായത്തിൽ 7 യൂണിറ്റുകളിലായി 86 പേർക്ക് 2,74,962 രൂപ വായ്പയും 1,71,500 രൂപ സബ്സിഡിയും ഈ തൊഴിൽ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്.

എന്നാൽ നിലവിൽ ഒന്ന് മാത്രമേ പ്രവർത്തിക്കുന്നുള്ളു. വിശദവിവരങ്ങൾക്ക് പട്ടിക 2 നോക്കുക.

ഇവയിൽ കരിങ്കൽ ഉടയ്ക്കുന്ന യൂണിറ്റുകൾ പൂർണ്ണമായും പ്രവർത്തനരഹിതമാണ്. കരിങ്കല്ലിന്റെ അമിതമായ വിലയും സ്ഥലസൗകര്യമില്ലായ്മയും, അദ്ധ്വാനത്തിന് അനുസൃതമായി വരുമാനലഭ്യത ഇല്ലായ്മയുമാണ് ഇതിന്റെ പരാജയത്തിന് കാരണം.

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുണ്ടായ വീഴ്ചയും പദ്ധതിയെക്കുറിച്ച് ഗുണഭോക്താക്കൾക്ക് ശരിയായ അറിവില്ലായ്മയുമാണ് കറി പൗഡർ യൂണിറ്റുകൾ നിലച്ചത്.

ശരിയായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അവർക്ക് ഉപയുക്തമായ പരിശീലന ക്ലാസ്സുകളും നൽകിയാൽ മാത്രമേ ഈ പദ്ധതികൾ വിജയം കൈവരിക്കുകയുള്ളു.

## വനിതാക്ഷേമം

പഞ്ചായത്തിൽ ശുകപുരത്തും, തൈകാടുമായി രണ്ട് മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് സ്വന്തമായി കെട്ടിട സൗകര്യങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

ശുകപുരം മഹിളാസമാജത്തിന്റെ കീഴിൽ തയ്യൽ പരിശീലനം നൽകിവരുന്നു.

തിരുവനന്തപുരം ആസ്ഥാനമാക്കി വനിതാ വികസന കോർപ്പറേഷൻ നിലവിലുണ്ടെങ്കിലും അതിന്റെ സഹായങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

### ട്രൈസം

18 മുതൽ 35 വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി, അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന്, ബ്ലോക്കുമുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രൈസം.

ഈ പദ്ധതിപ്രകാരം 66 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്.

പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ അഭിരുചിക്ക് അനുസരിച്ച് പരിശീലനം നൽകുന്നതിന് ആവശ്യമായ സൗകര്യം ബ്ലോക്ക് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുക.

സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കേന്ദ്രങ്ങളിൽ നിന്നാണ് ഇപ്പോൾ പരിശീലനം കിട്ടുന്നത്.

പരിശീലനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിൽ സംവിധാനമില്ല. സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള ട്രേഡുകളാണ് ഇപ്പോൾ പരിശീലനം ലഭിക്കുന്നത്. (ഉദാ: പ്രിൻറിംഗ്) നൂൽ നൂൽപ്പ്.

പരിശീലനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്സംവിധാനം ഉണ്ടാക്കുകയും പരിശീലനത്തിന്റെ കാലാവധി വർദ്ധിപ്പിക്കുകയും പരിശീലനം നേടിയവർക്ക് വായ്പകൾ ഉദാരമാക്കിയാലും മാത്രമേ ഇത്തരം പദ്ധതികൾ ഫലപ്രദമാവുകയുള്ളൂ.

### ടൂൾക്കിറ്റ്

ഉൾനാടൻ മേഖലയിലെ ഗ്രാമീണ കൈതൊഴിലിൽ ഏർപ്പെട്ടവർക്ക് നവീനമായ പണി ആയുധങ്ങൾ നൽകി, തൊഴിൽ മേഖല പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് ഇത്.

വട്ടംകുളം പഞ്ചായത്തിൽ 92 മുതൽ 96 വരെ 31 പേർക്ക് ടൂൾകിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് നൽകിയ ഉപകരണങ്ങളിൽ പലതും പ്രായോഗികമായിരുന്നില്ല. പണിയായുധങ്ങൾ ഉപയോഗിക്കുന്നവരുടെ നിർദ്ദേശാനുസരണം, വിതരണം ലഭ്യമാക്കിയാൽ കൂടുതൽ ഉപകാരപ്രദമായിരിക്കും.

### CRSP

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP 1992-93 മുതൽ 94-96 വരെ 121 കക്കൂസുകൾ ബ്ലോക്കു മുഖേനെയും ഗ്രാമപഞ്ചായത്ത് മുഖേന 311 കക്കൂസുകൾക്കും ഡെൻമാർക്ക് ഗവൺമെൻറിൻെറ സഹായത്തോടെ ഡാനിഡ പദ്ധതിപ്രകാരം 460 കക്കൂസുകൾക്കും സഹായം നൽകിയിട്ടുണ്ട്. എന്നാൽ ഇനിയും 700-ഓളം കക്കൂസുകൾ പഞ്ചായത്തിൽ നിർമ്മിക്കേണ്ടിയിരിക്കുന്നു.

വില്ലേജ് ഓഫീസ് മുഖേന ലഭിക്കുന്ന ക്ഷേമപദ്ധതികൾ സാമൂഹ്യരംഗത്ത് ദുർബല വിഭാഗങ്ങൾക്ക് പെൻഷനും വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായവും ഈ പദ്ധതിയിലൂടെ ലഭിക്കുന്നു. അർഹരായവർക്ക് കിട്ടാതിരിക്കുകയും അനർഹർ ഇത് തട്ടിയെടുക്കുന്നു എന്ന പരാതി നിലനിൽക്കുന്നു.

## പെൻഷനുകൾ

### വിധവാ പെൻഷൻ

അപേക്ഷകയ്ക്ക് പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഈ സ്ഥിതി മാറ്റി അപേക്ഷകയുടെ സാമ്പത്തികനില മനസ്സിലാക്കി പെൻഷൻ അനുവദിക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരം നൽകണം.

### കർഷകതൊഴിലാളിപെൻഷൻ

പഞ്ചായത്തിൽ 366 പേർക്ക് കർഷകതൊഴിലാളി പെൻഷൻ നൽകിവരുന്നു. വിവാഹം കഴിക്കാത്ത ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തിയ ഥാർത്ഥ കർഷകതൊഴിലാളികൾക്ക് മറ്റു നിബന്ധനകൾ ഒഴിവാക്കി പെൻഷൻ നൽകേണ്ടതിന് അർഹരെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.

### വികലാംഗപെൻഷൻ

ഈ വിഭാഗക്കാർക്ക് പല ക്ഷേമാനുകൂല്യങ്ങൾ സർക്കാർ നൽകുന്നുണ്ടെങ്കിലും ഇവയെപ്പറ്റിയുള്ള അറിവില്ലായ്മയും ശാരീരികമായ പ്രയാസം കൊണ്ടും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

വികലാംഗരുടെ വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഇപ്പോൾ ജില്ലാ ആശുപത്രിയിൽ നിന്നാണ് (മഞ്ചേരിയിൽ നിന്നും) ലഭിക്കുന്നത്. ഈ രീതി മാറ്റി താലൂക്ക് ആശുപത്രി മുഖേന സർട്ടിഫിക്കറ്റ് നൽകണം.

വികലാംഗർക്ക് ആവശ്യമായ കൃത്രിമാവയവങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

എല്ലാ വികലാംഗരേയും ഇൻഷൂറൻസ് പദ്ധതിയിൽ കൊണ്ടുവരണം.

### തൊഴിലില്ലായ്മാ വേതനം

പഞ്ചായത്തിൽ 221 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിവരുന്നു. തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്ന ആളുകൾക്ക് തൊഴിൽ നൽകുന്നതിനുള്ള ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കേണ്ടിയിരിക്കുന്നു.

## പട്ടികജാതി ക്ഷേമം

പട്ടികജാതി വികസന കോർപ്പറേഷൻ, താലൂക്ക് പട്ടികജാതി വികസന ആപ്പീസ് മുഖേനയും നൽകിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ പഞ്ചായത്തിൽ ലഭ്യമാണ്.

ഈ രണ്ട് വകുപ്പുകൾ മുഖേനയുള്ള പദ്ധതികളെ പറ്റിയുള്ള വിവരങ്ങൾ യഥാസമയം ലഭിക്കാത്തതു കാരണം പലർക്കും ഈ ആനുകൂല്യങ്ങൾ നഷ്ടമാകുന്നു.

ഇതിനു പരിഹാരമായി, വിവരങ്ങൾ യഥാസമയം ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയും പഞ്ചായത്ത് മുഖേന അപേക്ഷ സ്വീകരിക്കാനുള്ള ക്രമീകരണം വരുത്തണം.

## ക്ഷേമനിധികൾ

പഞ്ചായത്തിൽ കർഷകതൊഴിലാളി, നിർമ്മാണതൊഴിലാളി, തയ്യൽ തൊഴിലാളി എന്നിവർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. എന്നാൽ അസംഘടിതരായ മറ്റു തൊഴിലാ

ളികളേയും ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കേണ്ടിയിരിക്കുന്നു.

**കർഷകതൊഴിലാളിക്ഷേമനിധി**

പഞ്ചായത്തിൽ 1210 പേർ മാത്രമേ ഇപ്പോൾ കർഷകതൊഴിലാളി ക്ഷേമനിധി അംഗങ്ങളായിട്ടുള്ളൂ.

ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ പലരും ക്ഷേമനിധി വിഹിതം കൃത്യമായി അടയ്ക്കുന്നില്ല.

ക്ഷേമനിധിയുടെ അപാകതകൾ പരിഹരിക്കുന്നതിന് താലൂക്ക് കേന്ദ്രമായി ഒരു ഓഫീസ് ആരംഭിക്കുകയും, ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ പ്രായം 60ൽ നിന്നും 55 ആയി ചുരുക്കി പെൻഷൻപദ്ധതി പരിഷ്ക്കരിക്കുകയും, ക്ഷേമനിധി വിഹിതം സഹകരണബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

**നിർമ്മാണതൊഴിലാളി ക്ഷേമനിധി**

നിർമ്മാണ രംഗത്ത് വളരെയധികം ആളുകൾ ജോലി ചെയ്യുന്നവരുണ്ടെങ്കിലും 400 പേർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. ഇനിയും അധികം പേരെ അംഗങ്ങളായി ചേർക്കേണ്ടിയിരിക്കുന്നു.

**തയ്യൽ തൊഴിലാളി ക്ഷേമനിധി**

തയ്യൽതൊഴിലാളി ക്ഷേമനിധിയിൽ 75 പേർ അംഗങ്ങളായിട്ടുണ്ട്.

ഈ മേഖലയിലെ ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ട ക്ഷേമാനുകൂല്യ പ്രവർത്തനങ്ങളെ പറ്റിയുള്ള വിവരങ്ങൾ അറിയിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ചിട്ടപ്പെടുത്തണം.

**പൊതുവിതരണം**

പൊതുവിതരണരംഗത്ത് 15 റേഷൻ ഷാപ്പുകളും ഒരു മാവേലിസ്റ്റോറും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് 4632 പേർ റേഷൻ കാർഡ് ഉടമകളായുണ്ട്.

വളരെ അധികം ഗുണഭോക്താക്കളുള്ള ഈ പ്രദേശത്ത് എടപ്പാൾ ചുങ്കം കേന്ദ്രമായി ഒരു മാവേലി സ്റ്റോറു കൂടി തുടങ്ങേണ്ടതുണ്ട്.

പൊതുമാർക്കറ്റിലെ വിലനിലവാരത്തെ പിടിച്ചുനിർത്തുന്നതിന് ഇത്തരം പൊതുവിതരണകേന്ദ്രങ്ങളാണ്.

വിശേഷാവസരങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയും ചന്തകളിലൂടെയും അവശ്യസാധനങ്ങൾ ലഭ്യമാക്കണം.

കാർഷികോൽപന്നങ്ങളും, പരമ്പരാഗത ചെറുകിട-കൈത്തൊഴിൽ മേഖലയിലെ മുഴുവൻ ഉൽപന്നങ്ങളുടേയും വിൽപന സാധ്യമാക്കുന്ന പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഗ്രാമചന്തകൾ നടത്താൻ ഗ്രാമപഞ്ചായത്തും മറ്റു ബന്ധപ്പെട്ട സ്ഥാപനങ്ങളും കൂട്ടായി പ്രവർത്തനം നടത്തണം.

**റേഷൻ ഷോപ്പ്**

പൊതുവിതരണ സമ്പ്രദായത്തിലെ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് പഴയ ന്യായവില ഷാപ്പുകളുടെ രീതി പിൻതുടരുക.

കരിഞ്ചന്തക്കാരുടേയും അഴിമതിയുടേയും കൂത്തരങ്ങായി മാറിയ പൊതുവിതരണരംഗം കൂടുതൽ മെച്ചപ്പെടുത്തി ഗുണനിലവാരമുള്ള അവശ്യസാധനങ്ങൾ ലഭ്യമാക്കുക.

ഇപ്പോൾ നൽകിവരുന്ന സബ്സിഡി കാർഡുകൾ അരി (കാർഡ് ഒന്നിന് 4 രൂപ) ഗുണനിലവാരം കുറഞ്ഞതാണ്. റേഷൻ വിലക്ക് വാങ്ങുന്ന അരി ഗുണമേന്മ ഉള്ളതുമാണ്. ഇതുമൂലം സബ്സിഡി അരികാർഡുടമകൾ വാങ്ങാതിരിക്കുകയും കാർഡ് 1ന് 4 രൂപ സൗജന്യം റേഷൻകടക്കാരൻ പറ്റുകയും ചെയ്യുന്നു.

ഇതു പരിഹരിക്കാൻ സബ്സിഡി അരിയും ഗുണമേൻമ ഉള്ളതാക്കി വിതരണം നടത്തുക.

റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാനും കുറ്റങ്ങൾ കണ്ടാൽ നടപടികൾ നിർദ്ദേശിക്കുവാനും ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുക.

റേഷൻ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് കൃത്യസമയത്തുള്ള ലഭ്യത ഉറപ്പുവരുത്തണം.

**അങ്കൺവാടികൾ**

പൊന്നാനി ICDS-ന് കീഴിലുള്ള 16 അങ്കൺവാടികളാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തിന് പ്രവർത്തിക്കുന്ന അങ്കൺ

വാടികൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. പല അങ്കൺവാടികളിലും അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ല.

നിലവിലുള്ള അങ്കൺവാടികളിൽ മാണൂർ, ചേകന്നൂർ, തൈക്കാട് എന്നിവയ്ക്ക് സ്വന്തമായി കെട്ടിടമില്ല. പുളിയാറക്കുന്ന് അങ്കൺവാടിയുടെ കെട്ടിടം നിർമ്മിതിയിലാണ്.

അങ്കൺവാടികളിൽ കുട്ടികൾക്കുള്ള കളിക്കോപ്പുകളോ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളോ ഇല്ല. ഇതുമൂലം രക്ഷിതാക്കൾ അങ്കൺവാടികളിലേയ്ക്ക് തങ്ങളുടെ കുട്ടികളെ അയയ്ക്കാൻ വിമുഖത കാണിക്കുകയും പല അങ്കൺവാടികളിലും ഹാജർനില കുറഞ്ഞുവരികയും ചെയ്യുന്നു.

ഇതു മുതലെടുത്തുകൊണ്ട് നാട്ടിൽ പല സ്വകാര്യ നേഴ്സറികൾ മുളച്ചുപൊന്തുന്നു. ഇത്തരം സ്ഥാപനങ്ങൾ അശാസ്ത്രീയമായ രീതിയിലാണ് പ്രവർത്തിക്കുന്നത്.

സർക്കാരിൻെറ നിർദ്ദേശമനുസരിച്ച് ആരോഗ്യവകുപ്പിൻെറ പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തേണ്ടിവരുന്നതുകൊണ്ട് അങ്കൺവാടി ജീവനക്കാരുടെ ജോലിഭാരം വളരെ കൂടുതലാണ്. എന്നാൽ ഇവരുടെ വേതനം വളരെ തുച്ഛമാണ്. വേതനക്കുറവും ജോലിഭാരവും ജീവനക്കാരെ മാനസികമായും തളർത്തുന്നു.

**നിർദ്ദേശങ്ങൾ:**

1. അങ്കൺവാടികളിലെ കുട്ടികൾക്ക് ജോലിസ്ഥലവും കളിക്കോപ്പുകളും ലഭ്യമാക്കുക.
2. അങ്കൺവാടികളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി രക്ഷിതാക്കളുടേയും സന്നദ്ധസംഘടനകളുടേയും വാർഡ്മെമ്പർമാരുടേയും ഒരു സമിതി രൂപീകരിക്കണം.
3. അങ്കൺവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന്നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
4. കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതിന് അങ്കൺവാടിയിലെ സർട്ടിഫിക്കറ്റ് വേണമെന്ന് നിർബന്ധമാക്കുക.
5. ജീവനക്കാരുടെ സേവന വ്യവസ്ഥ കാലോചിതമായി പരിഷ്ക്കരിക്കുക.
6. നിലവിലുള്ള അങ്കൺവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയ അങ്കൺവാടികൾ അനുവദിക്കുക.

   (1) ചിറ്റാഴിക്കുന്ന്, (2) പന്തലുംകുന്ന്, (3) ചെമ്പകശ്ശേരി, (4) പോട്ടൂര്, (5) നെല്ലിശ്ശേരി, (6) കാലടിത്തറ (7) താന്നിക്കുന്ന് (8) ഒട്ടുംകുന്ന്.
8. കോളനികൾ ഏറെയുളള പഞ്ചായത്തായതിനാൽ അങ്കൺവാടികളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

## CBNP

ജില്ലയിലെ പാവപ്പെട്ട കുടുംബങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ദരിദ്രജനവിഭാഗങ്ങളുടെ പ്രധാനമായും സ്ത്രീകളുടേയയും കുട്ടികളുടേയും ജീവിതനിലവാരം ഉയർത്തുന്നതിനും ഗുണഭോക്താക്കളിൽ മിതവ്യയവും സാമ്പത്തികശീലവും വളർത്തുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങൾക്ക് വേണ്ടി യൂണിസെഫിൻെറ സഹായത്തോടുകൂടി കേരള സർക്കാർ ആരംഭിച്ച ഒരു സംരംഭമാണ് മലപ്പുറം ജില്ലാ കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറ് സൊസൈറ്റിയുടെ ഭാഗമായി വട്ടംകുളം പഞ്ചായത്ത് കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറ് സൊസൈറ്റി. 1994 നവംബർ 11ന്പ്രവർത്തനം ആരംഭിച്ച ഇതിൽ 9 ADS ലായി 43 NHG കളിലായി 560 മെമ്പർമാരുണ്ട്. ഇവരുടെ നിക്ഷേപത്തിൻെറ 3 ഇരട്ടി ഇവർക്ക് മാസത്തിൽ 2% പലിശക്ക് നൽകിവരുന്നു. ഇതിൻെറ പ്രവർത്തകരായി G.O മാർക്കും APC മാർക്കും യൂണിസെഫിൻെറ സഹായത്തിൽ അലവൻസ് നൽകിയിരുന്നു. എന്നാൽ ഇപ്പോൾ അലവൻസ് കിട്ടുന്നില്ല. അലവൻസ് തുടർന്ന് ലഭ്യമാക്കിയാൽ മാത്രമേ ഇതിൻെറ പ്രവർത്തനം സുഗമമായി നടത്തുകയു ള്ളൂ. ആയതിന് സർക്കാർ മുൻകൈ എടുക്കേണ്ടതാണ്.

**വാർഡുകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ**

1. അങ്കൺവാടികൾ ആവശ്യമായ എല്ലാ പ്രദേശത്തും അങ്കൺവാടികൾ സ്ഥാപിക്കുക.
2. മഹിളാസമാജങ്ങൾ സ്ഥാപിച്ചുകൊണ്ട് സ്ത്രീകളെ പൊതുപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.

3. ക്ഷേമപെൻഷനുകൾ കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. വികലാംഗർക്ക് സഹായകമായ ഉപകരണങ്ങൾ ലഭ്യമാക്കുക.

5. പെൻഷൻ ആനുകൂല്യങ്ങൾ പഞ്ചായത്തു മുഖേന വിതരണം ചെയ്യുക.

6. തൊഴിൽ രഹിതർക്ക് സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ഉദാരമാക്കുക.

7. സ്ത്രീകൾക്ക് കുടിൽവ്യവസായങ്ങൾ തുടങ്ങാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. അങ്കൺവാടികളിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് പ്രവർത്തനം കാര്യക്ഷമമാക്കുക.

9. ഭവനനിർമ്മാണ വായ്പ ലഭ്യമാക്കുന്നതിലെ സങ്കീർണ പ്രശ്നങ്ങൾ ഒഴിവാക്കുക.

10. ഭവനനിർമ്മാണ വായ്പാ ധനസഹായം വർദ്ധിപ്പിക്കുക.

11. ട്രൈസം പദ്ധതിപ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുക.

12. പഞ്ചായത്തിൽ ഒരഗതി മന്ദിരം സ്ഥാപിക്കുക.

13. മാരകരോഗങ്ങൾ പിടിപെടുന്നവർക്ക് സർക്കാർ ധനസഹായം അനുവദിക്കുക.

14. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം അനുവദിക്കുക.

15. കുറ്റിപ്പാലയിലെ കമ്മ്യൂണിറ്റി ഹാൾ പുനർനിർമ്മിക്കുക.

16. കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട പ്രോത്സാഹനം കൊടുക്കുക.

17. തപാൽ വിതരണം സുഗമമാക്കാൻ അനുയോജ്യമായ സ്ഥലങ്ങളിൽ തപാൽപെട്ടികൾ സ്ഥാപിക്കുക.

18. റേഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുക.

---

പട്ടിക 1

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 89 | 206453.00 | 268641.00 |
| 93-94 | 111 | 334609.00 | 454499.00 |
| 94.9 | 65 | 313975.00 | 485053.00 |
| 95.96 | 38 | 191000.00 | 389000.00 |
| ആകെ | 303 | 1046037.00 | 1557193.00 |

### പട്ടിക 2 DWCRA സഹായലഭ്യതാ കണക്ക്.

| നം. | യൂണിറ്റിൻെറ പേര് | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പ | സബ്സിഡി |
|---|---|---|---|---|---|
| 1 | നടുവട്ടം (കരിങ്കൽ ഉട) | 1988-'89 | 10 | 20,000 | 10,000 |
| 2 | കുറ്റിപ്പാല (കരിങ്കൽ ഉട) | 1990-'91 | 15 | 22,500 | 11,250 |
| 3 | ഉദിനിക്കര (കരിങ്കൽ ഉട) | 1988-'89 | 15 | 30,000 | 15,000 |
| 4 | തിരുമാണിയൂർ (കരിങ്കൽ ഉട) | 1988-'89 | 15 | 30,000 | 15,00 |
| 5 | വെള്ളറമ്പ് (കറിപൗഡർ) | 1993-'94 | 11 | 52,462 | 49,000 |
| 6 | പാലപ്ര (ഡയറി) | 1994-95 | 10 | 80,000 | 40,000 |
| 7 | വട്ടംകുളം (കറിപൗഡർ) | 1992-'93 | 10 | 40,000 | 20,000 |
| | ആകെ | | 86 | 2,74,962 | 1,60,250 |

അവലംബം : സർവ്വേ റിപ്പോർട്ട്

### പട്ടിക 3

| വാർഡ് നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തുന്നവരുടെ എണ്ണം | വേതനം വഴി തൊഴിലെടുപ്പ് (Wage employed) |
|---|---|---|---|---|
| 1 | നൂൽനൂൽപ്പ് | 1 | 1 | 1 |
| 2 | ഓട്ടോമൊബൈൽസ് | 1 | 1 | 1 |
| 3 | (a) പ്രിൻറിംഗ്<br>(b) ഇലക്ട്രോണിക്സ്<br>(c) നൂൽനൂൽപ്പ് | 2<br>3<br>2 | 2<br>2<br>2 | 2<br>2<br>2 |
| 4 | പ്രിൻറിംഗ് | 9 | - | - |
| 5. | വയറിംഗ് | 7 | 5 | 5 |
| 6 | ടി.വി., റേഡിയോ റിപ്പയറിംഗ് | 8 | 8 | 8 |
| 7 | നൂൽനൂൽപ്പ് | 7 | 7 | 7 |
| 8 | തയ്യൽ | 7 | 2 | 5 |
| 9 | എംബ്രോയ്ഡറി | 10 | 5 | 5 |
| 10 | പ്ലാസ്റ്റിക്ക് കെയിൻ വർക്സ് | 9 | 7 | 5 |
| | ആകെ | 66 | 42 | 45 |

അവലംബം : സർവ്വേ റിപ്പോർട്ട്

## പട്ടിക ടൂൾകിറ്റ് കൊടുത്തത്

| കൊല്ലം | എണ്ണം | തുക |
|---|---|---|
| 1992-93 | 9 | |
| 1993-94 | 7 | |
| 1994-95 | 6 | |
| 1995-96 | 9 | |
| ആകെ | 31 | |

## പെൻഷൻ പട്ടിക

| വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗം | ക്യാൻസർ | കർഷക തൊഴിലാളി പെൻഷൻ |
|---|---|---|---|---|---|---|
| 1991-92 | 14 | 2 | 10 | 6 | - | 192 |
| 1992-93 | 13 | 1 | 4 | 4 | 1 | 186 |
| 1993-94 | 4 | 2 | 5 | 4 | 3 | 170 |
| 1994-95 | 3 | - | 1 | -1 | 165 | |
| 1995-96 | 5 | 7 | 2 | 3 | 6 | 153 |
| ആകെ | 39 | 12 | 22 | 17 | 11 | 866 |

അവലംബം : സർവ്വേ റിപ്പോർട്ട്

# വനിത

ഇന്ത്യയുടെ ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകളുടെ പങ്കാളിത്തം ഇല്ലാതെ ഇന്ത്യക്ക് ശരിയായ വികസനം സാധ്യമല്ലെന്നുള്ള തിരിച്ചറിവിൽ നാം എത്തിയിരിക്കുന്നു. 30% സീറ്റുകളെങ്കിലും സ്ത്രീകൾക്ക് സംവരണം ചെയ്യാനുള്ള നീക്കം ഈ തിരിച്ചറിവിന്റെ ഫലമാണ്. എങ്കിലും 30% സ്ത്രീകളെയെങ്കിലും പ്രവർത്തനരംഗത്ത് എത്തിക്കാൻ എങ്ങനെ കഴിയും എന്നത് ഇപ്പോൾ ചിന്താവിഷയമാണ്. 80 ശതമാനത്തോളം വരുന്ന ഗ്രാമീണ ജനതയെ ബോധവൽക്കരിക്കാതെ ഇത്രയും നേട്ടമെങ്കിലും ഉണ്ടാക്കുക സാധ്യമല്ല. രണ്ടാംകിട പൗരത്വത്തിനേ തങ്ങൾക്ക് അർഹതയുള്ളൂ എന്ന ചിന്തയിൽനിന്ന് സ്ത്രീകൾ ഉണരണമെങ്കിൽ ഏറെ പ്രവർത്തനം ആവശ്യമാണ്. തങ്ങൾക്കുള്ള പ്രാധാന്യം സ്ത്രീകൾ ഇപ്പോഴും മനസിലാക്കിയിട്ടില്ല. ഈ രംഗത്ത് സമൂലമായ ഒരു മാർഗം വരുത്തണമെങ്കിൽ ഇന്ന് പ്രവർത്തനരംഗത്തുള്ള ഒരു ചെറിയ ശതമാനം സ്ത്രീകൾ മാത്രം പരിശ്രമിച്ചാൽ പോരാ. സ്ത്രീവിമോചന പ്രസ്ഥാനങ്ങളും പ്രവർത്തകരും കുറെക്കാലം പ്രവർത്തിച്ചിട്ടും ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലാത്തത് പ്രശ്നത്തിന്റെ ഗൗരവം എടുത്തുകാട്ടുന്നു.

വട്ടംകുളം പഞ്ചായത്തിലെ സ്ത്രീകളും പൊതുധാരയിൽനിന്ന് വ്യത്യസ്തമല്ല എങ്കിലും ശ്രദ്ധേയമായ ചില നേട്ടങ്ങൾ എടുത്തുപറയുവാനുണ്ട്. പഞ്ചായത്തിൽ ആദ്യമായി ബിരുദമെടുത്തത് ഒരു വനിതയാണ് - മതിലകത്ത് ദേവകിയമ്മ. 1935-ൽ പാലക്കാട് മോയൻസ് സ്കൂളിൽ അദ്ധ്യാപികയായി രംഗത്തെത്തിയ അവർ, ഔദ്യോഗികരംഗത്ത് പ്രാഗല്ഭ്യം തെളിയിച്ചിട്ടുണ്ട്. ഓൾ ഇന്ത്യാ വിമൻസ് ഓർഗനൈസേഷന്റെ സെക്രട്ടറിസ്ഥാനം അവർ വഹിച്ചിട്ടുണ്ട്. 1960-ന് മുമ്പ് മുസ്ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കാൻ തന്നെ ഇഷ്ടപ്പെടാത്ത സ്ഥിതിയായിരുന്നു. ഇപ്പോഴത്തെ സ്ഥിതി അതല്ല. പഞ്ചായത്തിലെ ആദ്യത്തെ ബിരുദാനന്ദര ബിരുദമുള്ളമുള്ള മുസ്ലിംവനിത - ടി. ഫാത്തിമക്കുട്ടി ഇന്ന് മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറായി ജോലിചെയ്യുന്നു. ജന്മിത്വത്തിനും സാമൂഹ്യ അനാചാരങ്ങൾക്കും എതിരെ ദുർബലജനവിഭാഗങ്ങളിലെ സ്ത്രീകൾ സംഘടിതരായി രംഗത്തിറങ്ങിയതും ഈ പഞ്ചായത്തിലെ സ്ത്രീകൾക്കൾ അഭിമാനകരമാണ്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. എന്നാൽ പട്ടികജാതിക്കാരിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കുറവാണ്. 1991-ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് ആകെ ജനസംഖ്യയിൽ 51.88 ശതമാനം സ്ത്രീകളാണ്. 1995-ലെ കണക്കനുസരിച്ച് സ്ത്രീകൾ 50.6 ശതമാനമായി കുറഞ്ഞിരിക്കുന്നു. ആറ് വയസിൽ താഴെയുള്ള കുട്ടികളിൽ ആൺകുട്ടികളാണ് കൂടുതൽ.

1995-ലെ മൊത്തം ജനങ്ങളുടെ കണക്കിലും ആൺകുട്ടികളാണ് കൂടുതൽ. വിധവപെൻഷൻ ലഭിക്കുന്ന വനിതകളുടെ എണ്ണം 39 ആണ്.

തൊഴിലെടുക്കുന്ന സ്ത്രീകൾ അധികവും കാർഷികമേഖലയിലാണ്. കാർഷിമേഖലയിലെ മുരടിപ്പ് മൂലം തൊഴിലവസരങ്ങൾ കുറയുന്നതിനാലും താരതമ്യേന കൂടുതൽ കൂലി ലഭിക്കുമെന്നതും കെട്ടിട നിർമ്മാണമേഖലയിലേക്ക് സ്ത്രീകളെ ആകർഷിക്കുന്നുണ്ട്. കാർഷികമേഖലയിൽ ഒതുങ്ങിനിൽക്കുന്നവർക്ക് ഭാഗികമായി മാത്രമേ തൊഴിലുള്ളൂ. ചെറുകിട വ്യവസായങ്ങളിലും കുടിൽവ്യവസായങ്ങളിലും ഏർപ്പെട്ടിട്ടുള്ളവരുടെ എണ്ണം വളരെ കുറവാണ്. അദ്ധ്യാപനരംഗത്തൊഴികെ മറ്റെല്ലാ തൊഴിൽമേഖലകളിലും സ്ത്രീകൾ പിൻതള്ളപ്പെട്ടിരിക്കുന്നതായി സെൻസസ് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

| | പുരുഷന്മാരുടെഎണ്ണം | സ്ത്രീകളുടെ എണ്ണം |
|---|---|---|
| ജനസംഖ്യ | 13698 | 14771 |
| പട്ടികജാതി | 2148 | 2138 |
| കർഷകർ | 907 | 231 |
| കർഷക തൊഴിലാളികൾ | 1682 | 914 |
| മത്സ്യബന്ധനം, മൃഗപരിപാലനം | 108 | 4 |
| ഖനനം (കല്ല്) | 164 | 7 |
| വ്യാപാരം | 927 | 46 |
| ഗതാഗതം, വാർത്താവിനിമയം | 379 | 9 |
| മറ്റ് മേഖലകൾ (സർവ്വീസ്) | 650 | 277 |
| ഭാഗിക തൊഴിലാളികൾ | 314 | 290 |
| സാക്ഷരർ | 10518 | 10580 |
| തൊഴിലില്ലാത്തവർ | 7660 | 12853 |

സ്ത്രീകളുടെ തൊഴിലില്ലായ്മ എത്ര രൂക്ഷമാണെന്ന് പട്ടിക സൂചിപ്പിക്കുന്നു.

1982 ആഗസ്തിൽ ഖാദിബോർഡിന്റെ കീഴിൽ വട്ടംകുളത്ത് ആരംഭിച്ചിട്ടുള്ള നൂൽനൂൽപ്പ് കേന്ദ്രത്തിൽ 35-ഓളം പെൺകുട്ടികൾ നൂൽനൂൽപ്പിൽ പരിശീലനം നേടുന്നുണ്ട്. കടുത്ത തൊഴിൽചൂഷണമാണ് ഇവിടെ നടക്കുന്നത്. 132 രൂപ 70 പൈസക്ക് ഒരു കിലോ പഞ്ഞി സംഘത്തിൽനിന്നും വാങ്ങി 70 കഴിനൂലാക്കി തിരിച്ചുനൽകിയാൽ കൂലി ഇനത്തിലേക്ക് 70 രൂപയാണ് കിട്ടുന്നത്. അത്രയും പഞ്ഞ നൂലാക്കാൻ ഏഴ് ദിവസം ആവശ്യമാണ്. തുടർച്ചയായി പഞ്ഞി കൈകാര്യം ചെയ്യുന്നതുകൊണ്ട് അലർജിയും തന്മൂലമുള്ള രോഗങ്ങളും ഇവരിൽ കാണുന്നുണ്ട്. ചികിത്സക്ക് ധനസഹായമോ മറ്റ് ക്ഷേമാനുകൂല്യങ്ങളോ ഇവർക്ക് ലഭിക്കുന്നില്ല. ഈ കേന്ദ്രം ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

### വിവിധ വ്യവസായ മേഖലയിൽ വേതനത്തിലെ സ്ത്രീ-പുരുഷ അന്തരം ചുവടെ ചേർക്കുന്ന പട്ടിക സൂചിപ്പിക്കുന്നു

| വ്യവസായത്തിന്റെ പേര് | കൂലിനിരക്ക് | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| ആയുർവ്വേദ മരുന്നുകൾ | 75 | 30 |
| അച്ചടി | 70 | 30 |
| ഭക്ഷ്യഉൽപ്പന്നങ്ങൾ (ബേക്കറി) | 70 | 35 |
| എണ്ണസംസ്കരണം (ഭക്ഷ്യം) | 40 | 30 |
| ചെരിപ്പ്, റെക്സിൻ ഉൽപ്പന്നങ്ങൾ | 70 | 30 |
| സോപ്പ് നിർമ്മാണം | 50 | 25 |
| ക്രഷർ (മെറ്റൽ) | 80 | 50 |
| ചെങ്കൽവെട്ട് (മൈനിംഗ്) | 110 | 40 |
| കരിങ്കൽക്വാറി (മൈനിംഗ്) | 90 | 40 |
| ഖാദി (നൂൽനൂൽപ്പ്) | - | 10 |
| ഇഷ്ടിക നിർമ്മാണം | 75 | 35- |

(അവലംബം: സർവ്വെ റിപ്പോർട്ട്)

അച്ചടിരംഗത്ത് എട്ട് സ്ത്രീകൾ ഫുൾടൈം ആയും മൂന്ന് സ്ത്രീകൾ പാർട്ട്-ടൈം ആയും ജോലി ചെയ്യുന്നുണ്ട്. ഫുൾടൈം തൊഴിലാളിയായ സ്ത്രീക്ക് ദിവസത്തിൽ 30 രൂപ മാത്രമാണ് കൂലി. മൂതൂരിൽ പ്രവർത്തിക്കുന്ന ഗ്രാൻറ് ഓയിൽ കമ്പനിയിൽ

രണ്ട് സ്ത്രീതൊഴിലാളികളാണുള്ളത്. ഇവിടെ അവിദഗ്ദ്ധ പുരുഷതൊഴിലാളിക്ക് പ്രതിമാസം 1100 രൂപ വേതനം ലഭിക്കുമ്പോൾ സ്ത്രീതൊഴിലാളിക്ക് 900 രൂപയാണ് വേതനം. ബീഡിനിർമ്മാണരംഗത്ത് 35 സ്ത്രീകൾ പ്രവർത്തിക്കുന്നു. തീപ്പെട്ടിനിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള 15 പേരിൽ പത്ത് പേർ സ്ത്രീകളാണ്. മൺപാത്രം നിർമ്മിക്കുന്നവരിൽ 26 പേർ സ്ത്രീകളും 15 പേർ പുരുഷന്മാരുമാണ്. പപ്പടനിർമ്മാണത്തിൽ അഞ്ച് സ്ത്രീകളുണ്ട്. പായ്നെയ്ത്ത്, മുളകൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം (33 പേർ), തീപ്പെട്ടി നിർമ്മാണം (10 പേർ), ഖാദി ഇഷ്ടിക നിർമ്മാണം (3 പേർ), റെക്സിൻ ബേഗ് നിർമ്മാണം (2 പേർ), മെറ്റൽ ക്രഷർ (9 പേർ), സോപ്പ് നിർമ്മാണം (10 പേർ) എന്നീ രംഗങ്ങളിലും പ്രവർത്തിക്കുന്ന സ്ത്രീകളുണ്ട്. ബേഗ് നിർമ്മാണത്തിൽ പുരുഷന് 65 രൂപ ദിവസം കൂലിയായി ലഭിക്കുമ്പോൾ സ്ത്രീക്ക് 30 രൂപ മാത്രമാണ് കൂലി. സോപ്പ് നിർമ്മാണരംഗത്തും കൂലിയിൽ വലിയ അന്തരമുണ്ട്. പുരുഷന് 50 രൂപ കിട്ടുമ്പോൾ സ്ത്രീക്ക് 25 രൂപ മാത്രമേ കിട്ടുന്നുള്ളൂ.

ആറ് ഡി. ഡബ്ള്യൂ. സി. ആർ. എ. യൂനിറ്റുകൾ ഈ പഞ്ചായത്തിൽ മൂതൂർ, ഉദിനിക്കര, പോട്ടൂർ, കുറ്റിപ്പാല, നടുവട്ടം, വെള്ളറമ്പ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്നു. അവയുടെയെല്ലാം പ്രവർത്തനം അധികം വൈകാതെ നിന്നുപോവുകയാണുണ്ടായത്. തൊഴിലാളികൾക്ക് ലഭ്യമായിരുന്ന കൂലി കുറവായിരുന്നതിനാൽ അവരുടെ ഒഴിവുസമയങ്ങളിൽ മാത്രം ജോലിചെയ്യുകയും തന്മൂലം ഉൽപാദനം വിപണനത്തിന് വേണ്ടത്ര അളവിൽ നടക്കാതിരിക്കുകയും ചെയ്തതാണ് അവയുടെ പ്രവർത്തനം നിലക്കാൻ കാരണം. കൂലി കൂടുതൽ കൊടുത്തുകൊണ്ട് ലാഭത്തിൽ പ്രവർത്തിപ്പിക്കുക സാധ്യമായിരുന്നില്ല. വെള്ളറമ്പിലെ കറിപൗഡർ യൂനിറ്റ് നിശ്ചലാവസ്ഥയിലാണ്. വട്ടംകുളം അക്ഷരസംഘത്തിന്റെ ആഭിമുഖ്യത്തിൽ 10 വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന വിധത്തിലായിരുന്നെങ്കിലും ഗുണഭോക്താക്കളിൽ 9 പേരും ആ സംരംഭം ഉപേക്ഷിക്കുകയാണുണ്ടായത്. ഇപ്പോൾ ഒരാൾക്ക് മാത്രം തൊഴിൽ നലകുന്ന സ്ഥാപനമായി മാറിയിരിക്കുന്നു. സഹകരണ മനോഭാവത്തിന്റെ അഭാവം ഇവിടെ പ്രകടമാണ്. കുറ്റിപ്പാലയിൽ കൂൺ ഉൽപാദനം നടത്തിയിരുന്ന വനിതാ സഹകരണസംഘം ഏതാണ്ട് പ്രവർത്തനരഹിതമായിക്കഴിഞ്ഞു. പരമ്പരാഗത തൊഴിൽമേഖലയിൽ 93 സ്ത്രീകളാണ് പണിയെടുക്കുന്നത്. താരതമ്യേന മോശമായ ജീവിതസാഹചര്യമാണ് ഇവർക്കുള്ളത്. ഉൽപ്പന്നങ്ങൾക്ക് വൈവിധ്യം ഇല്ലാത്തതും വീടുകൾതോറും നടന്നുള്ള വിപണനത്തിലെ ബുദ്ധിമുട്ടും ഇവർക്ക് മതിയായ വരുമാനമില്ലാതാകാൻ കാരണങ്ങളാണ്.

16 അങ്കണവാടികളാണ് ഈ പഞ്ചായത്തിൽ പ്രർത്തിക്കുന്നത്. അവയിൽ ആറെണ്ണത്തിന് മാത്രമാണ് നല്ല കെട്ടിടം ഉള്ളത്. ചേകനൂരിലുള്ള അങ്കണവാടി വാടമുറിയിലാണ് പ്രവർത്തിക്കുന്നത്. തൈക്കാട് അങ്കണവാടി മഹിളാസമാജം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ബാക്കിയുള്ളവ കേടുവന്നതോ പൂർത്തിയാകാത്തതോ ആയ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ അങ്കണവാടികളിലൊന്നും തന്നെ കുട്ടികൾക്കുള്ള കളിക്കോപ്പുകളില്ല. പ്രാഥമിക സൗകര്യങ്ങളില്ലാത്ത അങ്കണവാടികളാണ് മിക്കവയും. ഓലഷെഡിൽ പ്രവർത്തിക്കുന്ന അങ്കണവാടിയാണ് മാണൂരിൽ ഉള്ളത്. അങ്കണവാടികളിൽ ആകെ 32 സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻററിൽ മതിയായ ചികിത്സാസൗകര്യങ്ങളില്ല. ആയതിനാൽ ഈ പഞ്ചായത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും ആരോഗ്യസംരക്ഷണത്തിനുതകുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. വായനശാലകളിലും കലാസാംസ്കാരിക സംഘടനകളിലും സ്ത്രീകളുടെ അസാന്നിദ്ധ്യം പ്രകടമാണ്. നാല് മഹിളാസമാജങ്ങളാണ് പഞ്ചായത്തിലുള്ളത്. അവയിൽ നാമമാത്രമായെങ്കിലും പ്രവർത്തിക്കുന്നത് ശുകപുരം മഹിളാസമാജമാണ്. ഇവിടെ പട്ടികജാതി പെൺകുട്ടികൾക്ക് തുന്നൽ പരിശീലനം നൽകിയിരുന്നു. വാഷിംഗ് പൗഡർ നിർമ്മിക്കുന്ന ഒരു യൂനിറ്റും ഇതിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ അവ രണ്ടും ഇപ്പോഴില്ല. പൊതുവായി തുന്നൽ പരിശീലനവും എംബ്രോയ്ഡറിയും പഠിപ്പിക്കാനുള്ള ക്ലാസുകളാണ് ഇപ്പോൾ നടക്കുന്നത്. 1962-ൽ രൂപീകരിച്ച് നന്നായി പ്രവർത്തിച്ചിരുന്ന മഹിളാസമാജമാണ് ഇത്. ഏതെങ്കിലും പ്രവർത്തനം നടത്താനുതകുന്ന വിധത്തിൽ സ്വന്തമായ കെട്ടിടം ഉള്ള മഹിളാസമാജങ്ങളുണ്ട്. സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി ഉദിനിക്കരയിൽ രൂപീകരിച്ച മഹിളാസമാഹം രജിസ്ട്രേഷൻ നടത്താൻ പോലും കഴിയുംമുമ്പ് നിശ്ചലമായി. സ്ത്രീകളിലെ സഹകരണ മനോഭാവത്തിന്റെ അഭാവം, നേതൃപരിശീലനം ഇല്ലായ്മ എന്നിവ ഇവിടെ പ്രകടമാണ്.

സ്ത്രീ സംഘടനകളുടെ പ്രവർത്തനം വേണ്ടത്രയില്ലാത്ത ഒരു പഞ്ചായത്താണിത്. പൊതുരംഗത്ത് ഇറങ്ങാനുള്ള വൈമുഖ്യവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ചെറിയ തോതിലെങ്കിലും നിലനിൽക്കുന്നതും സ്ത്രീകളുടെ കൂട്ടായ്മക്ക് തടസമായി നിൽക്കുന്നുണ്ട്. സി. ബി. എൻ. പി.യിൽ പ്രവർത്തിക്കുന്നവരും ജനപ്രതിനിധികളും ഒഴിച്ചാൽ പൊതുരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ വളരെ കുറവാണെന്ന് കാണുന്നു. സി. ബി. എൻ. പി.യുടെ

ആഭിമുഖ്യത്തിലുള്ള 'ത്രിഫ്റ്റ്' സമ്പാദ്യപദ്ധതിയിൽ 600-ലധികം വനിതകൾ അംഗങ്ങളായിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സ്ത്രീകളെ സജ്ജമാക്കേണ്ടതുണ്ട്.

സ്ത്രീ പീഡനങ്ങളും സ്ത്രീധന പീഡനങ്ങളും ഈ പഞ്ചായത്തിൽ അപൂർവ്വമായേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. എന്നാൽ സ്ത്രീധനത്തിന്റെ പേരിൽ വിവാഹം നിഷേധിക്കപ്പെട്ട അനേകം വനിതകൾ ഈ പഞ്ചായത്തിലുണ്ട്. അവരിൽ കൂടുതൽ പേരും തൊഴിലില്ലാത്തവരാണെന്നുള്ളത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ചാരായനിരോധനംമൂലം ജനങ്ങൾക്ക് കുറഞ്ഞ അളവിൽ നേട്ടമുണ്ടായിട്ടുണ്ട്. സമ്പൂർണ്ണമദ്യനിരോധനം ഇവിടത്തെ വനിതകൾ ആഗ്രഹിക്കുന്നു.

## വനിതാരംഗത്തുള്ള പ്രശ്നങ്ങൾ

1) കൂടിയ തോതിൽ സ്ത്രീകൾ നേരിടുന്ന തൊഴിലില്ലായ്മ.

2) വിദ്യാഭ്യാസം, കുടിൽവ്യവസായം എന്നിവ ഒഴികെയുള്ള മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്.

3) തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല.

4) സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ സ്ത്രീകൾ മുന്നോട്ടുവരുന്നില്ല.

5) തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ല.

6) സ്ത്രീകൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി വേണ്ടത്രയില്ല.

7) സ്ത്രീകളുടെ സഹകരണസംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

8) ഭൂരിപക്ഷം സ്ത്രീകളും സ്വന്തം അവകാശങ്ങളെപ്പറ്റി ബോധവാന്മാരല്ല.

9) സാമൂഹ്യ അനാചാരങ്ങൾ സ്ത്രീകളുടെ പ്രവർത്തനസ്വാതന്ത്ര്യത്തിന് ഇപ്പോഴും വിലങ്ങുതടിയായി നിൽക്കുന്നു.

10) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളുടെ ഇടയിൽ കൂടുതലാണ്.

11) വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

12) പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് രക്ഷിതാക്കളിൽ ഒരു വിഭാഗം വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല.

13) സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകാനുതകുന്ന പരിശീലനകേന്ദ്രങ്ങൾ വളരെ കുറവാണ്.

14) സർക്കാർ ധനസഹായ പദ്ധതികകളെപ്പറ്റിയുള്ള അറിവില്ലായ്മ സ്ത്രീകളിൽ നിലനിൽക്കുന്നു.

15) അങ്കണവാടിയിൽ ജോലിചെയ്യുന്ന വനിതകൾക്ക് മതിയായ വേതനം ലഭിക്കുന്നില്ല.

16) സാമൂഹ്യസേവനരംഗത്ത് ധീരമായി പ്രവർത്തിക്കാൻ വനിതകൾ മുമ്പോട്ട് വരുന്നില്ല.

17) സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിന് നിലവിലുള്ള പി. എച്ച്. സി. പര്യാപ്തമല്ല.

18) സ്ത്രീകൾക്ക് ഒത്തുകൂടാനുള്ള പൊതുവേദികൾ വിരളമാണെങ്കിലും ഉള്ളവ വേണ്ടരീതിയിൽ പ്രയോജനപ്പെടുന്നില്ല.

19) സ്വയം ശക്തിയാർജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധൈര്യം സ്ത്രീകളിൽ കുറവാണ്.

## നിർദ്ദേശങ്ങൾ

1) കുറ്റിപ്പാല, കരിമ്പനക്കുന്ന്, ഏരുവപ്രക്കുന്ന്, വെള്ളറമ്പ് എന്നിവിടങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജനവിദ്യാകേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിക്കുകയും കോ-ഓർഡിനേറ്റ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. ഈ കേന്ദ്രങ്ങളിലൂടെ അവശത അനുഭവിക്കുന്ന സ്ത്രീകൾക്ക് അക്ഷരാഭ്യാസവും തൊഴിലും നൽകാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

2) അക്ഷരസംഘത്തിന്റെ ആഭിമുഖ്യത്തിൽ വട്ടംകുളത്ത് പ്രവർത്തിക്കുന്ന കറിപൗഡർ യൂനിറ്റിലെ അപാകതകൾ പരിഹരിച്ച് മറ്റ് ഒമ്പത് പേർക്ക് കൂടി തൊഴിൽ നൽകുന്ന സംരംഭമായി മാറ്റാവുന്നതാണ്. കറിപൗഡറിന് പുറമെ അച്ചാറുകളും മറ്റ് ഭക്ഷ്യവസ്തുക്കളും കൂടിയ തോതിൽ നിർമ്മിക്കാൻ കഴിയും. വീടുകൾതോറും നടന്നുള്ള വിപണനത്തിന് പുറമെ എടപ്പാൾ ചുങ്കം, വട്ടംകുളം എന്നിവിടങ്ങളിലെ കടകളും വിപണനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

**3) ബുക്ക് ബൈൻറിംഗ് യൂനിറ്റ്:**

എടപ്പാൾ ഗവ. ഹൈസ്കൂൾ പരിസരം കേന്ദ്രമാക്കി സഹകരണ മേഖലയിൽ ബുക്ക് ബൈൻറിംഗ് യൂനിറ്റിന് സാദ്ധ്യതയുണ്ട്. 50-ഓളം വനിതകൾക്ക് ഇതുമൂലം തൊഴിൽ നൽകാനാകും.

എടപ്പാൾ ഗവ: ഹൈസ്കൂളിൽ 3200-ലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഈ സ്കൂളും അതിന്റെ പരിസരപ്രദേശങ്ങളിലുള്ള സ്കൂളുകളും ഈ യൂനിറ്റിൽ ഉൽപാദിപ്പിക്കുന്ന ബുക്കുകൾക്ക് നല്ല വിപണിയായിരിക്കും. ഗതാഗതത്തിന് കുറഞ്ഞ ചെലവ് മാത്രമേ വരൂ.

**4) കുടിൽവ്യവസായങ്ങൾ ഉദ്ധരിക്കുക:**

കുടിൽവ്യവസായത്തിലൂടെ ഇപ്പോൾ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണി

യിലെ വൻകിട വ്യവസായഉൽപ്പന്നങ്ങളോട് മത്സരിക്കാനാവില്ല. ഉൽപ്പന്നങ്ങളിൽ വൈവിധ്യവൽക്കരണം നടത്തിക്കൊണ്ടല്ലാതെ ഇത് സാധ്യമല്ല. സഹകരണാടിസ്ഥാനത്തിൽ ഇത്തരം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണനകേന്ദ്രം എടപ്പാൾ ചുങ്കത്ത് നടത്താവുന്നതാണ്.

**5) ഗാർമെൻറ് യൂനിറ്റുകൾ:**

വനിതാസഹകരണ സംഘത്തിൻെറ ആഭിമുഖ്യത്തിലും മഹിളാസമാജത്തിൻെറ കീഴിലും റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാല തുടങ്ങാവുന്നതാണ്. എടപ്പാൾ ചുങ്കത്തെ പത്തിലധികം വരുന്ന വസ്ത്രവ്യാപാരകേന്ദ്രങ്ങളെ ഒന്നാംതരം വിപണിയാക്കി മാറ്റാവുന്നതാണ്.

**6) സ്വയംതൊഴിൽ യൂനിറ്റുകൾ:**

തുന്നൽ പരിശീലനം നേടിയവർക്കും ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവയിൽ താൽപര്യമുള്ളവർക്കും സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുക.

അച്ചാറും മറ്റു ഭക്ഷ്യ ഉൽപ്പന്നങ്ങൾ കൂടിയ തോതിൽ നിർമ്മിക്കാനുള്ള സംവിധാനം ഉണ്ടാക്കുക, വീടുകൾതോറുമുള്ള വിൽപനക്ക് പുറമെ നമ്മുടെ പ്രദേശത്തുള്ള കടകളും വിപണനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

7) വെള്ളറമ്പ്, കുറ്റിപ്പാല, കരിമ്പനക്കുന്ന്, എരുവപ്രക്കുന്ന് എന്നീ സ്ഥലങ്ങളിൽ രൂപീകരിച്ചിരുന്ന ജനവിദ്യാകേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിക്കുകയും കോ-ഓർഡിനേറ്റ് ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തുകയും ചെയ്യുക.

നിലവിലുള്ള ഡി. ഡബ്ലിയു. സി. ആർ. എ. യൂനിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അവ ലാഭകരമാക്കാനുള്ള പ്രവർത്തനത്തോടൊപ്പം അവ നടത്തുന്ന വനിതകൾക്ക് നേതൃത്വപരിശീലനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

8) എല്ലാ എൽ. പി. സ്കൂളുകളോടും അനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂളുകളും ശിശുപരിപാലന കേന്ദ്രങ്ങളും ആരംഭിക്കാവുന്നതാണ്. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഈ ശിശുപരിപാലനകേന്ദ്രങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

9) അങ്കണവാടികളിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സ്ത്രീകൾക്ക് ഒത്തുകൂടാനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനും കഴിയുന്ന വേദികളാക്കി മാറ്റാവുന്നതാണ്. കെട്ടിടമില്ലാത്തവക്ക് കെട്ടിടവും പ്രാഥമിക സൗകര്യങ്ങളും കുട്ടികൾക്ക് കളിക്കോപ്പുകളും ലഭ്യമാക്കി അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്.

10) തൈക്കാട്ട് നിലവിലുള്ള പി. എച്ച്. സി., കമ്യൂണിറ്റി ഹെൽത്ത് സെൻററാക്കി മാറ്റാവുന്നതാണ്. അതിൽ പ്രസവവാർഡ്, ജനറൽ വാർഡ്, എക്സ്-റേ, ലാബറട്ടറി സൗകര്യങ്ങളും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കി സമീപപ്രദേശത്തുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ആരോഗ്യപരിപാലന സൗകര്യങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്.

## മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) ഒരു ഗേൾസ് ഹൈസ്കൂൾ ആരംഭിക്കുന്നത് നന്നായിരിക്കും.

2) ക്ഷീരോൽപന്ന വിപണനകേന്ദ്രം സ്ഥാപിക്കണം.

3) പാർപ്പിടനിർമ്മാണ പദ്ധതികളിൽ വിധവകൾക്ക് മുൻഗണന ഉണ്ടായിരിക്കണം.

4) സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.

5) കൂടുതൽ മഹിളാസമാജങ്ങൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്.

6) സ്ത്രീധന സമ്പ്രദായം ഇല്ലാതാക്കാൻ കഴിയുന്ന നടപടികൾ സ്വീകരിക്കണം.

7) പെൻഷന് അർഹതയുള്ള സ്ത്രീകൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കണം.

8) 8-ാം വാർഡിൽ ഗാന്ധിസദനം ഹോസ്റ്റലിനോടനുബന്ധിച്ച് നടത്തുന്ന ബാലവാടിക്ക് സ്ഥിരമായ കെട്ടിടം നിർമ്മിക്കണം.

9) 9-ാം വാർഡിൽ ഖാദിബോർഡിനെറ കീഴിൽ ഒരു തുണിനെയ്ത്ത് കേന്ദ്രം ആരംഭിക്കണം.

10) കാർഷിക ജോലികളിൽ പരിശീലനം നടത്തുവാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം.

11) സ്ത്രീപീഡനങ്ങൾ തടയാൻ നടപടികൾ കർശനമാക്കുകയും അത് നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കുകയും വേണം.

12) സി. ബി. എൻ. പി.യുടെ ത്രിഫ്റ്റ് പദ്ധതിയിൽ കൂടുതൽ പേരെ അംഗങ്ങളാക്കണം.

# പട്ടികജാതി ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 15.05% പട്ടികജാതി അംഗങ്ങളാണ്. 35 കോളനികളിലായി 725 കുടുംബങ്ങളിൽ 3399 അംഗങ്ങളും, ഇടകലർന്നു ജീവിക്കുന്ന 111 കുടുംബങ്ങളിലായി 887 അംഗങ്ങളുമാണുള്ളത്. ആകെ 836 കുടുംബങ്ങളിലായി 4286 അംഗങ്ങൾ ഉണ്ട്. ലഭ്യമായ കണക്കുപ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

സാമൂഹികരംഗത്ത് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തിക മേഖലയിൽ പറയത്തക്ക പുരോഗതി ഈവിഭാഗത്തിന് ഉണ്ടായിട്ടില്ല. സാമൂഹ്യ സാമ്പത്തികരംഗത്ത് മുൻകാലങ്ങളിൽ ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹികപുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ട്.

സാമൂഹിക നീതിക്കുവേണ്ടിയും അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനുള്ള സമരങ്ങളിൽ മുൻതലമുറയിൽപ്പെട്ടവർ അവർ നിരക്ഷരരായിരുന്നെങ്കിൽ പോലും - മുൻപന്തിയിലുണ്ടായിരുന്നു. എന്നാൽ വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ച പുതിയ തലമുറയിൽ ഭൂരിപക്ഷവും ഒരു നിശ്ശബ്ദ സംസ്കാരത്തിന്നടിമകളാവുന്നു. എന്നിരുന്നാലും സാമൂഹികരംഗത്ത് ഈ വിഭാഗത്തിന് ഗണ്യമായ സ്വാധീനമുണ്ട്. പല വർഗ്ഗബഹുജന സംഘടനകളുടെയും നേതൃസ്ഥാനത്ത് ഈ വിഭാഗത്തിൽപ്പെട്ടവരാണ്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും ഈ വിഭാഗത്തിന് പറയത്തക്ക നേട്ടം ലഭിക്കാതിരിക്കുകയും പദ്ധതികൾ ലക്ഷ്യം നേടാതെ പോവുകയും ചെയ്യുന്നു.

കോളനികളുടെ വിവരം 1-ാം പട്ടികയിൽ ചേർക്കുന്നു

## പട്ടിക - 1

### അംഗീകൃത കോളനികൾ

| നമ്പർ | കോളനികളുടെ പേര് | വീടുകൾ | അംഗങ്ങൾ |
|---|---|---|---|
| 1. | ഒടുംകുന്ന് | 29 | 172 |
| 2. | കാന്തള്ളൂർ | 15 | 80 |
| 3. | പറക്കോട്ടയിൽ | 20 | 92 |
| 4. | നെല്ലേക്കാട് | 12 | 44 |
| 5. | കണാരക്കുന്ന് | 26 | 113 |
| 6 | ചെർളശ്ശേരി | 28 | 116 |
| 7. | ചിറ്റഴിക്കുന്ന് | 29 | 140 |
| 8 | കുത്തുള്ളി | 16 | 85 |
| 9 | ചെമ്പകശ്ശേരി | 12 | 60 |
| 10 | കുറ്റിപ്പാല ലക്ഷംവീട് | 11 | 49 |
| 11 | ചെർള്ളശ്ശേരി | 18 | 70 |
| 12 | വട്ടംകുളം - പന്തലംകുന്ന് | 21 | 90 |
| 13 | ചോലക്കുന്ന് | 34 | 131 |
| 14 | എരുവപ്രക്കുന്ന് | 20 | 136 |
| 15 | മൂതൂർ | 24 | 129 |
| 16 | തിരുമാണിയൂർ | 20 | 95 |
| 17 | ചന്തക്കുന്ന് | 14 | 70 |
| 18 | വെള്ളറമ്പ് | 60 | 318 |
| 19 | പരിയപ്പുറം | 19 | 81 |
| 20 | കുറത്തിക്കുന്ന് | 35 | 98 |
| 21 | തൈക്കാട് | 25 | 126 |

| | | | |
|---|---|---|---|
| 22 | നെല്ലിശ്ശേരി | 40 | 164 |
| 23 | ഉദിനിക്കര | 28 | 135 |
| 24 | കരിമ്പനക്കുന്ന് | 26 | 130 |
| 25 | പറക്കുന്ന് | 17 | 77 |
| 26 | കാലടിത്തറ | 14 | 52 |
| 27 | പാലപ്ര | 13 | 65 |
| 28 | കോട്ടിരി | 13 | 80 |
| 29 | കക്കുഴികുന്ന് | 13 | 68 |
| 30 | പോട്ടൂർ | 10 | 52 |
| 31 | താന്നിക്കുന്ന് - നടുവട്ടം | 13 | 52 |
| 32 | കാലഞ്ചാടി | 10 | 55 |

അംഗീകാരമില്ലാത്ത കോളനികൾ

| നമ്പർ | കോളനിയുടെ പേര് | വീടുകൾ | അംഗങ്ങൾ |
|---|---|---|---|
| 1. | പുളിയാറക്കുന്ന് 4 സെൻറ് കോളനി | 14 | 53 |
| 2. | ചോലകുന്ന് 4 സെൻറ് കോളനി | 13 | 68 |
| 3. | തൈക്കാട് 4 സെൻറ് കോളനി | 13 | 43 |
| | | 725 | 3399 |

## വിദ്യാഭ്യാസം

എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള സാഹചര്യം പൊതുവെ ലഭ്യമാണെങ്കിലും വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗതിന് വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. സെക്കൻററി ക്ലാസുകൾക്കുമിതെ ഭൂരിപക്ഷവും എത്തുന്നില്ല. ഇതിനുപ്രധാന കാരണം രക്ഷിതാക്കളിൽ ഭൂരിപക്ഷവും നിരക്ഷരരായതുകൊണ്ട് കുട്ടികളുശട പഠനത്തിൽ വേണ്ട രീതിയിലുള്ള നിർദ്ദേശം നൽകാൻ അവർക്ക് കഴിയുന്നില്ല എന്നതാണ്. ഇതു പരിഹരിക്കുന്നതിന് P T A യോഗങ്ങളിൽ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് ശക്തിയായിചർച്ച ചെയ്യുകയും അതിൽ പട്ടികജാതി വിദ്യാർത്ഥികളുശട വിദ്യാഭ്യാ നിലവാരത്തെക്കുറിച്ച് സമഗ്രമായി വിശകലനം നടത്തുകയും വേണം. (ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് വർഗ്ഗപരമായ വേർതിരിവല്ല മറിച്ച് സജീവമായ ശ്രദ്ധ ഈ വിഭാഗത്തിന് ലഭിക്കണം എന്നാണ്. വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കളെ ബോധവാൻമാരാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. സന്നദ്ധ സംഘടനകളും ബഹുജന പ്രസ്ഥാനങ്ങളും ഈ വിഭാഗത്തിൽ തന്നെയുള്ള വിദ്യാസമ്പന്നരും മുൻകൈ എടുത്ത് സൗജന്യട്യൂഷൻ നൽകുകയാണെങ്കിൽ വിദ്യാഭ്യാസപരമായി ഇവരെ മുൻപന്തിയിലേക്ക് കൊണ്ടുവരാൻ ഏറെക്കുറെ കഴിയും.

പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കാൻ 2 ഹോസ്റ്റലുകൾ ഈ പഞ്ചായത്തിലുണ്ട്.

എടപ്പാൾ ഹൈസ്കൂളിനോടു ചേർന്നുള്ള ഗാന്ധിസദനം ഹോസ്റ്റലിൻെറ സ്ഥിതി വളരെ പരിതാപകരമാണ്. വളരെ പഴക്കം ചെന്ന കെടിടടം റിപ്പേർ ചെയ്യുകയും കക്കൂസ്, കുളിമുറി വേനലിൽ കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്.

സർക്കാരിൻെറ നേരിട്ടുള്ള നിയരന്തണത്തിലുള്ള എടപ്പാളിലെ സർക്കാർ ഹോസ്റ്റലിൽ 5 ഉദ്യോഗസ്ഥൻമാരും

12 കുട്ടികളുമാണ് ഉള്ളത്. ഈ സ്ഥാപനത്തിൻെറ സ്ഥിതി ഏറെ ദയനീയമാണ്. ഒരു വാടക കെട്ടിടത്തിലാണ് ഇതിപ്പോൾ പ്രവർത്തിച്ചുവരുന്നത്. വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുള്ള യാതൊരു അടിസ്ഥാന സൗകര്യവും ഇവിടെയില്ല. ഈ ഹോസ്റ്റലിന് സ്വന്തമായി ഒരു കെട്ടിമുണ്ടാക്കുകയും പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയുമാണെങ്കിൽ കൂടുതൽ വിദ്യാർത്ഥികളെ സ്ഥാപനത്തിലേക്കാകർഷിക്കാൻ കഴിയും. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

കോളനികളിൽ അങ്കൻവാടികൾ സ്ഥാപിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭിക്കാനുള്ള സാഹചര്യം ഒരുക്കി കൊടുക്കേണ്ടതുണ്ട്. 96-97 അധ്യയനവർഷത്തിൽ 1163 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്.

## തൊഴിൽ

ജാതീയമായ തൊഴിൽ വിഭജനം നിലനിന്നിരുന്ന കാലഘട്ടങ്ങളിൽ പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിലും പരമ്പരാഗത തൊഴിലുകളിലുമാണ് ഏർപ്പെട്ടിരുന്നത്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിലും പരമ്പരാഗത മേഖലയിലും വന്ന തകർച്ചയുടെ ഫലമായി ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുകയും ഉപജീവനത്തിന് വേണ്ടി മറ്റുമേഖല കണ്ടെത്താൻ നിർബന്ധിതരാവുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ മേഖലയിലാണ് എത്തപ്പെട്ടത്. ഈ മേഖലയിൽ സ്ത്രീക്ക് 60 രൂപയും കൂലി പുരുഷന് 125 രൂപയും കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കുന്നതുകൊണ്ടും കാർഷികമേഖലയിൽ താരതമ്യേന കൂലികുറവ് നിലനിൽക്കുന്നതുകൊണ്ടും പുതിയ തലമുറ കാർഷിക മേഖലയിൽ നിന്നും മാറിനിൽക്കുന്നു.

ഈ വിഭാഗത്തിൻെറ പാരമ്പര്യതൊഴിലുകളായ കുട്ട, പനമ്പ്, പായ എന്നിവയുടെ നിർമ്മാണം വലിയൊരു പ്രതിസന്ധിയിലാണ്. മുള, കൈതോല എന്നീ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും, ഭാരിച്ച വിലയും ഉൽപ്പന്നങ്ങളുടെ വിലക്കുറവും പ്ലാസ്റ്റിക്ക് ഉപകരണങ്ങളുശട പ്രചാരവുമാണ് ഈ പരമ്പരാഗത തൊഴിലുകൾ നേരിടുന്ന മുഖ്യപ്രശ്നങ്ങൾ. ഇക്കാരണങ്ങളാൽ ഈ പരമ്പരാഗത തൊഴിൽമേഖല ഉപജീവനത്തിന് ഉപയുക്തമല്ലാതെ മാറുകയും തത്ഫലമായി ഈ മേഖലയിലെ തൊഴിലാളികൾ കെട്ടിടനിർമ്മാണം കൂലിവേല എന്നീ മേഖലയിലേക്ക് തൊഴിൽ തേടിപോകാൻ ഇടവരികയും ചെയ്യുന്നു. നിർമ്മാണ മേഖലയിൽ നിന്നും തൃപ്തികരമായ കൂലി ലഭിക്കുന്നുണ്ടെങ്കിലും ഇവരിൽ ഭൂരിപക്ഷവും നാടൻ പണമിടപാടുകാരുടെ ക്രൂരമായ സാമ്പത്തിക ി ചൂഷണത്തിന് വിധേയരാവുന്നു.

## പാരമ്പര്യം സംരക്ഷിക്കുക

സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യത്തിനുടമകളാണ് പട്ടികജാതി വിഭാഗം. ചെറുത്തുനിൽപ്പിൻെറയും പോരാട്ടത്തിൻെറയും കഥകളാണ് ഇവരുടെ ദൈവസങ്കൽപ്പം പോലും. എന്നാൽ പുതിയ തലമുറ ഇതിനെക്കുറിച്ച് തീർത്തും അജ്ഞരാണ്. ഇതിൻെറ ഫലമായി സ്വന്തം ഭൂമിക നഷ്ടമാകുന്ന ദുരന്തത്തെ ഇവർ നേരിടുന്നു. വാമൊഴിയായി പകർത്തപ്പെടുന്ന ഇവരുടെ പാരമ്പര്യം സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

## പാർപ്പിടം

സാമ്പത്തികപുരോഗതി ശെകവരിക്കാത്തതുകൊണ്ട് ഈ വിഭാഗത്തിൻെറ പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂരിപക്ഷം കോളനികളും 'നാലുസെൻറ് കോളനി'കളാണ്. കോളനികൾ കൂടുതലും കുന്നുകളിലാണ്. കുന്നുകൾ പൊതുവെ തരിശുഭൂമിയാണ്. അതുകൊണ്ടുതന്നെ ഭൂമിയിൽനിന്നും ഇവർക്ക് പറയത്തക്ക വരുമാനം ലഭിക്കുന്നില്ല. പല കുടുംബങ്ങൾക്കും ഇതുവരെ പട്ടയം പോലും ലഭിച്ചിട്ടില്ല. കക്കൂസ്, വൈദ്യുതി തുടങ്ങഇയ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. പൊതുശ്മശാനം ഇല്ലാത്തതുകൊണ്ട് ശവസംസ്കാരവും ഈ തുണ്ടുഭൂമിയിലാകുന്നു. വീടുകൾ വളരെ അടുത്തടുത്ത് വരുന്നതുകൊണ്ടും പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ടും ചുറ്റുപാടുകൾ വൃതിഹീനമാകുന്നു.

പല കുടുംബങ്ങളും ഇപ്പോഴും കുടിലുകളിലാണ് ജീവിക്കുന്നത് വീടുവയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വക്കാനാവശ്യമായ സ്ഥലവും, വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചുകൊടുക്കേണ്ടതുണ്ട്. സർക്കാർ ഏജൻസികൾ നൽകുന്ന ധനസഹായം ഉദാരമാക്കിയെങ്കിൽ മാത്രമേ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയൂ.

വീടുകളുടെ സൗകര്യങ്ങളെ സംബന്ധിച്ച വിവരം 2-ാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 2

| നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ളകക്കൂസ് വീടുകളുടെ എണ്ണം | ആവശ്യ മില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | ഒടുംകുന്ന് | 1 | 27 | 1 | 15 | – | – |
| 2 | കാന്തള്ളൂർ | – | 4 | 11 | – | 9 | 6 |
| 3 | പറക്കോടുയിൽ | 1 | 7 | 12 | 5 | 19 | 1 |
| 4 | നെല്ലെക്കാട് | – | 4 | 8 | 4 | 5 | 7 |
| 5 | കണാരക്കുന്ന് | – | 12 | 14 | 3 | 12 | 14 |
| 6 | ചെർള്ളശ്ശേരി | – | 12 | 16 | 4 | 15 | 13 |
| 7 | ചിറ്റഴിക്കുന്ന് | – | 17 | 12 | 5 | 19 | 10 |
| 8 | മുത്തുള്ളി | – | 3 | 13 | – | 31 | 10 |
| 9 | ചെമ്പകശ്ശേരി | – | 5 | 7 | 5 | 9 | 3 |
| 10 | കുറ്റിപ്പാല ലക്ഷംവീട് | – | 3 | 8 | 8 | 2 | 9 |
| 11 | ചെർള്ളശ്ശേരി | – | 10 | 8 | 6 | 10 | 8 |
| 12 | വട്ടംകുളം(പന്തലുംകുന്ന്) | 1 | 10 | 11 | 3 | 9 | 11 |
| 13 | ചോലക്കുന്ന് | – | 12 | 22 | 9 | 16 | 18 |
| 14 | എരുവപ്രക്കുന്ന് | 1 | 12 | 7 | 2 | 13 | 7 |
| 15 | മുതൂർ | – | 19 | 5 | 5 | 19 | 5 |
| 16 | തിരുമാണിയൂർ | – | 9 | 11 | 8 | 12 | 8 |
| 17 | ചന്തക്കുന്ന് | – | 6 | 8 | 4 | 5 | 9 |
| 18 | വെള്ളറമ്പ് | – | 42 | 27 | 8 | 62 | 7 |
| 19 | പരിയപ്പുറം | – | 13 | 6 | – | 19 | – |
| 20 | കുറത്തിക്കുന്ന് | – | 28 | 7 | – | – | – |
| 21 | തൈക്കാട് | – | 21 | 4 | – | 22 | 3 |

| | | | | | | | |
|---|---|---|---|---|---|---|---|
| 22 | നെല്ലിശ്ശേരി | – | 9 | 31 | 8 | 18 | 22 |
| 23 | ഉദിനിക്കര | – | 9 | 11 | 4 | 9 | 11 |
| 24 | കരിമ്പനക്കുന്ന് | – | 17 | 15 | 2 | 32 | 1 |
| 25 | പറക്കുന്ന് | 1 | 9 | 7 | 2 | 15 | 2 |
| 26 | കാലടിത്തറ | – | 7 | 7 | 2 | 12 | 2 |
| 27 | പാലപ്ര | – | 5 | 8 | 8 | 7 | 6 |
| 28 | കോട്ടീരി | – | 8 | 5 | 3 | 9 | 4 |
| 29 | പുളിയാറക്കുന്ന് 4 സെൻറ് | 2 | 3 | 9 | – | 5 | 9 |
| 30 | കണ്ടഴിക്കുന്ന് | – | 5 | 8 | 6 | 9 | 3 |
| 31 | തൈക്കാട് 4 സെൻറ് | 1 | – | 12 | – | 1 | 12 |
| 32 | ചോലകത്ത് | – | 4 | 4 | 3 | 5 | 8 |
| 33 | പോട്ടൂർ | – | 4 | 6 | 2 | 4 | 6 |

**പ്രശ്നങ്ങൾ:-**

1). വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.

2). കാർഷികമേഖലയിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞതോടുകൂടി ജീവിതം കൂടുതൽ പ്രശ്നസങ്കീർണമായി.

3). എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവെക്കാൻ സ്ഥലമില്ല. വീടുവെക്കാൻ നൽകുന്ന ധനസഹായംകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യപ്പെടുന്നു.

4). പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

5). കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല.

6). വൈദ്യുതി പല കുടുംബങ്ങൾക്കും ഇതുവരെയായി ലഭിച്ചിട്ടില്ല.

7). പൊതു ശ്മശാനം ഇല്ല.

8) ആരോഗ്യ സംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.

9). ഐ.ആർ.ഡി.പി. പോലുള്ള പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

10). പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും പദ്ധതിയെക്കുറിച്ച് അറിവില്ലായ്മ നിമിത്തം ലക്ഷ്യം നേടുന്നില്ല.

11). കടക്കെണിയിൽപ്പെട്ടു പോകുന്നു.

12). കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

## സാദ്ധ്യതകൾ

വൈദ്യുതി:- പഞ്ചായത്തിലെ 16 കോളനികളിൽ വൈദ്യുതി എത്തിയിട്ടുള്ളൂ. മറ്റു കോളനികൾ വൈദ്യുതീകരിക്കുന്നതിന്ന് പദ്ധതി നടപ്പാക്കണം.

കുടിവെള്ളം:- കോളനികളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. ഇത്പരിഹരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികൾ നടപ്പാക്കിയ പദ്ധതികൾ ഉപയോഗശൂന്യമാണ്. ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ജലദൗർലഭ്യം കാരണം വെള്ളം ലഭിക്കുന്നില്ല. കോളനികളിൽ ഉയർന്ന പ്രദേശങ്ങളിൽ ആയതുകൊണ്ട് വെള്ളം എത്തുന്നില്ല. ഇതു പരിഹരിക്കാൻ കോളനികളിൽ ജനപങ്കാളിത്തത്തോടെ ശുദ്ധജലടാങ്കുകൾ നിർമ്മിക്കാവുന്നാതണ്..

ഇതിനുള്ള സാദ്ധ്യതകൾ 3-ാം പട്ടികയിൽ കൊടുക്കുന്നു.

പട്ടിക-3

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ | വാർഡ് | ജനപങ്കാളിത്തത്തോടെ ശുദ്ധജലപദ്ധതി നടപ്പാക്കാവുന്ന കോളനികൾ |
|---|---|---|---|
| 6 | പരിയാപ്പുറം | 12 | വട്ടംകുളം (പന്തലുംകുന്ന്) |
| 6 | തൈക്കാട് 4 സെൻറ് കോളനി | 12 | ചിറ്റഴിക്കുന്ന് |
| 12 | വട്ടംകുളം (പന്തലുംകുന്ന്) | 12 | ചോലക്കുന്ന് |
| 12 | കുത്തുള്ളി കോളനി | 6 | വെള്ളറമ്പ് |
| 5 | പറക്കോട്ടയിൽ | 8 | ജയന്തികോളനി |
| 7 | കക്കുഴിക്കുന്ന് | 3 | ജയന്തി കോളനി |
| 4 | എരുവപ്രക്കുന്ന് | | |
| 4 | തിരുമാണിയൂർ | | |
| 4 | മുതൂർ | | |

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ക്ഷേമപദ്ധതികൾ അർഹരായവർക്ക് കൃത്യസമയത്തിന് ലഭ്യമാക്കാൻ സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തുവഴിയായാൽ വളരെ ഫലപ്രദമാകും.

## പട്ടികജാതി ക്ഷേമം മുൻനിർത്തി അടിയന്തിര ശ്രദ്ധ പതിയേണ്ട പ്രശ്നങ്ങൾ.

1). വീടില്ലാത്തവർക്ക് പുതിയ വീട് വെക്കാനും കേടുവന്ന വീടുകൾ നന്നാക്കാനും വേണ്ടസഹായം നൽകുക.

2). കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് അടിയന്തിരമായി കക്കൂസ് അനുവദിക്കുക.

3) വൈദ്യുതി ആവശ്യമായ കുടുംബങ്ങളിൽ വൈദ്യുതി എത്തിക്കുക.

4). കോളനികളിൽ കുടിവെള്ളം അടിയന്തിരമായി എത്തിക്കുക.

5). കോളനികൾ കേന്ദ്രീകരിച്ച് അംഗൻവാടികൾ അനുവദിക്കുക.

6). പെൻഷൻ പദ്ധതി ഉദാരമാക്കി ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.

7) പട്ടയമില്ലാത്ത കുടുംബങ്ങൾക്ക് പട്ടയം നൽകുക.

8). പട്ടികജാതി കോളനികൾക്ക് പൊതു ശ്മശാനം അനുവദിക്കുക.

9) ഈ പഞ്ചായത്തിൽ നിരവധി കാലമായി പ്രവർത്തിച്ചുവരുന്ന ഹരിജൻ സൊസൈറ്റിയെ ബാങ്കിൻെറ പരിധിയിലേക്ക് ഉയർത്തുകയാണെങ്കിൽ പട്ടികജാതി വിഭാഗക്കാർക്ക് അവരുടെ പരമ്പരാഗത തൊഴിലുകൾ സംരക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ധനസഹായം നൽകാനും അവരുടെ ഉൽപ്പന്നങ്ങൾ ശേഖരിക്കുവാനും വിപണനം നടത്തുവാനും കഴിയും. പട്ടികജാതിക്കാരിൽ സമ്പാദ്യശീലം വളർത്തുന്നതിന് ദിവസ ഡെപ്പോസിറ്റുകൾ സ്വീകരിക്കാവുന്നതാണ്. ഇതുവഴി ഈ വിഭാഗത്തിൽ പെട്ടവർക്ക് തൊഴിൽ സാദ്ധ്യതയുമുണ്ടാകുന്നു.

പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും നൽകിവരുന്ന ധനസഹായങ്ങൾ സൊസൈറ്റി മുഖേനയാക്കുകയാണെങ്കിൽ കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടും. സൊസൈറ്റി മുഖാന്തിരം വായ്പകൾ നൽകുകയാണെങ്കിൽ നാടൻ പണമിടപാടുസ്ഥാപനങ്ങളുടെ നീരാളിപ്പിടുത്തത്തിൽ നിന്നും ഈ വിഭാഗത്തെ ഒരു പരിധിവരെയെങ്കിലും രക്ഷിക്കാൻ കഴിയും.

10). പട്ടികജാതി വകുപ്പുമുഖേന നടപ്പാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.

11). വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

12) സന്നദ്ധസംഘടനകളുടെയും ബഹുജനപ്രസ്ഥാനങ്ങളുടെയും സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

13). കർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

14). പായ, കൊട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം ആധുനികവൽക്കരിക്കുകയും വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ചെയ്യുക.

15) പട്ടികജാതി പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

16) പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം നൽകുകയും ചെയ്യുക.

17). 4 സെൻറ് കോളനികളിൽ വീടു പുതുക്കി പണിയുന്നതിനും ഓടുമേയുന്നതിനും സഹായം നൽകുക.

18). മൂതൂർ കോട്ടീരിഭാഗത്ത് എൽ.പി.യു.പി. സ്കൂൾ അനുവദിക്കുക.

19). വിദ്യാർത്ഥി ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ പരിഹരിക്കുക.

20). കോളനി റോഡുകൾ ടാറിംഗ് ചെയ്യുക.

21). എരുവപ്രക്കുന്ന് പൂതക്കുന്ന് കോളനികളെ ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുക.

22). സാംസ്കാരിക പാരമ്പര്യം സംരക്ഷിക്കുക.

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് കാർഷികമേഖലയിലെ ഉല്പാദന പ്രതിസന്ധിയാണ്. കാർഷികരംഗം അനുദിനം മുരടിക്കുകയാണ്. കൃഷിസ്ഥലങ്ങളാകട്ടെ, താമസപറമ്പുകളായി മാറിക്കൊണ്ടിരിക്കുന്നു. കർഷകർ-കർഷകതൊഴിലാളികളായി മാറുന്നു. കൃഷി ലഭാകരമല്ലാതായതോടുകൂടി ഒരു വലിയ വിഭാഗം കൃഷിക്കാർ കൃഷി ഭൂമി തരിശിടുന്നു. രാസവള ഉപഭോഗത്തിൻെറ ദോഷഫലങ്ങൾ ഒഴിവാക്കി ജൈവ വള ഉപയോഗത്തിന് കൂടുതൽ ഊന്നൽ നൽകിയാൽ മാത്രമേ കാർഷികമേഖലയിലെ ഈ പ്രതിസന്ധിക്ക് തെല്ലൊരു പരിഹാരമാകുകയുള്ളൂ. അതിനുള്ള അനുകൂല മനോഭാവം കർഷകരിൽ വളർത്തിയെടുത്താൽ മാത്രമേ വിഭവസമാഹരണം സാധ്യമാവുകയുള്ളു.

വ്യാവസായികമേഖലയാണ് മറ്റൊരു പ്രശ്നസങ്കീർണ്ണ മേഖല. പഞ്ചായത്തിൽ ആരംഭിച്ച വലിയ വ്യവസായശാലകൾ മിക്കവെയും പൂട്ടികഴിഞ്ഞു. പുതിയതായി സർക്കാരുകൾ കൊണ്ടുവന്ന പുത്തൻ വ്യവസായിക നയവും ഇറക്കുമതി നയങ്ങളും സാങ്കേതിക വിദ്യയുടെ അഭാവവും വൈദ്യുതിയുടെ ലഭ്യതക്കുറവും മൂലധനത്തിൻെറ കുറവും ആണ് വ്യവസായിക രംഗത്തെ ഈ തകർച്ചക്ക് കാരണം. ഈ രംഗത്തുനിന്നുള്ള വിഭവസമാഹരണം പഞ്ചായത്ത് മാത്രം വിചാരിച്ചാൽ ലഭ്യമാക്കാൻ കഴിയില്ല.

സർക്കാർ ഗ്രാൻറുകളെമാത്രം ആശ്രയിച്ചാണ് പഞ്ചായത്ത് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഗ്രാൻറുകൾ നീതിപൂർവമായി ഇന്നുവരെ പഞ്ചായത്തിനു ലഭിച്ചിട്ടില്ല. സർക്കാർ ഗ്രാൻറുകൾ, ദാരിദ്ര്യ രേഖക്ക് താഴെയുള്ള ജനസംഖ്യ, പട്ടികജാതി ജനസംഖ്യ എന്നീ അനുപാതത്തിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ. പഞ്ചായത്തുകൾ സ്വന്തമായി വിഭവസമാഹരണം നടത്താൻ തയ്യാറായാൽ അതിനുള്ള അംഗീകാരം സർക്കാരുകൾ നല്കണം.

വരുമാനത്തിൻെറ വ്യതിയാനങ്ങൾ പട്ടിക സൂചിപ്പിക്കുന്നു:

പട്ടിക

| ഇനം | 1991-92 | 1995-'96 |
|---|---|---|
| കെട്ടിട നികുതി | 2,95,000 | 3,67,713.62 |
| തൊഴിൽനികുതി | 89,111.00 | 1,13,305.00 |
| വിനോദനികുതി | 1,59,411.38 | 1,39,375.55 |
| ഉപാധിരഹിതഫണ്ട് (ജനറൽ) | 1,10,637.00 | 1,46,500.00 |
| ,, പട്ടികജാതി | 52,604.00 | 1,14,500.00 |
| ജെ. ആർ. വൈ | 4,52,100.00 | 4,82,897.00 |
| ഗ്രാൻറുകൾ | 2,16,000.00 | 5,06,337.00 |

ഗൾഫ് മേഖലയിൽ ഈ പഞ്ചായത്തിൽ ഏകദേശം 1200 പേർ ജോലിചെയ്യുന്നുണ്ട്. പ്രതിവർഷം ഏതാണ്ട് അഞ്ച് കോടിയോളം രൂപ ഈ പ്രദേശത്തിന് ലഭിക്കുന്നുണ്ട്. പഞ്ചായത്തിൻെറ വരുമാനം കെട്ടിടനികുതി, വിനോദനികുതി, ലൈസൻസ് ഫീസ്, തൊഴിൽനികുതി മുതലായവയാണ്. കാർഷിക മേഖലയിലും മറ്റു കൂലിപ്പണികളിലൂടെയുമാണ് വലിയൊരു വിഭാഗം ജനങ്ങൾ ഉപജീവനം തേടുന്നത്. പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങളിൽ നാട്ടുകാരുടെ പങ്കു നിർവ്വഹിക്കലാണ് നികുതി നൽകുന്നതിലൂടെ നാം ചെയ്യുന്നത് എന്ന് ജനങ്ങൾ തിരിച്ചറിയുകയും അതുവഴി മാത്രമേ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളു എന്ന് ജനങ്ങൾ മനസ്സിലാക്കണം. യഥാസമയം നികുതി നൽകാൻ ജനങ്ങളെ ബോധവല്ക്കരിക്കുകയും വേണം.

### കെട്ടിടനികുതി

കെട്ടിട നികുതിചുമത്തുന്നതിന് കെട്ടിടത്തിൻെറ മതിപ്പുവിലയും വാടകയും കണക്കാക്കേണ്ടതാണ്. പീടികകെട്ടിടങ്ങൾക്ക് വാടകയും സ്ഥാപനങ്ങൾക്ക് മതിപ്പുവിലയും കണക്കാക്കുന്നത് നികുതി ചോർച്ച തടയാൻ സഹായിക്കുന്നു.

ഇപ്പോഴത്തെ കെട്ടിട നികുതിവരുമാനം 3,67,713.62 രൂപയാണ്. കഴിഞ്ഞ കാലങ്ങളിൽ കെട്ടിടനികുതി നിർണ്ണയത്തിൽ അപാകതകളുണ്ട്. പീടിക, ലോഡ്ജ് നികുതിനിർണയത്തിൽ വന്ന പാകപ്പിഴയാണ് ഇതിന് കാരണം. യഥാർഥ വാടകയും മതിപ്പ് വിലയും കണക്കാക്കി നികുതി ചുമത്തിയാൽ നിലവിലുള്ള കെട്ടിടനികുതിയിനത്തിൽ വർഷത്തിൽ രണ്ട് ലക്ഷത്തോളം രൂപ വർദ്ധിപ്പിക്കാൻ കഴിയും. ആർഭാടപൂർവം നിർമിക്കുന്ന വീടുകൾക്ക് നികുതി വർധനവ് ആവശ്യമാണ്. ഇക്കാര്യം സ്റ്റാൻറിങ്ങ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. നികുതി പിരിവിലെ അഴിമതിയും അപാകതുകളും പരിഹരിക്കാൻ അസസ്സ്മെൻറ് കമ്മിറ്റി ആവശ്യമാണ്. ഗ്രാമസഭയും അയൽക്കൂട്ടവും നികുതി പിരിവിന് സഹായിക്കുന്നതിന് കൂടുതൽ ഗുണകരമായിരിക്കും.

### തൊഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങളിലെയും സ്കൂളുകളിലെയും ജീവനക്കാർ മാത്രമാണ് തൊഴിൽ നികുതി കൃത്യമായി അടക്കുന്നത്. അറുനൂറോളം വരുന്ന കച്ചവടസ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും കൃത്യമായി തൊഴിൽനികുതി ഇതുവരെയും പിരിച്ചിട്ടില്ല. അത്തരം സ്ഥാപനങ്ങളിൽ നിന്നും തൊഴിലാളികളിൽ നിന്നും പിരിക്കുന്ന നികുതി കർശനമാക്കണം. തൊഴിൽനികുതി ഇനത്തിൽ ഇപ്പോൾ 1,13,305 രൂപയാണ് പഞ്ചായത്തിന് ലഭിക്കുന്നത്.

### വിനോദനികുതി

പഞ്ചായത്തിലെ പ്രധാന വരുമാനം വിനോദനികുതിയായിരുന്നു. 1991 ൽ വിനോദനികുതി 1,59,411.38 രൂപയായിരുന്നു. എങ്കിൽ ഇപ്പോൾ അത് 1,39,375.55 രൂപയായി കുറഞ്ഞിരിക്കുകയാണ്. നികുതി കുറയാൻ പ്രധാന കാരണം ടെലിവിഷനും കേബിൾ ടി വി നെറ്റുവർക്കുമാണ്. വിനോദനികുതി ഇരട്ടിയായി വർധിപ്പിച്ചാൽ മാത്രമേ വരുമാനം വർധിപ്പിക്കാനാവൂ.

### മറ്റ് ധനാഗമന മാർഗങ്ങൾ

നടുവട്ടം-കരിങ്കല്ലത്താണി റോഡിൻെറ ഇരുവശത്തുമുള്ള പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ പാട്ടത്തിന് നൽകി വർഷംതോറും പഞ്ചായത്തിന് വരുമാനമുണ്ടാക്കാവുന്നതാണ്. ബസ്റ്റാൻറ്, ടാക്സി സ്റ്റാൻറ്, ഓട്ടോറിക്ഷാ സ്റ്റാൻറ് മുതലായവ എടപ്പാൾ ചുങ്കത്ത് ഉണ്ടാക്കിയാൽ നികുതി പിരിക്കാവുന്നതാണ്. ബസ്റ്റാൻറിന് 81 ൽ 60 സെൻറ് സ്ഥലം എടപ്പാൾ ചുങ്കത്ത് അക്വിസേഷൻ നടപടി ആരംഭിച്ചുവെങ്കിലും സർകാർ പല ഘട്ടങ്ങളിലായി അക്വിസേഷൻ നടപടി നിർത്തിവെച്ചതിനാൽ പഞ്ചായത്തിന് പ്രസ്തുത സ്ഥലം ലഭിക്കാതെപോയി. എടപ്പാൾ ചുങ്കത്ത് സ്വകാര്യഭൂമിക്ക് വില കൂടുതലായതിനാൽ പൊന്നാനി ബ്ലോക്ക് ഓഫീസിൻെറ കോമ്പൗണ്ടിൽ ബസ്റ്റാൻറ് നിർമിക്കാൻ സൗകര്യപ്പെടുത്തണം. വട്ടംകുളം പഞ്ചായത്ത് കേന്ദ്രങ്ങളിൽ സ്റ്റാൻറിങ്ങ് പെർമിറ്റുള്ളതും പാർക്ക് ചെയ്യുന്നതുമായ വാഹനങ്ങൾക്ക് അസസ്സ്മെൻറ് കമ്മിറ്റിയുടെ ശുപാർശപ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് നികുതി നിശ്ചയിക്കാവുന്നതാണ്. അത്തരം വാഹനങ്ങൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യേണ്ടതുമാണ്. മോട്ടോർ വാഹനനിയമം ലംഘിച്ചുപോകുന്ന വാഹനങ്ങൾക്ക് പൊലീസ് ഉദ്യോഗസ്ഥന്മാർ ഈടാക്കുന്ന പിഴസംഖ്യകൾ പൂർണമായും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്.

### ബാങ്ക്-ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക്, എം ഡി സി ബാങ്കിൻെറ ഒരു ശാഖയും സൗത്ത് മലബാർ ഗ്രാമീണബേങ്ക്, നെടുങ്ങാടി ബേങ്ക്, ധനലക്ഷ്മി ബാങ്ക്, കെ എസ് എഫ് ഇയുടെ ശാഖ മുതലായവയാണുള്ളത്. ഗ്രാമവികസനത്തിന് പങ്കാളിത്തംവഹിക്കേണ്ട ബാങ്കുകൾ ഈ ലക്ഷ്യത്തിലേക്ക് എത്തുന്നില്ല. സ്വകാര്യ ബാങ്കുകൾ പുതിയ നയപ്രഖ്യാപനത്തിന് ശേഷം കാർഷിക-

വ്യാവസയിക. മേഖല ദുർബലജനവിഭാഗങ്ങൾക്കുള്ള സഹായം എന്നിവ പേരിന് മാത്രമാണ് നൽകുന്നത്. സർകാരിൻെറ യാതൊരുവിധ അംഗീകാരവുമില്ലാത്ത നൂറോളം ചിട്ടി-ഫൈനാൻസ് സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആരാധനാലയങ്ങളുടെ പേരിലും അമിത പലിശ പണമിടപാട് വ്യാപകമായി നടക്കുന്നുണ്ട്. മദ്രാസ്-കുന്നംകുളം എന്നീ സ്ഥലങ്ങളിൽ നിന്നും വാഹനങ്ങൾ വായ്പ നൽകുന്ന മൂന്നിലധികം സ്വകാര്യ ഏജൻസികൾ നമ്മുടെ പഞ്ചായത്തിൽ പ്രർത്തിക്കുന്നുണ്ട്. ബാങ്കുകളിലെ നിക്ഷേപത്തിൻെറ 85 ശതമാനം സംഖ്യ ഈ പഞ്ചായത്തിൻെറ വിവിധ മേഖലകളിലെ വികസന പ്രവർത്തനത്തിന് വായ്പയായി നൽകേണ്ടതാണ്. സർകാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ നിയമവിധേയമായി പ്രവർത്തിക്കേണ്ടതാണ്.

### ചെലവുകൾ

കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ വിഭവങ്ങൾ ചെലവഴിച്ചത് ഉല്പാദനപരമായ മേഖലയിലല്ല. റോഡുകൾ റിപ്പയർ ചെയ്യാനും മെറ്റൽ ടാറിങ്ങ് നടത്താനും കൂടുതൽ പണം ചെലവഴിച്ചു. പൊതുമരാമത്തിന് 60 ശതമാനം ഫണ്ടും ഭരണച്ചെലവുകൾക്ക് 35 ശതമാനവുമാണ് ചെലവഴിച്ചത്. പഞ്ചായത്തിൽ 103 കിലോമീറ്റർ വരുന്ന റോഡുകളുണ്ട്. ആയിതിൽ 168 മൺറോഡുകളാണ്. ഇവക്ക് ഭൂരിഭാഗത്തിനും ഓടകളോ മഴവെള്ളം പോകുവാനുള്ള സൗകര്യമോ ഇല്ല. ഈ റോഡുകൾ പഞ്ചായത്ത് ഫണ്ട് ചലവഴിച്ച് റിപ്പയർ ചെയ്യുകയുണ്ടായെങ്കിലും റോഡിന് പറയത്തക്ക പ്രയോജനമുണ്ടായിട്ടില്ല. ഒരു വൻ വിഭവച്ചോർച്ചയാണ് ഇവിടെ സംഭവിക്കുന്നത്. മഴ വന്നാൽ റോഡ് കേടുവരുന്നു. ഗ്രാമത്തിലെ അയൽകൂട്ടങ്ങൾ, റോഡിന് ഇരുവശവുമുള്ള താമസക്കാർ എന്നിവക്ക് റോഡ് സംരക്ഷണത്തിൽ പ്രധാന ഉത്തരവാദിത്തമുണ്ട്. വർഷക്കാലത്തിനു മുമ്പ് റോഡു നന്നാക്കി വെള്ളം ഒഴുകിപ്പോകാൻ തക്ക സൗകര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ടാർ ചെയ്ത റോഡുകൾ കേടുവരുമ്പോൾ പഞ്ചായത്ത് ടാർ വാങ്ങി ഗ്രാമസഭകൾ മുഖേന നേരിട്ട് റിപ്പയർ ചെയ്യുന്നത് കൂടുതൽ നന്നായിരിക്കും. റോഡിന് ഇരുവശവും നെൽപ്പാടങ്ങളായ സ്ഥലങ്ങൾ മണ്ണുതൂർത്ത് കെട്ടിടങ്ങൾ കയറ്റുന്നതിനാൽ വെള്ളത്തിൻെറ ഒഴുക്ക് തടസ്സപ്പെടുകയും തന്മൂലം റോഡിൽ വെള്ളം കെട്ടിനിൽക്കുകയും റോഡ് നാശമാകാൻ കാരണമാവുകയും ചെയ്യുന്നു.

### ഷോപ്പിങ്ങ് കോംപ്ലക്സ്

പഞ്ചായത്ത് നടുവട്ടത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കാനാവശ്യമായ സ്വന്തമായ സ്ഥലമുണ്ട്. പ്രസ്തുത സ്ഥലത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുകയാണെങ്കിൽ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിക്കും. കുറ്റിപ്പാലയിലുള്ള കമ്യൂണിറ്റി ഹാളിൻെറ സ്ഥലം വെറുതെ കിടക്കുകയാണ്. പ്രസ്തുത സ്ഥലത്ത് കമ്യൂണിറ്റിഹാൾ നിർമ്മിക്കേണ്ടതാണ്.

### ചന്ത

ദിവസച്ചന്ത, ആഴ്ചച്ചന്ത, സ്ഥിരം മത്സ്യമാർക്കറ്റ് മുതലായവ പഞ്ചായത്തിനുണ്ടാകണം. വട്ടംകുളം, നടുവട്ടം, എടപ്പാൾചുങ്കം എന്നീ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് വേണം. വിപണനകേന്ദ്രവും സ്ഥാപിക്കണം. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വട്ടംകുളം, നടുവട്ടം, കുറ്റിപ്പാല, പാലപ്ര എന്നിവിടങ്ങളിൽ ആഴ്ചച്ചന്തയുണ്ടാകണം.

കച്ചവടലൈസൻസ്: പഞ്ചായത്തിലെ പ്രധാന വിഭവം മനുഷ്യാധ്വാനമാണ്. സമൂഹത്തിലെ എല്ലാവരും ചേർന്നുള്ള പൊതുവികസനമാണ് പുരോഗതിക്കുള്ള ഏകപോംവഴി. മനുഷ്യാധ്വാനം കക്ഷി രാഷ്ട്രീയ ജാതി, മത, വർണ്ണ വർഗചിന്തകൾക്കതീതമായി മുഴുവൻ പേരും യോജിച്ച് മുന്നോട്ടു പോയാൽ ഗ്രാമത്തിലെ മൺ റോഡുകളും ടാർ റോഡുകളും വർഷക്കാലത്തിന് മുമ്പ് നന്നാക്കാൻ കഴിയും. ആവശ്യമായ റോഡുകളിൽ കാവച്ചാൽ (ഓട) നിർമ്മിച്ച് നല്ല ഒരു വികസന സംസ്കാരം വളർത്തിയെടുക്കാൻ മനുഷ്യാധ്വാനംകൊണ്ട് സാധിക്കും.

വികസന സംരംഭങ്ങളിൽ മുനുഷ്യാധ്വാനം ലഭ്യമാക്കാമെന്ന ഗ്രാമസഭാ നിർദേശം ശ്ലാഘനീയമാണ്. ശുദ്ധജലവിതരണത്തിന് പൈപ്പ് ലൈൻ നീട്ടുന്നതിനും റോഡുകൾ, തോടുകൾ എന്നിവ നിർമിക്കുന്നതിന് മുനഷ്യാധ്വാനം സംഭാവന ചെയ്ത് പുനരർപ്പണ ദിനത്തിൽ പഞ്ചായത്ത് ഉത്തമമാതൃകയായി.

സർകാർ സാമ്പത്തിക സഹായങ്ങളും ഗ്രാൻറുകളുടെയും ലഭ്യത വികസന മേഖലയിൽ കുറവായതിനാൽ മുനഷ്യാധ്വാനം സാമൂഹ്യ പുരോഗതിയിലേക്കുള്ള മുന്നേറ്റത്തിന് അത്യന്താപേക്ഷിതമാണ്.

### ചെലവുകൾ

| | |
|---|---|
| ഭരണപരമായ ചെലവുകൾ | 4,36,861.00 രൂപ |
| വാട്ടർചാർജ് | 1,55,759.00 |
| തെരുവ് വിളക്ക് | 1,05,00.00 |
| പുരകെട്ടിമേയാൻ | 30,000 |
| ടൗൺ ക്ലീൻ | 48,000 |
| മൺറോഡ് റിപ്പയർ | 1,00,000 |
| ടാർറോഡ് റിപ്പയർ | 2,00,000 |

മേൽപ്പറഞ്ഞ ചെലവുകൾ പഞ്ചായത്തിന് ഒരു വർഷത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഭാഗികമായി മറ്റ് ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല. വെള്ളകരം, തെരുവ് വിളക്ക്, എസ്റ്റാബ്ലിഷ്മെൻറ് എന്നീ ചെലവുകൾ വരും നാളുകളിൽ വർദ്ധിക്കുവാനാണ് സാധ്യത.

വിനോദനികുതി 1991-92 ൽ 1,59,411.38 രൂപയായിരുന്നു. 95-96 കാലത്ത് 1,39,375.55 രൂപയായി കുറഞ്ഞു. ടി വി, കേബിൾ ടി വി നെറ്റ് വർക്ക് ആണ് ഇതിന് കാരണം.

നിലവിൽ പഞ്ചായത്തിന് ലഭിച്ചിരുന്ന ജെ ആർ വൈ ക്വാട്ട 15 ശതമാനം ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടതായും വരുന്നുണ്ട്. വിഹിതത്തിലുള്ള ഈ കുറവും നമ്മുടെ വികസന പ്രവർത്തനങ്ങളിലും നിഴലിക്കും.

## നിർദ്ദേശങ്ങൾ

ഭൂനികുതി: വില്ലേജ് തലത്തിൽ പിരിച്ചുകൊണ്ടിരിക്കുന്നതും നിർണ്ണയിക്കുന്നതുമായ ഭൂനികുതി പഞ്ചായത്ത് തലത്തിൽ പിരിച്ചെടുക്കുക. ഏക്കറിന് 20 രൂപ എന്നുള്ളത് ഭൂമിയുടെ തരം അനുസരിച്ച് വർദ്ധിപ്പിക്കേണ്ടതാണ്. തരിശിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിക്കും, പാടം നിരത്തി ഉണ്ടാക്കുന്ന പുരയിടത്തിനും പരമാവധി നിരക്കും, വയലുകൾക്ക് ഏറ്റവും കുറവുമാകണം.

### ഷോപ്പിംഗ്കോംപ്ലക്സ്

നടുവട്ടം പ്രദേശത്ത് പഞ്ചായത്തിൻെറ സ്വന്തം സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സും അതോടനുബന്ധിച്ച് ടാക്സി, ഓട്ടോസ്റ്റാൻറും നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിന് വരുമാന മാർഗ്ഗമായിരിക്കും. എടപ്പാൾ ചുങ്കത്ത് ബസ്റ്റാൻറും അതോടനുബന്ധിച്ച് ടാക്സി, ഓട്ടോറിക്ഷ, പിക്-അപ്, ലോറിസ്റ്റാൻറും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക. വട്ടംകുളം സാംസ്കാരിക നിലയത്തോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ് പണിയുക. നടുവട്ടം, വട്ടംകുളം, എടപ്പാൾചുങ്കം എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റും , കൃഷിക്കാരുടെയും പരമ്പരാഗത തൊഴിലാളികളും ഉല്പാദിപ്പിക്കുന്ന കാർഷിക-വ്യാവസായിക ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഒരു പൊതു വിതരണകേന്ദ്രം വട്ടംകുളത്ത് ആസ്ഥാനമാക്കി നിർമ്മിക്കുക. വട്ടംകുളം പഞ്ചായത്തിൻെറ ഓഫീസ് കോമ്പൗണ്ടിൽ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുകയാണെങ്കിൽ വട്ടംകുളം പഞ്ചായത്തിന് അത് ഒരു നല്ല വരുമാനമാർഗ്ഗമായിരിക്കും.

### ദേശീയ സമ്പാദ്യപദ്ധതി

3. ഇന്ദിരാ വികാസ് പത്ര തുടങ്ങിയ പദ്ധതികളിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ പഞ്ചായത്ത് ഭരണസമിതികളും അയൽക്കൂട്ടങ്ങളും ഇടപെട്ട് പ്രവൃത്തിക്കുകയാണെങ്കിൽ പഞ്ചായത്തിന് വരുമാനമാർഗ്ഗമായിരിക്കും.

4. നടുവട്ടം, പാലപ്ര എന്നിവിടങ്ങളിൽ കമ്യൂണിറ്റി ഹാളുകൾ നിർമ്മിക്കണം.

മേൽപ്പറഞ്ഞ മേഖലകളിൽ സമഗ്രവികസനം സാധ്യമാക്കാനും വിഭവസമാഹരണം ലഭ്യമാക്കാനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

# ഉപസംഹാരം

## ഇനിയും മുന്നോട്ട്.......

കാർഷികപുരോഗതിയിലൂടെ വളർന്ന ഒരു വ്യാവസായിക, സേവന മേഖലയാണ് നമുക്ക് വേണ്ടിയിരുന്നത്. എന്നാൽ ഗൾഫ് വരുമാനത്തിലധിഷ്ഠിതമായ ഒരു സമ്പദ്ഘടനയാണ് ഇവിടെ ഉള്ളത്. ഗൾഫ് വരുമാനം ശാശ്വതമല്ലെന്ന് പറയേണ്ടതില്ലല്ലോ. അങ്ങിനെവന്നാൽ ഈ വികസന റിപ്പോർട്ടിൽ പറഞ്ഞപോലെ പഞ്ചായത്തിലെ ഗൾഫ് വരുമാനം – വർഷംതോറും അഞ്ച് കോടി രൂപ നാട്ടിലെത്താതാകും. ദൈനംദിന ജീവിതംപോലും ദുസ്സഹമാക്കും. ഇതു മുന്നിൽക്കണ്ട് ബദൽസാധ്യതകൾ കണ്ടെത്തുകയാണ് ഈ ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. നമ്മുടെ പഞ്ചായത്തിൽ ഉല്പാദനമേഖലകളായ കാർഷിക വ്യവസായിക രംഗം വളരാനുള്ള ഒട്ടേറെ സാധ്യതകൾ ഈ വികസന രേഖയിൽ കാണുന്നുണ്ട്. ഇത് നിരവധി പുതിയ തൊഴിലുകൾ സൃഷ്ടിക്കും. ഈ പദ്ധതിയുടെ ശ്രദ്ധേയമായ ഒരു സവിശേഷതയാണ് പ്രാദേശിക വിഭവസമാഹരണം. പദ്ധതി വിഹിതത്തിന്റെ 25% നാം ജനപങ്കാളിത്തത്തോടെ സമാഹരിക്കും. അപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഒരുവർഷം വികസനപ്രവർത്തനങ്ങൾക്ക് 80 ലക്ഷത്തോളം രൂപ ചെലവഴിക്കും. അത് നമ്മുടെ പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം ഉയർത്തുന്ന യഥാർഥ വികസനത്തിന് വഴിതെളിക്കും. നവംബർ ഒന്നിന് – പുനരർപ്പണദിനത്തിൽ ജനപങ്കാളിത്തത്തോടെ നാം തുടങ്ങിവെച്ച വികസന പ്രവർത്തനങ്ങൾ തുടരേണ്ടിയിരിക്കുന്നു. ഇതുപോലെ നിരവധി പ്രവർത്തനങ്ങൾ ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്. ഗ്രാമീണ സമ്പത്തും അദ്ധ്വാനവും ബുദ്ധിയും ഒന്നിക്കുന്ന ഈ ഒമ്പതാം പദ്ധതിയിലൂടെ സാമ്പത്തിക സുസ്ഥിരതയുടെ ഒരു സ്വാശ്രയപഞ്ചായത്ത് നമുക്ക് സൃഷ്ടിക്കാം.

**സി. രാഘവൻ**
പ്രസിഡണ്ട്
വട്ടംകുളം ഗ്രാമപഞ്ചായത്ത്

വട്ടംകുളം,
30–11–'96

# ജില്ലാ പരിശീലനം ലഭിച്ചവർ

1. പി. എൻ. ദിവാകരൻ (കൺവീനർ)
2. സി. രാഘവൻ
3. എ. വി. ഇബ്രാഹിംകുട്ടി (മൂതൂർ ഇബ്രാഹിം)
4. വി. വി. ഹൈദരലി മാസ്റ്റർ
5. വി. എൻ. ദേവകി ടീച്ചർ
6. ആനന്ദവല്ലി ടീച്ചർ
7. എ. വേലായുധൻ നായർ
8. പി. അബ്ദുൾറസാക്ക്
9. കെ. കെ. ശങ്കരനാരായണൻ
10. വി. പി. നാരായണൻ
11. പി. അശോകൻ
12. പി. ജ്യോതിഭാസ്

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. **കൃഷിജലസേചനം**

പി. അബ്ദുൾറസാക്ക്
പ്രഭാകരൻനായർ
വി. വി. ഹരിദാസൻ
ചന്ദ്രൻ
വി. ബാലൻ

2. **മൃഗസംരക്ഷണം മത്സ്യബന്ധനം**

വി. പി. വേലായുധൻ
അച്ചുതൻ
എം. കെ. മൊയ്തു

3. **വ്യവസായം**

സി. രാമകൃഷ്ണൻ
കെ. പി. ആസാദ്
എ. ഗോപാകൃഷ്ണൻ
കെ. മനോഹരൻ
കെ. സദാനന്ദൻ

4. **വിദ്യാഭ്യാസം**

കെ. കെ. ശങ്കരനാരായണൻ
എ. വി. ഹംസത്തലി
പി. പി. രാമചന്ദ്രൻ

5. **ആരോഗ്യം കുടിവെള്ളം**

എ. വേലായുധൻനായർ
എം. കൃഷ്ണൻനായർ

6. **ഗതാഗതം ഊർജ്ജം**

സി. കെ. സുകുമാരൻ
ഇ. ടി. ഭാസ്കരൻ

7. **പാർപ്പിടം സാമൂഹ്യക്ഷേമം**

പി. കൃഷ്ണൻ
പി. ശശിധരൻ
എം. എം. രവീന്ദ്രൻ
എം. കെ. എം അലി
പി. എസ്. ശിവരാജൻ

8. **വനിത**

ആനന്ദവല്ലി അമ്മാൾ
കെ. കെ. ശ്രീദേവി
വി. പി. മാളുക്കുട്ടി
കെ. പി. ബേബി
സക്കീന കെ.

9. **സഹകരണം**

എ. വി. ഇബ്രാഹിംകുട്ടി
പി. അശോകൻ
പത്തിൽ അഷറഫ്

10. **സംസ്കാരം**

പി. എം പള്ളിപ്പാട്
ഡോഃ എസ്. എൻ. കുമരനല്ലൂർ
പി. വാസുദേവൻ നമ്പൂതിരി
വി. ടി. നന്ദകുമാർ
യം. പി. കൃഷ്ണൻ
പി. വി. നാരായണൻ

11. **പട്ടികജാതി ക്ഷേമം**

എം. പി. ഷാജി
വി. പി. കുട്ടിക്കരിയൻ
കുഞ്ഞൻ

12. **വിഭവസമാഹരണം**

സി. രാഘവൻ
ടി. പി. മുഹമ്മദ്
സി. കെ. സുകുമാരൻ
കെ. പി. മുഹമ്മദ്

**പത്രാധിപ സമിതി**

പി. ജ്യോതിഭാസ്, പി. പി. രാമചന്ദ്രൻ, പി. വി. നാരായണൻ, പി. എൻ. ദിവാകരൻ


മാ നിഷാദ



"ഏതൊരിന്ത്യയിൽ ഏതു ദരിദ്രനും ഇതെൻെറ രാജ്യമാണെന്ന ബോധമുണ്ടാകുമോ, ഏതൊരു രാജ്യത്തിൻെറ രൂപീകരണത്തിൽ അവർക്ക് ഫലപ്രദമായ പങ്കുണ്ടാകുമൊ, ഏതൊരു രാജ്യത്തിൽ ഉയർന്നവനെന്നും താഴ്ന്നവനെന്നുമുള്ള വ്യത്യാസം ഉണ്ടാവുകയില്ലയോ, ഏതൊരു രാജ്യത്തിൽ എല്ലാ സമുദായങ്ങളും പരിപൂർണ്ണമായ സൗഹാർദ്ദത്തോടുകൂടി അധിവസിക്കുമോ, അങ്ങനെയുള്ള ഒരിന്ത്യക്കുവേണ്ടി ഞാൻപ്രയത്നിക്കുന്നു. അതാണ് ഞാൻ സ്വപ്നം കാണുന്ന ഇന്ത്യ"

ഗാന്ധിജി



334

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## എടപ്പാൾ ഗ്രാമ പഞ്ചായത്ത്



## വികസന രേഖ

“നിങ്ങളുടെ ചിന്തയും പ്രവർത്തിയും
ഒന്നായിത്തീരട്ടെ, എല്ലാ
ഭിന്നതകളും മറന്ന് ഒന്നായി
പ്രവർത്തിക്കുവാൻ നിങ്ങൾക്കു
കഴിയട്ടേ ...”

*- ഋഗ്വേദം*

---

“ഇസ്ലാം എന്ന വാക്കിൻെറയർത്ഥം തന്നെ
‘കടപ്പെട്ടവൻ’ സ്വയം സമർപ്പിക്ക
പ്പെട്ടവൻ എന്നൊക്കെയാണ്. നാം
നിസ്വാർത്ഥമായി സ്വയം സമർപ്പിക്കണം.”

***-ഖുർ ആൻ***

---

“നിന്നെപ്പോലെ നിൻെറ
അയൽക്കാരനേയും
സ്നേഹിക്കുക ....”

***- ബൈബിൾ***

# ഒമ്പതാം പദ്ധതി

## ജനകീയ പദ്ധതി

# എടപ്പാൾ ഗ്രാമ പഞ്ചായത്ത്

## വികസനരേഖ



*ഒരച്ഛനമ്മക്കു പിറന്ന മക്കാം*

*ഓർത്താലൊരൊറ്റത്തറവാട്ടുകാർ നാം*

*നാഥൻെറ മുറ്റത്തു വിളഞ്ഞുനില്ക്കും*

*നന്മുന്തിരിക്കൊത്തു മനുഷ്യവർഗ്ഗം*

*- ഉള്ളൂർ*

## ജില്ലാ പരിശീലനം ലഭിച്ചവർ

1. വി.വി. രാമകൃഷ്ണൻ.
2. ടി.വി. ശൂലപാണി.
3. പി.പി. വാസുദേവൻ
4. കെ.വി. വിജയൻ.
5. കെ. കുഞ്ഞിപ്പ.
6. പി. ഗംഗാധരൻ മാസ്റ്റർ
7. ജയപ്രകാശൻ. വി.ടി.
8. ജയൻ. സി.വി.
9. സി.വി. ഹരിദാസൻ മാസ്റ്റർ.
10. എം.പി. ഗോപിനാഥൻ മാസ്റ്റർ,
11. ജയചന്ദ്രൻ. കെ.
12. കെ. ബാലൻ.
13. വി. രാമകൃഷ്ണൻ മാസ്റ്റർ.
14. സി. സദാനന്ദൻ മാസ്റ്റർ.
15. കെ. പ്രഭാകരൻ.


ഡി.ടി.പി. : പ്രിൻേറാഗ്രാഫിക്സ്, കുന്നംകുളം
പ്രിൻറിംഗ്: പ്രൈം ഓഫ്സെറ്റ് പ്രിൻേറഴ്സ്, കുന്നംകുളം

# എൻെറ രാജ്യം ഉണരണമേ ...!

എവിടെയാണോ മനസ്സ് നിർഭയമാകുന്നത്,
എവിടെയാണോ ശിരസ്സ് ഉയർന്നിരിക്കുന്നത്,
എവിടെയാണോ വിജ്ഞാനം സ്വതന്ത്രമാകുന്നത്,
എവിടെയാണോ ലോകം രാഷ്ട്രങ്ങളുടെ
ഇടുങ്ങിയ അതിരുകളായി മുറിക്കപ്പെടാതിരിക്കുന്നത്,
എവിടെയാണോ വാക്കുകൾ സത്യത്തിൻെറ -
അഗാധമായ കയങ്ങളിൽ നിന്ന് ആവിർഭവിക്കുന്നത്,
എവിടെയാണോ നിലയ്ക്കാത്ത കഠിനാദ്ധ്വാനം-
അതിൻെറ കൈകൾ പരിപൂർണതയിൽ അർപ്പിക്കുന്നത്
സ്വാതന്ത്ര്യത്തിൻെറ ആ മഹിതസ്വർഗത്തിലേക്ക്
ദൈവമേ, എൻെറ രാജ്യം ഉണരണേ... !

- രവീന്ദ്രനാഥ ടാഗോർ
(ഗീതാഞ്ജലി)

# എടപ്പാൾ ഗ്രാമ പഞ്ചായത്ത്




I പൊൽപ്പാക്കര
II പെരുംമ്പറമ്പ്
III പൊന്നാഴിക്കര
IV തുയ്യം
V തുയ്യം
IV എടപ്പാൾ അങ്ങാടി
VII വെങ്ങിനിക്കര
VIII അയിലക്കാട്
IX പൂക്കറത്തറ
X കോലളമ്പ്
XI കോലളമ്പ്

**കിഴക്ക്:**
വട്ടംകുളം പഞ്ചായത്ത്

**പടിഞ്ഞാറ്:**
ഈഴുവത്തുരുത്തി പഞ്ചായത്ത്

**വടക്ക്:**
തവനൂർ പഞ്ചായത്ത്

**തെക്ക്:**
ആലംകോട്, നന്നംമുക്ക് പഞ്ചായത്ത്

# ഉള്ളടക്കം


പേജ്

ആമുഖം

I. പഞ്ചായത്തിൻെറ ഭരണപരമായ ചരിത്രം

II. വികസനരേഖയിലേക്ക്

III. പൊതുവിവരങ്ങൾ

IV. സാമൂഹിക സാംസ്കാരിക ചരിത്രം

V. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

1. കൃഷിയും ജലസേചനവും ---------- 5
2. മത്സ്യബന്ധനം ---------- 20
3. മൃഗസംരക്ഷണം ---------- 22
4. ഗതാഗതം ---------- 24
5. കുടിവെള്ളവും പൊതുജനാരോഗ്യവും ---------- 28
6. മാർക്കറ്റ് ---------- 31
7. വ്യവസായം ---------- 33
8. ഊർജ്ജം ---------- 35
9. സംസ്കാരം ---------- 37
10. പാർപ്പിടം ---------- 39
11. സഹകരണം ---------- 40
12. ഗൾഫ് പുനരധിവാസം ---------- 45
13. ബാലപർവ്വം ---------- 46
14. വിഭവസമാഹരണം ---------- 48
15. വനിത ---------- 50
16. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം ---------- 52
17. വിദ്യാഭ്യാസം ---------- 56
18. സാമൂഹ്യക്ഷേമം ---------- 61
19. ഉപസംഹാരം ---------- 68

# എടപ്പാൾ ഗ്രാമ പഞ്ചായത്ത്



## ഭരണ സമിതി



പി. പത്മനാഭൻ (പ്രസിഡണ്ട്)



കെ. മുകുന്ദൻ
(സെക്രട്ടറി)



സി.വി. സുബൈദ
(വൈസ് പ്രസിഡണ്ട്)



എൻ.പി. നാസർ
(സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)

***മെമ്പർമാർ:***

| | | | |
|---|---|---|---|
| ശ്രീ സി. സുന്ദരൻ | ശ്രീമതി ഭവാനി അമ്മ | സി. രവീന്ദ്രൻ | ശ്രീമതി പി.പി. നളിനി |
| ശ്രീമതി സി. ശോഭന | ശ്രീ. കെ.വി. അബ്ദുള്ളക്കുട്ടി | ശ്രീ. കെ. കൃഷ്ണദാസ് | ശ്രീ. സി.വി. കുമാരൻ |

# ആമുഖം

സ്വാതന്ത്ര്യത്തിൻെറ 49 വർഷങ്ങാ നാം പിന്നിട്ടു.
ഭരണകൂടവും
ഉദ്യോഗസ്ഥ മേധാവിത്വവും തമ്മിലുള്ള
അവിശുദ്ധ കൂട്ടുകെട്ട്
നമ്മുടെ ജനാധിപത്യ സങ്കൽപ്പങ്ങളിൽ
നിഴൽ വീഴ്ത്തി.

കേന്ദ്ര സംസ്ഥാന ഭരണ കേന്ദ്രങ്ങളും
പഞ്ചായത്തുകളും
കേന്ദ്രീകൃത ആസൂത്രണത്തിലൂടെ
വികസന പദ്ധതികാ
ജനങ്ങളിലടിച്ചേൽപ്പിച്ചു.
സ്വതന്ത്ര ഭാരതത്തിൻെറ
സെക്കുലർ, ഡെമോക്രാറ്റിക്, സോഷ്യലിസ്റ്റ് പ്രതിബദ്ധത
സ്വാതന്ത്ര്യദിന സന്ദേശങ്ങളിൽ മാത്രമായി ചുരുങ്ങി.
ഈ അവസ്ഥ
നാം തന്നെ തിരുത്തുകയും
തിരിച്ചറിയുകയും വേണം.

ആസൂത്രണത്തിലും
വികസന പ്രവർത്തനത്തിലും
കക്ഷി-രാഷ്ട്രീയ ജാതി മതാദി ഭിന്നതകാക്കതീതമായി
നമുക്കൊരുമിക്കാനും
കൂട്ടായി ചിന്തിക്കാനും കഴിയും
ഒമ്പതാം പദ്ധതി
ജനകീയ പദ്ധതിയാക്കി മാറ്റുന്നതിലൂടെ
കേരള സർക്കാർ ലക്ഷ്യം വെക്കുന്നത് ഇതാണ്.

വികസന ചരിത്രത്തിലെ
സുപ്രധാനമായ ഒരധ്യായം നാം തുറക്കുകയാണ്.
സർക്കാരും ജനങ്ങളും തമ്മിലുള്ള
ഒരു പുത്തൻ കൂട്ടായ്മയിലൂടെ
നമ്മുടെ വികസന പ്രതിസന്ധികാക്ക്
പരിഹാരം കണ്ടെത്താനുള്ള കാൽവെപ്പാണിത്
ഈ ചുവട് നമുക്ക് പിഴയ്ക്കരുത്.

# പഞ്ചായത്തിന്റെ ഭരണപരമായ ചരിത്രം

പഞ്ചായത്ത് നിലവിൽ വന്നത് 1 - 1 - 1956 ലാണ്.

**ആദ്യ ഭരണ സമിതി അംഗങ്ങൾ :**

1. കെ. എം. നീലകണ്ഠൻ നമ്പൂതിരി (പ്രസിഡണ്ട്)
2. കെ.വി. കുഞ്ഞാപ്പ
3. കെ.എം. ബാപ്പു
4. പി. ശങ്കപ്പനായർ
5. പി.വി. നാരായണൻ
6. പി. കുട്ട്യാലി
7. പി. കുഞ്ഞിമാൻ
8. ഇ. യു. അപ്പുകുട്ടമേനോൻ

തുടർന്ന് ശ്രീ. പി.എം. കൃഷ്ണൻ നമ്പൂതിരിപ്പാട്, ശ്രീ. കെ. പവിത്രൻ വൈദ്യർ, ശ്രീ. എം. പി. ഹരിദാസൻ തുടങ്ങിയവരുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് ബോർഡ് പ്രവർത്തിക്കുകയുണ്ടായി. ഇന്ന്, ശ്രീ. പൊല്പാക്കര പത്മനാഭൻ അദ്ധ്യക്ഷനായുള്ള പഞ്ചായത്ത് ബോർഡാണ് ഭരണം നടത്തുന്നത്.

പഞ്ചായത്ത് രൂപംകൊണ്ടശേഷം അതിർത്തികളിൽ മാറ്റങ്ങളൊന്നും വന്നിട്ടില്ല. നിലവിലുള്ള അതിരുകൾ പഞ്ചായത്ത് ഭൂപടത്തിൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകൾ:

| | | |
|---|---|---|
| 1. വില്ലേജ് ഓഫീസ് | : | റവന്യൂവകുപ്പ് |
| 2. കൃഷിഭവൻ | : | കൃഷിവകുപ്പ് |
| 3. ICDS ഓഫീസ് | : | സാമൂഹ്യവികസന വകുപ്പ് |
| 4. എടപ്പാൾ ഗവ. ആശുപത്രി | : | ആരോഗ്യവകുപ്പ് |
| 5. ഹോമിയോ ഡിസ്പൻസറി | : | ആരോഗ്യവകുപ്പ് |
| 6. എ. ഇ. ഒ. ഓഫീസ് | : | വിദ്യാഭ്യാസ വകുപ്പ് |
| 7. ബ്ലോക്ക് റിസോഴ്സ് സെൻറർ | : | വിദ്യാഭ്യാസ വകുപ്പ് |
| 8. കെ. എസ്. ഇ. ബി. ഓഫീസ് (അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എൻജിനീയർ) | : | വിദ്യുച്ഛക്തി വിഭാഗം |
| 9. കനറാ ബാങ്ക്, എടപ്പാൾ | : | ധനകാര്യ സ്ഥാപനം. |

# വികസനരേഖയിലേക്ക്

താഴെ തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടു കൂടിയുള്ള ആസൂത്രണത്തിലൂടെയാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നത്. വികേന്ദ്രീകൃതമായ ആസൂത്രണ പ്രക്രിയയിലൂടെ ഗ്രാമങ്ങളുടെ സമഗ്ര വികസനമാണ് ഒമ്പതാം പദ്ധതികൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉദ്ദേശിക്കുന്നത്. ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ ഫലമായി രൂപംകൊണ്ട ഗ്രാമപഞ്ചായത്തുകളും മുൻസിപ്പൽ സമിതികളും നഗരസഭകളും ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു പുത്തൻ വികസന സംസ്കാരത്തിന് തുടക്കം കുറിക്കുകയാണ്. ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തുന്ന ഒമ്പതാം പദ്ധതിയുടെ അന്തസ്സത്ത ഇതാണ്.

ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി എടപ്പാൾ പഞ്ചായത്തിലെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. 96 സപ്തംബർ 22 മുതൽ ഒക്ടോബർ 2 വരെ എല്ലാ ഒഴിവു ദിവസങ്ങളിലും ഏതാനും പ്രവൃത്തി ദിവസങ്ങളിലുമായാണ് വിശേഷാൽ ഗ്രാമസഭകൾ നടന്നത്. ഓരോ ഗ്രാമ സഭകളിലും അതാതു വാർഡിന്റെ വികസന പ്രവർത്തനങ്ങളെ കുറിച്ച് ആവേശകരമായ ചർച്ചയും വിചിന്തനങ്ങളുമുണ്ടായി എന്നത് ഈ ഗ്രാമസഭകളുടെ നേട്ടമായിരുന്നു.

ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനുതകും വിധം വ്യത്യസ്ത ഗ്രൂപ്പുകളായി തിരിഞ്ഞാണ് ഗ്രാമസഭകളിൽ ചർച്ചകൾ നടന്നത്. ജില്ലാതല പരിശീലനം ലഭിച്ചവരും പഞ്ചായത്തുതല പരിശീലനം ലഭിച്ചവരും ഗ്രൂപ്പുചർച്ചകൾക്ക് നേതൃത്വം നൽകി.

വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നു വന്ന ചർച്ചകളെ ക്രോഡീകരിച്ചുകൊണ്ടും, സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ സ്ഥിതി വിവരക്കണക്കുകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടും വളരെ ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് തയ്യാറാക്കിയ വികസന രേഖയാണിത്. എടപ്പാൾ പഞ്ചായത്തിലെ എല്ലാ വാർഡുകളേയും ബന്ധപ്പെടുത്തി നാലു ഗ്രൂപ്പുകളായി തിരിഞ്ഞ് നടത്തിയ പഠന പര്യടന പരിപാടിയുടെ ഫലമായി ലഭിച്ച വിവരങ്ങളും കാരണവന്മാരുമായി നടത്തിയ അഭിമുഖങ്ങളും ഈ വികസന രേഖയിലെ വിലയിരുത്തലുകൾക്ക് സഹായകമായിട്ടുണ്ട്. കാർഷിക വ്യാവസായിക മേഖലകളിലൂന്നി നിന്നുകൊണ്ട് എടപ്പാൾ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഒമ്പതാം പദ്ധതിക്കാലത്ത് എന്തെല്ലാം ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ചുള്ള ഒരു സമീപന രേഖയാണ് ഇത്.

കുറഞ്ഞ സമയത്തിനുള്ളിൽ വളരെയേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തയ്യാറാക്കിയതായതിനാൽ ഇതിൽ വീഴ്ചകളും പോരായ്മകളും വന്നിട്ടുണ്ട്. പഞ്ചായത്തുതല വികസന സെമിനാറിലൂടെ ഉരുത്തിരിഞ്ഞു വന്ന ചർച്ചകളിലൂടേയും തുടർ പ്രവർത്തനങ്ങളിലൂടേയും ഈ റിപ്പോർട്ട് നമുക്ക് പരിപൂർണ്ണമാക്കാം.

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | എടപ്പാറം ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | : | എടപ്പാൾ, കോലൊളമ്പ് |
| ബ്ലോക്ക് പഞ്ചായത്തു ഡിവിഷനുകൾ | : | അയിലക്കാട് (ജനറൽ) |
| | | പെരുമ്പറമ്പ് (പട്ടികജാതി സംവരണം) |
| ജില്ല | : | മലപ്പുറം |
| താലൂക്ക് | : | പൊന്നാനി |
| ലോകസഭാമണ്ഡലം | : | പൊന്നാനി |
| അസംബ്ലി മണ്ഡലം | : | പൊന്നാനി |
| വിസ്തീർണ്ണം | : | 9.26 ചതുരശ്ര മൈൽ (22.28 ചതുരശ്ര കി.മീ.) |
| ജനസംഖ്യ | : | 27817 (1991 സെൻസസ്) |
| | | 30, 190 (93 ലെ ജില്ലാ സാക്ഷരതാ സർവ്വേ) |
| വാർഡുകളുടെ എണ്ണം | : | 11 |
| പഞ്ചായത്തു പ്രസിഡണ്ട് | : | ശ്രീ. പി. പത്മനാഭൻ |
| വൈസ് പ്രസിഡണ്ട് | : | ശ്രീമതി സി.വി. സുബൈദ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : | ശ്രീ. എൻ. പി. നാസർ |
| അംഗങ്ങൾ | : | ശ്രീ. സി. രവീന്ദ്രൻ |
| | | ശ്രീ. സി. സുന്ദരൻ |
| | | ശ്രീമതി പി. പി. നളിനി |
| | | ശ്രീമതി സി. ശോഭന |
| | | ശ്രീ. കെ. വി. അബ്ദുള്ളക്കുട്ടി |
| | | ശ്രീ. കെ. കൃഷ്ണദാസ് |
| | | ശ്രീ. സി. വി. കുമാരൻ |

# സാമൂഹിക സാംസ്കാരിക ചരിത്രം

വാമൊഴികളിൽ പെരുമയും പ്രശസ്തിയുമുള്ള ഒരു പ്രദേശമാണ് എടപ്പാൾ. അനേകായിരം വർഷങ്ങൾക്കു മുമ്പുള്ള രേഖകളില്ലാത്ത ചരിത്രത്തിൻെറ അവകാശികളാണ് എടപ്പാളുകാർ. ഇടയ്ക്കുള്ള പാളയമാണത്രെ ഇടപ്പാളായത്. പാളയമെന്നതിന് സൈനിക കേന്ദ്രമെന്നും നഗരമെന്നും അർത്ഥമുണ്ട്. ഇടപ്പാളിൻെറ ഭൂമിശാസ്ത്രവും വാമൊഴികളും പരിശോധിക്കുമ്പോൾ ഈ രണ്ടർത്ഥങ്ങൾക്കും പ്രസക്തിയുമുണ്ട്. ഇടപ്പാളും എടപ്പാളും ഒന്നു തന്നെയാണ്. ഇകാരവും എകാരവും മാറി മാറി ഉപയോഗിക്കുമെന്നു മാത്രം.

മാണൂർക്കുന്നിനും മൂക്കോലക്കുന്നിനും ഇടയ്ക്കുള്ള മറ്റൊരു കുന്നായിരുന്നു ഇത്. കുന്നത്തുനാടെന്നറിയപ്പെട്ടിരുന്ന ഒരു വലിയ ഭൂവിഭാഗവും നാടുവാഴി കുടുംബവും ഇവിടെയുണ്ടായിരുന്നു. കോട്ടക്കുന്നും കോട്ടയുടേതെന്ന് അനുമാനിക്കാവുന്ന അവശിഷ്ടങ്ങളും കഴുമരമുണ്ടായിരുന്നുവെന്ന് പഴമക്കാർ പറയുന്ന സ്ഥലവും ഇവിടെയുണ്ട്. പട കുടീരങ്ങൾക്കും പടയോട്ടങ്ങൾക്കും നെഞ്ചു കാണിച്ച ഈ ഭുവിഭാഗത്തിന് ചരിത്രാതീതം എന്നു വിശേഷിപ്പിക്കാവുന്ന കഥകളും ഐതിഹ്യങ്ങളുമുണ്ട്.

പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ എന്നീ പ്രദേശങ്ങളുൾപ്പെട്ടിരുന്ന വള്ളുവനാടിൻെറ പഴങ്കഥകളിൽ ഒരിടപ്പാളയം ഉണ്ടാവാനാണിട. ചൊവ്വര (ശുകപുരം) ഗ്രാമവുമായി ബന്ധപ്പെട്ട ബ്രാഹ്മണ കലാപത്തിനും എടപ്പാൾ സാക്ഷിയായിട്ടുണ്ട്. (ശുകപുരം ഇപ്പോൾ വട്ടംകുളം പഞ്ചായത്തിലാണെങ്കിലും എടപ്പാളുമായി ബന്ധമുണ്ട്.) പന്നിയൂർ ഗ്രാമക്കാരും ശുകപുരം ഗ്രാമക്കാരും തമ്മിലുണ്ടായ വഴക്ക്ശൈവ വൈഷ്ണവ സംഘട്ടനമായും ചിത്രീകരിക്കപ്പെടുന്നുണ്ട്. ഈ കലാപത്തിൽ വള്ളുവക്കോനാതിരി ശുകപുരം ഗ്രാമക്കാരുടെ പക്ഷത്തും കോഴിക്കോട് സാമൂതിരി പന്നിയൂർ ഗ്രാമക്കാരുടെ പക്ഷത്തുമായിരുന്നു. പന്നിയൂർക്കാരുടെ രക്ഷിതാവും പൊന്നാനിയുടെ രാജാവുമായിരുന്ന തിരുമനശ്ശേരി നമ്പൂതിരി സഹായത്തിന് പ്രതിഫലമായി പൊന്നാനിയുടെ മേൽക്കോയ്മ നൽകി. ചക്രവർത്തി പദത്തിന് വേണ്ടി സാമൂതിരി പടയോട്ടം നടത്തിയപ്പോൾ പൊന്നാനി മുതൽ ചേറ്റുവാ വരെയുള്ള തലപ്പിള്ളി രാജ്യവും സാമൂതിരിക്ക് കീഴിലായി. പെരുമ്പടപ്പു രാജ്യത്തിൻെറ ചിത്രകൂടവും സാമൂതിരി കയ്യടക്കി.

വള്ളുവ ക്കോനാതിരിയുടെ പരാജയത്തിനുശേഷം ഇവിടെ സാമൂതിരിയുടെ ഭരണം നടന്നിട്ടുണ്ട്. ഇവരിലേതെങ്കിലും രാജവംശങ്ങളുടേയോ, അതിനും മുമ്പ് പെരുമാക്കന്മാരുടെ കാലത്ത് ഭരണ നിയന്ത്രണമുണ്ടായിരുന്ന നമ്പൂതിരി മേധാവിത്ത കാലത്തോ ഇവിടെ സൈനിക കേന്ദ്രമുണ്ടായിരിക്കുമെന്ന് വിശ്വസിക്കാൻ തെളിവുകളുണ്ട്.

സൈനികത്താവളമായിരിക്കാനിടയുള്ള കോട്ടക്കുന്നിനോട് ബന്ധപ്പെട്ടു തന്നെയാണ് തളി ക്ഷേത്രവും വിഷ്ണുക്ഷേത്രവും (കൊടലിൽ അമ്പലം) ഭഗവതി ക്ഷേത്രവും (കുളങ്കര) സ്ഥിതി ചെയ്യുന്നത്. ശുകപുരം ക്ഷേത്രവും നാടുവാഴികൾക്കൂരായ്മയുണ്ടായിരുന്ന ചമ്പ്രമാണം ക്ഷേത്രവും ഇതിനു സമീപം തന്നെയാണ്. ശുകപുരം, കുളങ്കര, ചമ്പ്രമാണം എന്നിവ എടപ്പാൾ പഞ്ചായത്തിലല്ലെങ്കിലും കോട്ടക്കുന്നുമായി ബന്ധപ്പെട്ട ഭൂവിഭാഗമായതിനാൽ ചരിത്ര വിശകലനത്തിന് ഇവയെക്കൂടി കണക്കിലെടുക്കണം. ഈ ചരിത്ര സാധ്യതകൾ പരിഗണിക്കുമ്പോൾ ഒരു സൈനികത്താവളമെന്ന നിലയിൽ ഇടക്കുള്ള പാളയമായിരിക്കാം ഇടപ്പാൾ.

മലബാർ മേഖലയിലെ ഏറ്റവും പഴക്കമുള്ള അങ്ങാടികളിലൊന്ന് എടപ്പാളായിരുന്നുവത്രെ. (ഇന്നത്തെ എടപ്പാൾ അങ്ങാടി) കാർഷികോൽപ്പന്നങ്ങളുടേയും മലഞ്ചരക്കുകളുടേയും പ്രധാന വിപണന കേന്ദ്രവും സംഭരണ സംസ്കരണ കേന്ദ്രവും എടപ്പാളായിരുന്നു. കായലുകളിലൂടെ തോണിമാർഗ്ഗം എടപ്പാളിലെത്താൻ സൗകര്യവുമായിരുന്നു. പൊന്നാനി തുറമുഖമായി വികസിക്കുന്നതിനു മുമ്പ് എടപ്പാളിനായിരുന്നു കച്ചവട പ്രാധാന്യമെന്ന് പറയപ്പെടുന്നു. ആധുനിക കാലത്ത് കുറ്റിപ്പുറം പാലം വന്നതോടെ എടപ്പാൾ അങ്ങാടിയുടെ പ്രാധാന്യം നഷ്ടപ്പെട്ടു. ഈ നിലയിൽ മുൻകാലങ്ങളിൽ ഇടയ്ക്കുള്ള നഗരം (വിപണന കേന്ദ്രം) എന്ന അർത്ഥത്തിലും ഇടപ്പാളിന് വ്യാഖ്യാനമുണ്ട്.

കായലുകളും കുന്നുകളും ഒരു പ്രത്യേകതരം മനുഷ്യാധിവാസ കേന്ദ്രമായി എടപ്പാളിനെ മാറ്റിയിട്ടുണ്ടാകാം. റോഡുകളും പെരുവഴികളുമില്ലാതെ ഒറ്റപ്പെട്ട തറകളും കരകളുമായിരിക്കാം എടപ്പാളിലാദ്യം രൂപപ്പെട്ടത്. എലിയത്തുതറയും, പൊൽപ്പാക്കരയും, പുതുക്കരയും (പൂക്കരത്തറ) ഉദിനിക്കര കുന്നും, പൊൻകുന്നും, ചേരിങ്ങൽ കുന്നും, കൊടലിൽ കുന്നും (കോട്ടക്കുന്ന്, വെങ്ങിനിക്കര) രൂപംകൊണ്ട

തിങ്ങനെയായിരിക്കാം. പിൽക്കാലത്ത് ഭരണം ബ്രാഹ്മണരിലേക്ക് മാറിയപ്പോൾ ബ്രാഹ്മണ ഗ്രാമവും (ചൊവ്വര) ക്ഷേത്രങ്ങളും അതിനോടനുബന്ധിച്ച് ജനകേന്ദ്രങ്ങളും രൂപം കൊണ്ടിട്ടുണ്ടാകാം. ഊരും ഊരാളരും സഭകളും ബ്രഹ്മസ്വവും ദേവസ്വവും ആവിർഭവിച്ചതിൻെറ ചരിത്രം ഇതാണ്. ഏതു തരത്തിലായാലും എടപ്പാളിൻെറ ചരിത്രാന്വേഷണത്തിന് പുരാവസ്തു ഗവേഷകരും ചരിത്ര പണ്ഡിതന്മാരും നരവംശ ശാസ്ത്രജ്ഞന്മാരും തയ്യാറായാൽ ഇവിടെ നിന്ന് പലതും ഗണിച്ചെടുക്കാനാവും.

ആദിഗോത്രങ്ങളുടെ വംശ ഗാഥകൾ പാടുന്ന പട്ടിക ജാതിക്കാർ, കാവുകൾക്ക് സംരക്ഷകരായിരുന്ന തിയ്യാട്ടു നടത്തിയിരുന്ന തിയ്യന്മാർ, നാടുവാഴികൾ, ബ്രാഹ്മണന്മാർ, മുസ്ലീങ്ങൾ തുടങ്ങി നിരവധി തദ്ദേശീയരുടേയും കുടിയേറ്റക്കാരുടേയും നാടാണ് എടപ്പാൾ.

സാമൂഹ്യ പരിവർത്തനങ്ങളുടെ ഭിന്ന ദശകളിൽ എടപ്പാളിൻെറ സംഭാവനകൾ ചരിത്രത്തിലെഴുതപ്പെട്ടവയാണ്. സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കെതിരെ നടന്ന സംഘടിത മുന്നേറ്റങ്ങളിലും ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിലും ദേശീയ സമരത്തിലും എടപ്പാളിലെ കർഷകരും തൊഴിലാളികളും വൻ സംഭാവനകൾ നൽകിയിട്ടുണ്ട്. ഹരിജനോദ്ധാരണ പ്രവർത്തനമായിരുന്നു ഇവയിൽ ഏറ്റവും ശ്രദ്ധേയം. പള്ളശ്ശേരി തുപ്രൻ, എടപ്പാളിനും കേരളത്തിനും സമാദരണീയനായിരുന്ന മുൻ എം.എൽ.എ. ഇ. ടി. കുഞ്ഞൻ തുടങ്ങിയവർ ഹരിജൻ മേഖലയിലെ പ്രഗത്ഭരും പ്രശസ്തരുമായിരുന്നു.

ദേശീയ സമരത്തിൻെറ ഭാഗമായി വളർന്ന ഹരിജനോദ്ധാരണ പ്രവർത്തനത്തിനും കോൺഗ്രസ് പ്രവർത്തനത്തിനും ആദ്യകാലങ്ങൾ നേതൃത്വം നൽകിയത് സി.പി. കൃഷ്ണൻ നായർ, മാധവനെഴുത്തച്ഛൻ, ഇ.യു.ജി. മേനോൻ, പി.എം. കൃഷ്ണൻ നമ്പൂതിരിപ്പാട് തുടങ്ങിയവരായിരുന്നു. സി.പി. കൃഷ്ണൻ നായർക്ക് സ്വാതന്ത്ര്യസമര പെൻഷനും ലഭിച്ചിരുന്നു.

ആദ്യകാലത്ത് കോൺഗ്രസ്സിൻേറയും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും പ്രവർത്തനങ്ങൾ ശക്തമായതോടെ കർഷക സമരങ്ങളും തൊഴിലാളി സമരങ്ങളും ഇവിടെ ശക്തി പ്രാപിച്ചു. എടപ്പാളിൻെറ പ്രബുദ്ധമായ രാഷ്ട്രീയ സംസ്കാരത്തിന് ഈ പ്രസ്ഥാനങ്ങളുടെ സംഭാവനകൾ അവിസ്മരണീയമാണ്.

കണ്ണേങ്കായലിൽ ഭക്ഷണക്കമ്മറ്റി കൂട്ടുകൃഷിയായി കൃഷി നടത്തിയതും പകുതി വാരം കിട്ടുന്നതിന് ജന്മിയായ കൂടല്ലൂർ നമ്പൂതിരിയോട് സമരം ചെയ്ത് നെല്ല് കൊയ്തെടുത്തതും ബീഡിത്തൊഴിലാളി സമരവും ട്രാക്ടർ സമരവും മിച്ചഭൂമി സമരവുമൊക്കെ ഇവിടത്തെ കാരണവന്മാർ ആവേശപൂർവ്വം നമുക്ക് പറഞ്ഞുതരും. കമ്യൂണിസ്റ്റ് നേതാക്കളിൽ പലരുടേയും ആത്മകഥകളിലും അനുഭവങ്ങളിലും ഈ സമര ചരിത്രമുണ്ട്. കമ്യൂണിസ്റ്റുകാർ ഒളിവിലായിരുന്നപ്പോൾ എടപ്പാളിലെ ഹരിജനങ്ങളായ തൊഴിലാളികൾ അവരെ കണ്ണിലെ കൃഷ്മണിപോലെ കാത്തു സൂക്ഷിച്ചതിൻെറ വീരകഥകൾ ഹരിജനങ്ങൾക്കിടയിൽ പാട്ടാണ്. ഇ.എം.എസ്, ഇമ്പിച്ചി ബാവ തുടങ്ങിയവർക്ക് അഭയകേന്ദ്രമായിരുന്നു അന്ന് എടപ്പാളിലെ ഹരിജൻ മേഖലകളും, കർഷക കുടുംബങ്ങളും. ഇവിടെ ആദ്യകാലത്ത് കോൺഗ്രസ് പ്രസ്ഥാനത്തിനും പിന്നീട് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ഊടും പാവും നൽകി ശക്തിപ്പെടുത്തിയവരിൽ പ്രധാനി ഇ.യു.ജി. മേനോനായിരുന്നു. അദ്ദേഹത്തിൻെറ പാദസ്പർശമേൽക്കാത്ത ഒരിഞ്ചു മണ്ണും അദ്ദേഹത്തിൻെറ ത്യാഗസ്മരണകളയവിറക്കാത്ത മുപ്പതു കഴിഞ്ഞ മനുഷ്യരും പഴയ പാലക്കാടു ജില്ലയിലെ പൊന്നാനി താലൂക്കിലുണ്ടാവില്ല. 80-82 കാലങ്ങളിൽ പൊന്നാനി എം.എൽ.എ. ആയിരുന്ന കെ. ശ്രീധരൻ ഇപ്പോൾ എടപ്പാൾ നിവാസിയും സി.പി.ഐ.(എം) പ്രവർത്തകനുമാണ്.


പ്രാചീന കാലം മുതൽ തന്നെ മതസൗഹാർദ്ദത്തിൻേറയും സാഹോദര്യത്തിൻേറയും ഉന്നത ചിന്തകൾക്ക് ഉം പ്രേരകമായിരുന്നു ഇവിടത്തെ ജനങ്ങളുടെ ജീവിതരീതി. മുസ്ലീങ്ങളായിരുന്നു ആദ്യകാലത്തെ കച്ചവട പ്രമുഖർ. പിന്നീട് പട്ടന്മാരും ഇവിടെ കച്ചവടത്തിനെത്തിയിട്ടുണ്ട്. അങ്ങാടിയിലിന്നുള്ള പട്ടന്മാരങ്ങാടിയും പഴയങ്ങാടിയും വെറ്റിലത്തെരുവും പഴയകാല പ്രതാപത്തിൻെറ ഓർമ്മകളുണർത്തുന്നവയാണ്. ഓണക്കാലത്തെ പൂരാടവാണിഭം പ്രത്യേകം പ്രാധാന്യമർഹിക്കുന്നതും കാർഷിക സമൃദ്ധിയുടേയും കച്ചവട പ്രശസ്തിയുടേയും തെളിവുമാണ്.

ബ്രാഹ്മണനും, നായരും, തിയ്യനും, മുസ്ലീമും, ക്രിസ്ത്യാനിയും ഇവിടത്തെ കൃഷിയിലും വ്യവസായത്തിലും നേതൃത്വം നൽകിയിട്ടുണ്ട്. കണ്ണേങ്കായലിനെ ഇന്നത്തെ രീതിയിൽ കൃഷിഭൂമിയാക്കിയത് അക്കരപ്പറ്റി അയ്പ്പുണ്ണി ദേവസ്സി എന്ന ക്രിസ്ത്യാനിയായിരുന്നു. ജാതീയമോ മതപരമോ ആയ അതിരുകളില്ലാത്ത സഹവർത്തിത്വം ഇന്നും അഭിമാനകരമായ രീതിയിൽ ഇവിടെയുണ്ട്. ജാതിമതാദി വിഭാഗീയതകൾ കടന്നു വരാതിരിക്കത്തക്കവണ്ണം ഇവിടത്തെ സാംസ്കാരിക പാരമ്പര്യം ഇഴയടുപ്പമുള്ളതാണ്.

വിദ്യാഭ്യാസ രംഗത്തും ഇവിടെ വൻ പുരോഗതി സ്വാതന്ത്ര്യത്തിനു മുമ്പു മുതൽ കൈവന്നിട്ടുണ്ട്. 1957 - ൽ സ്ഥാപിച്ച എടപ്പാൾ ഹൈസ്കൂളിനാവശ്യമായ മുഴുവൻ സ്ഥലവും സൗജന്യമായി നൽകിയത് പുഴമ്പുറത്ത് മനക്കാരായിരുന്നു.

വായനശാലകളും സാംസ്കാരിക സ്ഥാപനങ്ങളും, കളിയും, കളിക്കൂട്ടവും, മുമ്പു മുതൽ തന്നെ ഇവിടെയുണ്ടായിരുന്നു. പൊതുവിൽ കഴിഞ്ഞ കാല നേട്ടങ്ങൾ നിലനിർത്തുന്നതോടൊപ്പം ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്കാരം ഇവിടെയുണരുമ്പോൾ നാമിനിയും അഭിമാനകരമായ പങ്ക് നിർവ്വഹിക്കുമെന്ന് തീർച്ചയാണ്.

# ചരിത്രത്തിലൂടെ ......



ടിപ്പുസുൽത്താൻ ആയുധങ്ങൾ സൂക്ഷിച്ചിരുന്ന കിണർ
(വെങ്ങിനിക്കരയിലെ കോട്ടകുന്നിൽ)



നാട്ടുരാജാക്കന്മാർ പ്രതികളെ കഴുമരത്തിൽക്കയറ്റിയെന്ന
ചരിത്ര പശ്ചാത്തലത്തിന്റെ നൂതന മുഖം
(പൂക്കറത്തറയ്ക്കു സമീപം)



കിടങ്ങുകീറി കോട്ടയ്ക്ക് സുരക്ഷിതത്വം
നൽകിയ ചരിത്രത്തിന് ......
(അയിലക്കാട് കോട്ടമുക്കിന് സമീപം)



കോട്ട പണിയുവാൻ ശ്രമിച്ച അടിത്തറയുടെ കുറച്ച് ഭാഗം
(അയിലക്കാട് കോട്ടമുക്കിന് സമീപം)

349



ഭരണസമിതിയോഗം - ഒരു ദൃശ്യം



വായനശാല ● ഗ്രന്ഥശാല ● സാക്ഷരതാ കേന്ദ്രം

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

അറബിക്കടലിൽ നിന്ന് സുമാർ 7 കിലോമീറ്റർ കിഴക്കു മാറിയും ഭാരതപ്പുഴയിൽ നിന്ന് 6 കിലോമീറ്റർ തെക്കു കിഴക്കുമായി കിടക്കുന്ന മധ്യസമതല (Midland) ഭൂപ്രകൃതി യാണ് എടപ്പാളിന്റേത്. കുന്നുകളും വയലുകളും കായലു കളും നിറഞ്ഞതാണ് ഈ പ്രദേശം. ഉയർന്ന കുന്നുകളും സമ തലങ്ങളും ചെരിവുതലങ്ങളും ഇവിടെയുണ്ട്.

കിഴക്കു നിന്ന് പടിഞ്ഞാറോട്ടും-ചുങ്കം മുതൽ എലി യത്തു തറ പാലം വരെ - ചെരിഞ്ഞാണ് ഭൂമിയുടെ കിടപ്പ്. പെരുമ്പറമ്പ് പൊൽപ്പാക്കര പ്രദേശങ്ങളും അയിലക്കാടും സമതലങ്ങളാണ്. പൂക്കരത്തറ കോലൊളമ്പ് എന്നീ തെക്കൻ മേഖലകൾ ഉയർന്ന സമതല പ്രദേശങ്ങളാണ്.

. ബിയ്യം കായലിനോടു ചേർന്നു കിടക്കുന്ന പാടങ്ങളി ലും പറമ്പുകളിലും കിളയ്ക്കുന്ന അവസരങ്ങളിൽ പഴയ മരങ്ങൾ (പൂതക്കുറ്റി) കിട്ടാറുണ്ട്. ഇപ്രകാരം കിട്ടുന്ന പൂത ക്കുറ്റികൾക്കു സമീപത്തു നിന്നും ധാരാളം കക്കകളുടെ ശേഖരവും കിട്ടാറുണ്ടത്രെ. സമീപകാലത്ത് പുഴങ്ങാട് ഭാഗത്ത് കിളക്കുമ്പോൾ കണ്ട മരം അതിന്റെ വലുപ്പം കൊണ്ട് ഈർന്നു മാറ്റുകയാണുണ്ടായത്. ഈ പ്രത്യേകത മുൻകാലങ്ങളിലിവിടമാകെ നിബിഡവനമായിരുന്നു എന്നൂ ഹിക്കാനുള്ള തെളിവു നൽകുന്നു. പണ്ടുപണ്ടെന്നോ ഇവി ടെ ഭൂകമ്പമുണ്ടായി ഭൂമി താഴുകയും ജലം കയറുകയും ചെയ്തതായിരിക്കാം.

പ്രകൃതി സുന്ദരമായ കായൽ പ്രദേശങ്ങളുള്ള ഈ നാടിന് ആകർഷണീയമായ ചാരുതയുണ്ട്. അയിലക്കാടി ടുത്തുള്ള 'കാക്കത്തുരുത്ത്' എന്ന ദ്വീപ് വിനോദ സഞ്ചാര കേന്ദ്രമാക്കാൻ സാധ്യതയുള്ളതാണ്.

അതിരുകൾ: കിഴക്ക് വട്ടംകുളം പഞ്ചായത്ത്. പടിഞ്ഞാറ് ഈഴവത്തിരുത്തി പഞ്ചായത്ത്, തെക്ക് നന്നംമുക്ക് ആല ങ്കോട് പഞ്ചായത്തുകൾ, വടക്ക് തവനൂർ പഞ്ചായത്ത്.
കായലുകൾ : പഞ്ചായത്തിന്റെ പടിഞ്ഞാറ് ബിയ്യം കായൽ, വടക്ക് ആലേക്കായലും മാണൂർക്കായലും, തെക്ക് ഒളമ്പക്കാ യലും തെക്കുപടിഞ്ഞാറായി പുഴങ്ങാട്ടുകായലും കോട്ടി യാട്ടുകായലും സ്ഥിതിചെയ്യുന്നു.

താഴെ പറയുന്ന തരത്തിൽ ഭൂവിഭാഗങ്ങളായി എടപ്പാളി നെ തരംതിരിക്കാം.

1. കുന്നുകൾ
2. ചെറു ചെരിവു തലം
3. ഇടത്തരം ചെരിവുതലം
4. സമതലം
5. താഴ്‌വര

**മൺതരങ്ങൾ**

പഞ്ചായത്തിൽ വെള്ളം കൂടുതലുള്ള പാടശേഖര ങ്ങളിൽ ചെളിപ്പറ്റു കൂടുതലാണ്. (എക്കൽ മണ്ണ്) കുന്നിൻ പ്രദേശങ്ങളുടെ ചുറ്റിലുമുള്ള പാടങ്ങൾ മണ്ണും മണലും കലർന്നവയാണ്. കായലുകളോട് ചേർന്ന ഉയർന്ന പാട ങ്ങളിൽ ചരലും മണൽപ്പറ്റുമുള്ള മണ്ണാണ്. കായലുകളോട് ചേർന്ന തറകളിൽ മണൽ കലർന്ന ചുകന്ന മണ്ണാണ് കോ ൾകൃഷി മേഖലയിൽ നിന്നകലും തോറും മണ്ണിന്റെ കാഠി ന്യം കൂടിവരുന്നു. കുന്നിൻ പ്രദേശങ്ങളിൽ ചരൽ കലർന്ന മണ്ണും ചെങ്കൽപ്പാറകളും ധാരാളമുണ്ട്.

**ജനപ്രകൃതി**

| | | |
|---|---|---|
| മൊത്തം ജനസംഖ്യ | - | 30,190 |
| പുരുഷൻമാർ | - | 14,661 |
| സ്ത്രീകൾ | - | 15,529 |
| ആകെ വീടുകൾ | - | 4,447 |
| ജനസാന്ദ്രത | - | 1,249 |

വാർഡു തലത്തിൽ ജനപ്രകൃതി ഇപ്രകാരം രേഖ പ്പെടുത്തുന്നു.

| വാർഡ് | പു | സ്ത്രീ | ആകെ | രണ്ടു വയസ്സിനു താഴെ | |
|---|---|---|---|---|---|
| 1. | 863 | 885 | 1748 | 54 | |
| 2. | 1258 | 1625 | 2883 | 175 | |
| 3. | 914 | 1072 | 1986 | 46 | |
| 4. | 1117 | 994 | 2111 | 65 | ആകെ : |
| 5 | 1031 | 1038 | 2069 | 60 | ആൺ - 14661 |
| 6. | 1292 | 1448 | 2740 | 82 | പെൺ - 15529 |
| 7. | 1916 | 1797 | 3713 | 87 | 30190 |
| 8. | 2343 | 2640 | 4983 | 81 | രണ്ടു വയസ്സിനു |
| 9. | 1296 | 1421 | 2717 | 138 | താഴെ - 896 |
| 10. | 1578 | 1508 | 3086 | 66 | |
| 11. | 1053 | 1101 | 2154 | 42 | |

വിദ്യാഭ്യാസപരമായി മലപ്പുറം ജില്ലയിൽ മുൻപന്തിയിൽ നില്ക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് എടപ്പാൾ. മുസ്ലീം

വിഭാഗങ്ങളിൽ നിന്ന് അടുത്ത കാലത്ത് മാത്രമാണ് ഉന്നത വിദ്യാഭ്യാസത്തിന് കുട്ടികളെ അയച്ചു തുടങ്ങിയത്. പ്രത്യേകിച്ച് പെൺകുട്ടികളെ. മുസ്ലീം സമുദായത്തിൽ നിന്ന് എസ്.എസ്.എൽ.സി. പാസ്സാകുന്ന കുട്ടികളുടെ എണ്ണം കൂടി വരുന്നുണ്ട്. എടപ്പാഠം പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സൗകര്യം തീരെ ഇല്ല. അതുകൊണ്ടു തന്നെ എസ്.എസ്.എൽ.സി. വിജയിച്ച വിദ്യാർത്ഥികരം പോലും വർക്കുഷോപ്പുകളിലേക്കും മറ്റു കൈത്തൊഴിലുകളിലേക്കും പോകുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനം മുഖ്യമായും ഗഠഫിൽ നിന്നുള്ള പണമൊഴുക്കാണ്. എന്നാൽ ഇന്ന് ഗഠഫിൽ ജോലി നോക്കിയിരുന്നവർ വ്യാപകമായി മടങ്ങിവരികയാണ്. ഇത് വലിയ ആശങ്ക ഉണർത്തുന്നുണ്ട്. ഈ പ്രശ്നത്തെപ്പറ്റി 'ഗഠഫ് പുനരധിവാസം' എന്ന അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

ആദ്യകാലങ്ങളിൽ ജാതീയമായ അസമത്വങ്ങരം നിലനിന്നിരുന്നു. എന്നാൽ അതിനെതിരായി സാമൂഹ്യ പരിഷ്കർത്താക്കരം സാധാരണക്കാരിൽ നിന്നുതന്നെ മുന്നോട്ടു വന്നിട്ടുണ്ട്. ഗുരുവായൂർ സത്യാഗ്രഹകാലത്ത് ആദ്യമായി ക്ഷേത്രക്കുളത്തിലിറങ്ങി കുളിച്ചത് ഹരിജൻ വിഭാഗക്കാരെ സംഘടിപ്പിച്ചത് ഹരിജനായ ശ്രീ. പള്ളശ്ശേരി തുപ്രനായിരുന്നു. ഇത് ഒരു ഉദാഹരണം മാത്രം. ഇത്തരത്തിൽ മനുഷ്യ സ്നേഹത്തേയും അവകാശ സമരങ്ങളേയും ഉജ്ജ്വലമാക്കിയ ചരിത്രം ഈ പഞ്ചായത്തിനുണ്ട്. ഇക്കാര്യം സാമൂഹിക - സാംസ്കാരിക ചരിത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## ജലപ്രകൃതി

കാർഷിക മേഖലക്കനുയോജ്യമായ കാലാവസ്ഥയാണ് ഇവിടെ. (Agro Climate Zone) കാലവർഷത്തേയും തുലാവർഷത്തേയും ആശ്രയിച്ചാണ് ജലത്തിൻെറ ലഭ്യത. ഈ രണ്ടു കാലങ്ങളിലുമായി ലഭിക്കുന്ന ശരാശരി മഴയുടെ തോത് കൂടിയത് 31.57 സെ.മീറ്ററും കുറഞ്ഞത് 23.43 സെ.മീറ്ററുമാണ്.

എന്നാൽ ഈ ജലം മുഴുവൻ താഴ്ന്ന പ്രദേശങ്ങളിലേക്കൊഴുകി കടലിലേക്കെത്തുന്ന കാഴ്ചയാണ് ഇന്നുള്ളത്. പരമ്പരാഗത ജലസംരക്ഷണോപാധികരം നശിച്ചുപോയിരിക്കുന്നു. പഴയ കാലത്തുണ്ടായിരുന്ന കുളങ്ങളും കിണറുകളും തോടുകളും ഇന്നില്ല. കുന്നുകരംക്കു താഴെയായും ചെരിവു തലങ്ങളിലും ധാരാളമായി നിർമ്മിച്ചിരുന്ന കുളങ്ങരം അമിത ലാഭത്തിനും അധിക വിലക്കും വേണ്ടി തൂർത്തു പോയിരിക്കുന്നു. പാർപ്പിടത്തിനുവേണ്ടി തൂർത്തു കളഞ്ഞവയും കുറവല്ല. നാം നേരിടുന്ന രൂക്ഷമായ ജലക്ഷാമത്തിന് ഈ ജലസംരക്ഷണ കേന്ദ്രങ്ങരം നശിപ്പിച്ചതും കാരണമാണ്. പുതിയ രീതിയിൽ നീർമറി പ്രദേശങ്ങരം മനസ്സിലാക്കി ജലസംരക്ഷണ മാർഗ്ഗങ്ങളാവിഷ്ക്കരിക്കേണ്ടത് ഭാവിയിലേക്കെങ്കിലും സഹായകമാകും.

655 ഹെക്ടർ വിസ്തൃതിയുള്ള കോരം മേഖല പഞ്ചായത്തിലെ വലിയ നീർ സംഭരണിയാണ്. പാഴായിപ്പോകുന്ന ജലം തടഞ്ഞുനിർത്തി കൃഷിക്കുപയുക്തമാക്കിയാൽ വലിയ നേട്ടങ്ങരം കൈവരിക്കാനാവും. ജലം കുത്തിയൊലിച്ച് ഒഴുകിപ്പോകുന്നതിലൂടെ മണ്ണിൻെറ ഫലപുഷ്ടി മുൻകാലത്തേക്കാരം കുറഞ്ഞുപോയിട്ടുണ്ട്. ഭൂരിഭാഗം പ്രദേശങ്ങളിലും കൃഷി നിരാശാജനകമാകുന്നത് ഈ കാരണങ്ങളാലാണ്. പുതിയ വിത്തുകളും കാർഷിക രീതിയും യന്ത്രവൽക്കരണവും നടപ്പിലായെങ്കിലും കാർഷികരംഗത്ത് ആശാവഹമായ പുരോഗതി കൈവരിക്കാൻ എടപ്പാളിന് കഴിയാതെ പോയത് ഈ കാരണങ്ങളാലാകാം. കൃഷി മടുത്ത് പാടങ്ങരം നികത്തിയപ്പോഴും കർഷകന് ഉദ്ദേശിച്ച വിള കിട്ടുന്നില്ല. താഴത്തേക്കു പോകുന്ന വേരുകരം ചീഞ്ഞു നശിച്ചു പോകുന്നതാണ് കാരണം. മേൽ വേരുകരം വിളവുകരംക്ക് ഗുണം ചെയ്യുന്നില്ല. മാത്രമല്ല, ഭൂമി നികത്തിയതുകൊണ്ടുണ്ടായ നീർക്കെട്ടും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങരംക്ക് വഴി തെളിക്കുന്നുണ്ട്.

കായലോരങ്ങളിൽ ഉപ്പുവെള്ളം ലഭിക്കുന്ന സ്ഥലങ്ങളുമുണ്ട്. തുയ്യം അയിലക്കാട് മേഖലകളിലാണ് ഇവയധികവും. മറ്റെല്ലായിടങ്ങളിലും ശുദ്ധജലം ലഭിക്കുന്നു. ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇവിടത്തെ ജലദൗർലഭ്യം. ഉയർന്ന പ്രദേശങ്ങളിലെല്ലാം ഗുരുതരമായ ജലക്ഷാമം മാർച്ചുമാസം മുതൽ തന്നെ തുടങ്ങുന്നു.

ഭൂപ്രകൃതിക്കും ജലപ്രകൃതിക്കും അനുസൃതമായ രീതിയിൽ കർഷിക പുരോഗതി കൈവരിക്കാനാവശ്യമായ പദ്ധതികരം എടപ്പാളിനെ സംബന്ധിച്ച് അനിവാര്യമാണ്. ●

# കൃഷിയും ജലസേചനവും

"ഉർവ്വിയെ പുഷ്പിപ്പിക്കും കലപോൽ നമുക്കത്ര-
നിർവൃതികരം സർഗ്ഗവ്യാപാരമുണ്ടോ മന്നിൽ"
- വൈലോപ്പിള്ളി

കാർഷിക സമൃദ്ധിയുടെ പാരമ്പര്യം അവകാശപ്പെടാവുന്ന എടപ്പാൾ പഞ്ചായത്തിന് ഒട്ടേറെ കാർഷികചരിത്രമുണ്ട്. നെല്ലും തെങ്ങും കവുങ്ങും വാഴയും ചേമ്പും ചേനയും സമൃദ്ധമായി വിളഞ്ഞിരുന്ന വയലുകളും പറമ്പുകളും നിറഞ്ഞതാണ് എടപ്പാൾ. കുന്നിൻപ്രദേശങ്ങളും അതിനോട് ചേർന്ന് താഴെ നെൽവയലുകളുമാണ് ഇവിടത്തെ ഭൂപ്രകൃതി. നെൽപ്പാടങ്ങളിലധികവും ബിയ്യം കായലിനോട് ബന്ധപ്പെട്ടു കിടക്കുന്ന കോൾ നിലങ്ങളാണ്. കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിൽ സാധ്യതകളുമായിരുന്ന ഇവിടുത്തുകാർക്കുണ്ടായിരുന്നത്.

സമുദ്രനിരപ്പിൽ നിന്ന് 15 മീറ്ററിനും 35 മീറ്ററിനും ഇടയിൽ ഉയരമുള്ളവയാണ് വെങ്ങിനിക്കരയിലെ കൊടലിൽക്കുന്ന്, ഉദിനിക്കര കുന്ന്, പൊൻകുന്ന്, ചേരിങ്ങൽ കുന്ന് എന്നിവ. സമുദ്രനിരപ്പിൽ നിന്ന് താഴ്ന്നു കിടക്കുന്ന കായൽപ്രദേശങ്ങളും ഇവിടെയുണ്ട്. കുന്നിൻ മേഖലകൾ തെങ്ങ്, കവുങ്ങ്, ഇടവിളകളായ കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവ കൃഷിചെയ്യാനുപകരിക്കുന്ന പുരയിടങ്ങളാക്കി മാറ്റുകയാണ് ഉണ്ടായത്. 5521.37 ഏക്രയാണ് ഈ പഞ്ചായത്ത്. ഇതിൽ 1732.37 ഏക്ര പുരയിടവും 2452.61 ഏക്ര പാടവും 493.91 ഏക്ര പുറമ്പോക്കും 842.48 ഏക്ര തരിശുമാണ്. (പട്ടിക 1) ഇരുപത്തിയഞ്ചോളം ജന്മികുടുംബങ്ങളുടേയും അഞ്ച് ദേവസ്വങ്ങളുടേതുമായിരുന്നു ഈ ഭൂമി മുഴുവനും.

പാട്ടക്കുടിയാന്മാർക്ക് ഭൂമി ജന്മമായി കിട്ടിയപ്പോൾ പലർക്കുമായി തങ്ങളുടെ ഭൂമി മുറിച്ചു വിറ്റതിനാൽ ഭൂഉടമസ്ഥരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇപ്പോൾ ഒരു ഏക്രയോ അതിൽ താഴെയോ ഉള്ളവരാണ് അധികം പേരും. ഗൾഫ് പണമാണ് കാർഷിക മേഖലയിൽ ഈ വഴിത്തിരിവുണ്ടാക്കിയത്.

പട്ടിക 1
ഭൂമി സംബന്ധിച്ച വിവരങ്ങൾ

| *ഇനം* | *വിസ്തീർണ്ണം* |
|---|---|
| നിലം | 2452.61 ഏക്ര |
| പുരയിടം | 1732.37 ഏക്ര |
| പുറമ്പോക്ക് | 439.91 ഏക്ര |
| കൃഷിയോഗ്യതരിശ് | 842.48 ഏക്ര |
| കൃഷിയോഗ്യമല്ലാത്ത തരിശ് | |
| ആകെ | 5521.37 ഏക്ര |

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണ്. 91-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയനുസരിച്ച് പഞ്ചായത്തിലെ ആളോഹരി കൃഷിഭൂമി 0.087 ഹെക്ടറാണ്.



നെൽക്കൃഷിക്കു പുറമെ കരവിളകൾക്കും ഇടവിളകൾക്കും പ്രാധാന്യമുള്ള പ്രദേശമായിരുന്ന ഇത്. കാലാവസ്ഥാനുസൃതമായ വിളവുകളായിരുന്നു അധികവും. മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത്. തോടുകളും കുളങ്ങളും നിർമ്മിച്ചും സംരക്ഷിച്ചും കർഷകർ ഒരേ മണ്ണും ഒരേ മനസ്സുമായി ജിവിച്ചു. കായൽ നിലങ്ങളിലധികവും കൃഷിക്കുപയോഗപ്പെടുത്തിയതിന്റെ പിന്നിൽ മറുനാട്ടുകാരുടെ കഠിനദ്ധ്വാനവും ഉണ്ടായിട്ടുണ്ട്. കണ്ണേങ്കായൽ ഇന്നത്തെ നിലയിൽ കൃഷിക്കുപയോഗപ്പെടുത്തിയത് തൃശൂർക്കാരനായ അക്കരപ്പറ്റി അയ്പ്പുണ്ണി ദേവസ്സി എന്നയാളായിരുന്നുവത്രെ. പൊൽപ്പാക്കരമന, പാലക്കാട്ടു ജില്ലയിലെ കൂടല്ലൂർ മന, പുഴമ്പുറത്തുമന, കരുവാട്ടുമന, പകരാവൂർ മന, നാരായണമംഗലത്തു മന, ചെറുമുക്ക് മന എന്നീ നമ്പൂതിരി കുടുംബങ്ങൾക്കും അല്പം ദേവസ്വങ്ങൾക്കുമായിരുന്നു ഇവിടുത്തെ ഭൂമിയിലധികവും.

മൊത്തം ഭൂപ്രദേശത്തിന്റെ 44 ശതമാനവും നെൽക്കൃഷി ഭൂമിയാണ് ഇവിടെ. നാടൻ വിത്തുകളായ ആര്യൻ,

പൂന്ത, വട്ടൻ, ചിറ്റ്യാനി, കൊക്കൻ, തവളക്കണ്ണൻ, പാണ്ടി, ചീര, വെളുത്തോൻ എന്നിവയായിരുന്നു മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. വെള്ളം കെട്ടി നിൽക്കുന്ന സ്ഥല ങ്ങളിൽ പൊക്കാളിയായിരുന്നു പ്രധാന കൃഷി. (മഴയ്ക്കു മുൻപ് വിത്തു വിതച്ച് കന്നിമാസത്തിൽ വിളവെടുക്കുന്ന തരത്തിലായിരുന്നു ഭൂമിയുടെ പ്രകൃതിക്കനുസരിച്ച പൊ ക്കാളിക്കൃഷി.) താഴ്ന്ന നിലങ്ങളിൽ കുട്ടാടൻ കൃഷിക്കാ ണ് പഴക്കം. ഇതിൻെറ ഓല അരിഞ്ഞെടുത്ത് വിറ്റ് ഉപജീ വനം നടത്തിയിരുന്നവരും ഉണ്ടായിരുന്നു. ഒരുപ്പൂനിലങ്ങ ളായ കരിങ്കുറ നിലങ്ങളും ഇവിടെ ഏറെയുണ്ടായിരുന്നു. കോൾ നിലങ്ങളെ ബാധിക്കുന്ന ഓർപ്പുളിയെ അതിജീവി ക്കാൻ കഴിവുള്ള വിത്തിനമായിരുന്നു 110 നും 120 നും ഇടയ്ക്ക് മൂപ്പുള്ള വെളുത്തോൻ. പുഞ്ചക്കൃഷിക്കാണ് ഈ വിത്ത് അധികവും ഉപയോഗിച്ചിരുന്നത്. ഔഷധമായ നവരയും ഇവിടെ കൃഷി ചെയ്തിരുന്നു. ഉയർന്ന കൃഷി യിടങ്ങളിൽ പള്ള്യാലും പറമ്പുകളിൽ മോടനും വിതച്ചി രുന്നു. പാട ങ്ങളിൽ ഇടവിളകളായി ഉഴുന്ന്, പയറ്, ചെറു പയറ്, മുതിര, എള്ള് എന്നിവ കൃഷി ചെയ്തിരുന്നു. പറമ്പു കളിൽ തെങ്ങ്, കവുങ്ങ്, വാഴ എന്നിവയും ഇഞ്ചി, മുളക്, ചേമ്പ്, ചേന, കാവത്ത് (കാച്ചിൽ) മുതലായവയും കുന്നിൻ പുറങ്ങളിൽ കൂർക്ക, മരച്ചീനി, ചക്കരക്കിഴങ്ങ് മുതലാ യവയുമായിരുന്നു കൃഷി. ചാമ, രാഗി (മുത്താറി) എന്നി വയും ധാരാളം കൃഷി ചെയ്തിരുന്നു.

1960 നു ശേഷം പുത്തൻ കൃഷി സമ്പ്രദായത്തെക്കുറിച്ച് പ്രചാരം വന്നുതുടങ്ങി. ജപ്പാൻ നാട്, തൈനാൻ വിത്ത് രാസവളപ്രയോഗം എന്നിവ പരീക്ഷണാർത്ഥം ഉപയോ ഗിച്ചു തുടങ്ങി. അത്യുൽപ്പാദനശേഷിയുള്ള തൈനാൻ വിത്ത് ജനങ്ങളും കർഷകരും ഭക്ഷ്യയോഗ്യമല്ലാത്തവിധം പശ കലർന്നതായതിനാൽ തുടക്കത്തിൽ തന്നെ ഉപേ ക്ഷിച്ചു. 1965 നു ശേഷം ഐ.ആർ. എട്ട്, ത്രിവേണി, മസൂരി, കൾച്ചർ തുടങ്ങിയ വിത്തുകളും കീടനാശിനി ഉപയോഗവും രാസവളപ്രയോഗവും വ്യാപകമായി. ജൈവവളങ്ങൾ ക്രമേണ അപ്രത്യക്ഷമായി . നിലമുഴുവാനുള്ള കാളകളും പോത്തുകളും ഇല്ലാതാവുകയും ട്രാക്ടർ ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു. ട്രാക്ടർ ഉപയോഗിക്കുന്നതിനെ കൃഷിമേഖലയിൽ ആദ്യകാലത്ത് കർഷകർ എതിർത്തി രുന്നു. കരിയും നുകവും കൈകളിലേന്തി കന്നുപൂട്ടി ഉപ ജീവനം കഴിക്കുന്ന തൊഴിലാളികൾ നടത്തിയ ട്രാക്ടർ സമരം തൊഴിലാളികൾക്കിടയിൽ ഇന്നും വിപ്ലവസ്മരണ പോലെ നിലനിൽക്കുന്നു. ജലസേചനത്തിന് പമ്പുസെറ്റു കൾ പ്രചാരത്തിൽ വന്നതും ഇക്കാലത്താണ്.

ജലസേചനസൗകര്യങ്ങൾക്കായി കിണർ, തോട്, കുളം എന്നിവയായിരുന്നു ഉണ്ടായിരുന്നത്. കൃഷി നിലങ്ങളിൽ ചക്രം, കയറ്റുകൊട്ട, തുലാത്തേക്ക്, തുടുപ്പ്, പറമ്പുകളിൽ കാളത്തേക്ക് എന്നിവയാണ് ജലസേചന ഉപകരണങ്ങൾ. ഇവയിൽ ചക്രം ചവിട്ടലായിരുന്നു പ്രധാനം. 4 ഇലച്ചക്രം മുതൽ 22 ഇലച്ചക്രം വരെ അന്ന് പ്രചാരത്തിലുണ്ടായിരുന്നു. തോടുകൾ, കുളങ്ങൾ എന്നിവ പഴയ കാലത്ത് നിർമ്മിച്ചവ യാണ്. തോടുകൾക്ക് ഇരുഭാഗവും കൈതയും മറ്റും വച്ചു പിടിപ്പിച്ചിരുന്നു. കുളങ്ങൾക്ക് ചിറ കെട്ടിയിരുന്നു. എ ന്നാൽ ഇന്ന് പഴയ തോടുകൾ നശിച്ചു തുടങ്ങിയിരിക്കുന്നു. കുട്ട, പായ എന്നിവ നെയ്യുന്നതിനുപയോഗിച്ചിരുന്ന കൈത ക്കൂട്ടങ്ങൾ ഇല്ലാതായിരിക്കുന്നു. മുളങ്കുറ്റി കവുങ്ങിൻെറ വാരി തെങ്ങോല എന്നിവ കൊണ്ട് തോടുകളിൽ താത്കാ ലിക തടയണകൾ നിർമ്മിച്ച് കൃഷി സ്ഥലങ്ങളിലേക്ക് ജല മെത്തിക്കാൻ സൗകര്യം ചെയ്തിരുന്നു.

കൃഷിയെ നശിപ്പിക്കുന്ന കീടബാധക്കെതിരെ ഫല പ്രദമായ പ്രാചീന മാർഗ്ഗങ്ങൾ പലതുമുണ്ടായിരുന്നു. ചാഴി യെ നശിപ്പിക്കുന്നതിന് നായക്കരിമ്പ് വെട്ടി വീശുകയും മുറം വീശുകയും വെണ്ണീർ പാറിക്കുകയും ചെയ്തിരുന്നു. കീട ബാധകൾക്കെതിരെ നടത്തിയിരുന്ന മന്ത്രവാദങ്ങളും പ്രസി ദ്ധമായിരുന്നു. നായാടി രാമൻ, തൊട്ടിക്കൂട്ടപ്പൂശാലി എന്നി വരായിരുന്നു ഈ മന്ത്രവാദം ചെയ്തിരുന്നവരിൽ പ്രധാനി കൾ. ചാഴി വിലക്കൽ, പുഴുവിലക്കൽ, എലിവിലക്കൽ എന്നിങ്ങനെയായിരുന്നു ഇവ അറിയപ്പെട്ടിരുന്നത്. പൊതു വെ മലബാർ മേഖലയിലെല്ലായിടത്തും ഒരേ കൃഷി രീതി യായിരുന്നു നിലവിലുണ്ടായിരുന്നത്.

തെങ്ങുകൃഷി വ്യാപകമായത് അടുത്തകാലത്താണ്. പണ്ടു കാലങ്ങളിൽ കവുങ്ങിൻ കൃഷിക്കായിരുന്നു അന്ത സ്സും പ്രാധാന്യവും. ആചാരങ്ങളോടനുബന്ധിച്ച ചടങ്ങു കളിൽ കവുങ്ങിൻ പൂക്കുലയും അടയ്ക്കയും പ്രത്യേക സ്ഥാനമലങ്കരിക്കുന്നുണ്ട്. അടയ്ക്കാ സംസ്കരണവും കളിയടയ്ക്കാ നിർമ്മാണവും ഇവിടെയുണ്ടായിരുന്നു. ജല സേചനസൗകര്യമുള്ള പാടത്തിൻെറ അരികുചേർന്ന പറമ്പുകളിലായിരുന്നു കവുങ്ങിൻ കൃഷി. സ്ഥിരം പറമ്പു കൃഷി മുൻകാലങ്ങളിൽ അഭിവൃദ്ധിപ്പെടാതിരുന്നത് ജന്മി മാർ കുടിയാന്മാർക്ക് ഭൂമി സ്ഥിരമായി നൽകാതിരുന്നതി നാലാണ്. കുടിയാന്മാർ താത്കാലിക വിളകൾക്കായിരുന്നു പ്രധാന്യം നൽകിയിരുന്നത്.

കാർഷികകോൽപ്പന്നങ്ങളുടെ പ്രധാന വിപണനകേന്ദ്രം എടപ്പാൾ അങ്ങാടിയായിരുന്നു. കാർഷികോൽപ്പന്നങ്ങളും മലഞ്ചരക്കുകളും അങ്ങാടിയിൽ മൊത്തമായി സംഭരിച്ചി രുന്നു. മാറഞ്ചേരി, കുറ്റിപ്പുറം, വട്ടംകുളം, ചങ്ങരംകുളം തുട ങ്ങിയ പ്രദേശങ്ങളിൽ നിന്ന് എടപ്പാളിലേക്കായിരുന്നു സാ ധനങ്ങൾ കൊണ്ടുവന്നിരുന്നത്. പൊന്നാനിയേക്കാൾ പഴക്കമുള്ള എടപ്പാൾ അങ്ങാടിയുടെ പെരുമയും പ്രശസ്തി യും ഇന്ന് നഷ്ടമായിരിക്കുന്നു.

ഭൂപരിഷ്കരണനിയമങ്ങളാലും മറ്റും കൃഷിഭൂമി കൃഷിക്കാർക്ക് സ്വന്തമായതോടെ ദീർഘകാലവിളയായ തെങ്ങുകൃഷി അഭിവൃദ്ധിപ്പെടാൻ തുടങ്ങി. കൂട്ടുകുടുംബങ്ങൾ ഭാഗിച്ചു പിരിഞ്ഞ് ഒറ്റക്കുടുംബങ്ങളാകാൻ തുടങ്ങിയതോടെയും ഗൾഫ് പണം സാമ്പത്തിക മേഖലയിൽ സ്വാധീനം ചെലുത്താനാരംഭിച്ചതോടെയും, കൃഷിക്കുപയുക്തമായ സ്ഥലങ്ങൾ തൂർത്ത് വീടുവയ്ക്കാൻ തുടങ്ങി. ജനസംഖ്യാവർദ്ധനവും ഇതിന് കാരണമായിട്ടുണ്ട്. കാർഷികവിളകൾക്ക് അർഹമായ വില ലഭിക്കാതിരുന്നതും ഉല്പാദനച്ചിലവ് വർദ്ധിച്ചതും കൃഷിയോടാഭിമുഖ്യം കുറയാൻ കാരണമായിട്ടുണ്ട്. സമൂഹത്തിൽ കർഷകൻെറ മാന്യത കുറഞ്ഞുവന്നതോടെ അവർ കച്ചവടത്തിലേക്കും മറ്റു തൊഴിൽ മേഖലകളിലേക്കും ശ്രദ്ധ തിരിച്ചു തുടങ്ങിയിരിക്കുന്നു. കൃഷിനഷ്ടക്കച്ചവടമായതിനാൽ ചെറുകിട കൃഷിക്കാർ ഭൂമി തരിശിടുകയാണ്. കാർഷികേതര വരുമാനങ്ങളാണ് പ്രത്യേകിച്ചും ഗൾഫ് വരുമാനമാണ് ഇന്ന് ഈ പഞ്ചായത്തിൻെറ സമ്പദ് വ്യവസ്ഥയുടെ പ്രധാന ഘടകം.

കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികളാണ് ഇപ്പോഴും കൂടുതലെങ്കിലും ചെറുപ്പക്കാർ ഇന്ന് ഈ രംഗത്ത് കൂടുതലില്ല. നിർമ്മാണത്തൊഴിൽ മേഖലയിലേക്ക് ഇവർ ആകർഷിക്കപ്പെട്ടിരിക്കുന്നു. കാർഷികമേഖലയിൽ കൂലി കുറവായതും ഇതര മേഖലകളിൽ തൊഴിൽ സാധ്യത വർദ്ധിച്ചതുമാണ് ഇതിനുള്ള കാരണം. പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചതോടെ വളർന്നുവന്ന വൈറ്റ് കോളർ മനോഭാവം കഠിന ജോലികൾ ചെയ്യുന്നതിൽ നിന്ന് ഇവർ ഒഴിഞ്ഞു നിൽക്കാൻ കാരണമായിട്ടുണ്ട്. ഈമേഖലയിലേക്ക് തമിഴ്നാട്ടിൽ നിന്നും മറ്റും ധാരാളം തൊഴിലാളികൾ വന്നുകൊണ്ടിരിക്കുന്നു.

കൃഷി ഭൂമി കുറഞ്ഞതും തൊഴിലാളികളുടെ ദൗർലഭ്യവും കാർഷികോൽപ്പന്നങ്ങളേയും ബാധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ കൃഷി ചെയ്തു വന്നിരുന്ന പല വിളകളും ഇന്ന് തീരെ കുറഞ്ഞിരിക്കുന്നു. വാഴ, പച്ചക്കറികൾ, മരച്ചീനി, കൂർക്ക തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഉപഭോഗ സംസ്കാരത്തിലേക്ക് നീങ്ങി കാർഷികവൃത്തിയെ പാടെ അവഗണിക്കുന്ന മനോഭാവക്കാരായിരിക്കുന്നു മിക്ക കർഷക കുടുംബങ്ങളും.

ചെറിയ തുണ്ടു ഭൂമികളിൽ പുര കെട്ടിത്താമസിക്കുന്നവരായതിനാൽ പറമ്പുവിളകൾക്കു സൗകര്യമില്ലാതായിരിക്കുന്നു. സൗകര്യമുള്ളവർ തന്നെ തെങ്ങു കൃഷിയാണ് ചെയ്യുന്നത്. കൂടുതൽ പരിചരണം നൽകാതെയാണ് തെങ്ങുകൃഷി ചെയ്യുന്നതെന്നതിനാൽ ഇതിൽ നിന്നുമുള്ള വരുമാനവും കുറവാണ്. പറമ്പുകളായതിനാൽ ജലസേചനത്തിന് പരിമിതികളുമുണ്ട്. പാടം നികത്തി തെങ്ങു നട്ടുപിടിപ്പിക്കുന്നവർ അടുത്ത കാലത്തായി വർദ്ധിച്ചു വരുന്നു. കവുങ്ങിൻ തോട്ടങ്ങൾ അപൂർവ്വങ്ങളായി മാറിയിരിക്കുന്നു. പൊതുവിൽ തെങ്ങൊഴികെയുള്ള പറമ്പുവിളകൾ തീരെ കുറവാണെന്നു പറയാം. നാനാതരം കാർഷിക വിളകൾക്ക് പ്രസിദ്ധമായിരുന്ന എടപ്പാളിൻെറ കാർഷികപാരമ്പര്യം തകർച്ചയെ നേരിട്ടു കൊണ്ടിരിക്കുന്ന സമകാലീന സാഹചര്യത്തിൽ കൂട്ടായ്മയുടേതായ ഒരു പുത്തൻ കാർഷിക സംസ്കാരത്തിന് നാം തുടക്കം കുറിക്കേണ്ടതുണ്ട്.

കാർഷികമേഖലയുടെ വമ്പൻ തകർച്ച കാർഷികവൃത്തിയുമായി ബന്ധപ്പെട്ട സംസ്കാരത്തേയും ആചാരങ്ങളേയും ഉത്സവങ്ങളേയും വിനോദമാർഗങ്ങളേയും ബാധിച്ചു തുടങ്ങിയിട്ടുണ്ട്. നിറ പുത്തരി തുടങ്ങിയ ആചാരങ്ങൾ ഇല്ലാതായിക്കഴിഞ്ഞു. ഉത്സവങ്ങളും മറ്റും ചടങ്ങുകളാവുകയും അന്യസംസ്കൃതികളുടെ കടന്നുകയറ്റത്തിന് വേദിയാവുകയും ചെയ്തിട്ടുണ്ട്. കാള പൂട്ടും കാളത്തേക്കും ഇല്ലാതായി. നാഴി, ഇടങ്ങഴി, വടുപ്പൻ, പറ തുടങ്ങിയ അളവുപകരണങ്ങളും കന്ന്, കരി, നുകം, മുടിങ്കോല്, ഊർച്ചമുട്ടി തുടങ്ങിയ കാർഷികോപകരണങ്ങളും കുന്താണി, ഉരല്, ഉലയ്ക്ക മുതലായവയും കുട്ടികൾക്ക് കൗതുക വസ്തുക്കളും പുരാവസ്തുക്കളുമായി മാറ്റപ്പെട്ടു. കമ്പോള സംസ്കാരത്തിൻെറ ഇരകളായി സ്ഥായിയായ സമൃദ്ധിയുടെ വിളഭൂമികളിൽ നിന്ന് നാം പിഴുതെറിയപ്പെട്ടുകൊണ്ടിരിക്കയാണ്.

വയലുകൾ നികത്തിയതും റോഡ് തുടങ്ങിയ അനുബന്ധ മേഖലകളിലെ പുരോഗതിയും നീരൊഴുക്കിന് തടസ്സമായിട്ടുണ്ട്. ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇത് കാരണമായിത്തീരാനിടയുണ്ട്.

### ഭൂവിനിയോഗം

പഞ്ചായത്തിൽ ഉയർന്ന പ്രദേശം, നിരപ്പായികിടക്കുന്ന സ്ഥലം, താഴ്ന്ന പ്രദേശം, വയലുകൾ, കായലുകൾ എന്നിങ്ങനെയുള്ള ഭൂവിഭാഗങ്ങളാണുള്ളത്. വെള്ളക്കൂടുതലുള്ള പാടശേഖരങ്ങളിൽ ചെളിപ്പറ്റു കൂടുതലാണ് (എക്കൽ മണ്ണ്). കുന്നിൻ പ്രദേശങ്ങളുടെ ചുറ്റിലുമുള്ള പാടങ്ങൾ മണ്ണും മണലും ഇടകലർന്നവയാണ്. കായലുകളോട് ചേർന്ന ഉയർന്ന പാടങ്ങളിൽ മണൽപ്പറ്റും ചരലും കൂടുതലുള്ള മണ്ണാണ്. കായലുകളോടുചേർന്ന തറകളിൽ മണൽ കലർന്ന ചുകന്ന മണ്ണാണ്. കോൾകൃഷി മേഖലയിൽ നിന്ന കന്നുപോകുന്തോറും മണ്ണിൻെറ കടുപ്പം കൂടി വരുന്നു. ചരൽ കലർന്ന മണ്ണും കുന്നിൻ പ്രദേശങ്ങളിൽ ചെങ്കൽപ്പാറകളും ധാരാളമുണ്ട്.

പഞ്ചായത്തിൻെറ പടിഞ്ഞാറും വടക്കും തെക്കും ഭാഗങ്ങളിലെ കോൾ നിലങ്ങളിൽ പുളി വെള്ളം കയറാറുണ്ട്. ബിയ്യം റഗുലേറ്റർ കം ബ്രിഡ്ജിൻെറ പോരായ്മകളാണ് ഇതിനുള്ള കാരണം. ഇത് പരിഹരിക്കേണ്ടത് എടപ്പാൾ പഞ്ചായത്തിൻെറ മാത്രമല്ല കോൾ മേഖലയുടെ മുഴുവൻ കാർഷികവികസനത്തിന് അത്യന്താപേക്ഷിതമാണ്.

ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞുവന്നതും രാസവളങ്ങളുടെ അശാസ്ത്രീയമായ ഉപയോഗവും മണ്ണിന്റെ ഗുണനിലവാരം കുറഞ്ഞുപോകാൻ കാരണമായിട്ടുണ്ട്, 15 വർഷം മുമ്പ് ഉപയോഗിച്ചിരുന്ന രാസവളത്തിന്റെ ഏതാണ്ട് ഇരട്ടിയോളം ഇപ്പോൾ ഉപയോഗിക്കുന്നുണ്ടെന്നാണ് കർഷകരുമായി സംസാരിച്ചതിൽ നിന്ന് വ്യക്തമായത്. മുൻകാലങ്ങളിൽ ഉല്പാദനക്ഷമത കുറഞ്ഞ നാടൻ വിത്തുകൾക്കുതന്നെ രാസവളപ്രയോഗമില്ലാതെ ഏതാണ്ട് 25 മേനി വിളവ് ലഭിച്ചിരുന്ന പുഞ്ചപ്പാടങ്ങളിൽ മണ്ണിന്റെ ഗുണം വളരെ കുറഞ്ഞുപോയിട്ടുണ്ട്. ഇത് പരിഹരിക്കാൻ കാര്യക്ഷമമായ നടപടികളുണ്ടായിട്ടില്ല.

വിള വിസ്തീർണ്ണവും ഉൽപ്പാദനവും താഴെ കൊടുക്കുന്ന തരത്തിലാണ് കൃഷിഭവൻ രേഖകളിലുള്ളത്. നെല്ലും തെങ്ങും തന്നെയാണ് പ്രധാന കൃഷി. കവുങ്ങും കശുമാവും ചില ഭാഗങ്ങളിലുണ്ട്. പയർ, എള്ള്, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക് എന്നിവയും ചില ഭാഗങ്ങളിൽ കൃഷി ചെയ്തുവരുന്നു.

പട്ടിക - 2

വിള വിസ്തീർണ്ണവും ഉൽപ്പാദനവും - കൃഷി ഭവൻ രേഖ

| *വിള* | *വിസ്തീർണ്ണം* | *മൊത്തം ഉൽപ്പാദനം* | *ഉൽപ്പാദന ക്ഷമത (ഹെക്ടറിന്)* |
|---|---|---|---|
| നെല്ല് | | | |
| ഒന്നാം വിള | 180 Hector | 450000 Kg | 2500 Kg |
| രണ്ടാംവിള | 155 „ | 186000 „ | 3000 „ |
| മൂന്നാംവിള | 455 „ | 1228500 „ | 6750 „ |
| പയർ | 10 „ | 3200 „ | 320 „ |
| എള്ള് | 10 „ | 2600 „ | 260 „ |
| പച്ചക്കറികൾ | 4 „ | --- | --- |
| തെങ്ങ് | 480 „ | 7680000 „ | 42 തേങ്ങ ഒരു തെങ്ങിൽ നിന്ന് |
| വാഴ | 15 „ | 337500 „ | 22500 കിലോ |
| മരച്ചീനി | 2 „ | | |
| കുരുമുളക് | 5 „ | 55000 Kg (Green) | 11000 „ |
| പ്ലാവ് | 1 „ | 128000 Kgs | ഒരു പ്ലാവിൽ 160 Kg |
| കശുമാവ് | 10 „ | 19200 Kgs | ഒന്നിൽ നിന്ന് 12 Kg |
| മാവ് | 1.5 „ | 72000 „ | ഒന്നിൽ നിന്ന് 300Kg |
| കവുങ്ങ് | 25 „ | 5335225 അടയ്ക്ക | 213409 അടയ്ക്ക ഹെക്ടറിൽ |

## നെൽകൃഷി

വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നായി നെൽകൃഷിയെ മൂന്നായി തരംതിരിക്കാം. ഇതിൽ പുഞ്ചകൃഷിയിൽ നിന്നാണ് കൂടുതൽ ആദായം ലഭിക്കുക. കഠിനമായ അധ്വാനവും ജലസേചന സൗകര്യങ്ങളുമുണ്ടെങ്കിൽ മാത്രമേ ഈ ആദായമുള്ളു. ഓർപ്പുളി, കീടബാധ, പ്രതികൂല കാലാവസ്ഥ, താല്കാലിക ബണ്ട് പൊട്ടൽ എന്നിവ ഈ കൃഷിക്ക് ദോഷകരമായി പരിണമിക്കാറുണ്ട്. മൊത്തം 655 ഹെക്ടർ പുഞ്ചനിലമായുണ്ട്.

വിരിപ്പും മുണ്ടകനും ലാഭകരമല്ലാതായിരിക്കുന്നു. മുമ്പ് കൃഷി ചെയ്തിരുന്ന പല നെൽവയലുകളും തരിശായി കിടക്കുന്ന കാഴ്ച പഞ്ചായത്തിലുടനീളം കാണാം. കാർഷികരംഗം അഭിമുഖീകരിക്കുന്ന കനത്ത വെല്ലുവിളിയും ഇതാണ്. തൊഴിലാളികൾക്ക് കൂലി വർദ്ധിച്ചതും മറ്റുചിലവുകൾ കൂടിയതും ഉൽപാദനത്തിൽ വൻതോതിൽ കുറവു വന്നതും കർഷകർക്കിടയിൽ മനം മടുപ്പുണ്ടാക്കി. ആവശ്യത്തിന് യഥാസമയം തൊഴിലാളികളെ കിട്ടാത്തതുകൊണ്ടും മുൻകാലങ്ങളിലേതുപോലെ അവർ അധ്വാനത്തിന് തയ്യാറാകാത്തതുകൊണ്ടും കർഷകർ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. കന്നുപൂട്ടി ഉപജീവനം നടത്തുന്ന തൊഴിലാളികളില്ലാതായതുകൊണ്ട് ഇപ്പോൾ ട്രാക്ടർ മാത്രമാണ് ആശ്രയം. വിത്തുവിതയ്ക്കുന്നവർക്കും വിത്ത് ഞാറിട്ട് നടുന്നവർക്കും വ്യത്യസ്തസമയങ്ങളിൽ വ്യത്യസ്തരീതികളിലാണ് നിലമുഴുതു ശരിയാക്കേണ്ടത്. കൃഷിഭൂമികൾ തുണ്ടുതുണ്ടായി കൈവശമുള്ള കർഷകർക്കിടയിൽ വ്യത്യസ്തമായ അഭിരുചികളായതിനാൽ നില മുഴുന്നതു മുതൽ നെല്ല് കൊയ്ത് മെതിച്ചെടുക്കുന്നതുവരെയും വ്യത്യസ്തമായ പ്രശ്നങ്ങളുണ്ട്. കർഷകർക്കിടയിൽ യോജിപ്പിന്റെ മേഖല കണ്ടെത്താനായാൽ ഒരു പരിധിവരെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാവും.

സംസ്ഥാനത്തിന്റെ ശരാശരി കണക്കിലെടുത്ത് പഞ്ചായത്തിന്റെ നെല്ലുൽപ്പാദനത്തിന്റെ തോത് പരിശോധിക്കുമ്പോൾ നേരിയ തോതിൽ വർദ്ധനവുണ്ടെങ്കിലും ഇത് അഭിമാനകരമല്ല. കഠിനാധ്വാനവും കോൾനിലങ്ങളിലെ കൂട്ടായ്മയുമാണ് സംസ്ഥാനശരാശരിയോട് നമ്മെ അടുപ്പിക്കുന്നത്. തരിശായി കിടക്കുന്ന കൃഷിഭൂമികളും മരവിച്ചു കിടക്കുന്ന വിരിപ്പുമുണ്ടകൻ പാടങ്ങളും നമുക്ക് കൈവരിക്കാനാവുന്ന നേട്ടങ്ങളുടെ പട്ടികയിൽ നിഴൽ വീഴ്ത്തുന്നു.

വിവിധ തരം കൃഷിക്കുപയോഗപ്പെടുത്താവുന്ന ആകെ ഭൂമി 2015 ഹെക്ടറാണ്. ഇതിൽ വിവിധതരം കൃഷി ചെയ്യുന്ന 3080 കൃഷിക്കാരുണ്ട്. വിളവുകളും വിസ്തീർണ്ണവും താഴെ കൊടുക്കുന്നു.

| | *ഇനം* | *വിസ്തീർണ്ണം* |
|---|---|---|
| നെല്ല്:- | വിരിപ്പ് | 180 ഹെക്ടർ |
| | മുണ്ടകൻ | 155 ഹെക്ടർ |
| | പുഞ്ച | 655 ഹെക്ടർ (480 ഹെക്ടർ മാത്രമാണ് ഇപ്പോൾ കൃഷി ചെയ്യുന്നത്) |

മറ്റിനങ്ങൾ:-

| | |
|---|---|
| തെങ്ങ് | 390 ഹെക്ടർ |
| കവുങ്ങ് | 250 ഹെക്ടർ |
| വാഴ | 22 ഹെക്ടർ |
| മരച്ചീനി | 14 ഹെക്ടർ |
| പച്ചക്കറി | 9 ഹെക്ടർ |

സങ്കരയിനം നെൽവിത്തുകളാണ് ഇന്ന് ഭൂരിഭാഗം കർഷകരും ഉപയോഗിക്കുന്നത്. നാടൻ വിത്തിനങ്ങളെക്കുറിച്ചുള്ള അറിവുപോലും കൈമോശം വന്നിരിക്കുന്നു. വിരിപ്പ് മുണ്ടകൻ പാടങ്ങളിൽ ശരാശരി പതിനഞ്ചുമുതൽ ഇരുപതു മേനിയാണ് വിളവു കിട്ടുന്നത്. പുഞ്ച നിലങ്ങളിൽ ഇത് 35 മുതൽ 45 മേനി വരെയുണ്ട്. മേനി എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഒരു പറ വിത്തിൽ നിന്ന് ലഭിക്കുന്ന നെല്ലിന്റെ കണക്കാണ്. പുതിയ തരം വിത്തുകളായ ത്രിവേണി, കൾച്ചർ, പവിഴം, മസൂരി, കാഞ്ചന മുതലായവ കൃഷിഭവൻ മുഖേന ലഭിച്ചുവരുന്നുണ്ട്. വേണ്ട സമയങ്ങളിൽ കൃഷിക്കാർക്ക് വേണ്ടത്ര അളവിൽ ഇവ ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. ഇത് പരിഹരിക്കാൻ നടപടികൾ ആവശ്യമാണ്.

നെൽക്കൃഷിക്കുശേഷം വിരിപ്പുമുണ്ടകൻ പാടങ്ങളിൽ ഇട വിളകൾ കൃഷിചെയ്യുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല, ഇടവിളകളുടെ ഉത്പാദനക്ഷമത (പട്ടിക 2) ആശാവഹമാണെങ്കിലും മറ്റു ബുദ്ധിമുട്ടുകൾ കാരണം കൃഷിക്കാർ ഇക്കാര്യത്തിൽ ശ്രദ്ധ കാണിക്കുന്നില്ല.

മുഖ്യവിളകളിലൊന്നാണ് തെങ്ങെങ്കിലും ഇത് വേണ്ടത്ര ലാഭകരമല്ല. 480 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ട്. കോസ്റ്റൽ ബെൽറ്റിൽ പെട്ട പഞ്ചായത്തായതിനാൽ തെങ്ങുകൃഷിക്ക് വളരെ പ്രാധാന്യമുണ്ട്. എന്നാൽ കോസ്റ്റൽ ഏരിയയിലെ കണക്കനുസരിച്ചുള്ള വരുമാനമാണ് സർക്കാർ രേഖകളിലുള്ളത്. ചരൽ മണ്ണിലാണ് ഇവിടുത്തെ തെങ്ങുകൃഷിയധികവും. മാത്രമല്ല ജലസേചന സമ്പ്രദായങ്ങൾ നടപ്പാക്കാനുള്ള സാധ്യതയും ഇന്നില്ല. അതിനാൽ എടപ്പാൾ പഞ്ചായത്തിലെ തേങ്ങയുൽപ്പാദനത്തെ സംബന്ധിച്ച കൃഷിഭവൻ കണക്കുകൾ കോസ്റ്റൽ ബെൽറ്റിനെ അടിസ്ഥാനമാക്കിയുള്ളതാണ്. (പട്ടിക 3 നോക്കുക). എടപ്പാൾ പഞ്ചായത്തിലെ സമൃദ്ധമായി തേങ്ങയുൽപ്പാദിക്കുന്ന തുയ്യം കോലൊളമ്പ് മേഖലകളിൽ തന്നെ ഒരു തെങ്ങിൽ നിന്ന് 60-ൽ താഴെ തേങ്ങയാണ് ഒരു വർഷം ലഭിക്കുന്നത്. നെൽക്കൃഷിയേക്കാൾ ലാഭകരമാണ് തെങ്ങുകൃഷി എന്ന് കരുതിയവരുടേയും സ്ഥിതി മോശമാണ്. നെൽവയലുകൾ നികത്തിയതുകൊണ്ടുണ്ടായ പാരിസ്ഥിതികപ്രശ്നങ്ങൾ തെങ്ങുകൃഷിയെ പ്രതുകൂലമായി ബാധിക്കുന്നുണ്ട്. (നീർക്കെട്ട് തേങ്ങയുൽപ്പാദനത്തെ ബാധിക്കുന്നത് ഉദാഹരണം.)

പട്ടിക 3

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| തെങ്ങുകൃഷി വിസ്തീർണ്ണം | - | 480 ഹെക്ടർ |
| തെങ്ങ് എണ്ണം | | |
| 1. കായ്ക്കാത്തത് | - | 18000 |
| 2. കായ്ക്കാവുന്നത് | - | 38000 |
| ആകെ | - | 56000 |
| രോഗങ്ങൾ ബാധിച്ച തെങ്ങ് | | |
| 1. റൂട്ട് വിൽറ്റ് | - | Nil |
| 2. ലീഫ് റോട്ട് | - | Nil |
| 3. ബഡ്റൂട്ട് | - | 29 |
| 4. സ്റ്റെംബ്ലീഡിംഗ് | - | 200 |
| 5. മറ്റുള്ളവ | - | --- |
| ആകെ | - | 229 |

തെങ്ങുകൃഷി ഫലപ്രദമാക്കുന്നതിന് പഞ്ചായത്ത് കേര വികസനസമിതി (Reg. No. 165)നിലവിലുണ്ടെങ്കിലും പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നത്. വാർഡുതല പ്രാതിനിധ്യം ഉറപ്പുവരുത്തി പഞ്ചായത്തു കേര വികസന സമിതി പുനഃസംഘ ടിപ്പിക്കുകയും ആനുകൂല്യങ്ങൾ എല്ലാ കർഷകർക്കും വിതരണം ചെയ്യുകയും വേണം.

## കവുങ്ങ്

ആദ്യകാലങ്ങളിൽ എടപ്പാൾ പഞ്ചായത്തിൽ നെൽക്കൃഷി കഴിഞ്ഞാൽ പ്രാധാന്യമുണ്ടായിരുന്നത് കവുങ്ങുകൃഷിക്കായിരുന്നു. എഴുപതുകളിൽ അടയ്ക്കക്കുണ്ടായ വൻ വിലയിടിവും തുടർന്നുണ്ടായ അസ്ഥിരമായ വിലനിലവാരവും കവുങ്ങ് വെട്ടി തെങ്ങുനടാൻ കർഷകരെ പ്രേരിപ്പിച്ചു. ഇപ്പോൾ അടയ്ക്കയുടെ വില മെച്ചപ്പെട്ടതിനാൽ കർഷകർ കവുങ്ങുകൃഷിയിൽ താല്പര്യം കാണിച്ചുവരുന്നുണ്ട്. ആധുനിക ജലസേചന സൗകര്യങ്ങൾ (സ്പിംഗ്ളർ ഇറിഗേഷനും മറ്റും) ഏർപ്പെടുത്തുവാനും ആനുകൂല്യങ്ങൾ വിപുലപ്പെടുത്തുവാനും സർക്കാർ തലത്തിൽ നടപടികളെടുത്താൽ ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാനാവും.

അടയ്ക്കയുടെ മൊത്തവ്യാപാരവും കയറ്റുമതിയുമുള്ള പ്രമുഖ കച്ചവടക്കാരിലൊരാൾ ഈ പഞ്ചായത്തുകാരനാണ്. ഇദ്ദേഹത്തിന്റെ പാണ്ടികശാലയിൽ വൻതോതിൽ അടയ്ക്കാ സംസ്കരണം നടന്നുവരുന്നുണ്ട്. ഇത് ഇന്നാട്ടിലെ കർഷകർക്കും തൊഴിലാളികൾക്കും പ്രയോജനകരമായിത്തീരുന്നില്ലെന്നതാണ് വാസ്തവം.

കവുങ്ങുകൃഷിയെ ബാധിക്കുന്ന ഗുരുതരമായ മാഹാളി രോഗത്തിന് നടപടികളാവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്. ഈ കീടബാധ കാരണം കർഷകർ വളരെ നിരാശയിലാണ്.

## ഇടവിളകൾ

40 ഹെക്ടർ സ്ഥലത്ത് ഇടവിളകൾ കൃഷിചെയ്യുന്നുണ്ട്. നേന്ത്രവാഴ, ചെറുവാഴകളായ കുന്നൻ, മൈസൂർ പൂവൻ, പടല, പൂവൻ എന്നിവയാണ് വാഴകൃഷിയിൽ പ്രധാനം. നേന്ത്രവാഴ കൃഷിക്കും കച്ചവടത്തിനും പ്രശസ്തമായിരുന്ന എടപ്പാളിലെ ഇന്നത്തെ വാഴകൃഷി ഒട്ടുംതന്നെ തൃപ്തികരമല്ല. ജൈവവളങ്ങളുടെ അപര്യാപ്തത, രാസവളങ്ങളുടെ വില കൂടുതൽ, കരിംചെള്ള്, കൂമ്പടപ്പ് തുടങ്ങിയ രോഗങ്ങൾ, അപ്രതീക്ഷിതമായുണ്ടാകുന്ന പ്രകൃതിക്ഷോഭം എന്നിവ ഈ കൃഷിയെ സാരമായി ബാധിക്കുന്നതിനാൽ കൃഷി ലാഭകരമല്ലാതായിരിക്കുന്നു.

മുൻകാലങ്ങളിൽ കവുങ്ങിൻ തോട്ടങ്ങളിൽ ചെയ്തുവന്നിരുന്ന ചെറുവാഴ കൃഷി, കുരുമുളക്, ചേമ്പ്, ചേന എന്നിവ ഇന്ന് വളരെ കുറവാണ്. കൃഷിഭൂമി ചെറിയ പുരയിടങ്ങളായി മാറിയതിനാൽ ഇത്തരം കൃഷികൾ കുറഞ്ഞുപോയിട്ടുണ്ട്. വെള്ളക്കാരൻെറ കറുത്തമുത്തായ കുരുമുളക് കൃഷി ഇന്ന് വാട്ടരോഗത്തെ അഭിമുഖീകരിക്കുന്നതിനാൽ ലാഭകരമല്ല. പുതിയ അത്യുൽപ്പാദനശേഷിയുള്ള കുരുമുളക് പ്രചാരത്തിൽ വരുന്നുണ്ടെങ്കിലും വാട്ടരോഗത്തിനും മറ്റും പ്രതിവിധികളില്ലാത്തതിനാൽ ഈ കൃഷി കൂടുതൽ വ്യാപകമാവുന്നില്ല. പ്രതിരോധശേഷിയുള്ള ഇനങ്ങൾ കണ്ടുപിടിച്ച് വൻതോതിൽ വിദേശനാണ്യം നേടിത്തരുന്ന ഈ കൃഷിയെ നിലനിർത്തേണ്ടത് ആവശ്യമാണ്.

## കശുമാവ്

10 ഹെക്ടർ സ്ഥലം കശുമാവ് കൃഷിക്കുപയുക്തമാണെങ്കിലും ഇന്ന് ഈ കൃഷിയോട് ജനങ്ങൾ ആഭിമുഖ്യം കാണിക്കുന്നില്ല. എല്ലാതരം ഭൂമികളും കൊച്ചുപുരയിടങ്ങളായി മാറികൊണ്ടിരിക്കുന്നതിനാൽ കശുമാവ് കൃഷി വ്യാപകമാകാൻ ഇവിടെ സാധ്യതയില്ല.

## രാസവളപ്രയോഗം

ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ മാത്രമേ വളം വിതരണം ചെയ്യുന്നുള്ളു. 5 സ്വകാര്യ സ്ഥാപനങ്ങളാണ് വളം കച്ചവടം നടത്തുന്നത്. അശാസ്ത്രീയമായ രാസവളപ്രയോഗമാണ് ഇപ്പോൾ പ്രചാരത്തിലുള്ളത്. മണ്ണിൻെറ ഗുണനിലവാരം നഷ്ടപ്പെടുത്തുകയും കൃഷിക്കാരന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുകയും ചെയ്യുന്ന തരത്തിലാണ് ഇപ്പോഴത്തെ രാസവളങ്ങളുടെ ഉപയോഗം. ജൈവവളം, ചാണകം, പച്ചില, പിണ്ണാക്ക്, കമ്പോസ്റ്റ് എന്നീ രൂപങ്ങളിൽ മുൻകാലങ്ങളിൽ കൃഷിക്കാർ വ്യാപകമായി ഉപയോഗിച്ചിരുന്നു. എന്നാൽ കന്നുകാലി വളർത്തൽ കുറവായതിനാൽ ചാണകത്തിൻെറ ദൗർലഭ്യം അനുഭവപ്പെടുന്നു. ചെറിയ പുരയിടങ്ങൾ വ്യാപകമായതിനാൽ പച്ചില വളങ്ങൾ കിട്ടാനില്ല. പിണ്ണാക്കിൻെറ ഭീമമായ വില കർഷകനെ പിണ്ണാക്കുപയോഗിക്കുന്നതിൽ നിന്ന് പിന്തിരിപ്പിച്ചിരിക്കുന്നു. ഓരോ കർഷകനും പരിമിതമായ രീതിയിൽ മാത്രമേ കമ്പോസ്റ്റ് വളം ഇന്ന് കൃഷിക്കുപയോഗിക്കുവാൻ സാധിക്കുന്നുള്ളു. തമിഴ്നാട്ടിൽ നിന്ന് ഇന്നു വരുന്ന കോഴിക്കാട്ടവും ആട്ടിൻകാഷ്ഠവും വെണ്ണീറും ഡയറിയിൽ നിന്ന് സംഭരിക്കുന്ന ചാണകവും മറ്റും മാത്രമാണ് ഇന്ന് കർഷകന് ഏകാശ്രയം.

മണ്ണിൻെറ ഗുണനിലവാരം പരിശോധിച്ചുകൊണ്ട് രാസവളപ്രയോഗം നടത്തുന്ന രീതി നിലവിൽ വന്നാൽ മാത്രമേ മണ്ണിൻെറ ഘടനയും സ്വഭാവവും കൃഷിയോഗ്യമായ രീതിയിൽ നിലനിർത്താൻ സാധിക്കുകയുള്ളൂ.

1980-കളിൽ എടപ്പാളിൽ ഏകദേശം നൈട്രജൻ 6 ടൺ ഫോസ്ഫേറ്റ് 3 ടൺ പൊട്ടാഷ് 7 ടൺ എന്ന ക്രമത്തിലുപയോഗിച്ചുകൊണ്ടിരുന്നത് 95-ൽ നൈട്രജൻ 26 ടൺ ഫോസ്ഫേറ്റ് 22 ടൺ പൊട്ടാഷ് 30 ടൺ എന്ന തോതായി വർദ്ധിച്ചിട്ടുണ്ട്.

## കീടനാശിനികൾ

കീടരോഗബാധക്കെതിരെ അശാസ്ത്രീയമായ കീടനാശിനി പ്രയോഗമാണ് ഇന്ന് കൃഷിക്കാർ അവലംബിക്കുന്നത്. സ്വകാര്യമേഖലയിൽ 4 കീടനാശിനി ഡിപ്പോകളാണ് ഇവിടെയുള്ളത്. ഇവർക്ക് ഈ രംഗത്ത് വേണ്ടത്ര ശാസ്ത്രീയമായ പരിജ്ഞാനം കുറവാണ്. വളരെ മുൻകരുതലുകളോടുകൂടി പരിജ്ഞാനം ലഭിച്ച തൊഴിലാളികൾ കൈകാര്യം ചെയ്യേണ്ട മേഖല കൂടിയാണിത്. എതിർ പ്രാണികളുടെ സ്വഭാവം, പുഴുക്കളുടെ ദശ, കാലാവസ്ഥ, കീടനാശിനി പ്രയോഗത്തിൻെറ ആവശ്യകത, അളവ്, മുതലായവ മേൽപ്പറഞ്ഞ കാര്യത്തിൽ പരിഗണിക്കേണ്ടവയാണ്. കർഷകർക്കും തൊഴിലാളികൾക്കും ഈ കാര്യങ്ങളെക്കുറിച്ച് അറിവും പരിശീലനവും ബോധവൽക്കരണവും ആവശ്യമാണ്.

അശാസ്ത്രീയമായ കീടനാശിനി പ്രയോഗം, കീടങ്ങളെ നശിപ്പിക്കുന്നില്ല എന്നു മാത്രമല്ല മത്സ്യസമ്പത്തിനെയും എതിർപ്രാണികളേയും ഗുരുതരമായി ബാധിക്കുകയും ചെയ്യുന്നു.

## കാർഷികോപകരണങ്ങൾ

പരമ്പരാഗത കാർഷികോപകരണങ്ങൾ ഇന്ന് നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. ആധുനിക യന്ത്രോപകരണങ്ങളായ ട്രാക്ടർ, ട്രില്ലർ, പമ്പുസെറ്റുകൾ മുതലായവയാണ് ഇന്ന് ഈ പഞ്ചായത്തിൻെറ പരിധിക്കുള്ളിലുള്ളത്.

ട്രാക്ടർ - 5, ട്രില്ലർ - 3, നാടൻ കലപ്പ - 130, റോക്ക് സ്പ്രെയർ - 6, കുറ്റി സ്പ്രെയർ-45, പോർട്ടബിൾ ഓയിൽ പമ്പ്സെറ്റ്-300, വൈദ്യുതി മോട്ടോർ-491, തെങ്ങുകയറ്റ യന്ത്രം-1 എന്നിങ്ങനെയാണ് ലഭ്യമായ കണക്കുകൾ.



കണ്ണേങ്കായൽ






എടപ്പാൾ പഞ്ചായത്തിന് പടിഞ്ഞാറെ അതിർത്തിയിലെ ബിയ്യം കായലിൽ ഉള്ള റഗുലേറ്റർ

# എടപ്പാളിലൂടെ ......






എടപ്പാൾ ജംഗ്ഷൻ



എടപ്പാൾ അങ്ങാടി - വെറ്റില തെരുവിൻെറ
ഓർമ്മകളുമായി .....



പഴമ കാത്തുസൂക്ഷിക്കുന്ന എടപ്പാൾ അങ്ങാടി

## പാടശേഖരസമിതികൾ

ഈ പഞ്ചായത്തിൽ ഇപ്പോൾ 12 പാടശേഖരസമിതികളുണ്ട്. ഇതിൽ 9 എണ്ണം കോൾ മേഖലയിലും 3 എണ്ണം വിരിപ്പ് മുണ്ടകൻ മേഖലകളിലും പ്രവർത്തിച്ചുവരുന്നു. കോൾമേഖലയിൽ ഈ സമിതികളുടെ പ്രവർത്തനം ഫലപ്രദമാണ്. ഇത് കർഷകരുടെ കൂട്ടായ്മയ്ക്കും ഉൽപ്പാദനവർദ്ധനവിനും കാര്യമായി സഹായിക്കുന്നു. എന്നാൽ വിരിപ്പ് മുണ്ടകൻ മേഖലകളിലെ സമിതികൾ കർഷകരുടെ ഐക്യം വേണ്ടത്ര ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. ഭൂമിയുടെ കിടപ്പും നീരൊഴുക്കും കൂട്ടായ്മയുടെ അഭാവവും വ്യത്യസ്ത കൃഷിരീതികളുമാണ് ഇതിൻെറ കാരണം.

പട്ടിക 4

നിലവിലുള്ള പാടശേഖര സമിതികൾ

| *ക്രമ നമ്പർ* | *പാടശേഖരത്തിൻെറ പേര്* | *കൃഷിക്കാരുടെ എണ്ണം* | *വിസ്തൃതി ഹെക്ടർ* | *വിള ക്രമം* | | *പുഞ്ച സ്പെഷൽ ഓഫീസിൽ നിന്ന് നൽകുന്ന സബ്സിഡി* |
|---|---|---|---|---|---|---|
| 1. | മാണൂർ കായൽ | 45 | 35 ഏക്ര | പുഞ്ച | കൃഷിഭവൻ മുഖേന ഏക്കർ ഒന്നിന് 100 രൂപ വെച്ച് ഉത്പാദന ബോണസ്സ് ആണ്ടുതോറും വിതരണം ചെയ്യുന്നു | Rs.5366.25 |
| 2. | മുല്ലമാട് കോള് | 45 | 44 ഏക്ര | " | | Rs.8016.00 |
| 3. | മടയിൽ കോള് | 108 | 105 ഏക്ര | " | | Rs.15729.00 |
| 4. | തേററുകായൽ | 133 | 183 ഏക്ര | " | | Rs.26113.50 |
| 5. | പൈങ്കുളം കായൽ | 59 | 72 ഏക്ര | " | | Rs.10784.25 |
| 6. | ആലക്കായൽ | 20 | 20 ഏക്ര | " | | Rs.2965.50 |
| 7. | കോലോത്തുപാടം | 301 | 312 ഏക്ര | " | | Rs.47061.00 |
| 8. | പെരുമ്പുള്ളിക്കായൽ | 86 | 134 ഏക്ര | " | | |
| 9. | അയിലക്കാട് കോൾ കോ. ഓപ്പറേറ്റീവ് സൊസൈറ്റി | 205 | 304 ഏക്ര | " | | Rs.45580.50 |
| 10. | പൊൽപ്പാക്കര പാടശേഖരം | 112 | 125 ഏക്ര | വിരിപ്പ് മുണ്ടകൻ | | - |
| 11. | പുക്കറത്തറ പാടശേഖരം | 108 | 112 ഏക്ര | " | | - |
| 12. | മുണ്ടകപ്പാടം പാടശേഖരം, തുയ്യം | 68 | 80 ഏക്ര | " | | |

മേൽപ്പറഞ്ഞവയിൽ മുല്ലമാടുകോളും അയിലക്കാട് കോൾ സഹകരണ സംഘവും കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നവയാണ്.

## വേതന സമ്പ്രദായം

ഇപ്പോൾ ഈ പഞ്ചായത്തിൽ കരകൃഷിയിലും നെൽകൃഷിയിലും കൂടി മൊത്തം 4928 കർഷകകുടുംബങ്ങളാണുള്ളത്. ഇതിൽ 10 ശതമാനത്തോളം പേർ മാത്രമേ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളായുള്ളൂ. ഏകദേശം 2384 പേരാണ് കർഷക തൊഴിലാളികളായുള്ളത്. ഇവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കയാണ്.

കൂലി പൊതുവെ ഏകീകൃതമാണ്. പുരുഷന് 110 രൂപയും സ്ത്രീ തൊഴിലാളിക്ക് 65 രൂപയുമാണ് കൂലി നിരക്ക്. കന്നുപൂട്ടുന്ന തൊഴിലാളിക്ക് 150 രൂപ കൂലിയുണ്ട്. കൊയ്ത്തും മെതിയും നടത്തുന്ന തൊഴിലാളിൾക്കിടയിൽ കൂലി സമ്പ്രദായം പ്രചരിച്ചുതുടങ്ങി. കൊയ്തു മെതിക്കുന്നവർക്ക് കൂലിയായി നെല്ലാണ് നൽകിയിരുന്നത്. ഇതിന് പതം എന്നു പറയുന്നു. ഇപ്പോൾ നിലവിലുള്ളത് അഞ്ചിനൊന്ന് പതമാണ് അഞ്ച് പറ നെല്ല് കൊയ്തു മെതിച്ചുകിട്ടിയാൽ തൊഴിലാളിക്ക് 1 പറ നെല്ല് പതമായി കിട്ടും.

## കാർഷിക വായ്പ

മുൻകാലങ്ങളിൽ ബാങ്കുകളിൽ നിന്ന് കിട്ടുന്ന വായ്പയോടൊപ്പം തന്നെ കൃഷിവകുപ്പിൽ നിന്ന് നെൽകൃഷിക്ക് ഹ്രസ്വകാല വായ്പ പണമായും വളം, കീടനാശിനി എന്നിവകളായും ലഭിച്ചിരുന്നു. എന്നാൽ ഇന്ന് ദേശസാൽകൃത ബാങ്കുകളിൽ നിന്ന് കരകൃഷികൾക്കുമാത്രമേ ഹ്രസ്വകാല-ദീർഘകാല വായ്പകൾ ലഭിക്കുന്നുള്ളൂ. കൃഷിവകുപ്പിൽ നിന്ന് അനുവദിച്ചു കിട്ടിയിരുന്ന നെൽകൃഷിയുടെ ഹ്രസ്വകാല വായ്പ കൃഷി ചെയ്യുവാനും മറ്റുകൃഷി ആവശ്യങ്ങൾക്കും കർഷകനെ വളരെയധികം സഹായിച്ചിരുന്നു. അവ വീണ്ടും പുനഃസ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ഇപ്പോൾ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഈ പഞ്ചായത്തതിർത്തിയിൽ വിതരണം ചെയ്ത ഹ്രസ്വകാല-ദീർഘകാല വായ്പകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 5

| ക്രമ നമ്പർ | ബാങ്ക് | വായ്പാ തുക |
|---|---|---|
| 1. | കനറാ ബാങ്ക് 95-96-ൽ | 1,40,66,000 |
| 2. | കാർഷികഗ്രാമവികസന ബാങ്ക്, പൊന്നാനി | 42,62,000 |
| 3. | എടപ്പാൾ പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പ. ബാങ്ക് | 36,65,000 |
| 4. | ധനലക്ഷ്മി ബാങ്ക് | 69,93,000 |

മേൽക്കാണിച്ചവ കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കുന്നംകുളം (കാർഷിക വിഭാഗം) ഈ പ്രദേശങ്ങളിൽ ഹ്രസ്വകാല-ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. ഇവയുടെ കണക്കുകൾ ശേഖരിക്കാൻ സാധിച്ചിട്ടില്ല.

## ജലസേചനം

ഇവിടെ കാലവർഷത്തേയും തുലാവർഷത്തേയും ആശ്രയിച്ചുകൊണ്ടുള്ള കൃഷിരീതികളാണ് നിലവിലുള്ളത്. ഈ രണ്ടു കാലങ്ങളിലുമായി ലഭിക്കുന്ന ശരാശരി മഴയുടെ തോത് മാക്സിമം 31.87 സെൻറിമീറ്ററും മിനിമം 23.43 സെൻറിമീറ്ററുമാണ്. മഴയുടെ അളവു വച്ചു പരിശോധിക്കുമ്പോൾ സമൃദ്ധിയുടെ തോത് കാണുമെങ്കിലും ഈ ജലം മുഴുവനും താഴ്ന്ന പ്രദേശങ്ങളിലേക്കൊഴുകി കടലിലേക്കെത്തുന്ന അവസ്ഥയാണ് ഇന്നുള്ളത്. കൂടാതെ കോൾ പാടങ്ങളിൽ വെള്ളം കെട്ടിനിന്ന് ജല ഉറവിടങ്ങളായി മാറുന്നു. ഡിസംബർ മുതൽ മെയ് വരെയുള്ള വേനൽക്കാലത്ത് ഒരിഞ്ചുമഴപോലും ലഭിക്കാത്തതിനാൽ കുടിവെള്ള ക്ഷാമവും കാർഷികാവശ്യത്തിന് ജല ദൗർലഭ്യവും അനുഭവപ്പെടുന്നു. ഇതിന് പരിഹാരമായി നിലവിലുള്ള കോൾപ്പാടങ്ങളിലെ ബണ്ടുകൾ സ്ഥിരപ്പെടുത്തി കയറ്റത്തി നടിക്കുന്ന വെള്ളം ബിയ്യം കായലിലൂടെ കടലിലേയ്ക്ക് പോകുന്നത് തടഞ്ഞ് മുണ്ടകപ്പാടങ്ങളിലേക്കാവശ്യമായ ബണ്ടും തടയണകളും സൃഷ്ടിച്ച് ഈ പാഴായിപ്പോകുന്ന വെള്ളം സംഭരിക്കാൻ സാധിച്ചാൽ ഈ പ്രദേശത്തെ എല്ലാ കുളങ്ങളും കിണറുകളും നിറയുമെന്നു മാത്രമല്ല ജലക്ഷാമത്തിൻെറ 99% പരിഹരിക്കുവാനും സഹായിക്കും.

ഈ പഞ്ചായത്തിലെ ജലം മുഴുവനും ബിയ്യം റഗുലേറ്റർ കം ബ്രിഡ്ജിലൂടെ ഒഴുകി പൊന്നാനിപ്പുഴയിൽ ചേർന്ന് അറബിക്കടലിലെത്തുന്നു. ഇവിടത്തെ 36 ഹെക്ടർ വിസ്തൃതിയുള്ള കണ്ണേങ്കായൽ മാത്രമാണ് നീർ തടാകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നത്. സമുദ്രനിരപ്പിനു താഴെ കിടക്കുന്ന 655 ഹെക്ടർ വിസ്തൃതിയുള്ള കോൾ മേഖല ഇവിടത്തെ വലിയ നീർ സംഭരണിയാണ്. ജലസേചനവുമായി ബന്ധപ്പെട്ട തോടുകളുടെയും കുളങ്ങളുടേയും വിവരം താഴെ കൊടുക്കുന്നു.

## തോടുകൾ

25 കിലോമീറ്ററോളം നീളം വരുന്ന പ്രധാനപ്പെട്ട 12 തോടുകൾ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കൃഷിക്കുപയുക്തമാവുന്നതും നീരൊഴുക്കിനെ സഹായിക്കുന്നവയുമാണ്. തോടുകൾ യഥാസമയങ്ങളിലുള്ള പരിചരണക്കുറവുമൂലം ആഴവും വീതിയും കുറഞ്ഞ് പുല്ലുമൂടി ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. തോടുകളിൽ ഇന്ന് നിലവിലുള്ള ചീർപ്പുകൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണ്. ഇവ പുതുക്കിപ്പണിത് പമ്പുസെറ്റുകൾ സ്ഥാപിക്കേണ്ടതാവശ്യമാണ്.

## കുളങ്ങൾ

ഈ പഞ്ചായത്തിൽ 16 പൊതുകുളങ്ങളും മറ്റു സ്വകാര്യകുളങ്ങളുമടക്കം 147 എണ്ണം നിലവിലുണ്ടെങ്കിലും കൃഷിക്കുപയോഗിക്കുന്നവ മൂന്നെണ്ണം മാത്രമാണ്.

1. 6-ാം വാർഡിലെ കാവുകുളം 2. 7-ാം വാർഡിലെ വെങ്ങിനിക്കുളം 3. 2-ാം വാർഡിലെ വടേരിക്കുളം എന്നിവയാണ് ഇവ.

കുളങ്ങൾ യഥാവിധി സംരക്ഷിക്കപ്പെടാത്തതിനാൽ ഇന്ന് വേണ്ടവിധം ഉപയോഗപ്പെടുന്നില്ല. മിക്ക കുളങ്ങളും ജനുവരി-ഫെബ്രുവരി മാസങ്ങളിൽ തന്നെ വറ്റിപ്പോകുന്നവയാണ്. സ്വകാര്യകുളങ്ങളും ക്ഷേത്രക്കുളങ്ങളും സംരക്ഷിക്കുന്നതിന് ബോധവൽക്കരണവും പൊതുകുളങ്ങൾ യഥാസമയം നന്നാക്കിയെടുക്കാനുള്ള നടപടികളും ആവിഷ്കരിക്കേണ്ടതാണ്.

കുളങ്ങളേയും കിണറുകളേയും സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തു വക

പട്ടിക - 7

| കുളങ്ങളുടെ എണ്ണം - വിസ്തീർണ്ണം സെൻറിൽ | | | | |
|---|---|---|---|---|
| വാർഡ് | 10 സെൻറിനു താഴെ | 10-20 | 20 നു മുകളിൽ | കിണറുകൾ |
| 1 | - | 2 | - | 7 |
| 2 | 1 | - | - | 5 |
| 3 | 1 | - | - | 4 |
| 4 | - | - | - | 2 |
| 5 | 1 | - | - | 2 |
| 6 | 1 | - | - | 2 |
| 7 | 3 | - | - | 8 |
| 8 | - | - | - | 2 |
| 9 | 2 | 1 | - | 4 |
| 10 | 1 | - | - | 5 |
| 11 | - | 1 | - | 2 |
| ആകെ | 10 | 4 | - | 36 |

ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ

പട്ടിക - 6

| ക്രമ നമ്പർ | തോടിൻെറ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ | സംരക്ഷിക്കപ്പെട്ട തോടിൻെറ നീളം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | കുണ്ടയാർ വലിയ തോട് | 3500 മീറ്റർ | 12 മീറ്റർ | 3500 മീറ്റർ | ഇല്ല |
| 2. | പൂത്തോട് | 2500 മീറ്റർ | 3 മീറ്റർ | 2500 മീറ്റർ | " |
| 3. | നാരങ്ങാ തോട് (പൂത്തോടിൽ നിന്ന് വലിയ തോടു വരെ) | 1000 മീറ്റർ | $1^1/_2$ മീറ്റർ | 1000 മീറ്റർ | " |
| 4. | പൂകൈതത്തോട് | 1500 മീറ്റർ | $1^1/_2$ മീറ്റർ | - | " |
| 5. | കോലോത്തുപാടം ബണ്ടിൽ വടശ്ശേരി വരെയുള്ള തോട് | 2000 മീറ്റർ | $1^1/_2$ മീറ്റർ | - | " |
| 6. | കോലാത്തുപാടം ബണ്ടിൽ വെട്ടിയാട്ടിൽ കുടി വരെയുള്ള തോട് | 2500 മീറ്റർ | $2^1/_2$ മീറ്റർ | - | " |
| 7. | വട്ടക്കത്തോട് വടശ്ശേരി വരെ | 200 മീറ്റർ | $1^1/_2$ മീറ്റർ | - | " |
| 8. | വട്ടക്കത്തോട് - പാങ്ങോട്ട് വരെ | 2000 മീറ്റർ | 3 മീറ്റർ | - | " |
| 9. | വെട്ടിയാട്ടിൽ കുടി - പാങ്ങോട്ട് | 500 മീറ്റർ | $1^1/_2$ മീറ്റർ | | |
| 10. | ഐനിച്ചിറ - കോട്ട്യാട്ട് കനാൽ | 2000 മീറ്റർ | 4 മീറ്റർ | - | " |
| 11. | ആനത്തോട് | 100 മീറ്റർ | $2^1/_2$ മീറ്റർ | - | " |
| 12. | മടേത്തോൾ തോട് | 2800 മീറ്റർ | 2 മീറ്റർ | - | " |
| 13. | കുണ്ടയാർ വലിയ തോട്ടിൽ നിന്ന് ആലക്കായൽ വരെ | 500 മീറ്റർ | 3 മീറ്റർ | - | " |
| 14. | കല്ലംമുക്ക് കോട്ടക്കൽ താഴം മുതൽ ബിയ്യം പുഴ വരെയുള്ള പെരുന്തോട് | 1000 മീറ്റർ | 4 മീറ്റർ | - | " |

തോടുകൾ, കുളങ്ങൾ എന്നിവ കൂടാതെ കാർഷികനേട്ടങ്ങൾക്ക് ചെറുകിട ജലസേചന ഓഫീസ്, കുറ്റിപ്പുറം മുഖേന എടപ്പാൾ പഞ്ചായത്തിൽ നടപ്പാക്കിയവയും പണി നടന്നു കൊണ്ടിരിക്കുന്നവയും നടപ്പാക്കാനുദ്ദേശിക്കുന്നവയുമായ പദ്ധതികൾ സംബന്ധിച്ച വിവരം പട്ടിക-8, പട്ടിക-9 -ൽ കൊടുക്കുന്നു.

തൃശൂരിലുള്ള കേരള ലാൻഡ് ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ കീഴിൽ കേൾ നിലങ്ങളുടെ അഭിവൃദ്ധിക്കായി താഴെ കൊടുക്കുന്ന രണ്ട് പദ്ധതികൾ നടപ്പാക്കി വരുന്നു.

| പദ്ധതി | നീളം | തുക |
|---|---|---|
| 1. പുഴങ്ങാട് കായൽപുറം ബണ്ട് അഭിവൃദ്ധിപ്പെടുത്തലും രണ്ട് എഞ്ചിൻ തറ നിർമ്മാണവും | 2287 മീറ്റർ | Rs.3350000 |
| 2. മുല്ലമാട് കോൾ പടവിൽപുറം ബണ്ട് അഭിവൃദ്ധിപ്പെടുത്തലും ഒരു എഞ്ചിൻ തറ നിർമ്മാണവും | 1428 മീറ്റർ | Rs.1700954 |

നിലവിലുള്ള ജലസേചന പദ്ധതികൾ കാര്യക്ഷമമാക്കിയും പുതിയ കൈതോടുകൾ നിർമ്മിച്ചും പമ്പ് സെറ്റുകളും മോട്ടോർ പുരകളും സ്ഥാപിച്ചും കാർഷിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## കൃഷിഭവൻ

കൃഷിക്കാർക്ക് പരമാവധി സഹായമെത്തിക്കുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും കൃഷിഭവൻ പരിശ്രമിക്കുന്നുണ്ട്. എന്നാൽ കൃഷിക്കാർക്കാവശ്യമായ വിത്തുകൾ, തൈകൾ മുതലായവ യഥാസമയം ആവശ്യമനുസരിച്ച് വിതരണം ചെയ്യാൻ കൃഷിഭവന് സാധിക്കേണ്ടതുണ്ട്. നിലവിലുള്ള പാടശേഖരക്കമ്മറ്റികളെ സജീവമാക്കുവാനും പുതിയ പാടശേഖരക്കമ്മറ്റികൾക്ക് രൂപം നൽകുവാനും കൃഷിഭവൻ താല്പര്യം കാണിക്കുന്നുണ്ട്.

കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കളുടേയും ദുരിതാശ്വാസത്തിൻേറയും പട്ടിക താഴെ കൊടുക്കുന്നു.

ദുരിതാശ്വാസവിതരണം പട്ടിക - 10

| വർഷം | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1993-'94 | - | - | - | - | - | - |
| 1994-'95 | ✓ | - | ✓ | - | 235 | 9676 രൂപ |
| 1995-'96 | ✓ | - | ✓ | - | 15 | 4286 രൂപ |

നടീൽ വസ്തുക്കളുടെ വിതരണം പട്ടിക - 11

| ഇനം | 1993-94 | 1994-'95 | 1995-'96 |
|---|---|---|---|
| തെങ്ങ് | 485 | 485 | 485 |
| കശുമാവ് | - | 960 | 800 |
| കുരുമുളക് | 750 | 750 | 750 |
| കുരുമുളക് - മിനികിറ്റ് | - | 4000 | - |
| കവുങ്ങ് | 166 | 100 | 400 |
| ജാതി | - | 20 | 30 |
| ഗ്രാംമ്പൂ | - | 20 | 10 |
| സപ്പോട്ട | - | 12 | - |
| പേര | - | 10 | - |

ഊർജ്ജിത കേരവികസന പരിപാടി അനുസരിച്ച് കൃഷി ഭവൻ വഴിയായി 1195 കിണറുകളും 491 പമ്പുസെറ്റുകളും ഉണ്ടാക്കിയിട്ടുണ്ട്. ഇതുവഴി 1165 ഏക്ര കൃഷിഭൂമി ജലസേചനം നടത്തിയിട്ടുമുണ്ട്.

ഇപ്പോൾ എടപ്പാൾ കൃഷി ഭവൻ ഓഫീസിൽ ഒരു കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റൻറുമാരും ജോലി ചെയ്യുന്നുണ്ട്. എടപ്പാൾ അങ്ങാടിയിൽ പഞ്ചായത്തു വക ഷോപ്പിംഗ് കോംപ്ലെക്സിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ പഞ്ചായത്ത് ഓഫീസിനടുത്തേക്ക് മാറ്റുകയാണെങ്കിൽ കർഷകർക്ക് പ്രയോജനകരമാവും.

കൃഷിഭവൻെറ നിയന്ത്രണത്തിൽ പാടശേഖരസമിതികൾ മുഖേന കർഷകർക്ക് വായ്പാ സൗകര്യം ലഭ്യമാക്കുന്നതിന് നിയമ വ്യവസ്ഥകളേർപ്പെടുത്തുകയാണെങ്കിൽ വായ്പാ തുക ദുർവ്വിനിയോഗം ചെയ്യാതിരിക്കാനും യഥാസമയം അർഹരായവർക്ക് വായ്പ കാലതാമസം കൂടാതെ വിതരണം ചെയ്യുവാനും സാധിക്കും.

## കാർഷികവിപണന സൗകര്യങ്ങൾ

മുഖ്യവിളകളായ നെല്ല്, നാളികേരം, അടയ്ക്കാ, പഴവർഗ്ഗങ്ങൾ എന്നിവക്ക് പഞ്ചായത്തിൽ വിപണന കേന്ദ്രങ്ങളോ സംഭരണ കേന്ദ്രങ്ങളോ ഇപ്പോഴില്ല. കാർഷികോൽപ്പന്നങ്ങൾ മധ്യവർത്തികൾ മുഖേന മറുനാടുകളിലേക്ക് കയറ്റിപ്പോവുകയാണ്. ഇതിലൂടെ കർഷകർക്ക് ഭീമമായ തുക നഷ്ടം വരുന്നുണ്ട്.

ആഴ്ച ചന്തകളോ അന്തിച്ചന്തകളോ സ്ഥിരം ചന്തകളോ ഇവിടെയില്ല. പച്ചക്കറികളും പഴവർഗ്ഗങ്ങളും കൊണ്ടു നടന്ന് വിൽക്കുന്നവർ അപൂർവ്വമായി വന്നുപോകാറുണ്ട്.

## മണ്ണ് - ജല സംരക്ഷണം

മണ്ണൊലിപ്പ് തടയുവാനും നീരൊഴുക്ക് നിയന്ത്രിക്കുവാനും നടപ്പാക്കിയിരുന്ന മുൻകാല പദ്ധതികൾ ഇന്ന് നിലവിലില്ല. സസ്യവേലികളുടെ സ്ഥാനം കന്മതിലുകൾ കവർന്നെടുത്തിരിക്കുന്നു. പുരയിടങ്ങളിലെ വലുതും ചെറുതുമായ വൃക്ഷങ്ങൾ അപ്രത്യക്ഷമായിത്തുടങ്ങി. വിശ്വാസത്തിൻെറ പേരിൽ നിലനിർത്തുന്ന ചെറിയ കാവുകൾ ഉൾപ്രദേശങ്ങളിൽ ചെറിയ രീതിയിൽ മണ്ണൊലിപ്പ് തടയുന്നു.

## പ്രശ്നങ്ങൾ

ഈ മേഖലയിലെ കോൾ കൃഷിയെ മൊത്തത്തിൽ ബാധിക്കുന്ന ഗുരുതരമായ പ്രശ്നം പുളിവെള്ളം കയറലാണ്. ബ്രിട്ടീഷ് ഭരണകാലത്ത് ഭാഗികമായും പിന്നീട് പൂർണ്ണമായും പണിതീർന്ന ബിയ്യം റഗുലേറ്റർ കം ബ്രിഡ്ജിലെ ചോർച്ചയാണ് ഇതിനു കാരണം.

പുളിവെള്ളം കയറുന്നതുകൊണ്ടുതന്നെ കോൾ കൃഷിമേഖലയിൽ നിരവധി ഏക്ര സ്ഥലം കൃഷിചെയ്യാനുപകരിക്കാതെ കിടക്കുന്നു. വേണ്ടത്ര ജലസേചന സൗകര്യമില്ലാത്തതിനാലും നിലനിൽക്കുന്ന പദ്ധതികൾ കാര്യക്ഷമമാക്കാത്തതിനാലും സമ്പന്നമായ ഈ കാർഷികമേഖലയിൽ 425 ഏക്ര കൃഷിഭൂമി കൃഷിയോഗ്യതരിശായി നിലനിൽക്കുന്നു.

ബിയ്യം കായലുമായി ചേർന്നു കിടക്കുന്ന താഴ്ന്ന കോൾ നിലങ്ങളും കുന്നിൻ ചരിവുകളോടു ചേർന്ന ഉയർന്ന വിരിപ്പ് മുണ്ടകൻ പാടങ്ങളും കുന്നിൻ പ്രദേശങ്ങളുമാണ് ഇവിടെയെന്നതിനാൽ ഉയർന്ന പ്രദേശങ്ങളിൽ നിന്നുള്ള മണ്ണൊലിപ്പ് രൂക്ഷമാണ്. ഉയർന്ന പറമ്പുകളിലെ മണ്ണിൻെറ ഗുണനിലവാരം കുറയുവാനും വിളവുകളുടെ മാന്ദ്യത്തിനും ഇത് കാരണമാകുന്നുണ്ട്.

പാടശേഖരങ്ങളിൽ ഇന്ന് വേണ്ടത്ര ഗതാഗത സൗകര്യങ്ങളില്ല. നാടൻ കൃഷിരീതികൾ അപ്രത്യക്ഷമാകുന്നതിനാലും പാടം ഉഴുതു ശരിയാക്കുന്നതുമുതൽ കറ്റ മെതിച്ച് നെല്ലാക്കുന്നതുവരെയും ട്രാക്ടർ, ട്രില്ലർ, മറ്റു വാഹനങ്ങൾ തുടങ്ങിയവ ഉപയോഗിക്കേണ്ടിവരുന്നുണ്ട്. ഇതിനാവശ്യമായ റോഡുകളും മറ്റും മിക്ക പാടശേഖരങ്ങളിലും പരിമിതമാണ്.

കോൾ കൃഷിമേഖലയിൽ ഇന്നുള്ള ബണ്ടുകൾ കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്ക് സഹായകമല്ല.

കാർഷികോൽപ്പന്നങ്ങളുടെ സംഭരണമോ വിപണനമോ പഞ്ചായത്തടിസ്ഥാനത്തിൽ നിലവില്ലാത്തതിനാൽ ഉല്പ്പന്ന ങ്ങൾ വിറ്റഴിക്കുന്നതിന് ഇടനിലക്കാരെ ആശ്രയിക്കേണ്ടി വരുന്നു. മലബാർ മേഖലയിലെ പുരാതനമായ വാണിജ്യകേന്ദ്രമായിരുന്നു ഈ പ്രദേശമെങ്കിലും ഇന്ന് ആ പദവി നഷ്ടമായിരിക്കുന്നു.

പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ
ജലസേചനപദ്ധതികളുടെ വിവരങ്ങൾ - പട്ടിക - 8

| . | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം ഹെക്ടർ | മററു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1. | മാണൂർക്കായൽ (Lift Irrigation Scheme) | 1979-80 | 2-1-1983 | 7 ലക്ഷം | 66 ഹെക്ടർ | |
| 2. | പുതുക്കോൾ ബണ്ട് | 1996 ജനുവരി | 1996 മാർച്ച് | 208000 രൂപ | 33.88 ഹെക്ടർ | റിപ്പയർ ചെയ്ത് കൃഷിക്ക് ഉപയോഗപ്പെടുത്തി |
| 3. | അന്താളച്ചിറ ബണ്ടിൻെറ പുനരുദ്ധാരണം ഒന്നാംഘട്ടം | 1991-'92 | 1993-'94 | 190000 രൂപ | ഒന്നാംഘട്ടവും രണ്ടാംഘട്ടവും പൂർത്തിയായാൽ 20 ഹെക്ടർ | |
| 4. | അന്താളച്ചിറ ബണ്ടിൻെറ പുനരുദ്ധാരണം രണ്ടാംഘട്ടം | 1994-'95 | പണി നടന്നു കൊണ്ടിരിക്കുന്നു | 200000 രൂപ | | 97-ൽ പൂർത്തിയാവും |

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ
പട്ടിക - 9

| | പദ്ധതികളുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1. | ആളംകല്ലംമുക്ക് ബണ്ടിൻെറ | 40 ഹെക്ടർ | 4 ലക്ഷം രൂപ | 97-ൽ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു |
| 2. | പോത്തനൂർ വലിയ തോട്ടിൽ ഒരു ചിറ നിർമ്മിക്കലും തോടിൻെറ പാർശ്വസംരക്ഷണവും | 40 ഹെക്ടർ | ഏകദേശം 10 ലക്ഷം രൂപ | 97-ൽ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3. | നരിമട കോൾ ബണ്ട് നിർമ്മാണം | 5 ഹെക്ടർ | ഏകദേശം 2 ലക്ഷം രൂപ | 97-ൽ |
| 4. | തേററുകായൽ ബണ്ടിൻെറ High Level തോടിൻെറ പുനരുദ്ധാരണം | 25 ഹെക്ടർ | ഏകദേശം 4 ലക്ഷം രൂപ | 97-ൽ |

കാർഷികോപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ തുടങ്ങുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ നിലവിലുണ്ട്. ഇത് ഉപയോഗപ്പെടുത്താൻ സന്നദ്ധമായ സഹകരണ സംഘങ്ങളോ സ്വകാര്യസംരംഭങ്ങളോ നിലവിലില്ല.

കാലാവസ്ഥയിൽ ഇടയ്ക്കിടെയുണ്ടാകുന്ന മാറ്റങ്ങളും കാർഷികോപ്പന്നങ്ങളുടെ വിലയിലുണ്ടാവുന്ന അസ്ഥിരതയും തൊഴിലാളുകളുടെ ദൗർലഭ്യവും ഉല്പാദനക്കുറവും കാർഷികവൃത്തിയോടുള്ള മടുപ്പും, കൃഷി ഭൂമി നികത്തലും പൊതുവെ കാർഷികമേഖലയിൽ തകർച്ചക്ക് കാരണമാവുന്നു.

തെങ്ങ് കൃഷിയും ഒട്ടേറെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. ഉല്പാദന വർദ്ധനവ് തീരെയില്ല. തെങ്ങുകൾക്ക് ജലസേചനം നടത്താനുള്ള സൗകര്യം മിക്ക കൃഷിക്കാർക്കും ജലദൗർലഭ്യം മൂലമില്ല. നാളികേരത്തിന് സ്ഥിരമായ വിലനിലവാരമില്ലാത്തതിനാലും സംഭരണ കേന്ദ്രമില്ലാത്തതിനാലും കർഷകർ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നു. തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട വ്യവസായങ്ങളില്ലെന്നതും ഈ മേഖലയിലെ പ്രശ്നമാണ്. നല്ലയിനം തൈകൾ ലഭിക്കാത്തതിനാലും ശാസ്ത്രീയമായ സമീപനം തെങ്ങുകൃഷിയോട് കാണിക്കാത്തതിനാലും കേരസമൃദ്ധി ഈ പഞ്ചായത്തിന് അവകാശപ്പെടാനാവില്ല.

കോൾ നിലങ്ങളിലും വിരിപ്പ് മുണ്ടകൻ പാടങ്ങളിലും തോട്ടങ്ങളിലും ഇന്നുള്ള ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമായ രീതിയിൽ ഉപയോഗപ്പെടുത്താനാവുന്നില്ല. പലയിടങ്ങളിലും ജലസേചനസൗകര്യങ്ങളുടെ അഭാവമുണ്ട്.

നിലവിൽ കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷനു മുൻഗണനയുണ്ടെങ്കിൽ പോലും കർഷകർക്ക് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിയമ

ങ്ങളില്ല. കോൾ മേഖലയിൽ ഡിസംബർ മുതൽ മെയ് വരെ ഉള്ള കാലങ്ങളിൽ ഉപയോഗിക്കുന്ന പമ്പുസെറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് കിട്ടുന്നില്ല. കോൾ മേഖലയിൽ പമ്പുസെറ്റുകൾക്ക് താത്കാലിക കണക്ഷനാണ് കിട്ടി വരുന്നത്.

വ്യാവസായികാടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ വേനൽക്കാല പച്ചക്കറികളും ചേമ്പ്, ചേന, കൂർക്ക മുതലായ ഇടവിളകളും കൃഷി ചെയ്തിരുന്നു. ഇന്ന് ഇത്തരം കൃഷിക്ക് സൗകര്യങ്ങളോ താല്പര്യങ്ങളോ ഇല്ല.

പരമ്പരാഗത കൃഷിരീതി നിലനിൽക്കുന്ന സാഹചര്യങ്ങളാൽ അപ്രായോഗികമായിക്കൊണ്ടിരിക്കുന്നതിനാലും തൊഴിലാളികളെ ആവശ്യത്തിന് കിട്ടാത്തതിനാലും കാർഷികമേഖലയിൽ യന്ത്രവൽക്കരണം വ്യാപകമായിത്തീരേണ്ടതുണ്ട്.

കാർഷികസഹകരണ സംഘങ്ങൾ ഇന്ന് പഞ്ചായത്തിൽ രണ്ടെണ്ണം മാത്രമാണുള്ളത്. പുഞ്ചകൃഷിക്കുമാത്രം നിലനിൽക്കുന്ന പ്രസ്തുത സ്ഥാപനങ്ങൾ മറ്റു കാർഷികമേഖലയ്ക്കു ഗുണം ചെയ്യുന്നില്ല.

കൃഷിഭവൻ പ്രവർത്തനങ്ങൾ ഊർജ്ജിതമാണെങ്കിലും മുൻകാലങ്ങളിലുണ്ടായിരുന്ന 'പരിശീലനവും സന്ദർശനവും' എന്ന പരിപാടി ഇപ്പോഴില്ല. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും യഥാസമയങ്ങളിൽ കർഷകർക്ക് ലഭ്യമാവുന്നില്ല. ജോലിഭാരം കൂടുതലായതിനാലും ഇപ്പോൾ സാങ്കേതിക വിദഗ്ധർ മാത്രമേയുള്ളൂവെന്നതിനാലും കൃഷിഭവനിൽ ക്ലറിക്കൽ സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്.

അശാസ്ത്രീയമായ വളപ്രയോഗം മണ്ണിന്റെ ഗുണനിലവാരം കുറയ്ക്കുന്നതോടൊപ്പം തന്നെ കൃഷിക്കാർക്ക് സാമ്പത്തിക നഷ്ടവുമുണ്ടാക്കുന്നു. മണ്ണു പരിശോധന നടത്തി യഥാസമയം പരിഹാരനിർദ്ദേശങ്ങൾക്കനുസൃതമായി കൃഷിരീതി അവലംബിക്കുവാനുള്ള സന്നദ്ധത കൃഷിക്കാർക്കുണ്ടാകണം. ഇതിനായി 'സഞ്ചരിക്കുന്ന മണ്ണു പരിശോധന ലബോറട്ടറി' മൂന്നുമാസത്തിലൊരിക്കലെങ്കിലും കൃഷിയിടങ്ങളിൽ എത്തിച്ചേരണം.

പരമ്പരാഗത കാർഷികോപകരണങ്ങൾ നിലനിർത്താൻ സാധിക്കുന്ന കർഷകർക്ക് നിലവിൽ ധനസഹായമോ പ്രോത്സാഹനമോ ലഭിക്കുന്നില്ല.

കൃഷിയിടങ്ങളിലെ നടവരമ്പുകൾ വഴിയാത്രയ്ക്ക് ഉപകരിക്കുന്നില്ല. കൃഷിക്കാരുടെ അശ്രദ്ധമായ നടപടികളാണ് ഈ സ്ഥിതി വിശേഷമുണ്ടാക്കുന്നത്. മാത്രമല്ല നടവരമ്പുകൾ കൃഷിക്കാർ വളച്ചുകെട്ടുന്നതും കുറവല്ല.

തൊഴിൽ സാധ്യതയുള്ള പൂക്കൃഷി, കൂൺകൃഷി തുടങ്ങിയവ വ്യാപകമാക്കാൻ നടപടികളൊന്നുമുണ്ടായിട്ടില്ല.

ഇന്ന് നിലവിൽ കൃഷിഭവൻ മുഖേന വിള ഇൻഷൂറൻസ് സൗകര്യങ്ങളുണ്ടെങ്കിലും എല്ലാ കൃഷിക്കാരും ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടില്ല.

തൃശൂർ കോൾ ഡവലപ്പ്മെൻറ് ഏജൻസി മുഖേന വിനിയോഗിക്കുന്ന പണം കൃഷിഭൂമിയുടെ പൊന്നാനി കോൾ മേഖലയുടെ വിസ്തൃതിക്കാനുപാതികമായിട്ടല്ല. തൃശൂർ പുഞ്ച സ്പെഷൽ ഓഫീസിൽ നിന്നും പമ്പിംഗ് സബ്സിഡി യഥാസമയം ലഭിക്കുന്നില്ല. കേരള ലാൻഡ് ഡവലപ്പ്മെൻറ് ഏജൻസിയുടെ പദ്ധതികൾ പൊന്നാനി മേഖലക്ക് ആനുപാതിക പരിഗണന നൽകിക്കൊണ്ടുള്ളതല്ല.

കുഴൽക്കിണറുകളുടെ നിർമ്മാണം ഭൂഗർഭ ജല സ്രോതസ്സ് കുറഞ്ഞു വരാൻ കാരണമാകുന്നുണ്ട്. മാത്രമല്ല കുഴിക്കുന്ന കിണറുകളിലധികവും ഉപ്പുവെള്ളവും മറ്റു ലവണങ്ങളുംകലർന്നവയായതിനാൽ ഉപയോഗിക്കുന്നില്ല.

## സാധ്യതകൾ

1. ഉപ്പുവെള്ളം തടയൽ

ബിയ്യം റഗുലേറ്റർ കം ബ്രിഡ്ജിൽ നിലവിലുള്ള സെക്ടറുകൾ പുതുക്കി നിർമ്മിക്കേണ്ടതാണ്. ഇത് എടപ്പാൾ പഞ്ചായത്തിലെ ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതിനെ തടയുകയും, ഉപ്പുവെള്ളമായതിനാൽ കൃഷി ചെയ്യാൻ സാധിക്കാത്ത കണ്ണേങ്കായലിലെ ചേലായി പ്രദേശം തുടങ്ങിയ സ്ഥലങ്ങൾ കൃഷിക്കുപയുക്തമാക്കാനും സാധിക്കും.

2. കൃഷിയോഗ്യതരിശ് കൃഷിക്കുപയോഗപ്പെടുത്തൽ

ജലസേചന സൗകര്യങ്ങളുടെ കുറവുമൂലവും ചിലയിടങ്ങളിൽ വെള്ളക്കെട്ടുമൂലവും നിരവധി പ്രദേശങ്ങൾ കൃഷിയോഗ്യമല്ലാതെ കിടക്കുന്നു. ഇത് പരിഹരിക്കുവാനായി താഴെ കാണിച്ചിരിക്കുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കണ്ണേങ്കായലിൽ എഞ്ചിൻ തോടിനു സമീപം കൃഷി ചെയ്യാനാകാത്ത ഭൂമി കൃഷിയോഗ്യമാക്കുന്നതിന് എഞ്ചിൻ തോട് ആഴം കൂട്ടി 10 H.P. മോട്ടോറും പമ്പ് ഹൗസും സ്ഥാപിക്കുക.

തേററു കായലിൽ തരിശ് കൃഷിയോഗ്യമാക്കുന്നതിന് മണലമ്പുഴയുടെ തീരത്ത് ബണ്ടു നിർമ്മിക്കുക.

കോലോത്തുപാടത്ത് ജലക്ഷാമം കാരണം കൃഷിചെയ്യാനാവാത്ത സ്ഥലം കൃഷിയോഗ്യമാക്കുന്നതിന് 400 മീറ്റർ നീളത്തിൽതോടു നിർമ്മിക്കുകയും പമ്പുസെറ്റു സ്ഥാപിക്കുകയും ചെയ്യുക.

കണ്ണേങ്കായലിന്റെ കിഴക്കുഭാഗത്ത് ജലദൗർലഭ്യം മൂലം നിരവധി സ്ഥലം കൃഷിക്കുപയുക്തമല്ല. ഇവിടെ ബണ്ടുകെട്ടി മോട്ടോറും പമ്പ് ഹൗസും സ്ഥാപിക്കുക.

വെള്ളിപ്പാടം കൃഷിക്കുപയുക്തമാക്കുന്നതിന് വലിയ തോടിന് ചീർപ്പിട്ട് 10 H.P. മോട്ടാർ സ്ഥാപിക്കുക.

പോത്ത എടക്കേപ്പാടം പ്രദേശങ്ങളിൽ കൃഷിയോഗ്യമായ സ്ഥലങ്ങൾ കൃഷിക്കുപയോഗപ്പെടുത്തുവാൻ മാണൂർ

കായലിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൻെറ ഭാഗത്തും വലിയം പാലത്തിനു സമീപവും V.C.B. (ചിറ) നിർമ്മിച്ച് 10 H.P. പമ്പുസെറ്റുകൾ സ്ഥാപിക്കുക.

കുരുടിയിൽ പാടത്ത് കനാൽ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുകയാണെങ്കിൽ തരിശു ഭൂമി കൃഷിയ്ക്കുപയുക്തമാക്കാം.

പയങ്കുളം കായലിൻെറ പടിഞ്ഞാറ് തരിശായി കിടക്കുന്ന ഭാഗങ്ങളിലേക്ക് ജലമെത്തിക്കുന്നതിന് മാണൂർ കായലിൻെറ L.I. Scheme ൻെറ മെയിൻ കനാലിൽ നിന്ന് ബ്രാഞ്ച് കനാലിൽ നിന്ന് വെള്ളം തിരിച്ചുവിടുക.

ആലാക്കായലിൽ തരിശു കൃഷിഭൂമി കൃഷിക്കുപയുക്തമാക്കുവാൻ വലിയ തോട്ടിൽ നിന്ന് വെള്ളത്താവളത്തിലേക്ക് വരുന്ന ചെറിയ തോട് ആഴം കൂട്ടി 10 H.P. മോട്ടോർ സ്ഥാപിക്കുക.

3. മണ്ണൊലിപ്പ്

. വല്യാട് മുനമ്പ്, പൊറുക്കര കുന്ന്, ഉദിനിക്കര കുന്ന്, അന്താളച്ചിറ ഭാഗത്തേക്കിറങ്ങുന്ന പ്രദേശം തലമുണ്ടകുന്ന് എന്നിവിടങ്ങളിൽ മണ്ണൊലിപ്പ് തടയാനുള്ള സാമൂഹ്യ വനവൽക്കരണം, കരിങ്കൽ ഭിത്തി നിർമ്മാണം തുടങ്ങിയ പദ്ധതികളാവിഷ്ക്കരിക്കണം.

സസ്യവേലികൾ വച്ചുപിടിപ്പിക്കാനും ഔഷധ സസ്യങ്ങൾ നിലനിർത്തുവാനും ബോധവൽക്കരണം നടത്തുകയും നടപടികളാവിഷ്ക്കരിക്കുകയും വേണം. മണ്ണൊലിപ്പ് തടയാൻ ഇത് പ്രയോജനകരമായിരിക്കും.

ഉദിനിക്കര, വെങ്ങിനിക്കര, അയിലക്കാട് ഭാഗങ്ങളിൽ നിന്ന് മഴവെള്ളം വെഞ്ചാലിൽ പാടത്ത് കേന്ദ്രീകരിച്ച് തെക്കോട്ടൊഴുകി വഴിപിരിഞ്ഞ് കായലിൽ എത്തിച്ചേരുന്നു. ഉദിനിക്കര വെസ്റ്റ്, പൊറൂക്കര, പെരുമ്പറമ്പ്, എടപ്പാൾ അങ്ങാടി എന്നിവിടങ്ങളിൽ നിന്നൊഴുകുന്ന വെള്ളം പാടത്തങ്ങാടിയിലേക്കൊഴുകി മാണൂർ കായലിൽ എത്തിച്ചേരുന്നു. ഈ പ്രദേശങ്ങൾ നീർമറി പ്രദേശങ്ങളായി പരിഗണിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഗതാഗത സൗകര്യങ്ങൾ

കാർഷികപുരോഗതിക്ക് ഇന്ന് ഗതാഗത സൗകര്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടവരാത്തവിധം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. താഴെ പറയുന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുവാൻ നടപടികളെടുക്കേണ്ടതാണ്.

1. പാണക്കാട് പീടിക മുതൽ ഇടക്കയിൽ പാലം പോത്ത വരെ
2. പൊൽപ്പാക്കര സ്കൂൾ മുതൽ പൈങ്കുളം കായൽ വരെ
3. പള്ളിയേൽപാടം മുതൽ പൈങ്കുളം കായൽ വരെ
4. കപ്പിക്കയിൽ പാടം മുതൽ ചാത്തംകുളം ഭാഗം വരെ
5. ഇളയങ്കീഴിൽ തറ മുതൽ റേഷൻ കട വരെ
6. തുയ്യം യു.പി. സ്കൂൾ മുതൽ പാണക്കാട് പീടിക വരെ
7. മാക്കുവിൻെറ പീടിക മുതൽ പയങ്കുളം കായൽ വരെ
8. കാങ്കല വളപ്പുവഴി പയങ്കുളം കായൽ വരെ
9. കരുവാൻെറ താഴത്തേക്ക് വരുന്ന വഴിയിലൂടെ പയങ്കുളത്തേക്ക്
10. പൊറൂക്കര മുതൽ അണ്ണക്കമ്പാടുവരെ
11. പല്ലിക്കാട് മുതൽ മാണൂർ കായൽ വരെ
12. കല്ലംമുക്ക് റോഡ് മുതൽ അന്താളച്ചിറ ബണ്ട് വരെ
13. IJ പടി മുതൽ അന്താളച്ചിറ ബണ്ട് വരെ
14. എലിയത്തറ മുതൽ പോത്തനൂർ വരെ
15. പുലിക്കാട് മുതൽ കോട്ടപ്പുറം വരെ
16. ഒളമ്പക്കടവു റോഡു മുതൽ ചുള്ളിക്കൽ വരെ
17. ഒളമ്പക്കടവു റോഡു മുതൽ വെട്ടിയാട്ടിത്തൊടിപ്പാടം വരെ

ഇവ കൂടാതെ താഴെ പറയുന്ന റോഡുകളും സൗകര്യപ്പെടുത്തേണ്ടതാണ്.

വട്ടപ്പറമ്പ് വടക്കുവശത്തുള്ള വഴിയും അയിക്കര റോഡും ആലക്കായലിലേക്ക് നീട്ടേണ്ടതാണ്.

തുയ്യത്തു നിന്നും അയിലക്കാടു നിന്നും കണ്ണേങ്കായലിലേക്ക്

റോഡുകളും ഫുട്പാത്തുകളും നിർമ്മിക്കുക.

കുട്ടത്തിടവഴി, ആർക്കുളത്തേൽ ഇടവഴി എന്നിവ സൗകര്യപ്പെടുത്തുക.

വെള്ളിപ്പാടം ബണ്ട് കം റോഡ് കാലതാമസം കൂടാതെ പണി പൂർത്തിയാക്കുക.

അംശക്കച്ചേരി - അയിലക്കാട് റോഡിൽ നിന്ന് വെഞ്ചാലിൽ പാടത്തേക്ക് പോകുന്ന ഇടവഴി വീതി കൂട്ടുക.

എടപ്പാൾ ആശുപത്രിയുടെ കിഴക്കുഭാഗത്തുകൂടി പോകുന്ന റോഡ് പയ്യങ്ങാട്ടു താഴത്തു കൂടെ എടപ്പാൾ ചുങ്കവുമായി ബന്ധിപ്പിക്കുക.

അംശക്കച്ചേരി-അയിലക്കാട് റോഡുമായി ബന്ധിപ്പിക്കുന്ന തരത്തിൽ വെഞ്ചാലിൽപാടത്തുകൂടെ ബണ്ട് കം റോഡ് നിർമ്മിക്കുക.

മുണ്ടേങ്ങാട് റോഡ് ട്രാക്ടർ പോകാവുന്ന തരത്തിൽ സൗകര്യപ്പെട്ടുത്തുക,

പൂക്കറത്തറയിൽ നിന്ന് പടിഞ്ഞാറേ പാടത്തേക്കും കിഴക്കേപാടത്തേക്കുമുള്ള റോഡ് സൗകര്യപ്രദമാക്കുക.

പൂളപ്പാടം റോഡ് ഷാരസ്യാർ കോളിലേക്കുള്ള റോഡ് എന്നിവ വീതി കൂട്ടുക.

പത്താം വാർഡിൽ അയ്യപ്പൻ കാവ് താഴത്തേക്ക് റോഡ് നിർമ്മിക്കുക.

വടശ്ശേരി ക്ഷേത്രത്തിൻെറ താഴത്തേക്ക് ട്രാക്ടർ ഇറക്കാൻ റോഡ് നിർമ്മിക്കുക.

മുനമ്പു മുതൽ ഒളമ്പക്കടവുമായി കൂട്ടിച്ചേർക്കാവുന്ന തരത്തിലും ഒളമ്പക്കടവുറോഡിൽ നിന്ന് വടശ്ശേരി അയ്യപ്പൻ കാവുവരെയും റോഡുണ്ടാക്കുക.

ഇവയ്ക്കു പുറമെ എടപ്പാൾ അങ്ങാടിയുടെ പുരോഗമനത്തിന് സഹായകമാകുന്ന വിധം പഴയ ബ്ലോക്കിൽ നിന്ന് അയിലക്കാട്ടേക്ക് തലമുണ്ടയിലൂടെ രണ്ടു പാടശേഖരങ്ങളിലെ കർഷകർക്കുപകരിക്കുന്ന തരത്തിൽ വാഹന ഗതാഗതം ഉറപ്പു വരുത്താവുന്ന തരത്തിൽ റോഡു നിർമ്മിക്കുക.

5. ബണ്ടുകളുടെ സംരക്ഷണവും നിർമ്മാണവും

കോലോത്തുപാടം കോൾപ്പടവു സംഘത്തിൻേറതൊഴികെ എട്ടുപാടശേഖരങ്ങളിലും താൽകാലിക ബണ്ടുകൾ സ്ഥാപിച്ച് കൃഷിയിറക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഈ സ്ഥിതി വിശേഷം മാറ്റിയെടുക്കാൻ തൃശൂർ മേഖല കോൾ വികസന ഏജൻസി, K.L.D.C., കൃഷി വകുപ്പിൻെറ പ്രത്യേക പദ്ധതിയായ Prime Ministers Scheme മുതലായവയിൽ നിന്ന് ഫണ്ടു നീക്കി വെച്ച് സ്ഥിരം ബണ്ട് നിർമ്മിക്കേണ്ടതാണ്.

കണ്ണേങ്കായലിൻെറ കിഴക്കുഭാഗത്ത് ബണ്ട് നിർമ്മിച്ച് വെള്ളം കിഴക്കുഭാഗത്ത് ശേഖരിക്കാൻ നടപടികളാവിഷ്കരിക്കുക,

6. കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും

കർഷകരുടെ സഹകരണ സംഘമുണ്ടാക്കി കാർഷികോൽപ്പന്നങ്ങൾ മൊത്തമായി സംഭരിക്കാനും വിപണനം നടത്തുവാനും സൗകര്യം ഉണ്ടാക്കുക. ഈ സഹകരണ സംഘം മുഖേന അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുക.

നെല്ലുൽപ്പാദക സംഭരണ സംസ്കരണ വിപണന സഹകരണസംഘം സ്ഥാപിക്കുക.

കേരവികസന സമിതി വാർഡുതല പ്രാതിനിധ്യം ഉറപ്പു വരുത്തി പുനഃസംഘടിപ്പിക്കുകയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക.

സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ പച്ചക്കറി കൃഷി, പൂക്കൃഷി എന്നിവ പ്രോൽസാഹിപ്പിക്കുക.

7. തോടുകളുടെയും ഇടത്തോടുകളുടെയും നവീകരണവും സംരക്ഷണവും നിർമ്മാണവും.

പാടശേഖരങ്ങളിൽ ഇന്നുള്ള തോടുകൾ യഥാസമയം റിപ്പയർ ചെയ്യാത്തതിനാൽ വീതി കുറഞ്ഞുവരികയും പല പ്രധാന തോടുകളും തൂർന്നു വരികയുമാണ്. ഇത് പരിഹരിക്കാൻ താഴെ പറയുന്ന തോടുകൾ നവീകരിക്കേണ്ടതാണ്.

മാണിക്യം പാലം മുതൽ വലിയ പാലം വരെയുള്ള വലിയ തോടിൻെറ ഇരുഭാഗവും കെട്ടി ആഴം കൂട്ടുക.

* വാകയിൽ വളപ്പിൽ താഴത്ത് ഇന്നുള്ള തോട് ആഴം കൂട്ടി പുനർനിർമ്മാണം നടത്തുക.

വലിയ തോട്ടിൽ നിന്ന് ആലക്കായൽ വരെയുള്ള തോട് നന്നാക്കുക.

പയങ്കുളം കായലിലേക്കുള്ള തോട് ആഴം കൂട്ടി നന്നാക്കുക.

പാടത്തങ്ങാടിയിൽ നിന്ന് മാണൂർ കായലിലേക്ക് പോകുന്ന തോട് നവീകരിക്കുക.

കണ്ണേങ്കായലിലെ പെരുംതോട് പുനർനിർമ്മിക്കുക.

പുല്ലഞ്ചിറയിലേക്ക് വെള്ളമെത്തിക്കുവാൻ തോടു നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക.

നാരങ്ങാതോട് ആഴം കൂട്ടുക.

മാണൂർ കായലിൽ നിന്ന് പാടത്തങ്ങാടി ആല് വരെ ഒരു കനാൽ നിർമ്മിക്കുക.

പൂക്കരത്തറ ഇറക്കത്തിലുള്ള തട്ടാൻ തോടു വരെ ഒരു കനാൽ നിർമ്മിക്കുക.

തട്ടാൻ തോട് ആഴവും വീതിയും കൂട്ടുക.

കണ്ണേങ്കായൽ പുഴങ്ങാട് എന്നിവിടങ്ങളിലെ തോടുകൾ റിപ്പയർ ചെയ്യുക.

തളിതാഴം മുതൽ കണ്ണംചിറ താഴം വരെയും കല്ലംകുളം താഴം വരെയും കനാൽ നിർമിക്കുക.

മടയക്കോളിൽ തോടു നിർമ്മിക്കുക.

പൂളപ്പാടത്തു നിന്ന് വെള്ളം ഒഴുകിപ്പോകൻ സൗകര്യമുണ്ടാക്കുക.

വട്ടകത്തോട് റിപ്പയർ ചെയ്ത് പുതമനക്കടവു വരെ നീട്ടുക.

ആശാൻ കെട്ടിൽ നിന്ന് തുടങ്ങുന്ന തോട് പുതുമനക്കടവിലൂടെ നാല്പതിൻെറ മൂല വരെ നീട്ടുക.

വട്ടകത്തോടിൽ നിന്ന് പാങ്ങാട്ടേക്ക് വരുന്ന തോട് നന്നാക്കുക.

മൂച്ചിക്കൽ കെട്ട് വെട്ടിയാട്ടിൽത്തൊടി വഴി പാങ്ങാട്ടു തോടുമായി ബന്ധിപ്പിക്കുക.

*ഇടത്തോടുകൾ*

പാടശേഖരങ്ങളിലെ ഇടത്തോടുകൾ സംരക്ഷിക്കാൻ കർഷകരും പാടശേഖരക്കമ്മറ്റികളും മുൻകൈയ്യെടുത്തുകൊണ്ട് പരിശ്രമം നടത്തേണ്ടതാണ്.

ആദിയാട്ട് ഗോപാലൻ നായരുടെ നിലം മുതൽ പൂത്തോട്ടുവരെയും വലിയ തോടു മുതൽ ഇളയങ്കീഴിൽ താഴം വരെയും ഇടത്തോടുകൾ നിർമ്മിക്കേണ്ടതാണ്.

കണ്ണേങ്കായലിലെ തൂർന്നുപോയ ഇടത്തോടുകൾ ആറാം വാർഡിലെ അയ്യാപ്പിൽ പാടത്തുള്ള ഇടത്തോട് കാവുക്കുളം പയങ്കുളം കായൽത്തോട് എന്നിവ നന്നാക്കിയെടുക്കാൻ നടപടികൾ സ്വീകരിക്കണം.

8. വൈദ്യുതി

കാർഷിക രംഗത്ത് പുരോഗതി കൈവരിക്കുന്നതിനും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി മോട്ടോർ കണക്ഷന് അപേക്ഷിച്ചിട്ടുള്ള നിരവധി കർഷകരുണ്ട്. ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിന് നിരവധി പ്രയോറിറ്റികളുള്ളതിനാൽ കാർഷിക മുൻഗണന ഇക്കാര്യത്തിൽ അവഗണിക്കപ്പെടുകയാണ്. മുൻഗണന വേർതിരിച്ചുകൊണ്ട് കണക്ഷനാവശ്യമായ സാധനസാമഗ്രികൾ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിന് ലഭ്യമാക്കുകയും പ്രത്യേകിച്ച് കാർ

ഷികാവശ്യങ്ങൾക്ക് കണക്ഷൻ കൊടുക്കുന്നതിന് സാധന സാമഗ്രികളുടെ പ്രത്യേക അലോട്ട്മെൻറ് ഏർപ്പെടുത്തുകയും ചെയ്യുവാൻ സർക്കാർ സന്നദ്ധമാകേണ്ടതാണ്.

കോൾ മേഖലയിൽ പമ്പ്സെറ്റുകൾക്ക് സ്ഥിരം കണക്ഷൻ നൽകേണ്ടതും വൈദ്യുതി നിരക്ക് സൗജന്യമാക്കേണ്ടതുമാണ്.

9. പച്ചക്കറിക്കൃഷി

പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷിഭവൻ മുഖേന പ്രോത്സാഹന നടപടികളും അത്യുൽപ്പാദനശേഷിയുള്ള വിത്തുകളും വിതരണവും കാര്യക്ഷമമായി നടത്തേണ്ടതാണ്.

താല്പര്യമുള്ള വരെ ഗ്രൂപ്പുകളാക്കി പച്ചക്കറി കൃഷി നടത്താൻ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

10. കൃഷി ഭവൻ പ്രവർത്തനങ്ങൾ

കൃഷിഭവനിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ അനുവദിക്കുക.

കൃഷി വകുപ്പുദ്യോഗസ്ഥന്മാർ കൃഷിക്കാർക്ക് പരിശീലനവും കൃഷിയിടങ്ങളിൽ സന്ദർശനവും നടത്തുക.

കൃഷിഭവൻ പഞ്ചായത്താഫീസിലേക്ക് മാറ്റുക.

കൃഷിഭവൻ മുഖേന ന്യായവിലക്ക് കീടനാശിനികളും രാസ വളങ്ങളും വിതരണം ചെയ്യുക.

11. ധനസഹായങ്ങൾ

കർഷകർക്ക് യഥാസമയം ധനസഹായങ്ങൾലഭ്യമാക്കാൻ കൃഷി ഭവനെ ചുമതലയേൽപ്പിക്കുക.

കർഷകർക്കുള്ള ധനസഹായ വ്യവസ്ഥകൾ ലഘൂകരിക്കുകയും ഭൂപിരിധിയിൽ ഇളവു വരുത്തുകയും ചെയ്യുക.

12. വിള ഇൻഷുറൻസ്

എല്ലാ കൃഷിക്കാരേയും വിള ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുക.

13. തൃശൂർ കോൾ ഡവലപ്പ്മെൻറ് ഏജൻസി പ്രവർത്തനം

പൊന്നാനി കോൾ മേഖലക്ക് മാത്രമായി കോൾ ഡവലപ്പ്മെൻറ് ഏജൻസിയും പുഞ്ച സ്പെഷൽ ഓഫീസും സ്ഥാപിക്കുക.

14. കുഴൽ കിണറുകളുടെ നിർമ്മാണം.

ഭൂഗർഭജലസ്രോതസ്സ് കുറയാനിടയാക്കുമെന്നതിനാലും പല കിണറുകളിലും ഉപ്പുവെള്ളമാണെന്നതിനാലും കുഴൽക്കിണർ കുഴിക്കുന്നതിനെ നിയന്ത്രിക്കേതാണ്.

15. പമ്പ് സെറ്റുകൾ സ്ഥാപിക്കൽ

| 15 H.P. മോട്ടോറുകൾ | 10 H.P. മോട്ടോറുകൾ | 5 H.P. മോട്ടോറുകൾ |
|---|---|---|
| എലിയത്തുതറ | എളന്തറക്കാട് | പൂത്തോട്ടിൽ |
| തേററുകായൽ | വിലയ തോട് | രണ്ട് സ്ഥലത്ത് |
| | പയങ്കുളം കായൽ | വാകയിൽ വളപ്പിൽ |
| | കണ്ണേങ്കായലിൻെറ - | താലം പയങ്കുളം - |
| | കിഴക്കുഭാഗം | കായൽ |
| | ഷാരസ്യാർ കോള് | പാടത്തങ്ങാടി |
| | തളിയിൽ തോട് | |

പൂതംപുള്ളി കൈതക്കൂട്ടത്തിൽ 30 H.P. യുടെ മോട്ടാർ സ്ഥാപിക്കുക.

16. കൂട്ടുകൃഷി

നിലവിലുള്ള കർഷക സമിതികളേയും പാടശേഖരസമിതികളേയും ശക്തിപ്പെടുത്തുക.

കൂട്ടുകൃഷിയുടെ ഗുണവശങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക.

17. വെള്ളത്താവളങ്ങളുടെ പുനഃസ്ഥാപനം

കോൾകൃഷിമേഖലയിലെ വലിയ വെള്ളത്താവളങ്ങൾ ആഴം കൂട്ടി ജലസംഭരണികളാക്കി മാറ്റുക.

18. യന്ത്രവൽക്കരണം

ട്രാക്ടർ, ട്രില്ലർ എന്നിവക്കു പുറമെ മെതിയന്ത്രം, നടീൽ യന്ത്രം, കൊയ്ത്തുയന്ത്രം മുതലായവ പാടശേഖര ക്കമ്മറ്റികൾക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

യന്ത്രങ്ങൾ വാങ്ങാനുള്ള സബ്സിഡി തുക വർദ്ധിപ്പിക്കുക.

19. പൊതുകുളങ്ങളുടെ സംരക്ഷണം

പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും സംരക്ഷിക്കാൻ പഞ്ചായത്ത് നിയമനടപടികൾ സ്വീകരിക്കുക, തൂർന്നു കിടക്കുന്ന കുളങ്ങൾ പുനഃസ്ഥാപിക്കാൻ സംഘടിതമായി ശ്രമം നടത്തുക.

20. നടവരമ്പുകളിലെ കയ്യേറ്റത്തിനെതിരെയും നവീകരണത്തിനും പഞ്ചായത്ത് നിയമ നടപടികൾ എടുക്കുക.

21. നിലം നികത്തി പറമ്പാക്കുന്നത് കർശനമായി തടയുക.

എടപ്പാൾ പഞ്ചായത്തിലെ കോൾ മേഖലയിലേയും വിരിപ്പു മുണ്ടകൻ പാടങ്ങളിലേയും കൃഷിഭൂമി സമഗ്രമായി സർവേചെയ്ത് കൃഷിക്കും ജലസേചനത്തിനും ഉപകരിക്കുന്നതും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ വിദഗ്ധരുടേയും സർക്കാരിൻേറയും നേതൃത്വത്തിൽ ആവിഷക്കരിച്ച് നടപ്പാക്കേണ്ടതാണ്.

ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജിൻെറ നിർമ്മാണം പൂർത്തിയാവുന്നതോടെ എടപ്പാൾ പഞ്ചായത്തിലെ കാർഷികമേഖലയിലും, മത്സ്യബന്ധന മേഖലയിലും വൻ പുരോഗതിയുണ്ടാവുമെന്ന് പ്രതീക്ഷിക്കാം.


ബിയ്യം കായൽ മുതൽ വെട്ടിക്കടവു വരെയുള്ള നൂറടി തോട് എന്ന പദ്ധതി ഇവിടെ നടപ്പിലാകാതെ പോയതാണ്. എടപ്പാൾ പഞ്ചായത്തിലെ കോൾകൃഷിമേഖലയിലെ സമഗ്ര പുരോഗതിക്ക് ഈ പദ്ധതി സഹായകമാകുമായിരുന്നു.

സർക്കാർ തലത്തിൽ ജാഗ്രത കാണിക്കാത്തതുകൊണ്ടു മാത്രം ഇവിടെ നടപ്പിലാകാതെ പോയ പദ്ധതികൾ നിരവധിയാണ്. നടപ്പിലാക്കിയ പദ്ധതികളാകട്ടെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ളതുമായിരുന്നില്ല.

കൃഷിക്കാരും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളും തമ്മിൽ പരസ്പരം ആശയ വിനിമയം നടത്തിക്കൊണ്ട് പുത്തൻ പദ്ധതികളാവിഷ്കരിച്ച് ഭാവിയിലെങ്കിലും നമുക്ക് കാർഷിക നേട്ടങ്ങളവകാശപ്പെടാൻ കഴിയണം.

# മത്സ്യബന്ധനം

പരമ്പരാഗത മത്സ്യബന്ധനോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് കായലുകളെയും തോടുകളെയും ആശ്രയിച്ചുള്ള മത്സ്യബന്ധനമാണ് എടപ്പാൾ പഞ്ചായത്തിൽ ഉള്ളത്. അഞ്ഞൂറോളം മത്സ്യത്തൊഴിലാളികളുണ്ടിവിടെ. വർഷക്കാലം ആരംഭിക്കുന്ന അവസരത്തിൽ ഏറ്റുമീൻ വളരെ കുറഞ്ഞ ദിവസങ്ങളിൽ ലഭിക്കുന്നു. വർഷക്കാലത്ത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മീൻപിടുത്തം വളരെ കുറവാണ്. തുലാവർഷ ആരംഭത്തോടെ മീൻപിടുത്തം മെച്ചപ്പെടുന്നു തുടർന്ന് മീനമാസം വരെയും സജീവമാണ്. കണ്ണൻ (പ്രാൻ), ചെമ്മീൻ, കരിമീൻ, പ്രാച്ചി കുറുന്തല, പരൽ മൊശു, കൂലാൻ, കടു, പൂവാൻ, കല്ലുത്തി, ഫിലോപ്പി, ആരൽ, പുതിപ്പൂട്ട, കൊത്ത, ചിക്, എന്നിവയാണ് ഇവിടെ ലഭിക്കുന്ന പ്രധാന മത്സ്യങ്ങൾ. കണ്ണൻ, മൊശു കടു, ഫിലോപ്പി, കല്ലുത്തി, എന്നീയിനങ്ങൾ കുളങ്ങളിൽ കാണപ്പെടുന്നവയാണ്, 'മഞ്ഞില' എന്ന ഔഷധ മത്സ്യം ഇവിടെ സുലഭമാണ്.



പരമ്പരാഗത മത്സ്യബന്ധനോപകരണങ്ങളാണ് തൊഴിലാളികൾക്ക് ആശ്രയം. വഞ്ചി, കുരുത്തി, ഒറ്റൽ, മുറവല, വീശുവല, കണ്ടാടി, വല, കോരുവല, പൊന്ത് ചൂണ്ടൽ, എന്നിവയാണ് മുഖ്യമായ ഉപകരണങ്ങൾ.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ എണ്ണം മുൻകാലങ്ങളിൽ നിന്ന് കുറവായി വരുന്നു. മത്സ്യത്തിന്റെ ലഭ്യതയും കുറഞ്ഞുവരുന്നു. തൊഴിലാളികൾക്ക് അർഹമായ വിലകിട്ടുന്നില്ല. കാരണം ഇടത്തട്ടുകാർ ഇടപെട്ട് തൊഴിലാളികളെ ചൂഷണം ചെയ്യുന്ന സ്ഥിതിയാണുള്ളത്. മുമ്പുണ്ടായിരുന്ന വിശാലമായ മത്സ്യകേന്ദ്രങ്ങൾ കഴിഞ്ഞ ആറുവർഷത്തിനുള്ളിൽ കോൾനിലങ്ങളായി മാറിയതാണ് പ്രധാന കാരണം. മറ്റൊന്ന് മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങളാണ്. മത്സ്യങ്ങൾക്ക് തുലാം മാസം മുതൽ ചീയൽ രോഗം ബാധിക്കുകയും വൻതോതിൽ ചത്തൊടുങ്ങുകയും ചെയ്യുന്നു. ബീയ്യംകെട്ടുവഴി കയറിവരുന്ന മത്സ്യം അവിടെ തന്നെ തടയിട്ടു പിടിക്കുന്നത്കൊണ്ട് ബാക്കി ഭാഗങ്ങളിലേക്ക് എത്തുന്നില്ല. കോൾപ്പടവിലെ മത്സ്യം മൊത്തത്തിൽ സ്വകാര്യവ്യക്തികൾ ലേലം ചെയ്ത് എടുക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്നില്ല. ഇതും ഈ മേഖലയിലെ ഗുരുതരമായ ഒരു പ്രശ്നമാണ്. വെള്ളം കുറഞ്ഞു വരുമ്പോൾ സ്വകാര്യ വ്യക്തികൾ തുരുമ്പിട്ട് മീൻപിടിക്കുന്നതിനാൽ തൊഴിലാളികൾക്ക് പ്രയാസം ഉണ്ടാക്കുന്നു.

ഉൾനാടൻ മത്സ്യ സമ്പത്ത് സമൃദ്ധമാണെങ്കിലും ഇത് വേണ്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നതിനും ലഭിക്കുന്ന മത്സ്യത്തിന് വിപണി കണ്ടെത്തുന്നതിനും സാധിക്കുന്നില്ല.

തോടുകളും കായലുകളും കുളങ്ങളും മത്സ്യം വളർത്തുന്ന കേന്ദ്രങ്ങളായി വികസിപ്പിക്കാനുള്ള സാദ്ധ്യതകൾ ഇവിടെയുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് ഡിപ്പാർട്ടുമെൻറിൽ നിന്നുള്ള സഹായവും തൊഴിലാളികൾക്കായി ഒരു സഹകരണ സംഘവും സ്ഥാപിക്കാനുള്ള നടപടികൾ ഉണ്ടാവണം. ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് വന്നാൽ മത്സ്യബന്ധനത്തിനും കാർഷികമേഖലയുടെ വികസനത്തിനും സഹായകമാവും.

### പ്രധാന പ്രശ്നങ്ങൾ

1. മത്സ്യരോഗം.
2. അത്യുൽപാദനശേഷിയുള്ള മത്സ്യയിനങ്ങളുടെ കുറവ്.
3. മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം ലഭിക്കേണ്ട സഹായങ്ങളുടെ കുറവ്.
4. നിലവിലുള്ള കായലുകളുടെയും തോടുകളുടെയും ക്രമേണയുള്ള നാശം. കായൽ തൂർന്നു വരുന്നതും തോട് ചുരുങ്ങിവരുന്നതും.
5. മത്സ്യബന്ധന മേഖലയിൽ സ്വകാര്യ വ്യക്തികളുടെ

ഇടപെടലും കോാംമേഖലയിൽ മത്സ്യം വൻ കച്ചവടക്കാർക്ക് ലേലം ചെയ്യുന്നതും.

**സാദ്ധ്യതകാം**

1. മത്സ്യരോഗനിവാരണത്തിന് പരിഹാരം കണ്ടെത്തുന്നതിന് കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികാംക്ക് നിയന്ത്രണം കൊണ്ടുവരികയും പാർശ്വഫലങ്ങാം ഇല്ലാത്ത കീടനാശിനികാംക്ക് പ്രചാരണം നൽകുകയും ചെയ്യുക.
2. മത്സ്യരോഗ നിവാരണത്തിന് ശാസ്ത്രീയമായ മാർഗ്ഗം കണ്ടെത്തുക.
3. ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറ ഒരു സബ് സെൻറർ എടപ്പാാം പഞ്ചായത്തിൽ ആരംഭിക്കുക.
4. മത്സ്യത്തൊഴിലാളികാംക്ക് മത്സ്യ ബന്ധനോപകരണങ്ങാം വാങ്ങുന്നതിന് യഥാസമയം ധനസഹായം ലഭ്യമാക്കുക.
5. ഫിഷറീസ് ഡിപ്പാർട്ട്മെൻറ് ഉാംനാടൻ മത്സ്യത്തൊഴിലാളികാംക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ നടപടികാം എടുക്കുക.
6. മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമങ്ങാം ലഘൂകരിക്കുകയും ധനസഹായം, പെൻഷൻ മുതലായവ വർദ്ധിപ്പിക്കുകയും ചെയ്യുക.
7. മത്സ്യം വളർത്തു കേന്ദ്രങ്ങാം ആരംഭിക്കുന്നതിന് പ്രോത്സാഹനങ്ങാം നൽകുക.
8. നിലവിലുള്ള കായലുകളും തോടുകളും കൃഷിക്കും മത്സ്യ ബന്ധനത്തിനും സഹായകമായ വിധത്തിൽ നവീകരിക്കുക.
9. മത്സ്യതൊഴിലാളികാംക്കും നെൽ കർഷകർക്കുമിടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങാം രമ്യമായി പരിഹരിക്കുന്നതിന് പാടശേഖരക്കമ്മിറ്റികളും മത്സ്യത്തൊഴിലാളികളും തമ്മിൽ വർഷംതോറും ചർച്ചചെയ്ത് വ്യവസ്ഥകാം ഉണ്ടാക്കുക.
10. മത്സ്യബന്ധന മേഖല സർവ്വേ നടത്തി മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘത്തെ ഏൽപിക്കുക.
11. കോാം മേഖലയിലെ ലേലം ചെയ്യൽ ഉാംനാടൻ മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘത്തിന് മാത്രമായി വ്യവസ്ഥപ്പെടുത്തുക
12. പിടിച്ച മത്സ്യങ്ങാം ജീവനോടെ സൂക്ഷിക്കുവാനുള്ള സൗകര്യം ഫിഷറീസ് ഡിപ്പാർട്ട്മെൻറ് മുഖേന ഉണ്ടാക്കുക.
13. മത്സ്യസംസ്കരണത്തിന് യൂണിറ്റ് തുടങ്ങുവാനും മത്സ്യവളം നിർമ്മിക്കുന്നതിനുള്ള ഫാക്ടറി തുടങ്ങുവാനും സഹകരണ അടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കുക.
14. പിടിച്ചെടുത്ത മത്സ്യങ്ങൾ സഹകരണസംഘങ്ങൾ മുഖേന വാങ്ങുവാനും വില്ക്കുവാനും സൗകര്യങ്ങൾ ഉണ്ടാക്കുക.

ജൈവ സമ്പത്ത് സൂക്ഷിച്ചുവെച്ചാൽ പോര. സംരക്ഷിക്കപ്പെടണം. സൂക്ഷിച്ചുവെക്കുന്നത് ഉപയോഗിക്കുന്തോറും നഷ്ടപ്പെടുന്നു. എന്നാൽ സംരക്ഷിക്കപ്പെടുന്നത് എന്നെന്നും നിലനിൽക്കും.

*- ഡോ. എം.എസ്. സ്വാമിനാഥൻ*
*ജൈവ വൈവിധ്യശിൽപശാല-കോട്ടക്കൽ*
*8-11-1996.*

# മൃഗസംരക്ഷണം

"ജീവികാംക്കൊക്കെയും വേണമല്ലോ
മറ്റുള്ള ജീവികാം തൻ സഹായം ...."
- ബ്രതോൾഡ് ബ്രഹ്ത്

ധവള സമൃദ്ധിയുടെ പ്രതീക്ഷകാം സാക്ഷാത്കരിക്കപ്പെടാതെ പോയ പഞ്ചായത്തുകളിൽ ഒന്നാണ് എടപ്പാം. കാലിവളർത്തലനിന് അനുയോജ്യമായ ഒട്ടേറെ അനുകൂലമായ ഘടകങ്ങാം ഇവിടെ ഉണ്ടെങ്കിലും അവ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. പശു, ആട്, എരുമ തുടങ്ങിയ വളർത്തുമൃഗങ്ങളിൽ അധികവും ഉൽപാദനശേഷി കുറഞ്ഞതരത്തിൽ പെട്ടവയാണ്. പാൽ വിറ്റ് ഉപജീവനം നടത്തുന്ന കുടുംബങ്ങാം 200 ആണ്, പക്ഷേ പാലിൻെറ ഉൽപാദനം കുറവായതിനാലും, പാലിന് അർഹമായ വില ലഭിക്കാത്തതിനാലും. വീടുകളേയും ഹോട്ടലുകളേയും ആശ്രയിച്ച് പാല് വിറ്റഴിക്കേണ്ടിവരുന്നതിനാലും പശുവളർത്തൽ ജനങ്ങാംക്ക് നിരാശയും മടുപ്പും ഉളവാക്കുന്ന തൊഴിലായി മാറിയിരിക്കുന്നു. നല്ലയിനം പശുക്കളുടെ കുറവും രോഗ ബാധിത മൃഗങ്ങാംക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കാൻ ദൂരെയുള്ള ഈശ്വരമംഗലം. വട്ടംകുളം, ചങ്ങരംകുളം മാറഞ്ചേരി എന്നിവിടങ്ങളിലുള്ള മൃഗാശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നതിനാലും കാലി വളർത്തൽ രംഗത്ത് പിറകോട്ടു പോകാൻ ഇടയായി. ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയില്ലാത്ത ദുഃസ്ഥിതിയാണ് ഇതിനുകാരണം. നാടിൻെറ ജൈവ സമൃദ്ധിക്ക് മുതൽ കൂട്ടാവുന്ന മൃഗപരിപാലനത്തിന് പലതും ചെയ്യുവാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിനുണ്ട്.

ദ്വിതീയ വിവരശേഖരണത്തിൻെറയും വാർഡുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ 3000 പശുക്കളും 38 എരുമകളും 229 പോത്തുകളും 247 നാടൻ കാളകളും 64 വിത്തുകാളകളും 2144 ആടുകളും ഉണ്ട്. 186 പശുക്കളാണ് കൃത്രിമ ബീജസങ്കലനം നടത്തിയവയായിട്ടുള്ളത്.

വളർത്തുപക്ഷികളിൽ 12644 കോഴികളും 1500 താറാവുകളുമാണ് ഇവിടെയുള്ളത്. വളർത്തുനായ്ക്കാം 381 എണ്ണമാണ് രേഖകളിൽ ഉള്ളത്.

മുൻകാലങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോാം ഇന്നുള്ള കാലി സംഖ്യ തുലോം കുറവാണ്. കാർഷികാവശ്യങ്ങാംക്ക് ഉപയോഗിക്കുന്ന കാള, പോത്ത്, എന്നിവ ഇന്ന് വിരലിലെണ്ണാവുന്ന കർഷകർക്ക് മാത്രമാണുള്ളത് കൃഷിഭൂമി കുറഞ്ഞതും കാർഷികമേഖലയിലെ യന്ത്രവൽകരണവുണ് ഇതിന് കാരണം. മാംസാവശ്യത്തിനുള്ള കാലികളാവട്ടെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നവയുമാണ്. ചരക്കുകാം കൊണ്ടുവരുന്നതിന് വ്യാപകമായി ഉപയോഗിച്ചിരുന്ന കാളവണ്ടികാം ഇന്ന് പേരിനു മാത്രമേ ഇവിടെയുള്ളൂ.

മുട്ടയ്ക്കും മാംസത്തിനും വേണ്ടി വീടുകളിൽ കോഴികളെ വളർത്തുന്ന ശീലവും ജനം ഉപേക്ഷിച്ചു തുടങ്ങിയിരിക്കുന്നു. പഞ്ചായത്തിൽ കോഴിവളർത്തൽ ഉപജീവനമാർഗ്ഗമായും തൊഴിൽ മേഖലയായും വളർത്തി കൊണ്ടുവരാൻ സാധിച്ചിട്ടില്ല. വേനൽ കാലത്ത് കോഴിവസന്ത ബാധിച്ച് നിരവധി കോഴികാം ചത്തുപോകുന്നതിനാൽ നാടൻ കോഴികാം കുറഞ്ഞുവരുന്നു. കച്ചവടം മാത്രം ലക്ഷ്യമാക്കി അശാസ്ത്രീയമായി വളർത്തുന്ന ഇറച്ചിക്കോഴികളാണ് മാർക്കററിൽ സുലഭമായി വിറ്റുവരുന്നത്. ഇവയാകട്ടെ തമിഴ് നാട്ടിൽ നിന്ന് കൊണ്ടുവരുന്നതുമാണ്.

പൊതുവിൽ പക്ഷിമൃഗാദികളെ വളർത്തുന്ന ശീലം ഗ്രാമീണർക്കിടയിൽ വേരറ്റുതുടങ്ങിയിരിക്കുന്നു. ഈ അവസ്ഥ മാററിയെടുക്കുന്നതിനും തയ്യാറുള്ളവർക്ക് പ്രോത്സാഹനം നൽകുന്നതിനോ സഹകരണ സംഘങ്ങളും ഇല്ല. ബാങ്ക് വായ്പകളും I.R.D.P.യും ഈ മേഖലയിൽ സജീവമായിട്ടില്ല. പെരുമ്പറമ്പ് ക്ഷീരോൽപാദക സഹകരണസംഘം മാത്രമാണ് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നത് പൊന്നാഴി ക്ഷീരോൽപാദക സഹകരണ സംഘമാവട്ടെ പ്രവർത്തനരഹിതവുമാണ്. കോലൊളമ്പ് ക്ഷീരോൽപാദക സഹകരണ സംഘത്തിന് അടുത്ത കാലത്ത് രജിസ്ട്രേഷൻ കിട്ടിയിട്ടുണ്ട്. ഇത് ഈ പഞ്ചായത്തിലെ തെക്കൻ മേഖലകാംക്ക് പ്രയോജനകരമായി മാറുമെന്ന് പ്രതീക്ഷിക്കാം.

ചുരുങ്ങിയത് രണ്ട് മൃഗാശുപത്രികാം എങ്കിലും ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്. വാർഡുതല ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട ഗുരുതരമായ പ്രശ്നവും മൃഗാശുപത്രിയുടെ അഭാവമാണ്. അഞ്ചാം വാർഡിൽ അച്ചിപ്രവളപ്പിൽ അബ്ദുള്ളകുട്ടി ഹാജിയുടെ കെട്ടിടത്തിൽ ഒരു മൃഗാശുപത്രി പ്രവർത്തനം തുടങ്ങാൻ നടപടിയെടുത്ത് വരുന്നുണ്ട്. എന്നാൽ 8, 9, 10 വാർഡുകളിൽ കൂടി പ്രയോജനപ്പെടുന്ന തരത്തിൽ മറ്റൊരു മൃഗാശുപത്രി കൂടി ഇവിടെ തുടങ്ങേണ്ടതുണ്ട്.

കുളമ്പ് രോഗം, താടവീക്ക്, അകിടുവീക്ക് പാൽപനി, വന്ധ്യത, എന്നീ രോഗങ്ങൾ കന്നുകാലികൾക്കിടയിൽ കണ്ടുവരുന്നു. രോഗങ്ങൾക്ക് ചികിത്സ കിട്ടാതെ കാലികൾ ചത്തു പോകുന്ന സംഭവം സാധാരണമാണ്. ധാതു ലവണങ്ങളുടെ കുറവും കാലികൾക്കിടയിലുണ്ട്. കൃത്രിമ കാലിതീറ്റകൾ ഭക്ഷിച്ചുണ്ടാവുന്ന രോഗങ്ങളും രോഗ പ്രതിരോധ നടപടികളുടെ അഭാവവും കന്നുകാലികൾക്ക് ഭീഷണിയാണ്.

എട്ടുവീടുകളിൽ ഗോബർഗ്യാസ് ഉണ്ടെങ്കിലും ഇവയുടെ പ്രയോജനം ജനങ്ങൾക്കിടയിൽ പ്രചാരം നേടിയിട്ടില്ല. ഒരു പരിധിവരെ ഇന്ധനക്ഷാമം പരിഹരിക്കുവാനും വീടുകളിലെ ഊർജ്ജാവശ്യം പരിഹരിക്കുവാനും സഹായകരമാവുന്ന ഗോബർ ഗ്യാസ്, ബയോഗ്യാസ് എന്നിവയ്ക്കുള്ള സബ്സിഡിയും മറ്റും ജനങ്ങൾക്ക് ലഭ്യമാക്കാൻ ആസൂത്രിത നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

കാലിവളം കൃഷിക്ക് ഉപയോഗിക്കുന്നത് ഇന്ന് കുറവാണ്. അമിതമായ രാസവള പ്രയോഗം മണ്ണിൻെറ ഗുണനിലവാരം കുറഞ്ഞുപോകാൻ ഇടയാകുമെന്ന തിരിച്ചറിവ് കർഷകർക്കിടയിൽ ഉണ്ടായിട്ടുണ്ടെങ്കിലും കാലിവളത്തിൻെറ ഉപയോഗം തിരിച്ചു കൊണ്ടുവരാൻ ആവശ്യാനുസരണം വളം ലഭ്യമല്ലാത്തതിനാൽ സാധിക്കുന്നില്ല. കാലി വളർത്തൽ പ്രോത്സാഹിപ്പിക്കൽ മാത്രമാണ് ഇതിനുപോംവഴി.

വളർത്തു പക്ഷികളിൽ കോഴിയും താറാവും തന്നെയാണ് അധികമെങ്കിലും വ്യാവസായിക അടിസ്ഥാനത്തിൽ ഇവയെ വളർത്താനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും വ്യാപകമാക്കുകയും വേണം. കൗതുകത്തിനും ഇറച്ചിക്കുവേണ്ടിയും മുയൽ വളർത്തൽ തുടങ്ങാൻ പലരും മുതിരുന്നുവെങ്കിലും ആശാവഹമായ കാൽവെപ്പുകൾ ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല.

വേനൽകാലത്തും വർഷക്കാലത്തും വിളവെടുപ്പു കാലങ്ങളിലും പലതരം ദേശാടനപക്ഷികൾ പാടശേഖരങ്ങളിൽ വന്നു പോകുന്നു. എരണ്ടയും വിവിധയിനം കൊക്കുകളുമാണ് ഇവയിൽ അധികവും.

### പ്രശ്നങ്ങൾ

1. പാൽ വിലയുടെ കുറവും വിപണിയില്ലായ്മയും.
2. കാലിത്തീറ്റയുടെ ദൗർലഭ്യം-വൈക്കോലിൻെറ കുറവും വില വർദ്ധനവും.
3. മൃഗാശുപത്രിയില്ല.
4. കാലിരോഗങ്ങൾ.
5. വായ്പാ സൗകര്യങ്ങളുടെ കുറവ്.
6. സഹകരണ സംഘങ്ങളുടെ അപര്യാപ്തത.
7. അത്യുൽപാദന ശേഷിയുള്ള ഇനങ്ങളുടെ കുറവ്.

വളർത്തു മൃഗങ്ങൾ - രോഗ വിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | ആട് | കോഴി |
|---|---|---|---|---|
| 1. | ദഹന സംബന്ധം | 43 | 35 | 10 |
| 2. | ശ്വാസകോശസംബന്ധം | 10 | 9 | 6 |
| 3. | ഉപാപചയ സംബന്ധം | 15 | 4 | - |
| 4. | ത്വക്‌രോഗങ്ങൾ | 10 | 3 | - |
| 5. | ധാതുലവണങ്ങൾ | - | - | - |
| 6. | പരാദരോഗങ്ങൾ | 60 | 20 | 8 |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 45 | 10 | - |
| 8. | വന്ധ്യത | - | - | - |
| 9. | അകിടുവീക്കം | 12 | 7 | - |
| 10. | മുടന്തൻ പനി | 11 | - | - |
| 11. | പകർച്ച വ്യാധികൾ | - | - | - |

പേവിഷ ബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | പട്ടി | കോഴി |
|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | 20 | 8 | 520 |
| കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം | | | |

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭ ധാരണത്തിന് 2- ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | | 186 | |
| കിടാരി | | | |
| എരുമ | | | |

### ഇപ്പോഴുള്ള പാൽ സൊസൈററികൾ

1. പെരുമ്പനത്ത് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം M. 59(D) APCOS.
2. കോലൊളമ്പ് ക്ഷീരോൽപാദക സഹകരണ സംഘം (പ്രവർത്തനം തുടങ്ങിയിട്ടില്ല. അംഗീകാരം കിട്ടിയിട്ടുണ്ട്.)
3. എടപ്പാൾ പൊന്നാഴിക്കര ക്ഷീരോൽപാദക സഹകരണ സംഘം (ഇപ്പോൾ പ്രവർത്തിക്കുന്നില്ല.)

ക്ഷീര ലഭ്യത

| 1995 ഏപ്രിൽ മുതൽ 1996 മാർച്ച് വരെ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേക്ക് അയക്കുന്നത് |
|---|---|---|
| 34257.1 ലി. | 4223.00ലി. | 30034.1 ലി. |

സാദ്ധ്യതകാം

1. ഇപ്പോാം നിശ്ചയമായ പൊന്നാഴിക്കര പാൽ സൊസൈറ്റി പ്രവർത്തനക്ഷമമാകുകയും പെരുമ്പറമ്പ് സൊസൈറ്റിയുടെ പ്രവർത്തന മേഖലവിപുലപ്പെടുത്തുകയും കോലൊളമ്പ് പാൽ സൊസൈറ്റി ഉടൻ പ്രവർത്തനമാരംഭിക്കുകയും ചെയ്യുക. വാർഡ് തോറും ഒന്നോ രണ്ടോ പാൽ സംഭരണ കേന്ദ്രം തുടങ്ങുക. ക്ഷീരോൽപന്നങ്ങാം നിർമ്മിക്കുകയും, (തൈര്, നെയ്യ്, വെണ്ണ മുതലായവ) വിപണനം നടത്താനുള്ള സാദ്ധ്യതയും ഉണ്ട്.
2. സഹകരണ സംഘം മുഖേന കാലിത്തീറ്റ ലഭ്യമാക്കുക.
3. തീറ്റ പുൽകൃഷി വ്യാപകമാക്കുക.
4. രണ്ട് മൃഗാശുപത്രികാം സ്ഥാപിച്ച് രണ്ടിടങ്ങളിൽ അവയുടെ സബ്-സെൻററുകാം സ്ഥാപിക്കുക.
5. വാർഡുതോറും അയൽകൂട്ടങ്ങാം രൂപീകരിച്ച് അവയിലൂടെ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും ആടുകളെയും വിതരണം ചെയ്യുക.
6. സഹകരണ സംഘങ്ങാം മുഖേന ഇറച്ചിക്കോഴികളെ ഉൽപാദിപ്പിക്കുകയും വിൽക്കുകയും ചെയ്യുക.
7. താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കുക.
8. സഹകരണ സംഘങ്ങാം മുഖേനയും, മൃഗാശുപത്രികാം മുഖേനയും ആടുമാടുകളെ വളർത്തുന്നവർക്കായി സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുക.
9. ശാസ്ത്രീയമായ രാതിയിൽ കാലിത്തൊഴുത്തുകാം നിർമ്മിക്കുകന്നതിന് സാമ്പത്തിക സഹായം നൽകുക.
10. പേപ്പട്ടി ശല്യം ഇല്ലാതാക്കുന്നതിന് വളർത്തുനായ്ക്കാക്ക് ലൈസൻസ് നിർബന്ധമാക്കുകയും അടുത്തടുത്തുള്ള പഞ്ചായത്തുകാം സംയുക്തമായി തെരുവു നായ് ക്കളെ ഇല്ലാതാക്കുന്നതിന് പദ്ധതികാം ആവിഷ്കരിക്കുകയും ചെയ്യുക.
11. സഹകരണ സംഘം മുഖേന എടപ്പാാം പഞ്ചായത്തിൽ രണ്ട് പൗാംട്രിഫാം തുടങ്ങുകയും കോഴിമുട്ട സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്യുക.
12. ശാസ്ത്രീയമായി വളർത്തുന്ന ഇറച്ചിക്കോഴികളെ ഭക്ഷിക്കുന്നതുമൂലമുണ്ടാകുന്ന രോഗങ്ങാം തടയുന്നതിന് ബോധ വൽക്കരണവും നടപടികളും ആരോഗ്യവകുപ്പ് മുഖേനയും മൃഗാശുപത്രി മുഖേനയും നടത്തുക. ●

# ഗതാഗതം

1956-ൽ പഞ്ചായത്ത് രൂപീകൃതമായപ്പോാം ഉണ്ടായിരുന്ന ഗതാഗത സൗകര്യങ്ങാം തീർത്തും അപര്യാപ്തമായിരുന്നു. എന്നാൽ നിരവധി വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ഈ പരിമിതി കുറച്ചൊക്കെ പരിഹൃതമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പുരാതന കാലം മുതൽ വാണിജ്യ കേന്ദ്രമായിരുന്ന എടപ്പാളിലേക്ക് പാലക്കാട് പട്ടണത്തുനിന്നും ചരക്ക് കൊണ്ടുവന്നിരുന്നത് കാളവണ്ടിയിലായിരുന്നു. അതുപോലെ തന്നെ കൊച്ചിയിൽ നിന്ന് "കനോലി കനാൽ" മുഖേനയാണ് പൊന്നാനിയിലേക്കും, അവിടെ നിന്ന് കരമാർഗ്ഗം എടപ്പാളിലേക്കും സാധനങ്ങാം കൊണ്ടുവന്നിരുന്നത്. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങാംക്ക് ആക്കം കൂട്ടിയിരുന്ന സുപ്രധാന റോഡാണ് വർഷങ്ങാംക്കു മുമ്പുതന്നെ നിലവിൽ വന്ന പൊന്നാനി-പാലക്കാട് റോഡ്- (State Highway No. 301)



1930- കളുടെ മധ്യത്തിൽ പൊന്നാനിയിൽ നിന്നും എടപ്പാാം അങ്ങാടിയിലൂടെ കൽക്കരി ഉപയോഗിച്ചോടുന്ന ബസ്സ് കടന്നു പോയതോടെ ആധുനിക ഗതാഗതത്തിന് തുടക്കം കുറിച്ചു. രണ്ട് ദശാബ്ദങ്ങാം പിന്നിട്ടപ്പോാം ഗതാഗത സൗകര്യങ്ങാം വർദ്ധിക്കുകയും റോഡുകളുടെ അപര്യാപ്തത കൂടി വരികയും ചെയ്തു. ഇതിന് പരിഹാരമായി നിർമ്മിക്കപ്പെട്ട ആദ്യകാല റോഡുകളാണ് എടപ്പാാം പൊൽപാക്കര, പൊൽപാക്കര-പെരുമ്പറമ്പ്, എടപ്പാാം - അയിലക്കാട് തുടങ്ങിയവ. ഇപ്പോാം നമ്മുടെ പഞ്ചായ ത്തിലെ ആകെ റോഡുകളുടെ നീളം 47.406 കി.മീ. ആണ്. സംസ് ഥാനത്തിൻെറ വിവിധ ജില്ലകളെ ബന്ധിപ്പിക്കുന്ന കോഴിക്കോട്- തൃശൂർ റോഡ് പഞ്ചായത്തിലൂടെ കടന്നു പോകുന്നുണ്ട്.

## നിലവിലുള്ള റോഡുകളുടെ സ്ഥിതി

നിലവിലുള്ള റോഡുകളിൽ പലതും ഗതാഗതയോഗ്യമല്ല. മെറ്റൽ ചെയ്യുവാനുള്ളതും ടാർ ചെയ്യുവാനുള്ളവയും ഉണ്ട്. റോഡുകളുടെ വീതി കുറവ് നിരവധി പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. മഴക്കാലം വരുന്നതോടെ റോഡുകളിൽ വെള്ളം കെട്ടി നിൽക്കുന്നു. ഈ പ്രശ്നം പരിഹരിക്കുവാൻ റോഡുകളുടെ ഇരുവശങ്ങളിലും ഓട നിർമ്മിക്കണം. പാടശേഖരങ്ങളിലേക്കുള്ള വഴി ട്രാക്ടറും മറ്റ് വാഹനങ്ങളും കൊണ്ടുപോകുവാനുള്ള സൗകര്യമുണ്ടാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ റോഡുകളും വളവും തിരിവും നിറഞ്ഞതാണ്. ഇത് കാരണമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ ആവശ്യമായ സ്ഥലങ്ങളിൽ ട്രാഫിക് ചിഹ്നങ്ങൾ സ്ഥാപിക്കണം.

## യാത്രാ സൗകര്യങ്ങൾ

പഞ്ചായത്തിലെ ജനങ്ങൾ യാത്രക്കായി മുഖ്യമായും ആശ്രയിച്ചിരുന്നത് സ്വകാര്യബസ്സുകളെയായിരുന്നു. എന്നാൽ അടുത്തകാലത്തായി ട്രക്കർ, ജീപ്പ് സമാന്തര സർവ്വീസുകൾ വ്യാപകമായിട്ടുണ്ട്. ജനങ്ങളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിൽ ഇവ ഗണ്യമായ പങ്കു വഹിക്കുന്നു. തട്ടാൻ പടി, പഴയ ബ്ലോക്ക്, അംശക്കച്ചേരി, പെരുമ്പറമ്പ്, പൂക്കരത്തറ വൈദ്യർമൂല, എടപ്പാൾ ചുങ്കം എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകരിച്ച് ഓട്ടോ സർവ്വീസ് നടത്തുന്നുണ്ട്. പഴയ ബ്ലോക്ക്, തട്ടാൻ പടി, എടപ്പാൾ ചുങ്കം, വൈദ്യർമൂല എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകരിച്ച് ജീപ്പ് സർവ്വീസ് നടത്തുന്നുണ്ട്. യാത്രക്കാരുടെ സൗകര്യാർത്ഥം പഞ്ചായത്ത് നിർമ്മിച്ച വെയിറ്റിങ്ങ് ഷെഡ്ഡുകൾ മൂന്നെണ്ണമാണ്. അംശകച്ചേരി, തുയ്യം, പാലം എന്നീ സ്ഥലങ്ങളിലാണ് വെയ്റ്റിങ്ങ് ഷെഡ്ഡുകൾ സ്ഥാപിച്ചിട്ടുള്ളത്. മറ്റു സന്നദ്ധ സംഘടനകൾ പഞ്ചായത്തിൻെറ വിവധ സ്ഥലങ്ങളിൽ വെയ്റ്റിങ്ങ് ഷെഡ്ഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ നിലവാരം അത്യധികം മോശമാണ്.
2. യഥാസമയത്ത് അറ്റകുറ്റപ്പണി നടക്കുന്നില്ല.
3. ഓടകൾ ഇല്ലാത്തത് റോഡുകളുടെ അവസ്ഥമോശമാക്കുന്നു.
4. പാടശേഖരങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ ഇപ്പോഴും കുറവാണ്.
5. പല വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യമില്ല.
6. പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളുമായി ബന്ധപ്പെടുന്ന രീതിയിൽ ബസ് സർവ്വീസ് ഇല്ല.

പഞ്ചായത്തിലെ നിലവിലുള്ള ടാർ ചെയ്ത റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

നിലവിലുള്ള ടാർ ചെയ്ത റോഡുകൾ പട്ടിക - 1

| എണ്ണം | റോഡ് | ഉടമസ്ഥത | ദൂരം.കി.മീ. | വീതി.മീ. | ബസ്സുകൾ/മറ്റു സൗകര്യങ്ങൾ ഉണ്ടോ? |
|---|---|---|---|---|---|
| 1. | എടപ്പാൾ - പൊന്നാനി | P.W.D | 3 കി. മീ. | 12 മീ. | ഉണ്ട് |
| 2. | നടുവട്ടം - കരിങ്കല്ലത്താണി | P.W.D | 4 കി. മീ. | 10 മീ. | ഉണ്ട് |
| 3. | അംശക്കച്ചേരി - അയിലക്കാട് | പഞ്ചായത്ത് | $1^3/_4$ കി. മീ. | 6 മീ. | ഉണ്ട് |
| 4. | തട്ടാൻ പടി - പൊൽപ്പാക്കര | പഞ്ചായത്ത് | 3 കി. മീ | 8 മീ. | ഉണ്ട് |
| 5. | പെരുമ്പറമ്പ് പൊൽപ്പാക്കര | പഞ്ചായത്ത് | $1^1/_4$ കി. മീ. | 8 മീ. | ഉണ്ട് |
| 6. | എടപ്പാൾ അങ്ങാടി - തവനൂർ റോഡ് | P.W.D | 2 കി.മീ | 10 മീ. | ഉണ്ട് |
| 7. | അംശക്കച്ചേരി - ഉദിനിക്കര | പഞ്ചായത്ത് | $^1/_2$ കി. മീ. | 6 മീ. | ഇല്ല |
| 8. | പൂക്കരത്തറ - കോലൊളമ്പ് | പഞ്ചായത്ത് | 4 കി. മീ. | 6 മീ. | ഉണ്ട് |
| 9. | പൂലിക്കാട് - കോട്ടപ്പുറം | പഞ്ചായത്ത് | $^1/_2$ കി. മീ. | 6 മീ. | ഇല്ല |
| 10. | പുലിക്കാട് - കാളച്ചാൽ | പഞ്ചായത്ത് | $^3/_4$ കി. മീ. | 6 മീ. | ഇല്ല |
| 11. | പുലിക്കാട് - കോലം | പഞ്ചായത്ത് | $^1/_2$ കി. മീ. | 6 മീ. | ഇല്ല |
| 12. | വൈദ്യർമൂല - വല്ല്യാട് | പഞ്ചായത്ത് | $^1/_2$ കി. മീ. | 6 മീ. | ഇല്ല |
| 13. | തട്ടാൻ പടി - പൊന്നാഴിക്കര | പഞ്ചായത്ത് | $1^1/_2$ കി. മീ. | 6 മീ. | ഇല്ല |
| 14. | വലിയ പാലം - എലിയത്ത് തറ | പഞ്ചായത്ത് | 300 മീ. | 6 മീ. | ഇല്ല |
| 15. | ചുങ്കം - വെങ്ങിനിക്കര | പഞ്ചായത്ത് | $1^1/_2$ കി. മീ. | 6 മീ. | ഇല്ല |
| 16. | പൂക്കരത്തറ - പൊൻകുന്ന് | പഞ്ചായത്ത് | $^3/_4$ കി. മീ. | 6 മീ. | ഇല്ല |
| 17. | തുയ്യം - കല്ലമുക്ക് | പഞ്ചായത്ത് | 300 മീ. | 6 മീ. | ഇല്ല |

## റോഡ് നിർമ്മാണം

ടാർചെയ്യാനുള്ള മെറ്റൽ റോഡുകൾ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ നിരവധി റോഡുകൾ മെറ്റൽ ചെയ്ത് ടാറിങ്ങ് നടത്തേണ്ടവയാണ്. അവയുടെ വിശദാംശങ്ങൾ പട്ടിക (2)ൽ കൊടുക്കുന്നു.

## പുതിയ മൺ റോഡുകൾ

മെറ്റൽ ചെയ്ത് റോഡുകൾ ടാർ ചെയ്യുന്നതോടൊപ്പം തന്നെ പുതിയ റോഡ് നിർദ്ദേശങ്ങളും ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. ഈ റോഡുകൾ വരുന്ന പക്ഷം കൃഷിക്ക് ആവശ്യമായ രീതിയിൽ വാഹനങ്ങൾ കൊണ്ടുപോകാ

പട്ടിക - 2

| നമ്പർ | റോഡ് | വാർഡ് | ദൂരം (കി. മീ.) | വീതി (മീ.) |
|---|---|---|---|---|
| 1. | പൊൽപാക്കര വായനശാല - ഇല്ലത്ത് താഴം റോഡ് | I | 1/2 കി. മീ. | 6 മീ. |
| 2. | തറക്കൽ - ഞൗഞ്ഞിപ്പാടം | I | 3/4 കി. മീ. | 6 മീ. |
| 3. | തറക്കൽ - പള്ളാൽ പാടം റോഡ് | I | 1 കി. മീ. | 6 മീ. |
| 4. | പൊൽപ്പാക്കര - പള്ളശ്ശേരി | I | 1 കി. മീ. | |
| 5. | പെരുമ്പറമ്പ് - ലക്ഷം വീട് കോളനി | II | 1/2 കി. മീ. | |
| 6. | പെരുമ്പറമ്പ് ശിവക്ഷേത്രം - മാണൂർ കായൽ | II | 1/2 കി. മീ. | |
| 7. | പൊറൂക്കര - പൊന്നാഴിക്കര | III | 1 കി. മീ. | |
| 8. | പൊന്നാഴിക്കര - കൃഷ്ണനത്താണി | III | 1 1/2 കി. മീ. | |
| 9. | പൊറൂക്കര - പാറക്കുളം - മാഞ്ഞൂർ കായൽ | III | 1 1/2 കി. മീ. | |
| 10. | മാനത്തു പറമ്പ് - തുയ്യം | IV | 800 മീ. | |
| 11. | തുയ്യം ഐ. ജെ. പടി - അന്താളച്ചിറ | IV | 800 മീ. | |
| 12. | തുയ്യം - കല്ലും മുക്ക് | IV | 950 മീ. | |
| 13. | വലിയ പാലം - പുന്നക്കൽ | IV | 1 കി. മീ. | |
| 14. | തുയ്യം - കുട്ടത്ത്പടി | IV | 150 മീ. | |
| 15. | കൃഷ്ണനത്താണി - തുയ്യം | V | 1 1/2 കി. മീ. | |
| 16. | പഴയങ്ങാടി - പഴയബ്ലോക്ക് | VI | 3/4 കി. മീ. | |
| 17, | തലമുണ്ട - ലക്ഷം വീട് കോളനി | VI, VII | 1 കി. മീ. | |
| 18. | ആസ്പത്രി - പയ്യങ്ങാട് പാടം | VII | 1/2 കി. മീ. | |
| 19. | വെങ്ങിനിക്കര - വാട്ടർ അതോറിറ്റി | VII | 1/2 കി. മീ. | |
| 20. | അയിലക്കാട് - ആളം | VIII | 2 കി. മീ. | |
| 21. | അയിലക്കാട് - കോട്ടമുക്ക് | VIII | 1.600 കി. മീ | |
| 22. | മടയക്കോൾ റോഡ് | IX, XI | 1 കി. മീ. | |
| 23. | പൂക്കരത്തറ - ഹരിജൻ കോളനി | IX | 1 കി. മീ. | |
| 24. | പൂക്കരത്തറ (പി.ഓ) - പടിഞ്ഞാറ്റുമുറി | IX | 1 കി. മീ. | |
| 25. | പൂക്കരത്തറ - പൊൻകുന്ന് | IX | 600 മീ. | |
| 26. | G.H.W.L.P.S ലക്ഷം വീട് | IX | 1 കി. മീ. | |
| 27. | G.H.W.L.P.S കയററും വക്കം | IX | 1 കി. മീ. | |
| 28. | മടയമ്പറമ്പ് ക്ഷേത്രം - രാമൻ താഴം | IX | | |
| 29. | പുലിയക്കാട് - കല്ലാട്ട് പാറ | X | 500 മീ. | |
| 30. | പുലിക്കാട് - കോട്ടപ്പുറം | XI | 1/2 കി. മീ. | |
| 31. | കോലൊളമ്പ് - വടശ്ശേരി ക്ഷേത്രം | XI | 1/2 കി. മീ. | |
| 32. | കോലൊളമ്പ് - മുനമ്പ് | XI | 1/2 കി.മീ. | |
| 33. | കോലൊളമ്പ് - ഒളമ്പക്കടവ് | XI | 1/2 കി. മീ. | |
| 34. | അയിലക്കാട് ഹരിജൻ കോളനി | VIII | 1 കി. മീ. | |

നും മറ്റു യാത്രാ സൗകര്യങ്ങൾക്കും ഇത് സഹായകമാകും. ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന പുതിയ റോഡുകളുടെ നിർദ്ദേശങ്ങൾ താഴെ പട്ടിക (3) ൽ ചേർക്കുന്നു.

പട്ടിക - 3

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ - വാർഡ് ക്രമത്തിൽ

| വാർഡ് | | റോഡ് | ദൂരം |
|---|---|---|---|
| I | 1. | പള്ളശ്ശേരി - എലിയത്തറ റോഡ് | 1 കി. മീ. |
| | 2. | പള്ളശ്ശേരി - പോത്ത റോഡ് | 1 കി. മീ. |
| | 3. | പൊൽപ്പാക്കര - വിജയ യു.പി. സ്കൂൾ റോഡ് | 1 കി. മീ. |
| | 4. | പൊൽപ്പാക്കര റേഷൻ ഷാപ്പ് എളയ കീഴിൽ തറ | 1/2 കി. മീ. |
| | 5. | മനയം പറമ്പ് - തറയ്ക്കൽ റോഡ് | |
| II | 1. | പെരുന്നപറമ്പ് അമ്പലം - മാണൂർ കായൽ | 1/2 കി. മീ. |
| | 2. | വൈദ്യർ പടി - പൂചെരിക്കൽ | |
| | 3. | പല്ലിക്കാട് - മാണൂർ കായൽ | |
| | 4. | പെരുമ്പറമ്പ് സ്കൂൾ ആലക്കായൽ റോഡ് | |
| | 5. | എട്ടുകണ്ടത്തിൽ പടി - പൂത്തോട് | |
| | 6. | കൊഴുക്കൊള്ളിപ്പറമ്പ് - പയങ്കുളം കായൽ | |
| | 7. | ഇളയങ്കീഴിൽ വടക്ക് ഭാഗം - എളയങ്കീഴിൽ പറമ്പ് | |
| III | 1. | പൊറൂക്കര സെൻറർ - പാടത്ത് വീട് ഹരിജൻ കോളനി | 1/2 കി. മീ |
| | 2. | കല്ലിങ്ങൽ ലോഡ്ജ് - മാക്കോത്തേൽ പടി | |
| | 3. | തറക്കൽ പീടിക - മനയം പടമ്പ് ഹരിജൻ കോളനി | |
| | 4. | പൊറൂക്കര അമ്പലം - കാവു പാടം | |
| | 5. | നെല്ലിക്കപ്പറമ്പ് ഇടവഴി | |
| | 6. | ജി.എൽ.പി. സ്കൂൾ മുതൽ കാവുപാടം വരെ | |
| | 7. | പൊറൂക്കര - അണ്ണക്കമ്പാട് റോഡ് | |
| IV | 1. | തുയ്യം - അന്താളിച്ചിറ റോഡ് | |
| | 2. | ഐ. ജെ. പടി - അന്താളിച്ചിറ | |
| V | 1. | വിജയ യു.പി. സ്കൂൾ - പൊൽപാക്കര | |
| | 2. | തട്ടാൻ പടി - കണ്ണേങ്കായൽ - അയിലക്കാട് | |
| | 3. | തട്ടാൻ പടി - ചെള്ളിപ്പാടം | |
| | 4. | കൃഷ്ണനത്താണി - തുയ്യം | |
| | 5. | ഐ. ജെ. പടി - ഹെൽത്ത് സെൻറർ | |
| VI | 1. | തലമുണ്ട - എടപ്പാൾ അങ്ങാടി | |
| | 2. | ഓവു പാലം - തലമുണ്ട | |
| | 3. | ആസ്പത്രി - എടപ്പാൾ അങ്ങാടി (മാർക്കറ്റ് വഴി) | |
| | 4. | പോസ്റ്റാഫീസ് - പാടത്തങ്ങാടി | |
| VII | 1. | വെങ്ങിനിക്കര - വെഞ്ചാലിപ്പാടം - വെങ്ങിണിക്കുളം | |
| | 2. | പഞ്ചായത്താഫീസ് - വെങ്ങിനിക്കര | |
| | 3. | വെങ്ങിനിക്കര - പൂക്കരത്തറ | |
| | 4. | വെങ്ങിനിക്കര - തലമുണ്ട | |
| | 5. | വെങ്ങിനിക്കര - തിരുത്തുമ്മൽ | |
| | 6. | ഗവ: ആശുപത്രി - പയ്യങ്ങാട്ട് കോളനി | |
| VIII | 1. | അയിലക്കാട് അയ്യപ്പൻ കാവ് - തലമുണ്ട | |
| | 2. | എടപ്പാൾ വീട്ടിൽ വഴി കോട്ടമുക്ക് റോഡ് | |
| | 3. | കോട്ടമുക്ക് - തട്ടാൻ പടി | 1/2 കി.മീ. |
| IX | 1. | എടപ്പാൾ ഗവ: ആശുപത്രി - കോലക്കാട് | 3/4 കി. മീ. |
| | 2. | പണ്ടാരത്തോട് - പാടം | 1 കി. മീ. |
| X | 1. | കോലത്ത് അയ്യപ്പൻകാവ് വഴി | 1 കി. മീ. |
| | 2. | നിലപ്പതി - ബോംബെപ്പടി | 2 കി. മീ. |
| XI | 1. | ഒളമ്പക്കടവ് - മാറഞ്ചേരി | 2 കി. മീ. |
| | 2. | കോലൊളമ്പ് - ചുള്ളിക്കൽ | 1 കി. മീ. |

പുതിയ റോഡ് നിർദ്ദേശങ്ങൾ നാടിൻെറ പുരോഗതിക്ക് ആക്കം കൂട്ടുന്നുണ്ടെങ്കിലും മറ്റു ചില പ്രശ്നങ്ങളും അതുയർത്തുന്നുണ്ട്. മരങ്ങൾ വെട്ടി നശിപ്പിക്കപ്പെടുന്നു. ഇതു മൂലമുണ്ടാകുന്ന മണ്ണൊലിപ്പ് നമ്മുടെ പരിസ്ഥിതിയെ ബാധിക്കുന്നുണ്ട്. കാർഷികാഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ടാണ് പാടശേഖരങ്ങളിലൂടെ പുതിയ റോഡുകൾ നിർമ്മിക്കപ്പെടുന്നത്. എന്നാൽ ഈ റോഡുകൾ വരുന്നതോടെ കൃഷിഭൂമി നികത്തപ്പെടുകയും കൃഷി അപ്രത്യക്ഷമാകുന്ന പ്രവണതയുമാണ് പൊതുവെ കണ്ടുവരുന്നത്. ഇതിനെതിരെയുള്ള ബോധ വൽകരണം ആവശ്യമാണ്.

1995-96 ലെകണക്കു പ്രകാരം പഞ്ചായത്തിൻെറ മൊത്തം ചിലവിൻെറ 50% ഓളം റോഡ്, കലുങ്ക് നിർമ്മാണത്തിന് നീക്കി വെച്ചിരിക്കുന്നു. പഞ്ചായത്തിലെ റോഡ് ഗതാഗത ശൃംഖല വർദ്ധിക്കുന്നുണ്ടെങ്കിലും ഇവ ഗുണപരമാക്കി ത്തീർക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തിലെ റോഡിൻെറ അളവ് ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിന് 2.12 കിലോ മീറ്റർ എന്നതാണ്. ച.കി. വിസ്തീർണ്ണത്തിന് 3.2 കി. മീ. എന്ന സംസ്ഥാന ശരാശരിയോടൊപ്പമെത്താൻ നമുക്കിനിയും ഏറ ദൂരം സഞ്ചരിക്കേണ്ടതുണ്ട്.

വികസനത്തിലൂന്നി നിൽക്കുന്ന പുതിയ കാഴ്ചപ്പാടും ജനകീയ ശക്തിയെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സന്നദ്ധ പ്രവർത്തനങ്ങളുമാണ് ഈ രംഗത്തെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കുക.

*പൊടി തീർത്തു പായുവാൻ*
*ഭൂമിയിലെ പാതകൾ*
*പണിയും വഴിപ്പണിക്കാരാ.......*
*പല പുസ്തകത്തിലും*
*നിന്നെക്കുറിച്ചുള്ള*
*പരമാർത്ഥമേ ഞാൻ തിരഞ്ഞു.......*

- ബാലചന്ദ്രൻ ചുള്ളിക്കാട്.

# കുടിവെള്ളവും പൊതുജനാരോഗ്യവും

എടപ്പാൾ പഞ്ചായത്തിലെ 95% ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ 600 കിണറുകൾ ഉണ്ടെങ്കിലും മിക്കവയും വേനൽക്കാലത്ത് വെള്ളം വറ്റുന്നവയാണ്. അതുകൊണ്ട് രൂക്ഷമായ കുടിവെള്ളക്ഷാമം പഞ്ചായത്തിൽ അനുഭവപ്പെടാറുണ്ട്. വികസന പ്രവർത്തനങ്ങളിലൂടെ ഏറ്റവും ആദ്യം പരിഹരിക്കപ്പെടേണ്ടതായ ഒരു പ്രശ്നമാണിത്.


പൊതുടാപ്പുകൾ പഞ്ചായത്തിൽ 144 എണ്ണമുണ്ടെങ്കിലും ഉപയോഗയോഗ്യമായവ 75 എണ്ണം മാത്രമാണ്. പഞ്ചായത്തിൽ കുഴൽ കിണറുകൾ 1: എണ്ണം കുഴിച്ചെങ്കിലും അവയിൽ മിക്കതിലും ഉപ്പുവെള്ളമാണ്. വേനൽക്കാലങ്ങളിൽ ശുദ്ധ ജലത്തിൻെറ അഭാവത്താൽ ജല ജന്യരോഗങ്ങൾ ബാധിക്കാറുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ, ശുദ്ധജലവിതരണത്തിനുള്ള ജലസംഭരണി വെങ്ങിനിക്കരയിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ ശുദ്ധ ജല പ്രശ്ന പരിഹാരത്തിന് ഗ്രാമ സഭകളിൽ നിന്ന് നിർദ്ദേശങ്ങൾ വന്നു.

## പ്രശ്നങ്ങൾ

1. പള്ളശ്ശേരി ഭാഗം, തൊള്ളാൻകട വിഭാഗം എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഇവിടെ ഉപ്പുവെള്ളമാണ് കൂടുതൽ.
2. ലക്ഷം വീടുകോളനി ഭാഗം, പെരുമ്പറമ്പ് ശിവക്ഷേത്ര പരിസരം, പെരുമ്പപറമ്പ് അംഗൻവാടി പരിസരം എന്നിവിടങ്ങളിൽ പൊതുടാപ്പുകളും, കിണറുകളും കുറവാണ്.
3. പൊറൂക്കര, പൊന്നാഴിക്കര, ഉങ്ങുംതറ, ആയിരി പറമ്പ് ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.
4. വെങ്ങിനിക്കര, ഉദിനിക്കര, ആസ്പത്രിക്കുന്ന് ഭാഗ ങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്.
5. അയ്യപ്പൻ കാവ് പ്രദേശം, വേരിങ്ങൽ ഹരിജൻ കോളനി എന്നിവിടങ്ങളിൽ ടാപ്പുകളും പൊതു കിണറുകളും ഇല്ല.
6. പൂക്കറത്തറ - താഴത്തേതിൽ പടി ഹരിജൻ കോളനി, പടിഞ്ഞാറ്റുമുറി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.
7. പൊൻകുന്ന്, ലക്ഷംവീട് കോളനി ഹെൽത്ത്സെൻററിൻെറ ഭാഗം എന്നിവിടങ്ങളിൽ ടാപ്പുകളും കിണറുകളും കുറവാണ്.

## പരിഹാരങ്ങൾ

1. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുകയും പൊതുകിണറുകൾ കുഴിക്കുകയും ചെയ്യുക.
2. ഡാനിഡ പദ്ധതിപ്രകാരം ഹൗസ് കണക്ഷനുകൾ എത്രയും പെട്ടന്ന് നൽകുക.
3. കോൾ നിലങ്ങളിലെ വെള്ളം പുഞ്ച കൃഷിക്കാലത്ത് മേലോട്ടടിച്ച് തോടുകൾ വഴി ഇരുപ്പൂ നിലങ്ങളിൽ സംഭരിച്ചു നിറുത്തിയാൽ ചുറ്റുമുള്ള പ്രദേശങ്ങളിലെ കിണറുകളിൽ വേനൽക്കാലത്ത് വെള്ളം വറ്റാതിരിക്കുകയും ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിയുകയും ചെയ്യും.
4. പൊതു ടാപ്പുകളിലെ ശുദ്ധജലം പാഴാക്കാതിരിക്കുവാൻ നടപടികളെടുക്കുക.
5. ഡാനിഡാ പദ്ധതി വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന ജലസ്രോതസ്സുകൾ പുനഃസ്ഥാപിക്കണം. പൊതു കിണറുകളും നിലച്ചുപോയ ടാപ്പുകളും വീണ്ടും ജല ലഭ്യയോഗ്യമാക്കണം.



## ആരോഗ്യം

ഈ പഞ്ചായത്തിലെ ആരോഗ്യ രംഗത്ത് ആദ്യകാലങ്ങളിൽ ഏതാനും പാരമ്പര്യ വൈദ്യകുടുംബങ്ങളെയാണ് ജനങ്ങൾ ആശ്രയി

ച്ചിരുന്നത്. പഞ്ചായത്തിലെ പേരുകേട്ട ആയുർവ്വേദ വൈദ്യന്മാരായിരുന്നു: കുട്ടത്ത് അയ്യപ്പൻ വൈദ്യർ, പൊന്നുക്കുട്ടി വൈദ്യർ എന്നിവർ ഈ കുടുംബ ങ്ങൾ ഇപ്പോഴും ചികിത്സാ രംഗത്ത് അവരുടെ പാരമ്പര്യം നിലനിർത്തുന്നു.

1957-58 കാലഘട്ടത്തിലാണ് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം ഈ പഞ്ചായത്തിൽ സ്ഥാപിതമായത്. ആദ്യകാലങ്ങളിൽ, ഈ സ്ഥാപനം ഒരു കുഷ്ഠരോഗ നിവാരണ കേന്ദ്രമായിരുന്നു. പിന്നീട് അത്. ഒരു പ്രാഥമിക പൊതു ജനാരോഗ്യ കേന്ദ്രമായി മാറി. ഇപ്പോൾ ഈ ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് ഒരു മാതൃ ശിശുസംരക്ഷണ കേന്ദ്രം കൂടി പ്രവർത്തിക്കുന്നുണ്ട്. 11-ാം വാർഡിൽ ഒരു ഗവ: ഹോമിയോ ഡിസ്പൻസറിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തിൽ ഇപ്പോൾ രണ്ട് സ്വകാര്യ അലോപ്പതി ആശുപത്രികളും, 3 സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ മേഖലയിലോ സ്വകാര്യമേഖലയിലോ ആയുർവേദ ആശുപത്രികളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. ഇവിടത്തെ കൂടുതൽ ജനങ്ങളും ചികിത്സക്കായി സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. എടപ്പാൾ ഗവ: ആശുപത്രി അപ്ഗ്രേഡ് ചെയ്ത് വേണ്ടത്ര സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.പഞ്ചായത്തിൽ ആകെ 5 ഹെൽത്ത് സബ് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | വാർഡ് നമ്പർ | സ്ഥാപനങ്ങൾ | സ്ഥാപിത വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | 2 | I.P.P. സബ്സെൻറർ | | 2 |
| 2. | 5 | I.P.P സബ് സെൻറർ | | 2 |
| 3. | 7 | ഗവ: പ്രൈമറി ഹെൽത്ത് സെൻറർ എടപ്പാൾ, മാതൃ ശിശു സംരക്ഷണ കേന്ദ്രം | | 29 |
| 4. | 8. | I.P.P. സബ് സെൻറർ | | 2 |
| 5. | 9 | " | | 2 |
| 6. | 10 | " | | 2 |
| 7. | 11 | ഹോമിയോ ഡിസ്പൻസറി | | 4 |

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾ

| ക്രമനമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിൻെറ പേര് |
|---|---|---|
| 1. | 7 | രാഗിതാ നേഴ്സിങ്ങ് ഹോം |
| 2. | 7 | അമ്പിളി നേഴ്സിഗ് ഹോം |
| 3. | 7 | മുക്കടേക്കാട്ക്ലിനിക്ക് (ഹോമിയോ) |
| 4. | 6 | താഹിർ ഹോമിയോ ക്ലിനിക്ക് തട്ടാൻ പടി |
| 5. | 8 | മങ്ങാട്ട് ഹോമിയോ ക്ലിനിക്ക് തട്ടാൻപടി |

സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും വിവിധ ചികിത്സാ സൗകര്യങ്ങൾ ഉണ്ടായിട്ടും പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണമേന്മ കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

1992-93 മുതൽ 1995-96 വരെ വിവിധ രോഗങ്ങൾക്ക് എടപ്പാൾ ഗവ: ആശുപത്രിയിൽ ചികിത്സക്ക് വിധേയമായവരുടെ കണക്ക് പട്ടിക പ്പെടുത്തിയിരിക്കുന്നു.

രോഗങ്ങൾ സംബന്ധിച്ച വിവരം (എണ്ണം)

| വർഷം | ത്വക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1992-93 | 212 | 165 | 261 | 4 | 9692 | 12691 |
| 1993-94 | 926 | 3251 | 2498 | - | 7209 | 13884 |
| 1994-95 | 1216 | 2949 | 1016 | - | 12972 | 18153 |
| 1995-96 | 963 | 2619 | 899 | - | 18319 | 22800 |

ഗർഭിണികളുടെ ആരോഗ്യ പോഷണ പരിപാലനത്തിനും പ്രതിരോധ കുത്തിവെപ്പിനും ജനങ്ങൾ ആശ്രയിക്കുന്നത് വിവിധ വാർഡുകളിലുള്ള ഐ.പി.പി. സബ് സെൻററുകളെയും, എടപ്പാൾ ഗവ: ഹെൽത്ത് സെൻററിനെയുമാണ്. എല്ലാ വാർഡുകളിലും ഐ.പി.പി. സബ് സെൻററുകൾ ഇല്ലാത്തതിനാൽ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

1മുതൽ 3വയസ്സ് വരെയുള്ള കുട്ടികളുടെ ആരോഗ്യ പോഷണ നിലവാര പട്ടിക താഴെകൊടുക്കുന്നു.

| പ്രായം | നോർമൽ | | ലഘുവായ പോഷണക്കുറവ് | | മിതമായ പോഷണക്കുറവ് | | ഗുരുതരമായ പോഷണക്കുറവ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിന് താഴെ | 197 | 201 | 28 | 26 | 1 | 0 | - | - |
| 1 മുതൽ 3 വയസ്സ് വരെ | 538 | 512 | 59 | 60 | 6 | 11 | - | - |
| 3 മുതൽ 6 വയസ്സ് വരെ | 482 | 487 | 89 | 84 | 30 | 28 | - | - |

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പിൻെറ പട്ടിക താഴെ കൊടുക്കുന്നു.

T.T

| ഗർഭിണികൾ | ID | IID | IIID |
|---|---|---|---|
| 208 | 189 | 221 | 11 |

| കുട്ടികൾ | BCG | DPT | | | | POLYYO | | | | DT | | | | MEARILS |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ID | IID | IIID | BD | ID | IID | IIID | BD | ID | IID | IIID | BD | |
| 1 വയസിന് താഴെ | 318 | 272 | 261 | 290 | | 272 | 263 | 390 | | | | | | |
| 1- 3 വയസ്സ് | | | | | 222 | | | | | | | | | |
| 3- 6 വയസ്സ് | | | | | | | | | | 121 | 149 | | 225 | |

എടപ്പാൾ ഗവ: ആശുപത്രിയിലും മാതൃശിശു സംരക്ഷണ കേന്ദ്രത്തിലും മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല. ആവശ്യമായ മരുന്നുകളും കുറവാണ്. ആധുനിക പരിശോധനാ ഉപകരണങ്ങളോ (എക്സ് -റേ, ഇ.സി.ജി. സ്കാനിങ്ങ്, ലബോറട്ടറി) തുടങ്ങിയ സൗകര്യങ്ങളോ ഇവിടെ ഇല്ല. തന്മൂലം ഈ പഞ്ചായത്തിലെ ആളുകൾ തങ്ങളുടെ ചികിത്സക്കുവേണ്ടി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരികയും വലിയ സാമ്പത്തിക ഭാരം താങ്ങുകയും ചെയ്യേണ്ടിവരുന്നു. ഇതു കാരണം പല കുടുംബങ്ങളും ചികിത്സാർത്ഥം അമിത പലിശക്ക് പണം കടം കൊടുക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുകയും സ്വന്തം കിടപ്പാടം പോലും അന്യാധീനപ്പെടുത്തേണ്ടിവരികയും ചെയ്യുന്ന അനുഭവങ്ങൾ ഇവിടെ ധാരാളം ഉണ്ട്.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ വളരെയധികം പ്രാധാന്യം ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. പൊതു ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾ വിമുഖത കാണിക്കുന്നു. ആരോഗ്യ പ്രവർത്തകരുടെ സേവനങ്ങൾ വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു.

## പരിസര ശുചീകരണം

ആരോഗ്യ രംഗത്ത് കുടിവെള്ളം കഴിഞ്ഞാൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് ശുചിത്വം. പരിസര ശുചിത്വം പാലിക്കുന്നതിൽ പ്രഥമസ്ഥാനം കക്കൂസിനുതന്നെയാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ 1241 കുടുംബങ്ങൾക്ക് കക്കൂസുകൾ ഇല്ല. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പരിസര ശുചിത്വത്തിന്റെ അഭാവം മൂലം വിരശല്യം, വയറിളക്ക രോഗങ്ങൾ എന്നിവ ധാരാളമായി കണ്ടുവരുന്നു. സാമ്പത്തിക പരാധീനതയാണ് കക്കൂസ് നിർമ്മിക്കാതിരിക്കുന്നതെന്ന് സർവ്വെ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, തുടങ്ങിയവയുടെ സഹായത്താൽ കക്കൂസ് നിർമ്മിച്ചു കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ശുചീകരണ ജോലിക്കാർ പഞ്ചായത്തിൽ ഇല്ല. ഇതു കാരണം അങ്ങാടികളും മറ്റു പൊതു സ്ഥലങ്ങളും ചപ്പു ചവറുകൾ നിറഞ്ഞ് മലിനമാവുന്നുണ്ട്.


പഞ്ചായത്തിലെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന എടപ്പാൾ അങ്ങാടിയിലെ മത്സ്യ മാംസമാർക്കറ്റിൽ നിന്നുള്ള മാലിന്യങ്ങൾ പരിസരങ്ങളിലെ കിണറുകൾ മലിനപ്പെടുത്തുന്നു. ( മാർക്കറ്റ് എന്ന അദ്ധ്യായത്തിൽ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.) പഞ്ചായത്തിലെ സ്കൂൾ പരിസരങ്ങളിൽ വില കുറഞ്ഞതും മായം കലർന്നതുമായ മധുര പലഹാരങ്ങൾ, അച്ചാറുകൾ തുടങ്ങിയവയുടെ വിപണനം കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. ആരോഗ്യ ഉദ്യോഗസ്ഥരുടെ പ്രത്യേക ശ്രദ്ധയും നിയമനടപടികളും അത്യന്താപേക്ഷിതമാണ് പലഭാഗങ്ങളിലും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നതുകൊണ്ട് കൊതുകു ശല്യം ധാരാളമാണ്. ഇതു നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികളും ബോധവൽകരണവും സർക്കാർ തലത്തിലും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനമില്ല വിവിധ വിശേഷാൽ ഗ്രാമ സഭകളിൽ നിന്ന് ഈ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്ത് തലത്തിലെങ്കിലും ഒരു ശ്മശാനം അത്യാവശ്യമാണ്.

ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് വിവിധ വിശേഷാൽ ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

1. എടപ്പാൾ ഗവ:ആശുപത്രിയിലെ ആധുനികസൗകര്യങ്ങളുടെ കുറവ് പരിഹരിക്കുക കൂടുതൽ ഡോക്ടർമാരെ നിയമിക്കുക, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.
2. ഹെൽത്ത് സബ് സെൻററുകൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക. എല്ലാ സബ് സെൻററുകളിലും ആഴ്ചയിലൊരിക്കൽ ഡോക്ടർമാർ വന്ന് രോഗികളെ പരിശോധിക്കുക അത്യാവശ്യ മരുന്നുകൾ അവിടെ ലഭ്യമാക്കുക.
3. പഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പൻസറി തുടങ്ങുക.
4. വിവിധ ചിക്ത്സാ രീതികളെ കുറിച്ചും ആരോഗ്യ പരിപാലനത്തെറിച്ചു, ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക.
5. സർക്കാർ ആരോഗ്യ പ്രവർത്തകരുടെ സേവനം കാര്യക്ഷമവും ഊർജ്ജിതവുമാക്കുക.

# മാർക്കറ്റ്



പഴയ കാലത്തിൻെറ പ്രതാപങ്ങൾ അയവിറക്കുമ്പോൾ എടപ്പാൾ അങ്ങാടിക്ക് ചരിത്രപരമായ പ്രാധാന്യങ്ങൾ ഒട്ടേറെയുണ്ട്. മലബാർ മേഖലയിലെ ഏറ്റവും പഴക്കമുള്ള മാർക്കറ്റുകളിൽ ഒന്ന് എടപ്പാൾ അങ്ങാടിയായിരുന്നു. അങ്ങാടി എന്ന നിലയിൽ പൊന്നാനിയേക്കാൾ പെരുമയും പ്രശസ്തിയും എടപ്പാളിന് അവകാശപ്പെടാനാകുമെന്നാണ് പഴയ കച്ചവടക്കാരുമായും പ്രായം ചെന്നവരുമായി നടത്തിയ അഭിമുഖങ്ങളിൽ നിന്നും വ്യക്തമാകുന്നത് ഒരു കാലത്ത് കാർഷിക സമൃദ്ധിയുടെയും മത്സ്യ സമ്പത്തിൻെറയും വിപണന കേന്ദ്രം എടപ്പാൾ അങ്ങാടിയായിരുന്നു. മലഞ്ചരക്കു വ്യാപാരം, കൊപ്ര അടയ്ക്ക, എന്നിവയുടെ കച്ചവടം, തുണി കച്ചവടം, വെറ്റില കച്ചവടം, മത്സ്യമാർക്കറ്റ് തുടങ്ങിയവയാൽ സമ്പന്നമായിരുന്നു അങ്ങാടി. ദൂരെ പ്രദേശങ്ങളിൽ കൃഷി ചെയ്തിരുന്ന സാധനങ്ങൾ പോലും എടപ്പാൾ അങ്ങാടിയിൽ ആയിരുന്നു മൊത്തമായി വിപണനം നടത്തിയിരുന്നത്. അതിന് ഒരു ഉദാഹരണമാണ്. ഇന്ന് പേരിൽ മാത്രമാണെങ്കിലും അങ്ങാടിയിലെ വെറ്റിലത്തെരുവ്. പാലക്കാടൻ മേഖലയിൽ നിന്ന് എടപ്പാളിലേക്ക് കച്ചവടത്തിനായി വന്ന പട്ടന്മാരാണ് എടപ്പാളിനെ പ്രശസ്തിയിലേക്ക് ഉയർത്തിയത്. 'പട്ടന്മാരങ്ങാടി' എന്നായിരുന്നു ഇപ്പോഴത്തെ പഴയ ബ്ലോക്ക് ജംഗ്ഷൻ അറിയപ്പെട്ടിരുന്നത്. പറമ്പുകളിൽ സമൃദ്ധമായി വാഴ-കൃഷി ചെയ്തിരുന്നു. അവക്ക് അങ്ങാടിയിൽ ഒരു പ്രധാന വിൽപന കേന്ദ്രമുണ്ടായിരുന്നു എന്നതും പ്രസിദ്ധമാണ്. നാടൻ നേന്ത്രക്കായക്കും കാഴ്ചക്കുലകൾക്കും ഈ അങ്ങാടി പ്രസിദ്ധമായിരുന്നു. കുറ്റിപ്പുറം ചങ്ങരംകുളം, വട്ടംകുളം കുമരനെല്ലൂർ, മാറഞ്ചേരി എന്നിവിടങ്ങളിൽ നിന്നെല്ലാം കായയും മറ്റു കാർഷിക ഉൽപന്നങ്ങളും വിൽപനക്കായി കൊണ്ടു വന്നിരുന്നത് ഈ അങ്ങാടിയിലേക്കായിരുന്നു. ഓണക്കാലത്തെ പൂരാട വാണിഭം ഇന്നും പഴമക്കാരുടെ മനസ്സിൽ ആവേശമുണർത്തുന്നുണ്ട്. അന്ന് പത്ത് ദിവസത്തേക്കും അങ്ങാടിയിൽ കടകൾ അടക്കാറുണ്ടായിരുന്നില്ല എന്നാണ് ഒരു പഴയ കച്ചവടക്കാരൻ പറഞ്ഞത്. വിവിധ വ്യാപാര സ്ഥാപനങ്ങൾ നടത്തുന്ന കലാപരിപാടികൾ ഈ അടുത്ത കാലം വരെയും പൂരാട വാണിഭത്തിന് മാറ്റു കൂട്ടിയിരുന്നു. എന്നാൽ ഇന്ന് പൂരാട വാണിഭം ഒറ്റ ദിവസമായി ചുരുങ്ങിയിരിക്കുന്നു. പേരിനു മാത്രം നേന്ത്ര കുലകളുടെ കച്ചവടവും റാവുത്തർമാരുടെ തുണികച്ചവടവും ഇക്കാലത്ത് നടന്നു വരുന്നുണ്ട്. അങ്ങാടിയിൽ പൂരാട വാണിഭത്തിന് കാർഷികോൽപന്നങ്ങളും, കരകൗശലവസ്തുക്കളും, മൺപാത്രങ്ങളും, വിൽക്കുന്നത് കൃഷിക്കാരുടെയും ആശാരിമാരുടെയും കരുവാൻ മാരുടെയും കച്ചവടക്കാരുടെയും മാന്യത കൂടിയായിരുന്നു.

ചക്കാണത്ത് ഗോവിന്ദൻ നായർ, പരുവിങ്ങൽ കുട്ട്യാലി, നാരായണൻ നായർ, ചക്കമ്പുള്ളി മാനു, എന്നിവർ ഇവിടുത്തെ കച്ചവട പ്രമാണിമാരായിരുന്നു. കൂടാതെ തുണികച്ചവടക്കാരനായ സി. ആർ. ഗോപാലകൃഷ്ണ അയ്യർ, ഗണേഷ് ഓയിൽ മിൽ സ്ഥാപകനായ കുഞ്ഞാമ്പി സ്വാമി എന്നിവരും സ്മരണീയരായിരുന്നു.

ഈ പഴയകാലപ്രതാപങ്ങൾ നഷ്ടപ്പെടാൻ തുടങ്ങിയത് കുറ്റിപ്പുറം പാലത്തിൻെറ പണി പൂർത്തിയായതോടെയാണ്, ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചതും അയൽപ്രദേശങ്ങളിൽ പുത്തൻ വാണിജ്യകേന്ദ്രങ്ങൾ ഉയർന്നു വന്നതും അങ്ങാടിയുടെ തകർച്ചക്ക് കാരണമായി. എന്നാൽ അങ്ങാടിയുടെ പ്രാധാന്യംതിരിച്ചു കൊണ്ടുവരുന്നതിന് മാർഗങ്ങൾ ഉണ്ട്. അയിലക്കാടുനിന്ന് പഴയ ബ്ലോക്കുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ്. തലമുണ്ടയിലൂടെ കണ്ണേങ്കായലിൻെറ കിഴക്കു ഭാഗത്തു കൂടി വരികയാണെങ്കിൽ ഇന്നുള്ള അങ്ങാടി കുറേകൂടി പുരോഗതി പ്രാപിക്കും.

എടപ്പാൾ പഞ്ചായത്തിൻെറ മർമ്മഭാഗമായ അങ്ങാടിയിലെ മാർക്കറ്റിൻെറ അവസ്ഥ ഇന്ന് വളരെ ശോചനീയമാണ്. മത്സ്യം വിൽക്കുന്നതും ആടുമാടുകളെ അറവു നടത്തുന്നതും തീർത്തും അശാസ്ത്രീയമായ രീതിയിലും പൊതു മലിനീകരണത്തിന് ഇടയാക്കുന്ന വിധത്തിലുമാണ്.

### മറ്റുവാർഡുകളിൽ

പൊൽപാക്കര, പെരുമ്പറമ്പ്, തുയ്യം, കോലൊളമ്പ്, വൈദ്യർ മൂല, അയിലക്കാട് എന്നിവിടങ്ങളിൽ ചെറുകിട കച്ചവടകേന്ദ്രങ്ങളാണെങ്കിലും വിപണിയുടെ കാര്യത്തിൽ അപ്രധാനങ്ങളാണ്. അതുപോലെ തന്നെ കാർഷികോൽപന്നങ്ങളുടെ സ്ഥാനം ഉപഭോഗവസ്തുക്കൾ കയ്യടക്കിയതും ഗൾഫ് പണത്തിൻെറ സ്വാധീനവും ഗ്രാമീണ സമ്പത്ത് വ്യവസ്ഥ യുടെ സ്വയം പര്യാപ്തതക്ക് വിഘ്നാതമായിട്ടുണ്ട്.

അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന കച്ചവട കേന്ദ്രമായ എടപ്പാൾ ചുങ്കത്തിൻെറ ചെറിയൊരു ഭാഗമേ (പൊന്നാനി റോഡിൻെറ തെക്കുഭാഗവും തൃശൂർ റോഡിൻെറ പടിഞ്ഞാറു ഭാഗവും) എടപ്പാൾ പഞ്ചായത്തിൻെറ പരിധിയിൽ വരുന്നുള്ളു. ഇവിടെ പരിസരമലിനീകരണത്തിൻെറ പ്രശ്നങ്ങൾ ഉണ്ട്. മഴക്കാലത്ത് ചുങ്കം കാൽ നടയാത്രക്കാർക്ക് ദുരിതമാണ്.

### പ്രശ്നങ്ങൾ

1. പൊതു മാർക്കറ്റിൻെറ അഭാവം
2. മലഞ്ചരക്കുകളുടെ സംഭരണ സ്ഥാപനങ്ങൾ ഇല്ലായ്മ.
3. അശാസ്ത്രീയമായ രീതിയിൽ മൃഗങ്ങളെ അറുത്തു വിൽക്കൽ.
4. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം.
5. അനധികൃത മത്സ്യവിൽപനയും മാംസ്യവിൽപനയും.

എടപ്പാൾ പഞ്ചായത്ത് / കച്ചവടസ്ഥാപനങ്ങൾ

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | സ്റ്റേഷനറി | 61 |
| 2. | പലചരക്ക് | 88 |
| 3. | ചായക്കട, ഹോട്ടൽ | 44 |
| 4. | പച്ചക്കറി | 22 |
| 5. | വർക്ക് ഷാപ്പ് | 9 |
| 6. | ടെക്സ്റ്റയിൽസ് | 13 |
| 7. | മെഡിക്കൽ സ്റ്റോർ | 8 |
| 8. | ആയുർവ്വേദ മരുന്നുകൾ | 19 |
| 9. | കൊപ്രക്കച്ചവടം | 28 |
| 10. | ബേക്കറി | 7 |
| 11. | പപ്പടക്കച്ചവടം | 14 |
| 12. | റേഷൻ ഷാപ്പ് | 7 |
| 13. | ബീഡി ഷോപ്പ് | 2 |
| 14. | സോഡാ ഫാക്ടറി | 4 |
| 15. | റൈസ് ആൻറ് ഫ്ലവർ മിൽ | 28 |
| 16. | സോ മിൽ | 2 |
| 17. | വളം | 4 |
| 18. | സിമൻറ് | 8 |
| 19. | ഓയിൽ മിൽ | 8 |

### സാധ്യതകൾ

1. എടപ്പാൾ അങ്ങാടിയിൽ മാർക്കറ്റ് സൗകര്യം ശാസ്ത്രീയമായി വിപുലപ്പെടുത്തുക.
2. ശാസ്ത്രീയ അറവുശാല സ്ഥാപിക്കുക.
3. ആഴ്ചചന്തയും പ്രധാന കേന്ദ്രങ്ങളിൽ അന്തിചന്തയും തുടങ്ങുക.
4. എടപ്പാൾ പഞ്ചായത്തിൽ ഒരു സ്ഥിരം മാവേലി സ്റ്റോറും സഞ്ചരിക്കുന്ന മാവേലി സ്റ്റോറും ആരംഭിക്കുക.
5. ഒന്നോ രണ്ടോ കൺസ്യൂമർ സ്റ്റോറുകൾ സഹകരണ സംഘങ്ങളുടെ മേൽ നോട്ടത്തിൽ ആരംഭിക്കുക.
6. അനധികൃത മത്സ്യവിൽപനയും മാംസ വിൽപനയും നിരോധിക്കുക.
7. എടപ്പാളിൽ നാളികേരം, നെല്ല്, അടയ്ക്ക, കശുവണ്ടി, തുടങ്ങിയ കാർഷികോൽപന്നങ്ങൾ ന്യായവിലക്ക് സംഭരിക്കാനുള്ള കേന്ദ്രങ്ങൾ തുടങ്ങുക.
8. എടപ്പാൾ അങ്ങാടിയിൽ പഴയ ബ്ലോക്കിൽ നിന്ന് അയിലക്കാടുമായി ബന്ധിപ്പക്കുന്ന റോഡുണ്ടാക്കി അങ്ങാടിയെ ജംഗ്ഷനാക്കി മാറ്റിയാൽ അങ്ങാടിയുടെ ഇന്നുള്ള ശോചനീയാവസ്ഥ പരിഹരിക്കാം.
9. ഓണക്കാലത്ത് അങ്ങാടിയോടനുബന്ധിച്ച് വിപുലമായ എക്സിബിഷൻ പഞ്ചായത്തിൻെറ മേൽ നോട്ടത്തിൽ നടത്തി പഴയ പൂരാട വാണിഭത്തിനു പുത്തൻ രൂപം നൽകുക.

### വായ്മൊഴി വെളിപാട്

എടപ്പാൾ പഞ്ചായത്ത് മേഖലയിലും പരിസര പ്രദേശങ്ങളിലും പ്രചാരത്തിലിരിക്കുന്ന ഒരു നാടൻ പാട്ട്:

പൂരാടാണ്യം കാണാന്
പട്ടരങ്ങാടീ പോയപ്പോ
ഏനും മാങ്ങീ ഓക്കും മാങ്ങീ
മഞ്ഞക്കൊമ്പൻ വായക്ക

ഇത്തറ ചെകരം സ്രാവിനെ മാങ്ങാൻ
എടപ്പാങ്ങാടീ പോയപ്പോ
ഏൻ മാങ്ങീത് ഒണക്കത്തി
ഓളോ നല്ല ഒണക്കാന്ത

(പട്ടന്മാരങ്ങാടി - എടപ്പാൾ അങ്ങാടിയുടെ പഴയ പേര്
മാങ്ങീ - വാങ്ങി
ഒണക്കത്തി - ഉണക്കമത്തി
ഒണക്കാന്ത - ഉണക്ക മാന്തൾ
കായക്കുലക്കും ഉണക്ക മത്സ്യത്തിനും പ്രശസ്തമായിരുന്നു.
- ഇന്നും അങ്ങനെത്തന്നെ - അങ്ങാടി)

# വ്യവസായം

വ്യാവസായികരംഗത്ത് പറയത്തക്ക പാരമ്പര്യം പഞ്ചായത്തിന് അവകാശപ്പെടാനില്ല. എങ്കിലും കാർഷികോൽപന്നങ്ങളുടെ സംസ്കരണ രംഗത്ത് എടപ്പാൾ പഞ്ചായത്തിന് സംസ്ഥാനത്ത് തന്നെ ഗണ്യമായ സ്ഥാനമുണ്ട്. 1950 കളിൽ വന്നേരി ഭാഗത്ത് നിന്നും പൊന്നാനി ഭാഗത്തു നിന്നും ടൺ കണക്കിന് കൊപ്ര എടപ്പാൾ പഞ്ചായത്തിലെ തലമുണ്ടയിലേക്ക് എത്തിയിരുന്നു. തലമുണ്ടയിൽ കണ്ണേം കായലിന് ഓരത്തുള്ള ഏനു എന്ന കൊപ്ര വ്യാപാരി വ്യാപകമായ തോതിൽ കൊപ്ര സംഭരിച്ചിരുന്നു. അദ്ദേഹം 1956 വരെ കൊപ്ര വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. വന്നേരി ഭാത്തു നിന്നും തോണിയിലൂടെ യായിരുന്നു. കണ്ണേം കായലിലൂടെ തേങ്ങയും കൊപ്രയുമെത്തിയിരുന്നത്.

പഞ്ചായത്തിലെ ആദ്യത്തെ എണ്ണമില്ലായിരുന്നു. ശ്രീ. കുഞ്ചമ്പിസ്വാമി സ്ഥാപിച്ച "ഗണേഷ് ഓയിൽ മിൽ". എടപ്പാളിലെത്തിയിരുന്ന കൊപ്ര വാങ്ങി ആട്ടിയിരുന്നത് കുഞ്ചമ്പി സ്വാമിയുടെ ഓയിൽ മില്ലിലായിരുന്നു. പിന്നീട് ചക്കാണത്ത് വീടു വക ഇത്തരത്തിൽ ഓയിൽ മിൽ സ്ഥാപിക്കുകയും കൊപ്ര സംസ്കരണത്തിൻെറ കുത്തക ഏറ്റെടുക്കുകയും ചെയ്തു.

1970 മുതൽ കേരളത്തിലെ പ്രമുഖ അടയ്ക്കാ വ്യവസായ കേന്ദ്രമാണ് എടപ്പാൾ, കേന്ദ്രീകൃതമായ തോതിൽ അടക്കാ സംഭരണവും സംസ്കരണവും നടക്കുന്നത് പഞ്ചായത്തിലെ അയിലക്കാട് എന്ന പ്രദേശത്ത് (അഖിൽ കാടാണത്രെ പിന്നീട് അയിലക്കാടയതത്രെ!) എങ്കിലും വ്യാവസായിക രംഗത്തും കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണ രംഗത്തും ഒരു വ്യാവസായിക സംസ്കാരം വളർത്തിയെടുക്കുവാൻ പഞ്ചായത്തിനിതുവരെ കഴിഞ്ഞിട്ടില്ല.


നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഒന്നും തന്നെ പ്രസ്തുത മേഖലകളിൽ, പ്രത്യേകിച്ച് അടക്കാ സംഭരണ ശാലകളിലെ സ്ത്രീ തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടില്ല. തൊഴിൽ വൈദഗ്ദ്യം വർദ്ധിപ്പിക്കുന്നതിനും നിയമപരമായ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പഞ്ചായത്ത് സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

പട്ടിക 1

നിലവിലുള്ള ചെറുകിട വ്യാവസായിക യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | ബീഡി | 2. | 110 |
| 2. | അടക്ക | 4 | 900 |
| 3. | വർക്ക് ഷാപ്പ് | 9 | 48 |
| 4. | കൊപ്ര | 28 | 125 |
| 5. | പപ്പടം | 14 | 150 |
| 6. | സോഡ | 4 | 13 |
| 7. | ഫ്ലവർ മിൽ | 28 | 40 |
| 8. | സോമിൽ | 2 | 28 |
| 9. | ഓയിൽ മിൽ | 8 | 18 |
| 10 | കക്ക | 2 | 5 |
| 11. | ഇലക്ട്രോണിക്സ് | 1 | 9 |
| | ആകെ | 102 | 1446 |

നമ്മുടെ പഞ്ചായത്തിലെ കാർഷിക സമരങ്ങളിലും തൊഴിൽ സമരങ്ങളിലും മറ്റു പുരോഗമന പ്രസ്ഥാനങ്ങളിലും അണിനിരന്ന് പ്രവർത്തിച്ച ഉജ്ജ്വല പാരമ്പര്യത്തിൻെറ ഉടമസ്ഥരാണ് ഇവിടത്തെ ബീഡിത്തൊഴിലാളികൾ. ബീഡിയുൽപാദന മേഖലയിലെ ചൂഷണത്തിനെതിരായി 1958 ൽ രൂപം കൊണ്ട് ഇന്നും നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനമാണ് ''എടപ്പാൾ പീസ് ബീഡി സഹകരണ സംഘം'' പല മേഖലകളിലും മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ളവരാണ് ഇവിടുത്തെ ബീഡി തൊഴിലാളികൾ. ഗൾഫ് മേഖലകളിലുണ്ടായ തൊഴിൽ സാധ്യതകളും സിഗരറ്റും വലിയ ബീഡിക്കമ്പനികളും കമ്പോളം കയ്യടക്കിയതും പഞ്ചായത്തിലെ ഇന്നത്തെ ബീഡി വ്യവസായത്തിൻെറ തകർച്ചക്ക് കാരണമായി.



പട്ടിക-2

വിവിധമേഖലകളിലെ കൂലി നിരക്ക്

| ക്രമ നമ്പർ | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | ആൺ | പെൺ |
| 1. | വർക്ക് ഷോപ്പ് | 125 | - |
| 2. | കൊപ്ര യൂണിറ്റ് | 100 | 60 |
| 3. | പപ്പടം | 60 | - |
| 4. | സോമിൽ | 100 | - |
| 5. | കയർ | - | 40 |
| 6. | ഫ്ലവർമിൽ | 80 | - |
| 7. | അടക്ക | 100 | 35 |
| 8. | ബീഡി | 60 | 50 |

## പ്രശ്നങ്ങൾ

നിത്യോപയോഗ സാധനങ്ങളുടെ വൻ ഡിമാൻറ് പഞ്ചായത്തിൽ ഉണ്ടായിട്ടും ആവശ്യമായ സാധനങ്ങളൊന്നും തന്നെ കാര്യമായി ഇവിടെ ഉൽപാദിപ്പിക്കുന്നില്ല. അന്യനാടുകളെ ആശ്രയിച്ചുള്ള ഇപ്പോഴത്തെ അവസ്ഥ മാറണമെങ്കിൽ സ്വാശ്രയബോധം ജനങ്ങളിൽ വളർത്തുകയും ഉപഭോക്തൃ സാധനങ്ങളുടെ ഉൽപാദനം പഞ്ചായത്തിൽ ആരംഭിക്കുകയും വേണം. ജനങ്ങളെ ഉൽപാദനമേഖലയിലേക്ക് ആകർഷിക്കുവാൻ ബോധവൽകരണവും ബോധപൂർവ്വമുള്ള ഇടപെടലുകളും അനിവാര്യമാണ്.

കയർ മേഖലയിൽ അസംസ്കൃത വസ്തുക്കൾ ആവശ്യത്തിന് ലഭ്യമാക്കണം. വിവിധ മേഖലകളിൽ സാങ്കേതിക പരിജ്ഞാനം ലഭിച്ചവരെ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. പുതിയ വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുവാൻ ഊർജ്ജപ്രതിസന്ധി ഒരു തടസ്സമാണ്. വനിതാ സഹകരണ സംഘങ്ങളുടെ അപര്യാപ്തതയുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഉണ്ടായിരുന്ന കയർ സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല വ്യാവസായിക രംഗത്ത് പണം മുടക്കുവാൻ താൽപര്യപ്പെടുന്നവരെ ഉപയോഗിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാത്തതും വലിയ പോരായ്മയാണ്. പപ്പട നിർമ്മാണം പോലെയുള്ള കുടിൽ വ്യവസായങ്ങൾ ആധുനികവൽകരിക്കുകയും അസംസ്കൃത സാധനങ്ങൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുകയും വേണം. പഞ്ചായത്തിൽ ഒരു പുതിയ വ്യാവസായിക സംസ്കാരം രൂപപ്പെടുത്തുന്നതിന് അടിയന്തിരമായി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.

## നിരീക്ഷണങ്ങളും ഗ്രാമസഭാ നിർദ്ദേശങ്ങളും.

1. ആധുനിക യന്ത്ര സംവിധാനങ്ങളോടുകൂടിയ ചകിരി സംസ്കരണ യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കണം.
2. സാങ്കേതിക പരിജ്ഞാനം ലഭിച്ചവർക്ക് അതാത് വ്യാവസായികമേഖലകളിൽ പ്രോത്സാഹനം നൽകുക.
3. ധനകാര്യസ്ഥാപനങ്ങളുടെ വായ്പാ സമ്പ്രദായം ലളിതമാക്കുകയും പലിശനിരക്ക് കുറക്കുകയും വേണം.
4. പാൽ സംസ്കരണ സാധ്യതകളെ വ്യാവസായികമായി ഉപയോഗപ്പെടുത്തണം.
5. ടൈലറിങ്ങ്, ഗാർമെൻറ് മേക്കിംഗ്, കെയിൻ വർക്സ് എന്നിവക്ക് വനിതാ യൂണിറ്റുകൾ രൂപീകരിക്കണം.
6. വ്യാവസായിക സംരഭങ്ങൾക്ക് പണം മുടക്കുവാൻ താൽപര്യമുള്ളവരെ ഉപയോഗപ്പെടുത്തുക.
7. ബേക്കറി-ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കണം.
8. പരമ്പരാഗത കുടിൽ വ്യവസായങ്ങ[illegible]ടെ അഭിവൃദ്ധിക്കായി പഞ്ചായത്ത് മുൻ കൈയെടുക്കണം.
9. പ്ലാസ്റ്റിക് വ്യസായത്തിൽ പരിശീലനം ലഭിച്ചവരെ ഉപയോഗപ്പെടുത്തണം.
10. മെഴുകുതിരി നിർമ്മാണ യൂണിറ്റ്, ഹോളോ ബ്രിക്സ് യൂണിറ്റ്, ബുക്ക് ബൈൻറിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കണം.
11. ഫർണീച്ചർ നിർമ്മാണത്തിൽ പരിജ്ഞാനമുള്ളവരെ ഉപയോഗപ്പെടുത്തി യൂണിറ്റുകൾ ആരംഭിക്കണം.
12. കോഴിവളർത്തൽ, ഫുഡ് പ്രൊഡക്ഷൻ യൂണിറ്റുകൾ ആരംഭിക്കണം.
13. അടക്ക സംസ്കരണ കേന്ദ്രം വേണം.
14. ഇലക്ട്രോണികസ് ചോക്ക് നിർമ്മാണം ആരംഭിക്കണം.
15. സോപ്പ് നിർമ്മാണയൂണിറ്റ് ആരംഭിക്കണം.
16. അലൂമിനിയം ഫാബ്രിക്കേഷൻ, പാത്രനിർമ്മാണം എന്നിവയിൽ ട്രെയിനിംഗ് ലഭിച്ചവരെ ഉപയോഗിച്ച് ആരംഭിക്കുക.
17. ചന്ദനത്തിരി നിർമ്മാണം ആരംഭിക്കണം.
18. കൈത്തറി വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
19. കശുമാങ്ങയിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഭക്ഷ്യ വസ്തുക്കളും ശീതള പാനീയങ്ങളും ഉൽപാദിപ്പിക്കണം.
20. തേങ്ങാ വെള്ളം സംസ്കരിക്കുവാനുള്ള സംവിധാനമുണ്ടാക്കണം.
21. പഞ്ചായത്തിൻെറ സമഗ്ര വ്യാവസായിക വികസനത്തിന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
22. പഞ്ചായത്ത് തലത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളെ ഉപയോഗപ്പെടുത്തുക.
23. ഗൾഫ് മലയാളികളെ വ്യവസായസംരംഭകരാക്കുവാൻ പ്രേരിപ്പിക്കുക.

> വ്യാവസായിക മുന്നേറ്റം പരിസ്ഥിതി തകർക്കുന്ന രീതിയിലാകരുത്. പരിസ്ഥിതിയെ സംരക്ഷിക്കുന്ന തരത്തിലുള്ള വ്യവസായ വൽകരണമാണ് നമുക്ക് വേണ്ടത്.
>
> *-എം. എസ് സ്വാമിനാഥൻ*

# ഊർജ്ജം

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയിരുന്നു. ശ്രീ. കുഞ്ചമ്പി സ്വാമിയുടെ "ഗണേഷ് ഓയിൽ മിൽ" ലേക്കാണ് ആദ്യമായി വൈദ്യുതിയെത്തിയത്. തുടർന്ന് പൊല്പാക്കര, എടപ്പാൾ അങ്ങാടി എന്നിവിടങ്ങളിലും വൈദ്യുതിയെത്തി. നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. എങ്കിലും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ 20 ട്രാൻസ്ഫോമറുകൾ നിലവിലുണ്ട്. പഞ്ചായത്തിൻെറ നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും പൊറൂക്കര, വലിയപാലം, പൂക്കറത്തറ, കോലളമ്പ് എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകകയും ചെയ്താൽ പഞ്ചായത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരമാകും. പഞ്ചായത്തിലെ നിലവിലുള്ള ട്രാൻഫോമറുകളും അവയുടെ ശേഷിയും പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ, രാത്രിയിലെ യാത്രക്കാർക്കായി പഴയകാലത്ത് മണ്ണെണ്ണ തെരുവുവിളക്കുകൾ സ്ഥാപിച്ചിരുന്നു. പഞ്ചായത്തിലെ തട്ടാൻപടി, അംശക്കച്ചേരി, ഉങ്ങുംതറ, എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്കുകളുടെ അവശിഷ്ടങ്ങൾ അടുത്തകാലം വരെ ഉണ്ടായിരുന്നു. ഇപ്പോൾ 80 തെരുവ് വിളക്കുകൾ പഞ്ചായത്ത് വകയായുണ്ട്. അവയിൽ 15 എണ്ണം സോഡിയം വേപ്പർ ലാമ്പുകളാണ് എങ്കിലും ഇനിയും 7 വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.


എടപ്പാൾ മേജർ സെക്ഷൻെറ കീഴിലുള്ള ചങ്ങരംകുളം സബ്സെൻററിൽ ഏതാണ്ട് 9000 ഉപഭോക്താക്കളുണ്ട്. ചങ്ങരംകുളം സബ്സെൻറർ എടപ്പാൾ മേജർ സെക്ഷൻെറ കീഴിൽ നിന്നും വേർപെടുത്തുകയും ഒരു മേജർ സെക്ഷനായി ഉയർത്തുകയും ചെയ്യണം. ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത 6 ഹരിജൻ കോളനികൾ പഞ്ചായത്തിലുണ്ട്. ആയത് അടിയന്തിരമായി വൈദ്യുതീകരിക്കുകയും താഴെ കൊടുത്ത പട്ടിക-2 പ്രകാരം ലൈൻ വലിക്കുകയും വേണം.

പട്ടിക-1

| ക്രമനമ്പർ | പേര് | കപ്പാസിറ്റി |
|---|---|---|
| 1. | മുല്ലേമാട് | 100 KVA |
| 2. | കോട്ടമുക്ക് | 100 KVA |
| 3. | പെരുമ്പറമ്പ | 160 KVA |
| 4. | വലിയാട് | 250 KVA |
| 5. | തലമുണ്ട | 63 KVA |
| 6. | പോസ്റ്റാഫീസ് | 160 KVA |
| 7. | പൊൽപാക്കര | 63 KVA |
| 8. | ഒളമ്പക്കടവ് | 100 KVA |
| 9. | വെങ്ങിനിക്കര | 63 KVA |
| 10. | അയിലക്കാട് | 160 KVA |
| 11. | പുലിക്കാട് | 100 KVA |
| 12. | കോലത്ത് | 100 KVA |
| 13. | വള്ളത്തോൾ | 63 KVA |
| 14. | പൂക്കറത്തറ | 250 KVA |
| 15. | പെൽപാക്കര-പള്ളിയിൽ അമ്പലം | 100 KVA |
| 16. | തുയ്യം | 100 KVA |
| 17. | എടപ്പാൾ അങ്ങാടി | 100 KVA |
| 18. | പുഴങ്ങാട് | 100 KVA |
| 19. | കണ്ണേം കായൽ | 100 KVA |
| 20. | കല്ലം മുക്ക് | 100 KVA |

പട്ടിക-2

| നമ്പർ | ഇനം | കി. മീ. |
|---|---|---|
| 1. | 3 ഫേസ് ലൈൻ | 8 കി. മീ. |
| 2. | സിംഗിൾ ഫേസ് | 17 കി. മീ. |
| 3. | സ്ട്രീറ്റ് ലൈറ്റ് | 20 കി. മീ. |



അടിയന്തിരമായി വൈദ്യുതീകരിക്കേണ്ട കോളനികൾ

പട്ടിക-3

| നമ്പർ | ഹരിജൻ കോളനിയുടെ പേര് | വാർഡ് | വൈദ്യുതീകരിക്കേണ്ട കുടുംബങ്ങൾ |
|---|---|---|---|
| 1. | ഞവഞ്ഞിപ്പാടം കോളനി | 1 | 15 |
| 2. | തൊള്ളങ്കിട വളപ്പ് കോളനി | 5 | 29 |
| 3. | പള്ളശ്ശേരി കോളനി | 1 | 6 |
| 4. | മാക്കോത്തേൽ കോളനി | 3 | 8 |
| 5. | പൂക്കറത്തറ താഴത്തേതിൽ പടി | 9 | 12 |
| 6. | കല്ലാട്ട് പാറ കോളനി | 10 | 20 |

പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ദുർബലവിഭാഗങ്ങൾക്ക് 220 W.P കണക്ഷനുകൾ ഇതുവരെയായി നൽകിയിട്ടുണ്ട് C.Dയും OYECയുംഅടച്ചിട്ടും വൈദ്യുതി കണക്ഷനു വേണ്ടി നീണ്ട കാലം കാത്തിരിക്കേണ്ട ഗതികേടിലാണ് പഞ്ചായത്തിലെ ജനങ്ങൾ. പണമടച്ച എല്ലാവർക്കും എത്രയും പെട്ടന്ന് വൈദ്യുതി കണക്ഷൻ നൽകണം ദീർഘകാലമായി വൈദ്യുതിക്കായി പണമടച്ചു കാത്തിരിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർത്ത പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പട്ടിക -4

| OYEC/ORDINARY | ഇനം | പണമടച്ച കാലം |
|---|---|---|
| OYEC | O.H.(പോസ്റ്റ് ആവശ്യമുള്ളവ) | 12/95 |
| | W.P(പോസ്റ്റ് ആവശ്യമില്ലാത്തവ) | 9/96 |
| ഓർഡിനറി | കൃഷി O.H. (പോസ്റ്റ് ആവശ്യമുള്ളവ) | 1/92 |
| | മറ്റുള്ളവ (പോസ്റ്റ് ആവശ്യമില്ലാത്തവ) | 1/91 |

സമ്പന്ന വിഭാഗങ്ങളുടെ വൈദ്യുതി ദുരുപയോഗവും സ്റ്റെപ്പ്-അപ് ദുർവിനിയോഗവും തടയണം. വൈദ്യുതി പ്രസരണ നഷ്ടം തടയുവാൻ വൈദ്യുതി ലൈനിൽ തട്ടിക്കിടക്കുന്ന മരങ്ങളും കൊമ്പുകളും വെട്ടി മാറ്റണം. ഊർജ്ജ പ്രതിസന്ധിയെ അതിജീവിക്കുവാൻ ബദൽ മാർഗ്ഗങ്ങൾ ആരായുകയും അവയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും വേണം. സോളാർ സാധ്യതകളെയും ബയോഗ്യാസ് പദ്ധതികളെയും കുറിച്ച് ജനങ്ങളെ അറിയിക്കണം. പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിൽ വ്യാപിപ്പിച്ചാൽ ഇന്ധന ലാഭത്തിനു പുറമെ സ്ത്രീകളുടെ ആരോഗ്യവും സംരക്ഷിക്കുവാൻ കഴിയും.

## ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളും ആവശ്യങ്ങളും

1. പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കണം.
2. ബയോഗ്യാസ്പ്ലാൻറുകൾ സ്ഥാപിക്കുവാൻ പ്രോത്സാഹിപ്പിക്കണം.
3. ജീർണ്ണിച്ച ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുകയും സ്ട്രീറ്റ് ലൈറ്റുകൾ എല്ലാ റോഡിലും സ്ഥാപിക്കുകയും വേണം.
4. പൂക്കത്തറ-പടിഞ്ഞാറ്റു മുറിയിൽവൈദ്യുതി എത്തിക്കണം. വല്യാട് ലക്ഷം വീട്ടിൽ കറൻറ് കണക്ഷൻ നല്കണം
5. പൊൻകുന്നം ഭാഗത്ത് 75 വീടുകളിൽ വൈദ്യുതി എത്തിക്കാനുണ്ട്.
6. വൈദ്യുതീകരിച്ചിട്ടില്ലാത്ത ഹരിജൻ കോളനികൾ (പട്ടിക-3) വൈദ്യുതീകരിക്കണം.
7. ആവശ്യമായ സ്ഥലങ്ങളിൽ (പൊറുക്കര, വലിയ പാലം, പൂക്കറത്തറ, കോലളമ്പ്) ട്രാൻസ് ഫോമറുകൾ സ്ഥാപിക്കുക.
8. വൈദ്യർ മൂലയുടെ കിഴക്കുഭാഗത്തുള്ള ഹരിജൻ വീടുകളിൽ വൈദ്യുതി എത്തിക്കണം.
9. കോലളമ്പ് ഹെൽത്ത്സെൻറർ മുതൽ ഹോമിയോ ഡിസ്പെൻസറി വരെയുള്ള ഇരുപതോളം വീടുകളിൽ വൈദ്യുതി എത്തിക്കണം.
10. കോലത്ത് അയ്യപ്പൻ കാവു കിഴക്കു ഭാഗത്ത് വൈദ്യുതി എത്തിക്കണം.
11. പതിനൊന്നാം വാർഡിൽ 54 വീടുകളിൽ വൈദ്യുതി എത്തിക്കണം.
12. രണ്ടാം വാർഡിൽ പല്ലിക്കാട്-കുറ്റിത്തറ ഭാഗത്ത് ആറ് വീടുകൾക്ക് വൈദുതി ലഭിക്കണം.
13. പൂവ്വേനിക്കൽ - വൈദ്യർ പടി റോഡിൽ 15 വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കണം.
14. അംഗനവാടികൾക്കും സന്നദ്ധ സംഘടനകൾക്കും വൈദ്യുതി എത്തിക്കണം.
15. പുന്നയൂർക്കുളത്തേക്ക് പോകുന്ന ഹൈ പവർ ലൈനിന് നെറ്റ് ഇട്ട് സുരക്ഷിതത്വം ഉറപ്പുവരുത്തുക.
16. എടപ്പാളിലെ 66 കെ.വി. സബ് സ്റ്റേഷൻെറ കപ്പാസിറ്റി ഉയർത്തി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
17. പോൾ കാസ്റ്റിങ്ങ് യൂണിറ്റ് എടപ്പാളിൽ സ്ഥാപിക്കുക.
18. തിരുത്തിൻെറ ഭാഗത്തും വെങ്ങിനിക്കര ഹരിജൻ കോളനിയിലും വൈദ്യുതി എത്തിക്കണം.
19. C.Dഅടച്ചതിനുശേഷം വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
20. വാർഡ് ഒന്നിലെ എളയം കീഴിൽ തറയിൽ വൈദ്യുതി എത്തിക്കണം.
21. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുക.

ജനങ്ങൾ ഇന്നത്തെ വൈദ്യുതി വിതരണ സമ്പ്രദായത്തിൽ അസംതൃപ്തരാണ്. C.D അടച്ചിട്ടും നീണ്ട കാത്തിരിപ്പ്, വോൾട്ടേജില്ലായ്മ, കൂടെക്കൂടെയുള്ള കറൻറ് പോക്ക്, ഇലക്ട്രിസിറ്റി ഓഫീസിലെ അഴിമതി എന്നിവയെല്ലാം ജനങ്ങളെ പൊറുതിമുട്ടിക്കുന്നുണ്ട്. പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിൽ ഫലപ്രദമായി ഇടപെടുവാൻ പഞ്ചായത്തിനു കഴിയേണ്ടതാണ്.

# സംസ്കാരം

*"ബുദ്ധിപരമായ ജാഗ്രത, മനുഷ്യത്വം, സാമൂഹ്യബോധം, സൗന്ദര്യബോധം ഇവയാണ് സാംസ്കാരിക മനസ്സിന്റെ ലക്ഷണങ്ങൾ."* -ഡോ: എസ്. രാധാകൃഷ്ണൻ.

എടപ്പാൾ പഞ്ചായത്ത് മേഖലയുടെ സാംസ്കാരികമായ പാരമ്പര്യത്തെപ്പറ്റി ഈ റിപ്പോർട്ടിന്റെ തുടക്കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പരമ്പരാഗതങ്ങളായ പ്രാചീന കലകളുടെ ഉത്സവപ്പറമ്പായിരുന്നു. ഇന്നും അങ്ങനെ തന്നെ ഈ പ്രദേശം. തിറ, പൂതൻ, നായാടികളി, കരി നീലിയാട്ടം, പാമ്പു തുള്ളൽ എന്നീ സാമുദായിക കലകളും കഴിഞ്ഞ കാല സാമൂഹ്യ ജീവിതത്തിന്റെ കണ്ണാടിയായിത്തീർന്ന പ്രത്യേക നാടൻ പാട്ടുകളും ഈ പ്രദേശത്ത് പ്രചരിച്ചിരുന്നു. പൗരാണിക കാലം മുതൽക്കുതന്നെ കലാ സാംസ്കാരിക രംഗത്ത് ഉണർന്നിരിക്കുന്ന ഒരു സമൂഹ മനസ്സ് എടപ്പാൾ പഞ്ചായത്തിൽ കാണുവാൻ കഴിയും.



എന്നാൽ സമീപ കാലത്ത് ഇതിന് തിരിച്ചടി ഏറ്റിട്ടുണ്ട്. മുമ്പ് മിക്ക ഗ്രാമങ്ങളിലും വായനശാലാ പ്രസ്ഥാനം സജീവമായിരുന്നു. വായനശാലകളും ഗ്രാമ ശാലകളും ഗ്രാമീണ കലാ സമിതികളും ഈ പഞ്ചായത്തിൽ സജീവമായിരുന്നു. ഇന്ന് കേരളത്തിന് സംഭവിച്ച ഉപഭോഗ സ്വഭാവത്തിൽ നിന്ന് ഈ പഞ്ചായത്തും മുക്തമല്ല. വായനയുടെയും ചിന്തയുടെയും മേഖലകളിലേക്ക് പുതിയ തലമുറ ആകർഷിക്കപ്പെടുന്നില്ലായെന്നതാണ് വസ്തുത.

എടപ്പാൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ താഴെപ്പറയുന്നവയാണ്.

1. എടപ്പാൾ പഞ്ചായത്ത് വായനശാല.
2. പൊൽപ്പാക്കര ഗ്രാമീണ വായനശാല.
3. തുയ്യം ഗ്രാമീണ വായനശാല.
4. അയിലക്കാട് ഗ്രാമീണ വായനശാല.
5. വെങ്ങിനിക്കര ഗ്രാമീണ വായനശാല.

പൊറൂക്കര 'യ്‌സ്പൊ' ക്ലബ്ബിനോട് അനുബന്ധിച്ചുള്ള റീഡിങ്ങ് റൂം അടുത്തുതന്നെ ഗ്രന്ഥശാലയായി പ്രവർത്തനമാരംഭിക്കും. വൈദ്യർ മൂലയിൽ ഉണ്ടായിരുന്ന വായനശാലയുടെ ജീർണ്ണിച്ച കെട്ടിടം പൊളിച്ചുമാറ്റി. നാട്ടുകാരുടെ ശ്രമദാനവും സംഭാവനയും സ്വീകരിച്ച് ബ്ലോക്കിൽ നിന്നുള്ള ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുകൊണ്ട് പുതിയ കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. സാംസ്കാരിക നിലയവും വായനശാലയും പ്രസ്തുത കെട്ടിടത്തിൽ ഉടൻ തന്നെ പ്രവർത്തനമാരംഭിക്കും.

മേൽപറഞ്ഞ വായനശാലകളിൽ പഞ്ചായത്തിൽ നിന്ന് ദിനപത്രങ്ങൾ നൽകുന്നുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ക്ലബ്ബുകളുടെ ലഭ്യമായ വിവരങ്ങൾ താഴെ പറയുന്നവയാണ്.

1. സാൽക്ക്. - തറയ്ക്കൽ
2. RMRC - പെരുമ്പറമ്പ്
3. പ്രിയദർശിനി - പെരുമ്പറമ്പ്
4. സുഡാനി - പെരുമ്പറമ്പ്
5. യാസ്പൊ - പൊറൂക്കര
6. ബ്രദേഴ്സ് - പാലം
7. തപസ്യ - പൊന്നാഴിക്കര
8. സൺസൺ - തട്ടാൻപടി
9. വോയ്സ് - എടപ്പാൾ
10. സംഘവേദി - അയിലക്കാട്
11. നവയുഗ - അയിലക്കാട്
12. യംങ്ങ് ചാലഞ്ചേഴ്സ് - അയിലക്കാട്
13. ഫിനിക്സ് - അയിലക്കാട്
14. ടാസ്ക് - തലമുണ്ട
15. ഗ്ലാമർ - എടപ്പാൾ അങ്ങാടി
16. സ്പാരോ - അംശക്കച്ചേരി
17. ESAC - എടപ്പാൾ
18. ഗോൾഡൻ വിങ്ങ്സ് - വെങ്ങിനിക്കര
20. വീനസ് - വൈദ്യർ മൂല
21. റബ്ലേഴ്സ് - പൂക്കരത്തറ

## പ്രശ്നങ്ങൾ

1. പഞ്ചായത്ത് ലൈബ്രറിയിലേക്ക് വായനക്കാരെ ആകർഷിക്കാൻ കഴിയുന്നില്ല.
2. പഞ്ചായത്തിൽ ഒരു കമ്യൂണിറ്റി ഹാൾ ഇല്ല.
3. പഞ്ചായത്ത് വായനശാലയിൽ ടി.വി., റേഡിയോ എന്നീ ബഹുജനമാധ്യമങ്ങൾ ഇല്ല.
4. പഞ്ചായത്ത് തലത്തിൽ ഒറ്റ ഇൻഫർമേഷൻ സെൻററുകളും ഇല്ല.

5. വായനശാലയും ലൈബ്രറികളും ഇല്ലാത്ത വാർഡുകൾ ഉണ്ട്.
6. ഗ്രാമതലത്തിൽ രൂപം കൊള്ളുന്ന കലാ കായിക സമിതികൾ വളരെ ചുരുങ്ങിയ കാലം കൊണ്ട് തകർന്നടിയുന്നു.
7. മഹിളാ സമാജങ്ങൾ വേണ്ടത്ര സാകര്യങ്ങളുള്ളവയല്ല.
8. പഞ്ചായത്തിൽ ഗവണ്മെൻറ് ഹൈസ്കൂൾ ഇല്ല.
9. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ഇല്ല.
10. ഹോം ലൈബ്രറി സംവിധാനം പഞ്ചായത്ത് തലത്തിൽ ഇല്ല.
11. മിനി സ്റ്റേഡിയം എടപ്പാൾ പഞ്ചായത്തിൽ ഇല്ല.
12. പഞ്ചായത്ത് വായനശാലയിൽ റീഡിങ്ങ് റൂം ഇല്ല.
13. സ്ത്രീകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ പറ്റിയ പ്രവർത്തനങ്ങൾ നടക്കുന്നില്ല.
14. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമല്ല.
15. പഞ്ചായത്ത് അടിസ്ഥാനത്തിൽ കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇല്ല.

## നിർദ്ദേശങ്ങൾ

1. വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കണം. ടി.വി സ്ഥാപിക്കണം.
2. വാർഡുകൾ തോറും മഹിളാ സമാജങ്ങൾ സ്ഥാപിക്കണം. ടി.വി. സ്ഥാപിക്കണം.
3. ഗ്രാമങ്ങളിൽ രൂപം കൊള്ളുന്ന കലാകായിക സമിതികൾക്ക് വേണ്ടതായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കണം.
4. പഞ്ചായത്ത് ലൈബ്രറി റഫറൻസ് ലൈബ്രറിയായി പ്രവർത്തിക്കണം.
5. പഞ്ചായത്ത് വായനശാലയുടെ റീഡിങ്ങ് റൂം പ്രവർത്തനസജ്ജമാക്കണം. റേഡിയോ, ടി.വി. എന്നീ മാധ്യമങ്ങൾ സ്ഥാപിക്കണം.
6. ലഹരിവിരുദ്ധ പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

## പരിഹാരങ്ങൾ

1. ഷൗക്കത്തലി കമ്മിറ്റി പഞ്ചായത്തിനുവേണ്ടി വിട്ടുകൊടുക്കുന്ന 33 സെൻറ് സ്ഥലത്തിൻെറ കൂടെ ഒരു മിനി സ്റ്റേഡിയത്തിനാവശ്യമായ ബാക്കി സ്ഥലം കൂടി വാങ്ങുകയും പഞ്ചായത്ത് തലത്തിൽ മിനി സ്റ്റേഡിയം സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനാവശ്യമായ മനുഷ്യാദ്ധ്വാനം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.
2. പഞ്ചായത്ത് തലത്തിൽ തന്നെ കലാ സാഹിത്യ രംഗത്തെ പ്രഗദ്ഭരുടെ ഒരു സമിതിയുണ്ടാക്കുകയും ഗ്രാമങ്ങളിലെ കലാകായിക സമിതിക്ക് ഉപദേശങ്ങളും സഹകരണങ്ങളും നൽകിയാൽ അവ കൊഴിഞ്ഞു പോകാതെ നില നിൽക്കുന്നതുമാണ്.
3. ഗ്രാമങ്ങളിലെ വായനശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ, വർത്തനമാന പത്രങ്ങൾ എന്നിവ പഞ്ചായത്തുവക സൗജന്യമായി നൽകണം.
4. നാടൻ കലാ അക്കാദമിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ആ രംഗത്തെ കലാകാരന്മാർക്ക് പ്രോത്സാഹനവും നൽകണം.
5. പഞ്ചായത്ത് തലത്തിൽ കലോത്സവങ്ങൾ സംഘടിപ്പിക്കുകയും ഓരോ ഗ്രാമത്തിലും കലാകാരന്മാർക്ക് അവസരം നൽകുകയും വേണം. ബാലസാഹിത്യകൃതികളുടെ ഒരു കോർണർ തന്നെ വായനശാലയിൽ വേണം.
6. കൃഷി, മൃഗസംരക്ഷണം, എന്നിങ്ങനെ നിത്യ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള പുസ്തകങ്ങൾ ഉണ്ടാക്കണം.
7. സാമ്പത്തിക ശേഷി കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് അപ്രാപ്യമായത്ര ചിലവേറിയതും സ്കൂളുകളിൽ അരങ്ങേറുന്നതുമായ കലാ മത്സരങ്ങൾ നിരുത്സാഹപ്പെടുത്തുകയും, അനാർഭാടമായ കലോ ത്സവങ്ങൾ പ്രോത്സാഹിപ്പിക്കുകയും വേണം.

# പാർപ്പിടം

എടപ്പാൾ പഞ്ചായത്ത് മേഖലയിൽ താമസിക്കുന്നവർ കൂടുതലും കുടിലുകളിലും ഇടത്തരം വീടുകളിലുമാണ്. 1993 കണക്കു പ്രകാരം പഞ്ചായത്തിലെ വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കുടിലുകൾ | - | 173 |
| ഓല | - | 1113 |
| ഓട് | - | 2315 |
| കോൺക്രീറ്റ് | - | 846 |
| ആകെ | | 4447 |

1995 - 96 സ്ഥിതി വിവരക്കണക്ക്

| വാർഡ് | കെട്ടിടങ്ങൾ | ഒന്നിൽ കൂടുതൽ നിലയുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 360 | 35 | 30 | 144 | 101 | 50 |
| 2 | 588 | 50 | 39 | 253 | 96 | 150 |
| 3 | 438 | 60 | 48 | 166 | 94 | 70 |
| 4 | 455 | 66 | 48 | 172 | 69 | 100 |
| 5 | 486 | 36 | 80 | 160 | 130 | 80 |
| 6 | 956 | 71 | 375 | 230 | 180 | 100 |
| 7 | 1212 | 246 | 350 | 356 | 160 | 100 |
| 8 | 779 | 63 | 280 | 325 | 111 | — |
| 9 | 656 | 20 | 110 | 250 | 230 | 46 |
| 10 | 687 | 42 | 120 | 300 | 175 | 50 |
| 11 | 525 | 40 | 225 | 110 | 125 | 25 |

റൂറൽ ഹൗസിംഗ് സൊസൈറ്റി, ജില്ലാ സഹകരണ ബാങ്കിൻെറ എടപ്പാൾ ശാഖ എന്നിവയാണ്.

അമിതമായ പലിശ, സാങ്കേതിക നൂലാമാലകൾ, കാലതാമസം, കർക്കശമായ വ്യവസ്ഥകൾ എന്നിവ ജനങ്ങൾക്ക് വായ്പ ലഭ്യമാക്കാൻ തടസ്സമാകുന്നുണ്ട്. സ്വാധീന ശക്തിയില്ലാത്തവർക്ക് വായ്പ ലഭിക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. ജനങ്ങളുടെ അജ്ഞതയും വലിയൊരു തടസ്സമാണ്.

കാർഷിക വികസന ബാങ്കിൽ വീടും അതിനു ചുറ്റുമുള്ള 10 സെൻറും ഈടായി സ്വീകരിക്കുന്നില്ല. അതുകൊണ്ട് തുണ്ടു ഭൂമിയുടെ ഉടമസ്ഥർക്ക് ഈ വായ്പാ സൗകര്യം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. അതുകൊണ്ട് വീടുൾപ്പെടെയുള്ളവ ഈടായിക്കൊണ്ട് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. സാങ്കേതിക നൂലാമാലകൾ ലളിതമാക്കുക, പലിശനിരക്കു കുറയ്ക്കുക, താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി അനുവദിക്കുക, ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ പ്രോത്സാഹിപ്പിക്കുക, നിർമ്മിതി കേന്ദ്രയുടെ പ്രവർത്തനം പഞ്ചായത്തുകളിൽ ലഭ്യമാക്കുക, താഴ്ന്ന വരുമാനക്കാരേയും ചുരുങ്ങിയ സ്ഥലമുള്ളവരേയും KBR ആക്ടിൻെറ പരിധിയിൽ നിന്നും ഒഴിവാക്കുകയും അവരെ ബിൽഡിംഗ് ടാക്സിൽ നിന്ന് ഒഴിവാക്കുകയും വേണം.

ദുർബല വിഭാഗക്കാർക്കുള്ള ഭവന വായ്പാ പദ്ധതികളിലൂടെ നല്കുന്ന തുക ഗണ്യമായി വർദ്ധിപ്പിക്കണം. ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കണം.
(ഭവന ലഭ്യതാ പട്ടിക കൊടുത്തിരിക്കുന്നു)

ഇന്ന് വയലുകൾ നികത്തി വീടു വെയ്ക്കുന്ന പ്രവണത കൂടുതലായി കണ്ടുവരുന്നു. തന്മൂലം കൃഷിയിടങ്ങൾ കുറയുകയും വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

ഭവന വായ്പക്ക് ആശ്രയിക്കാവുന്നത് പൊന്നാനി സഹകരണ - കാർഷിക - ഗ്രാമവികസന ബാങ്ക്, പൊന്നാനി



### നിർദ്ദേശങ്ങൾ/പരിഹാരങ്ങൾ

1. പഞ്ചായത്തു തലത്തിൽ പെട്ട ഭവന നിർമാണ സഹകരണ സംഘം രൂപീകരിക്കണം. കെട്ടിടത്തിൻെറ നിർമാണത്തിൻെറ ആരംഭം മുതൽ അവസാനം വരെയുള്ള സഹായ സഹകരണങ്ങൾ നൽകുവാൻ പ്രസ്തുത സംഘത്തിന് പ്രാപ്തിയുണ്ടാകണം.

2. കെട്ടിട നിർമാണ സാമഗ്രികൾ ന്യായമായ വിലക്ക് ലഭ്യമാക്കണം.
3. സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കുവാനുള്ള അധികാരം പഞ്ചായത്ത് മെമ്പർക്ക് നല്കണം.
4. ദുർബല വിഭാഗക്കാർക്കുള്ള ഭവനനിർമാണ ഗ്രാൻറ് ചുരുങ്ങിയത് 30,000 രൂപയെങ്കിലുമാക്കണം.
5. ചെലവു കുറഞ്ഞ വീടുകൾ പ്രചരിപ്പിക്കണം.
6. വീടു നിർമാണ രംഗത്തെ ആഡംബരം ഒഴിവാക്കുക.
7. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തണം.
8. ഭവനരഹിതർക്ക് 5 സെൻറു ഭൂമി വീതം സൗജന്യമായി നല്കണം.
9. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിലുള്ള മുഴുവൻ ഭവനരഹിതർക്കും വീടുകൾ ലഭ്യമാക്കുവാൻ കൂട്ടായ യത്നമുണ്ടാകണം.

**പാർപ്പിടം (ഭവന ലഭ്യതാപട്ടിക)**
**വിവിധ സർക്കാർ ധനസഹായ പദ്ധതികൾ മുഖാന്തിരം പഞ്ചായത്തിൽ ലഭിച്ച വീടുകൾ**

| Year | RLEGP | NREP | IAY | MWS | JRY 80% | JRY 20% | Total |
|---|---|---|---|---|---|---|---|
| 1986 - 87 | 15 | 10 | --- | --- | --- | --- | 25 |
| 1987 - 88 | 10 | --- | --- | --- | --- | --- | 10 |
| 1988 - 89 | 14 | 5 | --- | --- | --- | --- | 19 |
| 1989 - 90 | --- | --- | 5 | --- | --- | --- | 05 |
| 1990 - 91 | --- | --- | 4 | --- | 1 | --- | 05 |
| 1991 - 92 | --- | --- | --- | 12 | --- | --- | 12 |
| 1992 - 93 | --- | --- | --- | --- | --- | --- | 0 |
| 1993 - 94 | --- | --- | 7 | --- | 4 | 2 | 13 |
| 1994 - 95 | --- | --- | 8 | 2 | 3 | --- | 13 |
| 1995 - 96 | --- | --- | 22 | 1 | --- | --- | 23 |
| ആകെ | 39 | 15 | 46 | 15 | 8 | 2 | 125 |

# സഹകരണം

ജനകീയ ആസൂത്രണ രംഗത്ത് സഹകരണ മേഖലക്ക് വലിയ പങ്കുണ്ട്. സ്വകാര്യമേഖലയിൽ തുടങ്ങുന്ന പദ്ധതികൾ തന്നെ ജനങ്ങളുടെ കൂട്ടായ സഹകരണത്തോടെ തുടങ്ങുവാനും, പ്രയോജനം എല്ലാവർക്കും ലഭിക്കുവാനും സാധിക്കുന്നു.

സ്വാതന്ത്ര്യ ലബ്ധിയെ തുടർന്ന് വിവിധ മേഖലയിൽ തൊഴിലാളികളെ സഹകരിപ്പിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് നിരവധി സാമൂഹ്യ പ്രവർത്തകർ മുന്നിട്ടിറങ്ങി പ്രവർത്തിച്ചിട്ടുണ്ട്. ഇതിൻെറ ഫലമായി പഞ്ചായത്തിൽ ആദ്യമുണ്ടായത് (1958) എടപ്പാൾ 'പീസ്ബീഡി' സഹകരണ സംഘമായിരുന്നു. പുരുഷന്മാർ മാത്രമല്ല സ്ത്രീകളും തൊഴിൽ രംഗത്തു വരുന്നതിന് ഇത് സഹായകമായി. E.U.G. മേനോൻ, C.V. മുഹമ്മതുകുട്ടി, പവിത്രൻ വൈദ്യർ, കൃഷ്ണൻ നമ്പൂതിരി, V.P. കോയ തുടങ്ങിയവർ ഈ പ്രദേശത്തെ സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവരാണ്.

സഹകരണ മേഖല ഇന്ന് എല്ലാ രംഗത്തും വളർന്നു നിൽക്കുകയാണ്. കാർഷിക രംഗത്തും, വാണിജ്യരംഗത്തും, സേവനരംഗത്തും ഇതിൻെറ വളർച്ച നമുക്ക് ദർശിക്കാം. കർഷകർക്ക് ആവശ്യമായ വിത്തും വളവും വാങ്ങുവാൻ ഹ്രസ്വകാലാടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുവാനും, അവരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഉയർന്ന വിലക്ക് കമ്പോളത്തിൽ വിൽക്കുവാനും സാധിക്കുന്നുണ്ട്. കർഷകരെ നാനാതരത്തിലുള്ള ചൂഷണങ്ങളിൽ നിന്നും രക്ഷിക്കാൻ കഴിയുന്നുണ്ട്. ഓരോ പ്രദേശത്തിൻേറയും ആവശ്യകതയും ജനങ്ങളുടെ തൊഴിലുകളെയും ബന്ധപ്പെടുത്തി സഹകരണ സംഘങ്ങൾ തുടങ്ങുവാൻ കഴിയും.


എടപ്പാൾ പഞ്ചായത്തിൽ സഹകരണ രംഗം ആശാവഹമായ പുരോഗതി ഇന്നും കൈവരിച്ചിട്ടില്ല. എടപ്പാൾ പഞ്ചായത്തിൻേറയും വട്ടംകുളം പഞ്ചായത്തിൻേറയും പ്രവർത്തന പരിധിയാക്കി ആരംഭിച്ച എടപ്പാൾ സർവ്വീസ് സഹകരണ ബാങ്ക് നമ്മുടെ പഞ്ചായത്തിലെ നിരവധി കർഷകരേയും, ചെറുകിട കച്ചവടക്കാരേയും സഹായിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിലെ ഏറ്റവും നല്ല സർവ്വീസ് സഹകരണ ബാങ്കിനുള്ള അവാർഡ് പ്രസ്തുത ബാങ്കിന് കിട്ടിയിട്ടുണ്ട്. എന്നാൽ കാർഷിക മേഖലയിലും ചെറുകിട കച്ചവടക്കാർക്കും നൽകിയ സാമ്പത്തിക സഹായം തിരിച്ചു വരാഞ്ഞതും ഭീമമായ നടത്തിപ്പു ചെലവും കാരണം ഈ ബാങ്ക് വലിയൊരു സംഖ്യ നഷ്ടത്തിലാക്കികൊണ്ട് ഇപ്പോൾ ലിക്വിഡേഷൻ പ്രവർത്തനത്തിലാണ്. സഹകരണ രംഗത്തെ ഈ പരാജയം നമ്മുടെ പഞ്ചായത്തിലെ സഹകരണ മേഖലയെ വിപരീതമായി ബാധിച്ചിട്ടുണ്ട്.

എടപ്പാാം പഞ്ചായത്തിലെ എടപ്പാാം അങ്ങാടി, തലമുണ്ട, പൊറുക്കര പ്രദേശത്തെ നിരവധി കുടുംബങ്ങാം ഉപജീവനമാർഗ്ഗമായി കണ്ടിരുന്ന ബീഡി തെറുപ്പ് സ്വകാര്യ മേഖലയിൽ മാത്രമായിരുന്നു. സ്വകാര്യമേഖലയുടെ ചൂഷണത്തിൽ നിന്ന് തൊഴിലാളികളെ കരകയറ്റുന്നതിന് ശ്രീ. V.P. കോയ പ്രസിഡണ്ടായി 1958 - ൽ എടപ്പാാം പീസ് ബീഡി സഹകരണ സംഘം രൂപീകരിച്ചു. 38 വർഷം പിന്നിട്ട ഈ സംഘം ഇപ്പോഴും നല്ല നിലയിൽ പ്രവർ ത്തിക്കുന്നു. സ്വകാര്യമേഖല പോലും പരാജയപ്പെട്ട ഈ രംഗത്ത് സഹകരണ രംഗത്തെ വിജയം ശ്രദ്ധേയ മാണ്.

എടപ്പാാം പഞ്ചായത്തിലെ ഐലക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഐലക്കാട് കോാം കാംട്രിവേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തൃശൂർ ജില്ലയിലെ പഴഞ്ഞി കോൾ, നമ്മുടെ പഞ്ചായത്തിലെ കണ്ണേങ്കായൽ, അന്താളൻചിറ, ചേലാപ്പ്, ഐലക്കാട്-തുയ്യം മേഖലകളിലെ കായൽ നിലങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി 1974 - ൽ തുടങ്ങിയതും ഇന്നും നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘമാണ്.

പ്രിൻറിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം 1980-ൽ ആരംഭിച്ചെങ്കിലും ഇന്നും പ്രവർത്തന ക്ഷമമായിട്ടില്ല.

സ്ക്കൂാം സഹകരണ സംഘങ്ങാം രണ്ടെണ്ണം ഈ പഞ്ചായത്തു പരിധിയിൽ പുസ്തക വിതരണം മാത്രം നടത്തി വരുന്നു. ക്ഷീര വ്യവസായ സഹകരണ സംഘങ്ങാം പഞ്ചായത്തിൻെറ പരിധിയിൽ മൂന്നെണ്ണം രജിസ്ട്രർ ചെയ്തിട്ടുണ്ട്. ഇവയിൽ എടപ്പാാം പൊന്നാഴിക്കര ക്ഷീരോല്പാദക സഹകരണ സംഘം സമാപീകരണത്തിൻെറ വക്കത്താണ്. കോലൊളമ്പ് ക്ഷീരോൽപ്പാദന സഹകരണ സംഘം ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പെരുമ്പറമ്പ് ക്ഷീരോൽപ്പാദന സഹകരണസംഘം വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.



എടപ്പാാം പഞ്ചായത്തു മാത്രം പ്രവർത്തന പരിധിയാക്കി 1994 - ൽ ആരംഭിച്ച എടപ്പാാം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് കാർഷികരംഗത്തും, ചെറുകിട കച്ചവട രംഗത്തും സഹായം നൽകാൻ വേണ്ടിയാണ്. എന്നാൽ NABARD ൻേറയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടേയും കാര്യമായ സഹായം ലഭിച്ചിട്ടില്ല.

എടപ്പാാം പഞ്ചായത്ത്പ്രവർത്തന കേന്ദ്രമാക്കി 1994 -ൽ പൊന്നാനി താലൂക്ക് ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് സഹ കരണ സംഘം രൂപീകരിച്ചു. ഓട്ടോറിക്ഷ ഡ്രൈവർ മാർക്ക് ഹയർപർച്ചേഴ്സ് അടിസ്ഥാനത്തിൽ ഓട്ടോറിക്ഷകാം നൽകിവരുന്നു.

1992 - ൽ എടപ്പാാം പഞ്ചായത്ത് പ്രവർത്തന രംഗമാക്കി പൊന്നാനി താലൂക്ക് എഡുക്കേഷൻ സഹകരണസംഘം രൂപീകൃതമായി. വിദ്യാഭ്യാസ രംഗത്ത് ഉപരിപഠനത്തിന് എടപ്പാാം മേഖലയിൽ ഈ സ്ഥാപനം വലിയ സഹായമാണ്.

| നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | സാധാരണ വായ്പ | 30 | 6.07 ലക്ഷം |
| 2 | പദ്ധതി വായ്പ | 59 | 36.65 „ |
| 3 | കാർഷികേതര വായ്പ | 84 | 33.56 „ |
| 4 | ഭവനനിർമാണ വായ്പ | 85 | 49.10 „ |
| | ആകെ | - - - | 125.28 „ |

(അവലംബം : കാർഷിക വികസന ബാങ്ക്)

(എടപ്പാാം പൊന്നാഴിക്കര ക്ഷീരോല്പാദക സഹകരണസംഘം ലിക്വിഡേറ്റ് ചെയ്തു.)

പൊന്നാനി താലൂക്ക് പ്രവർത്തന പരിധിയായും, മലപ്പുറം ജില്ലാ പ്രവർത്തന പരിധിയായും പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങാം ഈ കാലയളവിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങാംക്ക് ഗുണകരമായി പ്രവർത്തിച്ചിട്ടുണ്ട്. ഇവയിൽ പൊന്നാനി താലൂക്ക് കാർഷിക വികസന ബാങ്ക് കാർഷിക രംഗത്തും ഭവന നിർമ്മാണത്തിനും സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്. പൊന്നാനി താലൂക്ക് ഹൗസിംഗ് സഹകരണ സംഘം ഭവന നിർമാണത്തിനും, പൊന്നാനി താലൂക്ക് ഹരിജൻ സർവ്വീസ് സഹകരണ സംഘം കുട്ട നെയ്ത്തിനും, പായ നെയ്ത്തിനും, മലപ്പുറം ജില്ലാ സഹകരണ ബാങ്കിൻെറ എടപ്പാാം ശാഖയിലൂടെ ഭവന നിർമ്മാണത്തിനും, വ്യവസായത്തിനും, ഗാർഹികാവശ്യത്തിനും നിരവധി പേർ ക്ക് നമ്മുടെ പഞ്ചായത്തിൽ സഹായം ചെയ്തിട്ടുണ്ട്.

## പഞ്ചായത്തിലെ സഹകരണ സ്ഥാ

| നമ്പർ | സ്ഥാപനത്തിൻെറ പേര് | പ്രവർത്തന പരിധി | ക്രഡിറ്റ്/ നോൺ ക്രഡിറ്റ് | പ്രവർത്തന ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരു ഓഹരി യുടെ വില | അംഗീകൃത ഓഹരി മൂലധനം |
|---|---|---|---|---|---|---|---|
| 1 | അയിലക്കാട് കോൾ കൾട്ടിവേഷൻ കോ-ഓപ്പറേറ്റിവ് സൊസൈറ്റി | പഴഞ്ഞി കോൾ, കണ്ണൻ കായൽ അന്താളൻചിറ, ചേലാപ്പ്, അയില ക്കാട്, തുയ്യം | നോൺ ക്രഡിറ്റ് | 25-1-74 | 260 | A - 5/-<br>B - 100/- | 110000/- |
| 2 | എടപ്പാൾ ഏരിയ സ്കൂൾ സഹകരണസംഘം | വിജയ യു.പി. സ്കൂൾ, തുയ്യം GLPS തുയ്യം | നോൺ ക്രഡിറ്റ് | 2-6-76 | 53 | A - 5/-<br>B - 1/- | 10000/- |
| 3 | പൊന്നാനി താലൂക്ക് ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് സഹകരണ സംഘം, എടപ്പാൾ | പൊന്നാനി താലൂക്ക് | ക്രഡിറ്റ് | 10-8-94 | 147 | A - 50/-<br>B - 150/- | 11 ലക്ഷം |
| 4 | എടപ്പാൾ പീസ് ബീഡി കോ.-ഓപ്പറേറ്റീവ് കോട്ടേജ് ഇൻഡസ്ട്രീസ് സൊസൈറ്റി | എടപ്പാൾ, കുമരനെല്ലൂർ കുറ്റിപ്പുറം അംശങ്ങൾ | നോൺ ക്രഡിറ്റ് | 4-7-58 | 400 | A - 10/-<br>B - 20/-<br>C - 100/- | 1 ലക്ഷം |
| 5 | എടപ്പാൾ പ്രിൻറിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ. ഓപ്പ. സൊസൈറ്റി | എടപ്പാൾ, തവനൂർ, നന്നംമുക്ക്, വട്ടംകുളം പഞ്ചായത്തുകൾ | നോൺ ക്രഡിറ്റ് | 27-6-80 | 330 | A - 10/-<br>B - 500/-<br>C - 100/- | 1 ലക്ഷം |
| 6 | എടപ്പാൾ പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘം | എടപ്പാൾ പഞ്ചായത്ത് | ക്രഡിറ്റ് | 6-7-94 | 861 | A - 25/-<br>B - 100/-<br>C - 2/- | 19 ലക്ഷം |
| 7 | പൊന്നാനി താലൂക്ക് എഡുക്കേഷണൽ സഹകരണ സംഘം, തട്ടാൻ പടി | പൊന്നാനി താലൂക്ക് | നോൺ ക്രഡിറ്റ് | 29-5-92 | 356 | A - 200/-<br>B - 100/-<br>C - 10000/-<br>C - 50/- | 25 ലക്ഷം |
| 8 | പൂക്കരത്തറ ഏരിയാ സ്കൂൾ സഹകരണ സംഘം | 1. AMLPS പൂക്കരത്തറ<br>2. AMLPS കോലൊളംബ്<br>3. AMLPS അയിലക്കാട്<br>4. AMLPS പന്താവൂർ<br>5. GUPS കോലൊളംബ്<br>6. GHWLPS കോലൊളംബ് | നോൺ ക്രഡിറ്റ് | 22-5-76 | 48 | A - 5/-<br>B - 1/- | 10000/- |

# പനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരിയുണ്ടോ ഉണ്ടെങ്കിൽ ലഭിച്ച തുക | പരമാവധി കടം എടുക്കാവുന്ന തുക | പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ സ്ഥിരം/ഹ്രസ്വകാലം | നൽകിയിട്ടുള്ള വായ്പകൾ | സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ | നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ | സ്ഥാപനത്തിന്റെ ചെലവുകൾ | വായ്പ സഹ. സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 2145/- | ഇല്ല | ആകെ അടച്ചു തീർത്ത മൂലധനവും കരുതൽ ധനവും ചേർത്തതിന്റെ 8 ഇരട്ടി (17160/-) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | Establishment charge: 8400/- Contingencies: 3727.50 | ബാധകമല്ല |
| 257/- | ഇല്ല | ആകെ അടച്ചുതീർത്ത മൂലധനവും കരുതൽ ധനവും ചേർത്തതിന്റെ 8 ഇരട്ടി (2056/-) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | Establishment ഇല്ല Contingencies 25/- | ബാധകമല്ല |
| 125800/- | ഇല്ല | ആകെ അടച്ചുതീർത്ത മൂലധനവും കരുതൽ ധനവും ചേർത്തതിന്റെ 10 ഇരട്ടി (1258000/-) | ഇല്ല | കാർഷിക വായ്പകൾ ഇല്ല മറ്റുവായ്പകൾ ഉണ്ട്. പ്രത്യേക വായ്പകൾ ഇല്ല | ഇല്ല | കാലാവധി ആവുന്ന തേയുള്ളൂ | | ഇല്ല |
| 59781.50 | ഉണ്ട്. കാര്യമായ അറിവില്ല Outsanding 23300/- | ആകെ അടച്ചുതീർത്ത മൂലധനവും കരുതൽ ധനവും ചേർത്തതിന്റെ 10 ഇരട്ടി (597815/-) | സ്ഥിരം - ഇല്ല ഹ്രസ്വകാലം 22501.48 | ഇല്ല | ഇല്ല | ഇല്ല | Establishment charge: 29870/- Contingencies 31391.50 | ഇല്ല |
| 60900/- | ഉണ്ട് 20000/- | ആകെ അടച്ചുതീർത്ത മൂലധനവും കരുതൽ ധനവും ചേർത്തതിന്റെ 15 ഇരട്ടി (382500/-) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | Establishment ഇല്ല Contingencies 100/- | NA |
| 101111/- | ഇല്ല | ആകെ അടച്ചുതീർത്ത മൂലധനവും കരുതൽ ധനവും ചേർത്തതിന്റെ 35 ഇരട്ടി (3538885/-) | സ്ഥിരം - 566423/- ഹ്രസ്വകാലം 475200/- | കാർഷികേതര ഹ്രസ്വകാല വായ്പ 25753/- ഗോൾഡ് ലോൺ 888935 | 95-96-ൽ വായ്പ സ്വീകരിച്ചിട്ടുണ്ട് | കാലാവധി കഴിഞ്ഞിട്ടില്ല | Establishment charge 40403/- Contingencies 76213.40 | വായ്പ മാത്രം |
| 60900/- | ഇല്ല | ആകെ അടച്ചുതീർത്ത മൂലധനവും കരുതൽ ധനവും ചേർത്തതിന്റെ 10 ഇരട്ടി (609000/-) | കോഷൻ ഡെപ്പോസിറ്റ് മാത്രം 16450/- | NA | ഇല്ല | ഇല്ല | Establishment charge 89295.70 Contingencies 23237.40 | ബാധകമല്ല |
| 224/- | ഇല്ല | ആകെ അടച്ചുതീർത്ത മൂലധനവും കരുതൽ ധനവും ചേർത്തതിന്റെ 8 ഇരട്ടി (1792/-) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | Establishment charge ഇല്ല Contingencies 235.50 | NA |

## നേരിടുന്ന പ്രശ്നങ്ങൾ

**കാർഷിക സഹകരണ സംഘങ്ങൾ:**

**എടപ്പാൾ പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് :**

നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന ചെറുകിട കർഷകരേയും ചെറുകിട കച്ചവടക്കാരേയും സഹായിക്കാൻ കഴിയുന്നില്ല. കാരണം കർഷകർക്ക് യഥാസമയം ലഭ്യമാകേണ്ട നാമമാത്ര പലിശയിൽ നൽകിവരുന്ന നബാർഡിൻെറ (NABARD) സാമ്പത്തിക സഹായം മുഴുവൻ കൃഷിക്കാർക്കും നൽകാൻ കഴിയുന്നില്ല. ഇതിനാൽ നബാഡ് നൽകി വരുന്ന സാമ്പത്തിക സഹായവും, സർക്കാരിനു കഴിയാവുന്ന മറ്റു സഹായങ്ങളും നൽകണം.

**വ്യവസായ സഹകരണ സംഘങ്ങൾ:**

എടപ്പാൾ പഞ്ചായത്തിലെ ബീഡി തെറുപ്പ് തൊഴിലാളികൾ രൂപീകരിച്ച എടപ്പാൾ പീസ് ബീഡി സഹകരണ സംഘത്തിന് ഇന്ന് അസംസ്കൃത സാധനങ്ങൾ സംഭരിക്കാൻ വേണ്ട മൂലധനത്തിൻെറ അപര്യാപ്തയുണ്ട്. ഇതു പരിഹരിക്കുന്നതിന് വ്യവസായ വകുപ്പും, സർക്കാരും ദീർഘകാലാടിസ്ഥാനത്തിൽ നാമമാത്ര പലിശക്കു സാമ്പത്തിക സഹായം നൽകണം.

എടപ്പാൾ പഞ്ചായത്തിലെ പ്രിൻറിംഗ് വർക്കേഴ്സ് സഹകരണ സംഘം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. തൊഴിൽ രഹിതരായ അനവധി ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന ഈ സംരംഭം പ്രാവർത്തികമാക്കാൻ സർക്കാരും മറ്റു ധനകാര്യ സ്ഥാപനങ്ങളും സഹായം നൽകുകയും എത്രയും വേഗം പ്രവർത്തന സജ്ജമാക്കുകയും വേണം.

**ക്ഷീരസഹകരണ സംഘങ്ങൾ:**

1. ക്ഷീര സഹകരണ സംഘങ്ങളിൽ ഉൾപ്പെട്ടവർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
2. ഗുണമേന്മയുള്ള പശുക്കൾ കുറവാണ്.
3. പാൽ ശേഖരിച്ച് വിതരണം നടത്തുന്നതിന് ശാസ്ത്രീയ സംവിധാനമില്ല.

**പരിഹാരം:**

1. ഗുണമേന്മയുള്ള പശുക്കളെ അംഗങ്ങൾക്ക് വിതരണം ചെയ്യണം.
2. പാൽ ശേഖരിച്ച് ശീതീകരിക്കുന്നതിന് ആവശ്യമായ സാങ്കേതിക സംവിധാനം ഉണ്ടാകണം.
3. കാലിതീറ്റ സംഘം മുഖേന വിതരണം ചെയ്യണം.
4. നമ്മുടെ പഞ്ചായത്തിലെ സഹകരണ രംഗത്തെ കുറവുകൾ പരിഹരിക്കാൻ പുതിയ സഹകരണ സംഘങ്ങൾ തുടങ്ങാവുന്നതാണ്. വനിതകൾക്ക് തൊഴിൽ നൽകാൻ കഴിയാവുന്ന വനിതാ സഹകരണ സംഘങ്ങൾ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ, റീ ഫില്ലർ നിർമ്മാണം എന്നിവയും, നിത്യ ജീവിതത്തിൽ ഉപയോഗിക്കാവുന്നതുമായ വസ്തു നിർമ്മാണ യൂണിറ്റുകളെ കേന്ദ്രീകരിച്ച് സംഘങ്ങൾ തുടങ്ങാവുന്നതാണ്.
5. മത്സ്യ തൊഴിലാളികൾക്ക് മത്സ്യ സംഭരണ വിപണന രംഗത്തും, കാർഷികോൽപ്പന്നങ്ങളായ അടയ്ക്ക, തേങ്ങ, നെല്ല് എന്നിവ സംഭരിച്ച് മാർക്കറ്റിംഗ് സംഘങ്ങളും ഭവന നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളെ കേന്ദ്രീകരിച്ച് ഭവന നിർമ്മാണ സഹകരണ സംഘങ്ങളും തുടങ്ങാവുന്നതാണ്.

**ക്ഷീര സഹകരണ സംഘം (ആപ്ക്കോസ് ഉൾപ്പെടെ)**

| *മൊത്തം ശേഖരിക്കുന്ന പാൽ (ലിറ്റർ)* | *പഞ്ചായത്തിൽ തന്നെ വില്ക്കുന്നത് (ലിറ്റർ)* | *പുറത്തേക്ക് അയയ്ക്കുന്നത് (ലിറ്റർ)* |
|---|---|---|
| 1995 ഏപ്രിൽ മുതൽ 1996 മാർച്ച് വരെ 34257.1 ലി. | 4223.00 ലി. | 30034.1 ലി. |

(അവലംബം: ഡയറി എക്സ്റ്റൻഷൻ ഓഫീസർ തന്ന രേഖകൾ)

**പെരുമ്പറമ്പ് വനിതാ ക്ഷീരോൽപ്പാദക സഹകരണസംഘം**
**No. M. 59 (D) APCOS**

| 1996 സപ്തംബർ മാസത്തെ കണക്ക് | |
|---|---|
| ആകെ സംഭരിച്ച പാൽ | 4535 ലി |
| പ്രാദേശിക വില്പന | 680.8 ലി |
| ഡയറിയിൽ കൊടുത്തത് 4854.2 ലി | |

(അവലംബം: പെരുമ്പറമ്പ് വനിതാ ക്ഷീരോല്പാദന സെക്രട്ടറിയുടെ രേഖ)

**എടപ്പാൾ പഞ്ചായത്ത് സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക്**

**1994, 95, 96 എന്നീ വർഷങ്ങളിലെ വായ്പാ വിവരം**

| *കാലാവധി* | *വായ്പാതുക* |
|---|---|
| 94 - 95 | 18.14 ലക്ഷം |
| 95 - 96 | 36.65 ലക്ഷം |
| 96 - 97 (31 - 10 - 96 വരെ) | 16.50 ലക്ഷം |

(എടപ്പാൾ പഞ്ചായത്ത് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി രേഖാമൂലം തന്നത്)

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സഹകരണ സ്റ്റോർ വേണം.
2. ക്ഷീര സഹകരണ സംഘത്തെ വികസിപ്പിക്കണം.
3. കയർ, ടൈലറിംഗ്, ഗാർമെൻറ്സ്, കോഴിവളർത്തൽ, കരിങ്കൽ ഉടക്കൽ, സോപ്പ് നിർമ്മാണം എന്നിവ സഹകരണ മേഖലയിൽ കൊണ്ടുവരണം.
4. പുതിയ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

5. പരമ്പരാഗത വ്യവസായവുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
6. എസ്സ്.സി. എസ്സ്.ടി വിഭാഗത്തെ സഹകരണ പ്രസ്ഥാനവുമായി ബന്ധപെടുത്തുക.
7. ഖാദി ഉത്പാദന യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

സാധ്യതകൾ

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക ഉത്പന്നങ്ങൾ (നെല്ല്, തേങ്ങ, അടക്ക) ശേഖരിച്ച് വിൽപന നടത്തുക. ഇവയുടെ സംഭരണം, സംസ്കരണം, വിപണനം എന്നീ രംഗത്ത് സഹകരണ പ്രസ്ഥാനം കടന്നുവരണം.
2. വനിതകൾക്ക് തൊഴിൽ നൽകാൻ കഴിയുമാറ് അച്ചാർ, കറിപൗഡറുകൾ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം എന്നിവ തുടങ്ങുക.
3. മത്സ്യസമ്പത്ത് ഉപയുക്തമാക്കാനും ഈ രംഗത്ത് തൊഴിലാളികളുടെ അവസ്ഥ മെച്ചപ്പെടുത്താനും ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണ സംഘം രൂപീകരിക്കുക.
4. പട്ടിക ജാതിക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് ഒരു സഹകരണ സംഘം പഞ്ചായത്തിൽ രൂപീകരിക്കണം.
5. തൊഴിൽ ഉപകരണങ്ങൾ ഭവനനിർമ്മാണ വായ്പ എന്നിവ നൽകാൻ കഴിയുന്ന തരത്തിൽ സഹകരണ സംഘം നിർമ്മിക്കുക.

# ഗൾഫ് പുനരധിവാസം

പണം പണത്തിലേക്ക് നയിക്കണം.
പണം വസ്തുവല്ല; വഴിയാണ്.
അതിൻെറ വിനിമയം ഉല്പാദന ക്ഷമമാക്കണം.
- ഒരു ധനതത്വശാസ്ത്ര ചിന്ത.

ഭൂഗർഭത്തിലെ നിധിശേഖരം എന്നു വിളിക്കാവുന്ന ഗൾഫ് രാജ്യങ്ങളിലേക്ക് മലയാളികളുടെ പ്രവാഹമുണ്ടായപ്പോൾ ആദ്യംതന്നെ കുതിച്ചെത്തിയവരിൽ പലരും എടപ്പാൾ നിവാസികളായിരുന്നു. 1960 കാലഘട്ടങ്ങളിൽ തന്നെ ഗൾഫ് നാടുകളിലെത്തുകയും (അത് അത്യന്തം സാഹസികമായിരുന്നു) എല്ലു മുറിയെ പണി ചെയ്തു പല്ലു മുറിയെ തിന്നാനുള്ള വകയുണ്ടാക്കുകയും ചെയ്തവർ ഈ പഞ്ചായത്തിലുണ്ട്. ഇത്തരത്തിൽപ്പെട്ടവർ 1970 കളോടെ പഞ്ചായത്തിൽ ധാരാളമായി ഉണ്ടായി. അതോടെ പഞ്ചായത്തിൻെറ മുഖച്ഛായ തന്നെ മാറുകയായിരുന്നു. ഉല്പാദനപരമായ ആവശ്യങ്ങൾക്ക് ഗൾഫു മലയാളികളുടെ സമ്പാദ്യത്തെ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിലും ജനമനസ്സുകളിൽ നിറവിൻെറ സംതൃപ്തി പടർന്നു. ഏകദേശം 25 കൊല്ലക്കാലം ഇത്തരത്തിൽ സംതൃപ്തിയുടെ കാലഘട്ടമായിരുന്നു. അതായത് 1970 മുതൽ 1995 വരെയുള്ള കാലഘട്ടം. അതിനിടയിൽ ഉണ്ടായ ഗൾഫു യുദ്ധം ഗൾഫു മേഖലകളിലെ കർശനമായ തൊഴിൽ നിയമങ്ങൾ എന്നിവ മലയാളിയുടെ സ്വപ്നങ്ങളിൽ കാളിമ ചാർത്തി.

ഈ കാലയളവിൽ മൂവ്വായിരത്തോളമാളുകൾ ഗൾഫു നാടുകളിൽ ജോലി നോക്കിയിരുന്നു. ഈ റിപ്പോർട്ടെഴുതുന്ന ആഴ്ചയിൽ ത്തന്നെ നൂറുകണക്കിന് മലയാളികൾ തിരിച്ചെത്തുകയാണ്. എടപ്പാൾ പഞ്ചായത്തിലും ഈ പ്രതിസന്ധിഘട്ടത്തിൽ മുന്നൂറോളം പേർ തിരിച്ചെത്തി. ഇവരിൽ പലരും കിടപ്പാടം പോലും വിറ്റ്, എന്തു ജോലി ചെയ്യുവാനും സന്നദ്ധരായി ഗൾഫു മേഖലകളിൽ എത്തിപ്പെട്ടവരാണ്.



പ്രശ്നങ്ങൾ

ഗൾഫിൽ പണിയെടുത്തിരുന്നവർ വ്യാപകമായി തിരിച്ചുവരുന്നത് പഞ്ചായത്ത് തലത്തിൽ വലിയ വേദനയുണർത്തുന്നു. കഴിഞ്ഞ കാലത്തെ പട്ടിണിയുടേയും ദുരിതങ്ങളുടേയും നാളുകൾ തിരിച്ചുവരുമോയെന്ന് ഏവരും ഭയക്കുന്നു.

നാട്ടിൽ നിലനില്ക്കുന്ന തൊഴിലാളികൾക്കു തന്നെ ആവശ്യമായ ജോലിയും ജീവിക്കാനുതകുന്ന വരുമാനവും ലഭിക്കുന്നില്ല. അങ്ങനെയിരിക്കെ ഗൾഫു നാടുകളിൽ പണിയില്ലാതെ തിരിച്ചുവരുന്നത് ഏറെ ആശങ്കയുണർത്തുന്നു.

തിരിച്ചുവരുന്ന അദ്ധ്വാനശേഷിയും സാമ്പത്തികശേഷിയും - സാമ്പത്തിക ശേഷി ഉണ്ടെങ്കിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് അവർക്ക് എന്തു ജോലി നല്കാമെന്നും എങ്ങനെ ആശ്വാസിപ്പിക്കാമെന്നുമുള്ള ചിന്ത സംസ്ഥാന തലത്തിൽ ഉടലെടുത്തിട്ടുള്ളതുപോലെ എടപ്പാൾ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. വളരെ ശാസ്ത്രീയമായി ഇടപെടേണ്ടതും ഉടനടി പരിഹരിക്കേണ്ടതുമായ പ്രശ്നമാണിത്.

**നിർദ്ദേശങ്ങൾ :**

ഗൾഫിൽ ജോലിക്കുള്ള വിജ്ഞാപനം ഗവൺമെൻറ് മുഖാന്തരമാകണം. അവിടെ ജോലിക്കു പോകുന്നതും സംസ്ഥാന ഗവൺമെൻറിൻെറ അറിവിലൂടെയാകണം. Overseas Development Employment Promoting Council (ODEPC) ൻെറ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കണം. ഗൾഫ് ഇൻഫോർമേഷൻ സെൻറർ, ഗൾഫ് ഗൈഡൻസ് സെൽ തുടങ്ങിയ സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം. ട്രാവൽ ഏജൻസികളുടെ പ്രവർത്തനത്തിൽ നിയന്ത്രണം ഉണ്ടാകണം.

ഗൾഫിൽ നിന്നെത്തുന്ന പണം അധികൃത മാർഗ്ഗങ്ങളിലൂടെയാണെന്ന് ഉറപ്പു വരുത്തണം. ഗൾഫു പണ നിക്ഷേപത്തെ ആകർഷിക്കുവാൻ KFC, KSFE പോലുള്ള സ്ഥാപനങ്ങൾ ആകർഷകമായ ബോണ്ടുകൾ ഇറക്കുകയും ഡിവിഡണ്ടുകൾ നല്കുകയും വേണം. തിരിച്ചു വരുന്നവരുടെ മനുഷ്യശേഷിയും സാമ്പത്തികശേഷിയും ഉപയോഗപ്പെടുത്തണം.

സ്വയം തൊഴിൽ പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ഗൾഫിൽ നിന്ന് പറഞ്ഞയക്കപ്പെട്ടവർക്ക് ലഭ്യമാക്കണം. അവർക്ക് ആവശ്യമായ ഗൈഡൻസ് നല്കണം. സാമ്പത്തികശേഷിയുള്ളവർ, പണം ഉല്പാദനക്ഷമമല്ലാത്ത കാര്യങ്ങൾക്ക് മുടക്കുന്നത് നിരുത്സാഹപ്പെടുത്തണം. സർവോപരി, ഒരു വികസന സംസ്കാരം പഞ്ചായത്ത് തലത്തിൽ ഉരുത്തിരിയണം.

ഉല്പാദനപരവും കാലിക പ്രാധാന്യമുള്ളതും വികസനോന്മുഖവുമായ സ്കീമുകൾ ഗൾഫ് പുനരധിവാസത്തിൻെറ ഭാഗമായി ഉണ്ടാകണം. സഹകരണ മേഖലയിൽ വ്യാപകമായ സാദ്ധ്യതകളുണ്ട്.

> മടിച്ചു നില്ക്കാനവസരമില്ലാ-
> വിശപ്പു കത്തുമ്പോൾ.....
> മരിച്ചു വീഴും സഹജരെ നോക്കി
> തരിച്ചു നിന്നാലോ.......?

# ബാലപർവം

ഇന്ത്യയുടെ ഭാവി ക്ലാസ്സുമുറികളിൽ
രൂപം കൊള്ളുന്നു..........


- കോത്താരി വിദ്യാഭ്യാസ കമ്മീഷൻ

ഈ റിപ്പോർട്ട് ക്ലാസ്സു മുറികളിൽ രൂപപ്പെടുന്ന ബാല്യത്തെക്കുറിച്ചല്ല, പൂവുകൾക്കും, പൂമ്പാറ്റകൾക്കും പിറകേ പായേണ്ട ബാല്യം കഠിനാദ്ധ്വാനവും വേദനകളും പേറുന്നതിനെക്കുറിച്ചാണ്. 14 വയസ്സിനു താഴെയുള്ള കുട്ടികളുടെ സർവ്വതോന്മുഖമായ സന്തോഷം ഐക്യരാഷ്ട്രസഭയുടെ ആദർശങ്ങളിൽ അചഞ്ചലമായി അംഗീകരിക്കപ്പെട്ടതാണ്. എന്നാൽ കേരളത്തിലുടനീളം ബാലാദ്ധ്വാനം ചൂഷണം ചെയ്യപ്പെടുന്നു. ഇത് ബോധപൂർവമാണെന്ന് ഈ റിപ്പോർട്ടിൽ അവകാശപ്പെടുന്നില്ല. തങ്ങളുടെ കുടുംബങ്ങളിലെ പട്ടിണിയും അസൗകര്യങ്ങളുമാണ് കുട്ടികളെ ഇതിന് നിർബന്ധിതരാക്കുന്നതെന്ന് ഈ റിപ്പോർട്ടിനുവേണ്ടി നടത്തിയ സർവേയിൽ നിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. കുട്ടികൾക്ക് വിദ്യാഭ്യാസവും ആരോഗ്യവും സർവ സന്തോഷങ്ങളും ഉറപ്പു വരുത്തേണ്ട തുണ്ട്.

പപ്പട നിർമ്മാണ കേന്ദ്രങ്ങളിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ പണിയെടുക്കുന്നത്. ഇവരിൽ 14 വയസ്സിനു താഴെയുള്ളവരാണ് അധികവും. തുന്നൽക്കടകളിലും, ചായക്കടകളിലും, ഹോട്ടലുകളിലും ചെറിയ തരത്തിലുള്ള കൂലിപ്പണികൾ എന്നീ മേഖലകളിലൊക്കെ ഈ പഞ്ചായത്തു മേഖലയിൽ കുട്ടികൾ പണിയെടുക്കുന്നുണ്ട്.

തൊഴിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിൻെറ അഭാവം, വിദ്യാഭ്യാസശേഷം അനിശ്ചിത മാകുന്ന അഭ്യസ്തവിദ്യരുടെ ഭാവി, താല് ക്കാലികമായി കൈയിൽ വരുന്ന പണം എന്നീ കാര്യങ്ങളൊക്കെ കുട്ടികളേയും അവരുടെ കുടുംബങ്ങളുടെ മനസ്സിനേയും ഈ മേഖലയിലേക്ക് ആകർഷിക്കുന്നു.

പപ്പടപ്പണിയിൽ മാത്രം പഞ്ചായത്തു മേഖലയിൽ ഇരുപത്തഞ്ചോളം കുട്ടികൾ പണിയെടുക്കുന്നുണ്ട്. ഇവർ അതിഭയങ്കരമായ ആരോഗ്യപ്രശ്നം നേരിടുന്നുണ്ട്. ശ്വാസകോശങ്ങളിലേക്ക് വലിച്ചു കയറ്റപ്പെടുന്ന ധാന്യപ്പൊടി അവരുടെ പില്ക്കാല ജീവിതത്തിൽ ബ്രോങ്കൈറ്റിസ് ആസ്തമ പോലുള്ള മാറാവ്യാധികൾക്ക് ഇരയാകുവാൻ സാദ്ധ്യതയുണ്ട്. ഈ രംഗത്ത് താല്ക്കാലികമായി കുറച്ചു പണം കൈവശം വരുമെന്നതുകൊണ്ട്, മുമ്പ് പറഞ്ഞതുപോലെ കുട്ടികൾ വിദ്യാഭ്യാസവും ആരോഗ്യവും പരിഗണിക്കാതെ ഈ രംഗത്ത് പണിയെടുക്കുന്നു.



ഹോട്ടൽ-ചായക്കട-പണിക്കാരായി 14 വയസ്സിനു താഴെയുള്ള 18 കുട്ടികളെ കാണാൻ കഴിഞ്ഞു. ഇവർ ആരോഗ്യത്തിനുസരിച്ചുള്ള ശുചിത്വം നിഷേധിക്കപ്പെടുന്നവരാണ്. കൂലി തീരെ ആകർഷകമല്ലെങ്കിലും ഭക്ഷണം മതിയാവോളം കിട്ടുമെന്നതാണ് ഇവരെ ഈ രംഗത്ത് പിടിച്ചു നിറുത്തുന്നതെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

പലചരക്കു കടകളിലും, ഇറച്ചി-മത്സ്യ കച്ചവടത്തിലും കുട്ടികളെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇവർക്ക് സാന്മാർഗികവും, മാനുഷികവുമായ ജീവിതമടക്കം നിഷേധിക്കപ്പെടുന്നുവെന്നതാണ് പൊതുവിലുള്ള അഭിപ്രായം.

## പ്രശ്നങ്ങൾ

1. കുട്ടികൾ നാളെയുടെ ശില്പികളാണ്. അവർ സാമൂഹ്യ ജീവിതത്തിൽ നിന്ന് കൊഴിഞ്ഞു പോകുന്നത് നാടിൻെറ നാളെയെ തകർക്കും.
2. കുട്ടികൾക്ക് ആരോഗ്യവും വിദ്യാഭ്യാസവും നിഷേധിക്കുന്ന സമൂഹത്തിന് യാതൊരു വികസനവുമുണ്ടാകുകയില്ല.
3. വിദ്യാഭ്യാസം മുതൽ മാനസികമായ ഉല്ലാസം വരെ കുട്ടികൾക്കു നിഷേധിക്കുന്ന സമൂഹം തീർത്തും അപരിഷ്കൃതമാണ്.

## നിർദ്ദേശങ്ങൾ/പരിഹാരങ്ങൾ

1. കുട്ടികളെ ജോലിക്ക് പറഞ്ഞയക്കുവാൻ നിർബന്ധിതമാകുന്ന കുടുംബങ്ങളെ മനസ്സിലാക്കി അവർക്ക് സാമ്പത്തിക സഹായം നല്കുക.
2. കുട്ടികളേയും അവരുടെ രക്ഷിതാക്കളുടേയും വിദ്യാഭ്യാസത്തിൻേറയും ആരോഗ്യ ത്തിൻേറയും പ്രാധാന്യം മനസ്സിലാക്കുകയും താല്ക്കാലിക ലാഭത്തിൽ നിന്ന് പിന്തിരിയുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
3. കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന ആളുകളെ കണ്ട്, അത് നിയമവിരുദ്ധമാണെന്നും സാമൂഹ്യ ദ്രോഹമാണെന്നും അറിയിക്കുകയും അവരെ അതിൽ നിന്ന് തടയുകയും ചെയ്യുക.
4. ഇക്കാര്യത്തിൽ പഞ്ചായത്തു തലത്തിൽ വ്യാപകമായ ബോധവല്ക്കരണങ്ങൾ നടത്തുക.
5. തൊഴിലാളികൾക്ക് ദൗർലഭ്യം നേരിടുന്ന മേഖലകളിലാണ് കുട്ടികൾ പണിയെടുക്കുന്നത്. കുറഞ്ഞ കൂലിയ്ക്ക് കൂടുതൽ അദ്ധ്വാനം ലഭിക്കുമെന്നതും ദീർഘകാലത്തേക്ക് തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്താമെന്നതുമാണ് കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നവരുടെ മനസ്ഥിതി. ഇത് നിർബന്ധമായും തടയപ്പെടേണ്ടതാണ്.

# വിഭവസമാഹരണം

"സർക്കാരിൽ നിന്ന് എന്ത് കിട്ടുമെന്നല്ല, മനുഷ്യാദ്ധ്വാനമടക്കമുള്ള വിഭവങ്ങാം സമർപ്പിച്ചുകൊണ്ട് സർക്കാരിനെക്കൊണ്ട് എന്തു ചെയ്യിക്കുവാൻ സാധിക്കും എന്നിടത്താണ് 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന സൂക്തത്തിൻെറ അർത്ഥവ്യാപ്തി"

- സംസ്ഥാന ആസൂത്രണവകുപ്പ്

ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ട പദ്ധതികളെകുറിച്ചും നമ്മുടെ പൊതുവായ പ്രശ്നങ്ങളെയും ജനങ്ങളുടെ ആവശ്യങ്ങളെയും പറ്റി മുൻ അദ്ധ്യായങ്ങളിൽ വിശദമായി ചർച്ച ചെയ്തുവല്ലൊ. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങാം ശ്രദ്ധിച്ചിരിക്കുമല്ലൊ. ഈ ആവശ്യങ്ങാംക്കും നിർദ്ദേശങ്ങാംക്കും എങ്ങിനെയാണ് ഒരു പരിഹാരം കണ്ടെത്തുക? ഇവയെല്ലാം നേടിയെടുക്കുവാനുള്ള വിഭവങ്ങാം പഞ്ചായത്തിലുണ്ടൊ? ഉയർന്നു വന്നിട്ടുള്ള എല്ലാ ആവശ്യങ്ങാംക്കും ഒരു പരിഹാരം കാണുവാനും ജനങ്ങളെ തൃപ്തരാക്കുവാനുമുള്ള ശേഷി നമ്മുടെ പഞ്ചായത്തിനുണ്ടോ ഇങ്ങനെ ആലോചിക്കുമ്പോഴാണ് വികസനത്തിന് വിഭവസമാഹരണം ഏറ്റവും പ്രധാന ഘടകമായിത്തീരുന്നത്.

നമ്മുടെ പഞ്ചായത്തിൻെറ ഇപ്പോഴത്തെ വരുമാനവും ചെല വും തമ്മിലുള്ള ഒരു താരതമ്യ പഠനം പഞ്ചായത്തിൻെറ പൊതുവായ സാമ്പത്തികസ്ഥിതി മന സ്സിലാക്കുവാൻ സഹായിക്കും.

പട്ടിക - 1

പഞ്ചായത്തിൻെറ വരുമാനം

| നം. | ഇനം | 1991 - 92 | 1995 - 96 |
|---|---|---|---|
| 1. | കെട്ടിട നികുതി | 222316.00 | 334228.10 |
| 2. | വിനോദനികുതി | 37964.00 | 66200.15 |
| 3. | തൊഴിൽ നികുതി | 81441.00 | 84388.00 |
| 4. | ഉപാധിരഹിത ഫണ്ട് | | |
| . | a. ജനറൽ | 147800.00 | 200500.00 |
| | b. സ്പെഷൽ കോമ്പോണൻറ് പ്ലാൻ | 52637.00 | 114500.00 |
| 5. | ജെ.ആർ.വൈ. | 461700.00 | 440305.00 |
| 6. | ഗ്രാൻറുകാം | 74697.00 | 385414.00 |
| 7. | മറ്റു വരവുകാം | | |
| | ആകെ | 1078555.00 | 1625535.30 |

പട്ടിക - 2

ചെലവ് വിവരങ്ങാം 1995 - 96

| നം. | ഇനം | തുക |
|---|---|---|
| 1. | ഭരണപരമായ ചെലവുകാം | 498120.00 |
| 2. | പൊതുമരാമത്ത് | 728298.00 |
| 3. | വിദ്യാഭ്യാസം (ലൈബ്രറി, പുസ്തകങ്ങാം etc.) | 127164.00 |
| 4. | ജലവിതരണം, പൊതുജനാരോഗ്യം | 71645.00 |
| 5. | തെരുവു വിളക്കുകാം | 22970.00 |
| 6. | മറ്റുള്ളവ | 19106.00 |
| | ആകെ | 1467303.00 |


മേൽ കാണിച്ച പട്ടികകളിൽ നിന്നും പഞ്ചായത്തിൻെറ സാമ്പത്തികസ്ഥിതി വളരെ ദുർബലമാണെന്ന് കാണാവുന്നതാണ്. ഒമ്പതാം പദ്ധതിക്കാലത്ത് പദ്ധതി വിഹിതമായി ഏതാണ്ട് 4 കോടി രൂപയോളം പഞ്ചായത്തിന് ലഭിക്കുമെന്ന് കരുതുന്നു. ഈ തുകകൊണ്ടു മാത്രം നമുക്ക് ഇതുവരെ ചർച്ച ചെയ്ത വികസന പദ്ധതികളുമായി മുന്നോട്ടു പോകുവാൻ കഴിയുകയില്ല. ഇവിടെയാണ് ജനകീയാസൂത്രണത്തിൻെറ പ്രസക്തി കുടികൊള്ളുന്നത്.

പഞ്ചായത്ത് വികസനത്തിന് പുതിയ വിഭവങ്ങാം കണ്ടെത്തുവാൻ നമുക്ക് കഴിയുകയില്ലെ? ഇക്കഴിഞ്ഞ നവംബർ1 ന് വൈദ്യർ മൂലയിൽ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിച്ച സാംസ്കാരിക നിലയത്തിൻെറ പ്രവർത്തനം നമുക്ക് ഈ ദിശയിൽ ഒരു ചൂണ്ടു പലകയാണ്. അവിടെ സാംസ്കാരിക നിലയത്തിന് 45,000 രൂപയാണ് പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയത്. ഈ തുകയും ജനങ്ങളുടെ അദ്ധ്വാനവും ഹൃദയാലുക്കളുടെ സംഭാവനയുമെല്ലാം ചേർത്ത് അവിടെ മൂന്ന് നാല് ലക്ഷത്തോളം രൂപയുടെ സൗധമാണ് ഉയർന്നുകൊണ്ടിരിക്കു ന്നത്. നമ്മുടെ പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ വികസനത്തിന് എന്തുകൊണ്ട് ഈ മാർഗ്ഗം സ്വീകരിച്ചുകൂടാ?

ഇതിനർത്ഥം പിരിവെടുത്ത് പഞ്ചായത്ത് വികസനം നടത്തുക എന്നല്ല, മറിച്ചു ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനം നടത്തുക എന്നതാണ്. സാങ്കേതിക ജ്ഞാനവും മാനുഷിക ശേഷിയും പ്രകൃതി വിഭവങ്ങളും പഞ്ചായത്ത് ഫണ്ടും കൂടിച്ചേർന്നാൽ നമ്മാം ആശിച്ചതെല്ലാം നേടിയെടുക്കുവാൻ കഴിയും.

ഗാംഫ് മേഖലകളിൽ പണിയെടുക്കുന്നവരും അവിടെ നിന്ന് മടങ്ങിയവരുമായ ആളുകളുടെ കൂട്ടുപങ്കാളിത്തം വഴി വിഭവ സമാഹരണത്തിൻെറ വമ്പിച്ച സാദ്ധ്യതകളുണ്ട്. ഗ്രാമസഭകാം നടത്തുമ്പോാം മൃഗാസ്പത്രിക്കും അംഗനവാടിയ്ക്കുമായി സ്ഥലങ്ങാം നല്കാൻ തയ്യാറുള്ള ആളുകളെ കാണുവാൻ കഴിഞ്ഞു. ഗാംഫു മേഖലയിൽ പണിയെടുക്കുന്നവരുടെ സാദ്ധ്യതകളും പ്രശ്നങ്ങളും 'ഗാംഫ് പുനരധിവാസം' എന്ന ഭാഗത്ത് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 8, 11, 6, 7 എന്നീ വാർഡുകളിലാണ് ഗാംഫിൽ പണിയെടുക്കുന്നവർ കൂടുതലുള്ളത്. 8-ാം വാർഡിൽ 293 ഉം 11-ാം വാർഡിൽ 204 ഉം 6-ാം വാർഡിൽ 172 ഉം 7-ാം വാർഡിൽ 84 ഉം ആളുകാം ഗാംഫിൽ ജോലി നോക്കുന്നു. ഇവരുടെ താല്പര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് ചെറുകിട വ്യവസായ - വ്യവസായിക യൂണിറ്റുകാം സ്ഥാപിക്കാം. വളരെ സാദ്ധ്യതയുള്ളതും ലാഭകരവുമായ പുത്തൻ വ്യവസായങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കണം. പോളിത്തീൻ ബാഗിനു പകരം പഴയ പേപ്പറുകാം ഉപയോഗിച്ചുകൊണ്ട് നിർമിക്കുന്ന വളരെ ഉറപ്പുള്ള ബേഗുകാം ലാഭകരമായ വ്യവസായമാണത്രെ. ഹോളോബ്രിക്സ് നിർമാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവയിലൊക്കെ വമ്പിച്ച സാദ്ധ്യതകളുണ്ട്. അവ നാട്ടിലെ തൊഴിലില്ലായ്മയെ കുറേയൊക്കെ പരിഹരിക്കുകയും ചെയ്യും.



അതോടൊപ്പം തന്നെ പഞ്ചായത്തിനു സ്വരൂപിക്കുവാൻ കഴിയുന്ന നികുതിയുാംപ്പെടെയുള്ള വിഭവങ്ങളിൽ അമാന്തമുണ്ടാകരുത്. ഏതു നികുതിയും കൃത്യസമയത്ത് അടയ്ക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കണം. ഇത്തരത്തിൽ അടയ്ക്കപ്പെടുന്ന നികുതികളുടെ കണക്കുകാം കൃത്യമായി സൂക്ഷിച്ചാൽ മാത്രം പോര; അത് ജനങ്ങളെ ഗ്രാമസഭകാം പോലെയുള്ള വേദികളിലൂടെ ബോദ്ധ്യപ്പെടുത്തുകകൂടി വേണം. ഒരു സമഗ്ര നികുതി നയത്തിന് അടിയന്തിരമായി രൂപം കൊടുക്കണം.

## കെട്ടിട നികുതി

ആഡംബരപൂർവ്വം നിർമിക്കപ്പെട്ട വീടുകാംക്ക് അതിനനുസരിച്ചുള്ള നികുതി ചുമത്തണം. ഇത്തരത്തിൽ വീടു നിർമാണത്തിലുള്ള അനാവശ്യധൂർത്തുകാം ഒഴിവാക്കാൻ കഴിയും. വീടുകളല്ലാത്ത കെട്ടിടങ്ങാംക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.

പഞ്ചായത്തിൽ നികുതി ഇനത്തിൽ ധാരാളം കുടിശ്ശിക വരുന്നുണ്ട്. ഇതിന് ഒരു പ്രധാന കാരണം നികുതിയടക്കേണ്ടതായ തീയതികാം ജനങ്ങാംക്ക് അറിയാൻ കഴിയുന്നില്ലായെന്നതാണ്. ഏതെങ്കിലും കടയുടെ ചുമരുകളിൽ പതിച്ചതുകൊണ്ടോ മൈക്ക് കെട്ടി ധൃതിയിൽ ഓട്ടപ്രഖ്യാപനം നടത്തിയതുകൊണ്ടോ കാര്യമായില്ല. റേഷൻ കടകാം, പള്ളികാം, അമ്പലങ്ങാം എന്നിവയ്ക്കു സമീപം പ്രത്യേക വാർത്താ ബോർഡുകാം സ്ഥാപിയ്ക്കണം.

## തൊഴിൽ നികുതി

ഉദ്യോഗസ്ഥന്മാരിൽ നിന്നു മാത്രമല്ല; ജനങ്ങാംക്ക് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ പണിയെടുക്കുന്ന മുഴുവൻ ആളുകളിൽ നിന്നും എളിയ തരത്തിലുള്ള നികുതികാം സ്വരൂപിക്കാൻ കഴിയണം. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൻെറ കീഴിൽ കൊണ്ടുവരാൻ കഴിയണം. ഇത് കച്ചവടക്കാർക്കും നിർമാണത്തൊഴിലാളികാംക്കും മറ്റു തൊഴിലാളികാംക്കും ബാധകമാക്കണം.

## വിനോദനികുതി

നിലവിലുള്ള സിനിമാ തിയേറ്ററിൽ നിന്നു ലഭിക്കുന്ന വിനോദ നികുതിക്ക് പുറമെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളുകാം, മിനി സ്റ്റേഡിയം എന്നിവ നിർമ്മിയ്ക്കുകയും പൊതു പരിപാടികാംക്ക് വാടകയ്ക്ക് കൊടുക്കുകയും ചെയ്താൽ ആ തരത്തിൽ ഒരു തുക സ്വരൂപിയ്ക്കുവാൻ കഴിയും.

## മറ്റു മാർഗ്ഗങ്ങാം

പഞ്ചായത്തു വക പാതകാംക്കരികിൽ സൗകര്യമുള്ളിടത്ത് തെങ്ങ്, പ്ലാവ്, മാവ് എന്നീ വൃക്ഷങ്ങാം വെച്ചു പിടിപ്പിക്കുകയും അവയുടെ ഫലങ്ങളുടെ ലേലത്തിലൂടെ വരുമാനം ഉണ്ടാക്കുവാൻ കഴിയുന്നതുമാണ്. പഞ്ചായത്തു വക സ്ഥലങ്ങാം സ്വകാര്യ വ്യക്തികാം കൈയടക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും വേണം.

## ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തുകാംക്ക് വായ്പ എടുക്കുന്നതിനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികാംക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ കൊടുക്കുവാൻ അവർ ബാധ്യസ്ഥരാകുന്ന നിയമം ഉണ്ടാകണം.

## ഗ്രാമസഭാ നിർദ്ദേശങ്ങാം/പരിഹാരങ്ങാം


1. വികസന പ്രവർത്തനങ്ങാംക്ക് വായ്പകാം ലഭ്യമാക്കുക.
2. കാർഷിക രംഗത്ത് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപിപ്പിക്കുക.

3. കൃഷി വികസനത്തിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികഠം സ്ഥാപിക്കണം.
4. വികസന കാര്യങ്ങളിൽ സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിക്കുക.
5. നികുതികഠം കർശനമായി പിരിച്ചെടുക്കുക.
6. ഗഠംഫ് മലയാളികളുടെ കൂട്ടായ്മയായി വ്യവസായം ആരംഭിക്കുക.
7. വ്യവസായ സംരംഭകർക്ക് സഹകരണ ബാങ്കുകളുടെ സഹായധനം നല്കുക.
8. പലിശ രഹിത വായ്പയിലൂടെ ചെറുകിട വ്യവസായങ്ങഠംക്ക് തുടക്കം കുറിക്കുക.
9. ഗഠംഫിൽ ജോലിയുള്ളവരുടെ നിക്ഷേപം, സ്ത്രീകളുടെ കൂലിയിനത്തിൽ മിച്ചം പിടിക്കുന്ന സംഖ്യ തുടങ്ങിയവ ബാങ്ക് നിക്ഷേപമാക്കുകയും ഗ്രാമത്തിൻെറ പൊതു വികസനത്തിന് ഉപയോഗിക്കുകയും ചെയ്യുക.

# വനിത

സ്ത്രീ കേന്ദ്രിതമായ ഒരു ഗോത്ര വ്യവസ്ഥയിവിടെയുണ്ടായിരുന്നു. കുടുംബത്തിൻെറ നിലവിളക്കും നിലനിൽപ്പും സ്ത്രീയായിരുന്നു. മതപരവും ജാതീയവുമായ അനുഷ്ഠാനങ്ങളിലും വിശ്വാസങ്ങളിലും അടിമപ്പെട്ട മനസ്സായിരുന്നു സ്ത്രീകളുടേത്. നാട്ടിൻ പുറങ്ങളിൽ വീട്ടിനകത്ത് വെയ്ക്കലും വിളമ്പലും പരിചരണവുമായി ഇന്നും സ്ത്രീകഠം കഴിഞ്ഞുകൂടുന്നു.

സാമൂഹ്യ പുരോഗതിയിൽ സ്ത്രീകഠം വഹിച്ച പങ്ക് എടപ്പാളിനെ സംബന്ധിച്ച് കുറവായിരുന്നു. എന്നാൽ നവോത്ഥാന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നവർക്ക് സ്ത്രീകഠം പ്രോത്സാഹനം നൽകിയിരുന്നു. പ്രത്യേകിച്ചും തൊഴിലാളി സ്ത്രീകഠം. തൊഴിൽ സമരങ്ങളിൽ ആവേശപൂർവ്വം പങ്കെടുത്ത നിരവധി കർഷകത്തൊഴിലാളികളായ സ്ത്രീകഠം ഇവിടെയുണ്ട്.



മുൻകാലങ്ങളിൽ വിദ്യാഭ്യാസം പെൺകുട്ടികഠംക്ക് അനുവദിച്ചിരുന്നില്ല. സവർണ്ണ വിഭാഗങ്ങഠംക്കിടയിൽ എഴുത്തും വായനയും അറിയാവുന്നവരുണ്ടായിരുന്നെങ്കിലും ജാതീയമായ വിഭാഗീയതകഠം പൊതുവിൽ സ്ത്രീകഠംക്ക് വിദ്യാഭ്യാസം ലഭ്യമാക്കാൻ തടസ്സമായിരുന്നു. മാത്രമല്ല, ബാല്യ വിവാഹവും നടപ്പിലുണ്ടായിരുന്നു.

1993 ലെ ജില്ലാ സാക്ഷരതാ സർവ്വേ അനുസരിച്ച് ഇവിടെ 15529 സ്ത്രീകളാണുള്ളത്. പുരുഷന്മാരേക്കാഠം കൂടുതലാണിത്.

1930 നു ശേഷം സ്ത്രീകഠംക്ക് പ്രാഥമിക വിദ്യാഭ്യാസ സൗകര്യമുണ്ടായിരുന്നെങ്കിലും സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥ ഭൂരിഭാഗം പേർക്കും വിദ്യാഭ്യാസം അപ്രാപ്യമാക്കി.

ഇന്ന് വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികഠം മുൻപന്തിയിലാണെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇവർ പുറകിലാണ്. SSLC കഴിയുന്നതോടെ പെൺകുട്ടികളെ കെട്ടിച്ചയക്കാനുള്ള ബദ്ധപ്പാടിലാണ് രക്ഷിതാക്കഠം. ഇതുമൂലം കഴിവും പ്രാപ്തിയുമുള്ള പെൺകുട്ടികഠം ഔദ്യോഗിക രംഗത്തും സാംസ്കാരിക രംഗത്തും കുറഞ്ഞു വരുന്നു.

പഞ്ചായത്തിലെ 1965 നിരക്ഷരരിൽ 1435 പേരും സ്ത്രീകളാണെന്ന വസ്തുത ഖേദകരമാണ്. പട്ടികകളിലൂടെ തൊഴിൽ മേഖലകളെ വിഭജിക്കുമ്പോഠം സ്ത്രീ തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടെങ്കിലും വീട്ടുജോലികഠം പരിഗണിക്കുമ്പോഠം സ്ത്രീകഠം മുമ്പിൽ നിൽക്കുന്നു. സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് സ്ത്രീകളെ നയിക്കാനാവശ്യമായ സാമൂഹ്യ ചുറ്റുപാടുകഠം ഉണ്ടാക്കിയെടുക്കുവാൻ നാം പ്രവർത്തിക്കണം.

ഗഠംഫ് മേഖലയിലേക്ക് പുരുഷന്മാർ ജോലി തേടി പോയതോടെ മിക്ക കുടുംബങ്ങളുടെ ചുമതല സ്ത്രീകഠംക്കായി മാറിയിട്ടുണ്ട്. പുറം ലോകത്തെക്കുറിച്ചുള്ള അറിവും സമ്പർക്കവും നേടിയെടുക്കാൻ ഇതു സഹായകമാണെങ്കിലും പൊതുവെ സ്ത്രീകഠം ഇന്നും 'അബല' എന്ന ചട്ടക്കൂട്ടിൽ തന്നെയാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ച സ്ത്രീകളും ഇന്ന് എണ്ണത്തിൽ കൂടി വരുന്നുണ്ട്. സർക്കാർ അർദ്ധ സർക്കാർ മേഖലകളിൽ സ്ത്രീകളും ധാരാളമായി ജോലി ചെയ്യുന്നുണ്ട്. ഇതിൽ അധ്യാപികമാരാണ് കൂടുതലും.

### തൊഴിൽമേഖല

കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരും നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവരും പരമ്പരാഗത കൈതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ സ്ത്രീകളാണ് ഇവിടെയധികവും. ഇവരിൽ കർഷകതൊഴിലാളിക ളാണ് കൂടുതൽ. 3, 7, 11 വാർഡുക ളിൽ പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമുണ്ട്. പൊൻകുന്നിലും പൊൽപ്പാക്കരയിലും 40 ഓളം കുടുംബങ്ങൾ മൺപാത്രങ്ങൾ നിർമ്മിച്ച് വിറ്റുപജീവനം നടത്തുന്നു. വേതന വ്യവസ്ഥയിൽ സ്ത്രീത്തൊഴിലാളികൾക്ക് കൂലി കുറവാണ്.

| ശരാശരി കൂലിനിരക്ക് | സ്ത്രീ | പു |
|---|---|---|
| കർഷകത്തൊഴിലാളി | 65 | 110 |
| നിർമ്മാണത്തൊഴിലാളി | 75 | 130 |
| അടയ്ക്ക സംസ്കരണം | 40 | 70 |

കന്നുകാലികളെ വളർത്തി കുടുംബം പോറ്റുന്ന സ്ത്രീകളും ടൈലറിംഗ് തൊഴിലാക്കിയെടുത്ത സ്ത്രീകളും ഇവിടെ ധാരാളമുണ്ട്. ഗ്രാമീണ മേഖലയിൽ ഗൾഫു സ്വാധീനത്തിൻെറയും മറ്റും ഫലമായി ഉയർന്ന ജീവിത നിലവാരത്തിൽ ഇപ്പോൾ പ്രയാസപ്പെടുന്നത് സ്ത്രീകളാണ്.ദൈനംദിനമായ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതെ പ്രയാസപ്പെടുന്ന വനിതകളും ഇവിടെയുണ്ട്.

പ്ലാസ്റ്റിക് കെയ്ൻവർക്സ്, ടൈലറിംഗ് മുതലായവ സ്വയം തൊഴിൽ സംരംഭങ്ങളുണ്ടെങ്കിലലു ഇവ ഫലപ്രദമായിട്ടില്ല.

DWCRA യൂണിറ്റുകൾ ട്രൈസം പരിശീലനം സിദ്ധിച്ചവർ എന്നിവയുണ്ടെങ്കിലും ഇവയും സ്ത്രീകളുടെ ഉന്നമനത്തിന് പര്യാപ്തമായിട്ടില്ല.

### സ്ത്രീകളുടെ സംഘടനകൾ

പൊതു രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം ഇന്നും കുറവാണ്. മുമ്പ് സജീവമായി പ്രവർത്തിച്ചിരുന്ന മഹിളാ സമാജങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇന്ന് ഇവയുടെ പ്രവർത്തനം നിശ്ചലമാണ്. ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്സ്, ജമാഅത്തെ ഇസ്ലാമി മഹിളാ സംഘടന എന്നിവയുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം നാമമാത്രമാണ്.

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ ഈ പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ പുത്തൻ പണ സ്വാധീനത്തിൻേറയും മാഫിയാ സംഘങ്ങളുടേയും സമീപനങ്ങൾ നീതീകരിക്കത്തക്കതല്ല.

### സി.ബി.എൻ.പി. പ്രവർത്തനങ്ങൾ

അടുത്ത കാലത്തായി സ്ത്രീകളുടെ ക്ഷേമത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്ന ഒരു സ്ഥാപനമാണിത്. 81 പേർക്ക് പശു വളർത്തൽ, കയർ, തയ്യൽ മെഷീൻ എന്നിവയ്ക്കായി ലോൺ കൊടുത്തിട്ടുണ്ട്. CBNP സമ്പാദ്യത്തിൽ നിന്നു മാത്രം 127000 രൂപയും നബാഡിൽ നിന്ന് 109050 രൂപയും ഗവൺമെൻറിൽ നിന്ന് 50000 രൂപയും യൂനിസെഫിൽ നിന്ന് 14000 രൂപയും ലോൺ സൗകര്യമുണ്ട്.

ഈ പ്രോഗ്രാമിൻെറ ഭാഗമായി ഹെത്ത് വളണ്ടിയർ പരിശീലനവും നബാഡ് നൽകുന്ന ബാങ്കിംഗ് പരിശീലനവും ലഭ്യമാകാൻ സാധ്യതയുണ്ട്. നാളികേരം ഉപയോഗിച്ച് നടത്തുന്ന ചെറുകിട യൂനിറ്റുകൾ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പുരയിടങ്ങളിലെ പച്ചക്കറിത്തോട്ടം എന്നിവയും തുടങ്ങാൻ കഴിയും.

സ്ത്രീകളുടെ ഉന്നമനത്തിനായും സാമൂഹ്യ പുരോഗതിക്കായും സമ്പൂർണ്ണ മദ്യ നിരോധനം വനിതകൾ പൊതുവെ ആവശ്യപ്പെടുന്നു.

പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും സ്ത്രീകൾക്ക് അർഹമായ പങ്കു വഹിക്കാൻ ബോധപൂർവ്വമായ ഇടപെടലുകളുണ്ടാവണം. ജോലികൾ ഏറ്റെടുക്കാനുള്ള വൈമുഖ്യം സ്ത്രീകളുടെ ഭാഗത്തും ജോലി ഏൽപിന്നുള്ള താല്പര്യക്കുറവ് പുരുഷന്മാർക്കിടയിലുമുണ്ട്. ഈ വസ്ഥ മാറ്റിയേ തീരൂ. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസം വളർത്തിക്കൊണ്ടുവരാൻ അവർ തന്നെ മുന്നോട്ടു വരണം.

സ്ത്രീ സമത്വത്തിനും അവകാശങ്ങൾക്കുംവേണ്ടി മുന്നിട്ടുവന്ന് സ്ത്രീ വിമോചനത്തിൻെറ പാത അവർ തന്നെ തിരഞ്ഞെടുക്കുകയും ചെയ്യേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ഏകീകരിച്ച വേതന സമ്പ്രദായം ഇന്ന് നിലവിലില്ല.
2. സഹായ പദ്ധതികളെക്കുറിച്ച് സ്ത്രീകൾക്കിടയിൽ വ്യക്തമായ വിവരങ്ങളില്ല.
3. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി സ്ഥാപിച്ചിട്ടുള്ള അംഗൻവാടികൾ വർദ്ധിപ്പിക്കുകയും അതിൽ ജോലി ചെയ്യുന്നവർക്ക് ന്യായമായ ശമ്പളം ലഭിക്കുകയും വേണം.
4. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്നു.
5. സാംസ്കാരികമായ പിന്നോക്കാവസ്ഥ ഗുരുതരമായ പ്രശ്നമാണ്.
6. മാഫിയാ പ്രവർത്തനങ്ങളും, സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പരസങ്ങ്ങളും പോസ്റ്ററുകളും സിനിമാ പ്രദർശനവും സ്ത്രീകളെ ഉപഭോഗ വസ്തുവാക്കവ മാറ്റുന്നവയാണ്.
7. സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല.

8. അംഗനവാടികളിൽ പലതിലും പ്രാഥമിക സൗകര്യങ്ങ ളില്ല.
9. സാമൂഹ്യ പ്രവർത്തനങ്ങളിൽ സ്ത്രീകൾ താല്പര്യം കാട്ടുന്നില്ല.
10. സ്ത്രീകളിൽ ആത്മധൈര്യം കുറവാണ്.

### സാധ്യതകൾ

1. സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ സ്ത്രീകൾ ക്കായി പഞ്ചായത്തു തലത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ തുടങ്ങുക.
2. തൊഴിൽ പരിശീലനം സാമൂഹ്യ ക്ഷേമ വകുപ്പു മുഖേന കാര്യക്ഷമമായി നടത്തുക.
3. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുവാൻ നിയമമുണ്ടാക്കുക.
4. അർഹരായ മുഴുവൻ സ്ത്രീകൾക്കും ആവശ്യയി ധന സഹായം, അഗതി പെൻഷൻ, വിധവാ പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ ലഭ്യ മാക്കുക.
5. അംഗൻവാടികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കുട്ടികൾക്ക് കളിക്കാനും ഉറങ്ങാനും വേണ്ട സംവിധാ നങ്ങളുണ്ടാക്കുകയും ചെയ്യുക.
6. സാമൂഹ്യ പ്രവർത്തനങ്ങളിൽ നേതൃത്വമേറ്റെടുക്കാ നുള്ള പരിശീലനങ്ങൾ പഞ്ചായത്തു തലത്തിൽ സ്ത്രീ കൾക്ക് നൽകുക.
7. പഞ്ചായത്തു തലത്തിലും വാർഡു തലത്തിലും വനിതാ സെമിനാറുകൾ സംഘടിപ്പിക്കുക.
8. കരകൗശല നിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം, മറ്റു ചെറുകിട വ്യവസായ യൂനിറ്റുകൾ എന്നിവ വനിതകൾ ക്കായി തുടങ്ങുക.
9. പച്ചക്കറിത്തോട്ടങ്ങൾ പുരയിടങ്ങളിൽ വെച്ചു പിടിപ്പി ക്കാൻ സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുക.
10. DWCRA യൂനിറ്റുകളിലും മറ്റുമുണ്ടാക്കുന്ന ഉൽപ്പന്ന ങ്ങൾക്ക് മാർറ്റിംഗ് സൗകര്യം ലഭ്യമാക്കുക.
11. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിൽ വരുത്തുക.
12. സ്ത്രീകളുടെ വായനശാലകളും സാംസ്കാരിക സംഘ ങ്ങളും പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുക.

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

1991 – ലെ സെൻസസ്സ് കണക്കനുസരിച്ച് പട്ടികജാതി യിൽ പെട്ട 3,283 പേർ ഈ പഞ്ചായത്തിൽ ഉണ്ട്. പഞ്ചാ യത്തിലെ മൊത്തം ജനസംഖ്യയുടെ 11.8 ശതമാനം ഈ വിഭാഗത്തിൽ പെടുന്നവയാണ്. 25 അംഗീകൃത കോളനിയി ലായി 498 കുടുംബങ്ങളും അംഗീകാരം ലഭിച്ചിട്ടില്ലാത്ത കോളനികളിലും ഒറ്റപ്പെട്ട വീടുകളിലുമായി ഏകദേശം 158 കുടുംബങ്ങളും ഇവിടെ ഉണ്ട്. ദുരിതപൂർണ്ണമായ സാമൂഹ്യ സാമ്പത്തിക അവസ്ഥയാണ് ഇവർക്കുള്ളത്. വിദ്യാഭ്യാ സപരമായ നേട്ടങ്ങൾ ഏറെ അവകാശപെടാൻ ഉണ്ടെങ്കി ലും ഇവരുടെ പൊതു അവസ്ഥ ഇന്നും പുരോഗതി പ്രാപി ച്ചിട്ടില്ല. ദാരിദ്ര്യരേഖക്ക് താഴെയാണ് എല്ലാ കുടുംബങ്ങളും.

### പട്ടികജാതി

പട്ടികജാതി വികസന വകുപ്പിലെ, കണക്ക് അടിസ്ഥാ നപ്പെടു ത്തി പട്ടികജാതി കോളനികളുടെ പേരും കുടും ബങ്ങളുടെ എണ്ണവും താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. കൊലൊളമ്പ് | 47 |
| 2. പൊൻകുന്ന് | 15 |
| 3. വെങ്ങിനിക്കര | 22 |
| 4. അയിലക്കാട് | 41 |
| 5. പൂക്കരത്തറ | 18 |
| 6. നെഹ്റു സെറ്റിൽമെൻറ് കോളനി | 31 |
| 7. എടപ്പാൾ | 10 |
| 8. പൊറൂക്കര | 10 |
| 9. പെരുമ്പറമ്പ് I | 19 |
| 10. പെരുമ്പറമ്പ് II | 27 |
| 11. എലിയത്ത്തറ | 42 |
| 12. തൊണ്ടിപാടം | 10 |
| 13. പൊൽപ്പാക്കര | 10 |
| 14. മനയംപറമ്പ് | 10 |
| 15. തലമുണ്ട | 12 |
| 16. തൊളൻകിട | 21 |

17. പൊൽപ്പാക്കര ഈസ്റ്റ് 16
18. ഇരുചോല വളപ്പിൽ 11
19. ചാത്തൻകുളം പള്ളിത്തറ 15
20. കണ്ണയിൻ കോളനി 39
21. ആശുപത്രി കോളനി തലമുണ്ട 13
22. വലിയാട് കോളനി 23
23. വൈദ്യർമൂല മടയർ പറമ്പ് 11
24. പൊന്നാഴിക്കര 13
25. പള്ളശേരി 12

ഈ കോളനികളിലല്ലാതെ ഏകദേശം 12 കോളനികൾക്ക് കൂടി അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇതിന് ആവശ്യമായ നടപടിക്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

പട്ടികജാതി കുടുംബങ്ങൾ ഇന്നും അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി ബന്ധപ്പെട്ട വകുപ്പുകൾക്ക് പുറകെ നടക്കുകയാണ്. പാർപ്പിടം, കുടിവെള്ളം, വൈദ്യുതി എന്നിവയുടെ പോരായ്മ ആരോഗ്യപരമായ പ്രശ്നങ്ങൾ, വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, സാമ്പത്തിക രംഗത്തെ പുറകോട്ടടി, സാംസ്കാരികമായ ഉയർച്ച ഇല്ലായ്മ, കലാപരമായ നേട്ടങ്ങളും പരമ്പരാഗത അറിവുകൾ നഷ്ടപെടൽ എന്നിങ്ങനെ ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.


## വിദ്യാഭ്യാസം

പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ നിരക്ഷരരുടെ എണ്ണം ഇന്നും കൂടുതലാണ്. തുടർ സാക്ഷരതാ പ്രവർത്തനം നിലച്ച് പോയതാണ് ഇതിന്റെ കാരണം. കുട്ടികൾ സ്ക്കൂളിൽ പോകുന്നുണ്ടെങ്കിലും 90 ശതമാനം പേരുടെയും പഠന നിലവാരം മോശമാണ്. യു.പി. ക്ലാസുകളിൽ പഠനം അവസാനിപ്പിക്കുന്ന കുട്ടികളും വിരളമല്ല. S.S.L.C. വരെയെങ്കിലും പഠിച്ചവർ ചെറുപ്പക്കാർക്കിടയിൽ പൊതുവായുണ്ട്. പ്രീഡിഗ്രി, ഡിഗ്രി നിലവാരത്തിൽ പഠിക്കുന്നവർ വിരളമാണ്. സാങ്കേതിക വിദ്യാഭ്യാസയോഗ്യതയുള്ളവർ വിരലിലെണ്ണാവുന്നവരുണ്ട്. സർക്കാർ മേഖലയിൽ തൊഴിലെടുക്കുന്നവർ താരതമ്യേന വർദ്ധിച്ച് വരുന്നുണ്ട്. സർ ക്കാർ അർദ്ധ സർക്കാർ മേഖലകളിലായി ഏകദേശം 50 തോളം പേർ ജോലി ചെയ്യുന്നുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരും ഇവർക്കിടയിൽ ധാരാളം ഉണ്ട്. വിദ്യാഭ്യാസ രംഗത്ത് പിന്നോക്കാവസ്ഥയിൽ പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് അവസാനിപ്പിക്കുന്നതിന് സംഘടിതശ്രമങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. 96-97 വർഷത്തിൽ എടപ്പാൾ പഞ്ചായത്തിലെ സ്കൂളിൽ നിന്ന് വിതരണം ചെയ്ത ലംപ്സ്സം ഗ്രാൻറിന്റെ കണക്ക്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികൾ | തുക |
|---|---|---|---|
| 1. | ജി. യു. പി. സ്ക്കൂൾ, കൊലൊളമ്പ് | 44 | 3195 |
| 2. | ജി. എൽ. പി. എസ്സ്. എടപ്പാൾ | 19 | 933 |
| 3. | ജി. എം. എൽ. പി. എസ്. എടപ്പാൾ | 3 | 150 |
| 4. | ജി. എച്ച്. ഡബ്ലിയു. എൽ. പി. എസ്. കോലൊളമ്പ് | 17 | 960 |
| 5. | ജി. എൽ. പി. എസ്. പെരുമ്പറമ്പ് | 74 | 3825 |
| 6. | ജി. എൽ. പി. എസ്. പൊൽപ്പാക്കര | 66 | 3395 |
| 7. | ജി. എൽ. പി. എസ്. തുയ്യം | 40 | 1990 |
| 8. | എ. യു. പി. എസ്. പെരുമ്പറമ്പ് | 58 | 4710 |
| 9. | വിജയ യു. പി. എസ്. തുയ്യം | 100 | 8000 |
| 10. | എ. എം. എൽ. പി. എസ്. അയിലക്കാട് | 24 | 1485 |
| 11. | എ. എം. എൽ. പി. എസ്. കൊലൊളമ്പ് | 5 | 243 |
| 12. | എ. എം. എൽ. പി. എസ്. പൂക്കരത്തറ | 19 | 980 |
| 13. | സി. എം. സി. എൽ. പി. എസ്. തലമുണ്ട | 10 | 511 |
| 14. | എ. ജെ. ബി. എസ്. ഉദിനിക്കര | 51 | 2541 |
| 15. | ജി. എച്ച്. എസ്. എടപ്പാൾ | 581 | 65826 |
| 16. | ദാറുൽ ഹിദായ ഹൈസ്ക്കൂൾ | 16 | 2000 |

## തൊഴിൽ മേഖല

വിവിധ തൊഴിലെടുത്ത് ജീവിക്കുന്നവരാണ് പട്ടികജാതിക്കാരിലധികവും. കാർഷിക മേഖലയിൽ തൊഴിലെടുത്തു ജീവിക്കുന്നവരാണ് കൂടുതലും. കൃഷി കുറഞ്ഞു വന്നതോടെ നിർമ്മാണ മേഖലയിലേക്ക് ഏറെ ചെറുപ്പക്കാരും മാറിപ്പോയിരിക്കുന്നു. ഉൾനാടൻ മത്സ്യബന്ധനവുമായി ജീവിക്കുന്ന കുടുംബങ്ങളും ഇവരിലുണ്ട്. പരമ്പരാഗത തൊഴിലായ കുട്ട, മുറം മുതലായവ ഉണ്ടാക്കുന്നവരും പായ നെയ്യുന്നവരുമായ കുടുംബങ്ങൾ വളരെക്കുറച്ച് ഈ പഞ്ചായത്തിലുണ്ട്.



## പാർപ്പിടം, കുടിവെള്ളം, വൈദ്യുതി

ഭൂപരിഷ്ക്കരണത്തിന്റെ ഫലമായും മിച്ചഭൂമി പതിച്ചു കിട്ടിയതിന്റെ ഫലമായും ലഭിച്ച പരിമിതമായ സ്ഥലത്ത് വേണ്ടത്ര സൗകര്യങ്ങളില്ലാതെ പുരകെട്ടി താമസിക്കുന്നവരാണ് ഈ വിഭാഗത്തിൽ പെട്ടവർ. ഒരു പുരയിൽ അതിലുൾക്കൊള്ളാനാവാത്ത വിധം കുടുംബങ്ങൾ പാർത്തു വരുന്നുണ്ട്. അച്ഛൻ, അമ്മ, മക്കൾ, മക്കളുടെ കുടുംബം എന്നിങ്ങനെ. ഇത് രൂക്ഷമായ കുടുംബ പ്രശ്നങ്ങൾക്കും

തർക്കങ്ങൾക്കും കാരണമായിത്തീരുന്നുണ്ട്. അതിനാൽ വീടുവെയ്ക്കാൻ ഭൂമിയില്ലാത്ത ഇത്തരം കുടുംബങ്ങൾക്ക് അതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. ഏറ്റവും ചുരുങ്ങിയ രീതിയിൽ കണക്കെടുത്തു നോക്കുമ്പോൾ ഭവനരഹിതരും ഭൂരഹിതരുമായ ഇത്തരം കുടുംബങ്ങൾ 1200 ഓളം വരും.

സാമൂഹ്യ പരിവർത്തനത്തിൻെറ ഘട്ടത്തിൽ ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി വന്ന ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി, പൊതു ധാരയിൽ നിന്ന് ആട്ടിയകറ്റപ്പെട്ട് അധഃസ്ഥിതരായിക്കിടന്നിരുന്ന ഈ വിഭാഗം ഉണർന്നുവന്നവരാണ്. പള്ളശ്ശേരി തുപ്രൻ, ഇ.ടി. കുഞ്ഞൻ തുടങ്ങിയവരാണ് ആദ്യകാലങ്ങളിൽ ഇവർക്ക് ദേശീയ സമരത്തിൻെറയും അവകാശങ്ങളുടേയും ബാല പാഠങ്ങൾ പറഞ്ഞുകൊടുത്തതും അറിവും ആവേശവും പകർന്നുകൊടുത്തതും. അവകാശ സമരങ്ങളുടേയും സ്വാതന്ത്ര്യസമരത്തിൻേറയും ധീരസ്മരണകളിരമ്പുന്ന ഈ വിഭാഗത്തിലെ കാരണവ മനസ്സുകളിന്നും പോരാട്ടത്തിൻെറ തീ കെടാതെ സൂക്ഷിക്കുന്നു. സ്വാതന്ത്ര്യസമരത്തിൻെറ കാലത്തും കമ്യൂണിസ്റ്റ്കാരെ അധികാരി കൾ വേട്ടയാടി യിരുന്ന കാലത്തും എടപ്പാളിലെ ഹരിജൻ മേഖലകളിൽ നിരവധി സ്വാതന്ത്ര്യ സമരപ്പോരാളികളും ഇ. എം. എസ്., ഇമ്പിച്ചിബാവ തുടങ്ങിയ കമ്യൂണിസ്റ്റ് നേതാക്കളും ഒളി വിൽ താമസിച്ചിരുന്നു. പോലീസ് വേട്ടയിൽ നിന്ന് ഇവരെ സമർത്ഥമായി രക്ഷപ്പെടുത്തിയതിൻെറ വീരകഥകൾ - ഇമ്പിച്ചി ബാവയെ തൊഴുത്തിൽ കിടത്തിയതും മണ്ണിൽ കുഴിച്ചിട്ടതും - ഇവർ ആവേശത്തോടെ അയവിറക്കുന്നു. ഇ. എം. എസ്., എം. കെ. ജി., ഇമ്പിച്ചി ബാവ, ഏ.വി. കുഞ്ഞമ്പു, ഇ. യു. ജി. മേനോൻ, മാധവനെഴുത്തച്ഛൻ, സി. പി. കൃഷ്ണൻ നായർ തുടങ്ങിയവ രാണ് ഹരിജനോദ്ധാരണ പ്രവർത്തനത്തിന് ഈ മേഖലയിൽ ചുക്കാൻ പിടിച്ചിരുന്നത്. പള്ളശ്ശേരി തുപ്രനാണ് ഹരിജനങ്ങൾക്കിടയിൽ നേതൃത്വ പരമായ പങ്കു വഹിച്ചിരുന്നത്. ഗുരുവായൂർ സത്യാഗ്രഹത്തിൻെറ വിജയകരമായ പരിസമാപ്തിയിൽ 14 ദിവസം നോൽമ്പെടുത്ത് ഗുരുവായൂരിൽ പോയി കുളത്തിൽ മുങ്ങിക്കുളിച്ച് ക്ഷേത്രദർശനം നടത്തിയ എടപ്പാളിലെ ആദ്യത്തെ ഹരിജനും ഇദ്ദേഹമായിരുന്നു. ആദ്യകാല കമ്യൂണിസ്റ്റ് നേതാക്കളിലൊരാളും എം. എൽ. എ. യു മായിരുന്ന ഇ. ടി. കുഞ്ഞനെ വളർത്തിക്കൊണ്ടു വന്നത് ഇദ്ദേഹമാണ്. സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും കോൺഗ്രസ് - കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ സജീവമായ ഇടപെടലുകൾകൊണ്ട് ജാതീയമായ വേർതിരിവുകളില്ലാത്ത വിധം എടപ്പാളിനെ സംബന്ധിച്ച് ഇവരുടെ സാമൂഹ്യ പദവി മെച്ചപ്പെട്ടതാണ്.

സമൂഹത്തിൽ പണം കൂടുതൽ ആധിപത്യം ചെലുത്തുമ്പോൾ ഈ വിഭാഗത്തിൻെറ ജീവിതം കൂടുതൽ ദുരിത പൂർണ്ണമാകാതിരിക്കാനും സാമൂഹ്യനീതി ഉറപ്പുവരുത്താനും സംഘടിത ശ്രമങ്ങൾ ഇവർക്കിടയിൽ നിന്ന് ഉയർന്നുവരേണ്ടതുണ്ട്. ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ പരിഹരിക്കാൻ കാര്യക്ഷമമായ പ്രവർത്തനങ്ങളുണ്ടാവണം.

പട്ടികജാതിക്കാർക്ക് പട്ടികജാതി വികസന വകുപ്പു മുഖേന അനുവദിച്ച വീടുകളുടെ എണ്ണവും വർഷവും.

92 - 93 ൽ 1, 93 - 94 ൽ 14, 94 - 95 ൽ 2, 95 - 96 ൽ 2.

### പ്രശ്നങ്ങൾ

1. പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
2. ദാരിദ്ര്യം, തൊഴിലില്ലായ്മ.
3. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ.
4. അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും.
5. ധനസഹായങ്ങൾ ലഭ്യമാവാനുള്ള തടസ്സങ്ങൾ.
6. സഹകരണ സംഘത്തിൻെറ അഭാവം.
7. ഗതാഗത സൗകര്യങ്ങളുടെ കുറവ്.
8. വിജ്ഞാന കേന്ദ്രങ്ങളുടേയും സാംസ്കാരിക കേന്ദ്രങ്ങളുടേയും അഭാവം.
9. കൃഷിഭൂമിയുടെ കുറവ്.
10. പഠനോപകരണങ്ങളുടെ കുറവ്.
11. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ.
12. ചെറുകിട വ്യവസായ യൂണിറ്റുകളുടേയും സ്വയം തൊഴിൽ സംരംഭങ്ങളുടേയും അഭാവം.
13. പരമ്പരാഗത തൊഴിൽ സംരക്ഷണത്തിൻെറ അഭാവം.
14. വഴിവിളക്കുകളുടെ കുറവ്.
15. നഴ്സറി സ്ക്കൂളുകളുടെ കുറവ്.
16. ഹരിജൻ വെൽഫെയർ സ്ഥാപനങ്ങളുടെ പ്രവർത്തന കുറവ്.
17. പട്ടയം കിട്ടായ്ക.
18. ഹരിജൻ വിദ്യാർത്ഥികൾക്ക് ട്യൂഷൻെറ അഭാവം.
19. സാമൂഹ്യ ക്ഷേമ പെൻഷനുകൾ യഥാസമയം ലഭിക്കായ്ക.
20. പച്ചക്കറി കൃഷി, പൂകൃഷി തുടങ്ങിയവയെക്കുറിച്ചുള്ള അജ്ഞത.
21. കടബാധ്യതകൾ.

### സാദ്ധ്യതകൾ

1. പ്രാഥമിക സൗകര്യങ്ങൾ ഏർപെടുത്തൽ
   - A. ഭവനരഹിതർക്ക് ഭൂമി വാങ്ങി വീടുവെക്കാൻ നൽകുന്ന വായ്പാ തുകകൾ വർദ്ധിപ്പിക്കുക.
   - B. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ പദ്ധതികളാവിഷ്കരിക്കുക .

2. എല്ലാ കോളനികളിലും പൊതുകിണർ കുഴിക്കുകയും ഇപ്പോഴുള്ള കിണറുകൾ നന്നാക്കുകയും ചെയ്യുക
   A. ഏഴാം വാർഡിലെ ആശുപത്രിക്കുന്ന്, ഉദിനിക്കര, വെങ്ങിനിക്കര, കോളനികളിൽ ഓരോ പൊതു കിണർ കുഴിക്കുക.
   B. കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തു മുഖേന പൊതു ടാപ്പുകൾ സ്ഥാപിക്കുകയും വീടുകൾക്ക് സൗജന്യമായി വാട്ടർ കണക്ഷൻ നൽകുക.
3. കോളനികളിലെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ സർക്കാർ തലത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് അധികാരങ്ങൾ നൽകുക.
4. കോളനികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
5. നാലാം വാർഡിലെ പറയൻ കാട് കോളനിയിൽ റോഡ് വൈദ്യുതി, ശുദ്ധജലം എന്നിവ എത്തിക്കുക.
6. രൂക്ഷമായ തൊഴിലില്ലായ്മയും ദാരിദ്ര്യവും നിർമാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ യുവാക്കളേയും സ്ത്രീകളേയും പങ്കെടുപ്പിക്കുകയും കൂലിവേല ചെയ്യുന്നവരുടെ സംഘമുണ്ടാക്കി ജോലികളിലേക്ക് അവരെ റിക്രൂട്ട് ചെയ്യുകയും വേണ്ടതാണ്.
7. വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ ഹരിജൻ വിദ്യാർഥികൾക്ക് സൗജന്യ ട്യൂഷൻ നൽകുകയും എസ്.എസ്.എൽ.സി വരെ പാഠ പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും വേണം.
8. പട്ടികജാതിയിൽ പെട്ടവർക്ക് പൊതുപ്രവർത്തനങ്ങളിൽ നേതൃത്വമേറ്റെടുക്കാനുള്ള പരിശീലനവും അറിവും നൽകുക.
9. നേരെയാക്കേണ്ടവയും നിർമ്മിക്കേണ്ടവയുമായ കോളനി റോഡുകൾ:
   A. പെരുമ്പറമ്പ് കോളനി റോഡ് സർവ്വേ ചെയ്ത് നിജപ്പെടുത്തുക.
   B. പൊറുക്കര കോളനി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
   C. പറയൻ കാട് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
   D. എലിയത്തു തറ കോളനി റോഡ് പോത്തന്നൂർ വരെ നീട്ടുക.
   E. ഉദിനിക്കര ഹരിജൻ കോളനി റോഡ് പൂർണ്ണമായും ടാറിടുക.
   F. ആശുപത്രിക്കോളനി, വെങ്ങിനിക്കര കോളനി എന്നിവിടങ്ങളിലേക്കുള്ള റോഡ് ടാർ ചെയ്യുക.
   G. ചേരിങ്ങൽ കോളനി റോഡ് സൗകര്യപ്പെടുത്തുക.
   H. പുലിക്കാട് കോളനി റോഡ് വീതി കൂട്ടുക.
   I. പള്ളശ്ശേരി, ഞവുഞ്ഞിപ്പാടം, കുന്നത്തേൽ പറമ്പ് എന്നീ കോളനികളിലേക്കുള്ള റോഡ് ടാർ ചെയ്യുക.
10. പട്ടിക ജാതികോളനികളിൽ തുടർ സാക്ഷരതാ കേന്ദ്രങ്ങളാരംഭിക്കുകയും കലാ സാംസ്കാരിക സംഘടനകൾ ആരംഭിക്കുവാൻ ധനസഹായവും നൽകുവാൻ നടപടികളെടുക്കുകയും ചെയ്യുക.
11. കൃഷിയോഗ്യ തരിശു ഭൂമികൾ കൃഷിക്കുപയുക്തമാക്കി ഹരിജൻ സഹകരണസംഘങ്ങളെ താൽകാലികാടിസ്ഥാനത്തിൽ ഏൽപിക്കുക.
12. സ്ത്രീകൾക്കിടയിലെതൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വനിതാ വ്യവസായ യൂണിറ്റുകളും സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുക.
13. പരമ്പരാഗത തൊഴിൽ സംരക്ഷിക്കുവാൻ കുട്ട, പായ, മുറം, മറ്റു കരകൗശലവസ്തുക്കൾ മുതലായവ നിർമ്മിക്കാൻ പ്രോത്സാഹനവും ധനസഹായവും നൽകുക. പരമ്പരാഗത കൈത്തൊഴിൽ സാധനങ്ങൾക്കാവശ്യമായ അസംസ്കൃതസാധനങ്ങൾ എത്തിക്കുകയും അവയ്ക്ക് വിപണി കണ്ടെത്തുകയും ചെയ്യുക. ഹരിജൻ സഹകരണ സംഘങ്ങൾക്ക് ഈ രംഗത്ത് കാര്യമായി ശ്രദ്ധ ചെലുത്താൻ സാധിക്കണം.
14. കോളനികളിൽ നഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.
15. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷന് താലൂക്ക് കേന്ദ്രങ്ങളിൽ ഓഫീസ് സ്ഥാപിക്കുക.
16. എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും കൈവശ ഭൂമിക്ക് പട്ടയം നൽകാൻ സത്വര നടപടികളെടുക്കുക.
17. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം, ചികിത്സാ സഹായം മുതലായവ അർഹരായ പട്ടിക ജാതിക്കാർക്കെല്ലാം വിതരണം ചെയ്യുന്നതിന് നിയമ വ്യവസ്ഥകൾ ഉദാരമാക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യുക
18. എടപ്പാൾ പഞ്ചായത്തിൽ ഒരു ഹരിജൻ സഹകരണ സംഘം സ്ഥാപിച്ച് ധനസഹായങ്ങൾ (വായ്പയും മറ്റും) വിതരണം ചെയ്യുകയും ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുകയും പച്ചക്കറി കൃഷി, പൂകൃഷി തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
19. പട്ടിക ജാതിക്കാരുടെ കടബാധ്യതകൾ ഒഴിവാക്കാൻ സർക്കാർ തലത്തിൽ നടപടികളെടുക്കുക.

# വിദ്യാഭ്യാസം


"....... നിങ്ങൾ അവന് പുഴകളേയും പുഷ്പങ്ങളേയും പ്രകൃതിയേയും കുറിച്ച് പറഞ്ഞു കൊടുക്കൂ....... അവൻ നന്മയിലേയ്ക്ക് വളരും. കാരണം അവൻ പ്രകൃതിയുടെ പുത്രനാണ്...... "

- എബ്രഹാം ലിങ്കൺ

അറബിക്കടലിന് 8 കിലോമീറ്റർ കിഴക്കുമാറി പരന്നു കിടക്കുന്ന എടപ്പാൾ പഞ്ചായത്തിന്, നൂറു കൊല്ലത്തോളമുള്ള വിദ്യാഭ്യാസത്തിൻെറ ചരിത്രം സ്മരിക്കാൻ കഴിവുള്ള സ്ഥാപനങ്ങൾ ഇന്നുമുണ്ട്. ബ്രിട്ടീഷ് ഭരണകാലഘട്ടത്ത് സ്വാതന്ത്ര്യമില്ലായ്മയുടെ കടിഞ്ഞാണിനുള്ളിൽ പിടഞ്ഞുകൊണ്ടും വിദ്യാഭ്യാസരംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ചരിത്രം നമ്മോട് പറയുന്നു. ആധുനിക വിദ്യാഭ്യാസ രീതികളും സാക്ഷരത പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

പതിനാല് ഔപചാരിക വിദ്യാലയങ്ങൾ ഇന്ന് എടപ്പാളിൽ പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| LP സ്കൂൾ | 10 |
| UP സ്കൂൾ | 3 |
| ഹൈസ്കൂൾ | 1 |



സ്വകാര്യമേഖലയിൽ 1995-ൽ പ്രവർത്തനമാരംഭിച്ച ദാറുൽഹിദായ ഓർഫനേജ് ഹൈസ്കൂൾ ആണ് ഏറ്റവും പുതിയ വിദ്യാലയം. രണ്ട് ക്ലാസ്സുകളിലായി 325 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. എടപ്പാൾ പഞ്ചായത്തിൽ UP വിഭാഗത്തിൽ 661 വിദ്യാർത്ഥികളും 629 വിദ്യാർത്ഥിനികളും LP വിഭാഗത്തിൽ 1047 വിദ്യാർത്ഥികളും 965 വിദ്യാർത്ഥിനികളും പഠിക്കുന്നു.

ആദ്യമായി കോളേജ് വിദ്യാഭ്യാസം നേടിയത് ചക്കാണത്ത് കുട്ടികൃഷ്ണൻ നായരാണ്. ശ്രീ ഗുരുവായൂരപ്പൻ കോളേജിൽ ചേർന്നായിരുന്നു അദ്ദേഹം കോളേജ് വിദ്യാഭ്യാസം ആരംഭിച്ചത്. ബ്രിട്ടീഷ് ഭരണകാലഘട്ടത്തു തന്നെ പ്രവർത്തനക്ഷമമായ സ്ക്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്. ആദ്യമായി 5-ാം തരം വരെയുള്ള സ്ക്കൂൾ സ്ഥാപിച്ചത് ശ്രീ തോട്ടത്തിൽ ചാത്തുണ്ണി മേനോൻ ആണ്. ഇന്ന് 'പഴയബ്ലോക്ക്' എന്നറിയപ്പെടുന്ന എടപ്പാൾ അങ്ങാടിയുടെ പടിഞ്ഞാറു ഭാഗത്തായിരുന്നു 100 വർഷത്തോളം മുമ്പ് ആദ്യ വിദ്യാലയത്തിൻെറ സ്ഥാനം. GLP എടപ്പാളിൻെ ഇന്ന് ആ സ്ക്കൂൾ അറിയപ്പെടുന്നു. 1900 ത്തിലായിരുന്നു GMLP യുടെ ആരംഭം. പക്ഷെ നൂറാം വാർഷീകം ആഘോഷിക്കാനൊരുങ്ങുന്ന GMLP യുടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് എടപ്പാൾ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആദ്യകാലങ്ങളിൽ പൊന്നാനിയിലെ A.V. ഹൈസ്ക്കൂളിനേയും, കുമരനെല്ലൂർ ഹൈസ്ക്കൂളിനേയും, മൂക്കുതല ഹൈസ്ക്കൂളിനേയും ആശ്രയിച്ചിരുന്നു. "ഗവൺമെൻറ് ഹൈസ്ക്കൂൾ എടപ്പാൾ" എന്ന സ്ഥാപനം ഇന്ന് നിലനിൽക്കുന്നുണ്ടെങ്കിലും ഈ പഞ്ചായത്ത് പരിധിയ്ക്കകത്തല്ല വിദ്യാലയത്തിൻെറ സ്ഥാനം. വിദ്യാർത്ഥി ബാഹുല്യം നേരിടുന്ന GHS എടപ്പാളിന് അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. കഴിഞ്ഞ 5 വർഷങ്ങളിലെ വിജയശതമാനം 20 നും 25 നും ശതമാനത്തിനിടയ്ക്കാണെന്ന് റിപ്പോർട്ടുകൾ പറയുന്നു. രണ്ട് ഷിഫ്റ്റുകളിലുമായി 3500റോളം വിദ്യാർത്ഥികൾ വിദ്യ നേടുന്നതിനായി ഇവിടെ ഒത്തുകൂടാറുണ്ട്.

കോളേജ് വിദ്യാഭ്യാസത്തിനായി പൊന്നാനി M.E.S. കോളേജിലേയ്ക്കും ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലേയ്ക്കും, വളാഞ്ചേരി M.E.S. കോളേജിലേയ്ക്കും, പട്ടാമ്പി ഗവൺമെൻറ് സംസ്കൃത കോളേജിലേയ്ക്കും വിദ്യാർത്ഥികൾ പോകുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല എന്ന വസ്തുത ഖേദകരമാണ്.

പട്ടിക - 1

| No. | സ്കൂളിൻെറ പേര് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ ആകെ |
|---|---|---|---|---|---|
| 1 | GUPS കോലളമ്പ് | 210 | 202 | 412 | 12 |
| 2 | GLPS എടപ്പാൾ | 91 | 93 | 184 | 7 |
| 3 | GMLPS എടപ്പാൾ | 49 | 28 | 77 | 4 |
| 4 | GHWLPS കോലളമ്പ് | 77 | 73 | 150 | 6 |
| 5 | GLPS പെരുമ്പറമ്പ് | 168 | 168 | 336 | 10 |
| 6 | GLPS പൊൽപ്പാക്കര | 76 | 77 | 153 | 4 |
| 7 | GLPS തുയ്യം | 140 | 131 | 271 | 7 |
| 8 | AUPS പെരുമ്പറമ്പ് | 224 | 231 | 455 | 19 |
| 9 | വിജയ UP തുയ്യം | 227 | 196 | 423 | 17 |
| 10 | AMLP അയിലക്കാട് | 139 | 144 | 283 | 10 |
| 11 | AMLPS കോലളമ്പ് | 79 | 51 | 130 | 5 |
| 12 | AMLPS പൂക്കരത്തറ | 110 | 98 | 208 | 7 |
| 13 | CMCLPS തലമുണ്ട | 118 | 102 | 220 | 8 |
| 14 | ദാറുൽ ഹിദായ ഓർഫനേജ് ഹൈസ്ക്കൂൾ പൂക്കറത്തറ | 172 | 153 | 325 | 12 |
| | ആകെ | 1880 | 1746 | 3627 | 128 |

. പൊന്നാനി താലൂക്ക് മുസ്ലീം ഓർഫനേജ് അസ്സോസിയേഷൻ നിയന്ത്രണത്തിൽ എടപ്പാൾ ചുങ്കത്തിന് സമീപം പ്രവർത്തിച്ചു വരുന്ന 'ദാറുൽ ഹിദായ ഇസ്ലാമിക് കോംപ്ലക്സ്' എന്ന വിദ്യാഭ്യാസ സ്ഥാപനം എടപ്പാൾ പഞ്ചായത്തിനു പുറമേ ഇതര പഞ്ചായത്തുകളിലെ കുട്ടികൾക്ക് മതപഠനത്തോടപ്പം അടിസ്ഥാനവിദ്യാഭ്യാസവും ഹൈസ്ക്കൂൾ വിദ്യാഭ്യാസവും സജ്ജമാക്കുന്നുണ്ട് എന്ന വസ്തു തശ്ലാഘനീയമാണ്. ഒരു അറബിക് കോളേജും ഈ സ്ഥാപനത്തിൻെറ നിയന്ത്രണത്തിനുലുണ്ട്.

30,000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ 14 വിദ്യാലയങ്ങളിലായി 3627 വിദ്യാർത്ഥികൾ പഠിക്കുന്നു. 128 അധ്യാപകരുടെ സേവനം ലഭിക്കുന്ന ഈ സ്ക്കൂളുകളിൽ 51 പേർ സർക്കാർ അധ്യാപകരാണ്.

| | | | |
|---|---|---|---|
| ആകെ അധ്യാപകരുടെ എണ്ണം | 128 | ആകെ സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | 3627 |
| ഗവൺമെൻറ് അധ്യാപകരുടെ എണ്ണം | 51 | ഗവൺമെൻറ് സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | 1583 |
| ഗവൺമെൻറ് അധ്യാപകരുടെ എണ്ണം (%) | 39.84% | ഗവൺമെൻറ് സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം(%) | 43.5% |

സാമൂഹ്യ പ്രതിബന്ധങ്ങളും സാമ്പത്തിക പ്രശ്നങ്ങളും മൂലം പഠനം നിർത്തുന്ന (കൊഴിഞ്ഞു പോക്ക്) വിദ്യാർത്ഥികളുടെ എണ്ണം താരതമ്യേന കുറവാണ്. പ്രധാനമായും L.P., U.P. സ്ക്കൂളുകളാണ് ഇവിടെയുള്ളത്. ഹൈസ്ക്കൂൾ മേഖലയെ കാര്യമായി ബാധിക്കുന്ന 'കൊഴിഞ്ഞു പോക്ക്' എടപ്പാളിൽ ശ്രദ്ധേയമല്ലെന്ന് കണക്കുകൾ പറയുന്നു.

| SC/ST | മറ്റുള്ളവർ | ആകെ |
|---|---|---|
| ..... | 8 | 8 |

L.P., U.P. ഹൈസ്ക്കൂൾ വിഭാഗങ്ങളിൽ പഠിക്കുന്ന SC/ST വിദ്യാർത്ഥികളുടെ കണക്കുകൾ പട്ടിക 4 ൽ ചേർത്തിരിക്കുന്നു.

| L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1717 | 269 | 15.67 | 895 | 167 | 18.66 | 325 | 15 | 4.6 |

പഞ്ചായത്തിൽ 1880 ആൺകുട്ടികളും 1746 പെൺകുട്ടികളും വിദ്യ അഭ്യസിക്കുന്നു. പെൺകുട്ടികളുടെ പ്രാതിനിധ്യം 48.15% ആണ്. (പട്ടിക 5 ശ്രദ്ധിക്കുക)

വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ പ്രാതിനിധ്യം

| | ആൺകുട്ടികളുടെ എണ്ണം | പെൺകുട്ടികളുടെ എണ്ണം | പെൺകുട്ടികളുടെ എണ്ണം (ശതമാനത്തിൽ) |
|---|---|---|---|
| L.P. സ്ക്കൂൾ | 1047 | 965 | 47.93 |
| U.P. സ്ക്കൂൾ | 661 | 629 | 48.76 |
| ഹൈസ്ക്കൂൾ | 172 | 153 | 47.08 |
| ആകെ | 1880 | 1747 | 48.15 |

സർക്കാർ അംഗീകാരമില്ലാത്തതും എന്നാൽ വർഷങ്ങളോളമായി പഞ്ചായത്തിൽ നല്ല വിജയ ശതമാനം നൽകാൻ കഴിയുന്നതുമായ കോളേജുകളാണ് വള്ളത്തോൾ ആർട്സ് കോളേജും, കോ - ഓപറേറ്റീവ് കോളേജും. പെൺകുട്ടികൾ മാത്രം പഠിക്കുന്ന വള്ളത്തോൾ കോളേജും, 1992 ൽ 9 ഡയറക്ടർമാർക്കു കീഴിൽ പ്രവർത്തനമാരംഭിച്ച കോ - ഓപറേറ്റീവ് കോളേജും സമൂഹം അംഗീകരിച്ചു കഴിഞ്ഞു.

## വള്ളത്തോൾ വിദ്യാപീഠം

മലയാള സാഹിത്യ പ്രവർത്തന രംഗത്ത് അമൂല്യ സംഭാവനകൾ നൽകി കേരളത്തിലെങ്ങും പ്രശസ്തിയാർജ്ജിച്ച വള്ളത്തോൾ വിദ്യാപീഠം 1976 ൽ ഇവിടെ പ്രവർത്തനം ആരംഭിച്ചു. ഇവിടത്തെ ലൈബ്രറിയിൽ വിലപ്പെട്ട നിരവധി പുസ്തകങ്ങളും ചരിത്ര രേഖകളും ഉണ്ട്. അവയിലൊന്നാണ് സാമൂതിരിയുടെ ഭരണകാലത്ത് ഉണ്ടായിരുന്ന രേഖകൾ. ഈ രേഖകളെ അടിസ്ഥാനപ്പെടുത്തി പ്രൊഫ. എം. എൻ. നമ്പൂതിരി രചിച്ച സാമൂതിരി ചരിത്രത്തിലെ കാണാ

പുറങ്ങാം, ഡോ. എം. ആർ രാഘവവാര്യരുടെ വടക്കൻ പാട്ടുകളുടെ പണിയാല, കേരള ചരിത്രം, ഡോ ചാത്തനാത്ത് അച്യുതനുണ്ണിയുടെ രീതീദർശനം തുടങ്ങി പതിനാലോളം പ്രശസ്ത പുസ്തകങ്ങാം ഇതിനകം ഇവിടെനിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കോ. ഓപ്പറേറ്റീവ് കോളേജ്.

1992 ൽ പൊന്നാനി താലൂക്ക് എജ്യുക്കേഷൻ സൊസൈറ്റിയുടെ കീഴിൽ എടപ്പാാം തട്ടാം പടിയിൽ സഹകരണ മേഖലയിൽ സ്ഥാപിതമായി. ഇവിടെ പ്രീഡിഗ്രി കോഴ്സുകളിലായി 260 ഓളം വിദ്യാർത്ഥികാം പഠിക്കുന്നു. നല്ല വിജയശതമാനം നൽകാൻ കഴിഞ്ഞ ഈ സ്ഥാപനത്തിൽ 15 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു.

കോളേജ് വിദ്യാഭ്യാസ സ്ഥാപനങ്ങാം പട്ടിക - 6

| കോളേജ് | വിദ്യാർത്ഥികാം | | | അധ്യാപകർ | | |
|---|---|---|---|---|---|---|
| | ആൺ കുട്ടികാം | പെൺ കുട്ടികാം | ആകെ | അധ്യാപകൻ | അധ്യാപിക | ആകെ |
| വള്ളത്തോാം ആർട്സ് കോളേജ് എടപ്പാാം | - - - | 368 | 368 | 10 | 10 | 20 |
| കോ-ഓപറേറ്റീവ് കോളേജ് തട്ടാൻ പടി | 160 | 100 | 260 | 4 | 11 | 15 |

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഭൗതിക സാഹചര്യങ്ങാംക്ക് നല്ല പങ്കുണ്ട്. എങ്കിലും നമ്മുടെ പഞ്ചായത്തിലെ പല സ്ക്കൂളിലും അടിസ്ഥാന സൗകര്യങ്ങാം കുറവാണ്. പട്ടിക - 7

പഞ്ചായത്ത് തലത്തിൽ നടത്തിയ വിദ്യാഭ്യാസ സർവ്വേയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ പരിജ്ഞാനം ലഭിച്ച വിവിധ മേഖലകളിലെ എണ്ണം പട്ടിക 8 ൽ ചേർത്തിരിക്കുന്നു.

പട്ടിക - 8

| | |
|---|---|
| സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർ | 83 |
| അധ്യാപക പരിശീലനം (B.Ed.) ലഭിച്ചവർ | 133 |
| അധ്യാപക പരിശീലനം (T.T.C.) ലഭിച്ചവർ | 91 |
| വിവിധ തൊഴിൽ പരിശീലനം നേടിയവർ | 199 |
| പത്താം ക്ലാസ്സ് വരെ പഠിച്ചവർ | 4243 |
| പഠിത്തം നിർത്തിയ 14 വയസ്സിന് താഴെയുള്ളവർ | 3577 |
| സ്ക്കൂാം വിദ്യാഭ്യാസം നേടാത്തവർ | 1185 |

പ്രീപ്രൈമറി വിദ്യാഭ്യാസത്തെകുറിച്ചുള്ള കണക്കുകാം പട്ടിക 9 ൽ നൽകിയിരിക്കുന്നു.

പ്രീ പ്രൈമറി വിദ്യാഭ്യാസം - പട്ടിക - 9

| | |
|---|---|
| 3 മുതൽ 5 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം | 633 |
| നേഴ്സറിയിൽ പോകുന്നവർ | 383 |
| നേഴ്സറിയിൽ പോകാത്തവർ | 250 |

(പട്ടിക 8, 9 : 1993 ഒക്ടോബർ സർവ്വേ)

ഭൗതിക സാഹചര്യങ്ങാം (പട്ടിക -7)

| No. | സ്കൂാം | ആകെ വിദ്യാർത്ഥികാം | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | GUPS കോലളമ്പ് | 412 | 10 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 2 | GLPS എടപ്പാാം | 184 | 7 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 3 | GMLPS എടപ്പാാം | 77 | 5 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | GHWLPS കോലളമ്പ് | 150 | 6 | ഇല്ല | 1 | ഉണ്ട് | ഇല്ല |
| 5 | GLPS പെരുംമ്പറമ്പ് | 336 | 10 | 1 | 1 | ഉണ്ട് | ഉണ്ട് |
| 6 | GLPS പൊൽപ്പാക്കര | 153 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 7 | GLPS തുയ്യം | 271 | 7 | 2 | 2 | ഉണ്ട് | ഇല്ല |
| 8 | AUPS പെരുംമ്പറമ്പ് | 455 | 19 | 2 | 2 | ഉണ്ട് | ഉണ്ട് |
| 9 | വിജയ UP തുയ്യം | 423 | 17 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 10 | AMLPS അയിലക്കാട് | 283 | 10 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 11 | AMLPS കോലളമ്പ് | 130 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 12 | AMLPS പൂക്കരത്തറ | 208 | 7 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 13 | CMCLPSതലമുണ്ട | 219 | 8 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 14 | ദാറുൽ ഹിദായ ഓർഫനേജ് ഹൈസ്ക്കൂാം പൂക്കരത്തറ | 325 | 12 | 1 | 2 | ഉണ്ട് | ഇല |

അക്കാദമിക് സൗകര്യങ്ങൾ വളരെ കുറവായ സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഓരോ വർഷവും വിജയ ശതമാനം കുറയുന്നുണ്ടെന്ന് നാം വിലപിക്കുമ്പോൾ വിദ്യാലയത്തിലേയ്ക്കെത്തുന്ന വിദ്യാർത്ഥിയ്ക്ക് നൽകേണ്ടുന്ന അക്കാദമിക് സൗകര്യങ്ങളെ കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്. ലൈബ്രറിയും ലാബ് സൗകര്യവും പഠനോപകരണങ്ങളും ഇതിൽ പ്രാധാന്യമർഹിക്കുന്നു.

അക്കാദമിക് സൗകര്യങ്ങളെകുറിച്ച് പട്ടിക 10-ൽ വിശദ വിവരങ്ങൾ നൽകിയിരിക്കുന്നു.പട്ടിക - 10

അക്കാദമിക് സൗകര്യങ്ങൾ

| | ലാബ് സൗകര്യം | പഠനോപകരണങ്ങൾ | റേഡിയോ/ടേപ്പ്/OHP | ലൈബ്രറി | മാതൃസംഗമം | OHP പ്രവർത്തനം |
|---|---|---|---|---|---|---|
| ഉള്ള സ്കൂളുകൾ | 8 | 10 | 9 | 12 | 11 | 12 |
| ഇല്ലാത്ത സ്കൂളുകൾ | 6 | 4 | 5 | 2 | 3 | 2 |

ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ ചർച്ചകൾ ക്രോഡീകരിച്ച ശേഷം പ്രാധാന്യം അർഹിക്കുന്ന പ്രശ്നങ്ങളും പ്രശ്ന പരിഹാര സാധ്യതകളും താഴെ ചേർക്കുന്നു.

### പ്രശ്നങ്ങൾ :

1. പഞ്ചായത്തിലെ ഭൂരിഭാഗം സ്ക്കൂളിലും ഭൗതിക സാഹചര്യങ്ങൾ കുറവാണെന്ന് പട്ടിക 7 സൂചിപ്പിക്കുന്നു. സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള വിദ്യാർത്ഥികളെ സ്വാധീനിക്കുവാൻ സ്വകാര്യമേഖല സ്ഥാപനങ്ങളുടെ മോടി കൂട്ടുകയും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുമ്പോൾ സർക്കാർ മേഖലയിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നു. എടപ്പാളിലെ GMLP സ്ക്കൂളിൻെറ അവസ്ഥ ഈ പ്രശ്നത്തിൻെറ പ്രാധാന്യം സൂചിപ്പിക്കുന്നു.
2. അധ്യാപക-വിദ്യാർത്ഥി അനുപാതം ഇനിയും കുറയേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ എണ്ണക്കൂടുതൽ വിദ്യാഭ്യാസത്തിൻെറ നിലവാര തകർച്ച വർദ്ധിപ്പിക്കുന്നു.
3. അധ്യാപക ഒഴിവുകളിൽ നിയമനങ്ങൾ വൈകുന്നതു മൂലം പഠനനിലവാരം കുറയുന്നു.
4. DPEP പദ്ധതിക്ക് സമൂഹത്തിൽ അംഗീകാരം വർദ്ധിക്കുന്നുണ്ടെങ്കിലും രക്ഷിതാക്കളുടെ സഹകരണം നേടിയെടുക്കുവാൻ സാധിക്കാത്തതുമൂലം PTA യുടെ പ്രവർത്തനം ശുഷ്ക്കമാണ്.
5. ജനകീയാസൂത്രണത്തിൽ തന്നെ പ്രദേശിക ചരിത്ര പഠനം പ്രാധാന്യമർഹിക്കുന്നുണ്ട്. തന്മൂലം പ്രദേശിക ഭൂപ്രകൃതികളേക്കുറിച്ചും ചരിത്രത്തേക്കുറിച്ചും വർഷങ്ങളോളമായി അങ്ങനെ ഇന്നും തുടരുന്നു.
6. പത്താംക്ലാസ്സ് പഠനത്തിനുശേഷം തൊഴിൽ മേഖലയിലേക്ക് വിദ്യാർത്ഥികൾ പോകുന്നുണ്ട്. ശാസ്ത്രീയമായ തൊഴിൽ പ്രാവീണ്യം നേടികൊടുക്കാൻ കഴിയുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനം ഈ പഞ്ചായത്തിൻെറ അനിവാര്യതയാണ്.
7. 9, 10 വാർഡുകളിലെ L.P. സ്ക്കൂൾ വിദ്യാർത്ഥികൾ അപ്പർ പ്രൈമറി സ്ക്കൂൾ പഠനത്തിനായി ദൂരയാത്രകൾ നടത്തേണ്ടുന്ന അവസ്ഥ നിലവിലുണ്ട്. പൂക്കരത്തറയിൽ ഒരു U.P. സ്ക്കൂൾ സ്ഥാപിക്കേണ്ടതും പ്രാധാന്യമർഹിക്കുന്നു.
8. 7-ാം വാർഡായ വെങ്ങിനിക്കരയിൽ L.P. സ്ക്കൂളിൻെറ അഭാവംമൂലം പ്രൈമറി ഘട്ട വിദ്യാഭ്യാസം നേടിയെടുക്കുവാൻ വിദ്യാർത്ഥികൾ ദുരിതമനുഭവിക്കുന്നു. കിലോമീറ്ററോളം സഞ്ചരിച്ചുവേണം അടുത്ത L.P. സ്ക്കൂളിൽ എത്തുവാൻ. സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തി വിദ്യാർത്ഥികളെ സ്വാധീനിക്കുമ്പോൾ, സർക്കാർ വിദ്യാലയങ്ങളോടുള്ള അവഗണനയ്ക്ക് വ്യാപ്തി കൂടുകയാണ്.
9. കോളേജ് വിദ്യാഭ്യാസം നേടുന്നതിൽ നിന്നും പഞ്ചായത്തിലെ വിദ്യാർത്ഥികളെ വിമുഖരാക്കുവാൻ പ്രധാന കാരണം കോളേജ് പ്രവേശന ലഭ്യതയുടെ അപര്യാപ്തതയാണ്. എയിഡഡ് കോളേജുകളിൽ കോഴകൾക്കും 'വ്യക്തി പ്രഭാവ'ങ്ങൾക്കും പ്രാധാന്യം വർദ്ധിക്കുമ്പോൾ സാധാരണക്കാരന് കോളേജ് വിദ്യാഭ്യാസം അന്യമാകുന്നു.
10. പാഠ്യേതര വിഷയങ്ങൾക്ക് പാഠ്യപദ്ധതിയിൽ സ്ഥാനമുണ്ടെങ്കിലും പല സ്ക്കൂളിലും പാഠ്യേതര വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകർ ഉണ്ടാകുന്നില്ല. (ക്രാഫ്റ്റ്, മ്യൂസിക്, ഡ്രോയിംങ്ങ്, etc.)
11. സർക്കാർ മേഖലയിൽ, പഞ്ചായത്ത് തലത്തിൽ ഒരു ഹൈസ്ക്കൂൾപോലുമില്ലാത്ത അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നാണ്, എടപ്പാൾ പഞ്ചായത്ത്. നിലവിലുള്ള സമീപപ്രദേശങ്ങളിലെ ഹൈസ്ക്കൂളിൽ വിദ്യാർത്ഥി - അദ്ധ്യാപക ബന്ധം വർദ്ധിക്കുകയും വിദ്യാഭ്യാസ നിലവാരം താഴുകയും ചെയ്യുന്നു.
12. വിദ്യാലയങ്ങളിലെ നൂതന പഠനോപകരണങ്ങളുടെ കുറവ് മൂലം ആധുനിക ബോധന മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ അദ്ധ്യാപകർ തയ്യാറാവുന്നില്ല. വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളിലൂടെ നേടേണ്ടുന്ന അറിവ് ഇവിടെ നിഷേധിക്കപ്പെടുന്നു.
13. പ്രൈമറി തലത്തിൽ ബോധനമാധ്യമമായി മാതൃഭാഷ ഉപയോഗിക്കാത്ത സ്വകാര്യമേഖലയിലെ ചില വിദ്യാ

ഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ചെറു പ്രായങ്ങളിൽ മാതൃഭാഷയോടുള്ള അവഗണനയ്ക്ക് ഈ സമ്പ്രദായം പ്രാധാന്യം നൽകുന്നു.

14. അംഗനവാടി സൗകര്യങ്ങളില്ലാത്ത വാർഡുകൾ ഈ പഞ്ചായത്തിലുണ്ട്. അംഗനവാടികളിലൂടെയുള്ള പ്രീ-പ്രൈമറി ഘട്ടത്തിലുള്ള വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി അംഗനവാടികളിലെ സൗകര്യങ്ങൾ നന്നാക്കണം.
15. സബ്-ജില്ല, ജില്ല, സംസ്ഥാന കലോത്സവങ്ങളിലും കായിക ഉത്സവങ്ങളിലും പഞ്ചായത്തിൽ നിന്നുമുള്ള കുട്ടികളുടെ എണ്ണം കുറയുന്നു.
16. സാമൂഹ്യ-ജനകീയ പ്രസ്ഥാനങ്ങളിൽ ഇടപെടുന്ന അദ്ധ്യാപകരുടെ വാർഷിക സിലബസ്സ് പൂർത്തീകരണം പലപ്പോഴും ഫലവത്താകുന്നില്ല.
17. പരീക്ഷാ സമ്പ്രദായത്തിൽ കാലികമായ മാറ്റങ്ങൾ വരുത്തി WHOLE PROMOTION സമ്പ്രദായം പുനഃപരിശോധിക്കേണ്ടതാണ്.

## സാദ്ധ്യതകൾ:

1. GMLP സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് U.P. സ്ക്കൂളാക്കി മാറ്റിയാൽ ഇപ്പോൾ നിലനിൽക്കുന്ന GMLP സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുകയും, അപ്പർപ്രൈമറി വിദ്യാഭ്യാസത്തിന് കൂടുതൽ അവസരമൊരുങ്ങുകയും ചെയ്യും.
2. ഇപ്പോൾ നിലവിലുള്ള വട്ടംകുളം പഞ്ചായത്തിൽ നിൽക്കുന്ന ഗവൺമെൻറ് ഹൈസ്ക്കൂളിൽ നിന്നും U.P. സെക്ഷൻ മാറ്റി GMLP യുമായി ബന്ധിപ്പിക്കുക. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള കൂടുതൽ സാഹചര്യങ്ങൾ ഇതുമൂലം സൃഷ്ടിക്കപ്പെടുന്നു.
3. കാലാനുസൃതമായി സിലബസ്സ് പരിഷ്ക്കരിക്കുകയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുകയും ചെയ്യുക.
4. നാട്ടുകാരുടെ സഹകരണത്തോടെ വെങ്ങിനിക്കരയിൽ ഒരു L.P. സ്ക്കൂൾ സ്ഥാപിക്കുകയും 9, 10 വാർഡുകൾക്കായി ഒരു U.P. സ്ക്കൂൾ സ്ഥാപിക്കുകയോ നിലവിലുള്ള ഒരു L.P. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് U.P. സ്ക്കൂൾ ആക്കുകയും ചെയ്യുക.
5. PTA കൾ സജ്ജീവമാക്കാൻ കഴിയുന്ന കർശന നടപടികൾ സ്വീകരിക്കുക.
6. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുവാനുതകുന്ന നടപടി ക്രമങ്ങൾ സ്വീകരിക്കുക.
7. പട്ടിക 7 പ്രകാരം അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഇല്ലാത്ത സ്ക്കൂളുകളിൽ അത്തരം സൗകര്യങ്ങൾ ഉടൻ നടപ്പിൽ വരുത്തുക.
8. പ്രാഥമിക വിദ്യാഭ്യാസ ഘട്ടത്തിൽ മാതൃഭാഷാ പഠനം നിർബന്ധമാക്കുക.
9. സ്ഥലസൗകര്യങ്ങൾ സംഭാവന നൽകുവാൻ കഴിയുന്ന വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ, സ്വീകരിച്ച് പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ വിദ്യാലയങ്ങൾ ആരംഭിക്കുക.
10. L.P. സ്ക്കൂളുകളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ-പ്രൈമറികൾ ആരംഭിക്കുക.
11. പഞ്ചായത്തിൻെറ അഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക.
12. പഞ്ചായത്തിൽ ടെക്നിക്കൽ ഹൈസ്ക്കൂൾ സ്ഥാപിക്കുക.
13. പഞ്ചായത്ത് തലത്തിൽ പരീക്ഷ[illegible] ചിട്ടപ്പെടുത്തുവാനും കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുവാനും ശ്രമിക്കുക.
14. ഉച്ചക്കഞ്ഞി വിതരണത്തിലുള്ള അപാകതകൾ പരിഹരിക്കുകയും ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുക.
15. പിരിഞ്ഞുവന്ന ഉന്നത വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാരേയും അദ്ധ്യാപകരേയും സംഘടിപ്പിച്ച് ഒരു "വിദ്യാഭ്യാസ സെൽ" പഞ്ചായത്ത് തലത്തിൽ നിർമ്മിക്കുക.
16. വിദ്യാലയങ്ങളുടെ അറ്റകുറ്റ പണികൾ യഥാകാലങ്ങളിൽ നടത്തുന്നതിന് സാമ്പത്തികമായി സഹായിക്കുക.
17. ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കുവാൻ ഇലക്ട്രിക്, ഇലക്ട്രോണിക്സ് ഹ്രസ്വകാല കോഴ്സുകൾ നടത്തുവാൻ കഴിയുന്ന 'ടെക്നിക് സെൽ' അഭ്യസ്തവിദ്യരായ സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തി പ്രവർത്തനക്ഷമമാക്കുക.
18. വേനൽക്കാല ഒഴിവുകാലത്ത് യു.പി. സ്ക്കൂളിലേയും ഹൈസ്ക്കൂളിലേയും വിദ്യാർത്ഥികൾക്ക് ബുക്ക് ബൈൻറിംങ്, എംബ്രോയ്ഡറി എന്നീ മേഖലകളിൽ പരിജ്ഞാനം നൽകുക.
19. അദ്ധ്യാപക ഒഴിവുകളിൽ യഥാസമയം യോഗ്യതാടിസ്ഥാനത്തിൽ താൽക്കാലികമായി അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം AEO വിന് നൽകുക.
20. പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് തലത്തിലുള്ള വിദ്യാഭ്യാസ സെല്ലിന് നൽകണം.

ക്ലാസ്സ് മുറികളിൽ മണിക്കൂറുകളോളം വിമ്മിഷ്ടപ്പെട്ടിരിക്കുന്ന വിദ്യാർത്ഥിയ്ക്ക് ഉന്മേഷം പകരുവാൻ ഉതകുന്ന വിധത്തിൽ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണീച്ചറുകൾ, നല്ല വെളിച്ചം നൽകാൻ കഴിയുന്ന ഉപാധികൾ എന്നിവ സജ്ജമാക്കണം. മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകാൻ


കഴിയുന്ന അവാർഡുകളും പ്രശംസാ ചടങ്ങുകളും സംഘടിപ്പിക്കണം. ഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യമേഖലയിലായതിനാലും അദ്ധ്യാപകരുടെ നിയമനം പൂർണ്ണമായും മെരിറ്റ് അടിസ്ഥാനത്തിലല്ല എന്നതിനാലും സ്വകാര്യ വിദ്യാലയങ്ങാക്ക് പ്രതീക്ഷിക്കുന്ന നിലവാരം പുലർത്താൻ കഴിയുന്നില്ല. അദ്ധ്യാപകനും, കുട്ടികളും, രക്ഷിതാക്കളും, മാനേജരും അടങ്ങുന്ന ഒരു കൂട്ടായ്മയ്ക്കുവേണ്ടി ഇനിയും നാം യത്നിക്കേണ്ടതുണ്ട്. വിദ്യാർത്ഥി സംഘടനാ പ്രശ്നങ്ങളും അച്ചടക്ക നടപടികളും നല്ല രീതിയിൽ കൈകാര്യം ചെയ്യുവാൻ ഈ കൂട്ടായ്മയ്ക്ക് സാധിക്കുമെന്നതിൽ തർക്കമില്ല.

മുസ്ലീംകളുടെ മതപഠന സ്ഥാപനങ്ങളായി 13 മദ്രസ്സകൾ ഇവിടെ പ്രവർത്തിക്കുന്നു. മതപഠനവും അടിസ്ഥാന വിദ്യാഭ്യാസവും യോജിപ്പിച്ചുകൊണ്ടുപോകുമ്പോൾ അടിസ്ഥാന വിദ്യാഭ്യാസത്തിൽ നിന്ന് പുറകോട്ട് പോകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. സർക്കാർ അംഗീകൃതമല്ലാത്ത നിരവധി ഇലക്ട്രിക്കൽ- ഇലക്ട്രോണിക്സ് കോഴ്സുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. പ്രാദേശികമായി തൊഴിൽ സാധ്യതകൾ നേടുവാൻ ഇത്തരം കോഴ്സുകൾ അനിവാര്യമാണ്. സീറോക്സ് സമ്പ്രദായം, ടൈപ്പ് റൈറ്റിംങ് സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് തടയിണ സൃഷ്ടിക്കുന്നു. മുൻകാലങ്ങളിൽടൈപ്പ് റൈറ്റിംങ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സമൂഹത്തിൽ നിലനിന്ന സ്ഥാനം ഇന്ന് കമ്പ്യൂട്ടർ സെൻററുകൾ തട്ടിയെടുത്തു എന്നത് യാഥാർത്ഥ്യമാണ്.

സമൂഹത്തിൻെറ സമഗ്രവികസനത്തിന് വിദ്യാഭ്യാസം അനിവാര്യമാണല്ലോ? ഇത്തരം സന്ദർഭങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസത്തിൻെറ പ്രസക്തി വർദ്ധിക്കുന്നു. സാക്ഷരത പ്രവർത്തനത്തിലൂടെ നാം സ്വായത്തമാക്കിയ അവസ്ഥയ്ക്ക് ഇന്ന് പുരോഗതി കാണുന്നില്ലെന്നത് ഖേദകരമാണ്. സാക്ഷരതാ പ്രവർത്തനം ഇനിയും സജീവമായി നിലനിർത്തുവാൻ പ്രേരണ നൽകുന്ന ജനവിദ്യാകേന്ദ്രങ്ങൾ കൂടുതൽ പ്രവർത്തനക്ഷമമാക്കണം. ●

# സാമൂഹ്യക്ഷേമം – 1

91 ലെ സെൻസസ് അനുസരിച്ച് എടപ്പാൾ പഞ്ചായത്തിൽ 4477 കുടുംബങ്ങളിലായി 27817 ആളുകളാണ് ഉള്ളത്. ഇവരിൽ 2029 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്.



സാമ്പത്തികമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ സേവനത്തിനും കേന്ദ്ര സംസ്ഥാന സർക്കാർ നിലവാരത്തിൽ നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. എന്നാൽ ഈ ക്ഷേമ പ്രവർത്തനങ്ങൾ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് സഹായകമാവുന്നില്ല. നിത്യജീവിതത്തിൽ നിരന്തരം നേരിടുന്ന സാമ്പത്തികാവശ്യങ്ങളും പ്രയാസങ്ങളും സാധാരണക്കാരെ കടുത്ത കടബാദ്ധ്യതയിലേക്കും ദാരിദ്ര്യത്തിലേക്കും തള്ളിവിടുന്നു.

ദാരിദ്ര്യനിർമ്മാർജനത്തിന് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ മിക്ക പദ്ധതികളും ഫലപ്രാപ്തിയിലെത്തുന്നതില്ലെന്നാണ് ഐ.ആർ.ഡി.പി. സഹായം ലഭിച്ചവരുടെ അനുഭവങ്ങളിൽ നിന്ന് വ്യക്തമാവുന്നത്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സഹായകമായ വായ്പാ സൗകര്യങ്ങളുടെ നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കേണ്ടതും ഇക്കാര്യത്തിൽ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത അവസാനിപ്പിക്കേണ്ടതുമാണ്.

| | | |
|---|---|---|
| നിലവിലുള്ള ഐ.ആർ.ഡി.പി. സർവെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം | | 2029 |
| സഹായം ലഭിച്ച കുടുംബങ്ങളും എണ്ണം | | 1073 |
| ഇവരിൽ പട്ടികജാതി കുടുംബങ്ങൾ | | 316 |

ഈ പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ നിർമ്മാണത്തൊഴിലാളികൾ, പപ്പടത്തൊഴിലാളികൾ, ചുമട്ടു തൊഴിലാളിക, മോട്ടോർ തൊഴിലാളികൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ, ചെത്തു തൊഴിലാളികൾ, അടക്ക തൊഴിലാളികൾ (സ്ത്രീകൾ) ബീഡിത്തൊഴിലാളികൾ, തയ്യൽ ത്തൊഴിലാളികൾ, പരമ്പരാഗത കൈത്തൊഴിലാളികൾ, പീടികത്തൊഴിലാളികൾ, മോട്ടോർ എഞ്ചിനീയറിംഗ് തൊഴിലാളികൾ എന്നിവരാണ് ഉള്ളത്.

91 - ലെ സെൻസസ് വിവരങ്ങൾ

| | പു | സ്ത്രീ |
|---|---|---|
| ജന സംഖ്യ | 13382 | 14435 |
| ആകെ | 27817 | |
| പട്ടിക ജാതി | 4283 | |
| കർഷക ത്തൊഴിലാളികൾ | 2384 | |
| കാലി വളർത്തൽ/ മത്സ്യത്തൊഴിലാളികൾ | 138 | |
| കല്ല് വെട്ട്ത്തൊഴിലാളികൾ | 63 | |
| നിർമ്മാണത്തൊഴിലാളികൾ | 345 | |
| മറ്റുള്ളവർ | 3236 | |

തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി വിവിധ തരം തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഉണ്ട്. ഇവയിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, നിർമ്മാണത്തൊഴിലാളി ക്ഷേമനിധിബോർഡ്, ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആർട്ടിസാൻസ് ക്ഷേമനിധി ബോർഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ ത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്.

പട്ടികജാതി, പട്ടിക വർഗ വികസന കോർപ്പറേഷൻെറയും വനിതാ വികസന കോർപ്പറേഷൻെറയും പ്രവർത്തനങ്ങൾ ഇവിടെ വേണ്ടത്ര ഫലപ്രദമല്ല. ഇവയുടെ ധനസഹായ പദ്ധതികളും മറ്റും ഈ പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. താലൂക്കടിസ്ഥാനത്തിൽ ഈ വകുപ്പുകളുടെ കേന്ദ്രങ്ങൾ ഉണ്ടായേ തീരൂ. ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻെറ ആസ്ഥാനം പാലക്കാടും വനിതാ വികസന കോർപ്പറേഷൻെറ ആസ്ഥാനം തിരുവനന്തപുരവുമാണ്.

പൊന്നാനി ബ്ലോക്കോഫീസിൻെറ പരിധിയിലുള്ള രണ്ട് V.E.O.(വില്ലേജ് എക്സൻഷൻ ഓഫീസ്) കളാണ് എടപ്പാളിൽ ഉള്ളത്. 1, 2, 3 വാർഡുകൾക്കായി പൊൽപ്പാക്കരയിലും 4 മുതൽ 11 വാർഡുകൾക്കായി കോലൊളമ്പിലുമാണ് സ്ഥിതി ചെയ്യുന്നത്. പുതിയ ഒരു VEO സർക്കിൾ സ്ഥാപിച്ച് ഗ്രാമവികസന പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

സർവെ പട്ടികകൾ - ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ

| V.E.O. സർക്കിൾ | 91-92 | 95-96 | ആകെ | ധനസഹായം നൽകിയവർ S.C/ST | ധനസഹായം നൽകിയവർ മറ്റുള്ളവർ | ധനസഹായം നൽകിയവർ ആകെ | തുക 2-93 മുതൽ 95-96 കൂടി |
|---|---|---|---|---|---|---|---|
| കോലൊളമ്പ് | 1371 | 114 | 1485 ഇതിൽ S.C 193 | 254 | 608 | 862 | 227പേർക്ക് |
| പൊൽപ്പാക്കര | 505 | 39 | 544 ഇതിൽ S.C 63 | 62 | 149 | 211 | 137487 രൂപ വായ്പ |
| ആകെ | 1876 | 153 | 2029 ഇതിൽ S.C 656 | 316 | 757 | 1073 | സബ്സിഡി 756234 രൂപ |

ഇതിൽ വായ്പ ലഭിച്ചവർ 116 പേർ പട്ടിക ജാതിക്കാരാണ്. 88 പേർ വനിതകൾ. ഇതിനു പുറമെ PMRY Scheme, Self Employment Schemeഎന്നീ പദ്ധതികൾ കൊടുത്തിട്ടുണ്ട്.

DWCRA സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന DWCRA യൂണിറ്റുകാം എടപ്പാാം പഞ്ചായത്തിൽ 6 എണ്ണം നിലവിലുണ്ട്.

| യൂണിറ്റിൻെറ സ്വഭാവം | എണ്ണം | അംഗങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| ഡയറി | 2 | 22 | സാമാന്യം നന്നായി പ്രവർത്തിക്കുന്നു. |
| ആടുവളർത്തൽ | 2 | 22 | പ്രവർത്തിക്കുന്നു. |
| കൊപ്ര യൂണിറ്റ് | 1 | 15 | പ്രത്തിക്കുന്നു. |
| കയർ | 1 | 16 | പ്രവർത്തനക്ഷമമല്ല. |

DWCRA പ്രകാരം ആരംഭിക്കുന്ന പലയൂണിറ്റുകളും ലാഭകരമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അനുയോജ്യമായ തൊഴിൽ യൂണിറ്റുകാം തുടങ്ങിയാൽ മാത്രമേ നല്ല നിലയിൽ മുന്നോട്ടു കൊണ്ടു പോകുവാൻ കഴിയൂ. ഇത് ബന്ധപ്പെട്ട ഉദ്യോസ്ഥന്മാർ ശ്രദ്ധിക്കണം. പ്രവർത്തക്ഷമവും തൊഴിലിധിഷ്ടിതവുമായ DWCRA യൂണിറ്റുകാം പുതിയതായി ആരംഭിക്കേണ്ടതുണ്ട്.

### ട്രൈസം പരിശീലനം:-

18 മുതൽ 35 വയസ്സുവരെ പ്രായമുള്ളയുവതീയുവാക്കാംക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. ട്രൈസം പദ്ധതിയിലൂടെ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സംരംഭമാരംഭിക്കുവാൻ വായ്പ ലഭ്യമാക്കേണ്ടതുണ്ട്. പരിശീലനം ലഭിച്ച പലരും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതുമൂലം തൊഴിൽ രഹിതരായി തുടരുന്നുണ്ട് അനുയോജ്യമായ ഇനങ്ങളിൽ പരിശീലനം ലഭ്യമാക്കാനും പരിശീലനം ലഭിച്ചവർക്ക് ഒറ്റക്കോ, കൂട്ടായോ, തൊഴിൽ സംരംഭങ്ങാം ആരംഭിക്കുവാനും ഉള്ള സൗകര്യം ഉണ്ടാക്കണം. ഓരോ കൊല്ലവും പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും സ്റ്റൈപ്പൻറ് തുക വർദ്ധിപ്പിക്കുകയും വേണം.

### ടൂാം കിറ്റ്:-

നാട്ടിൻ പുറങ്ങളിലെ കൈത്തൊഴിലുകാർക്ക് പണിയായുധങ്ങാം കൊടുക്കുന്ന പദ്ധതിയാണ് ടൂാം കിറ്റ് പദ്ധതി. 92 മുതൽ 96 വരെയുള്ള കാലയളവിൽ ഈ പദ്ധതിയനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 48 പേർക്ക് ഉകരണങ്ങാം വിതരണം ചെയ്തിട്ടുണ്ട്. ഈ ആനുകൂല്യത്തെ സംബന്ധിച്ച് ബന്ധപ്പെട്ട തൊഴിലാളി വിഭാഗങ്ങാം ബോധവാന്മാരല്ല. ഗുണഭോക്താക്കാംക്ക് ഈ ഉപകരണങ്ങാം യഥാസമയം കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

### മഹിളാ സമാജങ്ങാം:-

പോഷകാഹാരക്കുറവ് നികത്താൻ വേണ്ടി വിദേശരാജ്യങ്ങളുടെയും ഇന്ത്യാ ഗവർമെൻറിൻെറയും സഹായത്തോടുകൂടി ഗർഭിണികാംക്കും 5 വയസ്സിനു താഴെയുള്ള കുട്ടികാംക്കും പോഷകാഹാരവിതരണത്തിന് വേണ്ടി മഹിളാ സമാജങ്ങാം സജീവമായി നിലനിന്നിരുന്നു. ഇപ്പോാം മഹിളാ സമാജങ്ങുടെ പ്രവർത്തനം ചുരുങ്ങിയിരിക്കുന്നു. സമൂഹത്തിൻെറ അടിത്തട്ടിൽ കിടക്കുന്ന വനിതകളെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഈ സമാജങ്ങാം പ്രവർത്തിക്കേണ്ടതാണ്.

CRSP കക്കൂസുകാം

| 93-94 | 94-95 | 95-96 | ആകെ |
|---|---|---|---|
| 23 | 20 | 10 | 53 |

### ഡാനിഡ സ്കീം

എല്ലാവിഭാഗങ്ങാംക്കും കൂടി

| 93-94 | 94-95 |
|---|---|
| - | 440 |

ഉപാധിരഹിത ഫണ്ടുപയോഗിച്ചുള്ള കക്കൂസുകാം

| 93-94 | 94-95 | 95-96 |
|---|---|---|
| 110 | ഇല്ല | ഇല്ല |

ദുർബ്ബല വിഭാഗങ്ങളുടെ വീടുകളുടെ വൈദ്യുതീകരണം

| 92-93 | 93-94 |
|---|---|
| 110 | 220 |

ദുർബല വിഭാഗങ്ങാംക്ക് പുരകെട്ടി മേയുന്നതിനുള്ള സഹായം

| 91-92 | 92-93 | 93-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|---|
| 100 | 100 | 100 | 100 | 100 | 200 |

മേൽക്കാണിച്ച സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങാം നടത്തിവരുന്നുണ്ടെങ്കിലും പഞ്ചായത്തിനകത്തെ ദരിദ്ര വിഭാഗങ്ങാംക്ക് മുഴുവനും ഈ ധനസഹായം ലഭ്യമാകാത്തതിനാൽ തുടർന്നും ഇത്തരത്തിലുള്ള പദ്ധതികാം തുടരേണ്ടതാണെന്നും ധനസഹായതുക കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണെന്നും അഭിപ്രായമുണ്ട്.

### അംഗനവാടി

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം നടത്തുന്ന അംഗൻവാടികാം എടപ്പാാം പഞ്ചായത്തിൽ 11 വാർഡുകളിലായി 17 എണ്ണം പ്രവർത്തിക്കുന്നു. ജനസംഖ്യ അടിസ്ഥാനത്തിൽ ആവശ്യമായത്ര അംഗൻവാടികാം ഇനിയും സ്ഥാപിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ പല അംഗൻവാടികളിലും കുട്ടികളുടെ ബാഹുല്യം കൂടുകയും സുഗമമായ പ്രവർത്തനം നടക്കാതെ വരികയും ചെയ്യുന്നു. തൊഴിലാളി/ദരിദ്ര കുടുംബങ്ങളിലെ കുട്ടികളെയാണ്

അംഗൻ വാടികളിൽ കൂടുതൽ ചേർക്കുന്നത്. ഇടത്തരം/ധനിക കുടുംബങ്ങളിലെ കുട്ടികൾ സ്വകാര്യ ഇംഗ്ലീഷ് മീഡിയം നേഴ്സറികളിലേക്ക് പോകുന്നു. മിക്ക അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമില്ല. സൗകര്യങ്ങൾ വളരെ കുറവായ സ്ഥലങ്ങളിൽ ചിലവ പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമുള്ളവ തന്നെ ജനൽ, വാതിൽ, കഴുക്കോൽ, പട്ടിക തുടങ്ങിയവ ഉടൻ മാറ്റി സ്ഥാപിക്കേണ്ടവയും കക്കൂസ്, കുടിവെള്ളം, ഇരിപ്പിടം സൗകര്യങ്ങൾ കളിപ്പാട്ടങ്ങൾ എന്നിവ ഇല്ലാത്ത ശോചനീയ അവസ്ഥയിലാണ്. അംഗൻവാടി ജീവനക്കാരുടെ നാമമാത്രമായ വേതനം നീതീകരിക്കാത്തതാണ്. സ്കൂൾ അധ്യാപകരുടെ നിലവാരത്തിൽ ഇവരെയും പരിഗണിക്കേണ്ടതാണ്.

| ക്രമ നമ്പർ | സെൻറർ നമ്പർ | കെട്ടിടം | പ്രാഥമിക സൗകര്യം | കുടിവെള്ളം | റിപ്പയർ | കളിക്കോപ്പ് | അംഗൻവാടിസ്ഥലം |
|---|---|---|---|---|---|---|---|
| 1. | 55 | ഇല്ല | ഇല്ല | ഇല്ല | - | ഇല്ല | കോലൊളമ്പ് |
| 2. | 67 | ഉണ്ട് | ഉണ്ട് | - | വേണം | ഇല്ല | പെരുമ്പറമ്പ |
| 3. | 69 | ഉണ്ട് | ഉണ്ട് | ഉണ്ട് | വേണം | ഇല്ല | പൊൽപാക്കര |
| 4. | 70 | ഉണ്ട് | ഇല്ല | ഇല്ല | വേണ്ട | ഇല്ല | തറക്കൽ നടപ്പാലം വേണം |
| 5. | 71 | ഇല്ല | ഇല്ല | ഇല്ല | | ഇല്ല | പൊന്നാഴിക്കര |
| 6. | 72 | ഉണ്ട് | ഉണ്ട് | ഉണ്ട് | വേണം | ഇല്ല | പൊറൂക്കര |
| 7. | 73 | ഉണ്ട് | ഇല്ല | ഇല്ല | വേണ്ട | ഇല്ല | പഴയബ്ലോക്ക് കെട്ടിടംപണി പൂർത്തീയായിട്ടില്ല |
| 8. | 74 | ഉണ്ട് | ഇല്ല | ഇല്ല | വേണ്ട | ഇല്ല | തലമുണ്ട |
| 9. | 76 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | എലിയത്ത്തറ |
| 10. | 77 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | കല്ലംമുക്ക് |
| 11. | 78 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | തുയ്യം |
| 12. | 79 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | അയിലക്കാട് |
| 13. | 81 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | കോലൊളമ്പ് |
| 14 | 82 | ഉണ്ട് | ഇല്ല | ഇല്ല | വേണം | ഇല്ല | അയിലക്കാട്-അയ്യപ്പൻകാവ് |
| 15. | 83 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | അയിലക്കാട്-ചേരിങ്ങൽ |
| 16. | 98 | ഉണ്ട് | ഇല്ല | ഉണ്ട് | വേണം | ഇല്ല | കോലത്ത് |
| 17. | 108 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വല്യാട്(വാർഡ്-9) |

### നിർദ്ദേശങ്ങൾ

1. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് അടിയന്തിരമായും പുതിയകെട്ടിടം നിർമ്മിക്കുക.
2. ആയിരം പേർക്ക് ഒരു അംഗൻവാടി എന്ന തോതിൽ പത്ത് പുതിയ അംഗൻവാടികൾ അനുവദിക്കുക
3. പ്രാഥമിക സൗകര്യങ്ങൾ, കുടിവെള്ളം, കളിപ്പാട്ടം തുടങ്ങിയവ എല്ലാ അംഗൻവാടികളിലും ഉറപ്പു വരുത്തുക.
4. റിപ്പയർ ആവശ്യമായ കെട്ടിടങ്ങൾ ഉടൻ തന്നെ റിപ്പയർ ചെയ്യുക.
5. 1-ാം വാർഡിൽ പ്രവർത്തിക്കുന്ന (തറക്കൽ) അംഗൻവാടിയുടെ പാതയിലുള്ള ഇറിഗേഷൻ കനാലിന് മുകളിൽ നടപ്പാലം നിർമ്മിക്കുക.
6. എടപ്പാൾ പഴയ ബ്ലോക്കിന് സമീപത്തുള്ള 73-ാം നമ്പ്ര് അംഗൻ വാടിയുടെ നിർമ്മാണം പൂർത്തിയാക്കുക.
7.

| വാർഡ് | സ്ഥലം |
|---|---|
| 2 | പെരുമ്പറമ്പ് |
| 3 | എഴുത്തച്ഛൻ പറമ്പ് |
| 7 | വെങ്ങിനിക്കര |
| 7 | ഉദിനിക്കര |
| 5 | തൊള്ളംകിട വളപ്പ് |
| 9. | പൂക്കറത്തറ |
| 11. | പുലിക്കാട് |
| 1. | തുയ്യം ഹെൽത്ത് സെൻററിനു സമീപം |

മേൽപറഞ്ഞ 8 സ്ഥലങ്ങളിൽ അടിയന്തരമായും അംഗൻവാടികൾ നിർമ്മിക്കണം. സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് പഞ്ചായത്ത് മുൻകൈ എടുത്ത് സ്ഥലം വാങ്ങിക്കൊടുക്കുവാനും കെട്ടിടം നിർമ്മിക്കുവാനും നടപടി സ്വീകരിക്കുക. അംഗൻവാടി ജീവനക്കാരെ

സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അദ്ധ്യാപകർക്കുള്ള സേവന വേതന വ്യവസ്ഥകൾ അവർക്കും ബാധകമാക്കുകയും ചെയ്യുക. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ആവശ്യമുള്ള ജീവനക്കാരെ ഉടൻ നിയമിക്കുകയും ചെയ്യുക. അംഗനവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക. ''അനെർട്ട്'' അടുപ്പുകൾ അംഗൻവാടികളിൽ സ്ഥാപിക്കുക. അംഗൻവാടികളിലെ പാഴ്‌വസ്തുക്കൾ നീക്കം ചെയ്യുവാൻ സംവിധാനം ഉണ്ടാക്കുക. പൊതുപ്രവർത്തനത്തിൽ വർക്കർമാരേയും ഹെൽപ്പർമാരേയും കൂടുതലായി പങ്കെടുപ്പിക്കുവാൻ ബോധവൽക്കരണം നടത്തുക.

## പെൻഷനുകളും ക്ഷേമ പദ്ധതികളും

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂഡിപ്പാർട്ട്മെൻറ് മുഖാന്തിരം സമൂഹത്തിലെ ദുർബലവിഭാഗത്തിൽ പെട്ടവർക്ക് വിവിധ പെൻഷനുകൾ നടപ്പാക്കിവരുന്നുണ്ട്. വിധവാ പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, വികലാംഗ പെൻഷൻ, ക്ഷയരോഗം, കുഷ്ഠം, ക്യാൻസർ രോഗികൾക്കുള്ള പെൻഷനുകൾ എന്നിവയാണ് ഈ ഇനത്തിൽ പ്രധാനമായും ഉള്ളത്. അർഹരായ നിരവധി ആളുകൾക്ക് പല കാരണങ്ങളാലും ഇത്തരം പെൻഷനുകൾ നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. സാങ്കേതികമായ നൂലാമാലകളും അർഹതക്കുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിലെ അശാസ്ത്രീയമായ സമീപനവും, ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് നിന്നുള്ള കടുത്ത നിലപാടുകളും മൂലം എത്രയോ അർഹരായ ആളുകൾക്ക് ഇത്തരം പെൻഷനുകളും ആനുകൂല്യങ്ങളും നഷ്ടപ്പെട്ട ഉദാഹരണങ്ങൾ നിരവധിയാണ്. ഉദാഹരണത്തിന് വിധവാ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷകയുടെ പ്രായവും ആരോഗ്യവും നോക്കി അർഹതയില്ല എന്ന് റിപ്പോർട്ട് എഴുതിയത് മൂലം അർഹതയുള്ള വിധവകൾക്ക് പെൻഷൻ നിഷേധിക്കപ്പെട്ട സംഭവങ്ങളുണ്ട്. ആണ്മക്കൾക്ക് 18 വയസ്സ് പൂർത്തിയാവുന്ന മുറക്ക് വിധവാ പെൻഷൻ നിർത്തുന്ന സമ്പ്രദായവും ഇതിനുദാഹരണമാണ്.

പ്രായപൂർത്തിയായ മക്കളുണ്ട് എന്ന കാരണത്താൽ അഗതി പെൻഷനും, വാർദ്ധക്യകാല പെൻഷനും അർഹരായവർക്ക് നിഷേധിക്കപ്പെടുന്ന സ്ഥിതിയുണ്ട്. വികലാംഗ പെൻഷന് ജില്ലാ മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഈ അടുത്ത കാലത്ത് സർക്കാർ മാറ്റിയത് വലിയ ആശ്വാസമായിട്ടുണ്ട്.

എന്നാൽ അർഹതയുള്ള എത്രയോ പേർക്ക് പെൻഷൻ നിഷേധിക്കപ്പെടുമ്പോൾ അനർഹരായ ചിലരെങ്കിലും വളഞ്ഞ വഴിയിലൂടെ ഇത്തരം ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നുണ്ട്. എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. സമൂഹത്തിൽ ഏറ്റവും കൂടുതൽ അവശതയനുഭവിക്കുന്ന ഈ വിഭാഗങ്ങൾക്കുള്ള പെൻഷനുകൾ യഥാസമയവും കൃത്യമായും കിട്ടുന്നില്ല എന്നുള്ള പരാതി വ്യാപകമായുണ്ട്. പെൻഷനുകൾ ഗ്രാമ പഞ്ചായത്തുകൾ മുഖാന്തിരം വിതരണം ചെയ്യാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടെങ്കിലും അഗതി പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയവ ഇതുവരെയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ലെന്ന് മാത്രമല്ല കഴിഞ്ഞ 9 മാസമായി മേൽപറഞ്ഞ പെൻഷനുകൾ അലോട്ട്മെൻറ് ഇല്ലാത്തിൻെറ പേരിൽ വിതരണം ചെയ്തിട്ടുമില്ല. അടിയന്തിരമായി ഈ പെൻഷനുകൾ വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാകണം.

## കർഷകത്തൊഴിലാളി പെൻഷൻ

വൃദ്ധരായ കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ 96ൽ 180 പേർക്കാണ് ലഭിക്കുന്നത്. അർഹതപ്പെട്ട കർഷകത്തൊഴിലാളികൾക്ക് പലകാരണങ്ങൾ പറഞ്ഞും പെൻഷൻ നിഷേധിക്കപ്പെടുന്ന സ്ഥിതിയുണ്ട്. പ്രായ പൂർത്തിയായ മക്കളുടെ വരുമാനം കൂടി കണക്കിലെടുക്കുന്നതിൻെറ പേരിൽ പെൻഷൻ നിഷേധിക്കപ്പെടുന്ന സംഭവങ്ങ ളുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷകൾ വില്ലേജ് ഓഫീസുകൾ മുഖാന്തിരം പാസ്സാക്കുന്ന ഇന്നത്തെ സമ്പ്രദായം അടിയന്തിരമായി അവസാനിപ്പിക്കണം. ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും കർഷകത്തൊഴിലാളി സംഘടനാ പ്രതിനിധികളും അടങ്ങുന്ന ജനകീയ സമിതികൾക്ക് അർഹതപ്പെട്ടവരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം നൽകിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക സഹിതം എത്രയും പെട്ടന്ന് വിതരണം ചെയ്യുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്.

പെൻഷനുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| പെൻഷൻ | 1991 | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|---|
| അഗതി പെൻഷൻ | - | - | - | - | - | - |
| വിധവാ പെൻഷൻ | 30 | 05 | 10 | 09 | 16 | - |
| വികലാംഗ പെൻഷൻ | 04 | 05 | 08 | 03 | 07 | - |
| വാദ്ധക്യ പെൻഷൻ | 10 | 02 | 04 | 03 | 05 | - |

| പെൻഷൻ | 1991 | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|---|
| അവശ കലാകാരയ/ സാഹിത്യകാര പെൻഷൻ | - | - | - | - | - | - |
| അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ | - | - | - | - | - | - |
| ക്ഷയരോഗി പെൻഷൻ | - | - | - | - | 02 | - |
| കർഷകത്തൊഴിലാളി പെൻഷൻ | - | 288 | 226 | 206 | 208 | 189 |
| കാൻസർ രോഗി പെൻഷൻ | 01 | 02 | 02 | 01 | 03 | - |
| തൊഴിലില്ലായ്മ വേതനം | - | - | - | - | - | 261 |
| കുഷ്ഠരോഗ പെൻഷൻ | 02 | - | 02 | 01 | - | - |

ആകെ പെൻഷൻ ലഭിക്കുന്നവരുടെ കണക്ക്

| | | |
|---|---|---|
| വിധവാ പെൻഷൻ | : | 70 |
| വികലാംഗ പെൻഷൻ | : | 27 |
| വാർധക്യകാല പെൻഷൻ | : | 74 |
| ക്ഷയരോഗ പെൻഷൻ | : | 02 |
| കാൻസർ രോഗി പെൻഷൻ | : | 09 |
| കർഷകത്തൊഴിലാളി പെൻഷൻ | : | 189 |
| തൊഴിലില്ലായ്മ വേതനം വാങ്ങുന്നവർ | : | 261 |
| കുഷ്ഠരോഗ പെൻഷൻ | : | 05 |
| അഗതി പെൻഷൻ | : | കണക്കു ലഭ്യമല്ല |

ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം തെരഞ്ഞെടുക്കുന്ന പുതിയ വർദ്ധക്യകാല പെൻഷൻ പദ്ധതിയനുസരിച്ച് 116 പേരെ തെരഞ്ഞെടുത്ത് അയച്ചിട്ടുണ്ട്. ഇവർക്ക് അടുത്ത് തന്നെ പെൻഷൻ കിട്ടിത്തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

താഴ്ന്നവരുമാനക്കാർക്കുള്ള പ്രസവാനുകൂല്യത്തിന് 3 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്.

വിധവകളുടെ മക്കൾക്ക് വിവാഹത്തിന് ധനസഹായത്തിനുള്ള പദ്ധതി ഉണ്ട്. അതു പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ കണക്ക് ലഭ്യമല്ല. നേരത്തെ സൂചിപ്പിച്ചതുപോലെ സാങ്കേതിക തടസ്സങ്ങൾ മൂലം ഈ ആനുകൂല്യവും അർഹരായവർക്ക് ലഭിക്കാതെ വരുന്നുണ്ട്. ഈ ആനുകൂല്യത്തിന് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുവാനുള്ള അധികാരവും ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറണം.

## തൊഴിലില്ലായ്മാ വേതനം

എടപ്പാൾ പഞ്ചായത്തിൽ തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവർ 261 പേരാണ്. അർഹരായ പലർക്കും ഈ ഇനത്തിൽ തൊഴിലില്ലായ്മാ വേതനം ലഭിക്കേണ്ടതുണ്ട്.

## ക്ഷേമ നിധികൾ

1. കർഷകത്തൊഴിലാളിക്ഷേമനിധി:

2400ൽ പരം കർഷകത്തൊഴിലാളികളുള്ള പഞ്ചായത്തിൽ 1237 പേരെ മാത്രമാണ് ക്ഷേമ നിധിയിൽ അംഗങ്ങളാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. കർഷകത്തൊഴിലാളികളെ ക്ഷേമ നിധിയിൽ അംഗങ്ങളാക്കുന്നതിനുള്ള കാര്യമായ പ്രവർത്തനം ആ രംഗത്തെ യൂണിയനുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ക്ഷേമ നിധിയുടെ ഓഫീസ് താലൂക്ക് അടിസ്ഥാനത്തിൽ സ്ഥാപിച്ചാൽ മാത്രമേ തൃപ്തികരമായി ക്ഷേമ നിധി പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ക്ഷേമനിധി നിയമത്തിൽ പറഞ്ഞ സ്കോളർഷിപ്പ്, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ ഒന്നുപോലും ഇതുവരെ തൊഴിലാളികൾക്ക് ലഭ്യമായിട്ടില്ല. മരണാനന്തര സഹായം ഇതുവരെ മൂന്ന് പേർക്കേ കിട്ടിയിട്ടുള്ളൂ. ക്ഷേമനിധി നിയമത്തിൽ 5000 രൂപ എന്ന് പറഞ്ഞത് 1000 രൂപ മാത്രമേ കിട്ടുന്നുള്ളൂ. ഭൂവുടമകളിൽ നിന്നുള്ള വിഹിതം ഇതുവരെ പിരിച്ചെടുത്തിട്ടില്ല. ഭൂനികുതിയോടൊന്നിച്ച് ക്ഷേമനിധിയിലേക്കുള്ള ഭൂവുടമ വിഹിതം കർശനമായും പിരിച്ചെടുക്കണം.

2. കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി:

കർഷകത്തൊഴിലാളികളികൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന നിർമാണ തൊഴിലാളി മേഖലയിൽ തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് ആളുകളെ ക്ഷേമനിധിയിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. 162 പേരാണ് നിർമ്മാണത്തൊഴിലാളികളിൽ ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടുള്ളത്. ക്ഷേമനിധിയിൽ അംഗങ്ങളാവാൻ അർഹതയുള്ള ആയിരത്തോളം തൊഴിലാളികളുണ്ടാവുമെന്നാണ് കണക്കാക്കുന്നത്. ക്ഷേമനിധിയിൽ അംഗങ്ങളായിരിക്കെ മരണപ്പെട്ട 9 പേർക്ക് 10000 രൂപ വീതം ധനസഹായം കിട്ടിയിട്ടുണ്ട്. ക്ഷേമനിധിയിൽ ചേർന്ന അംഗങ്ങളുടെ പെൻഷൻ പ്രായം 55 ആയി നിജപ്പെടുത്തണം. ക്ഷേമനിധി നിയമത്തിൽ പറഞ്ഞ ആനുകൂല്യങ്ങൾ ലഭ്യമാവുന്നില്ല എന്ന പരാതി വ്യാപകമായുണ്ട്. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ക്ഷേമനിധിയിലേക്കുള്ള കെട്ടിടം ഉടമകളുടെ വിഹിതമാ

യി മൊത്തം കെട്ടിടത്തിൻെറ നിർമ്മാണചെലവിൻെറ 1% എന്നതിനു പകരം, സാധന സാമഗ്രികളുടെ വില കഴിച്ച് ബാക്കി വരുന്ന തുകയുടെ വിഹിതമാക്കി മാറ്റണമെന്ന് അഭിപ്രായമുണ്ട്.

3. മത്സ്യത്തൊഴിലാളി ക്ഷേമനിധി:

ഉാംനാടൻ മത്സ്യത്തൊഴിലാളികളായ നിരവധി പേർ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും വളരെ കുറച്ചു പേരെ മാത്രമേ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടുള്ളൂ. മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ഉള്ള ആനുകൂല്യങ്ങാം ഉാംനാടൻ മത്സ്യത്തൊഴിലാളികാംക്ക് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങാം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

4. • കൈത്തൊഴിലാളി-വിദഗ്ദ തൊഴിലാളി ക്ഷേമനിധി:

പരമ്പരാഗത തൊഴിലാളികാം ധാരാളമുള്ള ഈ പഞ്ചായത്തിൽ വിവധ വിഭാഗം വിദഗ്ദ-കൈത്തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാനുള്ള സാധ്യകാം ഉണ്ടെങ്കിലും ഈ ക്ഷേമനിധിയിൽ വളരെകുറച്ച് തൊഴിലാളികളേ അംഗങ്ങളായിട്ടുള്ളൂ. 'ഡെത്ത് കം റിട്ടയർമെൻറ്' സ്കീമിൽ ആദ്യകാലത്ത് നിരവധി തൊഴിലാളികാം അംഗങ്ങളായിരുന്നു. വിദഗ്ദ കൈത്തൊഴിലാളി ക്ഷേമനിധിയായി മാറ്റപ്പെട്ടതിനുശേഷം പുതിയ പദ്ധതിയിൽ തുടരാൻ കഴിയാതെ പോയവർക്ക് അടച്ച സംഖ്യയും ആനുകൂല്യങ്ങളും തിരിച്ചു കിട്ടിയിട്ടില്ല. എന്ന പരാതി വ്യാപകമായുണ്ട്. അതിന് പരിഹാരം കാണണം.

## C.B.N.P.

യുണിസെഫിൻെറയും നബാഡിൻെറയും ധനസഹായത്തോടെ വനിതകളുടെയും കുട്ടികളുടെയും. ക്ഷേമം ലക്ഷ്യമാക്കി മലപ്പുറം ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് C.B.N.P. (Community Based Nutrition Programme.), C.B.N.P.വാളണ്ടിയർമാർ നടത്തിയ സർവ്വേ പ്രകാരം 1674 കുടുംബങ്ങാം റിസ്ക് ഫാമിലിയിൽ പെടുന്നവരാണ്. ഗ്രാമീണ സ്ത്രീകളുടെ മിതവ്യയ സമ്പാദ്യ ശീലം വളർത്തുന്നതിൻെറ ഭാഗമായി C.B.N.P.നടപ്പാക്കുന്ന ത്രിഫ്റ്റ് പദ്ധതിയിൽ 963 പേർ അംഗങ്ങളായിട്ടുണ്ട്. മൊത്തം 2,45249 രൂപ ത്രിഫ്റ്റ് ഡിപ്പോസിറ്റായി സംഭരിച്ചിട്ടുണ്ട്. ഇതിൽ നിന്ന് അംഗങ്ങാംക്ക് 1,23,250 രൂപ 2% പലിശ നിരക്കിൽ വായ്പയായി കൊടുത്തിട്ടുണ്ട്. 43 അയൽ കൂട്ടങ്ങളും 7 ഏരിയ ഡവലെപ്പ്മെൻറ് സൊസൈറ്റികളും പഞ്ചായത്തിലെ സി.ഡി.എസ് നു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. യുണിസെഫിൽ നിന്ന് 14000 രൂപയും, നബാർഡിൽ നിന്ന് 19050 രൂപയും അംഗങ്ങാംക്ക് വായ്പയായി ലഭിച്ചിട്ടുണ്ട്.

കക്കൂസ് നിർമ്മിക്കുന്നതിന് 25 പേർക്ക് 50000 രൂപ വായ്പയായി കൊടുത്തിട്ടുണ്ട്. C.B.N.P.പദ്ധതി ആരംഭിച്ച കാലഘട്ടത്തിൽ പറഞ്ഞിരുന്ന പല ആനുകൂല്യങ്ങളും ഇപ്പോാം ലഭിക്കുന്നില്ല. അംഗങ്ങളിൽ നിന്നും ത്രഫ്റ്റ ഡെപ്പോസിറ്റുകളിൽ നിന്നുള്ള വായ്പ മാത്രമാണ് കാര്യമായി കൊടുക്കുന്നത്. ഇതിൽ വ്യാപകമായ അസംതൃപ്തി നിലവിലുണ്ട്. യുണിസെഫിൽ നിന്നും നബാഡിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ട നിലയിലുള്ള മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കാനുള്ള നടപടികാം ഉണ്ടാവണം. ഇന്നുള്ള വൈകല്യങ്ങാം തീർത്ത് അർഹതപ്പെട്ട മുഴുവൻ സ്ത്രീകളെയും അംഗങ്ങളാക്കി പ്രവർത്തനം വിപുലീകരിക്കാൻ കഴിഞ്ഞാൽ സാമൂഹ്യക്ഷേമ രംഗത്ത് വലിയൊരു പങ്കു വഹിക്കാൻ C.B.N.P.ക്ക് കഴിയും

### പൊതുവിതരണ രംഗം

എടപ്പാാം പഞ്ചായത്തിൽ ആകെ 11 പൊതു വിതരണ കേന്ദ്രങ്ങാംപ്രവർത്തിക്കുന്നുണ്ട്. കൂടാതെ, എടപ്പാാം ചുങ്കം, നടുവട്ടം എന്നീ ഷാപ്പുകളെ കൂടി എടപ്പാാം പഞ്ചായത്തിലെ ജനങ്ങാം ആശ്രയിക്കുന്നുണ്ട്. മൊത്തം റേഷൻ കാർഡുകളുടെ എണ്ണം 5937 ആണ്. എടപ്പാാം പഞ്ചായത്തിൽ മാവേലി സ്റ്റോർ ഇതുവരെ അനുവദിച്ചിട്ടില്ല. അതുകാരണം പൊതു വിതരണ രംഗത്ത് വിലകയറ്റം പിടിച്ചു നിർത്താനുള്ള സർക്കാറിൻെറ ഇടപെടലിൻെറ ഗുണം എടപ്പാാം പഞ്ചായത്തിലെ ജനങ്ങാംക്ക് ലഭിക്കുന്നില്ല. ഉത്സവകാലത്ത് സഹകരണ സംഘങ്ങാം മുൻകൈയെടുത്ത് നടത്തുന്ന ചന്തകളും എടപ്പാാം പഞ്ചയത്തിൽ ഫലപ്രദമായി പ്രവർത്തിക്കാറില്ല. നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അഭാവമാണ് ഇതിനുകാരണം. അടിയന്തിരമായി എടപ്പാാം പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണം. റേഷൻ കടകാം മുഖാന്തിരം പാചക ആവശ്യത്തിന് ഉള്ള മണ്ണെണ്ണ പെർമിറ്റ് 473 എണ്ണം ഈ പഞ്ചായത്തിൽ നിലവിലുണ്ട്. പാചക ആവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റിന് ഇപ്പോാം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം പിൻവലിക്കുകയും അർഹതപ്പെട്ട ആളുകാംക്ക് മണ്ണെണ്ണ പെർമിറ്റ് ലഭിക്കാനുള്ള നടപടികാം ഉണ്ടാവണം. പുതിയ റേഷൻ കാർഡിനുവേണ്ടിയുള്ള അപേക്ഷകാം പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാവണം. വെങ്ങിണിക്കരയിൽ പുതിയ റേഷൻഷാപ്പ് അടിയന്തിരമായി അനുവദിക്കണം.

417

*P. Padmanabhan*
President
Edapal Grama Panchayath
P. O. Edapal - 679 576

Phone : 236

## ഒരുവാക്ക്

സാക്ഷരതാ പ്രസ്ഥാനത്തിൽ നിന്ന് ജനകീയ ആസൂത്രണത്തിലേക്ക് കേരളം മുമ്പോട്ടു പോവുകയാണ്. അധികാര മേറ്റ് ഒരു വർഷം പിന്നിട്ട തദ്ദേശസ്വയം ഭരണ സമിതികൾക്ക് സാമ്പത്തിക പരാധീനത ഇല്ലാതാവുകയാണ്. വികസന പ്രവർത്തനങ്ങളുടെ തുടക്കം വിപുലമായ ജനകീയ പങ്കാളിത്തത്തോടുകൂടി കേരളപ്പിറവി ദിനമായ നവംബർ 1ന് ആരംഭിച്ചിരിക്കയാണ്. വരും വർഷങ്ങളിൽ സ്ഥായിയായ സാമ്പത്തിക വളർച്ചയിലൂടെ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ [illegible]പ്പാക്കാൻ ഗ്രാമ പഞ്ചായത്തും അതിന്റെ സർവ്വവിധ കഴിവും വിനിയോഗിക്കുവാൻ തയ്യാറായിരിക്കയാണ്.

കഴിഞ്ഞ ഒരു കൊല്ലകാലത്തെ പുതിയ ഭരണ സമിതിയുടെ പ്രവർത്തനം ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലായിടത്തേക്കും തുല്യ പരിഗണന നൽകുന്ന രീതിയിലാണ് നടത്തിയിട്ടുള്ളത്. റോഡുകൾ, കാർഷിക ആവശ്യങ്ങൾക്കായുള്ള മോട്ടോർഷെഡ്ഡുകൾ, പാലങ്ങൾ, ഹരിജനക്ഷേമം മുൻ നിർത്തിയുള്ള പദ്ധതികൾ, പുരകെട്ടിമേയാനുള്ള ധനസഹായം, വരൾച്ചകാലത്ത് കുടിവെള്ള ലഭ്യതക്കുവേണ്ടി എല്ലാ പഞ്ചായത്തു കിണറുകളിലേയും മണ്ണുനീക്കൽ എന്നീ പ്രവർത്തികൾ ജെ. ആർ. വൈ. ഫണ്ട്. അൺ ടൈഡ് ഫണ്ട്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ചു നടത്തിയിട്ടുണ്ട്. സന്നദ്ധ സംഘടനകളും പഞ്ചായത്തു ഭരണസമിതി അംഗങ്ങളുടേയും നേതൃത്വത്തിൽ പോളിയോ നിർമ്മാർജ്ജനം, ജാപ്പാൻ പനിക്കെതിരായുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എന്നീ പരിപാടികൾ അർഹിക്കുന്ന ഗൗരവത്തോടെ കണക്കിലെടുത്തു പ്രവർത്തിച്ചിട്ടുണ്ട്. കലാകായിക സാംസ്കാരിക രംഗങ്ങളിൽ പ്രോത്സാഹനം കൊടുക്കുന്നതിലും എടപ്പാൾ പഞ്ചായത്ത് ഒട്ടും പുറകിലല്ല. എല്ലാ ഗ്രാമീണ വായനശാലകൾക്കും നല്ല രീതിയിൽ പ്രവർത്തിക്കുന്ന കലാസമിതികൾക്കും പഞ്ചായത്തുവക പത്രങ്ങളും വാരികകളും പുതിയ ഭരണ സമിതി അധികാരമേറ്റെടുത്ത് നൽകിയിട്ടുണ്ട്. ഓണം സ്പോർട്ട്സ് നടത്തുന്നതിലും എടപ്പാൾ പഞ്ചായത്തിലെ മുഴുവൻ ക്ലബ്ബുകളേയും പങ്കെടുപ്പിച്ച് മത്സരം സംഘടിപ്പിച്ചു. വിജയികളായവർക്ക് ബ്ലോക്കടിസ്ഥാനത്തിൽ മത്സരത്തിൽ പങ്കെടുക്കാൻ അവസരം നൽകിയിരുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്നായി അശാസ്ത്രീയമായ നികുതി സംവിധാനം മാറ്റുവാൻ പോകയാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിന് എടപ്പാൾ അംശക്കച്ചേരിക്കു സമീപമുള്ള പഞ്ചായത്തുവക സ്ഥലത്ത് 22 മുറികളോടുള്ള ഒരു ഷോപ്പിങ്ങ് കോംപ്ലക്സും പഞ്ചായത്താഫീസ്സും ഗ്രാമവികസന ബോർഡിൽ നിന്ന് ലോൺ എടുത്ത് നിർമ്മിക്കാനുള്ള അധികാരം ലഭിച്ചു കഴിഞ്ഞിരിക്കയാണ്. 28 ലക്ഷത്തോളം രൂപ എസ്റ്റിമേറ്റ് തുക ആവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കാർഷികരംഗത്ത് തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുന്നതിനും നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ ഒട്ടേറെ പദ്ധതികൾ ചെറുകിട ജലസേചന വകുപ്പുമായും കൃഷി ഭവൻ വകുപ്പുമായി ബന്ധപ്പെട്ട് നടത്താൻ തീരുമാനമായിട്ടുണ്ട്.


പഞ്ചായത്തിന്റെ നിലവിലുള്ള വരുമാനവും ഭരണപരമായ ചിലവും കണക്കിലെടുത്താൽ വികസന പ്രവർത്തനങ്ങൾക്കായി നീക്കി വെക്കുവാൻ ഫണ്ട് പരിമിതമായിരുന്നു.

9-ാം പദ്ധതി ജനകീയ പ്രസ്ഥാനമാക്കാൻ സർക്കാരും പ്ലാനിങ്ങ് ബോർഡും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗം പിറക്കാൻ പോകയാണ്. കേരളത്തിന്റെ സമഗ്ര വളർച്ചയെന്നത് എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയുംകൂടി വളർച്ചയാണ്. എന്നു കരുതുന്നു. നമ്മുടെ പഞ്ചായത്തിന്റെ അതായത് എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ വികസനത്തെ വെല്ലുവിളികളെ നേരിടാൻ ഭരണ സമിതി അംഗങ്ങളും ജനങ്ങളും ഒത്തൊരുമിച്ചു മുന്നോട്ടു പോകുമെന്ന് ഉറപ്പുനൽകുന്നു.


പി. പത്മനാഭൻ
(എടപ്പാൾ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്.)


804211

# 1996 നവംബർ ഒന്ന്
# പുനരർപ്പണദിനത്തിലൂടെ ......



ബ്ലോക്ക് പഞ്ചായത്തിൻെറ നേതൃത്വത്തിൽ നിർമ്മാണമാരംഭിച്ച
വൈദ്യരുമൂലയിലെ സാംസ്ക്കാരിക നിലയം





വെങ്ങിനിക്കരയിൽ നിർമ്മാണം പൂർത്തിയായി വരുന്ന പാതയുടെ ദൃശ്യങ്ങൾ

414
804211

# പുനരർപ്പണദിനത്തിലൂടെ ......



പൂക്കറത്തറയിൽ നിർമ്മാണം പൂർത്തിയായി വരുന്ന പാത



എടപ്പാൾ അങ്ങാടിയെ തലമുണ്ടയുമായി ബന്ധിപ്പിക്കുന്ന പാത

4120

# അധികാരം ജനങ്ങളിലേക്ക്


## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

- ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- പഞ്ചായത്ത് രാജ്-നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമസഭകൾ
- ജനലക്ഷങ്ങൾ ഒത്തൊരുമയോട കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദരും ഉദ്യോഗസ്ഥരും അണിചേരുന്നു.
- വികസന സെമിനാറുകൾ, പരിശീലന ക്ലാസുകൾ
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ
- ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി

*അവലംബം - പബ്ലിസിറ്റി വിഭാഗം*
*പഞ്ചായത്ത് വകുപ്പ്*

# അധികാരം ജനങ്ങളിലേക്ക്





എടപ്പാൾ ഗ്രാമ പഞ്ചായത്ത്